PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY

DATE ENTERED 4/2

SECOND SESSION

VOL. II—No. 8.

Friday the 13th August 1948/29th Karkadagom 1123.

The Travancore Legislative Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Friday, the 13th August 1948/29th Karkadagom 1123, the President (the Hon'ble Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

കുടിയിറക്ക്.

280 MR. P. K. KRISHNAN SASTRI (*Meenachil II—Pulaya*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) അടകുടിക്കാരായ പിന്നോക്കസമുദായങ്ങളെ കുടിയിറക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു് പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തിട്ടുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: പിന്നോക്കസമുദായക്കാരെ മാത്രം കുടിയിറക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈയിടെ ബാലരാമപുരത്തു ഒരു സംഭവമുണ്ടായി എന്നറിഞ്ഞു, അതു അറിഞ്ഞ

[Hon'ble Mr. C. Kesavan]

ഉടൻതന്നെ പോലീസിനെ അറിയിക്കുകയും അവർ വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ കേസിൻെറ സ്വഭാവം വ്യക്തമായി അറിവായിട്ടില്ല. അതു അന്വേഷണത്തിൽ ഇരിക്കുകയാണ്. കൂടാതെ ചേർത്തല നിന്നും ഫാദർ ജാർജ്ജ് ജാബ്ബ വല്ലംതയ്യിലിൻെറ ഒരു പെറ്റീഷൻ കിട്ടിയിട്ടുണ്ട്. അതു അന്വേഷണം നടത്തിയതിൽ വ്യക്തമായി ആരെയെങ്കിലും ബോധ്യമാകുന്നതായി തെളിവുകിട്ടാത്തതുകൊണ്ടു അങ്ങനെ വെച്ചിരിക്കുകയാണ്.

MR. T. V. DEVAN (*Kottayam IV—Pulaya*): സർ, ഇന്നലെയും ബാലരാമപുരത്ത് ഇങ്ങനെയൊരു കേസിൽ ഒരുത്തനെ പിടിച്ചുകെട്ടിയിരിക്കുന്നു.

HON'BLE MR. C. KESAVAN: അതുതന്നെയാണ് ഞാൻ മുമ്പെ പറഞ്ഞതു്. പക്ഷെ അതു ഇന്നലെ അല്ല. അതിന്മേൽ കേസെടുത്തിരിക്കുകയാണ്. സബ്ജുഡീസ് ആകകൊണ്ടു കൂടുതൽ വിവരങ്ങൾ അതേ സംബന്ധിച്ചു പറയാൻ നിവൃത്തിയില്ല.

MR. T. K. NARAYANA PILLAI (*Pārur II—General*): ബാലരാമപുരത്തെ സംഭവം കുട്ടിയിറക്കിനെ ആസ്പദമാക്കിയാണോ?

HON'BLE MR. C. KESAVAN: എന്നാണ് എനിക്കു കിട്ടിയ ഫോൺ മെസ്സേജിൽ പറഞ്ഞിരിക്കുന്നതു്.

MR. N. S. KOCHUKUNJU (*Changanacherry IV—Paraya*): ഇമാതിരി സംഭവങ്ങൾ തുടരുകയാണെങ്കിൽ അവസ്ഥ എന്തായിരിക്കുമെന്നു ഗവണ്മെൻറിനു അറിയാമോ?

HON'BLE MR. C. KESAVAN: ഇതു് ഒരു സാധാരണ സംഭവമല്ല ഒരു വ്യത്യസ്തസംഭവമാണ്.

MR. P. K. KRISHNAN SASTRI: മററു പല സ്ഥലങ്ങളിലും ഇമാതിരി സംഭവങ്ങൾ നടക്കുന്നുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ

HON'BLE MR. C. KESAVAN: അതുതന്നെയാണു ഞാൻ നേരത്തേ പറഞ്ഞതു്. ചേർത്തല നിന്നും ഫാദർ ജാർജ്ജ് ജാബ്ബ വല്ലംതയ്യിലിൻെറ ഒരു പെററീഷൻ കിട്ടിയിട്ടുണ്ടെന്നു്.

MR. P. K. KRISHNAN SASTRI: സാധുക്കളായ ആളുകൾക്കു ഇങ്ങനെ കൊടുക്കുന്ന ശിക്ഷകൾക്കു പോലീസിൽ തെളിവു കൊടുക്കാറില്ല [illegible] എന്നറിയാമോ?

HON'BLE MR. C. KESAVAN : കുറച്ചു വൈഷമ്യങ്ങൾ ഉണ്ടാകാം. ആ വൈഷമ്യങ്ങളെ പരിഹരിക്കുന്നതിനാണ് ജനങ്ങളുടെ ഗവണ്മെൻറു നിലകൊള്ളുന്നതു്.

MR. T. V. DEVAN : ഞാൻ പത്തൊമ്പതാംതീയതി ഇവിടെ വന്നതിനു ശേഷം പത്തു കേസുകളെക്കുറിച്ചു് എനിക്കു പരാതികൾ കിട്ടിയിട്ടുണ്ട്. സമയം തരുമെങ്കിൽ ഞാൻ അതിലെ കക്ഷികളുടെ പേരും വീട്ടുപേരു മൊക്കെ പറയാം.

HON'BLE MR. C. KESAVAN : അതിൻെറ പൂർണ്ണവിവരങ്ങൾ തന്നാൽ അതിനെക്കുറിച്ചു അന്വേഷിക്കാം.

MR. P. K. KRISHNAN SASTRI : കുടിയിറക്കു സംബന്ധിച്ച് പല കേസ്സുകൾ നിലവിലുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. C. KESAVAN : കോടതികളിൽ കണ്ടേക്കാം.

സംസ്കൃതപരീക്ഷ.

281. MR. P. K. KRISHNAN SASTRI : താഴെപ്പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

സംസ്കൃതപരീക്ഷാവിജയികളെ മററു യൂണിവേഴ്സിററി പരീക്ഷാവിജയികളെപ്പോലെ പരിഗണിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. T. M. VARGHESE : സംസ്കൃതപരീക്ഷകൾ പാസ്സായിട്ടുള്ളവരെ മററു ഭാഷകളിൽ പരീക്ഷകൾ പാസ്സായിട്ടുള്ളവരെപ്പോലെ തന്നെയാണു പരിഗണിക്കുന്നതു്. വല്ല അസമത്വങ്ങളും ഈക്കാര്യത്തിൽ ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ഗവണ്മെൻറു ശ്രമിക്കുന്നതാണ്.

MR. T. K. NARAYANA PILLAI : ഇംഗ്ലീഷ് സ്കൂളുകളിലുള്ള ബി. എ. ബിരുദധാരികൾക്കും സംസ്കൃതപണ്ഡിതന്മാർക്കും ശമ്പളം ഒരുപോലെയാണോ?

HON'BLE MR T. M. VARGHESE : അവരുടെ ശമ്പളങ്ങൾക്കു വ്യത്യാസമുണ്ടെന്നാണ് ഗവണ്മെൻറിൻെറ അറിവ്.

MR. T. K. NARAYANA PILLAI : അതു് ന്യായീകരിക്കത്തക്കതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ന്യായീകരിക്കത്തക്കതാണെന്നു വിചാരിക്കുന്നതു കൊണ്ടാണ് ഗവണ്മെന്റു ഇപ്പോഴം അതു തുടൎന്നു കൊണ്ടുപോകുന്നതു്. അതു ന്യായീകരിക്കത്തക്കതല്ലെന്നു ബോദ്ധ്യം വന്നാൽ ഗവണ്മെന്റ് അതു പരിഹരിക്കുന്നതിനു ആവശ്യമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

MR. T. K. NARAYANA PILLAI : ആവശ്യമുള്ള നടപടികൾ എന്നു പറയുന്നതു് എന്താണെന്നു പറയാമോ? അതിന്റെ ഉദ്ദേശം, സ്വഭാവം, വ്യാപ്തി ഇവ എന്തായിരിക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുമോ?

HON'BLE MR. T. M. VARGHESE : ആ വ്യത്യാസം ന്യായീകരിക്കത്തക്കതല്ലെന്നു ഗവണ്മെന്റിനു ബോദ്ധ്യംവന്നാൽ അതനുസരിച്ചു പ്രവൎത്തിക്കുന്നതാണ്.

MR. T. K. NARAYANA PILLAI: അതിനു് ഒരു പ്രക്ഷോഭണത്തിന്റെ ആവശ്യമുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു ?

HON'BLE MR. T. M. VARGHESE : ന്യായമായ മാൎഗ്ഗങ്ങളിൽ കൂടിയുള്ള പ്രക്ഷോഭണത്തിൽ വിരോധമില്ല.

MR. T. K. NARAYANA PILLAI : ഒരു പ്രക്ഷോഭണം നടത്തിയെങ്കിലേ ഇതു പരിഹരിക്കുകയുള്ളു എന്നാണോ പറയുന്നതു ?

HON'BLE MR. T. M. VARGHESE : ന്യായമായി ഗവണ്മെന്റിനെ സമീപിച്ചാൽ പ്രക്ഷോഭണം കൂടാതെ തന്നെ സാധിക്കാവുന്ന കാൎയ്യങ്ങൾക്കു് പ്രക്ഷോഭണം നടത്താതിരിക്കയാണ് നല്ലതു്.

MR. T. K. NARAYANA PILLAI ; സംസ്കൃതപണ്ഡിറ്റുകളുടെ എന്തെങ്കിലും നിവേദനം അടുത്തകാലത്തു ഗവണ്മെന്റിനോ ബഹുമാനപ്പെട്ട മന്ത്രിക്കോ കിട്ടിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE ; സംസ്കൃതപണ്ഡിറ്റുകളുടെ കാൎയ്യങ്ങൾ മാത്രമായി കിട്ടിയിട്ടില്ല. മററു കാൎയ്യങ്ങൾകൂടി ചേൎന്ന നിവേദനം കിട്ടിയിട്ടുണ്ടു്.

MR. T. K. NARAYANA PILLAI : തിരുവിതാംകൂർ സംസ്കൃതപരിഷത്തിന്റെ ഒരു നിവേദനം കിട്ടിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: കിട്ടിയിട്ടുള്ളതായി ഓൎമ്മിക്കുന്നില്ല.

MR. K. R. ELANKATH (*Trivandram IV—General*): മലയാളപണ്ഡിററുകൾക്കും സംസ്കൃതപണ്ഡിററുകൾക്കും തമ്മിൽ തന്നെയും ശമ്പളത്തിൽ വ്യത്യാസമുള്ളതിൽ അവക്കു സങ്കടമുണ്ട്, അതു് അവഗണിക്കത്തക്കതാണോ?

HON'BLE MR. T. M. VARGHESE : അതു അവഗണിക്കത്തക്കതല്ല, അതിനെപ്പററി അധികൃതരോടു് ആലോചിച്ചതിനു ശേഷമേ എന്തെങ്കിലും തീരുമാനം ചെയ്യാൻ നിവൃത്തിയുള്ളു. മാത്രമല്ല ഈ ചോദ്യം സംസ്കൃതപണ്ഡിററുകളെക്കുറിച്ചുള്ളതാണ്.

MR. R. SANKAR (*Quilon IV—General*) : സംസ്കൃതമഹോപാദ്ധ്യായപരീക്ഷ മലയാളം പണ്ഡിററുകൾക്ക് മതിയായ യോഗ്യതയായി പരിഗണിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : മഹോപാദ്ധ്യായന്മാരെ മലയാളം പണ്ഡിതന്മാരായി നിയമിച്ചിട്ടുള്ളതായി അറിവില്ല.

MR. R. SANKAR : സാഹിത്യവിശാരദ പരീക്ഷ പാസ്സായിട്ടുള്ളവരെ മലയാളം പണ്ഡിററുകളായി നിയമിച്ചിട്ടുള്ള വിവരം അറിയാമോ?

HON'BLE MR. T. M. VARGHESE : അറിയാം.

MR. R. SANKAR : സാഹിത്യവിശാരദപരീക്ഷയെക്കാൾ മോശമല്ല മഹോപാദ്ധ്യായ പരീക്ഷയെന്നു ഗവണ്മെൻറിന് അറിയാമോ?

HON'BLE MR. T. M. VARGHESE : സാഹിത്യവിശാരദ പരീക്ഷയെക്കാൾ കുറവുള്ളതല്ല മഹോപാദ്ധ്യായ പരീക്ഷയെന്നു മെമ്പറുടെ ചോദ്യത്തിൽനിന്നുതന്നെ മനസ്സിലാകുന്നുണ്ട്.

MR. R. SANKAR : ആ സ്ഥിതിക്ക് സംസ്കൃതമഹോപാദ്ധ്യായ പരീക്ഷ പാസ്സായിട്ടുള്ളവക്കു സാഹിത്യവിശാരദപരീക്ഷ പാസ്സായിട്ടുള്ളവക്കു കൊടുക്കുന്ന നിയമനങ്ങളെല്ലാം കൊടുക്കുന്നതിൽ വിരോധമുണ്ടോ?

HON'BLE MR. T. M. VARGHESE : അതിനെപ്പററി അന്വേഷിച്ചേ മറുപടി പറയാൻ കഴികയുള്ളു.

MR. R. SANKAR : അതിനെപ്പററി ഗവണ്മെൻറു ആലോചിക്കുമോ?

HON'BLE MR. T. M. VARGHESE : തീർച്ചയായും ആലോചിക്കാം.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): പൗരസ്ത്യഭാഷാ വിശാരദന്മാരുടെ ഒരു നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : കിട്ടിയിട്ടുണ്ട്.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*) : ഭാഷ്ടം പരീക്ഷ പാസ്സായിട്ടുള്ളവരെ പ്രൈവറ്റായി ഇ. എസ്. എൽ. സി. പരീക്ഷയ്ക്കു ചേരാൻ അനുവദിക്കുമോ?

MR. PRESIDENT : That question does not arise.

ഹരിജൻ ഹോസ്റ്റൽ

282. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെന്റിൽ നിന്നും നടത്തുന്ന ഹരിജൻ ഹോസ്റ്റലുകൾ എത്ര എന്നും ഓരോന്നിലും ഉള്ള വിദ്യാർത്ഥികൾ എത്രവീതമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവർമെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : അധഃകൃതസമുദായഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ആറു ഹരിജനഹോസ്റ്റലുകൾ ഉണ്ട്. അവയിൽ ഓരോന്നിലും താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇപ്രകാരമാണ്.

ശ്രീ ചിത്രാ ഹരിജൻ ഹോസ്റ്റൽ, തിരുവനന്തപുരം	൫൪
ഹരിജൻ ഹോസ്റ്റൽ, അടൂർ	൫൪
,, കോട്ടയം	൫൦
,, നാഗർകോവിൽ	൫൦

പെൺകുട്ടികൾക്ക് മാത്രമായുള്ള ഹരിജൻഹോസ്റ്റലുകൾ രണ്ടെണ്ണം ഉണ്ട്. ഒന്നു കൊല്ലത്തും മറ്റൊന്നു പറവൂരും ആണു. കൊല്ലത്തെ ഹരിജനഹോസ്റ്റലിൽ ൫൦ വിദ്യാർത്ഥിനികളും പറവൂരിലെ ഹോസ്റ്റലിൽ ൧൧ പേരും ആണുള്ളത്.

MR. A. P. UDAYABHANU (*Karunagapalli II—General*) : ഹരിജന വിദ്യാർത്ഥികളെ പൊതുഹോസ്റ്റലുകളിൽ താമസിപ്പിക്കുകയല്ലേ കൂടുതൽ അഭിലഷണീയം?

HON'BLE MR. G. RAMACHANDRAN : അതിനു സംശയമില്ല. പക്ഷെ പല ബുദ്ധിമുട്ടുകളും ഉണ്ട്.

MR. P. K. KRISHNAN SASTRI : ഇപ്പോഴുള്ള ഹരിജനഹോസ്റ്റലുകളിൽ തന്നെ പ്രവേശനം കിട്ടാതെ വളരെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നുണ്ടെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : ഹരിജനവിദ്യാർത്ഥികൾ മാത്രമല്ല മററുള്ളവരും ബുദ്ധിമുട്ടുന്നുണ്ട്.

MR. P. K. KRISHNAN SASTRI : കഴിവുള്ളിടത്തോളം ഹരിജനഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്ന കാര്യത്തെപ്പററി ഗവൺമെൻറു ദയവായി ആലോചിക്കുമോ?

HON'BLE MR. G. RAMACHANDRAN : അതു് ഇതിനു മുമ്പുതന്നെ ആലോചിച്ചിട്ടുണ്ടു്. ആലോചിച്ചുകൊണ്ടിരിക്കുകയുമാണു്.

MR. P. CHACKO (*Kottayam II—General*) : ഡിപ്പാർട്ടുമെൻറിൽ നിന്നും നടത്തുന്ന ഹരിജനഹോസ്റ്റലുകളിൽ അവശസമുദായത്തിൽപ്പെട്ട ക്രിസ്ത്യാനികൾക്കു പ്രവേശനം അനുവദിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : അതു് അന്വേഷിച്ചു പറയാം.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): இந்தப் பெண்பிள்ளைகள் இருக்கக்கூடிய ஹாஸ்டலிலுள்ள வார்டனும் அங்கு பொங்கிப் போடக்கூடிய குசினிக்காரர்களும் ஆண்களா, பெண்களா என்றறிய விரும்புகிறேன்.

HON'BLE MR. G. RAMACHANDRAN : அந்தக் கேள்வி நல்ல கேள்விதான் ஆனால் விசாரித்துதான் சொல்லவேண்டியிருக்கிறது.

MR. P. CHACKO : അവശസമുദായ ക്രിസ്ത്യൻ കുട്ടികൾക്കു് ഹരിജനഹോസ്റ്റലുകളിൽ പ്രവേശനം അനുവദിക്കാതിരിക്കുന്നതിനുള്ള കാരണം പറയാമോ?

HON'BLE MR. G. RAMACHANDRAN : അതും അന്വേഷിച്ചു പറയാം.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*): അനുവദിക്കാതിരിക്കുന്നതിനെപ്പററി അവർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ കണ്ടേക്കാം.

MR. P. T. CHACKO (*Kottayam II—General*) : അവശത മതത്തിനെ അടിസ്ഥാനമാക്കിയാണോ നിശ്ചയിക്കുന്നതു്?

HON'BLE MR. G. RAMACHANDRAN : അല്ലെന്നാണു തോന്നുന്നതു്.

MR. P. K. KUNJU (*Karunagapalli II—Muslim*): ഹരിജനങ്ങൾ ആരൊക്കെയാണെന്നു പറയാമോ?

HON'BLE MR. G. RAMACHANDRAN : സാധാരണ പറയുക, പുലയർ തുടങ്ങിയുള്ള അവശതകൾ അനുഭവിക്കുന്നവരെയാണു ഹരിജനങ്ങൾ എന്നു പറയാറുള്ളതു്. എന്നാൽ ഇതു ഒരു പൂർണ്ണമായ മറുപടിയായിരിക്കയില്ലെന്നു വന്നേക്കാം.

MR. P. K. KUNJU: അവശതകൾ ഏതു വിധത്തിൽ അനുഭവിക്കുന്നവരെന്നു പറയാമോ?

HON'BLE MR. G. RAMACHANDRAN: എല്ലാ വിധത്തിലും.

MR. A. P. UDAYABHANU: ഹരിജനങ്ങൾക്കു പ്രത്യേകം ഹോസ്റ്റലുകൾ ഉണ്ടാക്കാതെ പൊതു ഹോസ്റ്റലുകളിൽ തന്നെ അവർക്കു സീററുകൾ റിസർവ്വ ചെയ്യുകയല്ലേ നല്ലതു്.

HON'BLE MR. G. RAMACHANDRAN: അതു വളരെ നല്ലതുതന്നെ. പക്ഷെ പ്രയാസങ്ങൾ ഉണ്ടു്.

MR. P. T. CHACKO: ഒരു സാംബവനോ പുലയനോ ക്രിസ്ത്യാനിയായാൽ അവന്റെ അവശത നീങ്ങുമെന്നാണോ മനസ്സിലാക്കേണ്ടതു്?

HON'BLE MR. G. RAMACHANDRAN: അങ്ങനെയാണു് അവർ വിചാരിക്കുന്നതു്.

MR. P. T. CHACKO: പുലയനോ സാംബവനോ ക്രിസ്ത്യാനിയായാൽ അവശസമുദായങ്ങൾക്കുള്ള സൌജന്യങ്ങൾ അവർക്കു കൊടുക്കാതിരിക്കുന്നതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN: അങ്ങിനെയാണു് ഇപ്പോഴത്തെ ഏർപ്പാടു്.

NR. P. CHACKO: മതം മാറുമ്പോൾ അവശത നീങ്ങുമെന്നാണോ പറയുന്നതു്?

HON'BLE MR. G. RAMACHANDRAN: മതം മാറുന്നവരെങ്കിലും അങ്ങനെ വിചാരിക്കുന്നു എന്നാണു മനസ്സിലാക്കേണ്ടതു്.

MR. P. T. CHACKO: സാമ്പത്തികമായ അവശതയെ മാത്രം പരിഗണിച്ചാണോ അവശസമുദായം എന്നു പറയുന്നതു്?

HON'BLE MR. G. RAMACHANDRAN: സാമ്പത്തികമായ അവശത മാത്രമല്ല, മററുതരത്തിലുള്ള അവശതകളും പരിഗണിക്കുന്നുണ്ടു്.

MR. P. CHACKO: മതം മാറുന്നതുകൊണ്ടു് ആത്മീയമായ ഒരു പരിവർത്തനം മാത്രമേ ഉണ്ടാകുന്നുള്ളു എന്നറിയാമോ?

HON'BLE MR. G. RAMACHANDRAN: അതാണു് അതിന്റെ വാസ്തവമെന്നു എല്ലാവരും അറിഞ്ഞാൽ വളരെ നന്നായിരിക്കും.

MR. P. CHACKO: ഹരിജനങ്ങൾ ഏതുമതത്തിൽപ്പെട്ടവരാണെന്നാണു് പറയുന്നതു്?

HON'BLE MR. G. RAMACHANDRAN : ഹിന്ദുക്കളാണെന്നാണ് വച്ചിരിക്കുന്നതു്.

MR. A. CHIDAMBARANATHA NADAR : *பின்னோக்க சமுதாயத்திலிருக்கும் ஒவ்வொருவரும் கிறிஸ்தியானியராயும், முஹம்மதியராயும், மாறிவிட்டால் அவர்கள் முன்னேறி வந்துவிடுவார்களென்று மந்திரி அவர்களின் அபிப்பிராயம்?*

HON'BLE MR. G. RAMACHANDRAN : *அப்படி இருக்கவேண்டியது அவசியமென்று நினைக்கிறேன் அவ்வளவுதான்*

MR. K. RAMACHANDRAN : ഹരിജനഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റിൽ നിന്നും കൊടുക്കുന്ന സഹായധനം കാലാകാലത്തിനു കിട്ടുന്നില്ലായെന്നു ഗവൺമെന്റിനറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിയാം. അതിനുവേണ്ട പരിഹാരം ചെയ്തുകൊണ്ടിരിക്കുന്നു.

MR. MANNATH PADMANABHA PILLAI (*Pathanamthitta II—General*): ക്രിസ്തീയ സമുദായത്തിൽപ്പെട്ടവരെ അവശരായുള്ളവർ എന്നും ഇല്ലം അവശരെന്നും തിരിക്കുന്നതിനെ എതിർക്കുന്നവർ ഉള്ളതായി ഗവൺമെന്റിനറിയാമോ?

HON'BLE MR. G. RAMACHANDRAN : വളരെപ്പേർക്ക് അങ്ങനെ അഭിപ്രായമുള്ളതായി അറിയാം.

MR. P. CHACKO : കുറേപ്പേർക്ക് അങ്ങനെ ഒരഭിപ്രായം ഇല്ലെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : കുറേപേർക്ക് ആ അഭിപ്രായം ഉണ്ടെന്നു പറഞ്ഞാൽ കുറേപേർക്ക് ആ അഭിപ്രായം ഇല്ലെന്നാണ്.

MR. A. P. UDAYABHANU : ഹരിജനങ്ങളേയും മററുള്ളവരേയും പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകളിൽ താമസിപ്പിച്ചാൽ സാമുദായികമായി അവരുടെ അവശത കൂടുകയല്ലേ ചെയ്യുന്നതു്?

HON'BLE MR. G. RAMACHANDRAN : ഹരിജനങ്ങളെ മററു ഹോസ്റ്റലുകളിൽ താമസിപ്പിക്കുന്നതുകൊണ്ട് അവരുടെ അവശത നീങ്ങുകയില്ല. പക്ഷെ പഠിക്കുന്നതിനു സൗകര്യം ഉണ്ടെന്നു മാത്രമേയുള്ളു. അവരെ മററു ഹോസ്റ്റലുകളിൽ ചേർക്കുന്നതുകൊണ്ടും കുറയുകയില്ല.

MR. E. K. MADHAVAN (*Parur I—General*) : ഹരിജനഹോസ്റ്റലിൽ മററു കുട്ടികളേയും ചേർക്കാം എന്നു വ്യവസ്ഥയുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ വ്യവസ്ഥയില്ല.

MR. A. ABDUL RAZAAK (*Nedumangad I—Muslim*): May I know from the Hon'ble Minister on which of the disabilities the Harijans are entitled to special treatment as Harijans? Is it religious, social or economic?

HON'BLE MR. G. RAMACHANDRAN: Every sort of disability they are confronted with.

MR. A. ABDUL RAZAAK: May I know whether the Government do accept that position?

HON'BLE MR. G. RAMACHANDRAN: I have already answered that question.

MR. A. ABDUL RAZAAK: I want to know whether the Government do accept that position or not?

HON'BLE MR. G. RAMACHANDRAN: I have already stated the Government's view on that matter.

MR. P. T. CHACKO: The Hon'ble Minister said that it has been admitted that their lots are improved by conversion. May I know who has admitted that?

HON'BLE MR. G. RAMACHANDRAN: Just now on the floor of the House it was admitted that spiritually they are improving by conversion.

MR. P. T. CHACKO: Will the Hon'ble Minister understand that this is not a question of spirituality but a question of earning livelihood.

HON'BLE MR. G. RAMACHANDRAN: I understand it. I was a little amazed that the other point was stressed here on the floor of the House.

MR. MANNAR GOPALAN NAIR (*Thiruvalla I—General*): മതംമാറുന്നതുകൊണ്ട് ആത്മീയപുരോഗതിയുണ്ടാകുമെന്നു ഗവണ്മെന്റു സമ്മതിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN: അങ്ങനെ മാറുന്നവർ ആത്മീയപുരോഗതി അനുഭവിക്കുന്നുവെന്നു സമ്മതിച്ചാൽ അതാണു ഏററവും സന്തോഷം.

MR. P. CHACKO: ഹരിജനങ്ങൾ എന്നു പറയുന്നതിൽ ഹിന്ദുസമുദായത്തിൽപ്പെട്ടവർ മാത്രമെ ഉള്ളു എന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN; എന്ന വിചാരം ആണ് ഇപ്പോഴും ഉള്ളത്.

MR. U. K. VASUDEVAN ASARI (*Kottayam III—Kammala*): കൂടുതൽ ഭാഗം അവശത അനുഭവിക്കാത്ത ഒരു ജനവിഭാഗത്തിൽ കുറേ പേർ അവശത അനുഭവിക്കുന്നവരാണെന്നു പറഞ്ഞാൽ ആ വിഭാഗത്തിനെ അവശവിഭാഗം എന്നു പറയാൻ ഗവണ്മെന്റ് അനുവദിക്കുമോ?

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*): ഒരു പോയിൻറ് ഓഫ് ഓർഡർ. ചോദ്യോത്തരങ്ങൾക്കു ക്ലോഷർ മോഷൻ കൊണ്ടുവരാൻ അനുവദിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതു പ്രസിഡൻറ് തീരുമാനിക്കേണ്ട സംഗതിയാണ്.

MR. U. K. VASUDEVAN ASARI : അവശത അനുഭവിക്കാത്ത ഒരു വിഭാഗം ആളുകൾ അവശത അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ ഉണ്ടെങ്കിൽ എല്ലാവരെയും അവശത അനുഭവിക്കുന്ന വിഭാഗം എന്നു പറയാമോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ പരിഗണിക്കുകയാണെങ്കിൽ സകല സമുദായങ്ങളിലും അവശത അനുഭവിക്കുന്നവർ ഉണ്ട്. അതിനാൽ അവശതയുടെ പേർ പറഞ്ഞ് എല്ലാപേരും ആനുകൂല്യത്തിനു വേണ്ടി അവശസമുദായത്തിൽപ്പെട്ടവരാണെന്നു പറഞ്ഞു എന്നുവരാം.

Roads in the Muvattupuzha Taluk.

283. MR. P. S. MUHAMMED (*Moovattupuzha I—Muslim*); Will the Honourable Minister for Communication be pleased to state the names of roads in Moovattupuzha taluk for which amounts were sanctioned in the last budget but the works have not been begun ?

HON'BLE MR. A. ATCHUTHAN:

1.	Deviating A. M. road to avoid bad curves Miles 23 and 24 ...	5,000
2.	Cross road from 134th mile M. C. road to 19th mile A. M. road ...	1,000
3.	Taking under departmental maintenance of the road from 1/5 Punnakal Palamattom road reaching Condimattom constructed by the public ...	1,000
4.	Do. 2/3 Neduvacad Varapetty road ending at Pareekkauni ...	1,000
5.	Do. road from Adivettu market to 10/7 Vazhakulam Kothamangalam road ...	1,000
6.	Do. from 137th M. C. road and joining 4th mile Vettoor Valambur road ...	1,000
7.	Improving Muvattupuzha Arakozha road ...	3,000
8.	Road from Kavankara to Eranalloor starting from 7/5 M. K. road and joining 22/1 A. M. road and thence to 1/4 Kothamangalam Trikariyur road ...	1,000
9.	Road from Arakozha Church road and joining Vazhakulam Vazhithala road ...	1,000

10.	Road from 6/2 Vettoor Valambur road joining 6th mile W. F road ...	1,000
11.	Remetalling the worst portions of M. T. road miles 3, 5 and 6 ...	5,000
12.	Improvements to M. C. road miles 130 to 132 ...	2,000
13.	Taking under departmental maintenance the road from 3/4 M. T. road to 4/4 Vazhakulam Kothamangalam road ...	500

Item No. 3 in the list cannot be taken up as the ryots have not finished the portion of the road.

For item 7 to 11 estimates have already been submitted to Government but administrative sanction has yet to be given.

Item 1 of the list cannot be put in hand as the alignment of the deviation has not been settled finally and still remains a subject for dispute.

MR. P. M. VARGHESE (*Thodupuzha II—General*) : അവിടെ ജനങ്ങളുടെ ഭേദഗതിസംബന്ധം ഉൾപ്പെടുന്നതിനാലാണോ സെറ്റിൽ ചെയ്യാൻ താമസിക്കുന്നതു്?

HON'BLE MR. A. ATCHUTHAN : I have mentioned in detail all the works connected with that. വേണ്ട നടപടികൾ നടത്തുന്നുണ്ട്.

Chitties

284. MR. PAUL THALIAT (*Parur III—General*): Will the Honourable Minister for Registration be pleased to state :

(a) the number of chitties with capital below Rs. 100 for which licenses have been granted in 1122 and 1123 respectively ;

(*b*) whether the accounts of these chitties are audited and audited balance sheets filed ;

(*c*) whether the records of these chitties are inspected by the officers of the department ;

(*d*) if the answer to part (*b*) and (*c*) are in the negative are the Government aware that mostly poor labourers are subscribing to the entire capital of such chitties ; and

(*e*) whether Government will take any steps to protect the interest of such subscribers ?

HON'BLE MR. C. KESAVAN : (എ) ൧൧൨൨-ൽ ൩൩൭൦ ഉം. ൧൧൨൩-ൽ ൨൬൮൧ ഉം.

(ബി) ഇല്ല.

(സി) അതെ.

(ഡി) ഗവണ്മെന്റിന് അതിനെപ്പറ്റി അറിവില്ല.

(ഇ) സി-ക്കും ഡി-ക്കും ഉള്ള ഉത്തരങ്ങൾ നോക്കിയാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

MR. PAUL THALIAT: രണ്ടായിരത്തിൽ കൂടുതലും മൂവായിരത്തിൽ കൂടുതലും രൂപായുടെ ലൈസൻസ് എടുത്തു് നടത്തുന്ന ചിട്ടികളുടെ മേൽ നിയന്ത്രണാധികാരം വേണമോ?

HON'BLE MR. C. KESAVAN: ചിട്ടി ആക്റ്റു് അനുസരിച്ചുതന്നെ നിയന്ത്രണം ഉണ്ടു്. കൂടുതൽ വേണം എന്നു തോന്നുന്നില്ല.

MR. PAUL THALIAT: ചിട്ടികെട്ടുന്നവരിൽ അധികം ഭാഗവും തൊഴിലാളികളാകയാൽ അവർക്കുവേണ്ടിയെങ്കിലും പ്രത്യേക നിയന്ത്രണം വയ്ക്കുമോ?

HON'BLE MR. C. KESAVAN: ആലോചിച്ചുപറയാം.

MR. V. O. MARKOS (*Kottayam III—General*): ഇവിടെ എത്ര ദിവസച്ചിട്ടി ഉണ്ടെന്നറിയാമോ?

HON'BLE MR. C. KESAVAN: നോട്ടീസുവേണം.

MR. V. O. MARKOS: ദിവസച്ചിട്ടികൾ നടത്തുന്നുണ്ടെന്നറിയാമോ?

HON'BLE MR. C. KESAVAN: അങ്ങനെ കേട്ടിട്ടുണ്ടു്.

MR. V. O. MARKOS: ദിവസച്ചിട്ടികളെ വേണ്ടവിധത്തിൽ നിയന്ത്രിക്കണം എന്നറിയാമോ?

HON'BLE. MR. C. KESAVAN: അതിൽ കുഴപ്പമുണ്ടെന്നറിഞ്ഞാൽ നിയന്ത്രിക്കാം.

MR. V. O. MARKOS: അതിനെപ്പറ്റി അന്വേഷിക്കുമോ?

HON'BLE MR. C. KESAVAN: അന്വേഷിക്കാം.

Black marketting.

285. MR. PAUL THALIAT: Will the Honourable Minister for Food be pleased to state:

(*a*) whether any black marketting cases of food grains have been detected or reported from the date of the Ministry taking charge up to 25-11-123;

(*b*) if the answer to (*a*) is in the affirmative, the number of such cases;

(*c*) whether any prosecution has been launched during this period; and

(*d*) if the answer to (c) is in the affirmative the number of such prosecutions?

HON'BLE MR. K. M. KORAH: (*a*) Yes.

(b) 16.

(*c*) Yes.

(*d*) 11.

MR. PAUL THALIAT: ബാക്കിയുള്ള കേസ്സുകറം എന്തു ചെയ്തു എന്നു പറയുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. K. M. KORAH: Investigation is proceeding.

MR. A. P. UDAYABHANU: May I know the nature of punishment awarded?

HON'BLE MR. K. M. KORAH: In certain cases the licenses were cancelled and in certain other cases the amounts deposited were forfeited.

MR. A. P. UDAYABHANU: Was no punishment awarded as imprisonment?

HON'BLE MR. K. M. KORAH: No punishment was given as imprisonment.

MR. N. V. CHACKO (*Kunnathunad III—General*): ചിലവിടങ്ങളിൽ നെല്ലില്ലാത്തതിനാൽ ആത്മഹത്യയ്ക്കുള്ള പ്രേരണ ഉണ്ടാകാതെയിരിക്കുവാൻവേണ്ടി ബ്ലാക്കുമാർക്കറ്റിൽ നെല്ലു വില്ക്കാതെയിരിക്കുവാൻ വേണ്ടതു ചെയ്യുമോ ?

MR. PRESIDENT: The question is irrelevant and need not be answered.

Remission of water tax.

286. DR. M. O. CHERIYAN (*Devicolam—General*): Will the Hon'ble Minister for Land be pleased to state that in view of the very hazardous nature of the life of paddy cultivators in Marayoor area on account of wild animals and attacks of dangerous type of malaria, will the Government kindly consider the question of giving remission of water tax to encourage the cultivators in food production.

HON'BLE MR. C. KESAVAN: യോഗ്യമെന്നു തോന്നുന്നില്ല.

Building occupied by the Travancore Bank Ltd.

287. MR. K. A. MUHAMMED (*Quilon IV—Muslim*): Will the Honourable Minister for Finance be pleased to state:

(*a*) the rent the Government is receiving per month for the Government building occupied by the Travancore Bank Ltd and

(*b*) the amount they pay for the buildings now rented for the Registration Department and the Co-operative and Registrar of Joint Stock Companies Departments?

HON'BLE MR. A. THANU PILLAI: (എ) പ്രതിമാസം ൫൦൦ ബ്രി. രൂപ

(ബി) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ കെട്ടിടത്തിന് വാടക പ്രതിമാസം ൩൫൦ ബ്രി. രൂപ. ജോയിന്റുസ്റ്റാക്കു കമ്പനിസ് ഡിപ്പാർട്ടുമെന്റിന്റെ കെട്ടിടത്തിന് വാടക പ്രതിമാസം ൧൫ ബ്രി. രൂപ.

MR. K. A. MOHAMMED : കോഓപ്പറേറ്റീവ് രജിസ്ട്രാറാഫീസു കെട്ടിടത്തിന് വാടകസംഗതിയിൽ വല്ല നഷ്ടവും ചെലവുവന്നിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : കോഓപ്പറേറ്റീവ് രജിസ്ട്രാറാഫീസ് പുതിയ പബ്ലിക് ആഫീസിലാണ് ഇരിക്കുന്നത്. അതുകൊണ്ടു വാടക കൊടുക്കേണ്ട ആവശ്യമില്ല.

MISS ANNIE MASCARENE : ചെമ്പോലം റേഷനിംഗ് ആഫീസ് ഇപ്പോഴും ഇരിക്കുന്ന കെട്ടിടത്തിന് പ്രതിമാസം എത്ര രൂപ വാടക കൊടുക്കുന്നു?

HON'BLE MR. A. THANU PILLAI : ചെമ്പോലം റേഷനിംഗ് ആഫീസുമാത്രമല്ല, അതുപോലെ പല ആഫീസുകളും വാടകക്കെട്ടിടങ്ങളിൽ ഇരുപ്പുണ്ട്. ഓരോ ആഫീസും ഇരിക്കുന്ന കെട്ടിടത്തിന് എന്തു വാടകയാകുമെന്ന് അന്വേഷിച്ചു വേണമെങ്കിൽ പറയാം.

MISS ANNIE MASCARENE: മുൻപ് ൨൫ രൂപ വാടകയ്ക്കുകൊടുത്തിരുന്ന ആ കെട്ടിടം ഇപ്പോൾ ൧൨൫ രൂപാ കൊടുത്താണു വാടകയ്ക്കെടുത്തിരിക്കുന്നതെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഇപ്പോഴത്തെ വാടകയെ സംബന്ധിച്ചു പറയുന്നതുപോലെതന്നെ മുൻപു ആ കെട്ടിടത്തിനു എന്തു വാടകയാണുണ്ടായിരുന്നതെന്നും അന്വേഷിച്ചു മാത്രമെ പറയാൻ സാധിക്കുകയുള്ളു.

MR. D. GNANASIGAMONY (*Kalkulam II—General*) : May I know, is the rent fixed according to the Rent Control Order in vogue?

HON'BLE MR. A. THANU PILLAI : കെട്ടിടങ്ങൾ പലതും റെന്റു കൺട്രോൾ ആർഡർ വരുന്നതിനു മുൻപാണു എടുത്തിരിക്കുന്നതു.

MR. D. GNANASIGAMONY : May I know when was that building rented out to the Bank?

HON'BLE MR. A. THANU PILLAI : നോട്ടീസുവേണം.

കുടിയിറക്ക്.

283. MR. P. CHACKO : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി ഉദയം മറുപടി പറയുമോ?

(എ) പാരമ്പര്യമായി അന്യന്മാരുടെ വസ്തുക്കളിൽ താമസിക്കുകയും വച്ചുമേച്ചിലുകൾ ചെയ്തു പുരയിടങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുള്ള വസ്തുരഹിതരായ പാവപ്പെട്ട തൊഴിലാളികളെ ഈ

ആട്ടത്തകാലത്തു മുതലാളിമാർ നിർദ്ദാക്ഷിണ്യം കുടിയിറക്കിവിടുന്നതു നിമിത്തം ധാരാളം ആളുകൾ ഭവനങ്ങളില്ലാതെ കഷ്ടപ്പെടുന്നതായി ഗവണ്മെൻറിനറിയാമോ?

(ബി) പാർപ്പിടമില്ലാത്ത ആളുകൾക്ക് പാർപ്പിടമുണ്ടാക്കുന്നതിനുള്ള പദ്ധതി ഗവണ്മെൻറു സ്വീകരിക്കുമോ?

(സി) നിർബന്ധിതകുടിയിറക്കസമ്പ്രദായം പരിതാപകരമായിട്ടുള്ളതാകയാൽ ഒരു നിയമംമൂലം അതിനെ തടയുന്നതിനു ബഹുമാനപ്പെട്ട ഗവണ്മെൻറിനു സന്മനസ്സുണ്ടാകുമോ?

HON'BLE MR. C. KESAVAN: (എ) ഇല്ല.

(ബി) ഇല്ല.

(സി) ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കുന്നകാര്യമാണ്.

MR. P. CHACKO: ഇതുപ്പററി ഈ സഭയിലെ പല മെമ്പറന്മാരും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുകൊണ്ടു അനാവശ്യമായി കുടിയിറക്കുന്നതിനെ തടയുന്നതിനുള്ള ശ്രമം ചെയ്യേണ്ടതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ശ്രമിക്കുന്നുണ്ട്. ഈ ചോദ്യത്തിനുള്ള സമാധാനവും ഇതിൽ പറഞ്ഞിട്ടുണ്ട്.

ചിറയിൻകീഴ് താലൂക്കിലെ റോഡുകൾ.

289. MR. P. NANOO (*Chirayinkil II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ളിയു. മന്ത്രി സദയം മറുപടി പറയുമോ?

(എ) ചിറയിൻകീഴ് താലൂക്കിൽ പൊതുജനങ്ങൾ വെട്ടിയുണ്ടാക്കിയ റോഡുകൾ എത്ര ഉണ്ടു? അവ ഏതെല്ലാമാണ്?

(ബി) ഈ റോഡുകൾ ഗവണ്മെൻറിൽനിന്നും ഏറെറടുത്തു ഉപയോഗപ്രദമാക്കുന്നതിന് വല്ല നടപടിയും നടത്തീട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN: 1. No ryots road in conformity with all the conditions laid down in the Ryots Roads Rules has been cut open in Chirayinkil taluk by the Public, A list of ryots roads partly constructed by them is given below:

Road from Njeckad to Panayara to Chavarcod (6th mile Varkala Kallambalam road to 6th mile Paripally road) length $3\frac{1}{2}$ miles.

Road from Kattuchantha to Ponganad (5/7 of Nagaroor-Kallambalam road to 3/6 of Kilimanoor Madavoor road) length 3 miles and 3 furlongs.

Elankaman road (partly in Chirayinkil taluk 2/1 of Bhoothakulam road to 6/8 of Paravoor-Paripally road) length $1\frac{1}{2}$ miles in Chirayinkil taluk.

Road from 26th mile M. C. road to 12th mile Paripally-Madathara road (partly in Chirayinkil taluk) length nearly 4 miles.

Road from Ponganad in Kilimanoor-Madavoor road to 27th mile M. C. road at Thattathu Mala, length nearly 4 miles.

2. As the roads are not in a proper condition they have not been taken under departmental maintenance. As soon as the roads are cut open by the ryots in pursuance of the Ryots Roads Rule steps will be taken for bringing them under departmental maintenance.

MR. P. NANOO : ഈ റോഡുകളെല്ലാം നല്ല കണ്ടിഷനിൽ ആക്കി തീർക്കുന്നതു ജനങ്ങൾ തന്നെ വേണമെന്നാണോ പറയുന്നതു്?

HON'BLE MR. A. ATCHUTHAN : റയററ്സ്റോഡിന്റെ റൂളനുസരിച്ചു ചില കാര്യങ്ങൾ റയ്ററ്സ് തന്നെ ചെയ്യണമെന്നുണ്ടു്. അതിനു ശേഷമേ ഗവണ്മെന്റു ആ റോഡുകൾ ഏറെറടുക്കുകയുള്ളൂ.

MR. P. NANOO : ഗവണ്മെന്റിന്റെ റൂളനുസരിച്ചു് ഈ റോഡുകളൊന്നുംതന്നെ ഗവണ്മെന്റു ഏറ്റെടുക്കത്തക്ക നിലയിൽ വന്നിട്ടില്ലെന്നാണോ പറയുന്നതു്?

HON'BLE MR. A. ATCHUTHAN : ഒന്നാമതു് റോഡിനു് ആവശ്യമായ സ്ഥലം വിലയില്ലാതെ വിട്ടുകൊടുക്കണം, പിന്നീട് റോഡുവെട്ടി ലെവൽ ചെയ്തു കൊടുക്കണം. അതിനുശേഷമേ ഗവണ്മെന്റു എടുക്കുകയുള്ളൂ. ഈ റോഡുകളെ സംബന്ധിച്ചിടത്തോളം ഇത്രയും ജോലികൾ ചെയ്തിട്ടില്ലെന്നാണു വിചാരിക്കേണ്ടതു്.

MR. N. KUNJURAMAN (*Chirayinkil IV—General*) : ഗവണ്മെന്റിൽ നിന്നും റോഡുണ്ടാക്കുന്നതിനുവേണ്ടി ഒരു സഹായവും ചെയ്യുകയില്ലേ?

HON'BLE MR. A. ATCHUTHAN : റയറ്റ്സ് ചെയ്യേണ്ടതു മുഴുവൻ ചെയ്തതിനുശേഷമേ ഗവണ്മെന്റുസഹായമുണ്ടാകുകയുള്ളൂ.

MR. N. KUNJURAMAN : ഇത്രയും റോഡുകൾക്കു മൊത്തം എത്ര ചെലവു വരുമെന്നാണു എസ്റ്റിമേറ്റു ചെയ്തിരിക്കുന്നതു്?

HON'BLE MR. A. ATCHUTHAN : അതുനോക്കി പറയാം.

MR. K. A. MATHEW (*Thiruvalla IV—General*) : റയറ്റ്സ് റോഡുകൾ ഉണ്ടാക്കിയതിനുശേഷം ഗവണ്മെന്റു ഏറ്റെടുത്തിരിക്കുന്ന അനവധി റോഡുകൾ യാതൊരു പണിയും നടത്താതെ ഇപ്പോഴും അതേവിധത്തിൽ കിടപ്പുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

HON'BLE MR. A. ATCHUTHAN : കാണും. അതിനു വേണ്ടതു ചെയ്യുന്നതാണ്.

പെട്രോൾ റേഷൻ.

290. MR. P. NANOO : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കരിഞ്ചന്തയിൽ പെട്രോൾ വിൽപ്പന നടക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(ബി) ഗവണ്മെന്റ് റേഷൻ അധികാരത്തിൽപെട്ട പെട്രോളും കരിഞ്ചന്തവിൽപ്പനയ്ക്കു പോകുന്നുണ്ടോ?

(സി) പുല്ല്, തടി, വിറക്, ഓല മുതലായ സാമാനങ്ങൾ കയറ്റി ഇറക്കുന്നതിനും ഗവണ്മെന്റിൽനിന്നും പെട്രോൾ വാങ്ങുന്ന ലോറികൾ ഉപയോഗിക്കുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN : 1. Government are not aware.

2. This question does not arise in view of answer to (1)

3. Perhaps they are being used. When petrol is sanctioned for lorries its use is not restricted to the transport of any particular commodity.

MR. P. NANOO : പെട്രോൾ ബ്ലാക്കുമാർക്കറ്റിൽ വിൽക്കുന്നതിന് ശ്രമിച്ചു എന്ന പരാതിയെ അടിസ്ഥാനമാക്കി ഡിപ്പാർട്ടുമെന്റ് സിൽബന്തികളിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. ATCHUTHAN : അതിനു നോട്ടീസു വേണം.

MR. P. NANOO : കരിഞ്ചന്തയിൽ പെട്രോൾ വിൽപ്പന നടത്തുന്നതായി അറിവില്ലെന്നു പറഞ്ഞു. അങ്ങനെ വിൽക്കുന്നുണ്ടോ എന്നു ഗവണ്മെന്റ് അന്വേഷിക്കുമോ?

HON'BLE MR. A. ATCHUTHAN : അന്വേഷിക്കാം.

MR. K. A. MATHEW : ആലുവാ ഏ. എസ്സ്. പി.-യുടെ പേരിൽ നടപടികൾ നടത്തിയതു പെട്രോൾ കരിഞ്ചന്തയിൽ വിൽക്കുവാൻ ശ്രമിച്ചു എന്ന പരാതിയെ അടിസ്ഥാനമാക്കിയല്ലേ?

HON'BLE MR. A. ATCHUTHAN : അതിനെപ്പറ്റി ഞാൻ അന്വേഷിച്ചിട്ടില്ല.

MR. V. K. VARGHESE (*Pathanamthitta III—General*) : എറണാകുളത്തുനിന്നും പെട്രോൾ പെട്ടിയിലും വീപ്പയിലുമായി ഇവിടത്തെ കായൽതീരങ്ങളിൽ കൊണ്ടുവന്നു വിൽക്കുന്നതായി അറിയുമോ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. ABDUL AZIZ (*Trivandrum I—Muslim*) : കരിഞ്ചന്ത എന്ന ഒരു പ്ലാട്ട ഇവിടെയുള്ളതായി അറിയാമോ?

MR. PRESIDENT : That question does not arise.

MR. V. K. VARGHESE : എറണാകുളത്തുനിന്നും വീപ്പകളിലും പെട്ടികളിലും പെട്രോൾ ഇവിടെ കൊണ്ടുവന്ന്, രണ്ടുഗ്യാലൻ ടിന്നുകളിലാക്കി, വിററുവരുന്നുണ്ടെന്നു ഞാൻ പറയുന്നതിനെപ്പറ്റി അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN : അന്വേഷിക്കാം.

MR. E. K. MADHAVAN : ട്രാൻസ്പോർട്ടു ബസ്സുകളിൽനിന്ന് പെട്രോൾ ഊററിയെടുത്ത് ബ്ളാക്കുമാർക്കറ്റിൽ വിററുവരുന്നതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : ഇല്ല.

MR. N. V. CHACKO : കൊച്ചി മുതലായ അയൽരാജ്യങ്ങളിൽനിന്നും പെട്രോൾ തിരുവിതാംകൂറിൽ കൊണ്ടുവന്ന് ബ്ളാക്കുമാർക്കറ്റിൽ വിററുവരുന്നുണ്ട്. അതു തടയുന്നതു ബുദ്ധിപൂർവ്വകമായിരിക്കുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN : ബ്ളാക്കുമാർക്കററ് ഏതായാലും തടയേണ്ടതാണ്.

MR. P. T. CHACKO : ഫെർട്ടിലൈസേഴ്സ് ആൻറു കെമിക്കൽസിനു അനുവദിച്ചുകൊടുത്ത പെട്രോൾ ബ്ളാക്കുമാർക്കറ്റിൽ വില്ക്കുന്നു എന്ന പരാതിയെ സംബന്ധിച്ചു എന്തു നടപടി നടത്തിയെന്ന്. മുമ്പ് ഒരവസരത്തിൽ ചോദിച്ച ചോദ്യത്തിനു അതേപ്പററി അന്വേഷിക്കാമെന്ന് അന്നത്തെ മന്ത്രി മറുപടി പറയുകയുണ്ടായി. അതു സംബന്ധിച്ചു വല്ല അന്വേഷണവും നടത്തിയോ എന്നും, നടത്തിയെങ്കിൽ എന്തു നടപടിയാണു നടത്തിയതെന്നും പറയാമോ?

HON'BLE MR. A. ATCHUTHAN : അതേപ്പററി അന്വേഷണം നടന്നുവരികയാണ്. അതുസംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. T. CHACKO: അതുസംബന്ധിച്ചു ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : സർ, അങ്ങയുടെ അനുവാദത്തോടുകൂടി ഇതുസംബന്ധിച്ചു ഒരു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആലുവാ എ. എസ്. പി.യുടെ പേരിൽ എടുത്ത നടപടിയെപ്പററി

[Hon'ble Mr. A. Thanu Pillai.]

ഇവരുടെ പരാമർശിക്കുകയുണ്ടായി. അവിടെ പെട്രോൾ ബ്ലാക്കുമാർക്കറ്റിൽ വില്ക്കുന്നു എന്ന പരാതിയുണ്ടായതിന്റെ ഫലമായി ഏതാനുംപേരെ സസ്പെൻഡു ചെയ്തിട്ടുണ്ട്. അതിൽ ഇടപെട്ടു എന്ന സംശയം ഉണ്ടായതുകൊണ്ടു അവിടത്തെ ഏ. എസ്സ്. പി-യുടെ പെൻഷൻ ഇനി ഒരുത്തരവു ഉണ്ടാകുന്നതുവരെ കൊടുക്കരുത് എന്നു തടഞ്ഞിട്ടുണ്ട്.

MR. E. K. MADHAVAN : ഏ. എസ്. പി-യെ കൂടാതെ വേറെ ആരെയെങ്കിലും ഈ കാര്യത്തിനായി ശിക്ഷിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ആ കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. കാൺസ്റ്റബിൾമാരെ സസ്പെൻഡു ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിൽ ഇരിക്കുന്ന ക്ലാർക്കന്മാരെയും സസ്പെൻഡു ചെയ്തിട്ടുണ്ട്.

MR. K. A. MOHAMMED : ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിക്ക് അവരുടെ ആവശ്യത്തിൽ കൂടുതൽ പെട്രോൾ കൊടുക്കുന്നതുകൊണ്ടല്ലേ ബ്ലാക്കുമാർക്കറ്റിൽ വില്ക്കാൻ ഇടയാകുന്നത്?

HON'BLE MR. A. THANU PILLAI : ഇപ്പോൾ കൊടുക്കുന്ന പെട്രോൾ തന്നെ പോരാ എന്നു അവർ പരാതിപ്പെട്ടിട്ടുണ്ട്. എഫ്. ഐ. റ്റി-യുടെ ആവശ്യത്തിന് തടികളും വിറകുകളും മററും കൊണ്ടുവരുവാൻ ധാരാളം പെട്രോൾ ആവശ്യമുണ്ടെന്നു അവരും പറയുന്നു. ഏതായാലും എല്ലാംചേർത്തു അന്വേഷണം നടത്തിവരികയാണു.

കാർഷികകാളേജ് സ്ഥാപനം.

291. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കാർഷികവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂറിൽ ഒരു കാർഷികകാളേജ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : സർവകലാശാലയിൽനിന്നും ആഗ്രികൾച്ചറൽ ഡിപ്ലോമാകോഴ്സ് ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ സ്ഥലസൌകര്യക്കുറവുകൊണ്ടു പഠിത്തം തുടങ്ങിയിട്ടില്ല. ഡിഗ്രിയും ഡിപ്ലോമായും കോഴ്സുകളും പുതിയതായി ആരംഭിക്കുവാൻപോകുന്ന ആഗ്രികൾച്ചറൽകാളേജിൽ നടപ്പിലാക്കുന്നതാണു. അതിനുവേണ്ടി ൩൦൦ ഏക്കർസ്ഥലം വെള്ളായണിക്കു സമീപം എടുക്കുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. വേണ്ട നടപടികൾ നടത്തി സ്ഥലം കിട്ടിക്കഴിഞ്ഞാൽ കാളേജിന്റെ പണി ആരംഭിക്കുന്നതാണു.

MR. MANNAR K. GOPALAN NAIR : എത്രകാലത്തിനകം ഇതിന്റെ പണി തീരുമെന്നു പറയാമോ?

HON'BLE MR. K. M. KORAH : സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗത്തിൽ തീർക്കാൻ ശ്രമിക്കുന്നതാണ്.

Perumbavoor Market.

292. MR. MAJEED MARIKAR (*Kunnathnad I—Muslim*) : Will the Honourable Minister for Land be pleased to state :

(*a*) whether there has been any proposal before the Government to shift the Perumbavoor Market from its present site ;

(*b*) whether any reprsentation has been received from the local public regarding this proposal ; and

(*c*) whether any action has been taken on such representation ?

HON'BLE MR. C. KESAVAN : (എ) ഇവിടെ പെരുമ്പാവൂർ മാർക്കറ്റു എന്നു പറയുന്നു. പെരുമ്പാവൂരിൽ മൂന്നു മാർക്കറ്റുകൾ ഉണ്ട്. ൧. ഫിഷ് മാർക്കറ്റ്. ൨. വെജിറ്റബിൾ മാർക്കറ്റ്. ൩. ക്യാറ്റിൽ മാർക്കറ്റ്. ഏതാണു ഉദ്ദേശിക്കുന്നതെന്നു അറിയാൻ നിവൃത്തിയില്ല.

(ബി) കിട്ടിയിട്ടുണ്ട്.

(സി) അന്വേഷണത്തിലിരിക്കുന്നു.

MR. N. V. CHACKO : ഈ മാർക്കറ്റുകൾ മൂന്നുംകൂടി ഒന്നാക്കി ഒരു നല്ല സ്ഥലത്ത് സ്ഥാപിക്കുവാൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN : ഗവണ്മെന്റിന്റെ ആലോചനയിൽ ആ വിഷയം വന്നിട്ടില്ല.

Tamil Typewriter

293. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*) : Will the Honourable Minister for General Administration be pleased to state ;

(*a*) the number of Tamil Typewriting machines with the Government ; and

(*b*) if the answer is in the negative the reasons for having none ?

HON'BLE MR. T. M. VARGHESE : (എ) ഗവണ്മെന്റിന്റെ കൈവശത്തിൽ തമിഴ് ടൈപ്പ്റൈറ്റർ ഇല്ല.

(ബി) അതിനുള്ള കാരണം അതു കിട്ടാത്തതാണ്.

൧൯൫൫-ൽ തമിഴ് ടൈപ്പ്റൈറ്റർ ഒന്നെങ്കിലും കിട്ടുമോ എന്ന് ഗവണ്മെന്റു അന്വേഷിച്ചു, മദ്രാസിലാണു അന്വേഷിച്ചതു. ഒന്നും കിട്ടിയില്ല. ൧൯൫൬-ൽ മദ്രാസിലുള്ള അഡിസൻ കമ്പനിയിലും

[Hon'ble Mr. T. M. Varghese]

ടൈപ്പ്റൈററുകൾ ധാരാളം കിട്ടുവാൻ സൗകര്യമുള്ള അവിടത്തെ ടൈപ്പ്റൈററർ മാർട്ടിലും അന്വേഷിച്ചിട്ട് കിട്ടിയില്ല. പിന്നീടുള്ള അന്വേഷണത്തിന്റെ ഫലമായി എൻറെ ആളുകളിൽ ഒരു ടൈപ്പ്റൈററർ തരാമെന്നു പറഞ്ഞിട്ടുണ്ട്.

MR. ABDUL RAZAAK Are the Government prepared to purchase a Tamil Typewriter if it is available here in the market?

HON'BLE MR. T. M. VARGHESE: ടൈപ്പ്റൈറ്ററാണ്, തമിഴിലുള്ളതാണ്, കൊള്ളാവുന്നതുമാണെങ്കിൽ തീർച്ചയായും വാങ്ങാം.

MR. A. CHIDAMBARANATHA NADAR: *மதராஸிலோ அல்லது திருவனந்தபுரத்திலோ, அது கிடைக்குமானால் தயவு செய்து வாங்கலாமா என்று கேட்கிறேன்.*

HON'BLE MR. T. M. VARGHESE: അതിനു ഭയമൊന്നും വേണ്ടാ. ന്യായമായ വിലയ്ക്കു കിട്ടിയാൽ വാങ്ങിക്കാം. തമിഴ് ടൈപ്പ്റൈറ്ററായിരിക്കണമെന്നേയുള്ളൂ.

MR. A. CHIDAMBARANATHA NADAR: *நாங்கள் ஒன்று வாங்க ஏற்பாடு செய்திருக்கிறோம். நீங்கள் பணம் கொடுத்தால் போதுமானது.*

HON'BLE MR. T. M. VARGHESE: പണംകൊടുത്തുതന്നെ വാങ്ങിക്കാം. പക്ഷെ, തമിഴായിരിക്കണം, ഉപയോഗയോഗ്യമായിരിക്കണം, ടൈപ്പ്റൈററരായിരിക്കണം എന്നേയുള്ളൂ.

MR. A. CHIDAMBARANATHA NADAR: *அது தமிழிலுள்ள* Typewriter *ஆகத்தானிருக்கும். அதில் யாதொருவிதமான வித்தியாசமும் இருக்காது.*

HON'BLE MR. T. M. VARGHESE: വാങ്ങിക്കാം. തീർച്ചയായും വാങ്ങിക്കാം. നാളെത്തന്നെ കിട്ടുമെങ്കിൽ ശരിയായ വിലകൊടുത്ത് വാങ്ങിക്കാം.

MR. A. CHIDAMBARANATHA NADAR: *தமிழிலும் ஒரு* Typewriter *உண்டு. அது* Typewriter *ஆகத்தானிருக்கும். அதை வாங்கலாமா என்று தான் கேட்கிறேன்.*

MR. K. R. ELANKATH: കിട്ടാത്ത സാധനമായതുകൊണ്ട് ഏതു വിലകൊടുത്തും വാങ്ങിക്കുമെന്നാണോ പറയുന്നത്?

HON'BLE MR. T. M. VARGHESE: എന്നു ഞാൻ പറഞ്ഞതിനു അർത്ഥമില്ല.

Damages caused by wilā Elephants.

294. **Mr. A. CHIDAMBARANATHA NADAR** : கனம் வன இலாகா மந்திரி கீழ் குறிப்பிடும் வினாக்களுக்கு தயவு செய்து பதில் தருவார்களா?

1. குடியானவன் ஒருவனுடையச் சேர்ந்த தோட்டத்தை, காட்டானைகள் அபரிமிதமாக அழிவு செய்தால் சர்க்கார் உத்தரவோடு ரேஞ்சர் அருகாமையில் நிற்கும் சந்தர்ப்பத்தில் தான் யானையைச் சுடலாமென்று சட்டம் உண்டா?

2. அப்படியானால் இந்தச் சட்டம் வேறு எந்தச் சர்க்காராலாவது கையாளப்படுகிறதா?

HON'BLE Mr. C. KESAVAN : അങ്ങനെ ഒന്നില്ല. റിട്ടൺ പെർമിഷൻ വേണമെന്നേ ഉള്ളൂ. ഉപദ്രവം ചെയ്യുന്ന ആന ഏതു തരത്തിലുള്ളതാണെന്ന് സമഷ്ടിയായി പറയത്തക്കവണ്ണം വിവരം വേണം

Mr. A. CHIDAMBARANATHA NADAR : கழிந்த வைகாசி மாதம் கல்குளம் தாலுகாவில் கள்ளோடு Telephone office-க்குப் பக்கத்தில் ஒரு காட்டானை 2 பேரைக் கொன்றது மந்திரியவர்களுக்கு தெரியுமா?

HON'BLE MR. C. KESAVAN : தெரியவில்லை.

Mr. A. CHIDAMBARANATHA NADAR : ஒரு காட்டானை ஒரு தோட்டத்தில் இறங்கி, அபரிமிதமான நஷ்டத்தை செய்தால், அதன் அருகாமையிலுள்ள Forest Ranger அதைச் சுடவேண்டாமா? அந்த written permission வாங்க எதெல்லாம் Qualifications வேண்டும்?

HON'BLE Mr. C. KESAVAN : അത്ര വളരെ വിശദവിവരം വേണമെന്നില്ല. ആന ഏതാണെന്ന് പ്രത്യേകം അറിയത്തക്കവണ്ണം എന്തെങ്കിലും വിവരം അതിൽ കാണിച്ചിരിക്കണമെന്നേയുള്ളൂ.

Mr. A. CHIDAMBARANATHA NADAR ஒரு துஷ்ட யானையின் கால் எவ்வளவு நீளம், வால் எவ்வளவு நீளம், கொம்பு எவ்வளவு நீளம் என்றறிய முடியுமா? ஆதலால், இந்த துஷ்டயானை ஒரு குடியானவனின் தோட்டத்தை நஷ்டப்படுத்துகிறது. அந்த நிலையில் அவன் தோட்டத்தில் யானை இறங்கியிருந்தால் அதைச் சுட வேண்டாமா?

HON'BLE Mr. C. KESAVAN : അതു ജനറൽ ലായാണ്. നിങ്ങളുടെ വസ്തുവകകളേയും, നിങ്ങളുടെ ജീവനേയും പ്രതിബന്ധപ്പെടുത്തത്തക്കവിധമുണ്ടാകുന്ന ഏതു സംഭവങ്ങൾക്കും നരഹത്യപോലും അനുവദിക്കാമെന്നിരിക്കെ, ഒരു ദുഷ്ടമൃഗത്തെ കൊല്ലുന്നതിന് അതു വേണമെന്നില്ല.

Mr. A. CHIDAMBARANATHA NAÇAR : British India-ல் இந்த விதமான சட்டமில்லை என்பது மந்திரி அவர்களுக்குத் தெரியுமா?

HON'BLE Mr. C. KESAVAN : ബ്രിട്ടീഷ് ഇൻഡ്യയിൽ അങ്ങനെ ചട്ടമുണ്ടോ എന്നറിഞ്ഞുകൂടാ.

റോഡിന്റെ ഇരുവശങ്ങളിൽനിന്നും കൃഷിക്ക കൊടുക്കാത്ത സ്ഥലങ്ങൾ.

295. MR. MANKUZHI M. MADHAVAN (*Chirayinkil III—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവനന്തപുരം—ചെങ്കോട്ട റോഡിന്റെ ഇരുവശങ്ങളിൽനിന്നും ഏതാനും സ്ഥലം പാട്ടവ്യവസ്ഥയിൽ കൃഷിക്ക് കൊടുക്കാനായി റിസർവിൽ നിന്നും ഒഴിച്ചിട്ടിട്ടുണ്ടോ ?

(ബി) റോഡിൽനിന്നും എത്ര ചങ്ങല വീതിയിൽ സ്ഥലം ഒഴിച്ചിടാനാണ് ഗവൺമെന്റ് ഉത്തരവു കൊടുത്തിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട ഗവൺമെന്റിൽനിന്നും അനുവദിച്ചതിൽ കൂടുതൽ വീതിയിൽ ഉള്ള സ്ഥലത്തു കൃഷി ചെയ്യുന്നതിന് ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുണ്ടോ ?

HON'BLE MR. C. KESAVAN: (എ) ഉണ്ട്.

(ബി) രണ്ടു ഫർലാങ് വീതിയിൽ.

(സി) ഇല്ല.

MR. MANKUZHI M. MADHAVAN: ഈ രണ്ടു ഫർലാംങിനുള്ളിൽ ഉള്ള സ്ഥലത്ത് ചിലർ കൃഷിചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ ?

HON'BLE MR. C. KESAVAN: അതേപ്പറ്റി അന്വേഷിക്കാം.

Paddy Production Survey Officers.

296. MR. N. P. VARGESE (*Muvattupuzha I—General*): Will the Honourable Minister for land be pleased to state,

(*a*) whether the Paddy Purchase staff could not do the Food Production Survey work during the months when there is no work;

(*b*) on whose recommendation was this multiplication of staff brought into effect; and

(*c*) whether the Tahsildars were consulted before launching this Food Production Survey Work?

HON'BLE MR. C. KESAVAN: (എ) ഇല്ല.

(ബി) ലാൻറു ഡിപ്പാർട്ടുമെൻറിൻെറ മേധാവി.

(സി) ഇല്ല.

MR. N. P. VARGHIS: ഫുഡ് പ്രൊഡക്ഷൻ സർവ്വേ സ്റ്റാഫിൻെറ ജോലി തീർന്നോ എന്നു പറയാമോ?

HON'BLE MR. C. KESAVAN: തീർന്നു എന്നാണു തോന്നുന്നത്. അന്വേഷിച്ചു പറയാം.

നെല്ലുവിതരണം.

297. MR. N. P. VARGHIS: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഒരു പകുതിയിൽനിന്നും ഗവൺമെൻറു എടുക്കുന്ന നെല്ലു അവിടെയുള്ള റേഷൻ കടകൾക്കു കൊടുക്കാതെ മററു താലൂക്കുകളിലേക്കു അയച്ചശേഷം, ആ പകുതിയിലെ ആവശ്യത്തിനു മററു ദൂരസ്ഥലങ്ങളിൽ നിന്നു നെല്ലുകൊടുത്തുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) അതിനാൽ കൂലിവകക്കു് ട്രാൻസ്പോർട്ടിനായി ഒരു വലിയ സംഖ്യ ചെലവാകുന്നുണ്ടെന്നും ആ നഷ്ടം ഒടുവിൽ റേഷൻ വാങ്ങുന്ന പാവപ്പെട്ടവനാണു സഹിക്കേണ്ടിവരുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

(സി) ഇപ്രകാരം അനാവശ്യ ചെലവുകൾ വരാതിരിക്കത്തക്ക വണ്ണം താലൂക്കധികാരികൾക്കു കർശനമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രിക്കു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH: (എ) അപ്രകാരമുള്ള യാതൊരു പരാതികളും ഇതേവരെ ഗവൺമെൻറിനു കിട്ടിയിട്ടില്ല. ഒരു പകുതിയിലെ വിതരണത്തിനാവശ്യമായ നെല്ലു കഴിയുന്നിടത്തോളം ആ പകുതിയിൽനിന്നുതന്നെ കൊടുത്തുവരുന്നു. എന്നാൽ ഒരു താലൂക്കിൽ അധികം വരുന്ന നെല്ലു് അടുത്തുള്ള ഒരു താലൂക്കിലേക്കു നീക്കിവയ്ക്കുമ്പോൾ അടുത്തുള്ള ഒന്നോ രണ്ടോ പകുതികളിൽ അവിടെയുള്ള ബാക്കിയിരിപ്പു മുഴുവനും കൊടുക്കേണ്ടതായിവരുകയും ചില സമയം ആ പക

[Hon'ble Mr. K. M. Korah]

തികളിലെ വിതരണത്തിനാവശ്യമായ സ്റ്റാക്ക് ആ താലൂക്കിലുള്ള മററു പകുതികളിൽനിന്നു കൊണ്ടുവരേണ്ടതായി വരികയും ചെയ്യുന്നുണ്ട്.

(ബി) അതേ കാരണത്താൽതന്നെ ചെറിയ അളവുകളിൽ അസംഖ്യം പകുതികളിൽനിന്നും നെല്ലു കൊടുക്കുന്നതിന്റെ ഫലമായി വർദ്ധിച്ച ഗതാഗതച്ചെലവുകൾ കൊടുക്കേണ്ടിവരുന്നതിൽനിന്നും അടുത്തുള്ള താലൂക്കുകളിലെ കാർഡുടമസ്ഥന്മാരെ രക്ഷിക്കുന്നതിനു പ്രസ്തുത നടപടി ആവശ്യമായിത്തീരുന്നു.

(സി) എ-യും, ബി-യും ഭാഗത്തിന്റെ ഉത്തരങ്ങളെ പരിഗണിച്ചു ഈ ചോദ്യം ഉദിക്കുന്നില്ല.

ക്രൂഡോയിൽ കിട്ടാത്തതുമൂലം കൃഷിക്കാരുടെ വൈഷമ്യം.

298 MR. K. RAMAKRISHNA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുട്ടനാട്ടിലെ കൃഷിക്കാർ ക്രൂഡോയിൽ കിട്ടാതെ കാലാകാലങ്ങളിൽ വളരെ വിഷമം അനുഭവിക്കുന്നുണ്ടെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ തൽപരിഹാരാർത്ഥം എന്തു നടപടി നടത്തിയിട്ടുണ്ട്?

HON'BLE MR. K. M. KORAH : (എ) ഈ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അതിനു ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിരിക്കുകയാണ്.

MR. K. RAMAKRISHNA PILLAI : ആ നടപടിയുടെ സ്വഭാവമെന്താണ്?

HON'BLE MR. K. M. KORAH : കൃഷികരുടെ ആവശ്യത്തിന് ക്രൂഡോയിൽ ഉടൻ തരുന്നതിനു ഇൻഡ്യാ ഗവണ്മെന്റിനും കമ്പനിക്കാർക്കും ടെലഗ്രാം അയച്ചിട്ടുണ്ട്. താമസംവിനാ കിട്ടുമെന്നു വിശ്വസിക്കുന്നു.

MR. K. RAMAKRISHNA PILLAI : ഇതിൻെറ വിതരണത്തിൻെറ ചുമതല ആരെ ഏല്പിക്കുവാനാണ് ഗവണ്മെൻറു വിചാരിക്കുന്നത് ?

HON'BLE MR. K. M. KORAH : അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഏതു ഏജൻസിയാണെന്നു ഇതുവരെ തീരുമാനിച്ചിട്ടില്ല. കർഷകർക്കു ഉപദ്രവമില്ലാത്തവിധത്തിൽ ചെയ്യും.

MR. K. RAMAKRISHNA PILLAI : ഇപ്പോൾ ക്രൂഡോയിൽ വില്പനനടത്തുന്ന പ്രൈവററു ഏജൻസികൾ ആരെല്ലാമെന്നു പറയാമോ ?

HON'BLE MR. K. M. KORAH : ചങ്ങനാശ്ശേരിയിൽ മിസ്റ്റർ പൈയും ആലപ്പുഴ മിസ്റ്റർ പി. കെ. കുഞ്ചെറിയായുമാണെന്നാണു തോന്നുന്നത്.

MR. PANDAVATHU SANKARA PILLAI (*Karthikapalli II—General*) : ഇവരിൽനിന്നു കർഷകരുടെ ആവശ്യത്തിനു മതിയാംവണ്ണം ക്രൂഡോയിൽ ലഭിക്കുന്നില്ല എന്നു പരാതി ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങനെ ഒരു പരാതി കിട്ടിയിട്ടുണ്ട്.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : കർഷകർക്കു മാത്രമല്ലാ, വ്യവസായികൾക്കും ആവശ്യത്തിനനുസരണവണ്ണം ക്രൂഡോയിൽ കിട്ടുന്നില്ല എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

HON'BLE MR. K. M. KORAH : ഇല്ലായിരിക്കാം. എന്നാൽ എൻെറ ശ്രദ്ധയിൽ വന്നിട്ടില്ല.

MR. MOHAMMED MUSTAFA : ശ്രദ്ധയിൽ പെടുത്തിയാൽ അതിനു പരിഹാരം ചെയ്യാമോ ?

HON'BLE MR. K. M. KORAH : ശ്രദ്ധയിൽപ്പെടുത്തിയാൽ, വ്യവസായമന്ത്രിയുമായി ആലോചിച്ചു വേണ്ട പരിഹാരം ചെയ്യാം.

MR K. RAMAKRISHNA PILLAI : കരിഞ്ചന്തയിൽ ക്രൂഡോയിൽ വില്ക്കുന്നുണ്ടെന്നറിയാമോ ?

HON'BLE MR. K. M. KORAH : ഉണ്ടെന്നാണു ആ ഭാഗത്തുനിന്നും വരുന്ന മെമ്പറന്മാർ പറയുന്നത്.

MR. P. T. CHACKO : ആരെയെങ്കിലും ക്രൂഡോയിൽ കടിപ്പിച്ചതായി ഗവണ്മെൻറിനു പരാതി കിട്ടിയിട്ടുണ്ടോ ?

MR. PRESIDENT: ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

ക്ഷേത്രവകുപ്പ്.

299. MR. K. K. CHELLAPPAN PILLAI: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ക്ഷേത്രവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ക്ഷേത്രവകുപ്പ് ലാൻഡ് റവന്യൂ വകുപ്പിൽ ലയിപ്പിക്കുന്നതിനു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH: ക്ഷേത്രവകുപ്പു ലാൻറുറവന്യൂ വകുപ്പിൽ ലയിപ്പിക്കുന്നതിനു ഉദ്ദേശിക്കുന്നില്ല.

പൊഴിച്ചാലുകളിൽ അടിയുന്ന ചെളി.

300. MR. P. K. RAMAN *(Shertalai II—General)*: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻറു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല താലൂക്കിൽ അന്ധകാരനഴി സംബന്ധിച്ചു കിടക്കുന്ന പൊഴിച്ചാലുകളിൽ നെൽകൃഷിക്കും, തെങ്ങുകൃഷിക്കും വളത്തിനു വളരെ ഉപകരിക്കുന്ന ചെളി കടലിൽനിന്നും അടിഞ്ഞുകയറുന്നതായി അറിയാമോ?

(ബി) ഈ പ്രദേശത്തു ഇപ്പോഴുള്ള വെള്ളച്ചാലുകളോടുകൂടി കുറെക്കൂടി വെള്ളക്കെട്ടായ സ്ഥലമെടുത്തു ചേർത്തു പ്രസ്തുത ആവശ്യത്തിനു നല്ല വിസ്തീർണ്ണമുള്ള ഒരു പ്രദേശം തരിശായി സൂക്ഷിക്കുവാൻ ആവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കുമോ?

HON'BLE MR. C. KESAVAN: പൊഴികളിൽ ധാരാളം എക്കൽ അടിഞ്ഞു് വെള്ളം പുറത്തേക്കു പോകുന്നതിനു് തടസ്സം കണ്ടതുകൊണ്ടു് അതു് എടുത്തുമാററുന്നതിനു് ഒരു കാൺട്രാക്ടുകൊടുത്തു. എക്കൽ വളമായി ഉപയോഗിക്കുന്നതിനു് ആവശ്യക്കാർ ഉള്ളതുകൊണ്ടു കാൺട്രാക്ടു കൊടുക്കാമെന്നു തീരുമാനിക്കുകയും ആ പ്രകാരം വ്യവസ്ഥചെയ്യുകയുമാണു് ഉണ്ടായതു്. അതനുസരിച്ചു് കൺട്രാക്ടർമാർ എക്കൽ മാററുവാൻ തുടങ്ങിയെങ്കിലും അവർ അതു വേണ്ടിടത്തോളം മാററാതിരുന്നതുകൊണ്ടു വെള്ളംപോകുന്നതിനു് വഴിക്കു തടസ്സമുണ്ടായി. ആ തടസ്സംകണ്ടു് അവിടെയുള്ള കൃഷിക്കാർ ഹർജികൾ അയച്ചതിന്റെ ഫലമായി ലാൻറു റവന്യൂ, പി. ഡബ്ളിയു. ഡി. എന്നീ ഡിപ്പാർട്ടുമെൻറുകളിലുള്ള ഉദ്യോഗസ്ഥന്മാർ സ്ഥലത്തുചെന്നു് പരിശോധിക്കുകയും അവിടെയുള്ള എക്കൽ എത്രയും വേഗത്തിൽ എടുത്തുമാറ്റേണ്ടതു വളരെ ആവ-

ശ്യമാണെന്നകാര്യം അവർക്ക ബോദ്ധ്യപ്പെട്ടകയും ചെയ്തു. അതിനാൽ ചീഫ് എൻജിനീയരും ലാൻറവന്യൂ കമ്മീഷണരുംകൂടി മേലാൽ അവിടെ അടിയുന്ന എക്കൽ എടുത്തു മാററുവാൻ എല്ലാവരെയും അനുവദിക്കുകയാണു ചെയ്തതു്.

MR. P. K. RAMAN: അവിടെ എക്കൽ കൂടുതൽ ഉണ്ടാകുന്നതു കൃഷിക്കാർക്കു നല്ലതാണെന്നറിയാമോ?

HON'BLE MR. C. KESAVAN: അറിയാം.

MR. P. K. RAMAN: അതുകൊണ്ടു കൂടുതൽ എക്കൽ അടിയുന്നതിന് കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലം ആവശ്യമാണെന്നും, അതുകൊണ്ടു എക്കൽ അടിയുന്നതിന് ഉപയുക്തമായ സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കേണ്ടതാണെന്നും ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഈ കാൺട്രാക്ടിന്റെ പീരിയഡു കഴിഞ്ഞാൽ, എക്കൽ എത്രയും വേഗത്തിൽ അവിടെ നിന്നും മാറേറണ്ടിയിരിക്കുന്നതുകൊണ്ട്, ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

MR. P. K. RAMAN: ഇപ്പോഴം ഒരു ലിംഗ്സ വിസ്തീർണ്ണത്തിൽ ഒരു തോട്ടുവെട്ടുവാനാണ് ഗവൺമെൻറു തീരുമാനിച്ചിരിക്കുന്നതു്. കൂടുതൽ സ്ഥലവിസ്തീർണ്ണത്തോടുകൂടി ഈ തോടു വെട്ടേണ്ടതിന്റെ ആവശ്യമുണ്ടെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഇപ്പോഴുള്ള സ്ഥലത്തു് എത്രമാത്രം എക്കൽ ഉണ്ടാകുമെന്നു ഗവൺമെൻറിനു നിശ്ചയമില്ല. ഉള്ള എക്കൽ എടുത്തുകഴിഞ്ഞാൽ അവിടെ കൂടുതൽ എക്കൽ വന്നടിയുമെന്നാണു വിശ്വാസം.

ബർമ്മായിലേക്കു ഒരു നിവേദകസംഘം.

301. MR. E. BHASKARAN (*Karunagapally I—Araya*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ രാജ്യത്തെ ചെമ്മീൻ വ്യവസായത്തിന്റെ ഒരു പ്രധാനചന്തയായ ബർമ്മയിലേക്കു, ആ വ്യവസായത്തിന്റെ ഇപ്പോഴത്തെ ദുരിതാവസ്ഥയെ നീക്കം ചെയ്യുന്നതിനു് വല്ല മാർഗ്ഗവുമുണ്ടോ എന്നന്വേഷണം നടത്തി വസ്തുതകൾ ശേഖരിക്കുന്നതിനു് ഒരു നിവേദകസംഘത്തെ അയയ്ക്കണമെന്നു ചവറ 2-ാംനമ്പർ ചെമ്മീൻവ്യവസായസഹകരണസംഘം അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

HON'BLE MR. K. M. KORAH: (എ) വ്യവസായ-ാംനമ്പർ ചെമ്മീൻ വ്യവസായ സഹകരണസംഘം ഒരു ഉദ്യോഗസ്ഥനെ ബർമ്മായിലേക്കു അയയ്ക്കണമെന്നു അപേക്ഷിച്ചിരുന്നു

(ബി) ബർമ്മായിലേക്കു നിവേദകസംഘത്തെ അയയ്ക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് ഗവൺമെൻറ് അവഗാഢപൂർവ്വം ആലോചിച്ചു വരികയാണു.

MR. E. BHASKARAN: ബർമ്മായിൽ നിലവിലിരിക്കുന്ന ഇംപോർട്ടു ലൈസൻസുവ്യവസ്ഥമൂലം ചെമ്മീൻ കച്ചവടത്തിനു ഹാനിസംഭവിക്കുന്നുണ്ടെന്നു ഗവൺമെൻറിനറിയാമോ?

HON'BLE MR. K. M. KORAH: ബർമ്മായിലിരിക്കുന്ന വ്യവസ്ഥ ഇവിടത്തെ വ്യവസായികൾക്കു ഉപദ്രവകരമാണെന്നറിയാം.

MR. E. BHASKARAN: ആ നിലയ്ക്കു നിവേദകസംഘത്തിന് ബർമ്മായിലേക്ക് പോകുവാൻ പെർമിററുകൊടുക്കുന്നതു ആവശ്യമാണെന്നതോന്നുന്നില്ലേ?

HON'BLE MR K. M. KORAH: അതുസംബന്ധിച്ചു നമ്മുടെ ഗവൺമെൻറും ഇൻഡ്യാഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരികയാണ്. സ്റ്റാൻറസ്റ്റിൽ എഗ്രിമെൻറു അനുസരിച്ച് ഇതു ഫോറിൻ അഫയേഴ്സിൽ ഉൾപ്പെട്ടതുകൊണ്ടു ഇൻഡ്യാഗവൺമെൻറു മുഖേന ഇതുസംബന്ധിച്ചുള്ള ആലോചനകൾ നടത്തേണ്ടിയിരിക്കുന്നു. അതു കഴിഞ്ഞാൽ നിവേദകസംഘത്തെ ബർമ്മായിലേക്കു അയയ്ക്കുന്നതിനു മടിക്കുന്നതല്ല.

MR. V. GANGADHARAN NAIR (*Quilon III—General*): ബർമ്മാഗവൺമെൻറിൻെറ ദൃഷ്ടിയിൽ ഇതു കൊണ്ടുവരുവാൻ കൊച്ചീഗവൺമെൻറു ശ്രമിക്കുന്നുണ്ടെന്നറിയാമോ?

HON'BLE MR. K. M. KORAH: അതേപ്പററി എനിക്കു അറിവില്ല. ഇൻഡ്യാഗവൺമെൻറുമുഖേന ഈ കാര്യം ബർമ്മാഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നതു് നന്നായിരിക്കുമെന്നുള്ള വിചാരമാണു ഗവൺമെൻറിനുള്ളതു.

MR. K. A. MUHAMMED: ഈ വ്യവസായത്തിൻെറ നിലനിൽപ്പിനു ഈ കാര്യത്തെപ്പററി വളരെ വേഗത്തിൽ ഒരു തീരുമാനമുണ്ടാകേണ്ടതു ആവശ്യമാണെന്നു ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH: ഉണ്ട്. ഇതു വളരെ ആളുകളെ ബാധിക്കുന്ന ഒരു കാര്യമാണെന്നു ഗവൺമെൻറിനറിയാം.

MR. V. GANGADHARAN NAIR : ഇവിടത്തെ ചെമ്മീൻ വ്യവസായികൾക്ക് കർക്കടകത്തിലെ ആളുകളുമായി മത്സരിക്കേണ്ടതായിട്ടുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH: അറിയാം. തന്നിമിത്തം ഇവിടത്തെ വ്യവസായികൾക്ക് പല വിധത്തിൽ ഉപദ്രവമുണ്ടാകുന്നുണ്ടെന്നും അറിയാം

MR. PRESIDENT : ആർഡർ, ആർഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം കഴിഞ്ഞു.

MR V. O. MARKOS : സർ, ഒരു പായിൻറ് ഓഫ് ആർഡർ. എൻറെ ചോദ്യങ്ങളാണ് ഇവിടെ അംഗീകരിക്കപ്പെട്ടിട്ടുള്ളവയെന്ന് ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ആ തോതുവച്ചു നോക്കിയാൽ ഇന്നേദിവസം വളരെക്കുറച്ചു ചോദ്യങ്ങൾ മാത്രമെ അജൻറായിൽ ചേർത്തിട്ടുള്ളു; ആ ചോദ്യങ്ങൾക്ക് മുഴുവനും തന്നെ ഉത്തരം പറയുവാൻ സാധിച്ചിട്ടുമില്ല. പല ഉപചോദ്യങ്ങളുംകൊണ്ട് സമയം പാഴാക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് കൂടുതൽ ചോദ്യങ്ങൾ ചോദിക്കാനുള്ള സൗകര്യത്തിനു വേണ്ടി അജൻറായിൽ ചോദ്യങ്ങളുടെ നമ്പർ കൂട്ടണം

MR. PRESIDENT: ഇന്ന് ഉത്തരം പറയുന്നതിലേക്ക ൨൨ ചോദ്യങ്ങൾ മാത്രമേ തയാറാക്കി അയച്ചിട്ടുള്ളു. അവയ്ക്കുള്ള ഉത്തരം പറഞ്ഞപ്പോൾതന്നെ മണിക്കൂർ ഒന്ന് കഴിഞ്ഞു. ഉപചോദ്യങ്ങൾ കുറയ്ക്കുവാൻ മെമ്പറന്മാർ ശ്രമിക്കേണ്ടതാണ്.

ADJOURNMENT MOTION.

MR. PRESIDENT : ബഹുമാനപ്പെട്ട മി. കൃഷ്ണൻശാസ്ത്രി ഒരു അടിയന്തിരപ്രമേയത്തിന് ഇവിടെ നോട്ടീസു തന്നിട്ടുണ്ട്. അതു ഞാൻ സഭയിൽ വായിക്കാം.

"ബാലരാമപുരത്ത് ഒരു പുലയ കുടുംബത്തെ കുടിയിറക്കുന്നതിനു വേണ്ടി കുടുംബാംഗങ്ങളെ മൃഗീയമായവിധം മർദ്ദിക്കുകയും പുലയനെ ഒരു തെങ്ങിൽ കൈയ് കാലുകൾ കൂട്ടിക്കെട്ടി തലകീഴായി നിറുത്തുകയും ചെയ്തിരിക്കുന്നു. കുടിയിറക്കുന്നതിനുവേണ്ടി നടത്തുന്ന ഈദൃശസംഭവങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു."

ഈ അടിയന്തിരപ്രമേയത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI: സർ, എനിക്ക് ഈ അടിയന്തിരപ്രമേയത്തെപ്പറ്റി മുൻകൂട്ടി നോട്ടീസു കിട്ടിയിട്ടില്ല. അതുകൊണ്ടു ഈ അടിയന്തിരപ്രമേയത്തെപ്പററി പരിചിന്തിക്കുന്ന കാര്യം വിഹിതമാണെന്നു തോന്നുന്നില്ല.

MR. PRESIDENT: മന്ത്രിക്ക് നോട്ടീസ് കിട്ടിയിട്ടില്ലെന്ന കാരണത്താൽ ഈ പ്രമേയം പര്യാലോചനക്കെടുക്കാൻ നിവൃത്തിയില്ല.

MR. P. K. KRISHNAN SASTRI: സർ, ഞാൻ നേരത്തെ ഈ അടിയന്തിരപ്രമേയം പാർട്ടി സെക്രട്ടറിയെ ഏല്പിച്ചിട്ടുണ്ട്.

MR. PRESIDENT: റൂളനുസരിച്ച് പ്രമേയത്തിനുള്ള നോട്ടീസ് അധികാരമുള്ള മിനിസ്റ്റർക്ക് കൊടുക്കണമെന്നാണ്.

MR. P. K. KRISHNAN SASTRI: സർ, ഈ അടിയന്തിരപ്രമേയത്തിന്മേൽ നടപടി നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടു.

MR. ABDUL AZIZ: സർ, മിനിസ്റ്റർക്കു കൊടുക്കേണ്ടുന്ന നോട്ടീസ് അദ്ദേഹത്തിന്റെ പ്രൈവററ് സെക്രട്ടറിയെ ഏല്പിച്ചാൽ മതിയോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: അതു മതിയാകുമെന്നു തോന്നുന്നില്ല. അങ്ങനെ മതിയെന്നു മന്ത്രിമാർ പറഞ്ഞാൽ അപ്രകാരം ആകാവുന്നതാണ്.

MR. ABDUL AZIZ: മന്ത്രിയുടെ സമയം അതിനനുവദിച്ചില്ലെങ്കിൽ എന്താണ് ചെയ്യേണ്ടതു്.

MR. PRESIDENT: നിലവിലിരിക്കുന്ന റൂളിൽ ഭേദഗതിവരുത്തണം.

MR. P. K. KRISHNAN SASTRI: സർ, എന്റെ പ്രമേയം കിട്ടിയിട്ടുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രി മി. സി. കേശവൻ എന്നോടു പറഞ്ഞിട്ടുണ്ടു.

MR. PRESIDENT: ഈ അടിയന്തിരപ്രമേയത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾകൂടി ഉള്ളതുകൊണ്ടാണു അതിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രിക്ക് മുൻകൂട്ടി നോട്ടീസ് കൊടുക്കണമെന്നുള്ളതു്.

MR. P. K. KRISHNAN SASTRI: പോലീസിനെ സംബന്ധിച്ചുള്ള കാര്യങ്ങൾക്കുകൂടി ബഹുമാനപ്പെട്ടമന്ത്രി മി. സി. കേശവൻ മറുപടി പറഞ്ഞിട്ടുണ്ടു.

HON'BLE MR. C. KESAVAN: എനിക്ക് ഇതിനെപ്പറ്റിയുള്ള നോട്ടീസ് തന്നിട്ടില്ല. അങ്ങനെ ഒരു നോട്ടീസ് ഉണ്ടെന്നു മി. ഉദയഭാനു എന്നോടു പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ ബഹു. മെംബറോട് പറഞ്ഞതു്.

MR. A. P. UDAYABHANU: I gave the notice to the Hon'ble Minister Mr. Kesavan.

MR. DANIEL JOSE (*Neyyattinkara III—S. I. U. C.*): May I place a suggestion before you that the members who want to oppose cut motions should be given a definite time, say, half an hour or one hour. Anyway, the younger section in this House is not getting any chance at all to speak on any of these motions or in the general discussion of the Budget.

MR. PRESIDENT: കട്ട്മോഷൻ അയച്ചിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരെ ലിസ്റ്റിലെ ഓർഡർ അനുസരിച്ചാണ് ഞാൻ വിളിക്കുന്നത്. അങ്ങിനെയിരിക്കെ ഈ രീതിയെ മാററണമെന്ന സഭ വിചാരിക്കുന്നു എങ്കിൽ അതു ചെയ്യുന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമൊന്നുമില്ലെന്നു രണ്ടുമൂന്നു പ്രാവശ്യം ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും അതിനെപ്പററി ആരും ഒരഭിപ്രായവും പറയുകയുണ്ടായില്ല. യുവാക്കന്മാരായ മെമ്പറന്മാർക്ക് കട്ട്മോഷൻസ് ആദ്യം അയക്കുന്നതിനു കൂടുതൽ സൗകര്യം ഉള്ളതാണ്.

MR. A. NESAMONY (*Vilavancode S. I. U. C.*): On this matter I wish to raise a point of Order. We on this side of the House are now supposed to be the party in opposition. Whatever name you may give to us, we are not with the party in power. It is an accepted principle in the House of Commons when the demands are made during the 20 days discussion, it is left to the opposition to choose the demand upon which they will criticise the policy of the Government. The preference is theirs; the priority is theirs. I would just request the President to peruse page 288 of May's Parliamentary Practice, 14th Edition. It is clearly stated there that it is the right and privilege of the opposition to arrange a list of the demands and to choose the demands upon which they would ventilate their criticisms. I moved before this House that the list of business in this House should be re-arranged but the President was so pleased to put it to the vote of this house and the result was a foregone conclusion. I dare not dispute the ruling of the President and so we had to take it. In my absence, the Leader of the house brought it to your notice Sir, that preference ought to be given to us to criticise the policy of the Government because the demand is made on behalf of the Government and no other member of the party now in power has the right. If he has the right at all, it could only be by way of opposition to us, or in support of the demand. So, I pray that the President may be pleased to give us a considered ruling on the matter.

I specially invite the President's attention to page 288 of Ma[illegible] Parliamentary Practice.

MR. PRESIDENT: In that matter, the practice in the House of Commons is based on the long established usage. I think there is no such usage here and that is the reason why I said that when Mr. Nesamony raised the question the House would accept the contention raised by Mr. Nesamony. But unfortunately the House did not accept the position, I also consulted page 288 of May's Parliamentary Practice and I said that the position taken up by Mr. Nesamony would be accepted by the House. But I think that when the House says that the course should be adopted in a particular way, I am bound to abide by that. That is the reason why I said that I left the matter to the discretion of the House: and the discretion of the House was that the order should be moved in that way. As suggested by Mr. Nesamony I could see that the position adopted by him is correct. I should have accepted his position, but somehow or other I left the matter to the discretion of the House, and so if at present the House agrees that the motions sent by Mr. Nesamony i. e., the Tamilnad Congress Party, should be taken up first, I have no objection to give them priority,

MR. K. A. MOHAMMED: സർ, ഏതും അങ്ങനെതന്നെയാണെങ്കിലും പല പാർട്ടികളും ഉള്ള ഈ സഭയിൽ എല്ലാവരുംകൂടി യോജിച്ചു ഒരു തീരുമാനം ഉണ്ടാക്കാൻ പ്രസിഡൻറവർകൾ വേണ്ട നിർദ്ദേശം കൊടുക്കുന്നതു നന്നായിരിക്കും.

MR. PRESIDENT: മൂന്നു പാർട്ടിയിലുമുള്ള അംഗങ്ങൾ തമ്മിൽ യോജിച്ച് ഒരു തീരുമാനമുണ്ടാക്കുന്നതിനെ ഞാൻ സ്വീകരിക്കാമെന്നല്ലാതെ ഇന്ന പ്രകാരം വേണമെന്ന് എനിക്കു പറയുവാനുള്ള അധികാരമില്ല.

MR. T. A. ABDULLA (*Ambalapuzha I—Muslim*): സർ, സ്റ്റേറ്റ് കാൺഗ്രസ്സ് പാർട്ടിയിലെ വിപ്പ് അതിനു തയാറാണെങ്കിൽ മുസ്ലീം ലീഗിൻെറ വിപ്പ് അതിനോട് യോജിക്കാൻ തയാറാണു.

HON'BLE MR. A. THANU PILLAI: നിയമത്തിനധീനമായ ഏതു കാര്യത്തിനും ഞാൻ യോജിക്കാൻ തയ്യാറാണ്. പക്ഷെ നാം നിയമത്തെ അടിസ്ഥാനപ്പെടുത്തിവേണം വാദഗതികൾ പുറപ്പെടുവിക്കുന്നതും ഒരവസാനതീരുമാനത്തിൽ എത്തിച്ചേരുന്നതും.

MR. PRESIDENT: മൂന്നു പാർട്ടികളിലേയും വിപ്പുകൾ ചേർന്ന് ഇതേപ്പററി ആലോചിച്ച് അവസാനമായ ഒരു തീരുമാനം ഇന്ന് ഉച്ചയ്ക്ക് സഭ വീണ്ടും രണ്ടുമണിക്കു കൂടുന്നതിനുമുമ്പുതന്നെ ഉണ്ടാക്കുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

MR. K. SIVARAMA PILLAI (*Thovala—General*): I also agree.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*): May I bring to the notice of the Chair one point? Mr. Nesamony was telling this House that they form the main opposition. We are at a loss to understand what exactly the opposition of the Muslim League is? We think it also forms an opposition to the Government. I should like to know.

MR. P. S. MOHAMMED: Certainly.

MR. PRESIDENT: It is for the Party. We need not go into the matter at present.

MR. K. S. JOSEPH (*Thiruvalla VI—General*): They form a part of this House.

MR. T. A. ABDULLA: Those who are not with them are against them.

MR. ABDUL AZIZ: The Muslim League is a distinct party in this House.

DEMAND VIII.

HON'BLE MR. A. THANU PILLAI: I move for a grant of Rs. 20,85,2 9 under General Administration excluding Radio Broadcasting Expenditure by Electrical Department.

MR. PRESIDENT: ഈ ഡിമാൻറിൽ മിനിസ്ട്രി, ഫിനാൻസ്, അക്കൗണ്ട്സ്, പബ്ലിക്ക് സർവീസ് റിക്രൂട്ട്മെൻറ് ഇങ്ങനെ പല വിഭാഗങ്ങളും ഉൾക്കൊള്ളുന്നു. ഇതിൻെറ ഓരോ വിഭാഗത്തെപ്പററിയും പ്രത്യേകം പ്രത്യേകം ചർച്ചചെയ്യണമോ അതോ ടോട്ടൽ ഡിമാൻഡിനെപ്പററി മാത്രം ചർച്ചചെയ്താൽ മതിയോ എന്നുള്ളതിനെപ്പററി സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. T. A. ABDULLA: I propose that we begin with 368, total allotment.

MR. A. NESAMONY I second it.

MR. PRESIDENT: ഈ അഭിപ്രായത്തോട് എല്ലാ സഭാംഗങ്ങളും യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. V. MADHAVAN (*Vaikom II—General*): സർ, ടോട്ടൽ കട്ടിനുള്ള ഉപക്ഷേപം ചർച്ചക്കെടുത്താൽ മതിയെങ്കിലും അതിൻെറ ഉപവിഭാഗങ്ങളായി നീക്കിവച്ചിരിക്കുന്ന തുകയെക്കൂടെ ചർച്ചചെയ്യുന്നതാണ് നല്ലതെന്ന് എനിക്കു തോന്നുന്നു.

MR PRESIDENT: ടോട്ടലിനെമാത്രം ചർച്ച ചെയ്യുന്നതാണ് സമയലാഭവും സൗകര്യമായിട്ടുള്ളതും. അതുകൊണ്ട് അങ്ങനെ ചെയ്യാമെന്നുദ്ദേശിക്കുന്നു.

MR. A. P. UDAYABHANU: The parties in opposition have chosen one mode of procedure. That must be accepted. The Leader of the Congress Party said that the parties in opposition will have the freedom to choose the course of procedure.

MR. K. P. NILAKANTA PILLAI: May I know what the figure Rs. 20,85,239 indicates? In the Budget, the figure is Rs. 21,38,939.

MR. PRESIDENT: The total allotment must be arrived at after deducting the amount for Radio Broadcasting.

ടോട്ടൽ കട്ടിനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നതിനു മി. മുഹമ്മദ് മുസ്തഫായെ ക്ഷണിച്ചുകൊള്ളുന്നു.

MR. MOHAMMED MUSTAFA: പൊതു ഭരണത്തിനുള്ള ഇരുപതു ലക്ഷത്തി എൺപത്തയ്യായിരത്തി ഇരുനൂററിമുപ്പത്തിഒൻപതു രൂപയിൽ 1 രൂപ കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഇതുകൊണ്ടു് ആദ്യമായി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതു് ഇവിടത്തെ മന്ത്രിസഭയെ സംബന്ധിച്ച് ഞങ്ങൾക്കുള്ള അഭിപ്രായമാണ്. ഇന്നത്തെ ഗവണ്മെൻറുതന്നെ ഒരു ഇടക്കാല ഗവണ്മെൻറാണ്. ഒരു ഇടക്കാല ഗവണ്മെൻറു സാധാരണയായി എല്ലാ സ്ഥലങ്ങളിലും എല്ലാ ജനവിഭാഗങ്ങളിലും പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് സംഘടിപ്പിച്ചുവന്നിരിക്കുന്നതു്. എന്നാൽ ഇവിടെയാണെങ്കിൽ ആ പതിവു് അവഗണിച്ചിരിക്കുന്നതായി കാണുന്നതിൽ ഇവിടത്തെ പ്രധാന ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകിച്ച് മുസ്ലീം സമുദായത്തിനു അസംതൃപ്തിയുണ്ടെന്നുള്ള കാര്യം ഞാൻ ഈ ഹൌസിൻെറ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുന്നു.

HON'BLE MR. A. THANU PILLAI: സർ, ഗവണ്മെൻറിൻെറ ചെയ്തികളെക്കുറിച്ച് വിമർശനം നടത്തുന്നതിന് യാതൊരാക്ഷേപവുമില്ല. എന്നാൽ മിനിസ്ട്രിയുടെ കാമ്പോസിഷനെക്കുറിച്ച് വിമർശനം ചെയ്യാൻ പാടില്ല. പ്രധാനമന്ത്രിയെ മഹാരാജാവുതിരുമനസ്സുകൊണ്ടു നിയമിക്കുന്നു. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മഹാരാജാവുതിരുമനസ്സുകൊണ്ടുതന്നെ സഹമന്ത്രിമാരെയും നിയമിക്കുന്നു. അതനുസരിച്ച് അവർ ഭരണം നടത്തുന്നു. അവർ നടത്തുന്ന ഭരണത്തെ വിമർശിക്കുന്നതിനും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അതു പ്രകടിപ്പിക്കുന്നതിനും ഈ സഭക്ക് അവകാശമുണ്ടു്. എന്നാൽ മിനിസ്ട്രിയുടെ കാമ്പോസിഷനെക്കുറിച്ചു അതായതു് അതിൻെറ ഘടനയെക്കുറിച്ച് വിമർശനം നടത്തുന്നതിന് ഈ നിയമസഭക്കു അധികാരം ഇല്ലെന്ന ഒരു പോയിൻറു ഓഫ് ഓർഡർ ഞാൻ ഉന്നയിച്ചുകൊള്ളുന്നു.

MR. A. NESAMONY: May I intervene, with the President's permission? Following the argument now put forward by the Hon'ble Prime Minister, I believe that we in this House have no place to consider any matter. There is not a single matter which is not provided for in the Constitution Act. The preparation of the Budget, the voting of demands, the certification if they are thrown out, are all provided for in the Constitution Act itself. So, pressing the arguments of the Prime Minister to their logical conclusion would be that we have no place. So, may I submit, Mr. President, that the arguments that have now been advanced by the Hon'ble Prime Minister regarding the composition of the Cabinet are real issues for discussion in a House and the cabinet ought to have the confidence of the House in their dealings. A consideration of the dealings of this Cabinet will necessarily relate back to the composition of the-Cabinet itself and, may I submit, therefore, that the point of orders raised is out of place?

MR. A. MOHAMMED MUSTAFA: മഹാരാജാവു തിരുമനസ്സുകൊണ്ട് പ്രധാനമന്ത്രിയെ നിയമിക്കുന്നതിനേയും അദ്ദേഹത്തിന്റെ ഉപദേശപ്രകാരം മററു മന്ത്രിമാരെ നിയമിക്കുന്നതിനേയും കുറിച്ചല്ല ഞാൻ പറയുന്നത്. അതിന്റെ പോളിസിയും അതിന്റെ ചായ്‌വും എങ്ങനെ ഇരിക്കണമെന്നുള്ള കാര്യത്തെപ്പററി പറയുവാൻ ഞങ്ങൾക്ക് അതായത്, ഇവിടത്തെ ന്യൂനപക്ഷക്കാർക്ക് പാടില്ലെങ്കിൽ ഞങ്ങൾക്ക് വേറെ യാതൊന്നും തന്നെ പറയാൻ സാധിക്കയില്ലെന്നു വരും. ഇവിടത്തെ മിക്ക ഉദ്യോഗസ്ഥന്മാരേയും അതായത് വലിയ ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റിന്റെ ഉപദേശപ്രകാരം മഹാരാജാവുതിരുമനസ്സുകൊണ്ടാണ് നിയമിക്കുന്നത്. അങ്ങനെയാണെങ്കിൽ യാതൊരുദ്യോഗസ്ഥനേയും കുറിച്ച് ഈ സഭയ്ക്ക് പറയാൻ പാടില്ലാതെവരും. ഗവണ്മെന്റ് എന്നു പറയുന്നത് മന്ത്രിസഭയാണ്. ഇതിനുമുമ്പ് ഏതെങ്കിലും ഒരു നിലയിൽ നിയമസഭ ഗവണ്മെന്റിനെ വിമർശനം നടത്തിക്കൊണ്ടിരുന്ന സംഗതികളിലെല്ലാം ഇപ്പോഴത്തെ ഗവണ്മെന്റിനെപ്പററിയും പറയാവുന്നതാണ്. ഞങ്ങൾക്ക് പറയാനുള്ളത് പറയാം; മനസ്സുണ്ടെങ്കിൽ ചെയ്താൽ മതി. ആദ്യത്തെ സഹമന്ത്രിമാരുടെ നിയമനത്തെക്കുറിച്ചല്ല ഞാൻ പറയുന്നത്. എപ്പോഴം ആദ്യമായി മന്ത്രിസഭ രൂപീകരിച്ചുകഴിഞ്ഞോ അപ്പോൾ അത് ഗവണ്മെന്റായി. പിന്നീട് മന്ത്രിസഭ വികസിപ്പിക്കുന്നത് ഗവണ്മെന്റാണ്. അതിനെപ്പററി വിമർശിക്കാൻ ഈ സഭയ്ക്ക് അധികാരമുണ്ടെന്നാണ് ഞാൻ പറയുന്നത്.

HON'BLE MR. A. THANU PILLAI: ഗവണ്മെൻറിന്റെ പോളിസികളെപ്പററിയുള്ള വിമർശനവും നടത്തുന്നതിനു ഞാൻ എതിർക്കുന്നില്ല. പക്ഷേ മന്ത്രിസഭ രൂപവൽക്കരിക്കുന്ന വിഷയത്തെ സംബന്ധിച്ചു പറയുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. അതായത് പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മഹാരാജാവുതിരുമനസ്സുകൊണ്ട് മന്ത്രിമാരെ നിയമിക്കുന്നതുകൊണ്ട് അതു് വിമർശനത്തിനു് വിധേയമല്ലെന്നാണ് ഞാൻ പറയുന്നത്.

MR. MOHAMMED MUSTAFA: എനിക്ക് പറയുവാനുള്ളത്, അത്രയും മഹാരാജാവു തിരുമനസ്സുകൊണ്ട് നിയമിച്ച മന്ത്രിസഭയെപ്പററി അല്ല. മന്ത്രിസഭ രൂപീകരിച്ചുകഴിഞ്ഞ് സത്യപ്രതിജ്ഞകഴിഞ്ഞു അതു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗവണ്മെൻറിന്റെ പോളിസിയാണ്. അതിനെ വിമർശിക്കാൻ ഈ സഭയ്ക്കു സ്വാതന്ത്ര്യം ഇല്ലെന്നുവരുന്നതു് ന്യായമല്ല.

MR. PRESIDENT:

INTERIM CONSTITUTION ACT 1123—Sections 5 and 6.

COUNCIL OF MINISTERS.

5. (1) There shall be a Council of Ministers with the Prime Minister at the head to aid and advise Us in the exercise of Our functions in relation to subjects other than those referred to in section 4.

(2) The advice tendered to Us by Our Ministers shall be confidential and no Minister shall be compelled to disclose it.

PROVISIONS AS TO MINISTERS.

6. (1) The Prime Minister shall be appointed by Us and the other Ministers shall be appointed by Us on the advice of the Prime Minister.

(2) The Ministers shall hold office during Our pleasure.

(3) The Council shall be collectively responsible to the Legislative Assembly.

(4) Before a Minister enters upon his office Our Chief Justice shall administer to him the oath of office and of secrecy according to the form set out for the purpose in the Schedule to this Act.

ഈ സെക്ഷൻസ് അനുസരിച്ച് മിനിസ്ട്രിയുടെ കാമ്പോസിഷനെ വിമർശിക്കുന്നതിന് ഈ സഭയ്ക്ക് അവകാശമുണ്ടെന്നാണ് എനിക്കു തോന്നുന്നത്. പക്ഷേ അതിനപ്പുറം കടക്കുവാൻ പാടില്ല. അതിനപ്പുറം കടക്കുകയാണെങ്കിൽ ഞാൻ അപ്പോഴും തടസ്സപ്പെടുത്തുന്നതായിരിക്കും. അതായത് പ്രധാനമന്ത്രി എന്താണുപദേശിച്ചതെന്നും മററും ചോദിക്കുന്നതിന് ഈ സഭക്ക് അധികാരമില്ല. എന്നാൽ ഉപദേശം ശരിയായില്ല എന്നും മററും പറയുവാൻ ഈ സഭയ്ക്ക് അധികാരമുണ്ടെന്നാണ് എന്റെ അഭിപ്രായം.

MR. MOHAMMED MUSTAFA : ഈ കാര്യത്തിൽ ശ്രദ്ധയിൽ പെടുത്തി പറയുവാനുള്ളത്, ഇന്ന് ഒരു ഇടക്കാല ഗവണ്മെൻറാണ്. പല രാജ്യങ്ങളിൽ അതായത് ഇൻഡ്യൻയൂണിയനിലും മൈസൂരിലും മറ്റും എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യമുള്ള താൽക്കാലികമായ ഗവണ്മെൻറാണ് രൂപീകരിച്ചിട്ടുള്ളത്. ഇവിടെയും അങ്ങനെ ഒരു ഗവണ്മെൻറാകേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തത് ന്യൂനപക്ഷങ്ങൾക്കും മറ്റും പ്രാതിനിധ്യം കൊടുക്കേണ്ട [illegible] തെറ്റാണെന്ന് എനിക്ക് തോന്നുന്നു. മുസ്ലിം സമുദായം ഈ രാജ്യത്തെ ഒരു പ്രബല സമുദായമാണ്. അതിനാൽ എനിക്ക് പറയുവാനുള്ളത് ഈ ഇടക്കാല മന്ത്രിസഭയിൽ ഒരു മുസ്ലീമിനെയെങ്കിലും എടുക്കേണ്ടതായിരുന്നുവെന്നാണ്. പ്രധാനമന്ത്രിയുടെ ചെയ്തികളെ സംബന്ധിച്ച് കൂടുതലായി ഈ അവസരത്തിൽ ഒന്നും പറയണമെന്ന് വിചാരിക്കുന്നില്ലെങ്കിലും ഒരു കാര്യം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. മുസ്ലീംലീഗ് പാർട്ടി നേതാവ് കഴിഞ്ഞ ഒരു ദിവസം ഒരു ചോദ്യം ചോദിച്ച അവസരത്തിൽ അതായത് മൈസൂരിലും ഇൻഡ്യൻയൂണിയനിലും ഇടക്കാലഗവണ്മെൻറിൽ ന്യൂനപക്ഷകക്ഷികളിലെ അംഗങ്ങൾ ഉള്ളതായി അറിയാമോ എന്നു ചോദിച്ചതിന് പ്രധാനമന്ത്രിയുടെ മറുപടി 'അറിവില്ല' എന്നായിരുന്നു. ഈ മറുപടി വളരെ അസംതൃപ്തികരം എന്നല്ല സൗകര്യപ്രദമായി കാര്യങ്ങൾ ഒഴിഞ്ഞുമാറുവാനുള്ള ഒരു തന്ത്രമായിട്ടാണ് ഞങ്ങൾ വിചാരിക്കുന്നു. അറിഞ്ഞുകൂടാ എന്നു പറയുന്ന കാര്യം ഗവണ്മെൻറ് എന്ന നിലയിൽ അറിഞ്ഞിട്ടുള്ളതാണ് എൻെറ ധാരണ. ഇവിടത്തെ പ്രധാനമന്ത്രി ഒരു ഗവണ്മെൻറിൻെറ നിലയിൽ ഇൻഡ്യൻ യൂണിയനിലെ ഗവണ്മെൻറിനെയും ഇൻഡ്യയിലുള്ള മറ്റു ഗവണ്മെൻറുകളെയും അവയുടെ നിലയെയും കുറിച്ച് അറിഞ്ഞിരിക്കണമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. എന്നാൽ ഞങ്ങളുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായി ഗവണ്മെൻറ് ഒന്നും അറിഞ്ഞുകൂടാ എന്നു ഒഴിഞ്ഞുമാറിയത് ക്ഷന്തവ്യമല്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇനിയെങ്കിലും അദ്ദേഹം ഈ മാതിരി ഉള്ള മറുപടികൾ പറയാതിരിക്കയും ഇന്നലെ കാലത്ത് അദ്ദേഹം പ്രസ്താവിച്ച ഒഴിഞ്ഞുമാറലുകൾ സൗകര്യമുള്ള മറുപടിക്ക് എന്തെങ്കിലും ന്യായമായ സമാധാനം അദ്ദേഹത്തിൻെറ മറുപടി പ്രസംഗത്തിൽ നൽകുകയും വേണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു. രണ്ടാമതായി എനിക്കു പറയുവാനുള്ളത് പൊതുഭരണത്തിൻെറ പ്രധാന ഘടകമായ സെക്രട്ടറിയേററിനെപ്പറ്റിയാണ്. അവിടെയും പ്രാതിനിധ്യം

എല്ലാ സമുദായത്തിനും പ്രത്യേകിച്ചും മുസ്ലീം സമുദായത്തിന് ഇല്ലെന്നുള്ള കാര്യം തികച്ചും വ്യക്തമാണ്. മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം സെക്രട്ടറിയേററിൽ അവർക്ക് യാതൊരു പ്രാതിനിധ്യവും ഇല്ല. ഇന്നത്തെ മന്ത്രിസഭ ഇതിന് പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

MR. PRESIDENT : സഭ ഇപ്പോൾ പിരിയുന്നതും രണ്ടരമണിക്കു വീണ്ടും കൂടുന്നതുമാണ്.

The House adjowrned at 12·30 p. m. for lunch and re-assembled at 2·30 p. m. with the President in the chair.

MR. P. M. VARGHESE : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ബഡ്ജററ് ജനറൽ ഡിസ്കഷനെ പ്രസംഗിക്കുന്നതിനു പേരു കൊടുത്തിട്ടുള്ളവരിൽ പ്രസംഗിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അംഗങ്ങൾക്കു ജനറൽ അഡ്മിനിസ്ട്രേഷൻ ഡിസ്കഷന് സമയം കൊടുക്കണമെന്നു എൻെറ സ്നേഹിതൻ മി. പാലം തള്ളിയിൽ ആവശ്യപ്പെട്ടിരുന്നു. അതിനുള്ള മറുപടി ഇതുവരെ കിട്ടിയിട്ടില്ല.

MR. PRESIDENT : കഴിയുന്നിടത്തോളം അങ്ങനെയുള്ളവർക്ക് സൗകര്യംകൊടുക്കാൻ ശ്രമിക്കുന്നതാണ്.

MR. MOHAMMED MUSTAFA : ഗവൺമെൻറിൻെറ ഏററവും മർമ്മപ്രധാനമായ കേന്ദ്രമാണ് സെക്രട്ടറിയേററ്. ആ സിക്രട്ടറിയേററിൽ ന്യൂനപക്ഷസമുദായങ്ങൾക്കു പൊതുവേയും മുസ്ലീം സമുദായത്തിനു പ്രത്യേകിച്ചും ശരിയായ പ്രാതിനിധ്യമില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. ഇന്നു സെക്രട്ടറിയേററിൽ ഒരു സൂപ്രണ്ടായോ അസിസ്റ്റൻറ് സെക്രട്ടറിയായോ സെക്രട്ടറിയായോ യാതൊരു മുസ്ലീമും ഉദ്യോഗത്തിൽ ഇരിക്കുന്നില്ല. ഇതു വളരെക്കാലമായി അനുഭവിച്ചുവരുന്ന ഒരവശതയാണ്. ഇന്നത്തെ ഗവൺമെൻറിൻെറ പ്രവൃത്തിയുടെ ഫലമല്ല ഇതെന്ന് എനിക്കറിയാം. ഇവിടെ നിലനിന്നുപോന്നിരുന്ന ചീഞ്ഞുനാറിയ ഒരു ദുർഭരണത്തിൻെറ പ്രവൃത്തിയാണ് ഇതിനു കാരണമെന്നു അറിയാൻ കഴിയുന്നതാണ്. എന്നാൽ ഈ ദുഷിച്ച പാരമ്പര്യത്തെ ഇല്ലായ്മചെയ്യാൻ ഇന്നത്തെ ഗവൺമെൻറ് വേണ്ടിടത്തോളം ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. സെക്രട്ടറിയേററിൽ ഇന്ന് ഒന്നുരണ്ടു വലിയ സമുദായക്കാർക്ക് മാത്രമേ പ്രാതിനി

മൃമുള്ളവെന്ന പറയുമ്പോൾ അത് വളരെക്കാലമായി നിലനിന്നുപോരുന്ന ഒഴിമതിയാണെന്ന എല്ലാവക്കും മനസ്സിലാകുന്നതാണ്. ഇപ്പോൾ സ്വാധീനശക്തി ചെലുത്താൻ കഴിയുന്ന ചില വമ്പിച്ച പുള്ളികൾ ഇന്നത്തെ ഗവണ്മെൻറിൻെറ പുരോഗമനപരങ്ങളായ പ്രവത്തനങ്ങളെ തകിടം മറിക്കണമെന്നുള്ള ഉദ്ദേശത്തിൽ വളരെ കരുതിപ്രവത്തിച്ചുവരുന്നുണ്ടെന്നുള്ളതു ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. എല്ലാ ഡിപ്പാർട്ടുമെൻറുകളേയും ഭരണപരമായി നിയന്ത്രിച്ചുവരുന്നത് സെക്രട്ടറിയേററിൽനിന്നുമാണ്. അങ്ങനെയുള്ള സെക്രട്ടറിയേററിൽ ന്യൂനപക്ഷസമുദായങ്ങൾക്ക് പ്രാതിനിധ്യമില്ലാത്തതുകൊണ്ട് എല്ലാ പ്രവത്തനങ്ങളിലും മുസ്ലീങ്ങൾക്ക് വലിയ അവശത അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ അതും അറിഞ്ഞുകൂടാ എന്നു ഗവണ്മെൻറിന് സമാധാനിക്കാൻ സാധിക്കുമെങ്കിലും ഇപ്പോൾ അറിയിച്ചസ്ഥിതിക്ക് മേലാലെങ്കിലും അവക്കു ശരിയായ പ്രാതിനിധ്യം കൊടുക്കാൻ വലിയ പ്രയാസമൊന്നുമില്ലെന്നാണു എനിക്കു തോന്നുന്നത്. അറിവില്ലാത്തതുകൊണ്ടാണ് പലതും ചെയ്യാൻ സാധിക്കാത്തതെന്നാണു പറയുന്നതെങ്കിൽ അറിയാമെന്ന് മററുപല മന്ത്രിമാരുടേയും മറുപടിയിൽനിന്നു വ്യക്തമായിട്ടുണ്ട്. ഒരു മി. ശ്രീകണ്ഠൻനായർ ഉണ്ടെന്നും, കെ. എസ്. പി. എന്നൊരു സംഘടനയുണ്ടെന്നും, ട്രേഡുയൂണിയൻകാൺഗ്രസ്സുണ്ടെന്നുമെല്ലാം അറിയാമെന്നു മറുപടികളിൽ കാണുന്നുണ്ട്. അതേ അവസരത്തിൽ ഇൻഡ്യൻനാഷണൽ കാൺഗ്രസ്സ് ഉണ്ടെന്നും ഇവിടത്തെ സ്റ്റേററുകാൺഗ്രസ്സ അതിൻെറ ഒരു വിഭാഗമായിത്തീരാൻ പോകുന്നു എന്നും, പണ്ഡിതനെഹ്റുവിൻെറ ഗവണ്മെൻറിൽ ആരെല്ലാമുണ്ടെന്നും, ഗവണ്മെൻറിനു അറിവില്ലെന്നു പറഞ്ഞേക്കാം. അതുപോലെ എല്ലാകാര്യങ്ങളും അറിയാൻ പാടില്ലാത്ത ഒരു നില ഇവിടത്തെ ഗവണ്മെൻറിനു ഉണ്ടായിരിക്കാൻ പാടില്ലാത്തതാണ.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ പബ്ളിക് സർവീസ റിക്രൂട്ടുമെൻറിനെ സംബന്ധിച്ചാണ്. അതിലേയ്ക്കു പല നല്ല ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അതു നിഷ്കൃഷ്ടമായി പരിപാലിക്കപ്പെടുന്നില്ല. പബ്ളിക്ക്സർവീസ്കമ്മിഷണർ ശരിയായി പ്രവത്തിക്കുന്നില്ല. എല്ലാ വിഭാഗങ്ങൾക്കും ശരിയായ പ്രാതിനിധ്യം കൊടു

[Mr Mohammed Mustafa.]

ക്കുന്നില്ലെന്ന പരാതിയുണ്ട്. അതിനെല്ലാം പരിഹാരമായി നിഷ്പക്ഷത പരിപാലിക്കുന്ന ഒരു പബ്ലിക് സർവീസ് കമ്മീഷൻ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഒരു കമ്മീഷൻ ഉണ്ടാക്കുമോ എന്നും ഉണ്ടാക്കുമെങ്കിൽ എപ്പോഴുണ്ടാക്കുമെന്നും എങ്ങനെ ഉണ്ടാക്കുമെന്നുമുള്ള കാര്യത്തിൽ വ്യക്തവും സൂക്ഷ്മവുമായ ഒരു മറുപടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയിൽനിന്നും കിട്ടുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. ABDUL RAZAAK: Sir, if it is not for the belated challenge thrown out by my honourable friend Mr. John Philippose and the political trimmings made on it by the honourable Prime Minister on the floor of the Assembly, my intervention at this stage would not have been called for. Sir, the object of my cut motion is to provide an opportunity for this House to consider, discuss and finally judge the principle, if there is one, that has guided the party now saddled in power. In so doing Sir, I have to perambulate a little and refresh the memory of the House, so that the honourable members can see for themselves how and what considerations have ultimately determined the constitution of the present ministry.

Sir, it is only a matter of easy recollection that when honourable members met for the first time as members of the Representative Body on the 20th March 1948 an united demand was put forward that pending the coming into force of a constitution sought to be framed by the House, there should be a Council of Ministers composed of representatives of the people and charged with the responsibility for the governance of the country. That demand was shared in full and full-throatedly advocated by all sections of this House and by every member of this House including Mr. Urumese Tharakan, the unyielding Independent Member. It was as readily conceded as it was steered through notwithstanding apprehensions of a mischievous charcter floated in ceratain sections of the Press. Consequently it was generally believed that a ministry both responsible to and representative of all sections of the people of this country would be formed, and the example set up elsewhere lent support to this belief. But Sir, on the 24th of March last, it was made plain that what is called a homogenous ministry—a ministry exclusively composed of members belonging to the predominating party—was only to be formed. Accordingly, Sir, three men of outstanding character, reputation and ability came forward to shoulder the wheel of Government with the zeal, zest and probably with the catholicity of Vinobha Bhave, the best of Gandhiji's diciples. It was then admitted on all hands Sir, that they were the three men largely acceptable to all sections of the people and most eminently fitted for the task. We all thought, Sir, they together would constitute a homogenous team and none of us had even the foggiest notion that they would ever come to represent the communities to which they belong. All the same marked ommissions of representation in

the Council of Ministers were felt all round. It was pointed out, Sir, that the motherhood of Travancore—I am advisedly using the term motherhood in preference to womanhood—was shut out; that the vast mass of Nadars in the South had no representation in it, that the scattered minority of Muslims had no representation in it; and that great silent Community with centuries of serfdom on its head the depressed classes were left out. When attention was drawn to these pointers they were simply cried down as communal in tone and substance. It was further pointed out, that no group or individual will be allowed to have a share in the Government of the country unless that individual or group shed the communal character and merged into the Congress. This seemed a very strange proposition for the formation of an interim Government, particularily in the circumstances we were then, faced with all grim problems that usually go attached to any transitional period. We on this side at any rate felt we would put up with that, watch the non-communal working of the ministry and take our cue and draw our inspiration from it, so as to be not conscious of the interests of our Community. But in less than four months, the cat was out of the bag. The fateful expansion of the Ministry was thought of. It was naturally thought it was due to the weight of the files that pressed down the three Ministers. But Sir, on closer examination it meant something different, something very unholy and unworthy of the pious professions held out. It meant Sir, that one more representative from each of the three communities already represented in the Ministry was felt necessary in the larger interests of the country.

MR. K. P. NILAKANTA PILLAI: I rise to a point of order. Sir, it has been already ruled that what transpired within the Ministry is not a matter for discussion in the House. Now it is plain from the speech from a member belonging to the party opposite that what transpired within the Ministry is being referred to here.

MR. PRESIDENT: I may refer to 'Keith's British Cabinet System' page 151 wherein it is stated:

> "It is inherent in the position of Cabinet Ministers that they should maintain the confidential character of their proceedings They are charged with the duty of confidential advice to the Crown on the conduct of affairs of the most vital public importance, and they have collective responsibility. The conduct of Government is already difficult enough when on dubious issues the electorate is asked to accept decisions which seem unsatisfactory, and to place trust in the conduct of the Air Ministry, after a competent committee has criticised with evident justice the civil side of its work. But it would be impossible for any Ministry to carry on, if it were known that there were divisions of opinion in the Government, and that a decision was merely that of a small majority......
>
> "As a rule, a Minister who retires gives a fairly full exculpation of his conduct, but his attitude is necessarily affected by his feeling as to future co-operation with his party, and the more serious question of the degree of injury to the public interest which indiscreet disclosures may involve"........

Here also we have got an oath of secrecy which reads thus :— (Schedule to the Travancore Interim Constitution Act 1123)

[Mr. President.]

"I, A.B. do solemnly swear (affirm) that I will faithfully and conscientiously discharge my duties as a Minister for the State of Travancore to the best of my ability and judgment, and that I will not directly or indirectly communicate or reveal to any person or persons any matter which shall be brought under my consideration or shall become known to me as such Minister except as may be required for the due discharge of my duties."

May's Parliamentary Practice also says: (Page 337)

"The following types of questions may be enumerated as being out of order; seeking information about matters which are in their nature secret such as decisions or proceedings of the Cabinet. ....."

'Jennings on Cabinet Government' also says: (Page 208)

"The Cabinet deliberates in secret; its proceedings are confidential. The Privy Councillor's oath imposes an obligation not to disclose information; and the Official Secrets Acts forbid the publication of Cabinet as well as other official documents ...."

So I rule that no reference should be made to the proceedings of the Cabinet.

MR. A. ABDUL RAZAAK: Sir, I bow to your ruling. I have not referred to the inner workings of the cabinet. I am only speaking of what the man in the street feels about it. To repeat Sir, in the very large interests of the country, one more representative from each of the three major communities already represented in the Ministry was felt unavoidable. Sir, if this is the first step taken in the direction of a classless and democratic society, I confess Sir, it serves a timely eye-opener to us. We are now able to see the sign on the wall very clearly; we are now confirmed on one thing. It is this no man sitting opposite has the Gandhian approach though completely Khadi-clad. There sits under the Gandhi Cap, my honourable friend, the President of the Nair Service Society. So do the venerable President of the S. N. D. P. Yogam and his trusted lieutenant, who has recently been reported to have declined to fish in troubled waters. The last mentioned has so reported himself, I say Sir, purely out of communal considerations. Therefore, Sir, it is very clear that a situation has been brought about contrary to the tall talks hitherto indulged on principle of homogeneity and national interests of the country, a communal caucus has been buttressed at the seat of governmental authority. What we see today is as some of my friends sitting on my right would put it, only a coalition, a combination of the three dominating communities of the State. This I say, Sir, is political profiteering pure and simple. We can no longer tolerate this deplorable state of affairs. If only there is a national Government in the true sense of the term, no matter even if the entire team is drawn from one single community, no one will be better interested than we on this side to wish it a rapid stride and zealously watch its progress. (Hear, hear). But recent events have conclusively proved that this is not to be in this unfortunate land. Under these circumstances, why should we alone be dubbed as communalists when the very national party of the country—95 strong, sit tight in communal compartments?

MR. MANNATH PADMANABHA PILLAI: സർ, എൻെറ തലയിൽ ഗാന്ധിത്തൊപ്പിയുമില്ല ഞാൻ എൻ. എസ്സ്. എസ്സ്. പ്രസിഡൻറുമല്ല.

MR. ABDUL RAZAAK: He has removed the cap after I have referred to him, Sir.

MR. ABDUL AZIZ: സർ, വികാരാവേശത്തോടുകൂടി ഒന്നും എനിക്ക് പറയാനില്ല. എങ്കിലും, പോയിൻറുകളില്ലാത്ത പോയിൻറ് ഓഫ് ഓർഡറുകളും, മററ് ഇൻററപ്ഷനുകളുംകൊണ്ട് എൻെറ സമയം നിരുപയോഗപ്പെടുത്തുന്നപക്ഷം, ആ സമയം കൂടി എനിക്കു തരണമെന്നൊരപേക്ഷയുണ്ട്. തിരുവിതാംകൂറിൽ ദീർഘകാലമായി നിലവിലിരുന്ന സ്വേച്ഛാപ്രഭുത്വത്തിൻെറ കീഴിൽ അമർന്നിരുന്ന് ശക്തിവാരും ജീവനില്ലാതെ മൃതപ്രായരായ തിരുവിതാംകൂർ ജനതയെ നിരവധി ദുരിതങ്ങളിലും യാതനകളിലും കൂടി ജനകീയഭരണത്തിൻെറ ഉത്തുംഗസോപാനങ്ങളിലേക്ക് നയിച്ച് ഇന്നിവിടെ ജനാധിപത്യം സ്ഥാപിതമായിരിക്കുകയാണ്. തിരുവിതാംകൂർ ജനത ഇന്ന ജനാധിപത്യത്തിൻെറ തണലിൽ വിശ്രമിക്കുകയാണ്. ആ സ്ഥിതിക്ക് ഇന്നലത്തെ സ്വേച്ഛാധിപത്യത്തെയും ഇന്നത്തെ പ്രജാധിപത്യത്തെയും സംബന്ധിച്ച് ഇവിടെ ഒരു സാധാരണക്കാരൻെറ കണ്ണിൽ കാണുന്ന വ്യത്യാസങ്ങളെ കുറിച്ച് ഒന്നുരണ്ടു വാക്കുകൾ മാത്രമാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. ഇന്നലെവരെ ഒരു സർ, സി. പി. രാമസ്വാമി അയ്യർ ഉണ്ടായിരുന്നതിനു പകരം ഇന്ന് ആറു സി. പി. രാമസ്വാമി അയ്യരന്മാരും, ഒരു സ്റ്റേററുകാറിനു പകരം ആറു സ്റ്റേററുകാറുകളും, ഒരു മണിമന്ദിരത്തിനു പകരം ആറു മണിമന്ദിരങ്ങളുമാണ് സാധാരണക്കാരൻെറ ദൃഷ്ടിയിൽപെടുന്നത്. സ്വേച്ഛാധിപത്യത്തിൻെറ അക്രമത്തോടു കൂട്ടുനിന്ന ആ ഉദ്യോഗസ്ഥന്മാരായ ഭരണകൂടത്തിലെ കസ്സേരകളിൽ അമർന്നിരുന്നുകൊണ്ടുതന്നെയാണ് ഇന്ന് ഇവിടത്തെ മന്ത്രിമാർ ഭരണം നടത്തുന്നതെന്നാണ് സാധാരണ ജനങ്ങൾ മനസ്സിലാക്കിയിരിക്കുന്നത്. ഇന്നലത്തെ സ്വേച്ഛാധിപത്യത്തിനും ഇന്നത്തെ പ്രജാധിപത്യത്തിനും തമ്മിൽ അവരുടെ ദൃഷ്ടിയിൽ യാതൊരു വ്യത്യാസവുമില്ല. അതിനു ഉപോൽബലകമായി പലതും ചൂണ്ടിക്കാണിക്കപ്പെടുന്നു. തിരുവിതാംകൂറിൽ ജനങ്ങളുണ്ടെന്നും അവർക്കു പലവിധമായ ക്ലേശങ്ങളുണ്ടെന്നും അറിഞ്ഞുകൂടാത്ത മട്ടിൽ ഇന്നലെവരെ ഒരാൾ പറഞ്ഞിരുന്നതിനു പകരം ഇന്ന് അസഹനീയമാംവണ്ണം ആറു പേരാണ് പറയുന്നത്. ഇവിടെ നടക്കുന്ന ഒരു സംഗതിയും അറിയാൻ പാടില്ലെന്ന മട്ടിൽ ബഹുമാനപ്പെട്ട മെമ്പറന്മാർ പല അവസരങ്ങളിലും അടിയന്തിരമായ കാര്യങ്ങളിലേക്കു മന്ത്രിമാരുടെ ശ്രദ്ധയെ ക്ഷണിക്ക

[Mr. Abdul Aziz]

ഘോരം ഏറ്റവും വേദനാജനകമായ അറിവില്ലായ്മയുടെ തണലിൽ—അസഹനീയമായ ഓർമ്മയില്ലായ്മയുടെ തണലിൽ—അവർ അഭയം പ്രാപിക്കുന്ന രംഗങ്ങളാണ് കാണുവാൻ കഴിയുന്നത്. ഇതിൽനിന്നെല്ലാം സ്വേച്ഛാധിപത്യത്തിന്റെ ആകെത്തുക കൂടിയിട്ടുണ്ടെന്നല്ലാതെ അതിന്റെ ഗൗരവത്തിനും യാതനകൾക്കും യാതൊരു കുറവും സംഭവിച്ചിട്ടില്ലെന്നു ഒരു സാധാരണക്കാരൻ മനസ്സിലാക്കുകയാണെങ്കിൽ അതൊരു പച്ചപരമാർത്ഥം മാത്രമാണ്. ഇവിടത്തെ മന്ത്രിസഭയിൽ ഒരു മുസ്ലിമിനെക്കൂടി ഉൾപ്പെടുത്താത്തതെന്തെന്നു മുസ്ലിംലീഗ് പ്രസിഡന്റ് ചോദിച്ചപ്പോൾ അങ്ങനെയൊരു കൂട്ടരുണ്ടെന്നുപോലും പ്രധാനമന്ത്രിക്കറിവില്ലെന്ന മട്ടിലാണ് മറുപടി പറഞ്ഞത്. മൈസൂർ മന്ത്രിസഭയെപ്പററിയോ, ഇൻഡ്യൻ ഡൊമിനിയൻ മന്ത്രിസഭയെപ്പററിയോ യാതൊരറിവുമില്ലെന്നുപോലും അദ്ദേഹം പറയാനിടയായി. ഞങ്ങൾ എന്താണിതിൽനിന്നു മനസ്സിലാക്കേണ്ടത്? ഇങ്ങനെയായാൽ ഇവിടത്തെ പ്രൈംമിനിസ്റ്റർക്ക് ഇൻഡ്യൻ ഡൊമിനിയനിലെ പ്രധാനമന്ത്രിയെപ്പോലും അറിഞ്ഞുകൂടാത്ത ഒരു പരിതഃസ്ഥിതി വരികയില്ലേ എന്ന് ഞാൻ സംശയിക്കുന്നു. ഇങ്ങനെ ഭരണം മുമ്പോട്ടു പോവുകയാണെങ്കിൽ എന്തായിരിക്കും രാജ്യത്തിന്റെ ഗതി? ഈ നിലയിൽ മുമ്പോട്ടു പോകുന്നതായാൽ ഭരണചക്രത്തിന്റെ ഉള്ളിലേക്ക് കടന്നുനോക്കാൻ ഈ സന്ദർഭത്തിൽ ആരും തയാറാകുമെന്നു തോന്നുന്നില്ല. സാധാരണക്കാരുടെയിടയിൽ സാധാരണക്കാരായി ജീവിച്ചു, അവരുടെ വൈഷമ്യങ്ങളിലും ക്ലേശങ്ങളിലും നൈരാശ്യത്തിലും പങ്കുകൊണ്ട് കഴിഞ്ഞുവന്ന മന്ത്രിസഭയിലെ പ്രമുഖന്മാരായ ബഹുമാന്യന്മാർക്ക് ഇന്ന് തിരുവിതാംകൂറിലെ ഒരു കാര്യവും അറിഞ്ഞുകൂടാത്ത മട്ടിൽ—തിരുവിതാംകൂറിൽ കരിഞ്ചന്ത തന്നെ ഉണ്ടോ എന്നറിഞ്ഞുകൂടാത്ത മട്ടിൽ—പ്രസംഗിക്കുന്നതും മറുപടി പറയുന്നതും കേവലം നിരാശാജനകവും നിർഭാഗ്യകരവുമായ ഒരു കാര്യമാണെന്നു പറയാതെ നിവൃത്തിയില്ല. ചില കാര്യങ്ങൾ എങ്ങനെയെങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചാൽ [illegible] പരമാർത്ഥത്തിൽ കിട്ടുന്ന മറുപടി "അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നത് ശരിയായിരിക്കുമോ എന്ന കാര്യം മററുപല കാര്യങ്ങളും ആലോചിക്കുന്ന കൂട്ടത്തിൽ ആലോചിക്കുന്നത് ശരിയായിരിക്കുമോ എന്ന് നോക്കാം" എന്ന് വാച്ച്സ്പ്റിംഗ് പോലുള്ള ഉത്തരങ്ങളാണ്. ഇന്നാട്ടിലെ ഉത്തരവാദഭരണം ഇതാണോ എന്നു ഞാൻ ചോദിക്കുന്നു. ഇതാണോ ജനകീയഭരണം? ഇവിടത്തെ നിയമസഭയ്ക്ക് വാസ്തവത്തിൽ ഒരു മൂല്യത്തിന്റെ

സ്ഥാനമാനുള്ളതു്. മന്ത്രിസഭ നിയമസഭയോടും നിയമസഭ ജനങ്ങളോടും ഉത്തരവാദപ്പെട്ടിരിക്കുമെന്നാണ് ഉത്തരവാദഭരണം എന്നു പറഞ്ഞപ്പോൾ ആളുകൾ മനസ്സിലാക്കിയതു്. എന്നാൽ ഇവിടെ നടക്കുന്നതു് അതല്ല. ഇവിടെ നിയമസഭയ്ക്കാണ് ഉത്തരവാദിത്വം മുഴുവൻ. അതു ഒരുവശത്തു് ജനങ്ങളോടും മറുവശത്തു് മന്ത്രിമാരോടും ഉത്തരവാദപ്പെട്ടിരിക്കുന്നു! ഈവിധത്തിലുള്ള ഒരു പരുങ്ങലിലാണ് ഇന്നു തിരുവിതാംകൂർ ജനകീയനിയമസഭ പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്. തിരുവിതാംകൂറിലെ ഉത്തരവാദഭരണം തലകുത്തി നിൽക്കുകയാണ്. പരമാർത്ഥം പറഞ്ഞാൽ ഉത്തരവാദിത്വം മുഴുവൻ ജനങ്ങൾക്കും ഭരണം മുഴുവൻ മന്ത്രിസഭയ്ക്കുമാണ് ഇന്നു തിരുവിതാംകൂറിലുള്ളതു്. (ബെൽ)

MR. K. A. MOHAMMED : സർ, അടുത്തകാലം വരെ തിരുവിതാംകൂറിലെ ഭരണത്തിന്റെ ന്യൂനതകളെക്കുറിച്ച് ഇന്നത്തെ മന്ത്രിമാരിൽ പലരും പ്രസംഗിക്കുന്നതായി ഞാനും കേട്ടിട്ടുണ്ടു്. എന്നാൽ അവർ മന്ത്രിപദത്തിൽ എത്തിച്ചേർന്നതിനുശേഷം ആ കാര്യങ്ങളെക്കുറിച്ച് അവക്കു എന്തഭിപ്രായമാണുള്ളതു്; അക്കാര്യത്തിൽ അവർ എന്തെല്ലാം ചെയ്തു എന്നെല്ലാം ഞങ്ങൾക്കു് അറിയാൻ സാധിച്ചിട്ടില്ല. സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്തു് തിരുവിതാംകൂറിലെ വ്യവസായങ്ങളിൽ വല്ലാത്ത കുഴപ്പങ്ങൾ ഉണ്ടെന്നും, വിദേശികൾക്കു് കമ്പനികൾ സ്ഥാപിക്കുന്നതിനുള്ള അവകാശം കൊടുത്തിട്ടുണ്ടെന്നും, തിരുവിതാംകൂർ ഗവണ്മെന്റിൽനിന്നും അവർക്കു് പണം ധാരാളമായി കൊടുത്തിട്ടുണ്ടെന്നും അങ്ങനെ തിരുവിതാംകൂറിനെ ചൂഷണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണു തിരുവിതാംകൂറിലെ വ്യവസായപ്രവർത്തനങ്ങൾ എന്നും ഈ മന്ത്രിമാരിൽ പലരും പറഞ്ഞിട്ടുണ്ടു്. അന്നു് അങ്ങനെ പറഞ്ഞവരിൽ ആക്കെങ്കിലും ഇന്നു് ആ വിചാരം ഉണ്ടോ? അവർ ഈ വ്യവസായങ്ങളെ സംബന്ധിച്ച് എന്തൊരു നയമാണ് രൂപീകരിച്ചിട്ടുള്ളതു്? അതിനെ സംബന്ധിച്ച് ഇതേവരെ എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ? അതിനെപ്പററി പല നിരൂപണങ്ങളും ഇവിടെ ഉണ്ടായി. എന്നാൽ വിശദമായ എന്തെങ്കിലും ഒരു പ്രസ്താവന ചെയ്തു ജനങ്ങളെ അതിന്റെ യഥാർത്ഥനില മനസ്സിലാക്കുന്നതിനു് ഇന്നത്തെ ഭരണകർത്താക്കൾ ശ്രമിച്ചിട്ടില്ല. മാത്രമല്ല എന്തെല്ലാം കുററങ്ങളും കുറവുകളും ഉണ്ടെന്നു അവർ പറഞ്ഞിട്ടുണ്ടോ അതിലൊന്നുംതന്നെ ശരിപ്പെടുത്തുന്നതിനു ഒരു ശ്രമം പോലും ചെയ്തിട്ടില്ല. ഇന്നലെ ഇവിടെ ഇൻകംടാക്സ്, അഗ്രികൾച്ചറൽ ടാക്സ് മുതലായവയെപ്പററി പല വാദപ്രതിവാദങ്ങളും

[Mr. K. A. Mohammed.]

ഉണ്ടായി. കഴിഞ്ഞ കാലങ്ങളിലും ഇതിനെപ്പററി വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ മുൻപിലത്തെ വ്യവസ്ഥയിൽ തെററുകൾ വല്ലതും ഉണ്ടോ? അതൊന്നു പുനരാലോചിക്കുന്നതു ആവശ്യമല്ലേ? എന്തെങ്കിലും വ്യവസായകാര്യ കൂട്ടങ്ങളായി ചെയ്തിട്ടുണ്ടോ? ഈ വക കാര്യങ്ങളെക്കുറിച്ചൊന്നും മന്ത്രിസഭ കാര്യമായി ആലോചിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല.

മറെറാരു കാര്യം എടുത്തു പറയാനുള്ളത് സെക്രട്ടറിയേററു ഭരണത്തെ സംബന്ധിച്ചാണ്. ഇവയുടെ ഭരണം എങ്ങിനെയായിരിക്കുന്നു എന്നു ഞാൻ ചോദിച്ചതിനു ഒരു ഉന്നത ഉദ്യോഗസ്ഥനിൽനിന്നു കിട്ടിയ മറുപടി, "പഴയ ഭരണംതന്നെ, പക്ഷെ കാര്യക്ഷമത കുറഞ്ഞിട്ടുണ്ടെന്നു മാത്രം" എന്നാണ്.

MR. ABDUL AZIZ : ആ ഉദ്യോഗസ്ഥൻ ആരാണു്?

MR. K. A. MOHAMMED : അതു് പറയാൻ നിവൃത്തിയില്ല.

MR. P. T. CHACKO : ഉദ്യോഗസ്ഥന്റെ പേരു ചോദിച്ചാൽ പറയാമോ?

MR. K. A. MOHAMMED : രഹസ്യമായി ചോദിച്ചാൽ പറയാം.

സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് ഉദ്യോഗസ്ഥന്മാർക്കൊക്കെ വളരെ ഭയമുണ്ടായിരുന്നു. ഏതു സമയത്താണു ഉദ്യോഗം ഇല്ലാതാകുന്നതു്, എപ്പോഴാണു് സസ്പെൻഷൻ വരുന്നതു്; എപ്പോഴാണു് ഡിസ്മിസ് വരുന്നതു്; എന്നിങ്ങനെ ഒരു ഭയമെങ്കിലും അവർക്ക് ഉണ്ടായിരുന്നു. ഇന്നാണെങ്കിൽ ഒരു മന്ത്രി പിണങ്ങിയാൽ മറെറാരു മന്ത്രിയെ കൂട്ടുപിടിച്ചു് അകത്തു കേറും, ഒരു മന്ത്രി പിണങ്ങിയാൽ മററൊരു മന്ത്രിയുടെ സഹായവും അനുഗ്രഹങ്ങളും ഉണ്ടാകും. ഇങ്ങനെയുള്ള സെക്രട്ടറിയേററുദ്യോഗസ്ഥന്മാരെക്കൊണ്ടു് വിഷമിച്ചു് ഭരിക്കുന്നതായ ഒരു രീതിയാണ് ഇന്നിവിടെ നടന്നുവരുന്നതു്. അതിന് ഉദാഹരണം പറയാം. മുൻപാണെങ്കിൽ ഈ സഭ കൂടുമ്പോൾ ഉദ്യോഗസ്ഥന്മാർക്കു് കുറെയൊക്കെ ഭയം ഉണ്ടായിരുന്നു. കാര്യമൊന്നുമില്ലെങ്കിലും വല്ലതും അനാവശ്യ ചോദ്യം ചോദിച്ചാൽ ഉത്തരം പറയേണ്ടിവരും എന്നൊരു വിഷമം അന്നു് അവർക്കുണ്ടായിരുന്നു. ഈ ചോദ്യങ്ങൾ ചോദിക്കുന്നവർക്കു് യാതൊരു അധികാരവുമില്ലെങ്കിലും അതിനുത്തരം പറയാനുള്ള ഒരു ബാദ്ധ്യത അവർക്കുണ്ടായിരുന്നു. മുമ്പൊക്കെ ബഡ്ജററ് സെഷൻ കൂടുന്നതിനു മുൻപ് ഓരോ ഡിപ്പാർട്ടുമെന്റിന്റെയും അധ്

മിനിസ്ട്രേഷൻ റിപ്പോർട്ടുകളും അതുപോലുള്ള മററു റിപ്പോർട്ടുകളും കിട്ടുക പതിവായിരുന്നു. ഇപ്പോഴാകട്ടെ അവയൊന്നും അന്വേഷിക്കുന്നതിന്നാളില്ല. ആ റിപ്പോർട്ടുകളെ ആധാരമാക്കിയാണ് ബഡ്ജററിനെപ്പററി വാദപ്രതിവാദം ചെയ്യാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും മെമ്പറന്മാർക്ക് സാധിക്കുന്നത്. ഈ റിപ്പോർട്ടുകൾ ഒന്നുംതന്നെ ഈ പ്രാവശ്യം സമയത്ത് അയച്ചിട്ടില്ല. അതുപോലെതന്നെ തിരുവിതാംകൂർ സെക്രട്ടറിയേററ് അഡ്മിനിസ്ട്രേഷൻ വളരെ അധഃപതിച്ചിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. വെറും ദോഷൈകദൃക്കെന്നുള്ള നിലയിൽ കുററം പറയാൻ മാത്രമല്ല, കാര്യങ്ങൾ മുന്നോട്ടു ശരിയായ രീതിയിൽ പോകുന്നതിനും ആവശ്യമുള്ള നിർദ്ദേശങ്ങൾ കൂടി സമർപ്പിക്കുന്നതിനുമാണ് ഞാൻ ആഗ്രഹിക്കുന്നത്. സെക്രട്ടറിയേററിന്റെ ഭരണത്തിന് ഓരോ മന്ത്രിക്കും അവരവരുടെ ഡിപ്പാർട്ടുമെന്റുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പൂർണ്ണമായ അധികാരം അവരവരുടെ കയ്യിൽ ഉണ്ടായിരുന്നാൽ ജനങ്ങൾക്ക് ഗുണമായിട്ട് എന്താണു ചെയ്തിട്ടുള്ളത്, എന്താണു ചെയ്യാൻ പോകുന്നതെന്നു ചോദിച്ചാൽ മറുപടി പറയാൻ സാധിക്കും. നേരെ മറിച്ച് ഈ മന്ത്രിമാർക്ക് എല്ലാം കുറെ സെക്രട്ടറിമാരും, അസിസ്റ്റന്റ് സെക്രട്ടറിമാരും, സൂപ്രണ്ടുമാരും ഉണ്ടായിരിക്കുകയുംകൂടി ചെയ്താൽ പല കാര്യങ്ങളും കുഴക്കുന്നതിനുള്ള സന്ദർഭം ഉണ്ടാകും. അതുകൊണ്ടു ഇമ്പീരിയൽ സെക്രട്ടറിയേററിലും മററുപല സെക്രട്ടറിയേററുകളിലും സ്വീകരിച്ചുവരുന്നതായ ഒരു സമ്പ്രദായം ഇവിടേയും സ്വീകരിക്കുന്നതു നന്നായിരിക്കും. കൂടാതെ ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ കുറയ്ക്കുകയും ആവശ്യമുള്ള ഉദ്യോഗങ്ങൾ തന്നെ നോക്കുന്ന ആളുകളിൽ കാര്യദക്ഷതയും സ്വഭാവശുദ്ധിയും ഇല്ലാത്തവരെ പിരിച്ചയയ്ക്കുകയും ചെയ്താൽ കൊള്ളാം.

MR. P. K. KUNJU : സർ, സുമാർ പത്തു വർഷത്തിനു മുൻപാണെന്നു തോന്നുന്നു ഇവിടെയും സ്വേച്ഛാധിപത്യം അതിന്റെ പാരമ്യത്തിൽ എത്തിയിരുന്ന അവസരത്തിൽ ഉത്തരവാദഭരണം ആവശ്യമാണെന്നു ഇവിടത്തെ ജനവിഭാഗങ്ങൾക്കു തോന്നുകയും ഉത്തരവാദഭരണപ്രമേയം അന്നു നിലവിലിരുന്ന നിയമസഭയിൽ ഇന്നത്തെ ബഹുമാനപ്പെട്ട മന്ത്രിയായ ശ്രീ. ററി. എം. വർഗ്ഗീസ് അവതരിപ്പിക്കുകയും ചെയ്തു. അന്ന് ആ പ്രമേയത്തിനെ പിൻതാങ്ങാൻ ഉണ്ടായിരുന്നവരിൽ രണ്ടുപേർ ഇന്ന് ഉത്തരവാദിത്വത്തിന്റെ പുലരിയിൽ സമ്മേളിച്ചിരിക്കുന്ന ഈ ജനപ്രതിനിധിസഭയിൽ ഉണ്ട്. അത് ഇന്നത്തെ മന്ത്രിസഭയുടെ പ്രമാണിയായ ശ്രീ. പട്ടം താണുപിള്ളയും, മറെറാരാൾ ഈ സഭയിൽ വിനയ

[Mr. P. K. Kunju]

പൂർവ്വം ഇപ്പോൾ സംസാരിക്കുന്ന ഞാനും ആണ്. ഉത്തരവാദഭരണം ഈ രാജ്യത്തു് ആവശ്യമാണെന്ന് നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിനുശേഷം രൂപീകൃതമായ സ്റ്റേറ്റ് കാൺഗ്രസ്സിന്റെ അദ്ധ്യക്ഷസ്ഥാനം, ഇന്നത്തെ പ്രധാനമന്ത്രി വഹിച്ചുകൊണ്ടു് ഇവിടെ നടത്തിയ പ്രക്ഷോഭണത്തിന് നൽകിയ അചഞ്ചലമായ നേതൃത്വവും അപാരമായ ത്യാഗവും കൊണ്ടാണ് ഉത്തരവാദഭരണം ഇവിടെ ഇത്ര വേഗം കരഗതമായതു്. അതിൽ നമുക്ക് അളവററ അഭിമാനമുണ്ടു്. എന്നാൽ നാം അങ്ങനെ അഭിമാനിക്കുന്ന സന്ദർഭത്തിൽതന്നെ ജനങ്ങളോടു് ചെയ്ത കരാറുകളും വാഗ്ദാനങ്ങളും ഈ മന്ത്രിസഭയ്ക്കു് നിറവേററുവാൻ സാധിച്ചിട്ടുണ്ടോ എന്ന പ്രശ്നം നമ്മുടെ മുൻപിൽ ഉന്നയിക്കുന്നുണ്ടു്. മൂന്നോ നാലോ മാസം മാത്രം പ്രായമുള്ള മന്ത്രിസഭയുടെ ശിശുദശയിൽ നിരാശാജനകമായ ചില സംഭവങ്ങളുടെ ഉദയംമൂലം ജനങ്ങൾക്കു പ്രയോജനകരമായ പല പരിപാടികളും രൂപീകരിക്കാൻ അവർക്കു സാധിച്ചിട്ടില്ലെന്നുള്ളതു് പരമാർത്ഥമാണ്. ആ സംഗതികൾ പരിഗണിക്കുമ്പോൾ ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ അവർക്കു ജനക്ഷേമകരങ്ങളായ പല കാര്യങ്ങളും ചെയ്വാൻ സാധിച്ചിട്ടില്ലെന്നുള്ള കുററാരോപണം തികച്ചും ക്ഷന്തവ്യമാണ്. ഈ സന്ദർഭത്തിൽ അവരെ നാം നിരുത്സാഹപ്പെടുത്താൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. എന്നാൽ ജനകീയഭരണത്തിന്റെ പ്രാരംഭദശയിൽ പ്രഥമചരിത്രരേഖയായി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് ചർച്ചാവിഷയമായിരിക്കുന്ന ഈ അവസരത്തിൽ ഇന്നത്തെ മന്ത്രിസഭയുടെ ഇതുവരെയുള്ള പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം ഒരു വിമർശനത്തിനൊരുങ്ങുന്നതിനേക്കാൾ വേണ്ടതു് അവർ നമ്മോടു ചെയ്ത വാഗ്ദാനങ്ങൾ പരിപാലിക്കുന്നതിനുള്ള സമയവും സന്ദർഭവും അവർക്കു ലഭിച്ചിട്ടുണ്ടോ എന്നന്വേഷിക്കുക എന്നതാണ്. പുതിയ പദ്ധതികൾ ഒന്നും പ്രയോഗത്തിൽ എടുത്തില്ലെങ്കിലും ഇവിടത്തെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ പരിഹരിച്ചിട്ടുണ്ടോ, അതിന് അവർ എന്തു ചെയ്തിട്ടുണ്ടു് എന്നീ കാര്യങ്ങൾ പ്രധാനമായി നിഴലിക്കുന്നുണ്ടു്. ഇതു സംശയരഹിതമാണ്. ഉദാഹരണമായി നമുക്കെവർക്കും എന്നുവേണ്ട, സകല ജനങ്ങളേയും ഒന്നുപോലെ ബാധിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റിനെപ്പററി ചിലതു പറയണമെന്നു ഞാൻ വിചാരിക്കുന്നു. അതായതു് ഭക്ഷ്യപ്രശ്നം. ഭക്ഷ്യപ്രശ്നത്തിൽ ആരെയും ഒഴിച്ചുനിർത്താൻ സാധ്യമല്ല. ഇവിടത്തെ

ഭക്ഷ്യവകുപ്പ് നമുക്കേററവും ദുസ്സഹകരമാംവണ്ണം നഷ്ടമായിരിക്കുന്നു എന്ന പരമാർത്ഥം നമുക്ക് വളരെക്കാലത്തിനുമുമ്പുമുതൽ അറിയാം. ഇവിടെ ഇരുപത്തിഎട്ടോ ഇരുപത്തിയൻപതോ രൂപാ ഒരു ചാക്ക് അരിക്ക് വിലയായിരിക്കുമ്പോൾ നമ്മുടെ അയൽ രാജ്യമായ കൊച്ചിയിലും, തെങ്കാശിയിലും, കൊല്ലത്തിനടുത്തുള്ള തങ്കശ്ശേരിയിലും പതിനെട്ടോ പതിനൊൻപതോ രൂപാ കൊടുക്കുമ്പോൾ ഒരു ചാക്കരി കിട്ടുമായിരുന്നു. ഇതു് ഇന്നത്തെ മന്ത്രിസഭയെ ബാധിക്കുകയില്ല. കാരണം മുൻഗവൺമെൻറിന്റെ ഭരണകാലത്താരംഭിച്ച നഷ്ടമാണ്. ൧൯൪൬ ആഗസ്റ്റ് ൧൫-ാംനു വരെ അന്നത്തെ ഇൻഡ്യാഗവൺമെൻറിനു കിട്ടിയ വില അനുസരിച്ചാണ് ഇവിടെയും അരി കൊടുത്തിരുന്നതു്. അപ്പോൾ ഒരു ചാക്കരിക്ക് ൧൪ മുതൽ ൧൬ വരെ രൂപായായിരുന്നു വില. ഈ അവസരത്തിൽ കൊല്ലത്തുള്ള ഭക്ഷ്യധാന്യഡിപ്പോയിൽനിന്നും (ഗോഡൌണിൽ) ൩൦൦൦ ചാക്കരി കാണാതെ കുറവു വന്നിട്ടുള്ള കഥ കേട്ടിട്ടുണ്ട്. ഇതു പരിശോധിച്ച് കണക്കു തിട്ടപ്പെടുത്താനായി അസിസ്റ്റൻറ് അക്കൌണ്ടൻറ് ജനറലാഫീസിൽനിന്നും ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായി. ആ ഉദ്യോഗസ്ഥൻ കണക്കുകൾ പരിശോധിച്ച്, പിന്നെ പല കറാറുകൾക്കുശേഷം റിപ്പോർട്ടും കൊടുത്തതായി കേട്ടിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അനന്തരഫലം ഇന്നും അജ്ഞാതമായിട്ടാണിരിക്കുന്നതു്. ഇതുപോലെ ഇവിടെ കിട്ടുന്ന അരി നാറുന്നതാണ്, അതു് ഉപയോഗിക്കാൻ കൊള്ളുകയില്ല എന്നും പകരം നല്ല അരി വേണമെങ്കിൽ ഇവിടെ മാറിക്കിട്ടുമെന്നും അതിലേക്ക് ഈ അരിയും ചാക്കൊന്നിനു ൩ രൂപാവീതം കൂടുതലും കൊടുത്താൽ നല്ല അരി വെള്ളയിൽനിന്നും കിട്ടുമെന്നും പറഞ്ഞു് ആ ഇനത്തിൽ എട്ടൊൻപതു് ലക്ഷം രൂപായോളം ചിലർ വരവുണ്ടാക്കീട്ടുണ്ട്. ഈ അറിവു പരമാർത്ഥമാണെങ്കിൽ ഇതിനെപ്പറ്റി അന്വേഷിക്കാൻ ഇന്നത്തെ മന്ത്രിസഭയ്ക്കു് അവകാശവുമുണ്ട്, ഉത്തരവാദിത്വവുമുണ്ട്. നമ്മുടെ സംസ്ഥാനത്തേയ്ക്കു അലോട്ടുചെയ്തിട്ടുള്ള അരി പലപ്പോഴും ഇവിടെ നിന്നും അരി പുറത്തുനിന്നും വാങ്ങിക്കുന്നതിനു നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥൻ മററു ചില തല്പരകക്ഷികളുടെ അറിവോടുകൂടി വെളിയിൽതന്നെ വിററിട്ടുണ്ടെന്നും അതു മദ്രാസ് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടാനിടയായെന്നും തൽഫലമായി മദ്രാസ് ഗവൺമെൻറിന്റെ ഉപദേഷ്ടാവായിരുന്ന മി. പ്രീസ്റ്റിലിയേ ഇക്കഥകൾ അന്വേഷിക്കുന്നതിനു നിയമിച്ചുവെന്നും അദ്ദേഹത്തിന്റെ അന്വേഷണത്തിന്റെ ഫലം കുററാരോപണങ്ങളെ സാധൂകരിക്കാവുന്ന നിലയിലെത്തിയെന്നും, ഒടുവിൽ ഒരു ഉദ്യോ

[Mr P. K. Kunju.]

തീർപ്പിൽ എത്തിച്ചേർന്നെന്നും കേട്ടിട്ടുണ്ട്. പുറത്തുനിന്നും നമുക്ക അരി വാങ്ങിത്തരുന്നതിനു വാൾക്കാട്ട് ബ്രദേഴ്സുമായുള്ള ഉടമ്പടിയനുസരിച്ചു അവർ ഈ സംസ്ഥാനത്തിൻ്റെ ആവശ്യത്തിനു എത്ര ചാക്കരി വാങ്ങിയിട്ടുണ്ടെന്നും അതിൻ്റെ വിലയെത്രയെന്നും, അവരുടെ ബില്ലും ഇവിടെനിന്നും ആ വകയ്ക്കു നൽകിയിട്ടുള്ള സംഖ്യയുടെ കണക്കും പരിശോധിച്ചാൽ അറിയാൻ കഴിയും. എന്നാൽ അങ്ങിനെ വാങ്ങിയിട്ടുള്ള അരി മുഴുവൻ ഇവിടെ എത്തിച്ചിട്ടുണ്ടോ എന്നറിയുമ്പോൾ മനസ്സിലാകും പലതും. ഇതു് ഏററവും ഗൌരവതരമായ കൊള്ളയാണെന്നുള്ളതിൽ ആക്കും അഭിപ്രായവ്യത്യാസത്തിനു വഴിയില്ലെന്നാണു എൻ്റെ വിശ്വാസം. അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ഇവിടത്തെ മന്ത്രിസഭ എന്താണു ചെയ്തിട്ടുള്ളതു് എന്നറിയേണ്ടിയിരിക്കുന്നു.

MR. F. A. ABDULLA: സർ, ഇന്നത്തെ മന്ത്രിസഭയെപ്പററി പൊതുജനങ്ങളുടെ ഇടയിൽ വളർന്നുവരുന്ന അഭിപ്രായങ്ങൾ മന്ത്രിസഭയുടെ മുൻപിൽ കൊണ്ടുവരുന്നതു് എൻ്റെ കർത്തവ്യമാണെന്നു കരുതുന്നു. ഇന്നത്തെ മന്ത്രിസഭാംഗങ്ങൾ പത്തുപന്ത്രണ്ടു കൊല്ലക്കാലം സാമാന്യജനങ്ങളുമായി സമ്പർക്കം പുലർത്തി ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുകയും ജനങ്ങളുടെ നേതാക്കന്മാർ എന്ന വിശ്വാസം ജനിക്കത്തക്കവണ്ണം പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടു് എന്നുള്ളതിനു് സംശയമില്ല. എന്നാൽ നമ്മുടെ മന്ത്രിമാർ അധികാരത്തിൽ വന്നശേഷം അവർക്കു് ഭരണവർഗ്ഗമനഃസ്ഥിതി വളർന്നു വരുന്നില്ലേയെന്നു ജനങ്ങൾ സംശയിച്ചുതുടങ്ങിയിരിക്കുന്നു. ആകപ്പാടെ ജനങ്ങളെ ഒരു ചിന്താകുഴപ്പത്തിൽ എത്തിച്ചേർത്തിരിക്കുന്നു എന്നു പറയേണ്ടി വന്നതിൽ വ്യസനമുണ്ടു്. പ്രക്ഷോഭണകാലത്തു് പല യാതനകളും അനുഭവിച്ചു നേതാക്കന്മാർ പട്ടിണികിടന്നു നാടുനീളെ നടന്നു് ഇവിടെ ഒരു സ്വേച്ഛാധിപതിയാണു് ഭരണം നടത്തുന്നതു് എന്നും ഈ രാജ്യത്തിൻ്റെ സ്ഥായിയായ താൽപര്യത്തെ വകവയ്ക്കാതെ ഇവിടത്തെ പണം അദ്ദേഹം കൊള്ള ചെയ്യുന്നു എന്നും മററും പറഞ്ഞിരുന്നു. അതു് ഏതാണ്ടു് സത്യമാണു്. എന്നാൽ ഇവിടെ മന്ത്രിമാർ ഭരണഭാരം കയ്യേററശേഷം അതു് ഒരു വിഭാഗം ജനങ്ങളുടെ അനന്തരാവകാശമാണു് എന്ന ഭാവം നമ്മുടെ മന്ത്രിമാരിൽ കാണുന്നതു പരിതാപകരമാണു്. മന്ത്രിമാർ ജനങ്ങളെ വിശ്വസിക്കുന്നില്ലാ എന്നു ജനങ്ങൾ പറയുന്നു. അവരുടെ ഭാവം ഈ വക കാര്യങ്ങൾ അവർ അറിയേണ്ട ആവശ്യമില്ലെന്നും ഇവിടത്തെ കാര്യങ്ങൾ അറിയാൻ പാടില്ലാതെ അവർ എവിടെനിന്നോ വന്നവർ ആണെന്നും ആണു. സർ സി. പി. രാമസ്വാമി

അയ്യർ ഇവിടെ പല കൊള്ളകളും ചെയ്തിട്ടുണ്ട്, എന്നു ഇവർ പറഞ്ഞു. ഈ രാജ്യത്തെ പണം മുഴുവൻ ആദായമില്ലാത്ത വ്യവസായങ്ങളിൽ മുടക്കി അദ്ദേഹത്തിന്റെ പാർശ്വവർത്തികൾക്കു ലാഭം ഉണ്ടാകുവാൻവേണ്ടി വിനിയോഗിച്ചിരിക്കുന്നതായി അന്നു പറഞ്ഞു. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനെപ്പററി ഈപ്രകാരം പറഞ്ഞശേഷം ഇന്നു പറയുന്നതെന്താണ്? ചില വ്യവസായശാലകൾ സന്ദർശിച്ച് ഫോട്ടോ എടുപ്പും കഴിഞ്ഞപ്പോൾ ഇന്ന് അതെല്ലാം ലാഭകരമാണെന്നും ഭംഗിയായി നടക്കുന്നു എന്നും പറഞ്ഞ് ജനങ്ങളെ അന്ധാളിപ്പിക്കുന്നു. എനിക്കു പറയാനുള്ളതു് മന്ത്രിമാർ ജനങ്ങളെ വിശ്വസിക്കണം; അവരുടെ സത്വരമായ നിലനില്പിനുവേണ്ടി ജനങ്ങൾ പറയുന്നതു സത്യമാണെന്നു ബോദ്ധ്യം ഉണ്ടായാൽ മാത്രമേ ഈ മന്ത്രിസഭ നിലനില്ക്കാൻ പോകുന്നുള്ളു എന്നവർ മനസ്സിലാക്കിയാൽ കൊള്ളാം. ഇവിടത്തെ കൊള്ളക്കാരായ ഉദ്യോഗസ്ഥന്മാരെ അന്വേഷിച്ചു കണ്ടുപിടിച്ച് ശിക്ഷിക്കണമെന്നും ഇവിടത്തെ ഫൈനാൻസിനെപ്പററി അന്വേഷണം നടത്തണമെന്നും സ്റ്റേററ് കാൺഗ്രസ്സ് വാദിച്ചിരുന്നു. ആ വാദം ഇപ്പോഴും ഉണ്ട്. എന്നാൽ അതിനുവേണ്ടിയുള്ള അന്വേഷണത്തിനൊരുങ്ങുന്നില്ല. ഇവിടത്തെ സെക്രട്ടറിയേററ് യന്ത്രം മോശം പഴയതുപോലെതന്നെ തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഇനിയും പഴയ ഏണിയിട്ടു കയറുകയാണെങ്കിൽ അതു പരാജയത്തിലാണു കലാശിക്കുവാൻ പോകുന്നതു്. സർ സി. പി. രാമസ്വാമിഅയ്യരെ വഴിപിഴപ്പിച്ച ആളുകൾ ഇന്ന് ഈ മന്ത്രിമാരെ കെട്ടിപ്പിടിച്ചിരിക്കുന്നു. അവര പല ഫയലുകളും ഈ മന്ത്രിമാരെ കാണിക്കാതെ മറച്ചുവച്ചിട്ടുണ്ടു എന്നു ജനങ്ങൾ വിശ്വസിക്കുന്നു. അതു പരമാർത്ഥമാണോ അല്ലയോ എന്നു ജനങ്ങൾ അറിയണം. അതിനാൽ ഉള്ള എല്ലാ ചീട്ടും മേശപ്പുറത്തു വയ്ക്കേണ്ട ചുമതല ഇന്നത്തെ മന്ത്രിമാർക്കുണ്ട്. ഇവിടത്തെ സെക്രട്ടറിയേററ് ഇന്നും പഴയ രീതിയിലാണ് നടക്കുന്നതു്. ആവശ്യമുള്ള കാര്യങ്ങൾ തക്കസമയത്തു നടക്കുന്നില്ല. (ബെൽ)

MR. P. S. MUHAMMED : സർ, എനിക്കു മന്ത്രിമാരെ അല്ല അവരുടെ പ്രവർത്തനങ്ങളെയാണ് വിമർശിക്കുവാനുള്ളതു്. വളരെക്കാലം സ്വേച്ഛാധിപത്യഭരണത്തിൻകീഴിൽ ക്ഷമയോടും സഹിഷ്ണുതയോടുംകൂടി കഴിയുവാൻ ഇടയായ എനിക്ക് ഈ സ്വതന്ത്രഗവൺമെന്റിന്റെ കൈകടന്ന പ്രവർത്തനങ്ങളെ ക്ഷമിക്കുവാൻ വിഷമമില്ല. എനിക്കു ഒരു സംഗതിയാണ് പറയുവാനുള്ളതു. തിരുവിതാംകൂറിൽ പ്രധാനമായി മൂന്നു സമുദായങ്ങൾ

[Mr. P. S. Muhammed.]

ഉണ്ട്. അതിൽ ചെറുതാണെങ്കിലും ഒന്നുകൊണ്ടും അപ്രധാനമല്ലാത്ത ഒന്നാണ് മുസ്ലീം സമുദായം എന്നും അവരെ വിഗണിക്കുവാൻ പാടില്ലാ എന്നും ഗവന്മെന്റിന്റെ ദൃഷ്ടിയിൽ പെടുത്തുവാനാണു ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നതു്. മന്ത്രിമാരുടെ തിരഞ്ഞെടുപ്പിൽ അവരെ വിഗണിച്ചു. മററു ചില കാര്യങ്ങളിലും അവർ അവഗണിക്കപ്പെട്ടിരിക്കുകയാണ്. മുസ്ലിം സമുദായത്തിന്റെ ഒരു വലിയ പെരുന്നാളാണ് റംസാൻ. അന്നൊരു ദിവസത്തേയ്ക്കു സ്പെഷ്യൽ റേഷൻ അനുവദിച്ചുതരണമെന്ന അപേക്ഷയുമായി ആദ്യംമന്ത്രിയെകണ്ടപ്പോൾ ഫുഡ് സപ്ലൈസ് കമ്മീഷണരെ കണ്ടാൽ മതി എന്നു പറഞ്ഞു. ഫുഡ് സപ്ലൈസ് കമ്മീഷണരെ പോയി കണ്ടു. അരിക്കു വളരെ ക്ഷാമമാണ് എന്നാണു മറുപടി. നേരേമറിച്ച് ഓണം ആണെങ്കിലോ ക്രിസ്തുമസ്സാണെങ്കിലോ വളരെ ദിവസങ്ങൾക്കുമുൻപുതന്നെ സ്പെഷ്യൽ റേഷൻ കൊടുത്തുതുടങ്ങും. കഴിഞ്ഞവർഷം വരെ സ്വേച്ഛാധിപതിയായ സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തുപോലും റംസാനിനു് പള്ളിക്കു ഓരോ ചാക്കരി കൊടുക്കുന്നതിനു പുറമെ മുസ്ലീങ്ങൾക്കു സ്പെഷ്യൽറേഷനും കൊടുത്തുവന്നിരുന്നു. ഭക്ഷണക്ഷാമം വളരെ മൂർദ്ധന്യത്തിൽ ഇരുന്ന കാലമായിരുന്നു അതു്. അന്ന് ഓരോ ചാക്കരിവീതം കൊടുക്കുകയുണ്ടായി. ഇന്നാണെങ്കിൽ അരച്ചാക്കരിയാണ് കിട്ടിയതു്. ഇപ്പോഴാണെങ്കിൽ അരിക്ക് കഴിഞ്ഞവർഷം പോലെയുള്ള ക്ഷാമം ഇല്ല. മററു സമുദായങ്ങളുടെ വിശേഷദിവസങ്ങളിൽ സ്പെഷ്യൽ റേഷൻ കൊടുക്കുകയും മുസ്ലീങ്ങളുടെ പെരുന്നാൾ വരുമ്പോൾ മാത്രം അതു കൊടുക്കാതിരിക്കുകയും ചെയ്യുന്ന സംഗതി ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ പെടണം എന്നു മാത്രമാണു ഇതേപ്പററി എനിക്കു പറയാനുള്ളതു്.

മന്ത്രിസഭയിൽ മുസ്ലീങ്ങൾക്ക് പ്രാതിനിധ്യം കൊടുക്കുന്നതിനെപ്പററി എനിക്കു വിശേഷവിധിയായി ഒന്നും പറയാനില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഉടനെ ഒരു മുസ്ലിം മന്ത്രിയെക്കൂടി നിയമിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ഇവിടത്തെ ഭൂരിപക്ഷക്കാർ സ്റ്റേററ് കാൺഗ്രസ്സുകാർ ആണ്. അവരുടെ നായകൻ മന്ത്രിസഭ രൂപീകരിക്കുമ്പോൾ, മററു ഇടക്കാലഗവന്മെൻറുകൾ ചെയ്തിരിക്കുന്നതുപോലെ ഇവിടത്തെ ന്യൂനപക്ഷത്തിന്റെ പ്രാതിനിധ്യത്തെക്കുറിച്ചു ചിന്തിക്കേണ്ടതായിരുന്നു. ഇപ്പോൾ നിലവിലിരിക്കുന്നതു ഒരു സ്ഥിരമായ ഗവന്മെൻറല്ല. ആ നിലയ്ക്കു ഈ രാജ്യത്തെ ഒട്ടും അപ്രധാനമല്ലാത്ത മുസ്ലിം

സമുദായത്തിൽനിന്നുകൂടി ഒരു മന്ത്രി നമ്മുടെ ഇന്നത്തെ മന്ത്രിസഭയിൽ ഉണ്ടായിരിക്കാൻ പാടില്ലാത്തതിന്റെ കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മറ്റൊന്ന് പറയുവാനുള്ളത് പബ്ലിക്ക് സർവീസിനെപ്പററിയാണ്. ഉദ്യോഗനിയമനങ്ങളിൽ ഇപ്പോഴും സമുദായനീതി ശരിയായി പുലർത്തുന്നില്ലെന്ന് പറയേണ്ടിയിരിക്കുന്നു. ലോവർ, ഇന്റർമീഡിയററ്, ഹയർ എന്നിങ്ങനെ മൂന്ന് ഡിവിഷനുകളായിട്ടാണ് ഉദ്യോഗങ്ങളെ തിരിച്ചിരിക്കുന്നത്. ഓരോ ഡിവിഷനേയും കൂട്ടിനോക്കിയാൽ മുസ്ലീങ്ങൾ അവിടെ നാമമാത്രമാണ് എന്നു കാണാം. ഓരോ രണ്ടു ഡിപ്പാർട്ടുമെന്റു തമ്മിലും വ്യത്യസ്തമായി കാണാം. ഇപ്പോൾ വളരെ അധികം ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന സന്ദർഭമാണ്. ഈ കാര്യത്തിൽ മന്ത്രിമാരെ അവസരംപോലെ ഓർമ്മപ്പെടുത്തുവാൻ ഒരൊററ മുസ്ലീം എങ്കിലും മന്ത്രിമാരുടെ കൂട്ടത്തിൽ ഒരു സഹമന്ത്രിയായി ഇല്ലെന്നു ഇന്നത്തെ മന്ത്രിസഭക്കുറവാം. മന്ത്രിസഭയിൽ പ്രാതിനിധ്യമില്ലാത്ത മുസ്ലിം സമുദായത്തിനു പബ്ലിക്ക് സർവീസിൽ ന്യായമായ പ്രാതിനിധ്യം കൊടുക്കുന്ന കാര്യം ഈ സന്ദർഭത്തിൽ മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

MR. K. SIVARAMA PILLAI: Sir, I sent in three cut motions so far as this general discussion is concerned, one to discuss about our cabinet, the second so far as the N. G. Os. are concerned and the third about the age of retirement fixed by our cabinet. Let me, at the outset, make it clear that in discussing about the Cabinet I am not here to criticise that the cabinet is composed of 2 Nairs, 2 Christians and 2 Ezhavas. I have frankly said it even though it is immaterial for us so far as our party is concerned who is in the Cabinet. But I am here to criticise; as a Travancorean what the Cabinet has done and how they are looked upon by the people of Travancore. Sir, it was on 12-11-1123 that the news was flashed to us through the newspapers that two of the Ministers have tendered their resignations. On 17th July a Press Note was published that their differences were settled and that they are going to work amicably. In the meantime they have done the greatest harm to Travancore. As a tax-payer I say, were not they receiving salary from the Exchequer from 12-11-1123 to 17th July and yet they remained without doing any work. If what I find in the papers is true, that the Honourable Ministers, receiving salaries from the Exchequer sent orders not to send any files to them and that they are not going to do any work, as a tax-payer. I ask them "are you doing it in the interest of Travancore or in the interest of the people or in your own interest?" Then again, Sir, from that day till the resignations

[Mr. K. Sivarama Pillai.]

were withdrawn a lot of public money was spent. All the State cars were plying throughout the 194 miles of Travancore inviting one person or other and running through the streets of Trivandrum. Petrol was spent a lot in these difficult times when petrol is so scanty. May I ask whether these amounts were paid from the pockets of the Ministers, or is it the money of the poor tax-payers? The Ministers are bound to explain what is it that caused the difference and how it is settled. Have they settled the differences in the interest of the people of Travancore. That is the present issue. That was what was mentioned in Newspapers. Sir, from the papers and from the rumours that were available throughout the period I can assure the House that it is not in the interest of the people or in the interest of Travancore that they disunited nor it is in the interests of Travancore that they united again. It is only communal considerations that made them unite and made them work for some time.

Sir, because our Ministers were saying that the rights of the Ministers were infringed by the Prime Minister and therefore they decided to resign. The leading newspapers 'The Kerala Kaumudi', 'The Malayali', and the 'Swathanthra Kahalam' reported the same news and ——

MR. PRESIDENT: It has been ruled that the Cabinet matters are not to be subjected to open discussion.

MR. K. SIVARAMA PILLAI: Submitting to the ruling of the Chair, I don't want further to question the matter. The expansion came and the opinion expressed in 'Kaumudi' was that it is not efficiency or the interest of all the interests that is concerned in the matter of expansion. That was what we found in 'Kaumudi'.

At this juncture I wish to make one more point clear. We found from the papers that one Mr. P. S. Nataraja Pillai was installed as a Minister. Within 72 hours he is found no-where and he is gone. Sir, is it on account of inefficiency that he is sent out or——

MR. A. ABDUL RAZAAK: Is the Honourable member aware of his whereabouts?

MR K. SIVARAMA PILLAI: Not personally aware. Sir, within 72 hours we found that he submitted his resignation and I put the question whether it was inefficiency that made him resign from the Ministership or because he has got no communal backing as the other Ministers. He was compelled to leave that seat offered to him. For these things we want the Ministers to give a proper explanation.

MR. T. K. NARAYANA PILLAI: സർ, ഒരു ജനായത്തഭരണം അതിൻെറ പ്രാരംഭഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ്. പാർലമെൻററി രീതിയിലുള്ള ഒരു ജനകീയഭരണം നിർവഹിക്കുന്നതിനും അതിൻെറ വിജയത്തിനാവശ്യമായ ഏററവും ഉത്തരവാദിത്വബോധമായി പ്രവർത്തിക്കുന്നതിനും ഭരണം നടത്തിക്കൊണ്ടുപോകുന്ന പാർട്ടിക്കെതിരായി ഒരു ഓപ്പോസിഷൻ പാർട്ടി ഉണ്ടായിരിക്കണം എന്നുള്ള ഡെമോക്രസിയുടെ ആ പ്രാഥമികതത്വത്തെ ഞാനും അംഗീകരിക്കുന്നു. സർ, ഈ സഭയിലെ പ്രതിപക്ഷകക്ഷികൾ ഇപ്പോൾ ഇവിടെ ഭരണം നടത്തുന്ന മന്ത്രിമാർക്കെതിരായി ശക്തിമത്തായി പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളെ അതർഹിക്കുന്ന ഗൗരവത്തോടുകൂടി പരിചിന്തനം ചെയ്യുവാനാണ് ഞാൻ ശ്രമിക്കുന്നത്. അവർ ഉന്നയിച്ച വാദമുഖങ്ങൾ ശരിയായി മനസ്സിലാക്കാമെങ്കിൽ അവയെ മൂന്നോ നാലോ പോയിൻറുകളാക്കിത്തിരിക്കാവുന്നതാണ്. പ്രധാനമായി ഇവിടെ ഒരു കോയിലിഷൻ ക്യാബിനററ് ഉണ്ടായിരിക്കണമെന്നുള്ളതാണ്. അതായത് ഇവിടത്തെ ഭൂരിപക്ഷപാർട്ടിയിൽ അംഗമായിട്ടില്ലാത്ത അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു സംയുക്തമന്ത്രിസഭ രൂപീകരിക്കണമെന്നുള്ളതാണ് ഇവിടത്തെ ഓപ്പസിഷൻ പാർട്ടികളുടെ ഒന്നാമത്തെ വാദം. രണ്ടാമത്തേത്, ഇന്നത്തെ മന്ത്രിസഭ കമ്മ്യൂണൽ തോതനുസരിച്ച് വ്യത്യസ്ത സമുദായങ്ങളുടെ ഒരു ഫെഡറേഷൻ ആയിത്തീർന്നിരിക്കുന്നുവെന്നാണ്. മൂന്നാമത്തേത്, ഇവിടെ നടന്നതായി പറയുന്ന മന്ത്രിസഭാകുഴപ്പത്തെ സംബന്ധിച്ച മന്ത്രിമാർ ഒരു സ്റേറററുമെൻറ് പുറപ്പെടുവിക്കാതിരുന്നതു ക്യാബിനററ് പ്രിൻസിപ്പിളിനും പാരമ്പര്യത്തിനും തികച്ചും വിരുദ്ധമാണ്, അതു ജനങ്ങളോടു ചെയ്യുന്ന ഒരന്യായമാകുന്നു എന്നാണ്.

സർ, എത്രതന്നെ പ്രതിപക്ഷബഹുമാനമുണ്ടെങ്കിലും ഈ മൂന്നു വാദമുഖങ്ങളെയും ഖണ്ഡിക്കേണ്ടതു് എൻെറ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോഴത്തെ ക്യാബിനററ് ഒരു കോയിലിഷൻ ക്യാബിനററ് ആകുന്നില്ലെന്നുള്ളതാണല്ലോ ഒന്നാമത്തെ ആക്ഷേപം. ഞാൻ ജനകീയഭരണത്തിൽ വിശ്വസിക്കുന്നവനാണ്. ജനകീയഭരണം നടപ്പിൽ വരുത്തിയിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിലും ഇൻഡ്യാഗവൺമെൻറിലും പ്രവിശ്യാഗവൺമെൻറുകളിലും ഏതു വിധത്തിലാണ് പ്രവർത്തനം നടത്തുന്നതെന്നറിയാൻ ഞാൻ ആത്മാർത്ഥമായി ശ്രമി

[Mr. T. K. Narayana Pillai.]

ച്ചിട്ടുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽ, ഒരു ഡെമോക്രസി നിലവിലിരിക്കുന്ന എല്ലാ രാജ്യങ്ങളിലും കൊയിലിഷൻ ക്യാബിനററിന്റെ സംസ്ഥാപനം സാധാരണ സമാധാനഘട്ടങ്ങളിൽ ഉണ്ടാകുന്നില്ലെന്നും, നേരെമറിച്ചു അബ്നോർമൽ ഘട്ടത്തിൽ, അതായതു് അടിയന്തിരഘട്ടങ്ങളിൽ മാത്രം ഒരു കോയിലിഷൻ ക്യാബിനററ് രൂപവൽക്കരിക്കുക എന്ന നയമേ സ്വീകരിച്ചിട്ടുള്ളു എന്നും ആർക്കും കാണുവാൻ സാധിക്കും. അടിയന്തിരഘട്ടങ്ങൾ വരുന്ന സന്ദർഭങ്ങളിൽ മാത്രമേ കൊയിലിഷൻ ഗവൺമെൻറ് ഉണ്ടാകാവു എന്ന തത്വമാണു ജനായത്തഭരണസിദ്ധാന്തപ്രകാരം ഭരണം നടത്തുന്ന രാജ്യങ്ങളിലെല്ലാം സ്വീകരിച്ചു കണ്ടിട്ടുള്ളതു്. ഇന്നു് ഇൻഡ്യൻ യൂണിയനിലുള്ള എല്ലാ പ്രവിശ്യയെ വേണമെങ്കിലും എടുത്തു നോക്കിക്കൊള്ളുക. ഒററ പ്രൊവിൻസിലെങ്കിലും ഒരു കൊയിലിഷൻ ക്യാബിനററ് ഭരണം നടത്തുന്നില്ലെന്നു കാണാം. ഇംഗ്ലണ്ടിൽ സാധാരണ യുദ്ധകാലങ്ങളിൽ കൊയിലിഷൻ ഗവൺമെൻറാണു് ഭരണം നടത്തുന്നതു്. എന്നാൽ യുദ്ധം ഇല്ലാതിരുന്ന ചില ഘട്ടങ്ങളിലും അവിടെ കൊയിലിഷൻ ഗവൺമെൻറ് രൂപീകരിച്ചിട്ടുള്ളതായി കാണാം. റാംസേമാക്ഡനാൾഡിന്റെ കാലത്തു് അവിടെ ഒരു കൊയിലിഷൻ ഗവൺമെൻറ് ഉണ്ടായിരുന്നു. അന്നു് അവിടത്തെ പ്രധാന പാർട്ടിയായി നിന്നതു് ലേബർ പാർട്ടിയാണു്. ലേബർ പാർട്ടി ഒരു മൈനാറിട്ടി പാർട്ടിയായിരുന്നു. പാർലമെൻറിൽ ഭൂരിപക്ഷം ലഭിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ആ ലേബർ പാർട്ടിക്കു മററുള്ള പാർട്ടികളുടെ സഹായത്തോടും സഹകരണത്തോടും കൂടിയല്ലാതെ ഭരണം നടത്തുവാൻ സാധിക്കുകയില്ല. ഒരു ഭൂരിപക്ഷപാർട്ടി തെരഞ്ഞെടുപ്പിൽ വിജയിക്കുന്നപക്ഷം അടിയന്തിരഘട്ടങ്ങളിൽ മാത്രമല്ലാതെ ഇംഗ്ലണ്ടിൽ ഒരു കൊയിലിഷൻ ഗവൺമെൻറ് രൂപീകരിച്ചിട്ടുള്ളതായി നാം കേട്ടിട്ടില്ല.

സർ, എന്റെ മാന്യസ്നേഹിതന്മാർ ഇൻഡ്യൻ യൂണിയനിലെ ദൃഷ്ടാന്തം ഇവിടെ പറയുകയുണ്ടായി. മി. ഉദയഭാനു അതിനു മറുപടി പറഞ്ഞു. എന്നാൽ എന്റെ മുസ്ലിംസ്നേഹിതന്മാരുടെ ശ്രദ്ധയെ ഞാൻ വേറൊരു സംഗതിയിലേക്കു് ഈ അവസരത്തിൽ ക്ഷണിച്ചുകൊള്ളട്ടെ. ഇൻഡ്യൻയൂണിയൻ ഗവൺമെൻറിന്റെ പ്രവർത്തനരൂപം അവിടത്തെ പ്രവിശ്യാഗവൺമെൻറുകളുടെയോ അല്ലെങ്കിൽ നമ്മുടെ ഈ ജനകീയ ഗവർണ്മെൻറിന്റെയോ പ്രവർത്തനരൂപത്തോടു് സാദൃശ്യപ്പെടുത്തുന്നതു് കാര്യത്തിന്റെ കിടപ്പു്. ശരിക്കു മനസ്സിലാക്കിക്കൊണ്ടു വേണം എന്നാണു് എനിക്കു് ഒന്നാമതായി അവരോടു് പറയുവാനു

ഉള്ളത്. ൧൯൩൫-ലെ ഇൻഡ്യൻഭരണഘടനാ ആക്ട് നടപ്പിൽ വന്നപ്പോൾ എല്ലാ പ്രോവിൻസുകളിലും കാൺഗ്രസ് ഭരണം ഏർപ്പെടുത്തി. അന്ന് ഏതെല്ലാം പ്രവിശ്യകളിൽ കാൺഗ്രസ് കൊയിലിഷൻ ക്യാബിനററ് ഏർപ്പെടുത്തി എന്നു ഞാൻ ചോദിക്കുന്നു. അന്നു രൂപീകരിച്ച ക്യാബിനററിനെപ്പററി ഇപ്പോൾ കാര്യമാക്കേണ്ടതില്ല എന്നാണു പറയുന്നതെങ്കിൽ ൧൯൩൫-ലെ ആക്ടനുസരിച്ച് ഇപ്പോൾ കാൺഗ്രസ് ഭരിക്കുന്ന പ്രവിശ്യകളിൽ എത്ര മുസ്ലീംമെംബറന്മാരെ എടുത്തിട്ടുണ്ട്. മുസ്ലീങ്ങൾ പ്രവിശ്യാക്യാബിനററിൽ ഉണ്ടായിരിക്കാം. അവർ കാൺഗ്രസുകാരായ മുസ്ലീങ്ങളാണ്. അല്ലാതെ മുസ്ലീം ലീഗുകാരെ, അല്ലെങ്കിൽ കാൺഗ്രസ്സിനു വെളിയിൽ നിൽക്കുന്നവരോ ആയ മുസ്ലീങ്ങളെ ക്യാബിനററിൽ ഉൾപ്പെടുത്തിയിട്ടില്ല. കാൺഗ്രസ് ആദർശങ്ങളേയും പരിപാടികളെയും വിശ്വസിക്കുകയും കാൺഗ്രസ്സിന്റെ ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കുന്നതിൽ ആത്മാർത്ഥമായി സഹകരിച്ചും പ്രവർത്തിച്ചിട്ടുള്ള മുസ്ലീംമെംബറന്മാരെ മാത്രമാണ് ഇൻഡ്യൻ പ്രവിശ്യാക്യാബിനററിൽ നാം കാണുന്നത്. ഇവിടെയും അതുപോലെ മുസ്ലീങ്ങൾക്ക് കാൺഗ്രസ്സിൽചേർന്നു പ്രവർത്തിക്കാവുന്നതായിരുന്നു. അതിനെന്തു തടസ്സമാണ് ഉണ്ടായിരുന്നതെന്നു ഞാൻ ചോദിക്കുന്നു. അവർ മതത്തിന്റെ പേരിൽ ഒരു പ്രത്യേകവിഭാഗമായിനിന്നു. സ്റ്റേററുകാൺഗ്രസു തിരഞ്ഞെടുപ്പിൽ മൽസരിക്കുകയും വമ്പിച്ച ഭൂരിപക്ഷം അവർക്കതിൽകിട്ടുകയും ചെയ്തു. മുസ്ലിംലീഗും തമിഴ്നാട്ടുകാൺഗ്രസ്സും വിഭിന്നകക്ഷികളായിനിന്നു തിരഞ്ഞെടുപ്പിൽ മൽസരിച്ചിട്ടും അവർക്ക് ഭൂരിപക്ഷം കിട്ടിയില്ല. നേരെമറിച്ചു സ്റ്റേററുകാൺഗ്രസ്സിനാണ് ഭൂരിപക്ഷം കിട്ടിയത്. ആ നിലയ്ക്ക് എന്തിന്, ഏതു തത്വത്തെ അടിസ്ഥാനമാക്കിയാണ് ഇവിടെ ഒരു കൊയിലിഷൻ ഗവൺമെൻറ് വേണമെന്ന് എന്റെ മുസ്ലീംസ്നേഹിതന്മാർ ആവശ്യപ്പെടുന്നതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഒരു അസാധാരണഘട്ടത്തിൽ കൂടിയാണ് തിരുവിതാംകൂർ ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതെന്നുണ്ടെങ്കിൽ നിശ്ചയമായും ഒരു കൊയിലിഷൻ ഗവൺമെൻറ് ഇവിടെ ഉണ്ടാക്കണമെന്ന് പറയുന്നതിൽ അർത്ഥമുണ്ട്.

MR. P. S. MOHAMMED: ഇവിടെ ഒരു കാൺസ്റ്റിററ്വൂഷൻ ഉണ്ടാക്കുവാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയല്ലേ? ഇതു് ഒരു അസാധാരണഘട്ടമാവുകയില്ലേ?

MR. T. K. NARAYANA PILLAI: It may be taken that I don't answer to any question (Laughter)

[Mr, T. K. Narayana Pillai.]

ഇവിടെ ഒരു അടിയന്തിരകാലഘട്ടമോ, അസാധാരണകാലഘട്ടമോ ഇല്ല. സാധാരണകാലഘട്ടമാണിത്. ഓരോ കക്ഷിയും നിശ്ചിതമായ കാര്യപരിപാടികൾ മുമ്പിൽവച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുന്നതിന് സർവ്വശക്തിയും ഉപയോഗിക്കേണ്ട ഒരു കാലഘട്ടമാണ് ഇപ്പോൾ തിരുവിതാംകൂറിന് കൈവന്നിരിക്കുന്നത്. തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്സിന് അങ്ങനെ നിശ്ചിതമായ ഒരു കാര്യപരിപാടി ഉണ്ട്. ഈ രാജ്യത്തെ ജനലക്ഷങ്ങളെയും, ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനും ഉന്നത സ്വകാര്യസമ്പത്തുടമയുടെ പരിധി നിർണ്ണയിക്കുന്നതിനും ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതി മാററി സമ്പത്തിൻെറ നീതിപൂർവ്വകമായ വിതരണം നടത്തുന്നതിനും മററും സ്റ്റേററ് കോൺഗ്രസ് പദ്ധതികൾ നടപ്പാക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ്. അങ്ങനെയുള്ള കാര്യപരിപാടികൾ നടപ്പിൽ വരുത്തുവാൻ ഗവൺമെൻറ് സ്റ്റേററ് കോൺഗ്രസ്സ് പാർട്ടിയുടെ കയ്യിൽ ഇരിക്കുക തന്നെ വേണം. ഈ കാര്യപരിപാടികളോട് അഭിപ്രായഭിന്നതയില്ലാത്ത ആളുകൾക്കെല്ലാവർക്കും സ്റ്റേററ് കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിക്കുന്നതിന് യാതൊരു തടസ്സവുമില്ല.

Cohesion is the essential factor so far as a Cabint is concerned, and it is with that cohesion in view that the present State Congress Cabinet has been formed That is my reply to the allegations that have been made by the Muslim League. Now Sir, regarding the communal character of the Cabinet and regarding the question that the State Congress is a federation of communities: I beg your pardon, Sir, ഞാൻ മലയാളത്തിൽ പറഞ്ഞുകൊള്ളാം.

സ്റ്റേററ് കോൺഗ്രസ്സ് ഒരു സാമുദായികസംഘടനയാണെന്നും ഏതാനും സമുദായങ്ങളെ കൂട്ടുപിടിച്ച് ഉണ്ടാക്കിയിരിക്കുന്ന ഒരു രാഷ്ട്രീയ സംഘടനയാണെന്നും പറയുന്നതിന് യാതൊരു അടിസ്ഥാനവുമില്ലെന്ന് പറയുവാൻ ഞാൻ മടിക്കുന്നില്ല. ശ്രീ. മന്നത്തു പത്മനാഭപിള്ളയേയും, ശ്രീ. എം. ഗോവിന്ദനേയും, ശ്രീ. ആർ ശങ്കറിനേയും പൊക്കിക്കാണിച്ചുകൊണ്ട് മൂന്നു സമുദായങ്ങളേയും സ്റ്റേററ് കോൺഗ്രസ്സ് കീഴടക്കിക്കൊണ്ടിരിക്കുന്നു എന്നിവിടെ പറയുകയുണ്ടായി. ശ്രീ. മന്നത്തു പത്മനാഭപിള്ളയുടേയും, ശ്രീ. ഗോവിന്ദൻെറയും മററു പേരുകൾ ഉച്ചരിച്ച എൻെറ ബഹുമാന്യസ്നേഹിതന്മാരുടെ ശ്രദ്ധയെ, ഞാൻ ഈ അവസരത്തിൽ, നായർ സർവീസ് സൊസൈററിയുടേയും, എസ്സ്. എൻ. ഡി. പി. യോഗത്തിൻേറയും രാഷ്ട്രീയേതരമായ ധ്യേയങ്ങളിലേക്ക് ആകർഷിച്ചുകൊള്ളുന്നു. ആ സംഘടനകൾ രാഷ്ട്രീയ കാര്യങ്ങളിൽ മേലാൽ ഇടപെടുന്നതല്ലെന്നുള്ള പ്രമേയം

പാസ്സാക്കിക്കഴിഞ്ഞതിനുശേഷം, രാഷ്ട്രീയകാര്യങ്ങളിൽ സ്റ്റേറ്റുകോൺഗ്രസ്സ് ആദർശങ്ങളേയും പരിപാടികളേയും സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിച്ചതിനു ശേഷം മാത്രമാണ് അവരെ സ്റ്റേറ്റുകോൺഗ്രസ്സിൽ ചേർത്തതു്. ആ നില അംഗീകരിക്കുന്ന ഏതു സമുദായത്തിനും സ്റ്റേറ്റുകോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിക്കാവുന്നതാണ്. എന്റെ മുസ്ലിം ലീഗുസ്നേഹിതന്മാരോടു് എനിക്കു് ചോദിക്കുവാനുള്ളതു്, സ്റ്റേറ്റുകോൺഗ്രസ് ആദർശങ്ങളിൽ നിങ്ങൾക്കു് വിശ്വാസം ഉണ്ടെങ്കിൽ എന്തുകൊണ്ടു് അങ്ങനെ ഒരു പ്രമേയം നിങ്ങൾ പാസ്സാക്കുന്നില്ലെന്നാണ്. നായർ സർവീസ് സൊസൈററി ഒരു സാമുദായികസംഘടനയായിനിന്ന കാലത്തു്, സാമുദായികമായ ഒരു വീക്ഷണഗതിയോടുകൂടി രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ടിരുന്ന കാലത്തു് അതിലെ അംഗങ്ങളെ ആരേയും തന്നെ സ്റ്റേറ്റുകോൺഗ്രസ്സിൽ ചേർത്തില്ല. അതുപോലെതന്നെ ഒരു സാമുദായികസ്ഥാപനമായി നിന്നുകൊണ്ടു് രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടിരുന്ന കാലത്തോളം എസ്സ്. എൻ. ഡി. പി. യോഗത്തിനും സ്റ്റേറ്റുകോൺഗ്രസ്സിൽ സ്ഥാനമില്ലായിരുന്നു. എന്നാൽ ഏതുനിമിഷത്തിലാണോ രാഷ്ട്രീയ കാര്യങ്ങളിൽ ആ രണ്ടു സ്ഥാപനങ്ങളും ഇടപെടുന്നതല്ലെന്നു തീരുമാനിച്ചതു്, ആ നിമിഷംമുതൽ അവ സാമുദായികസംഘടനകളല്ലാതായിത്തീർന്നു. രാഷ്ട്രീയ ലക്ഷ്യത്തേയും രാഷ്ട്രീയ ആദർശങ്ങളേയും സംബന്ധിച്ചിടത്തോളം അവർ സ്റ്റേറ്റുകോൺഗ്രസ്സിന്റെ അവിഭാജ്യഘടകങ്ങളായി ഭവിച്ചു. അതുകൊണ്ടു് സ്റ്റേറ്റുകോൺഗ്രസ്സ് ഒരു സാമുദായിക സംഘടനയാണെന്നു പറയുന്നതു് അടിസ്ഥാനരഹിതമാണ്.

സർ, വേറെ ഒരു വാദം ഇവിടെ ഉണ്ടായതു് മന്ത്രിസഭാക്കുഴപ്പം ഈയിടെ ഉണ്ടായ കാലത്തു അതേപ്പററി നമ്മുടെ മന്ത്രിമാർ യാതൊരു പ്രസ്താവനയും പുറപ്പെടുവിച്ചില്ല എന്നാണ്. എന്റെ ഒരു തമിഴ്നാടു കോൺഗ്രസ്സ് സ്നേഹിതൻ, അങ്ങിനെ ഒരു പ്രസ്താവന പുറപ്പെടുവിക്കാതിരുന്നതു വലിയ അബദ്ധമായിപ്പോയി എന്നു കാണിച്ചു ചില പുസ്തകങ്ങൾ വായിക്കുകയും ചില ഭാഗങ്ങൾ ഉദ്ധരിക്കുകയും ചെയ്തു. പാർലമെന്ററി പ്രാക്ടീസ് അനുസരിച്ചു നോക്കുകയാണെങ്കിൽ, ഒരു പക്ഷെ മന്ത്രിസഭാക്കുഴപ്പത്തെപ്പററി ഒരു പ്രസ്താവന ചെയ്യുന്നതു് ന്യായീകരിക്കാമെങ്കിലും ഇവിടെ ചിലർ പറഞ്ഞതുപോലെ, ഒരു മന്ത്രിസഭാക്കുഴപ്പം ഉണ്ടായോ എന്നു സംശയമാണ്. മന്ത്രിസഭയിൽപ്പെട്ട രണ്ടംഗങ്ങൾ അവരുടെ മന്ത്രിപദം രാജിവച്ചു എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ പെട്ടെന്നു ഈ അസംബ്ലി കൂടുന്നതിനു മുൻപു

[Mr. T. K. Narayana Pillai]

തന്നെ ആ രാജി പിൻവലിക്കുകയും അങ്ങനെ ആ വൈഷമ്യം അവസാനിക്കുകയും ചെയ്തു. അതിനെ സംബന്ധിച്ച് മന്ത്രിമാർ ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു. ആ പ്രസ്താവന ൬൦ ലക്ഷം ജനങ്ങളെയും ഉദ്ദേശിച്ചുള്ള ഒരു പ്രസ്താവനയാണ്. ആ സംയുക്തപ്രസ്താവന ഇവിടത്തെ ജനങ്ങളുടെ ക്ഷേമത്തേയും അഭിലാഷത്തേയും എത്രമാത്രം നിറവേറുമെന്നാണ് പ്രധാനമായി ഈ സഭ നോക്കേണ്ടത്. സാങ്കേതികമായി നോക്കുന്നപക്ഷം ആ പ്രസ്താവന ഇവിടെ മന്ത്രിസഭയ്ക്കകത്ത് എന്തെങ്കിലും പിശകുണ്ടായിട്ടുണ്ടെങ്കിൽ തന്നെ അതെല്ലാം തീർന്നിരിക്കുന്നു എന്ന വസ്തുതയെ സബ്സ്റ്റാൻഷിയേററ് ചെയ്യുന്ന ഒരു പ്രമാണമാണ്.

സർ, മുമ്പിവിടെ ഒരു സർ, സി. പി.-യെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ എത്ര സർ, സി. പി. മാർ ഉണ്ടെന്ന് ബഹുമാനപ്പെട്ട ഒരു മുസ്ലിം മെംബർ വളരെ ആവേശത്തോടുകൂടി പറയുകയുണ്ടായി. ആ വാദം എന്നെ ചിരിപ്പിക്കുകയാണ് ചെയ്തത്. ജനായത്തഭരണത്തിൽ വിശ്വസിക്കുന്നവർ തീർച്ചയായും അങ്ങനെ ഒരു വാദം പുറപ്പെടുവിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഒരു രാഷ്ട്രീയകക്ഷിയായി നിന്നു തിരഞ്ഞെടുപ്പിൽ മത്സരിച്ചു വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഭരണം ഏറെറടുക്കാൻ വന്നിരിക്കുന്ന ഒരു പാർട്ടി; ആ പാർട്ടിയുടെ വിശ്വാസം ആർജ്ജിച്ചിട്ടുള്ള മന്ത്രിമാർ; ഇവർ സർ, സി. പി. രാമസ്വാമിഅയ്യരേക്കാൾ ദുഷ്ടരാണെന്നു ഒരു ബഹുമാനപ്പെട്ട മെംബർ പറഞ്ഞാൽ അദ്ദേഹത്തിന്റെ രാഷ്ട്രീയ വിജ്ഞാനത്തെപ്പററി പരിതപിക്കുകയല്ലാതെ മറെറാരു നിവൃത്തിയും കാണുന്നില്ല.

MR. V. O. MARKOS: സർ, എന്റെ മാന്യസ്നേഹിതൻ മി. മുസ്തഫായുടെ ഉപക്ഷേപത്തെ എതിർക്കാനാണ് ഞാൻ ഇവിടെ നില്ക്കുന്നത്. എന്റെ പ്രസംഗത്തിൽ അഭിപ്രായഭിന്നതയ്ക്ക് വകയുള്ള സംഗതികളൊന്നും ഉണ്ടായിരിക്കയില്ല. അതുകൊണ്ട് ഞാൻ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ആരും ചോദ്യം ചോദിക്കേണ്ട ആവശ്യം ഉണ്ടാകയില്ല. അഥവാ ആരെങ്കിലും ചോദിച്ചാൽ ഇടയ്ക്കു മറുപടി പറയുന്നതല്ലെന്ന ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഈ സഭയിലെ പ്രതിപക്ഷകക്ഷികൾ രണ്ടിലും ഉൾപ്പെട്ട വ്യക്തികളോട്, പ്രത്യേകിച്ച് ഈ വാദപ്രതിവാദത്തിൽ പങ്കെടുത്ത സ്നേഹിതന്മാരോട് എനിക്ക് വളരെ ബഹുമാനമുണ്ട്. അവർ ചെയ്തിട്ടുള്ള സൃഷ്ടിപരമായ വിമർശനങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

എന്നാൽ അവർ ഇവിടെ നടത്തിയ വിമർശനങ്ങൾ ശരിയായ ഒരു പ്രതിപക്ഷകക്ഷിക്കുണ്ടായിരിക്കേണ്ട ഉത്തരവാദബോധത്തോടുകൂടി അല്ലായിരുന്നു എന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഉത്തരവാദബോധത്തോടുകൂടിയല്ല എന്നു ഞാൻ പറയുമ്പോൾ 'ഇറസ്പോൺസിബിൾ' എന്ന പദത്തിന്റെ സാധാരണ അർത്ഥത്തിലല്ല ഞാൻ ഉദ്ദേശിക്കുന്നതെന്നു എന്റെ സ്നേഹിതന്മാർ മനസ്സിലാക്കണം.

സർ, പാർലമെന്ററി പ്രാക്ടീസനുസരിച്ചുള്ള ഒരു പ്രതിപക്ഷകക്ഷി ഏതെങ്കിലും കാര്യത്തെക്കുറിച്ച് ഗവൺമെന്റുകക്ഷിയെ വിമർശിക്കുമ്പോൾ ഒരു പ്രത്യേക ചുമതലാബോധത്തോടുകൂടിയാണ് അതു നടത്തുന്നത്. അതായത് ഇന്നല്ലെങ്കിൽ നാളെ രാജ്യഭരണത്തിന്റെ ചുമതല അവർ ഏറ്റെടുക്കേണ്ടിവന്നേക്കാമെന്നുള്ള പ്രതീക്ഷയും, ആ പ്രതീക്ഷയിൽ നിന്നുളവാകുന്ന ചുമതലാബോധവുമാണത്. എന്നാൽ ഇവിടത്തെ പ്രതിപക്ഷകക്ഷിയിൽനിന്നു സംസാരിച്ച ബഹു: അംഗങ്ങൾ ആ ഉത്തരവാദബോധത്തോടുകൂടിയല്ല സംസാരിച്ചിട്ടുള്ളത് എന്നാണ് ഞാൻ പറയുന്നത്. അങ്ങിനെ സംസാരിക്കുവാൻ അവർക്കു നിവൃത്തിയുമില്ല. ഏതെങ്കിലും ഘട്ടത്തിൽ ഇവിടത്തെ ഭരണഭാരം ഏറ്റെടുക്കുവാൻ നിവൃത്തിയില്ലാത്തവണ്ണം അവർ അത്ര ന്യൂനപക്ഷകക്ഷികളാണ്. അങ്ങനെ ഗവൺമെന്റിന്റെ ഭാരം അവർക്ക് ഏറ്റെടുക്കുവാൻ സാദ്ധ്യതയില്ലാത്തിടത്തോളംകാലം ഉത്തരവാദബോധത്തോടുകൂടി പ്രവർത്തനം നടത്തുന്ന ഒരു പാർലമെന്ററി ആപ്പോസിഷൻ പാർട്ടിയായി ഈ രണ്ടു പാർട്ടികളേയും ഗണിക്കാവുന്നതല്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് പ്രായോഗികമല്ലാത്ത കാര്യങ്ങളെ സംബന്ധിച്ച് ഏറ്റവും അപലപനീയമായവിധത്തിൽ അവർ സംസാരിക്കാൻ മുതിർന്നത്.

പ്രതിപക്ഷകക്ഷി അംഗങ്ങളുടെ പ്രസംഗങ്ങളിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു കാര്യം, എനിക്കു മുമ്പ് പ്രസംഗിച്ച എന്റെ ബഹുമാന്യസ്നേഹിതന്മാർ പറഞ്ഞതുപോലെ, ഈ പാർട്ടികളിൽപ്പെട്ട ആരേയും ഇന്ന് മന്ത്രിസഭയിലേക്ക് എടുത്തില്ലല്ലോ എന്നുള്ള ഒരു അമർഷമാണ്. ഇപ്പോൾ നിലവിലിരിക്കുന്നത് ഒരു ഇടക്കാലഗവൺമെന്റാണെന്നും ആ നിലയ്ക്കു ഒരു സംയുക്തകക്ഷിഭരണമായിരുന്നു ഇവിടെ നടപ്പാക്കേണ്ടിയിരുന്നതെന്നും ആണ് അവർ കൊണ്ടുവന്ന വാദം. എന്നാൽ ഞാൻ പറയുന്നത് ഇത് ഒരു ഇടക്കാല ഗവൺമെന്റല്ല

Mr. V. O. Markos]

എന്നാകുന്നു. ജനകീയഭരണസമ്പ്രദായത്തിൽ ജനങ്ങളോടും നിയമസഭയോടും ഉത്തരവാദപ്പെട്ട് നടത്തിക്കൊണ്ടുപോകുന്ന ഒരു പാർട്ടിഭരണസമ്പ്രദായംതന്നെയാണ് ഇന്നിവിടെ നിലവിലിരിക്കുന്ന ഭരണസമ്പ്രദായം. എന്നാൽ എന്തുകൊണ്ടാണ് ഇപ്പോഴത്തെ ഭരണഘടനാ ആക്ടിനു 'ഇൻറീരിം കാൺസ്റ്റിറ്റ്യൂഷൻ' ആക്ട് എന്ന പേര് കൊടുത്തതെന്ന് ചോദിച്ചേക്കാം. ഈ രാജ്യത്തെ ജനങ്ങളുടെ ഭരണത്തിനായി വേണ്ട കാൺസ്റ്റിറ്റ്യൂഷന്റെ വിശദവിവരങ്ങൾ നിശ്ചയിക്കുവാനാണ് ഈ സമിതിയംഗങ്ങളടങ്ങിയ പ്രതിനിധിസഭയോടാവശ്യപ്പെട്ടിരിക്കുന്നത്. അതുണ്ടാക്കി പുതിയ ഭരണഘടന നടപ്പിലാക്കുന്നതുവരെ ഭരണം നടത്തിക്കൊണ്ടുപോകുന്നതിലേക്കുള്ള ഒരു വ്യവസ്ഥയാണ് ഇൻറീരിം ആക്ടിൽ ചെയ്തിരിക്കുന്നതെങ്കിലും, പൂർണ്ണമായ ഉത്തരവാദിത്വഭരണവും, പൂർണ്ണമായ പാർട്ടിഭരണസമ്പ്രദായവും, പാർലമെൻററി അധിഷ്ഠാനത്തിന്മേലുള്ള ക്യാബിനററുഭരണരീതിയും, ആ ആക്ടിൽ സാർവ്വത്രികമായി അംഗീകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. ആ വിധത്തിലുള്ള ഒരു ഇടക്കാല ഗവർമെൻറു ഇവിടെ സ്ഥാപിക്കണമെന്നുള്ള ജനങ്ങളുടെ അഭിപ്രായം അനുസരിച്ച് ആ ആക്ട് നടപ്പിൽ വരുത്തിയിരിക്കുകയാണ്. പല രാജ്യങ്ങളിലും ഉണ്ടായിട്ടുള്ളതുപോലെ ഒരു പ്രക്ഷോഭണമദ്ധ്യേ ഗവർമെൻറും ജനങ്ങളും തമ്മിലുള്ള ഒരു ഒത്തു തീർപ്പിന്റെ ഫലമായി വ്യക്തികളെക്കൂടെ നിശ്ചയിച്ച് നടപ്പിലാക്കിയ ഒരു ഇൻററിംഭരണക്രമമല്ല ഇപ്പോഴ് നടപ്പിലിരിക്കുന്ന ഇൻററിം ഗവർമെൻറ്. അപ്രകാരം ഉണ്ടാകാവുന്ന, ജനങ്ങൾക്കു മാത്രമായി മാററാൻ കഴിയാത്ത, ഒരു സംയുക്തഭരണക്രമം ഒരു ഇൻററിം ഗവർമെൻറായിരുന്നേനെ. എന്നാൽ, ഇവിടെ നിലവിലിരിക്കുന്ന ഗവർമെൻറ് ജനങ്ങൾ ആവശ്യപ്പെട്ട എല്ലാ അവകാശങ്ങളും അനുവദിച്ച ഒരു വിളംബരത്തിൻശേഷം ജനങ്ങളോടുത്തരവാദമുള്ള പ്രതിനിധികളെ ജനങ്ങൾ തെരഞ്ഞെടുത്ത്, വ്യവസ്ഥാപിതജനായത്തഭരണസമ്പ്രദായത്തിന്, ഭൂരിപക്ഷകക്ഷിയോടാവശ്യപ്പെട്ട് ഭൂരിപക്ഷകക്ഷിയുടെ നിർദ്ദേശാനുസരണം രൂപമെടുത്ത മന്ത്രിസഭയോടുകൂടിയ സംപൂർണ്ണമായ ഒരു ഉത്തരവാദഭരണഗവർമെൻറാണ്. അങ്ങനെയുള്ള ഗവർമെൻറിന് ആ ഭൂരിപക്ഷപാർട്ടിയിൽപ്പെടാത്ത അംഗങ്ങൾക്ക് ക്യാബിനററിൽ പ്രാതിനിധ്യം കൊടുക്കുകയെന്നുള്ളത് പാർട്ടിഭരണസമ്പ്രദായത്തിന് യോജിച്ചതല്ല, കാര്യക്ഷമവുമല്ല. ജനായത്തഭരണതത്വവും ഇപ്പോഴ് നിലവിലിരിക്കുന്ന ഇൻററിം ആക്ടിന്റെ പേർപ്പാതെ അതിലടങ്ങിയിരിക്കുന്ന ഭരണവ്യവസ്ഥകളും ഒരു പ്രതിപക്ഷ

കക്ഷിയുടെ ഉത്തരവാദിത്വങ്ങളും ശരിക്ക് മനസ്സിലാക്കിയിരുന്നെങ്കിൽ ഈ മാന്യസ്നേഹിതന്മാർ ഇങ്ങനെയുള്ള അവകാശവാദങ്ങളും പുറപ്പെടുവിക്കുകയില്ലായിരുന്നു.

MR. A. ABDUL RAZAAK: Can I appeal to the good sense of the Hon'ble member that he answers at least one question?
(Mr. Markos did not yield)

MR. V. O. MARKOS: സർ, ഒരു ഡിമോക്രാറ്റിക് ഗവണ്മെന്റിൽ ആപ്പോസിഷൻ ഉണ്ടായിരിക്കുന്നത് വളരെ നല്ലതാണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ പ്രയോജനത്തെപ്പറ്റിയും അതുകൊണ്ടു ഭരണം നടത്തുന്ന പാർട്ടിക്കുണ്ടാകാവുന്ന ഗുണത്തെപ്പറ്റിയും മി. ററി. കെ. നാരായണപിള്ള പറകയുണ്ടായി. എന്നാൽ ഒരു കാലത്തു ഗവണ്മെന്റിന്റെ ഉത്തരവാദിത്വവും ചുമതലയും തങ്ങൾക്ക് ഏറ്റെടുക്കേണ്ടിവരും എന്നുള്ള ചുമതലാബോധത്തിൽ ഒരു ഓപ്പോസിഷൻ പാർട്ടി പ്രവർത്തിക്കുന്നുവെങ്കിൽ മാത്രമെ മി. ററി. കെ. പറഞ്ഞ വിധത്തിലുള്ള പ്രയോജനവും ഗുണവും ലഭിക്കുകയുള്ളു. യാതൊരു കാലത്തും ഗവണ്മെന്റിന്റെ ഭാരം ഏറ്റെടുക്കേണ്ടിവരുകയില്ല എന്ന ബോദ്ധ്യത്തോടുകൂടി നിരുത്തരവാദപരമായി ചെയ്യുന്ന പ്രസംഗങ്ങൾകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. ഇന്നിവിടെ രണ്ടു ആപ്പോസിഷൻപാർട്ടികളുള്ളതിൽ ഒന്ന് ഒരു ചെറുജനവിഭാഗത്തേയും മറ്റൊന്നു ഒരു ചെറിയ പ്രദേശത്തേയും മാത്രം പ്രതിനിധീകരിക്കുന്നു. ഈ രണ്ടു പാർട്ടികൾക്കും രാജ്യവ്യാപകമായ യാതൊരു പരിപാടിയുമില്ല. ഒരു പാർട്ടി മതാധിഷ്ഠാനത്തിലുള്ള ഒരു സമുദായത്തിനു വേണ്ടിമാത്രം നിലകൊള്ളുന്നു. മറ്റേ പാർട്ടി ഈ രാജ്യത്തുനിന്നു പുറത്തുപോയി ഇതര രാജ്യത്തോടു ചേരണമെന്നു വാദിക്കുന്ന ഒരു രാജ്യവിഭാഗത്തിനുവേണ്ടി മാത്രം നിലകൊള്ളുന്നു. വീണ്ടും ഒരു തെരഞ്ഞെടുപ്പുണ്ടാകുന്ന അവസരത്തിൽ രാജ്യവ്യാപകമായ ഒരു പരിപാടിയിന്മേൽ രാജ്യമൊട്ടുക്ക് സ്ഥാനാർത്ഥികളെ നിറുത്തി മത്സരിക്കുവാനോ അതിന്റെ ഫലമായി എന്നെങ്കിലും നിയമസഭയിൽ ഒരു ഭൂരിപക്ഷകക്ഷിയായി തീരുവാനോ സാദ്ധ്യതയില്ലാത്തതും ആഗ്രഹിക്കുവാൻപോലും നിർവാഹമില്ലാത്തതുമായ രണ്ടു കക്ഷികളാണിവർ. ആ നിലയ്ക്ക് ... .

MR. A. ABDUL RAZAAK: On a point of order, Sir, a Ministry has been constituted under the Interim Constitution Act, 1123 and is is functioning as such. So, is the Hon'ble member in order when he says that a Government under normal circumstances is in force?

MR. PRESIDENT : It is a matter of opinion.

MR. MANNAR GOPALAN NAIR : The Hon'ble member has been sitting while he was putting the point of order. (laughter).

MR. PRESIDENT : Mr. Markos will continue.

MR. V. C. MARKOS : സർ, ആ നിലയ്ക്കു ഡെമോക്രാറ്റിക് പ്രിൻസിപ്പിൾ അനുസരിച്ചുള്ള അവകാശങ്ങൾക്കൊ പരിഗണനകൾക്കൊ അർഹതയുള്ള ഒരു അസ്സോസിയേഷൻ പാർട്ടിയേ ഇവിടെ ഉള്ളു എന്നാണ് ഞാൻ സമർത്ഥിക്കുന്നതു്. ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് വോട്ടു ചെയ്യുമ്പോൾ ഈ വസ്തുത ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാർ ആലോചിക്കണമെന്നു് ഞാൻ ഉൽബോധിപ്പിക്കുന്നു.

MR P. C. ADICHAN (*Kunnathur II—Kurava*) : സമയക്ലിപ്തം വളരെ ഊർജ്ജിതമായി നടപ്പിലിരിക്കുന്ന ഈ സന്ദർഭത്തിൽ എന്താണു പറയേണ്ടതു് എന്നറിയാതെ വിഷമിക്കുകയാണ്.

MR. PRESIDENT : മെംബർക്കു പറയണമെന്നു തോന്നുന്നതു പറയാം.

MR. P. C. ADICHAN : സർ, ഇവിടെ മുൻ കഴിഞ്ഞ പല കാര്യങ്ങളും മറക്കണം ക്ഷമിക്കണം എന്നു പറഞ്ഞിട്ടുള്ളതായി എനിക്കറിയാം. എങ്ങനെയാണ് മറക്കുകയും ക്ഷമിക്കുകയും ചെയ്യുന്നതു്? അങ്ങനെ ക്ഷമിക്കണം എന്നു പറഞ്ഞു കഴിയുമ്പോൾ കഷ്ടിച്ചു രണ്ടു മൂന്നു ദിവസത്തിനുമുൻപ് മി. പി. കെ. കൃഷ്ണൻശാസ്ത്രി ഒരടിയന്തിരപ്രമേയവും ആയി വന്നിരുന്നു. അതു് ബാലരാമപുരത്തു് ഒരു പുലയനെ അവൻ താമസിക്കുന്ന സ്ഥലത്തു് ഒരു മരത്തിൽ കീഴ്ക്കാംതൂക്കായി കെട്ടിത്തൂക്കി ഇട്ടിരിക്കുന്നു എന്നതാണ്. സർ, അവന്റെ സ്ഥിതി എന്തായി എന്നു ഇപ്പോൾ അറിയാൻ പാടില്ലെങ്കിലും അതിനെപ്പറ്റി കേസ്സെടുത്താൽ ഈ സാധുക്കളായ പുലയർക്കു കേസ്സ് ജയിക്കുവാൻ സാധിക്കുകയില്ല. അതിനുള്ള സാക്ഷികൾ അവർക്കു കിട്ടുകയില്ല. എത്രയെത്രപേരുടെ വീടുകൾ തീ വയ്ക്കുകയും അവരെ അടിച്ചു വെളിയിലാക്കുകയും ചെയ്തശേഷമാണ് ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുന്നതു്. ബഹു: റവന്യൂമന്ത്രി ഇതു അറിഞ്ഞിട്ടുണ്ടെന്നാണ് വിചാരിക്കുന്നതു്. അവശസമുദായത്തിൽപെട്ട പലരും താമസിക്കാൻ വീടില്ലാതെ ഇങ്ങനെ ഓരോ സ്ഥലത്തു താമസിക്കുന്നുണ്ട്. അവർ പെട്ടെന്ന് ഇങ്ങനെയുള്ള സംഭവങ്ങൾക്കു വിധേയരാകുമ്പോൾ ഉടൻ അധികാരസ്ഥാനങ്ങളിൽ അറിയിക്കുവാൻ സൗകര്യം കിട്ടുകയില്ല. അതിനുള്ള സാമർത്ഥ്യവും അവർക്കില്ല. അതിനാൽ

ഇങ്ങനെയുള്ള സംഭവങ്ങൾ മേലാൽ ഉണ്ടാകാതിരിക്കാൻവേണ്ടി അട്കടക്കിടക്കുന്നവരെ ഓടിച്ചിറക്കുന്നതിനെ എതിർത്തു് ഒരാർഡർ ഉണ്ടാക്കാൻ ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു.

ഇനി വേറൊരു കാര്യം പറയാനുണ്ടു്. ഇന്നത്തെ യുഗം ജനകീയ യുഗമാണു്. ഈ ജനകീയ യുഗം ത്യാഗത്തിൻെറയും പരിവർത്തനത്തിൻെറയും ഫലമാണെന്നു് പറയുന്നു. എന്നാൽ യഥാർത്ഥമായ ത്യാഗം എന്താണു്, അതു് കൂടുതൽ നിർവഹിച്ചിട്ടുള്ളവർ ആരാണ് എന്നു് ബഹു: ഗവൺമെൻറും മെംബറന്മാരും അറിയണം. ജനഹിതത്തിൽ കവിഞ്ഞു് യാതൊരു എതിർശബ്ദവും പുറപ്പെടുവിക്കാതെ പ്രവർത്തിച്ചിട്ടുള്ള കൂലിവേലക്കാരൻെറ ത്യാഗമാണു് യഥാർത്ഥമായ ത്യാഗം. ഈ കൂലിവേലക്കാരൻ അനേകതലമുറകളായി പല ത്യാഗങ്ങളും സഹിച്ചിട്ടുണ്ടെങ്കിലും അവർ ഇതുവരെ യാതൊരു പണിമുടക്കുകളോ പ്രക്ഷോഭണങ്ങളോ നടത്തീട്ടില്ല. അവർ വാരികുന്തം എടുത്തിട്ടില്ല. അവർ സമരഭീഷണി മുഴക്കീട്ടില്ല. വളരെ പരിശുദ്ധമായ ത്യാഗമാണു് അവരുടേതു്. അതിനാൽ ഉത്തരവാദഭരണത്തിൽ അവർ അർഹിക്കുന്ന പദവിയും അവർക്കു കൊടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഈ രാജ്യത്തിൻെറ ദുഃഖത്തിലായാലും സുഖത്തിലായാലും അവർക്കു് മുൻഗണന കൊടുക്കണം. അനേകായിരം വർഷങ്ങളായി ഇങ്ങനെ ത്യാഗം സഹിച്ചു് അവരുടെ ത്യാഗം ശരിയായി അറിഞ്ഞിട്ടും അവർ മുറവിളികൂട്ടാതെയിരിക്കുന്നതുകൊണ്ടു് ഗവൺമെൻററിഞ്ഞു് അവർക്കു വേണ്ട പരിഗണന കൊടുക്കണമെന്നാണു് ഞാൻ പറഞ്ഞതിൻെറ ഉദ്ദേശം.

പിന്നെ മറെറാന്നു പറയാനുള്ളതു് ഈ രാജ്യത്തു് മനുഷ്യൻെറ പൈശാചികസംസ്കാരത്തിൻെറ സാമ്പത്തികവും സാമൂഹ്യവും ആയ പല കോട്ടകളും തട്ടിത്തകർത്തു യാതൊരു വർഗ്ഗവ്യത്യാസവും ഇല്ലാതെയുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുകയാണു് വേണ്ടതു്. അതിനുവേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. യാതൊരു വഴക്കും ഉണ്ടാകാതെ ബഹു: മന്ത്രിസഭയും മന്ത്രിസഭയെ മുന്നോട്ടു കൊണ്ടുപോകുന്ന പാർട്ടിയും അറിഞ്ഞു പെരുമാറണം എന്നു പറഞ്ഞുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

The House rose at 5. P. M.

R. KERALAVARMA THIRUMULPAD,

Ag. Secretary to the Legislative Assembly.

PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION 1948/1123.
(*OFFICIAL REPORT*).

Saturday the 14th August 1948/30th Karkatakam 1123.

The House re-assembled in the Legislative Chamber, Public Offices at 11 A. M on Saturday, the 14th August 1948/30th Karkatakam 1123, the President, (the Hon'ble Mr. A. J. John) in the Chair.

STARRED QUESTIONS AND ANSWERS.

സ്വന്തഭൂമിയില്ലാത്ത പിന്നോക്കസമുദായക്കാർ.

202. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) വീടുകെട്ടി കിടക്കാൻ സ്വന്ത ഭൂമിയില്ലാത്ത പിന്നോക്ക സമുദായക്കാർ ഗവൺമെന്റുവക സ്ഥലങ്ങളിൽ പ്രവേശിച്ചു വീടുകെട്ടി താമസിച്ചതിൽ അവരെ ഒഴിപ്പിച്ചു് ആ സ്ഥലം തന്നെ ലേലത്തിൽ വിററിട്ടുള്ളതായി പരാതി ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ?

(ബി) അങ്ങനെയുള്ള സ്ഥലങ്ങളെ, അവരുടെ ദേഹണ്ണങ്ങളും മററും കരുതി അവർക്കുതന്നെ കുത്തകപ്പാട്ടമായോ മററോ കൊടുത്തു സഹായിക്കുവാനുള്ള ഒരു പരിപാടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : (എ) ഇല്ല.

(ബി) അങ്ങനെയുള്ള സ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ലെങ്കിലും അധഃകൃതരുടെ കയ്യിൽ ദേഹണ്ണസ്ഥലങ്ങൾ ഇരിക്കുന്നുണ്ടെങ്കിൽ, അതു അവർക്കു കൊടുക്കണമെന്നാണു ഗവൺമെന്റു വിചാരിക്കുന്നതു്.

MR. KANNARA GOPALA PANICKER (*Thiruvalla II—General*): പിന്നോക്കസമുദായങ്ങളിൽ ഏതെല്ലാം സമുദായങ്ങൾ ഉൾപ്പെടും?

HON'BLE MR. C. KESAVAN : അതിന്ന നോട്ടിഫിക്കേഷനുണ്ട്, അതു നോക്കിയാലറിയാം.

പ്രൈവററ് ഹോസ്റ്റലുകൾ.

303. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹരിജൻ വിദ്യാർത്ഥിനികളെ താമസിപ്പിച്ചുവരുന്ന പ്രൈവററ് ഹോസ്റ്റലുകൾ ഏതെല്ലാം എന്നും, ഓരോന്നിലും ഉള്ള വിദ്യാർത്ഥിനികൾ എത്രയെന്നും, ഓരോ സ്ഥാപനത്തിനും പ്രതിമാസം പിന്നാക്കസമുദായ സംരക്ഷകഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്ന ഗ്രാൻറ് എത്ര എന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിന്ന ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഹരിജന വിദ്യാർത്ഥിനികളെ തിരുവനന്തപുരത്തു ആനന്ദനിലയം, മഹിളാമന്ദിരം എന്നീ രണ്ട് ഹോസ്റ്റലുകളിൽ താമസിപ്പിക്കുന്നതിന്ന ഏർപ്പാടുചെയ്തിട്ടുണ്ട്. ആദ്യത്തേതിൽ ൨൦-ം, രണ്ടാമത്തേതിൽ ൨൮-ം കുട്ടികൾ താമസിക്കുന്നു. ആനന്ദനിലയത്തിലുള്ള കുട്ടികൾക്ക് ൩൦ രൂപ ഗ്രാൻറ് കൊടുക്കുന്നുണ്ട്. മഹിളാമന്ദിരത്തിൽ കാളേജിലും, ഹൈസ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക ൩൦ രൂപ വീതം ഗ്രാൻറു കൊടുക്കുന്നു. മററു ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക ൨൫ രൂപയും ഗ്രാൻറു കൊടുക്കുന്നുണ്ട്.

MR. KANNARA GOPALA PANICKER : ഹരിജനങ്ങൾക്കുവേണ്ടി ചെങ്ങന്നൂരിൽ ഒരു പ്രൈവററു ഹോസ്റ്റൽ നടത്തുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

MR. ALEXANDER VAKAYIL (*Parur II—Latin Catholic Reserved*) : ഈ ഹരിജനഹോസ്റ്റലുകളിലെ താമസം തൃപ്തികരമല്ലെന്നു ഗവൺമെൻറിന്ന പരാതികൾ കിട്ടിയിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

MR. ALEXANDER VAKAYIL : ഹരിജനഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഈ സഭയിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളെ നോൺ ഒഫിഷ്യൽ അംഗങ്ങളായി നിയമിച്ചാൽ ഹോസ്റ്റലുകളെ സംബന്ധിച്ചു ശരിയായ റിപ്പോർട്ടുകൾ കിട്ടാൻ സാധിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അതേപ്പറ്റി ആലോചിക്കേണ്ട ആവശ്യം ഗവണ്മെൻറിനുണ്ടായില്ല. വേണമെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

ഹരിജൻ ഹോസ്റ്റലുകൾ.

304. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹോസ്റ്റലുകളിൽ താമസിക്കുന്ന പിന്നോക്കസമുദായവിദ്യാർത്ഥികളുടെ സുഖസൌകര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G RAMACHANDRAN : അങ്ങനെ ഒരു പ്രത്യേക ഉദ്യോഗസ്ഥനില്ല. അതുകൊണ്ട് മററുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

MR P. K. KRISHNAN SASTRI : ഹരിജനഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കു പലവിധ അസൗകര്യങ്ങളും ഉണ്ടാകുന്നുണ്ടെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : ചിലതൊക്കെ കാണും.

MR P. K. KRISHNAN SASTRI : അതുകൊണ്ടു ഈ അസൗകര്യത്തെപ്പറ്റി അന്വേഷിക്കുന്നതിനു പ്രത്യേകം ആളുകളെ നിയമിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അന്വേഷിക്കുന്നതിനു പ്രത്യേകം ആളെ വയ്ക്കുന്നതിനെപ്പററി ആലോചിച്ചിട്ടില്ല. ഇപ്പോൾ ഹോസ്റ്റലിൽ ഒരു വാർഡനുണ്ട്. പിന്നെ അവശസമുദായ സംരക്ഷകൻ എന്ന ഉദ്യോഗസ്ഥനുമുണ്ട്. അതുകൊണ്ട് പ്രത്യേകം ആളു വേണമെന്നു തോന്നുന്നില്ല.

MR. ABDUL AZIZ (*Trivandrum I—Muslim Reserved*) : ഇവിടെ അവശസമുദായക്കാർ എന്നു ഉത്തരത്തിൽ പറഞ്ഞതു്, ഹൈന്ദവവിഭാഗത്തിൽപ്പെട്ടവരെമാത്രം ഉദ്ദേശിച്ചാണോ?

HON'BLE MR. G. RAMACHANDRAN: അതിനു് ഉത്തരം പെട്ടെന്നു പറയുവാൻ നിവൃത്തിയില്ല. അവശസമുദായക്കാരെന്നു പൊതുവെ പറയാം.

MR. K. A. MATHEW (*Thiruvalla IV— General*) : ഹരിജനവിദ്യാർത്ഥികളെ മററുള്ള കുട്ടികൾ താമസിക്കുന്ന സ്ഥലത്തു് താമസിപ്പിക്കുന്നതല്ലേ നല്ലതു?

HON'BLE MR. G. RAMACHANDRAN : അതിന് ഉത്തരം ഞാൻ ഇന്നലെ പറഞ്ഞതാണ്. മററുള്ളവരുടെ കൂട്ടത്തിൽ താമസിപ്പിക്കുന്നതാണ് നല്ലത്. എന്നാൽ അതിനു വളരെ പ്രതിബന്ധങ്ങളുണ്ട്.

Industrial Concerns.

305. MR. E. K. MADHAVAN (*Parur I—General*) : Will the Honourable Minister for Industries be pleased to state :

(*a*) the amount invested by the Government in the F. A. C. T, F. I. T. and Travancore Rayons Ltd ;

(*b*) whether the Government have advanced any loan to any of these companies ;

(*c*) if so, how much to each ;

(*d*) whether the F. A. C. T., is now running at a loss ;and

(*e*) if so how much loss have they incurred till now and whether Government intend to take any measures for the proper management so that it may be turned into a profitable concern ?

HON'BLE MR. T. M. VARGHESE : (എ) ഫെർട്ടിലൈസേഴ്സ് ആൻറു കെമിക്കൽസിനു ഗവണ്മെൻറു ൧,൧൨,൫൦,൦൦൦ രൂപാ മുടക്കിയിട്ടുണ്ട്. ഫാറസ്ററു ഇൻഡസ്ട്രീസിന് ൧൨,൬൫,൦൦൦ രൂപയും, ട്രാവൻകൂർ റയൺസിനു ൩൦ ലക്ഷം രൂപയും മുടക്കിയിട്ടുണ്ട്.

(ബി), (സി) ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസിനു ൪൫ ലക്ഷം രൂപാ കടമായിട്ടു കൊടുത്തിട്ടുണ്ട്. ആ കമ്പനിയുടെ മൂലധനം ൨ കോടിയായി വർദ്ധിപ്പിച്ചിരിക്കുന്നതുകൊണ്ട് ഗവണ്മെൻറിൽനിന്നും ഓഹരിമൂലധനം വകയിൽ കൊടുക്കേണ്ടിയിരിക്കുന്ന ൧ കോടി രൂപയ്ക്കുവേണ്ടി ഈ ൪൫ ലക്ഷം രൂപ വകവച്ചുകൊള്ളാമെന്നു ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ട്. അതുകൂടാതെ, ൯ ലക്ഷം രൂപാ ഈ കമ്പനിക്ക് അഡ്വാൻസായി കൊടുത്തിരുന്നു. അഡ്വാൻസ് കൊടുത്തതു് അമോണിയം സൾഫേററിൻെറ വിലയായി കണക്കാക്കി ആ തുക മുഴുവൻ തന്നുതീർത്തു. വീണ്ടും ൯ ലക്ഷം രൂപാ അഡ്വാൻസായി കൊടുത്തിട്ടുണ്ട്. ആ തുകയ്ക്കും അമോണിയം സൾഫേററു തന്നുതീർത്തുകൊണ്ടുവരികയാണ്. തന്നുതുടങ്ങിയിട്ടേയുള്ളു.

ഫാറസ്ററു ഇൻഡസ്ട്രീസിന് ഒന്നുംതന്നെ കടമായി കൊടുത്തിട്ടില്ല. റയോൺസിനു ൯൯ ലക്ഷം രൂപാ കടം ചോദിച്ചിട്ടുണ്ട്. പക്ഷ

ഗഡുക്കളിലായി അവരുടെ യന്ത്രസാമഗ്രികൾ ഇവിടെ വരുമ്പോൾ അതിന്റെ വില കൊടുക്കുന്നതിന് ഗവണ്മെന്റിനോട് കടമായി ആവശ്യപ്പെട്ടിരിക്കയാണ്. നൂറു ലക്ഷം രൂപ കടം ചോദിച്ചുവെങ്കിലും, എട്ടു ലക്ഷം രൂപ തല്ക്കാലം കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. അതു കൊടുത്തു തുടങ്ങിയിട്ടില്ല. പല അവസരങ്ങളിലായിട്ടാണു ഈ തുക കൊടുക്കേണ്ടതു്.

(ഡി), (ഇ) ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസും ഫാസ്റ്ററ് ഇൻഡസ്ട്രീസും ലാഭമോ നഷ്ടമോ എന്നു തീർച്ചപ്പെടുത്താറായിട്ടില്ല. ലാഭമായിട്ടാണു ഇപ്പോഴും നടക്കുന്നതു്. നഷ്ടപ്പെടുമോ എന്ന കാര്യം ഇപ്പോഴും പറയാവുന്നതല്ല. ഈ കമ്പനി കമേർഷ്യൽ സ്കെയിലിൽ ഉൽപ്പാദനം തുടങ്ങിയിട്ടില്ല. അല്പംകൂടി കഴിഞ്ഞു് അതിന്റെ മെഷിനറി ശരിയായ നിലയിൽ ഏർപ്പെടുത്തി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞതിനുശേഷം മാത്രമേ അതിന്റെ മാക്സിമം ഉല്പാദനം ഉണ്ടാകുകയുള്ളു. അമോണിയം സൾഫേറ്റുണ്ടാക്കുക എന്ന ജോലിയാണു ഇപ്പോൾ അവിടെ പ്രധാനമായി നടക്കുന്നതു്. അമോണിയം സൾഫേറ്റു നമുക്കും മദ്രാസ് ഗവണ്മെന്റിനും വില്പനയ്ക്കു തരുന്നുണ്ടു്. പൂർണ്ണമായ ഉൽപ്പാദനം തുടങ്ങിക്കഴിഞ്ഞതിനുശേഷം മാത്രമേ ഈ സ്ഥാപനം ലാഭമോ നഷ്ടമോ എന്നു പറയാൻ സാധിക്കയുള്ളു.

MR. E. K. MADHAVAN : രണ്ടുകോടി രൂപാ മൂലധനത്തിൽ തുടങ്ങിയിരിക്കുന്ന ആ കമ്പനിയുടെ ഷെയർ മൂലധനം മുഴുവൻ തിരുവിതാംകൂർ ഗവണ്മെന്റു എടുത്തിരിക്കെ, ഏതാണ്ടു അത്രയും തന്നെ കടം കൊടുക്കേണ്ടിവന്നതു എന്താണെന്നു പറയുമോ?

HON'BLE MR. T. M. VARGHESE : ഗവണ്മെന്റു അന്വേഷണം നടത്തിയതിൽ ആ കമ്പനി ശരിയായി നടക്കണമെങ്കിൽ കടം കൊടുത്തേ ഒക്കുകയുള്ളു എന്നു ബോദ്ധ്യമായി. രണ്ടാമതു ഇപ്പോഴും രണ്ടു കോടി രൂപയുടെ ഓഹരി കൂടുതലായി വർദ്ധിപ്പിച്ചിട്ടുണ്ടു്. മദ്രാസ് ഗവണ്മെന്റും കൊച്ചി ഗവണ്മെന്റും അവരുടെ ഓഹരി കമ്പനിക്കു കൊടുത്തുകഴിഞ്ഞു. നമ്മുടെ ഓഹരികൂടി കൊടുക്കേണ്ടതു് ആവശ്യമാണു്. അതു ഒരുകോടി രൂപവരും. അധികമായി ൯൦ ലക്ഷം രൂപ കൊടുത്തതു്. യന്ത്രസാമഗ്രികളുടെ വില വർദ്ധിച്ചതുനിമിത്തം വളത്തിന്റെ വിലയും വർദ്ധിച്ചു. അതുകൊണ്ടു കൂടുതൽ സംഖ്യ വളത്തിന്റെ വിലയായി ഗവണ്മെന്റു കൊടുക്കേണ്ടിവന്നു. മാത്രമല്ല, യന്ത്രസാമ

[Hon'ble Mr. T. M. Varghese.]

ഹ്രികളുടെ വില വർദ്ധിപ്പിച്ചതനുസരിച്ച് കമ്പനിക്കാർ ആവശ്യപ്പെട്ട ൩൦ ലക്ഷം രൂപാക്കൂടി കൊടുക്കാതെവന്നാൽ മുടക്കിയിട്ടുള്ള സംഖ്യതന്നെയും നഷ്ടപ്പെടും എന്ന വിചാരംകൊണ്ടാണ് കമ്പനിയുടെ മൂലധനം വർദ്ധിപ്പിച്ചും കടം കൊടുക്കാമെന്നു ഗവൺമെൻറു തീരുമാനിച്ചതു്.

MR. E. K. MADHAVAN : ൩൦ ലക്ഷം രൂപാ ഇപ്പോഴും ഈ കമ്പനിക്കു അഡ്വാൻസു കൊടുത്തതായി പറഞ്ഞു. ഇങ്ങനെ അഡ്വാൻസു കൊടുക്കുന്നതുകൊണ്ടു ഗവൺമെൻറിനു എന്തെങ്കിലും സൌജന്യം കിട്ടുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : കൊടുക്കുന്ന പണത്തിനു പലിശ കിട്ടുന്നുണ്ടു് അല്ലാതെ വിശേഷാൽ സൌജന്യങ്ങളൊന്നുമില്ല. പിന്നെ, കൃഷിയുടെ ആവശ്യത്തിനു അമ്മോണിയം സൽഫേററു, സൂപ്പർഫോസ്ഫേററു്, മുതലായ സാധനങ്ങൾ നമ്മുടെ ആവശ്യങ്ങൾ കഴിഞ്ഞു ബാക്കിയുണ്ടെങ്കിൽ മാത്രമേ മററുള്ളവർക്കു കൊടുക്കുകയുള്ളു എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ വ്യവസ്ഥ ഇതുവരെ അവർ അനുസരിച്ചിട്ടുമുണ്ടു്. കമ്പനിയുടെ നടത്തിപ്പിന് കടം കൊടുക്കേണ്ടതു ആവശ്യമാണെന്നു ഗവൺമെൻറിനു ബോദ്ധ്യം വന്നതിനുശേഷമാണ് കടം കൊടുത്തിരിക്കുന്നതു്.

MR. E. K. MADHAVAN : ഓഹരി മൂലധനം കൂട്ടിയിട്ടുള്ളതു് കമ്പനിയുടെ അനാശാസ്യച്ചെലവുകൊണ്ടാണെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അങ്ങനെ വിചാരിക്കാൻ ന്യായം കാണുന്നില്ല. കമ്പനിക്കു ഇപ്പോഴുണ്ടായിട്ടുള്ള ചെലവിൽ ആശാസ്യമായതു ഏതു്, അനാശാസ്യമായതേതു് എന്നു കണ്ടുപിടിക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും ആ നിലയിൽ കമ്പനിയുടെ ചെലവുകളെ നിയന്ത്രിക്കുന്നതിനും വേണ്ട നടപടികൾ ഗവൺമെൻറു എടുത്തുവരികയാണ്. ഏതായാലും അനാശാസ്യച്ചെലവുകൾമൂലമാണോ ഇത്രയും രൂപാ കടം ചോദിക്കേണ്ടിവന്നതെന്നുള്ള ചോദ്യത്തിനു് "അല്ല" എന്ന ഉത്തരമേ ഗവൺമെൻറിനു അധികൃതമായി പറയുവാൻ സാധിക്കുകയുള്ളു.

MR. E. K. MADHAVAN : ഗവണ്മെൻറിൽനിന്നും നാമിനേററു ചെയ്തിട്ടുള്ള ഡയറക്ടർമാരുടെ സ്നേഹിതന്മാരും ബന്ധുക്കളുമായ ആളുകളാണ് ആ കമ്പനിയിലെ ഉദ്യോഗസ്ഥന്മാരിൽ ഭൂരിഭാഗവുമെന്ന ഗവണ്മെൻറിനറിയാമോ?

MR. PRESIDENT : ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

MR. ABDUL AZIZ : ഈ കമ്പനിയുടെ നടത്തിപ്പിലുള്ള നിയന്ത്രണം ഗവണ്മെൻറിനു എത്രത്തോളമുണ്ടെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : കമ്പനിയെ നിയന്ത്രിക്കാനുള്ള അധികാരം ഗവണ്മെൻറിനുണ്ട്. കമ്പനിയുടെ നടത്തിപ്പിനെയും അതിൻെറ പുരോഗമനത്തെയും ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ഗവണ്മെൻറിനു ഇടപെടാം. ഗവണ്മെൻറു അങ്ങനെ ചെയ്തുവരുന്നുമുണ്ട്.

MR. E. K. MADHAVAN : ആ കമ്പനിയുടെ പ്രവൎത്തനത്തിനു ഒരു എയറോപ്ലെയിൻ ആവശ്യമാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : കമ്പനിയുടെ പ്രവൎത്തനവും എയറോപ്ലെയിനും രണ്ടുംകൂടി ചേർത്തു ചിന്തിക്കുവാൻ ഗവണ്മെൻറിനു ഇതുവരെ അവസരം കിട്ടിയിട്ടില്ല.

MR P. T. CHACKO (*Kottayam II—General*) : ആ കമ്പനിയിൽ ഇപ്പോഴുംതന്നെ ഗവണ്മെൻറു ധാരാളം പണം മുടക്കിയിരിക്കെ, ആ കമ്പനി മുഴുവൻ ഗവണ്മെൻറു ഏറെറടുക്കുന്നതിനു വിരോധമുണ്ടോ?

HON'BLE MR. T. M. VARGHESE : അതേപ്പററി ആലോചിച്ചിട്ടില്ല. ഏറെറടുക്കാതിരിക്കുകയായിരിക്കും കൂടുതൽ നല്ലതു് എന്നാണു എൻെറ വ്യക്തിപരമായ അഭിപ്രായം. ഏതായാലും ഗവണ്മെൻറു അതേപ്പററി ആലോചിക്കുന്നതാണ്. നല്ലതാണെന്നു തോന്നിയാൽ — അപ്രകാരം വേണമെന്ന് ഈ സഭ തീരുമാനിച്ചാൽ—ഗവണ്മെൻറിന് ഏറെറടുക്കാവുന്നതാണ്. എന്നാൽ ഇതു ഏറെറടുക്കുന്നതായാൽ ചില പ്രതിബന്ധങ്ങളും അസൗകര്യങ്ങളും നേരിടുകയില്ലേ എന്നെനിക്കു ഭയമുണ്ട്. ഇപ്പോൾ കിട്ടുമെന്നുദ്ദേശിക്കുന്ന ലാഭംതന്നെ കുറഞ്ഞുപോകുകയില്ലേ എന്നും ഒട്ടുംതന്നെ കിട്ടാതെ പോവുകയില്ലേ എന്നും സംശയിക്കുന്നു. പല കണക്കുകളിൽനിന്നും ആണ്ടിനാൽ ൬൦ ലക്ഷം രൂപാ ലാഭം വരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു തെററായി എന്നുവരാം. അവർ പറഞ്ഞതും തെററാണെന്നു വരാം. അതുകൊണ്ടു ഗവണ്മെൻറിനു ഒരു നിയന്ത്രണം മാത്രം ഉണ്ടായാൽ മതിയെന്നാണു എൻെറ ഇപ്പോഴത്തെ അഭിപ്രായം.

MR. K. R. ELANKATH (*Trivandrum IV—General*): തിരുവിതാംകൂർഗവണ്മെൻറു എടുത്തിട്ടുള്ള ൫൧ ശതമാനം ഷെയർ നീക്കി, ബാക്കിവരുന്ന ൪൯ ശതമാനം ഷെയറിൻെറയും ഓഹരിത്തുക മുഴുവൻ പണമായി അടച്ചുതീർത്തുവെന്നു ഗവണ്മെൻറിൻെറ അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: എല്ലാം പണമായി വന്നിട്ടില്ല എന്നു ഗവണ്മെൻറിനറിയാം. ബാക്കിയുള്ള ഷെയർ മററുള്ളവർ എടുക്കാതിരുന്നതുകൂടി പ്രേരകമായിരിക്കാം ആദ്യമെ നാം എടുക്കാമെന്നു സമ്മതിച്ചതു്. ഇതിൽ കൂടുതൽ ഷെയറുകൾ എടുത്തിട്ടുള്ളതു മദ്രാസ് ഗവണ്മെൻറും, കൊച്ചീഗവണ്മെൻറുമാണ്. ഇതു തിരുവിതാംകൂറിൽ നടക്കുന്ന ഒരു കമ്പനിയാണ്. തിരുവിതാംകൂർ ഗവണ്മെൻറിന് ആ കമ്പനിയെപ്പററി വിശ്വാസമില്ലാതെ വന്നാൽ, മററുള്ളവർ ഓഹരിയെടുക്കാൻ മടിക്കുമെന്നു ഗവണ്മെൻറിനറിയാമെന്നുള്ളതുകൊണ്ടു ഗവണ്മെൻറു ആദ്യം തന്നെ ഓഹരിയെടുത്തു. ഓഹരിത്തുക മുഴുവൻ ഇപ്പോഴും അടച്ചുകഴിഞ്ഞിട്ടില്ല. അതിനെപ്പററി കൂടുതലായി അന്വേഷിക്കുന്നുണ്ടു്. ഇതുവരെ ചെയ്ത അന്വേഷണത്തിൻെറ ഫലമായി കൂടുതൽ ഓഹരിയെടുക്കുന്നതുകൊണ്ടു തരക്കേടില്ല എന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്. കടംകൊടുത്തതിൽ ൫ ലക്ഷം രൂപ കമ്പനിയുടെ ഓഹരിമൂലധനത്തിലേയ്ക്കു മാററാമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിലും, അങ്ങനെ കൊടുത്തുകൊള്ളാമെന്നു രേഖാമൂലം ഗവണ്മെൻറു ഇതുവരെ സമ്മതം കൊടുത്തിട്ടില്ല

MR. K. R. ELANKATH: ഈ കമ്പനിക്കു ലോണായിട്ടും ഓഹരിമൂലധനമായിട്ടും കൊടുത്തതുപോലെ വേറെ ഏതെങ്കിലും ഇനത്തിൽ ഗവണ്മെൻറിനു പണം കൊടുക്കേണ്ടതായി വന്നിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: അതിനു നോട്ടീസുവേണം.

MR. K. A. MOHAMMED (*Quilon IV—Muslim Reserved*): തിരുവിതാംകൂർ ഗവണ്മെൻറും, കൊച്ചീഗവണ്മെൻറും, മദ്രാസ് ഗവണ്മെൻറും, വളരെ കൂടുതൽ ഓഹരി എടുത്തിരിക്കുന്ന ഈ കമ്പനിയുടെ ഷെയർ മാർക്കററു ഇപ്പോൾ എന്താണെന്നു പറയാമോ?

HON'BLE MR. T. M. VARGHESE: ഷെയർമാർക്കററിൻെറ വില ദിവസംതോറും കൂടിയും കുറഞ്ഞും ഇരിക്കും. അതിനെപ്പററി അധികൃത

സ്ഥാനത്തുനിന്നു ഈ ഹൌസിൽ ഒരു പ്രസ്താവന ചെയ്യുന്നതു വളരെ സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. ഷെയർമാർക്കററിൻെറ വില കുറയുന്നതിനു തന്നെ ചിലപ്പോൾ അതു കാരണമായേക്കും.

Mr. K. A. MOHAMMED : ഷെയർമാർക്കററിൻെറ വില ഇപ്പോൾ വളരെ കുറവാണെന്നും, അതുകൊണ്ടു കമ്പനിയുടെ എല്ലാ ഷെയറികളും ഗവൺമെൻറു എടുക്കേണ്ടതാണെന്നും വിചാരിക്കുന്നുണ്ടോ?

HON'BLE Mr. T. M. VARGHESE : ഗവൺമെൻറിൻെറ ആലോചനയിൽ ആ വിഷയം വന്നിട്ടില്ല. മാത്രമല്ല, അതു പാടില്ലെന്നുമാണ് എൻെറ വ്യക്തിപരമായ അഭിപ്രായം. ഗവൺമെൻറു മുഴുവൻ ഷെയറികളും എടുക്കുന്നതു ചിലപ്പോൾ കമ്പനിയുടെ നാശത്തിനു തന്നെ കാരണമായേക്കാവുന്നതാണ്.

Mr. K. N. SANKUNNI PILLAI (*Kottayam IV General*) : ഈ കമ്പനിയുടെ പ്രവർത്തനം തൃപ്തികരമാണോ?

HON'BLE Mr. T. M. VARGHESE : തൃപ്തികരമല്ലെന്നു പറയാൻ നിവൃത്തിയില്ല. കൂടുതൽ തൃപ്തികരമാക്കാമെന്നു ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ട്. കൂടുതൽ തൃപ്തികരമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതു് ഒരു ജോയിൻറുസ്റ്റാക്കു കമ്പനിയാണ്. ഷെയറിമാത്രമെ ഗവൺമെൻറിനുള്ളു. അതുകൊണ്ടു ഈ കമ്പനിയെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻെറ പ്രവർത്തനത്തിനു ചില പരിമിതികൾ ഉണ്ടു്. അതിനു വിധേയമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും.

Mr. K. N. SANKUNNI PILLAI : അങ്ങനെയിരിക്കെ, ഈ കമ്പനിയെപ്പററി പല അപവാദങ്ങളും ഇപ്പോൾ ഉണ്ടായിരിക്കുന്നതിനെ തടയുന്നതിനു ഗവൺമെൻറു തയ്യാറാകുമോ?

HON'BLE Mr. T. M. VARGHESE : അപവാദങ്ങളെപ്പററി അറിഞ്ഞിട്ടില്ലാത്തവരും കാണും. അറിഞ്ഞിട്ടുള്ളവർക്കുതന്നെ കാര്യങ്ങളുടെ നിജസ്ഥിതി ശരിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്നും വരാം. ഏതായാലും ഇതിൻെറ ശരിയായ ഒരു രൂപം ഈ ഹൌസ് പിരിയുന്നതിനു മുൻപായിതന്നെ ഒരു ലഘുലേഖയായി അച്ചടിച്ചു് എല്ലാ മെമ്പറന്മാർക്കും വിതരണം ചെയ്യാൻ കൊള്ളാമെന്നു് ഗവൺമെൻറു വിചാരിക്കുന്നു. ഒരു ജോയിൻറു സ്റ്റാക്കുകമ്പനി എന്ന നിലയിൽ നിയമപ്രകാരമായി പ്രസിദ്ധപ്പെടുത്തുവാൻ തടസ്സമില്ലാത്ത എല്ലാ രേഖകളും വിതരണം ചെയ്യണമെന്നാണു വിചാരിക്കുന്നതു്.

F. A. C. T. Taxi service.

306. MR. E. K. MADHAVAN : Will the Honourable Minister for Industries be pleased to state :

(a) whether the Government are aware of the fact that the F. A. C. T., is running taxis at the rate of four annas per mile for the use of the staff ; and

(b) if the answer is in the affirmative will they be pleased to state the reason for such a cheap rate for taxis in the F. A. C. T.?

HON'BLE MR. T. M. VARGHESE : ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനി ടാക്സി നടത്തുന്നതിനെപ്പററി യാതൊരറിവും ഗവൺമെൻറിനില്ല. എന്നാൽ അതേപ്പററി അന്വേഷണം നടത്തിയതിൻെറ ഫലമായി താഴെ പറയുന്ന വിവരങ്ങൾ ലഭിച്ചിട്ടുണ്ടു്: കമ്പനിയിലുള്ള ജോലിക്കാരിൽ അധികംപേരും ആലുവാ പട്ടണത്തിലാണു താമസിക്കുന്നതു്. അവിടെനിന്നും കമ്പനിയിലേക്കു വളരെ ദൂരമുള്ളതുകൊണ്ടു് ഈ ജോലിക്കാരെ, സമയത്തു് കൊണ്ടുപോകുന്നതിനും മററും ടാക്സി അയച്ചുകൊടുക്കുന്നുണ്ടു്. അതിനു് നാമമാത്രമായ കൂലിയായി നാലണ വച്ചിരിക്കുന്നു. ഇതു് കമ്പനി ചെയ്യുന്ന ഒരേർപ്പാടാണു്. ഈ നാലണ വച്ചിരിക്കുന്നതു് അതിൻെറ ചെലവിനെ ഉദ്ദേശിച്ചുമാത്രമാണു്. യാതൊരു ലാഭവും ഉദ്ദേശിച്ചിട്ടല്ല ഇതു നടത്തുന്നതു്. ജോലിക്കാരെ സഹായിക്കുന്നതിനുവേണ്ടിയും ജോലിയുടെ തൃപ്തികരമായ പുരോഗമനത്തിനു ഇതു ആവശ്യമാണെന്നു കണ്ടതുകൊണ്ടും സൗജന്യനിരക്കിൽ ഈ ഏർപ്പാടു വരുത്തിയിരിക്കുന്നു. അവിടെ ജോലിക്കുപോകുന്ന ആളുകൾ കൂടുതലും തിരുവിതാംകൂർകാരാണു്.

MR. E. K. MADHAVAN : ക്ഷയരോഗംപോലെയുള്ള മഹാവ്യാധികൾ പിടിപെട്ടിട്ടുള്ള രോഗികളെ നാഗർകോവിലിൽ കൊണ്ടുപോകുന്നതിനു [illegible] പെട്രോൾ ആവശ്യപ്പെട്ടാൽ കിട്ടാതിരിക്കുന്ന ഇക്കാലത്തു്, ഈ കമ്പനിയുടെ ഉപയോഗത്തിനു് പെട്രോൾ കൊടുക്കുന്നതു ശരിയാണെന്നു ഗവൺമെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഈ കമ്പനിയുടെ വകയായ എയ്റോപ്ലേയിനിനു് പെട്രോൾ കൊടുക്കുന്നുണ്ടോ എന്നറിവില്ല. ഏതായാലും അതേപ്പററി അന്വേഷിക്കാം.

Supply of petrol to the Fertilisers and Cheimicals Ltd.

307. MR. E. K. MADHAVAN : Will the Honourable Minister be pleased to state,

(a) the total quantity of petrol coupons supplied to the Fertilisers and Chemicals Ltd.;

(b) the quantity of petrol coupons supplied for the aeroplane owned by the company; and

(c) whether the coupons are supplied in a lump to the company or as per numbers of each vehicle owned and registered in the name of the company?

HON'BLE MR. A. ATCHUTHAN: (a) The total quantity of petrol supplied to the Fertilisers & Chemicals Ltd., per month, varies from 3000 to 4000 gallons according to availability.

(b) Petrol is not being issued every month in respect of the Aeroplane owned by the Company. Whenever a demand is made, petrol is issued in the past has varied from 200 to 300 gallons per mensem. Coupons are not supplied but a licence is issued to acquire this petrol as per the provisions of the Motor Spirit Rationing Order.

(c) For vehicles such as cars, lorries and boats owned by the Company, petrol coupons are issued on the basis of the number of vehicles. For industrial purposes of the company, a licence is issued to acquire petrol as per provisions contained in the Motor Spirit Rationing Order.

MR. E. K. MADHAVAN : കൊച്ചിയിൽനിന്നു ഒരു എയറോപ്ലെയിൻ സർവ്വീസു നടത്തുന്ന സ്ഥിതിക്ക് ഈ കമ്പനിക്കു പ്രത്യേകം ഒരു എയറോപ്ലെയിൻ ഉണ്ടായിരിക്കേണ്ട ആവശ്യമുണ്ടോ?

HON'BLE MR. A. ATCHUTHAN : കമ്പനിക്കാക്കു കൂടുതൽ യാത്രാസൗകര്യം വേണ്ടിവരുന്ന അവസരത്തിൽ എയറോപ്ലെയിൻ ഉണ്ടായിരിക്കേണ്ടതു ആവശ്യമായിരിക്കും. It is a matter of opinion.

MR. E. K. MADHAVAN: ദിവസവും കൊച്ചിയിൽനിന്ന് എയറോപ്ലെയിൻ പോകുന്നതുകൊണ്ട് കമ്പനിക്കാക്കു അതിൽ യാത്രചെയ്താൽ പോരേ?

HON'BLE MR. A. ATCHUTHAN: കൊച്ചിയും തിരുവനന്തപുരവും മാത്രമല്ല അവക്കു പോകേണ്ടസ്ഥലങ്ങൾ. അതുകൊണ്ടു പ്രത്യേകം ഒരു എയറോപ്ലെയിൻ ഉണ്ടായിരിക്കേണ്ട ആവശ്യം അവക്കുണ്ടാവാം.

MR. E. K. MADHAVAN: കൊച്ചിയിൽനിന്നു വിടുന്ന വിമാനം കൊച്ചിയിലും തിരുവിതാംകൂറിലും മാത്രം ഓടുന്നതല്ലെന്നും, ലോകത്തിൻെറ പല ഭാഗങ്ങളുമായി ആ സർവ്വീസിനു കണക്ഷനുണ്ടെന്നും ഗവൺമെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN: ചെക്കു, അവർക്ക ഭാധ്യതകൾ സമയത്തിനാലോചിക്കാമെങ്കിൽ [illegible] ആവശ്യമാണു്.

MR. K. A. MATHEW: പെട്രോൾക്ഷാമം വളരെ മൂർഛന്യതയിൽ ഇരിക്കുന്ന ഈ അവസരത്തിൽ കമ്പനികൾ എയറോപ്ലെയിനിന പെട്രോൾ കൊടുക്കാതിരിക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറിന തോന്നുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN: അതെപ്പററി ആലോചിക്കാവുന്നതാണ്.

Purchase of paddy from Varakkars.

308. MR. P. V. URUMESE THARAKAN (*Shertala I—General*): Will the Honourable Minister for food be pleased to state :

(*a*) whether the Government are aware that there is such a phenomenon as the 'Varakaran' (വാരക്കാരൻ) in the scheme of cultivation in Shertala taluk;

(*b*) what is the definition of a 'Varakaran';

(*c*) are the Government aware that settlement Pattom and excess are realised from the Varakars also in Shertala taluk;

(*d*) are the Government convinced of the injustice involved in this; and

(*e*) will the Government be pleased to consider the desirability of striking off their ration for the amount of paddy that they get as varam instead of purchasing the whole quantity by the Government as is done at present?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) Varakaran is a Cultivator who has no subsisting right over the land and his cultivation, but only a right to a portion of the cultivation-generally half and in certain cases 2/5 of the yield of the paddy field cultivated by him during any season.

(*c*) Only a portion of the settlement pattom in proportion to the share of the produce obtained by the Varakars was purchased on behalf of the Government. Concessions have been allowed in deserving cases. No excess was purchased in cases where there was sufficient yield. If the jenmi supplied the varakars with seed that quantity was purchased from the varakars and was set-off against the quantity allowed finally to the jenmi for seed.

(*d*) The question does not arise since no injustice is involved in this.

(*e*) The question does not arise since the whole varam is not being purchased. Only the quantity, if any in excess of their requirements for seed, labour, and domestic consumption is purchased after cancelling their ration cards for the corresponding period.

Income-tax Returns.

309. MR. PAUL A. THALIAT (*Parur III—General*); Will the Honourable Minister for Income-tax be pleased to state:

(*a*) the number of Income-tax returns filed before the Income-txa officers of Alwaye in 1122 and 1123 respectively;

(*b*) the number of such returns disposed of by them in 1122 and 1123 respectively;

(*c*) the number of undisposed returns of their file just before the transfer of some income-tax files to respective Tahsildars; and

(*d*) the number of returns transferred to the files of different Tahsildars under their jurisdiction respectively?

HON'BLE MR. C. KESAVAN:

	1122.	*1123.*
(*a*)	2768	3843
(*b*)	338	2175
(*c*)	3598	
(*d*)	2700	

MR. PAUL S. THALIAT: ബാക്കി വന്നിട്ടുള്ള ഫയൽ ട്രാൻസ്ഫർ ചെയ്തിരിക്കുന്നതു് ഏതു താഹശീൽദാരന്മാർക്കാണ്?

HON'BLE MR. C. KESAVAN: ആലുവാ സർക്കിളിൽപെട്ട താഹശീൽദാരന്മാർക്കാണ്.

Medical Practitioners' Act.

310. MR. A. NESAMONY (*Vilavancode—S. I. U. C*): Will the Honourable Minister for Medicine be pleased to state:

(*a*) the number of applications for registration under Section 22 clause 3 of sub-section 1 of the Travancore Medical Practitioners' Act;

(*b*) the number of applications granted;

(*c*) the number of applications rejected;

(*d*) are the Government aware that the Medical Council is insisting on (i) an examination and (ii) a license under the Poison's Act, in contravention of the provisions of the said Act; and

(*e*) does the Government intend to cancel such illegal orders of the Medical Council?

HON'BLE MR. G. RAMACHANDRAN: (*a*) 7,179.

(*b*) 5,454.

(*c*) 1,007 (225 applicants have been admitted to the examination.)

(*d*) (i) Government are not aware that the Medical Council is insisting on an examination. Such of the applicants who are not registrable under Section 22 (1) (iii), but are eligible to appear for the examination under Section 22 ( ) (iv) are informed accordingly.

(ii) Yes. In the case of some allopathic applicants.

(*e*) As per rule 99 of the Travancore Medical Practitioners' Rules, the aggrieved parties can appeal to the Government on the decisions of the Council and such appeal is decided by them on its own merits.

MR. A. NESAMONY: May I know, has the Government received a representation from South Travancore Medical Association on this subject?

HON'BLE MR. G. RAMACHANDRAN: I should enquire about it.

MR. A. NESAMONY: Are the conditions mentioned in (d) (ii) against the provisions of Section 22 sub-section (iii) which require only a continuous period of practice for 5 years?

HON'BLE MR. G. RAMACHANDRAN: I do not think so. What is asked for is a period of continuity which will prove to the satisfaction of the Medical Council and if they feel dissatisfied they will make a concession. An examination test is sometimes insisted on but not always. Those who want to take advantage of it can sit for the examination and secure a pass.

MR. A. NESAMONY: Are the Government aware that certificates granted by Tahsildars to the effect that a certain practitioner has put in 5 years of practice in the line have been rejected by the Medical Council?

HON'BLE MR. G. RAMACHANDRAN: I can imagine such a thing happening some-times because after all Tahsildars are not technical men to grant the requisite certificates. The Medical Council may want something on which they could rely on the proficiency of the doctor and that only when they feel dissatisfied about the person. Such a thing does not happen always.

MR. A. NESAMONY: Any way will the Government be pleased to clarify the position by issuing a circular stating the kind of test that is expected to get proficiency so that no difficulty may arise on that point?

HON'BLE MR. G. RAMACHANDRAN: There is no difficulty about it. The Government will do accordingly.

മത്സ്യം പിടിക്കാൻ ഉപകരിക്കുന്ന കപ്പലുകൾ.

311. MR. ALBERT LOPEZ (*Neyyattinkara II—Latin Catholic*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർഗവണ്മെന്റുവകയായി മത്സ്യം പിടിക്കാൻ ഉപകരിക്കുന്ന മററു തരത്തിലുള്ള കപ്പലുകൾ ഉണ്ടോ? ഉണ്ടെങ്കിൽ എത്ര എണ്ണം?

(ബി) ഓരോന്നും എപ്പോൾ വാങ്ങിയെന്നും ഓരോന്നിന്റേയും വില എന്തെന്നും പ്രസ്താവിക്കുമോ?

(സി) ഈ കപ്പലുകൾ ഇതുവരെ എവിടെയെല്ലാം ഏതു തരത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നും സദയം പ്രസ്താവിക്കുമോ?

(ഡി) വാങ്ങിയതിനശേഷം ഓരോന്നിൽനിന്നും മാസംതോറുമുള്ള ആദായത്തിൻെറയും പ്രവൃത്തനത്തിനുള്ള ചെലവിൻെറയും വിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറു മേശമേൽ വയ്ക്കുമോ?

HON'BLE MR. K. M. KORAH : (എ) മത്സ്യം പിടിക്കുന്നതിനു വേണ്ടി ഗവണ്മെൻറിൻെറ വകയായിട്ട് ഒരു കപ്പൽ ഉണ്ട്.

(ബി) അതു് വാങ്ങിച്ചതു് ഫൻർ൯ ജൂലായി മാസത്തിലാണ്. അതിൻെറ വില ൩൨,൫൦൦ രൂപയാണ്.

(സി) പ്രവൃത്തനരഹിതമായി ഇപ്പോൾ കൊച്ചിതുറമുഖത്തു കിടക്കുന്നു.

(ഡി) ഇപ്പോൾ ഉപയോഗിക്കുന്നില്ലാത്തതുകൊണ്ട് ആദായമൊന്നുമില്ല.

MR. P. T. CHACKO : ഈ കപ്പൽ മത്സ്യം പിടിക്കാൻ കൊള്ളാവുന്നതാണോയെന്നു പരീക്ഷിച്ചുനോക്കിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH: മീൻപിടിക്കാൻ കൊള്ളാവുന്നതാണെന്നു വിദഗ്ദ്ധാഭിപ്രായം ലഭിച്ചതിനശേഷമാണ് ഇതു് വാങ്ങിച്ചിട്ടുള്ളതു്.

MR P T CHACKO : ഇപ്പോൾ അതു വില്ക്കുകയാണെങ്കിൽ എന്തു വില കിട്ടുമെന്നു പറയാമോ?

HON'BLE MR. K. M KORAH : ഇപ്പോൾ എന്തുവില കിട്ടുമെന്നു നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : ഈ കപ്പൽ ഇപ്പോൾ ഉപയോഗശൂന്യമായിട്ടു കിടക്കുന്നതു എന്തുകൊണ്ടാണ്?

HON'BLE MR. K. M. KORAH: ഇതു് ഒരു മൈൻഡ്വീപ്പർ കപ്പൽ ആയിരുന്നു. അതിനെ മീൻപിടിക്കുന്നതിനു ഉപയോഗപ്പെടുത്തേണ്ടി വന്നപ്പോൾ ചില അറ്റകുറ്റപ്പണികൾ തീർക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനുവേണ്ടി കൊച്ചി എൻജനീയറിംഗ് കമ്പനിക്കാരെ ഏല്പിച്ചു. അറ്റകുറ്റപ്പണിക്കുശേഷം അവർ ഗവണ്മെൻറിനു തിരിച്ചേല്പിച്ചിട്ടുണ്ട്. കാലതാമസംമന്യേ അതു പ്രവൃത്തനത്തിലേർപ്പെടുന്നതാണ്.

MR MANNAR K. GOPALAN NAIR (*Thiruvella I—General*) : കൂടുതൽ വില കിട്ടുകയാണെങ്കിൽ വില്ക്കുന്നതിനു ഗവണ്മെൻറിനു വല്ല തടസ്സവുമുണ്ടോ?

HON'BLE MR. K. M KORAH : അതിനെപ്പറ്റി ഇതുവരെ ആലോചിച്ചിട്ടില്ല.

MR. S. KUTTEN (*Neyyattinkara I General*) : ഈ കപ്പൽ ഇപ്പോഴും കടലിലാണോ അതോ കരയിലാണോ?

HON'BLE MR. K. M. KORAH : കൊച്ചി തുറമുഖത്താണെന്നു ഞാൻ പ്രസ്താവിച്ചു കഴിഞ്ഞു.

MR. ABDUL AZIZ : ഏതായാലും ഈ കപ്പൽ നഷ്ടമാണെന്നു ഗവണ്മെന്റിനു തോന്നിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങിനെ തോന്നിയിട്ടില്ല.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) ഒരു വമ്പിച്ച തുകകൊടുത്തു ഈ കപ്പൽ വാങ്ങിച്ചതിനു പകരം വള്ളങ്ങളും വാങ്ങി, ച്ചാൽ പോരായിരുന്നോ?

HON'BLE MR. K. M. KORAH : ഏതായാലും ഇതു വാങ്ങിച്ചു പോയല്ലോ.

MR. M. V. CHACKO (*Kunnathunad III General*) : ഇതിന്റെ അറ്റകുറ്റപ്പണികൾക്കുമേൽ എന്തു ചെലവു വരുമെന്നു പറയാമോ?

HON'BLE MR. K. M. KORAH : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ചേർത്തല — ആലപ്പുഴ തോട്.

312 MR. KRISHNAN AIYAPPAN (*Sherthalai III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ല്യു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല — ആലപ്പുഴ തോടുവെട്ടിനുവേണ്ടി ഇതുവരെ ഗവണ്മെന്റിനു എന്തു ചെലവായിട്ടുണ്ട്? എത്ര മൈൽ വെട്ടിത്തീർത്തിട്ടുണ്ട്?

(ബി) ഇനി എത്ര മൈൽകൂടി വെട്ടിയാൽ ഈ തോട് പൂർത്തിയാകും? അതിലേക്കു ഉദ്ദേശം എന്തു രൂപാകൂടി ചെലവാകും?

(സി) ഈ തോടുവെട്ട് പൂർത്തിയാകാത്തതുമൂലം വെട്ടിയിടത്തോളം ഭാഗത്തിന്റെ കിഴക്കും പടിഞ്ഞാറും ഉദ്ദേശം മുക്കാൽ മൈൽ വീതിയിലുള്ള സ്ഥലത്തെ നിലം പുരയിടങ്ങളിലെ കൃഷിക്കു വലുതായ നാശം സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(ഡി) തോടുവെട്ടുജോലിക്കു ഗവണ്മെന്റിൽനിന്നും ചെലവാക്കിയതിനേക്കാൾ കുറഞ്ഞതോതിൽ വെട്ടിത്തീർക്കുന്നതിനു കാണ്ട്രാക്റ്റ എടുത്തു നടത്താൻ പ്രൈവറ്റ ഏജൻസികൾ തയ്യാറുള്ളപക്ഷം അങ്ങനെ കാണ്ട്രാക്റ്റ കൊടുക്കുന്നതിനു വിരോധമുണ്ടോ?

HON'BLE MR. A. ATCHUTHAN: (എ) ചേർത്തല — ആലപ്പുഴ തോടുവെട്ടുന്നതിന് ഃ, ൫൩,൮൦൦ രൂപാ ഇതേവരെ ചെലവായിട്ടുണ്ട്. ൨ മൈൽ ഃ൩൫൫ അടി ഇതുവരെ തീർന്നിട്ടുണ്ട്.

(ബി) ൯ മൈൽ ൫൫൦ അടി ഇനിയും വെട്ടിത്തീർക്കാനുണ്ട്. അതിന് ഏകദേശം മൂന്നര ലക്ഷം രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) അതിനെപ്പററി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. സ്ഥിതിഗതികൾ നന്നാകുമ്പോൾ പണി പൂർത്തിയാക്കുന്ന കാര്യത്തെക്കുറിച്ചാലോചിക്കുന്നതാണ്.

MR. KRISHNAN AIYAPPAN: ആലപ്പുഴമുതൽ ചേർത്തലവരെയുള്ള തോടിനു വേണ്ടി സ്ഥലം പൊന്നുംവില കൊടുത്തു എടുത്തിരിക്കയാണെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN: അറിയാം.

MR. KRISHNAN AIYAPPAN: ചേർത്തല താലൂക്കിലുള്ള മരുഭൂമി പ്രകൃതം മാറ്റാനായിട്ടാണ് ഈ തോടുവെട്ടാരംഭിച്ചിട്ടുള്ളതെന്നറിയാമോ?

HON'BLE MR. A. ATCHUTHAN: പൊതുജനങ്ങളുടെ ഗതാഗതസൗകര്യത്തിനും വ്യവസായപരിപോഷണത്തിനുമായിട്ടാണ് ഇതു വെട്ടുന്നതെന്നാണ് ഗവണ്മെൻറ് ധരിച്ചിരിക്കുന്നത്.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*): ഈ തോട് എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

HON'BLE MR. A. ATCHUTHAN: എത്ര കാലംകൊണ്ട് തീരുമെന്നു ഖണ്ഡിതമായി പറയാൻ സാധിക്കയില്ല. എങ്കിലും നിവൃത്തിയുള്ളിടത്തോളം വേഗത്തിൽ തീർക്കുമെന്നു പറയാം.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*): ഃ ൧൨൩-ൽ ഈ തോടിനുവേണ്ടി എന്തു ചിലവായിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN: ഃ,൬൩,൮൦൦ രൂപാ

ഇലക്ട്രിക്കൽ സ്റ്റോർകീപ്പർ.

313. MR. MANNAR K. GOPALAN NAIR: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

[Mr. Mannar K. Gopalan Nair]

(എ) ആലപ്പുഴ ഇലക്ട്രിക്കൽ സ്റ്റോർകീപ്പർ ഇപ്പോൾ ആരാണു്?

(ബി) അദ്ദേഹത്തിന്റെ യോഗ്യതയും ഇപ്പോഴത്തെ ശമ്പള സ്കെയിലും എന്തു്?

(സി) അദ്ദേഹത്തിന്റെ മുമ്പുള്ള ജോലി എന്തായിരുന്നു?

(ഡി) അദ്ദേഹത്തിന്റെ ശമ്പളസ്കെയിൽ പരിഷ്കരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നു്?

(ഇ) അദ്ദേഹത്തിനു് അക്കൌണ്ടു് ആഫീസറുമായി എന്തു ബന്ധമാണു്?

HON'BLE MR. A ATCHUTHAN: (എ) മി. എസ്സ്. ഹരിഹരയ്യർ.

(ബി) ഇ. എസ്. എൽ. സി., ട്രാവൻകൂർ അക്കൌണ്ട്സ് ടെസ്റ്റ്, പി. ഡബ്ലിയു. ഡി. ടെസ്റ്റ്, ശമ്പളം ൧൨൫ മുതൽ ൧൭൫ വരെ.

(സി) എലക്ട്രിക് സ്റ്റോർ കീപ്പർ.

(ഡി) ഉണ്ടു്. ൧൧൨൪ ചിങ്ങം ൧-ാംതീ.

(ഇ) അക്കൌണ്ടാഫീസർ മി. എസ്. രാമസ്വാമി അയ്യരുടെ ഇളയ സഹോദരൻ.

MR. MANNAR K. GOPALAN NAIR: അദ്ദേഹത്തിന്റെ പേരിൽ പരാതിവന്നതുകൊണ്ടാണു് അദ്ദേഹത്തെ ആലപ്പുഴയിൽ പേ റിവൈസ് ചെയ്തു ട്രാൻസ്ഫർ ചെയ്തതു് എന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അറിവില്ല.

MR. MANNAR K. GOPALAN NAIR: ഇവിടത്തെ പതിവു് ഒരാളെപ്പറ്റി പരാതിയുണ്ടെങ്കിൽ ശമ്പളം കൂട്ടിക്കൊടുത്തു് സ്ഥലം മാറുകയാണെന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അറിവില്ല.

MR. K. A. MATHEW: ഈ ആളിനെ നിയമിച്ചതിൽ പിന്നീടാണോ പേ റിവൈസ് ചെയ്തതു്?

HON'BLE MR. A. ATCHUTHAN: പേ റിവൈസ് ചെയ്തതു് ൧-൧-൧൧൨൪-ലാണു്.

MR. K. A. MATHEW: അതു് അദ്ദേഹത്തെ നിയമിച്ചതിനു ശേഷമാണോ?

HON'BLE MR. A. ATCHUTHAN: അതു ഇപ്പോൾ അറിയാൻ നിവൃത്തിയില്ല.

Purchase of medicines.

314 MR. ALEXANDER VAKAYIL: Will the Honourable Minister for Medical be pleased to state:

(*a*) is it a fact that the medical officers of local Government institutions are not allowed without previous sanction to make local purchase; and

(*b*) if so, do the Government realise that such prohibition works prejudicially against patients for whom they are immediately needed?

HON'BLE MR. G. RAMACHANDRAN: (*a*) Yes.

(*b*) Not generally. As the purchase of medicines is controlled by the Head of the Department and Government Central Stores, it is not advisable to sanction local purchases by the Medical Officers in general.

MR. ALEXANDER VAKAYIL: രോഗികൾ ആശുപത്രികളിൽ വരുന്ന അവസരത്തിൽ അവിടെ മരുന്നില്ലാത്തതുകൊണ്ട് പ്രൈവററ് ഷാപ്പുകളിൽനിന്നും മരുന്നു വാങ്ങിച്ചുകൊണ്ടുവരുവാനായി ഡോക്ടറന്മാർ ഉപദേശിക്കുന്നു എന്നറിയാമോ?

HON'BLE MR. G. RAMACHANDRAN: ഉണ്ടായിരിക്കാം.

MR. ALEXANDER VAKAYIL: അങ്ങനെ ഉപദേശിക്കുമ്പോൾ മരുന്നു വാങ്ങിക്കാൻ സാധിക്കാത്ത അനേകം പാവപ്പെട്ട രോഗികൾ മരിക്കുന്നുണ്ടെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN: ആ കാരണംകൊണ്ടുമാത്രം രോഗികൾ മരിക്കുന്നതായിട്ട് ഗവൺമെൻറിനറിവില്ല.

Opening new dispensaries.

315. MR. P. M. VARGHESE (*Thodupuzha II—General*): Will the Honourable Minister for Medical be pleased to state whether Government intend opening dispensaries in all pakuthies without waiting for local free supply of site, building and furniture?

HON'BLE MR. G. RAMACHANDRAN: No.

MR. P. M. VARGHESE: അങ്ങനെ ആവശ്യമുള്ള സ്ഥലങ്ങളിൽ ജനങ്ങൾ സ്ഥലസൗകര്യങ്ങളും കെട്ടിടവും മററുപകരണങ്ങളും കൊടുക്കുകയാണെങ്കിൽ ഡിസ്പെൻസറിക്ക് അനുവാദം നല്കുന്നതായിട്ടറിയാമോ?

HON'BLE MR. G. RAMACHANDRAN: അതാണ് പതിവ്.

MR. P. M VARGHESE: അങ്ങനെ പതിവായി വച്ചാൽ ഈ സ്ഥലസൌകര്യങ്ങളും മററുപകരണങ്ങളും ഒന്നും കൊടുക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിൽ പാവങ്ങൾ എന്തുചെയ്യും?

HON'BLE MR. G. RAMACHANDRAN : അങ്ങനെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ആളുകൾ ഈ ഉപകരണങ്ങളൊന്നും കൊടുത്തില്ലെങ്കിലും ഗവൺമെന്റ് ഡിസ്പെൻസറി അനുവദിക്കുന്നുണ്ട്.

Posting of Tamilian Officers in the Tamil areas.

316. MR. R. CHELLASWAMI NADAR (*Vilavancode Hindu Nadar*) : Will the Honurable Minister for General Administration be pleased to state whether the Government will post Tamilian Officers as far as possible in the Tamil areas of Travancore in various departments?

HON'BLE MR. A. THANU PILLAI : The Question of posting as far as possible Tamil knowing Officers will be considered.

MR. R. CHELLASWAMI NADAR : May I know whether the Hon'ble Minister is aware that much difficulty is experienced by Malayalam knowing Officers who are Magistrates and Tahsildars for taking down depositions in Tamil?

HON'BLE MR. A. THANU PILLAI : കുറച്ചു പ്രയാസങ്ങൾ ചിലപ്പോൾ ഉണ്ടായേക്കാം.

Kanni crop in Vaikom.

317. MR. P. GOPALAN (*Vaikom III—General*) : Will the Hon'ble Minister for Agriculture be pleased to state whether theis aware that considerable damages have been caused to the ensuing Kanni crop in Vaikom taluk?

HON'BLE MR. K. M. KORAH : ഇല്ല.

MR. P. GOPALAN : അങ്ങനെ ആരെങ്കിലും ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : വൈക്കത്ത് കന്നികൃഷി കുഴപ്പത്തിലായി എന്ന് ആരും അറിയിച്ചിട്ടില്ല. എന്നാൽ വൈക്കം താലൂക്കിൽ ഉൾപ്പെട്ട വെച്ചൂർ, തലയാഴം, എന്നീ പകുതികളിൽ കന്നി കൃഷിക്കു കുഴപ്പമുണ്ടായി എന്ന് അറിഞ്ഞിട്ടുണ്ട്.

MR. P. GOPALAN : എന്തുകൊണ്ടാണ് കന്നികൃഷി മോശമായതെന്നറിയാമോ?

HON'BLE MR. K. M. KORAH : വെള്ളപ്പൊക്കംമൂലം.

MR. P. GOPALAN : വെള്ളപ്പൊക്കംകൊണ്ട് സാധാരണ ഇങ്ങനെ വരാറുണ്ടെന്നുള്ളത് അറിയാമോ?

HON'BLE MR. K. M. KORAH : സാധാരണ ഉണ്ടാകാറുണ്ട്.

Advice from Sir C. P. Ramaswami Aiyar.

318. MR. N. V. CHACKO (*Kunnathunad III—General*): Will the Honourable Prime Minister be pleased to state :

(*a*) whether the Government of Travancore are receiving any advice or instruction from Sir C. P. Ramaswami Aiyar at present either directly or indirectly; and

(*b*) whether there is any truth in the rumour that the Advocate-General visited Sir C. P. Ramaswami Aiyar recently?

HON'BLE MR. A. THANU PILLAI : (എ) ഇല്ല.

(ബി) അറിഞ്ഞുകൂടാ.

MR. N. V. CHACKO : സർവീസിലിരിക്കുന്ന ഒരാളെ കൂട്ടിക്കൊണ്ട് അദ്ദേഹം അവധി എടുത്തുകൊണ്ടാണോ പോയതു് എന്നറിയാമോ?

HON'BLE MR. A. THANU PILLAI : അറിഞ്ഞുകൂടാ.

Land for Cardamom Cultivation.

319. MR. N. P. VARGHESE (*Muvattupuzha I—General*): Will the Honourable Minister for land be pleased to state :

(*a*) Are Government aware that a large number of applicants who applied under the old cardamom rules to get land for cardamom cultivation deposited the premium and surveyed the land, have been hard hit by the new rules, because retrospective effect was given to it by the fact that they had to surrender the land and the improvements they effected without any compensation; and

(*b*) are Government aware that the promulgation of the new rules has dissuaded people from cardamom cultivation which is one of the most profitable cultivations in the hill districts?

HON'BLE MR. C. KESAVAN :

(*a*) No. The old cardamom rules allowed registry to bonafide applicants for cardamom cultivation. Subseqnently Government changed their policy in regard to the assignment of land. Lands occupied bonafide and improved upon are now being leased out to the respective occupants without auction for 12 years under the Kuthakapattom Rules for lease of cardamom lands.

(*b*) No.

MR. N. P. VARGHESE : Do Government intend to revise the rules?

HON'BLE MR. C. KESAVAN : There is no reason why it should be changed.

ഓരോ മന്ത്രിമാരുടേയും ആവശ്യത്തിനു ചിലവായിട്ടുള്ള

പെട്രോൾ.

320. MR. KALATHIL VELAYUDHAN NAIR (*Changanacherry II—General*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട [illegible] വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഓരോ മന്ത്രിമാരുടേയും ആവശ്യത്തിന് ൧൧൨൫ മീനം, മേടം, ഇടവം, മിഥുനം ഈ മാസങ്ങളിൽ എത്ര ഗ്യാലൻ പെട്രോൾ വീതം ചിലവായിട്ടുണ്ട്?

HON'BLE MR. A. ATCHUTHAN: ൧൧൨൩ മീനം മുതൽ നാലുമാസങ്ങളിൽ മന്ത്രിമാർ ഉപയോഗിച്ചിട്ടുള്ള പെട്രോളിന്റെ കണക്ക് താഴെ പറയുന്ന വിധി പ്രകാരമാകുന്നു.

ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. പട്ടം എ. താണുപിള്ള

മീനം	൩൨ ഗ്യാലൻ	മേടം	൧൦൦ ഗ്യാലൻ
ഇടവം	൧൦൭ ,,	മിഥുനം	൧൨൦ ,,

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. എം. വറുഗീസ്.

മീനം	൨൮ ഗ്യാലൻ	മേടം	൩൮ ഗ്യാലൻ
ഇടവം	൧൩൦ ,,	മിഥുനം	൧൨൮ ,,

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. കേശവൻ

മീനം	൯൩ ഗ്യാലൻ	മേടം	൧൩൦ ഗ്യാലൻ
ഇടവം	൧൩൨ ,,	മിഥുനം	൧൫൨ ,,

ബഹുമാനപ്പെട്ട മന്ത്രി. ശ്രീ. കെ. എം. കോര

മിഥുനം ൭ ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ ജി. രാമചന്ദ്രൻ

മിഥുനം ൨൮ ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. അച്ചുതൻ

മിഥുനം ൭ ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ പി. എസ്. നടരാജപിള്ള

മിഥുനം ൭ ഗ്യാലൻ

മത്സ്യവകുപ്പിന്റെ ഡിവിഷൻ ഇൻസ്പെക്ടറന്മാർ.

321. MR. WILSON PETER (*Shertalai III—Latin Catholic*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മത്സ്യവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

(എ) മൽസ്യവകുപ്പിന്റെ കീഴിൽ എത്ര ഡിവിഷൻ ഇൻസ്പെക്ടറന്മാരും എത്ര സബ് ഇൻസ്പെക്ടറന്മാരും ഉണ്ട്?

(ബി) പുതിയ ഉപ്പ് വിതരണസമ്പ്രദായത്തിന്റെ വെളിച്ചത്തിൽ അവരുടെ ജോലിയുടെ ഇന്നത്തെ രൂപമെന്ത്?

HON'BLE MR. K. M. KORAH : (എ) മൂന്ന് ഇൻസ്പെക്ടറന്മാരും ഇരുപതു സബ് ഇൻസ്പെക്ടറന്മാരും.

(ബി) ഇൻസ്പെക്ടറന്മാരിൽ രണ്ടുപേർ കായലുകളുടെയും ആറ്, തോട് മുതലായ പുറമ്പോക്ക ജലാശയങ്ങളുടെയും ചാർജ്ജുകൂടി വഹിക്കുന്നുണ്ട്. മൂന്ന് ഫിഷറി സബ് ഇൻസ്പെക്ടറന്മാർ കായലുകളുടെ ചാർജ്ജ മാത്രം വഹിക്കുന്നവരും ആകുന്നു. ശേഷിക്കുന്ന ഒരു ഇൻസ്പെക്ടറും മത്സ്യവ്യവസായികളുടെയിടയിൽ സാമൂഹ്യസാമ്പത്തികവ്യവസ്ഥിതി വളരുന്നതിനും മത്സ്യപരിപാകം സംബന്ധിച്ചുള്ള നവീനമാർഗ്ഗങ്ങളെപ്പറ്റി ഉപദേശം കൊടുക്കുന്നതിലും ഏർപ്പെട്ടിരിക്കുന്നു.

MR. WILSON PETER : ഗവൺമെൻറിന്റെ ഉടമസ്ഥതയിലുള്ള ചില പുറമ്പോക്ക ജലാശയങ്ങളും ഇപ്പോഴും വ്യക്തികളുടെ കയ്യിൽ ഇരിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : ഉണ്ട്. അതിനു വേണ്ട നടപടി നടത്തുന്നുണ്ട്.

ചെമ്മീൻ കയററുമതി.

322. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കയററുമതിവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

വിദേശങ്ങളിലേക്ക ചെമ്മീൻ കയററി അയയ്ക്കുന്നതിനു കൈ.വ ത്തരം വ്യവസായികൾക്ക നേരിട്ടിട്ടുള്ള വിഷമതകളെക്കുറിച്ചു അവർ നിവേദനം നടത്തിയിട്ടുള്ളതിന് എന്തു പരിഹാരം ചെയ്തിട്ടുണ്ട്?

HON'BLE MR. K. M. KORAH : റിസ്ട്രിക്ഷൻ എടുത്തുകളഞ്ഞിരിക്കുന്നു.

MR. K. K. CHELLAPPAN PILLAI : എന്നാണ് മാററിയത്?

HON'BLE MR. K. M. KORAH : ന്ന-൧-ഫൽ ൪വ്വ-ൽ.

MR. K. K. CHELLAPPAN PILLAI : അതുകാരണം ജനങ്ങൾ വളരെ വൈഷമ്യം അനുഭവിക്കുന്നുണ്ടെന്നുള്ള കാര്യം ഗവൺമെൻറുശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭക്ഷ്യനിയന്ത്രണം.

323. MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

[Mr. Mohammed Mustafa.]

(എ) ഒരു പരീക്ഷണമെന്നവണ്ണം ഏതാനം താലൂക്കുകളിൽ ഭക്ഷ്യനിയന്ത്രണം ഉടനെ നിർത്തലാക്കുവാൻ ഒരു പദ്ധതി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ?

HON'BLE MR. K. M. KORAH : സംസ്ഥാനത്ത് നെല്ലുവിളവുള്ള ഏതാനം താലൂക്കുകളിൽ ഭക്ഷ്യധാന്യനിയന്ത്രണം നിറുത്തലാക്കുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചന വിഷയമായിരിക്കുകയാണ്.

MR. MOHAMMED MUSTAFA : പ്രധാനമന്ത്രി അവർകളുടെ ബഡ്ജററ് പ്രസംഗത്തിൽ സംസ്ഥാനത്തു കൂടുതൽ നെല്ല് വിളവുള്ള താലൂക്കുകളോടു ചേർത്ത് നെല്ല് കൂടുതൽ വിളവില്ലാത്ത ചില താലൂക്കുകളെക്കൂടി ഉൾപ്പെടുത്തി പറഞ്ഞതായി അറിയാമോ?

HON'BLE MR. K. M. KORAH : അങ്ങനെ ഉൾപ്പെടുത്തി പറഞ്ഞതായി അറിവില്ല. അതിനെ സംബന്ധിച്ച് ആലോചിക്കുന്നുവെന്നാണ് പറഞ്ഞത്.

MR. K. A. MOHAMMED : ഇതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങനെ നിർദ്ദേശങ്ങൾ ഒന്നും വേണമെന്നില്ല. എന്നാൽ ഇതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറുമായി ആലോചിക്കണമെന്നു വിചാരിക്കുന്നു.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : ഇതിനെ സംബന്ധിച്ച് ഒരു ഫുഡ് ഡിപ്പാർട്ടുമെൻറ് വയ്ക്കുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR. K. M. KORAH : നന്നായിരിക്കാം.

MR. T. A. ABDULLA : മററു പല പ്രാവിൻസുകളിലും ഫുഡ് ഡിപ്പാർട്ടുമെൻറ് വച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : ഉണ്ടായിരിക്കാം.

MR. MOHAMMED MUSTAFA : ഡീകൺട്രോൾ ഏർപ്പെടുത്തുന്നതുകൊണ്ടു ചെറിയ വരവുള്ള ആളുകൾക്ക് അതായതു ക്ലാർക്കന്മാർ മുതലായവർക്ക് പല വൈഷമ്യങ്ങളും ഉണ്ടാകുമെന്നറിയാമോ?

HON'BLE MR. K. M. KORAH : ചിലർക്കു അങ്ങനെ വന്നേക്കാം.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഇൻഡ്യാ ഗവണ്മെൻറിൻെറ അനുവാദം കൂടാതെ കൺട്രോൾ എടുക്കുന്നതിനു ഈ ഗവണ്മെൻറിന് അധികാരമുണ്ടോ?

HON'BLE MR. K. M. KORAH : പൂർണ്ണസ്വാതന്ത്ര്യമുണ്ട്. പക്ഷെ അവരോട് ആലോചിക്കുന്നതായിരിക്കും ഉത്തമം.

MR. E. P. POULOSE (*Muvattupuzha III—General*) : സാദ്ധ്യമായിടത്തോളം നമുക്ക് അവരുടെ നിർദ്ദേശങ്ങളിൽ വേണ്ട ഭേദഗതി ചെയ്യുന്നതിനു അധികാരമുണ്ടോ?

HON'BLE MR. K. M. KORAH : അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ഇനി ഫൈനാൻഷ്യൽ ബിസിനസ് ആണ്.

FINANCIAL BUSINESS.

DEMAND NO. VIII—GENERAL ADMINISTRATION (Contd.)

MR. C. NARAYANA PILLAI (*Mavelikara I—General*) : സർ, സെർവാൻടിസ് എന്ന സ്പാനിഷ് ഗ്രന്ഥകർത്താവ് ഡാൺക്വിക്‌സോട്ട് എന്നൊരു പ്രസിദ്ധഗ്രന്ഥം എഴുതിയിട്ടുണ്ട്. ഇന്നലെ ഇവിടെ നടന്ന പ്രതിപക്ഷകക്ഷിനേതാക്കന്മാരുടെ മന്ത്രിസഭയെപ്പററിയുള്ള വിമർശനങ്ങൾ കേട്ടുകൊണ്ടിരുന്നപ്പോൾ ആ മനോഹരമായ ഗ്രന്ഥത്തിലെ ചില വിനോദരംഗങ്ങളാണ് എൻെറ സ്മരണയിൽ വന്നത്. ജനകീയമന്ത്രിസഭയെപ്പററി അവർ അടിസ്ഥാനരഹിതങ്ങളായ ചില ആരോപണങ്ങൾ മനഃപൂർവ്വമായി സൃഷ്ടിച്ച് അതിനോട് സമരംചെയ്യുന്ന ഒരു സ്ഥിതിയിലാണ് ഞാൻ അവരെ കണ്ടത്. അവർ ഭാവനയിൽ ഒരു ശത്രുവിനെ സൃഷ്ടിച്ചു സമരം ചെയ്യുകയായിരുന്നു; അവർ കാററാടിയന്ത്രത്തോട് പടവെട്ടുകയായിരുന്നു. ആതു് അവരുടെ വിനോദമോഹി അനുഭവിക്കട്ടെ. ആ ശിശുക്കളുടെ കളിപ്പാട്ടം പിടിച്ചുപറിച്ച് അവരെ കരയിക്കണമെന്നു എനിക്കുദ്ദേശമില്ല. അവരുടെ പ്രസംഗങ്ങളിൽ ഉന്നയിച്ച മിക്ക ആരോപണങ്ങൾക്കും ഒന്നൊന്നായി ഇവിടെ മറുപടികൾ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അവരുടെ വാദമുഖങ്ങൾ, ഒന്നും തന്നെ ഇനി അവശേഷിക്കുന്നില്ല.

സർ, ഈ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ നടക്കുന്ന അഴിമതികളെയും അക്രമങ്ങളെയുംപററി ഇവിടെ വ്യത്യസ്ഥമായ വിമർശനങ്ങൾ നടന്നു. ഇതിനു മുമ്പായിരുന്നെങ്കിൽ—ഈ സഭയിൽ

[Mr. C. Narayana Pillai.]

സന്നിഹിതരാകുംപ്രകാരം ഈ ആരോപണങ്ങൾക്കു മറുപടി പറയുവാനും ഉള്ള അവകാശം നിഷേധിക്കുന്നതിനെക്കുറിച്ചായിരുന്നു ഇങ്ങനെ പറഞ്ഞിരുന്നതെങ്കിൽ എനിക്കു് അതു് മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. ഇന്നു തിരുവിതാംകൂർ ഭരിക്കുന്നതു് ജനകീയമന്ത്രിമാരാണു്.

MR. ABDUL AZIZ : സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. ബഹു. മെമ്പർ ഇന്നലെ ഇവിടെ നടന്ന പ്രസംഗങ്ങൾ നേരിട്ടു കേട്ടിട്ടാണോ അതല്ല പത്രങ്ങൾ വായിച്ചറിഞ്ഞിട്ടാണോ ഈ വിമർശനങ്ങൾ ചെയ്യുന്നതെന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഇതു് ഒരു പോയിൻറു് ഓഫ് ഓർഡർ അല്ല.

MR. C. NARAYANA PILLAI : ഇന്നു ഇവിടെ ഉദ്യോഗസ്ഥന്മാരല്ല ഭരണം നടത്തുന്നതു്. ഇന്നിവിടെ ഭരണം നടത്തുന്നതു് മന്ത്രിമാരാണു്. ഉദ്യോഗസ്ഥന്മാർ അഴിമതി കാണിക്കുന്നുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്വം മന്ത്രിസഭയ്ക്കാണു്. മന്ത്രിമാർക്കു് ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ തിരുത്താൻ കഴിവില്ലെങ്കിൽ അതിനു മന്ത്രിമാരെയാണു പറഞ്ഞയയ്ക്കേണ്ടതു്. ഉദ്യോഗസ്ഥന്മാരെ കൈക്കൂലി സംബന്ധിച്ചു് നിർദ്ദോഷരാക്കിയശേഷം ഈ നിയമസഭയിൽവച്ചു് അവരെ അധിക്ഷേപിക്കുന്നതു് ഈ സഭയുടെ അന്തസ്സിനും അഭിമാനത്തിനും വിഹിതമല്ല. നിയമപരമായി ഈ സഭയിൽ ഹാജരാകാനുള്ള അവകാശം നിഷേധിച്ചശേഷം അവരെ ഈ സഭയിലെ അംഗങ്ങൾ അധിക്ഷേപിക്കുന്നതു് ഒരുതരത്തിലും ന്യായീകരിക്കത്തക്കതല്ല.

എൻെറ മാന്യ സ്നേഹിതന്മാരായ മുസ്ലീം ലീഗ് പാർട്ടിഅംഗങ്ങളുടെ പ്രസംഗങ്ങളെ ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്നു. എൻെറ സ്നേഹിതൻ പി. അസീസ്, അദ്ദേഹത്തിൻെറ പ്രസംഗം ഞാൻ കേൾക്കുകയുണ്ടായോ എന്നൊരു ആശങ്ക പ്രകടിപ്പിച്ചു. അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുകമാത്രമല്ല ഞാനതു മുഴുവൻ മനസ്സിലാക്കുകകൂടി ചെയ്തു എന്നു അദ്ദേഹത്തെ ആദ്യമായി അറിയിച്ചുകൊള്ളുന്നു. ശാരീരികമായ ചില ദൗർബല്യങ്ങൾകൊണ്ടു കേൾക്കാൻ കഴിഞ്ഞില്ലാ എന്നു വരാം. എന്നാൽ അതു കേട്ടാലും മനസ്സിലാക്കാൻ കഴിവില്ലാത്ത ഒരാൾ കേൾപ്പിക്കാവിനെപ്പറ്റി ആക്ഷേപിക്കുന്നതു് കേട്ടിട്ടു എനിക്കു ചിരി വരുന്നു. കണ്ണിനു കാഴ്ച കുറഞ്ഞവർക്കും ചെവി കേൾക്കാൻ പാടില്ലാത്തവർക്കും ശാസ്ത്രീയോപകരണങ്ങളെ ആശ്രയിക്കാൻ കഴിയുന്നതാണു്. എന്നാൽ തലയിൽ ഒന്നുമില്ലാത്തവർക്കു അതു നൽകുവാൻ ഇന്നുവരെ യാതൊരു ശാസ്ത്രജ്ഞന്മാരും കണ്ടുപിടിച്ചിട്ടില്ല. (ചിരി) എൻെറ മുസ്ലീം സഹോദരന്മാരുടെ ആരോപണങ്ങളെപ്പറ്റി.

എനിക്കു പറയുവാനുള്ളതു് ഇതു് മതപരമായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യമല്ലെന്നാണ്. വർഗ്ഗീയമൈത്രി പരിപാലിക്കേണ്ടതിന്റെ ആവശ്യകതയെ ഞാൻ മനസ്സിലാക്കുന്നുണ്ട്. എന്നാൽ അതു് മതപരമായ ഒരു സൗജന്യമായിരിക്കരുതു്. ഈ ജനകീയമന്ത്രിസഭയിൽ അവർക്കുകൂടി പ്രവേശനം അനുവദിക്കുന്ന വിഷയത്തിൽ ഒരു തടസ്സമായി നില്ക്കുന്നതു് അവരുടെ വർഗ്ഗീയവാദം ഒന്നുമാത്രമാണെന്നു ഞാൻ അവരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. താൻ ഒരു പ്രത്യേക സമുദായത്തിൽ ജനിക്കുന്നതുകൊണ്ടു തനിക്കു എന്തെങ്കിലും സൗജന്യം വേണമെന്നു ആരെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ അതിനെ ഞാൻ സർവ്വശക്തികളും ഉപയോഗിച്ചു് പ്രതിഷേധിക്കുകതന്നെ ചെയ്യും. മതപരമായ അടിസ്ഥാനത്തിൽ ജീവിക്കണമെന്നു ആഗ്രഹമുള്ളവർ വർഗ്ഗീയമായ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തിരിക്കുന്ന പാകിസ്ഥാനിലേയ്ക്കു് പോകണമെന്നാണ് ഞാൻ പറയുന്നതു്.

MR. P. S. MOHAMMED : സർ, ഒരു പായിന്റു ആഫ് ആർഡർ. തിരുവിതാംകൂറിലെ മുസ്ലീങ്ങളായ ഞങ്ങളോട്, ഇവിടെതന്നെ ജനിച്ചു്, ഇവിടത്തന്നെ ജീവിക്കാൻ അവകാശമുള്ള ഞങ്ങളോട് ഇവിടത്തെ ഭരണപക്ഷകക്ഷിയിലെ ഒരംഗമായ മെമ്പർ പാകിസ്ഥാനിൽ പോകണമെന്നു പറയുന്നു. അങ്ങനെ പറയാമോ എന്നാണു അറിയേണ്ടതു്.

MR. PRESIDENT : അദ്ദേഹം അങ്ങനെ പറയുകയുണ്ടായില്ല. ആ വാദം നടക്കണമെങ്കിൽ പാകിസ്ഥാനിൽ പോകണമെന്നായിരുന്നു പറഞ്ഞതു്.

MR. MOHAMMED MUSTAFA : സർ, ഒരു പായിന്റു് ആഫ് ആർഡർ. കാൺഗ്രസ്സിനകത്തു വർഗ്ഗീയവാദികൾ ഉണ്ടോ എന്നു ചോദിച്ചുകൊള്ളുന്നു.

MR. PRESIDENT : ഈ മാതിരിയുള്ള ചോദ്യങ്ങളൊന്നും പായിന്റ് ആഫ് ആർഡറിന്റെ പരിധിയിൽ വരുന്നതല്ലെന്നു ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞു.

MR. C. NARAYANA PILLAI : ഇന്നു ഒരു സി. പി. രാമസ്വാമി അയ്യർക്കുപകരം ഇവിടെ ആറു സി. പി. രാമസ്വാമിഅയ്യരന്മാർ ഭരിക്കുന്നതായി ഒരു പരാതിയുണ്ടായിട്ടുണ്ടു്. സർ, ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നതന്നെ ചെയ്യുന്നു. അദ്ദേഹം ഇവിടെനിന്നു പോയിട്ടും അദ്ദേഹത്തിന്റെ പ്രേതത്തെ ഇവിടെ വിട്ടിട്ടാണു് പോയിട്ടുള്ളതു്. സർ സി. പി. ഇവിടം ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഈ സഭയിൽ എഴുന്നേററുനിന്നു അദ്ദേഹത്തെ പുകഴ്ത്തിയവരും അദ്ദേഹത്തിന്റെ സ്വതന്ത്രതിരുവിതാംകൂറിനു തീവെട്ടി പിടിച്ചവരും അദ്ദേഹത്തിന്റെ പുറകെ ഉദ്യോഗങ്ങൾ യാചിച്ചു ഓടിനടന്നവരും മന്ത്രിസഭയിൽ സി. പി. മാരെ കാണുന്നു എന്നു പറയുമ്പോൾ എനിക്കു ആശ്ചര്യമുണ്ടാകുന്നില്ല.

MR. ABDUL AZIZ: അങ്ങനെ ഓടിയിട്ടുള്ളവർ സ്റ്റേറ്റ് കോൺഗ്രസ് പാർട്ടിയിൽ എത്രയുണ്ടെന്നു പറയാമോ ?

MR. C. NARAYANA PILLAI: തമിഴ്നാട് കോൺഗ്രസ്സ് അംഗങ്ങളോടും എനിക്ക് ഒരു വാക്ക് പറയാനുണ്ട്. സ്റ്റേറ്റ് കോൺഗ്രസ്സ് പാർട്ടി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനെപ്പറ്റി ഒരു ദുസ്സൂചന ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. തെക്കൻ തിരുവിതാംകൂറിൽ കഴിഞ്ഞ പത്തുകൊല്ലക്കാലമായി പലവിധ ത്യാഗങ്ങളും സമരങ്ങളും നടത്തി സ്വാതന്ത്ര്യം പിടിച്ചെടുത്ത ദേശാഭിമാനികളെയും രാജ്യഭക്തന്മാരെയും പുറംതള്ളി മനുഷ്യന്റെ വർഗ്ഗീയവികാരങ്ങളെ ഉദ്ദീപിപ്പിച്ച് നികൃഷ്ടമായ പ്രചരണം നടത്തി ഈ സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണത്തിന്റെയും സ്ഥാനമാനങ്ങൾ അപഹരിക്കുവാൻ ഈ നിയമസഭയിൽ സന്നിഹിതരായവർ സ്റ്റേറ്റ് കോൺഗ്രസ്സ് തിരഞ്ഞെടുപ്പിനെപ്പറ്റി പുച്ഛിക്കുന്നതും അവഹേളിക്കുന്നതും കേൾക്കുമ്പോൾ ലജ്ജകൊണ്ട് എന്റെ തല കുനിഞ്ഞുപോകുന്നു.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*): Sir, I deem it a privilege and duty as a member of this party to answer the allegations brought against this Government and this party. I should like to invite the attention of the Honourable members opposite to Constitutional facts, precedents, conventions and law. History and tradition will stand by the State Congress Government today to support its procedure and action. If only you had turned your attention to Jenning's Cabinet system giving history of England from 1808 onwards, you would not have brought forward allegations. With all the vehemence that a woman can command, I throw it back to the opposition. The constitution which we have been asked to frame today, to give birth to which we have gone through the teeth of pain during the last 10 years, is going to bloom into a full-blown democracy. Today, the constitution has not yet been written down. Therefore, we have to take the model of the West Minster Constitution. If you take that model and compare it with the proceedings of this party, this Government and this ministry, you will find that our proceedings are correct to the very letter of the precedents laid down by West-minster during the last century and a half. I would like to invite attention to one fact, namely, to the point of the leader of the opposition that the Prime Minister's choice of Ministers was not happy. I would just remind you of the Prime Minister's position in England. In John Morley's words the Prime Minister is the key-stone of the Cabinet-arch the grand vizier through whose cognisance all the affairs of Government go through and through whose advice every Minister has to be appointed or dismissed.

MR. K. SIVARAMA PILLAI (*Thovala I—General*): One question.

MISS ANNIE MASCARENE: I defy all questions.

There are events in history which I want to bring before you to prove the correctness of the position of the Prime Minister. The

history of Prime Ministers in England is not a uniform history. You must understand that Gladstone and Disraeli were autocrats whereas Palmerston was a weak Prime Minister. Peel is said to be the model of Prime Ministers and his actions and doings are now quoted with the sanction of law and precedents. To answer your charge that the Prime Minister's choice of Ministers was unhappy, I wish to remind you that according to constitutional procedure, the Prime Minister has got every right and liberty to choose his Ministers whoever they may be in whom he can command confidence. The history of Cabinet System in England has proved to the hilt that there were Prime Ministers who were autocratic, that there were Prime Ministers who were weak and that there were such Ministers like Gladstone, whose historic budget of 1860 was carried against the Prime Minister. There were Ministers without portfolio. That is how, General Smuts came into the Cabinet in 1916. That is how, Ramsay Mc Donald and Malcolm Mc Donald came into the Cabinet without being members of Parliament. Therefore the Prime Minister is in a position to give them a portfolio or not, to select them from the Parliament or outside. This is proved by history and tradition. During Queen Victoria's time, you will find that Palmerston was once thrown over, that Clarendon was chosen as a Minister, whom Queen Victoria did not want. Any way, the Cabinet had chosen him. So she used all her influence to make him resign. The learned leader of the other party said that Mr. Nataraja Pillai was thrown overboard, because he had not the backing of the community. There is history and precedent and convention and constitutional procedure in support of that. Today standing on the threshold of history, with constitutional law and practice supporting me, I throw back all the charges. I wish to make a request to you. Today, standing on the bridge of endless time connecting the past with the future before us, while the twilight of the past and the lime light of the future blend harmoniously into a dream light of the present, vacillating between facts on one side and events of history on the other side, we have brought forth the child of democracy. The first experience of democarcy in every country is a sad disappointment. Democracy today has fallen flat on the door step of life.

MR. ABDUL AZIZ: A point of order, Sir.

MISS ANNIE MASCARENE: But the child will rise again and it will have its day with a bright future.

HON'BLE MR. G. RAMACHANDRAN: Sir, May I suggest that many points of order which are brought forward on the floor of the House by certain members are not really points of order.

MR. PRESIDENT: പറയുന്നതു കേട്ടതിനുശേഷമെ അതു് പോയിന്റു് ഓഫ് ഓർഡർ ആണോ അല്ലയോ എന്നു് നിശ്ചയിക്കാൻ ഒക്കുകയുള്ളൂ.

MR. ABDUL AZIZ: A point of order. പല ബ്ലോക്ക്: മെമ്പറന്മാരും ഈ കാര്യത്തിലേക്കുതന്നെ കട്ടുമോഷൻ അയച്ചിട്ടുണ്ട്. ബ്ലോക്ക്: മെമ്പറും അങ്ങനെയുള്ള കട്ടുമോഷൻ അയച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് ആ കട്ടു മോഷനെത്തന്നെ എതിർത്തുകൊണ്ട് സംസാരിക്കാൻ അവകാശമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : മി. മുസ്തഫയുടെ കട്ടുമോഷനെ സംബന്ധിച്ചായി ട്ടാണ് സംസാരിക്കുന്നത്.

MR. K. R. ELANKATH: ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വാചകം പൂർത്തിയാക്കാതിരിക്കുമ്പോൾ ഒരു പോയിന്റ് ഓഫ് ഓർഡർ കൊണ്ടുവരാമോ?

MR. ABDUL RAZAAK (*Nedumangad I—Muslim*): May I ask whether the Honourable gentleman is speaking in the capacity of adviser to the Chair?

MISS ANNIE MASCARENE: Yesterday, my esteemed friend Mr. Aziz of six—ministerial reputation, and his immediate neighbour, the veritable advocate of motherhood in Travancore, reminded me in their speeches, juvenile expressions of an accused, sitting in judgment over his own case, quoting precedents, not true to historical facts—(*Bell.*)

MR. K. P. NILAKANTA PILLAI: Sir, we the members on this side of the House have been given an opportunity to know that there is at least an attempt to form an opposition to the Government which is shouldering the responsibility of administration today. That is good and augurs well for the future. The Tamil Nad Party and the Muslim League party if they had attempted at an earlier stage to remove the fluid state in which they have been functioning in this House we would not have been put to the painful duty of functioning as critics of administration as well. It is these circumstances that provided Mr. Sivarama Pillai with an opportunity to take exception to a cut motion that I had tabled under the Ministry. A token cut motion, which is for the reduction of a Rupee has various objects. The speech by which that cut motion is moved decides the orderliness as well as the object of the motion. My cut motion is not capable of the interpretation which he has chosen to put upon it. Now there is no Dewan and it is a popular Ministry that is carrying on the administration; and the Ministry is composed of Ministers who form the Government. So it was to impress the Government with the view point of the people that I tabled that motion. It was not intended to criticise the Ministers or what transpired in the Cabinet.

Apart from that, Sir, even the present opposition seems to me as disunited, rambling, contradictory and what can I say (*laughter*) weak. The major attack by the leader of the Tamil Nad Party

centered round, what has been called a cabinet crisis. I never heard about a cabinet crisis. Even if there was a cabinet crisis members on this side of the House will not get very much perturbed because we know recent events in Indian Dominion and elsewhere. Sir, the mighty Indian National Congress is administering the Indian Union. Despite there were ministerial crisis in Assam, East Punjab and West Bengal. It was rather usual in Sind. But, such a hue and cry was never raised. Inspite of cabinet crisis Congress Governments are still functioning in all these places. Ministers may resign, Sir, they may be removed, they may come and go, but the party who has the majority in the country, will continue to be in power.

Then much has been said about a statement not being issued after the so called cabinet crisis. I ask the question, granting there was a cabinet crisis, whether the collective nature of the cabinet responsibility will enable a minister to issue a statement. In Madras Mr. Subbarayan resigned but the insistent demad for a statement was turned down in the Legislature. Under such circumstances, what is this farce of an opposition about? While you have the sun here why worry about the moon.

Then Mr. Nesamony held out a threat, that if their points of view are not accepted by the Government in power today, they may go East and we will be compelled to go North. What can I say in reply? For the information of my friend I say, go east he may but go east we must because the east is the lebansram of Travancore.

Secondly the Muslim League was most unnaturally expecting a place in the Ministry. Sir, my friends on this side of the House have already exposed the hollowness of that claim. The party in power cannot have members of other parties who do not agree with them to co-operate in a ministry which has got a joint responsibility. Nowhere such a thing has been attempted. Therefore I may tell for the information of my Tamil Nad friends and Muslim League friends, that as long as they function as an independent political party their claims to be represented in the Ministry or in responsible offices will not be viewed with favour or in Mr. Nesamony's language unless his party is liquidated and he bids goodbye to it.

MR. A. NESAMONY: Who claimed representation?

MR. K. P. NILAKANTA PILLAI: The Muslim League claimed.

MR. P. S. MOHAMMED: Certainly we did not claim.

MR. ABDUL RAZAAK: Sir, May I say that it is a flagrant lie

MR. K. P. NILAKANTA PILLAI: I leave it to the President to judge—

HON'BLE MR. G. RAMACHANDRAN: May I ask whether the expression "flagrant lie" is parliamentary?

MR. PRESIDENT: It is not parliamentary.

HON'BLE MR. G. RAMACHANDRAN: Then, may I say that it must be withdrawn?

MR. K. P. NILAKANTA PILLAI: Is that statement withdrawn. Sir, or shall I ask the President to make a statement whether the Muslim League Party wanted to be represented in the ministry?

MR. P. S. MOHAMMED: No, Sir, we did not want representation.

MR. ABDUL AZIZ: When a cut-motion is sent, does it not show that some head is to be cut off? Whose head my friend is going to cut off?

MR. K. P. NILAKANTA PILLAI: Sir, I only wish to put forward the constitutional position. If they refuse to understand, I am all the more sorry.

MR. THARIATHU KUNJITHOMMAN (*Muvattupuzha II—General*): സർ, ഹജ്ജൂർവകുപ്പിനെപ്പറ്റി സ്പഷ്ടതരമായ ചില നിർദ്ദേശങ്ങൾ കൊണ്ടുവരാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ഒരു പാർട്ടിയിൽ നിന്നു വന്ന വാദങ്ങൾക്കു പ്രധാനമന്ത്രി [illegible] മറുപടി പറഞ്ഞുകഴിഞ്ഞതിനാൽ ഞാനതിനു മുതിരുന്നില്ല. മന്ത്രിസഭയിൽ തങ്ങളിൽ ആരെയും ഉൾപ്പെടുത്തിയില്ലെന്നും ആവശ്യമായിട്ടുള്ള അവകാശങ്ങൾ പലതും പരിഗണിക്കപ്പെട്ടിട്ടില്ലെന്നും ആണ് അവരുടെ വാദസാരം.

MR. P. S. MOHAMMED: അങ്ങനെ പറഞ്ഞിട്ടില്ലെന്നു [illegible] ബോദ്ധ്യമായോ?

MR. THARIATHU KUNJITHOMMAN: പറഞ്ഞുവെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്.

MR. K. P. NILAKANTA PILLAI: I rise to a point of order. From yesterday's discussion we understood that the Muslim League party complained that they were not represented in the Ministry.

MR. P. S. MOHAMMED: അങ്ങനെ പറഞ്ഞിട്ടില്ല.

MR. PRESIDENT: ആ കാര്യത്തെപ്പറ്റി ഇപ്പോൾ പറയേണ്ട ആവശ്യമില്ല. ഇപ്പോഴും അതിനെപ്പറ്റി തെളിവുകളുണ്ട് ഒരു തീരുമാനമുണ്ടാകണമെന്നും ഞാൻ വിചാരിക്കുന്നില്ല.

MR. THARIATHU KUNJITHOMMAN: ഹജ്ജൂർവകുപ്പ് രാഷ്ട്രശരീരത്തിന്റെ ശിരസ്സും ഹൃദയവുമാണ്. അവിടെനിന്നാണ് സകല ഡിപ്പാർട്ടുമെന്റുകൾക്കും വേണ്ട നിർദ്ദേശങ്ങളും അനുമതികളും നൽകുന്നത്. അതുകൊണ്ട് ഹജ്ജൂർവകുപ്പ് ശുദ്ധവും കാര്യക്ഷമവുമായിരുന്നാൽ രാജ്യഭരണം പൊതുവിൽ ശുദ്ധവും കാര്യക്ഷമവുമായിരിക്കും. മുമ്പിലത്തെ ആ ദുഷിച്ച ഭരണത്തിന്റെ [illegible] കയറിപ്പറ്റിയ പലരും ഇന്നും ഹജ്ജൂർകച്ചേരിയിലുണ്ട്. മറ്റു പല ഡിപ്പാർട്ടുമെന്റുകളിലും ഇത്തരക്കാർ പലരുമുണ്ട്. അഴിമതിയിൽ മുഴുകിയ ഈ

ഉദ്യോഗസ്ഥന്മാരെ മുഴുവൻ പുറംതള്ളി നമ്മുടെ ഗവണ്മെൻറിനെ ശുദ്ധമാക്കണം. പുതിയ നിയമനങ്ങൾ വളരെ നടക്കാനുള്ള ഒരു സന്ദർഭം വന്നിരിക്കുന്നു. അതെല്ലാം അനുക്രമമായ കയററം നൽകി സാധിക്കണമെന്നു വയ്ക്കുകയാണെങ്കിൽ ഭരണംകൊണ്ടു കയറിയ അഴിമതിക്കാർ പലരും ഇനിയും ഉയർന്ന സ്ഥാനങ്ങളിൽ വരും. യോഗ്യന്മാരായ പുതിയ ആളുകളെ എടുത്തു് സർവ്വീസിനെ ഒന്നു ശുദ്ധമാക്കേണ്ടതു് അത്യാവശ്യമാണു്. അതുകൊണ്ടു് അനുക്രമമായ കയററം തീരെ കൊടുക്കാൻ പാടില്ലെന്നു പറയുന്നതായി ധരിക്കരുതു്. യോഗ്യന്മാരായ ആളുകൾ ചിലരുള്ളവർക്കു പ്രമോഷൻ കൊടുക്കേണ്ടതാണു്. രാജ്യത്തിനുവേണ്ടി വളരെ ത്യാഗങ്ങളും യാതനകളനുഭവിച്ചിട്ടുള്ളവരും യോഗ്യന്മാരുമായ അനേകം ആളുകൾ ഇന്നു് സർവ്വീസിനു പുറത്തുണ്ടു്. അവരിൽനിന്നു് തിരഞ്ഞെടുത്തു നല്ല സ്ഥാനങ്ങളിൽ നിയമിക്കണം. ജനകീയഗവണ്മെൻറിനെ അവർ വിശ്വസ്തതയോടുകൂടി സേവിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിനു ബഹു. മന്ത്രിമാരെത്തന്നെ തെളിവായെടുക്കാമല്ലോ. കഴിവുള്ളിടത്തോളം പുറത്തുനിന്നുതന്നെ തിരഞ്ഞെടുത്തു് നല്ല സ്ഥാനങ്ങളിൽ നിയമിക്കുവാൻ ശ്രമിച്ചില്ലെങ്കിൽ സർവ്വീസ് നന്നാകയില്ലെന്നാണു് എൻെറ അഭിപ്രായം. ഇനിയൊന്നു പറയാനുള്ളതു് എല്ലാ ജനവിഭാഗങ്ങളിലേക്കും, രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും ഗവണ്മെൻറിൻെറ ശ്രദ്ധയും അനുഭാവവും സമഭാവനയോടെ പതിക്കണം എന്നാണു്. നെയ്യാററിൻകരമുതൽ കുട്ടനാട്ടുവരെയുള്ള കോസ്റ്റൽപ്രദേശങ്ങളിലുള്ളവരാണു നമ്മുടെ മന്ത്രിമാർ. ഇടനാട്ടുകളിൽനിന്നോ, മലനാട്ടുകളിൽനിന്നോ, വിസ്തീർണ്ണത്തിലും ജനസംഖ്യയിലും മൂന്നിലൊന്നു വരുന്നതും തലസ്ഥാനത്തുനിന്നു അധികദൂരത്തുള്ളതും ചങ്ങനാശ്ശേരിക്കു വടക്കുള്ളതുമായ ഉത്തരതിരുവിതാംകൂറിൽനിന്നോ മന്ത്രിസഭയിലാരുമില്ല. മന്ത്രിമാരുടെ ആത്മാർത്ഥതയിൽ വിശ്വാസമുണ്ടെങ്കിലും അവർക്കു അപരിമേയമായ അറിവുണ്ടെന്നു വിശ്വസിക്കാൻ സാദ്ധ്യമല്ലല്ലോ. അവരുടെ സാഹചര്യങ്ങളിൽനിന്നു കിട്ടുന്ന അറിവു വച്ചേ അവർക്കു പ്രവർത്തിക്കാൻ സാധിക്കൂ. അതിനാൽ അവർ രാജ്യത്തിൻെറ എല്ലാ ഭാഗത്തും, വിശിഷ്യ ഉത്തരതിരുവിതാംകൂറിലും ധാരാളം സഞ്ചരിച്ചു ജനാവശ്യങ്ങളെ ശരിയായറിയണം. വടക്കൻതിരുവിതാംകൂറിനെ വേണ്ടപോലെ പരിഗണിക്കുന്നില്ലെന്ന ആക്ഷേപത്തിനു ജനകീയഗവണ്മെൻറു മേലിൽ ഇടകൊടുക്കരുതു്. ഉദ്യോഗനിയമനങ്ങൾക്കു മൂന്നോ അഞ്ചോ അംഗങ്ങളടങ്ങിയ ഒരു കമ്മീഷൻ ഏർപ്പെടുത്തിയാൽ

[Mr. Thariathu Kunjithomman]

മന്ത്രിമാർക്കു അപവാദങ്ങളിൽനിന്നു മോചനവും മററു കാര്യങ്ങൾക്കു വേണ്ട സമയവും ലഭിക്കും. സമയംപോയതിനാൽ നിറുത്തുന്നു.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): സർ, ശ്രീമാൻ മുസ്തഫായുടെ ഭേദഗതിയെ എതിർക്കാനാണു ഞാൻ നില്ക്കുന്നതു്. ഇവിടെ ഒരു പ്രതിപക്ഷകക്ഷി ഉണ്ടെന്നു പ്രത്യേകമായി കണ്ടതു് ഇന്നലെയാണു്. അതിനു മുൻപു തമിഴ്നാട്ടു കാൺഗ്രസ്സ് പാർട്ടി വാക്കൌട്ടു നടത്തിയതു ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതു് ഒരു തേയിലപ്പാത്രത്തിലെ കൊടുങ്കാററുപോലെ വേഗം സമാപിച്ചു. ഇന്നലെ ഇവിടെക്കണ്ട എതിർപ്പ് ആ മട്ടിലുള്ളതല്ല.

MR. R. K. RAM (*Agasteeswaram—General*): இறங்கிப்போனது Representative Body-யிலிருந்தா என்று தெரியுமா?

MR. MANNATHU PADMANABHA PILLAI: ആ കാര്യം തെരിയും. മുസ്ലീംലീഗുപാർട്ടിയും തമിഴ്നാട്ടുകാൺഗ്രസ്സ് പാർട്ടിയും കാൺഗ്രസ്സിന്റെ തീരപ്രദേശങ്ങളെ ഉലയ്ക്കുന്നതിനു വന്നും വാരിയോടുകൂടിയ തിരമാലകളാണു് ഇന്നലെ അടിച്ചതു്.

MR. T. A. ABDULLA (*Ambalapuzha I—Muslim*): ഗവണ്മെന്റു കക്ഷി എങ്ങനെ ഉണ്ടെന്നു് ഇന്നലെയല്ലേ മനസ്സിലായതു്?

MR. MANNATHU PADMANABHA PILLAI: അതിനു മുൻപും മനസ്സിലായിട്ടുണ്ടു്.

ആ തിരമാല അടിച്ചു എങ്കിലും അതിനു ചില പതയും നുരയും ഉണ്ടെന്നല്ലാതെ കാര്യമായെന്നുമില്ലെന്നു മനസ്സിലായി. ഒന്നാമതായി മുസ്ലീംലീഗുപാർട്ടി ആവശ്യപ്പെടുന്നതു് ഇവിടത്തെ ക്യാബിനററിൽ അവർക്കുംകൂടി സ്ഥാനം വേണമെന്നുള്ളതാണു്.

MR. P. S. MOHAMMED: ഞങ്ങൾ അങ്ങനെ ആവശ്യപ്പെടുന്നില്ല.

MR. MANNATHU PADMANABHA PILLAI: ശരി. ഞാൻ ധരിച്ചതു് പറയുകയാണു്. അങ്ങനെ ബഹുമാനപ്പെട്ട ലീഗുപാർട്ടി മെമ്പറന്മാർ ആഗ്രഹിച്ചതിനെപ്പററി എനിക്കു് എതിരഭിപ്രായമില്ല. ഇവിടത്തെ മുസ്ലീങ്ങൾക്കു് ഈ മന്ത്രിസഭയിൽ ഒരു മന്ത്രിയാകാൻ അവകാശമുണ്ടു്. പക്ഷെ അതിനു തക്കതായ ഒരു നില അവർ സ്വീകരിച്ചിട്ടില്ലെന്നേയുള്ളു. മുസ്ലീം ലീഗിന്റെ രാഷ്ട്രീയാഭിപ്രായം നീക്കി അതു് വെറും ഒരു സാമുദായികയോഗമായിത്തീർന്നശേഷം അതു് ഈ രാജ്യത്തിലെ ഏതെങ്കിലും ഒരു രാഷ്ട്രീയസംഘടനയിൽ ചേർന്നു് പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയം പ്രാപിക്കാൻ ശ്രമിക്കണം. ആ പാർട്ടിക്കു

ഭൂരിപക്ഷം കിട്ടുമെങ്കിൽ അവർക്കു മന്ത്രിയാകാൻ പ്രയാസമുണ്ടാകുന്നതല്ല. അല്ലാതെ, ഒരു ഭൂരിപക്ഷകക്ഷി ഇവിടെ മന്ത്രിസഭ രൂപീകരിച്ചു; ആ മന്ത്രിസഭയിൽ ഒരു മുസ്ലീംപാർട്ടിഅംഗത്തിനെക്കൂടി കൂട്ടിച്ചേർത്തില്ല എന്നു പറയുന്നതു തെററാണെന്നാണ് ഞാൻ കരുതുന്നതു്.

ഇനി വേറൊരു കാര്യംകൂടി പറയട്ടെ. മുസ്ലീം ലീഗുപാർട്ടിക്കാർ പറയുന്നതു് മുൻപു സ്വേച്ഛാഭരണം നടത്തിയ സർ, സി. പി. രാമസ്വാമി അയ്യരെപ്പോലെയുള്ള ആറു സർ സി. പി. രാമസ്വാമിഅയ്യരന്മാരാണു് ഇന്നു ഭരണം നടത്തുന്നതെന്നാണ്. മുസ്ലീം ലീഗിൽനിന്നു ഒരു മന്ത്രിയെക്കൂടി എടുത്തു് കോട്ടാർകാരും മണിമന്ദിരവും കൊടുത്താൽ ഇതിനു പരിഹാരം ഉണ്ടാകുമോ എന്നു ഞാൻ എന്റെ മുസ്ലീം സ്നേഹിതന്മാരോടു ചോദിക്കുന്നു. അതിനാൽ ഇതു് രാജ്യക്ഷേമത്തിനെ കരുതിയോ നീതിന്യായത്തെ പരിഗണിച്ചോ ഉള്ള അഭിപ്രായമായി ഞാൻ കരുതുന്നില്ല. മന്ത്രിപദമാകുന്ന മുന്തിരിക്കുലപ്പഴത്തിനുവേണ്ടി കുതിച്ചുചാടി ഒടുവിൽ കിട്ടാതെ അതു പുളിക്കും എന്നു പറയുന്നതു പോലെയാണ് മുസ്ലീം ലീഗുകാരുടെ മന്ത്രിസഭാവാദം. തമിഴ്നാട്ടുകാൺഗ്രസ്സിന്റെ വാദഗതി ഇതിലും വിശേഷമാണ്. തിരഞ്ഞെടുപ്പു കാലത്തു സ്റ്റേററുകാൺഗ്രസ്സിനെപ്പററി എന്തെല്ലാം ആക്ഷേപങ്ങളാ തമിഴ്നാട്ടുകാൺഗ്രസ്സ് പറഞ്ഞുവോ അതിന്റെയെല്ലാം സംഗ്രഹവും പകർപ്പുമായിരുന്നു ഇന്നലെ അവർ ഇവിടെ ഉയർത്തിയ അവകാശവാദം. സ്റ്റേററുകാൺഗ്രസ്സ് നീതിനടത്തുന്നില്ല എന്നു പറയാനുള്ള കാലം ആയിട്ടില്ല. സ്റ്റേററുകാൺഗ്രസ്സിന്റെ അഴിമതി ആയാലും അവരുടെ ഭരണം ദോഷമായാലും ഇങ്ങനെ പറയാനുള്ള കാലം വരുന്നതേയുള്ളു എന്നാണു എന്റെ അഭിപ്രായം.

MR. ABDUL AZIZ : കഴിഞ്ഞ ദിവസം കണിയാപുരത്തുള്ള ഒരു കരയോഗത്തിൽവച്ചു് ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചതു് എന്താണെന്നു് ഓർക്കുന്നുണ്ടോ ?

MR. MANJATHU PADMANABHA PILLAI: ഞാൻ ഇപ്പോൾ അസംബ്ലിയിൽ നിൽക്കുകയാണ്. കരയോഗത്തിലല്ല. തെക്കൻ തിരുവിതാംകൂറിലെ തമിഴ്നാട്ടുകാരുടെ വാദം തിരഞ്ഞെടുപ്പുകാലത്തിലെ ആരോപണങ്ങളുടെ സമാഹാരമാണ്. ഇവിടെ തമിഴ്നാടുകാൺഗ്രസ്സ് പാർട്ടിലീഡർ കൂടെക്കൂടെ പറയുന്നതു് പിഴക്കോട്ടു [illegible] എന്നാണ്. അങ്ങിനെ ഇനിയെങ്കിലും പറയാതിരിക്കണം. തെക്കൻതിരുവിതാംകൂർ തമിഴ്നാട്ട് ആണെന്നു പറയുന്നതിനെ ഞാൻ എതിർക്കുന്നു. കന്യാ

[Mr. Mannathu Padmanabha Pillai]

കുമാരിമുതൽ കാസർകോട്ടുവരെ ഒന്നായി നീണ്ടുകിടക്കുന്നതു് മലയാള രാജ്യമാണെന്നു ചരിത്രവും ഭൂമിശാസ്ത്രവും തെളിവുകൾ തരുന്നുണ്ടു്.

MR. KOCHUKRISHNA PILLAI (*Kalkulam I—General*): எந்த பூர்வ காலத்திலிருந்து என்று சொல்லமுடியுமா ?

MR. MANNATHU PADMANABHA PILLAI: അതു് ഒരു തമിഴ്നാടാണെന്നു പറയുന്നതിനെ ഞാൻ ശക്തിപൂർവ്വം എതിർക്കുന്നു. തമിഴ്നാടു വാദപ്രകാരം പത്മനാഭപുരവും ശുചീന്ദ്രവും കന്യാകുമാരിയും വിട്ടുകൊടുക്കാൻ ഞങ്ങൾ തയ്യാറില്ലെന്നും അതു ഞങ്ങളുടേയുംകൂടി വകയാണെന്നും ഞാൻ ഓർമ്മപ്പെടുത്തുന്നു. തമിഴ്നാട് എന്ന വാദത്തിൽ ആരു ശ്രമിച്ചാലും അതിനെ അങ്ങിനെയല്ലാതാക്കുന്നതിനുവേണ്ടി രാജ്യസ്നേഹമുള്ളവരെല്ലാം ശ്രമിക്കുന്നതാണ്.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): அங்குள்ள ஆலயங்களுக்கு சென்று பார்த்தால் மெம்பருக்குத் தெரிய வரும்.

MR. MANNATHU PADMANABHA PILLAI: ഈ മലയാളരാജ്യത്തു് ശരിയല്ലാത്ത തമിഴ് സംസാരിക്കുന്ന ചിലർ ഉണ്ടെന്നു വിചാരിച്ച് ഇതു് തമിഴ്നാടു ആകുമെങ്കിൽ, ദേശാഭിമാനമില്ലാതെ ഇവിടെ ചില മെമ്പറന്മാർ ഇംഗ്ലീഷു സംസാരിക്കുന്നതുകൊണ്ടു് ഇതു് ഒരു ഇംഗ്ലീഷു പാർലമെൻറായി തീരുന്നതാണോ? അതിനാൽ ഈ വാദഗതി നീക്കി തിരുവിതാംകൂർ ഒന്നാണെന്ന വിശ്വാസത്തോടുകൂടി ജാതിമതഭേദം മറന്നു് രാഷ്ട്രീയകാര്യങ്ങളെ ചിന്തിക്കുവാനും സംസാരിക്കുവാനും തയാറാകേണ്ടതാണ്. അല്ലാതെ ഇന്നത്തെ മന്ത്രിമാർക്കു പ്രവർത്തിക്കാൻ സൗകര്യം കൊടുക്കാതിരിക്കത്തക്കവണ്ണം മുൻപിരുന്ന ഭരണാധികാരി ചെയ്തതിനു ഉത്തരം പറയണമെന്നുള്ള ശാഠ്യത്തെ എതിർക്കാതിരിക്കാൻ സാദ്ധ്യമല്ല.

MR. ABDUL MAJEED (*Chirayinkil III—Muslim*): സർ, ഒരു മന്ത്രിസഭയെ നിരൂപണം ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടി ഒരു പ്രതിപക്ഷകക്ഷി ഉണ്ടാകുന്നതു് എന്നെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ ഒരു കാര്യമാണ്. പക്ഷേ ഇന്നലെ ഇവിടെ നടന്ന ചില പ്രസംഗങ്ങൾ നിറഞ്ഞ നിരാശയോടുകൂടിയാണ് ഞാൻ കേട്ടതു്. ഒരു രാഷ്ട്രീയകക്ഷി എന്ന നിലയിൽ പ്രവർത്തിക്കേണ്ടതെങ്ങിനെ എന്നുള്ളതിന്റെ അജ്ഞതയാണ് ആ പ്രസംഗത്തിൽ നിഴലിച്ചതു്. ചില അപ്പക്ഷെണങ്ങളുടെ വിതരണത്തിൽ, മന്ത്രിസഭയിലെ ഒരംഗമായിത്തീരാനുള്ള അത്യാശയാണ് അതിൽ കണ്ടതു്. ഈ സന്ദർഭ

ത്തിൽ ഒരു കാര്യം ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എൻെറ സ്നേഹിതൻ മി. അബ്ദുൽ അസീസ്, അദ്ദേഹം ചെയ്ത പ്രസംഗത്തിൽ സർ സി. പി. രാമസ്വാമിഅയ്യരെ ഒന്നിലധികം തവണ അനുസ്മരിക്കുകയുണ്ടായി. ഞാൻ അതിൽ അദ്ദേഹത്തോടു കൃതജ്ഞനാണ്. ആ പേർ അദ്ദേഹം ഒരു തവണ സ്മരിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഇന്നിവിടെ സർ, സി. പി. ഇല്ലല്ലോ എന്നുള്ള വേദനയോടുകൂടി വിയർത്തു വീർപ്പുമുട്ടിക്കൊണ്ടു മി. അസീസ് അദ്ദേഹത്തിൻെറ പേർ ഇപ്പോഴും അനുസ്മരിച്ചുപോകുന്നതിൽ തെററില്ല. മി. അസീസ്സിൻെറ പൂർവ്വചരിത്രത്തിലേക്കു കടക്കുവാൻ ഞാൻ വിചാരിക്കുന്നില്ലെങ്കിലും ഈ രാജ്യത്തെ ഞെട്ടിച്ചതും ശ്രീ. രാജേന്ദ്രനെ ബലിയർപ്പിച്ചതും രാജ്യത്തിൻെറ രൂക്ഷമായ വിമർശനത്തിനു പാത്രമായിത്തീർന്നതുമായ വെട്ടുസംഭവത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്ക് എത്രമാത്രമെന്നു എനിക്കു മനസ്സിലാക്കുവാൻ കഴിയും. അന്ന് ആലപ്പുഴവച്ച് മി. അസീസ്സിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അദ്ദേഹം എന്താണു പ്രസംഗിച്ചതെന്നു എനിക്കു നല്ലവണ്ണം അറിയാം. ഇവിടത്തെ സ്റേറ്റുകാൺഗ്രസ്സ് പ്രവർത്തകന്മാരെ സംഹരിക്കുവാനായി തിരുവിതാംകൂറിനു വെളിയിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ട കരിം സാഹിബ്ബിൻെറ നിർദ്ദേശം വഹിച്ചുകൊണ്ടു അദ്ദേഹം അവിടെ എന്തെല്ലാം വിക്രിയകൾ കാണിച്ചിട്ടുണ്ടെന്നുള്ളതു ഈ രാജ്യവാസികൾക്കു നല്ലപോലെ അറിവുള്ളതാണ്. മി. അസീസ്സ് ആ വിധത്തിൽ സർ സി. പി. രാമസ്വാമിഅയ്യരുടെ പേര് മറക്കാതെ ഉച്ചരിക്കുന്നതു തെററല്ല.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു എൻെറ പ്രസംഗം ഞാൻ അവസാനിപ്പിക്കാം. ഇപ്പോൾ ഈ രാജ്യത്തെ മുസ്ലിംലീഗ് ഒരു ന്യൂനപക്ഷകക്ഷിയാണെന്നുള്ള അവകാശവാദം പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെവരെ മുസ്ലീംലീഗുകാർ ഒരു ന്യൂനപക്ഷകക്ഷിയല്ലം, ഒരു പ്രത്യേക രാഷ്ട്രമാണ് എന്നു വാദിച്ചുകൊണ്ടിരുന്നു. ഇന്ന് അവർ അതു പറയുന്നില്ലല്ലോ എന്ന ആശ്വാസം എനിക്കുണ്ട്. ഇവിടെ ഒരു സങ്കലിതമന്ത്രിസഭ ഉണ്ടാകാത്തതിൻെറ കാരണം അവരുടെ വാദത്തിൽ അടങ്ങിയിരിക്കുന്നു. ഇൻഡ്യൻ യൂണിയനിലെ നെഹ്റു ക്യാബിനററിൽ കാൺഗ്രസ്സുകാർ അല്ലാത്തവർ ഇല്ലേ എന്നവർ ചോദിക്കുന്നു. പണ്ഡിററ് നെഹ്റുവിൻെറ ക്യാബിനററിൽ കാൺഗ്രസ്സുകാർ അല്ലാത്തവരായി ഉണ്ടെങ്കിലും മറേറതെങ്കിലും കക്ഷിയിൽപെട്ടു നിൽക്കുന്നവരെ ആ ക്യാബിനററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള വസ്തുത എൻെറ

[Mr. Abdul Majeed]

ബഹുമാന്യസ്നേഹിതന്മാർ ധരിക്കുന്നതു ശരിയായിരിക്കും. മൈസൂറിൽ മുസ്ലീം ലീഗുകാർകൂടി ക്യാബിനറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അതു് മുസ്ലീം ലീഗുകാർ മൈസൂർ സ്റ്റേറ്റുകാൺഗ്രസ്സിൽ ചേരേണമെന്നുള്ള അവരുടെ തീരുമാനം ഉണ്ടായിട്ടുള്ളതിനുശേഷമാണ് ഇങ്ങനെ ഉണ്ടായതു്. ആ തീരുമാനപ്രകാരം കാൺഗ്രസ്സിൽ ചേരാനുള്ള നടപടികളും അവിടത്തെ മുസ്ലീം ലീഗുകാർ ഇപ്പോൾ എടുത്തുകൊണ്ടിരിക്കയുമാണ്.

സർ, ഇന്നലെ ഇവിടെ നടന്ന പ്രസംഗങ്ങളെ ഞാൻ വളരെ ഖേദത്തോടുകൂടി വീക്ഷിക്കുകയാണു ചെയ്യുന്നതു്. ഒരു പ്രതിപക്ഷകക്ഷിയിൽനിന്നു നിശിതമായ നിരൂപണങ്ങൾ ഉണ്ടാകുന്നതു് സ്വാഗതാർഹമാണു്. രാജ്യത്തെ പുരോഗമനത്തിൽനിന്നും അധോഗമനത്തിലേക്കു നീക്കാൻ അതു സഹായകമായിരിക്കേണ്ടതുമാണു്. പക്ഷേ അവർ ചെയ്യുന്ന നിരൂപണങ്ങൾ പ്രായോഗികമാകുവാനുള്ള അന്തരീക്ഷത്തെയും സാഹചര്യത്തെയും സൃഷ്ടിക്കുവാനുള്ള ചുമതലകൂടി അവർ ഏറ്റെടുക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്.

MR. PONNARA G. SREEDHAR (*Nedumangad II—General*): സർ, മന്ത്രിസഭയുടെ പ്രാതിനിധ്യസ്വഭാവത്തെ സംബന്ധിച്ച് പല പ്രസംഗങ്ങളും ഇവിടെ നടന്നുകഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ ഈ കാര്യത്തെക്കുറിച്ചുതന്നെ ചർവ്വിതചർവ്വണം നടത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ജനറൽ ഡിസ്കഷൻ നടന്നപ്പോൾ എനിക്കു പ്രസംഗിക്കുവാൻ സമയം ലഭിച്ചില്ല. എനിക്കു പറയുവാനുണ്ടായിരുന്നതു്. ഈ ഡിമാൻറു വരുമ്പോഴെങ്കിലും പറയാം എന്നാണു ഞാൻ കരുതിയിരുന്നതു. അതു ചില പ്രാദേശിക കാര്യങ്ങളെ സംബന്ധിച്ചായിരുന്നു. എന്നാൽ ഇവിടെ നടന്ന ചില പ്രസംഗങ്ങൾ കേട്ടതിനുശേഷം ഞാൻ പറയണമെന്നു വിചാരിച്ചിരുന്ന ആ പ്രാദേശികകാര്യങ്ങൾ വല്ല ഹർജികളോമറ്റോ അയച്ചു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി കഴിവുള്ള പരിഹാരം നേടാം എന്നും പകരം ഇവിടെ നടന്ന ഗുരുതരമായ ചില കാര്യങ്ങളെ സംബന്ധിച്ച് പറയുകയാണു നല്ലതെന്നും എനിക്കു തോന്നുന്നു.

രണ്ടു വിഭാഗക്കാരാണു് ബഹു. മന്ത്രിമാരേയും ഭരണകൂടം ഏറ്റെടുത്തിരിക്കുന്ന സ്റ്റേറ്റുകാൺഗ്രസ്സിനേയും ഇവിടെ എതിർത്തതു്. ഈ ഓരോ വിഭാഗത്തിൻെറയും വാദമുഖങ്ങളെപ്പറ്റി പ്രത്യേകം ചർച്ച് ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. തമിഴ്നാടു കാൺഗ്രസ്സ് പാർട്ടിയിൽനിന്നും മുസ്ലീംലീഗിൽനിന്നും മന്ത്രിസഭയിലേക്കു ആളുകളെ

ഏട്ടരെല്ലാ എന്ന പരാതിയാണ് പ്രധാനമായി പറഞ്ഞുകേട്ടത്. ഈ ഇരുപതാം നൂററാണ്ടിലും ദേശീയാടിസ്ഥാനത്തിലുള്ള യാതൊരു ചിന്താഗതിയും തങ്ങളിൽ കടന്നുകൂടാതെ കഴിയുന്ന സ്നേഹിതന്മാരാണ് മുസ്ലീം ലീഗുകാർ. ഇനിയും ഇത്തരം വർഗ്ഗീയപിത്തലാട്ടങ്ങൾ തിരുവിതാംകൂറിൽ ചിലപ്പോൾ നടക്കുമെന്നവർ വിചാരിക്കുന്നു. ഇന്നലെ അവരിൽ ചിലർ സ്വാതന്ത്ര്യത്തെപ്പററിയും ഉത്തരവാദഭരണം സമ്പാദിച്ചതിനെപ്പററിയും വളരെ ആവേശത്തോടുകൂടി പ്രസംഗിക്കുന്നതു കേട്ടു. എനിക്ക് ഈ അവസരത്തിൽ ഒരു കാര്യം ഓർമ്മവരുന്നു. ഇൻഡ്യൻനാഷണൽ കാൺഗ്രസ്സിന്റെ പ്രസിഡൻറ് ആയിരുന്ന ആചാര്യകൃപലാനി ഇവിടെ വന്ന സമയം അദ്ദേഹത്തെ മനഃപൂർവ്വം ആക്ഷേപിക്കുവാൻ ഇന്നലെ ഇവിടെ പ്രസംഗിച്ച ഒരു മാന്യൻ കായംകുളത്തുവച്ചു് ഒരു ശ്രമിച്ചതായി എനിക്കറിയാം. ഒരു കൈത്തച്ചേരിച്ചിൽത്തന്നെ ഉണ്ടാകുവാൻ ശ്രമങ്ങൾ നടന്നു. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ പ്രസിഡൻറിനെയാണ് അവർ ആക്ഷേപിക്കുവാൻ തയാറായത്. ഇവിടത്തെ മുസ്ലീം സമുദായത്തിൽ ദേശീയബോധം എത്ര വിരളമാണെന്നുള്ളതു ഇതുകൊണ്ടു മനസ്സിലാക്കാവുന്നതാണ്.

MR. P. S. MOHAMMED: ആചാര്യകൃപലാനി ആലപ്പുഴ വന്ന അവസരത്തിൽ അവിടെവച്ചു മുസ്ലീംങ്ങൾ അനേകം സംഖ്യ അദ്ദേഹത്തിനു സംഭാവന ചെയ്തിട്ടുണ്ടെന്നുള്ള വിവരം ബഹു. മെമ്പർക്കറിയാമോ?

MR. PONNARA G. SREEDHAR: ഒന്നോ രണ്ടോപേർ സംഭാവന ചെയ്തിട്ടുണ്ടായിരിക്കണം. പക്ഷെ അതുകൊണ്ടുമാത്രം ഞാൻ പറഞ്ഞതു് ഇല്ലാതായി പോകുന്നില്ല. അദ്ദേഹം കായംകുളത്തു വന്നപ്പോൾ അവിടെ കാണിച്ച ബഹളങ്ങൾ എന്തെല്ലാമായിരുന്നു എന്നുള്ളതിനു ഞാൻ മാത്രമല്ല ദൃക്സാക്ഷിയായിരുന്നതു. പ്രധാനമന്ത്രി ശ്രീ. പട്ടം താണുപിള്ള അവർകൾകൂടി ആ കാഴ്ച കണ്ടതാണ്. അന്നത്തെ ഗവൺമെൻറിന്റെ ആവശ്യമനുസരിച്ചു് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ മുഖത്തു ചെളി വാരി എറിയുവാൻ ശ്രമിച്ച ആ വിദ്വാന്മാർ ഇന്നു ചോദിക്കുകയാണ് "ഞങ്ങൾക്കു മന്ത്രിസഭയിൽ ഷാഹരി ഇല്ലേ" എന്നു്. ഇവിടെ ആരും ഒന്നും ഷാഹരിവയ്ക്കുവാൻ പോകുന്നില്ല.

MR. P. S. MOHAMMED: മെമ്പർ പറയുന്നതുപോലെ ഞങ്ങളാരും ഷാഹരി ചോദിച്ചില്ല.

MR. PONNARA G. SREEDHAR : അതിക്രൂരം പറയുന്നതാണ്. മുൻപു പറഞ്ഞതു് ശരിക്കുള്ള ഓർമ്മ വേണമെന്നതന്നെയാണ്. വളരെ ത്യാഗങ്ങൾ അനുഭവിച്ച് കഷ്ടപ്പെട്ടതിന്റെ ഫലമായിട്ടാണ് ഉത്തരവാദഭരണം നമുക്കു കൈവന്നിരിക്കുന്നതു്. ഈ ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ച ആളുകളെ വേണമെങ്കിൽ പുറംതള്ളി എന്നുകൂടി പറയാവുന്ന ഒരു നിലയെ അവലംബിച്ചുകൊണ്ടാണ് അക്കാലത്തു് ഇതിനു പ്രതിബന്ധങ്ങൾ ഉണ്ടാക്കിയും ഉണ്ടാക്കുന്നവരുടെ പുറകെ നടന്നും കഴിഞ്ഞുകൂടിയ ആളുകളെ കൂടി സ്റ്റേറ്റുകാൺഗ്രസ്സുപാർട്ടിയിൽ ഉൾപ്പെടുത്തിയതു്. എങ്കിലും ഇപ്പോഴെയുള്ള ആളുകളുടെ അഭിപ്രായം പറയുകയാണെങ്കിൽ ആ വിധം എല്ലാവരെയും ഉൾപ്പെടുത്തുവാൻ ശ്രമിച്ചതു് ശരിയല്ലതന്നെ. എന്നാൽ കഴിഞ്ഞതെല്ലാം പോകട്ടെ. ആ പ്രവൃത്തിയല്ല ഇപ്പോഴത്തെ ദൃഷ്ട്യാ എല്ലാം ഉണ്ടാക്കിയിരിക്കുന്നതു്. നാട്ടിൽ അസംതൃപ്തരായി ഒരു കൂട്ടരെ ഉണ്ടാക്കിയിരിക്കാൻ പാടില്ലെന്നുള്ള ഉദ്ദേശത്തോടുകൂടി സ്റ്റേറ്റുകാൺഗ്രസ്സ് പാർട്ടിയോടു ഒട്ടിയും ഒട്ടാതെയും നിൽക്കുന്ന ചിലരെക്കൂടി ആലോചിച്ച് ഈ ഹാളിനുള്ളിൽ കടത്തിയതിന്റെ ഫലമാണ് ഇന്നു രണ്ടു ദിവസമായി ഇവിടെ കണ്ടതു്. പാടുപെട്ടതും ബുദ്ധിമുട്ടിയതും കണ്ടുകൊണ്ടു് അവരുടെ നേരെ കല്ലെറിയാൻ തുടങ്ങിയവരെയും വ്യഥായിരുന്നവരെയും സ്റ്റേറ്റുകാൺഗ്രസ്സ് ഇണക്കുവാൻ ശ്രമിച്ചു. അക്കാലത്തു ഞാൻ അന്നേ പറഞ്ഞു അതു പാടില്ലെന്ന്. അന്ന് അക്കൂട്ടർക്ക് തിരഞ്ഞെടുപ്പിൽ വിജയിക്കണമെങ്കിൽ സ്റ്റേറ്റ് കാൺഗ്രസ്സിന്റെ പിൻതുണ വേണ്ടിയിരുന്നു.

MR. ABDUL AZIZ : Was it at the instance of the member that I came in ?

MR. PONNARA G. SREEDHAR : ആ ചോദ്യം ഇവിടെ സംഗതമാണെന്നു് തോന്നുന്നില്ല. മററു ചില സ്നേഹിതന്മാർ ഈ രാജ്യത്തുനിന്നും പിരിഞ്ഞുപോകാൻ ആഗ്രഹിക്കുന്നതായി അവരുടെ പ്രസംഗങ്ങളിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചു. അതും ആരെയോ തോല്പിക്കാൻവേണ്ടിയാകുമെന്നു തോന്നിപ്പോകും. എന്താണ്, ഈ തമിഴ്നാടുകാൺഗ്രസ്സുകാർക്കു വേണ്ടതെന്നു് ആരെങ്കിലും ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം. തിരുവിതാംകൂർമഹാരാജാവും മഹാരാജാവിന്റെ ആൾക്കാരുമൊക്കെ ഈ രാജ്യത്തെ ഏതു തരത്തിലും ഭരിക്കാം. അതിൽ ഒന്നും അവർക്കു വിരോധമില്ല. സർ. സി. പി. രാമസ്വാമി അയ്യരോടാണെങ്കിൽ അവർക്കു യാതൊരു വിരോധവുമില്ല. അദ്ദേഹത്തിന്റെ ഭരണം എത്ര ചീത്തയായിരുന്നാലും നാടിനെയും നാട്ടാരേയും

അദ്ദേഹം എത്രമാത്രം ഘോഷിച്ചാലും തമിഴ്നാട്ടുകാൺഗ്രസ്സുകാക്കു് വിരോധമില്ല. എന്നാൽ ഇവിടെ ജനങ്ങളുടെ ഭരണം വരുന്നതു് അവക്കു വിരോധമാണു്. സ്വാതന്ത്ര്യവാദികളെന്നു ഭാവിച്ചു് സാധുക്കളായ ജനങ്ങളെ തെററിദ്ധരിപ്പിച്ചു് അവരുടെ വോട്ടു സമ്പാദിച്ചു് ഒരു പാർട്ടിയായി ഇവിടെ കടന്നുവന്നിരിക്കുകയാണു. ഈ രാജ്യം വിട്ടു പോകാൻ അവർ വെമ്പുന്നു. അതിനാരും തടസ്സക്കാരല്ലാ.

MR. ABDUL AZIZ : മുസ്ലിംലീഗിന്റെയും അതുപോലുള്ള മററു കാൺഗ്രസ്സിൽപെടാത്ത ആളുകളുടേയും പുറകെ നടന്നാണു് പല സ്റ്റേററുകാൺഗ്രസ്സുസ്ഥാനാത്ഥികളും വോട്ടു സമ്പാദിച്ചതെന്നു മെമ്പക്കറിയാമോ ?

MR. PONNARA G. SREEDHAR : എനിക്കു് പലതും അറിയാം. ആരാണു് കെട്ടിവച്ച പണംപോലും നഷ്ടപ്പെടുമെന്നു ഭയന്നു് കമ്പിയടിച്ചു് ആളുകളെ വരുത്തിയതെന്നും മററുമുള്ളതും എനിക്കു അറിയാം.

എനിക്കു് ഈ അവസരത്തിൽ മി. നേശാണിയോടു ചോദിക്കുവാനുള്ളതു്, ഈ അവസരത്തിൽ വേണോ തമിഴ്നാട്ടുപ്രശ്നവുംമററും ആലോചനക്കെടുക്കുവാൻ എന്നാണു്. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ തീരുമാനമനുസരിച്ചു് പ്രവത്തിക്കുവാൻ നാമെല്ലാം ബാദ്ധ്യസ്ഥരല്ലേ ? (ബെൽ)

MR N. S. KOCHUKUNJU (*Changanacherry IV—Paraya*) : ഈ രാജ്യത്തെ ഏതാണ്ടു അറുപത്തഞ്ചു ലക്ഷത്തോളം വരുന്ന ജനസമുദായത്തെ പ്രതിനിധീകരിക്കുന്ന സ്റ്റേററുകാൺഗ്രസ്സുപാർട്ടിയുടെ നേരെ ഇന്നലെ ഉണ്ടായ അതിരുകടന്നതായ വിമർശനത്തിനു ആവശ്യമുള്ളിടത്തോളം മറുപടികൾ ഈ പാർട്ടിയിൽനിന്നുതന്നെ ഉണ്ടായിട്ടുണ്ടു്. ഈ പാർട്ടിയുടെ അന്തസ്സിനും അഭിമാനത്തിനും അതിൽ കവിഞ്ഞു് കൂടുതലായി പറയുന്നതു് വിഹിതമല്ല.

തിരുവിതാംകൂറിലെ ജനസമുദായം ഈ രാജ്യത്തെ അസമത്വം അനുഭവിക്കുന്ന ജനസഞ്ചയത്തിനു് ഏതെങ്കിലും വിധത്തിൽ രക്ഷ പ്രാപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏകോപിച്ചുള്ള പ്രവത്തനത്തിന്റെ ഫലമായി പത്തുപന്ത്രണ്ടു വർഷത്തെ അതിദീർഘമായ യാതനകൾ അനുഭവിച്ചു തുടർച്ചയായ കഷ്ടപ്പാടുകളുടെ ഫലമായി ഉണ്ടായ ഇന്നത്തെ ജനകീയഗവമെന്റിന്റെ നേരെ ഇന്നലെ നടന്ന രൂക്ഷമായ വിമർശനം ഒരു പുത്തരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ രണ്ടു പാർട്ടിയിൽനിന്നു് സ്റ്റേററുകാൺഗ്ര

[Mr. N. S. Kochukunju.]

സ്റ്റിന്റെ ആരംഭംമുതൽ ഇന്നുവരെയും അതിന്റെ ലക്ഷ്യത്തിന് പല തരത്തിലുള്ള പ്രതിക്രിയകളും തടസ്സങ്ങളും ആണ് ഉണ്ടായിക്കൊണ്ടിരുന്നതു്. അതു് കേവലം സ്വാഭാവികമാണ്. സ്വാതന്ത്ര്യത്തിന് ആകാംക്ഷയുള്ളവരും ഈ രാജ്യത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരും ആയ സ്റ്റേററുകാൺഗ്രസ്സുപാർട്ടിയുടെ നേരെ ഈ കക്ഷികൾ നടത്തുന്ന വിമർശനങ്ങളുടെ പ്രാധാന്യം എന്താണെന്നു മനസ്സിലാക്കാൻ സ്റ്റേററുകാൺഗ്രസ്സുപാർട്ടിക്ക് കഴിയുമെന്നാണ് എന്റെ വിശ്വാസം. ഒരു വിധത്തിൽ നോക്കുകയാണെങ്കിൽ ഇവിടെ സ്വേച്ഛാധരണം നടത്തിക്കൊണ്ടിരുന്ന സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെനിന്നും വിട്ടുപോയതിന്റെ ഒരു ദയനീയരംഗം അല്ലേ ഇന്നലെ ഇവിടെ നടന്നതു് എന്നു വിചാരിക്കുന്നതിൽ വലിയ തെററില്ല. ഈ പാർട്ടികൾ രണ്ടും മന്ത്രിസഭാ രൂപീകരണം തങ്ങൾക്കു വേണ്ടെന്നു് തുടർച്ചയായി വാദിക്കുന്നുണ്ടെങ്കിലും അവരുടെ സംഭാഷണങ്ങളിൽനിന്നും അവർ അതാഗ്രഹിക്കുന്നില്ലേ എന്നു സംശയിക്കുവാൻ ന്യായം കാണുന്നുണ്ട്. ഇന്നലെ ഇവിടെ നടന്ന രൂക്ഷമായ വിമർശനങ്ങളിൽനിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞതു് ഇതാണ്. ഒരു പാർട്ടിക്ക് ആഗ്രഹിച്ചതു് ലഭിച്ചു. മറെറാരു പാർട്ടിക്ക് ആഗ്രഹിച്ചതു് ലഭിച്ചില്ല. അതിന്റെ കൊതിഗർവ്വാണ് ഇവിടെ കണ്ടതു്. ഇന്നത്തെ ഉത്തരവാദഭരണത്തെ ഇവർ വാനോളം പുകഴ്ത്തുന്നുണ്ടെങ്കിലും ഇവിടത്തെ ഉത്തരവാദഭരണലബ്ധിയിൽ ഈ കക്ഷികൾ തടസ്സക്കാരായിരുന്നു എന്നുള്ളതു് മറച്ചുവയ്ക്കാവുന്നതല്ല. അതുകൊണ്ട്, എനിക്ക് പറയുവാനുള്ളതു് ഉത്തരവാദഭരണപ്രാപ്തിക്കു വേണ്ടി ഏതു പാർട്ടിക്കാണോ ശ്രമിച്ചതും ത്യാഗങ്ങൾ അനുഭവിച്ചതും ക്ലേശിച്ചതും, അവർക്കതു കിട്ടി; മററുള്ളവർക്ക് അതിൽ ഖേദിക്കേണ്ട കാര്യമേ ഇല്ലെന്നാണ്.

ഈ അവസരത്തിൽ വേറെ ഒരു കാര്യം എന്റെ ഓർമ്മയിൽ വരുന്നു. അടുത്ത കാലംവരെ സ്റ്റേററുകാൺഗ്രസ്സുപാർട്ടിയോടു് വളരെ മൈത്രിയോടെ കഴിഞ്ഞുകൊണ്ടിരുന്ന മുസ്‌ലിംലീഗുപാർട്ടി എന്തുകൊണ്ടാണു പൊടുന്നനവെ ഇത്ര രൂക്ഷമായ ഒരു നില അവലംബിച്ചതെന്നു് ഞാൻ ആലോചിക്കുന്നു. ഞാൻ മുമ്പു് പറഞ്ഞതുപോലെ മന്ത്രിസഭയിൽ അവർക്കുകൂടി സ്ഥാനം ലഭിക്കാത്തതിലുള്ള വൈരാഗ്യം ആയിരിക്കണം അതിനുള്ള കാരണം. (ബെൽ)

MR. D. KRISHNAN POTTI (*Kottarakara II—General*) : സർ, ഈ ധനാഭ്യർത്ഥനയെപ്പററിയുള്ള വാദപ്രതിവാദം ഏററവും സജീവമായി കണ്ടതിൽ ഞാൻ സന്തോഷിക്കുന്നു. അപ്പോസിഷൻ പാർട്ടിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ അവരുടെ ഉറപ്പുചീട്ടുകൾ എല്ലാം മേശപ്പുറത്തു വച്ചുകൊണ്ട് ഗവണ്മെൻറിനെ നിശിതമായി വിമർശിച്ചുകണ്ടതും ചാരിതാർത്ഥ്യജനകംതന്നെയാണ്. ഈ സംഗതിയിൽ തമിഴ്നാടുകാൺഗ്രസ്സിലെ അംഗങ്ങൾക്കും മുസ്ലീംലീഗുപാർട്ടിയിലെ അംഗങ്ങൾക്കും ഏതാണ്ടു പരസ്പരധാരണയും അഭിപ്രായൈക്യവും കണ്ടതും ശ്രദ്ധേയമാണ്. ഇന്നത്തെ ഭരണകൂടത്തിന് പ്രതിപക്ഷകക്ഷിയിൽനിന്ന് പ്രതീക്ഷിക്കാവുന്ന എതിർപ്പിൻെറ വാദഗതിയുടെ രൂപം എന്തായിരിക്കുമെന്ന് ഈ സഭയ്ക്കും പൊതുജനങ്ങൾക്കും അറിയുവാൻ ഇതൊരവസരം നൽകിയെന്നുള്ളതിന് സംശയമില്ല. ആ നിലയിൽ സ്റ്റേററുകാൺഗ്രസ്സ് പാർട്ടി അപ്പോസിഷൻ പാർട്ടിയെ അഭിനന്ദിക്കുകതന്നെ വേണം.

മുസ്ലിംലീഗുപാർട്ടിയുടെ വാദഗതി എല്ലാംകൂടി ഒരു വിഷയത്തിൽ ചെന്നവസാനിക്കുന്നു. അതായത് അവക്ക് മന്ത്രിസഭയിൽ പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നുള്ളതാണ് അത്. അതിനുവേണ്ടി അവർ ഇവിടെകൊണ്ടുവന്ന വാദമുഖങ്ങൾ വളരെ വിചിത്രമായിരിക്കുന്നു. ഇന്നത്തെമന്ത്രിമാർ സർ സി. പി. രാമസ്വാമി അയ്യരെപ്പോലെ സ്റ്റേററുകാർ ഉപയോഗിക്കുന്നു എന്നും, മണിമന്ദിരങ്ങളിൽ താമസിക്കുന്നു എന്നും, മററും ഈ സഭയുടെ അന്തസ്സിന് തീരെ യോജിക്കാത്ത ആരോപണങ്ങൾ അവർ പുറപ്പെടുവിക്കയുണ്ടായി. രാജ്യസേവനത്തിനും ജനകീയതാല്പര്യങ്ങൾക്കും പര്യാപ്തമായ സൃഷ്ടിപരമായ വിമർശനങ്ങൾ പുറപ്പെടുവിക്കേണ്ട ഈ സന്ദർഭം ഇങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചത് പരിതാപകരമായിപ്പോയി എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

സർ, ഏതാണ്ടു ഒരു മാസത്തിനുമുൻപ് ആരും അറിയാതെ ഈ രാജ്യം വിട്ടു ചരിത്രപ്രസിദ്ധനായിത്തീർന്നിട്ടുള്ള സർ സി. പി. രാമസ്വാമി അയ്യരെപ്പററിയുള്ള ചിന്ത ബഹുമാനപ്പെട്ട ചില മെംബറന്മാരുടെ സ്മരണമണ്ഡലത്തിൽ നിന്നും ഇപ്പോഴും വിട്ടുമാറാതിരിക്കുന്നത് ഒരു പക്ഷേ അവർ അന്നു ദർശിച്ചിരുന്ന ചില മോഹനസ്വപ്നങ്ങളുടെ അപ്രതീക്ഷിതമായ ഓർമ്മകൊണ്ടായിരിക്കാം. എനിക്കു പറയുവാനു

[Mr. D. Krishnan Potti.]

ഇത് ഇപ്പോൾ നടന്നതുപോലെയുള്ള പ്രസ്താവനകൾ നമ്മെ ഒരിക്കലും മുമ്പോട്ടു കൊണ്ടുപോകുവാൻ സഹായിക്കുകയില്ല എന്നാണ്. ബഹുമാന്യന്മാരായ മുസ്ലിംലീഗു പാർട്ടിയിലെ അംഗങ്ങൾ ഒന്ന് ആത്മപരിശോധനചെയ്തു നോക്കട്ടെ. ഇവ ഏതു പ്രശ്നത്തിനുള്ളതാണ്? ഈ നാട്ടിലെ ജനങ്ങളുടെ വിയർപ്പുതുള്ളിയിൽ നിന്നും ഊറ്റി എടുത്ത നമ്മുടെ ഭണ്ഡാരത്തിലെ തുകയിൽനിന്നും ൨൦ ലക്ഷത്തിൽപരം രൂപ വരുന്ന ഒരു സംഖ്യ അവരുടെ അംഗീകാരത്തിനായി മുമ്പിൽ കൊണ്ടുവന്നിരിക്കുന്ന ഈ സന്ദർഭത്തിൽ, അവശതയിലിരിക്കുന്ന അനേകായിരം സാധുജനങ്ങളുടെ ജീവിതസൗകര്യത്തേയും സാധുക്കളായ സർക്കാർ ജീവനക്കാരുടെ സങ്കടങ്ങളേയും അതുപോലുള്ള അനേകായിരം കാര്യങ്ങളേയും കുറിച്ചു ചർച്ചചെയ്യേണ്ട സന്ദർഭത്തിൽ ഒരു പ്രതിപക്ഷകക്ഷിയെന്ന നിലക്ക് ഗവണ്മെന്റിന്റെ ചെയ്തികളെ നിശിതമായി വിമർശിക്കുകയും ഗവണ്മെന്റിനു മാർഗ്ഗദർശനം ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതായ സന്ദർഭത്തിൽ ഈ മാതിരിയുള്ള സങ്കുചിതമനഃസ്ഥിതിയോടുകൂടി സ്വാർത്ഥലാഭത്തിനുവേണ്ടി വാദിച്ചത് തുലോം ലജ്ജാകരമല്ലേ? ഇന്നത്തെ മന്ത്രിസഭയെ ഒന്നടങ്കം അധിക്ഷേപിക്കുകയും അതേസമയം അതിനകത്തു കടന്നുകൂടുന്നതിന് ആവേശംകൊള്ളുകയും ചെയ്യുന്നതു കാണുമ്പോൾ രാജ്യക്ഷേമമാണോ സ്വാർത്ഥലാഭമാണോ ഇതിന്റെ ഒക്കെ മുന്നിൽ എന്ന് ആരും ചോദിച്ചുപോകും.

സർ, മുസ്ലിംലീഗു കോൺഗ്രസ്സിൽ വർഗ്ഗീയത ആരോപിക്കുന്നതു കേൾക്കുമ്പോൾ ചെകിത്താൻ വേദമോതുന്നതാണോ എന്നിക്ക് ഓർമ്മവരുന്നു. സ്റ്റേറ്റുകോൺഗ്രസ്സിന്റെ രാഷ്ട്രീയ പരിപാടികളോടു പരിപൂർണ്ണമായി യോജിക്കുന്ന യാതൊരു വ്യക്തിക്കും സമുദായത്തിനും പ്രാതിനിദ്ധ്യം സ്റ്റേറ്റുകോൺഗ്രസ്സ് പാർട്ടി നിഷേധിച്ചിട്ടില്ല. എന്നാൽ രാഷ്ട്രീയകാര്യങ്ങളിൽ സ്വന്തമായ അഭിപ്രായം വച്ചുകൊണ്ട് ദേശീയമായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ജനകീയസംഘടനയിൽ പങ്കാളിത്വം വേണമെന്നു പറയുന്നതു ആരും അനുവദിക്കുകയില്ല.

MR. P. S. MOHAMMED: സ്വന്തമായ അഭിപ്രായം പുലർത്തുവാൻ വേണ്ടി മന്ത്രിസഭയിൽ പ്രവേശിക്കണമെന്ന് മുസ്ലിംലീഗുകാർ ആവശ്യപ്പെട്ടതായി മെമ്പർ വിചാരിക്കുന്നു എങ്കിൽ അതു ശരിയല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

MR. D. KRISHNAN POTTI. അങ്ങിനെയാണെങ്കിൽ ബഹു. മുസ്ലിംലീഗു മെംബർമാരോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു; അവർ തിരുവിതാംകൂർ മുസ്‌ലിംലീഗിന് ഒരു നേതൃത്വം കൊടുക്കണമെന്ന്. ആ സംഘടനയെ അതിന്റെ രാഷ്ട്രീയപരിപാടിയിൽ നിന്നും മോചിപ്പിക്കുകയാണെങ്കിൽ ലീഗിനെ സ്വാഗതംചെയ്യുന്നതിന് ഞങ്ങൾക്ക് സന്തോഷമേയുള്ളു. അങ്ങിനെ സ്റ്റേറ്റുകാൺഗ്രസ്സുപാർട്ടിയുമായി സഹകരിക്കുവാനും അവരോടുകൂടി ചേർന്ന് രാജ്യശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുവാനും മുസ്‌ലിംലീഗുകാർ തയ്യാറാകട്ടെ. സർ, തമിഴ്നാടു കാൺഗ്രസ്സുകാരും മുസ്‌ലിംലീഗ്കാരും ഇന്നലെ ശ്രീമാൻ പി. എസ്സ്. നടരാജപിള്ളയെപ്പററിയും പിന്നോക്കസമുദായത്തെപ്പററിയും മുതലക്കണ്ണുനീർ പൊഴിക്കുന്നതുകണ്ടു. അതിനെപ്പററി എന്തെങ്കിലും പറയുവാൻ ഞാൻ വിചാരിക്കുന്നില്ല. ബഹു: തമിഴ്നാടു കാൺഗ്രസ്സ് പാർട്ടി നേതാവ് ഗവണ്മെന്റിന്റെ നേക്കു കുറെ വെല്ലുവിളി നടത്തുകയുണ്ടായി. അതിന് അർഹിക്കുന്ന രീതിയിലുള്ള മറുപടി കൊടുക്കുന്നതിനുള്ള ശക്തി ഇന്നത്തെ ഗവണ്മെന്റിനുണ്ടെന്ന് അദ്ദേഹത്തിന് അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും വളരെ വിനീതമായും പ്രതിപക്ഷബഹുമാനത്തോടുകൂടിയും തമിഴ്നാടു കാൺഗ്രസ്സുകാരോടൊന്നിക്കൊണ്ടു പറയുവാനുണ്ട്. തമിഴ സംസ്കാരത്തിന് യാതൊരു മാലിന്യവും വരുത്താതെ അതിന്റെ ഉൽകൃഷ്ടമായ പാരമ്പര്യം പുലർത്തുന്നതിന് ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾ ആരുംതന്നെ തടസ്സക്കാരായി നിൽക്കുന്നില്ലെന്നും നിൽക്കുകയില്ലെന്നും അവർ ധരിക്കണം.

The House adjourned at 1 p. m. for lunch and re-assembled at 2 p. m., the President in the Chair.

MR. P. K. KUNJU (*Karunagapalli II—Muslim*) : സർ, പ്രധാനമന്ത്രി മറുപടിപറയുന്നതിനു മുമ്പായി എനിക്ക് രണ്ടുവാക്കു സംസാരിച്ചാൽ കൊള്ളാമെന്നുണ്ട്. എന്റെ പേഴ്സണൽ ആയ ഒരു കാര്യമാണു. അതിലേക്ക് എനിക്ക് ൫ മിനിട്ടുസമയം തരണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ബഹുമാനപ്പെട്ട മെംബർക്ക് അതിലേയ്ക്കു ൫ മിനിട്ടുസമയം അനുവദിക്കാം.

MR. P. K. KUNJU : സർ, എന്നെ സംബന്ധിച്ച് അതിഗൗരവമായ ഒരു പ്രസ്താവന ഇന്നു രാവിലെ ഒരു ബഹുമാന്യമെംബർ ഇവിടെ ചെയ്തതായി ഞാൻ അറിഞ്ഞു. എന്നെ തിരഞ്ഞെടുത്തയച്ച നിയോജകമണ്ഡലത്തെ സംബന്ധിക്കുന്ന ഒരു അത്യാവശ്യകാര്യത്തിൽ ഇന്നു രാവിലെ ഇടപെടേണ്ടിവന്നതുകൊണ്ട് രാവിലത്തെ സമ്മേളനത്തിൽ എനിക്കു പങ്കെടുക്കുവാൻ സാധിച്ചില്ല. എന്റെ അഭാവത്തിൽ എന്റെ അസാന്നിദ്ധ്യത്തിൽ, എന്റെ അന്തസ്സിനേയും മാനത്തേയും സാരമായി ബാധിക്കുന്ന ചില ആരോപണങ്ങൾ അടിസ്ഥാനരഹിതമായി ഈ സഭയിൽ ആ ബഹുമാനപ്പെട്ട മെംബർ പുറപ്പെടുവിക്കുകയുണ്ടായി. അത് മറെറാന്നുമല്ല. ഭാരതീയർക്കു പൊതുവെ ബഹുമാന്യനായ ശ്രീ കൃപലാനി കായംകുളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തെ ആക്ഷേപിക്കുവാൻവേണ്ടി അവിടെ ആരോ എന്തോ പ്രവർത്തിച്ചുവെന്നും ചില അലങ്കോലങ്ങളൊ ബഹളമോ എന്തൊക്കെയോ നടന്നു എന്നും ആണ്. കായംകുളമെന്നും മുസ്ലീം എന്നും ഇന്നലെ ഇവിടെ പ്രസംഗിച്ച മുസ്ലിംലീഗുമെമ്പർ എന്നുംമററും ആ പ്രസ്താവനയിൽ വന്നതുകൊണ്ട് അത് എന്നെ സ്പർശിക്കുന്ന ഒരു കാര്യമാണെന്നു സംശയിച്ചേക്കാനിടയുള്ളതുകൊണ്ടാണു ഞാൻ ഇങ്ങനെ ഒരു വിശദീകരണത്തിനു തയാറായത്. ശ്രീ. കൃപലാനി കായംകുളം സന്ദർശിച്ച അവസരത്തിൽ ഞാൻ കായംകുളത്തുപോലും ഉണ്ടായിരുന്നില്ല. ഇന്ന് ഈ സഭയിൽ ഹാജരായിരിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ളയേപ്പോലെയുള്ള സ്ഥലത്തെ പ്രമുഖകാൺഗ്രസ്സ് പ്രമാണികൾക്കു അതിന്റെ പരമാർത്ഥം നല്ലപോലെ അറിയാവുന്നതാണു. എന്റെ മേൽ ദുരുദ്ദേശപരമായി, തെററിദ്ധാരണകൾ ഉളവാക്കുന്നതിനുള്ള ഒരു ഏജൻസി ആവശ്യാർത്ഥം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറും അതിൽപ്പെടും. മെമ്പർക്കു നേരിട്ടിക്കഥ അറിയാവുന്നതിൽ കൂടുതൽ ആ സ്ഥലത്തെ പൊതുജനങ്ങൾക്കറിയാം. എന്റെ എതിർസ്ഥാനാർത്ഥിയായി നിന്നു, ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനു മത്സരിച്ച ഒരു കമ്മ്യൂണിസ്റ്റ് യുവാവിന്റെ പ്രവൃത്തനഫലമായിട്ടാണ് കായംകുളത്ത് ആ അനിഷ്ടസംഭവമെല്ലാം ഉണ്ടായത്. യാഥാർത്ഥ്യങ്ങൾ തെററിദ്ധരിപ്പിക്കത്തക്കവിധത്തിൽ ഇത്തരം പ്രസ്താവനകൾ ബഹുമാനപ്പെട്ട മെംബറന്മാർ ഉത്തരവാദിത്വരഹിതമായി ഈ സഭയിൽ ചെയ്യാതിരുന്നാൽ കൊള്ളാമെന്നും അങ്ങിനെ ചെയ്യുന്നപക്ഷം ആളുകൾതമ്മിൽ ഉണ്ടായി

രിക്കേണ്ട പരസ്പര സൗഹാർദ്ദത്തിനും പ്രതിപക്ഷബഹുമാനത്തിനും ഭംഗം വരുത്തുവാനെ ഉപകരിക്കയുള്ളു എന്നുമാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളതു്. ഇവിടെ നടക്കുന്ന പ്രസ്താവനകളുടെ പ്രത്യാഘാതങ്ങൾ പത്രങ്ങൾ മുഖേന നിഴലിയ്ക്കാതെ ഇരിക്കുകയില്ലല്ലോ. ഓർക്കുമ്പോൾ അയഥാർത്ഥങ്ങളായ പ്രസ്താവനകൾ നാട്ടിൽ ആശാവഹമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതിനുതകുമെന്നുള്ളതിൽ കവിഞ്ഞു് പ്രയോജനമൊന്നുമില്ലെന്നു ദേശീയബോധമുള്ളതെന്നു പറയപ്പെടുന്ന സ്നേഹിതന്മാർ ധരിക്കണം. ഏതായാലും [illegible] ചെയ്ത പ്രസ്താവന തികച്ചും അടിസ്ഥാനരഹിതമാണ് ഞാൻ അതിനെ ആവർത്തിച്ചു ശക്തമായി നിഷേധിക്കുന്നു.

HON'BLE MR. A. THANU PILLAI : സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഇവിടെ നടന്ന പ്രസംഗങ്ങളെല്ലാം ഞാൻ വളരെ ശ്രദ്ധയോടുകൂടിത്തന്നെ കേട്ടു. പ്രധാനമായ പല സംഗതികളും ഈ പ്രസംഗങ്ങളിൽ പരാമർശിക്കപ്പെട്ടു. അതിൽ മിനിസ്ട്രിയുടെ ഘടന, മിനിസ്ട്രിയിലുണ്ടായ മാററങ്ങൾ, മുതലായവയാണു് എതിർകക്ഷികളിലെ അംഗങ്ങളിൽ പലരും ഉന്നയിച്ചതു്. ഈ മാതിരിയുള്ള ഒരു സന്ദർഭത്തിൽ ഗവണ്മെൻറിനെ നയിക്കുന്ന ഒരു പ്രൈംമിനിസ്റ്ററുടെ ചുമതലകൾ നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടാണു ഞാൻ ഇവിടെ ചിലതു പറയണമെന്നാഗ്രഹിക്കുന്നതു്. ഞാൻ പറയുന്നതിൽ രുചിക്കാത്തതായി ഏതെങ്കിലും കക്ഷിക്കോ അംഗത്തിനോ എന്തെങ്കിലും കാണാൻ സാധിക്കുന്നുവെങ്കിൽ അതിൽ ദുരുദ്ദേശം യാതൊന്നും തന്നെ ഇല്ലെന്നും, നാട്ടിന്റെ ഭാവി കഴിയുന്നതും ശോഭനമാക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇതു പറയുന്നതെന്നും എന്റെ എല്ലാ സ്നേഹിതന്മാരും ധരിക്കണമെന്നു ഞാൻ വിനയത്തോടുകൂടി അപേക്ഷിക്കുന്നു.

സർ, നമ്മുടെ നാട്ടിൽ വളരെ ജാതികളും, മതങ്ങളും പ്രധാനമായി രണ്ടുഭാഷകളുമുണ്ടു്. എന്നാൽ തിരുവിതാംകൂർ ഒന്നാണെന്നുള്ള ലക്ഷ്യത്തിൽ നമ്മുടെ നാട്ടിന്റെ ക്ഷേമത്തേയും അതിലെ ജനങ്ങളുടെ സൗഖ്യങ്ങളെയും വർദ്ധിപ്പിക്കുവാൻ കഴിവുള്ളതു ചെയ്യണമെന്നുള്ള ഗവണ്മെൻറിന്റെ ആഗ്രഹത്തെ നിറവേററുവാൻ നിങ്ങളെല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നാണ് എനിക്കു നിങ്ങളോടു അപേക്ഷിക്കുവാനുള്ളതു. അതിന് നിങ്ങളെല്ലാവരും കടപ്പെട്ടവരും ആണല്ലോ. ഇവിടെ ഉത്തരവാദഭരണത്തിനുവേണ്ടി നാമെല്ലാവരും തീവ്രമായി യത്നിച്ചു. സ്റ്റേററുകാൺഗ്രസ്സ് അതിനുവേണ്ടി വളരെ

[Hon'ble Mr. A. Thanu Pillai.]

പ്രയത്നംചെയ്തു. ബ്രിട്ടീഷ് മോഡലിലുള്ള ഒരു ഭരണസംപ്രദായമാണ് നമുക്കു ഇവിടെ വേണ്ടതെന്നു നാം ആവശ്യപ്പെട്ടു. അതിൽ നാട്ടിലെ എല്ലാ ജനങ്ങളും യോജിച്ചു. സർ സി. പി. രാമസ്വാമിഅയ്യർ ഇവിടുത്തെ ദിവാൻജിയായിരുന്ന കാലത്തു് അദ്ദേഹം നമ്മുടെ ആ അഭിലാഷത്തെ തടയാൻ വളരെ ശ്രമിച്ചു എന്നുള്ളതു് വളരെ വാസ്തവമാണ്. അക്കാലത്തു അദ്ദേഹത്തോടു യോജിച്ചുനിന്നു നമ്മുടെ ഉദ്ദേശത്തെയും, ശ്രമങ്ങളെയും വിഫലപ്പെടുത്തുവാൻ ശ്രമിച്ചവരും വളരെയുണ്ടായിരുന്നു. ആ കാര്യങ്ങളെല്ലാം നാം ഇവിടെ വലുതാക്കി പറഞ്ഞതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നു ഏതായാലും നമ്മുടെ ഉദ്ദേശം സാധിച്ചു. അതനുസരിച്ചു ഒരു ഭരണസംപ്രദായം രൂപീകരിക്കുന്നതിനായി ഈ സമിതിയെയും വിളിച്ചു കൂട്ടിയിട്ടുണ്ടു്.

എന്നാൽ ഈ സമിതി ഈ ജോലി ചെയ്തുതീർക്കുന്നതിനുമുമ്പുതന്നെ ബ്രിട്ടീഷുഭരണരീതിയിലുള്ള ഉത്തരവാദഭരണത്തിന്റെ സ്വഭാവത്തിൽ ഇവിടെ ഒരു ഭരണരീതി ഇടക്കാലത്തേക്കു നടപ്പിലാക്കുവാൻ മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചു. അല്ലാതെ, ഇവിടെ ബഹുമാനപ്പെട്ട ചില മെമ്പറന്മാർ പ്രസ്താവിച്ചതുപോലെ ഏതെങ്കിലും രീതിയിലുള്ള ഒരു ഭരണം ആകട്ടെ എന്നു തിരുമനസ്സുകൊണ്ടു കല്പിച്ചില്ല. ഇൻററിം കാൺസ്റ്റിററ്യൂഷൻ ആക്ട് എന്നു പറയപ്പെടുന്ന ആ നിയമത്തിൽ ആ രീതിയിലുള്ള ഒരു ഭരണസമ്പ്രദായം നടപ്പിലാക്കുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നതു്. ബ്രിട്ടീഷ് ക്യാബിനററു ഭരണരീതി നമുക്കു വേണമോ, വേണ്ടയോ എന്നു ഞാൻ എല്ലാവരോടും ചോദിക്കുന്നു. ആ രീതിയാണ് ഡെമോക്രാററിക സിസ്റ്റം എന്നു നാം വിചാരിക്കുന്നുണ്ടെങ്കിൽ, ആ സിസ്റ്റമാണ് ഇവിടെയും നടപ്പിലാക്കുവാൻ നാം ആഗ്രഹിക്കുന്നതെങ്കിൽ, ഇന്നു മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചനുവദിച്ചിരിക്കുന്ന ഭരണരീതിയെപ്പററി നമുക്കു യാതൊരാക്ഷേപവും പുറപ്പെടുവിക്കുവാൻ സാദ്ധ്യമല്ല തന്നെ. ആ രീതിയിലുള്ള ഒരു ഭരണസമ്പ്രദായം ഇവിടെ നടപ്പാക്കണമെങ്കിൽ, അതിനനുരൂപമായ രീതിയിലല്ലാതെ ഇവിടുത്തെ ക്യാബിനററിനു പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കണം. അതു മനസ്സിലാക്കി ഇന്നത്തെ ക്യാബിനററിനെയും, ക്യാബിനററിന്റെ രൂപീകരണത്തിനുണ്ടായ പരിതഃസ്ഥിതിയെയും പററി വിമർശിക്കുന്നതു് കുറെക്കൂടി ഉത്തമമായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്.

സർ, ക്യാബിനററു രൂപീകരിക്കുന്ന കാര്യത്തിൽ എന്താണ് തെററു ചെയ്തതു? പ്രൈംമിനിസ്റ്ററായാലും ശരി, ക്യാബിനററു ഒന്നാകെയായാലും ശരി, ആ തെററു ആരാണ് ചെയ്തതു് എന്നുള്ള കാര്യത്തെപ്പററി പല അഭ്യൂഹങ്ങളും, ആരോപണങ്ങളും ഇവിടെ പുറപ്പെട്ടുവിച്ചുകണ്ടു. പ്രൈംമിനിസ്റ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ചു്, ഞാൻ നടത്തിയ ക്യാബിനററിന്റെ രൂപീകരണത്തെപ്പററിയും അതിന്റെ ഭരണഘടനയെപ്പററിയും ഇവിടെ വിമർശനം നടത്തുവാൻ അനുവദിക്കാവുന്നതല്ലെന്ന കാര്യം ഞാൻ പ്രസിഡണ്ട് അവർകളുടെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി. എങ്കിലും എന്റെ നിർദ്ദേശത്തിനു അല്പം ഭേദഗതി ചെയ്തുകൊണ്ടു് പ്രസിഡണ്ട് അവർകൾ അതപ്പററി സംസാരിക്കുവാൻ അനുവദിച്ചതിനാൽ ഈ കാര്യത്തെപ്പററി അല്പം പ്രസ്താവിക്കുവാൻ ഈ സഭയിൽ ഇടയായി. മി. നേശമണിതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "Owing to the ruling of the chair, I am not prying into the secrets of the cabinet crisis, nor am I going to ask the ministers to tell us how it originated and how it ended."
അതു് വളരെ ശരിയായ ഒരു നിലയാണ്. അതുകൊണ്ടു് അതിനപ്പുറം പോകേണ്ട ആവശ്യമില്ലെന്നു അദ്ദേഹം തന്നെ സമ്മതിച്ചിരിക്കുന്നു. ക്യാബിനററിന്റെ ജീവിതത്തിൽ പലതും സംഭവിക്കാം. അതിനുള്ളിൽ പല ചരിത്രങ്ങളും കണ്ടേക്കാം. എന്നാൽ ഈ നിയമസഭ നോക്കേണ്ടതു് ക്യാബിനററു എങ്ങനെ പ്രവർത്തിക്കുന്നു. [illegible] തുടർന്നുകൊണ്ടുപോകണമോ, അതല്ല അവസാനിപ്പിക്കണമോ, ക്യാബിനററിനെക്കൊണ്ടു് എങ്ങനെ ഭംഗിയായി പ്രവർത്തിപ്പിക്കണം, ഇങ്ങനെയുള്ള കാര്യങ്ങളെല്ലാമാണു. ഈ വക പ്രശ്നങ്ങളാം മുൻപിൽവച്ചുകൊണ്ടു് ഈ സഭ ക്യാബിനററിനെപ്പററി വിമർശിക്കുകയാണു വേണ്ടതു്. മി. നേശമണിയുടെ ഈ പ്രസ്താവനയും അതനുസരിച്ചു പ്രസിഡൻറിന്റെ റൂളിംഗിനോടു് ഇന്നു് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന നിലയും ശരിയാണെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു അതിലേയ്ക്കു ഞാൻ കടക്കുന്നില്ല.

അതിൽ പിന്നീടു് തമിഴ്നാട്ട് കാൺഗ്രസ്സിലെ അംഗങ്ങളാം ആരുംതന്നെ അതേപ്പററി യാതൊരു പ്രസ്താവനയും ചെയ്തിട്ടില്ലെന്നാണു് എന്റെ ഓർമ്മ. എന്നാൽ മുസ്ലിംലീഗുകാർ അങ്ങനെയല്ല ചെയ്തതു്. അവർ പ്രസിഡൻറിന്റെ റൂളിംഗിനു അപ്പുറത്തു

[Hon'ble Mr. A. Thanu Pillai]

പോയി. പിന്നീട് അതു നിഷേധിച്ചുവെങ്കിലും ഈ മന്ത്രിസഭയിൽ അവർക്ക് സ്ഥാനമില്ലാത്തതുകൊണ്ട് അവർ ചെയ്ത പ്രസംഗങ്ങളിൽ അവർ പരിഭവിക്കുക തന്നെ ചെയ്തു എന്നു ഞാൻ വിചാരിക്കുന്നു. എനിക്ക് അവർ ചെയ്ത പ്രസംഗങ്ങളുടെ പൂർണ്ണമായ രൂപം കിട്ടിയിട്ടില്ല. എങ്കിലും ഞാൻ ചിലതു നോട്ടുചെയ്തു എടുത്തിട്ടുണ്ട്. മി. പി. എസ്. മഹമ്മദ ക്യാബിനററിൽ ഒരു മുസ്ലിമിനെ ഉൾപ്പെടുത്താത്തതു ശരിയായില്ല എന്നുള്ള അഭിപ്രായഗതിയിലാണ് പ്രസംഗിച്ചത്. മററു മെംബറന്മാർ മുസ്ലിംലീഗിലെ ഒരു മെംബറെ എങ്കിലും ക്യാബിനററിൽ ഉൾപ്പെടുത്താതിരുന്നതിനെപ്പററി ഇന്നത്തെ മന്ത്രിസഭയെ കുറപ്പെടുത്തുകയാണു ചെയ്തത്. മി. അബ്ദുൽ റസാക്കു പറഞ്ഞതു, അതുതന്നെയായിരുന്നു. ഇവിടെ ഉത്തരവാദഭരണം വേണമെന്ന് എല്ലാവരും പറഞ്ഞു. ആ ഉത്തരവാദഭരണത്തിൽ എല്ലാ കക്ഷികളും താല്പര്യങ്ങളും ഉൾക്കൊള്ളുമെങ്കിലും ഏതെങ്കിലും ഒരു കക്ഷിയുടെ ഭരണം...

MR. P. S. MOHAMMED : ഞാൻ പറഞ്ഞതു പറഞ്ഞിട്ടില്ല എന്നു പറയുന്നില്ല. ക്യാബിനററു രൂപീകരിക്കുന്ന സന്ദർഭത്തിൽ ഒരു മുസ്ലീമിനെക്കൂടി ഉൾപ്പെടുത്താതിരിക്കത്തക്കവിധം മുസ്ലീംസമുദായത്തിന് എന്തു കുറവാണുള്ളതു എന്നു ചൂണ്ടിക്കാണിക്കുക മാത്രമാണു ഞങ്ങൾ ചെയ്തതു.

HON'BLE MR. G. RAMACHANDRAN : ഒരു കൊയിലിഷൻ ഗവണ്മെൻറ് വേണമെന്ന് ഈ മുസ്ലിം സഹോദരന്മാർ പറഞ്ഞിട്ടില്ലേ?

HON'BLE MR. A. THANU PILLAI : അങ്ങനെ വ്യക്തമായി പറഞ്ഞോ എന്നു എനിക്കു നിശ്ചയമില്ല. ഏതായാലും അവരിൽ നിന്ന് മിനിസ്ട്രിയിലേക്ക് ഒരാളെക്കൂടി എടുക്കാത്തതിൽ അവർ പരിഭവിച്ചു എന്നുള്ളതിനു തർക്കമില്ല.

HON'BLE MR. G. RAMACHANDRAN : മദ്രാസിലെയും, മൈസൂരിലെയും, ഡൽഹിയിലെയും ഉദാഹരണങ്ങൾ തന്നെ ഈ അഭിപ്രായം സ്ഥാപിക്കാൻവേണ്ടി ഉദ്ധരിച്ചതാണ്.

HON'BLE MR. A. THANU PILLAI : ശരിയാണ്. എന്നാൽ അതിനെപ്പററി എനിക്കു പറയേണ്ട കാര്യമൊന്നുമില്ല. അവർ എന്തു പറഞ്ഞു എന്നാണ് നോക്കേണ്ടതു്. ക്യാബിനററിൽ പ്രതിപക്ഷകക്ഷികളിൽനിന്ന് ഓരോ അംഗത്തെക്കൂടി ചേർക്കാമായിരുന്നില്ലേ എന്നാണു ചോദ്യം. കക്ഷി ഭേദവും, ജാതിഭേദവും എല്ലാം ഉണ്ടെങ്കിലും, ഭാഷകൾക്കും വ്യത്യാസമുണ്ടെങ്കിലും നമ്മുടെ നാട് ഒന്നാണു എന്ന് മി. നേശ

മണി പറഞ്ഞു. അദ്ദേഹം ആ അഭിപ്രായം പുറപ്പെടുവിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ട്. തിരുവിതാംകൂറിന്റെ ഇന്റെഗ്രിറ്റി പരിപാലിക്കുന്നിടത്തോളം കാലം തിരുവിതാംകൂറിൽ തന്നെ ചേർന്നു നിൽക്കുവാൻ തമിഴനാട്ടുകാരും ആഗ്രഹിക്കുന്നുണ്ടെന്നും, തിരുവിതാംകൂറിന്റെ ഇന്റെഗ്രിറ്റി പരിപാലിക്കുന്നതിൽ വിമുഖത കാണിക്കുമ്പോൾ മാത്രമെ തങ്ങൾ കിഴക്കോട്ടു പോകുകയുള്ളു എന്നും തമിഴനാട്ട് കാൺഗ്രസുപാർട്ടിയുടെ നേതാവു് ഇവിടെ പ്രസ്താവിച്ചു. തിരുവിതാംകൂറിന്റെ ഇന്റെഗ്രിറ്റി പാലിക്കുന്നതിൽ തമിഴനാട്ടു കാൺഗ്രസുകാരേക്കാൾ, ഒട്ടുംതന്നെ പുറകോട്ടു സ്റ്റേറ്റുകാൺഗ്രസ്സും പോകുന്നതല്ല, പിന്നെ എന്താണ് തമിഴനാട്ടു കാൺഗ്രസ്സുകാർക്കു വേണ്ടതു്?

തങ്ങൾ ഒരു സ്വതന്ത്രമായ സംഘടനയായിതന്നെ നിൽക്കുവാനാണു വിചാരിക്കുന്നതെന്നു മി. നേശമണി വീണ്ടും പറയുന്നു. അതിനെപ്പറ്റി അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും പുനരാലോചന ചെയ്യണമെന്നാണു എനിക്കു പറയുവാനുള്ളതു്. ഇവിടെ സംസ്ഥാപിതമാകുന്ന ക്യാബിനറ്റിലെന്നുമാത്രമല്ല, എല്ലാ കാര്യങ്ങളിലും തന്നെ എല്ലാ വിഭാഗക്കാരെയും, എല്ലാ താൽപര്യങ്ങളെയും പ്രതിനിധീകരിക്കുകയും, ഉൾക്കൊള്ളുകയും ചെയ്യണമെന്ന് തമിഴനാട്ടു കാൺഗ്രസുകാര പറയുന്നു. ആ അഭിപ്രായത്തെ ഞാൻ വളരെ ആദരിക്കുന്നു. മുസ്ലീംലീഗിലെ അംഗങ്ങൾ പറയുന്നതും അതുതന്നെയാണ്. എനിക്കു അതിൽ പരിപൂർണ്ണമായ യോജിപ്പാണുള്ളതു. സ്റ്റേറ്റുകാൺഗ്രസ്സിന്റെ ആദർശവും അതുതന്നെയാണ്. എന്നാൽ ഒരു കാര്യം മനസ്സിലാക്കണം. ഇന്ന് പ്രവർത്തനത്തിലിരിക്കുന്ന ഒരു ഗവണ്മെന്റിന് സകല വിഭാഗക്കാരെയും, സകല താൽപര്യങ്ങളെയും ഉൾക്കൊള്ളിക്കണമെങ്കിൽ ആ ഗവണ്മെന്റിന്റെ ആദർശത്തെയും ലക്ഷ്യത്തെയും ഈ വിഭാഗക്കാരെല്ലാം പിൻതാങ്ങുകയും, ഗവണ്മെന്റിനോടു സഹകരിക്കുകയും ചെയ്യണം. ഇന്ന് ഗവണ്മെന്റു ഏറെറടുത്തിരിക്കുന്ന സ്റ്റേറ്റുകാൺഗ്രസുപാർട്ടിയിൽ എന്തുകൊണ്ടു തമിഴനാട്ടുകാൺഗ്രസുകാർക്കും മുസ്ലീംലീഗുകാർക്കും ഉൾപ്പെടുവാൻ പാടില്ല, എന്നു ഞാൻ ചോദിക്കുന്നു. ഗവണ്മെന്റിന്റെ രൂപീകരണത്തിൽ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളിക്കത്തക്ക ഒരു അന്തരീക്ഷം ഇന്ന് സ്റ്റേറ്റുകാൺഗ്രസ്സിനുള്ളതുപോലെ തമിഴനാട്ടു കാൺഗ്രസിനോ, മുസ്ലീംലീഗിനോ ഇല്ല. അതുകൊണ്ടു് സ്റ്റേറ്റുകാൺഗ്രസ് പാർട്ടിയുടെ ആദർശത്തിലും, ലക്ഷ്യത്തിലും അവർ വിശ്വസിക്കുകയും സഹകരിക്കുകയുമാണ് ആദ്യമായി ചെയ്യേണ്ടതു്. നമുക്കു ബ്രിട്ടീഷുക്യാബിനററു് സിസ്റ്റമാണു ഇവിടെ

[Hon'ble Mr. A. Thanu Pillai]

വേണമെന്നു പറഞ്ഞു. ഇൻഡ്യയിലും അങ്ങനെയൊ സ്ഥിതിചെയ്യുന്നു. ആ വിഷയത്ത്, തമിഴ്നാട്ടുകോൺഗ്രസ്സ്, പ്രാദേശികമായി തമിഴ സംസ്കാരിക്കാരെയും സംഘടനയായി, ഒരു പ്രത്യേക വിഭാഗമായി നില്ക്കുന്നിടത്തോളം കാലം തിരുവിതാംകൂർ രാജ്യത്തെ എല്ലാപേരെയും ഉൾക്കൊള്ളുന്ന ഒരു പാർട്ടിയായി നില്ക്കുവാൻ സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. അതുപോലെ, ഒരു പ്രത്യേക മതവിഭാഗമായ മുസ്ലീം ജനതയെ മാത്രം ഉൾക്കൊള്ളുന്ന മുസ്ലീംലീഗു പാർട്ടിക്കു ഇവിടത്തെ എല്ലാ ജനവിഭാഗങ്ങളെയും, പ്രദേശങ്ങളെയും പ്രതിനിധീകരിക്കുവാൻ കഴിയുമോ? ഇങ്ങനെ കേവലം പ്രാദേശികങ്ങളായ സംഘടനകളും ജാതിസംഘടനകളും രാജ്യത്തെ ഒന്നാകെ ദേശീയമായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഉദ്യമിച്ചുവരുന്ന സ്റ്റേറ്റുകോൺഗ്രസിൽ ചേർന്ന് രാജ്യക്ഷേമത്തിനു ഉപകരിക്കുന്ന പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുവാനോ, പങ്കുകൊള്ളുവാനോ എന്തുകൊണ്ടു പാടില്ല എന്നാണു ഞാൻ ചോദിക്കുന്നതു? ഇവിടത്തെ ഭൂരിപക്ഷകക്ഷിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്. ജനകീയഭരണം നടപ്പിലിരിക്കുന്ന രാജ്യങ്ങളിലുള്ള സമ്പ്രദായം അതാണ്. ആ കക്ഷി രൂപീകരിക്കുന്ന ക്യാബിനററിൽ പ്രാദേശികമോ, ജാതീയമോ ആയ മററുപാർട്ടികളിലെ അംഗങ്ങളെ ഉൾപ്പെടുത്തുക എന്നതു രാജ്യതന്ത്രജ്ഞതയ്ക്കു പററിയ ഒരു മാർഗ്ഗമായിരിക്കയില്ല. നേരെമറിച്ച്, ലക്ഷ്യശ്രേയസ്സാണ്, സകല ജനവിഭാഗങ്ങളുടെയും ക്ഷേമമാണ് തമിഴ്നാട് കോൺഗ്രസ്സിന്റെയും, മുസ്ലീംലീഗിന്റെയും ലക്ഷ്യമെങ്കിൽ സ്റ്റേറ്റുകോൺഗ്രസ്സുമായി സഹകരിക്കുന്നതിൽ അവർക്ക് എന്തു പ്രതിബന്ധമാണുള്ളതെന്ന് ഞാൻ വീണ്ടും ചോദിക്കുന്നു. ഈ ചോദ്യം ഞാൻ ഇപ്പോൾ ചോദിക്കുന്ന ചോദ്യമല്ല. മുമ്പു പല അവസരങ്ങളിലും ഇതേ ചോദ്യം ഞാൻ അവരോടു ചോദിച്ചിട്ടുണ്ട്. മി. നേശമണിയോടും ആ ചോദ്യം ഞാൻ ചോദിച്ചു. അദ്ദേഹം അതിനു അന്നു പറഞ്ഞ മറുപടിയേക്കാൾ, സമാധാനകരമല്ലാത്ത നിലയിലാണ് അദ്ദേഹം ഇന്നു പറയുന്ന മറുപടി. തിരുവിതാംകൂറിൽ എല്ലാ ജനവിഭാഗങ്ങളെയും, എല്ലാ പ്രദേശങ്ങളെയും പരിപൂർണ്ണമായി പ്രതിനിധീകരിക്കുന്ന ഒരു മന്ത്രിസഭ വേണമെന്നു ഞാനും പറയുന്നു. തമിഴ വേണ്ടാ എന്നു ഞാൻ പറഞ്ഞില്ല. എന്നാൽ തമിഴർ പ്രത്യേകമായി നില്ക്കണമെന്നുള്ള അടിസ്ഥാനത്തിന്മേൽ ഒരു രാഷ്ട്രീയകക്ഷി പാടില്ലാ എന്നു ഞാൻ പറയും. അതു [illegible] ഒരു സമുദായമായിത്തന്നെ നിന്നുകൊണ്ട്

ഒരു പ്രത്യേക കക്ഷി രൂപീകരിക്കുന്നതു ശരിയല്ല എന്നു ഞാൻ പറയുന്നു. ഒരു പ്രതിപക്ഷകക്ഷി വേണ്ടേ എന്നു ചിലർ ചോദിക്കുന്നു. വേണം. രാഷ്ട്രീയ മർമ്മങ്ങളേയും താൽപര്യങ്ങളെയും അടിസ്ഥാനമാക്കി ഒരു പ്രതിപക്ഷകക്ഷി ഉണ്ടാകുകതന്നെ വേണം. അങ്ങനെ പ്രതിപക്ഷ കക്ഷികൾ ഉണ്ടാകുമെന്നുതന്നെയാണെന്റെ വിശ്വാസം. ഇന്നു സ്റ്റേറ്റു കാൺഗ്രസിൽപെട്ടുനിൽക്കുന്ന അംഗങ്ങളിൽ പലരും, അങ്ങനെ ഒരു പ്രതിപക്ഷകക്ഷിയുണ്ടാകുമ്പോൾ, ആ കക്ഷിയിൽ ചേരുന്നവരാകുമെന്നും ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ അതിൽ ഒരു തെററുമില്ല. രാഷ്ട്രീയമായും സാമ്പത്തികമായും ലക്ഷ്യവ്യത്യാസവും താല്പര്യവ്യത്യാസവും ഉള്ളവർ പ്രത്യേക കക്ഷികളായി നിന്നു് പ്രവർത്തിക്കാതെ തരമില്ല. അതു രാജ്യത്തിന്റെ ശ്രേയസ്സിനും അത്യാവശ്യമാണ്. അങ്ങനെ രാഷ്ട്രീയവും സാമ്പത്തികവുമായ അടിസ്ഥാനത്തിന്മേൽ ഉള്ള പ്രതിപക്ഷകക്ഷികളുണ്ട് നമുക്കു ഉണ്ടാകേണ്ടതു്. തമിഴ്നാട്ടിൽനിന്നുതന്നെ അതിൽ ഏതെങ്കിലും കക്ഷിയിൽ, എന്റെ അഭിപ്രായമനുസരിച്ച് രൂപം പ്രാപിക്കുന്ന ഏതു കക്ഷിയിലായാലും വേണ്ടുകയില്ല, ചേരുന്നതു സ്വാഗതാർഹമായിരിക്കും. അല്ലാതെ മതത്തെ അടിസ്ഥാനമാക്കിയോ, ഭാഷയെ അടിസ്ഥാനമാക്കിയോ, അതുമല്ലെങ്കിൽ പ്രദേശത്തെ അടിസ്ഥാനമാക്കിയോ കക്ഷികൾ ഉണ്ടാകുന്നതു ആശാസ്യമല്ലെന്നും അങ്ങനെ ഒരന്തരീക്ഷം പുലർത്തുന്നതു് രാജ്യശ്രേയസ്സിനു ഒരിക്കലും പററിയതല്ലെന്നും ആ നയം സ്വീകരിക്കുവാൻ സ്റ്റേററുകാൺഗ്രസിനോ, ഇന്നത്തെ മന്ത്രിസഭയ്ക്കോ നിവൃത്തിയില്ലെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഈ വസ്തുത ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും ധരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങനെ ചെയ്താൽ ഇവിടെ കേട്ട പരാതികൾക്കോ, ഇവിടെ കണ്ട അസ്വാസ്ഥതകൾക്കോ സ്ഥാനം ഉണ്ടായിരിക്കുന്നതല്ല.

മുസ്ലീംലീഗിലെ ഒരംഗത്തെ ക്യാബിനററിൽ എടുത്തില്ലെങ്കിൽ വേണ്ടാ, സ്റ്റേററ്കാൺഗ്രസിൽ ഒരു മുസ്ലീം ഉണ്ടല്ലോ, അദ്ദേഹത്തെ എടുക്കരുതോ, എന്നു ചോദിച്ചാൽ ആ ചോദ്യം ശരിയല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മന്ത്രിസഭയിലേയ്ക്കു ആളുകളെ എടുക്കുമ്പോൾ പലതും നോക്കേണ്ടതായിവരും. അതുകൊണ്ടു് മി. അബ്ദുൽ അസീസിന്റെ ആ ചോദ്യത്തിനു് വളരെ പ്രസക്തിയുണ്ടോ എന്നു സംശയമാണു്. അദ്ദേഹം "മുൻപു ഇവിടെ ഒരു സ്വേച്ഛാധികാരിയേ ഉണ്ടായിരുന്നുള്ളു, ഇന്നു ആറു സ്വേച്ഛാധികാരികൾ ഉണ്ടു്" എന്നു പറഞ്ഞു. എന്തുകൊണ്ടാണു അങ്ങനെ അദ്ദേഹം പറഞ്ഞതെന്നു് എനിക്കു മനസ്സിലാകുന്നില്ല. എന്തു സ്വേച്ഛാധികാരമാണു് ഈ മന്ത്രിമാർ കാണി

[Hon'ble Mr. A. Thanu Pillai]

ചുള്ളൂ? ചില സ്നേഹിതന്മാർ പറഞ്ഞു, ചോദ്യത്തിനു ഉത്തരം പറയുന്നില്ല എന്ന്. മന്ത്രിമാർ ഉത്തരം പറയുമ്പോൾ അവർ പറയുന്ന ഉത്തരത്തിന്റെ ചുമതലകൂടി അവർ വഹിക്കേണ്ടതുണ്ട്. ഇവിടെ ചോദിച്ചു, മൈസൂർ ഗവണ്മെൻറിൽ ഒരു മുസ്ലീം മെമ്പറെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന്. അതിനു ഞാൻ മറുപടി പറഞ്ഞു അറിവില്ലെന്ന്. എനിക്ക് ഔദ്യോഗികനിലയിൽ അങ്ങനെ മറുപടി പറയുവാനേ നിർവാഹമുള്ളു. മൈസൂരിൽ ഒരു മുസ്ലീം മെമ്പറെക്കൂടി അവിടത്തെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം എനിക്ക് മററുതരത്തിൽ അറിയാമെങ്കിൽ ആ അറിവ് മി. അബ്ദുൽ അസ്സീസിനും, മി. [illegible]ഡിനും ഇല്ലേ എന്നു ഞാൻ ചോദിക്കുന്നു. അപ്പോൾ ഞാൻ പറയേണ്ട ഉത്തരം എന്റെ വ്യക്തിപരമായ നിലയിലല്ല, ഗവണ്മെൻറിന്റെ പ്രതിനിധിയെന്ന നിലയിലാണ്. അതിനാൽ ബഹുമാനപ്പെട്ട മെംബറന്മാരെക്കാൾ കൂടുതലായി എനിക്കു അറിവില്ലാത്ത കാര്യങ്ങളെപ്പററി ഗവണ്മെൻറിനു പ്രത്യേകമായ വല്ല അറിവും ഉണ്ടോ എന്നു അറിയുവാൻവേണ്ടി ചോദ്യങ്ങൾ ചോദിക്കാമെന്നല്ലാതെ, ഗവണ്മെൻറിനു അറിവുകിട്ടുവാൻ സൗകര്യമില്ലാത്ത കാര്യങ്ങളെപ്പററി മന്ത്രിമാരോടു ചോദ്യങ്ങൾ ചോദിക്കുന്നതുതന്നെ ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളത്. മി. അബ്ദുൽ അസ്സീസ് ചോദിച്ച ആ ചോദ്യത്തിനു, മൈസൂർഗവണ്മെൻറു ഔദ്യോഗികമായി ഇന്നാരെയെല്ലാം തങ്ങളുടെ മന്ത്രിസഭയിലെ അംഗങ്ങളായി നിയമിച്ചിരിക്കുന്നു എന്നു ഇവിടത്തെ മന്ത്രിസഭയ്ക്കു എഴുതി അയച്ചിരുന്നുവെങ്കിൽ, നിശ്ചയമായും ഞാൻ ആ മറുപടിപറയുകയില്ലായിരുന്നു. അതുപോലെതന്നെ പല ചോദ്യങ്ങൾക്കും ഉത്തരം പറയേണ്ടിവരുമ്പോൾ മെംബറന്മാരെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ മന്ത്രിമാർക്കു സാധിക്കാതെ വന്നിട്ടുണ്ട്. ഗവണ്മെൻറു ഉത്തരം പറയുമ്പോൾ ഒന്നു നോക്കേണ്ടതുണ്ട്. ആ ഉത്തരം ശരിയായിരിക്കണം. കടലാസിൽമാത്രം കണ്ടതുകൊണ്ടു അതു ശരിയാണെന്നു ധരിച്ച് ഉത്തരം ഗവണ്മെൻറിനു പറയുവാൻ നിവൃത്തിയില്ല. കടലാസ്സുകൾ എന്തെല്ലാം കാണുന്നു? തിരുവിതാംകൂറിലെ പത്രങ്ങളിൽ കാണുന്ന എല്ലാ കാര്യങ്ങളേയുംവച്ചുകൊണ്ടു പ്രധാനമന്ത്രി ഉത്തരം പറയുവാൻ തുടങ്ങിയാൽ ആ പ്രധാനമന്ത്രിക്കു ഇവിടെ വളരെക്കാലം ആ സ്ഥാനം വഹിച്ചുകൊണ്ടിരിക്കുവാൻ സാദ്ധ്യമല്ലാതെവരും. ഔദ്യോഗികമായ അറിവുകളില്ലാത്ത കാര്യങ്ങളെപ്പററി ചോദ്യം ചോദിച്ചാൽ, അറിവില്ല എന്നല്ലാതെ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : സ്വന്തനിലയിൽ അനുഭവപ്പെട്ടും ബോദ്ധ്യപ്പെട്ടും ഇരിക്കുന്ന ഒരു വസ്തുത ഈ സഭയെ അറിയിക്കുന്നതു രാജ്യശ്രേയസ്സിനു ആവശ്യമാണെന്നു കണ്ടാൽ ഔദ്യോഗികമായ അറിവില്ലെങ്കിൽ തന്നെയും ഉത്തരം പറയുന്നതിൽ എന്തു ദോഷമാണുള്ളതു്?

HON'BLE MR. A. THANU PILLAI : സ്വന്തനിലയിൽ പല അറിവുകളും ഉണ്ടായിരിക്കും. ആ അറിവുകളെല്ലാം ശരിയായിരിക്കണമെന്നില്ല. പലതും തെറ്റായിരിക്കും. ആ അറിവിനെ അടിസ്ഥാനമാക്കി ഉത്തരം പറയുന്നതു ശരിയല്ല. ഇവിടെ ഒരാൾ ചോദിച്ചു അഡ്വക്കേറ്റു ജനറൽ സർ. സി. പി. രാമസ്വാമിഅയ്യരെ പോയി കണ്ടോ എന്ന്. അഡ്വക്കേറ്റുജനറൽ കണ്ടില്ല എന്നു ഉത്തരം പറഞ്ഞു. അഡ്വക്കേറ്റുജനറൽ എന്ന നിലയിൽ ആരും പോയില്ല; സർ സി. പി. രാമസ്വാമിഅയ്യരെ കണ്ടിട്ടില്ല. എന്നാൽ, ഇന്ന് അഡ്വക്കേറ്റുജനറൽ ആയിരിക്കുന്ന ആൾ എവിടെയെല്ലാം പോയി, എന്തെല്ലാം കണ്ടു എന്നു ഞാൻ അന്വേഷിക്കണമെന്നു പറഞ്ഞാൽ എന്റെ നില വളരെ വളരെ പരുങ്ങലിലാകും. (ചിരി) ഇതൊക്കെ നോക്കുകയാണോ എന്റെ ജോലി? ആ ഉത്തരം ഞാൻ പറയുമ്പോൾ ഞങ്ങൾ ജനപ്രതിനിധികളെ വിശ്വസിക്കുന്നില്ല, അവരെ ആദരിക്കുന്നില്ല, സ്വേച്ഛാധിപതികളാണ് ആരുപേരും എന്നിങ്ങനെയുള്ള ആരോപണങ്ങൾ കൊണ്ടുവരുന്നതു യാഥാർത്ഥ്യം മനസ്സിലാക്കാതെയാണെന്നു ധരിക്കണം.

MR. N. V. CHACKO : അഡ്വക്കേറ്റു ജനറലിനെപ്പറ്റിയുള്ള ചോദ്യം ചോദിച്ചതു് ഞാനാണ്. പ്രധാനമന്ത്രി പറഞ്ഞ ഉത്തരത്തിൽനിന്ന് അദ്ദേഹം ഇപ്പോൾ പ്രസ്താവിച്ചതുപോലുള്ള പരാതി എനിക്കില്ല.

HON'BLE MR. A. THANU PILLAI : മി. എൻ. വി. ചാക്കോക്ക് ചോദ്യം ചോദിക്കണമെന്നല്ലാതെ ഉത്തരം പറയുന്നതിൽ പരാതിയൊന്നുമില്ല (ചിരി) മി. എൻ. വി. ചാക്കോയെ എനിക്കു നല്ലതുപോലെ അറിയാം. അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെപ്പറ്റി ഞാൻ സംശയിച്ചിട്ടേയില്ല.

ഞാൻ പറയുന്നതു് ഈമാതിരി ചോദ്യങ്ങൾ ചോദിച്ച് ഗവമെൻറിനെ അലട്ടരുതെന്നാണ്. വലിയ ചുമതല ഗവമെൻറിനുണ്ട്. എന്തെങ്കിലും തെറ്റ് മന്ത്രിമാരിലൊരാൾ ഈ സഭയിൽ പറഞ്ഞാൽ അതു ഒരുപക്ഷേ ഇൻഡ്യാഗവമെൻറിനെക്കൂടി ബാധിക്കുന്നതായിരിക്കും. ഡാക്ടർ അംബദ്കർ ഇൻഡ്യൻ ക്യാബിനറ്റിൽ ഉണ്ടോ എന്നു ഒരു

[Hon'ble Mr. A. Thanu Pillai]

ബഹുമാനപ്പെട്ട മെംബര ചോദിച്ചു. ഗവന്മെൻറിനറിവില്ല. അതുകൊണ്ടു ഗവന്മെൻറുഭാഗത്തുനിന്നും പറഞ്ഞ മറുപടി ആ മെംബറെ തൃപ്തിപ്പെടുത്തിയില്ല. ഗവന്മെൻറു വസ്തുതകൾ മനഃപൂർവ്വമായി മറച്ചുവെക്കുകയാണ് എന്നു കുററപ്പെടുത്തുന്നു. ഗവന്മെൻറിനു ചില സ്റ്റാൻഡേർഡുകൾ ഉണ്ട്. ഉത്തരം ഇന്ന രീതിയിലേ പറയാവൂ എന്നുണ്ട്. അതുകൊണ്ട് ഗവന്മെൻറിൻെറ അറിവിൽപെട്ടതും മെംബറന്മാൎക്കു ശരിയായി അറിയാൻ നിവൃത്തിയില്ലാത്തതുമായ കാൎയ്യങ്ങളെപ്പററിമാത്രമേ ചോദിക്കാവൂ. നിസ്സാരങ്ങളും എല്ലാവൎക്കും അറിവുള്ള കാൎയ്യങ്ങൾ ഒരു മിനിസ്റ്ററോടു ചോദിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണുണ്ടാകാൻ പോകുന്നത്?

ഞാൻ ഈ പറഞ്ഞ കാൎയ്യങ്ങൾ ഇവിടത്തെ എതിർ കക്ഷിയിൽപ്പെട്ട എല്ലാ സ്നേഹിതന്മാരും നല്ലവണ്ണം ആലോചിക്കണം. നമുക്കു യോജിച്ചു പ്രവൎത്തിക്കാം. അഭിപ്രായങ്ങൾ യോജിച്ചു നില്ക്കുന്ന സംഗതികളെ സംബന്ധിച്ചിടത്തോളം എങ്കിലും കക്ഷികൾ ഒന്നായിനിന്നു രാജ്യക്ഷേമത്തിനുവേണ്ടി പ്രവൎത്തിക്കേണ്ടതാണ്. എന്തിനുവേണ്ടിയാണു തമിഴ്നാടു കോൺഗ്രസ്സുകാർ പ്രത്യേകമായി നില്ക്കുന്നത്? മി. നേശമണി പ്രത്യേകമായി നില്ക്കുമെന്നു പറഞ്ഞു. ഈ നാടിനെ വേറെ ഏതെങ്കിലും ചേൎക്കുകയോ, ഒരു ഐക്യകേരളമുണ്ടാക്കുകയോ ചെയ്യുകയാണെങ്കിൽ അപ്പോൾ തമിഴ്നാടിൻെറ നില എന്തായിരിക്കണമെന്നുള്ളതിനെപ്പററി അവൎക്കു ആലോചിക്കുവാൻ അവകാശമുണ്ട്. എന്നാൽ ഇന്നു അവരെ വിഷമിപ്പിക്കാവുന്നതോ, അപകടത്തിൽപ്പെടുത്താവുന്നതോ ആയ പ്രശ്നങ്ങളൊന്നുംതന്നെയില്ല. തിരുവിതാംകൂറിൻെറ ഇൻറഗ്രിറ്റിക്കുവേണ്ടി നാമെല്ലാവരും നിലകൊള്ളുന്നു. കന്യാകുമാരിമുതൽ പറവൂർവരെയുള്ള ആളുകൾ രാജ്യശ്രേയസ്സിനുവേണ്ടി യോജിച്ചുനിന്നു പ്രവൎത്തിക്കേണ്ട ആവശ്യം നമുക്കെല്ലാവൎക്കും ഉണ്ട്. അപ്പുറം രാജ്യശ്രേയസ്സിനെ സംബന്ധിക്കുന്ന കാൎയ്യങ്ങളിൽ തമിഴ്നാടു കോൺഗ്രസിൻെറയും സ്റ്റേററ് കോൺഗ്രസിൻെറയും പ്രഖ്യാപിതനയങ്ങൾതമ്മിൽ എന്താണു വ്യത്യാസം? തമിഴ എന്നുള്ളതൊഴിച്ചാൽ പിന്നെ യാതൊരു വ്യത്യാസവും ഞാൻ കാണുന്നില്ല. രാജ്യത്തിൻെറ ശ്രേയസ്സും രാജ്യവാസികളുടെ ക്ഷേമവുമാണ് അവരുടെ ലക്ഷ്യമെങ്കിൽ അതുതന്നെയാണ് സ്റ്റേററ് കോൺഗ്രസ്സിൻെറയും ലക്ഷ്യം.

ഏതായാലും ഇൻഡ്യൻ നാഷനൽ കാൺഗ്രസ് നാട്ടുരാജ്യങ്ങളിൽകൂടി പ്രവർത്തനം തുടങ്ങുവാൻ തീരുമാനിച്ചിരിക്കുന്നു. നാമൊക്കെ അതിൻെറ ഘടകങ്ങളാകാതിരിക്കുവാൻ നിവൃത്തിയില്ല. ഹിമാലയം മുതൽ കന്യാകുമാരിവരെയുള്ള സകല രാഷ്ട്രീയസംഘടനകളും ഇൻഡ്യൻ നാഷനൽ കാൺഗ്രസിനു കീഴിൽ കൊണ്ടുവരണമെന്നുള്ളതാണ് അവരുടേയും നമ്മുടേയും ആഗ്രഹം. ആ നിലയ്ക്കു നമുക്കു യോജിച്ചു പ്രവർത്തിക്കരുതോ എന്നു ഞാൻ ചോദിക്കുന്നു. മി. നേശമണി അദ്ദേഹത്തിൻെറ തീരുമാനം പുനരാലോചന ചെയ്യുമെന്നുതന്നെയാണ് എൻെറ വിശ്വാസം. കുറച്ചുസമയം കഴിയുമ്പോൾ അദ്ദേഹവും അദ്ദേഹത്തിൻെറ അനുയായികളും ഇതെപ്പററി കൂടുതലായി ചിന്തിക്കുമെന്നും ഇന്നത്തെ ഗവണ്മെൻറിൻെറ പ്രവർത്തനം തമിഴ്നാട്ടിൽ കൂടുതലായി സംഘടിപ്പിക്കുന്നതുകൊണ്ടും തമിഴ്നാട്ടുകാൺഗ്രസ്സിലും, സ്റ്റേററുകാൺഗ്രസ്സിലും പെട്ട ആളുകൾ ഇൻഡ്യൻനാഷനൽ കാൺഗ്രസ്സിൽചേർന്ന് യോജിച്ചു പ്രവർത്തിക്കുന്നതുകൊണ്ടും സംജാതമാകുന്ന ശോഭനമായ ഒരന്തരീക്ഷത്തിൻെറ പ്രകാശത്തിൽ തെററിദ്ധാരണകൾ എല്ലാം നീങ്ങുമെന്നും, അതോടുകൂടി നമുക്ക് ഈ നാട്ടിൻെറ നന്മയ്ക്കുവേണ്ടി യോജിച്ചു പ്രവർത്തിക്കുവാനുള്ള ഒരു സന്ദർഭം ഉണ്ടാകുമെന്നുമാണ് എൻെറ വിശ്വാസം അതിനുള്ള സമയം എത്രയും വേഗത്തിൽ അടുപ്പിക്കണം.

മുസ്ലീങ്ങളെപ്പററിയാണെങ്കിൽ, ഇവിടെ നടന്ന പ്രസംഗങ്ങൾ എല്ലാം എന്നെ ദുഃഖിപ്പിക്കുകയാണു ചെയ്തതു്. ഇതിനൊന്നിനും ആവശ്യം ഉണ്ടായിരുന്നില്ല. സാമുദായികമായി ചിന്തിക്കുമ്പോൾ എന്തെങ്കിലും അസഹിഷ്ണുതകളോ, നൈരാശ്യങ്ങളോ വന്നാൽ ആളുകളുടെ ഭാഷ വികൃതമായിപ്പോകുന്നതു് ഇതിനുമുൻപും ഞാൻ കണ്ടിട്ടുണ്ടു. അതിൻെറ ആവശ്യം ഇവിടെ ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. സ്റ്റേററുകാൺഗ്രസ്സുകാർ മുസ്ലിംലീഗിനോട് ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട് വെളിയിൽ ലീഗിൻെറ നില എന്തായിരുന്നാലും മുസ്ലിം ലീഗെന്നോ, അമുസ്ലിംലീഗെന്നോ ഉള്ള ഭേദം നമ്മുടെ രാജ്യത്തിന് ആവശ്യമില്ലെന്ന്. മുസ്ലീങ്ങൾ മുസ്ലീങ്ങളായി നിൽക്കുന്നതിൽ ആക്കും ആക്ഷേപമില്ല. പക്ഷേ, ഒരു രാഷ്ട്രീയകക്ഷിയിൽ മുസ്ലീങ്ങൾക്കും അമുസ്ലീങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതുകൊണ്ട് മുസ്ലിംലീഗു അംഗങ്ങൾകൂടി സ്റ്റേററ്കാൺഗ്രസിൽ ചേരരുതോ എന്നു ഞാൻ അവരോട് ചോദിച്ചു. മിക്കവാറും അവർ സമ്മതിക്കുകയും ചെയ്തതാണു.

MR. PRESIDENT : ഇനി മൂന്നു മിനിട്ടു സമയമേ ഉള്ളു.

HON'BLE MR. A. THANU PILLAI : സർ, എന്റെ പ്രസംഗം വേഗം അവസാനിപ്പിച്ചുകൊള്ളാം. എന്റെ മനോഭാവവും, എന്റെ കക്ഷിയുടെ മനോഭാവവും എന്റെ സ്നേഹിതന്മാർ ശരിക്കു മനസ്സിലാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടെ ചെയ്ത പ്രസംഗങ്ങളുടെ കൂട്ടത്തിൽ പലതും പറയുകയുണ്ടായി. ആ കൂട്ടത്തിൽ ഇവിടെ മുസ്ലീംങ്ങൾക്കു ഉദ്യോഗത്തിൽ വേണ്ടിടത്തോളം പ്രാതിനിധ്യമില്ല എന്നു പറഞ്ഞു. ഗവൺമെന്റു അതുസംബന്ധിച്ച് വ്യവസ്ഥപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ്. എങ്കിലും പരാതിപ്പെടുന്നതുപോലെ മുസ്ലീംങ്ങൾക്ക് ഉദ്യോഗത്തിൽ പ്രാതിനിധ്യക്കുറവൊന്നുമില്ല. ഇവിടത്തെ ജുഡിഷ്യറിയിലായാലും, മററു തുറകളിലായാലും മുസ്ലീംങ്ങളുടെ നില എന്താണെന്നു ഞങ്ങൾ നോക്കി. അവരുടെയെല്ലാം മുസ്ലീംങ്ങൾ പുറകിലല്ല നിൽക്കുന്നത്. ആ കാര്യത്തിൽ സർ സി. പി. രാമസ്വാമി അയ്യർ അവർക്കു ദ്രോഹമൊന്നും ചെയ്തിട്ടില്ല. ഈ ഗവൺമെന്റും അങ്ങനെ ചെയ്യാൻപോകുന്നില്ല. സെക്രട്ടറിയേറ്റിലും മുസ്ലീംങ്ങളുടെ പ്രതിനിധ്യം മോശമല്ല. പൊതുവേ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുടെ എണ്ണവും സമുദായത്തിന്റെ നിലയും കാര്യക്ഷമതയും എല്ലാം നോക്കി അവർക്കു വ്യത്യാസമില്ലാതെ ഈ കാര്യത്തിൽ നീതിയായി പ്രവർത്തിക്കുന്നതാണെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മന്ത്രിമാർ രാജിവച്ചകാലത്ത് അവർക്ക് ശമ്പളം കൊടുത്തില്ലേ, അതു തെററല്ലേ, എന്നു മി. ശിവരാമപിള്ള ചോദിച്ചു. വളരെ കരുതിക്കൂട്ടി ചോദിച്ച ഒരു ചോദ്യമാണതെന്നു ഞാൻ വിചാരിക്കുന്നില്ല. തന്റെ വാദമുഖം സാധൂകരിക്കുവാൻവേണ്ടി ഒരു ഉദാഹരണമായി ഇതു ദ്രോഹം ചൂണ്ടിക്കാണിച്ചു എന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. അവർ രാജിവച്ചകാലത്തു ജോലി ചെയ്തുകൊണ്ടുതന്നെയിരുന്നു. രാജി സ്വീകരിച്ചിട്ടുമില്ലായിരുന്നു. വേറെ വലുതായ കാര്യങ്ങളൊന്നും പറയുവാനില്ലാത്തപ്പോഴാണ ഈവക നിസ്സാരകാര്യങ്ങൾ കൊണ്ടുവരുന്നതെന്ന് എനിക്കു നല്ലപോലെ അറിയാം. ചിലപ്പോൾ ഞാനും അങ്ങനെയൊക്കെ ചെയ്തിട്ടുണ്ട്.

അടുത്തത് പെൻഷൻവയസ്സിനെപ്പററിയാണ്. പെൻഷൻ വയസ്സ് 60 ആക്കിയതു മി. നേശമണിപറഞ്ഞതുപോലെ യുദ്ധം നിമിത്തം ഇവിടെ നിയമനത്തിനു വേണ്ടത്ര ആളുകൾ, ഇല്ലാതിരുന്ന

കാലത്തായിരുന്നു. ഇപ്പോൾ യുദ്ധം കഴിഞ്ഞു, ജോലിക്കു ധാരാളം ആളുകൾ ഉണ്ടു്. അതുകൊണ്ടാണു് പെൻഷൻ വയസ്സ് പഴയതുപോലെ അൻപത്തഞ്ചാക്കിയതു്. അല്ലാതെ സ്റ്റേറ്റുകോൺഗ്രസ്സുകാർക്ക് ഉദ്യോഗം കൊടുക്കാനല്ല. നിയമനങ്ങൾ നടന്നുകഴിയുമ്പോൾ ജനങ്ങൾ അതു ശരിക്കു മനസ്സിലാക്കിക്കൊള്ളും.

മറെറാന്നു എൻ. ജി. ഒ. ക്കാരെപ്പററിയാണു്. എല്ലാവരെയും ശിക്ഷിച്ചില്ലെന്നു മി. നേശമണി പറഞ്ഞു. ആ കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകാം. ഒന്നുകിൽ ശിക്ഷിച്ചവരെ ക്രൂരതയായി ശിക്ഷിച്ചുവെന്നുവരാം. അല്ലാത്തപക്ഷം മററുള്ളവർക്കു കൊടുത്ത ശിക്ഷ വളരെ കുറഞ്ഞുപോയി എന്നുവരാം. ഏതായാലും ആരെയും പക്ഷപാതപരമായി ഗവണ്മെൻറു ശിക്ഷിച്ചിട്ടില്ല. ശിക്ഷയിൽ ഭേദബുദ്ധി കാണിച്ചിട്ടുമില്ല.

ഇപ്പോൾ പെൻഷൻപററുന്ന ഒഴിവുകൾ ധാരാളമായി ഉണ്ടാകുമെന്നും, അവിടെ പകരം ജോലിക്കു ആളില്ലാതെവരുമെന്നും ചിലർ ഭയപ്പെടുന്നതായി കണ്ടു. അങ്ങനെയൊന്നും വരികയില്ല. എല്ലായിടത്തും ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്നതാണു്.

ഇവിടെ പബ്ലിക്ക് സർവീസ് റിക്രൂട്ടുമെൻറു റൂൾ നടപ്പിലിരിക്കുന്നു. അതു പോരാ, ഒരു കമ്മിഷൻതന്നെ വേണമെന്നു ചിലർ അഭിപ്രായപ്പെട്ടു. ഒരു പബ്ലിക്ക് സർവീസ് കമ്മിഷൻ വേണമോ, വേണ്ടയോ എന്നുള്ളതിനെപ്പററി ആലോചിച്ചു തീരുമാനിക്കാവുന്നതാണു്. എന്നാൽ ഒരുകാര്യം ബഹുമാനപ്പെട്ട മെംബറന്മാർ ധരിക്കണം. ആദ്യമായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ പബ്ലിക്ക് സർവീസ കമ്മിഷണരാണു് തിരഞ്ഞെടുക്കുന്നതു്. വളരെ കുറച്ചു ഉദ്യോഗങ്ങൾ മാത്രമേ ഗവണ്മെൻറു നിയമനം നടത്തുന്നുള്ളു. ബാക്കിയുള്ള നിയമനങ്ങളെല്ലാം പ്രമോഷൻകൊടുത്തു ചെയ്യുന്നതാണു്. ആദ്യമായി ഗവണ്മെൻറു ചെയ്യുന്ന നിയമനങ്ങൾ വല്ല ഒരു ജഡ്ജിയോ, ഒരു സർക്കാർ വക്കീലോ ആകാമെന്നല്ലാതെ മററാരു ഉദ്യോഗസ്ഥനും ആയിരിക്കയില്ല. മററുള്ളതെല്ലാം പബ്ലിക്ക് സർവീസ് കമ്മിഷണരാണു നടത്തുന്നതു്.

ഉദ്യോഗസ്ഥന്മാരെപ്പററി മി. സി. നാരായണപിള്ള പറയുന്നതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അഴിമതികൾ നിന്നില്ലെങ്കിൽ മന്ത്രിമാരെത്തന്നെയാണു് കുററം പറയേണ്ടതു്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കുറച്ചഴിമതികൾ ഇപ്പോഴുമുണ്ടെന്നു എനിക്കറിയാം. എന്നാൽ

[Hon'ble Mr. A. Thanu Pillai]

പണ്ടത്തെപ്പോലെയില്ല. അഴിമതികൾ ഉണ്ടാകുവാൻ പണ്ടുണ്ടായിരുന്ന കാരണങ്ങളും ഇപ്പോഴില്ല. ഈയവസരത്തിൽ ഉദ്യോഗസ്ഥന്മാരോടും ഏതിനും ഒന്നു പറയുവാനുണ്ട്. അഴിമതികൾ കണ്ടാൽ, ദാക്ഷിണ്യമോ ഭയവും ഗവണ്മെൻറു കാണിക്കുന്നതല്ലെന്ന് അവർ ധരിക്കണം. കഴിഞ്ഞ രണ്ടു മൂന്നുമാസങ്ങൾക്കിടയ്ക്കു ഈ കാര്യത്തിൽ വലുതായൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന് ഗവണ്മെൻറിനറിയാം. എങ്കിലും കിട്ടുന്നവരെ ഗവണ്മെൻറു വിടുകയില്ല. കിട്ടാത്തെ പിടിക്കയുമില്ല. സംശയംവച്ചു ആരെയും ശിക്ഷിക്കുന്നതല്ല. സർവീസിലുള്ളവർക്കു സുസ്ഥിതിവേണമെന്ന ഗവണ്മെൻറിനു ആഗ്രഹമുണ്ട്. അവർ വിശ്വസ്തതയോടുകൂടി ഗവണ്മെൻറിനെ സേവിക്കണം. അങ്ങനെ സേവിക്കുന്നവർക്കു ഒരു സുസ്ഥിതിയുണ്ടാക്കിക്കൊടുക്കേണ്ടതുമാണ്. അഴിമതി ഇപ്പോഴുമുണ്ട്, വളരെ ഉച്ചത്തിൽ തന്നെ ആ പരാതി ഇപ്പോഴും കേട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ഉദ്യോഗസ്ഥന്മാർ ആ കാര്യത്തിൽ വളരെ ജാഗ്രതയോടുകൂടി ഇരിക്കണമെന്നു ഞാൻ അവരെ അറിയിച്ചുകൊള്ളുന്നു.

മുസ്ലിംസമുദായത്തിലെ അംഗങ്ങൾക്കു റംസാൻ പ്രമാണിച്ചു വേണ്ടിടത്തോളം അരികൊടുത്തില്ല എന്നു ഇവിടെ പറഞ്ഞു. പലതും പറഞ്ഞുവന്ന കൂട്ടത്തിൽ ഈ കാര്യവും ഒരു കാരണമായി പറഞ്ഞു എന്നേ ഞാൻ വിചാരിക്കുന്നുള്ളു. പള്ളികൾക്കു ഓരോ ചാക്കരി ഇതിലേക്കു പ്രത്യേകമായി കൊടുത്തിട്ടുണ്ട്. ഓണം വന്നാലും, ക്രിസ്തുമസ്സ് വന്നാലും വിശേഷവിധിയായി ഗവണ്മെൻറു ഒന്നുംതന്നെ ചെയ്യാൻ പോകുന്നില്ല. അതുകൊണ്ടു ആ പരാതിയും അടിസ്ഥാനരഹിതമാണെന്നു പറയേണ്ടിയിരിക്കുന്നു.

MR. P. S. MOHAMMED: ഒരു ചാക്കരി പള്ളിക്കുകൊടുത്തു എന്നു പറഞ്ഞതു ശരിയാണ്. ഞാൻ പറഞ്ഞ പരാതി അതല്ല. റംസാൻദിവസം സാധുക്കളുടെ അഗതികൾക്കു ആഹാരം കൊടുക്കുന്നതിനായിട്ടു ഒരു ചാക്കരിവീതം കൊടുത്തിട്ടുള്ളു. എന്നാൽ മുൻപ്, അന്നേദിവസം മുസ്ലിംസമുദായത്തിൽപ്പെട്ട വ്യക്തികൾക്കു സ്പെഷ്യൽ ചീട്ടിൻപ്രകാരം അരി കൊടുത്തുവന്നിരുന്നു. ഈയാണ്ടിൽ അതുണ്ടായില്ല.

HON'BLE MR. A. THANU PILLAI : ഈ രാജ്യത്തെ ഭക്ഷ്യനില ഇപ്പോഴും തൃപ്തികരമല്ല. സ്പെഷ്യൽ ചിട്ടിൻ പ്രകാരം അരി കൊടുക്കുന്ന സമ്പ്രദായം തന്നെ ചുരുക്കിയിരിക്കയാണ്. ഏതായാലും മുസ്ലിംസമുദായത്തെ അവഗണിച്ചോ, അല്ലാത്തപക്ഷം അവരുടെ ആവശ്യത്തെ വിസ്മരിച്ചോ ചെയ്ത ഒരു പ്രവൃത്തിയാണ് ഇതെന്നു ധരിക്കരുത്.

HON'BLE MR. K. M KORAH : സർ, ഇതു സംബന്ധിച്ച്, ഒരുവാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. റംസാൻ പ്രമാണിച്ച് ൧൯൪൬-ൽ ഒരു ചാക്കരി കൊടുത്തുവന്നു, ൧൯൪൭-ൽ മുക്കാൽ ചാക്കരിയാണ് കൊടുത്തത്. ൧൯൪൮-ൽ ഒരു ചാക്കരി കൊടുത്തു.

HON'BLE MR. A. THANU PILLAI : സർ, അവസാനമായി എനിക്കു പറയുവാനുള്ളത് ഇതാണ്. കുറ്റങ്ങളും കുറവുകളും ഉണ്ടാകാം. സൃഷ്ടിപരങ്ങളായ നിരൂപണങ്ങൾ എപ്പോഴും സ്വാഗതാർഹങ്ങൾതന്നെയാണ്. എന്നാൽ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കണം. ഇവിടെ നടന്ന വാദഗതിയിൽ ഉപയോഗിക്കേണ്ടിവന്ന ചില വാഗ്പ്രയോഗങ്ങൾ സമുദായങ്ങൾ തമ്മിലും അംഗങ്ങൾ തമ്മിലും അതിനുമുൻപുണ്ടായിരുന്ന സൗഹാർദ്ദത്തെ ഉലയ്ക്കുവാൻ ഇടയാകരുത്. തമിഴ്നാട്ടുകാൺഗ്രസ്സ് ആയാലും ശരി, മുസ്ലിംലീഗുകാരായാലും ശരി, തിരുവിതാംകൂർ നമ്മുടെ രാജ്യമാണ്. മിനിസ്റ്റർക്കു തെറ്റുവരാം. ആ തെറ്റുകൾ ചൂണ്ടിക്കാണിക്കേണ്ടതു വളരെ ആവശ്യമാണ്. അത്തരം വിമർശനങ്ങൾ കേൾക്കുന്നതു മന്ത്രിമാർക്കു സന്തോഷവുമാണ്. രാഷ്ട്രീയ കക്ഷിഭിന്നതയ്ക്കു അധീനമായി വർത്തിക്കുന്ന ഒരു മനസ്ഥിതിയോടുകൂടി അല്ലാതെ, രാഷ്ട്രത്തിന്റെ ഭാവി ശോഭനമാക്കിത്തീർക്കുവാൻ എല്ലാവരും യോജിച്ചു പ്രവർത്തിക്കണമെന്നു അപേക്ഷിച്ചുകൊണ്ടും ഇവിടെ ചെയ്ത വിമർശനങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

MR. PRESIDENT : മി. മുസ്തഫാ ഈ ഉപക്ഷേപം പ്രസ്സുചെയ്യുന്നുവോ?

MR. MOHAMMED MUSTAFA : ഇല്ല.

The question that a sum of Rs. 20,?5,239 be granted under Demand No. VIII—General Administration was put to vote and carried.

The grant was made.

DEMAND IX—ADMINISTRATION OF JUSTICE

HON'BLE MR. A. THANU PILLAI: I move for a grant of Rs. 26,53,729 under demand IX—Administration of justice.

MR. PRESIDENT: ഭേദഗതി കുറിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നതിന് മിസ്റ്റർ പോൾ എ. തങ്ങളെ ക്ഷണിച്ചുകൊള്ളുന്നു.

MR. PAUL A. THA...: Sir, I move to reduce the total allotment of Rs. 26,53,729 under Demand No. IX by Re. 1 to discuss the general policy of the Department. നീതിന്യായഭരണത്തെപ്പറ്റി ധാരാളം അഭിഭാഷകന്മാർ അടങ്ങിയിരിക്കുന്ന ഈ സഭയിൽ ഒരു സാധാരണക്കാരന്റെ അനുഭവം മാത്രം പറയണമെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

സർ, ഇവിടത്തെ നീതിന്യായഭരണത്തിൽ സാധാരണക്കാരനെ ഏറ്റവും ദാരുണമായ നിലയിൽ ബാധിക്കുന്നത് കേസ്സുകൾ തീരുമാനം ചെയ്യുന്നതിനുള്ള കാലതാമസമാണ്. സാധാരണഗതിയിൽ ഒരു കേസ്സ് വിസ്തരിച്ചു തീരുമാനം ചെയ്യുന്നതിന് രണ്ടും മൂന്നും നാലും കൊല്ലവും ചിലപ്പോൾ അതിലധികം തന്നെയും വേണ്ടിവരുന്നു. അതുകൊണ്ടു ഇങ്ങനെയുള്ള കാലതാമസത്തിന് കാരണം കണ്ടുപിടിച്ചു പരിഹാരം ഉണ്ടാകണമെന്നപേക്ഷിക്കുന്നു.

സർ, ഒട്ടേറെ ഒരു ദിവസം മുമ്പ് ഗവൺമെന്റിലേക്ക് സമർപ്പിച്ചിരിക്കുന്ന ഒരു മെമ്മോറിയലിന്റെ പകർപ്പു എനിക്കും കിട്ടി. അതിൽ നമ്മുടെ ഹൈക്കോടതിയെപ്പറ്റി പറഞ്ഞിരിക്കുന്ന ആരോപണങ്ങൾ വളരെ ശക്തിയും ഗൗരവവും ഉള്ളതാണ്. അതിൽ പറയുന്ന ആരോപണങ്ങൾ ശരിയാണെങ്കിൽ ഇങ്ങനെയുള്ള ഒരു ഹൈക്കോടതി നമുക്ക് ഉണ്ടാകാതിരിക്കുകയാണ് വേണ്ടത്. അതുകൊണ്ട് ആ ആരോപണങ്ങളിൽ എത്രത്തോളം പരമാർത്ഥമുണ്ടെന്നു അന്വേഷിച്ചു വാസ്തവമെന്നു കണ്ടാൽ അതിനു ഉത്തരവാദിത്വം വഹിക്കുന്ന ജഡ്ജിമാരുടെ പേരിലോ, അതല്ല ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു കാണുന്നപക്ഷം എത്ര ഉന്നതസ്ഥാനത്തിലിരിക്കുന്ന ആളും ആയാലും ആ മെമ്മോറിയലയച്ച ആളിന്റെ പേരിലോ നടപടി നടത്തേണ്ടതാകുന്നു.

MR. P. S. MOHAMMED: ഏതു പ്ലീഡറാണ് ആ മെമ്മോറിയലിൽ പറയുന്ന ആരോപണങ്ങൾ?

MR. PAUL A. THALIAT: സമയം ഇല്ലാത്തതുകൊണ്ട് ആ മെമ്മോറിയലിന്റെ ഡീറ്റെയിൽസ് എന്താണെന്ന് പറയാൻ നിവൃത്തിയില്ല. ഗവൺമെന്റിന്റെ കയ്യിൽ കൊടുത്ത ഒരു മെമ്മോറിയലിനെപ്പറ്റി ഗവൺമെന്റിനോട് പറഞ്ഞു എന്നേ ഉള്ളൂ.

മറ്റൊരു കാര്യം ഈ ഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാരുടെ കൈക്കൂലിയെപ്പറ്റിയാണ്. സാധാരണ ജനങ്ങൾ പറയാറുണ്ട് മുൻസിഫ് കോടതിയിലെ തൂണുപോലും കൈക്കൂലി വാങ്ങിക്കുമെന്ന്. അവിടെ കൈക്കൂലി സർവസാധാരണമായ ഒന്നാണ്. അവിടെ ചിലപ്പോൾ പ്രതി അറിയാതെ കേസുകൾ വിധിക്കപ്പെടുന്നു എന്റെ അനുഭവത്തിൽ നിന്നു തന്നെ എനിക്കു പറയുവാൻ സാധിക്കും. എന്റെ പേരിൽ ഞാൻ അറിയാതെ വിധിയുണ്ടാകുവാൻ ഇടവന്നിട്ടുണ്ട്. എന്റെ പേരിൽ വിധി നടത്താൻ വന്നപ്പോഴാണ് ഇങ്ങനെയൊരു കേസുണ്ടെന്നറിയുവാൻ ഇടയായത്. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഒരു മെമ്പറായിരുന്ന കാലത്താണ് ഇതു സംഭവിച്ചതെന്നു പറയുമ്പോൾ സാധാരണക്കാർക്ക് ഈ നീതിന്യായ കോടതികളിൽ നിന്നു ലഭിക്കുന്ന നീതിയും ന്യായവും എങ്ങിനെയായിരിക്കുമെന്ന് ഊഹിക്കാവുന്നതാണല്ലോ.

മറ്റൊരു കാര്യം ഇവിടത്തെ എക്സിക്യൂട്ടീവും ജുഡീഷ്യറിയും വേർതിരിക്കുന്നതിനെപ്പറ്റിയാണ്. ഇവിടത്തെ മജിസ്ട്രേട്ടുമാരും, അഡി. പേഷ്കാരന്മാരും, പേഷ്കാരന്മാരും എക്സിക്യൂട്ടീവ് അധികാരത്തോടൊപ്പം ജുഡീഷ്യൽ അധികാരവും വഹിച്ചുകൊണ്ടു പോകുന്നു. ഈ നില വ്യത്യാസപ്പെടുത്തേണ്ടിയിരിക്കുന്നു. എക്സിക്യൂട്ടീവും ജുഡീഷ്യറിയും രണ്ടും രണ്ടായിത്തന്നെ ഇരിക്കേണ്ടതാണ്. ഉടനെ നിയമനിർമ്മാണം നടത്തി എക്സിക്യൂട്ടീവിനെ ജുഡീഷ്യറിയിൽ നിന്നു [illegible] വേർപെടുത്തുന്ന കാര്യം കൂടി മന്ത്രിസഭ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. മദ്രാസിൽ ഇതിനുള്ള ശ്രമങ്ങൾ കാര്യമായി തുടങ്ങിയിട്ടുണ്ട്. ഇവിടെയും ആ നിലയിൽ പ്രവർത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

റവന്യൂവും ജുഡീഷ്യറിയും തമ്മിൽ ഒന്നിച്ചിരിക്കുന്നതുകൊണ്ട് ഉദ്യോഗസ്ഥന്മാർക്ക് പല കുഴപ്പങ്ങളും ചെയ്യുവാൻ സാധിക്കും. അക്കാര്യവും മന്ത്രിസഭ ശ്രദ്ധിക്കണം.

MR. E. K. MADHAVAN: മെംബർ ഒരു മെമ്മോറിയലിനെപ്പറ്റി പറഞ്ഞല്ലോ. ഏതോ ഒരു ഉദ്യോഗസ്ഥൻ കുറെ ഏക്കർ സ്ഥലം വാങ്ങിച്ചു എന്നുള്ളതാണോ ആ മെമ്മോറിയലിൽ പറഞ്ഞിരിക്കുന്ന ആരോപണം?

MR. PAUL A. THALIAT: അല്ല; ഒരു സമുദായക്കേസ്സിൽ ബന്ധിക്കപ്പെട്ട ഒരാൾ (ആ കേസ്സിലെ വാദിയോ പ്രതിയോ എന്നു നിശ്ചയമില്ല) കൊടുത്ത മെമ്മോറിയലാണ്.

HON'BLE MR. C. KESAVAN: ആരും ആരാണ്?

MR. PAUL A. THALIAT: The memorial submitted by His Grace Mar Athanasius.

അതാണ് മെമ്മോറിയൽ. അതിൽ ഹൈക്കോടതിയെപ്പററി ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതു ശരിയാണെങ്കിൽ നമ്മുടെ ഹൈക്കോടതിയുടെ സ്ഥിതി വളരെ ആക്ഷേപാർഹം ആണ്. ആരോപണങ്ങൾ ശരിയല്ലെങ്കിൽ മെമ്മോറിയൽ അയച്ച ആളിന്റെ പേരിൽ ഉടൻ നടപടി നടത്തണം. അങ്ങനെ ഹൈക്കോടതിയുടെ സൽപ്പേരിനെ രക്ഷിക്കണം.

MR. A. NESAMONY: I have put down against my name two cut motions to bring home to the Minister for Law and Order the necessity of modifying the method of recruitment of Magistrates, Munsiffs, Government Pleaders and the Prosecuting Inspectors. Sir, I have put in sufficient pensionable service at the bar and I believe I am now working under an age of extension so what I am going to place before this House is my personal experience though it may be in the form of stories. But I am just citing instances to show how ignorant some of our people who are entrusted with the administration of justice are.

First, as regards recruitment to the magistracy. Members of the profession would know that one fine morning a clerk gets an order that he is made a Stationary Magistrate in such and such a place. He goes there, once in his life time he sees before him a crowd of Advocates and Lawyers addressing as "Your Honour," the peon pulling the punka and the orderly standing to attention. Clients come in and get out, make obeisance and exit. Such an exalted position in life, probably he may not have dreamt at the time when he entered service. All of a sudden one fine morning, he gets in there. Some times I used to sympathise with most of of my friends who get that position because they have to be dictated to by the Bench Clerk as to what is to be done with it. First, the

complaint is put in his hands. He does not know how to record a statement. The client or the complainant gets into the box and then in the usual manner, the Bench Clerk swears him and administers the oath to him and then the Magistrate begins to write. He is sure of one fact—that he has got the right to examine the complainant by getting him into the box and in a haphazard manner he examines him. If a question arises as to the next step. he looks around. I have seen some members of the bar some times suggest to him, 'so and so, so and so, Sir.' Sometimes he will not be in a mood to believe us. He looks up for the guidance of th Bench Clerk below him. The Bench Clerk inspires him and gives the answer, a section, warrant etc. as the case may be.

Coming to the next stage, of a trial, when he ought to record a confession, or when he has to record a dying declaration. He does not know how to record it. He calls for precedents ; gets a copy of prior confessions that have been recorded by his predecessors. I may cite an instance, Sir, where I appeared in a Court when the learned Magistrate was in a mood to teach me law. We argued about a point and then I left in disgust saying, "I wonder whether you know law." He said he knew it. I said that I doubted it. I was waiting for an opportunity to teach that learned Magistrate law. It so happend on a later occasion that he had to appear as a witness in the Nagercoil District Court where two copies of confessions that had been recorded by him were put in Court. The learned Magistrate never knew that a change had been made in the matter of endorsement at the foot of the confession, different from the endorsement that had to be made under the old Criminal Procedure Code. There was internal evidence that he did not know. I handed one copy to the Presiding Officer and kept the other in my hand, and asked the learned Judge to compare. I read out the confession and the learned Judge began to compare word by word and line by line. Every answer was the same except in one material particular, the fact of having committed the offence. I may submit also that when one of these confessions came for consideration before the High Court on an appeal, very strong strictures were passed by the High Court against the particular officer.

Now, what I wish to suggest to the Honourable Minister for Law and Order is some change in the matter of recruitment. You cannot expect a person who has never seen a Court of Law, who has never seen clients, lawyers arguing or presenting their case, to sit in judgment all on a sudden one fine morning. They require a certain amount of training. By training, I mean that before he is entrusted with the duties of administering justice, he must have the training in a court where criminal work is done in the original side work of the Sessions Judge, especially under a senior District Judge. He must sit with him, listen to the argument, take note of how proceedings are going on from day to day and learn for himself, before he is posted to administer justice himself.

[Mr. A. Nesamany]

I may also bring to the notice of the Honourable Minister for Law that it is not sufficient if one is a graduate in law or has passed the Criminal Higher Test. He must have the practical knowledge of the courts, before he is posted to administer law.

Sir, as in the case of T. C. S. candidates who are given training in particular branches, institutions and departments, they must have a training to administer justice, to know law and how to deal with it. The T. C. S. officers are given Survey Training when they are to be employed as Tahsildars. Then why not give them sufficient training in the administration of law, to learn for themselves how to judge before they are posted as Magistrates who are to administer justice.

Now as regards language. Not that I am parochial in this matter. But there is the difficulty as was pointed out by Mr. Chidambaranatha Nadar. I may give two instances. A man complained of theft of tamarind. The learned Magistrate began to take down the deposition and the complainant said, "புளியை அடிச்சுக்கிட்டு போயிட்டான்." that is to say, he has stealthily removed my crop. The learned Magistrate did not know the word "அடிச்சுக்கிட்டு" is used to denote theft. He said it was an offence under Section 323 or 324. The Advocate said that it was an expression used for committing theft. Such things do occur. Again, there was a case in which the learned Magistrate read out a charge sheet of theft. The poor man could not understand the language in which the charge was read out. He said "I find that *prima facie* case has been made out against you for an offence under Section 379." The man thought that he was pronouncing judgment. He asked the Magistrate to stop and said, "Sir, stop. How do you know that I committed theft?" The man did not know that it was a charge that had been read out. The Magistrate did not know what the trouble was about. Finally, of course, the client was made to understand that it was only a charge.

Then in regard to recording depositions it so happens that when one thing is said, another thing is recorded. In the pressure of work, it is very rarely that the statements are read out, though we have got the right to insist upon such matters. When we get attested copies of depositions, they appear strange. I believe the learned members of the profession who happen to hear us in the High Court or in other courts might have wondered at the language that had been used in reading out the depositions. That is the practical difficulty not only with the judiciary there but also with other branches, so that in the matter of appointments of these officers down in the south, I submit that greater care has to be bestowed upon posting so that only officers who know the language of the land where they have to administer law are posted. It so happeens that the Eraniel Magistrate's Court seems to be a training

ground for all Magistrates. One fine morning, a Second Class Magistrate Court is reduced to the rank of a Third Class Magistrate Court. After having stayed there say for three months, he is granted the powers of a Second Class Magistrate. Then another Third Class Magistrate is posted there. What a lot of waste, what a lot of waste of time and money is incurred upon this is very clear. As soon as the Third Class Magistrate comes in, all the cases which he could not try would be transferred to another court. Fresh trial is demanded under the Criminal Procedure Code in the court to which the cases have been transferred. Then comes a Second Class Magistrate. The cases are again transferred to him and the trial begins anew. If the Honourable Minister for Law happens to come into the Eraniel Magistrate's ourt and watch the proceedings he will find how much paper has been wasted upon the writing of the deposition. For every change with the court, we pray for a re-trial. With every change of the Presiding Officer, we pray for a re-trial so that in the matter of posting Magistrates and in the matter of conferring powers, these ought to weigh with the Honourable Minister for Law and Order.

Next Sir, is the recruitment to the Judiciary, I mean the Munsiffs and the Second Judges. In the method of initial recruitment as Munsiff, there is a certain ratio from the service and a certain ratio from the Bar Of course, I don't object to the members of the clerical line becoming Judicial officers. We have brilliant examples of certain people coming up to the top rank from the Bar or from the service. But what I want to emphasise here is the recruitment from the Bar itself. What we invariably find is people who have been confining their practice to the revisional side of the High Court or to the King's brief are the persons who have been recruited as Munsiffs, because they happen to be practising in the High Court. That has to be removed, because all of us are now considered as Advocates and preference in the matter of recruitment ought to be given to those who have had original work either in the Musiff's Courts or in the District Courts, because they are called upon to deal with the original side and not with the appellate work. In the matter of dealing with the thousands of civil miscellaneous petitions, and in the matter of dealing with the thousands of execution petitions, I may say that an Advocate who has some knowledge of the original work will be able to do full justice in the disposal of these cases than a lawyer who is confining his practice to the revisional side of the High Court: Not that I am crying down my learned friends who are practising on the revision side of the High Court but practice shows a revision is required so that preference in the matter of recruitment would be shown to those who have had practice on the original side of the civil work.

Then again in the matter of recruitment to the post of Second Judges, communal representation has again come into play. We are now at a stage when we ought to say we do not want communal representation. As a member of the Bar who has put in sufficient

[Mr. A. Nesamony.]

service at the bar, I would plead that at least in the higher cadre of these services, this communalism must stop a bit. It requires a high sense of justice, it requires a sound knowledge of law,—the law that he has to administer,—a stout common sense with an independent spirit, because it is an appellate court. An appellate judiciary, an appellate tribunal, must be able to take an independent view of the facts that are placed before it for consideration. And I believe that, judged by that standard, the method of recruitment to the Second Judges is faulty. I know as a matter of fact, in my experience, Second Judges do not know how to deal with execution applications on the original side, how to deal with applications for insolvency, guardians and wards and various other statute laws and regulations. How many are there now who would be able to deal with the applications under the Companies Act? Very few. I don't want every Judge to be all-knowing but they must have stout common sense to deal with these applications.

One must have a status and standing at the bar before he is called on and appointed as a Second Judge. Here it is not a question of personality or community. Even if he is selected from a particular community he must be the A1 man in that community. Probably he may not rise up to all expectations, yet there is a certain standard to be set up in the recruitment of Second Judges. The District Judges should never be recruited direct from the bar, because however efficient an advocate may be, he has his own limitations so far as the administrative side of the court is concerned. Correspondences have to be carried on. He will have to control the staff, all these things are matters in which the recruit from the Bar may be inexperienced. For these reasons recruitment of the members of the Bar direct as District Judges is not very conducive to the administration of justice.

Now I may pass on to the third point *viz.*, Government Pleaders. When I entered the Bar there was a common belief among us that this Government Pleadership is the prize of leadership at the local Bar. When it is said that so and so is a Sirkar vakil, that means that he is eminently fitted to fill that place because of his sound knowledge of law, status and standing at the Bar. He was thought to be the champion of the local Bar. Now, Sir, it has degenerated into a scramble for persons who want to have sinecure appointments. It is not capacity, it is not efficiency, but it is communalism and favouratism that count. We who are practising against them are better off. In the interest of Government, in the interest of efficient administration of justice, the best legal advice locally must be available to Government. A Government Pleader is expected to be above parties, he is expected to be above party politics, and he is expected to be very honest and just. It ought to be the prize of the leading member of the local Bar. Now it has ceased to be that, and it is degrading. I wish the Hon'ble Minister

for Law and Order would particularly concentrate his attention upon this matter. It may so happen that some members of the Bar may not wish to accept even this offer. But when it is offered to them and not to the man that seeks, they may accept it. Seek out the man and offer it to him. The right man will be conscious of the duty that he owes to the Government and to the people rather than run about from house to house, place to place and office to office with bundles of papers tucked under his arms saying "I am the best man."

Coming to the last and most important question in the administration of justice—the Prosecuting Inspectors. Sir a visit to one of these courts by the Hon'ble Prime Minister would convince him that the role the Prosecuting Inspector's play in these Courts is far from satisfactory. He seems to be the mouthpiece of the Head Constable of the old type who gives him a banging at the back for every question put to witness and for every argument advanced to the Court. There are a few who are graduates in law. Advocacy, as the Hon'ble Minister for Law and Order knows, is an art by itself. Whether he advocates a cause for the Sirkar or a poor client, it is an art in itself. They must have some grounding in the actual work in the Court. They must at least know under what provisions of the Law a certain offence is punishable; and without knowing even the preliminary principles of the Evidence Act they are now leading evidences in a case. It is not enough to open a case and then extract evidence from a witness by taking him to a Police Station and giving him a thorough hammering till he says "I will say every thing". But after this hammering the poor man goes to the District Court and gives a different evidence without knowing why he was hammered by the police. He might have given the best evidence in the lower Court. That evidence is lost because what the Inspector took from him was no evidence at all so far as the bearing of the case was concerned, so that at the initial stage of the preliminary spade work you want a man with sufficient legal acumen as a Prosecuting Inspector. These Prosecuting Inspectors before they are let to prosecute cases must have a sound training, in the conduct of cases. In the matter of training my observations regarding the Magistrates equally hold good in this case also.

Above all this, Sir, regarding these methods of recruitments, I am a firm believer in direct recruitment on the lines of what is called the T. C. S. I had occasion to come across at least two persons who had been Magistrates, one at Vilavancode and the other at Kottar. I had the greatest admiration for them for their quickness in understanding and thorough grasp of the subjects dealt with. I appreciate that in that young age the training they have had. They are splendid specimens of young officers who are eminently fitted to administer justice. A system of direct recruitment both for the Magistracy and for the judiciary in the way as is obtained in British India would ensure the best talents of a country to be em-

[Mr. A. Nesamony]

ployed in the matter of administering justice between man and man. The time may come Sir, when judiciary may be independent of the executive. I believe that is in contemplation in all the Provincial Legislatures and until judiciary is separated from the executive and the whole control of it is vested in the High Court, I submit the judiciary may not have that independence to do justice between man and man. I hope the day may come when we fashion the constitution of this country when judiciary may be separated and made absolutely independent of the Executive.

(At 3-30 the Deputy President occupied the Chair)

MR. T. A. ABDULLA: സർ, നീതിന്യായവകുപ്പു സംബന്ധിച്ചുള്ള പ്രവർത്തനത്തിൽ ഗവണ്മെൻറും പ്രതിപക്ഷവും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഇതിനെപ്പററി സംസാരിക്കേണ്ട മിക്കവാറും സംഗതികൾ എൻെറ സ്നേഹിതൻ മി. നേശമണി പറഞ്ഞുകഴിഞ്ഞു. ഇനി എന്തെങ്കിലും കൂടുതൽ സംസാരിക്കുന്നതു് അനാവശ്യമായ ഒരാവർത്തനം മാത്രമായിരിക്കും. നമ്മുടെ ജൂഡിഷ്യറിയെപ്പററി കുറെക്കാലങ്ങൾക്കു മുമ്പു് ഈ രാജ്യത്തെ ജനങ്ങൾക്കു വളരെ ബഹുമാനമുണ്ടായിരുന്നു. ഈ രാജ്യത്തിൻെറ വെളിയിലും ആ കാലത്തു് നമ്മുടെ ജൂഡിഷ്യറിക്കു് വളരെ പ്രസിദ്ധിയുണ്ടായിരുന്നു. മററെല്ലാത്തിലുമെന്നപോലെ കഴിഞ്ഞ ൧൨ വർഷകാലത്തെ ദുഷിച്ച ഭരണത്തിൻെറ ഫലമായി നമ്മുടെ ജൂഡിഷ്യറിയും ദുഷിച്ചു നാറിപ്പോയി എന്നു പറയുന്നതിനു് എനിക്കു അശേഷം മടിയില്ല. ഇൻഡ്യയിലെ പ്രസിദ്ധപ്പെട്ട അഡ്വക്കേററായ കൽക്കട്ടയിലെ മി. ബോസു ഈ രാജ്യത്തു് നീതിന്യായം നടത്താൻ സാദ്ധ്യമല്ലെന്നു പറയത്തക്കവണ്ണം നമ്മുടെ ജൂഡിഷ്യറി അധഃപതിച്ചുപോയതിൽ നമുക്കെല്ലാം പരിതാപം ഉണ്ടു്. ഇതിനെല്ലാം ഉത്തരവാദികൾ ഇന്നത്തെ മന്ത്രിസഭയോ ഇന്നത്തെ ഗവണ്മെൻേറാ അല്ല. ജനകീയഗവണ്മെൻറു് വന്നതിനുശേഷം അല്പമെല്ലാം ആശ്വാസം വന്നിട്ടുണ്ടു്. കഴിഞ്ഞകാലത്തു നമ്മുടെ ജൂഡിഷ്യറി എത്രമാത്രം അധഃപതിച്ചുപോയി എന്നുള്ളതിനു ഒരുദാഹരണം പറയാം. നമ്മുടെ ഹൈക്കോടതിയിൽ ആർക്കെങ്കിലും ഒരു കേസുണ്ടെങ്കിൽ അയാളുടെ കേസു ഏതു ബെഞ്ചിലായിരിക്കണമെന്നും ഏതു് അഡ്വക്കേററിനെയാണു് പിടിക്കേണ്ടതെന്നും നിശ്ചയിച്ചുകൊണ്ടാണു് പുറപ്പെട്ടിരുന്നതെന്നു് നമുക്കെല്ലാവർക്കുമറിയാം. നമ്മുടെ ഗവണ്മെൻറു് വളരെ ശ്രദ്ധപതിപ്പിച്ചെങ്കിൽ മാത്രമേ ജൂഡിഷ്യറിയിലെ കൈക്കൂലിയും അഴിമതിയും നിറുത്തലാക്കാൻ സാധിക്കുകയുള്ളു. മറ്റേതു തുറയിലും കൈക്കൂലിയും അഴിമതിയും ഉണ്ടായിരുന്നാൽ സഹിക്കാം

മെങ്കിലും ജുഡിഷ്യറിയിൽ അങ്ങനെ ഒരവസ്ഥ ഇല്ലാതാക്കുന്നതിനു കർശനമായ നടപടികൾ നടത്തണമെന്നാണു എനിക്കു പറയാനുള്ളതു്. ജുഡിഷ്യറിയിൽ കൈക്കൂലിവാങ്ങുന്ന ഡിസ്ത്രിക്ട് ജഡ്ജിമാർ പോലും ഉണ്ടെന്നു എനിക്കറിയാം. ഇപ്പോൾ പെൻഷൻവയസ്സ് കുറച്ചതുമൂലം പുതുതായി ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുമ്പോഴെങ്കിലും തീർച്ചയായും സത്യസന്ധതയ്ക്കും സ്വഭാവശുദ്ധിക്കും പ്രാധാന്യവും മുൻഗണനയും കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി മററു പരിഗണനകൾ കുറച്ചൊക്കെ ഉപേക്ഷിക്കേണ്ടി വന്നാലും വലിയ തരക്കേടൊന്നും ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്.

ജുഡിഷ്യറി എക്സിക്യൂട്ടീവിൽ നിന്നു സ്വതന്ത്രമായിരിക്കണമെന്ന് സ്റ്റേററ് കാൺഗ്രസ്സിൻെറ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്. ജുഡിഷ്യറിയെ എക്സിക്യൂട്ടിവിൽ നിന്നും സ്വതന്ത്രമാക്കുന്ന കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അതു് കാൺഗ്രസ്സിൻെറ ഭരണക്രമത്തിൽപ്പെട്ട ഒരു സംഗതിയാണ്. മദ്രാസിൽ കാൺഗ്രസ്സ് ഗവണ്മെൻറ് ഭരണം കയ്യേററതിനുശേഷം ജുഡിഷ്യറിയെപ്പററി വിപുലമായ അന്വേഷണങ്ങൾക്കും സൂക്ഷ്മമായ പഠനത്തിനും ശേഷം ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. അതു നടപ്പിൽ വരുത്തുന്നതിനു വളരെ അധികം ധനവ്യയം ഒന്നും ഉണ്ടാകുകയില്ലെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആ മട്ടിൽ നമ്മുടെ ജുഡിഷ്യറിയും പരിഷ്കരിച്ചു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. എൻെറ സ്നേഹിതൻ മി. നേശമണി ആദ്യമായി നിയമിച്ചുവരുന്ന മജിസ്ട്രേട്ടന്മാരെപ്പററി പറഞ്ഞു. മററു ഡിപ്പാർട്ടുമെൻറിൽനിന്നും നേരെ കൊണ്ടുവരുന്ന മജിസ്ട്രേട്ടന്മാർക്കു് കോടതികളിൽ ലഭിക്കുന്ന അന്തസ്സിനെയും ബഹുമാനത്തെയും പററി അദ്ദേഹം പറഞ്ഞു. എന്നാൽ അതിൻെറ മറുവശം കൂടി നാം അറിഞ്ഞിരിക്കുന്നതു കൊള്ളാം. അതായതു് പേഷ്കാരന്മാർ സന്ദർശിക്കുവാൻവരുന്ന അവസരത്തെപ്പററിയാണു ഞാൻ പറയുന്നതു്. ആഡ്യുതലിശിപായിമാരുടെ അകമ്പടിയോടുകൂടിയും മററു വക്കീലന്മാരുടെ തലകുനിപ്പുകൊണ്ടു് ആദരിക്കപ്പെട്ടും കഴിയുന്ന ഈ കൊച്ചുബാസിൻെറ സ്ഥിതി വലിയ ബാസു വരുമ്പോൾ വളരെ പരുങ്ങലിലാണ്. മിക്കവാറും പേഷ്കാരന്മാർക്കു മജിസ്ട്രേട്ടധികാരം കൂടി വച്ചിരിക്കുന്നതു ന്യായം നടത്തുന്നതിന് ഒരു പ്രതിബന്ധമായി തീർന്നിട്ടുണ്ട്. അതുപോലെ തന്നെ ജുഡിഷ്യറി എക്സിക്യൂട്ടീവിൻെറ നിയന്ത്രണത്തിലായിരിക്കുന്നതും ശരിയല്ല. കഴിഞ്ഞ കാലങ്ങളിലെ അനുഭവംകൊണ്ടാണു ഞാൻ ഇതു

[Mr. T. A. Abdulla]

പറയുന്നതു്. ചില വ്യക്തികളെ ജയിലിലിടുന്നതിനെ സംബന്ധിച്ചും ശിക്ഷിക്കുന്നതിനെ സംബന്ധിച്ചും വിടുന്നതിനെ സംബന്ധിച്ചും മജിസ്ട്രേട്ടന്മാർ എക്സിക്യൂട്ടീവിനോടു് ആലോചിച്ചും എക്സിക്യൂട്ടീവിന്റെ നിർദ്ദേശം അനുസരിച്ചും പ്രവർത്തിച്ചിരുന്നുവെന്നുള്ളതു് പരമാർത്ഥമാണു. ജനകീയ ഗവൺമെൻറു് തീർച്ചയായും അതിനിടകൊടുക്കുകയില്ലെന്നു എനിക്കുറപ്പുണ്ടു്. ഇത്തരം അഴിമതികൾ ഉണ്ടാകാതിരിക്കണമെങ്കിൽ ഒരു ജുഡിഷ്യറി പരിഷ്കരണം ഇവിടെ നടപ്പിൽ വരുത്തുകതന്നെ വേണം. അതിനു് ഒരു വ്യവസ്ഥ ചെയ്യുന്നതു് 'കാൺസ്റ്റിറ്റ്യൂവന്റു്' അസംബ്ലിയാണെന്നാണു എനിക്കു തോന്നുന്നതു്.

അവസാനമായി എനിക്കൊരു സംഗതി പറയാനുള്ളതു നമ്മുടെ പഞ്ചായത്തുകോടതികളെപ്പറ്റിയാണു്. ഇന്നത്തെ നിലയിൽ ഈ പഞ്ചായത്തുകോടതികൾ തുടർന്നുപോകുന്നതിൽ ഭേദം അവ നിറുത്തിക്കളയുന്നതാണു് നല്ലതെന്നാണു എനിക്കു തോന്നുന്നതു്. ചില സ്ഥാനമാനങ്ങൾപോലെ എഴുത്തു കടലാസുകളിൽ അച്ചടിക്കുന്നതിനു മാത്രം ചിലർക്കു ഉപയോഗപ്പെടുന്ന ഒരു ഏർപ്പാടാണു് ഇന്നത്തെ പഞ്ചായത്തുകോടതികൾ. കൈക്കൂലിവാങ്ങാത്ത ബഞ്ചുമജിസ്ട്രേട്ടന്മാർ നമ്മുടെ നാട്ടിൽ വളരെ ദുർലഭമാണു. ഈ പഞ്ചായത്തുകോടതികളെ പരിഷ്കരിച്ചു് പൊതുജനോപയോഗത്തിനു് ഉതകത്തക്കവിധം പുനഃസംഘടിപ്പിച്ചു് ജനകീയകോടതികളായി രൂപാന്തരപ്പെടുത്തി ന്യായമായ കാര്യങ്ങളിൽ ന്യായമായ വിധത്തിൽ ജനങ്ങൾക്കു ന്യായം ലഭിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യാതെ ഇന്നത്തെ നിലയിൽ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. കൂടുതലായി ഇവിടത്തെ ജുഡിഷ്യറിയെപ്പറ്റി ഈ സന്ദർഭത്തിൽ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

MR. P. S. MOHAMMED: സർ, മജിസ്ട്രേട്ടന്മാർ പോലീസുദ്യോഗസ്ഥന്മാരുടെ ഹിതം നോക്കി പ്രവർത്തിച്ചുപോരുന്നു എന്ന കാര്യത്തെപ്പറ്റി ഒന്നു രണ്ടു വാക്കുകൾ പറയണമെന്നേ ഞാനുദ്ദേശിക്കുന്നുള്ളു. പല മജിസ്ട്രേട്ടുകോടതികളിലും ഇന്നു പുള്ളികളെ ശിക്ഷിക്കുന്നതും വിടുന്നതും ജയിലിലിടുന്നതും എല്ലാം പോലീസുദ്യോഗസ്ഥന്മാരോടു് ആലോചിച്ചിട്ടാണു് തീർച്ച ചെയ്യുന്നതു്. അഥവാ വല്ലപ്പോഴും പോലീസിനു താല്പര്യമുള്ള ഒരാളെ പോലീസിനോടാലോചിക്കാതെ ജയിലിലിടുകയാ

ണെങ്കിൽ ഉടനെതന്നെ എ. എസ്. പി. യോ, ഡി. എസ്. പി. യോ മജിസ്ട്രേട്ടിന്റെ വീട്ടിൽപോയി ഇടപെട്ട് പ്രതിയെ വിട്ടുവിക്കുന്നു. ഇതു ഞങ്ങൾക്കെല്ലാം നേരിട്ടു അനുഭവമുള്ള കാര്യങ്ങളാണ്. മൂവാററുപുഴയിലും മററും ഇത്തരം ധാരാളം സംഭവങ്ങൾ നടന്നിട്ടുള്ളത് എനിക്കുതന്നെ നേരിട്ടറിയാം. ഇത്തരം സംഗതികളിലെല്ലാം ജനകീയഗവണ്മെന്റ് കൂടുതൽ ശ്രദ്ധപതിപ്പിച്ച് നമ്മുടെ ജുഡിഷ്യറിയെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെട്ടുപോയ പ്രസ്റ്റിജ് വീണ്ടെടുക്കാൻവേണ്ടി ഉചിതവും ഫലപ്രദവുമായ നടപടികൾ കൈക്കൊള്ളുമെന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടഭ്യർത്ഥിക്കുന്നു.

MR. K. A. MOHAMMED: സർ, നാട്ടിലുള്ള കോടതികളിലുള്ള അഴിമതികളും അക്രമങ്ങളും മററു ദൂഷ്യങ്ങളും എന്തെല്ലാമെന്നു എന്റെ സ്നേഹിതൻ മി. നേശമണി സ്വാനുഭവങ്ങൾ വച്ചുകൊണ്ടു വിശദമായി ഇവിടെ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഒരു കാര്യംകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ ക്യാബിനററ് വെസ്ററ്മിനിസ്ററർ മാതൃകയിലുള്ളതായിരിക്കണമെന്നും ആയിരിക്കുമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ജുഡീഷ്യറിയും എക്സിക്യൂട്ടീവും ഒന്നിച്ചു പ്രവർത്തിക്കാൻ അനുവദിച്ചുകൂടാ എന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ വെസ്ററ്മിനിസ്ററർ മാതൃക സ്വീകരിച്ചില്ലെങ്കിലും ജുഡീഷ്യറി എക്സിക്യൂട്ടീവിൽ നിന്നും സ്വതന്ത്രമാക്കേണ്ടതാണെന്നു വാദിക്കുന്നതു് കഴിഞ്ഞ കാലങ്ങളിലെ അനുഭവം അങ്ങനെ വേണമെന്നു ഞങ്ങളെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ്. ഒരു പത്തുപതിനഞ്ചുകൊല്ലങ്ങൾക്കു മുമ്പുവരെ നമ്മുടെ ജുഡീഷ്യറിക്കു നമ്മുടെ രാജ്യത്തും അയൽ രാജ്യങ്ങളിലുമെല്ലാം വളരെ പ്രസ്റ്റിജുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി എക്സിക്യൂട്ടീവ് എന്താഗ്രഹിക്കുന്നുവോ അതു മാത്രം ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെന്റായിട്ട് തിരുവിതാംകൂറിലെ ജുഡീഷ്യറി വല്ലാതെ അധഃപതിച്ചുപോയിരിക്കുന്നു. എക്സിക്യൂട്ടീവ് എന്തെങ്കിലും തെററു ചെയ്യുന്നതായാൽ അതിനെ ചൂണ്ടിക്കാണിക്കാനും തിരുത്താനുമുള്ള അവകാശം ജുഡീഷ്യറിക്കുണ്ട്. എക്സിക്യൂട്ടീവിനെതിരായി കൊണ്ടുവരുന്ന കേസുകൾ കേട്ടു തീരുമാനിക്കാനുള്ള അധികാരം ജുഡീഷ്യറിക്കുണ്ട്. എക്സിക്യൂട്ടീവ് എന്തെങ്കിലും ദോഷം ജനങ്ങൾക്കു ചെയ്താൽ അതിനു പരിഹാരം നേടാനുള്ള ഏകമാർഗ്ഗം ജുഡീഷ്യറിയാണ്. എന്നാൽ നമ്മുടെ ജുഡീഷ്യറിക്കു ഇങ്ങനെ ഒരു അവ

[Mr. K. A. Mohammed]

കാശവും അധികാരവും ഉണ്ടെന്നുള്ള കാര്യംതന്നെ അവർ വിസ്മരിച്ചു പോയിരിക്കുന്നു. തിരുവിതാംകൂറിലെ മറ്റേതൊരു ഡിപ്പാർട്ടുമെൻറിനേയുംപോലെ എക്സിക്യൂട്ടീവിൻെറ ആജ്ഞാനുസരണംതന്നെയാണ് ഈ ജുഡീഷ്യറിയും പ്രവർത്തിക്കേണ്ടതെന്നുള്ളതു് ഉറച്ച വിശ്വാസവും പാരമ്പര്യവുമായി കഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഒരു ബന്ധമാണു കഴിഞ്ഞകാലങ്ങളിൽ ജുഡീഷ്യറിയും എക്സിക്യൂട്ടീവുമായി ഇവിടെ ഉണ്ടായിരുന്നതു്. അതു് മാറണമെങ്കിൽ ഇനിയും വളരെക്കാലം വേണ്ടി വന്നേക്കാം. ഗവണ്മെൻറിനെതിരായി ആരെങ്കിലും ഒരു കേസുകൊടുക്കുകയാണെങ്കിൽ ആ കേസിനെക്കുറിച്ചു് അന്വേഷണം നടത്തുന്നതു് ഇന്നവിധത്തിലായിരിക്കണം, തെളിവെടുക്കുന്നതു് ഇന്നവിധത്തിലായിരിക്കണം, തീരുമാനിക്കുന്നതു് ഇന്നവിധത്തിലായിരിക്കണം എന്നെല്ലാം എക്സിക്യൂട്ടീവിൽനിന്നു നിർദ്ദേശങ്ങൾ വാങ്ങിയശേഷമേ നമ്മുടെ ജുഡീഷ്യറി ചെയ്തിരുന്നുള്ളു. ഈ പാരമ്പര്യത്തിൻെറ ഫലമായി എക്സിക്യൂട്ടീവിൻെറ അഭിപ്രായവും ആഗ്രഹവും എന്തെന്നു അന്വേഷണം നടത്തി കേസുകൾ തീരുമാനിക്കുന്ന ഒരു നില ജുഡീഷ്യറിക്കും വന്നുകൂടിയിട്ടുണ്ടു്. ഇപ്പോഴും ആ കീഴ്‌വഴക്കമാണു് നിലവിലിരിക്കുന്നതു്. ആ സ്ഥിതിക്കു് എക്സിക്യൂട്ടീവു് അങ്ങനെ ജുഡീഷ്യറി കാര്യങ്ങളിൽ ഇടപെടാമെന്നു് വിചാരിക്കാൻ ന്യായമില്ല. എന്നാൽ ദീർഘകാലമായി ഉറച്ചിരിക്കുന്ന പാരമ്പര്യത്തിൽ നിന്നും വിശ്വാസങ്ങളിൽനിന്നും മനോഭാവത്തിൽനിന്നും മോചനം സിദ്ധിക്കണമെങ്കിൽ ജുഡീഷ്യറിയേയും എക്സിക്യൂട്ടീവിനേയും വേർതിരിച്ചു നിറുത്തേണ്ടതു് അത്യാവശ്യമാണ്.

ഇനി മറെറാരുകാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതു് ജുഡീഷ്യറിയിലെ താഴ്ന്നശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ ഇടയ്ക്കുള്ള കൈക്കൂലിയെപ്പററിയാണ്. അവിടെ പ്രാക്ററീസു ചെയ്യുന്ന എല്ലാ വക്കീലന്മാർക്കും കോടതികളിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ കൈക്കൂലികൊടുക്കാതെ കാര്യംനടത്താൻ സാധ്യമല്ല. എത്ര ന്യായദീക്ഷയുള്ള അഡ്വക്കേററായാലും ശരി കക്ഷിക്കു ഗുണകരമായി എന്തെങ്കിലും ചെയ്യണമെന്നാഗ്രഹമുള്ള പക്ഷം കൈക്കൂലികൊടുക്കുകയോ കക്ഷിയെക്കൊണ്ടു കൊടുപ്പിക്കുകയോ തന്നെ വേണം. ഏതെങ്കിലും ഒരു അഡ്വക്കേററു് കൈക്കൂലികൊടുക്കുകയില്ലെന്നു നിർബന്ധം വയ്ക്കുകയാണെങ്കിൽ ആ അഡ്വക്കേററിൻെറ കാര്യങ്ങൾ ഒന്നും നടക്കുകയില്ല, കുഴപ്പത്തിലാവുകയും ചെയ്യും.

MR. K. A. MATHEW: വക്കീലന്മാർ കൊടുക്കുകയാണോ കൊടുപ്പിക്കുകയാണോ ചെയ്യുന്നത് ?

MR. K. A. MOHAMMED: ഞാൻ കൊടുപ്പിച്ചിട്ടില്ല; കൊടുപ്പിക്കുന്നതായിട്ടറിയാം. താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു ജീവിക്കുന്നതിനു ഒട്ടും മതിയാകാത്ത ഒരു ശമ്പളം മാത്രമാണ് കൊടുക്കുന്നത്. അവർക്കു നല്ല ശമ്പളം കൊടുക്കാതെ കൈക്കൂലിവാങ്ങുന്നതിനെ കുററപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നതുകൊണ്ട് പ്രയോജനമില്ല. ഹർജിക്കാർക്കു മററും കുറച്ചു കൂടുതൽ ഫീസടക്കേണ്ടിവരുന്നതുകൊണ്ട് വലിയ ദോഷമൊന്നുമില്ല. ഹർജിക്കാർക്ക് എട്ടണസ്റ്റാമ്പിനു പകരം ഒരു രൂപാ എന്നു വയ്ക്കുകയോ, രണ്ടണാ സ്റ്റാമ്പ്പേപ്പറിനുപകരം ഒരു നാലണാ സ്റ്റാമ്പ്പേപ്പർ വേണമെന്നു നിശ്ചയിക്കുകയോ ചെയ്യുന്നതുകൊണ്ട് അത്രവലിയ വൈഷമ്യങ്ങൾ ഒന്നും ഉണ്ടാകുവാനില്ല. കുറച്ചു ഫീസുകൂട്ടിയെങ്കിലും ഒരു വരുമാനമുണ്ടാക്കി ഈ താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കേണ്ടതു് അത്യാവശ്യമാണ്. ജനകീയഗവണ്മെൻറ് ഇക്കാര്യത്തിലും വേണ്ടുവോളം ശ്രദ്ധപതിപ്പിക്കണമെന്നൊരപേക്ഷയുണ്ട്. അതുപോലെ സ്റ്റാഫ് കുറച്ചുകൂടെ വർദ്ധിപ്പിച്ചു് പകർപ്പുകളും മററും നിശ്ചിതസമയങ്ങളിൽതന്നെ കൊടുക്കുവാനേർപ്പാടുചെയ്യേണ്ടതാണ്.

പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരെപ്പററി മി. നേശമണി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്ന കാര്യത്തിൽ പ്രായോഗികമായ ഒരു നിർദ്ദേശം തരുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്ന് അഡ്വക്കേററന്മാരായി കോടതികളിൽ വരുന്നതു് പണ്ടത്തെ വെറും ബി. എൽ. കാരല്ല. ബാർകൗൺസിൽ പരീക്ഷകളെല്ലാം പാസ്സായി വളരെ പ്രായോഗികപരിശീലനം സിദ്ധിച്ച അഡ്വക്കേററന്മാരാണ് ഇന്ന് കോടതികളിൽ വരുന്നതു്. തൊഴിലില്ലാത്തവരായി ധാരാളം അഡ്വക്കേററന്മാർ നമ്മുടെ നാട്ടിൽ ഉണ്ടുതാനും. പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരായി നിയമജ്ഞന്മാരായ ഈ അഡ്വക്കേററന്മാരെതന്നെ നിയമിക്കുന്നതു് നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഇന്നു വളരെ ചുരുക്കം ലാ ഗ്രാഡുവേററുകളെ പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരുടെ കൂട്ടത്തിലുള്ളുവെന്നു തോന്നുന്നു. കോടതികളിൽ പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാർ കാട്ടിക്കൂട്ടുന്ന വിക്രിയകളും അബദ്ധങ്ങളും എൻെറ സ്നേഹിതൻ മി. നേശമണി ഇവിടെ പറഞ്ഞുകഴിഞ്ഞു. തെളിവെടുക്കുന്നതിനെ സംബന്ധിച്ചു കേസിൻെറ

[Mr. K, A. Mohammed]

നടപടികളെ സംബന്ധിച്ചും ശരിയായ യാതൊരു രൂപവും ഇല്ലാത്ത പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരായി നിയമിക്കുന്നു. ഇവർക്ക് ... ആരോ സ്റ്റേഷനുകളിലെ കേസുകൾ ഉണ്ടായിരിക്കും. ആ കേസുകളെക്കുറിച്ച് ഈ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാർക്ക് യാതൊരു ബോധവും ഉണ്ടായിരിക്കുകയില്ല. ഹെഡ് കാൺസ്റ്റബിളോ കാൺസ്റ്റബിൾമാരോ പറഞ്ഞിട്ടായിരിക്കും ഈ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാർ കേസിന്റെ വിവരങ്ങൾ മനസ്സിലാക്കുന്നതു. ഈ വിധത്തിലുള്ള ഇവിടത്തെ നീതിന്യായനടത്തിപ്പ് ഒരുവിധത്തിലും ശ്ലാഘനീയമല്ല. നിയമപരിജ്ഞാനം ആവശ്യമുള്ള മററു പല ജോലികൾക്കും അഡ്വക്കേറ്റന്മാരെ തന്നെ നിയമിക്കുന്നതായാൽ അതു വളരെ നന്നായിരിക്കും. നീതിന്യായവകുപ്പിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം കാര്യപ്രാപ്തി കുറച്ചു കുറഞ്ഞുപോയാലും ഏററവും സത്യസന്ധരും സ്വഭാവശുദ്ധിയുള്ളവരുമായ ആളുകളെ വേണം നിയമിക്കുവാൻ എന്നുള്ള എന്റെ സ്നേഹിതൻ മി. നേശമണിയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. തിരുവിതാംകൂറിലെ ജുഡിഷ്യറിയുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ഭരണം നടത്തുന്ന കക്ഷിക്കും പ്രതിപക്ഷകക്ഷികൾക്കുമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല.

ജുഡിഷ്യറിയിലേക്കായാലും മറ്റേതു ഡിപ്പാർട്ടുമെന്റിലേക്കായാലും നമുക്ക് ആവശ്യംപോലെ ധാരാളം യോഗ്യന്മാരായ ആളുകൾ ഈ നാട്ടിലുണ്ട്. അങ്ങനെയുള്ള യോഗ്യന്മാരെ തിരഞ്ഞെടുത്ത് നിയമിക്കുമെങ്കിൽ തീർച്ചയായും സാമുദായികമായും മററുമുള്ള വഴക്കുകൾ ഉണ്ടാകാനിടയില്ല. പ്രത്യേകിച്ചും ജനകീയഗവണ്മെന്റ് ഭരണം നടത്തുന്ന ഇക്കാലത്ത് നിഷ്പക്ഷമായി എല്ലാസമുദായങ്ങൾക്കും നീതിലഭിക്കത്തക്കവണ്ണം നിയമനങ്ങൾ നടത്തുന്നതിന് ഒരു പബ്ളിക്ക് സർവീസ് കമ്മീഷനെ നിയമിക്കുന്നതു വളരെ നല്ലതാണ്. എല്ലാ നിയമനങ്ങളും ഈ കമ്മീഷൻ മുഖാന്തിരം നടത്തുകയും തിരഞ്ഞെടുക്കുന്നതിനു ടെസ്ററുകൾ നടത്തുകയോ മററു നിശ്ചിതമായ വ്യവസ്ഥകൾ സ്വീകരിക്കുകയോ ചെയ്യുകയും ചെയ്യുകയാണെങ്കിൽ എല്ലാവിധ പരാതികളും ഇല്ലാതാകുന്നതാണ്. വ്യക്തികൾ തന്നെ നിയമിക്കുകയാണെങ്കിൽ അവർ എത്ര തന്നെ യോഗ്യരും കാര്യക്ഷമതയുള്ളവരുമായിരുന്നാലും അതു [illegible] സംശയാലുക്കൾ ആകാറുണ്ടു. കാര്യക്ഷമതയെ അളക്ക

ന്നതിനു കൃത്യമായ മാനദണ്ഡങ്ങളില്ലാത്തതുകൊണ്ടു് ടെസ്റ്റുകൾ നടത്തി തിരഞ്ഞെടുക്കുന്നതു നന്നായിരിക്കും. ഇന്നു് ഒരു പബ്ലിക്ക് സർവീസ് കമ്മീഷണർ ഉണ്ടെങ്കിലും അദ്ദേഹം ശരിയായി ജോലി ചെയ്യുന്നില്ല. ലോവർഡിവിഷനിലെ നിയമനങ്ങൾ മാത്രമാണു് പബ്ലിക്ക സർവീസ് കമ്മീഷണർ നടത്തുന്നതു്. അതിനു മേലുള്ള പദവികളിലേക്കു ഉണ്ടെന്നു തോന്നുന്നില്ല. ഹയർ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചാണു് പരാതികൾ ഉള്ളതു്. ഇതിനെ സംബന്ധിച്ചുള്ളതൊന്നും മറ്റൊരു പ്രസക്തിയും ഇല്ല. എങ്കിലും എല്ലാവർക്കും നീതി കിട്ടുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനും അക്കാര്യങ്ങളിലുള്ള എല്ലാ അപാകതകളും പരിഹരിക്കുന്നതിനായി പ്രത്യേകം ചില നിബന്ധനകളുണ്ടാക്കി ആ നിബന്ധനകളനുസരിച്ചു നിയമനങ്ങൾ നടത്തേണ്ടതു് വളരെ അത്യാവശ്യമാണു്. കുറെക്കാലങ്ങളായി യോഗ്യതയോ സർവീസ്ദൈർഘ്യമോ ഒന്നും പരിഗണിക്കാതെ തന്നെ പല നിയമനങ്ങളും ജുഡീഷ്യറിയിൽ നടത്തിയിട്ടുണ്ടു. രാഷ്ട്രീയകാര്യങ്ങൾക്കു് വേണ്ടിയും കക്ഷിതാൽപര്യങ്ങൾക്കുവേണ്ടിയും മററു പല താല്പര്യങ്ങൾക്കുവേണ്ടിയും അത്തരം നിയമനങ്ങൾ ജുഡിഷ്യറിയിൽ നടത്തീട്ടുണ്ടു്. ചില ഗവണ്മെൻറു് പ്ലീഡറന്മാരുടെ നിയമനങ്ങൾ ഇതിനു ദൃഷ്ടാന്തമാണു്. കുറെ കൊല്ലങ്ങൾക്കുമുമ്പുവരെ തിരുവിതാംകൂർ നീതിന്യായവകുപ്പിനുണ്ടായിരുന്ന പ്രശസ്തി വീണ്ടെടുക്കണമെങ്കിൽ വളരെ പ്രാപ്തരും യോഗ്യരുമായ ആളുകളെ നിയമിക്കുകതന്നെ വേണം. ഈ കാര്യത്തിൽ ഗവണ്മെൻറു് അടിയന്തരമായ ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

MR. K. SARANGADHARAN (*Ambalapuzha II—General*): സർ, പല കാര്യങ്ങളും എനിക്കു് പറയുവാനുണ്ടു്. ഈ ജുഡിഷ്യറിയെ സംബന്ധിച്ചുള്ള കട്ടുമോഷൻ അവതരിപ്പിച്ചുകൊണ്ടു് പല കാര്യങ്ങളും പറയാൻ ഞാൻ നിർബന്ധിതനായിത്തീർന്നിരിക്കുകയാണു്. ഈ പുറകിലിരിക്കുന്നവർക്കു കുറെയേറെ കട്ടുമോഷനുകളയച്ചാലെങ്കിലും പ്രസിഡൻറിന്റെ ശ്രദ്ധയെ ആകർഷിക്കാൻ കഴിയുമെന്നുവിചാരിച്ചാണു് ഞാൻ കുറെ കട്ടുമോഷനുകൾ അയച്ചതു്. അങ്ങനെ കുറേറെ കട്ടുമോഷനുകൾ അയച്ചതിന്റെ ഫലമായിട്ടാണു് ഇപ്പോൾ ഈ ജുഡിഷ്യറിയെപ്പററി സംസാരിക്കാൻ ഒരു സൗകര്യം കിട്ടിയതെന്നു എനിക്കു തോന്നുന്നു. ജുഡിഷ്യറിയുടെ അപാകതകൾക്കു പരിഹാരം ഉണ്ടാക്കുന്നകാര്യം പറയുന്നതോടുകൂടിത്തന്നെ പൊതുവെ ഈ പുറകിലിരിക്കുന്നവർക്കുള്ള അവശതകൾകൂടി പ്രസിഡണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണു് വിചാരിക്കു

[Mr. K. Sarangadharan.]

ന്നതു്. എങ്കിലും ജൂഡിഷ്യറിയെപ്പറ്റി എനിക്കു് ചിലതു പറയാനില്ലെന്നില്ല. സെക്രട്ടറിയേറ്റിൽ പല ഡിപ്പാർട്ടുമെൻറുകളിലും പല ന്യൂനതകളും പരിഷ്ക്കരിക്കേണ്ടതായിട്ട് ഇന്നും ചിലതു അവശേഷിക്കുന്നവയിൽ ഏറ്റവും പ്രധാനമായ ഒരു കാര്യം കൈക്കൂലിയാണ്. ഈ സഭയിൽ പലരും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയെപ്പറ്റി പറഞ്ഞു കഴിഞ്ഞു. ജൂഡിഷ്യറിയിൽ ഉപരിതലത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ താരതമ്യേന കൈക്കൂലി കുറവാണെന്നുള്ളതു് ആശ്വാസകരമാണ്. നമ്മുടെ കോടതികളിലുള്ള ന്യായാധിപന്മാർ താരതമ്യേന സ്വഭാവശുദ്ധിയുള്ളവരാണ്. ചിലർക്കു കുറച്ചു ബുദ്ധിശക്തി കുറവാണെന്നു മാത്രമേയുള്ളൂ. (ചിരി) തെറ്റിധരിക്കരുതു്. പരമാർത്ഥം പറയണമെന്നുള്ള നിർബന്ധം കൊണ്ടു് പറഞ്ഞു പോകുന്നതാണ്, പൊതുവെ കൈക്കൂലിയും മററു ദുർനടപടികളും ജുഡിഷ്യറിയിൽ കുറവാണെന്നു വേണം പറയാൻ. പിന്നെ വക്കീന്മാരെപ്പററി പറയുകയാണെങ്കിൽ ഒരുമാതിരി ധനമായിട്ടു ജീവിക്കണമെന്നുള്ളവർ സന്നതു എടുത്തു പോയാൽ കുറച്ചു ദിവസം കഴിഞ്ഞു കോടതിയിൽ പോകാതിരിക്കുകയാണു് പതിവു്. വക്കീലന്മാർക്കു നിയമത്തിലും പ്രാക്ടീസിലുമുള്ള പ്രേമം കൊണ്ടു മാത്രമല്ല പ്രാക്ടീസു ചെയ്യുന്നതു്. വയററുപിഴപ്പിൻെറ പ്രശ്നം കൂടിയുണ്ടു്. സ്വഭാവശുദ്ധിയുള്ള ആളുകൾ കോടതിയിൽ പോയാൽ ചിത്തവ്യഥയുണ്ടാകുവാനാണ് എളുപ്പം. മി. കെ. എം. മുഹമ്മദ് പറഞ്ഞതുപോലെ കൈക്കൂലി നേരിട്ടുകൊടുത്തില്ലെങ്കിലും ഗുമസ്തന്മാരെക്കൊണ്ടോ കക്ഷികളെക്കൊണ്ടോ കൊടുപ്പിക്കുന്നില്ലെങ്കിൽ ആ വക്കീലിൻെറ സകല കാര്യങ്ങളും കുഴപ്പത്തിലാകും.

ഇനി എനിക്കു പറയാനുള്ളതു് മജിസ്ട്രേട്ടു കോടതികളിലേക്കു പുള്ളികളെ കൊണ്ടുപോകുന്ന വിധത്തെക്കുറിച്ചാണ്. നമുക്ക് എത്രതന്നെ സംസ്കാരമുണ്ടെന്നു നാം അഭിമാനിച്ചാലും ശരി, അതു് മററുള്ളവർ സമ്മതിച്ചാലും ശരി, ഈ പുള്ളികളെക്കൊണ്ടു പോകുന്ന കാഴ്ച കാണുമ്പോൾ അതു് തീരെ നശിച്ചുപോയിരിക്കുന്നുവെന്നാണ് തോന്നിപ്പോകുന്നതു്. അവരുടെ വയററിൻെറ കിടപ്പും വസ്ത്രധാരണവും ശുചിത്വമില്ലായ്മയും എല്ലാം നമ്മുടെ സംസ്കാരത്തിൻെറയും നീതിബോധത്തിൻെറയും മുമ്പിൽ അവശേഷിക്കുന്ന ചോദ്യചിഹ്നങ്ങളാണ്. ഈമാതിരി കാര്യങ്ങളിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

MR. N. V. CHACKO: സർ, എനിക്കു ചില കോടതികളുമായി ബന്ധമുള്ളതുകൊണ്ടു കോടതികളെപ്പററി ഒരു ചാരനെന്ന നിലയിൽ പ്രവ

ത്തിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എങ്കിലും പൊതുവിൽ ചില സംഗതികൾ പറയേണ്ടിയിരിക്കുന്നു. ഈ രാജ്യത്തെ ഹൈക്കോടതിയെപ്പറ്റി കുറെ നാളായി ജനങ്ങളുടെ ഇടയിൽ ഹൈക്കോടതിക്കു അഭിമാനകരമല്ലാത്തവിധത്തിലുള്ള വിചാരവും വർത്തമാനങ്ങളും വിശ്വാസവും ഉണ്ടായിട്ടുണ്ട്. അതു ജനങ്ങളുടെ കുററംകൊണ്ടാണെന്നു തോന്നുന്നില്ല. ഗവൺമെൻറിന് താൽപര്യമുള്ള കേസുകളിൽ സർ സി. പി. രാമസ്വാമി അയ്യർ ഇടപെട്ടിരുന്നുവെന്നും, ജഡ്ജിമാർ അദ്ദേഹത്തിനു വഴിപ്പെട്ടിരുന്നുവെന്നും വർത്തമാനങ്ങളുണ്ട്. കൊലപാതകികളെ തൂക്കുന്നില്ലെന്നു സർ സി. പി. രാമസ്വാമി അയ്യർ നിയമസഭയിൽ വിമർശനങ്ങൾ നടത്തിയിരുന്നതായിട്ടറിയാം. കൊലക്കുററങ്ങൾക്കു തൂക്കാത്ത ജഡ്ജിമാരെ കൊലയ്ക്കു സഹായികളായി കരുതണമെന്നും അദ്ദേഹം പരസ്യമായി പറഞ്ഞിട്ടുണ്ട്.

MR. K. A. MATHEW: തൂക്കു നിറുത്തിയതായിട്ടറിയാമോ ?

MR. N. V. CHACKO: സർ രാമസ്വാമി അയ്യരുടെ പ്രസ്താവന മൂലം ചില ജഡ്ജിമാർ മനസ്സോടേറും ഓരോരുത്തരെ തൂക്കാൻ വിധിച്ചിട്ടുകൊണ്ടാണ് തൂക്കു നിറുത്തിയതെന്നാണു എനിക്കു തോന്നുന്നതു്. രാജ്യത്തെ എല്ലാവരുടെയും വിശ്വാസവും ബഹുമാനവും ആർജിച്ചിരിക്കേണ്ട ഹൈക്കോടതി ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾക്കു വിധേയമായിരിക്കുന്നതു തീരെ ആശാസ്യമല്ല. ഗവൺമെൻറു വല്ല തെററും ചെയ്തുപോയാൽപോലും കോടതികൾ മുഖാന്തിരം രക്ഷ നേടാവുന്നതാകുന്നു. എന്നാൽ കോടതികളിൽ ജനങ്ങൾക്കു വിശ്വാസമില്ലെങ്കിൽ അതു ഉപ്പു ചീഞ്ഞുപോകുന്നതുപോലെയാണ്. ജഡ്ജിമാർ, സംശയാതീതമായി സ്വഭാവശുദ്ധിയുള്ളവരായിരിക്കണം. കുറെ നിയമപരിജ്ഞാനവും സാമർത്ഥ്യവുംകൂടി ഉണ്ടായിരുന്നാലും തെററില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെൻറു പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. A. V. JOSEPH (*Kunnathunad I—General*) സർ, നീതിന്യായകോടതികളെപ്പററിയും അതിന്റെ പ്രവർത്തനങ്ങളെപ്പററിയും പറയുമ്പോൾ മുൻസിഫ കോടതികളെപ്പററിയും അതിന്റെ പ്രവർത്തനങ്ങളെപ്പററിയും ചില സംഗതികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. മുൻസിഫ് കോടതികളെപ്പററി പറയുമ്പോൾ ഏററവും പ്രധാനമായി എന്റെ മനസ്സിൽ ഉദിക്കുന്നതു് മുൻസിഫ കോടതികളിലെ വാറണ്ട് ശിപായി

[Mr. A. V. Joseph.]

ന്മാരെപ്പററിയാണ്. ഈ ശിപായിമാരെ ഏതെങ്കിലും സമൻസു നടത്തുവാൻ ഏർപ്പെടുത്തി എന്നിരിക്കട്ടെ. എട്ടോ പത്തോ മൈൽ നടന്നു അവർ ആ സമൻസുകൊടുക്കേണ്ട ആളിന്റെ വീട്ടിൽ എത്തുന്ന സന്ദർഭമാണ് എന്നിരിക്ക പ്രത്യേകം ഒരു പറയുന്നു. ശിപായിമാർക്കു സമൻസുകൊണ്ടു പോകുന്നതിനു വഴിയൊന്നുമില്ല. ആഹാരം കഴിക്കേൻപോലും അവർക്കു നിവൃത്തിയില്ല. ഇങ്ങനെ നടന്നവശത്തുചെല്ലുന്ന സമൻസ് ശിപായിക്കു ചോറുകൊടുത്തു ഒരു നാലോ അഞ്ചോ ഇല്ലെങ്കിൽ കുറഞ്ഞതു ഒന്നുരണ്ടു രൂപയെങ്കിലും കൊടുക്കണം പിന്നെ സൗകര്യമുണ്ടെങ്കിൽ വല്ല മത്തങ്ങായോ വഴക്കുലയോ വല്ലതുംകൂടെ കൊടുത്തു തൃപ്തിപ്പെടുത്തിയാൽ ആ പാവപ്പെട്ട ശിപായിയെക്കൊണ്ടു വേണ്ടതു ചെയ്യിക്കാൻ കഴിയുന്ന ഒരു പരിതാപകരമായ അവസ്ഥയാണ് ഇന്നുള്ളതു്. ഈ സ്ഥിതി ഉടനെ അവസാനിപ്പിക്കേണ്ടതു ഏററവും അത്യാവശ്യമാണ്. അവരുടെ അഴിമതികളേയും കൈക്കൂലിയേയും പററി പറയുമ്പോൾ അവർക്കു കൊടുക്കുന്ന പരിതാപകരമായ ശമ്പളത്തെപ്പററിയും നമുക്ക് സ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഭാര്യയും അതിനെ തുടർന്നു പത്തോ പതിനഞ്ചോ കുഞ്ഞുങ്ങളുമായി കഴിയുന്ന ഒരു ശിപായിക്ക് ഇന്നു കിട്ടുന്ന കേവലം നിസ്സാരമായ ശമ്പളംകൊണ്ടു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഈ ശിപായിമാരുടെ അഴിമതിയേയും കൈക്കൂലിയേയും നിറുത്തണമെന്നു നാം ആഗ്രഹിക്കുമ്പോൾ അവർക്കു ജീവിക്കുവാൻ തക്കവണ്ണം ശമ്പളത്തിൽ ഒരു വ്യത്യാസം വരുത്തേണ്ടതിനെക്കുറിച്ചുകൂടി ചിന്തിക്കുവാൻ നമുക്ക് ഒരു കടമയുണ്ടു്. അവർക്കു ശമ്പളം കൂട്ടിക്കൊടുക്കാതെ അവരുടെ അഴിമതികളും കൈക്കൂലിയും നിറുത്തുവാൻ സാധിക്കുകയില്ലെന്നു വിശ്വസിക്കുന്ന ഒരുവനാണ് ഞാൻ.

MR. MANNAR K. GOPALAN NAIR: കൈക്കൂലി വാങ്ങിക്കുന്നതായി മെമ്പർക്കു നേരിട്ടറിവുണ്ടോ ?

MR. A. V. JOSEPH : അറിവില്ലെങ്കിൽ ഞാൻ ഇവിടെ പരസ്യമായി പറയുകയില്ലല്ലോ. അതിനും പുറമേ ഈ മുൻസിഫ് കോടതികളിലും മററും ചെന്നാൽ ന്യായമായ നീതിലഭിക്കുവാൻ വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്. എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ മുൻസിഫ്കോടതികളിലും മജിസ്ട്രേട്ടുകോടതികളിലും മതിലിനുപോലും കൈക്കൂലി കൊടുക്കാതെ ന്യായമായി ഒരു കാര്യവും സാധിക്കുകയില്ല. ഇപ്രകാരം

അതിക്രമവും അനീതിയും ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെമേൽ കർശനമായ നടപടികൾ എടുക്കുന്നതിനു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നു അറിയുന്നതു് ചാരിതാർത്ഥ്യജനകംതന്നെ. അതോടൊപ്പം കോടതികളിലെ കീഴ്ജീവനക്കാരുടെ ശമ്പളത്തെപ്പററിയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകൾ ചിന്തിച്ചാൽ മാത്രമേ ഇവിടത്തെ മുൻസിഫ് കോടതികളിലും മജിസ്ട്രേട്ടുകോടതികളിലും നടക്കുന്നതായ അഴിമതികളേയും കൈക്കൂലിയേയും പരിഹരിക്കുവാൻ സാധിക്കുകയുള്ളുവെന്നു് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു ഞാൻ അവസാനിപ്പിച്ചു കൊള്ളുന്നു.

MR. K. A. MATHEW : സർ ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും അഭിഭാഷകരാണു. എന്നാൽ എനിക്കു് കോടതികളുമായി യാതൊരു ബന്ധവും ഇതുവരെ ഉണ്ടായിട്ടില്ല. വാദിയായിട്ടോ പ്രതിയായിട്ടോ സാക്ഷിയായിട്ടോ ഞാൻ കോടതിയിൽ പോയിട്ടുമില്ല. എന്നാൽ ഇവിടത്തെ സാധാരണക്കാരനു തിരുവിതാംകൂർ നീതിന്യായക്കോടതികളെപ്പററിയുള്ള അഭിപ്രായമെന്താണെന്നറിവാൻ എനിക്കു ഇടയായിട്ടുണ്ടു്. ഇവിടത്തെ ജുഡീഷ്യറി വളരെ അധഃപതിച്ചുപോയിട്ടുണ്ടെന്നു് പരക്കെ ബോധമുണ്ടു്. ഇന്നു തിരുവിതാംകൂറിൽ സാധാരണക്കാരനു നീതി ലഭിക്കുവാൻ വളരെ പ്രയാസമാണു്. ഒരു കേസുണ്ടെങ്കിൽ കച്ചേരികളിൽ പലരെയും പ്രീണിപ്പിച്ചു് വളരെ ധനവും സമയവും നഷ്ടപ്പെടുത്തി കാര്യങ്ങൾ നടത്തേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. ഇവിടത്തെ ഹൈക്കോടതിയെപ്പററിയും മററു കോടതികളെപ്പററിയുമുള്ള ബഹുമാനം വളരെ കുറഞ്ഞുപോയിട്ടുണ്ടു്. അതിന്റെ പ്രധാന കാരണം നീതിനിഷ്ഠയുള്ളവരും സത്യസന്ധന്മാരും കഴിവുള്ളവരുമായ ആളുകളെ ന്യായാധിപന്മാരായി നിയമിക്കാഞ്ഞതാണു്. ഇവിടത്തെ ഹൈക്കോടതിയെപ്പററി ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. സർ, ഇവിടെ ഇപ്പോൾ ചീഫ്ജസ്റ്റീസ് ആയിരിക്കുന്ന ദേഹം തിരുവിതാംകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്കിന്റെ ഒഫിഷ്യൽ ലിക്വിഡേററരുടെ ചീഫ് ലീഗൽ അഡ്വൈസറായിരുന്ന സമയം മിസ്സസ് സ്വാമിനാഥനിൽ നിന്നും എഴുതിപ്പിടിച്ച ഒരു വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പാണു് എന്റെ കൈവശം ഇരിക്കുന്നതു. ഇരുനൂററിച്ചില്ലാനം ഏക്കർ സ്ഥലം കേവലം ൫൩൦൦ രൂപയ്ക്കു് കോർട്ടിൽ നിന്നും പ്രൈവററായി വില്ക്കുന്നതിനു് ഒഫിഷ്യൽ ലിക്വിഡേററരോടു് ആവശ്യപ്പെടുകയാണു് ചെയ്തതു്. ലീഗൽ അഡ്വൈസറായിരുന്ന അദ്ദേഹം ആ കോടതിയെ സ്വാധീനപ്പെടുത്തിയാണു് ഇതു സാധിച്ചതു്.

[Mr. K. A. Mathew.]

എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇത് professional misconduct ആണോ അല്ലയോ എന്നതിന് എനിക്ക് സംശയമില്ല. Shame, shame ...... ഇന്ന് ഇവിടത്തെ ചീഫ് ജസ്റ്റിസ് ...... ഇങ്ങനെയുള്ള ...... ളാണ് തിരുവിതാംകൂർ ജൂഡിഷ്യറിയെ അധഃപതിപ്പിച്ചു ...... തെന്ന വേദനാജനകമായ പരമാർത്ഥം പറയാതെ വയ്യ ......

MR. K. R. ELANKATH: അദ്ദേഹത്തിനെ ചീഫ് ജസ്റ്റീസ് ...... നിയമിച്ചതിനുശേഷമല്ലേ ഈ ഇടപാടിനെപ്പററി അദ്ദേഹം കേട്ടിട്ടുള്ളത്?

MR. K. A. MATHEW: അതെനിക്കറിഞ്ഞുകൂടാ; എങ്കിലും ഒരു ജഡ്ജിയെ നിയമിക്കുമ്പോൾ അദ്ദേഹത്തിന്റെ പൂർവകാല ചരിത്രവും കൂടെ നോക്കേണ്ടതാണല്ലോ. കഴിഞ്ഞ നിയമസഭയിൽ ഞാൻ അംഗമായിരുന്നപ്പോൾ ആലപ്പുഴയിലെ ഒരു കൈക്കൂലിക്കാരനായ ജഡ്ജിയെപ്പററി ഞാൻ സഭയിൽ പ്രസ്താവിക്കുകയും അദ്ദേഹത്തിന്റെ പേരിൽ ധാരാളം പരാതികൾ കിട്ടിയിട്ടുണ്ടെന്ന് അന്നത്തെ ദിവാൻ സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതുവരെ അദ്ദേഹത്തിന്റെ പേരിൽ യാതൊരു നടപടിയും നടത്തിയിട്ടില്ല. കോടതികളിൽ നിന്നു നീതി ലഭിക്കുമെന്ന ഒരു ബോധ്യം ജനങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടു തിരുവിതാംകൂർ ജൂഡിഷ്യറിയിലെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുമ്പോൾ അവരുടെ ഉത്തമന്മാരും സ്വഭാവശുദ്ധിയുള്ളവരുമായിരിക്കാൻ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങൾക്കു നീതി ലഭിക്കണമെങ്കിൽ സത്യസന്ധതയുള്ള ആളുകളെ നിയമിക്കേണ്ടതു വളരെ അത്യാവശ്യമാണ്. സാമർത്ഥ്യമുള്ള ന്യായാധിപന്മാരെ ലഭിച്ചില്ലെങ്കിലും സ്വഭാവശുദ്ധിയും സത്യസന്ധതയുമുള്ള ആളുകളെ നിയമിക്കുവാൻ തിരുവിതാംകൂർ ഗവണ്മെന്റു ശ്രമിക്കുമെങ്കിൽ തിരുവിതാംകൂർ ജൂഡിഷ്യറിയുടെ നഷ്ടപ്പെട്ട പ്രശസ്തി വീണ്ടും കിട്ടുകതന്നെ ചെയ്യും. ഗവണ്മെന്റു ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, കോടതികളിൽ കേസുകൾ തീർച്ചചെയ്യുന്നതിൽ നേരിടുന്ന താമസം അക്ഷന്തവ്യമാണ്. Justice delayed is Justice denied എന്ന തത്വം നമ്മുടെ നീതിന്യായക്കോടതികൾ സ്മരിക്കുമെങ്കിൽ പൊതുജനങ്ങൾക്ക് ...... ഉപകാരമായിരിക്കും. ഇരുപതും ഇരുപത്തഞ്ചും വർഷങ്ങളായിട്ടു വിധിപ്രസ്താവിക്കാത്ത കേസ്സുകൾ ഉണ്ടെന്നു ...... ഇതു അന്യായമാണ്. ഇതിനെ തടയുന്നതിനു ഗവണ്മെന്റ് ...... നടപടികൾ സത്വരം കൈക്കൊള്ളുമെന്നു ആശിക്കുന്നു.

MR. PONNARA G. SREEDHAR : സർ, ജുഡിഷ്യറിയെപ്പററി പ്രധാനമായി എനിക്കു പറവാനുള്ള കാൎയ്യങ്ങൾ [illegible] പറഞ്ഞു കഴിഞ്ഞ [illegible] തിനെക്കുറിച്ചു കൂടുതലായൊന്നും പറയുന്നതിനു ഞാൻ മന വിചാരിക്കുന്നില്ല. എന്നാൽ പ്രാദേശികമായ ഒരു കാൎയ്യം ബഹുമാനപ്പെട്ട ഗവൎമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരേണമെന്നു [illegible]. നെടുമങ്ങാട്ടു താലൂക്കിൽ ഇപ്പോൾ ഒരു രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുണ്ട്. [illegible] അവിടെ ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി ഉണ്ടായിരുന്നു. [illegible] ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി [illegible] കേസുകൾ [illegible] തിരുവനന്തപുരത്തേക്കു [illegible] മാറിയിട്ടു [illegible] ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിൽ കൊടുക്കേണ്ടതായ ഒരു കേസ്സ് നെടുമങ്ങാട്ടുകാൎക്കു ഉണ്ടെങ്കിൽ [illegible] തിരുവനന്തപുരത്തേക്കു [illegible] ിക്കുന്നു. തിരുവനന്തപുരത്തെ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിനാകട്ടെ [illegible] പലതുമുണ്ട്. [illegible] അവിടെ [illegible] കളും [illegible] അദ്ദേഹം [illegible] കേൾക്കുകയും [illegible]. ഇതു കൂടാതെ മററു പല ജോലികളും ഉണ്ടു. [illegible] ഇവിടത്തെ മജിസ്ട്രേട്ടുകോടതിയിൽ [illegible] കേസു മാററി [illegible] കക്ഷികൾക്കു [illegible] പിടിച്ചുപററി [illegible] കേസ്സ് [illegible] സംബന്ധിച്ചിട [illegible] കേസുകൾ നട [illegible] വിഷമതകൾ ഉണ്ടാകുന്നു. ഇങ്ങനെയുള്ള [illegible] പലതും കക്ഷികൾക്കുണ്ട് [illegible] ബഹുമാനപ്പെട്ട ഗവൎമ്മെൻറി [illegible] യിൽ [illegible] പല നിവേദനങ്ങളും [illegible]ിട്ടുണ്ട്, ഇതയിടെ എങ്കലേ [illegible] ഒരു [illegible] മെമ്മോറിയൽ അവിടെ നിന്നു അയച്ചിരുന്നു. എന്നാൽ [illegible] തൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. [illegible] നെടുമങ്ങാട്ടു താലൂക്കിൽ ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കേണ്ടതു ആ നാട്ടുകാൎക്കു അത്യാവശ്യമായി ഗവൎമ്മെൻറു [illegible]മെന്നു വിശ്വസിക്കുന്നു.

പൊതുവേ കോടതികളിലുള്ള കൈക്കൂലിയെപ്പററി ഇവിടെ പലതും പറഞ്ഞു. മിസ്റ്റർ കെ. എം. [illegible] പറഞ്ഞ ഒരു പ്രമാണത്തിൻെറ സംഗതി എനിക്കും അറിയാനിടയായിട്ടുണ്ടു. അതിൻെറ പകൎപ്പു

എനിക്കും കിട്ടിയിട്ടുണ്ട്. അങ്ങനെ ഒരു പ്രമാണം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആ മനുഷ്യനെ നാടുകടത്തുകയാണ് വേണ്ടതു്. അയാൾക്ക് ഒരു ഉദ്യോഗവും കൊടുക്കരുതു്. അങ്ങനെ മാതിരിയുള്ള ആളുകൾ മററു പല സ്ഥലങ്ങളിലും ഉണ്ട്. തിരുവനന്തപുരത്തു തന്നെ ഒന്നു രണ്ടു മുൻസിഫ്മാരുണ്ട്. അവിടെയും ഇവിടെയും ഒക്കെ നിന്നു വന്നിട്ടുള്ളവരാണ്. അവരുടെ പേരു അറിയാം. വേണമെങ്കിൽ പറയുകയും ചെയ്യാം. സാധാരണയായിട്ട് മുൻസിഫ്മാർ ജോലി ചെയ്യുവാൻ മടിയുള്ളവരാണ്. ജോലി ചെയ്യുവാൻ മടിയുള്ളവർ ഓരോ കലണ്ടറിന്റെ അവസാനത്തിലും അവരുടെ ജോലിഭാരം തീർക്കുന്ന രീതി ഒന്നന്വേഷിക്കുന്നതു് രസകരമായിരിക്കും. തിരുവിതാംകൂറിലെ സിവിൽ കോടതികളിലും മജിസ്ട്രേട്ടു കോടതികളിലും കേസു കൊടുത്താൽ ഒരു തലമുറ കഴിഞ്ഞാലും ആ കേസുകൾ തീരുകയില്ല. നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ ആണെങ്കിൽ ഒരു മജിസ്ട്രേട്ടു കോടതിയിൽ ഒരു കേസു കൊടുത്താൽ മൂന്നു മാസത്തിനകം ആ കേസ് അവസാനിക്കും. ഇവിടെ അങ്ങനെയല്ല. വർഷങ്ങൾ പലതു കഴിയും. അതിനു് ഇവിടത്തെ വക്കീലന്മാരെ കക്ഷികൾ കുററപ്പെടുത്തുകയാണു ചെയ്യുന്നതു്. ഇനി ഒരു കാര്യം കൂടി പറയാം. ഈ കേസ്സുകൾ നീണ്ടുപോകുന്നതിൽ കക്ഷികൾക്കും കുറച്ചു് ഉത്തരവാദിത്വം ഉണ്ടെന്നു സമ്മതിക്കുന്നു. കേസ്സുകൾ നീണ്ടുപോകാതിരിക്കുന്നതിനു കർശനമായ ഓർഡർ ഗവണ്മെന്റിൽ നിന്നും ഉണ്ടായാൽ ഇതിനു പരിഹാരം ഉണ്ടാകുന്നതാണ്.

മജിസ്ട്രേട്ടുകോടതികളിൽ ഗവണ്മെന്റു ഭാഗത്തു നിന്നും ഉണ്ടാകുന്ന കേസ്സുകൾക്കു - പ്രാസിക്യൂഷൻ കേസുകൾക്കു് പ്രാസിക്യൂട്ടുചെയ്യുന്ന ഉദ്യോഗസ്ഥന്മാർ തന്നെ സാക്ഷികളെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ബ്രിട്ടീഷിൻഡ്യയിൽ ആണെങ്കിൽ ഒരു കൊലപാതകക്കേസ്സുതന്നെ ഉണ്ടായാലും പ്രാസിക്യൂഷൻ ഭാഗത്തേക്ക് 'ഞാൻ ഞാൻ' എന്നു പറഞ്ഞു സാക്ഷികൾ മുന്നോട്ടു വരുന്നതു കാണാം. ഇവിടെ നേരെ മറിച്ചും. ഇതിനു കാരണമെന്തെന്നു് ആലോചിക്കേണ്ടതാണ്. ഈ നാട്ടിൽ പ്രാസിക്യൂഷൻ സാക്ഷികൾക്കു് പടി നൽകുന്ന പതിവില്ല. സാക്ഷിമൊഴി കൊടുക്കുന്നതിനു ഒന്നു പത്തുപതിനഞ്ചു ദിവസം നടക്കണം. അതിനാൽ സാക്ഷികളെ കിട്ടാൻ വിഷമമാണ്. പോലീസ് കേസ്സാണെങ്കിൽ അതാതതിർത്തിയിലെ ഹെഡ്കാൺസ്റ്റബിൾമാർ ഈ സാക്ഷികളെ ശേഖരിച്ചു് കാലേക്കൂട്ടി കച്ചേരിക്കു സമീപം എവിടെയെങ്കിലും സൂക്ഷിക്കുന്നതിനു് കൊണ്ടുപോകുന്നതു കാണാം. ന്യായാധിപന്മാരും മജിസ്ട്രേട്ടും താമസിക്കുന്ന സ്ഥലത്തു കേസുകൾ

തീരുന്നതിന് വളരെ കാലതാമസം നേരിടുന്നു. ജുഡിഷറിയും എക്സിക്യൂട്ടീവും വേർതിരിക്കുകതന്നെ വേണം. (ബെൽ)

MR. K. RAMA KRISHNA PILLAI : സർ, ഇന്നത്തെ ജനകീയ മന്ത്രിസഭക്കു ചെയ്തു തീർക്കേണ്ടതായ പല കർത്തവ്യങ്ങളുമുണ്ട്. അതിൽ ഏററവും പ്രധാനമായ ചുമതലയാണ് ഇതിനകം അപ്രശസ്തമായി തീർന്നിരിക്കുന്ന ജുഡിഷ്യൽ വകുപ്പിന്റെ പാരമ്പര്യം പുനഃസ്ഥാപിക്കുക എന്നതു്. കഴിഞ്ഞ ദശവർഷക്കാലത്തെ അവസ്ഥ സ്മരിക്കാതിരിക്കുകയാണു ഭേദം. ഇത്ര പ്രസാദകരമായ ഒരു കാലഘട്ടം ആയിരുന്നതു്. ഇന്ന് വളരെ ശാന്തമായ വസ്തുതയാണ് തിരുവിതാംകൂറിന്റെ ഭരണതാരം വഹിക്കുന്നതു് എന്ന് എല്ലാവർക്കും അടിയുറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് പാരമ്പര്യ പുനഃസ്ഥാപനത്തിനു വേണ്ടി നിഷ്കർഷിക്കുന്ന എല്ലാ കാര്യങ്ങളിലും പരിപൂർണ്ണമായി യോജിക്കുന്നു. ഒരു കേസിന്റെ തീരുമാനത്തിനെടുക്കുന്ന കാലതാമസം കുറയ്ക്കുവാൻ സത്വരമായ ശ്രദ്ധ മന്ത്രിസഭ കൈക്കൊള്ളേണ്ടതാണ്.

അതുപോലെ തന്നെ ഇതുവരെ ബഹുമാന്യ സ്നേഹിതന്മാർ സ്പർശിച്ചിട്ടില്ലാത്ത ഒരു കാര്യം ഉന്നയിക്കട്ടെ, ഇവിടെ കൈക്കൂലിയുടെ കാര്യം പറഞ്ഞു. നിർബ്ബന്ധമായി വേദന അനുഭവിക്കുന്ന രണ്ടു വിഭാഗക്കാർ ഇവിടെ ഉണ്ട്. ഒന്ന വാറണ്ടു ശിപായിമാർ ഉൾപ്പെടെയുള്ള ശിപായിമാർ, രണ്ടാമത്തേതു മുൻസിഫ്മാർ ജഡ്ജിമാർ ഇവരുടെ കാവൽക്കാരായ ശിപായിമാർ. ഈ രണ്ടാമതു പറഞ്ഞ തരക്കാരുടെ കാര്യമാണെങ്കിൽ ഇവരുടെ ഏററവും ചുരുങ്ങിയ ശമ്പളമോ പോകട്ടെ. അവരുടെ അഭിമാനം പുലർത്താൻ പോലും അവർക്കു സാധിക്കുകയില്ല. ഒരു ശിപായി എന്തെല്ലാമാണു ചെയ്യേണ്ടതെന്നു മനസ്സിലാക്കണം. ഒരു പ്യൂൺ ഈയിടെ പറയുകയുണ്ടായി, എല്ലാ ജോലികളും ചെയ്യണം. ഞങ്ങളുടെ ജഡ്ജിസ്വാമിയുടെ മത്തെ ദിവസവും രാത്രി എടുത്തു വിരിക്കുകയും അതു പിറേറദിവസം രാവിലെ മടക്കുകയും ചെയ്യുന്ന കാര്യമാണ് ഏററവും കഷ്ടമായിട്ടുള്ളതു്" എന്നു ഇതുപോലെ പല വീട്ടുവേലകളും അവൻ ചെയ്യണം. വീട്ടുപണി ചെയ്യുന്നതിനു അവരെ ഉപയോഗപ്പെടുത്തുന്നതു് കഷ്ടതരമാണ്. ഈ അവസ്ഥയ്ക്കു് നിശ്ചയമായും ഒരു പരിഹാരം ഉണ്ടാക്കണം.

ഇനി ഒരു കാര്യം പറയേണ്ടതു് 'കേസുകൾ തീരുമാനിക്കുന്നതിലുള്ള കാലതാമസത്തെപ്പററിയാണ്. മജിസ്ട്രേട്ടിന്റെ വാറണ്ടനുസരിച്ച പോലീസ് അറസ്റ്റ് ചെയ്തു ലോക്കപ്പിൽ വയ്ക്കുന്ന അണ്ടർട്രയൽ പ്രിസ

[Mr. K. Ramakrishna Pillai]

നേഴ്സ് ഉണ്ട്. ഇവർ എത്ര കാലമായി ലോക്കപ്പിൽ കഴിയുന്നു! [illegible] സ്ഥാ യവും സ [illegible] [illegible] ഇൗ [illegible] [illegible] ശ്രദ്ധ [illegible].

ഇനി ഒന്നു പറയാനുള്ളത് കോടതി [illegible] ഒരു [illegible] എന്നുള്ള താണ്. [illegible] ഒരു [illegible] മജിസ്ട്രേട്ട് കോടതികൾ [illegible] സ്ഥാപിച്ചി രിക്കുന്നു. [illegible] കോടതി [illegible] വരുമെന്നു വിശ്വസിക്കുന്നു. (ബെൽ)

(At 3-3 P. M. The President occupied the chair again)

MR. K. A. GANGADHARA MENON (Nedumangad I—General): സർ, നിയമവകുപ്പിനെ സംബന്ധിച്ച് എനിക്കു [illegible] പറ ഞ്ഞാൽ [illegible]. എന്റെ എനിക്ക് [illegible] സമയത്തിനുള്ളിൽ [illegible] പറയാൻ സാദ്ധ്യമല്ല. [illegible] [illegible] [illegible] തല്ലാം ഭാസ്കരനാണ് നിയമവകുപ്പിലെ [illegible] [illegible] [illegible] [illegible] [illegible] [illegible] സംബന്ധി ച്ചിടത്തോളംവരെ [illegible] കോടതിക്ക് അധികാരം ഉണ്ട്. പത്തു പതിനഞ്ചു കൊല്ലമായി ഇവിടെ നടന്നു വരുന്ന ഈ രാജ്യത്തെ ജുഡിഷ്യറിയുടെ [illegible] [illegible] [illegible] നിയമപാ ണ്ഡിത്യം [illegible] കാര്യക്ഷമത [illegible] ചെയ്യുന്നവരുമായ [illegible] ധാരാളമുണ്ട്. അവരെ മനസ്സിലാക്കാതെ ജഡ്ജിമാരായി [illegible] [illegible]. എന്നാൽ [illegible] [illegible] നിയമനം മൂലം ജുഡിഷ്യറി [illegible] എന്നു പറയുന്നതിൽ സംശയമില്ല. കൂടാതെ ഇവിടെ നിലവിലിരുന്ന ഗവണ്മെന്റു ചെയ്ത

വഹിക്കുന്ന സ്റ്റേറ്റിന്റെ ഫലമായും കാര്യശേഷിയും സത്യസന്ധതയും കൃത്യനിഷ്ഠയും ഇല്ലാത്ത ആളുകൾ ജുഡിഷ്യറിയിൽ പ്രവേശിക്കുന്നതിന് ഇടയായിട്ടുണ്ട്. ഇവരെല്ലാം ഇപ്പോഴും സർവീസിലുണ്ട്. അവരെ ഉടൻ തന്നെ മാറ്റേണ്ട ആവശ്യമുണ്ടെന്നില്ലെങ്കിലും ജുഡിഷ്യറിയുടെ [illegible], ഈ രാജ്യത്തിലെ [illegible] അതിന്റെ അത്യന്താപേക്ഷിതമായ നിലനില്പിനെ [illegible] ജുഡിഷ്യറിയിൽ നിന്ന് അവരെ മാറ്റുന്നതിലും [illegible] നന്നായിരിക്കും.

റിക്രൂട്ട്മെന്റിനെപ്പറ്റി പറഞ്ഞപ്പോൾ പ്രമോഷനെപ്പറ്റിയും ചിലതു പറയാനുണ്ട്. മുനിസിഫന്മാരെ ജഡ്ജിമാരാക്കുന്നത് അവരുടെ സീനിയോറിററിയെ പരിഗണിച്ചാണ്. ഹൈക്കോടതിയിലേയ്ക്ക് നിയമിക്കുന്നതും ജഡ്ജിമാരുടെ സീനിയോറിററി [illegible]. മററു രാജ്യങ്ങളെ അപേക്ഷിച്ച് ജുഡിഷ്യറിയിൽ മുനിസിഫന്മാരുടെയും ജഡ്ജിമാരുടെയും കാര്യശേഷി, അവർ വിധിച്ചിട്ടുള്ള കേസുകളുടെ എണ്ണമനുസരിച്ചും അതിൽ എത്ര കേസുകൾ ന്യായമായി വിധിച്ചിട്ടുണ്ട് എന്ന് നോക്കിയും [illegible] കണ്ടുപിടിക്കുന്നതാണ്. പല മുനിസിഫന്മാരും [illegible] കാര്യശേഷിയോ [illegible] സത്യസന്ധതയോടും കൃത്യനിഷ്ഠയോടും ജോലി ചെയ്യുന്നവരും സീനിയോറിററിയുടെ പേരിൽ അവർക്ക് അവർ അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല. അതിനാൽ ശരിയായി ജോലി ചെയ്യുവാനുള്ള ഉത്സാഹം അവർക്ക് ഉണ്ടാകാതെ പോകുന്നു. സീനിയോറിറ്റിയുടെ കാര്യം പറഞ്ഞ് കാര്യശേഷി കുറഞ്ഞവർ ഉയർന്ന സ്ഥാനങ്ങളിലേക്ക് പോകുകയും അതിനാൽ ഉയർന്ന സ്ഥാനത്തിൽ ഇരിക്കുന്ന ഈ ജഡ്ജിമാർ കാര്യശേഷി കുറഞ്ഞവരായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട് മുനിസിഫന്മാരെ ജഡ്ജിമാരാക്കുന്നതു [illegible] എഫിഷ്യൻസിയേയും സത്യസന്ധതയേയും നോക്കാതെ സീനിയോറിററി മാത്രം നോക്കിയായിരിക്കാൻ പാടില്ല. സീനിയോറിററി മാത്രം നോക്കി ജഡ്ജിമാരെ പ്രമോട്ടു ചെയ്യുമ്പോൾ മുൻപറഞ്ഞ പരാതികൾ ഉണ്ടാകുകയാണ് ചെയ്യുന്നത്. അതിനാൽ അങ്ങനെ പ്രമോട്ടു ചെയ്യാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം.

സർ, ഹൈക്കോടതിയിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഞാൻ ഒന്നും പറയണമെന്ന് വിചാരിക്കുന്നില്ല. എങ്കിലും ഒരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഹൈക്കോടതിയിലേയ്ക്ക് നല്ല കാര്യശേഷിയും, കൃത്യനിഷ്ഠയും സത്യസന്ധതയും, ഉള്ള ആളുകളെ നിയമിച്ചു ജുഡിഷ്യറിയുടെ പാരമ്പര്യത്തെ നിലനിറുത്തേണ്ടതു അത്യന്താപേക്ഷിതമാണെന്നു ഞാൻ

[Mr. K. A. Gangadhara Menon]

ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. കോടതികളിലെ താഴ്ന്ന തരം ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതു കാര്യക്ഷമതയ്ക്കും അഴിമതികൾ കുറയുന്നതിനും അത്യാവശ്യമാണ്. കോടതികളിൽ കൈക്കൂലികൊണ്ടു ഒരു നിർവാഹമില്ലെന്നു പരക്കെ സമ്മതമുള്ള ഒരു പരമാർത്ഥമാണ്. അതിനെ നിവാരണം ചെയ്യുന്നതിൽ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാകുന്നു. അവർ തങ്ങളുടെ ജോലിക്കൂടുതൽ കൊണ്ടു വല്ല പ്രലോഭനങ്ങൾക്കും വിധേയരായാൽ തന്നെയും ഇന്നത്തെ ശമ്പളത്തോതിൽ അതിനവരെ കുററപ്പെടുത്താൻ നിവൃത്തിയില്ല. കാരണം ഭക്ഷണസാധനങ്ങൾക്കെന്നല്ല; മററു സാധനസാമഗ്രികൾക്കും അമിതമായി വില വർദ്ധിച്ചിരിക്കുന്ന ഈ പരിതഃസ്ഥിതിയിൽ അൽപ്പശമ്പളക്കാരുടെ കായികശക്തി അവർ നിർവഹിക്കുന്നതിനുള്ള ജോലിക്കൂടുതൽ നിമിത്തം ക്രമേണ ക്ഷയിച്ചുപോകുന്നതും തന്നിമിത്തം അൽപസ്വൽപ്പം കൈക്കൂലികൾ അവർ വഴിപ്പെട്ടുപോകുന്നതും ആകുന്നു. ഉദാഹരണമായി പറയുകയാണെങ്കിൽ ഒരു പ്രോസസ് പ്യൂണിൻെറ ശമ്പളം വളരെ തുച്ഛമാണ്. ചിലപ്പോൾ അഞ്ചാറും, എട്ടും പത്തും മൈൽ സഞ്ചരിച്ചു തിരികെ വരേണ്ടിയിരിക്കുന്നു. അപ്പോൾ ഒരു ദിവസത്തെ അയാളുടെ ചിലവു ഒരു ദിവസത്തെ ശമ്പളത്തെക്കാൾ രണ്ടിരട്ടിയോ മൂന്നിരട്ടിയോ ആയിപ്പോകുമെന്നുള്ളതു നമുക്കെല്ലാം പേർക്കും ഊഹിച്ചാൽ മനസ്സിലാകുന്നതാണ്. അങ്ങനെയിരിക്കെ ചെറിയതരം ശമ്പളക്കാർ എങ്ങനെ കൈക്കൂലി വാങ്ങിക്കാതിരിക്കുമെന്നു ഞാൻ ചോദിക്കുന്നു. എങ്കിലും കൈക്കൂലി നിറുത്തേണ്ടതു എല്ലാ ഡിപ്പാർട്ടുമെൻറിലും അത്യാവശ്യമായ ഒരു കാര്യമായതുകൊണ്ടു ചെറുതരം ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുക തന്നെ വേണം.

അടുത്തതായി ഒന്നു പറയുവാനുള്ളതു പുതുതായി നിയമിക്കുന്ന മജിസ്ട്രേട്ടന്മാരേയും മുൻസിഫന്മാരേയും സംബന്ധിച്ചാണു. കോടതി നടപടി നിശ്ചയമില്ലാത്തവരെ പലപ്പോഴും നിയമിക്കുന്നു. ഡിപ്പാർട്ടുമെൻറിൽ നിന്നും അല്ലാതേയും ഇതിനുമുമ്പു ഇങ്ങനെയുള്ള പല നിയമനങ്ങളും നടത്തിയിട്ടുണ്ടു. തന്മൂലം പല കുഴപ്പങ്ങളും വന്നിട്ടുണ്ടു കക്ഷികൾക്കു കേസുകളിൽ ന്യായം കിട്ടാതെയും വന്നു പോയിട്ടുണ്ട്. മേലാലെങ്കിലും ഇങ്ങനെയുള്ള നിയമനങ്ങൾ നടത്തുമ്പോൾ കോടതി സംബന്ധിച്ചുള്ള നടപടി പരിജ്ഞാനമുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നു നിഷ്കർഷിക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിച്ചു കൊള്ളുന്നു.

ഇനി ഒന്നു പറയുവാനുള്ളതു് വിസ്താരത്തിൽ ഇരിക്കുന്ന തടവുകാരെപ്പററിയാണ്. ഇവരെ അണ്ടർട്രയലിന്റെ പേരിൽ നാലും അഞ്ചും വർഷങ്ങൾ ലാക്കപ്പുകളിൽ അടച്ചിട്ടു് അവരുടെ ആരോഗ്യം ക്ഷയിപ്പിക്കുകയും ഒടുവിൽ മിക്കവാറും നിരപരാധികളാണെന്നു പറഞ്ഞു വിടുകയുമാണ് ചെയ്യുന്നതു്. ഒരുത്തനെ കുററക്കാരനാണെന്നു സംശയിച്ചോ, അല്ലെങ്കിൽ വിചാരിച്ചോ അവനെ അറസ്റ്റു് ചെയ്തു് ലാക്കപ്പിൽ നാലും അഞ്ചും വർഷം ഇട്ടു കഷ്ടപ്പെടുത്തുന്നതു് എത്ര പരിതാപകരമായ ഒരു അവസ്ഥയാണ്. സർ, നമ്മുടെ ലാക്കപ്പിന്റെ സ്ഥിതി പറയുകയാണെങ്കിൽ മോശവും മലിനവുമായ മുറികളാണ് അതു്. യാതൊരു പരിഷ്കൃത ഗവമെന്റിനും അഭിമാനിക്കാൻ കൊള്ളരുതാത്ത വിധത്തിലുള്ള പരിതഃസ്ഥിതിയിൽ ആണ് അവ കിടക്കുന്നതു്. അതുകൊണ്ടു് ബ്രിട്ടീഷിന്ത്യയിലെപ്പോലെ സബ്ജയിലുകൾ ഉണ്ടാക്കി തടവുകാരുടെ ആരോഗ്യത്തിനു ഹാനിവരാതെ ഇരിക്കത്തക്ക വണ്ണമുള്ള വ്യവസ്ഥകൂടി ചെയ്തു് അവരെ അവിടെ സൂക്ഷിക്കുകയും അവരുടെ പേരിലുള്ള കേസു് എത്രയും വേഗത്തിൽ അവസാനിപ്പിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥകൾ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

MR. V. MADHAVAN (*Vaikom II—General*) : നമ്മുടെ ജുഡിഷ്യറിയിൽ എക്സിക്യൂട്ടീവു് കൈകടത്തുന്നുവെന്നൊരു ആക്ഷേപം ഉണ്ടു്. എക്സിക്യൂട്ടീവു് ഇടപെടുന്നതുകൊണ്ടു് ജാമ്യം അനുവദിക്കുവാൻ നിവൃത്തിയില്ലെന്നു ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥൻ ഒരു ജാമ്യാപേക്ഷക്കു ഉത്തരവു പാസ്സാക്കിയിട്ടുള്ള ദൃഷ്ടാന്തവും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഇതൊക്കെ ജനകീയ ഗവമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പുള്ള കഥകളാണ്. ഇനി അപ്രകാരമൊന്നും ഉണ്ടാകയില്ലെന്നു വിശ്വസിക്കാവുന്നതാണ്.

വ്യവഹാരങ്ങൾക്കു കാണുന്ന കാലതാമസത്തെപ്പററി ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അദ്ദേഹം പന്ത്രണ്ടുവർഷം വരെയാണ് കാലവിളംബത്തിന്റെ അളവു നിശ്ചയിക്കുന്നതു്. എന്നാൽ അസൽ കോടതികളിലും അപ്പീൽ കോടതികളിലും തീരുമാനം കഴിഞ്ഞു വരുമ്പോൾ അതിലും കൂടുതൽ വർഷങ്ങൾ ദീർഘിച്ചു പോകുന്നതും അസാധാരണമല്ല. വ്യവഹാരങ്ങൾ അവസാനിക്കുന്നതിനു ഇവിടുത്തെപ്പോലെ കാലതാമസം മററങ്ങും വരികയില്ല. കൊച്ചിയിലും തിരുവിതാംകൂറിലും വസ്തുക്കൾ ഉള്ള ഒരു കുടുംബത്തിലെ വ്യവഹാരങ്ങൾ രണ്ടു സംസ്ഥാനങ്ങളിലും ഒരേ കാലത്തു തന്നെ കൊടുത്ത

[Mr. V. Madhavan]

ഒരു ദൃഷ്ടാന്തമുണ്ടു. ഒരു വ്യവഹാരം വടക്കൻ പറവൂർ ജില്ലാക്കോടതി യിലും ഒന്നു എറണാകുളത്തു അഡിഷ്ണൽ ജില്ലാക്കോടതിയിലും ആയി രുന്നു. പറവൂർകോടതിയിലെ കേസ്സിൽ പത്രിക വന്ന പായിൻറു ഏർപ്പെടുത്തിയതോടുകൂടി വസ്തുക്കൾ റിസിവറെ ഏല്പിക്കുന്നതിനുള്ള ഒരു ഹർജി വാദത്തിനു വന്നു. ഈ വാദത്തിൻെറ തെളിവിലേക്കു വേണ്ടി കൊച്ചിയിൽ കൊടുത്തിരുന്ന ഭാഗവ്യവഹാരം ജില്ലയിലും ഹൈക്കോടതി യിലും വിധികഴിഞ്ഞിരുന്നതിനാൽ ആ ജഡ്ജിമെൻറു ഹാജരാക്ക പ്പെട്ടു. കൊച്ചിസംസ്ഥാനത്തു ഹൈക്കോടതി വിധികഴിഞ്ഞപ്പോൾ നമ്മുടെ കോടതിയിലെ വ്യവഹാരം പ്രാരംഭഘട്ടത്തിൽ തന്നെ കിടക്കു ന്നതേയുള്ളു. ഈ കഥ ഇപ്പോൾ ഹൈക്കോടതിയിലെ ഒരു ന്യായാസ നാം അലങ്കരിക്കുന്ന വിധികർത്താവു് ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ച താണ്. ഈ ദൃഷ്ടാന്തംകൊണ്ടു നമ്മുടെ നാട്ടിൽ വ്യവഹാരങ്ങൾക്കു വന്നുകൂടുന്ന കാലതാമസത്തെപ്പററി അനുമാനിക്കാവുന്നതാണ്.

വ്യവഹാരങ്ങളുടെ കാലതാമസത്തിനു കക്ഷികളും, വക്കീലന്മാരും കോടതികളും ചിലപ്പോൾ ഉത്തരവാദികളായി കാണുന്നുണ്ടു്. കക്ഷികൾ ഇവിടെ അവധിക്കപേക്ഷകൾ കൊടുത്തു് കേസ് നീട്ടുവാൻ വാസന ക്കാരാണ്. ഇതു് അവധികിട്ടുമെന്നുള്ള പരിചയം കൊണ്ടു വന്നിട്ടുള്ള മനോഭാവം മാത്രമാണ്. ലാസ് ഡിലേസ് കമ്മീഷൻ റിപ്പോർട്ടിൽ ഇതൊരു പ്രധാന കാരണമായിട്ടാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. അസൽ കോടതികൾ ഈ നയത്തിൽ വിഘാതം വരുത്തി അവധിക്കപേക്ഷകൾ തള്ളി കേസ്സുകൾ തീർച്ച ചെയ്താൽ അപ്പീൽ കോടതികൾ റിമാൻറു ചെയ്യാൻ ഇടവരുന്നു. അപ്പോൾ അല്പം കാലതാമസം കൂടുകയാണു.

വക്കീലന്മാർക്കും കുറേ അനാസ്ഥ വന്നുപോകാവുന്നതാണ്. വക്കീൽഫീസിൻെറ നിരക്ക് ഈ രാജ്യത്തു വളരെ കുറവാണ്. ഇത്ര കുറഞ്ഞ ഫീസ് നിരക്ക് മറെറങ്ങുമില്ല. ഇതിനെപ്പററി ലാസ് ഡിലേസ് കമ്മീഷൻ ചില ശുപാർശകൾ ചെയ്തിട്ടുണ്ടെങ്കിലും. അതൊന്നും ഇതേ വരെ നടപ്പിൽ വരുത്തിയിട്ടില്ല. അതുകൊണ്ടു വക്കീൽഫീസിൻെറ നിരക്ക് വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറു തന്നെ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നു എനിക്കഭിപ്രായമുണ്ടു്.

കോടതികളുടെ അതിർത്തി നിർണ്ണയിക്കുന്നതിലും ഔചിത്യഭംഗം കാണുന്നു. കേസുനടത്തുവാൻ സർവവിധത്തിലും സൗകര്യമുള്ള കോടതി കളിൽ ഉൾപ്പെട്ടു നടക്കുന്ന ചില ദിഗപാസികളെ വേറെ. കോടതിക ളുടെ അതിർത്തിക്കകത്തേയ്ക്കു മാററുന്നു. ഞാൻ ഇതിനു ഒരു ദൃഷ്ടാന്തം പ്രാദേശികാവശ്യമായി കൂടി പറഞ്ഞുകൊള്ളട്ടെ. വൈയ്ക്കം താലൂക്കിൽ

മാഞ്ഞൂർ കടുത്തുരുത്തി എന്ന രണ്ടു പകുതികഠം ഉണ്ട്. ഈ പകുതികഠം രണ്ടും പണ്ടുമുതലേ വൈയ്ക്കം മുൻസിഫ് കോടതിയുടെ അധികാരത്തിൽ ഇരുന്നതാണ്. ആ പകുതികളെ ഏററുമാന്നൂർ കോടതിയുടെ അധികാരത്തിൽപ്പെടുത്തിയിരിക്കുന്നു. ഇതുകൊണ്ടു ആ നാട്ടുകാർക്കു വളരെ പ്രയാസങ്ങഠം സഹിക്കേണ്ടിവരുന്നു. കോട്ടയം, വൈയ്ക്കം, മീനച്ചൽ ഈ കോടതികളുടെ അധികാരത്തിൽ ഉണ്ടായിരുന്ന ചില പകുതികളെ കൊണ്ടാണ് ഏററുമാന്നൂർ കോടതി സ്ഥാപിച്ചിട്ടുള്ളതു്. ഇപ്പോഠം കോടതികഠം ഒന്നിലും തന്നെ വേണ്ടിടത്തോളം ഫയലിംഗ് ഇല്ലാ. ഏതു നിലയിലും കടുത്തുരുത്തി മാഞ്ഞൂർപകുതികളെ തിരിയെ വൈയ്ക്കം കോടതിയുടെ അധികാരത്തിലേക്ക് മാററണമെന്നുള്ള സംഗതി ഞാൻ ഉന്നിപ്പറഞ്ഞുകൊള്ളുന്നു. ഇത്രയും അഭിപ്രായങ്ങളോടുകൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. JOSEPH MALIECKAL (*Thodupuzha—General*) : നമ്മുടെ ജൂഡിഷ്യറി അധഃപതിച്ചതിനെ ഇനി നേരേ ആക്കണമെങ്കിൽ, ആയതു അകപ്പാടെ ഒന്ന് പരിഷ്കരിക്കണം. മിടുക്കന്മാരും സത്യസന്ധന്മാരുമായവരെ മുൻസിഫന്മാരായും രണ്ടാംജഡ്ജിമാരായും നിയമിക്കണമെന്നു പറയുന്നതു് ശരിയാണ്. എന്നാൽ ഇന്നത്തെ കുറഞ്ഞ ശമ്പളത്തിനു അങ്ങിനെയുള്ളവരെ കിട്ടുകയില്ല. പകലും രാത്രിയും ഒന്നുപോലെ അവർ ജോലി ചെയ്യണം. ഇൻഡ്യൻ പ്രവിശ്യകളിലും കൊച്ചിയിലും മുൻസിഫന്മാർക്ക് ഇവിടത്തേക്കാഠം ശമ്പളമുണ്ടു. അതിനും പുറമേ സല, സ്റ്റാംപുകാസ് മുതലായ കാര്യങ്ങളിലും വ്യത്യാസം ആവശ്യമാണ്. ഈ സംഗതികഠം എല്ലാം ഉഠംപ്പെടുത്തിയും ശരിയായ ഒരന്വേഷണം നടത്തിയും ഈ ജൂഡിഷ്യൽ വകുപ്പിനെ പരിഷ്കരിക്കണം.

സർ, കഴിഞ്ഞ കാലത്തെ ഭരണഫലമായി നമ്മുടെ ജൂഡിഷ്യറി ഗവമെണ്ടിന്റേയും പോലീസിന്റേയും പാവകളായിപ്പോയി. ഒരു "സി. കേശവൻ രാജദ്രോഹകേസ്സ്" ഉണ്ടായിരുന്നു. അക്കാലത്തു വേറെ കേസിലെ ഒരു വാദി കൃത്യത്തിനു കാരണമായി മൊഴി കൊടുക്കുന്നതു കേട്ടതു്, ആ കേസ്സിലെ പ്രതിയുടെ വീട്ടിൽ സി. കേശവന്റെ ഒരു ഫോട്ടോ വച്ചിരിക്കുന്നതു കണ്ടു. "ഈ രാജദ്രോഹിയുടെ പടം എന്തിനു വച്ചിരിക്കുന്നു" എന്നു ചോദിച്ചതുകൊണ്ടു്, അടിച്ചു എന്നാണു. ഒരു സെഷൻ കേസ്സിനു ജാമ്യഹർജി വാദം കേട്ടശേഷം സക്കാർ വക്കീൽ തന്നെ ജഡ്ജിയുടെ മുറിയിൽ ചെന്നു കേസ്സിൽ ഏതോ വലിയ ആളുകഠക്കു് താല്പര്യമുണ്ടെന്നും ജാമ്യമുള്ളത്തരവിന്റെ പകർപ്പുകഠം ഉടൻ

[Mr. Joseph Malieckal

വാങ്ങി അയച്ചുകൊടുക്കുവാൻ ആജ്ഞയുണ്ടെന്നും പറഞ്ഞു. ആ പാവപ്പെട്ട ജഡ്ജി അന്നു രാത്രി ഉറങ്ങിയിട്ടില്ല. പഴയകാലത്തു പോലീസ്, സർക്കാർ വക്കീലിന്റെ ആജ്ഞയെ അനുസരിച്ചിരുന്നു. ഇപ്പോഴാകട്ടെ, സർക്കാർ വക്കീൽ ഓരോ സംഗതിക്കും ഇൻസ്പെക്ടരുടെ സമ്മതം ചോദിക്കുന്ന കാഴ്ച വളരെ ദയനീയമാണ്. ഒരു മജിസ്ട്രേട്ട് ഒരു കേസ്സിൽ ജാമ്യം കൊടുക്കരുതെന്നു പോലീസ്സ് മേലധികാരി വീട്ടിൽ ചെന്നു പറഞ്ഞു എന്നുള്ള സംഗതി രേഖപ്പെടുത്തിയതിനു, ഇവിടത്തെ ഒരു ചീഫ് ജസ്റ്റിസ്, കോർട്ടലക്ഷ്യത്തിന് പോലീസധികാരിയെ ശിക്ഷിക്കേണ്ടതിനു പകരം ആ മജിസ്ട്രേട്ടിനെ പിരിച്ചയയ്ക്കാൻ ഉപദേശിക്കയാണ് ചെയ്തത്. ആ ചീഫ് ജസ്റ്റിസിന്റെ മറ്റൊരു നിർദ്ദേശം, കേസ്സു തീർക്കുന്നതിന്റെ എണ്ണം മാത്രം നോക്കിയാൽ മതി. കേസ്സ് ശരിയായി തീർച്ചചെയ്തോ എന്നു നോക്കേണ്ടാ എന്നായിരുന്നു. പഴയ നടപടി ഇപ്പോഴും ഭേദപ്പെട്ടിട്ടില്ലെന്നു ചിലർ പറഞ്ഞുപരത്തുന്നുണ്ട്. കോട്ടയത്തു അതിനൊരു കാരണമുണ്ടായി. ഒരു മജിസ്ട്രേട്ടു ചില കമ്മ്യൂണിസ്റ്റ് പ്രതികൾക്ക് ജാമ്യം കൊടുത്തു. അടുത്തദിവസം തന്നെ അദ്ദേഹത്തെ സ്ഥലം മാററി. അതു് ഗവണ്മെൻറിന്റെ ഒരു കൈകടത്തലാണെന്നു തല്പരകക്ഷികൾ പ്രചരണം നടത്തുന്നുണ്ട്. കഴിഞ്ഞകാലം എങ്ങനെയെല്ലാം ആയിരുന്നെങ്കിലും ജൂഡിഷ്യറിയുടെ സ്വാതന്ത്ര്യത്തിൽ ജനകീയ ഗവണ്മെൻറ് ഒരു നിലയിലും ഇടപെടുന്നതല്ലെന്നുള്ള വിവരം പൊതുജനങ്ങളെ അറിയിക്കുന്നതു് ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം.

MR. S. NILAKANTA AIYAR (*Trivandrum I—General*) : ജൂഡിഷ്യറിയെപ്പററിയും അഡ്മിനിസ്ട്രേഷൻ ആഫ് ജസ്റ്റിസിനെപ്പററിയും രണ്ടു വാക്ക് പറയണമെന്നുണ്ട്. അഡ്വക്കേററ് എന്ന നിലയിൽ എനിക്ക് പല സംഗതികൾ ദിവസേന അനുഭവപ്പെടുന്നുണ്ട്. നമ്മുടെ ജൂഡിഷ്യറി അധഃപതനത്തിലും ശോചനീയാവസ്ഥയിലും എത്തിയിരിക്കുന്നു എന്നുള്ള സംഗതിയിൽ അഭിപ്രായ വ്യത്യാസമില്ലെന്നല്ല അഭിപ്രായൈക്യമാണുള്ളതു്. ഇപ്രകാരം ഒരവസ്ഥയിൽ എത്തുന്നതിനു പല കാരണങ്ങൾ ഉണ്ട്. പ്രധാനമായ കാരണം ജൂഡിഷ്യറിയിലേക്ക് റിക്രൂട്ടുചെയ്യുന്ന നയത്തിന്റെ ന്യൂനതയാണ്. മുൻസിഫന്മാരേയും ജഡ്ജിമാരേയും റിക്രൂട്ടു ചെയ്യുന്ന ഇപ്പോഴത്തെ സമ്പ്രദായം പാടെ മാററണം. എനിക്കു ആദ്യമായി പറയാനുള്ളതു മുൻസിഫന്മാരായി ക്ലാർക്കന്മാരിൽ നിന്നും റിക്രൂട്ടുചെയ്യാൻ പാടില്ലെന്നും അഭിഭാഷകന്മാരിൽ നിന്നു മാത്രമേ റിക്രൂട്ടു

ചെയ്യാൻ പാടുള്ളൂ എന്നാണ്. ക്ലാർക്കുമുൻസിഫന്മാർ സാധാരണ യായി എട്ടുപത്തുവർഷം മുൻസിഫന്മാർ ആയിരുന്ന്, അനേകം കേസ്സുകളെ വിധി ചെയ്തതിന്റെ ശേഷമാണ അ ജോലി പരിചയപ്പെട്ടുന്നത്. അഡ്വക്കേററന്മാരെ നിയമിക്കണമെന്ന പറഞ്ഞാൽ പരിചയമില്ലാത്ത വരെ നിയമിക്കണമെന്നർത്ഥമാകുന്നില്ല. അടുത്തകാലത്ത് മുൻസിഫന്മാരായും ജഡ്ജിമാരായും റിക്രൂട്ട ചെയ്തിട്ടുള്ള പലരും ഒരു കേസ്സും നടത്തിയിട്ടില്ലാത്തവരും ഒരു വക്കാലത്തുപോലും സ്വീകരിച്ചിട്ടില്ലാത്ത വരും ആണ്. അ ഏർപ്പാട പാടെ മാററണം. പത്തുവർഷത്തിൽ കുറയാതെ പ്രാക്ററീസ് ചെയ്തിട്ടുള്ള അഡ്വക്കേററന്മാരെ അല്ലാതെ ആരെയും മുൻസിഫന്മാർ ആക്കാൻ പാടില്ല. ജഡ്ജി സ്ഥാനങ്ങൾക്ക് 8 വർഷം സർവീസ് നിശ്ചയിക്കണം. വയഃക്ലിപ്തം എടുത്തുകളയണം. ജാതിമുറ അനുസരിച്ചല്ലാ ജൂഡിഷ്യറിയിലേയ്ക്കു നിയമനം നടത്തേണ്ടത്. അപ്രകാരം ചെയ്താൽ കേസ്സുകൾ ജാതി അനുസരിച്ച വിധിക്കുന്നതല്ലാതെ ചട്ടമനുസരിച്ചോ ന്യായമനുസരിച്ചോ വിധിക്കുകയില്ല. കാര്യക്ഷമത, ബുദ്ധികൂർമ്മത, നിഷ്പക്ഷപാതിത്വം, സ്വഭാവപരിശുദ്ധി, നിയമപാണ്ഡിത്യം ഇവ മാത്രമല്ലാതെ യാതൊന്നുംതന്നെ ജൂഡിഷ്യറിയിലേയ്ക്കുള്ള റിക്രൂട്ടമെൻറിന്റെ മാനദണ്ഡമാക്കാൻ പാടില്ല. ഞാൻ ഇപ്പോൾ പറഞ്ഞ കാര്യങ്ങൾ എല്ലാം ഡിസ്ക്വാളിഫിക്കേഷനായും ആശ്രിതവാത്സല്യം, ജാതി, ദാരിദ്ര്യം മുതലായ ചില സംഗതികളെ qualification ആയും ആണ് ഗണിച്ചിരിക്കുന്നത്. ഹൈക്കോടതിയിലേയ്ക്ക് ഞാൻ മേൽപ്പറഞ്ഞ സംഗതികളല്ലാതെ വേറെ യാതൊന്നും തന്നെ ഗൗനിക്കാൻ പാടില്ല എന്ന ബലമായി അഭിപ്രായപ്പെടുന്നു. അടുത്തതായി മജിസ്ട്രേട്ടന്മാരുടെ കാര്യമാണ്. മജിസ്ട്രേസിയിലേക്കും ക്രിമിനൽ പ്രാക്ററീസ് ഉള്ള അഡ്വക്കേററന്മാരെ തന്നെ നിയമിക്കണം. അല്ലാതെ ഇപ്പോഴത്തെ സിസ്റ്റം തുടർന്നാൽ ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കാതിരിക്കുകയും നിരപരാധികളെ ശിക്ഷിക്കുകയും ചെയ്യുന്ന നടപടിയും തുടർന്നുകൊണ്ടിരിക്കും. ഇതു രാജ്യത്തിന്ന അപമാനകരവും ജനങ്ങൾക്ക് ഉപദ്രവകരവും സങ്കടകരവും ആകുന്ന എന്ന പ്രത്യേകം പറയേണ്ടതില്ല. വേറെ ഒരു സംഗതിപറയാനുണ്ട്:- ഗവണ്മെൻറു പ്ളീഡറന്മാരേയും പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ററന്മാരേയും കുറിച്ചാണ്. കഴിഞ്ഞകാലങ്ങളിൽ റിക്രൂട്ട ചെയ്ത ഗവണ്മെൻറ് പ്ളീഡറന്മാരുടെ കൊള്ളരുതായ്മയും കെൽപ്പുകേടുംകൊണ്ട് അനേകായിരം

[Mr. S .Nilakanta Aiyar.]

രൂപാ ഗവണ്മെൻറിനു തന്നെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നുള്ളതു എനിക്ക് നേരിട്ടറിയാവുന്ന പരമാർത്ഥമാണ്. ഒരു സ്ഥലത്തെ ലീഡർ ആഫ് ദി ബാറിനെയാണ് ഗവണ്മെൻറു പബ്ലിക്ക് പ്ലീഡറായി നിയമിക്കേണ്ടതു്. ഹൈക്കോർട്ടിലെ ലീഡറിനെ അഡ്വക്കേറ്റ് ജനറൽ, ലീഗൽ റിമെമ്പറൻസർ മുതലായ സ്ഥാനങ്ങളിലും നിയമിക്കേണ്ടതാണ്. പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരായി ജൂനിയർ അഡ്വക്കേറ്റ്സിനെ നിയമിച്ചാൽ വളരെ നന്നായിരിക്കും. അടുത്തതായി പറയാനുള്ളതു് "ഇൻഡിപെൻറൻസ് ആഫ് ദി ജുഡിഷ്യറി"യാണ്. ഇൻഡിപെൻറൻസ് ആഫ് ജുഡിഷ്യറിയാണ് രാജ്യത്തിൻെറ അലങ്കാരം. ഉടനടി അതിലേക്ക വേണ്ട നടപടികൾ ത്വരിതപ്പെടുത്തണം. കീഴ്ക്കോടതികളിലെ കറപ്ഷൻസ് ശമ്പളക്കൂടുതൽ കൊടുക്കാതെ നിറുത്താൻ സാദ്ധ്യമല്ല എന്നുള്ളതു് നിശ്ചയമാണ്.

MRS. DEVAKI GOPIDAS (*Kottayam I—General*): സർ, വെസ്റ്റ് മിനിസ്റ്റർ രീതിയിലുള്ള ഒരു ഭരണത്തെ അനുകരിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ ജുഡിഷ്യറിയെ എക്സിക്യൂട്ടിവിൽ നിന്നും വേർതിരിക്കാതെ എങ്ങിനെ സാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതേ രീതി തന്നെ ബ്രിട്ടനിൽ അനുകരിച്ചുവരികയും എന്നാൽ അതിൻെറ അനാശാസ്യത അവർക്ക് ബോദ്ധ്യപ്പെട്ടതോടുകൂടി ൧൭൦൧-ൽ ആക്റ്റ് ആഫ് സെറ്റിൽമെൻറ് ഉണ്ടാക്കുകയും, അതു നടപ്പിൽവരികയും ചെയ്തു. അതിൻപ്രകാരം പ്രധാന കാര്യങ്ങളിൽ ജുഡിഷ്യറിയെ എക്സിക്യൂട്ടിവിൽ നിന്ന് വേർതിരിക്കയും ചെയ്തു. അതോടുകൂടി ലോകത്തുള്ള മററെല്ലാ രാജ്യങ്ങളെയുംകാൾ ബ്രിട്ടൻ നീതിനിർവ്വഹണത്തിന് പ്രഥമസ്ഥാനം വഹിക്കുന്നു എന്നുള്ളതു് സുവിദിതമാണ്, എക്സിക്യൂട്ടീവും ജുഡിഷ്യറിയും ഒന്നായിരുന്നാൽ അതുകൊണ്ടു പലവിധത്തിലുള്ള സ്വേച്ഛാഭരണത്തിനും ഇടയാകുമെന്നുള്ളതു് കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ നമുക്കു കാണിച്ചുതന്നിട്ടുണ്ട്. ഇതിനു മുമ്പ് സർ സി. പി. യുടെ സ്വേച്ഛാഭരണം നടന്നുകൊണ്ടിരുന്ന കാലത്ത് അദ്ദേഹത്തിനു ഇഷ്ടമുള്ള നിയമങ്ങൾ ഉണ്ടാക്കുകയും, അദ്ദേഹത്തിന് ഇഷ്ടമുള്ള ആളുകളെ നിയമിച്ചു ആ നിയമം പാലിക്കപ്പെടുകയുമാണ് ചെയ്തുകൊണ്ടിരുന്നതു്. അനാശാസ്യമായ അത്തരം അനുകരണം ഇനിയും തുടർന്നുകൊണ്ടുപോകുന്നതു് ഒരു ജനായത്തഗവണ്മെൻറിന് ശോഭനീയമാണെന്ന് എനിക്കു തോന്നുന്നില്ല.

ജുഡിഷ്യറിയിൽ നിന്നും എക്സിക്യൂട്ടീവിനെ വേർതിരിക്കേണ്ടതു എത്രയും ആവശ്യമാണെന്നുള്ളതിനെപ്പററി Montague തൻെറ "The Spirits of the Laws" എന്ന പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

When the Legislative and the Executive powers are united in the same person or in the same body, there can be no liberty because the same man or the same body may make* tyranical laws and execute them tyranically" and also "if the judiciary is joined with legislature the liberty and property of the individual would be exposed to arbitrary control..............and if it were Joined with the executive the Judges might behave with violence and oppression."

അതിനുശേഷം മി. ബ്ളാക്സ്റ്റൻ ഈ തത്വത്തെ വിശദീകരിച്ചുകൊണ്ടു് പറഞ്ഞിട്ടുള്ളതുകൂടി ഞാൻ ഇവിടെ വായിക്കാം.

"In all tyranical Governments the supreme authority or the right both of making and enforcing laws is vested in the same man or in the same body of men and when all these powers are united together there is no public liberty."

എന്നാൽ നമ്മുടെ രാജ്യത്തു് ചില ആഫീസറന്മാർ ജുഡിഷ്യറി കൂടെ വച്ചുകൊണ്ടു് കേസ്സുകൾ തീരുമാനിക്കുന്നുണ്ടു്. ഉദാഹരണമായി ഇൻകംടാക്സ് കമീഷണർ, എക്സൈസ് കമീഷണർ, എക്സൈസ് അസിസ്റ്റൻറ് കമ്മീഷണറന്മാർ, തുടങ്ങിയുള്ളവർ ജുഡിഷ്യറി പവറും വിനിയോഗിച്ചു വരുന്നുണ്ടു്. തന്നിമിത്തം കേസ്സുകൾക്കു് ന്യായമായ തീരുമാനം കിട്ടുകയില്ലെന്നുമാത്രമല്ല പല അഴിമതികൾക്കും ഇടവരുന്നതും ആകുന്നു. നമുക്കു് ഇന്നു ജുഡിഷ്യറി സംബന്ധിച്ചിടത്തോളവും നീതിനിർവഹണം നടത്തേണ്ടതു അത്യന്താപേക്ഷിതമാകയാൽ സത്യസന്ധതയും നിയമജ്ഞാനവും ഉള്ള ആളുകളെ നിയമിക്കേണ്ടതാണ്.

എന്നാൽ ഒരു കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരേണ്ടതായിട്ടുണ്ടു്. അതായതു് ജുഡിഷ്യറിയിൽ സ്ത്രീജനങ്ങൾക്കുള്ള പ്രാതിനിധ്യത്തെപ്പററിയാണ്. ഇന്നു നമ്മുടെ ജുഡിഷ്യറിയിൽ പരീക്ഷായോഗ്യതയും നിയമപരിജ്ഞാനവും ഉള്ള സ്ത്രീകൾക്കു് അവരർഹിക്കുന്ന പ്രോത്സാഹനവും പ്രാതിനിധ്യവും കിട്ടുന്നില്ലെന്നുള്ളതിൽ ഖേദിക്കേണ്ടിയിരിക്കുന്നു. സർ, നീതിനിർവ്വഹണത്തിലും സത്യബോധത്തിലും കൃത്യനിർവ്വഹണത്തിലും സർവോപരി ദാക്ഷിണ്യബുദ്ധിയിലും സ്ത്രീജനങ്ങൾ പുരുഷന്മാരെക്കാൾ മെച്ചമാണെന്നുള്ളതിൽ തർക്കമില്ല. എന്നാൽ നീതിനിർവ്വഹണത്തിനായി യാതൊരു ദാക്ഷിണ്യവും ജുഡിഷ്യറിയിൽ ഉണ്ടാകാൻപാടില്ലെന്നു ഇവിടെ പറഞ്ഞതായി ഞാൻ കേട്ടു. അതു് എല്ലായ്പോഴും ശരിയല്ല.

[Mrs. Devaki Gopidas]

രാഷ്ട്രീയ തടവുകാരായി തിരുവിതാംകൂറിൽ പല സ്ഥലത്തും ഉള്ള ലാക്കപ്പുകളിൽ കിടക്കുന്നവർക്ക് രാത്രികാലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യേണ്ടിവന്നാൽ അവർക്ക് നൽകിയിട്ടുള്ള കുടങ്ങളിൽ സാധിച്ച് നേരം വെളുക്കുന്നതുവരെ അവർ കിടക്കുന്ന സ്ഥലത്ത് സൂക്ഷിക്കേണ്ടിയിരിക്കുന്നു എന്ന്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതും ഞാൻ കേൾക്കയുണ്ടായി. സർ, അത് യഥാർത്ഥം തന്നെ. വിദ്യാഭ്യാസവും സംസ്കാരവുമുള്ള ചെറുപ്പക്കാരെ രാഷ്ട്രീയ കുററങ്ങൾക്ക് ശിക്ഷിക്കുന്നതിനു വേണ്ടി റിമാൻറിൽ കിടത്തുന്ന ഒരു അവസ്ഥയാണ് ഇത്. ഇങ്ങനെയുള്ള അവസരങ്ങളിൽ ലാക്കപ്പുകളിൽ വച്ച് തടവുകാരെ അതികഠിനമായി ദേഹോപദ്രവം ചെയ്യാറുള്ളത് സാധാരണമാണ്. എന്നാൽ ഞാൻ പറയുന്ന ഇങ്ങനെയുള്ള വൃത്തികേടുകളും അക്രമങ്ങളും അതിൻെറ മേൽനോട്ടം സ്ത്രീകൾക്കാണെങ്കിൽ രണ്ടാമത്തെ ദിവസം നടത്താൻ സമ്മതിക്കയില്ല എന്ന്. ഈ ശോചനാവസ്ഥ ഏതു മനുഷ്യഹൃദയത്തെയും സ്തംഭിപ്പിക്കുമെന്നുള്ളത് ഊഹിച്ചാൽ മനസ്സിലാകും. അവിടെയാണ് ദാക്ഷിണ്യം വേണ്ടത്. അവിടെയാണ് മനുഷ്യത്വം വേണ്ടത്. സർ, സാധാരണജനങ്ങളിലും അതിനുപരിയായുള്ള വരിലും ദാക്ഷിണ്യബുദ്ധി കാണിക്കുന്നതിൽ പുരുഷന്മാരെക്കാൾ മെച്ചമാണു സ്ത്രീകൾ. (ഹീയർ, ഹീയർ) അതുകൊണ്ട് ജുഡിഷ്യറിയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ഉണ്ടാകത്തക്കവണ്ണം വേണ്ട വ്യവസ്ഥ ഗവൺമെൻറ് ഉണ്ടാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

HON'BLE MR. A. THANU PILLAI : സർ, കോടതികളെപ്പററി ചില ആക്ഷേപങ്ങൾ ഇവിടെ പറഞ്ഞു. ഈ ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ലെന്നു പറയുവാൻ ഞാൻ തയ്യാറില്ല. പണ്ട് ഞാൻ നിയമസഭയിൽ മെമ്പറായിരുന്ന കാലത്തുതന്നെ ഇതേ ആക്ഷേപങ്ങൾ പറയുകയും കേൾക്കുകയുമുണ്ടായിരുന്നു. അപ്പോഴത്തേതിൽനിന്നും ഇപ്പോൾ ഗണ്യമായ വ്യത്യാസമൊന്നുമില്ല. ലാസ്ഡിലേസ്കമ്മീഷൻെറ നിയമനമൊക്കെ കഴിഞ്ഞിട്ടുണ്ടെങ്കിലും സ്ഥിതിഗതികൾക്ക് മാററം ഒന്നും ഉണ്ടായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. നമുക്ക് പറയാനുള്ളത് ഇപ്പോഴത്തെ ഗവൺമെൻറു കഴിയുന്നതും കാര്യമായി പ്രവർത്തിക്കണമെന്നാണ്. ജുഡിഷ്യറിയിലെ നിയമനത്തെപ്പററി മി. നേശമണിയും മററു പല സ്നേഹിതന്മാരും വളരെ കാര്യമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. യോഗ്യതമാത്രമായിരിക്കണം മാനദണ്ഡമെന്ന് അവർ പറഞ്ഞ അഭിപ്രായം വാസ്തവത്തിൽ ആദരണീയംതന്നെയെന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്നാൽ അതു മാത്രം മാന

ദണ്ഡമാക്കി നിയമനം നടത്താൻ തിരുവിതാംകൂറിൽ കാലമായിട്ടുണ്ടോ എന്നു സംശയമാണ്. അങ്ങനെ കാര്യക്ഷമതമാത്രം നോക്കി നിയമനം നടത്തുന്നതിന് പല പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും കഴിവുള്ളിടത്തോളം അതുതന്നെ മാനദണ്ഡമായി കരുതി നിയമനം നടത്താൻ ഗവണ്മെൻറു ശ്രമിക്കും.

പിന്നെ ഉദ്യോഗസ്ഥന്മാരെ അതായത് ക്ലാർക്കന്മാരെ മജിസ്ട്രേററന്മാരായും മുൻസിപ്പന്മാരായും മററും നിയമിക്കുന്നതിനെപ്പററി ആക്ഷേപങ്ങൾ പലതും ഉണ്ട്. അവയിൽ അടിസ്ഥാനം ഇല്ലാതെയുമില്ല. എന്നാൽ ക്ലാർക്കന്മാരെ മുൻസിഫന്മാരായും മജിസ്ട്രേട്ടന്മാരായും നിയമിക്കുന്ന രീതി പാടേ മാറ്റാമോ എന്ന് ആലോചിക്കണം. ഇപ്പോൾ മജിസ്ട്രേട്ടന്മാരായി നിയമിക്കപ്പെടുന്ന ക്ലാർക്കന്മാർക്ക് ഒരു മാസത്തെ പരിശീലനം നൽകുന്നുണ്ട്. ഇത് ഫലപ്രദമാണോ എന്നുള്ളത് സംശയമായിരിക്കാം. ആ കാര്യത്തിൽ കൂടുതൽ നിഷ്കർഷ കാണിക്കാവുന്നതാണ്.

തെക്കൻതിരുവിതാംകൂറിലെ ഭാഷയേപ്പററി മി. നേശമണി പറഞ്ഞു. ഇന്നലെ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞതുപോലെ തമിഴ്പ്രദേശങ്ങളിൽ തമിഴ് അറിയാവുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണ്.

കോടതി പ്ലീഡേഴ്സിനേപ്പററി പറഞ്ഞു. ഓരോ കോടതികളിലുമുള്ള വക്കീലന്മാരുടെ ഇടയിൽ പ്രഥമസ്ഥാനം അർഹിക്കുന്നവരെ കോടതി പ്ലീഡേഴ്സായി നിയമിക്കേണ്ടതു് ആവശ്യമായിത്തന്നെ വന്നിരിക്കുന്നു. ആ കാര്യത്തിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിപ്പിക്കുന്നതാണു.

പ്രാസിക്യൂട്ടിങ്ങ് ഇൻസ്പെക്ടറന്മാരുടെ സ്ഥാനത്തു് വക്കീലന്മാരെ നിയമിക്കുന്ന കാര്യത്തേപ്പററി ആലോചിക്കുന്നുണ്ട്.

ജുഡിഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള ബന്ധത്തെപ്പററി പല സ്നേഹിതന്മാരും പ്രസ്താവിച്ചു. എനിക്ക് ഒന്നു പ്രസ്താവിക്കാൻ കഴിയും. കഴിഞ്ഞ കാലങ്ങളിൽ എന്തുതന്നെ നടന്നിരുന്നാലും — ആ അഡ്മിനിസ്ട്രേഷനെ ആക്ഷേപിക്കണമെന്നില്ല — മേലാൽ അങ്ങനെ ഉണ്ടാകുന്നതല്ല. ഇക്കാര്യത്തിൽ സംശയത്തിനു യാതൊരവകാശവുമില്ല. പിന്നെ ജുഡിഷ്യറിയും എക്സിക്യൂട്ടീവുമായി ഇന്നു പ്രവർത്തനത്തിൽ പരിപൂർണ്ണ സ്വാതന്ത്ര്യം വരുത്തിയിട്ടില്ല. ഇതു് നല്ലവണ്ണം ആലോചിച്ചു ചെയ്യേണ്ടതാണ്. ഇതിൽ കവിഞ്ഞു് ഈ അവസരത്തിൽ അതിനെക്കുറിച്ചു് ഒന്നും പറയാനില്ല.

MR. ABDUL AZIZ : മജിസ്ട്രേട്ടന്മാർ പോലീസുകാരുടെ കീഴില്ലെന്ന് അവരെ മനസ്സിലാക്കിയാൽ നന്നായിരുന്നു.

HON'BLE MR. A. THANU PILLAI : അതു് അവർക്ക് പറയാതെ തന്നെ അറിയാമല്ലോ?

അടുത്തതായി ഇവിടെ ചീഫ് ജസ്റ്റിസിനെപ്പറ്റി പറഞ്ഞു. അതിനെപ്പറ്റി എനിക്ക് ഒന്നും പറയാനില്ല. ചീഫ് ജസ്റ്റിസിനെപ്പറ്റി അദ്ദേഹത്തിന്റെ അഭാവത്തിൽ ഈ മാതിരിയുള്ള ദോഷാരോപണങ്ങൾ നടത്തുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ചുമതലയേറിയ ഒരു വ്യക്തിയുടെ അഭാവത്തിൽ അദ്ദേഹത്തെപ്പറ്റി ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉപേക്ഷിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇതിൽ കവിഞ്ഞു് ഒന്നും ഇപ്പോൾ ഈ കാര്യത്തെപ്പറ്റി പ്രസ്താവിക്കുന്നില്ല.

പിന്നെ കേസുകൊടുത്താൽ വരുന്ന കാലദൈർഘ്യത്തെപ്പറ്റി പറഞ്ഞു. അതു് അപ്പീലുകൊണ്ടും മററും വരുന്നതാണ്.

MR. P. NANOO (*Chirayinkil II—General*) : ഇതിനിടയിൽ നാലു കൊല്ലം കേസ് കോടതിയിൽ ചത്തുകിടക്കുന്നുവെന്നറിയാമോ?

HON'BLE MR. A. THANU PILLAI : അതു ഒരുപക്ഷേ എതിർപാർട്ടിയുടെ ജോലികൊണ്ടുമായിരിക്കാം.

MR. P. NANOO : അതല്ല ഞാൻ പറയുന്നതു്. മുൻസിഫ് ജഡ്ജ്മെൻറു പ്രസ്താവിച്ചാൽ അതിന്റെ കാപ്പി കിട്ടുന്നതിന് ഒരു രണ്ടു വർഷം, പിന്നെ അപ്പീൽ കൊടുത്താൽ രണ്ടുവർഷം അങ്ങനെ നാലു കൊല്ലം ആക്ഷനില്ലാതെയാണിരിക്കുന്നതു്. അതിനാൽ, ജഡ്ജുമെൻറ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഉടൻതന്നെ അതിന്റെ ടൈപ്പുചെയ്തു കോപ്പി കൊടുക്കാൻ ഏർപ്പാടു ചെയ്യാമോ?

HON'BLE MR. A. THANU PILLAI : അതിനു വേണ്ട ഏർപ്പാടു ചെയ്യാൻ ശ്രമിക്കുന്നതാണു. ഇതു മാത്രമല്ല; പൊതുവേ കേസുകൾക്കു് വിളംബമുണ്ടാകാത്ത വിധത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

MR. P. T. CHACKO : പഞ്ചായത്തുകോടതികളിലേ ജഡ്ജിമാരുടെ നിയമനം പാർവ്വത്യകാരന്മാരുടെ റിപ്പോർട്ടനുസരിച്ചാണ് നടക്കുന്നതെന്നറിയാമോ?

HON'BLE MR. A. THANU PILLAI : പേഷ്കാരന്മാരുടെ റിപ്പോർട്ടാണ് ഗവൺമെൻറിലേക്കു വരുന്നതു്. അവർ ഒരു പക്ഷേ തഹശീൽ

ദാരന്മാരുടെയോ പാർവത്യകാരന്മാരുടെയോ റിപ്പോർട്ടു സ്വീകരിച്ചിട്ടുണ്ടാവാം. എന്തായാലും പാർവത്യകാരന്മാരുടെ റിപ്പോർട്ടിന്റെ ഈ സംഗതിക്ക് ഗണിക്കരുതെന്ന് പ്രത്യേകം ഏർപ്പാടു ചെയ്യാം.

MR. PONNARA G. SREEDHAR : നെടുമങ്ങാട്ട് ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതി അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : നെടുമങ്ങാട്ട് ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി ഇല്ലാത്തതുകൊണ്ട് അവിടെ ആളുകൾക്ക് ദോഷമാണെന്ന് മി. ശ്രീധർ പ്രസ്താവിച്ചു. അദ്ദേഹം ആ സ്ഥലത്തുനിന്നും വരുന്ന ഒരാളാണെന്നുള്ളതുകൊണ്ട്, അതു പരമാർത്ഥമായിരിക്കാം. അതിനെപ്പറ്റി നല്ലവണ്ണം ആലോചിച്ചു തീരുമാനം ചെയ്യാം. ഉടൻതന്നെ ഏർപ്പെടുത്താമെന്ന് പറയാൻ നിവൃത്തിയില്ല. കാരണം, ഇതു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടും ഹൈക്കോടതിയോടും ആലോചിച്ചു ചെയ്യേണ്ട ഒരു കാര്യമാണ്.

MR. D. GNANASIGAMONI (*Kalkulam II—General*) : Will the Government be prepared to issue a statement that the Executive will not hereafter interfere with the Judiciary ?

HON'BLE MR. A. THANU PILLAI : അങ്ങനെയില്ലെന്ന അടിസ്ഥാനത്തിന്മേലാണ് ഞാൻ സംസാരിക്കുന്നത്...

MR. PAUL A. THALIAT : ഞാൻ ശ്രദ്ധയിൽ പെടുത്തിയ, ഹൈക്കോടതി അക്രമം കാണിച്ചു എന്നുള്ള സംഗതിയെക്കുറിച്ച് എന്തന്വേഷണം നടത്തി എന്നു പറയാമോ?

HON'BLE MR. A. THANU PILLAI : വേണ്ടതു ചെയ്യാമെന്നുള്ളതിൽ കവിഞ്ഞ് മറ്റൊന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. PRESIDENT : മി. തളിയത്ത് അവതരിപ്പിച്ച ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

MR. PAUL A. THALIYATH : പിൻവലിക്കാൻ സഭയുടെ അനുവാദം ആവശ്യപ്പെടുന്നു.

MR. PRESIDENT : സഭ അനുവാദം നല്കിയതായി ഞാൻ വിശ്വസിക്കുന്നു.

The motion was, by leave, withdrawn.

The question that a sum of Rs. 26,53,729 be granted under Demand IX—Administration of Justice—was put and carried. The grant was made.

DEMAND X—JAILS.

HON'BLE MR. A. THANU PILLAI: Sir, I move for a grant of Rs. 4,14.139 under Demand X—Jails,

MR. PRESIDENT : ടോട്ടൽ കട്ടിനായിട്ടുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ മി. പി. എം. വറുഗീസിനെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

MR. P. M. VARGHESE: Sir, I move to reduce the total allotment of Rs. 4,14,139 for Jails by Rs. 10 to discuss on certain aspects of the Jail policy.

ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് എനിക്ക് പ്രത്യേകമായി പറയാനുള്ളത് തിരുവിതാംകൂറിലെ ലാക്കപ്പുകളെപ്പററിയാണ്. രണ്ടു പ്രാവശ്യം ഞാൻ തൊടുപുഴ ലോക്കപ്പിൽ കയറി കിടന്നു. അന്നു എന്റെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു സ്നേഹിതൻ മി. ആർ. വി. തോമസ്സാണ്. അവിടെ ആദ്യമായി പോയ ഉടൻതന്നെ, അവിടത്തെ ശുചിത്വത്തെപ്പററി ഒരു റസല്യൂഷൻ ഞങ്ങൾ രണ്ടുപേരുംകൂടി പാസാക്കിയിട്ടാണ് അവിടെ താമസിച്ചത്. കിടക്കുന്ന മുറിയുടെ മുകളിൽനിന്നും മഴവെള്ളം ഒലിച്ചുകൊണ്ടിരുന്നു. അവിടെ രാത്രി കഴിച്ചുകൂട്ടുന്ന കാര്യം...എനിക്ക് ഒന്നും പറയാൻ അറിഞ്ഞുകൂടാ—ഏതായാലും ജയിലുകളിൽ നാം അടയ്ക്കുന്നത് മനുഷ്യരെയാണെന്നുള്ള വിചാരം നമുക്കുണ്ടാകണം. അവരെ കൊല്ലാനാണെങ്കിൽ ഉടൻ കൊന്നുകൊള്ളണം. അവർ ശിക്ഷാർഹരാണെന്നു കണ്ടാൽ ഉടൻ ശിക്ഷിക്കണം. ഇന്ന് ഈ രാജ്യത്തെ നടപ്പനുസരിച്ച് ഏതെങ്കിലും ഒരു കക്ഷിയെ സംബന്ധിച്ച് ഒരു ഹർജി ഒരു വിരോധി കൊണ്ടുപോയി കൊടുത്താൽ മതി തക്കതായ ശുപാർശയുണ്ടെങ്കിൽ അവനെ ലാക്കപ്പിൽ കേററി വേണ്ട പ്രഹരം നടത്തിക്കഴിഞ്ഞു. ഈ നടപടി ഈ രാജ്യത്തു സകല ലാക്കപ്പുകളിലുമുണ്ടെന്നാണ് എന്റെ അറിവ്. അതു നിറുത്തണമെന്ന് ഞാൻ ആദ്യമേ തന്നെ പറയാം. പക്ഷേ ലാക്കപ്പിൽ കുറേപ്പേരെ അടയ്ക്കുകതന്നെ വേണം. അങ്ങനെ അടയ്ക്കുന്ന സ്ഥിതിക്കു അത്യാവശ്യം വേണ്ട സൌകര്യങ്ങൾകൂടി ഉണ്ടാക്കികൊടുക്കണം.

HON'BLE MR. A. THANU PILLAI : ലാക്കപ്പ് ഈ ഡിമാൻറിൽ വരുന്നതല്ല.

MR. P. M. VARGHESE : ലാക്കപ്പിൽ നിന്നുമാണല്ലോ ജയിലിലേയ്ക്കു പോകുന്നത്.

MR. PRESIDENT : ഇതു് അഡ്മിനിസ്ട്രേഷൻ ആഫ് ജയിൽസ് ആണ്. അതിനാൽ ഇപ്പോൾ സെൻട്രൽ ജയിലിനെപ്പറ്റിയുള്ള അഭിപ്രായങ്ങളേ പുറപ്പെടുവിക്കാവൂ.

HON'BLE MR. A. THANU PILLAI : ഈ ബഡ്ജറ്റ് അനുസരിച്ചേ പോകാൻ സാധിക്കുകയുള്ളു. ഈ ഡിമാൻറിൽ ആവശ്യപ്പെട്ടിട്ടുള്ള നാലുലക്ഷത്തിൽ ചിലതാനം രൂപാ സെൻട്രൽജയിലിലേയ്ക്കു വേണ്ടിയുള്ളതാണ്. അതിനാൽ ലാക്കപ്പു കാര്യങ്ങൾ ഇതിൽ ഉൾപ്പെടുകയില്ല.

MR. P. K. KUNJU (*Karunagapally II—Muslim*) : പോലീസ് ഡിമാൻറു വരുമ്പോൾ പോലീസിൻെറ കാര്യങ്ങൾ വിശദമാക്കാമല്ലൊ.

MR. PONNARA G. SREEDHAR : സബ് ജയിലിനെപ്പറ്റിയുള്ള കാര്യങ്ങൾ സെൻട്രൽ ജയിൽ ഡിമാൻറിൽ പറയാമോ?

HON'BLE MR. A. THANU PILLAI ; സബ്ജയിൽ സെഷൻകോടതിയുടെ കീഴാണ്.

MR. P. M. VARGHESE : ലാക്കപ്പിൽനിന്നുമാണല്ലോ ജയിലിലേയ്ക്കു പോകുന്നതു്?

HON'BLE MR. A. THANU PILLAI : അങ്ങനെ നോക്കുമ്പോൾ വീട്ടിൽനിന്നുമാണല്ലോ ലാക്കപ്പിലേയ്ക്കു പോകുന്നതു്.

MR P. M. VARGHESE : ഏതായാലും തുടങ്ങിയതു് അവസാനിപ്പിക്കാം. സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെ ഭരണം നടത്തിയ കാലത്തു് ലാക്കപ്പിലും ജയിലിലെപ്പോലെയുള്ള സൗകര്യങ്ങൾ വരുത്താമെന്നു പറഞ്ഞിട്ടുണ്ടു്. അതു ചെയ്യണമെന്നാണ് എൻെറ അഭ്യർത്ഥന.

MR. P. T. CHACKO : ജയിലിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം സെൻട്രൽപ്രിസണിന് ആണ്. ഇതിലേക്കുവേണ്ടി ൨൦ പേരിൽ കൂടുതൽ കട്ട്മോഷൻ അയച്ചിട്ടില്ല.

MR. PRESIDENT : മെമ്പർക്കു സംസാരിക്കണമെങ്കിൽ അതിനനുവദിക്കാം.

MR. P. T. CHACKO : സർ, സെൻട്രൽജയിലിനെപ്പറ്റി വളരെയധികം പറയാനുള്ളതുകൊണ്ടു് ഞാൻ രണ്ടുമൂന്നു കട്ട്മോഷൻ അയച്ചിട്ടുണ്ടു്. എന്നാൽ അതിനു മൊത്തത്തിലുള്ള സമയം കിട്ടുകയില്ലെന്നു വിശ്വസിക്കുന്നു. എങ്കിലും ഉള്ള സമയംകൊണ്ടു് വളരെ പ്രധാനപ്പെട്ട

[Mr. P. T. Chacko.]

രണ്ടുമൂന്നു കാര്യങ്ങൾ ബഹു: ഗവണ്മെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഈ സഭയിൽ ഉള്ളവരിൽ ചിലർതന്നെ അന്യായത്തു് ജയിലിൽ നാലഞ്ചുതവണ കയറിയിറങ്ങിയവർ, അവിടെ ഇരുന്ന അവസരത്തിൽ അവിടത്തെ വാർഡർമാർക്കു ശമ്പളം കൂട്ടിക്കൊടുക്കാമെന്നു പല വാഗ്ദാനങ്ങളും ചെയ്തു വന്നിട്ടുള്ളവരാണു്. ആ കൂട്ടത്തിൽ ഇവിടെ ഇരിക്കുന്ന മന്ത്രിമാരും ഉൾപ്പെടും. ജയിൽ വാർഡർമാരെപ്പോലെ ഇത്ര അവശത അനുഭവിക്കുന്ന ചെറിയ വിഭാഗം ഉദ്യോഗസ്ഥന്മാർ വേറെയില്ല. ഇങ്ങനെ അവർ വളരെ അവശത അനുഭവിക്കുന്നു എന്നു പറഞ്ഞതിനാണു ഒരു തവണ എന്നെ ശിക്ഷിച്ചതു്. ഞാൻ തുടർച്ചയായി അവിടെ കിടന്നിട്ടുള്ളതിനാൽ ചില കാര്യങ്ങൾ എനിക്കറിയാൻ സാധിച്ചിട്ടുണ്ടു്. ഉച്ചയ്ക്കു് ചോറുകൊണ്ടുവരുന്നതു് വാരി അവരുടെ തൊപ്പിയിൽ വച്ചു് പുറത്തുകൊണ്ടുപോകുന്നതുപോലും കണ്ടിട്ടുണ്ടു്. ഈ ചോറുവാരി തൊപ്പിയിൽവച്ചു പുറത്തു കൊണ്ടുപോകത്തക്കവണ്ണം അത്ര കഷ്ടപ്പാടാണു് അവർ അനുഭവിക്കുന്നതു്. അതു തുച്ഛമായ ശമ്പളത്തിൽ കൂടുതൽ ജോലി നിർവഹിക്കുന്നവരാണു് അവർ. കൈക്കൂലിയെപ്പററി പറയുകയാണെങ്കിൽ രാഷ്ട്രീയത്തടവുകാർ ഇല്ലാത്ത അവസരത്തിൽ അവർക്കു ഒന്നും കിട്ടുകയില്ല. അവർ അനുഭവിക്കുന്ന കഷ്ടതകൾ ബഹു: ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടേണ്ടതാണു്.

മറെറാന്നുള്ളതു കൊല്ലത്തിലുള്ള സെല്ലിൻെറ റിഫോംസിനെപ്പററിയാണു്. അതും ഇവിടെയിരിക്കുന്ന മന്ത്രിമാർക്കു് നല്ലവണ്ണം അറിവുള്ളതാണു്. ജയിലിൽ വിദ്യാഭ്യാസം നൽകുന്ന കാര്യം വളരെ മോശമാണു്. ജയിലിലയയ്ക്കുന്നതു തന്നെ മനുഷ്യൻെറ സ്വഭാവത്തെ ഒന്നു സംസ്കരിക്കാനാണെന്നു് ഒരു മതമുണ്ടു്. അതു ശരിയാണെങ്കിൽ ഇവിടത്തെ ജയിലിൽ പോയാൽ അങ്ങനെ ഒരു സംസ്കാരം ഉണ്ടാകുകയില്ല. ഒരു മോഷ്ടാവു ജയിലിൽപോയാൽ അവിടെ മോഷണത്തെപ്പററി തമ്മിൽ പറഞ്ഞുപഠിച്ചു് പുറത്തു വന്നു് വീണ്ടും അവൻ മോഷ്ടിക്കുകയാണു് ചെയ്യുന്നതു്. അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനുവേണ്ടി അവിടെ അദ്ധ്യാപകനുണ്ടു്. അയാൾ കാലത്തു പതിനഞ്ചുമിനിട്ടും വൈകുന്നേരം പതിനഞ്ചുമിനിട്ടും അവിടെ വരും. ൨൦ വയസ്സു കഴിഞ്ഞവരെയാണു അവിടെ പഠിപ്പിക്കുന്നതു്. അവിടത്തെ അക്ഷരാഭ്യാസരീതിയെപ്പററി പറയണമെന്നു വിചാരിക്കുന്നില്ല. അവിടെ എന്തെങ്കിലും പഠിപ്പിക്കുന്നതായി കേട്ടിട്ടില്ല. ഞാൻ ൯ മാസം അവിടെ കിടന്നിട്ടു് ഒന്നും

അറിയാൻ സാധിച്ചിട്ടില്ല. കള്ളപ്പുള്ളുവിന്റെ കഥപോലെ ചില കഥാപുസ്തകങ്ങളുണ്ട്. ആ കഥ വായിച്ചുകേൾപ്പിച്ചു ചെയ്യുന്ന പ്രയോജനങ്ങളല്ലാതെ വേറെ ഒന്നും അവിടെ ചെയ്യുന്നില്ല. അതിനാൽ അവിടെയുള്ള പുള്ളികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണ്.

പിന്നെ ഭക്ഷണസാധനത്തിന്റെ കാര്യമാണ്. ജയിലിലേയ്ക്കു വരുന്ന ഭക്ഷണസാധനങ്ങൾ അതേപടി കിട്ടുകയാണെങ്കിൽ വലിയ കുഴപ്പമൊന്നുമില്ല. യഥാർത്ഥത്തിൽ ജയിലിൽ മൊത്തത്തിൽ കൊടുക്കേണ്ട ഭക്ഷണസാധനത്തിന്റെ ഒരംശമാണ് അവിടെ കിട്ടുന്നുള്ളൂ. അതു് തൂക്കത്തിൽ മാത്രമല്ല ക്വാളിറ്റിയിലും ക്വാണ്ടിറ്റിയിലും കുറവായിരിക്കും. അവിടെ കിട്ടുന്ന തൈരാണെങ്കിൽ മുക്കാൽഭാഗവും പൈപ്പിലെ വെള്ളമാണ്. കഠിനതടവുകാർക്കു മത്സ്യം കൊടുക്കുന്ന പതിവുണ്ട്. അതു കണ്ടാൽ ഛർദ്ദിക്കും. അത്ര ചീത്തയാണ്. സർ, ഇവിടെ മീൻ പിടിക്കാൻ കപ്പൽ ഉണ്ട്. ധാരാളം നല്ല മീൻ പിടിക്കാൻ സാധിക്കും. അതിനാൽ നല്ല മത്സ്യം അവർക്കു കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യണം. അവിടെ മാംസം കൊടുക്കുന്നുണ്ട്. മാംസം ഉപയോഗിക്കാത്തവർക്കു പയറു കൊടുക്കും. എന്നാൽ ആ പയർ ഉപയോഗിച്ചാൽ അതിൽ മാംസം ഉണ്ട്. തറയിൽ വച്ചാൽ ഓടുന്ന പയറാണു അവിടെ കൊടുക്കുന്നതു്. ചെള്ളും, പുഴുവും, എല്ലാം ആ പയറിനകത്തു കാണും. അത്ര മോശമാണു അവിടെ കൊടുക്കുന്ന പയറു. മുൻപ് അവിടെ നല്ല അരി കൊടുത്തുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അവിടത്തെ ആവശ്യത്തിനു കൊടുക്കുന്ന അരിയും വളരെ മോശമാണു.

ഇനി അവിടത്തെ രോഗികളുടെ അവസ്ഥയാണെങ്കിൽ വളരെ കഷ്ടമാണ്. രോഗികളായ ജയിൽപുള്ളികൾ എല്ലാവരും ഒന്നായിട്ടാണ് അവിടത്തെ ആശുപത്രിയിൽ പോകുന്നതു്. ഒരു ദിവസം ഇവർ എല്ലാവരും ഒന്നായി അവിടെ ചെന്നപ്പോൾ ഡാക്ടർ കമ്പൗണ്ടരോട് പറയുകയാണ് എല്ലാവർക്കും ഓരോ ഡോസ് കാർമിനേറ്റീവ് മിക്സ്ചർ കൊടുക്കണം എന്നു. ഇതു് ഞാൻ കേട്ടതാണ്. സുഖക്കേട് എന്തായാലും ഒരു മരുന്നാണു എല്ലാവർക്കും കൊടുക്കുന്നതു്. വയറുകടി ആയാലും ശരി, പനി ആയാലും ശരി, എന്താണെന്നു നോക്കുന്ന പതിവില്ല. എന്തു രോഗമായാലും ഒരു മരുന്ന്. ഒരിക്കൽ ഒരാളിനു സുഖക്കേടു കുറെ കൂടുതലായി അവിടെ ചെന്നു. ഡാക്ടറുടെ അടുത്തു ചെന്നപ്പോൾ

[Mr. P, T. Chacko.]

ഡാക്ടർ പറഞ്ഞതു് ജോലിചെയ്യാനുള്ള മടികൊണ്ടു് ടെസ്റ്റിനുവേണ്ടിയാണു് സുഖക്കേടെന്നു പറഞ്ഞു് വന്നിരിക്കുന്നതു എന്നാണു്. സുഖക്കേടൊന്നുമില്ല പൊയ്ക്കൊള്ളുക എന്നു ഡാക്ടർ പറഞ്ഞു. ഡാക്ടർ ഒരു ടെസ്റ്റു് ചെയ്യുകപോലും ചെയ്തില്ല. സുഖക്കേടുകാരൻ അയാളുടെ സെല്ലിൽ പോയി കിടന്നു. പിറ്റെ ദിവസം കാലത്തു അയാൾ ചത്തുകിടക്കുന്നു. അപ്പുറമുള്ളവർ കൂടി വെളിയിലെടുക്കുകയും ചെയ്തു. ഇതാണു അവിടത്തെ രോഗികളുടെ സ്ഥിതി. ഇതിനുമുമ്പു ജയിൽപുള്ളികൾ മിക്കവാറും മോഷ്ടാക്കളായിരുന്നു. ഇപ്പോൾ പല തരത്തിലുള്ള ആളുകളും അവിടെയുണ്ടു്. അവർ ജയിൽ പുള്ളികളാണെങ്കിലും മനുഷ്യരാണു്. അതിനാൽ അവരെയും നന്നാക്കണമെന്നുള്ളതാണു് നമ്മുടെ ഉദ്ദേശമെന്നു ആത്മാർത്ഥമായി വിശ്വസിച്ചു് ബഹു: മന്ത്രിമാരിൽ ആരെങ്കിലും ഒരാൾവച്ചു് ആഴ്ചതോറും അവരുടെ പോയി കാര്യങ്ങൾ അന്വേഷിക്കണം എന്നാണു് ഞാൻ പറയുന്നതു്.

അവിടത്തെ വാർഡർമാരുടെ കാര്യം പറയുമ്പോൾ ഒരു കാര്യം എനിക്കു ഓർമ്മ വരുന്നു. ഒരു ദിവസം അവിടത്തെ ജയിലരും ഡെപ്യൂട്ടി ജയിലരും കാൺകെ പൂജപ്പുര മൈതാനത്തു് മി. ജി. രാമചന്ദ്രനും, മി. കെ. പി. നീലകണ്ഠപ്പിള്ളയും പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ കാണുന്നതിനുവേണ്ടി ഞങ്ങൾ ഒരു നാഷണൽ ഫ്ളാഗ്ഗു് ഉയർത്തി. അതു് അവിടത്തെ ഉദ്യോഗസ്ഥന്മാർ കണ്ടു. എന്തിനു്, ഒടുവിൽ അവിടത്തെ നാലു വാർഡർമാരെയാണു ശിക്ഷിച്ചതു്. ഇങ്ങനെ യാതൊരു രക്ഷയുമില്ലാത്ത വാർഡർമാരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണു് എനിക്കു ബഹു: ഗവൺമെന്റിനോടു പറയാനുള്ളതു്.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*): I would like to make a few observations regarding the employment of prisoners who are in the jails. I should point out that there are, on an average, about 800 prisoners throughout the year in jails out of which nearly 400 prisoners only are now employed. If the balance of 400 are also employed, I should think the jail would be a productive source. These prisoners could be sent to various Departments of Government where labour would be found necessary. In this connection I should like to point out to the House that in jails outside India, say, for instance, Siam and Malaya, where I had the opportunity of seeing prisoners working in jails and out of doors, they are tied up by chains sufficiently long enough to allow them to walk. One sentry would be watching about 30 to 40 prisoners working alongside the road doing all sorts of road maintenance and other constructive works. I should think if this programme is adopted in our jails, by allowing these 400 people to work at the average rate

of 8 hours a day, we gain 3,200 man-hours and that will be a considerable amount gained by Government and thus, the Jail Department could be turned into a more productive item rather than an expendable one.

MR. A. K. PATCHU PILLAI: (*Peermade—General*): അവരെ ചങ്ങലയിട്ടു റോഡിൽ കൂടി കൊണ്ടുപോയി ജോലിചെയ്യിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായം?

MR. K. RAMACHANDRAN: I am not talking about political prisoners. Those prisoners who are subjected to long terms of imprisonment in the jail have to work hard in the jail. If we don't put them on the roads for work, I should think they can be sent out to various Departments of Government where gardening etc. is being done. For instance, in this Huzur Cutcherry there are about 20 to 25 people attending to gardening. Similarly in the Museum.

MR. PONNARA G. SREEDHAR: അപ്പോൾ ഇവിടെ ഫയലുകളൊന്നും കാണാതെ വരും.

MR. K. RAMACHANDRAN: I do not think they would be stealing files and important documents of the State. Prisoners will always be made to work under an efficient Police Guard. (bell) Sir, Another thing I would point out is the desirability of giving adequate educational facilities, better amenities and medical aid for the prisoners and as the Hon'ble member Mr. P. T. Chacko has pointed out, juveniles should also come under this scheme and eradication of illiteracy amongst them ought to form an important point for engaging the attention of Government. Visual education, magic lantern and films would do them a lot of good.

MR. PRESIDENT: ഈ സഭ ഇപ്പോൾ പിരിയുന്നതും ആഗസ്റ്റ് ൧൬-ാം തിങ്കളാഴ്ച രാവിലെ ൮ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned at 5 P. M.

R. KERALAVARMA THIRUMULPAD,
Ag. Secretary to the Legislative Assembly.

PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION

VOL. II—No. 10.

Monday the 16th August 1948|32nd Karkadagom 1123.

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Monday the 16th August 1948/32nd Karkadagom 1123, the President (the Hon'ble Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

Mr. P. M. VARGHESE (*Thodupuzha II—General*) : സർ, ചോദ്യോത്തരങ്ങൾ തുടങ്ങുന്നതിനുമുൻപു എനിക്കു് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായുണ്ടു്. ഇവിടെ എല്ലാ മെമ്പറന്മാരും ചോദ്യങ്ങൾ അയച്ചിട്ടുണ്ടെങ്കിലും ചിലരുടെ ചോദ്യങ്ങൾക്കുമാത്രമാണു് മറുപടി പറഞ്ഞിട്ടുള്ളതു്. ഇതു സംബന്ധിച്ചു് ഇതിനുമുൻപുതന്നെ പല മെമ്പറന്മാരും ഈ സഭയിൽ പരാതി പറഞ്ഞിട്ടുണ്ടു്. ഇപ്പോഴും ഉത്തരം പറയുന്ന രീതി കണ്ടാൽ, ചിലരുടെ ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവൺമെന്റു തയ്യാറില്ല എന്നു തോന്നിപ്പോകും. ചിലർ അയച്ച ചോദ്യങ്ങൾക്കു എല്ലാറ്റിനും ഉത്തരം പറഞ്ഞുകഴിഞ്ഞു. ഇനി അവർക്കു ഉത്തരം പറയേണ്ടതായി ഒരു ചോദ്യവും ശേഷിക്കുന്നില്ല. എന്നാൽ മററുള്ളവർ അയച്ചിട്ടുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനു പോലും ഉത്തരം പറയാതെയുമുണ്ടു്. ഇവിടെ ബഡ്ജററു വിമർശനം നടന്നസന്ദർഭത്തിൽ എത്രാനംപേർക്കു പ്രസംഗിക്കുവാൻ അവസരം കിട്ടി, ചിലർക്കു കിട്ടിയില്ല. എന്നാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടപ്പോൾ എങ്കിലും പ്രസംഗിക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്തവർക്കു കൂടുതൽ പരിഗണന ലഭിക്കുമെന്നു വിചാരിച്ചു. അപ്പോഴും,

[Mr. P. M. Varghese]

വിശേഷിച്ചും ജനറൽ അഡ്മിനിസ്ട്രേഷനെപ്പററിയുള്ള ഖണ്ഡനോപക്ഷേപം ചർച്ചചെയ്ത അവസരത്തിലും, മുൻപു പ്രസംഗിക്കുവാൻ അവസരം കിട്ടിയിരുന്നവർക്കാണ് വീണ്ടും അവസരം ലഭിച്ചതു്. ഇതെല്ലാം കൂടി നോക്കുമ്പോൾ ഇങ്ങനെയുള്ള കാര്യത്തിൽ എന്തോ ഒരു തരം തിരിപ്പു കാണിക്കുന്നില്ലേ എന്നു തോന്നിപ്പോകുന്നു.

MR. PRESIDENT : ആർഡർ, ആർഡർ. പ്രസിഡൻറു തരം തിരിവായി പ്രവർത്തിച്ചു എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

MR. P. M. VARGHESE : പ്രസിഡൻറു അതു ചെയ്തു എന്നു ഞാൻ പറയുന്നില്ല. എൻെറ പ്രധാനമായ ആക്ഷേപം ചോദ്യങ്ങൾക്കുള്ള ഉത്തരം പറയുന്നതിനെ സംബന്ധിച്ചാണു്.

MR. PRESIDENT : ഇതു സംബന്ധിച്ചു ഞാൻ ഇതിനുമുൻപും പറഞ്ഞിട്ടുണ്ടു്. ഉത്തരങ്ങൾ കിട്ടിയിട്ടുള്ള ചോദ്യങ്ങൾ എല്ലാം അജൻറായിൽ ചേർത്തിട്ടുണ്ടു്. അതിൽ കവിഞ്ഞൊന്നും എനിക്കു അതിനെപ്പററി പറയുവാനില്ല.

കട്ട്മോഷനെ സംബന്ധിച്ചാണെങ്കിൽ ഓരോ ഗ്രൂപ്പിനും കട്ട്മോഷൻ അയച്ചിട്ടുള്ളവരുടെ പേരുകൾ ഇവിടെ വിളിക്കാതിരുന്നിട്ടുണ്ടു്. ഈ സഭയുടെ അഭിപ്രായമനുസരിച്ചാണ് അങ്ങനെ ചെയ്തിട്ടുള്ളതു്. ടോട്ടൽ കട്മോഷൻ പര്യാലോചനയ്ക്കു എടുത്താൽ മതിയാകുമെന്നു സഭ അഭിപ്രായപ്പെട്ടതനുസരിച്ചു് അതിനാവശ്യപ്പെട്ടിട്ടുള്ള മെമ്പറന്മാരുടെ പേരുകൾ ആദ്യം വിളിക്കുകയും, അതുകഴിഞ്ഞു് മററുള്ളവർക്കുകൂടി സംസാരിക്കുവാൻ സമയം കൊടുക്കുകയും ചെയ്തിട്ടുണ്ടു്. ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചുള്ള കട്ട്മോഷൻ വന്നപ്പോൾ, തമിഴനാടു കോൺഗ്രസുപാർട്ടിയുടെയും, മുസ്ലീംലീഗുപാർട്ടിയുടെയും അപേക്ഷയനുസരിച്ചു് അവർക്കു ആദ്യം സമയം കൊടുത്തു. പാർലമെൻററി പ്രാക്ടീസു, പ്രതിപക്ഷകക്ഷികൾക്കു് മുൻഗണന കൊടുക്കുക എന്നുള്ളതാണു. ചോദിക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം പറയേണ്ട ചുമതല മന്ത്രിമാർക്കുള്ളതാണ്. അവർ ഉത്തരം പറഞ്ഞില്ലെങ്കിൽ അവരെ നിർബന്ധിക്കാൻ എനിക്കവകാശമില്ല. മേലാൽ ചോദ്യങ്ങൾക്കു ഏതെങ്കിലും ഒരു രീതി സ്വീകരിച്ചു് അതിൻപ്രകാരം ഒരു ലിസ്റ്റ് തയ്യാറാക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. ഉത്തരം പറഞ്ഞില്ലെങ്കിൽ ആ വിവരം സഭയെ അറിയിക്കാം. ഇതിനെപ്പററി ഇതിൽകൂടുതലായി എനിക്കൊന്നും പറയുവാനില്ല.

MR. P. T. CHACKO (*Kottayam II—General*) : സർ, എനിക്ക് മറെറാരു പോയിൻറ് ഓഫ് ഓർഡറുണ്ട്. അതു ഈ വിഷയത്തെ സംബന്ധിച്ചാണെങ്കിലും കാര്യം അതല്ല. ചോദ്യങ്ങളം അയച്ചിട്ടുള്ളതു തന്നെ അനുസരിച്ച് ഉത്തരം പറയേണ്ട തീയതികൂടി കാണിച്ചുകൊണ്ടാണ. എന്നാൽ ആ തീയതിക്ക് ഉത്തരം പറയുന്നില്ല. അതേ ചോദ്യംതന്നെ മറെറാരു ദിവസത്തേക്കു മാററി ഉത്തരം പറയുന്നു. അങ്ങനെ മറെറാരു ദിവസത്തേക്കു മാററണമെങ്കിൽ അതിനു പ്രത്യേകം നോട്ടീസു വേണമെന്നാണു വ്യവസ്ഥ. ഇന്നു ഉത്തരം പറയാൻ വച്ചിരിക്കുന്ന ആദ്യത്തെ ചോദ്യംതന്നെ ൨൦-ാമത്തെ ചോദ്യമാണ്. ആ ചോദ്യം ൨൧-൧൨-൧൧൨൩-ൽ ഉത്തരം പറയേണ്ട ചോദ്യമാണ്. അന്നു ഉത്തരം നൽകാതെ ഇന്നത്തേക്കു ഉത്തരം പറഞ്ഞിരിക്കുന്നു. അങ്ങനെ മാററണമെങ്കിൽ പ്രത്യേകം നോട്ടീസു വേണമെന്നാണു തോന്നുന്നതു്. മാത്രമല്ല, ൩൨-൧൨-൧൧൨൩-ൽ ഉത്തരം പറയണമെന്നു കാണിച്ചു് അയച്ചിട്ടുള്ള ചോദ്യങ്ങളും ധാരാളമുണ്ട്. ആ ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ ൨൧-൧൨-൧൧൨൩-ൽ ഉത്തരം നൽകണമെന്നു കാണിച്ചു് അയച്ചിട്ടുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയുന്നതു് ഓർഡറിലാണോ എന്നു അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതു സംബന്ധിച്ച് May's Parliamentary Practice-ൽ കാണുന്നതു് നോട്ടീസു അയച്ചിരിക്കുന്ന തീയതികളിൽ തന്നെ ഉത്തരം പറയണമെന്നും, ആ തീയതി മാറേറണ്ടതായുണ്ടെങ്കിൽ അതിന് പ്രസിഡൻറിൻെറ അനുവാദം വാങ്ങിച്ചിരിക്കണമെന്നുമാണ്.

MR. K. A. MATHEW (*Thiruvalla IV—General*) : അങ്ങനെ പ്രസിഡൻറിൻെറ അനുവാദം വാങ്ങിച്ചിട്ടുണ്ടോ?

MR. PRESIDENT : ഇല്ല.

MR. P. T CHACKO : അതുകൊണ്ടു ഇന്നത്തേയ്ക്കു് വച്ചിരിക്കുന്ന ചോദ്യങ്ങൾക്കല്ലേ ഇപ്പോൾ ഉത്തരം പറയേണ്ടതു്?

MR. PRESIDENT : സാധാരണ പതിവ്, ഇതായതുകൊണ്ടു ഇപ്പോൾ അജൻറായിൽ ചേർത്തിട്ടുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയാം.

തോട്ടപ്പള്ളി തടിപ്പാലം.

324. MR. MOHAMED MUSTAFA (*Pathanapuram--Muslim Reserved*). താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

[Mr. Mohamed Mustafa.]

എ. തോട്ടപ്പള്ളി തടിപ്പാലത്തിന് ഗവണ്മെൻറിന് എന്തു തുക ചെലവായിട്ടുണ്ട്?

ബി. ഇപ്പോൾ എത്ര കൊല്ലമായി പണി തീർന്നിട്ട്?

സി. പാലത്തിൻെറ ഇന്നത്തെ സ്ഥിതി അപകടകരമാണെന്നറിയാമോ?

ഡി. ടി പാലം പൊളിച്ചു നന്നാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN: (a) Rs. 51,460.

(b) Nine years.

(c) It is not quite safe for loaded vehieles and as such all loaded vehicles have now to unload at the bridge.

(d) There is no proposal at present to reconstruct the bridge. An estimate for temporarily strengthening the bridge is being scrutinised and the work will be taken up soon and the bridge rendered safe for loaded traffic.

MR. MOHAMMED MUSTAFA: ഈ പാലം പണിയുന്നതിന് ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥനാരാണ്?

HON'BLE MR. A. ATCHUTHAN: പാലം ഡവലപ്പുമെൻറു വകുപ്പിൽ നിന്നാണു പണിയിച്ചിട്ടുള്ളത്. പി. ഡബ്ളിയു. ഡി. യിൽ നിന്നല്ല.

MR. M. MOHAMMED MUSTAFA: ഇത്രകൊല്ലത്തേക്ക് ഈ പാലം ഉപയോഗപ്രദമായിരിക്കുമെന്ന് വല്ല ഉറപ്പും കിട്ടിയിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN: അതേപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. KANNARA GOPALA PANICKER (*Thiruvalla II—General*); തോട്ടപ്പള്ളിപ്പാലം ഒരു പ്രത്യേക ഉദ്യോഗസ്ഥൻെറ നിർദ്ദേശപ്രകാരം ആരു ആളിനെ സഹായിക്കുവാൻവേണ്ടി ഉണ്ടാക്കപ്പെട്ടതാണെന്നു ഗവണ്മെൻറിനറിയാമോ?

MR. PRERSIDENT: എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. ഉപചോദ്യങ്ങൾ ചോദിക്കുമ്പോൾ ചില നിയന്ത്രണങ്ങൾ വേണമെന്നുണ്ട്. അതു സംബന്ധിച്ച് റൂളിൽ പറയുന്നത് ഇങ്ങനെയാണ്. "Questions which are purely local matters dealing with individual cases should, as a rule, be put down for written answers." That is, ലോക്കലായ സംഗതികളെ സംബന്ധിച്ചും വ്യക്തിപരമായ ആരോപണങ്ങളോടുകൂടിയുമുള്ള ഉപചോദ്യങ്ങൾ കഴിവുള്ളിടത്തോളം കുറയ്ക്കേണ്ടതാണ്.

MR. KANNARA GOPALA PANICKER : തോട്ടപ്പള്ളിയിൽ ഇനിയും തടിയിൽ പാലം പണിയിക്കണമെന്ന ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN : അതു ഗവണ്മെൻറിൻെറ ആലോചനയിലില്ല.

MR. EAPPEN ARACKAL (*Ambalapuzha I—Latin Catholic*) : തോട്ടപ്പള്ളിപ്പാലം ഈ നിലയിൽ കിടക്കുന്നതുകൊണ്ട് യാത്രക്കാൎക്ക് അവിടെ ഇറങ്ങേണ്ടതായി വരുന്നുവെന്നും, അങ്ങനെ അവൎക്ക വളരെ അസൗകൎയ്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നും ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : കുറച്ചു അസൗകൎയ്യങ്ങൾ ഉണ്ടെന്നറിയാം.

MR. JOSEPH MALIACKEL (*Thodupuzha I—General*) : സർ, ഒരു പോയിൻറു ആഫ് ആർഡർ. റിട്ടൺ ആൻസേഴ്സിൽ ലോക്കൽ നീഡ്സിനെപ്പററി ചോദ്യങ്ങൾ ചോദിക്കുന്നകാൎയ്യം ഇപ്പോൾ അങ്ങു പറഞ്ഞു. In the House of Commons, there is provision for three varities of questions.

MR. PRESIDENT : അതിന് പോയിൻറു ആഫ് ആർഡറിൻെറ ആവശ്യമില്ല. ലോക്കൽ മാറേറഴ്സിനെപ്പററി സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കേണ്ട ആവശ്യമില്ലെന്നു പറഞ്ഞുവെന്നേയുള്ളു.

പത്തനാപുരത്ത് ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ട ആവശ്യം.

325. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) പത്തനാപുരത്ത് ഒരു ഗവണ്മെൻറു ഡിസ്പെൻസറി സ്ഥാപിച്ചു കിട്ടണമെന്ന് ഗവണ്മെൻറിലേക്ക് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

(ബി) അതിന്മേൽ ഗവണ്മെൻറു് എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പ്രസ്താവിക്കാമോ?

(സി) പത്തനാപുരത്തുനിന്നും പത്തു മൈൽ അകലെ മാത്രമെ വേറെ ഡിസ്പെൻസറികൾ ഉള്ളുവെന്നും തൻമൂലം സ്ഥലവാസികൾ ഇതരത്തിലായ വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുമുള്ളതു ഗവണ്മെൻറു് ഗ്രഹിച്ചിട്ടുണ്ടോ?

HON'BLE MR. G RAMACHANDRAN : എ. ഉണ്ട്. പത്തനാപുരം താലൂക്കിൽ, തലവൂർ എന്ന സ്ഥലത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെപ്പറ്റി അപേക്ഷ ലഭിച്ചിട്ടുണ്ട്.

ബി. അന്വേഷണത്തിനുശേഷം അവിടെ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്ന് ഗവമെൻറു തീരുമാനിച്ചു.

സി. പത്തനാപുരത്തുനിന്നും കൊട്ടാരക്കര ഡിസ്പെൻസറിയിലേക്ക് അഞ്ചുമൈലും പു[illegible]ലൂർ ഡിസ്പെൻസറിയിലേക്ക് ഏഴു മൈലും മാത്രമേ ദൂരമുള്ളു.

Co-Partnership of labour with capital.

326. MR. P. T. CHACKO: Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government have considered any scheme by which the principle of co-partnership of labour with capital could be actually brought into practice in the case of Government owned industries; and

(*b*) whether the Government are prepared to give opportunities to the workers to acquire some share in the control of the business of such industries?

HON'BLE MR. T. M. VARGHESE: (*a*) No.

(*b*) This is a question of major policy which will receive due consideration.

MR. P. T. CHACKO: പാശ്ചാത്യ രാജ്യങ്ങളിൽ ഇൻഡസ്ട്രിയൽ കൺസേൺസ് തത്വമനുസരിച്ചു അങ്ങനെ നടത്തുന്നുണ്ടെന്നുള്ള വിവരം ഗവമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR T. M. VARGHESE: ഇല്ല.

MR. PRESIDENT: ഇതു സംബന്ധിച്ച് ഒരു ബിൽ കൊണ്ടുവരുവാൻ ആലോചിക്കുന്നതുകൊണ്ടു കൂടുതൽ ഉപചോദ്യങ്ങളുടെ ആവശ്യമില്ല.

Admission in the University College

327. MR. P. S. MOHAMMED (*Moovattupuzha I—Muslim*): Will the Honourable Minister for Education be pleased to state the following:

(*a*) the number of students admitted in the University College;

(*b*) the number of Muslims among them: and

(*c*) the number of Muslim students who applied for admission.

HON'BLE MR. T. M. VARGHESE യൂണിവേഴ്സിററികാളേജിൽ പ്രവേശനം നൽകിയിട്ടുള്ള സ്റ്റുഡൻസിൻെറ എണ്ണം ൬൬൭, അതിൽ മുസ്ലിങ്ങൾ ൫൨, പ്രവേശനത്തിനു അപേക്ഷിച്ചിട്ടുള്ള മുസ്ലീം വിദ്യാർത്ഥികളുടെ എണ്ണം ൫൯.

Mohammedan School at Alleppey.

328. MR. P. S. MOHAMMED: Will the Hon'ble Minister for Education be pleased to state:

(*a*) whether the Leganathul Mohammedan Association sent representations to the authorities for the change of the name of the Mohammedan School at Alleppey;

(*b*) if so, please state the reply, if any, given to them; and

(*c*) whether there is any connection between Alleppey English Mohammedan School and the census?

HON'BLE MR. T. M. VARGHESE: (*a*) Yes.

(*b*) The reply given to the Association by Government is as follows:—"The request in resolution No. (2) to change the word "Mohammedans" as "Muslims" in the name of E. H. S. for Mohammedans, Alleppey will be considered along with the next census.

(*c*) There can be no objection to change the name if that is the sense of the Community.

MR T. A. ABDULLA (*Ambalapuzha I—Muslim*). ഈ മറുപടി ഇപ്പോഴത്തെ ഗവണ്മെൻറാണോ അയച്ചതു്; മുൻപിലത്തെ ഗവണ്മെൻറാണോ?

HON'BLE MR. T. M. VARGHESE: മുൻപിലത്തെ ഗവണ്മെൻറാണു മറുപടി അയച്ചതു്. എന്നാൽ അതിൻെറ ഉത്തരവാദിത്വം ഈ ഗവണ്മെൻറുതന്നെ ഏറെറടുക്കേണ്ടതാണു്.

Trade Commissioner in London.

329. MR. V. K. VARGHESE (*Pathanamthitta III—General*): Will the Hon'ble Minister for Commerce be pleased to state:

(*a*) whether the Travancore State has appointed a Trade Commissioner in London;

(*b*) if so, who is that officer;

(*c*) what are his functions and duties;

(*d*) what is his remuneration;

(*e*) how long has his appointment been in existence; and

(*f*) what has such Trade Commissioner done so far?

HON'BLE MR. T. M. VARGHESE: (*a*) Yes. There was a Trade Commissioner in London for the Travancore Government till February 1948.

(*b*) The officer so appointed was Mr. T. V. A. Iswaran.

(*c*) His functions and duties were:

i. To carry on publicity work in respect of the State's industrial, agricultural and other products.

ii. To take steps to expand the export trade of the State in the United Kingdom and other countries.

iii. To act as an agent for the State in respect of the purchase of machinery, stores, etc.

[Hon'ble Mr. T. M. Varghese]

(*d*) His remuneration was Bh. Rs. 2,000 per mensem free of income-tax.

(*e*) His appointment was on 3rd September 1946 and it continued till the 16th February 1948.

(*f*) The Trade Commissioner for Travancore in London had :—

i. Made periodical publicity to the political and other events of this State.

ii. Carried on publicity work in respect of this State's Agricultural, Forest and Industrial products.

iii. Furnished information regarding the prices of Mineral sands of this country in U. K. and U. S. A., and

iv. Made enquiries for increasing the import of coir goods into U. K.

MR. V. K. VARGHESE : തിരുവിതാംകൂറിലെ ആവശ്യത്തിനായി മീൻകപ്പലുകൾ കൊണ്ടുവരുന്നതു സംബന്ധിച്ചുള്ള ജോലികൾകൂടി ഈ ട്രെയിഡ് കമ്മീഷണർക്കു ഉണ്ടായിരുന്നോ?

HON'BLE MR. T. M. VARGHESE : മീൻകപ്പലിന്റെ കാര്യമൊന്നും മി. ഈശ്വരനു ഉണ്ടായിരുന്നില്ല.

MR. T. A. ABDULLA : തിരുവിതാംകൂർ ഗവണ്മെന്റിനെക്കൂടാതെ മറ്റെതെങ്കിലും ഗവണ്മെന്റുകളെക്കൂടി ഈ ഉദ്യോഗസ്ഥൻ സേവിച്ചിട്ടുണ്ടോ? മൈസൂർ ഗവണ്മെന്റിന്റെ ജോലികൾകൂടി അദ്ദേഹം നിർവ്വഹിച്ചിരുന്നതായി കേട്ടിട്ടുണ്ട്.

HON'BLE MR. T. M. VARGHESE : ഞാനും അതു കേട്ടിട്ടുണ്ട്. എന്നാൽ ഫയലിൽ അതു കണ്ടില്ല.

MR. P. T. CHACKO: അദ്ദേഹം തിരുവിതാംകൂറുകാരനാണോ?

HON'BLE MR. T. M. VARGHESE : അല്ല.

MR. V. O. MARKOSE (*Kottayam III—General*) : അമേരിക്കയിൽ ഒരു ട്രെയിഡ് ഏജൻസി ഉണ്ടായാൽ കൊള്ളാമെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അമേരിക്കയിൽ ഒരു ട്രെയിഡ് ഏജൻസി വേണമോ, വേണ്ടയോ എന്നുള്ളതു് ആലോചിച്ചുവരുന്നു.

MR. K. R. ELANKATH (*Trivandrum IV—General*) : രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു എന്നു പറയുന്നു. ആ പ്രവൃത്തി ഈ രാജ്യത്തിനു ഗുണകരമാണോ, അതോ എതിരാണോ?

HON'BLE MR. T. M. VARGHESE : എതിരാണെന്നു പറയാൻ നിവൃത്തിയില്ല. ഗുണകരമാണെന്നു റിപ്പോർട്ടുകൊണ്ടു കാണാനും കഴിഞ്ഞിട്ടില്ല.

MR. V. GANGADHARAN NAIR (*Quilon III—General*): വാണിജ്യസംബന്ധമായി അദ്ദേഹം ചെയ്തിട്ടുള്ള പ്രവർത്തനംകൊണ്ടു രാജ്യത്തിനുവല്ല ഗുണവും ഉണ്ടായിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: റിക്കാർഡുകൾ നോക്കിയതിൽ എന്തെങ്കിലും ഗുണകരമായി ചെയ്തതായി കണ്ടില്ല.

MR. V. GANGADHARAN NAIR: ആ നിലയ്ക്കു ആ ഉദ്യോഗം നിറുത്തൽ ചെയ്യുന്നതല്ലേ നല്ലതു്?

HON'BLE MR. T. M. VARGHESE: നിറുത്തൽ ചെയ്തിരിക്കുകയാണു്. രണ്ടുകൊല്ലത്തെ കരാറിൻപേരിലായിരുന്നു അദ്ദേഹത്തെ നിയമിച്ചിരുന്നതു്. ഒന്നര വർഷം കഴിഞ്ഞപ്പോൾ ആ ഉദ്യോഗം നിറുത്തൽ ചെയ്തു.

MR. KANNARA GOPALA PANICKER: ട്രേഡ് കമ്മീഷണറുടെ ഹെഡ്ക്വാർട്ടേഴ്സ് എവിടെയാണു്?

HON'BLE MR. T. M. VARGHESE: ഇംഗ്ലണ്ടിൽ.

MR. KANNARA GOPALA PANICKER: എപ്പോഴെങ്കിലും അദ്ദേഹം ഇംഗ്ലണ്ടിൽ പോയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: അദ്ദേഹം ഇംഗ്ലണ്ടിലാണു താമസിച്ചിരുന്നതു്. അവിടെ വാടക കൊടുത്തിട്ടുണ്ടു്. അദ്ദേഹം അനുവാദം കൂടാതെ ഇംഗ്ലണ്ടു വിട്ടതിനു് നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

MR. K. R. ELANKATH: മൈസൂർ ഗവൺമെൻറു് അദ്ദേഹത്തിനു് എന്തു ശമ്പളം കൊടുത്തിരുന്നുവെന്നറിയാമോ?

HON'BLE MR T. M. VARGHESE: അറിഞ്ഞുകൂടാ.

<u>ഇഞ്ചിനീയറിംഗു കാളേജുപ്രവേശനം.</u>

330. **MR. V. MADHAVAN** (*Vaikam II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇഞ്ചിനീയറിംഗ് കാളേജിൽ ഡിഗ്രികോഴ്സിനു പ്രവേശനം ലഭിക്കുവാൻ, ഏററവും കുറഞ്ഞ പരീക്ഷായോഗ്യത എന്താണു്?

(ബി) പ്രവേശനം നൽകുന്നതിനുവേണ്ടി കാളേജു അധികൃതർ എന്തെങ്കിലും എഴുത്തു പരീക്ഷ (written examination) നടത്താറുണ്ടോ?

(സി) ഉണ്ടെങ്കിൽ എന്തു വിഷയങ്ങളിലാണു്.

(ഡി) ഇതിലേക്കു് വാങ്മൂലമായി വല്ല പരീക്ഷയും നടത്താറുണ്ടോ?

(ഇ) ഉണ്ടെങ്കിൽ വാങ്മൂലപരീക്ഷയ്ക്കു് ആകെയുള്ളതിന്റെ എത്ര ശതമാനം മാർക്കാണു മാററിവച്ചിട്ടുള്ളതു്?

HON'BLE MR. T. M. VARGHESE: (a) Intermediate or University Previous Examination.

(b) Yes.

(c) Three written papers.

(i) English including general knowledge and essay.

(ii) Mathematics.

(iii) Drawing in freehand and simple geometrical exercises.

(d) Yes

(e) 20% of the total, i. e. 100 out of 500.

MR V. MADHAVAN: റാങ്ക്മൂലപരീക്ഷ നടത്തുന്ന രീതിയെപ്പറ്റി പൊതുജനങ്ങളുടെ ഇടയിൽ അസംതൃപ്തിയുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE: ആക്ഷേപമുള്ളതായി ചിലർ പറഞ്ഞിട്ടുള്ള അറിവു ഗവൺമെൻറിലുൾപ്പെട്ട ഈ മന്ത്രിക്കറിയാം.

MR N. KUNJURAMAN (*Chirayinkil IV—General*): അതിൻെറ പരീക്ഷകന്മാരാരാണ്?

HON'BLE MR. T. M. VARGHESE: കാളേജിലെ പ്രിൻസിപ്പാളും, രണ്ടു പ്രൊഫസറന്മാരും, കൂടാതെ ചീഫ് എൻജിനിയർ, എലക്ട്രിക്കൽ എൻജിനീയർ, യൂണിവേഴ്സിററി രജിസ്റ്റ്രാർ ഇവരുമാണ്.

MR S. KUTTAN (*Neyyattinkara I—General*): പരീക്ഷ കഴിഞ്ഞാൽ റിസൾട്ടു പബ്ലിഷ് ചെയ്യുന്ന പതിവില്ലേ?

HON'BLE MR. T. M. VARGHESE: റിസൾട്ടു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി കണ്ടിട്ടില്ല. എന്നാൽ അതു പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

MR. K. R. ELANKATH: ഈ എക്സാമിനേഷൻ ബോർഡിൽ ഈ വകുപ്പിൻെറ പ്രാതിനിധ്യംവഹിക്കുന്ന മന്ത്രികൂടി ഉണ്ടായിരിക്കുന്നതു നല്ലതാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: അതേപ്പററി ആലോചിച്ചിട്ടില്ല. നല്ലതാണെങ്കിൽ ഉണ്ടായിരിക്കുന്നതിൽ വിരോധമില്ല. എന്നാൽ സാരമായ പ്രാധാന്യം അൽപംകുറവുള്ള ഈ കാര്യത്തിൽ മന്ത്രി ശ്രദ്ധിക്കേണ്ടതുണ്ടോ എന്നു സംശയിക്കുന്നു.

വൈക്കം ബോട്ടുജട്ടിറോഡ്.

331. MR. V. MADHAVAN: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ?

(എ) വൈക്കം പടിഞ്ഞാറെ നടയിൽ ജട്ടിറോഡിൻെറ ഇരുവശങ്ങളിലും കായൽവരെ ഓടകെട്ടിയിട്ടുണ്ടോ?

(ബി) പടിഞ്ഞാറെ നടയിൽ പെയ്ത്തുവെള്ളം ഒഴുകിപ്പോകാൻ നിവൃത്തിയില്ലാത്തതുകൊണ്ട ജട്ടിറോഡിനും ആ റോഡിൽനിന്ന വടക്കോട്ടുപോകുന്ന കനാലറോഡിനും കേടുസംഭവിക്കുന്നുണ്ടോ?

(സി) ജട്ടിറോഡിൽ ഓടകെട്ടി കനാൽവരെ എത്തിക്കേണ്ടയാവശ്യം വൈക്കം മുൻസിപ്പൽകൗൺസിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN: (a) No.

(b) No.
(c) Yes.
(d) Yes.

West Coast Fisheries in Travancore.

332. MISS ANNIE MASCARENE (*Trivandrum I—Latin Catholic*): Will the Hon'ble Minister for Industries be pleased to state:

(*a*) what are the services rendered by the West Coast Fisheries in Travancore;

(*b*) who supplies them with capital;

(*c*) what are their income and expenditure;

(*d*) will the Government be pleased to give the details of their expenditure;

(*e*) has the Government any scheme for developing fisheries in Travancore; and

(*f*) has any step been taken for the purpose?

HON'BLE MR. T. M. VARGHESE: (*a*) The programme of the company includes deep sea fishing, fish preservation and fish distribution. But at present the company is not in a position to render any services since it has not started regular operations.

(*b*) The capital of the company is made up of subscribed shares. The Government have taken shares to the value of Rs. 5,00,000. The remaining Rs. 20,00,000 was subscribed by the public.

(*c*) Since the company has not yet commenced operations it has not started earning income. The expenditure up to date is Rs. 26,87,245-14-6.

(*d*)

	Details of expenditure.	Bh. Rs.	as.	ps.
i.	Fishing fleet and accessories ...	3,82,269	14	6
ii.	Fishing gears and equipment ...	3,81,841	8	7
iii.	Advances for Cold Storage, ice manufacturing machinery and building materials ...	2,91,466	0	1
iv.	Transport vehicles, stores, etc. ...	92,399	13	2

[Hon'ble Mr. T. M. Varghese.]

v.	Investment in Government securities	...	10,14,663	12	0
vi.	Preliminary expenses and brokerage	...	56,837	10	7
vii.	Cash in hand and with banks	...	2,76,313	8	5
viii.	Establishment charges	...	1,92,053	11	2

(e) Yes.

(f) Yes.

MISS. ANNIE MASCARENE: വെസ്റ്റ്കോസ്റ്റ് ഫിഷറീസ് കമ്പനി ഇതുവരെ അന്യനാട്ടുകളിലേക്കു മീൻ പിടിച്ചു അയച്ചിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : മീൻ പിടിച്ചിട്ടുള്ളതുതന്നെ വളരെ ചുരുക്കമാണ്. അതുകൊണ്ടു അന്യസ്ഥലങ്ങളിലേക്കു അയച്ചിട്ടില്ല. ശാസ്ത്രീയമായ പരിചയമുള്ളവരെക്കൊണ്ടു മീൻ പിടിത്തജ്ജോലിയിൽ ഈ കമ്പനി ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതേയുള്ളൂ.

MISS ANNIE MASCARENE : ഇവിടെയുള്ള കടലോരവാസികളെ ആ ജോലിക്കു ഉൾപ്പെടുത്തുന്നില്ല എന്നറിയാമോ ?

HON'BLE MR. T. M. VARGHESE : ഉൾപ്പെടുത്തുന്നുണ്ടെന്നാണ് ഗവൺമെൻറിൻെറ അറിവ്.

മിഡിൽസ്ക്കൂളിലെ ഫീസ്.

333. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടിപറയുമോ ?

(എ) മിഡിൽസ്ക്കൂളിലെ ഫീസു ൫൦ ശതമാനം കുറവുചെയ്തതുകൊണ്ടു പ്രൈവറ്റ് മിഡിൽസ്ക്കൂളുകൾ ഫീസു പിരിവുകൊണ്ടു നടത്തിക്കൊണ്ടുപോകുവാൻ പ്രയാസമാണെന്നു ഗവൺമെൻറിനറിയാമോ ?

(ബി) ഇതേസംബന്ധിച്ച് പ്രൈവറ്റു മിഡിൽസ്ക്കൂൾ അധികൃതർ ഗവൺമെൻറിലേക്കു നിവേദനം സമർപ്പിച്ചിട്ടുണ്ടോ ?

(സി) ഗവൺമെൻറ് ഈ കാര്യത്തിൽ എന്തു പരിഹാരം നൽകുവാനാണു വിചാരിക്കുന്നത് ?

HON'BLE MR. T. M. VARGHESE : (a) No. The reduction of fees may be causing financial strain to the managements.

(b) Yes.

(c) The question of enhancement of fees in Middle schools is under consideration of Government

MR. K. A. MATHEW : ഇതിന്റെ തീരുമാനം എന്നത്തേക്കുണ്ടാകുമെന്നു പറയാമോ ?

HON'BLE MR. T. M. VARGHESE : കൃത്യമായി പറയുവാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗത്തിൽ തീരുമാനിക്കാം.

Paddy control.

334. MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): Will the Hon'ble Minister for Food, answer the following questions.

1. Why should paddy be compulsorily procured from the Agriculturists through the Pakuthy Proverthicars in surplus areas such as Nanjinad and Kuttanad and again be distributed in such areas through the ration shops?

2. Whether there is any idea to decontrol the areas where paddy is in surplus?

3. If so, when will it come into force?

HON'BLE MR. K. M. KORAH: 1. Under the system of statutory rationing now in force throughout the State, Government have to supply a specified quantity of foodgrains as ration to all non-producers and to those whose paddy income is not sufficient to meet their whole demand. For this purpose the surplus paddy with each producer has to be acquired by Government. The surplus, thus acquired is distributed through ration shops, to meet the needs of the population depending on ration.

2 & 3. The question of introducing decontrol and derationing of foodgrains in certain paddy producing taluks of the State is under the consideration of Government.

Village Union, Kottully.

335. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Honourable Minister for Self Government be pleased to state:

(*a*) whether the Government are aware of the fact that the Village Union at Kottully is the first of its kind in the Parur taluk; and

(*b*) if the answer is in the affirmative will they be pleased to state why it is not converted into a Village Uplift Centre in spite of the deplorable absence of roads, bridges, culverts, fresh water wells and lighting in this important locality?

HON'BLE MR. G. RAMACHANDRAN: (*a*) Yes.

(*b*) The answer is somewhat difficult because the question is, why it is not converted into a Village Uplift Centre. Generally a Village Union is not converted into a Village Uplift Centre. Having said that, I would answer the question by saying that Village Uplift Centres are selected by the Division Sub-committies of the Village Uplift Advisory Board, and the selection is finally ratified by the Village Uplift Department and the Government The Kottayam Division Sub-committee has not selected Kottully for starting a Village Uplift Centre.

Examiners in the Education Department.

336. MR. ALEXANDER VAKAYIL: Will the Honourable Minister for Education be pleased to state:

(*a*) the principle followed in the appointment of Chief and Assistant Examiners for all Examinations conducted by the Education Department; and

(*b*) who makes these appointments?

HON'BLE MR. T. M. VARGHESE: (എ) പരീക്ഷായോഗ്യത, കാര്യക്ഷമത സർവ്വീസ് മുതലായവയെ പരിഗണിച്ചാണ് അസിസ്റ്റൻറ് എക്സാമിനറന്മാരായിട്ടും ചീഫ് എക്സാമിനരായിട്ടും മററും നിയമിക്കുന്നത്.

(ബി) ഈ നിയമനങ്ങൾ നടത്തുന്നത് ഡയറക്ടരാണ്.

MR. ALEXANDER VAKAYIL: ഇതിന് വല്ല റൂളും നിലവിലിരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: ഇവരുടെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം റൂളൊന്നും ഇല്ലെന്നാണ് തോന്നുന്നത്.

MR. ALEXANDER VAKAYIL: എത്ര കൊല്ലമാണ് ഈ നിയമനങ്ങളുടെ കാലാവധി?

HON'BLE MR. T. M. VARGHESE: കാലാവധി മൂന്നു വർഷത്തേക്കാണെന്നു തോന്നുന്നു. ചിലപ്പോൾ അതിനു വ്യത്യാസവും വന്നേക്കാം.

MR. P. T. CHACKO: I rise to a point of order. The same question was answered once on the floor of this House during this Session. I want a ruling whether the same question should be answered twice in this Session. The same question was asked by another Hon'ble Member and was answered.

MR. PRESIDENT: ഈ മാതിരിയുള്ള സംഗതികൾക്ക് വേണ്ടിയാണ് ഞാൻ റൂളിൽ ഭേദഗതി വരുത്തണമെന്നു പറഞ്ഞത്. അതു ഞാൻ ഇതിനു മുമ്പു പല തവണയും പറഞ്ഞിട്ടുള്ളതാണ്. സഭാംഗങ്ങൾ അതിനുവേണ്ടി ഉള്ള അഭിപ്രായങ്ങൾ പറയാത്തതുകൊണ്ടാണ് ഈ രീതി തുടരുന്നത്.

English High School, Parur.

337. MR. E. K. MADHAVAN (*Parur I—General*): Will the Honourable Minister for Education be pleased to state:

(*a*) the accommodation available in the English High School, Parur; and

(*b*) the number of students in each division of the various classes and the number of girl students amongst them?

HON'BLE MR. T. M. VARGHESE: (*a*) There is accommodation for 771 pupils in three buildings (main building, eastern shed and

western shed). As the accommodation available is insufficient for the present strength, the Drill shed which can accommodate 130 pupils and tiffin shed which can accommodate 70 pupils are also used for holding classes.

(*b*) A statement furnishing the information is given belw:

Form with division.		*Total No. of pupils.*	*No. of girls.*
VI	A		10
	B	32	...
	C	38	14
V	A	38	12
	B	29	6
	C	36	...
	D	29	15
IV	A	44	44
	B	44	...
	C	44	...
	D	44	...
	E	42	13
III	A	40	36
	B	41	...
	C	40	...
	D	40	...
II	A	36	33
	B	43	...
	C	41	...
	D	46	...
I	A	32	27
	B	39	...
	C	39	...
	D	39	...
	E	40	...
		974	210

MR. E. K. MADHAVAN: ആകെയുള്ള പെൺകുട്ടികളെത്രയെന്നും ആൺകുട്ടികളെത്രയെന്നും പ്രസ്താവിക്കുവാൻ ദയവുണ്ടാകുമോ?

HON'BLE MR. T. M. VARGHESE: ആൺകുട്ടികൾ ൭൬൪, പെൺകുട്ടികൾ ൨൧൦.

MR. E. K. MADHAVAN: പെൺകുട്ടികളെ അവിടെനിന്നും മാറ്റുന്നതായാൽ ആൺകുട്ടികൾക്കു കുറേക്കൂടി സൌകര്യം ഉണ്ടാകുകയില്ലേ?

HON'BLE MR. T. M. VARGHESE: ആൺകുട്ടികളേയും പെൺകുട്ടികളേയും ഒരുമിച്ചു പഠിപ്പിക്കുന്നതു സ്ഥലത്തിന്റെ കുറവുകൊണ്ടാണ്. എന്നാൽ പെൺകുട്ടികളെ പ്രത്യേകം ഒരു സ്കൂളിലേക്കു മാറ്റുന്ന കാര്യത്തെപ്പറ്റി ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

Transport of tapioca.

338. MR. E. K. MADHAVAN: Will the Honourable Minister for Excise be pleased to state the quantity of tapioca brought to Parur as per permit from Changanacherry during the years 1121, 1122 and 1123, through the water route?

HON'BLE MR. K. M. KORAH: ൧൧൨൧-ൽ ൪൨൬ കണ്ടി ൧൧൨൨-ൽ ൭൧൭ കണ്ടി, ൧൧൨൩-ൽ ൨൪൭൨ കണ്ടി.

MR. E. K. MADHAVAN: ൧൧൨൩-ൽ ഇത്ര അധികം മരച്ചീനി കൊണ്ടുപോയതിന്റെ കാരണം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. K. M. KORAH: കാരണം ഞാൻ അന്വേഷിച്ചിട്ടില്ല. പറവൂർ തഹശീൽദാരുടെ റിപ്പോർട്ടിൽ നിന്നും കാണുന്ന കണക്കാണു് ഞാൻ മേൽ ഉദ്ധരിച്ചതു്.

Stock of paddy seeds.

339. MR. P. V. URUMESE THARAKAN (*Shertallai I—General*): Will the Honourable Minister for Food be pleased to state:

(*a*) what exactly is the quantity of seeds per para of field that is allowed to be stocked by a paddy cultivator in Shertallai taluk;

(*b*) are the Government aware that in many fields, especially in Karinilams of Thuravur and Aroor pakuthies, the agriculturists had to sow a second time due to the first sowing having been destroyed by heavy rains and consequent floods this year;

(*c*) are the Government aware that for want of adequate quantities of seeds with them the agriculturists in Shertallai taluk were put to untold hardship and the cultivation suffered considerable damage;

(*d*) will the Government be pleased to consider the desirability of allowing the cultivators to keep sufficient quantity of seeds with them to be used in times of such emergencies.

HON'BLE MR. K. M. KORAH: (*a*) One para of seed is allowed except for Karinilams. For Karinilams 5 edangalies of seed paddy is allowed for one para of paddy field.

(*b*) Yes

(*c*) No information.

(*d*) The quantity of seed now allowed to cultivators is sufficient and there is no necessity to revise the rate.

MR. P. V. URUMESE THARAKAN: ഒരു പറ നിലം വിതയ്ക്കുന്നതിനു വേണ്ടി അഞ്ചിടങ്ങഴി വിത്തുകൊണ്ടു് മതിയാകയില്ല എന്നു് ഗവണ്മെന്റിനറിയാമോ ?

HON'BLE MR. K. M. KORAH: കരിനിലത്തിലാണെങ്കിൽ പറയ്ക്കു് അഞ്ചുവീതം മതിയെന്നാണു എനിക്കു തോന്നുന്നതു്. മററു നിലങ്ങൾക്കു് പറയ്ക്കൊന്നുവീതം കണക്കാക്കിയാണു വിത്തു് വിതയ്ക്കുന്നതു്.

Inspector of Police, Vilavancode.

340. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*) : Will the Honourable Minister for Police be pleased to state:

(*a*) the number of complaints received by Government against the Inspector of Police, Vilavancode;

(*b*) whether any action has been taken on such complaints; and

(*c*) if not, why not?

HON'BLE MR. A. THANU PILLAI : (*a*) Six.

(*b*) Yes. They were enquired into and found to be frivolous; and

(*c*) Does not arise in view of the answer to part (b).

MR. R. CHELLASWAMI NADAR : May I know where he is posted now ?

HON'BLE MR. A. THANU PILLAI : I am not quite sure. I claim notice.

MR. A. NESAMONY : (*Vilavancode—S. I. U. C.*) May I know who enquired into the petitions against him ?

HON'BLE MR. A. THANU PILLAI : The D. S. P.

Madras Colleges.

341. MR. P. S. MOHAMMED : Will the Hon'ble Minister for Education be pleased to state whether the Government are aware that by rules, the admission of state students were denied in the Madras Colleges ?

HON'BLE MR. T. M. VARGHESE : No.

Division Market Committees.

342. MR. PAUL THALIATH (*Parur III—General*) : Will the Honourable Minister for Revenue be pleased to state :

(*a*) whether Division Market Committees are still functioning in all the Revenue Divisions;

(*b*) if the answer to (a) is in the affirmative whether any meeting of the Kottayam Division Committee was held this year and if so the dates of each meeting held;

(*c*) whether this Committee had recommended any public works for the improvement of the public market in Varapuzha Pakuthi;

(*d*) whether any amount had been allotted for such works in 1122 and 1123 respectively;

(*e*) if the answer to (d) is in the affirmative the amount so allotted in each year; and

(*f*) the amount spent in these years respectively ?

HON'BLE MR. C. KESAVAN : (എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ൧൧൨൨-ലേക്ക് മാത്രം തുക അനുവദിച്ചിട്ടുണ്ടായിരുന്നു.

(ഇ) ൧൧൨൩-ൽ ൨൩൩൩ രൂപ അനുവദിച്ചു.

(എഫ്) ഒന്നുമില്ല.

Trade Commissioner in London.

343. MR. V. O. MARKOS : Will the Honourable Minister for Commerce be pleased to state:

(*a*) whether the Travancore State has or had appointed a Trade Commissioner in London;

(*b*) if the answer to part (a) is in the affirmative, who is or was that officer;

(*c*) what are or were the functions and duties of such Trade Commissioner;

(*d*) what is or was his remuneration;

(*e*) how long has this appointment been or was in existence;

(*f*) is there any contract as to the period or term of such appointment and if so what is such term or period;

(*g*) what has such Trade Commissioner done so far; and

(*h*) does the Government think of continuing the appointment?

HON'BLE MR. T. M. VARGHESE: (*a*) There was a Trade Commissioner in London for the Travancore Government till February 1948.

(*b*) The officer so appointed was Mr. T. V. A. Easwaran.

(*c*) His functions and duties were:

(i) to carry on publicity work in respect of the State's industrial, agricultural and other products;

(ii) to take steps to expand the export trade of the State with the U. K. and other countries; and

(iii) to act as an agent for the State in respect of the purchase of machinery, stores, etc.

(*d*) His remuneration was Bh. Rs. 2,000 per mensem, free of income-tax.

(*e*) His appointment was on 3rd September 1946 and continued till the 16th February 1948.

(*f*) Yes. The term was for two years subject to termination of 6 months' notice on either side

(*g*) The Trade Commissioner has done the following:

(i) Made periodical publicity of the political and other events of this State;

(ii) Carried on publicity work in respect of this State's agricultural, forest and industrial products;

(iii) Furnished information regarding the prices of mineral sands of this country in the U. K. and U. S. A.; and

(iv) Made enquiries for increasing the import of coir goods in the U. K

(*h*) (vide answers to parts (a) and (b) above.)

ഇൻറർമീഡിയറ്റു പരീക്ഷയ്ക്കു പാർട്ടുസിസ്റ്റം.

344. MR. A. K. PATCHU PILLAI (*Peermade - General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂറിലല്ലാതെ ഇൻഡ്യയിൽ മറെറതെങ്കിലും യൂണിവേഴ്സിററിയിൽ ഇൻറർമീഡിയററു പരീക്ഷയ്ക്കു പാർട്ടുസിസ്റ്റം അനുവദിക്കാറുണ്ടോ?

(ബി) ഈ യൂണിവേഴ്സിററിയിൽ ഇൻറർമീഡിയററിനു പാർട്ടുസിസ്റ്റം അനുവദിച്ചുകൊടുക്കുന്നതിൽ ഗവണ്മെൻറിനു അനുഭാവമുണ്ടോ?

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറിൻെറ അഭിപ്രായം യൂണിവേഴ്സിററിയെ അറിയിക്കുമോ?

HON'BLE MR. T. M. VARGHESE: (എ) മററു യൂണിവേഴ്സിററികളിൽ ഇൻറർമീഡിയററു പരീക്ഷക്കു പാർട്ടുസിസ്റ്റം അനുവദിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല.

(ബി) തിരുവിതാംകൂറിൽ പാർട്ടുസിസ്റ്റം നടപ്പാക്കുന്ന സംഗതിയെപ്പററി ഇൻഡ്യയിലുള്ള ഇതര യൂണിവേഴ്സിററികളുടെ അഭിപ്രായത്തിനായി എഴുതിച്ചോദിച്ചിട്ടുണ്ട്.

(സി) അങ്ങനെ ചെയ്യാം.

MR. A. K. PATCHU PILLAI: ഇൻറർമീഡിയററിനു പാർട്ടുസിസ്റ്റം അനുവദിക്കാത്തതു് ബി. എ. ക്കാരുടെ എണ്ണം കുറക്കുന്നതിനല്ലേ?

HON'BLE MR. T. M. VARGHESE: അങ്ങനെയാണെന്നു തോന്നുന്നില്ല.

Appointments in the Government Press.

345. MR. D. GNANASIGAMONI (*Kalkulam II - General*): Will the Honourable Minister for Stationery and Printing be pleased to state:

(*a*) the minimum general and technical qualifications required for an initial appointment in the Press Ministerial Service;

(*b*) the lowest grade in the ministerial service in which a recruit is appointed;

(*c*) the names of persons with such requisite qualification confirmed in 1108 stating pay and present substantive rank;

(*d*) the names of persons with such qualification appointed directly by Government after 1108, in higher scales of pay with reasons, if any, for such a choice and their present rank; and

(*e*) whether any provision has been made to relieve qualified seniors already in service in view of irregular appointments coming under (d) above?

HON'BLE MR T. M. VARGHESE; (*a*) (i) Computor on Rs. 17-1-22 E. S. L. C. and Compositors' Work Lower, M. G. T. E. or (if no person so qualified is available) VI Form and Compositors' Work (Lower) M. G. T. E. or (if no person so qualified is available) experience in Computing Work.

(ii) Proof Reader—Rs. 20-1-25—E. S. L. C.

(iii) Clerk—Rs. 25-1-30—E. S. L. C.

(*b*) Rs. 17-1-22, Rs. 20-1-25 or Rs. 25-1-30.

(*c*)

Name.	Qualifications.	Post to which confirmed in 1108 and pay.	Present substantive rank and pay.
B. Manuel.	Composing (Lower)	Standing Room Care Taker on Rs. 15	Type Store-Keeper on Rs. 30-3-45.
K. Ibrahim Kunju.	S. S. L. C. Composing (Lower)	Computor on Rs. 15	Clerk on 25-1-30.
J. Sebagnanam Joseph	Account Test	Assistant Ware-house man, Rs. 15	Examiner on Rs. 25-1-30.
Albert Joseph.	Intermediate Part Proof Readers Work (H) Composing (L), Typewriting (London Chamber of Commerce (lower), Account Test (Travancore)	Proof Reader Rs. 10.	Examiner on Rs. 30-45.
K. N. Velu Pillai	Proof Readers' Work (lower), Account Test Part I.	Proof Reader Rs. 10.	Time-keeper on Rs. 25-30.

(*d*)

V. Ramanathan	Passed Intermediate with distinction in Chemistry, Proof Reading Higher, Composing do., Machine Work (Lower), Press Work do., Type-casting do., Stereotyping do.	Foreman Rs. 45-5-75	Present rank same.
. Anantha-krishna Sarma	Intermediate	Foreman Rs. 30-45.	do.

(*e*) Direct appointments made by Government cannot be characterised as irregular.

MR. D. GNANASIGAMONY: May I know whether unqualified men were appointed to higher scales of pay?

HON'BLE MR. T. M. VARGHESE: No instances of unqualified men being appointed to higher places have come to the notice of Government. From the list I have read out now it will be seen that it is not so.

ഇവരൊക്കെ യോഗ്യതഅനുസരിച്ചും അവരുടെ പ്രത്യേകപരിശീലനം അനുസരിച്ചും ഡയറക്ററായി റിക്രൂട്ട ചെയ്തിട്ടുള്ളവരാണ്. താഴെയുള്ളവർക്ക സങ്കടമുണ്ടെന്നു തോന്നുന്നില്ല. ഇതു irregular എന്നു പറയാനില്ല.

Vinayakar Devastanam Library, Braniel.

346. MR. D. GNANASIGAMONY: Will the Honourable Minister for Education be pleased to state:

(*a*) whether any application has been received from the Vinayakar Devastanam Library, Eraniel, for recognition and grant; and

(*b*) if so, the action taken by Government on that application?

HON'BLE MR. T. M. VARGHESE. (*a*) Yes.

(*b*) A sum of Rs. 60 has been sanctioned for 1123 M. E.

Providing a Mid-wife at Maravamthuruth.

347. MR. P. GOPALAN (*Vaikom III—General*): Will the Honourable Minister for Public Health be pleased to state:

(*a*) whether any representations have been received for providing a Midwife at Maravamthuruth Village Uplift centre in Vaikom Taluk;

(*b*) if the answer to part *a*) is in the affirmative what step has been taken for providing the midwife?

HON'BLE MR. G. RAMACHANDRAN: (*a*) Yes.

(*b*) Owing to the dearth of trained persons, it has not been possible to provide the centre with a midwife.

MR. P. GOPALAN: അടുത്തകാലത്തു് അങ്ങനെ പ്രൊവൈഡു ചെയ്യുന്നതിന് സൌകര്യമുണ്ടാകുമോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN: I can only say this that the Government are trying their best to train more and more mid-wives.

Admission in the Engineering College.

348. MR. P. GOPALAN: Will the Honourable Minister for Education be pleased to give a caste-war statement of the students admitted in the Engineering College this year?

HON'BLE MR. T. M. VARGHESE: The statement is given below:—

		Degree.	*Diploma.*	*Certificate.*
Brahmins	...	14	10	4
Nayars	...	11	13	3
Christians	...	16	17	13
Ezhavas	...	4	4	4
Pulayas	...	...	...	3
Muslims	...	2	2	...
Vellalas	...	1	1	...
Kammala	...	...	1	2
Paraya	...	...	1	...
Other Hindus	...	3	1	2
		51	50	31

Village Panchayats.

349. MR. DANIEL JOSE (*Neyyattinkara III—S. I. U. C.*): Will the Honourable Minister for Local Self Government be pleased to state:

(*a*) whether the Government have any scheme for the development of Village Panchayats;

(*b*) if so, when will it be brought before the legislature if it is in the nature of a Bill; and

(*c*) if there is a scheme, does it include the vesting of Village Panchayats with judicial functions?

HON'BLE MR. G. RAMACHANDRAN: (*a*) Yes.

(*b*) A Bill entitled "The Travancore Panchayat Bill" has already been published in the Gazette dated 12th July 1948 and will be introduced in this Session.

(*c*) No.

Tamil Education.

350. MR. A. NESAMONY: Will the Honourable Minister for education be pleased to state:

(*a*) were there applications from parents of pupils in Attoor and Thiruvattar Pakuthies of the Kalkulam taluk that their children should be taught Tamil;

(*b*) if the answer to (*a*) is in the affirmative, have adequate provisions been made to teach Tamil;

(*c*) how many Tamil primary schools are there in Attoor and Thiruvattar pakuthies; and

(*d*) are the teachers in those schools qualified to teach Tamil?

HON'BLE MR. T. M. VARGHESE: (*a*) Yes.

(*b*) Yes.

(*c*) (i) Complete Tamil Primary 4

(ii) Tamil and Malayalam combined (i. e. Bilingual) primary schools 13

(*d*) Yes.

Quilon Municipality.

351. MR. K. A. MOHAMMED (*Quilon IV—Muslim*): Will the Honourable Minister for Local Self Government be pleased to state:

(*a*) whether Government have passed orders to remove the night soil Depot at Kuriyippuzha;

(*b*) if the answer to part (a) is in the affirmative, how long since the order was passed;

(*c*) whether any place has been selected for the deposit of the night soil from the Quilon Municipal town;

(*d*) was there a proposal to put up septic tanks for the purpose; and

(*e*) did the Municipality agree to contribute for the expenditure to be incurred on this account?

HON'BLE MR. G. RAMACHANDRAN: (*a*) Yes.

(*b*) Over three years.

(*c*) Yes.

(*d*) Yes.

(*e*) No, the Quilon Municipality, agreeing with the proposal of the Chief Engineer to put up septic tanks, has requested Government that the latter may be instructed to prepare estimate and plans for the septic tank arrangements. The Chief Engineer has stated that a drainage scheme without water supply system cannot be thought of even from a technical point of view. In the circumstances, the question of contribution by the Municipality does not arise.

MR. K. A. MOHAMMED: അടുത്തകാലത്തു് ഇതു മാററുന്നതിന് എന്തെങ്കിലും വ്യവസ്ഥ ചെയ്യാൻ ഗവൺമെൻറിനു സാധിക്കുമോ?

HON'BLE MR. G. RAMACHANDRAN: I think that will depend upon the question of finding a suitable locality to transfer the existing depot to.

MR. K. A. MOHAMMED: ഈ കാര്യത്തിൽ അസംതൃപ്തരായ സ്ഥലത്തെ ആളുകൾ അതിന് പരിഹാരം ഉണ്ടാകാത്തതിൽ വളരെ അസ്വസ്ഥത അനുഭവിക്കുന്നു എന്നും വേണ്ടിവന്നാൽ ഒരു സത്യാഗ്രഹംപോലും അനുഷ്ഠിക്കുന്നതിന് അവർ തയാറായിരിക്കുകയാണ് എന്നും ഉള്ള വിവരം ഗവൺമെൻറിനറിയാമോ?

HON'BLE MR. G. RAMACHANDRAN: അവർ സത്യാഗ്രഹം അനുഷ്ഠിക്കുവാൻ പോകുന്നതായിട്ടറിവില്ല.

MR. V. GANGADHARAN NAIR (*Quilon III—General*): അതു് ഹെൽത്തിനു വളരെ ഹാനികരമാണെന്നുള്ള വിവരം അറിയാമോ?

HON'BLE MR. G. RAMACHANDRAN: അറിയാം

MR. A. ABDUL RAZAAK (*Nedumangad I—Muslim Reserved*): Will the Government care for it even if ther is not a move for Satyagraha.

HON'BLE MR. G. RAMACHANDRAN: Government will care whenever there is a legitimate grievance.

MR. P. KUNJUKRISHNAN (*Quilon II--General*) : അവിടെ ഒരു സെപ്റ്റിക് ടാങ്ക് ഉണ്ടാക്കിയാൽ എന്താണ്?

HON'BLE MR. G. RAMACHANDRAN The Chief Engineer has stated that a septic tank cannot be had without a water-supply system.

MR. K. A. MOHAMMED : വളരെ വേഗം ഒരു സ്ഥലം കണ്ടുപിടിച്ച് ഇതിനുവേണ്ട വ്യവസ്ഥ ചെയ്യാമോ?

HON'BLE MR. G. RAMACHANDRAN I think the matter is very urgent and it is under the urgent consideration of Government.

The Zoo.

352. MR. K. A. MOHAMED : Will the Hon'ble Minister for education be pleased to state

(a) the annual gate fee collected at the entrance to the Zoo for the year 1122,

(b) the annual pay and allowance of persons employed to collect the fee; and

(c) the cost for the fences and its annual maintenance?

HON'BLE MR. T. M. VARGHESE : (a) Rs. 8313 -

(b) Rs. 2472, for pay and war allowance of a clerk, one attender and four watchers.

(c) Cost of fence; Rs. 2369-10-15 cash. Cost of maintenance Rs. 200.

പാലം പണി.

353. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവല്ലാ ടൗണിലുള്ള മുത്തൂർ കടവിൽ ഒരു പാലം പണിയണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടിട്ട് എത്ര നാളായി? പണിയാരംഭിക്കുന്നതിനുള്ള താമസം എന്തുകൊണ്ടാണെന്നും പാലത്തിന്റെ അഭാവം കൊണ്ട് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടെന്നുമുള്ള വിവരം ഗവണ്മെന്റിനു അറിയാമോ എന്നും ഗവണ്മെന്റു ദയവായി പറയുമോ?

HON'BLE MR. A. ATCHUTHAN : തിരുവല്ലാ മുത്തൂർ കടവിൽ ഒരു പാലം വേണമെന്ന് രണ്ടുകൊല്ലക്കാലമായി ആവശ്യപ്പെടുന്നുണ്ട്. പ്രാരംഭ നടപടികൾ നടത്തി ഡിസൈൻസും എസ്റ്റിമേറ്റും തയാറാക്കി അയക്കുന്നതിന് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറെ ഏർപ്പാടു ചെയ്തിട്ടുണ്ട്.

MR. K. A. MATHEW : എന്നാണ് ഏർപ്പാടുചെയ്തത്?

HON'BLE MR. A. ATCHUTHAN : ഈ ആണ്ടിൽ തന്നെ.

MR. K. A. MATHEW : ഈ ആണ്ട് ആരംഭത്തിലോ ഒടുവിലോ?

HON'BLE MR. A. ATCHUTHAN : ൧൧൨൪ മേടം ൧൫-ാംതീയതിക്കു ശേഷം.

MR. K. A MATHEW : ഡിസൈൻസും എസ്റ്റിമേററും അയക്കുന്നതിനുള്ള താമസം എന്താണെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : ൧൧൨൪ മേടം ൧൫-ാംതീയതിക്കു ശേഷമാണ് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തിയതു. പിന്നെയാണു എസ്റ്റിമേററും മററും തയ്യാറാക്കാൻ പറഞ്ഞതു്.

MR. K. A MATHEW : ൧൧൨൫-ൽ തന്നെ പണി ആരംഭിക്കാമോ?

HON'BLE MR. A. ATCHUTHAN : ആലോചിക്കാം.

കൃഷി ഡിപ്പാർട്ടുമെൻറിലെ ഡിസീസ് ഇൻവെസ്റ്റിഗേററിംഗ് ആഫീസർമാർ.

354. MR. E. P. PAULOSE : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെൻറു മറുപടി പറയുമോ?

(എ) കൃഷിഡിപ്പാർട്ടുമെൻറിൽ വെറ്ററിനറിസെക്ഷനിൽ ഒരു ഡിസീസ് ഇൻവെസ്റ്റിഗേററിംഗ് ആഫീസറെ നിയമിച്ചിട്ടുണ്ടോ?

(ബി) ഈ ഉദ്യോഗസ്ഥൻെറ ചുമതലകൾ എന്തെല്ലാം? ഇദ്ദേഹം ഏതെങ്കിലും പുതിയ രോഗങ്ങൾ കണ്ടുപിടിക്കുകയോ ശ്രദ്ധേയമായ ഏതെങ്കിലും രോഗം ഇംപീരിയൽ കൗൺസിൽ ആഫ അഗ്രികൾച്ചറൽ റിസർച്ചിൻെറ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ?

(സി) ഡിസീസ ഇൻവെസ്റ്റിഗേഷൻ ജോലി നടത്തുന്ന മററുദ്യോഗസ്ഥന്മാർ ഇപ്പോൾ ഡിപ്പാർട്ടുമെൻറിലുണ്ടോ?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കന്നുകാലികളെ ബാധിക്കുന്ന സാംക്രമികരോഗങ്ങളെ ആരാഞ്ഞറിയുക, അവയെ നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ നടത്തുക എന്നിവയാണ്.

ഈ നിയമനത്തിന് ഇംപീരിയൽ കൗൺസിൽ ആഫ് അഗ്രികൽച്ചറൽ റിസർച്ചിൻെറ പദ്ധതികളുമായി ബന്ധമൊന്നുമില്ല. ഈ നിയമനം ആരംഭിച്ചിട്ട ഏകദേശം വ മാസമേ ആയിട്ടുള്ളു. പുതിയ രോഗങ്ങൾ ഒന്നും കണ്ടുപിടിച്ചിട്ടില്ല.

(സി) ഇല്ല.

MR. E. P. PAULOSE : കന്നുകാലികൾക്കു രോഗം വന്നിട്ടുള്ള ഏതെങ്കിലും സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ടോ എന്നു പറയാമോ?

HONBLE MR. K. M. KORAH : അതു അറിവില്ല. പുതിയ രോഗങ്ങൾ കണ്ടുപിടിക്കുകയാണു അദ്ദേഹത്തിന്റെ ജോലി.

MR. MANNAR GOPALAN NAIR : അദ്ദേഹം ഏതു സ്ഥലത്താണിരിക്കുന്നതു്?

HON'BLE MR. K. M. KORAH: അദ്ദേഹത്തിനു ഏതു സ്ഥലമെന്നില്ല; പല ഭാഗങ്ങളിലും പോകേണ്ടിവരും.

മത്സ്യവ്യവസായം.

355. MR. ALBERT LOPEZ (*Neyyattinkara II—LatinCatholic Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇൻഡ്യാഗവണ്മെന്റിൽനിന്നും മത്സ്യവ്യവസായാഭിവൃദ്ധിക്കുവേണ്ടി തിരുവിതാംകൂർ ഗവമ്മെന്റിലേക്കു് ഏതെങ്കിലും തുകകൾ നൽകുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ൧൧൨൦, ൧൧൨൧, ൧൧൨൨ എന്നീ ആണ്ടുകളിൽ കിട്ടീട്ടുള്ള സംഖ്യ എത്രയാണെന്നു പ്രസ്താവിക്കുമോ?

(സി) ഈ തുകകൾ എങ്ങനെയാണു വിനിയോഗിക്കപ്പെടുന്നതെന്നു വിവരമായി പ്രസ്താവിക്കുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ടു്.

(ബി) ൧൧൨൦-ലും, ൧൧൨൧-ം യാതൊരു തുകയും ലഭിച്ചിട്ടില്ല. ൧൧൨൨-ൽ ൧,൯൨,൨൦൦ രൂപ അനുവദിച്ചു എങ്കിലും ആ തുക ൧൧൨൨ മുതൽ ൧൧൨൪ വരെ ചെലവാക്കുവാനാണു്. അതു് അനുസരിച്ചു ൧൧൨൨-ൽ ൩൭൬൧൬ രൂപ ലഭിച്ചിട്ടുണ്ടു.

(സി) ഈ തുക നാലു മത്സ്യോല്പാദനപദ്ധതികൾക്കായും തൽസംബന്ധമായ ഗവേഷണങ്ങൾക്കായും താഴെ കാണിച്ചിട്ടുള്ള പ്രകാരം വിഭജിച്ചിട്ടുണ്ടു്.

നമ്പർ	പദ്ധതി	൧൧൨൨-ൽ അനുവദിച്ച തുക	൧൧൨൩-ൽ അനുവദിച്ച തുക	൧൧൨൪-ൽ അനുവദിച്ച തുക	ആകെ അനുവദിച്ച തുക	ആകെ ചെലവിന്റെ എത്ര ശതമാനം എന്ന്
൧	മത്സ്യോല്പാദനവർദ്ധനം	൮൮൦൦	൫൧൦൬൦	൧൬൩൪൦	൭൬൨൦൦	൫൦%
൨	മത്സ്യസംരക്ഷണം, സംഭരണം, വിതരണം	൬൪൩൦	൨൦൧൭൫	൧൪൭൨൦	൪൧൩൨൫	൫൦%
൩	ഉണക്ക മത്സ്യം പാകപ്പെടുത്തുവാനുള്ള ശാസ്ത്രീയ ഗവേഷണം	൪൦൦൭൫	൩൩൧൦	൪൩൪൦	൪൭൭൨൫	൫൦%
൪	കായലുകളിലും ശുദ്ധജല ജലാശയങ്ങളിലും മത്സ്യോല്പാദന ഗവേഷണം	൧൦൪൧൦	൩൫൬൯	൨൯൫൩	൧൬൯൩൨	൨൫%
	ആകെ	൬൫൭൧൫	൭൮൧൧൪	൩൮൩൫൩	൧൮൨൧൮൨	

MR. ALBERT LOPEZ : ഇതിൽനിന്നും ഗവമ്മെൻറിനു എന്തെങ്കിലും ആദായമുണ്ടായിട്ടുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ട്. ൧൨൩-ൽ മാത്രമേ മീൻ പിടിത്തം ശരിക്ക നടത്തുവാൻ സാധിച്ചിട്ടുള്ളു. ൧൫൦൦൦ റാത്തൽ മീൻ നമുക്കു ൧൨൩-ൽ ലഭിച്ചിട്ടുണ്ടു. ൪൩൧൫ രൂപയും കിട്ടി.

MR. K. A. MATHEW : ഷാർക്ക് ലിവർ ആയിൽ ഉണ്ടാക്കി വിൽക്കുന്നതു് ഈ ഡിപ്പാർട്ടുമെൻറാണോ.

HON'BLE MR. K. M. KORAH : അതേ.

MR. K. A. MATHEW : ഈ ഡിപ്പാർട്ടുമെൻറിനെപ്പററി ഗവമ്മെൻറിലേക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : കിട്ടിയിട്ടുണ്ട്. അതേപ്പററി അന്വേഷിക്കാം.

MR. K. A. MATHEW : ഇതിലേക്ക് എത്രരൂപ വ്യയം ചെയ്തിട്ടുണ്ടെന്നു പറയാമോ.

HON'BLE MR. K. M. KORAH : അതു് ഈ ചോദ്യത്തിൻെറ പരിധിയിൽപ്പെട്ടിട്ടുള്ളതല്ല. അതുകൊണ്ടു നോട്ടീസ് വേണം.

MR. K. A. MOHAMMED : ഈ മത്സ്യം പിടിക്കുന്നതു ആരാണ്?

HON'BLE MR. K. M. KORAH : അതിനു് കുറെ ആളുകളെ ആക്കിയിട്ടുണ്ട്.

WRITTEN ANSWERS.

വെസ്റ്റ്കോസ്റ്റ് ഫിഷറീസ്.

356. MR. ALBERT LOPEZ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വെസ്റ്റ്കോസ്റ്റ് ഫിഷറീസിലേക്ക് തിരുവിതാംകൂർ ഗവമ്മെൻറിൽനിന്നും എത്രലക്ഷം രൂപയുടെ ഷെയറുകൾ എടുത്തിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(ബി) അതിൽനിന്നും ഗവമ്മെൻറിലേക്ക് ആണ്ടുതോറും കിട്ടീട്ടുള്ള ആദായം എത്രയെന്നു പ്രസ്താവിക്കുമോ?

(സി) ഗവൺമെൻറിൽനിന്നും വെസ്റ്റ്കോസ്റ്റ് ഫിഷറീസിൻെറ പ്രവർത്തനസാദ്ധ്യതകളെപ്പററി വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ ആരുടെ?

(ഇ) ആ അഭിപ്രായം അനുസരിച്ച് ഇപ്പോൾ പ്രവർത്തനം നടക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : (എ) അഞ്ചുലക്ഷം രൂപ.

(ബി) ലാഭം ഉണ്ടാകത്തക്ക അവസ്ഥയിൽ ഇതുവരെ എത്തിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഡാക്ടർ സി. സി. ജാൺ, പ്രൊഫസർ ഓഫ് മറയിൻ ബയാളജി ആൻറ് ഫിഷറീസ്.

(ഇ) മീൻ പിടിത്തത്തിനുള്ള ഒരുക്കങ്ങൾ താമസിയാതെ പൂർത്തിയാകുന്നതാണ്.

പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകൾ.

357. MR. RAPHAEL J RODRIGUEZ, (*Qulon IV—Latin Catholic Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനെപ്പററി ഗവൺമെൻറിന് അദ്ധ്യാപകസംഘടനകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) മേൽ പറഞ്ഞ അവശതകൾ നീക്കുന്നതിന് എത്ര കാലം വേണ്ടിവരും?

HON'BLE MR. T. M. VARGHESE (a) Yes

(b) A Committee have gone into the whole question and submitted their report to Government

(c) The report of the committee is under consideration

Expenditure involved for compulsory primary education.

358. MR. K. [illegible] (*Trivandrum IV - General*); Will the Honourable Minister for Education be pleased to state:

(*a*) the total expenditure involved during the last two years in the areas where compulsory primary education has been introduced on account of the introduction of the said scheme under (i) capital expenditure (ii) recurring expenditure; and

(*b*) the total additional expenditure that the Government will have to incur for implementing the scheme throughout the State under the following items; (i) buildings, (ii) furniture and equipments, (iii) salaries and allowances?

HON'BLE MR. T. M. VARGHESE: (*a*) Total expenditure involved during the years 1121 M. E. and 1122 M. E.

Capital expenditure	*Recurring expenditure*
Rs. 4,47,664-12-6	Rs 7,72,598-16-15

(*b*) Additional expenditure that will have to be incurred for implementing the scheme throughout the State.

(i) Construction of new buildings	1,30,00,000
(ii) Furniture and equipment	20,00,000
(iii) Salaries and allowances	34,15,613

സെക്രട്ടറിയേറ്റിലെ മലയാളം ഷോർട്ട്ഹാൻഡു റിപ്പോർട്ടറന്മാർ.

359. MR. MANNAR GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം ഉത്തരം പറയുമോ ?

(എ) സെക്രട്ടറിയേറ്റിൽ ഇപ്പോൾ എത്ര മലയാളം ഷാർട്ടഹാൻഡു റിപ്പോർട്ടറന്മാർ ഉണ്ടു് ?

(ബി) അവരുടെ ശമ്പള സ്കെയിൽ എന്തു്?

(സി) ഇപ്പോഴും ഉള്ളവരിൽ ഏററവും കുറഞ്ഞ പരീക്ഷാ യോഗ്യത എന്തു്?

HON'BLE MR. A. THANU PILLAI:

(*a*) Seven,

(*b*) Rs. 75-5-125-10-175

(*c*) Malayalam Shorthand (Higher).

Sub-Inspectors in the Education Department.

360. MR. K. M. C[illegible] (*Meenachil I—General*): Will the Hon'ble Minister for Education be pleased to state:

(*a*) whether a new set of Inspecting Officers called Sub-Inspectors have been appointed in the Education Department after the introduction of compulsory primary education;

(*b*) if so, how many of them have been appointed; and

(*c*) what is the nature of their work?

HON'BLE MR. [illegible] VARGHESE: (*a*) Yes.

(*b*) 39 in compulsory areas.

99 in non-compulsory areas.

(*c*) The Sub Inspectors are expected to inspect the teaching work in Primary Schools, to watch and report on the regular attendance of the teachers and pupils in the schools in their respective areas. They should have visited, at least once every week, every school within their jurisdiction. They are also expected to report on the condition of the building and general working of the school from time to time and help the Assistant Inspectors of Schools and Inspectors of primary schools in the matter of conducting local enquiries in respect of the compassionate gratuity papers and complaints, if any, against Headmasters and Teachers.

The Leasing of land for Cardamom cultivation.

361. MR. M. P. VARGHESE (*Muvattupuzha I—General*): Will the Hon'ble Minister for Land be pleased to state:

(*a*) whether there is any rule in existence under the Cardamom Rules prohibiting the leasing out of more than sixty acres to one individual for cardamom cultivation;

(*b*) whether any person or persons were exempted from this rule, and were given more than sixty acres of land; and

(*c*) if the answer to part (*b*) is in the affirmative, the names of those who were thus exempted from this rule?

HON'BLE MR. C. KESAVAN (*a*) Yes.

(*b*) There are no specific orders exempting any person or persons from the operation of this Rule'. But, certain individuals have been given more than 60 acres.

(*c*) 1. Mr. K. K. Kuruvilla, M. T. Seminary, Kottayam.
2. Sry. Lalithambika Amma, Vanchiyur, Trivandrum.
3. Mr. Thariathu Kunji Thommen, Elenjikal, Kothamangalam.

Shencottah Municipality.

362. MR. A. RAMASUBRAMONIA [illegible] (*Shencottah—General*): Will the Hon'ble Minister for Local Self Government be pleased to state:

(*a*) the total annual income of the Shencottah Municipality;

(*b*) the annual expenditure by way of allowance and salary of the Commissioner; and

(*c*) why in view of the poor finances of the Municipality the post of the Commissioner should not be abolished?

HON'BLE MR. G. RAMACHANDRAN:

(*a*) Rs. 50,778 during 1122 M. E.

(*b*) Rs. 2,500.

(*c*) The receipts before the appointment of the Commissioner were below Rs. 25,000. There has been marked improvement in receipts thereafter. The question of the continuance of the posts of Commissioners is under consideration of Government.

വളം വിതരണം.

333. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൧൨൨-ൽ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ള വളം എത്ര?

(ബി) ൧൧൨൩-ൽ മന്ത്രിസഭ ഭരണം ഏൽക്കുന്നതുവരെ എത്ര വളം വിതരണം ചെയ്തിട്ടുണ്ട്?

(സി) മന്ത്രിസഭാഭരണകാലത്ത് എത്ര വളം വിതരണം ചെയ്തു?

HON'BLE MR. K. M. KORAH: (*a*) 6484 tons.

(*b*) 4998 tons.

(*c*) 1110 tons.

FINANCIAL BUSINESS:

MR. EAPEN ARACKAL: Sir, on a point of information. Out of the total number of demands only a few of them has been discussed. There is only one day more remaining for discussion on the subject. Even this time is not sufficient

MR. PRESIDENT: അതേപ്പറ്റി ഇനി പ്രസ്താവിക്കേണ്ട ആവശ്യമില്ല. ഫിനാൻഷ്യൽ ബിസിനസിന് ൭ ദിവസം ഉണ്ടായിരിക്കുമെന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. ഒരു ദിവസം എന്നു പറയുന്നത് ൪ മണിക്കൂറാണ് അതനുസരിച്ചുള്ള സമയം ലഭിക്കുന്നതാണ്.

MR. EAPEN ARACKAL: എഡ്യൂക്കേഷൻ, പി. ഡബ്ല്യൂ. ഡി. മുതലായി ധാരാളം സമയം ആവശ്യമുള്ള ഡിമാൻഡുകൾ ഇനിയും ശേഷിക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭയിലെ സമയം നോക്കിയാണ ഇപ്പോഴും സമയം നിർണ്ണയിച്ചിരിക്കുന്നതെന്നു തോന്നുന്നു. അന്നത്തെ നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ൪൧ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നാണെങ്കിൽ ൧൨൦ അംഗങ്ങൾ ഉണ്ട്. അവർക്ക് പല കാര്യ

ങ്ങളും സഭയുടെ മുമ്പാകെ പറയാനുണ്ടാകും. സമയം ഇത്ര പരിമിതമായി ക്ലിപ്തപ്പെടുത്തിയാൽ ഏററവും പ്രധാനപ്പെട്ട പല കാര്യങ്ങളും പറയാൻ വിഷമമായിവരും.

MR. PRESIDENT : പായിൻറ് ആഫ് ആർഡറിന് ഒരു പ്രസംഗം ചെയ്യാൻ പാടില്ല.

MR. EAPEN ARAKKAL : സർ, അതുകൊണ്ട് കൂടുതൽ ദിവസങ്ങൾ ഈ കാര്യങ്ങൾക്ക് അനുവദിക്കണം.

MR. PRESIDENT : ഇതു സംബന്ധിച്ചുള്ള റൂൾ ൪൨ ഇപ്രകാരം ആണ്.

"The President in consultation with the Leader of the House shall allot so many days as may be compatible with public interest for discussion and voting of demands for grants."

അതനുസരിച്ച് പ്രസിഡൻറ് ഹൗസിൻെറ ലീഡറുമായി ആലോചിച്ചാണ് ൭ ദിവസം എന്നു നിശ്ചയിച്ചത്. കൂടുതൽ സമയം വേണമെന്നു ഹൗസ് ആവശ്യപ്പെടുകയാണെങ്കിൽ ഈ റൂൾ ഭേദഗതി ചെയ്യുകയോ ഒരു റെസല്യൂഷൻ പാസ്സാക്കുകയോ വേണം.

ഈ അവസരത്തിൽ ഒരു കാര്യം കൂടി പറയണമെന്നു വിചാരിക്കുന്നു. ഇവിടെ ഉപക്ഷേപങ്ങൾ ഹാജരാക്കി പ്രസംഗിക്കുന്നതിനെപ്പററി മി. പി. എം. വർഗ്ഗീസ് ഒരഭിപ്രായം ഉന്നയിക്കുകയുണ്ടായി. ഇവിടെ എല്ലാ ദിവസവും ഇങ്ങനെ ആവശ്യംകൂടാതെ പായിൻറ ആഫ് ആർഡറുകൾ റെയ്സ് ചെയ്യുക ഒരു പതിവായി തീർന്നിരിക്കുന്നു. പ്രസംഗിക്കാനാഗ്രഹിക്കുന്നവർക്കെല്ലാം സമയം കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഓരോ പാർട്ടിയിൽനിന്നും ഏതാനുംപേർക്കു മാത്രം സംസാരിക്കാൻ സൗകര്യം കൊടുക്കാമെന്നും അങ്ങിനെ സംസാരിക്കുന്നവരുടെ ഒരു ലിസ്റ്റ് മൂന്നു പാർട്ടികളുടെയും വിപ്പുകൾചേർന്ന് തരണമെന്നും ഞാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ചില ഉപക്ഷേപങ്ങൾക്ക് ലിസ്റ്റ് തന്നതനുസരിച്ചാണ് പേർ വിളിച്ചിട്ടുള്ളത്. റൂളുകൾ ശരിയായി വായിച്ചുപഠിക്കാതെ റൂളിലുള്ള കാര്യങ്ങൾക്കാതന്നെ പായിൻറ് ആഫ് ആർഡറുകൾ റെയ്സുചെയ്യുന്നത് ഇവിടെ സാധാരണമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട ബഹുമാനപ്പെട്ട മെമ്പറന്മാർ റൂളുകൾ വായിച്ചു പഠിക്കണമെന്നും അനാവശ്യമായി പായിൻറ ആഫ ആർഡറുകൾ റെയിസുചെയ്തു സമയം കളയരുതെന്നും എനിക്ക് ഒരഭ്യർത്ഥനയുണ്ട്.

MR. P. M. VARGHESE : സർ, അനാവശ്യമായ പായിൻറ് ഓഫ് ഓർഡർ എന്ന പറഞ്ഞതു്

MR. PRESIDENT : പറഞ്ഞതു ശരിതന്നെ. അനാവശ്യമായി പായിൻറ് ഓഫ് ഓർഡറുകൾ റെയിസ് ചെയ്തിട്ടുണ്ടു്.

DEMAND X—JAILS (Contd.)

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) : സർ, ജയിൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിലുള്ള ചില ദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനാണു് ഞാൻ എൻെറ ഖണ്ഡനോപക്ഷേപംമൂലം ഉദ്ദേശിക്കുന്നതു്. ആദ്യമായി എനിക്കു ഇന്നു് ജയിൽസൂപ്രണ്ടായി നിയമിക്കപ്പെടുന്ന ആളുകളെപ്പററിയാണു് പറവാനുള്ളതു. പതിവായി ജയിൽസൂപ്രണ്ടായി നിയമിക്കപ്പെടുന്നതു് പോലീസ് ഉദ്യോഗസ്ഥനാണു്. അതൊരു ആശാസ്യമായ നടപടിയാണെന്നു എനിക്കു് തോന്നുന്നില്ല. ൧൧൧൪-ൽ ജയിൽസൂപ്രണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻെറ ചെയ്തികളെ ആസ്പദമാക്കി പറയുകയാണെങ്കിൽ ജയിൽ സൂപ്രണ്ടന്മാരായി വരുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭരണം ആ ഡിപ്പാർട്ടുമെൻറിനു് തീരെ ഉതകുന്നതല്ലെന്നും നേരെമറിച്ചു് ജയിൽഭരണം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകണമെങ്കിൽ പോലീസ് ഉദ്യോഗസ്ഥന്മാരെ ജയിൽസൂപ്രണ്ടന്മാരായി നിയമിക്കാതിരിക്കുന്നതു് നന്നായിരിക്കുമെന്നുമാണു്. നിവൃത്തിയുള്ളിടത്തോളം പോലീസ് ഉദ്യോഗസ്ഥന്മാരെ ജയിൽ ഭരണത്തിൽ കൈകടത്താൻ അനുവദിക്കരുതു്. ജയിലിൽതന്നെ ഉള്ള ഉദ്യോഗസ്ഥന്മാക്കു് പ്രൊമോഷൻ കൊടുക്കുകയോ, അല്ലെങ്കിൽ പോലീസ് ഒഴിച്ചു് മററു ഡിപ്പാർട്ടുമെൻറിലുള്ള ആളുകളെ ജയിൽ സൂപ്രണ്ടന്മാരായി നിയമിക്കുകയോ ചെയ്യുന്നതു നന്നായിരിക്കും.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ജയിൽ വാർഡറന്മാരെപ്പററിയാണു്. അവരുടെ ശമ്പളം തീരെ തുച്ഛമായ ഒന്നാണെന്നു് നമുക്കെല്ലാവക്കും അറിയാം. അവക്കു് ജീവിക്കുന്നതിനുള്ള ശമ്പളം കൊടുക്കേണ്ടതാണു. നിവൃത്തിയുള്ളപക്ഷം അവർക്കു ജയിൽ കാമ്പൗണ്ടിൽതന്നെ ഫ്രീ ക്വാർട്ടേഴ്സ കെട്ടിക്കൊടുക്കണം. അങ്ങിനെ ചെയ്യുയാണെങ്കിൽ അവർക്കു അവരുടെ ജോലികൾ കൂടുതൽ കാര്യക്ഷമമായവിധത്തിൽ നിർവഹിക്കാൻ സാധിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

ഇനി ജയിൽ ആശുപത്രിയെപ്പററി പറയുകയാണെങ്കിൽ അതു തീരെ നല്ല രീതിയിലല്ല നടക്കുന്നത്. ആ ആശുപത്രിയിൽ ഒരു ഡാക്ടരേയും ഒരു കമ്പൗണ്ടരേയും മാത്രമേ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നും നിയമിച്ചിട്ടുള്ളു. ബാക്കിയുള്ള ജോലികളെല്ലാം അവിടെയുള്ള തടവുകാരെക്കൊണ്ടാണ് ചെയ്യിപ്പിച്ചുവരുന്നത്. ഈ ഏർപ്പാട് രോഗികളുടെ ശുശ്രൂഷക്ക് പററിയതാണോ എന്നു നാം ആലോചിക്കേണ്ടതാണ്. അതിനാൽ അവിടെ മെയിൽ നഴ്സസിനെ കൂടി നിയമിക്കുന്നതു നന്നായിരിക്കും.

ജയിലിലെ ആഹാരരീതിയെ പ്പററി നോക്കുകയാണെങ്കിൽ അതു അത്ര ആശാസ്യമായ രീതിയിലാണ് തുടർന്നു പോകുന്നതെന്നു പറയാൻ നിവൃത്തിയില്ല. ശരിയായ രീതിയിലുള്ള ആഹാരം കൊടുക്കാതിരിക്കുന്നതുകൊണ്ട് തടവുകാർക്ക് ചൊറികടി മുതലായ ഭയങ്കരസുഖക്കേടുകൾ വരുന്നുണ്ട്. ആ വിവരം ജയിലിൽ കിടന്നിട്ടുള്ളവർക്കെല്ലാം അറിയാമെന്നാണ് തോന്നുന്നത്. ഒരുകൊല്ലം ജയിലിൽ കിടക്കാൻ ഇടയാകുന്ന ആളുകൾക്ക് ചൊറികടി എന്നൊരു ചിരരോഗം ഉണ്ടാകുന്നതായി കാണാൻ കഴിയും. പോഷകാഹാരക്കുറവുകൊണ്ടാണ് ഈ രോഗം ഉണ്ടാകുന്നതെന്നാണ് ഡാക്ടർ കരുണാകരൻെറ അഭിപ്രായം.

പിന്നൊരു കാര്യം പറയാനുള്ളതു് നിവൃത്തിയുള്ളടത്തോളം രാഷ്ട്രീയ തടവുകാർക്ക് ഒരു പ്രത്യേക ജയിൽതന്നെ ഉണ്ടാക്കണമെന്നാണ്. മററുതരത്തിലുള്ള തടവുകാരേയും രാഷ്ട്രീയതടവുകാരേയും പ്രത്യേകം പ്രത്യേകമായിത്തന്നെ തടവിൽ ഇടണം. പൊളിററിക്കൽ പ്രിസണേഴ്സ് എന്നും സാധാരണ ക്രിമിനൽസ് എന്നും പ്രത്യേകം ക്ലാസിഫിക്കേഷൻ അത്യാവശ്യമാണ്.

MR. K. A. MOHAMMED : ജനകീയഗവണ്മെൻറിൽ പൊളിററിക്കൽ പ്രിസണേഴ്സ് ഉണ്ടോ?

MR. G. CHANDRASEKHARA PILLAI : ഏതു ഗവണ്മെൻറിലും കാണും. പൊളിററിക്കൽ പ്രിസണേഴ്സിനു പ്രത്യേക സൗകര്യങ്ങളും സ്ഥലങ്ങളും കൊടുക്കേണ്ടതാണ്. (ബെൽ)

MR. E. P. POULOSE : സർ സാധാരണ കുററങ്ങൾക്കായി പുള്ളികളെ ശിക്ഷിച്ച് ജയിലിൽ അയക്കുമ്പോൾ അവരുടെ ജീവിതരീതിയും ഉപജീവനമാർഗ്ഗവും എന്തായിരുന്നു എന്നും ഏതു പരിതഃസ്ഥിതികളാണ് അവരെ കുററംചെയ്യാൻ പ്രേരിപ്പിച്ചതെന്നും അറിയേണ്ടതാണ്. അതുപോലെതന്നെ അവർ ജയിലിൽ കിടക്കുന്ന കാലത്തുള്ള നടത്ത

[Mr. E. P. Poulose]

യേയും അവർ ജയിലിനു പുറത്തുവന്നതിനുശേഷം പിന്നെയും കുററം ചെയ്യുന്നതിനുള്ള കാരണത്തേയും അന്വേഷിച്ച് വേണ്ട പരിഹാരം ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്. പലരും ജയിൽശിക്ഷക്ക് ഇടയാക്കിയ കുററങ്ങൾതന്നെ ജയിലിനു പുറത്തിറങ്ങിയശേഷം വീണ്ടും ചെയ്തുവരുന്നതായും പിന്നെയും അതേ കുററങ്ങൾക്ക് തന്നെ ജയിൽശിക്ഷ അനുഭവിച്ചുവരുന്നതായും നമുക്കറിയാം. അതിൽനിന്നും നാം മനസ്സിലാക്കേണ്ടത് ഈ ശിക്ഷകൾ അനുഭവിക്കുന്നതുകൊണ്ട് മാത്രം കുററം ചെയ്യാതിരിക്കാൻ പ്രേരകമായിത്തീരുന്നില്ലെന്നാണ്. അതിനാൽ ശരിയായ ജീവിതമാർഗ്ഗം അവർക്കില്ലാത്തതുകൊണ്ടാണോ അതല്ല മററതെങ്കിലും പ്രത്യേക കാരണങ്ങൾ കൊണ്ടാണോ അവർ കുററം ചെയ്യുന്നത് എന്നുള്ളതിനെപ്പററി അന്വേഷിച്ച് പരിഹാരമുണ്ടാക്കുന്നതു ഭാവിയിൽ അവർ കുററങ്ങൾ ചെയ്യുന്നതിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നതിനും അങ്ങനെ കുററവാളികളുടെ സംഖ്യ കുറയ്ക്കുന്നതിനും അത്യന്താപേക്ഷിതമാണ്. ഈ സംഗതി പ്രത്യേകം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

പോലീസ് ലാക്കപ്പുകളുടെ കാര്യം ഈ അവസരത്തിൽ പറയാൻ പാടില്ലെന്നിരുന്നാലും ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. PRESIDENT : ഇപ്പോൾ ലാക്കപ്പുകളെപ്പററി സംസാരിക്കാൻ പാടില്ല.

MR. E. P. POULOSE: എന്നാൽ ഞാൻ ആ കാര്യത്തെപ്പററി സംസാരിക്കുന്നില്ല. ജയിലുകളിലുള്ള സാധാരണ തടവുകാരേയും പരോളിൽ വിടണമെന്ന് അപേക്ഷിക്കുന്നു. ഇതിൽക്കൂടുതലായി ജയിലുകളെപ്പററി ഈ അവസരത്തിൽ ഒന്നും പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല

MR. P. K. KUNJU (*Karunagappalli II—Muslim*) : സർ, ജയിൽ പരിഷ്കരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ മി. ജി. ചന്ദ്രശേഖരപിള്ള പറഞ്ഞ അഭിപ്രായത്തെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. ഏകദേശം രണ്ടു സംവത്സരങ്ങൾക്കു മുമ്പ് ജയിൽ പരിഷ്കരിക്കേണ്ട ആവശ്യത്തെപ്പററി അന്നു നിയമസഭയിൽ മെമ്പറായിരുന്ന ശ്രീ. ഏ. കെ. പിള്ള ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു എങ്കിലും അതിനുശേഷം ഇന്നുവരെ സെൻട്രൽ ജയിലിൽ അന്നുണ്ടായിരുന്ന രീതിയെ അപേക്ഷിച്ച് യാതൊരു മാററവും വരുത്തിയിട്ടില്ലെന്നുള്ളത് അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഇന്നത്തെ നിലയിൽ തിരുവിതാംകൂർ സെൻട്രൽ ജയിലിൽ, രാഷ്ട്രീയമായ അവകാശ

ങ്ങൾ നേടുന്നതിനുവേണ്ടി ജയിൽവാസം അനുഭവിക്കുന്നവർക്കായാലും ശരി, അസാന്മാർഗ്ഗികമായ കുററങ്ങൾക്ക് ശിക്ഷിച്ച് ജയിൽവാസം അനുഭവിക്കുന്നവർക്കായാലും ശരി അവരുടെ ആരോഗ്യപരവും സാന്മാർഗ്ഗികവുമായ കാര്യങ്ങളിൽ വളരെ ക്ഷാമം അനുഭവിക്കേണ്ടിവരുന്നുവെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞകൊല്ലത്തെ ജയിൽ അഡ്മിനിസ്ത്രേഷൻ റിപ്പോർട്ട നോക്കുന്നപക്ഷം ഒരാൾക്ക് പതിനഞ്ചര രൂപയാണ് ഒരു മാസത്തേക്ക് ചെലവിനായി നീക്കിവച്ചിരിക്കുന്നതെന്നു കാണാം. ഇതിനു മുൻകൊല്ലത്തെ അപേക്ഷിച്ച ഒന്നര രൂപയുടെ കൂടുതലാണു കാണുന്നത്. ൧൪-൧൩ രൂപ പ്രതിമാസം ചെലവായിരുന്നു. ആ തോതുവച്ചുനോക്കുമ്പോൾ ഒരു ദിവസം ഒരാൾക്ക് ഒരുചക്രം ആറ് കാശാണ് മുൻപുണ്ടായിരുന്നതിൽ കൂടുതലായി കാണുന്നത്. ഇപ്പോൾ ഭക്ഷണസാധനങ്ങൾക്ക് വില വളരെ വർദ്ധിച്ചിരിക്കുകയാണെന്നുള്ളത് അനിഷേദ്ധ്യമാണ്. ഈ അവസരത്തിൽ മൂന്നുനേരത്തെ ആഹാരത്തിനുവേണ്ടി ഒരു ചക്രം ആറുകാശു മാത്രമാണ് വ്യത്യാസമെന്നു കാണുമ്പോൾ ജയിൽപുള്ളികൾക്കു കൊടുക്കുന്ന ആഹാരത്തിന്റെ സ്ഥിതി ധാരാളം മനസ്സിലാക്കാൻ കഴിയും. ഒരു ദിവസത്തെ മൂന്നുനേരത്തെ ആഹാരത്തിൽ ഭക്ഷ്യസാധനങ്ങൾക്കു അമിതവിലയുള്ള ഈ പതനത്തിൽ ൧ ചക്രം ൬ കാശിന്റെ വ്യത്യാസമെയുള്ളുവെന്നു കാണുന്നതിൽനിന്നും ഭക്ഷണസൌകര്യം എത്രത്തോളമുണ്ടെന്നു അനുമാനിക്കാൻ കഴിയും. അവിടെ തടവുകാർക്ക് കൊടുക്കാനുള്ള സാധനങ്ങളിൽനിന്നും ധാരാളം അപഹരണങ്ങളും ചോർച്ചകളും നേരിടുന്നതുകൂടാതെ നിവൃത്തിയുള്ളിടത്തോളം ആഹാരം കൊടുക്കാതെ കഴിക്കാനുള്ള ഒരു ശ്രമവും നടക്കുന്നുണ്ടെന്ന് മി. പി. ററി. ചാക്കോയുടെ പ്രസംഗത്തിൽനിന്നും ഞാൻ കേട്ടുകഴിഞ്ഞു. എന്റെ അനുഭവത്തിൽനിന്ന് എനിക്കും അതു ബോദ്ധ്യമുണ്ട്. വിശപ്പുശമനത്തിന് ആവശ്യമുള്ള ഭക്ഷണമോ നല്ല ഭക്ഷണമോ കിട്ടുന്നില്ല. മാത്രമല്ല ഉള്ളതു തന്നെ സമയത്തു കിട്ടുകയുമില്ല. വിശപ്പിന്റെ കൂടുതൽകൊണ്ട് എന്തെങ്കിലും തിന്നേതീരു എന്നുള്ള പരിതഃസ്ഥിതിയിൽ മാത്രമേ അവിടെയുള്ള ആഹാരസാധനങ്ങൾ കഴിക്കാൻ സാധിക്കുകയുള്ളു എന്നു എനിക്കനുഭവമുണ്ട്. ഇന്നത്തെ ഗവമെന്റ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒരു കുടുംബത്തിൽ താമസിക്കുന്ന ഒരാളിന് സൌകര്യമുണ്ടാകുമ്പോൾ ആദ്യം ചെയ്യുന്നതു താമസിക്കുന്ന കെട്ടിടത്തിനു വല്ല പരിഷ്കാരവും ചെയ്യാനുണ്ടെങ്കിൽ ചെയ്യുമെന്നുള്ളതാണ്. അത്ര് ആക്കും

[Mr. P. K. Kunju]

സന്തോഷമുണ്ടാക്കുന്ന കാര്യമാണ്. ആ തത്വേന ഇന്നത്തെ ജനകീയ മന്ത്രിമാരെ സെൻട്രൽജയിലിലെ കെട്ടിടങ്ങളെപ്പറ്റി ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അവയുടെ ദയനീയാവസ്ഥ ബഹുമാനപ്പെട്ടമന്ത്രിമാർക്ക് ബോദ്ധ്യമുള്ളതാണ്. ആർക്കും ആരോഗ്യസംരക്ഷണത്തിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവൺമെൻറിൻെറ ചുമതലയാണ്. അസ്വതന്ത്രനായി തടങ്കലിൽ അടച്ചിട്ടുള്ള ഒരാളിൻെറ ആരോഗ്യത്തിലും സാന്മാർഗ്ഗികബോധത്തിലും ശ്രദ്ധിക്കേണ്ടതു് ഗവൺമെൻറാണ്. ഈ സഭയിൽ ഒരു കാര്യംകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. സെൻട്രൽ ജയിലിൽ സെഗ്രിഗേഷൻ സെൽ എന്ന പേരിൽ ആറോ ഏഴോ കെട്ടിടങ്ങളുണ്ട്. ആ കെട്ടിടത്തിൽ ആദ്യമായി പാർക്കാനുണ്ടായ ഭാഗ്യം ഇന്നത്തെ മന്ത്രിസഭയിലെ മൂന്നു മന്ത്രിമാർക്കും എനിക്കും ആയിരുന്നു. മനുഷ്യത്വത്തിൻെറ പേരിൽ ആ കെട്ടിടങ്ങൾ പൊളിച്ചുകളയേണ്ടതു് അത്യാവശ്യമാണ്. ആ കെട്ടിടത്തിൽ താമസിച്ചപ്പോൾ ഞങ്ങൾക്കു നാലുപേർക്കും ഭ്രാന്തുപിടിക്കുമെന്നു തോന്നിപ്പോയി. വായു അശേഷം അതിനകത്തു കടക്കുകയില്ല. വെളിച്ചവും ഏകദേശം അപ്രകാരം തന്നെ. ഈ വിധത്തിലുള്ള ആ കെട്ടിടം പൊളിച്ചുകളയുന്നതിനു് നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെൻറു് ശ്രദ്ധിക്കേണ്ടതാണ്.

HON'BLE MR. A. THANU PILLAI: അന്നു് ആ സെല്ലിൻെറ മുൻവശത്തെ വാതിൽ പൂട്ടിയിട്ടതുകൊണ്ടല്ലേ അസുഖം ഉണ്ടായതു്?

MR. P. K. KUNJU: അതുകൊണ്ടുകൂടിയാണെങ്കിലും നമുക്കു് ആവശ്യമില്ലാതിരിക്കെ ആ സെല്ലുകളെ പൊളിച്ചുകളയുന്നതായാൽ ഭാവിയിൽ മുൻവശം ഇനിയും അടച്ചിടാനുള്ള സൗകര്യം ഉണ്ടാകുകയില്ലല്ലോ എന്നു കരുതിയാണു ഞാൻ പറയുന്നതു്. അനൗദ്യോഗസ്ഥമെമ്പറന്മാരേയും ഉദ്യോഗസ്ഥമെമ്പറന്മാരേയും ജയിൽ സന്ദർശകന്മാരായി നിയമിച്ചിട്ടുണ്ടെങ്കിലും കഴിഞ്ഞ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽനിന്നും ഈ സന്ദർശകർ ഒരു പ്രാവശ്യം മാത്രമാണു ജയിൽ സന്ദർശിച്ചതെന്നു കാണാൻ കഴിയുന്നതാണ്. ജയിലിൻെറ അവശതകൾ മനസ്സിലാക്കി അതു പരിഹരിക്കുന്നതിനാണു ഈ സന്ദർശകന്മാരെ നിയമിച്ചിട്ടുള്ളതു്. ഇങ്ങനെ ആണ്ടിലൊരിക്കൽ ജയിൽ സന്ദർശിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുണ്ടാകുന്നതെന്നു് ഞാൻ ചോദിച്ചുകൊള്ളുന്നു. മാസത്തിലൊരിക്കലെങ്കിലും ഇവർ ജയിൽ സന്ദർശിച്ചിരിക്കണമെന്നു് നിർബന്ധം വയ്ക്കേണ്ടതാണ്,

അടുത്തതായി ജയിൽമുതലിൽ അപഹരണം നടക്കുന്നുണ്ടെന്നുള്ളതിലേക്കു ഒരു ഉദാഹരണം ഞാൻ കാണിക്കാം. അഡ്മിനിസ്ട്രേഷൻ

റിപ്പോർട്ടിൽ ൪ 0 ആളുകൾവീതം സസ്യത്തോട്ടത്തിൽ പ്രവൃത്തി എടുക്കുന്നുണ്ടെന്നു കാണുന്നു. എന്നാൽ അവിടെനിന്നും ഉല്പാദിപ്പിക്കുന്ന സസ്യങ്ങൾ വിററുകിട്ടുന്ന തുക ഭാഗിച്ചുനോക്കുമ്പോൾ ഒരാളുടെ ശ്രമത്തിൽനിന്നും ഒരു ദിവസത്തേയ്ക്കു കിട്ടുന്നതു രണ്ടണ മൂന്നു പൈസയാണു. ഒരാൾ ദിവസവും നു മണിക്കൂർ വേലചെയ്തും ആവശ്യമുള്ള വളം സർക്കാർ ചെലവിൽ ഇട്ടും കൃഷിചെയ്താൽ ലഭിക്കുന്നതു് രണ്ടണ മൂന്നു പൈസയ്ക്കുള്ള സസ്യം മാത്രമാണ് എന്നു പറയുമ്പോൾ ആശ്ചര്യകരമായി തോന്നുന്നു. ഇക്കാര്യത്തിലും ഗവണ്മെൻറ് വേണ്ട ശ്രദ്ധ പതിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. A. V. JOSEPH (*Kunnathunad I—General*) : സർ, ജയിലിലെ ആഹാരക്രമത്തെപ്പററി ഒന്നുരണ്ടു സംഗതികൾ ചൂണ്ടിക്കാണിക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. അതായതു് ജയിലിൽ വിശേഷമായ ഒരാഹാരമുണ്ടു്. ചെറുപയറും ചേനയും കായും കൂട്ടിചേർത്തു് സ്വാദില്ലാത്ത ഒരു പുഴുക്ക് പുഴുങ്ങി ജയിൽപുള്ളികൾക്ക് കൊടുക്കുന്നുണ്ടു്. ഇതിനുള്ള സാധനങ്ങൾ എല്ലാം പ്രത്യേകം പ്രത്യേകം എടുക്കുകയാണെങ്കിൽ അതെല്ലാം വളരെ നല്ല സാധനങ്ങൾ ആണ്. എന്നാൽ ഈ കൊള്ളാവുന്ന സാധനങ്ങൾ എല്ലാംകൂടി കൂട്ടിച്ചേർത്തു് കൊള്ളരുതാത്ത തരത്തിലാക്കിയാണു് പുള്ളികൾക്ക് കൊടുക്കുന്നതു്. അതിന് എന്തെങ്കിലും പ്രതിവിധി ചെയ്യേണ്ടതു് അത്യാവശ്യമാണ്, ഈ സാധനങ്ങൾ പ്രത്യേകം പ്രത്യേകം ഉപയോഗിക്കാൻ കൊള്ളാവുന്ന തരത്തിൽ ഉണ്ടാക്കുന്നതു കൊണ്ടു് കൂടുതൽ ചെലവുണ്ടാകുമെന്ന് വിചാരിക്കേണ്ട കാര്യമില്ല. കുറച്ചുമനസ്സുവച്ചു് പ്രവർത്തിച്ചാൽ മാത്രം മതി. ജയിലിൽ കൊടുക്കുന്ന ആഹാരങ്ങൾ അവരുടെ ഉപയോഗത്തിനു് കൊള്ളാവുന്ന രീതിയിൽ ഉണ്ടാക്കികൊടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

MR. K. A. GANGADHARA MENON (*Nedumangad I—General*): ഇപ്പോൾ ജയിലിൽ ഏത്തക്കാ കൊടുക്കുന്നുണ്ടോ?

MR. A. V. JOSEPH : ഇപ്പോൾ കൊടുക്കാൻ വളരെ വിഷമമാണെന്നു് നമുക്കറിയാമല്ലോ?

കൂടാതെ ജയിൽപുള്ളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന മറെറാരുകാര്യം അവിടെ ഉണ്ടാകുന്ന സാധനങ്ങൾ കൺട്രാക്ററന്മാർക്ക് കൊടുക്കുകയും കൺട്രാക്ററന്മാരുടെ കയ്യിൽനിന്നും ഏതെങ്കിലും തരത്തിലുള്ള സാധനങ്ങൾ വാങ്ങിച്ചു അവർക്ക് കൊടുക്കുകയും ചെയ്യുന്നുവെന്നുള്ളതാണ്. ഈ രീതി മാററി അവിടെ ഉണ്ടാകുന്ന സാധനങ്ങൾതന്നെ ജയിൽ ആവശ്യത്തിന് കൊടുക്കുകയാണെങ്കിൽ തടവുകാർക്കു നല്ല ആഹാരം

[Mr. A. V. Joseph]

കഴിക്കാൻ സാധിക്കും. ഇന്നത്തെ മന്ത്രിമാരും പ്രസിഡൻറും ഈ ജയിലുകളുടെ സ്ഥിതിയെപ്പററി നല്ലവണ്ണം പരിചയപ്പെട്ടിട്ടുള്ളവരാണ്.

ജയിൽപുള്ളികൾ വെളിയിൽവന്നാൽ മുമ്പുചെയ്തിട്ടുള്ള കുററങ്ങൾ തന്നെ പിന്നെയും ചെയ്യുന്നു. ജയിലിലെ സ്വഭാവ ശുദ്ധീകരണം വളരെ മോശമായ രീതിയിലാണെന്നാണ് എൻെറ അറിവ്. അവരെ വളരെ കുററവാളികളും അപമാനിതന്മാരുമായിട്ടാണ് കരുതുന്നത്. നേരെമറിച്ച് അവർ ചെയ്തത് തെററല്ല, അതൊരു സുഖക്കേടാണെന്നു വിചാരിച്ച് അതിനെ ഭേദപ്പെടുത്താൻ ശ്രമിക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. ജയിലിൽ റേഡിയോ ഫിററുചെയ്യുക, നല്ലനല്ല കഥാപുസ്തകങ്ങളും മാസികകളും മററും വായിക്കാൻ കൊടുക്കുക, നല്ലനല്ല സിനിമാകൾ പ്രദർശിപ്പിക്കുക ഇങ്ങനെയുള്ള ഏർപ്പാടുകൾകൊണ്ടു പുള്ളികളെ നല്ല പന്ഥാക്കളിലേയ്ക്കു് തിരിച്ചുവിടാൻ സാധിക്കുന്നതാണ്. അതുകൂടി മനസ്സിലാക്കി ഇന്നത്തെ ഗവണ്മെൻറ് ജയിൽപുള്ളികളെ നല്ല പന്ഥാക്കളിൽക്കൂടി നയിക്കുന്നതിനും അവർക്ക് ജയിലിൽനിന്നും വെളിയിൽ വന്നാൽ ജീവിക്കുന്നതിനുള്ള ഉപാധികൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും ശ്രദ്ധിക്കണമെന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. N. V. CHACKO (*Kunnathunad III—General*): സർ, ജയിലിനകത്തു കിടക്കുന്നവരേയും വെളിയിൽ ഉള്ളവരേയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ വെളിയിലുള്ള പലരും, ജയിലിനകത്തു കിടക്കുന്ന ചിലരേക്കാൾ ചീത്തയാളുകൾ ആണെന്നു കാണാൻ കഴിയും. ജയിലിൽ കിടക്കുന്ന ആളുകൾ അവരുടെ ആയുഷ്കാലം മുഴുവൻ അപഹരിച്ചിട്ടുള്ളതിൽ കൂടുതൽ സംഖ്യ പുറത്തുള്ളവരിൽ ചിലർ ഒരൊററ ദിവസംകൊണ്ടു അപഹരിക്കുന്നുണ്ട്. കൊലപാതകകുററത്തിനും മററും വേണ്ടി പണ്ട് ജീവപര്യന്തം ശിക്ഷിച്ചിരുന്നവരെ ജയിലിലിട്ടിരുന്നത് പതിന്നാലുകൊല്ലത്തേക്കാണ്. ഇപ്പോൾ അതു വളരെ ദയവായി ആലോചിച്ച് ഇരുപതുകൊല്ലമാക്കിയിരിക്കുന്നു. ഇംഗ്ലണ്ടിലാണെങ്കിൽ പതിന്നാലുകൊല്ലം ജയിലിൽ കിടക്കുന്നതിനേക്കാൾ അപ്പോഴേ തൂക്കിക്കൊല്ലുകയാണ് അധികം ഇഷ്ടപ്പെടുന്നത് എന്നു പറയപ്പെടുന്നു. ഇൻഡ്യാക്കാർ ആ അഭിപ്രായക്കാർ അല്ലായിരിക്കാം. ഇങ്ങിനെയുള്ള കാര്യങ്ങളെല്ലാം പരിഗണിച്ച് തടവുകാർക്ക് ജയിലിൽ കൂടുതൽ മനുഷ്യത്വത്തോടുകൂടി ജീവിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. പ്രത്യേകിച്ചും ശുചീകരണകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കേണ്ടതും അത്യാവശ്യമാണു.

MR. PONNARA G. SRIDHAR (*Nedumangad II-General*) : എനിക്ക് സംസാരിക്കാൻ നല്ല സുഖമില്ലാത്തതുകൊണ്ടു ജയിലിലെ വാർഡർമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ടു അവസാനിപ്പിക്കുന്നു.

MR. T. K. NARAYANA PILLAI (*Parur II-General*) : സർ, ജയിൽ പരിഷ്ക്കരണത്തിന്റെ അത്യാവശ്യകതയെപ്പററി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമാത്രമാണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതു്. ഇന്നു പാശ്ചാത്യരാജ്യങ്ങളിൽ പ്രത്യേകിച്ച് അമേരിക്കയിൽ ജയിൽപരിഷ്ക്കാരം അവിടത്തെ അധികൃതന്മാരുടെ അടിയന്തിരമായ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. കുററം ചെയ്യുന്നതു് ഏതു പരിതഃസ്ഥിതികളിലാണ്, കുററംചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നതു എന്തെല്ലാമാണ് എന്നെല്ലാം ഗവേഷണത്തിനു വിധേയമായിട്ടുണ്ടു്. കുററം ചെയ്യുന്നവരുടെ തലച്ചോറുപോലും ഗവേഷണത്തിനു വിധേയമാക്കി അതിൽ അസാധാരണമായി എന്തെങ്കിലും ഉണ്ടോ എന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കുററം ചെയ്യുന്നതു് നിരന്തരമായുള്ള ചില പ്രത്യേക പരിതഃസ്ഥിതികളിലാണെന്നും ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിതന്നെ കുററങ്ങൾ ചെയ്യാൻ പ്രേരകമാണെന്നും മനസ്സിലാക്കി ഇതിനൊരു പരിഹാരമായി ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിതന്നെ പാടെ മാററുന്നതിനു ശ്രമിക്കുകയാണ് ഗവണ്മെൻറു ചെയ്യേണ്ട അടിയന്തിരമായ കാര്യം. ഇന്ന് അമേരിക്കയിൽ അതിനു പരീക്ഷണങ്ങൾ നടത്തിവരുന്നുണ്ടു്. സാധാരണ കുററക്കാരെ പരോളിൽ വിടുന്ന പതിവ് അമേരിക്കയിൽ ഉണ്ടു്. അങ്ങനെ പരോളിൽ വിടുക മാത്രമല്ല അവർക്കു വിദ്യാഭ്യാസം ചെയ്യുന്നതിനും പുതിയ വ്യവസായങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള സൗകര്യങ്ങൾ കൊടുത്തു് കുററക്കാരെ മനുഷ്യരാക്കിത്തീർക്കുന്നതിനുള്ള പരിതഃസ്ഥിതികൾ അമേരിക്ക സൃഷ്ടിച്ചുവരുന്നുണ്ടു്. അതിലും നമ്മുടെ ഗവണ്മെൻറ് ഗാഢമായി ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അമേരിക്കയിൽ കുററക്കാരെ പരിഷ്കരിക്കുന്നതിനായുള്ള ഒരേർപ്പാടാണ് കാളനിസിസ്റ്റം. അതായതു കുടുംബജീവിതം നയിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയും അങ്ങനെ കുടുംബജീവിതത്തിൽ അവരുടെ വ്യാപാരങ്ങളെ സൂക്ഷിച്ചു പഠിക്കുകയും ചെയ്യുന്ന ഒരേർപ്പാടു് അമേരിക്കയിലുണ്ടു്.

ഇന്ന് ഇൻഡ്യയിലേക്ക് നമ്മുടെ ദൃഷ്ടി പതിയുകയാണെങ്കിൽ ഒരു ജനകീയഗവണ്മെൻറു ഭരണചുമതല ഏറെറടുത്തതിനുശേഷം യു. പി-യിലും മററും ചില പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി നമുക്കു കാണാൻകഴിയും. യൂണൈറഡു് പ്രാവിൻസിലെ

[Mr. T. K. Narayana Pillai.]

പ്രധാനമന്ത്രിയായ ശ്രീ ഗോവിന്ദവല്ലഭപാൻറ് ഒരു ജയിൽപരിഷ്കരണ കമ്മിററി ഏർപ്പെടുത്തുകയും ആ കമ്മിററി ഇപ്പോൾ ഒരു റിപ്പോർട്ട സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് ഇവിടത്തെ ഗവമ്മെൻറിന്റെ ഗാഢമായ ശ്രദ്ധക്കു വിഷയീഭവിച്ചുകാണാൻ ഞാനാഗ്രഹിക്കുന്നു. അതു പോലെ മദ്രാസിലും മൗലികമായ ചില പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല. മുമ്പ് മദ്രാസിൽ എ. ബി. സി. എന്നു മൂന്നുതരത്തിലാണു തടവുകാരെ വിഭജിച്ചിരുന്നത്. പുതിയ പരിഷ്കാരം അനുസരിച്ച് എ. ബി. സി. എന്നു മൂന്നായി വിഭജിച്ചിരുന്നതു നിറുത്തി ൧-ാം ൨-ാം ക്ലാസുകൾ എന്ന വിഭജനം സ്വീകരിച്ചു ൧-ാം ക്ലാസ് തടവുകാർക്കു കൂടുതൽ സൗജന്യം അനുവദിച്ചുകൊടുക്കുകയും ചെയ്തു. രണ്ടാംക്ലാസ് തടവുകാക്കും അടുത്തകാലത്ത് കൂടുതൽ സൗജന്യം അനുവദിച്ചുകൊടുത്തതു വിസ്മരിക്കത്തക്കതല്ല. എന്നാൽ ഇവിടെയാണെങ്കിൽ അങ്ങനെ യാതൊരു സൌജന്യവും ചെയ്തിട്ടില്ല. അവക്കു സ്വാതന്ത്ര്യമായി എഴുത്തയക്കാനുള്ള സൌകര്യംപോലും ഇല്ല. അതിനാൽ ഇന്നത്തെ ജയിൽഭരണത്തിൽ മൗലികമായ പരിഷ്കാരം വരുത്തേണ്ടതു ഏററവും അത്യാവശ്യമാണു.

ഇനി ഒരുവാക്കു റെഫർമേറ്ററിയെപ്പററി പറയണമെന്നു വിചാരിക്കുന്നു. ൧൮ വയസ്സ് തികയാത്ത ബാലന്മാരെയും ബാലികമാരെയും അവരുടെ മനഃപരിഷ്കാരം വരുത്താൻ അവിടെ സൂക്ഷിച്ചുവരുന്നു. എന്നാൽ അവക്കു വിദ്യാഭ്യാസംനൽകാൻ ഒരദ്ധ്യാപകനെ മാത്രം ൧൧ മ. മ. മുതൽ ൧൨ മണിവരെ അദ്ധ്യാപകനായി നിയമിച്ചിട്ടുണ്ട്. റെഫർമേറ്ററിയിൽ ഉള്ളവർ ബാലന്മാരാണു. അതിനാൽ അവർക്കു കൂടുതൽ വിദ്യാഭ്യാസ സൌകര്യം കൊടുക്കേണ്ടതു അത്യാവശ്യമാണ്. അതിനുവേണ്ട സൌകര്യം ഗവമ്മെൻറു ചെയ്യണമെന്നുൽബോധിപ്പിക്കുന്നു.

ഒരുകാര്യംകൂടി റെഫർമേറ്ററിയെപ്പററി പറയാം. അവിടെ ൧൮ വയസ്സുവരെയുള്ള ബാലന്മാരാണുള്ളതു എന്നു പറഞ്ഞുവല്ലൊ. എന്നാൽ ൨൧ വയസ്സുവരെയുള്ളവരെ അവിടെ സൂക്ഷിക്കത്തക്കവണ്ണം അനുവദിക്കണം. ൨൧ വയസ്സുവരെയുള്ളവർ മിക്കവാറും ചെറിയ കുററങ്ങൾ ആയിരിക്കും ചെയ്തിട്ടുള്ളതു്. ചെറിയ കുററം ചെയ്തിട്ടുള്ള ഇത്തരം പിള്ളകൾ വലിയ അക്രമികളായ തടവുകാരോടൊത്തു കഴിഞ്ഞുകൂടുന്നതു ഒട്ടും നല്ലതല്ല. അവരെ അവിടെനിന്നും മാററി റെഫർമേറ്ററിയിൽ അയക്കുന്നപക്ഷം അവർക്കു നന്നാകാൻ ഉള്ള സാഹചര്യം ഉണ്ടാകും. അതിനാൽ ൨൧ വയസ്സുവരെയുള്ള എല്ലാവരേയും റെഫർമേറ്ററ സ്കൂളിലാണു അഡ്മിററു ചെയ്യേണ്ടതു്. ഇങ്ങനെയുള്ള അടിയന്തിരകാര്യങ്ങളിൽ ഗവമ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിക്കണമെന്നുമാത്രമേ എനിക്കു ഉദ്ദേശമുള്ളൂ.

MR. K. A. GANGADHARA MENON : സർ, ബഹുമാനപ്പെട്ട മെമ്പർ മി. റി. കെ. നാരായണപിള്ളയുടെ അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഈ വക പരിഷ്കാരങ്ങളെല്ലാം ഉടനടി നടപ്പിലാക്കാൻ കുറെ വിഷമമാണെന്നെനിക്കറിയാം. എങ്കിലും ജയിലിനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ ഗവൺമെൻറ് അനുവർത്തിക്കുന്നനയം ജയിൽപുള്ളികളുടെ സ്വഭാവശുദ്ധിയെ നന്നാക്കാനോ, അവരുടെ ജീവിതത്തെ നന്നാക്കാനോ ഒട്ടും പര്യാപ്തമല്ല. നേരേമറിച്ചു ഇന്നത്തെ പരിതഃസ്ഥിതിയിൽ ജയിലിൽ കടന്നുകൂടിയാൽ അവിടെനിന്നും പുറത്തുവരുന്ന ഏതൊരാളും കുററം ചെയ്യുന്നതിന് മുമ്പിലത്തേതിൽ കൂടുതൽ വാസനയുള്ളവരായിട്ടാണ് സാധാരണയായി കാണുന്നതു്. മിക്കവാറും എല്ലാവരുടേയും സ്ഥിതി അങ്ങനെ ആയിത്തീരുന്നു. ഈ പരിതഃസ്ഥിതി മാററാതെയിരിക്കുന്നതു രാജ്യത്തിനുതന്നെ ദോഷമാണ്. ജയിൽ പുള്ളികളെ അടയ്ക്കുന്ന ഇന്നത്തെ ഏർപ്പാടിൽ തന്നെ വളരെ പരിഷ്കാരം ഉണ്ടാക്കണം. കറുത്ത തൊപ്പി എന്നു പറയുന്ന മോഷണപ്പുള്ളികളെ പ്രത്യേകം അടയ്ക്കുന്നു. എന്നാൽ മററാളുകളെ സംബന്ധിച്ചിടത്തോളം എല്ലാവരെയും ഒരുമിച്ചു താമസിപ്പിക്കുന്നു. ഈ കൂട്ടത്തിൽ റഫർമേറററിയിൽ അയയ്ക്കുന്നതിനുള്ള പ്രായമാണെങ്കിലും; വാസ്തവത്തിൽ ചെറുപ്പക്കാരായിട്ടുള്ളവർ തുച്ഛമായ കുററം ചെയ്തു ജയിലിൽ പോയിട്ടുള്ളവരും വലിയകുററം ചെയ്തു വളരെക്കാലം ജയിലിൽ കഴിയുന്നവരും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ ഈ പുള്ളികളെ പ്രത്യേകം പ്രത്യേകം ആക്കി മേലാൽ നല്ല പൗരന്മാരാകാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കണം. ഏതായാലും ഇപ്പോഴത്തെ സ്ഥിതി മാററണം. കുററത്തിൻെറ രീതി അനുസരിച്ചു തരംതിരിച്ച്, പ്രത്യേകം താമസിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയാൽ നന്നായിരിക്കും.

വേറൊന്നു പറയാനുള്ളതു് ജയിൽ വിമോചനത്തെ പററിയാണ്. ചിലരെ കാലാവധിക്കു എത്രയും മുൻപ് വിട്ടയക്കുന്ന ചില റൂളുകൾ ഉണ്ട്. അവരുടെ സൽസ്വഭാവവും പെരുമാററവും അതിന് അവർക്കു കിട്ടുന്ന മാർക്കും അപേക്ഷിച്ച് ജയിലിൽനിന്നും കാലാവധി തീരുന്നതിനു മുൻപു വിടുന്നുണ്ട്. ഈ റൂൾ മുൻപേ ഉള്ളതാണ്. ആ റൂളിനെ പരിഷ്കരിക്കണം. ആ റൂൾ ഉണ്ടായാൽതന്നെ ദീർഘകാലശിക്ഷ അനുഭവിക്കേണ്ടവർക്ക് ഒന്നുരണ്ടുകൊല്ലത്തിനു മുൻപു വെളിയിൽ പോകാമെന്നല്ലാതെ അവർക്കു ഒരു സൗജന്യം കിട്ടുന്നില്ല. ജയിലിൽ ഏതാനും ദിവസം താമസിച്ചശേഷം അവർ സൽസ്വഭാവികളാണെന്നും പൊതുജനങ്ങളുടെ ഇടയിൽ ഉപദ്രവം നേരിടാതിരിക്കത്തക്കവണ്ണം

[Mr. K. A. Gangadhara Menon]

പെരുമാറുമെന്നും കണ്ടാൽ അങ്ങനെയുള്ളവരെ കുറച്ചു നേരത്തെ വിട്ടുകൂടേ? അങ്ങനെ വിടുന്നതു് പരോളിൽ വിടുന്നതായിരിക്കും. അവർ വെളിയിൽവന്നശേഷം അവരുടെ സ്വഭാവം തൃപ്തികരമല്ലെന്നു കണ്ടാൽ അവരെ വീണ്ടും അടയ്ക്കാവുന്നതാണു്. അങ്ങനെയാണെങ്കിൽ നല്ല ആളുകളാണെന്നു തോന്നുന്നവരെ ജയിലിൽ വയ്ക്കുകയില്ലാ എന്ന വിചാരവും പൊതുജനങ്ങൾക്കുണ്ടാകും. അതിനാൽ ജയിൽ വിമോചനം സംബന്ധിച്ചു് ജയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതു് അത്യാവശ്യമാണു്. അതു് ഉടനടി നടപ്പാക്കും എന്നു വിശ്വസിക്കുന്നു.

ഇനി ജയിലിലെ ആഹാരത്തെപ്പററിയാണു്. അവിടത്തെ ആഹാരം തീരെ പര്യാപ്തമല്ല. അവരുടെ ആവശ്യത്തിനു മതിയാകത്തക്കവണ്ണമുള്ള ആഹാരം കിട്ടുന്നില്ല. കൂടാതെ ഇന്നു ജയിൽപ്പുള്ളികൾക്കു കൊടുക്കുന്ന സാധനങ്ങൾ തന്നെയും ഏററവും ചീത്തയാണു്. മുൻപു ജയിലിൽ നല്ല അരിയുടെ കഞ്ഞി കിട്ടും എന്ന വിചാരം ഉണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ ഏററവും ചീത്ത അരിയാണു് ജയിലിലയയ്ക്കുന്നതു്. ഇപ്പോൾ കൊടുക്കുന്ന കഞ്ഞിതന്നെ ഒരാളിനു കുടിക്കുവാൻ മതിയാകുന്നില്ല; എന്നു മാത്രമല്ല ഏററവും ചീത്തയുമാണു്. ഈ കാര്യങ്ങളിൽ ഗവണ്മെൻറിൻെറ ശ്രദ്ധ പതിയണമെന്നു പ്രാർത്ഥിക്കുന്നു.

MR. VARGHESE AUGUSTIN (*Ambalapuzha III - General*) : സർ, ഇന്നു ജയിലിനെപ്പററി പറയുമ്പോൾ വീട്ടിനെപ്പററിയുള്ള പ്രതീതിയാണുണ്ടാകുന്നതു്. കാരണം തിരുവിതാംകൂറിൽ ഉത്തരവാദഭരണം ഉണ്ടാകണമെന്നുള്ള വിചാരത്താൽ സ്റ്റേററുകാൺഗ്രസ്സിൽ പ്രവർത്തിച്ച അനേകം ആളുകൾ ജയിലിനകത്തു കഴിഞ്ഞുകൂടി. ജനകീയ ഗവണ്മെൻറ് വന്നിരിക്കുന്ന ഈ അവസരത്തിൽ ആ ജയിലിനുവേണ്ട പരിഷ്കാരം ചെയ്യേണ്ടതു അത്യാവശ്യമാണു്. അതിനാൽ ഒന്നാമതായി എനിക്കു പറയാനുള്ളതു്, ജയിലിൽ താമസിച്ച അവസരത്തിലും ഇന്നും, അവരുടെ, വാർഡർമാരുടെ സ്ഥിതി പരിതാപകരമാണെന്നാണു്. അവർക്കു ശരിയായി ഒരു നേരത്തെ കഞ്ഞിപോലും കഴിക്കാൻ പര്യാപ്തമായ ശമ്പളമല്ല കൊടുക്കുന്നതു് എന്നു നമുക്കറിയാം. അതിനാൽ അവരുടെ ശമ്പളം കൂട്ടേണ്ടതു് അത്യാവശ്യമാണു്. അതിനുപുറമേ ജയിലിൽ താമസിച്ച അവസരത്തിൽ അവിടത്തെ അധികാരികളായ ഉദ്യോഗസ്ഥന്മാരിൽ നിന്നും തന്നെ ലഭിച്ചിട്ടുള്ള ചില അനുഭവങ്ങൾ പറയാതിരിക്കുവാൻ നിർവാഹമില്ല. ആഹാരം ജയിലിൽ വേണ്ടപോലെ തികയുന്നില്ല. ജയിലിൽ നിയമപ്രകാരം അനുവദിച്ചിട്ടുള്ള ആഹാരസാധനങ്ങൾ മുഴുവൻ വന്നുചേരുന്നില്ലെന്നുള്ള വസ്തുത പറയാതിരിക്കുവാൻ തരമില്ല. കാരണം

അവിടെയുള്ള ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും ഈ സാധനങ്ങൾ ദൂഷണം ചെയ്യാത്തവർ ഉണ്ടോ എന്നു സംശയമാണ്. അവിടെ സാധനങ്ങൾ ഏൽപ്പിക്കുന്ന കൺട്രാക്ടർ ഉദ്യോഗസ്ഥന്മാരോടു ചേൎന്നു നടത്തുന്ന ദൂഷണം കൊണ്ടായിരിക്കണം ആ സാധനങ്ങൾ ഗവമെണ്ടിന്റെ നിയമപ്രകാരം വരാതെയിരിക്കുന്നതു്. വരുവേണ്ട സാധനങ്ങൾതന്നെ പുള്ളികളുടെ മുമ്പിൽ വരുമ്പോൾ വേണ്ടപോലെ കാണുകയില്ല. കാരണം ഉദ്യോഗസ്ഥന്മാർ കൺട്രാക്ടറോടു കയ്യിൽനിന്നും വേണ്ടപോലെ വാങ്ങിയശേഷം ഉദ്യോഗസ്ഥന്മാരുടെ വീട്ടിലെ ആവശ്യത്തിനുള്ള സാധനങ്ങളുംകൊടുത്തു തൃപ്തിപ്പെടുത്തുന്നു എന്നാണ് തോന്നുന്നതു്. ഇതിനെല്ലാത്തിനും പുറമേ അകത്തുവരുന്ന സാമാനങ്ങൾ വ്യാജമായി വെളിയിൽ കൊണ്ടുപോയി വിൽക്കാനുള്ള സൗകര്യവും ഉണ്ടാക്കി കൊടുക്കുന്നു. പിന്നെ ഒരു കാര്യം; ജയിലിൽ കിച്ചനിലും, മെഡിക്കൽ കിച്ചനിലും ജോലിക്കുള്ള ആളുകൾ അവരെ അവിടെ അയയ്ക്കുന്ന ഉദ്യോഗസ്ഥനു നല്ല ഒരു തുക കൊടുത്താൽ മാത്രമേ അവിടത്തേക്കു നിയമിക്കുകയുള്ളു എന്നു പറയുന്നു. അങ്ങനെയാണെങ്കിൽ കൈക്കൂലി ജയിൽ പുള്ളികളിൽനിന്നുപോലും വാങ്ങുന്ന ഏർപ്പാടു നിറുത്തൽ ചെയ്യേണ്ടതു് അത്യാവശ്യമാണ്. അവിടത്തെ മെഡിക്കൽ വകുപ്പിനെപ്പററി പറഞ്ഞാൽ ഒരാൾ മരിച്ചശേഷം മി. പി. ററി. ചാക്കോ പറഞ്ഞതുപോലെ കാർമിനേററിവ് മിക്സ്ചർ കൊടുത്തതായും വിലകൂടിയ മരുന്നുകൾ കുത്തിവച്ചതായും റിക്കാർഡുകൾ ഉണ്ടാക്കി, ആവക മരുന്നുകളുടെ വില ഡാക്ടരുടെ കീശയിലാക്കുകയാണു ചെയ്യുന്നതു്.

മി. ചന്ദ്രശേഖരപിള്ള പറഞ്ഞതുപോലെയുള്ള വലിയ സുഖക്കേടുകാർ അവിടെയുണ്ട്. ജയിലിൽ താമസിച്ചശേഷം വന്നിട്ടുള്ള പലരേയും എനിക്കു നേരിട്ടറിയാം. അവരിൽ പലരും വലിയ രോഗികളായാണ് വന്നിട്ടുള്ളതു്. പബ്ലിക്കിനെ ഉപദ്രവിക്കുന്ന രീതിയിലുള്ള രോഗികളാക്കിയാണു വെളിയിൽ വിടുന്നതു്. ഇങ്ങനെയുള്ള അഴിമതികളും ദൂഷണവും ജയിലിനകത്തു നടക്കാതെ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഗവമെണ്ട് പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. ജയിലിൽ അനേകം ആളുകൾ ജോലിചെയ്യുന്നു. ഗവമെണ്ട് വിചാരിക്കുകയാണെങ്കിൽ നിശ്ചയമായും അവിടെ നടക്കുന്ന അഴിമതികൾ ഇല്ലാതാകും. അവിടെ ഉള്ള ജോലിക്കാർ പല സാമാനങ്ങളും വെളിയിൽ കൊണ്ടുപോകുന്നുണ്ട്. അവിടത്തെ പുള്ളികൾ ചെയ്യുന്ന ജോലിയിൽനിന്നും ധാരാളം ആദായം ഉണ്ടാകുന്നുണ്ട്. ആ ആദായ

[Mr. Varghese Augustin.]

ത്തിന്റെ ഒരു വീതം ഈ പുള്ളികൾക്കും കിട്ടുമായിരുന്നു എങ്കിൽ ഇത്രത്തോളം സാമാനങ്ങൾ വെളിയിൽ കൊണ്ടുപോകാനുള്ള സൗകര്യം ഉണ്ടാകുകയില്ല. അവിടത്തെ പുള്ളികൾക്കു ബീഡി കൊടുക്കുവാൻ അനുവദിക്കുകയാണെങ്കിൽ അവിടത്തെ കുഴപ്പം അല്പം കുറയും എന്നാണ് എനിക്കു തോന്നുന്നത്. ഇന്നു വയോജനവിദ്യാഭ്യാസം ഈ രാജ്യത്തു നടപ്പാക്കുവാൻ ഗവർമെന്റ് വിചാരിക്കുന്നു. ജയിലിലും വയോജനവിദ്യാഭ്യാസം നടപ്പിലാക്കേണ്ടതാണ്. അവിടത്തെ ഇപ്പോഴത്തെ വിദ്യാഭ്യാസം തൃപ്തികരമല്ലാത്തതിനാൽ കൂടുതൽ അദ്ധ്യാപകന്മാരെ നിയമിച്ച് വിദ്യാഭ്യാസം ശരിയായി നടത്തിക്കാൻ നിഷ്കർഷിക്കുന്നത് നന്നായിരിക്കും. അതുപോലെതന്നെ ആഴ്ചയിൽ ഒരു നല്ല പ്രസംഗമെങ്കിലും അവിടത്തെ പുള്ളികളെ ഉദ്ദേശിച്ചു നടത്തേണ്ടതാണ്.

(ബെൽ)

MR. MANNAR GL. ALAN NASR : തിരുവിതാംകൂറിലെ ഉത്തരവാദഭരണ സമരത്തിന്റെ മുറ്റും തുണയായി ബഹുമാനപ്പെട്ട മന്ത്രിമാർ അവരുടെ ജീവിതത്തിന്റെ പല പ്രധാന ഘട്ടങ്ങളും കഴിച്ചുകൂട്ടിയ ആ ജയിലിനെപ്പറ്റി അതിൽ സമ്പർക്കമില്ലാത്ത എനിക്കു വിശേഷവിധിയായി ഒന്നും തന്നെ പറയുവാനില്ല. എന്നാൽ ജയിൽ വിമുക്തരായ ചില ആളുകളിൽ നിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ച ഒന്നു രണ്ടു കാര്യങ്ങൾ പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഏറ്റവും നിരാശാജനകങ്ങളായ അനുഭവങ്ങളാണ് ജയിൽ വിമുക്തരിൽനിന്ന് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. അവിടത്തെ ആഹാരരീതിയും വൈദ്യസഹായരീതിയും പലപ്പോഴും അധികൃതന്മാർ കൊടുക്കുന്നവയിലാണെന്നാണ് എനിക്കു അറിയുവാൻ സാധിച്ചിട്ടുള്ളത്. എന്റെ ബഹുമാന്യസ്നേഹിതനായ ഡെപ്യൂട്ടി പ്രസിഡന്റ് അവർകൾ ഇവിടെ പറഞ്ഞ അഭിപ്രായത്തോട് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. രാഷ്ട്രീയ തടവുകാർക്ക് പ്രത്യേകം ജയിൽ വേണമെന്ന് അദ്ദേഹം പറഞ്ഞു. അതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. രാഷ്ട്രീയ തടവുകാരുമായി പരിചയപ്പെട്ടിട്ടുള്ള ഹാബിച്വൽ ഒഫൻഡേഴ്സ് പലപ്പോഴും കുറ്റം ചെയ്യുവാനുള്ള മനഃസ്ഥിതിയിൽനിന്നും മോചിക്കപ്പെട്ടവരായും കൂടുതൽ സാന്മാർഗ്ഗികമായ ഒരു ജീവിതഗതിയെ കൈക്കൊള്ളുന്നവരായും കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ക്രിമിനൽ പുള്ളി ഇന്നത്തെ ബഹുമാനപ്പെട്ട ഒരു മന്ത്രിയുമായി ജയിലിൽ വച്ചു സമ്പർക്കമുണ്ടാകാൻ ഇടവന്നതുകൊണ്ട് പിന്നീടുള്ള തന്റെ ജീവിതത്തിൽ സാന്മാർഗ്ഗിക

മായ ഒരു ചര്യ തുടർന്നുകൊണ്ടു പോകാൻ സാധിച്ചിട്ടുണ്ടെന്ന് എന്നോട് ഒരിക്കൽ പറയുകയുണ്ടായി. ഇതുപോലെ മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ സ്മരണയിൽ, അദ്ദേഹവുമായുള്ള പരിചയം നിമിത്തം ചില ഹാബിച്ചൽ ഒഫെൻഡേഴ്സ് കൂടുതൽ സന്മാർഗ്ഗനിരതന്മാരായി തീർന്നിട്ടുണ്ടെന്നു അദ്ദേഹത്തിന്റെ അനുഭവപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു ആദർശവാദികളും ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ജയിലിൽ പോകുവാൻ നിർബന്ധിതരാകുന്നവരും ആയ രാഷ്ട്രീയ തടവുകാർ മിക്കവാറും ജനനേതാക്കന്മാരുംകൂടി ആയിരിക്കുന്നതുകൊണ്ടു മററുള്ള ക്രിമിനൽ പുള്ളികൾക്ക് അവരുമായുള്ള സമ്പർക്കം ഗുണകരമായിരിക്കുകതന്നെ ചെയ്യും.

ജയിലധികാരികൾ ഇപ്പോൾ വളരെ നിഷ്ഠുരമായ വിധത്തിലാണ് പെരുമാറി വരുന്നത്. തടവു പുള്ളികൾക്കും ആത്മാഭിമാനമുണ്ടെന്നു ജയിലധികൃതന്മാർ കരുതുന്നില്ല. ജയിലധികാരികളും തടവുപുള്ളികളുമായുള്ള സംഘട്ടനങ്ങൾ പലപ്പോഴും ഉണ്ടായിട്ടുള്ളതു് തടവുപുള്ളികളുടെ ആത്മാഭിമാനത്തിനു ക്ഷതം പറ്റുന്ന പെരുമാററങ്ങൾ ജയിലധികാരികളിൽനിന്നും ഉണ്ടാകുന്നതുകൊണ്ടാണ്. തടവുകാർ ഒരു വക അധഃകൃതരാണെന്നാണ് അവരുടെ വിചാരം. അടുത്തകാലത്ത് ഇപ്രകാരം തന്റെ ആത്മാഭിമാനത്തിന് ക്ഷതം തട്ടത്തക്കവിധത്തിൽ തന്നോടു പെരുമാറി എന്ന കാരണത്താൽ ഒരു തടവുപുള്ളി ഒരു ജയിലധികൃതനെ കൊലപ്പെടുത്തി എന്ന കേസ്സ് വാദിക്കുന്നതു ഞാൻ കേൾക്കുകയുണ്ടായി. ജയിൽ പുള്ളികളോടുള്ള പെരുമാററത്തിന്റെ രൂക്ഷതകൊണ്ടാണ് പലപ്പോഴും ഇത്തരം അനാശാസ്യ സംഭവങ്ങൾ ജയിലിനകത്തു വച്ചു ഉണ്ടാകുന്നതു്. അതു തടയുവാൻ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം.

സർ, ജയിൽ ജീവിതം അറിഞ്ഞിട്ടുള്ളവരും ഇപ്പോൾ ഈ രാജ്യത്തിന്റെ ഭാഗധേയം നിയന്ത്രിക്കുന്നവരും ആയ നമ്മുടെ മന്ത്രിമാർ ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ജയിലിൽ പോയി ക്രിമിനൽ പുള്ളികളുമായി ഇടപെട്ട് അവർക്കു സാന്മാർഗ്ഗികവും മതപരവുമായ ഉപദേശങ്ങൾ കൊടുക്കുന്നതു് നന്നായിരിക്കും.

ഒരു കാര്യംകൂടി എനിക്കു, ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു. കുററങ്ങൾ പലപ്പോഴും മാനസികമായ വൈകല്യങ്ങളിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്ന് മനശ്ശാസ്ത്രനിരീക്ഷകന്മാർ പറഞ്ഞിട്ടുണ്ടു. അതുകൊണ്ടു മനശ്ശാസ്ത്രസംബന്ധമായ ചികി

[Mr. Mannar Gopalan Nair.]

ത്സകൾ നടത്തുന്നതിനും അതിലേക്ക വിദഗ്ദ്ധമായ ഗവേഷണങ്ങൾ നടത്തുന്നതിനും വേണ്ട ഏർപ്പാടുകൾ കൂടി ചെയ്യേണ്ടതാണ്. ഒരു ഗവേഷണശാല ഉത്തമമായ രീതിയിൽ നിർമ്മിച്ചു ഈ ക്രിമിനൽ പുള്ളികളുടെ മാനസികവ്യാപാരത്തെക്കൂടി പരിശോധിക്കുവാൻ സൌകര്യം കൊടുക്കുന്ന കാര്യത്തിലും ഗവൺമെൻറു ശ്രദ്ധ പതിപ്പിക്കേണ്ടതാണു.

MR. PRESIDENT : ഈ ഉപക്ഷേപത്തെ സംബന്ധിച്ച് ഇനി ഏതെങ്കിലും മെമ്പറന്മാർ സംസാരിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവരെ ക്ഷണിച്ചുകൊള്ളുന്നു.

MR. ABDUL MAJEED (*Chirayinkil III - Muslim*) : സർ, ഇരുണ്ടതും ഇടുങ്ങിയതുമായ ലോക്കപ്പു ഭിത്തികൾക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന ഒരു തടവുകാരൻെറ ജയിൽജീവിതം എത്രമാത്രം നികൃഷ്ടമാണെന്നു ഇവിടെ ആരേയും പറഞ്ഞറിയിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇന്നത്തെ ലോക്കപ്പു സമ്പ്രദായം അടിമുടി മാറേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ജയിലുകൾ ഒരു ആശുപത്രിയായി രൂപാന്തരപ്പെടുത്തണമെന്നാണ് എൻെറ അഭിപ്രായം. ശാരീരികമായ അസുഖങ്ങൾ മാററാൻ ആശുപത്രികൾ ഉണ്ടാക്കിയിരിക്കുന്നതുപോലെ മാനസികമായ രോഗങ്ങൾ നീക്കുവാനുള്ള ആശുപത്രികളായിരിക്കണം ജയിലുകളും ലോക്കപ്പുകളും. അങ്ങനെ മാററാതിരിക്കുന്നിടത്തോളം കാലം ജയിലിൽ പ്രകാശമുണ്ടാകുവാൻ ജന്നലുകൾ വച്ചതുകൊണ്ടോ ആഹാരരീതി അൽപ്പസ്വൽപ്പം മാററിയതുകൊണ്ടോ കാര്യമായ ഗുണം ഒന്നും ഉണ്ടാകുവാൻ പോകുന്നില്ല. അതുകൊണ്ടു ഇന്നത്തെ ജനകീയ ഗവൺമെൻറു ഇതിൽ ഒരു പരിഷ്കാരം വരുത്തുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആദ്യമായി ചെയ്യേണ്ടതു് ഒരു കമ്മിററിയെ ഏർപ്പെടുത്തി ജയിലിലേയ്ക്കു പോകുന്ന ആളുകൾ വീണ്ടും ഭയങ്കരന്മാരും കൊള്ളക്കാരും ആയിവരുന്ന ഇന്നത്തെ പരിതഃസ്ഥിതി മാറുവാൻ, അവരെ രാജ്യത്തിനു ഉപകാരികളാക്കിത്തീർക്കാൻ ആവശ്യമായ പരിപാടികൾ എന്തെല്ലാമാണെന്നു ആലോചിച്ചു റിപ്പോർട്ടു വരുത്തുന്നതിനായി ചുമതലപ്പെടുത്തുകയെന്നതാണ്.

ഇംഗ്ലണ്ടിലേയും ഇതര രാജ്യങ്ങളിലേയും കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയേണ്ട ആവശ്യമില്ലെങ്കിലും ജയിൽ പരിഷ്കാരത്തെപ്പററി ആലോചിക്കുന്ന ഈ സന്ദർഭത്തിൽ റഷ്യയിൽ ഉണ്ടായിരിക്കുന്ന പരിഷ്കാരത്തെക്കുറിച്ച് അറിയുന്നതു് സഹായകമായിരിക്കുമെന്നാണ് എൻെറ

വിശേഷം സം. അവിടെ ഏതാണ്ട് നാലാം ജയിലിൽ പാർപ്പിക്കപ്പെടുന്ന തടവുകാർക്കു പ്രത്യേകം ... താമസിച്ചു കൊള്ളുവാനുള്ള ... കൂടി കൊടുക്കുന്നുണ്ട്. ...യുള്ള തടവുകാർക്ക് വീടുകളിൽ ... സൌകര്യം പോലുമില്ലെന്ന മാത്രമല്ല വീട്ടിലുള്ള ആളുകളെ ... ഈ കുട്ടികളെ കാണുവാൻ ... ഉണ്ട്. ബുദ്ധിപരമായും വിദ്യാഭ്യാസപരമായും വളരുന്നതിന് വേണ്ട എല്ലാ സൌകര്യങ്ങളും തടവുകാർക്ക ... കാണിക്കുന്നുണ്ട്. ... അവിടത്തെ ജയിൽ ... മനുഷ്യമായ ... ഇവിടത്തെ ജയിലിനേയും ... പരിഷ്കരിക്കുന്നതിന് ഒരു കമ്മററിയെ നിയമിച്ചു വേണ്ട നടപടികൾ നടത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

MR. N. DANIEL JOSE (*Neyyattinkara III—S. I. U. C.*): Sir, almost all leading writers on prison reform are agreed that deprivation of liberty is the greatest punishment that can be inflicted on a person. If this principle is accepted, I feel Sir, our jails have to be improved considerably. Writers on prison reform also feel that there should be greater individualisation of punishment. There are criminals who take to crime either because of their mental conditions or psychological or physical conditions. There are also criminals who take to crime because of environment and social conditions. In this connection I must point out and draw the attention of Government to the fact that in the matter of political prisoners separate classification is necessary. We will have to accept that there is a section of the people who are arrested for their political convictions or, it may be, for their political activities, whatever that be, there is a section who are arrested for their political convictions and activities. I feel, Sir, that a separate classification is necessary. They must not be grouped along with criminals. I am not saying that a separate prison should be created. But I feel that there should be a separate classification where political prisoners are afforded certain facilities, I might even say, a classification as A, B, and C would be in the interest of these persons. It has already been pointed out that our prisons require reform in improving the standard of life of the prisoners. I would suggest that the standard of life of the prisoners should be on a par with the standard of life of prisoners outside. Once again, emphasising that the principle, that the deprivation of the liberty should be the greatest punishment, to be accepted. I support the motion.

MR. KANNARA GOPALA PANICKER : സർ; ഇവിടത്തെ ജയിൽ ഭരണം ഒട്ടും തന്നെ തൃപ്തികരമല്ല. ജയിലിൽ പാർപ്പിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന ഗുണം ഇവിടത്തെ ജയിൽപ്പുള്ളികൾക്ക് ലഭിക്കുന്നില്ല. ജയിലിലേക്കയക്കുന്ന ആളുകളെ സാധാരണ ശിക്ഷിച്ചാണ് അയക്കുന്നതു. കൂടാതെ അണ്ടർട്രയൽ പ്രിസണേഴ്സും ഉണ്ട്. ഇവരെ ജയിലിലേക്ക് അയക്കുന്നത് അവർ നശിച്ചുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആയിരിക്കുകയില്ലല്ലോ. എന്നാൽ ജയിലിലേക്ക് അയക്കുന്നവർ ജയിലിൽ നിന്നു പുറത്തുവരുമ്പോൾ കൂടുതൽ മോശപ്പെട്ടും ആരോഗ്യം നശിച്ചും ആണ് കാണപ്പെടുന്നത്. അരിക്ക് വില കൂടിയശേഷം വളരെ മോശമായ അരിയാണു ഇവർക്ക് ആഹാരത്തിന് കൊടുത്തുവരുന്നത്. ജയിലിൽ ഇവരെക്കൊണ്ട് കഠിനമായ ജോലി ചെയ്യിച്ചുവരുന്നു. ജയിലിൽ കൊടുക്കുന്നതും അവിടെ ലഭിക്കുന്നതുമായ നല്ല ആഹാരസാധനങ്ങൾ മിക്കവാറും അവിടത്തെ ഉദ്യോഗസ്ഥന്മാരാണ് എടുക്കുന്നതു്.

MR. K RAMAKRISHNA PILLAI: (*Ambalapuzha I General*) ഇപ്പോഴും അവിടെ ചീത്ത അരിയാണോ കൊടുക്കുന്നതു്? അതേപ്പറ്റി മെമ്പർക്കു അധികൃതമായ വല്ല അറിവുമുണ്ടോ?

MR. KANNARA GOPALA PANICKER : ഇപ്പോഴും സ്ഥിതിഗതികൾ ഭേദപ്പെട്ടിട്ടില്ലെന്നാണ് എന്റെ അറിവ്.

അടുത്തതു് അവിടത്തെ വൈദ്യസഹായത്തെപ്പറ്റിയാണ്. അവിടെ ഒരു ആശുപത്രി ഉണ്ട്. ജയിലിൽ വച്ച് എനിക്ക് ഒരു സുഖക്കേടു പിടിപെട്ടപ്പോൾ എന്നെ ജയിൽ ആശുപത്രിയിലേക്കു മാറ്റുകയാൽ ആ ആശുപത്രിയിലെ നടപടികൾ എങ്ങിനെയിരിക്കുന്നുവെന്ന് നേരിട്ടു അനുഭവപ്പെട്ടറിയുവാൻ എനിക്കു സൌകര്യം കിട്ടി. രണ്ടു മൂന്നു പറ കൊള്ളുന്ന കുപ്പികൾക്കകത്ത് മരുന്നുകൾ കലക്കി അവിടെ വച്ചേക്കും. ഏതു രോഗമായാലും വേണ്ടില്ല, വയറുകടിക്കാരായാലും സന്നിപാതജ്വരക്കാരായാലും അതുപോലുള്ള മറ്റ് ഏതു സുഖക്കേട് പിടിപെട്ടവരായാലും ശരി ഈ കുപ്പിക്കകത്ത് ഇരിക്കുന്ന മരുന്ന് കുറെ പകർന്നു കൊടുക്കും.

HON'BLE MR. A. THANU PILLAI : ബഹുമാനപ്പെട്ട മെമ്പർക്ക് ജയിലിൽവച്ച് ഈ അനുഭവം ഉണ്ടായതു് എത്ര വർഷങ്ങൾക്കു മുമ്പാണ്?

MR. KANNARA GOPALA PANICKER : ഏഴ് എട്ടു വർഷങ്ങൾക്ക് മുമ്പ്. എങ്കിലും അവിടത്തെ ആശുപത്രിയിലെ സ്ഥിതിഗതികൾക്ക് ഇപ്പോഴും വലിയ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല.

ജയിൽപുള്ളികൾക്ക് ആഹാരം കൊടുക്കുന്ന കാര്യത്തെപ്പറ്റി ഞാൻ പറഞ്ഞു കഴിഞ്ഞു. അവർക്ക് ശരിയായി വസ്ത്രവും കൊടുക്കുന്നില്ല. ബന്ധുക്കൾക്കോ സ്വന്തക്കാർക്കോ അവരെ ചെന്ന് വല്ലപ്പോഴും ഒന്നു കാണുന്നതിന് ഉള്ള സൗകര്യവും കൊടുക്കുന്നില്ല. ശിക്ഷിക്കപ്പെട്ട പുള്ളികളാണെങ്കിലും മൂന്നുമാസത്തിലൊരിക്കൽ അല്ലെങ്കിൽ ആറുമാസത്തിലൊരിക്കൽ മാത്രമേ ബന്ധുക്കൾക്ക് അവരെ ചെന്നു കാണാവൂ എന്നു വച്ചിരിക്കുന്നത് ഒരു പരിഷ്കൃതരാജ്യത്തിന് യോജിച്ചതായിരിക്കുന്നില്ല. അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ ബന്ധുക്കളേയും സ്വന്തക്കാരേയും കാണുന്നതിന് ഉള്ള സൌകര്യം കൂടി ജയിൽ പുള്ളികൾക്ക കൊടുക്കണം.

ജയിലിനകത്ത് വച്ചും ചില ശിക്ഷകൾ ഉണ്ടാകുന്നുണ്ട്. തടിവിലങ്ങിടുക, മുക്കാലിൽ കെട്ടി അടിക്കുക, എന്നിങ്ങനെയുള്ള ശിക്ഷകൾ ജയിലിനകത്തുവച്ചും കൊടുക്കാറുണ്ട്. ഒരാൾ ഏതു കുററം ചെയ്തിരുന്നാലും അയാളുടെ പേരിൽ കുററം ചാർജ്ജു ചെയ്തു വിസ്തരിച്ച് ശിക്ഷിക്കയല്ലാതെ സമ്മറി ട്രയൽ മാതിരി ശിക്ഷ നടത്തുന്ന പതിവ് നിറുത്തൽ ചെയ്യണം.

രാഷ്ട്രീയ തടവുകാർക്ക് പ്രത്യേകം സൌകര്യം കൊടുക്കണമെന്നുള്ളതിനെപ്പററി ചിലർ ഇവിടെ പറയുകയുണ്ടായി. ഈ രാജ്യത്തു തിരുവനന്തപുരത്ത് സെൻട്രൽ ജയിലും ആലപ്പുഴയിൽ സബ് ജയിലുമാണുള്ളത്. തിരുവനന്തപുരത്ത് ഉള്ള സെൻട്രൽ ജയിലിൽ ഒരുവിധം സൗകര്യങ്ങളെല്ലാമുണ്ടെങ്കിലും ആലപ്പുഴ സബ് ജയിലിലെ സ്ഥിതി വളരെ മോശമായിരിക്കുന്നു. അതുകൊണ്ട് അവിടെ കിടക്കുന്ന തടവുകാരുടെ ആരോഗ്യത്തിനു വളരെ ഹാനി സംഭവിക്കുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ ദേവികുളത്തോ പീരുമേട്ടോ സബ് ജയിലുകൾ സ്ഥാപിക്കുന്നത് കുറെക്കൂടി നന്നായിരിക്കുമെന്നു തോന്നുന്നു. അവിടെ ഫലഭൂയിഷ്ഠങ്ങളായ പ്രദേശങ്ങൾ ധാരാളം ഉള്ളതിനാൽ ഈ തടവുപുള്ളികളെക്കൊണ്ട് സസ്യങ്ങൾ കൃഷി ചെയ്യിക്കുന്നതിനും സൌകര്യം ഉണ്ടാക്കാവുന്നതാണ്. ആ കാര്യവും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. PRESIDENT: സഭ ഇപ്പോൾ പിരിയുന്നതും ഉച്ച കഴിഞ്ഞ് 2 മണിക്ക് വീണ്ടും കൂടുന്നതുമാണു.

[Mr. President]

The House adjourned for lunch at 1 p. m. and re-assembled at 2 p. m. the President (the Hon'ble Mr. A. J. John) in the chair

MR. PRESIDENT: ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ച് ഇനി ആർക്കു തന്നെ ഒന്നും പറയുവാനില്ലെന്നു വിചാരിക്കുന്നു.

MISS. ANNIE MASCARENE : It is a complaint that when political men prisoners are given a chance of work, the category of those who have experienced the longest of prison life, namely, the women folk is not given a chance unasked. Though I have sent a cut motion I have to volunteer to speak on this subject. Hither to the prison life has been dealt with in all the aspects.

MR. PRESIDENT ഞാൻ ആദ്യമേ തന്നെ സഭയുടെ അഭിപ്രായം ആരായുകയുണ്ടായി. ടോട്ടൽ കട്ട് മോഷൻ എടുത്താൽ മതിയോ എന്നും അപ്പോൾ സഭ അതിനെ അനുകൂലിക്കുകയാണു ചെയ്തതു. അതിലെ ഉപക്ഷേപങ്ങൾ അവതരിപ്പിക്കുവാൻ നോട്ടീസ് തന്ന മെമ്പർമാർക്കെല്ലാം അനുവാദം കൊടുത്തതിനുശേഷം പിന്നെ ആരെങ്കിലും സംസാരിക്കുവാൻ ഉണ്ടോ എന്നു ചോദിക്കുകയും ചെയ്തു.

MISS ANNIE MASCARENE: Subsequently when asked, I also stood up but.......

MR. PRESIDENT: That question does not arise. If you want to speak, you can do so now.

MISS ANNIE MASCARENE: Sir, prison reforms are very necessary today as civilized countries in the world have taken up the subject very seriously. England and America are having schemes of Borstal School system by which persons above the age of 16 up to 30 are classified, segregated, disciplined and given a course of treatment to make them useful and industrious men. In Travancore we had passed this scheme long ago. The Borstal School Act was passed in 1120. Subsequently we passed the Borstal School Rules. But the institution has not yet come into existence. If by a course of treatment you can convert the criminals of 16 to 30 years into useful and industrious men, the Government of Travancore this Government rich with experience of prison life I would urge upon them in view of my experience of prison life for some years to take the necessary steps and leave no stone unturned in bringing quick and effective reforms. Criminality, Sir, is a disease on the social structure, eating like cankers into the heart of society and defaming with moral turpitude. Reform in prison, rather prison reform is an administrative feat of modern democracy. In a way it is elevating a prisoner to humanitarian heights and sending a gleam of light into the dark chambers of human depravity. In Travancore we have a certified school to train up boys up to the age of 18 which is the oldest institution in India. Today it is more than 51 years

old and the last roll number is 418. That means about 8 boys a year. We have established a system of organisation which could easily be converted into a Borstal and certified school combined, so much so, the prisoners who are between the ages of 16 and 30 can be brought in and given a training.

In Travancore the prison rules as they exist today have many defects. They have been dealt with by my predecessors but I should like to point out one fact. As a political prisoner in an out of the way place for the last 10 years, of I have had occasions to discover ornam entsfrom women who have been convicted of theft ornaments after they have come into the prison more than once. What compels such a state of affairs we do not know. Before they arrived they were in the custody of the police. A prisoner is also examined at the gate in person. My conclusion after studying the situation so long is that the Police and Jail authorities, at least their subordinate officers are in league with such behaviour and instead of reforming the prisoners, here is encouragement. Such cases have been taken up and the convicts had to be convicted again. During my lifetime in the prison I have noticed these things. Unless we bring in an immediate reform in these matters I feel that as political prisoners now come into power, we have to fulfil our duty towards them. It is true the Government is very considerate with regard to the Prison budget. I would put in my humble word that they will pay at least some more attention towards the female prisoners left behind. They are not like men prisoners allowed to roam about even in the compound of the prison or hospital or the Press. They are confined to a limit of 13 cents where they continue for 20 years, if she is a life prisoner. There is not a single blade of grass or flower to look at. Once upon a time there was a beautiful garden which was reared through the kindness of the then Superintendent. When two of us got into it for a few days we more or less appreciated it. After that—I do not know whether as a consequence of that, that was found destroyed, and life there is as bleak and barren as a mountain top. I would beg of this Government to consider the case of female prisoners where they have been left for ages without a single chance of getting out of the gate to see human life. At least select visitors should be allowed freely to visit them without the accompanyment of Jail authorities. It is a very unsatisfactory state of affairs. Radical improvement has to be done in that line. After all female prisoners are few in number and they should be granted the privilege of now and again getting out of the compound at least by way of going to the hospital or to the yards attached to the jail compound In addition to these I have heard a few speakers here mentioning that the prisoners are not being given sufficient clothes. I am an authority on the subject, Sir, being there for so many years, I confess that I got more clothes than I required really. The reason is that clothes are given to these prisoners but they are traded upon by those who guard them for the simple reason that poverty is

[Miss. Annie Mascarent]

biting into their stomach. Therefore they carry on a trade with the prisoners. I hope this Government will take immediate steps to establish the Borstal school system forthwith so that prisoners could be given better training and made as useful and industrious citizens and thus save humanity.

HON'BLE MR. A. THANU PILLAI: ജയിൽ വാസികളോട് ഈ സഭയിലെ അംഗങ്ങൾക്ക് വളരെ അനുകമ്പയാണുള്ളതെന്ന് കാണുന്നതു സന്തോഷകരം തന്നെയാണ്. ജയിൽ ഏർപ്പാടുകളേയും അവിടത്തെ നടപടികളേയും പററി പലതും ഇവിടെ പ്രസ്താവിച്ചു. പല ദൂഷ്യങ്ങളും ചൂണ്ടിക്കാണിച്ചു. ദൂഷ്യങ്ങളെല്ലാം തീർന്ന ഒരു സ്ഥാപനമാണ് ജയിലെന്നു ഞാൻ അവകാശപ്പെടുന്നില്ല. കുറവുകൾ കഴിയുന്നതും നീക്കുന്നതിന് ശ്രമിക്കുകയും ചെയ്യാം.

എന്നാൽ ചില പ്രസംഗങ്ങൾ കേട്ടാൽ തോന്നുന്നതുപോലെ അത്ര കഷ്ടമല്ല ജയിലിലെ സ്ഥിതി എന്നു പറയാതെ നിവൃത്തിയില്ല. ആഹാരത്തെ പററി പറഞ്ഞു. ഇന്നത്തെ സ്ഥിതിക്ക് കഴിയുന്നതും നല്ല വിധം തന്നെയാണ് ജയിൽ വാസികൾക്കു ആഹാരം കൊടുക്കുന്നത്. നാം എല്ലാവരും ഉണ്ണുന്നതുപോലെയുള്ള അരിതന്നെയാണ് ജയിലിലുള്ളവർക്കും കൊടുക്കുന്നതു. ഒരു വ്യത്യാസവും വരുത്തിയിട്ടില്ല. കൊടുക്കുന്ന അരിയുടെ അളവും കുറച്ചിട്ടില്ല. അതുകൊണ്ട് ആ കാര്യത്തിൽ പൊതുവെ ജയിൽപുള്ളികളുടെ ആരോഗ്യം ക്ഷയിച്ചു വരുന്നു എന്നു പറയുവാൻ തക്ക ന്യായമോ അടിസ്ഥാനമോ കാണുന്നില്ല.

വാർഡന്മാരുടെ ശമ്പളം കുറവാണെന്നു പറയുകയുണ്ടായി. പോലീസുകാരേക്കാളും കൂടുതൽ ശമ്പളം അവർക്കുണ്ട്. പോലീസുകാർക്കു ൨൫ രൂപാ ശമ്പളം ആയിരിക്കുമ്പോൾ വാർഡന്മാർക്ക് ൨൦ രൂപയാണ് ശമ്പളം. അതിനും പുറമേ ഒരു നേരത്തെ ആഹാരവും അവർക്ക് കൊടുത്തുവരുന്നു. വാർഡന്മാർക്കെല്ലാവർക്കും മിക്കവാറും ദിവസേന ഒരു നേരത്തെ ആഹാരം ജയിലിൽ നിന്നും കിട്ടുന്നുണ്ട്. ഇക്കാലത്ത് അത് ഒരു ചെറിയ കാര്യമാണോ എന്നു ഞാൻ ചോദിക്കുന്നു. ൨൦ രൂപാ ശമ്പളത്തിനു പുറമേ ഒരു രൂപാ അലവൻസും അവർക്കു കൊടുക്കുന്നുണ്ട്. അതിനു പുറമേയാണ് ഡീയർനെസ്സ് അലവൻസ്. അതുകൊണ്ട് വാർഡന്മാരുടെ സ്ഥിതി മററുള്ളവരുടേതിനെ അപേക്ഷിച്ച് തീരെ മോശമല്ല. വാർഡേഴ്സിന് ഫ്രീക്വാർട്ടേഴ്സ് കൊടുക്കുന്ന കാര്യത്തെപ്പററി ആലോചിക്കുന്നതാണ്.

അവിടത്തെ ആശുപത്രിയിൽ വേണ്ടിടത്തോളം സൗകര്യം ഇല്ലെന്നു പറഞ്ഞു. ജയിലിൽ ഞാനും കുറെക്കാലം വസിച്ചിട്ടുണ്ട്. ജയിലാശുപത്രിയിലെ നടത്തിപ്പ് ഇവിടെ പ്രസ്താവിച്ചു കേട്ടിടത്തോളം മോശമാണെന്ന് എനിക്കു അനുഭവപ്പെട്ടിട്ടില്ല. അവിടത്തെ ചികിത്സകൊണ്ട് മതിയാകാതെ വരുന്ന ദീനങ്ങൾ ചികിത്സിക്കാൻ ജനറലാശുപത്രിയിലേക്ക് അയയ്ക്കുകയാണു പതിവ്. മററ് ആശുപത്രികളെ അപേക്ഷിച്ചു നോക്കിയാൽ അവിടെ ചികിത്സ മോശമാണെന്നു പറയുന്നതിൽ അടിസ്ഥാനമില്ല. മരണങ്ങളും അത്ര വളരെ ഇല്ല. എന്നു വച്ചു അവിടെ ഇനി ഒന്നും വേണ്ടെന്നല്ല ഞാൻ പറയുന്നതു്. അവിടെ എന്നതുപോലെ തന്നെ പുറമെയുള്ള ആശുപത്രികളിലും വളരെ വളരെ ചെയ്യാനുണ്ട്. ജയിലിൽ ചില പ്രത്യേക ദീനങ്ങൾ പിടിപെടാതിരിപ്പാൻ ജയിൽപ്പുള്ളികളും കൂടുതലായി ശ്രദ്ധിക്കേണ്ടതാണ്.

ജയിൽ മുറികൾ വായു കടക്കാത്തതാണെന്നു പറയുന്നതിനോടു യോജിക്കുവാൻ നിവൃത്തിയില്ല. വളരെക്കാലം ഒററ ആൾ കിടക്കുന്ന മുറിയിൽ ഞാൻ കിടന്നിട്ടുണ്ട്, ഈ അഭിപ്രായം എനിക്കുണ്ടായിട്ടില്ല.

MR. K. M. CHANDY അവിടത്തെ സാളിററി സെല്ലിനെപ്പററിയുള്ള അഭിപ്രായം എന്താണ്?

HON'BLE MR. A THANU PILLAI: വളരെ നല്ല മുറികളാണ്.

MR. D. GNANASIGAMONY: By doing so does not the Premier contradict, his previous statement made with press and at platforms?

HON'BLE MR. A. THANU PILLAI: No. I do not generally, I am not selfcontradictory, I never exaggerate.

MR. P. T. CHACKO ആ സാളിററി സെല്ലിൽ അകപ്പെട്ടിട്ടുള്ള ഒരാളിന്ന് മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യം ഉണ്ടോ?

HON'BLE MR. A, THANU PILLAI അവിടെ മലവിസർജ്ജനത്തിനു പാത്രം വച്ചേക്കും. രാത്രിയിൽ ആരോഗ്യം ഉള്ളവർക്കു മലവിസർജ്ജനത്തിനാവശ്യമില്ല. വേണമെങ്കിൽ പ്രത്യേകം ഒരു പാത്രം വച്ചാൽ മതി. മൂത്രവിസർജ്ജനത്തിന് നല്ല സൗകര്യം ഉണ്ട്. എല്ലാ മുറികളിലും ഒരററത്തു് ഓവുവച്ചിട്ടുണ്ട്. അവിടെ വെള്ളവും ഇരിപ്പുണ്ടാകും. ഓവിനെ തുടന്ന് ഓടയുണ്ട്. മൂത്രം ഒഴിക്കുന്നതിനു മുമ്പു കുറെ വെള്ളം ഒഴിച്ച് മൂത്രം ഒഴിക്കുകയും അതിനുശേഷം വീണ്ടും വെള്ളം ഒഴിക്കുകയും ചെയ്താൽ ഒരു നാററവും ഉണ്ടാകയില്ല. അങ്ങനെ വൃത്തിയാക്കി ആ

[Hon,ble Mr. A. Thanu pillai]

മുറി ഉപയോഗിക്കണമെന്നു വിചാരിക്കുന്നവർക്ക് ആ മുറി വൃത്തിയായി തന്നെ ഉപയോഗിക്കാം. നമ്മുടെ ജയിൽ ആ കാര്യത്തിന് തീരെ മോശമല്ലെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത് പിന്നെ സെഗ്രിഗേഷൻ സെല്ലാണ്, അവിടെ അഞ്ചാറടി ഭിത്തിയിൽ ഒരു വെളിത്തറകെട്ടിയിട്ടുണ്ട്, ആ വെളിത്തറയ്ക്ക് മരം കൊണ്ടുള്ള ഒരു വാതിലുമുണ്ട്.

MR' K' A' GANGADHARA MENON : രാഷ്ട്രീയ തടവുകാരെ ഓരോ സെല്ലുകളിലുമിട്ട് കതക് പൂട്ടിക്കളയുന്നു എന്നുള്ളതറിയാമോ?

HON'BLE MR. A. THNU PILLAI : ഒരിക്കൽ എന്നെ അറസ്റ്റ് ചെയ്തു കൊണ്ടുപോയി സെല്ലിൽ ഇടുകയുണ്ടായി. പക്ഷെ എന്നെ ഇട്ടിരുന്ന സെൽ പൂട്ടിയില്ലെങ്കിലും എന്റെ സ്നേഹിതന്മാർ കിടന്നിരുന്ന സെൽസ പൂട്ടുന്ന പതിവ് അന്ന് ഉണ്ടായിരുന്നു.

HON'BLE MR. G. RAMA CHANDRAN: ഇന്നും അങ്ങിനെയുള്ള വാതിൽ അടച്ചു പൂട്ടുന്നില്ല എന്നു നിശ്ചയമായി പറയാൻ സാധിക്കുമോ?

HON'BLE MR. A THANU PILLAI: കാററും വെളിച്ചവും ഉള്ളിലേക്ക് കയറാൻ സൗകര്യമുള്ള ഇരുമ്പഴിയോടുകൂടിയ കതകുകളുള്ളവർ അടക്കപ്പെടുന്നുണ്ടെങ്കിൽ തന്നെ അതിനെപ്പററി പരാതിപ്പെടുവാനുള്ള ന്യായം ഉണ്ടെന്നു തോന്നുന്നില്ല.

MR' P' M' VARGHESE : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഒരു ബഹുമാനപ്പെട്ട മന്ത്രി. മറെറാരു ബഹുമാനപ്പെട്ട മന്ത്രിയോട്ട് ചോദ്യം ചെയ്യുന്നത് അനുവദനീയമാണോ?

MR. PRESIDENT : അതൊരു പായിൻറ് ഓഫ ഓർഡറല്ല.

HON'BLE MR. A. THANU PILLAI : ഇവിടെ റഫർമെറ്ററി സ്കൂളിന്റെ പ്രവർത്തനത്തെപ്പററി ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അതിനെനിക്കു പറയുവാനുള്ളത് ആ സ്കൂളിൽ പത്തും ഇരുപതും വയസ്സുള്ളവരെ ആണ്, ശിക്ഷിച്ചു അയക്കുന്നത്. അവരുടെ വിദ്യാഭ്യാസത്തിനും മററും വേണ്ട സൗകര്യങ്ങൾ ചെയ്തുവരുന്നുണ്ട്. കൂടുതലായി എന്തെങ്കിലും സൗജന്യങ്ങളൊ സഹായങ്ങളൊ ചെയ്യണമെന്നുണ്ടെങ്കിൽ അതിനെപ്പററിയും ഗവൺമെൻറ് ആലോചിക്കാം.

MR. P. T. CHACKO : അവിടത്തെ ലൈബ്രറിയിൽ, കുട്ടികളെ രാഷ്ട്രീയപ്രബുദ്ധരാക്കാൻ പര്യാപ്തതയുള്ള വല്ല പുസ്തകങ്ങളും ഉണ്ടോ എന്നു പറയാമോ?

HON'BLE MR. A. THANU PILLAI: അവിടെ ധാരാളം നല്ല പുസ്തകങ്ങളുണ്ട്. പക്ഷെ അവയെല്ലാം ആദ്ധ്യാത്മികവും മതപരവുമായിട്ടുള്ള ഗ്രന്ഥങ്ങളാണ്. ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായപ്രകാരമുള്ള പുസ്തകങ്ങൾ ശേഖരിച്ചു കുട്ടികൾക്ക് ഉപകാരപ്രദമാക്കുന്നതു നല്ലതാണെന്നുള്ളതിൽ എനിക്കഭിപ്രായവ്യത്യാസമില്ല. അങ്ങിനെ ചെയ്യാവുന്നതുമാണ്.

MR. A. K. PATCHU PILLAI: രാഷ്ട്രീയ തടവുകാരുടെമേൽ യാതൊരു പ്രത്യേക അനുഭാവവും പ്രദർശിപ്പിക്കുന്നില്ല എന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കറിയാമോ?

HON'BLE MR. A. THANU PILLAI: സാധാരണയായിട്ട് തടവുകാരെ മൂന്നുക്ലാസായി, അതായതു്, ഏ. ബി. സി. എന്നു വിഭജിച്ചിട്ടുണ്ട്. തടവുകാരുടെ സ്വഭാവത്തേയും സംസ്കാരത്തേയും അടിസ്ഥാനപ്പെടുത്തിയാണ് ഈ മൂന്നു ക്ലാസ്സുകൾ തിരിച്ചിരിക്കുന്നതു്. അതിൽ രാഷ്ട്രീയതടവുകാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളവും "ഏ" ക്ലാസ്സിൽ അല്ലെങ്കിൽ, നിശ്ചയമായിട്ടും "ബി" ക്ലാസ്സിൽ ഉൾപ്പെടുത്താതെ ഇരിക്കുകയില്ല ഇപ്പോൾ രാഷ്ട്രീയ തടവുകാരുടെ സുഖസൗകര്യങ്ങളെക്കുറിച്ച് പരാതിയുള്ളതായിട്ട് എനിക്കറിവില്ല.

MR. G. CHANDRASEKHARA PILLAI: പോലീസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെ ജയിൽ സൂപ്രണ്ടന്മാരായി നിയമിക്കുന്നതു കൊണ്ട് തടവുകാർക്ക് സാധാരണയായി അസംതൃപ്തിയാണ് ഉണ്ടാകുന്നതെന്നറിയാമോ?

HON'BLE MR. A. THANU PILLAI: അതു് ജയിൽ സൂപ്രണ്ടിന്റെ പെരുമാററത്തെപ്പററി പുറപ്പെട്ട ഒരു ചോദ്യമാണ്. ജയിൽ സൂപ്രണ്ടായിരിക്കുന്നതു് പോലീസുദ്യോഗസ്ഥന്മാർ ആണെന്നുള്ളതു ഇടക്കാലത്തുണ്ടായിട്ടുള്ള ഏർപ്പാടാണ്. പക്ഷേ പോലീസ് ഉദ്യോഗസ്ഥൻ ജയിൽസൂപ്രണ്ടാകുന്നതോടുകൂടി പോലീസിന്റെ നയം ഒന്നു മാററിയാൽ മതിയായിരുന്നു ഏതായാലും മുൻപുണ്ടായിരുന്ന പതിവിന്, അതായതു് അവരുടെ പെരുമാററത്തിന് സാരമായ വ്യതിയാനം ഉണ്ടാകുന്നതാണ്.

MR. K. A. GANGADHARA MENON: ഒരു നല്ലനടപ്പ് തടവുകാരന്റെ ശിക്ഷ ഇളവുചെയ്തുകൊടുത്തുകൂടേ?

HON'BLE MR. A. THANU PILLAI: ശിക്ഷിക്കപ്പെട്ട തടവുകാരൻ നല്ല നടത്തക്കാരനാണെന്ന് ജയിൽ അധികാരികൾ ബോദ്ധ്യപ്പെട്ടാൽ അയാളു

[Hon'ble Mr. A. Thanu Pillai.]

ടെ ശിക്ഷയുടെ കാലാവധി കുറച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ മുൻപിനാലെ ഉള്ളതാണു. അതായത്, ശിക്ഷയുടെ കാലാവധിയിൽ മൂന്നിൽ രണ്ടു ഭാഗം, മൂന്നിൽ ഒരു ഭാഗം ഇങ്ങനെ കുറച്ചുകൊടുക്കാറുണ്ട്. അതല്ലാതെ ശിക്ഷയുടെ മുഴുവൻ കാലാവധിയും കുറയ്ക്കണമെന്നു പറഞ്ഞാൽ പിന്നെ ശിക്ഷയെന്നുള്ളതു വേണ്ടെന്നു വയ്ക്കണം. പക്ഷേ, ഒന്നു ചെയ്യാം. തടവുകാരോടു മനുഷ്യോചിതമായി പെരുമാറുന്നതിനു വേണ്ട ഏർപ്പാടു ചെയ്യാമെന്ന് എനിക്കു ഉറപ്പു പറയാം.

MR. A. ABDUL RAZAAK: As regards the segregation of political prisoners from criminals what is the view of the present Government?

HON'BLE MR. A. THANU PILLAI: പൊളിറ്റിക്കൽ തടവുകാരോടുകൂടി മററുള്ള തടവുകാരെക്കൂടി ഇടുന്നതുകൊണ്ടു മററവർ ദുഷിച്ചുപോകുമെന്നാണോ മെമ്പർ പറയുന്നത്?

MR. A. ABDUL RAZAAK: Yes.

HON'BLE MR. A. THANU PILLAI: ഹാബിച്ച്വൽ തടവുകാരും മററു തടവുകാരും കൂടി ഇടകലരുന്നതു നല്ലതാണെന്ന് എനിക്കു തോന്നുന്നില്ല. മോഷണം, കൊലപാതകം മുതലായ കുററങ്ങൾക്കു ശിക്ഷിച്ചിട്ടുള്ളവർക്കു യാതൊരു പ്രത്യേക പരിഗണനയും നല്കേണ്ടില്ല. എന്നാൽ പൊളിറ്റിക്കൽ പ്രിസണേഴ്സിനെ സംബന്ധിച്ചിടത്തോളം ചെയ്യാൻ കഴിവുള്ള എല്ലാ കാര്യങ്ങളെപ്പററിയും ഗവൺമെൻറു ആലോചിക്കുന്നതാണ്. ഞാൻ ഇത്രയും പറഞ്ഞതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ പി. എം. വർഗീസ് അദ്ദേഹത്തിന്റെ ഉപക്ഷേപം പ്രസ് ചെയ്യുകയില്ലെന്നു വിശ്വസിക്കുന്നു.

MR. PRESIDENT: മിസ്റ്റർ പി. എം. വർഗീസ് ഉപക്ഷേപം പ്രസ് ചെയ്യുന്നോ എന്നറിഞ്ഞാൽ കൊള്ളാം.

MR. P. M. VARGHESE: സർ, ഞാൻ ഉപക്ഷേപം പ്രസ് ചെയ്യുന്നില്ല.

The motion was, by leave, withdrawn.

The question that a sum of Rs. 4,14,139 be granted under Demand X—Jails was put and carried. The grant was made.

DEMAND XI—POLICE.

HON'BLE MR. A. THANU PILLAI: I move for a grant of Rs. 89,09,826 under Demand XI—Police.

MR. PRESIDENT: ഈ ഡിമാൻറിന്റെ ടോട്ടൽ തുകയെപ്പററി ചർച്ചചെയ്താൽ മതിയെങ്കിൽ ലിസ്റ്റിലെ ഓർഡർ അനുസരിച്ചുള്ള മെംബറന്മാരെ ചർച്ചകൾക്കായിട്ട് ഞാൻ ക്ഷണിക്കാം. എന്നാൽ തമിഴ്നാട് പാർട്ടിക്കും മുസ്ലീം ലീഗിനും സംസാരിക്കുന്നതിനു വേണ്ടി സമയം അനുവദിക്കാമെന്നു പറഞ്ഞതനുസരിച്ച് അനുവദിച്ചിരിക്കയാണ്. അതിനുശേഷം ബാക്കിയുള്ളവർക്കു ലിസ്റ്റനുസരിച്ചു സംസാരിക്കാൻ അനുവാദം കൊടുക്കാമെന്നു വിചാരിക്കുന്നു. അതിൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ അതിനെപ്പററിയുള്ള അഭിപ്രായം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം

MR. A. ABDUL RAZAAK: സർ, ഉപക്ഷേപം അവതരിപ്പിക്കുന്നതും അതിനെപ്പററി ചർച്ച ചെയ്യുന്നതു സംബന്ധിച്ചുള്ള മുൻഗണന പ്രതിപക്ഷ കക്ഷികൾക്കു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ആ അവകാശം ഞങ്ങൾക്കുതന്നെ കിട്ടണം.

MR. PRESIDENT: അതിനെപ്പററി സഭയുടെ അഭിപ്രായം അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

MR. A. NESAMONY: From the General Administration Demand, I outlined the procedure for discussion of demands which has been accepted and carried out till now. There is no need to deviate from that principle.

MR. P. K. KRISHNAN SASTRI: കട്ട്മോഷൻ അയയ്ക്കുന്നതിന്റെ ഉദ്ദേശം ഡിപ്പാർട്ടുമെന്റിന്റെ നയത്തെയും മററും സംബന്ധിച്ച് അതു അയച്ച ആളിന്റെ അഭിപ്രായം വിശദീകരിക്കണമെന്നുള്ളതാണ്. ഞാൻ ലാൻഡ് റവന്യൂ, ഇൻകംടാക്സ് മുതലായ ഡിമാൻറുകൾക്കു കട്ട്മോഷൻ അയച്ചിരുന്നു. എനിക്കു അവയെക്കുറിച്ച് ഒന്നും പറയാൻ സൗകര്യം ലഭിച്ചില്ല. അതിനാൽ അങ്ങനെ കട്ട്മോഷൻ അയച്ചിട്ടുള്ള എല്ലാപേർക്കും അതിനെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവസരം നൽകണമെന്നുള്ളതാണ് എന്റെ അപേക്ഷ.

MR. PRESIDENT: ലാൻഡ് റവന്യൂവിനെയും മററും പററി ഇപ്പോൾ പറയേണ്ട ആവശ്യമില്ല, ഞാൻ ഈ കാര്യം ഒരിക്കൽ പറഞ്ഞുകഴിഞ്ഞു. ഒന്നുകൂടി പറയാം. അതായത് ജനറൽ അഡ്മിനിസ്ട്രേഷൻ ഡിമാൻറു അവതരിപ്പിച്ചപ്പോൾ ടോട്ടൽ കട്ടിനുള്ള ഒരു മോഷൻ അവതരിപ്പിച്ചത് മിസ്റ്റർ മുസ്തഫാ ആയിരുന്നു. അതായത് സ്റ്റേററുകാൺഗ്രസ്സ് പാർട്ടിയിൽ

[Mr. President.]

പെടാത്ത ഒന്നാം. അതിനാൽ ആപ്പോസിഷൻ പാർട്ടിക്ക് അതിനെക്കുറിച്ചു പറയാനുള്ള അവസരം കൊടുക്കണമെന്നു അഭിപ്രായമുണ്ടായി. ഇതിനെ സംബന്ധിച്ച് എതിരഭിപ്രായവുമില്ലായിരുന്നു. അതുകൊണ്ടാണ് ഞാൻ ഇപ്പോൾ ഈ സഭയുടെ അഭിപ്രായം ചോദിക്കുന്നത്. പാർലമെൻററി സമ്പ്രദായമനുസരിച്ചു, ഭൂരിപക്ഷക്കാർ ഈ അവകാശം വകവച്ചുകൊടുക്കുകയാണു പതിവ്. ഇതിനോടു സഭ യോജിക്കുമെന്നു വിശ്വസിക്കുന്നു.

HON'BLE MR. A. THANU PILLAI : ആ നടപടി സ്വീകരിക്കുന്നതിൽ വിരോധമില്ല.

MR. A. NESAMONY: Sir, I move that the total allotment of Rs. 39,09,825 under demand XI - Police be reduced by Re. 1 to discuss the general Police Administration.

Sir, our hearts were bleeding at the time when we entered this Representative Body. We wanted to make a loud protest to the world and to bring to the notice of Government our affliction most reluctantly and the only effective way which we thought open would be to absent ourselves from the first sitting of the Representative Body. Since then we have been trying to ventilate our grievances by moving an adjournment of the House when the Representative Body was constituted as the First Legislature. Unfortunately it so happened that the resolution, I intended to move was not allowed by the Chair as it was not brought within the ambit of the provisions relating to an adjournment motion. The matter lay there and we sent in a series of questions regarding the attitude the Police took against us for the last eight months and odd and to our disappointment we found that though the questions were admitted, they were never answered. An answer to these questions, especially question No. 275 in the list of admitted questions, would have brought to light the number of cases that are pending against us, the number of prosecutions that have been launched by the various Police stations, the number of cases which have been transferred from one court to another and the number of deaths by shooting, the way in which postmortem examinations were conducted on the dead bodies, how they were burried, where their bones were thrown and the necessary belongings and ornaments have been deposited. No information was available to us in all these matters, and so I believe the Honourable the Prime Minister would not at least move in the matter so that those who have lost their dear ones in this conflict may be consoled by the information that their dear ones had a decent burial elsewhere, perhaps away from the knowledge of those who loved them most, and where the ornaments and their personal belonging lay deposited at this moment. Our attempts up to this moment to discover these have proved futile because we are not able

to find where the inquests are recorded. It is not my intention, Sir, at this stage to rake up old sores and create a conflict on the floor of this House. Time has passed and time has cured many ills and our festering wounds are now beginning to heal. It is up to the Honourable Prime Minister for Law and Order to pour the soothing oil on those injuries and see that they heel up permanently and not be a gangrene on our side, eating into the vitals of the body politics so far as we in the south are concerned.

Stories of how we suffered, how we withstood the tortures of the police, their guns and their lathies have now passed down into history as the history of our struggle for independence and freedom. It has been chronicled in pages of books and more than that, it has been chronicled deep into our heart. Sir, the sight of a khaki-clad officer behind you—in him we find perhaps new hopes to us in the south who had been accustomed to see officers like him but I believe his presence brings home to my mind that a new change has come on to that administration from this day onwards. I surmise so. Perhaps I may be wrong yet that I believe were true. Leaflets have been put into our hands, Sir, as to the actions of the Inspector-General of Police when he happened to be the Division Peishkar of Kottayam, and if that be true, Sir, I say any officer who abuses his position, acquires property, attacks the poor peasants and ryots, who can ill-afford to stand up against them, is a reprehensible matter and condign and exemplary punishment ought to be meted out to such people. It was brought to your notice, Sir, that the Chief Justice of the High Court of Travancore has obtained a sale deed of a Huge Estate for a paltry sum. I heard it pressed on the floor of this House. That is a matter which ought to be enquired into and necessary and exemplary punishment meted out. If this also be true, this officer who has held charge of other departments also had carried on various dealings on the part of the Government and those dealings also will have to be sifted and it has to be found out how every purchase of property that he has made either in his name, his wife's name or in the name of his near relation had been obtained. Even a fortnight or a month ago it is said there was a purchase of a vast expanse of paddy field in Aloor pakuthy for Rs. 20,000. I believe this is the first appointment of a popular Government so far as law and order are concerned. If any one of these allegations, on evidence, be found to be true, I would request the popular Ministry to be on their guard and not be deceived by appearances. They would dive deep into the dealings and the past history of persons before they are put as the heads of departments and especially of a department charged with the administration of law and order. However, it has been a curse to us in this State who could not voice forth their grievances, whose voices could not be heard, whose cries have been cries in the wilderness to make it felt that these officers are misbehaving or doing anything amiss. With a popular Government at the head,

[Mr. A. Nesamony.]

it is your duty, Sir, to sift, to consider, to analyse, to study the past conduct and history of a person before he is entrusted with very heavy responsibilities of administering justice between man and man.

Secondly, Sir, more than 65 cases are now pending in the Magistrates' Courts in south Travancore. A few weeks ago the cases that have been taken up by the previous Government against the State Congress were withdrawn. We were hoping that a gesture would be shown—a gesture of goodwill will be accepted by the present Ministry—by withdrawing at least these cases where eminent judges have found to be 'stupid', 'exaggerated' and 'unfounded'. These expressions are not mine but the considered opinion of the Sessions Judges who have had occasion to hear the bail applications. Those cases have to be withdrawn immediately. It is so well known that in a struggle like this, false cases are foisted against responsible persons, even to the extent of foisting a case of pick-pocketing against an Advocate of standing at the local bar. These instances are not unknown in the struggle that you carried out. So that, these cases ought to be withdrawn immediately to create good will among the communities there especially, when it was stated on the floor of this House that our struggle has been communal. May I remind this House, it was never communal. It has been communal in the sense that the police informers belonged to one party, caste or community and hence it was often thought that it was all communities branded together as one single community. If the President of the Vilavancode Taluk Congress Committee has behaved in the manner which a true sathiagrahi or a true person who follows the footsteps of Gandhi would, 90 per cent of these evils would have been avoided in those places. It is only because the police took such people as their informers that all these miseries have been caused in these places. I am not entering into the story of any of these cases, at the present time, but I would request you, Sir, to have a look at the X-ray photographs that are now preserved in the London Mission Hospital at Neyyoor where one of the wounded had to be removed for treatment as the police failed to notice that another person had been wounded while they shot dead one Chelliah at Valliavila. It would show that some missile had been used for shooting these people. It was once suspected that they were all metal pieces. Now they say those missiles could not be identified because when after some time an operation was performed on various parts of the body, they were not able to remove any foreign matter. So that, it is a matter for you, Sir, that when police resort to such extreme measures, they do keep within the bounds and within the law in the way it should be and against whom they are used.

Now, Sir, so far as the direction of the police in the south is concerned, we are glad to note at this time that the Inspector at Vilavancode and Eraniel, have been transferred and also the Inspector at Thuckalai. But, Sir, I do not know the reason why the Inspector at Edalakudi should be retained there. To create the

goodwill, those officers, who had been there in this struggle should have to be transferred, especially because, when we find in our experience that the Inspectors at Aramboly and Thovala had behaved well during all these struggles and in their jurisdiction there had been no cases at all. We want people of that type to come down and occupy the post of Police Inspectors in the south. The only Inspector that now remains is perhaps at Edalakudi who had been there for a pretty long time. I shall bring to your notice at a later stage why he is to be transferred. Suffice it to say now that as he had been there for a pretty long time, he must be transferred.

Now, coming to the Assistant Superintendent of Police, he is an officer who is not wanted any where. In your struggle, Sir, ...

MR. K. R. ELANKATH: On a point of order. I want to know whether, on the floor of this House, to utilise vague recommendations or speak in support of certain officers and condemn other officers is in order ?

MR. PRESIDENT: It is justified.

MR. A. NESAMONY: I am advancing these as arguments as to how to create goodwill in that part of the land. It is well known that the State Congress itself has resolved on more than one occasion that that Assistant Superintendent of Police should not be retained in service. If he is not good for you, is he good for us ? That is a simple question, that I ask of the Honourable Prime Minister for Law and order.

Now, Sir, there is the slow silent persecution by the police by their, what you may call, inactivity. After having been very active for a pretty long time they now, so to say, strike work by being inactive and that has led to the active connivance of rowdyism in certain places. I may bring to your notice, Sir, a case of theft in a house committed by a rowdy who had a lot of convictions to his credit. He was arrested and kept in the lockup by one Police Inspector. Proceedings were started against him under Section 106 of the Criminal Procedure Code as he had nothing to fall back. The Inspector who came up there released him on bail. He went to the man who lost the jewels threatened to kill him, and in return he chased him. The result was a case for an offence under Section 307—attempt to murder—has been registered against very respectable persons of the locality in Marthandam. The man is now free and abroad, challenging every body who has to depose against him or challenging every body who accuses him. Four thousand rupees worth of jewels were lost and the result is now he stands very high in the good books of the police and he has his own way.

Next, I submit Sir, is a case regarding the troubles in the Church of South India.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*): Apart from facts, may I submit to the Chair, that when all these facts are generally given, some of these cases may be pending before Courts, and so whether that would not prejudice the decision or trial of those cases ?

MR. A. NESAMONY: I am conscious of it Sir. I am not entering into the merits or demerits of the cases. I deal only with the detection part of it. A man who has been arrested has been let loose. I don't think that is going to affect the case of proceedings under Section 10? of the Criminal Procedure Code. My friend will very well remember that it relates to habitual offenders.

Now, Sir, with regard to disputes that are going on in the Church of South India. This is a matter that has been placed before you, Sir, and I am not going to enter into details at this stage, because, I had the assurance from you, that this matter will be enquired into in detail and proper action taken immediately. But one thing, Sir, peaceful citizens have to be protected. The police should not simply take shelter under some pretext or show of a legal right and say that they are helpless in the matter. They are bound to respect orders and judgments of District Courts, of the High Court and of the Civil Courts, and effect ought to be given to them. I give a simple illustration Sir. An injuction was obtained from the District Court, Nagercoil, restraining a certain section of people from not doing a thing. They now persist in disobeying the injuction. Now, if I ask the aid of the police they will say "you can go into the civil court and mind your business there." And as every lawyer knows, the only punishment is commitment to the civil prison which would be done after the evidence has been taken But the police simply say it is a matter for the civil court. How are things to be got there? What I say is, the police simply by their inactivity and finding out some excuse to be inactive are adding to the difficulty, of peace-loving citizens in that part of the land.

So, Sir, in conclusion I request you to see and it is the duty of the Government to see that all these old sores are healed up as early as possible and this Ministry has to take immediate action to see this is done but at the same time soothe them down as early as possible.

MR. MOHAMMED MUSTAFA: മി. നേശമണിയുടെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ചില കാര്യങ്ങൾ പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ നിയമവും സമാധാനവും പരിപാലിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തെ സംബന്ധിച്ചാണ് ഈ സഭ ഇപ്പോൾ ചർച്ചചെയ്യുന്നത്. ഏതാനും വർഷങ്ങളായി ഈ ഡിപ്പാർട്ടുമെൻറിൻെറ ധാർമ്മികബോധംതന്നെ അല്പം ഒന്ന് അധഃപതിച്ചുപോയിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അതിനുള്ള കാരണം എന്താണെന്നു ഇന്നത്തെ മന്ത്രിസഭക്കുതന്നെ അറിയാവുന്നതാണ്. കഴിഞ്ഞ കുറെക്കാലങ്ങളായി ഇവിടെ നടന്നിരുന്ന ഭരണത്തിൻെറ സ്വഭാവം അതായിരുന്നു. പോലീസിനെ രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി വളരെ

ക്കാലമായി ഉപയോഗിച്ചുവന്നിരുന്നു. അതിൻെറ ഫലമായി സാധാരണ ജനങ്ങൾക്ക് വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവരികയും തൻനിമിത്തം പോലീസിൻെറ നേക്ക് വളരെ ഭയം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിനു മററു ചില കാരണങ്ങളും ഉണ്ട്.

ഈ ഡിപ്പാർട്ടുമെൻറിൽ മുൻപുള്ളതുപോലെതന്നെ പലവിധത്തിലുള്ള അഴിമതികളും കുഴപ്പങ്ങളും നിലവിലുണ്ട്. കൈക്കൂലി ഒരുതരം സർവസാധാരണ രോഗമായിത്തീർന്നിട്ടുണ്ട് വളരെ ചെറിയ ശമ്പളം വാങ്ങുന്നവരാണ് ഈ ഡിപ്പാർട്ടുമെൻറിൽ അഴിമതിക്ക് ഇടയാക്കുന്നത്. ജീവിക്കാൻ പര്യാപ്തമല്ലാത്ത അവരുടെ ശമ്പളം ഒരു നിലയിൽ ഉയർത്താതെ ഈ അക്രമങ്ങളും അഴിമതികളും അവസാനിക്കുന്നതല്ല. അതിനു വേണ്ട നടപടികൾ ഈ ഗവൺമെൻറ് കൈക്കൊള്ളണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതുപോലെതന്നെ ഇനിമേലെങ്കിലും പോലീസിൻെറ പ്രവർത്തനം രാഷ്ട്രീയമായ ഉദ്ദേശങ്ങൾക്ക് യാതൊരു കക്ഷിയും ഉപയോഗിക്കാൻ ശ്രമിക്കരുതെന്ന് എനിക്കൊരപേക്ഷയുണ്ട്. കഴിഞ്ഞകാലങ്ങളിൽ ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടത്തിയിരുന്ന മേലധ്യക്ഷനെ സംബന്ധിച്ചും ഈ രാജ്യത്ത് വളരെ അതൃപ്തിയും പരാതികളുമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. വളരെ തീക്ഷ്ണമായ വർഗ്ഗീയബോധത്തിൻെറ ഒരു പ്രകടനമായിരുന്നു അദ്ദേഹത്തിൻെറ ഭരണകാലത്തു നടന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം കൊടുത്തിട്ടുള്ള ഓരോ ഓർഡറും ഓരോ നിർദ്ദേശവും, ഓരോ ട്രാൻസ്ഫറും, ഓരോ സ്ഥിരപ്പെടുത്തലും വളരെ വർഗ്ഗീയമായ ഒരു തീക്ഷ്ണബോധത്തിൻെറ ഫലമായിരുന്നു എന്നു പറയാൻ ഞാൻ മടിക്കുന്നില്ല മററൊരുകാര്യം എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളത് പോലീസ് എന്നു കേൾക്കുമ്പോൾതന്നെ സാധാരണ ജനങ്ങൾക്കു വളരെ ഭയമാണ്. പോലീസ് ഔട്ട്പോസററുകളുടെയും റിസർവ്വ സ്റ്റേഷനുകളുടെയും അടുത്തുകൂടി സാധാരണ ജനങ്ങൾക്ക് ഒററയ്ക്കുപോകാൻപോലും ഭയമുള്ള സ്ഥലങ്ങളുണ്ട്. ചില സമയങ്ങളിൽ ഈ റിസർവ്വ സ്റ്റേഷനുകളിലെ കാൺസ്റ്റബിൾമാർ പലരേയും ദേഹോപദ്രവം ചെയ്യുന്നതായി അനേകം പരാതികൾ ഉണ്ടാകുന്നതായും എനിക്കറിയാം. കൊല്ലത്തു നടന്ന ചില സംഭവങ്ങൾ എനിക്കു നേരിട്ടറിയാം. എന്നാൽ അതു സംബന്ധിച്ച് എന്തെങ്കിലും കർശനമായ നടപടികൾ ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിയിട്ടുള്ളതായി അറിയുന്നില്ല.

[Mr. Mohamad Mustafa]

മറെറാരുകാര്യം എനിക്കു പറയാനുള്ളത് ഈ പോലീസ് സ്റ്റേഷനുകളുടെ അതിർത്തി തിരിക്കുന്നതിലുള്ള ചില കുഴപ്പങ്ങളെപ്പററിയാണ്. ഇതു ഡിപ്പാർട്ടുമെൻറിലെ വളരെ കുഴഞ്ഞ പ്രശ്നങ്ങളിലൊന്നാണ്. ഒരു പോലീസ് സ്റ്റേഷൻ മറെറാരു പോലീസ് സ്റ്റേഷൻെറ അതിർത്തിക്കകത്തു സ്ഥിതിചെയ്യുന്നതായി ചില സ്ഥലങ്ങളിൽ കാണാം. കൊല്ലത്തുള്ള കസ്ബാസ്റ്റേഷൻ ടൌൺസ്റ്റേഷൻെറ അതിർത്തിക്കകത്താണു സ്ഥിതിചെയ്യുന്നത്. ആ പോലീസ് സ്റ്റേഷൻെറ നടയിൽ വച്ചുതന്നെ വല്ല അക്രമങ്ങളും നടക്കുകയാണെങ്കിൽ അവിടത്തെ പോലീസ് ഉദ്യോഗസ്ഥന്മാർക്കു യാതൊന്നും ചെയ്യുവാൻ സാധ്യമല്ല. ഈ നില മാറുന്നതിനു പോലീസ്സ്റ്റേഷനുകളുടെ അതിർത്തി വളരെ കാര്യക്ഷമമായി പുനർവിഭജിക്കേണ്ടിയിരിക്കുന്നു. കൊല്ലത്തെ കസ്ബാ സ്റ്റേഷൻ ഇപ്പോൾ കിടക്കുന്ന സ്ഥലത്തുനിന്നും മാറി കുണ്ടറയോ നീണ്ടകര വടക്കോ സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

മറെറാരുകാര്യം പറയാനുള്ളത് ഈ ഡിപ്പാർട്ടുമെൻറിനു ശരിയായ കാര്യക്ഷമതയും പ്രവർത്തനക്ഷമതയും ഇല്ലാതിരിക്കുന്നത് ഡിപ്പാർട്ടുമെൻറിലെ ഒട്ടുവളരെപ്പേരും മദ്യം ഉപയോഗിക്കുന്നതുകൊണ്ടാണ്. ധാരാളമായി മദ്യം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരെയും പോലീസ് സിൽബന്ധികളേയും എവിടെയും കാണാം. മദ്യം കുടിച്ചുകൊണ്ടു അവർ അനേകം അക്രമങ്ങൾ ചെയ്യുന്നതായി പരാതികളുണ്ടു. ഡിപ്പാർട്ടുമെൻറിലുള്ള ആരുംതന്നെ മദ്യം ഉപയോഗിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനെ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. അങ്ങനെ അല്ലാതെ ഈ അഴിമതികൾ അവസാനിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഈ പുതിയ ജനകീയഭരണകൂടത്തിൻെറ മേൽനോട്ടത്തിൽ ഈ ഡിപ്പാർട്ടുമെൻറിൽ ധാർമ്മികമായ ബോധം ഉയർത്തുന്നതിനു വേണ്ടതു ചെയ്യുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

MR. VARGHESE AUGUSTIN : സർ, തിരുവിതാംകൂറിൽ പോലീസ് ഡിപ്പാർട്ടുമെൻറിലുള്ളിടത്തോളം കൈക്കൂലിയും അഴിമതിയും മറെറാരു ഡിപ്പാർട്ടുമെൻറിലും ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അതിനു വല്ല പ്രത്യേകകാരണങ്ങളും ഉണ്ടോ എന്നറിയുവാൻ നിവൃത്തിയില്ല. കഴിഞ്ഞ പത്തുവർഷക്കാലമായി ഇവിടത്തെ പൊതുജനങ്ങളെ ഉപദ്രവിക്കത്തക്ക ഒരു മനസ്ഥിതിയുള്ള ആളുകളെയാണു പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു ആനയിച്ചുകൊണ്ടിരുന്നത്. അതിൻെറ ഫലമാണു

ഇന്നു പോലീസുഡിപ്പാർട്ടുമെൻറിൽ നാം കാണുന്ന അഴിമതികഠം. ഇവിടത്തെ പോലീസുകാർ സാധുക്കളായ ആളുകളോടു കാണിക്കുന്ന അഴിമതികഠം അവർണ്ണനീയമാണു്. കാശുള്ളവരിൽനിന്നു പ്രതിഫലം വാങ്ങിക്കൊണ്ടു സാധുക്കളെ ഉപദ്രവിക്കുന്നതായിട്ടുള്ള കേസുകഠം ഒട്ടും കുറവല്ല. ഈമാതിരി കേസുകഠം തിരുവിതാംകൂറിൻെറ എല്ലാഭാഗങ്ങളിലും ധാരാളം ഉണ്ടായിട്ടുണ്ടു്. ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള സംഭവങ്ങഠം ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാക്കും നേരിട്ടറിയാവുന്ന ഒരു പരമാത്ഥമാണു്. ഈ മാതിരി അഴിമതികഠംക്കു ഒരു നിവാരണമുണ്ടാക്കണമെങ്കിൽ കാര്യപ്രാപ്തിയും സ്വഭാവശുദ്ധിയും ഉള്ളതായ ഒരു ഐ .ജി. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനായി വരണം. കാര്യപ്രാപ്തി നോക്കാതെ സീനിയാറിററി നോക്കി പ്രമോഷൻ കൊടുക്കുന്ന ഏർപ്പാടു എപ്പോഴും നല്ലതല്ല. കാര്യപ്രാപ്തിക്കും സ്വഭാവശുദ്ധിക്കും മുൻഗണനകൊടുത്തു പ്രമോഷൻ കൊടുക്കണം. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ കൂടുതൽ നിഷ്കർഷയായി പെരുമാറിയെങ്കിലേ ഡിപ്പാർട്ടുമെൻറിലെ അഴിമതികഠം അവസാനിക്കുകയുള്ളു. എപ്പോഴും നല്ല നല്ലയാളുകളെ തിരഞ്ഞെടുത്തുതന്നെ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കണം.

പിന്നൊന്നു എനിക്കു പറയുവാനുള്ളതു പോലീസു സ്റ്റേഷനിലേക്കു കൊണ്ടുചെല്ലുന്ന കുററവാളികളെ മർദ്ദിക്കുന്ന വിധത്തെപ്പററിയാണു്. പോലീസുസ്റ്റേഷനുകളിലെ മർദ്ദനം വളരെ കഠിനവും ക്രൂരവുമാണെന്നു പറയാതെ നിവൃത്തിയില്ല. അവർ 5th degree method പ്രയോഗിക്കുന്നു. എനിക്കു നേരിട്ടറിയാൻ സാധിച്ചിട്ടുള്ള ഒന്നുരണ്ടു സംഗതികഠം ഞാനിവിടെ പറയാം. കുററം തെളിയിക്കുന്നതിനു കുററവാളികളെ ലാക്കപ്പിൻെറ അകത്തുകയററി കൈരണ്ടും പിടിച്ചു കമ്പിയഴികളുടെ ഇടയ്ക്കു ചേർത്തു ബന്ധിക്കുന്നു. കാലുകളും അതുപോലെ വെളിക്കുവച്ചു ബന്ധിക്കുന്നു. അതിനുശേഷം ചൂരൽവടികൊണ്ടു ഉള്ളംകാലിൽ അടിക്കുകയും പുറത്തു ഇടിക്കുകയും ചെയ്യുന്നു. പോലീസുസ്റ്റേഷനുകളുടെ പുറകിൽ ഉണ്ടക്കല്ലുകഠം കൂട്ടിവച്ചിരിക്കുന്നതെന്തിനാണെന്നു എനിക്കു അന്നാണു മനസ്സിലായതു. ആലപ്പുഴ ലാക്കപ്പിൽ ഞാൻ കിടന്ന അവസരത്തിൽ പാക്കററടിച്ചു എന്നു പറഞ്ഞു ഒരാളെ സ്റ്റേഷനിൽ പിടിച്ചുകൊണ്ടുവന്നു. എട്ടുപത്തു പോലീസുകാർകൂടി ഇടിച്ചും ചവിട്ടിയും നിലം പരിശാക്കിയതിനുശേഷം ആണു ഈ ഉണ്ടക്കൽ പ്രയോഗം തുടങ്ങിയതു്. കണ്ണു

[Mr. Varghese Augustin.]

നിന്നാൽതന്നെ സഹിക്കാത്ത ചില പ്രയോഗങ്ങളായിരുന്നു ഈ ഉണ്ടക്കല്ലുകൊണ്ട് പോലീസുകാർ നടത്തിയത്. ഏതാണ്ട ബോധരഹിതനായി കിടന്ന കുററവാളിയെ, അവരുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഒരു ഗ്ല്യാലപ്പു എന്നു പറയും, രണ്ടുമൂന്നു പോലീസുകാർകൂടി വലിച്ചിഴച്ചുകൊണ്ടോടി. അതിനുശേഷം ആയാളോട് ഒരു പോലീസുകാരൻ ചോദിച്ചു "അളിയാ സ്വല്പം ചായ കുടിക്കുന്നതോ" എന്ന്. അവൻ കുറച്ചു ചായയും കൊടുത്തു. പക്ഷെ, ആ ചായ ആ പോലീസുകാരന്റെ മൂത്രമായിരുന്നു. ഇതു ഞാൻ ഒരു സ്ഥലത്തിൽ നേരിട്ടു കണ്ടിട്ടുള്ളതാണ്. കുററവാളികളെ ഇമ്മാതിരി മർദ്ദിക്കുന്നതിനു ഒരിക്കലും അനുവദിച്ചുകൂടാത്തതാണ്. യഥാർത്ഥത്തിൽ കുററക്കാരല്ലാത്തവരെയും, അതായതു കുററക്കാരെന്നു സംശയിക്കപ്പെടുന്ന ആളുകളെയും ലോക്കപ്പിൽ കയററി ഇങ്ങനെ ചെയ്യാറുണ്ട്. പോലീസ്സ്റ്റേഷനുകൾ പരിശോധിക്കാൻ ഡി. എസ്. പി. യോ എ. എസ്. പി. യോ ഒക്കെ വന്നാലും പോലീസുകാരന്റെ ബട്ടൺ പിന്നെയൊക്കെ പരിശോധിക്കുന്നതല്ലാതെ ഈ ആളുകളെ എന്തിനു അവിടെ വച്ചിരിക്കുന്നു എന്നു ചോദിക്കാറില്ല.

ഇനിയും ഒന്നു പറയുവാനുള്ളതു ഈ പോലീസ്ഡിപ്പാർട്ടുമെൻറിൽനിന്നും കഴിയുമെങ്കിൽ കുറെ ആളുകളെ പിരിച്ചുവിടണമെന്നാണ്. ഡി. ഐ. ജി., എ. ഐ. ജി., ഡി. എസ്. പി., എ. എസ്. പി. എന്നിങ്ങനെ എന്തിനു ഇത്രയും ആളുകളെ വച്ചിരിക്കുന്നു എന്നു ഞാൻ ചോദിക്കുന്നു. ഐ. ജി. യും ഡി. എസ്. പി. മാരും കുറെ ഇൻസ്പെക്ടറന്മാരും മാത്രമായാൽ ഡിപ്പാർട്ടുമെൻറു ഭരണം കൂടുതൽ കാര്യക്ഷമമാകില്ലയോ എന്നു ഞാൻ ചോദിക്കുന്നു. പഴയ കാലങ്ങളിൽ ഈ രാജ്യത്തെ ജനങ്ങളുടെ മേൽ പോലീസു നടത്തിയിട്ടുള്ള അക്രമങ്ങളെപ്പററിയുള്ള പരാതികൾ കേട്ടു തീരുമാനിക്കുന്നതിന് മനഃസ്സാക്ഷിയുള്ള ആളുകൾ അടങ്ങിയ ഒരു ജനകീയ കോടതിപോലും ഉണ്ടാക്കേണ്ട ആവശ്യം നമുക്കില്ലേ എന്നു ഞാൻ സംശയിക്കുന്നു.

MR. K. A. GANGADHARA MENON: സർ, നിയമസമാധാനങ്ങൾ പാലിക്കുന്നതിൽ പോലീസുകാർക്കുള്ള വിഷമതകളും ബുദ്ധിമുട്ടുകളും ഞാൻ നല്ലപോലെ മനസ്സിലാക്കുന്നുണ്ട്. എങ്കിലും കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലക്കാലമായി നമ്മുടെ നാട്ടിലെ പോലീസുഭരണം ഏററവും അധഃപതിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം മറച്ചുവയ്ക്കാവുന്നതല്ല. പോലീസുകാരെ അവരുടെ ധാർമ്മികമായ ചുമതലകളിൽനിന്നും വളരെവളരെ വഴി

തെററിച്ച് ധാർമ്മികബോധം പരിപൂർണ്ണമായി നശിപ്പിച്ച് എന്നുതന്നെ വേണം വിചാരിക്കാൻ. അവർക്കുണ്ടായിരുന്ന ശിക്ഷണവും കൃത്യബോധവും ആവശ്യമായ വഴികളിൽക്കൂടി പ്രവർത്തിപ്പിക്കാതെ അതിനെ കഴിഞ്ഞഭരണക്കൂടം വളരെ ദുർവിനിയോഗപ്പെടുത്തിയിട്ടുണ്ടെന്നു ഇന്നത്തെ ഗവണ്മെൻറിന് നല്ലപോലെ അറിയാവുന്ന ഒരു സംഗതിയാണ്. പോലീസുകാർ ഈ രാജ്യത്തു നടത്തിയ മർദ്ദനനടപടികൾ എന്തായിരുന്നുവെന്നു സ്റ്റേററുകാൺഗ്രസിൽപ്പെട്ട എല്ലാവർക്കും നല്ലപോലെ അറിയാം. ആരെയെങ്കിലും ഏതെങ്കിലും വിധത്തിൽ ഭീഷണിപ്പെടുത്തുന്നതിനോ അവർ പോകുന്ന വഴിയിൽനിന്നു മാററുന്നതിനോ ഒരു പോലീസുകാരന് ഒരു ആർഡർ വേണമെന്നില്ല. നേരേമറിച്ച് ഗവണ്മെൻറിനു അങ്ങനെ ഒരു ആലോചനയുണ്ടെന്നു ഒരു പോലീസുകാരനു മനസ്സിലായാൽ അയാളുടെ നേർക്കു എന്തെല്ലാം വിധത്തിലുള്ള പ്രേരണകളും ഉപദ്രവനടപടികളും ആണ് എടുക്കുന്നതെന്നു നമുക്കെല്ലാം അറിയാവുന്നതാണ്. ഇങ്ങനെ പോലീസുഭരണം എന്തെന്നില്ലാതെ ദുഷിച്ച ഒരവസരത്തിലാണ് സ്റ്റേററുകാൺഗ്രസ് ഗവണ്മെൻറു വന്നത്. ഞാൻ പറയുന്നത് ഇന്നത്തെ ഗവണ്മെൻറിനു ഇതെല്ലാം നല്ലപോലെ അറിയാവുന്നസ്ഥിതിക്കു മറേറതുഡിപ്പാർട്ടുമെൻറിനെക്കാളും കൂടുതലായി പോലീസുഭരണത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതു അത്യാവശ്യമാണെന്നാണ്. പോലീസിൽ ജനങ്ങൾക്ക് വിശ്വാസമുണ്ടാകേണ്ടതു വളരെ ആവശ്യമാണ്. പോലീസിനു കുററങ്ങൾ കണ്ടുപിടിക്കുന്നതിനും തെളിവെടുക്കുന്നതിനും മററുള്ള കാര്യങ്ങൾക്കും ജനങ്ങളുടെ പരിപൂർണ്ണമായ സഹകരണം ആവശ്യമാണ്. എന്നുതന്നെയല്ല പോലീസുകാർ ജനങ്ങൾക്കു സഹായകമായി പ്രവർത്തിക്കുമെന്നുള്ള ഒരു നില ഈ രാജ്യത്തുണ്ടാക്കണം. ഇന്നു ആ തരത്തിലല്ലെന്നു പറയുന്നതു ഒരു വെറും പരമാർത്ഥംമാത്രമാണ്. പോലീസുകാരുടെ ഇടയിൽ വളരെ അഴിമതികൾ ഉണ്ടാകുന്നുണ്ടെന്നും വളരെ കൈയ്ക്കൂലിയുണ്ടെന്നും പറയുന്നതിൽ തെററില്ലെന്നു ഞാൻ വിചാരിക്കുന്നു. കൈയ്ക്കൂലിയും, അഴിമതിയും ഒന്നോടെ ഇല്ലാതെയാക്കുന്നതിനു വേണ്ട നടപടികൾ ഇന്നത്തെ ഗവണ്മെൻറു കൈയ്ക്കൊള്ളുമെന്നും ഞാൻ വിശ്വസിക്കുന്നു. എൻെറ സ്നേഹിതൻ മി: മുസ്തഫാ പറഞ്ഞതുപോലെ മദ്യപാനം പോലീസ് ഡിപ്പാർട്ടുമെൻറിൽ വളരെ വർദ്ധിച്ചിട്ടുണ്ട്. ഈയിടെ പൊൻകുന്നത്തുനടന്ന വളരെ ഖേദകരമായ സംഭവം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. പത്രത്തിൽകണ്ട ഒരു സംഗതിയാണ്. വാസ്തവം

[Mr. K. A. Gangadhara Menon]

ആണോ എന്നു എനിക്കു നിശ്ചയമില്ല. ഒരു പോലീസുകാരൻ മദ്യപിച്ചുകൊണ്ടു ബസ്സിൽവച്ചു് തീപ്പെട്ടിക്കോൽ ഉരച്ചതിൻെറ ഫലമായിട്ടാണു് ആ ദാരുണസംഭവം ഉണ്ടായതെന്നു കാണുന്നു.

MR. P. T. CHACKO: അതു് വാസ്തവമാണു്.

MR. K. A. GANGADHARA MENON: അവിടെ നടന്ന സംഭവം എത്രയും ദയനീയമായ ഒരു കാര്യമാണു്. മദ്യപാനം ഇങ്ങനെ ഒരു ദാരുണമായ സംഭവത്തിനിടയാക്കിയതു നമുക്കു് ഒരിക്കലും അഭിമാനകരമല്ല. ഇന്നത്തെ ഗവണ്മെൻറു ഈവക കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. മറെറാരു കാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. പോലീസുകാർക്കുള്ള ജോലി വളരെ കൂടുതലാണു്. ശമ്പളമാണെങ്കിൽ വളരെ തുച്ഛവുമാണു്. ആ കാരണംകൊണ്ടാണു് പോലീസുകാരുടെ ഇടയിൽ കൈയ്ക്കൂലി ധാരാളമായി ഉണ്ടാകുന്നതെന്നു ഞാൻ കരുതുന്നു. ഒരു ഇൻസ്പെക്ടർ ഒരു പോലീസുകാരനോടു പത്തുപന്ത്രണ്ടു നാഴികദൂരെയുള്ള ഒരു പ്രതിയെ പിടിച്ചുകൊണ്ടു വരുന്നതിനു പറഞ്ഞു എന്നു വിചാരിക്കുക. അയാൾക്കു അങ്ങനെ പോയാൽ പടിയൊന്നും കിട്ടുകയില്ല. ദൂരസ്ഥലങ്ങളിൽ പോകുമ്പോൾ ആഹാരം കഴിക്കുന്നതിനു കൈയിൽ ചക്രം കാണുകയില്ല, ആഹാരം പതിവായിട്ടു ഉധാരംകൊടുക്കുന്ന ഹോട്ടലിൽ മാത്രമേ കിട്ടുകയുള്ളു. ഇങ്ങനെയുള്ള അവസരങ്ങളിൽ കള്ളമായ ഒരു റിപ്പോർട്ടായിരിക്കും കൊടുക്കുന്നതു. ആഹാരത്തിനു പോലും മതിയാകാത്ത ശമ്പളമുള്ളവർ കൈയ്ക്കൂലി വാങ്ങിക്കാതിരിക്കാൻ നിവൃത്തിയില്ല. കാര്യക്ഷമമായി പോലീസ്ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടക്കണമെന്നുണ്ടെങ്കിൽ ആദ്യമായി കാൺസ്റ്റബിൾമാരുടെ ശമ്പളം വർദ്ധിപ്പിക്കണം. ശമ്പളം കൂട്ടുന്നതോടുകൂടി തെററുചെയ്യുന്നവരുടെ പേരിൽ ശിക്ഷണനടപടികൾ എടുക്കുകയും വേണം. കാൺസ്റ്റബിൾമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു് ധാരാളം പണം വേണമെന്നും തൽക്കാലം ഗവണ്മെൻറിനു കുറെ ബുദ്ധിമുട്ടുണ്ടാകുമെന്നും എനിക്കറിയാം. എന്നിരുന്നാലും ഈ കാര്യത്തിൽ ഗവണ്മെൻറു കഴിവുള്ളതു ചെയ്യാൻ ശ്രമിക്കേണ്ടതാണു്. ശമ്പളം വർദ്ധിപ്പിക്കാതിരിക്കുന്നിടത്തോളം കാലം ഈ രാജ്യത്തു് പോലീസിൻെറ അഴിമതിക്കും കൈയ്ക്കൂലിക്കും നിവാരണം ഉണ്ടാകാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഗവണ്മെൻറിൻെറ മുമ്പിലുള്ള പ്രശ്നം പോലീസുകാർക്കു ശമ്പളം

കൂട്ടിക്കൊടുത്തു ചുമതലാബോധത്തോടും കാര്യക്ഷമമായും അവരുടെ ജോലികൾ നിർവഹിക്കാൻ കഴിവുണ്ടാക്കിത്തീർക്കണമോ അതല്ലാ ഇന്നത്തെ അഴിമതികളും അക്രമങ്ങളും തുടർന്നുകൊണ്ടുപോകാൻ അനുവദിക്കണമൊ എന്നുള്ളതാണ്. ഈ പ്രശ്നത്തെ ഗവണ്മെന്റ് അർഹിക്കുന്ന ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. (ബെൽ)

MR. A. CHIDAMBARANATHA NADAR : தலைவர் அவர்களே, ஒரு இராஜ்யத்திற்குச் சமாதானத்தையும், சத்தியத்தையும், நியாயத்தையும், நிலைநிறுத்த போலீஸ் அவசியம் என்பது நமது முன்னோர்கள் கண்டு கொண்டது உண்மை. நிற்க :—

நமது திருவிதாங்கூர் போலீஸ் இலாகாவை எடுத்துக் கொண்டால், இவ்விலாகாவிலுள்ள ஒவ்வொரு உத்தியோகஸ்தனும் தமது பொறுப்பை எப்படி வகிக்கிறார்கள். எப்படி நம் நாட்டு மக்களிடம் நடந்து கொண்டு வருகிறார்கள் என்பதைப் பார்த்தால், மறைக்க முடியாததும், மறுக்க முடியாததுமான சில உண்மைகள் தெரிய வரும். எங்களுக்கு மாத்திரம் தெரிந்த விஷயமல்ல இது. நமது கனம் மந்திரிகள் யாவரும் அறிந்த உண்மையே.

தலைவர் அவர்களே, ஸர் சி. பி. இராமசுவாமி அய்யர் இருந்த காலத்தில் போலீஸ் இலாகாவைப் பற்றி எவ்வளவோ குறை கூறப்பட்டது. அந்தப் போலீஸ் அல்ல தற்போது என்று இங்கு கூறப்பட்டது. இதை நான் மறுக்கிறேன். அதே போலீஸ் ஆட்சிதான் இன்னும் இந் நாட்டில் நடந்து கொண்டிருக்கிறது. அது மறுக்க முடியாத உண்மை என்பதை நான் சொல்லாமலிருக்க முடியாது.

தலைவர் அவர்களே, போலீஸ் இலாகா என்று நினைத்தவுடனேயே இந்நாட்டில் பிறந்து வளர்ந்த தென் திருவிதாங்கூர் தமிழ் மக்களுக்குச் செய்த கொடுமைகளை நினைக்காமலிருக்க முடியாது. மேலும் போலீஸ் என்று நினைத்தவுடன் D. S. P. சந்திரசேகரன் நாயர், A. S. P. அச்சுதன் விளவங்கோடு இன்ஸ்பெக்டர் திவாகரன், திருவட்டார் இன்ஸ்பெக்டர் பப்பு பிள்ளை, தக்கலை இரணியல் இன்ஸ்பெக்டர்கள், Armed Reserve Inspector பரமேசுவரன் பிள்ளை இவர்கள் தென் திருவிதாங்கூரில் செய்த அட்டகாசத்தைப் பற்றிச் சொல்லாமலிருக்க முடியாது.

திருவனந்தபுரம் D. S. P. கனம் சந்திரசேகரன் நாயர் நமது கடவுளின் ஒரு அவதாரந்தான். திருவிதாங்கூரின் தென்பக்கமிருக்கிற தமிழ் நாட்டுமக்களை அடித்து அமர்த்தினால் தமக்கு ஐ. ஜியாய் விடலாம் என்று கனவு கண்டது உங்களுக்குத் தெரியும். A. S. P. அச்சுதனை பற்றியோ வென்றால், சேர்த்தலை, ஆலப்புழை முதலிய இடங்களில் இவர் செய்த அக்கிரமங்கள் பல. நீங்கள் பரணத்திற்கு வந்தவுடன் இவர்களை வெளியில் தள்ளவேண்டியது தான் உண்டு.

ஆனால் அதுபோக அவர்கள் உங்களது செல்லப்பிள்ளைகளாய் தமிழர்களை கஷ்ட, கஷ்டப்படுத்துவதற்குத் தென் திருவிதாங்கூரில் வைத்திருக்

[Mr. A. Chidambaranatha Nadar.]

கிறீர்கள் என்று சொல்லாமலிருக்க முடியாது. இவர்களது சஞ்சாரமெல்லாம் ஆந்தையைப் போல் அர்த்தராத்திரியில்தான். ஆந்தையானது பகல் முழுவதும் தூங்கும். இரவு பதினோரு மணி சுமாருக்குத் தான் தனது சஞ்சாரம் துவக்கும். அதுபோல் A. S. P. அச்சுதன் இராத்திரி பதினோரு மணி சுமாருக்குமேல்தான் தனது ஜீப்காரில் ஏறிக்கொண்டு மண்கோடு முதலிய இடங்களுக்குச் சென்று அங்குள்ள ஏழை மக்களைப் பிடித்து, அடித்து ஹிம்சித்து வருகிறார்கள் என்பதை கனம் மந்திரி அவர்களின் கவனத்திற்குக் கொண்டுவர விரும்புகிறேன். இரண்டாவதாக, நான் எந்தத் தொகுதியிலிருந்து தெரிந்தெடுக்கப்பட்டு வந்திருக்கிறேனோ அந்தத் தொகுதியிலுள்ள பப்புபிள்ளை அவர்கள், அகஸ்தீசுவரம், கல்குளம் தாலுகாக்களில் தான் இன்ஸ்பெக்டராக இருந்து கொண்டிருக்கிறார்கள். திருவிதாங்கூரில் வேறு ஒரு இடத்திலும் அவர்கள் இருந்ததில்லை. இவர் கல்குளம் தாலுகாவில் செய்திருக்கிற அட்டூழியங்களுக்கு ஒரு அளவு கிடையாது. நான் ஜனப்பிரதிநிதி (Representative) என்ற நிலைமையிலும், தமிழ்நாட்டின் சார்பாகவும் சொல்லிக் கொள்வது என்னவென்றால், பப்புபிள்ளை செய்த அட்டூழியங்கள் எழுதி எழுதி ஏட்டில் அடங்காதது. அவ்வளவு செய்திருக்கிறார். இதைப்பற்றி Representation கூட அரசாங்கத்திற்கு அனுப்பப்பட்டிருக்கிறது. ஆக்ஞார்கடைச் சந்தையில் ஆப்பிரகாம் என்ற வியாபாரி ஜவுளி வியாபாரம் செய்து கொண்டிருக்கையில், இன்ஸ்பெக்டர் பப்புபிள்ளை நின்று கொண்டிருக்கும்பொழுது, அவரது முன்னிலையில் கொள்ளை நடந்தது. இப்படி ஒரு போலீஸ் இன்ஸ்பெக்டர் முன்னிலையில் ஒரு பகற் கொள்ளை நடப்பதாயிருந்தால், நமது ஜனநாயக ஆட்சி எப்படி நடக்கிறது என்று பாருங்கள்! இவரையும் இவரைப் போன்ற போலீஸ் உத்தியோகஸ்தர்களையும் நமது உரிமையையும் உடைமையையும் பாதுகாக்க வேண்டி போலீஸ் இலாகாவில் வைத்துக் கொண்டிருந்தால் நமக்கு எவ்வளவு நன்மை பயக்கும் என்பதை கனம் மந்திரியவர்கள் ஆலோசிக்க வேண்டும்.

இன்னும், இன்ஸ்பெக்டர் திவாகரன் என்பவர் தனது எல்லையை விட்டு, இரணியல் எல்லைக்கு உட்பட்ட பெரியவிளையில் சென்று செல்லையா என்றவரை சுட்டு வீழ்த்தியதை கண்டாவது கேட்டாவது அதற்கு ஒரு முடிவு செய்திருக்கிறார்களா என்றால் இல்லை.

எப்படியிருக்கிறது போலீஸ் ஆட்சி!

இந்தவிதமாக தென் திருவிதாங்கூரில்—தமிழ் நாட்டில்—போலீஸ் ஆட்சி நடக்கிறது.

Armed Reserve இன்ஸ்பெக்டர் பரமேசுவரன் நாயர் செய்திருக்கிற அட்டூழியங்கள் இவ்வளவு அவ்வளவு என்று சொல்லமுடியாது. தமிழர்களுக்கு அவ்வளவு கொடுமைகளை இழைத்திருக்கிறார்.

கடைசியாக நமது ஜனநாயக ஆட்சியின் மந்திரிகளுக்கு ஒரு வேண்டுகோள். உங்கள் ஆட்சி வெற்றிகரமாக வாகை சூடியிருக்க வேண்டுமானால் தென் திருவிதாங்கூரிலிருக்கிற போலீஸ் உத்தியோகஸ்தர்களை மாற்றி விட்டால், அங்கே என்ன நடக்கும் என்பதை உங்கள் கண்ணால் பார்க்கலாம். அச்சுதன், திவாகரன், பரமேஸ்வரன் பிள்ளை இவர்கள்

அங்கேயிருக்கும் வரையில் கொலைபாதகர்தான் நடந்து கொண்டிருக்கும் என்பதையும், அந்தக் காட்சியை நீங்கள் கண்டு கொண்டு தான் இருப்பீர்களென்றும் சொல்லிக் கொண்டு எனது சிற்றுரையை முடித்துக் கொள்கிறேன்.

MR. K. RAMAKRISHNA PILLAI: സർ, സ്വതന്ത്രതിരുവിതാംകൂറിന്റെ പ്രഖ്യാപനത്തോടുകൂടി ഒരു വർഷക്കാലം വഴിപിഴച്ചു പലതും ചെയ്തുകൊണ്ടിരുന്നകാലത്തു്, അവർ അറസ്റ്റുചെയ്യപ്പെട്ടിരുന്ന റൗഡികളുടെ സഹായത്തോടുകൂടി പോലീസ്, തിരുവിതാംകൂറിന്റെ പലഭാഗത്തും പലതും ചെയ്തിട്ടുണ്ടു്. അതായിരുന്നു ഇവിടത്തെ പോലീസിന്റെ അധഃപതനഘട്ടത്തെ കുറിച്ചു ഒരവസരം. എന്നാൽ ഇപ്പോഴും എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞ പരാതി നിലനിൽക്കുന്നു. അതു കഴിഞ്ഞകൊല്ലത്തെ സംഭവത്തിന്റെ അവശേഷമാണു. ഭയങ്കരമായ മഴയാണു് ഇവിടെ പെയ്തതു. അതു് കുറച്ചുകാലംകൂടി പെയ്തുകൊണ്ടിരിക്കും. മി. നേശമണി ഇവിടെ ഉന്നയിച്ച ചില സംഗതികൾ കേട്ടപ്പോൾ ഇതാണു് എന്റെ ഓർമ്മയിൽ വരുന്നതു്. ജനകീയ ഗവർമ്മെന്റിന്റെ ആദ്യത്തെ കർത്തവ്യം ഈ അധഃപതനത്തിൽനിന്നും ഈ ഡിപ്പാർട്ടുമെന്റിനെ ഉദ്ധരിക്കുകയാണു്. പോലീസ് കാൺസ്റ്റബിൾമാരെപ്പററി പറയുകയാണെങ്കിൽ ഇതുപോലെ സാന്മാർഗ്ഗികമായി അധഃപതിച്ച ഒരു വിഭാഗം ആളുകൾ ഇല്ലെന്നാണു് എന്റെ വിശ്വാസം. അതിനു് ഒരു വ്യത്യാസം വരുത്തണം. അവരെ ഇത്ര അധഃപതനത്തിലേക്കു് കൊണ്ടുപോയ കാരണങ്ങൾ പലതാണു്. എന്നാൽ ഇന്നു് ആ കാര്യങ്ങൾ എല്ലാം ഉണ്ടെന്നു പറയാൻ പാടില്ല. അവർക്കു ജീവിക്കാൻ ആവശ്യമായ ശമ്പളം കൊടുക്കാതെ യാതൊരു നിർവാഹവുമില്ല. ഒരു പോലീസ് കാൺസ്റ്റബിളിനു് ൩൧ രൂപയാണു് ശമ്പളവും അലവൻസും ഉൾപ്പെടെ ഇപ്പോൾ കിട്ടിവരുന്നതു്. ഇതു് ഒരു ദിവസത്തേക്കു ഒരു രൂപാ മാത്രമേ ആകുന്നുള്ളൂ. മിക്കവാറും വളരെ ദൂരം വരെ ദിവസവും അവർ സഞ്ചരിക്കണം. അവർക്കു കിട്ടുന്ന ശമ്പളം കൊണ്ടു് ഒരു വ്യക്തിക്കു തന്നെ ജീവിക്കാൻ സാദ്ധ്യമല്ല. ഇപ്പോഴത്തെ ബഡ്ജററിൽ പോലീസ് ഡിപ്പാർട്ടുമെന്റിനു കൂടുതൽ തുക അനുവദിച്ചിട്ടുണ്ടു്. എന്നാൽ പോലീസ് കാൺസ്റ്റബിളിന്റെ ശമ്പളം വർദ്ധിപ്പിക്കത്തക്കവണ്ണം ഉള്ള തുക അതിൽ കണ്ടില്ല. കൈക്കൂലിയും അഴിമതിയും ആ ഡിപ്പാർട്ടുമെന്റിൽനിന്നും പോകത്തക്കവണ്ണം അവരെ സംതൃപ്തരാക്കുകയാണു നാം ചെയ്യേണ്ടതു്. അതിനു വേണ്ടതു ചെയ്യുമെങ്കിൽ പിന്നെ അവരെ കുററം പറയാം. ഇവിടെ ഇതിനു മുൻപിരുന്ന

[Mr. K. Ramakrishna Pillai.]

പോലീസ് ഭരണമേധാവി അത്രവലിയ സാന്മാർഗ്ഗികമേന്മയുള്ള ആളും അല്ലായിരുന്നു. അദ്ദേഹം ഈ അധഃപതനത്തിന്റെ വഴിതെളിച്ചു. ഇന്ന് ഇതിനു ഒരു വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നു എങ്കിൽ ഇവിടത്തെ പോലീസിന്റെ മേധാവി സ്വഭാവശുദ്ധിയും സന്മാർഗ്ഗനിഷ്ഠയും ഉള്ള ആളായിരിക്കണം എന്നു പ്രാർത്ഥിക്കുന്നു. എന്റെ ഒരു മാന്യസ്നേഹിതൻ സൂചിപ്പിച്ചതുപോലെ നിശ്ചയമായും മദ്യപാനത്തിൽനിന്നും വിമുക്തനായ ഒരാളെ വേണം ഈ ഡിപ്പാർട്ടുമെന്റിന്റെ മേധാവിയായി നിയമിക്കുവാൻ. കാരണം മദ്യവർജ്ജനം കന്യാകുമാരിയിൽനിന്നും ആരംഭിക്കുകയാണ്. അതിനു ആവശ്യമായിട്ടുള്ളത് പോലീസ് ഉദ്യോഗസ്ഥന്മാരാണ്. അതിനു വേണ്ടിയെങ്കിലും ഈ അവസരം ഉപയോഗിച്ച് മദ്യപാനത്തിൽനിന്നും വിമുക്തനായ സ്വഭാവശുദ്ധിയും സന്മാർഗ്ഗബോധവും ഉള്ള, ഒരാളിനെ ഈ ഡിപ്പാർട്ടുമെന്റു മേധാവിയായി നിയമിക്കാൻ ബഹു: പ്രധാനമന്ത്രി ശ്രദ്ധിക്കുമെന്നാണ് വിശ്വസിക്കുന്നത്. പോലീസ് കാൺസ്റ്റബിൾമാരുടെ ശമ്പളം ഉയർത്തുന്നതിനുവേണ്ടി വേണമെങ്കിൽ ഒരു സപ്ളിമെന്ററി ബഡ്ജററുതന്നെ കൊണ്ടുവരുന്നതിലും തെററില്ല. അതു് ഇവിടത്തെ ജനപ്രതിനിധികൾ സഹർഷം സ്വീകരിക്കുമെന്നാണു എന്റെ വിശ്വാസം. (ബെൽ)

MR. K. A. MATHEW: സർ, സാധാരണ ആളുകളുമായി വളരെ ബന്ധമുള്ള ഒരു ഡിപ്പാർട്ടുമെന്റാണ് പോലീസ്ഡിപ്പാർട്ടുമെന്റ്. ഇന്നു തിരുവിതാംകൂറിൽ ഭരണം നടത്തുന്ന ജനകീയഗവൺമെന്റിനെ സാധാരണ ജനങ്ങൾ വിധിക്കുന്ന മാനദണ്ഡം, പോലീസിന്റെ ജനങ്ങളോടുള്ള പെരുമാററരീതിയാണ്. സർ സി. പി. രാമസ്വാമിഅയ്യരുടെ ഭരണകാലത്തു തിരുവിതാംകൂർ ജനങ്ങൾ പോലീസിനെ ഭയപ്പെട്ടു ജീവിച്ചിരുന്നു. അവരുടെ അക്രമങ്ങൾക്കും അനീതികൾക്കും അദ്ദേഹത്തിന്റെ ഗവൺമെന്റു വഴിതെളിച്ചുകൊടുത്തു. അവരുടെ അക്രമങ്ങളേയും അഴിമതികളേയും ജനങ്ങൾ പ്രതിഷേധത്തോടെ സഹിച്ചു. എന്നാൽ ഇന്ന് ജനകീയഭരണം വന്നിരിക്കുന്നു. എന്നിട്ടും പോലീസിനെപ്പററിയുള്ള പൊതുജനങ്ങളുടെ അഭിപ്രായത്തിന് മാററം ഭവിച്ചിട്ടില്ല. അതിന്റെ കാരണം പോലീസ് ഇന്നും പഴയപടിതന്നെ വിഹരിക്കുന്നതത്രേ. തിരുവിതാംകൂർ ഗവൺമെന്റിന്റെ ജനകീയത അതിന്റെ ഉദ്യോഗസ്ഥന്മാരിൽക്കൂടെ പ്രതിഫലിക്കുന്നില്ലെങ്കിൽ നിശ്ചയമായും ജനകീയഗവൺമെന്റിനെ ജനങ്ങൾ രൂക്ഷമായി വിമർശിക്കുമെന്നുള്ളതിൽ എനിക്കു

സംശയമില്ല. ഇവിടെ എന്റെ മാന്യസുഹൃത്തുക്കൾ പറഞ്ഞതുപോലെ ഉത്തമനും സ്വഭാവശുദ്ധിയുള്ളവനുമായ ഒരാളിനെ തിരുവിതാംകൂർ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഭരണം നടത്താൻ നിയമിക്കുകയാണെങ്കിൽ ഈ ദുഷ്യങ്ങൾക്കു കുറെ വ്യത്യാസം വരും എന്നാണ് എനിക്കു തോന്നുന്നതു്. കൈക്കൂലി അഴിമതി, അക്രമം ഇവ പോലീസിന്റെ കൂടപ്പിറപ്പുകളായി ജനങ്ങൾ കണ്ടിട്ടുള്ളതുകൊണ്ട് പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും ന്യായവും നീതിയും ലഭിക്കുകയില്ല എന്ന ബോധം പരക്കെ ഉണ്ടായിട്ടുണ്ട്. ഇവിടെ സ്വേച്ഛാഭരണം നടപ്പിൽ ഇരുന്ന കാലത്തു് പോലീസിന്റെ റൗഡിയിസത്തിനും അക്രമത്തിനും നമ്മിൽ പലരും വിധേയരായിട്ടുണ്ട്. എന്നാൽ അന്ന് അക്രമം കാണിച്ച പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടികൾ നടത്തുവാൻ ഇന്നത്തെ ഗവൺമെന്റ് വൈമുഖ്യം പ്രദർശിപ്പിക്കുന്നതു് ക്ഷന്തവ്യമല്ല. എന്റെ താലൂക്കായ തിരുവല്ലായിലെ പോലീസ്‌സ്റ്റേഷനിൽ കൈക്കൂലി, മദ്യപാനം തുടങ്ങിയ കൊള്ളരുതായ്മകളില്ലാത്ത പോലീസുകാർ വളരെ ചുരുക്കമാണെന്നു പറയേണ്ടിവന്നതിൽ സങ്കടമുണ്ട്. ഞങ്ങളുടെ താലൂക്കിന്റെ ചില ഭാഗങ്ങൾ അക്രമികളുടെ രംഗമായിട്ടുണ്ട്. എന്നാൽ അങ്ങിനെയുള്ളവരുടെ അക്രമത്തെ തടയുന്നതിനു പകരം പോലീസ് അവരോടു കക്ഷിചേർന്ന് അവർക്കനുകൂലമായി നിന്നു സഹായിക്കുന്നു. ഈയിടെ ആ പോലീസ് സ്റ്റേഷനിലെ ഒരു കാൺസ്റ്റബിൾ മദ്യപിച്ച് വഴിയിൽ കിടന്നതായി അറിയാനിടയായി. ഇങ്ങനെയുള്ള അക്രമികൾ തിരുവിതാംകൂറിലെ പോലീസസേനയിൽ ഉള്ളതുമൂലമാണ് ഈ വകുപ്പിനെപ്പറ്റി ബഹുമാനത്തിനു പകരം വെറുപ്പ് ഉള്ളതു്. തിരുവിതാംകൂർ പോലീസ് വകുപ്പിനെ സമൂലം ശുദ്ധീകരിച്ച് അതിനെ ഒരു യഥാർത്ഥ പൊതുജനസേവന ഡിപ്പാർട്ടുമെന്റായി രൂപീകരിക്കുന്നതിന് നമ്മുടെ ജനകീയഗവൺമെന്റ് വേണ്ട നടപടികൾ കൈക്കൊള്ളുമെന്ന് വിശ്വസിക്കുന്നു.

മദ്യപന്മാരായിട്ടുള്ള ഉദ്യോഗസ്ഥന്മാരെ—പോലീസുകാരായാലും ഐ. ജി. ആയാലും—അവരെ പോലീസ് ഡിപ്പാർട്ടുമെന്റിൽ വച്ചുകൊണ്ടിരിക്കുവാൻ പാടില്ല. തിരുവിതാംകൂർ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായി ഉത്തമനായ ഒരു സിവിലിയൻ ഉദ്യോഗസ്ഥനെ, മദ്രാസിൽ ചെയ്തിരിക്കുന്നതുപോലെ, നിയമിക്കുന്നതു നന്നായിരിക്കും. അടുത്തകാലത്തു് പണ്ഡിറ്റ് നെഹ്റു മദ്രാസിൽ വന്നപ്പോൾ അവിടത്തെ പോലീസിനെപ്പറ്റി വളരെ സ്തുത്യർഹമായി പ്രസ്താവിച്ചു.

[Mr. K. A. Mathew]

എനിക്കു തോന്നുന്നതു്, അവിടത്തെ പോലീസ് മേധാവിയായി ഒരു ഐ. സി. എസ്. കാരനായ സിവിലിയൻ ഉദ്യോഗസ്ഥനെ നിയമിച്ചതു കൊണ്ടുണ്ടായ വ്യത്യാസം ആയിരിക്കാം പണ്ഡിററു നെഹ്റുവിനെ ക്കൊണ്ടു് അത്തരത്തിൽ ഒരഭിപ്രായം പുറപ്പെടുവിക്കാൻ ഇടയാക്കിയ തെന്നാണു്. ഏതെങ്കിലും ഒരു സിവിലിയൻ ഉദ്യോഗസ്ഥനെ പിടിച്ചു പോലീസ് ഡിപ്പാർട്ടുമെൻറിൻെറ ഭരണം ഏല്പിക്കണമെന്നു് അഭിപ്രായപ്പെടുകയല്ല ഞാൻ ചെയ്യുന്നതു്. ഇന്നത്തെ നിലയിൽ ആ അഭിപ്രായം ആദരണീയമല്ലേ എന്നു ഗവണ്മെൻറു ചിന്തിക്കുവാൻവേണ്ടി ഞാൻ ഇതു പറഞ്ഞതാണു്. ഏതായാലും ഈ ഡിപ്പാർട്ടുമെൻറിൻെറ മേധാവിയായി ഏററവും ഉത്തമനായ ഒരാളെ നിയമിക്കണമെന്നുള്ള തിനു് പക്ഷാന്തരമില്ല. പുറമേനിന്നു ആയാലും വേണ്ടില്ല അകത്തു നിന്നായാലും വേണ്ടില്ല ഏററവും ഉത്തമനും, സൽസ്വഭാവിയും കാര്യ പ്രാപ്തനും ആയ ഒരാളെ ഐ. ജി. ആയി നിയമിക്കണം. ഈ ഡിപ്പാ ർട്ടുമെൻറിനെ ശുദ്ധീകരിക്കേണ്ടതായ ആവശ്യം വളരെയുണ്ടു്. ഡി. എസ്. പി., എ. എസ്. പി. ഇൻസ്പെക്ടർമാർ എന്നിങ്ങനെ നിയ മിക്കപ്പെടുന്ന ആളുകളെ വിദ്യാഭ്യാസം, പെരുമാററത്തിലുള്ള ഋജുത, സ്വഭാവശുദ്ധി മുതലായവകൂടി പരിഗണിച്ചു് നിയമിക്കേണ്ടതാണു്. ജനങ്ങളുടെ സംരക്ഷകർ എന്ന പേർ അവർ സമ്പാദിക്കണം. മര്യ പന്മാരായ ഉദ്യോഗസ്ഥന്മാരെ ഡിപ്പാർട്ടുമെൻറിൽ നിന്നും നിഷ്കാസനം ചെയ്യണം.

സർ, ഈ ഡിപ്പാർട്ടുമെൻറിൽ കൈക്കൂലി വളരെയുണ്ടെന്നു സുവിദിതമാണു്. ഒരു സാധാരണ പോലീസുകാരനു് ഇപ്പോഴും ലഭി ക്കുന്ന തുച്ഛമായ ശമ്പളം കൈക്കൂലിക്കു് ഒരു പ്രേരകമായി ഭവിക്കുന്നു. ഒരു പോലീസുകാരൻെറ ശമ്പളം രൂപാ ൧൪, ൧൬, ൧൩, ൧൯ ഈ നിരക്കിലാണു്. ഈ ഏററവും ചെറിയ ശമ്പളം വാങ്ങിക്കുന്ന പോലീ സുകാരൻ കൈക്കൂലിക്കു വിധേയനാകുന്നുവെങ്കിൽ അതിൽ അതിശയി പ്പാനൊന്നുമില്ല. ആദ്യമായി ചെയ്യേണ്ടതു് അവർക്കു ജീവിക്കുവാനുള്ള ശമ്പളം കൊടുക്കുക എന്നുള്ളതാണു്. ഹെഡ്കാൺസ്റ്റബിൾമാർക്കു ൨൨, ൨൫, ൨൮ രൂപാ എന്നിങ്ങനെയാണു് ശമ്പളനിരക്കു്. അവ രുടെ ശമ്പളവും കൂട്ടേണ്ടതാണു്. ശമ്പളം കൂട്ടുന്നതുകൊണ്ടു മാത്രം പോലീസുകാരുടെ ഇടയിലുള്ള കൈക്കൂലി നിശ്ശേഷം നീങ്ങിപ്പോകു

മെന്നു വിചാരിക്കാവുന്നതല്ല. കൈക്കൂലി വാങ്ങിക്കുന്നതിനുള്ള പ്രലോഭനങ്ങളിൽ നിന്ന് അവരെ കുറെയൊക്കെ പിൻവലിക്കുവാൻ ശമ്പളക്കൂടുതൽ പ്രേരകമായി ഭവിക്കുമെന്നേയുള്ളു. കൊഴുത്ത ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുന്ന ചില ഉയന്ന ഉദ്യോഗസ്ഥന്മാരും കൈക്കൂലി വാങ്ങിക്കാറുണ്ടെന്നുള്ള കാര്യം നമുക്കറിയാവുന്നതാണല്ലോ. ഏതായാലും കാൺസ്റ്റബിൾമാർക്കും ഹെഡ്കാൺസ്റ്റബിൾമാർക്കും ശമ്പളം കൂട്ടിക്കൊടുക്കേണ്ടതു വളരെ അത്യാവശ്യമാണ്.

അടുത്തകാലത്തു് പോലീസുകാർ വളരെ അക്രമങ്ങൾ ചെയ്തതായ പരാതികൾ ഉണ്ടായിട്ടുണ്ടു്. ലാക്കപ്പിനകത്തു് ഇടുന്ന പുള്ളികളെ കഠിനമായി ദേഹോപദ്രവം ചെയ്യുന്നതു് സാധാരണയാണു്. സിലോണിൽ, വൈകീട്ട് ലാക്കപ്പു അടച്ചുകഴിഞ്ഞാൽ അതിന്റെ താക്കോൽ പോലീസുകാരന്റെ കയ്യിൽവച്ചുകൊണ്ടിരിക്കുവാൻ പാടില്ലെന്നും ജയിൽ സന്ദർശകകമ്മിററിയംഗങ്ങളിൽ ആരുടെ എങ്കിലും കയ്യിൽ ആയിരിക്കും താക്കോൽ സൂക്ഷിക്കപ്പെടുന്നതെന്നും നിർദ്ദിഷ്ടസമയങ്ങളിൽ ആ താക്കോൽ വാങ്ങിച്ചുകൊണ്ടുവന്നു് ലാക്കപ്പുകൾ തുറക്കുകയാണു് അവിടുത്തെ പതിവെന്നും കേട്ടിട്ടുണ്ടു. അങ്ങനെ എന്തെങ്കിലും ഒരു വ്യവസ്ഥ ഇവിടെയും നടപ്പിൽ വരുത്തി ലാക്കപ്പിൽ കിടക്കുന്നവരോടു പോലീസുകാർ കാണിക്കുന്ന അക്രമങ്ങളെ തടയുന്ന കാര്യത്തിൽ ഗവൺമെൻറു ശ്രദ്ധിക്കേണ്ടതാണു്.

MR. E. P. POULOSE : സർ, ഏററവും താഴ്ന്ന ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ സാധുജനങ്ങളുടെ മേൽ കൂടുതൽ സ്വാധീനശക്തിയും അധികാരവും ഉപയോഗിക്കുന്ന മറെറാരു ഡിപ്പാർട്ടുമെൻറും പോലീസുഡിപ്പാർട്ടുമെൻറുപോലെ ഇല്ല എന്നു ഈ ഡിപ്പാർട്ടുമെൻറിനെപ്പററി ചർച്ചചെയ്യുമ്പോൾ ആലോചിക്കേണ്ട ഒരു കാര്യമാണു്. ഏതവസരത്തിലും ഒരു പോലീസുകാരനു വ്യക്തിപരമായി എന്തെങ്കിലും ഒരു വിരോധമുണ്ടാകുമ്പോൾ പ്രതികാരം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടു്. ആ സൗകര്യം അവർ ഉപയോഗപ്പെടുത്താതിരിക്കുന്നുമില്ല. മുൻപു് ഏതാനും മാസങ്ങൾക്കു മുൻപുവരെ, വിരോധമുള്ളവരുടെ പേരിൽ ചാർജ്ജുകൾ വാങ്ങി പ്രതികാരം നടത്തുക എന്ന നടപടിയായിരുന്നു അവർ സ്വീകരിച്ചിരുന്നതു. എന്നാൽ അടുത്ത കാലത്തു് ഐ. ജി. ആയിരുന്ന മി. കീൻ ഇങ്ങനെയുള്ള ചാർജ്ജുകൾ അനാവ

[Mr. E. P. Poulose.]

ശ്യമായി പോലീസുകാർ അന്വേഷിക്കേണ്ടതില്ലെന്നും, അത്യാവശ്യമുള്ള പരാതികൾ ഒഴിച്ചു ഹർജികൾ സ്വീകരിക്കേണ്ടതില്ലെന്നും ഒരു പുതിയ വ്യവസ്ഥ നടപ്പിലാക്കിയതിന്റെ ഫലമായി കേസിന് അല്പം കുറവു വന്നിട്ടുണ്ട്. ഇപ്പോൾ അതിനു പകരമായി അവർ സ്വീകരിക്കുന്ന മാർഗ്ഗം പ്രതികാരമുള്ളവരുടെ പേരിൽ ന്യൂയിസൻസു ചാർജ്ജു ചെയ്യുക എന്നുള്ളതാണ്. ചന്തയിൽ ചുമടു കൊണ്ടുപോകുന്ന ആളുകളുടെ പേരിൽക്കൂടി എന്തെങ്കിലും കാരണം പറഞ്ഞ് ന്യൂയിസൻസ് കേസ് എടുക്കുവാൻ പോലീസുകാർക്കു യാതൊരു പ്രയാസവുമില്ല. അതുമുഴുവൻ അവ്യക്തമായിട്ടാണു ന്യൂയിസൻസിനെ സംബന്ധിച്ചുള്ള വകുപ്പുകൾ കിടക്കുന്നതു്. ൧൫ രൂപാ മാത്രം ശമ്പളമുള്ള ഈ കാൺസ്റ്റബിൾമാർ ഈ നിയമത്തെ യഥാസ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കുന്നതിൽ അതിശയിപ്പാനില്ല. ഇങ്ങനെ തന്റെ പേരിൽ ഒരു ന്യൂയിസൻസു കേസ് ചാർജ്ജു ചെയ്തിട്ടുണ്ടെന്നുള്ള വിവരം പലപ്പോഴും നോട്ടീസു കിട്ടി കഴിഞ്ഞതിനു ശേഷമേ ആ ആൾ അറിയുന്നുള്ളു. ഒരു കാൺസ്റ്റബിളുമായി സംസാരിക്കുന്ന അവസരത്തിൽ അയാൾക്കു അഹിതമായി എന്തെങ്കിലും ഒന്നു സംസാരിച്ചുപോയാൽ മതി, ഒരു ന്യൂയിസൻസുകേസ് ചാർജ്ജു ചെയ്യുവാൻ. അതുകൊണ്ട് ന്യൂയിസൻസുകേസു എടുക്കുന്നതിനെ നിയന്ത്രിക്കുന്നതിനുകൂടി എന്തെങ്കിലും ഒരു വ്യവസ്ഥ ചെയ്യേണ്ടതാണ്. അതാതു സ്ഥലത്തുള്ള മജിസ്ട്രേട്ടന്മാരുടേയോ മറ്റോ അനുവാദത്തോടുകൂടി മാത്രം ഇങ്ങനെയുള്ള കേസ്സുകളെ സംബന്ധിച്ചുള്ള ചാർജ്ജുകൾ സ്വീകരിക്കണമെന്ന് ഏർപ്പാടു ചെയ്യുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു.

MR. K. A. MUHAMMED : മജിസ്ട്രേട്ടന്മാർ എല്ലാവരും ന്യൂയിസൻസു കേസു അന്വേഷിക്കാൻ പോകണമെന്നാണോ ബഹുമാനപ്പെട്ട മെംബർ പറയുന്നതു്?

MR. E. P. POULOSE : എല്ലാ കേസുകൾക്കും മജിസ്ട്രേട്ടന്മാർ അന്വേഷിക്കണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ പലപ്പോഴും നിരപരാധികളുടെ മേൽപോലും കൊണ്ടുവരാറുള്ള ഈ മാതിരി കേസ്സുകളെ നിയന്ത്രിക്കുന്നതിന് ചില വ്യവസ്ഥകൾ ഉണ്ടായിരിക്കണമെന്നു മാത്രമേയുള്ളു. മജിസ്ട്രേട്ടന്മാരെത്തന്നെ ഇതിൽ ചുമതലപ്പെടുത്തണമെന്നുമില്ല. ഇങ്ങനെ ഒരു കുഴപ്പമുണ്ടെന്നും, അതു് ഏതെങ്കിലും തരത്തിൽ പരിഹരിക്കേണ്ടതാണെന്നും മാത്രമാണു ഞാൻ പറയുന്നതു്.

MR. A. V. JOSEPH : സർ, പോലീസുകാരുടെ അഴിമതികളെപ്പററിയും അക്രമങ്ങളെപ്പററിയും പലരും ഇവിടെ പ്രസ്താവിച്ചുവെങ്കിലും ഒരു സംഗതി എനിക്കു പറയാനുണ്ട്. പോലീസുസ്റ്റേഷനിൽ റിമാൻറിൽ വരുന്ന പുള്ളികളോടും, സംശയത്തിൻെറ പേരിൽ പിടിച്ചുകൊണ്ടുവരുന്ന ആളുകളോടും കുററം തെളിയിക്കുവാൻവേണ്ടി അവർ നിർവ്വഹിച്ചുവരുന്ന ചില ഉപായങ്ങളെപ്പററിയാണ് എനിക്കു പറയാനുള്ളതു്. ഒരു കേസു തെളിയിക്കുന്നതിന് ബുദ്ധിപൂർവ്വകമായ പല നടപടികളുമുണ്ട്. എന്നാൽ പോലീസുകാരുടെ കൈവശമുള്ളതു അതൊന്നുമല്ല. മൊട്ടുസൂചി നഖത്തിൽ കുത്തിയിറക്കുക, അല്ലെങ്കിൽ കോട്ടുവടികൊണ്ടു തലയ്ക്കിട്ടടിക്കുക, പച്ചീർക്കിൽ നഖത്തിൻെറ ഇടയിൽ കയററുക, ഉള്ളംകാലിൽ ചൂരൽകൊണ്ടടിക്കുക, ഇങ്ങനെ പലതും അവർ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോഴും പല സ്ഥലത്തും ഇങ്ങനെ നടക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ തീരെ സഹിക്കാൻ നിവൃത്തിയില്ലാത്ത ഒരു സംഭവംകൂടി അവിടെ നടക്കുന്നുണ്ടു. അവിടെയുള്ള പുള്ളികൾ വളരെ ആർത്തിയോടുകൂടി ഒരു നേരത്തെ കഞ്ഞികുടിക്കുവാൻ ചെന്നിരിക്കുന്ന അവസരത്തിൽ ഈ പോലീസുകാർ അവിടെ ചെന്നു അവരെ ഇടിക്കുന്ന ഇടിയാണ് സർ, ഒട്ടും സഹിക്കുവാൻ നിവൃത്തിയില്ലാത്തതു്. അതുകൊണ്ട്, ഏററവും വിവേചനാപൂർവ്വമായ നടപടികൾ സ്വീകരിക്കുവാൻ പോലീസുകാരെ പ്രത്യേകം പരിശീലിപ്പിക്കേണ്ടതാണ്. പോലീസുഡിപ്പാർട്ടുമെൻറിനെത്തന്നെ ആകമാനം ഒന്നു ശുദ്ധീകരിക്കേണ്ടതായിട്ടുണ്ട്. പോലീസുഡിപ്പാർട്ടുമെൻറിലേക്കു ആളുകളെ എടുക്കുന്ന രീതിതന്നെ ഒന്നു മാറേറണ്ടതാണ്. സ്വഭാവശുദ്ധി, വിദ്യാഭ്യാസയോഗ്യത, തൻേറടം ഇങ്ങനെയുള്ള സൽഗുണങ്ങൾ ഉള്ളവരും അഭിമാനമുള്ളവരുമായ ആളുകളെയാണ് പോലീസുകാരായി തിരഞ്ഞെടുക്കേണ്ടതു്. സത്യസന്ധതയോടുകൂടിയും ആത്മാഭിമാനത്തോടു കൂടിയും രാജ്യത്തെ സേവിക്കുകയാണ് തങ്ങളുടെ കർത്തവ്യമെന്നു ആത്മാർത്ഥമായി വിശ്വസിക്കുന്ന ആളുകളെ വേണം പോലീസിലേക്കു റിക്രൂട്ടു ചെയ്യുവാൻ.

MR. K. A. MOHAMMED : ഇത്ര സ്വഭാവശുദ്ധിയും സന്മാർഗ്ഗനിഷ്ഠയും മററുമുള്ള ആളുകൾ ഈ കുറഞ്ഞ ശമ്പളത്തിനു വരുമോ?

MR. A. V. JOSEPH : ഞാൻ അതിനെപ്പററി പറയുവാൻ തുടങ്ങുകയായിരുന്നു. ഇന്നത്തെ പോലീസുകാരുടെ ശമ്പളം ഒട്ടും തൃപ്തികരമല്ല.

[Mr. A. V. Joseph.]

അവക്കു ശമ്പളം കൂട്ടിക്കൊടുക്കണം. എന്റെ അഭിപ്രായത്തിൽ അവർക്കു കുറഞ്ഞപക്ഷം ൩൦ രൂപാ ശമ്പളമെങ്കിലും കൊടുക്കേണ്ടതാണ്.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II - General*) : ആറുരൂപയാക്കുന്നതിൽ വിരോധമുണ്ടോ?

MR. A. V. JOSEPH : അതിനും കുറവില്ല. അവർക്കു അവരുടെ ജീവിതത്തിന് പര്യാപ്തമായ ശമ്പളമുണ്ടെങ്കിൽ മാത്രമേ അവരിൽ നിന്നു നന്മ ആശിക്കാൻ നമുക്കു നിവൃത്തിയുള്ളൂ. അവരുടെ കൈക്കൂലി നിറുത്തുവാനും ശമ്പളം വർദ്ധിപ്പിച്ചേ തീരൂ. സത്യസന്ധതയും ആത്മാർത്ഥതയുമുള്ള പോലീസുകാരെ ഈ ഡിപ്പാർട്ടുമെന്റിലേക്കു എടുക്കുവാനും ശമ്പളം വർദ്ധിപ്പിക്കേണ്ടതു അത്യാവശ്യമാണ്.

അതിനുംപുറമെ പ്രാദേശികമായ ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. പണ്ടൊരവസരത്തിൽ ഒരു ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ കോട്ടയത്തിനപ്പുറത്തുള്ള സ്ഥലങ്ങൾ നമ്മുടെ ഗവൺമെന്റു വിഗണിച്ചിരിക്കുന്നതായിട്ടാണു കാണുന്നതു. പെരിയാറ്റിനപ്പുറത്തുള്ള സ്ഥലത്തെയും അക്കൂട്ടത്തിൽ പെടുത്താവുന്നതാണ്. അവിടം അനേകം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ്. ആ സ്ഥലത്തു എന്തെങ്കിലും കാര്യങ്ങളുണ്ടായാൽ അവിടെ നിന്നും ൨൦-ം, ൩൦-ം മൈൽ അകലമുള്ള പെരുമ്പാവൂരിൽ ചെന്നുവേണം ആ കാര്യങ്ങൾ സാധിക്കുവാൻ. അതുകൊണ്ടു അവിടെ ഒരു പോലീസ് ചാർജിംഗ സ്റ്റേഷൻ ഏർപ്പെടുത്തി അവിടത്തെ ജനങ്ങൾക്കു ആശ്വാസവും സമാധാനവും കൈവരുത്തുവാൻ ഗവൺമെന്റു വേണ്ടതു ചെയ്യണമെന്നപേക്ഷിക്കുന്നു. അടുത്തകാലത്തു പല അഴിമതികളും, അക്രമങ്ങളും, കൊള്ളകളും അവിടെ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. കഴിയുന്നതും വേഗത്തിൽ അതു പരിഹരിക്കുവാൻ പെരിയാറ്റിനക്കരെ ഒരു പോലീസ്സ്റ്റേഷൻ സ്ഥാപിച്ച് അവിടെ സത്യസന്ധതയും ആത്മാർത്ഥതയും ഉള്ളവനും, അഴിമതിയില്ലാത്തവനുമായ ഒരു ഇൻസ്പെക്ടറെ നിയമിച്ചുതരണമെന്നും ഉദ്ബോധിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. N. V. CHACKO : സർ, പോലീസുകാരെപ്പറ്റി പറയുമ്പോൾ, അവർ ഉപയോഗിക്കുന്ന ഭാഷയെപ്പറ്റിയാണ് ആദ്യമായി

എന്റെ ഓർമ്മയിൽ വരുന്നതു്. പറവൂർ നിന്നു് ഒരു പോലീസുകാരൻ സംസാരിച്ചാൽ കന്യാകുമാരിയിൽ നിൽക്കുന്നവനുപോലും അതിന്റെ നാററം അനുഭവപ്പെടും. അവരുടെ ഭാഷ അവരുടെ അടികളെക്കാളും ഇടികളെക്കാളും ഭയങ്കരമാണു്. അതുകൊണ്ടു നല്ലഭാഷയിൽ സംസാരിക്കാൻ അവരെ പഠിപ്പിക്കണം. രണ്ടാമത്തെ കാര്യം അവരുടെ അജ്ഞതയാണു്. ആളുകളുടെ രീതിയും സ്വഭാവവും മററും എന്താണെന്നറിയാനുള്ള പരിചയമൊ, പ്രാപ്തിയൊ അവക്കില്ല. മഹാത്മാഗാന്ധിയെപ്പോലും കേട്ടിട്ടില്ലാത്ത പോലീസുകാരൻ തിരുവിതാംകൂറിൽ കണ്ടുവെന്നുവരാം. ആ അജ്ഞതയേയും മാറേറണ്ടതാണു്. അവർക്കു ഇന്നു കിട്ടുന്ന ശമ്പളം വളരെ കുറവാണു്. നിത്യജീവിതത്തിനു പര്യാപ്തമായ ശമ്പളം കൂടുതൽ കൊടുക്കണം. സാധാരണ ആളുകൾ തിരുവിതാംകൂർ സക്കാർ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ അവർ സാന്മാർഗ്ഗികമായി അധഃപതിച്ചു തുടങ്ങുകയായി. എത്ര ഉത്തമനായ ആളായാലും ഏതെങ്കിലും ഒരു ഉദ്യോഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ അയാളുടെ സ്വഭാവം മാറി, രീതിമാറി പ്രകൃതങ്ങളെല്ലാം മാറി ക്രമേണ കൂടുതൽ കൂടുതൽ ചീത്തയായിത്തീരുന്നു. എന്നാൽ ഒരു പോലീസുകാരൻ ആയിത്തീന്നാൽ അയാൾ പിന്നെ ദുഷ്ടമൃഗത്തിനേക്കാൾ ക്രൂരനായിത്തീരുന്ന ഒരു പാരമ്പര്യമാണു് നാം ഇന്നു കാണുന്നതു. സാധാരണ ജനങ്ങൾ ഉപജീവനത്തിനു വെട്ടും കിളയും ചെയ്യുന്നതുപോലെ പോലീസുകാര അടിയും ഇടിയും ഉപയോഗിച്ചു വരുന്നു. പോലീസുകാരെ നിയമിച്ചിരിക്കുന്നതു, മനുഷ്യരുടെ രക്ഷയ്ക്കാണു്. എന്നാൽ പോലീസുകാര ഇതു മനസ്സിലാക്കുന്നില്ല. ലണ്ടൻപോലീസിന്റെ ഗുണങ്ങളെപ്പററി നാം വളരെ കേട്ടിട്ടുണ്ടു്. അവരുടെ കാര്യക്ഷമതയും, ശീലഗുണവും സർവ്വരാലും പുകഴ്ത്തപ്പെടുന്നു. അവരുടെ പെരുമാററവിശേഷത്തെയും ഇന്നു ലോകം ഒട്ടുക്കു വാഴ്ത്തുന്നു. നമ്മുടെ പോലീസുകാരെപ്പററിയും അത്തരത്തിൽ ഒരു നല്ല അഭിപ്രായമുണ്ടാക്കിത്തീർക്കുവാൻ, സംസ്കാരവും അന്തസ്സും ഉള്ളവരാക്കുവാൻ, നമുക്കു കഴിയും. ഗവമ്മെൻറു ആ കാര്യത്തിൽ വളരെ അധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു, ഇന്നു് പോലീസുകാരെ കാണുമ്പോൾ ആളുകൾക്കു് ഭയമാണു്. ഒരു കടുവായെ കാണുന്നതിനേക്കാൾ കൂടുതൽ ഭയമാണു് ഒരു പോലീസുകാരനെ കണ്ടാൽ സാധാരണ ജനങ്ങൾക്കുണ്ടാകുന്നതു്. ജനങ്ങൾക്കെല്ലാവർക്കും പോലീസുകാരിൽ സ്നേഹവും വിശ്വാസവും ബഹുമാനവും

[Mr. N. V. Chacko]

തോന്നുന്നതുപോലെല്ലാം അവരെ നന്നാക്കണം. ഓഫീസർമാർക്കു മാത്രമല്ല, പോലീസുകാരെക്കൊണ്ടു ആവശ്യമുള്ളതു്. നല്ല ആളുകൾക്കും അവരെ ആവശ്യമുണ്ടു്. ഇപ്രകാരം പോലീസുകാരുടെ അടുക്കൽ ചെന്നു് ആരെങ്കിലും പരാതിപ്പെട്ടാൽ അവരെക്കൂടി ഉപദ്രവിക്കുന്ന പോലീസുകാരും ഉണ്ടു്. പോലീസുകാർ എല്ലാവരുടേയും അഭയസ്ഥാനമായിരിക്കണം. കൊലപാതകന്മാരും സ്വയമേവ പോലീസുകാരെ ആശ്രയം പ്രാപിക്കുന്നു. കുഞ്ഞുങ്ങളോട് മാതാപിതാക്കന്മാർ എന്നപോലെ എല്ലാവരോടും പോലീസുകാർ പെരുമാറാൻ പഠിക്കണം. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് പോലീസിന്റെ ആക്രമം അദ്ദേഹത്തിന് ആവശ്യമായിരുന്നിരിക്കാം. ശവക്കോട്ടയിൽ ഓർമ്മശിലകൾ പോലെ സംസ്ഥാനം മുഴുവനും അദ്ദേഹത്തിന്റെ സ്മാരകസ്ഥാപനങ്ങൾ കൊണ്ടു് നിറക്കേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്നത്തെ ഗവൺമെന്റിനും നമ്മുടെ ബഹു: മന്ത്രിമാർക്കും അങ്ങനെയുള്ള ആവശ്യങ്ങൾ ഇല്ല. അതുകൊണ്ട് ജനരക്ഷക്ക് പര്യാപ്തമായ വിധത്തിൽ പോലീസുകാർക്കു് വേണ്ട പരിശീലനം നൽകേണ്ടതാണു്.

MR. D. GNANASIGAMONY: *Sir,* எனக்கு முன் பேசின ஸ்நேகிதர்களில் பலர் போலீஸின் அக்கிரமங்களையும், அட்டூழியங்களையும் எடுத்து விளக்கிக்காட்டினார்கள். நான் ஒன்றிரண்டு விஷயங்களை மாத்திரம் சொல்ல விரும்புகிறேன். அதாவது—

நான்கொண்டுவந்திருக்கும் வெட்டுப் பிரேரணையில் சொல்வது என்னவென்றால் 'To Point out the inefficiency of the police administration' போலீசில் inefficiency என்று சொன்னால் அநேகர் சிரிக்கக் கூடும். லாத்தி பிரயோகிக்கும் இந்த டிப்பார்ட்மென்டிலா inefficiencyயா என்ற கேள்வியும் வரும். ஆனால் உண்மையில் போலீஸ் டிப்பார்ட்மென்டில் உள்ளவர்களுக்கு லாத்தியையும் மற்ற ஆயுதங்களையும் உபயோகிப்பதைத் தவிர வேறு ஒன்றும் தெரியாது.

அதற்கு உதாரணமாக ஒரு விஷயத்தைக் காட்டிச் சொல்லி விளக்குகிறேன். வடதிருவிதாங்கூரில் கம்யூனிஸ்ட்கட்சி ஸ்டாலின் என்று பேர் உள்ளவர்கள் இருப்பதுபோல ஸ்டாலின் என்ற பட்டப்பெயருள்ள ஒருவர் தென்திருவிதாங்கூரில் உண்டு. அவரைப் பொதுவாக மணியென்று பெயர் சொல்லி அழைப்பார்கள். அவரைப் பலதடவைகளிலும் போலீஸ்காரர்கள் பிடிக்க முயன்றும் அவர்கள் கையில் அகப்படவில்லை. ஆனால் சிறிது காலத்திற்கு முன் அவரைப்பிடித்து, திருவனந்தபுரம் Dt. Magistrate முன்பாக remand order வாங்குவதற்காகக்கொண்டு வந்தார்கள். Remand order ம் வாங்கினார்கள். அந்தத்தினத்தில் திருவிதாங்கூர் சமஸ்தான காங்கிரஸ் கட்சியின் விரோதியும், இப்பொழுது அக்கட்சியின் செல்லப்பிள்ளையுமாகிய A. S. P [illegible] அங்கே ஆஜராயிருந்தார். அவர் [illegible] மணியைப் பிடித்துக்கொண்டு வந்த போலீஸ்காரர்களிடம், இவ

னுக்கு இன்று இரவு சரியாக அடி கொடுக்கவேண்டும் என்று கட்டளையும் இட்டுவிட்டுப்போனார். இந்த வார்த்தைகள் மணியினுடைய காதில் விழுந்தது. அவன் அதை மனதில் வைத்துக்கொண்டான். பின்பு மணியைக் கொண்டுவந்த போலீஸ்காரர்களும், மணியுமாக Transport பஸ்ஸில் ஏறி குழித்துறைக்குச் சென்றார்கள். அங்கே (Bus Stand) பஸ் ஸ்டாண்டு பக்கத்தில் ஒரு சாப்பாடுவிடுதியில் சென்று சாப்பிட அமர்ந்தார்கள். மணி நடுவிலும் இரண்டு போலீஸ்காரர்களும் இரண்டு பக்கமுமாக உட்கார்ந்திருந்தார்கள், மணி மிக துரிதமாகச் சாப்பிட்டு விட்டு, கை அலம்புவது போல பாவித்து ஓட்டத்தை ஆரம்பித்தான். மற்ற இரண்டு போலீஸ்காரர்களும் சாப்பாட்டை வைத்துவிட்டு, அவனைத்தொடர்ந்து ஓடினார்கள். ஆனால் மணியைப்போல் அவ்வளவு வேகமாக இவர்களுக்கு ஓட முடியவில்லை. மணி ஒரு தண்ணீர் நிரம்பிப்போன குழித்துறை ஆற்றில் குதித்தான். இந்த போலீஸ்காரர்களுக்கு என்ன செய்வதென்று தெரியவில்லை. இக்காரியங்களைக்கவனித்துக் கொண்டிருந்த ஒருவர், "நீங்களும் ஆற்றில் குதித்து அவனைப் பிடிப்பது தானே", என்று கேட்டதற்கு, "இதற்கு எங்களுக்கு (Batta) ஒன்றுமில்லை" என்று சொல்லிவிட்டு மலைத்து நின்றார்கள். இதுதான் நமது சமஸ்தான போலீஸ்காரர்களின் சாமர்த்தியம். இதிலிருந்து இரண்டு உண்மைகளை அறிந்து கொள்ளலாம், போலீஸ்காரர்களுக்கு சாமர்த்தியம் போதாது என்பது ஒன்று; இவர்களுக்குப் போதிய சம்பளமில்லையென்பது மற்றொன்று.

அன்று அவர்கள் மணியைப்பின்பற்றி ஆற்றில் குதித்திருப்பார்களானால், தண்ணீர் அவர்களை வாரிக்கொண்டு போயிருக்கும் என்பது உறுதி. தவிரவும் அவர்களுக்குக் கிடைக்கும் அந்தச் சிறு சம்பளத்தில், இம்மாதிரி உயிருக்கே ஆபத்தான கிருத்தியங்களைச் செய்வது என்பது எதிர்பார்க்க முடியாத விஷயம். ஆகையால் முதன் முதலாகச் செய்ய வேண்டியதென்னவென்றால், போலீஸ்காரர்களுக்குக் குறைந்தது 50 ரூபாய் சம்பளம் கொடுக்க வேண்டும். இல்லையானால் இவர்களால் யாதொரு காரியமும் சாதிக்க முடியாது. இத்தோடு வேறொரு விஷயத்தைப்பற்றியும் பேச விரும்புகிறேன். இப்படிச்சொற்பசம்பளம் வாங்குவோரை அந்நிய இடங்களுக்கு மாற்றும்பொழுது அவர்கள் படும் கஷ்டம் அவ்வளவு, இவ்வளவு என்று சொல்ல முடியாது.

இந்தச் சொற்பச் சம்பளத்தில் அவர்கள் எங்கே தங்குவார்கள். எந்த ஹோட்டலில் சாப்பிடுவார்கள். என்ன வேலையை அவர்களிடமிருந்து எதிர்பார்க்கமுடியும். திருவிதாங்கூர் அரசாங்கம் இதை உடனே கவனிக்க வேண்டும். திருவனந்தபுரத்தில் பார்த்தால் தென் திருவிதாங்கூர் போலீஸ்க்காரர்கள் அநேகரைப்பார்க்கலாம். இவர்கள் படுகிற கஷ்டம் எனக்கு நன்கு தெரியும். ஆகையால் இவ்விதம் ஒருவனைப் பிற இடங்களுக்கு ஸ்தலமாற்றுமுன் மேலதிகாரிகள் இவர்களுக்கு எவ்வளவு சம்பளம் என்பன போன்றவற்றை நன்கு கவனிக்க வேண்டும்.

Sir,

வேறொரு விஷயம் என்னவென்றால், கோர்ட்டுகளில் போலீஸ் கொண்டுவரும் அனேகமாக எல்லாகேசுகளும் உண்மையற்றவை. தென் திருவிதாங்கூரில் போலீஸ் கொண்டுவரும் அநேக F. I. R களை நான் பார்த்ததுண்டு. ஊர்வாசிகளைக்கஷ்டப்படுத்துவதற்காக இந்த விதத்தில் அந்த

[Mr. D. Gnanasigamony.]

F. I. R-கள் காணப்படும். அதாவது இந்த F. I. R-ல் சொல்லியிருக்கும் நாலுபேர்களும் மற்றபேர் தெரியாத ஊரிலுள்ள ஐம்பதுபேரும் என்று காணப்படும். இதன் அர்த்தமென்ன? ஏழைகள், மானமுள்ளவர்கள், மற்றும் போலீஸ்காரர்களுக்கு விரோதமுள்ளவர்கள் பேரிலும் கேசுகள் தொடுக்க எடுத்த சூட்சியல்லவா? இப்பேர்ப்பட்ட கேசுகளை அரசாங்கம் உடனடியாகக் கவனிக்க வேண்டும்.

என் கண்ணில் பட்ட இன்னொரு விஷயத்தையும் கூறிக்கொண்டு எனக்குக் குறிப்பிட்ட நேரத்துக்குள் பேச்சை முடித்துக் கொள்கிறேன். சில காலங்களுக்கு முன்னால் திருவனந்தபுரத்தில் சில கேசுகள் தொடுக்கப் பட்டன.

அதில் பிரதிகள் திருவட்டார் வாசிகள். அவரில் ஒருவர் நடமாட முடியாதவர். அவரும் அவருடைய மகனும் திருவனந்தபுரத்திற்கு வந்து மதுபானம் அருந்தி குழப்பம் உண்டுபண்ணியதாக கேஸ். இன்னொரு கேஸ் ஜனரல் ஆஸ்பத்திரி முன்பக்கம், 35 மைல்களுக்கு அப்பாலுள்ள கருங்கலில் வசிக்கும் ஒருவர் சிறுநீர் விட்டதாக கேஸ். இந்தக் கேசுகள் எதை எடுத்துக் காண்பிக்கின்றன? போலீஸின் அநியாயத்தையும், ஊழல்களையும் அல்லவா? இம்மாதிரிக் காரியங்களையெல்லாம் ஜனநாயக அரசாங்கம் கவனித்து, பரிசீலனை செய்து, வேண்டிய நடவடிக்கைகளை எடுக்க வேண்டுமாறு கூறிக்கொள்கிறேன்.

MR. A. ABDUL RAZAK: Sir, I wish to stress on three points vitally affecting the morale of this outmodelly department. In pressing them here, Sir, I know that the Honourable Prime Minister has that wonderfully clever ways of pacifying opposition, without at the same time budging an inch from his stand, most typical of the ardent student of the Gandhian School. But I may tell him on this occasion that this time he cannot possibly satisfy the House unless he comes out with specific and catagorical argument on these points. First, I may deal with the way of keeping behind closed bars, persons imprisoned, even on the eve of the Independence Day. This I say Sir, is rather unfortunate if not iniquitous. More so, when they are kept up behind bars without trial. When I say this much, I do not mean that under no circumstances persons should be taken into custody. All that I mean is this; if persons are taken into custody, they should be brought to justice, brought to trial, with the least delay or rather with utmost speed. Sir, this is the sign of all civilized Governments. Unfortunately, here in this country we are still struggling in the old rut of the autocrat. When persons are taken into custody it is said that they are so arrested "for the safety of public peace" or "for subversive acts" alleged to have been done by them. Whenever the propriety or the legality of such detention is raised on the floor of this Assembly, there comes the ready-made and age-old reply, without any hesitation whatsoever: that "it is not in the public interest to disclose the nature of such acts". This is extra-ordinary of any popular Government having any sense of responsibility. At least I would go to the extent of saying......

MR. PRESIDENT : പാർലമെൻററി പ്രാക്ടീസ് അനുസരിച്ചു പബ്ലിക്ക സേഫ്ററിക്കുവേണ്ടി അതു പറയാൻ പാടില്ല എന്നു ഒരു മന്ത്രി പറഞ്ഞാൽ, നാം അതു സ്വീകരിക്കുകയാണു വേണ്ടതു്.

MR. A. ABDUL RAZAAK : I bow to your decision, and I have not been disputing that point. All that I say is such things are being repeated in season and out season on the floor of this House,

MR. PRESIDENT : അതു് ഇൻറിമസാം ഒട്ട്. റിമസനം പറയാവുന്ന ഒരു കാര്യമല്ല. ചോദ്യങ്ങൾ ചോദിക്കുന്ന സമയത്തു ഉത്തരവാദിത്വമുള്ള മന്ത്രിക്കു അങ്ങനെ പറയാൻ എപ്പോഴും അവകാശമുണ്ടു്.

MR. ABDUL RAZAAK : What I suggest is that they are words meant to suit the autocrat, words deliberately designed in the nature of a ruse. At least Sir, these hackneyed and stale phrases cannot possibly lie in the mouth of the popular Ministers.

Then I wish to deal with that special corps which has been instituted to please the whims and fancies of an artful Nawab who has just preceded these popular Ministers. I mean, Sir, Women Police Force. It has become a scandal and a blot on the fair name of women in Travancore, and the notriety it has developed bears comparison, probably with equal force, only with a vulgar proverb. Therefore Sir, I suggest that it may be done away with. It may be contended from the other side that they are very clever and able in the art of detecting crimes. I may go one step forward and say, Sir, that they are very artful in handling men, particularly the criminals and detecting the crimes out of them. But that is no reason why there should be a women police force at all If that be the consideration or the justification of the Government for the continuity of the Women Police Force, we can as well. go in for Witch-ladies as in Ancient, Greece, and do the job perhaps more effectively. For the time being, we may take it for granted that "woman can do no wrong" and as such we shall treat that gentle sex gently. Of course I am aware that there are certain turbulent exceptions of the exceptionally tender sex. And whenever Government are constrained to deal with such turbulent exceptions they shall be treated by men, assuming them, for purposes of the offences alleged against them, as belonging to the masculine gender.

Then one more point and that is the point of all points. It is about the indiscreet officials and corrupt and degenerate men of the Police Force. Barring a few exceptions, Sir, the whole Department is so corrupt that with this Department corruption seems to be a thing legalised. Therefore, Sir, on this point it needs no repetition on my part that it is so inefficient and degenerate that it requires a radical change. I would in this connection invite the attention of the Honourable Prime Minister to the reforms that the Bombay Government have in view, at present.

MRS. DEVAKI GOPIDAS (*Kottayam I—General*) : സർ, പോലീസ് ഡിപ്പാർട്ടുമെൻറിലെ അക്രമങ്ങളെപ്പററി എനിക്കും വളരെ പറയാനുണ്ട്. എങ്കിലും എനിക്കു വളരെ പ്രധാനമായി ഇപ്പോൾ പറയാനുള്ളത് എൻെറ നിയോജകമണ്ഡലത്തിലെ ഒരു അത്യാവശ്യകാര്യത്തെ സംബന്ധിച്ചാണ്. ഉ. ൈ-ഉ.-ഫ. ഫ. ഉ. ന-ൽ, ഐ. ജി.-യെയും, ചീഫ് സെക്രട്ടറിയെയും എൻെറ നിയോജകമണ്ഡലത്തിലെ ആളുകൾ ഒരു ഡെപ്യൂട്ടേഷനായി വന്നുകണ്ടു അതിനെപ്പററി ഒരു മാസ്പെററീഷൻ സമർപ്പിച്ചിട്ടുണ്ട്. ആ നിവേദനത്തിൽ പറയുന്ന സ്ഥലത്തു, ഇപ്പോൾ ഒരു ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനാണ്. അതു് ഒരു ചാർജിംഗ് സ്റ്റേഷൻ ആക്കിത്തരണമെന്നാണ് ഡെപ്യൂട്ടേഷൻ ആവശ്യപ്പെട്ടിരിക്കുന്നതു്.

MR. K. A. MATHEN : ഒരു ചാർജിംഗ് പോലീസ്സ്റ്റേഷൻ ഉണ്ടാകുന്നതുകൊണ്ട് ആ സ്ഥലത്തു് ഉപദ്രവങ്ങൾ കൂടാനല്ലേ ഇടയുള്ളതു് ?

MRS. DEVAKI GOPIDAS : അതിനെപ്പററി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറയുന്നതു് കുമരകത്തെപ്പററിയാണു. അവിടെ അനവധി ആളുകൾ തിങ്ങി താമസിക്കുന്നു, ധാരാളം ഷാപ്പുകളും, ഉപഷാപ്പുകളും ഉണ്ട്. ഗതാഗതസൗകര്യവും വളരെ കുറവാണു. കോട്ടയത്തുനിന്നും അവിടെ കാറിൽ പോകുന്നതിനു യാതൊരു സൗകര്യവുമില്ല. അതുകൊണ്ടു കുമരകത്തു ഒരു ചാർജിംഗ്സ്റ്റേഷൻ ഉണ്ടാക്കേണ്ടതു വളരെ അത്യാവശ്യമാകുന്നു. അവിടെ ഒരു ഹൈസ്കൂളും, പതിനാറു മലയാളം സ്കൂളുകളും ഉണ്ട്. ചാതയ്ക്കു വളരെ അടുത്തുതന്നെയാണ് സ്കൂളുകൾ. അവിടെ ധാരാളം ഷാപ്പുകളുണ്ടെന്നു പറഞ്ഞുവല്ലോ കൂടാതെ അനവധി കടകളുമുണ്ട്. ചട്ടമ്പികളുടെ ശല്യംനിമിത്തം സന്ധ്യയാകുമ്പോൾതന്നെ ഈ കടകളെല്ലാം അടച്ചുപൂട്ടുക പതിവാണ്. അതു് പൊതുജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. അവിടെയുള്ള സ്ത്രീകൾക്കും, സ്കൂളിൽപോകുന്ന പെൺകുട്ടികൾക്കും ഈ ചട്ടമ്പികളിൽനിന്നും അസഭ്യവാക്കുകൾ കേൾക്കേണ്ടിവരുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്. തക്കസമയത്തു കോട്ടയത്തുനിന്നും സഹായം ലഭിക്കുവാൻ യാതൊരു സൗകര്യവുമുണ്ടാകാതെയാണിരിക്കുന്നതു്. അതുകൊണ്ടു കുമരകത്തു് എത്രയും വേഗത്തിൽ ഒരു ചാർജിംഗ്സ്റ്റേഷൻ സ്ഥാപിച്ചുതരണ

ണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഏതെങ്കിലും വിധത്തിൽ കൂടുതലായിട്ട് പോലീസിന്റെ ആവശ്യം നേരിടുന്നതായാൽ കുമാരകത്തു് താമസിക്കുന്ന ആളുകൾക്ക കോട്ടയത്തുനിന്നു വരേണ്ടിയിരിക്കുന്നു. ഗതാഗതത്തിന് സൗകര്യമില്ലാത്ത സ്ഥിതിയിലാണ് അവിടത്തെ റോഡുകളുടെ കിടപ്പു. അതുകൊണ്ടു് ഞാൻ മുമ്പു പറഞ്ഞ ഔട്ടുപോസ്റ്റ് ഒരു ചാർജിംഗ് സ്റ്റേഷനായിട്ടു് ഉയർത്തേണ്ടതാണ്.

എ. എസ്. പി. മി. അച്യുതനെപ്പററി പല പരാതികളും ഇവിടെ ഉന്നയിക്കയുണ്ടായി. യഥാർത്ഥത്തിൽ ഈ പരാതികൾക്ക് അർഹിക്കുന്ന ഗൗരവം ഇല്ലെന്നാണ് എന്റെ അഭിപ്രായം. ചേർത്തലയിൽ യാതൊരു കുഴപ്പവും അദ്ദേഹം മൂലം ഉണ്ടായിട്ടില്ല എന്നും അന്നത്തെ ചേർത്തലയിലെ ആ സിററുവേഷൻ നേരിടുന്നതിന് മി. അച്യുതന് സാധിച്ചു എന്നും അതുകൊണ്ടു പല കുഴപ്പങ്ങളും കൂടാതെ കഴിക്കാൻ സാധിച്ചു എന്നും അവിടെയുള്ള ആളുകൾ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു.

MR. P. T. CHACKO : ചേർത്തലെ ഒരു കുഴപ്പവുമുണ്ടായില്ലെന്നു പറയുന്നല്ലോ; ആലപ്പുഴെ അദ്ദേഹം ചെയ്ത കുഴപ്പങ്ങളെപ്പററി വല്ലതും അറിയാമോ?

MRS. DEVAKI GOPIDAS : സർ, എനിക്കിനി ഒന്നു പറയുവാനുള്ളതു് സ്ത്രീപോലീസിനെപ്പററിയാണു. ഒരു ബഹുമാനപ്പെട്ട മെംബർ ഇവിടെ പ്രസ്താവിക്കയുണ്ടായി അവർക്ക് എഫിഷ്യൻസി ഇല്ലെന്നുംമററും. അവർ കാര്യക്ഷമതയോടുകൂടി ജോലിചെയ്യുന്നുണ്ടെന്നുള്ള വിവരം എനിക്കറിയാം. എന്നാൽ അവർക്ക് പ്രത്യേകം ക്വാർട്ടേഴ്സും വിവാഹം ചെയ്യുന്നതിനുള്ള അനുവാദവും കൊടുക്കാത്തതുകൊണ്ടാണ് ചില പ്രലോഭനങ്ങൾക്ക് കാരണമായിട്ടുള്ളതു്. തന്മൂലം ഒരാളെ ജോലിയിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു് ഗവൺമെൻറ് സ്ത്രീ പോലീസിന്റെ കാര്യത്തിൽ മററു് പോലീസുകാർക്കുള്ള സകല അവകാശങ്ങളുംകൊടുത്തു അവരെ ഫാമിലിയായിട്ട് താമസിക്കുന്നതിനുള്ള സൗകര്യംകൂടി ചെയ്തുകൊടുക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. PRESIDENT : ഇവിടെ ചർച്ചയ്ക്കായിട്ട് കുറെ അധികം ഉപക്ഷേപങ്ങൾ ഇനിയും എടുക്കേണ്ടതായിട്ടുണ്ടെങ്കിലും സമയച്ചുരുക്കത്താൽ (അതായതു് ഇനിയും ൧൦ മിനിററു മാത്രമേയുള്ളു) ഈ ഉപക്ഷേപങ്ങൾക്കൊക്കെ സമയം അനുവദിക്കാൻ സാദ്ധ്യമല്ല.

[Mr. President]

അതുകൊണ്ടു് ആർഡർ അനുസരിച്ചു രണ്ടു പേർക്കാണു് സമയം അനുവദിച്ചിട്ടുള്ളതു്. എന്നാൽ ഒന്നുരണ്ടു മെമ്പറന്മാർക്കു് സംസാരിക്കുന്നതിനുവേണ്ടി പ്രത്യേകസമയം അനുവദിക്കണമെന്നു കാണിച്ചു എനിക്കു് അവരുടെ ചിററു് കിട്ടിയിട്ടുണ്ടു്. ആർഡർ അനുസരിച്ചുള്ള ആളുകൾക്കു് സമയം അനുവദിക്കണോ, അതോ മററുള്ളവർക്കു് സമയം അനുവദിക്കണോ എന്നുള്ള കാര്യം സഭയുടെ തീരുമാനത്തിനു് വിട്ടിരിക്കുന്നു.

MR. MANNAR GOPALAN NAIR: സർ, ആർഡർ അനുസരിച്ചുള്ള മെമ്പറന്മാർക്കായിട്ടു് സമയം അനുവദിച്ചാൽ മതിയെന്നാണു് എനിക്കു് തോന്നുന്നതു്. എന്റെ അഭിപ്രായത്തോടു് ഭൂരിപക്ഷം ബഹുമാനപ്പെട്ട മെമ്പറന്മാരും യോജിക്കുമെന്നു വിശ്വസിക്കുന്നു.

MR. PRESIDENT: ഭൂരിപക്ഷം മെമ്പറന്മാർ അനുകൂലിക്കുന്നതു് കൊണ്ടു് അങ്ങനെ ചെയ്യാം.

MR. E. K. MADHAVAN: സർ, മററുള്ള ഡിപ്പാർട്ടുമെന്റുകളെപ്പോലെ തന്നെ പോലീസ് ഡിപ്പാർട്ടുമെന്റിലും ധാരാളം അഴിമതികൾ ഉണ്ടാകുന്നുണ്ടെന്നു പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ ഈ അഴിമതിക്കു കാരണമെന്താണെന്നും അതിനുള്ള പരിഹാരമെന്താണെന്നും ഈ മാന്യന്മാരാരും ചൂണ്ടിക്കാണിച്ചില്ല. അതുകൊണ്ടു് ഞാൻ പോലീസ് ഡിപ്പാർട്ടുമെന്റിനെപ്പററി ഒരു വാക്കു് പറയാമെന്നു വിചാരിക്കുന്നു. താഴ്ന്നതരം ശമ്പളക്കാരായ പോലീസുകാർ അവരുടെ നിത്യവൃത്തിക്കുവേണ്ടി പല വഴികളും തേടുന്നു എന്നും കൈക്കൂലി ധാരാളം വാങ്ങുന്നു എന്നും ആർക്കും എന്നെപ്പോലെയും അറിവുണ്ടു്. അതുമാത്രവുമല്ല അവരുടെ മേലുദ്യോഗസ്ഥന്മാരെ സംരക്ഷിക്കേണ്ട ചുമതലകൂടി ഇവരിൽ കെട്ടിവച്ചിരിക്കുന്നതുകൊണ്ടു് അവനു് കൈക്കൂലി വാങ്ങിക്കാതെയും അഴിമതി പ്രവർത്തിക്കാതെയും ഇരിക്കാൻ സാധിക്കുന്നില്ല. ഉദാഹരണമായി ഒരു എ. എസ്. പി. പരിശോധനാർത്ഥം ഒരു സ്ഥലത്തുചെന്നാൽ അവിടത്തെ ഇൻസ്പെക്ടറും കാൺസ്റ്റബിളും ഹെഡ്കാൺസ്റ്റബിളും അദ്ദേഹത്തിനെ സന്തോഷിപ്പിച്ചയക്കുന്നതിനുവേണ്ടി ഭക്ഷണസാധനങ്ങളും മററും തേടുന്ന ബദ്ധപ്പാടു് ഒന്നു കാണേണ്ടതാണു്. ഇവിടെയിരിക്കുന്ന ഡി. ഐ. ജി. മി. വർമ്മ ആലുവായിൽ വന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കീഴ് സിൽബന്തികൾ പാലിനും പലഹാരത്തിനും മററുമായി ഓടിനടക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അതു് മി. വർമ്മക്കു് ഓർമ്മയുണ്ടെന്നു തോന്നുന്നു.

ഇങ്ങനെ മേലധികാരികൾതന്നെ പ്രവർത്തിക്കുന്നപക്ഷം പോലീസിലുള്ള കീഴ് നിൽബന്ധികൾ കൈക്കൂലിവാങ്ങുന്നതിൽ എന്താണത്ഭുതപ്പെടാനാണുള്ളത്. സർ, എനിക്ക് സമയം അധികം ഇല്ലാത്തതുകൊണ്ട് സ്ത്രീപോലീസിന്റെ കാര്യംകൂടി ഒന്നു പറഞ്ഞുകൊള്ളട്ടെ. അവർക്ക് കാര്യക്ഷമതയില്ലെന്നുള്ളത് പരമാർത്ഥമാണെന്ന പറയാതിരിക്കാൻ നിവൃത്തിയില്ല. മാത്രമല്ല അവരുടെ പേരിൽ പല പരാതികളും ഉത്ഭവിച്ചിട്ടുള്ളതായി എനിക്കറിയാം. പക്ഷെ എന്റെ മാന്യസഹോദരി മെംബറന്മാർക്ക് ഇത് സഹിക്കുമെന്നു തോന്നുന്നില്ല.

MISS ANNIE MASCARENE: അവർക്ക് കാര്യക്ഷമതയില്ലെന്നുള്ളത് മെംബറന്മാർക്കങ്ങനെയറിയാം.

MR. E. K. MADHAVAN: അവരെ കണ്ടാൽതന്നെ ഉടൻ മനസ്സിലാകുന്നതാണ്. (ചിരി) അതുകൊണ്ട് ഇവരുടെ മേൽ പരാതിയുണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ട ഏർപ്പാട് ഗവണ്മെന്റ് ചെയ്യേണ്ടതാണ്. (ബെൽ.)

MR. N. KUNJURAMAN: സർ, പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തെപ്പററിയും അവിടെയുണ്ടാകുന്ന അഴിമതികളെപ്പററിയും പല ബഹു: മെംബറന്മാരും ഇവിടെ പ്രസ്താവിച്ച സ്ഥിതിക്ക് ഒന്നുകൂടി അതിനെ ആവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഒന്നുരണ്ടു സംഗതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ, ഏകാധിപത്യഗവണ്മെന്റ് ഇവിടെ ഭരിച്ചിരുന്നകാലത്തു ഗവണ്മെന്റിന്റെ ശക്തി മുഴുവനും പോലീസിനെ ആശ്രയിച്ചാണ് ഇരുന്നതു. എങ്കിലും ജനങ്ങളുടെ സ്വാധീനശക്തിയും സഹകരണവും ഇല്ലാതെ രാജ്യഭരണം സുഗമമാകുകയില്ലെന്നായിതീർന്നിട്ടുള്ള സംഗതി നമുക്കെല്ലാപേർക്കും അറിയാവുന്നതാണ്. എനിക്ക് സമയം അധികം അനുവദിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ ചുരുക്കിപറയണമെന്നു വിചാരിക്കുന്നു. സർ, പോലീസ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകുന്ന അഴിമതികൾ മിക്കവാറും നശിക്കണമെങ്കിൽ താഴ്ന്നതരം ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതാണ്. ക്രഡിറ്റായിട്ട് ഗവണ്മെന്റിന് മിച്ചമുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നതുകയെങ്കിലും ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നീക്കിവെക്കേണ്ടതാകുന്നു. റിക്രൂട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം വിമുക്തഭടന്മാർക്കു പോലും നൽകിവരുന്ന സൗകര്യം ഇവർക്ക് ചെയ്യുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ മറെറാരു കാര്യം പറയാനുള്ളത്

[Mr. N. Kunjuraman.]

ഐ. എൻ. ഏ-യിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഭടന്മാരെപ്പററിയാണ്. പ്രവിശ്യാഗവൺമെൻറിലും ഇൻഡ്യാഗവൺമെൻറിലും ഇവർക്ക് അർഹതയുള്ള ഉദ്യോഗങ്ങൾ കൊടുത്തു് പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ അവരെപ്പററി യാതൊരു പരിഗണനയും തിരുവിതാംകൂർ ഗവൺമെൻറ് കൈക്കൊള്ളുന്നില്ല. പോലീസ് ഉദ്യോഗസ്ഥന്മാരും ഡാക്ടരും കൂടി ചെയ്യുന്ന ഘോരാനീതി എന്തെന്നാൽ ഒരു കുററക്കാരനെ അവൻ രോഗിയല്ലെങ്കിലും ഡാക്ടറെക്കൊണ്ട് പോലീസ് ഇൻസ്പെക്ടർ രോഗിയാണെന്നു സർട്ടിഫൈ ചെയ്യിച്ചു ആശുപത്രിയിൽ അയക്കുകയും അതുപോലെതന്നെ രോഗിയായ ഒരു കുററക്കാരൻ രോഗിയല്ലെന്നുള്ള ഒരു സർട്ടിഫിക്കററ് ഡാക്ടരിൽനിന്നും വാങ്ങിക്കയും, അവനെ ലാക്കപ്പിൽ അടയ്ക്കുകയും ചെയ്യുന്നു. ഇതിൽ മജിസ്ട്രേട്ടിനും ജഡ്ജിക്കും ചിലപ്പോൾ പോലീസ് ഇൻസ്പെക്ടറുടെ ശുപാർശകൾ നിരാകരിക്കാൻ സാദ്ധ്യമല്ലാതെ വന്നുപോകുന്നു. ഈവിധം പോലീസ് ഇൻസ്പെക്ടർമാർ പല വിധത്തിലുള്ള അഴിമതികൾ ചെയ്യുന്നുണ്ട്. സർ സി. പി. യുടെ കാലത്തു് അഴിമതിക്കാരനായ ഒരു ഇൻസ്പെക്ടരെപ്പററി പല പരാതികളും ഉണ്ടായിരുന്നിട്ടും അദ്ദേഹത്തെ സർവീസിൽതന്നെ വച്ചുകൊണ്ടിരുന്നു. അതിനുശേഷം ഇപ്പോഴത്തെ ഐ. ജി. യോടും പലയാളുകൾ പരാതിപ്പെടുകയും അതിനെപ്പറ്റി പരിഹാരം ഉണ്ടാക്കാമെന്ന് ഐ. ജി. സമ്മതിക്കുകയും ചെയ്തു. എങ്കിലും ഇപ്പോൾ ആ ഇൻസ്പെക്ടരെ തിരുവനന്തപുരത്തു് സ്ഥലംമാററി നിയമിക്കയാണ് ഉണ്ടായതു. എന്നാൽ സർവീസിൽ ഇരുന്നു മുരടിച്ച ഐ. ജി. പിരിഞ്ഞുപോകുവാൻ തുടങ്ങുന്നതുകൊണ്ട് അദ്ദേഹത്തെപ്പററി കൂടുതൽ ഒന്നും പറയണമെന്ന് വിചാരിക്കുന്നില്ല. പോലീസ് ഡിപ്പാർട്ടുമെൻറിൽ സീനിയാറിട്ടിയെ അവഗണിച്ചു നിയമനങ്ങൾ നടത്തുന്നതു ഇനിയും തുടരണമെന്ന് വിചാരിക്കുന്നതു് ഒരു ജനകീയഗവൺമെൻറിന് യോജിച്ചതല്ല. കാര്യക്ഷമതയെ മാനദണ്ഡമാക്കിയാണ് അവിടെ ഉദ്യോഗങ്ങൾ കൊടുക്കുന്നതെന്നു പറയുന്നു. സർ, അതു് വെറും നുണയാണ്. ഡിപ്പാർട്ടുമെൻറ് മേധാവിക്ക് ഒരു സിൽബന്തിയോടു് ഏതുവിധത്തിലെങ്കിലും തൃപ്തിയോ സന്തോഷമോ ഉണ്ടാകയാണെങ്കിൽ കാര്യക്ഷമതയുടെ പേരിൽ അയാൾക്ക് പ്രമോഷൻ കൊടുക്കുന്നു. എന്നാൽ ഔദ്യോഗികമായി സാമർത്ഥ്യമുള്ള സിൽബന്തികൾക്ക് പ്രമോഷൻ കൊടുക്കണമെന്നു പറഞ്ഞാൽ അതിനെ മനസ്സിലാക്കാൻ സാധിക്കും. നേരെമറിച്ചു ഡിപ്പാർട്ടുമെൻറ് മേധാവിയുടെ സ്വന്തക്കാരനെന്നോ ബന്ധക്കാരനെന്നോ ഉള്ള ചർച്ചയെ മറച്ചുവച്ചുകൊണ്ട് സീനിയാറിട്ടിയെ അവഗണിച്ചു കാര്യ

ക്ഷമതയുടെ പേരിൽ പ്രമോഷൻകൊടുക്കുന്നതിനെ തടയണമെന്നാണ്. ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം കിട്ടുന്നതിനുവേണ്ടി ഒരു പ്രവേശന പരീക്ഷ വച്ചിരിക്കുന്നതും ഞാൻ മുൻപ് പറഞ്ഞ തത്വത്തെ പാലിക്കുന്നതിനുവേണ്ടിയാണ്. ഈ വിധത്തിൽ പൊതുജനസംരക്ഷണത്തിനായി ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന പോലീസ് ഡിപ്പാർട്ടുമെൻറ് പൊതുജനോപദ്രവകരമായ പ്രവൃത്തികളിൽ ഇടപെടുന്നതു് നാട്ടിനും, നാട്ടിലുള്ളവർക്കും പലതരത്തിലും വിഷമതകളും കഷ്ടപ്പാടുകളും ഉണ്ടാക്കിത്തീർക്കാനാണെന്നു വരുന്നതു് കഷ്ടാൽകഷ്ടതരമാണ്. അതുകൊണ്ട് താഴ്ന്നതരം പോലീസ് നിൽബന്തികളുടെ ശമ്പളം വർദ്ധിപ്പിക്കയും അവരെ നിയന്ത്രിക്കാനുള്ള നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറ് മുഖേന പ്രായോഗികമാക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

HON'BLE MR. A. THANU PILLAI: പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി പല ബഹുമാനപ്പെട്ട മെംബറന്മാരും പല വിമർശനങ്ങളും ഇവിടെ നടത്തി. അത്തരത്തിലുള്ള വിമർശനങ്ങൾക്ക് ഹേതുകമായ പരാതികൾ അവരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതോടുകൂടി പരിഹരിക്കപ്പെടുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. പോലീസുകാരുടെ ശമ്പളം വളരെ കുറവാണെന്നു ഗവണ്മെൻറിനറിയാം. അതിനുവേണ്ടി ഗവണ്മെൻറിനു കഴിവുള്ള സഹായങ്ങൾ ചെയ്യണമെന്നു വിചാരവുമുണ്ട്. ഈ വസ്തുത ബഹുമാനപ്പെട്ട മെമ്പറന്മാരെ ഞാൻ അറിയിച്ചുകൊള്ളുന്നു. എന്നാൽ അപ്രതീക്ഷിതമായ ഒരു ശമ്പളക്കൂടുതൽ നൽകാൻ സുസാദ്ധ്യമല്ലെന്ന വസ്തുതയും ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. കൊച്ചിഗവണ്മെൻറ് അവിടത്തെ പോലീസുകാർക്ക് നൽകിവന്ന ശമ്പളം ഇവിടെ കൊടുക്കുന്ന ശമ്പളത്തെക്കാൾ അല്പം കൂടുതലാണെന്നുള്ള വസ്തുത എനിക്കറിയാം. അതുകൊണ്ട് ഇവിടത്തെ പോലീസുകാരുടെ ശമ്പളം കൊച്ചിയിലെ പോലീസുകാരുടെ ശമ്പളത്തോടനുസരിച്ചു ഉയർത്താമെന്നു വിചാരിക്കുന്നു. പരാതികളെപ്പററിയാണെങ്കിൽ പോലീസുകാരുടെ മേൽ ന്യായമായ പല പരാതികളും ഉണ്ടെന്നുള്ളതു് എനിക്കറിയാം. എന്നാൽ അവരുടെ അഴിമതികളെ കുറയ്ക്കുന്നതിനു ഈ ശമ്പളക്കൂടുതൽ പര്യാപ്തമാകുമെന്ന് ഗവണ്മെൻറു വിചാരിക്കുന്നു. ഇവർ ഒരിക്കൽ കോൺഗ്രസ്സുകാരോട് വളരെ എതിരായിട്ട് പ്രവർത്തിച്ചിട്ടുണ്ട്. പക്ഷെ അതൊന്നും ഈ അവസരത്തിൽ സ്മരിക്കുന്നതു നല്ലതാണെന്നു തോന്നുന്നില്ല. എങ്കിലും അവരുടെ നിലയെ അഭിവൃദ്ധിപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

[Hon'ble Mr. A. Thanu Pillai.]

തെക്കൻതിരുവിതാംകൂറിൽ തമിഴ്നാട് കാൺഗ്രസ്സിന്റെ പേരിൽ പോലീസുകാർ നിമിത്തം ധാരാളം കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നും അങ്ങനെ ഉണ്ടായിട്ടുള്ള കേസ്സുകൾ എല്ലാം തന്നെ അടിസ്ഥാനരഹിതമാണെന്നും അവയെ പിൻവലിക്കേണ്ടതു് ഏററവും അത്യാവശ്യമായിട്ടുള്ളതാണെന്നും പി. നേശമണി ഇവിടെ പ്രസ്താവിച്ചു. അതിനെപ്പററി എനിക്കു് പറയാനുള്ളതു്, സമാധാനപരമായ ഒരന്തരീക്ഷം തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇന്നുണ്ടായിട്ടുള്ളതുകൊണ്ടു് അനർഹവും അടിസ്ഥാനരഹിതവുമായ കേസ്സുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പിൻവലിക്കുന്ന കാര്യത്തെപ്പററി ഗവൺമെൻറു് ആലോചിക്കുന്നതായിരിക്കും എന്നാണു്.

MR. K. P. NEELAKANTA PILLAI : ഇടക്കാലത്തു് തെക്കൻതിരുവിതാംകൂറിൽ പല ഭവനങ്ങളും തീവച്ചു നശിപ്പിച്ചതായ വിവരം ഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ആ വിവരം എനിക്കറിയാവുന്നതാണു്. എന്നാൽ സാധാരണമായ സ്ഥിതി വിട്ടു് ഏതാനും മാസങ്ങൾക്കുമുമ്പു് തെക്കൻ തിരുവിതാംകൂറിൽ ഉണ്ടായിരുന്നതുപോലെയുള്ള പല കേസ്സുകളും കോർട്ടിലെ വിചാരണയ്ക്കു് വിധേയമാകേണ്ടതാണെന്നിരുന്നാലും മേലാൽ നമുക്കാവശ്യമുള്ള സമാധാനത്തിനും യോജിപ്പിനും വേണ്ടി പിൻവലിക്കാവുന്ന എല്ലാ കേസ്സുകളും പിൻവലിക്കുന്നതിനെപ്പററി ആലോചിക്കുന്നതാണു്. ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിനു ഇടയുണ്ടാകുമെന്നു തോന്നുന്നില്ല. എല്ലാം സ്റ്റേററു കാൺഗ്രസ്സുകാരുടെയും പേരിലുള്ള കേസുകൾ പിൻവലിച്ചിട്ടില്ല. ഇനിയും ചില സ്റ്റേററു് കാൺഗ്രസുകാരുടെ പേരിൽ കേസ്സുകൾ ഉണ്ടു്. അവ പിൻവലിച്ചിട്ടില്ല. അതിനാൽ ഒരുകൂട്ടരുടെ മേലുള്ള കേസ്സുകൾ പിൻവലിച്ചുവെന്നും മററുകൂട്ടരുടെ മേലുള്ള കേസ്സുകൾ പിൻവലിച്ചില്ല എന്നും ഉള്ള പരാതിക്കവകാശമില്ല. ഇന്നിരിക്കുന്ന നിലയിൽ മേലാൽ സമാധാനം വളർത്തുന്നതിനു് എല്ലാം കക്ഷികളും ആഗ്രഹിക്കുന്നുവെന്നു കാണുന്നതു് ചാരിതാർത്ഥ്യജനകം തന്നെയാണു്. എന്നാൽ കഴിഞ്ഞകാലങ്ങളിൽ കേസ്സുകൾക്കിടയാക്കിയതു കാരണമില്ലാഞ്ഞിട്ടാണെന്നോ അല്ലെങ്കിൽ ഒരു കക്ഷി പറയുന്നതെല്ലാം ശരി എന്നോ, അല്ല ഞാൻ പറയുന്നതു്. അതുകൊണ്ടു് അതിശയോക്തികൊണ്ടോ

അവാസ്തവപ്രസ്താവനകൾ കൊണ്ടോ ഫലമില്ല. മി. നേശമണി പറഞ്ഞ ഫോട്ടോഗ്രാഫ് ആരുടേതാണെന്നോ എവിടെ നിന്നാണെന്നോ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല.

MR. A. NESAMONY : Sir, a word of personal explanation. Not that I wanted the Prime Minister to enquire into the truth, but I wished to bring it to his notice that they are using missiles that are not included in any one of the provisions of the Arms Act.

HON'BLE MR. A. THANU PILLAI : ആ സംഗതിയെപ്പററി ഒന്നും പറയുന്നതിനു ഇപ്പോൾ സൗകര്യമില്ലാതെയാണിരിക്കുന്നതു്. ആ പ്രസ്താവനയുടെ അടിസ്ഥാനത്തെപ്പററിയും എനിക്കു് ഒന്നും അറിഞ്ഞുകൂടാ. ഞാൻ പറയുന്നതു് ഇതല്ല ഈ കാര്യങ്ങൾ പരിചിന്തിക്കേണ്ട രംഗം എന്നാണ്. അതിനുള്ള റിപ്പോർട്ടുകൾ എൻെറ കൈവശമല്ല. ആ സ്ഥിതിക്കു് എനിക്കു അവയെപ്പററി ഒന്നും പറയുവാനില്ല. അതായതു് എൻെറ മാന്യസുഹൃത്തു് പറഞ്ഞതിനെ ഞാൻ അതേപടി മററുകാര്യങ്ങൾ ആലോചിക്കാതെ, സമ്മതിക്കുന്നു എന്നുവരരുതെന്നാണ്. മേലാൽ സമാധാനം നിലനിറുത്തുന്നതിനുവേണ്ടി എന്തെല്ലാം ചെയ്യാമോ അതൊക്കെ ഗവണ്മെൻറു ചെയ്യുന്നതാണു. തെക്കൻതിരുവിതാംകൂറിൽ വളരെ ഭവനങ്ങൾ വെന്തുപോയി എന്നു് മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതു് വാസ്തവമാണ്. എനിക്കു പറയുവാനുള്ളതു് സംഗതികളുടെ സൂക്ഷ്മാവസ്ഥകൾ എങ്ങനെയായിരുന്നാലും അവയിലേയ്ക്കു പ്രവേശിക്കാതെ തന്നെ ഗവണ്മെൻറിൻെറ നിലയിൽ സമാധാനപരിപാലനത്തിനും ജനങ്ങൾ തമ്മിൽ കൂടുതൽ രഞ്ജിപ്പിനും സൗഹാർദ്ദത്തിനും വഴിതെളിക്കുന്നതിനും പ്രവർത്തിക്കുമെന്നുള്ളതാണ്.

പിന്നെ ഒന്നു് മി. നേശമണി പറഞ്ഞതു് പോലീസിൻെറ പ്രവർത്തനത്തെപ്പററിയാണ്. പള്ളിസംബന്ധമായ ചില വഴക്കുകളെപ്പററി അദ്ദേഹം പറഞ്ഞു. ഈ കാര്യത്തെപ്പററി അദ്ദേഹം എന്നെ അറിയിച്ചിട്ടുണ്ടു്. അതിനു പറയാനുള്ളതു് ഗവണ്മെൻറന്ന നിലയിൽ ന്യായമായി എന്തെല്ലാം ചെയ്യാമോ അതൊക്കെ ചെയ്യാമെന്നാണ്. എവിടെ പോലീസുകാർക്കു് പ്രവേശിക്കാമോ അവിടെ മാത്രമേ അവർ പ്രവേശിക്കുകയുള്ളു. എവിടെ പ്രവേശിക്കാൻ പാടില്ലയോ അവിടെ പ്രവേശിക്കയില്ല. ഞാൻ മുൻപു് പറഞ്ഞതുപോലെ ഈ ഗവണ്മെൻറിനു ന്യായബുദ്ധിയല്ലാതെ യാതൊരു കാര്യത്തിനും കക്ഷി എന്നൊന്നില്ലതന്നെ. ഗവണ്മെൻറിനെ അനുകൂലിച്ചു നിൽക്കു

[Hon'ble Mr. A. Thanu pillai.]

ന്നവരായാലും ശരി, പ്രതികൂലിച്ചുനില്ക്കുന്നവരായാലും ശരി, ആ വക പരിഗണനകൾ ഒന്നും കൂടാതെതന്നെ ഗവണ്മെൻറു ന്യായം നടത്തുന്നതാണെന്നു ഞാൻ ഉറപ്പുപറയുന്നു.

MR. K. P. NILAKANTA PILLAI: സ്റ്റേററു കാൺഗ്രസ്സുകാരുടെ പ്രവർത്തനഫലമായിട്ടാണോ തെക്കൻതിരുവിതാംകൂറിൽ അക്രമം തുടങ്ങിയതെന്നു പറയാമോ?

MR. A. NESAMONY : I never said so. I said that feelings ran high because the police took them as informers.

MR. K. P. NILAKANTA PILLAI : Sir, it was said by Mr. Nesamony that the President of the Vilavancode Taluk Congress Committee behaved in such a manner that it gave rise to 90 percent of the evils.

HON'BLE MR. A. THANU PILLAI : ഞാൻ പറയുന്നതു് ഈ വക പ്രസ്താവനകൾ നമ്മുടെ ഉദ്ദേശപ്രാപ്തിക്കു് വിരോധമാണെന്നാണ്.

MR. P. T. CHACKO : സ്റ്റേററു് കാൺഗ്രസ്സുകാരുടെ മേൽ വിരോധമായി അക്രമം പ്രവർത്തിച്ചിട്ടുള്ള പോലീസുകാരെ ഒന്നും ചെയ്യുന്നില്ലേ എന്നു പറയാമോ?

HON'BLE MR. A. THANU PILLAI : സ്റ്റേററു് കാൺഗ്രസ്സുകാരുടെ മേൽ എന്നല്ല ആരുടെ പേരിലും അക്രമം പ്രവർത്തിച്ചിട്ടുള്ളവരുടെ മേൽ നടപടി എടുക്കുന്നില്ല എന്നല്ല പറഞ്ഞതു്. ഒരു കക്ഷിയുടെ മേൽ അക്രമം പ്രവർത്തിച്ചതുകൊണ്ടു് നടപടി എടുത്തു, മററവരുടെ മേൽ അക്രമം പ്രവർത്തിച്ചതുകൊണ്ടു് നടപടി എടുത്തില്ല എന്നു വരുകയില്ല എന്നാണ് പറഞ്ഞതു്.

MR. P. T. CHACKO : ഞാൻ ഒന്നു വിശദീകരിക്കാം. സ്റ്റേററു് കാൺഗ്രസ്സുകാരുടെ പേരിലുള്ള വിരോധം കൊണ്ടു് ആലപ്പുഴ വഴിയേ പോയ കുട്ടികളെയും തല്ലി അക്രമം പ്രവർത്തിച്ച എ. എസ്. പി. മി. അച്യുതമേനോനെപ്പോലുള്ളവരുടെ മേൽ നടപടി എടുക്കാമോ എന്നാണ് ഞാൻ ചോദിക്കുന്നതു്? ഇങ്ങനെ പ്രവർത്തിച്ചതിൻ പ്രമോഷനും റിവാർഡുമാണ് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളതെന്നറിയാമോ?

MR. K. R. ELANKATH : സർ, തെക്കൻതിരുവിതാംകൂറിൽ ചില സ്ഥലങ്ങളിൽ പോലീസുകാർ എക്സസ്സായി പ്രവർത്തിച്ചു എന്നു പറയുന്നതു വാസ്തവത്തിൽ അതിൻെറ ആവശ്യമുണ്ടായിട്ടാണെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഏതായാലും അത്തരത്തിലുള്ള സംഗതികൾ മറക്കണമെന്നാണ് ഞാൻ പറയുന്നതു.

MR. A. NESAMONY : Am I to take it for granted from the answer given to Mr. Elankath that the police never caused any excess in the Vilavancode taluk ?

HON'BLE MR. A. THANU PILLAI: പോലീസുകാർ ഒരിക്കലും എക്സെസ്സ് കാണിച്ചില്ല എന്നു പറയുവാൻ സാധിക്കുന്നതല്ലല്ലോ. ഏതായാലും ആ ഭാഗത്തിൽ നാം മുമ്പോട്ടുപോകുന്നതിനു മുൻപു നാം കഴിയുന്നതും യോജിച്ചു് പ്രവൎത്തിക്കുന്നതിനു് ആത്മാൎത്ഥമായി ശ്രമിക്കണമെന്നാണ് എന്റെ അഭിപ്രായം.

പിന്നെ വേറെ ചില കാൎയ്യങ്ങൾ മി. നേശമണി പറഞ്ഞു. അദ്ദേഹത്തിന്റെ നിലയിൽ ആ പ്രസ്താവനയെ അഭിനന്ദിക്കാൻ എനിക്കു നിർവാഹമില്ല. ഐ. ജി. ഭാൎയ്യയുടെ പേരിൽ വസ്തു സമ്പാദിച്ചു എന്നും ചീഫ് ജസ്റ്റിസിനെപ്പററി ലഘുലേഖകൾ ഉണ്ടായി എന്നും ഉള്ളതുകൊണ്ടുമാത്രം നമുക്കു് ഒന്നും തീരുമാനിക്കാൻ സാധിക്കയില്ല. ആ സ്ഥിതിക്കു് ഇങ്ങനെ ഒരു സന്ദർഭത്തിൽ അത്തരം ഉദ്യോഗസ്ഥന്മാരുടെ വസ്തു സമ്പാദനത്തെപ്പററിയും മററും നാം ഇവിടെ പറയുന്നതു ശരിയാണോ എന്നു് മി. നേശമണിയും മററു സ്നേഹിതന്മാരും ആലോചിക്കണം.

MR. K. P. NILAKANTA PILLAI : ഒരു ഉദ്യോഗസ്ഥൻ വസ്തു സമ്പാദിച്ചാൽ അതു ഗവണ്മെന്റിനെ അറിയിക്കണമെന്നു ചട്ടം ഇല്ലേ?

HON'BLE MR. A. THANU PILLAI. എത്ര ഉണ്ടെന്നും മററും ഗവണ്മെന്റിനെ അറിയിക്കണമെന്നല്ലാതെ അപ്പോഴപ്പോൾ വാങ്ങുമ്പോഴെല്ലാം ഉടൻതന്നെ അറിയിക്കണമെന്നില്ല.

MR. K. P. NILAKANTA PILLAI : അദ്ദേഹത്തിന്റെ ഭാൎയ്യയുടെ പേരിൽ സമ്പാദിച്ച വസ്തുക്കളുടെ കണക്കു് ഗവണ്മെന്റിൽ കൊടുക്കണമെന്നുണ്ടോ?

HON'BLE MR. A. THANU PILLAI : അദ്ദേഹം ഉദ്യോഗസ്ഥനായതിൽ പിന്നീടു് സമ്പാദിച്ച വസ്തുക്കളുടെ കണക്കു് കൊടുക്കേണ്ടതാണു്. ഏതായാലും ആ ഉദ്യോഗസ്ഥൻ ഐ. ജി. ആയതിൽ പിന്നീടു് അദ്ദേഹത്തെപ്പററി പരാതിയൊന്നും ഇതേവരെ വന്നിട്ടില്ല. ഈ ഗവണ്മെന്റാണു് അദ്ദേഹത്തെ ഈ ഉദ്യോഗത്തിൽ നിയമിച്ചതു്. അതുകൊണ്ടു്

[Hon'ble Mr. A. Thanu Pillai.]

ആ ഉത്തരവാദിത്വം ഈ ഗവൺമെൻറിനാണ്. ആ നിലയിൽ അദ്ദേഹത്തെപ്പററി പരാതിയൊന്നുമുണ്ടായിട്ടില്ല എന്നാണ് ഞാൻ പറയുന്നതു്.

ചീഫ് ജസ്റ്റിസിനെപ്പററിയാണെങ്കിൽ തിരുവിതാംകൂറിലെ നിയമപരിപാലനവകുപ്പിൽ ഏററവും ഉയർന്ന ഉദ്യോഗത്തിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെപ്പററി ഇമ്മാതിരി ഒരു ആരോപണം കൊണ്ടുവരുന്നതു് നമ്മുടെ അന്തസ്സിനു യോജിച്ചതാണോ എന്നാണ് നാം ആലോചിക്കേണ്ടതു്. അതിൽതന്നെ എത്ര വാസ്തവമുണ്ടു് എന്നൊന്നും ആലോചിക്കാതെ കേവലം ഒരു ലഘുലേഖയെ മാത്രം ആസ്പദമാക്കി ഇങ്ങനെ... ...

MR. K. A. MATHEW: ആധാരത്തിൻെറ കാപ്പി ഉണ്ടെങ്കിലോ?

HON'BLE MR. A. THANU PILLAI: ആ ആധാരംതന്നെ ആരുടെ പേരിൽ ഉള്ളതായിരുന്നു. എപ്പോൾ മാററി, സന്ദർഭത്തിൽ അതിൻെറ വില, കൈവശക്കാർ ആരായിരുന്നു ഇതെല്ലാം ആലോചിക്കാതെ വെറും ആധാരത്തെ മാത്രം നോക്കി അതിനെപ്പററി തീരുമാനിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ വസ്തുതകളെല്ലാം മി. മാത്യുവിനറിയാം. അതിലും കൂടുതലായി കോടതികളിലും മററും വ്യവഹരിക്കുന്ന മി. നേശമണിക്കറിയാം.

MR. P. M. VARGHESE: ഈയിടെ ഐ. ജി. യുടെ ഭാര്യയുടെ പേരിൽ എഴുപതേക്കർ ഏലത്തോട്ടം വാങ്ങിയതറിയാമോ?

HON'BLE MR. A. THANU PILLAI: എൻെറ ഭാര്യയുടെ പേരിൽ ഞാൻ ഒരു വസ്തു വാങ്ങിച്ചാലെന്നതുപോലെയോ മറേറാ ഉള്ള, ഐ. ജി. യുടെ ഭാര്യയുടെ പേരിൽ വസ്തു വാങ്ങിച്ചതും. ഐ. ജി. ആയതുകൊണ്ടു് ഭാര്യയുടെ പേരിൽ വസ്തു വാങ്ങിക്കാൻ പാടില്ലെന്നോ മറേറാ നിയമമുള്ളതായിട്ടറിവില്ല. എനിക്കു പറയുവാനുള്ളതു് വളരെ അന്തസ്സോടുകൂടി പെരുമാറേണ്ടതായ ഈ സദസ്സിൽ ഈ മാതിരിയിലുള്ള ആരോപണങ്ങൾ ഒന്നും കൊണ്ടുവരരുതെന്നാണ്. ഇന്നത്തെ ആരോപണങ്ങൾ വ്യക്തികൾക്കു ദോഷം ചെയ്യുകയും ഈ സദസ്സിൻെറ അന്തസ്സിനെ ഹനിക്കുകയും ചെയ്യുന്നുവെന്നാണ് എനിക്കു പറയാനുള്ളതു്. ഈ സദസ്സിൽ നാം ഇങ്ങനെ പെരുമാറിയാൽ വെളിയിലുള്ളവർ നമ്മെ എങ്ങനെ വിചാരിക്കുമെന്നുകൂടി നാം ആലോചിക്കേണ്ടതാണു്.

പിന്നെ ഇവിടെ സ്ത്രീ പോലീസുകാരെപ്പററി പറഞ്ഞു. ഇവിടെ ഏതാനും സ്ത്രീപോലീസുകാരുണ്ട്. ഒരു ഹെഡ്കാൺസ്റ്റബിളും ഏതാനും കാൺസ്റ്റബിൾമാരുമാണ് ഉള്ളത്. അവർ അവരുടെ ജോലികൾ ഭംഗിയായി നിർവ്വഹിച്ചുവരുന്നുണ്ടെന്നാണ് അറിയുന്നത്.

MISS ACCAMMA CHERIYAN (*Changanacherry I—General*): അവരുടെ ജോലി എന്താണ്?

HON'BLE MR. A. THANU PILLAI : സ്ത്രീ കുററവാളികളെ സംബന്ധിച്ച് പോലീസുകാരൻ ചെയ്യുന്ന ജോലികളെല്ലാം തന്നെ ഇവർ ചെയ്യുന്നു. അതായതു് കുററവാളികളെ അറസ്ററുചെയ്തു കൊണ്ടുവരിക, സൂക്ഷിക്കുക, തെളിവുകൾ സംഭരിക്കുക മുതലായ ജോലികളെല്ലാം ഇവർ ചെയ്യുന്നുണ്ട്.

MISS ACCAMMA CHERIYAN : സ്ത്രീകളെ അറസ്ററുചെയ്യാൻ എല്ലായിടത്തും സ്ത്രീപോലീസുകാരെ നിയോഗിക്കുന്നില്ലെന്നറിയാമോ?

HON'BLE MR. A. THANU PILLAI : സ്ത്രീപോലീസിൽ വളരെ കുറച്ചാളുകളേയുള്ളൂ. അതുകൊണ്ട് എല്ലാസ്ഥലങ്ങളിലും അവരെത്തന്നെ അയയ്ക്കാൻ ഇപ്പോൾ സാദ്ധ്യമായി എന്നു വരികയില്ല.

MR. D. GNANASIGAMONY : Do they conduct searches also?

HON'BLE MR. A. THANU PILLAI : അതൊക്കെ അവർ ചെയ്യുന്നുണ്ട്. പിന്നെ ചില ഇൻസ്പെക്ടറന്മാരുടെസ്ഥലംമാററത്തെപ്പററി ഇവിടെ പറഞ്ഞു. മുൻപിലത്തെപ്പോലെതന്നെ ഒരു സാധാരണനടപടിയായി ചില ഇൻസ്പെക്ടറന്മാരെ സ്ഥലംമാററിയിട്ടുണ്ടെന്നല്ലാതെ അതിൽ നിന്നും അനുമാനത്തിനൊന്നും വകയില്ല.

MR. P. S. MUHAMMED : സർ, കഴിഞ്ഞഅഞ്ചുവർഷക്കാലമായി മൂന്നാം ഗ്രേഡ് ഇൻസ്പെക്ടറന്മാർക്ക് ന്യായമായി രണ്ടാംഗ്രേഡിലേയും ഒന്നാം ഗ്രേഡിലേയും പ്രമോഷൻ കൊടുക്കാതിരിക്കുവാനുള്ള കാരണമെന്താണ്?

HON'BLE MR. A. THANU PILLAI : അങ്ങനെയുണ്ടെങ്കിൽ അതിനു കാരണം പ്രമോഷൻ നടത്തിയിട്ടില്ലെന്നുള്ളതായിരിക്കും.

MR. P. S. MOHAMMED : അങ്ങനെ ചെയ്യാതിരുന്നതു് തെററല്ലേ?

HON'BLE MR. A. THANU PILLAI : അങ്ങനെ ചെയ്യാതിരുന്നിട്ടുണ്ടെങ്കിൽ അതു തെററുതന്നെ. അതിനെക്കുറിച്ച് ശ്രദ്ധിക്കാം.

[Hon'ble Mr. A. Thanu Pillai]

പിന്നെ ഒരു പോലീസുകാരനു ചുരുങ്ങിയതു ൫൦ രൂപയെങ്കിലും ശമ്പളം കൊടുക്കണമെന്നു ഒരു സ്നേഹിതൻ പറഞ്ഞു. അതു നല്ലതു തന്നെ. അത്രയും ശമ്പളം പോലീസുകാർക്കെന്നല്ല മററു കുറഞ്ഞ ശമ്പളക്കാർക്കെല്ലാം തന്നെ കൊടുക്കാൻ സാദ്ധ്യമായിരുന്നെങ്കിൽ വളരെ നന്നായിരുന്നേനേ. പിന്നെ ഒരു ഔട്ട്പോസ്റ്റ് ചാർജിംഗ് സ്റ്റേഷൻ ആക്കണമെന്നു ശ്രീമതി ദേവകി ഗോപിദാസ് ആവശ്യപ്പെട്ടു. അക്കാര്യം ആലോചനയിലിരിക്കയാണ്.

MR. T. A. ABDULLA : കൊല്ലത്തെ കസ്ബാസ്റ്റേഷൻ മാററുന്ന കാര്യം?

HON'BLE MR. A. THNAU PILLAI : അതും ആലോചിക്കാം.

MR. MANNAR GOPALAN NAIR : പേട്ട വെടിവയ്പിനു കാരണക്കാരായ പോലീസുദ്യോഗസ്ഥന്മാരുടെ മേൽ എന്തെങ്കിലും നടപടി നടത്താൻ ഗവണ്മെന്റിനുദ്ദേശമുണ്ടോ?

HON'BLE MR. A. THANU PILLAI : ഗവണ്മെന്റിന്റെ ഉദ്ദേശത്തെപ്പററി ചോദ്യം ചെയ്യുന്നതു ശരിയല്ല.

പോലീസിനെ കഴിയുന്നതും കൂടുതൽ കൂടുതൽ നന്നാക്കാൻ ഗവണ്മെന്റു ശ്രമിക്കുന്നതാണ്. കൂടുതലായി ഇപ്പോൾ എനിക്കൊന്നും പറയാനില്ല. പോലീസിനു വേണ്ടിയുള്ള ഈ ഡിമാന്റു സഭ പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ എന്റെ ഈ മറുപടിപ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. PRESIDENT : മി. നേശമണി ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

MR. A. NESAMONY: I do not press the motion, Sir.

The motion was, by leave, withdrawn.

The question that a sum of Rs. 39,09,825 be granted under Demand XI—Police; was put and carried.

The grant was made.

DEMAND XIII—EDUCATION.

HON'BLE MR. T. M. VARGESE : സർ, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേയ്ക്കു ൧,൩൬,൪൫,൮൫൦ രൂപയുടെ ഗ്രാന്റിനുള്ള ഡിമാന്റു ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. JOSEPH MALIECKAL : Sir, there is a mistake in the order. The education demand is divided into Primary, Secondary and University education. 24 C according to Budget classification deals with the Primary section of the Education Demand. University is classified as 24 A. It was ruled that we will follow the order in the Budget so far as the order of the motion is concerned. We must therefore start with 24 A before 24 C. I commend my suggestion for the consideration of the House.

MR. PRESIDENT : Evidently there is some mistake in printing.

MR. JOSEPH MALIECKAL : Anyway this Demand may be discussed under three heads, University, Primary Education and then total demand, and discussion proceeded with under these heads. One hour may be allotted for University, one hour for Primary Education and two hours for discussion of the total demand relating to this subject. If this procedure is agreed upon we will start with discussion of the University.

MR. K. R. ELENKATH : I support this view.

MR. P. T. CHACKO : I also support that suggestion.

The motion was put and carried.

MR. JOSEPH MALIECKAL : That having been carried, I would draw the attention of the President to motion No. 11 standing in the name of Mr. P. S. Muhammed.

MR. P. S. MUHAMMED : സാർ, യൂണിവേഴ്സിററി വിദ്യാഭ്യാസത്തിനായി കൊള്ളിച്ചിട്ടുള്ള സംഖ്യയിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ഇവിടത്തെ യൂണിവേഴ്സിററി മററു സ്ഥാപനങ്ങളിൽനിന്നും ഉയർന്നതായ നിലയിൽ ഇരിക്കുന്നതാണെന്നു സമ്മതിക്കുന്നതോടുകൂടി ഉയർന്ന വിദ്യാഭ്യാസപ്രചരണത്തിൽ പൊതുജനങ്ങളുടെ അഭിപ്രായത്തിനുകൂടി സ്ഥാനം ഉണ്ടാകണമെന്നുള്ള സംഗതി ഓർമ്മിപ്പിക്കുന്നതിനായിട്ടാകുന്നു. യൂണിവേഴ്സിററിയുടെ ഇതുവരെയുള്ള പ്രവർത്തനം നോക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തിലുള്ള മററു ഡിപ്പാർട്ടുമെന്റുകളിൽനിന്നും ഭിന്നമായ രീതിയിൽ പ്രവർത്തിക്കുന്നതിന് അർഹതയുള്ള ഒന്നാണെന്നും യൂണിവേഴ്സിററി സ്വർഗ്ഗത്തിൽനിന്നും വന്നിരിക്കുന്ന ഒരു സമ്പ്രദായം ആണെന്നുമാണ് കാണുന്നത്. യൂണിവേഴ്സിററി ഉന്നതവിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണെന്നുള്ള കാര്യത്തിൽ ആർക്കുംതന്നെ അഭിപ്രായവ്യത്യാസമില്ല. മാത്രമല്ല അത് ഒരു പ്രത്യേക ആക്ററിന്റെ പരിധിയിൽ ചില പ്രത്യേക വ്യവസ്ഥകളിലാണ് പ്രവർത്തിക്കുന്നത് എന്നുള്ളതിലും ആർക്കും അഭിപ്രായവ്യത്യാസമില്ല. അങ്ങനെതന്നെ

[Mr. P. S. Muhammed]

പ്രവർത്തിക്കേണ്ടതുമാണ്. എന്നാൽ യൂണിവേഴ്സിററിയും തിരുവിതാംകൂർ ഗവണ്മെൻറും തമ്മിൽ യാതൊരു തരത്തിലുള്ള ബന്ധവുമില്ലാതെയാണു് കിടക്കുന്നതെന്നുവരുത്തുന്നതു നല്ലതാണെന്നു പറയാൻ ഞാൻ തയാറില്ല. തിരുവിതാംകൂറിലെ ജനങ്ങളുടെ ആഗ്രഹങ്ങൾ സാദ്ധ്യമാകാത്തരീതിയിലുള്ള നടപടികൾ യൂണിവേഴ്സിററി കൈക്കൊണ്ടു് മുന്നോട്ടു പോയാൽ അതു് ഗുണത്തിനുപകരം ദോഷമായിരിക്കുകയല്ലേ ചെയ്യുന്നതെന്നു ഞാൻ സംശയിക്കുന്നു. ഇന്നു് അങ്ങനെയൊരു സമ്പ്രദായമാണ് നടന്നുകൊണ്ടിരിക്കുന്നതു്. ഇതുവരെയും ഒരു ദിവാൻഭരണമാണ് ഇവിടെ നടന്നുകൊണ്ടിരുന്നതു്. ആ ദിവാൻജി യൂണിവേഴ്സിററിയുടെ വൈസ് ചാൻസിലർ കൂടി ആയിരുന്നു. അതുകൊണ്ടു് ഗവണ്മെൻറിൻെറ ചില അഭിപ്രായങ്ങളും ഉദ്ദേശങ്ങളുമെല്ലാം യൂണിവേഴ്സിററിയിൽ അക്കാലത്തു നടന്നുകൊണ്ടിരുന്നു. ആ സൌകര്യം ഇന്നില്ല. ഇന്നു ജനങ്ങളുടെ പ്രതിനിധികളാണ് ഗവണ്മെൻറായിട്ടു ഇവിടെ സ്ഥിതിചെയ്യുന്നതു്. പ്രോവൈസ്ചാൻസലരുടെ നിലയിലോ അല്ലെങ്കിൽ മറേറതെങ്കിലും തരത്തിലോ ഇപ്പോഴത്തെ ഗവണ്മെൻറിനു് യൂണിവേഴ്സിററിയുടെമേൽ യാതൊരു നിയന്ത്രണവുമില്ലാതെ വന്നിരിക്കുന്നതു്. മുമ്പു് ഗവണ്മെൻറിൻെറ ഹിതം യൂണിവേഴ്സിററിയിൽ നടന്നുകൊണ്ടിരുന്നതുപോലെ ഇപ്പോഴും സ്വാതന്ത്ര്യം ചെലുത്തുന്നതിനുള്ള അവകാശം ഗവണ്മെൻറിനു് ഉണ്ടായിരിക്കണം. അതനുസരിച്ചു യൂണിവേഴ്സിറ്റി ആക്ററിൽ വേണ്ട ഭേദഗതി ചെയ്യേണ്ടതാണെന്നു ഞാൻ ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

MR P. M. VARGHESE : സർ, തിരുവിതാംകൂർ യൂണിവേഴ്സിററിക്കു നമ്മുടെ ഗവണ്മെൻറിൽനിന്നും ഒരു നല്ല സംഖ്യ ഗ്രാൻറുകൊടുക്കുന്നുണ്ടു. അതിനും പുറമേ ചില കാളേജുകൾക്കായി ചില സംഖ്യകൾ കൊള്ളിച്ചിട്ടുള്ളതായും കാണുന്നു. യൂണിവേഴ്സിററി ഒരു ആട്ടോണമസ ബാഡി ആണെന്നുള്ള വാദത്തിനു വലിയ പ്രാബല്യമില്ലെങ്കിലും യൂണിവേഴ്സിറ്റി ഒരു ആട്ടോണമസ് ബാഡിയായിരിക്കണമെന്നുള്ള അഭിപ്രായം ഈ സഭയിലെ മിക്കവാറും അംഗങ്ങൾക്കു് ഉള്ളതായിട്ടാണ് എനിക്കു തോന്നുന്നതു്. എന്നാൽ യൂണിവേഴ്സിററി ഒരു ആട്ടോണമസ് ബാഡിയാണെന്നുള്ളതു് സമ്മതിക്കാമെന്നിരുന്നാലും ഈ രാജ്യത്തെ പൊതുജനങ്ങളുടെ അഭിപ്രായത്തിനും അവരുടെ സംസ്കാരത്തിനും അനുസരിച്ചു് ഈ രാജ്യത്തെ വിദ്യാഭ്യാസത്തെ നയിക്കേണ്ട ഒരു ചുമതല നമ്മുടെ യൂണിവേഴ

സിററിക്ക് ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഇവിടെ ഒരു പ്രീ യൂണിവേഴ്സിററികോഴ്സ് ആവശ്യമില്ലെന്ന് സ്റ്റേററുകാൺഗ്രസ്സ് പാർട്ടി വഴിയ ഭൂരിപക്ഷത്തോടുകൂടി ഒരു പ്രമേയം പാസാക്കുകയുണ്ടായി. അതു് ഈ രാജ്യത്തെ പൊതുജനാഭിപ്രായത്തെയാണ് പ്രതിഫലിപ്പിക്കുന്നതെന്നാണ് നാം മനസ്സിലാക്കേണ്ടതു്. ഒരു ഭൂരിപക്ഷകക്ഷിയിലെ ഭൂരിപക്ഷം ആളുകൾ ചേർന്നു പാസാക്കിയ ആ പ്രമേയത്തെ ഗവൺമെൻറ് ഏതു വിധത്തിലാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയാൻ തീർച്ചയായും ഈ സഭയ്ക്കു് അവകാശമുണ്ടു്. പ്രീയൂണിവേഴ്സിററിയോടു് എനിക്കു വ്യക്തിപരമായി യാതൊരു വിരോധവുമില്ല. പക്ഷെ ഈ നാട്ടിലെ കാളേജുകളിൽ പ്രവേശനം ആവശ്യപ്പെടുന്ന വിദ്യാത്ഥികൾക്ക് ഇവിടത്തെ കാളേജുകളിൽ പ്രവേശനം കിട്ടാതെ പുറത്തുള്ള സർവ്വകലാശാലകളിലേക്കു പോകുമ്പോഴാണ് ഇവിടത്തെ പ്രീയൂണിവേഴ്സിററികൊണ്ടുള്ള വിഷമം മനസ്സിലാകുന്നതു്. ഇന്നു് ഇൻഡ്യൻ യൂണിയനെ സകല കാര്യങ്ങളിലും അനുകരിക്കാൻ ശ്രമിക്കുന്ന നമുക്ക് ഈ വിദ്യാഭ്യാസകാര്യത്തിലും എന്തുകൊണ്ടു് ഇൻഡ്യൻ യൂണിയനിലുള്ള ഭൂരിപക്ഷം സർവ്വകലാശാലകളും പ്രവത്തിക്കുന്ന ഒരു രീതിയിൽ പ്രവത്തിച്ചുകൂടാ എന്നും ഞാൻ ചോദിക്കുന്നു. എന്തുകൊണ്ടാണ് ഈ തിരുവിതാംകൂറിൽമാത്രം ഇങ്ങനെ ഒരു പരിഷ്കാരം വരുത്തണമെന്നു ഗവൺമെൻറ് നിർബന്ധം പിടിക്കുന്നതു്? ഇതിന്റെ രഹസ്യം എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. സാങ്കേതികമായ വല്ല തടസ്സങ്ങളും അതിനുണ്ടോ എന്നും മനസ്സിലാകുന്നില്ല.

MR. K. P. NILAKANTA PILLAI: പ്രീയൂണിവേഴ്സിററിയിൽ ഒരാണ്ടത്തെ ഫീസ് എത്രയാണെന്നറിയാമോ?

MR. P. M. VARGHESE: ഞാൻ ഫീസിനെപ്പററിയല്ല പറയുന്നതു്. ഫീസു കൂടുതലോ കുറവോ ആയിക്കൊള്ളട്ടേ. കൂടുതലാണെങ്കിൽ തന്നെയും എനിക്ക് പരാതിയില്ല. പ്രീയൂണിവേഴ്സിററി പരീക്ഷ പാസായിട്ടു പുറത്തുള്ള കാളേജുകളിൽ പ്രവേശനം കിട്ടാൻ ആഗ്രഹിക്കുന്ന വിദ്യാത്ഥികൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് ഞാൻ പറയുന്നതു്. മററെല്ലാ സർവ്വകലാശാലകളോടും യോജിച്ചു നാം പോവുകയാണെങ്കിൽ നമുക്ക് യാതൊരു ബുദ്ധിമുട്ടുകൾക്കും കാരണമില്ല. അതാണ് പ്രീയൂണിവേഴ്സിററിയെക്കുറിച്ച് എനിക്കുള്ള പരാതി. ഏതു യൂണിവേഴ്സിററിക്കും അതാതുരാജ്യത്തെ ജനങ്ങളുടെ മൗലികമായ അവകാശ

[Mr. P. M. Varghese]

അങ്ങളെക്കുറിച്ച് ആലോചിക്കാനുള്ള കടമയുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. അതു് സാങ്കേതികമായ ഒരു കാര്യമല്ല. പ്രായോഗികമായ പ്രയാസങ്ങളും നിലവിലിരിക്കുന്നതുകൊണ്ടും ഇൻഡ്യൻ യൂണിയനിലെ ഭൂരിപക്ഷം സർവ്വകലാശാലകളും സ്വീകരിച്ചിരിക്കുന്ന ഒരു നടപടിയാണ് നാമും സ്വീകരിക്കേണ്ടതു്. നാം ഈ രീതിയിൽ ഞങ്ങൾ വിദ്യാഭ്യാസ കാര്യത്തിൽ മാത്രം ഒരു പരിഷ്കാരം വരുത്തുന്നതിനു നിർബന്ധം പിടിക്കുകയാണെങ്കിൽ നാം പരാജയം അടയുകയേ ഉള്ളു എന്നാണ് എനിക്കു പറയുവാനുള്ളതു്.

വേറൊരു കാര്യംകൂടി എനിക്കു പറയുവാനുണ്ടു്. യൂണിവേഴ്സിറ്റിക്കു കൊടുത്തിട്ടുള്ള ഗ്രാൻറിനുപുറമെ എൻ. എസ്. എസ്. കാളേജിനു് ഒരു അഞ്ചു ലക്ഷം രൂപാ കൊടുത്തിരിക്കുന്നു. ഇതിനെപ്പറ്റിയുള്ള എക്സ്പ്ലനേഷൻ കൊടുത്തിരിക്കുന്നതു്:

"The revised estimate under this item represents the cost of lands acquired and leased out to the N. S. S. College which has been finally treated as a grant to the institution. The budget estimate for 1124 makes provision for the expenditure anticipated during next year."

അതു് കഴിഞ്ഞകൊല്ലത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ചു ൧,൩൦,൦൦൦ രൂപാ കൊടുത്തതിനെപ്പറ്റി പറയുന്നതാണ്. അതിനുപുറമെയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ൫ ലക്ഷം രൂപകൂടി ഉൾപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ ഈ കാളേജ് ഇന്നും ഒരു വാടകക്കെട്ടിടത്തിലാണ് നടത്തിക്കൊണ്ടിരിക്കുന്നതു്.

MR. MANNATHU PADMANABHA PILLAI : ഒരു ചോദ്യം—

MR. P. M. VARGHESE : ഇപ്പോൾ ഒരു ചോദ്യവുമില്ല. ആ കാളേജിന്റെ നിലനിൽപ്പ് സ്ഥിരമായിട്ടുള്ളതാണോ എന്നു അങ്ങേക്കു അറിയാവുന്നതല്ല.

MR. MANNATHU PADMANABHA PILLAI : സർ, എനിക്കു് ഒരു കാര്യം പറയാനുണ്ടു്. എൻ. എസ്. എസ്.—

MR. P. M. VARGHESE : ഇപ്പോൾ ഒരു കാര്യവും എനിക്കു് കേൾക്കേണ്ട. അതുപോലെ കൊല്ലത്തും ഒരു കാളേജിനു ഗ്രാൻറുകൊടുത്തിട്ടുണ്ടു്. എന്നാൽ അതേ സമയം ഗവൺമെൻറിൽനിന്നും ഒരു പൈസപോലും വേണ്ടാ, ഗ്രാൻറും വേണ്ടാ, കെട്ടിടവും വേണ്ടാ, കാളേജ് നടത്താം

നുള്ള അനുവാദം മാത്രം കൊടുത്താൽമതി, കാളേജ് നടത്തിക്കൊള്ളാമെന്നു കൊല്ലാത്ത ബിഷപ്പ് അപേക്ഷിച്ചിട്ട് അനുവാദം കൊടുക്കാതിരുന്നതെന്തുകൊണ്ടെന്നു ഞാൻ ചോദിക്കുന്നു. സൗജന്യമൊന്നുമില്ലെങ്കിലും വേണ്ടുകില്ലാ സൗമനസ്സു പ്രദർശിപ്പിക്കാൻ ഗവൺമെൻറു് വൈമുഖ്യം പ്രദർശിപ്പിക്കാതിരുന്നാൽ മതി.

MR. V. O. MARKOS : സർ, തിരുവിതാംകൂർ സർവകലാശാല ഒരു സ്വതന്ത്രസ്ഥാപനമാണോ അല്ലയോ എന്നുള്ള പ്രശ്നത്തിന് അതു് അർഹിക്കുന്നതിൽ കൂടുതൽ പ്രാധാന്യം ഈ ഹൌസ് നൽകിക്കാണുന്നതായി എനിക്കു തോന്നുന്നു. അതിനുള്ള കാരണങ്ങളം ഗവൺമെൻറിൽ നിന്നും ചില നിർദ്ദേശങ്ങളം കൊടുക്കണമെന്നു് ആലോചിച്ചിരുന്നതോ, കൊടുക്കണമെന്നു് ചില അഭിപ്രായങ്ങളം ഉണ്ടായിരുന്നതോ ആയ കാര്യങ്ങൾക്കു് യൂണിവേഴ്സിററി ഒരു സ്വതന്ത്രസ്ഥാപനമാണെന്നും ഗവൺമെൻറിൻെറ ആവശ്യം അനുസരിച്ചു പ്രവർത്തിക്കേണ്ടതില്ലെന്നും യൂണിവേഴ്സിററി അധികൃതരിൽ ആരോ പ്രസ്താവിച്ചതിൽനിന്നുമാണു് ഉത്ഭവിച്ചിട്ടുള്ളതു് എന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂറിൽ യൂണിവേഴ്സിററിയെ സംബന്ധിച്ചു പറഞ്ഞാൽ യൂണിവേഴ്സിററി ആക്ററു് പഠിച്ചിട്ടുള്ളവർക്കു് കാണാം അതു് സ്വയംഭരണാവകാശമുള്ള ഒരു സ്ഥാപനമാണെന്നു്. അതുകൊണ്ടു് അതൊരു സ്വതന്ത്രസ്ഥാപനമാണെന്നു പറയാം. അതു് ഈ സഭയെ പരിപൂർണ്ണമായി ഒഴിച്ചും ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തോളം ഗവൺമെൻറിനെ ഒഴിച്ചും മാത്രമാണു. എന്താണെന്നുവച്ചാൽ ഈ സഭ യൂണിവേഴ്സിററിയുടെ സൃഷ്ടിസ്ഥിതിസംഹാരകനാണു്. ഗവൺമെൻറിന് ചില ഉപരി അധികാരങ്ങളം ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

യൂണിവേഴ്സിററി ഒരു ലെജിസ്ലേഷൻ മുഖാന്തരം ഉടലെടുത്തിട്ടുള്ളതാണു്. മഹാരാജാവുതിരുമനസ്സിലെ ലെജിസ്ലേററീവു് അധികാരം ഉപയോഗിച്ചു നടപ്പിലാക്കിയ ആക്ററു മുഖാന്തരമാണു് യൂണിവേഴ്സിററി ഉണ്ടായതു്. പരമാധികാരം ഉപയോഗിച്ചുള്ള ഒരു പ്രൊക്ലമേഷൻ മുഖാന്തരമല്ല. യൂണിവേഴ്സിററി ആക്ററു് ഭേദഗതി ചെയ്യുന്നതിന് ഈ സഭയ്ക്കു് അധികാരമുണ്ടു്. അങ്ങനെ ഭേദഗതി ചെയ്യുന്നുമുണ്ടു്.

യൂണിവേഴ്സിററി എന്തെല്ലാം ഉദ്ദേശങ്ങൾക്കായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നു് ആക്ററിൽ വിവരിച്ചിട്ടുണ്ടു്. ആ ഉദ്ദേശങ്ങൾ യൂണിവേഴ്സിററി നിർവഹിക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധി

[Mr. V. O. Markos]

ച്ചുള്ള നിയന്ത്രണം തികച്ചും ഗവൺമെൻറിനാണ്. ആ ഉദ്ദേശനിർവഹണത്തിന് വിപരീതമായി യൂണിവേഴ്സിററി പ്രവർത്തിക്കുന്നു എന്ന് എപ്പോഴെങ്കിലും ഗവൺമെൻറിന് തോന്നിയാൽ ഗവൺമെൻറിൽനിന്നു യൂണിവേഴ്സിററിയോടു സമാധാനം ചോദിക്കാം. സമാധാനം തൃപ്തികരമല്ലെങ്കിൽ ഇന്നയിന്നവിധത്തിൽ പ്രവർത്തിക്കണമെന്നു ഗവൺമെൻറിൽനിന്നു നിർദ്ദേശങ്ങൾ കൊടുക്കാം. ആ നിർദ്ദേശങ്ങൾ അനുസരിച്ച് സിൻഡിക്കേററ് പ്രവർത്തിക്കണമെന്ന് നിർബന്ധമുണ്ട്. അതനുസരിച്ചു യൂണിവേഴ്സിററി സിൻഡിക്കേററ് പ്രവർത്തിക്കാതിരുന്നാൽ അവ നടപ്പിൽ വരുത്തുന്നതിലേക്ക് വേണ്ട സകല അധികാരങ്ങളും ഗവൺമെൻറിന് പ്രയോഗിക്കാം. ഇതെല്ലാം യൂണിവേഴ്സിററി ആക്ററിൻെറ ൩൩-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ററ് യൂണിവേഴ്സിററിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിൻെറ ആമുഖത്തിലും ഗവൺമെൻറിൻെറ നിയന്ത്രണാധികാരത്തെപ്പററി എടുത്തു പറഞ്ഞിട്ടുണ്ട്.

സർ, ഇങ്ങനെ ഈ ഹൗസിൻെറ പരമാധികാരത്തിനും, ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തോളം ഗവൺമെൻറിൻെറ നിയന്ത്രണത്തിനും, വിധേയമായി മാത്രമാണു യൂണിവേഴ്സിററി ഒരു സ്വയംഭരണാധികാരമുള്ള സ്ഥാപനമായിരിക്കുന്നതു്. യൂണിവേഴ്സിററി ഗവൺമെൻറിൻെറ പൂർണ്ണമായ ഭരണത്തിൽ ഇരിക്കുന്നതു് ഒരിക്കലും ശരിയല്ല. അതുപോലെ തന്നെ ആക്ററിനു വിധേയമായുള്ള യൂണിവേഴ്സിററിയുടെ ദൈനംദിനപ്രവർത്തനങ്ങളിലും ഗവൺമെൻേറാ ഈ ഹൗസോ കൈകടത്തുന്നതും ശരിയല്ല. യൂണിവേഴ്സിററിയുടെ അന്തസ്സും അഭിമാനവും പ്രവർത്തനസ്വാതന്ത്ര്യവും സംരക്ഷിക്കേണ്ടതു്. അതേസമയം തന്നെ നിയമത്തിൻെറ ഉദ്ദേശങ്ങൾക്കും, ഗവൺമെൻറു സംവിധാനം ചെയ്യുന്ന വിദ്യാഭ്യാസനയത്തിനും അനുസരണമായി യൂണിവേഴ്സിററിയും പ്രവർത്തനം നടത്തണം. ഇവരണ്ടും സാധിക്കുന്നതിലേക്കായി ആക്ററിൽ അത്യാവശ്യമെന്നു തോന്നുന്ന വ്യത്യാസങ്ങൾ വരുത്തി യൂണിവേഴ്സിററിയുടെ ഭരണസമിതികളായ സിൻഡിക്കേററിനെയും സെനററിനേയും ഉടച്ചുവാർക്കണം. ഈ യൂണിവേഴ്സിററി സ്ഥാപിക്കുമ്പോൾ പല പ്രത്യേക താൽപര്യങ്ങളേയും പരിഗണിച്ചാണ് ഒരു സെനററ് രൂപീകരിച്ചതു്. ആവക താൽപര്യങ്ങളൊന്നും ഇപ്പോൾ നിലവിലിരിക്കുന്നില്ല. സെനററിലും സിൻഡിക്കേററിലും എഡ്യൂക്കേഷൻ കാര്യത്തിൽ

വേണ്ട സാങ്കേതിക അറിവും വൈദഗ്ദ്ധ്യവും ഉള്ള ഒന്നാംകിട ആളുകൾ ഉണ്ടായിരിക്കണം. സെനററിൽ ഈ സഭ ശരിയായി പ്രതിനിധീകരിച്ചിരിക്കണം.

സർ, ഇതിനുമുമ്പ് ഈ യൂണിവേഴ്സിററിയുടെ വൈസ് ചാൻസലർ ഈ രാജ്യം ഭരിച്ചിരുന്ന ദിവാനായിരുന്നു. രാജ്യഭരണത്തിൽ അധികാരമുള്ളവർ ആ സ്ഥാനത്തിരിക്കുക പല രാജ്യത്തും പതിവുണ്ട്. യൂണിവേഴ്സിററികൊണ്ടുദ്ദേശിക്കുന്ന കാര്യങ്ങൾ സാധിക്കുന്നതിലേക്ക് അനൌപചാരികമായി വേണ്ട ഉപദേശവും പ്രചോദനവും നൽകുന്നതിലേയ്ക്കു അതു സഹായകമാകും. ഒരു ജനകീയ ഗവൺമെൻറിൽ വിദ്യാഭ്യാസവകുപ്പിൻെറ ചുമതല വഹിക്കുന്നതു് എഡ്യൂക്കേഷൻ മിനിസ്റ്ററാണ്. പല രാജ്യങ്ങളിലും എഡ്യൂക്കേഷൻ മിനിസ്റ്റർ ആയിരിക്കും യൂണിവേഴ്സിററിയിലെ വൈസ് ചാൻസലർ. ഇവിടെയും എഡ്യൂക്കേഷൻ മിനിസ്റ്ററെ യൂണിവേഴ്സിററിയുടെ വൈസ് ചാൻസലര ആക്കുന്നതു് കാര്യക്ഷമവും ആശാസ്യവുമായിരിക്കുമെന്നാണ് പറയുന്നതു്.

MR. PRESIDENT : എനിക്ക് ഒരു പ്രസ്താവന ചെയ്യാനുണ്ട്. അസംബ്ലി റൂൾസ് ൪൬ അനുസരിച്ചു നിയമസഭയിൽനിന്നും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയിലേക്ക് ഏഴംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതായുണ്ട്. അതിൽ ഫൈനാൻസ് മിനിസ്റ്റർ എക്സ് അഫിഷ്യോ മെമ്പർ ആയിരിക്കും. ബാക്കി ആറു് അംഗങ്ങളെ തെരഞ്ഞെടുക്കണം. കൂടാതെ യൂണിവേഴ്സിററി സെനററിലേക്ക് അഞ്ചു മെമ്പറന്മാരെ തെരഞ്ഞെടുക്കാനുണ്ട്. തെരഞ്ഞെടുപ്പുകൾക്കുള്ള നാമനിർദ്ദേശങ്ങൾ ആഗസ്റ്റ ൧൭-ാം തീയതി ഉച്ചക്കു ഒരു മണിക്കു മുമ്പു അസംബ്ലി സെക്രട്ടറിയെ ഏല്പിക്കേണ്ടതും തെരഞ്ഞെടുപ്പ് ആഗസ്റ്റ ൨൧-ാം തീയതി ൫ മണിക്കു സഭ പിരിഞ്ഞതിനുശേഷം ഡെപ്യൂട്ടി പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ നടത്തുന്നതുമായിരിക്കും.

സഭ ഇപ്പോൾ പിരിയുന്നതും ആഗസ്റ്റ് ൧൭-ാം തീയതി ബുധനാഴ്ച രാവിലെ ൧൧ മണിക്കു വീണ്ടും കൂടുന്നതുമാണ്.

The House rose at 5 P. M.

R. KERALA VARMA THIRUMULPAD,
Ag.: Secretary to the Legislative Assembly.

PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION 1948/1124.

VOL. II—No. 11.

Wednesday, the 18th August 1948/2nd Chingom 1124.

The Travancore Legislative Assembly met in the Legislative Chamber, public offices, at eleven of the clock on Wednesday, the 18th August 1948/ nd Chingom 1124, with the President (the Hon'ble Mr. A. J. John) in the chair.

QUESTIONS AND ANSWERS.

ഫീൽഡാഫീസറന്മാർ.

364. **MR. P. K. KRISHNAN SASTRI** (*Meenachil II—Pulaya*): അടിയിൽ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്ക സമുദായങ്ങളുമായി ഏററവും അടുത്തു പെരുമാറാൻ സൌകര്യമുള്ള ഫീൽഡാഫീസറന്മാർക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE. MR. G. RAMACHANDRAN: ഫീൽഡാഫീസറന്മാർക്ക് ഇപ്പോൾ തന്നെ അവരുടെ ജോലികൾ ശരിയായി നടത്തിക്കൊണ്ടു പോകാനുള്ള അധികാരങ്ങൾ നൽകിയിട്ടുണ്ട്. അതിനാൽ തൽക്കാലം കൂടുതൽ അധികാരം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

MR. P. K. KRISHNAN SASTRI: ഇന്നത്തെ നിലയിൽ ഫീൽഡാഫീസർമാർക്ക് പിന്നോക്ക സമുദായങ്ങളുമായി പെരുമാറുവാൻ വേണ്ടിടത്തോളം സൗകര്യം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE. MR. G. RAMACHANDRAN: കുറേക്കൂടി അധികാരം കൊടുത്താൽ അതിനു പരിഹാരം ഉണ്ടാകുമെന്നു ഗവണ്മെൻറിനു തോന്നുന്നില്ല.

വൈദ്യസഹായം.

365. MR. T. T. KESAVAN SASTRI (*Kunnathunad I—Puraya*): കുന്നത്തുനാട്ട താലൂക്കിൽചേർന്ന, പെരിയാററിന്റെ വടക്കേക്കരെയ്ക്ക് യാതൊരു ഗവർമ്മെന്റു വൈദ്യസഹായങ്ങളുമില്ലാതെ സ്ഥലവാസികൾ സങ്കടപ്പെടുന്ന വിവരവും, ഒരു ഡിസ്പെൻസറി സ്ഥാപിച്ചു സഹായിക്കേണ്ട വിവരവും പൊതുജനങ്ങൾ ചേർന്ന ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഗവർമ്മെന്റിൽ നിന്നും അതിന് എന്തു നടപടികൾ നടത്തിയെന്നും പറയുവാൻ ദയവുണ്ടാകുമോ ?

HON' BLE MR. G. RAMACHANDRAN : ഉണ്ട്. അത് ഗവർമ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണ്.

കുട്ടനാട്ടു വെള്ളപ്പൊക്കം.

366. MR. T. T. KESAVAN SASTRI : കുട്ടനാട്ട് ചേർന്ന കൈനകരി, പുളിംകുന്ന്, രാമൻകരി, വെളിയനാട്, മുതലായ സ്ഥലങ്ങളിലെ വെള്ളപ്പൊക്കം നിമിത്തം വീടുകൾ ഒഴുകിപ്പോയും, താമസസൗകര്യങ്ങൾ നഷ്ടപ്പെട്ടും സങ്കടപ്പെടു കൂലിവേലത്തൊഴിലാളികളുടെ സങ്കടം ഗവർമ്മെന്റു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും, ഗവർമ്മെന്റിൽ നിന്നും ഇവർക്ക ഏതെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ എന്നും പറയുവാൻ ദയവുണ്ടാകുമോ. ?

HON'BLE. MR. A. THANU PILLAI : Government have not received any reports regarding the matter as far as the present season is concerned.

കമ്പൗണ്ടിംഗ് ക്ലാസ്.

367. MR. T. T KESAVAN SASTRI : മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ പുതിയതായി ആരംഭിച്ചിട്ടുള്ള കമ്പൗണ്ടിംഗ് ക്ലാസിൽ പ്രവേശനം അനുവദിച്ചിട്ടുള്ള അദ്ധ്യേതാക്കളുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങനെയെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE. MR. G. RAMACHANDRAN : പ്രവേശനം അനുവദിച്ചിട്ടുള്ള അദ്ധ്യേതാക്കളുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

Hindu		*Christian*	
Brahmin	I	Syrian Catholic	2
Nadar	1		
		Latin Catholic	2

Ezhava	4	Jacobite	2
Nair	6	S. I. U. C.	4
Vellala	1	Marthomite	2
Pulaya	1	Muslim	1
Other Hindus	3		30

വിമുക്തഭടന്മാരുടെ നിയമനം.

368. **MR. T. T. KESAVAN SASTRI** : വാർസർവീസുകാരായ എത്ര അപേക്ഷകർക്കു ഇതേവരെ ഗവൺമെന്റു സർവീസിൽ ജോലികൊടുത്തിട്ടുണ്ടെന്നും, അവർ യഥാക്രമം ഏതെല്ലാം ജാതിക്കാരാണെന്നും, ഏതെല്ലാം ജോലികളിലാണിവരെ നിയമിച്ചിട്ടുള്ളതെന്നും പറയാൻ ദയവുണ്ടാകുമോ?

HON' BLE. MR. C. KESAVAN : ൧൧൨൧ ജൂൺമാസംവരെ ഗവൺമെന്റുസർവീസിൽ റിക്രൂട്ടുചെയ്ത വിമുക്തഭടന്മാരുടെ എണ്ണം ൨൧൫൧ ആണ്. ഈ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടില്ല. അവയുടെ പൂർണ്ണവിവരങ്ങൾ മാസാമാസം ഗസററിൽ പരസ്യപ്പെടുത്തുന്നുണ്ട്. അതിൽനിന്ന് അറിയാൻ കഴിയുന്നതാണ്.

MR. T. T. KESAVAN SASTRI : ആകെ നിയമിച്ചിട്ടുള്ളവരിൽ സ്ത്രീകൾ എത്ര, പുരുഷന്മാരെത്ര എന്നു പറയുമോ?

HON' BLE. MR. C. KESAVAN : നോട്ടീസുവേണം.

MR. T. T. KESAVAN SASTRI : നിയമിച്ചിട്ടുള്ളവരുടെ ലിസ്റ്റാണോ ഗസററിൽ പരസ്യംചെയ്തിട്ടുണ്ടെന്നു പറഞ്ഞതു്, അതോ നിയമിക്കാൻ പോകുന്നവരുടെ ലിസ്ററാണോ?

HON' BLE. MR. C. KESAVAN: നിയമിച്ചിട്ടുള്ളവരുടെ ലിസ്ററാണു.

MR. K. A. MUHAMMED (*Quilon IV—Muslim*) : ഇപ്പോൾ നടക്കുന്ന നിയമനങ്ങളിൽ എത്ര ശതമാനമാണു വിമുക്തഭടന്മാർക്കു കൊടുക്കുന്നതു്?

HON' BLE MR. C. KESAVAN : കുറേക്കാലത്തേക്കു് വിമുക്തഭടന്മാർക്കു തന്നെ ഉദ്യോഗങ്ങൾ കൊടുത്തിരുന്നു. അടുത്തകാലത്തു് അതിനു മാററംവരുത്തി, സമുദായങ്ങളോടൊപ്പം റൊട്ടേഷൻ അനുസരിച്ചു് അവരെക്കൂടി നിയമിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നു.

തിരുവിതാംകൂർ നാളികേരക്കമ്മിററി ആക്ട്

369. MR. MOHAMMED MUSTAFA (*Pathanapuram Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ നാളികേരക്കമ്മിററി ആക്ട് (൧൧൨൩) നടപ്പിൽ വരുത്തിയതിനുശേഷം ആ നിയമപ്രകാരം ഇതുവരെ സെസ്സ് ഇനത്തിൽ ഗവണ്മെൻറ് ആകെ എത്ര തുക വസൂൽ ചെയ്തിട്ടുണ്ട്?

(ബി) ഈ തുക എങ്ങിനെ വിനിയോഗിക്കുന്നു?

HON'BLE. MR. T. M VARGHESE : (എ) തിരുവിതാംകൂർ നാളികേരക്കമ്മിററി ആക്ട് ൧൧൨൩-ൽ നടപ്പിൽ വരുത്തിയശേഷം ഇതുവരെ ആകെ ൬,൬൫,൩൭൫ രൂപാ ൧൨ ചക്രം ൬ കാശു വസൂൽ ചെയ്തിട്ടുണ്ട്.

(ബി) ഈ തുകയിൽ പിരിവിന് ചെലവായ തുക നീക്കി, ബാക്കി നാലുലക്ഷം രൂപാ മിച്ചമുള്ളതു് ഇൻഡ്യൻ സെൻട്രൽ കോക്കനട് കമ്മിററിക്ക് കൊടുത്തിട്ടുണ്ട്. അതു തെങ്ങിൻെറ രോഗനിവാരണത്തിനുവേണ്ട മാർഗ്ഗങ്ങൾ അന്വേഷിക്കാനും, തേങ്ങയുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും നല്ല കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനും, കൊപ്രാ, വെളിച്ചെണ്ണ, പിണ്ണാക്ക്, മുതലായവ വിററഴിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനുംമററുമായി സെൻട്രൽകമ്മററി ചിലവാക്കുന്നു.

MR. K. A. MUHAMMED : ഇൻഡ്യാഗവണ്മെൻറിൻെറ സെൻട്രൽ കോക്കനട്ട് കമ്മററിയല്ലേ റിസർച്ചുംമററും നടത്തുന്നതു്? നേരേമറിച്ച് ഈ സെസ്സുമൂലം കിട്ടുന്നപണം ഇതിൻെറ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനല്ലേ ചെലവാക്കേണ്ടതു്?

HON'BLE. MR. T.M. VARGHESE : സെൻട്രൽ കോക്കനട് കമ്മിറ്റിയിൽ ൫൦ ശതമാനംതുക തിരുവിതാംകൂർ ഗവണ്മെൻറും, ബാക്കി ൫൦ ശതമാനംതുക ഇൻഡ്യാഗവണ്മെൻറും കൂടി എടുത്താണു പ്രവർത്തനം നടത്തുന്നതു്. ഈ പണം ഉപയോഗിച്ചാണ് ഈ കമ്മിററി തെങ്ങിനെയും തേങ്ങയെയുംപററി പൊതുവെ റിസർച്ചുചെയ്യുന്നതിനും തെങ്ങിൻെറ രോഗം കണ്ടുപിടിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നതു്. ഈ കാര്യങ്ങൾക്കുമാത്രമേ കമ്മിററിക്കാർ ആ പണം ചെലവാക്കുന്നുള്ളു. വ്യവസായവും കമ്മിററിയുമായി യാതൊരു ബന്ധവുമില്ല.

MR. T. A. ABDULLA :(*Ambalapuzha I—Muslim*) : ഈ സെസ്സ് ഫാക്ടറി ആക്ടിൽ ഉൾപ്പെടാത്ത മില്ലുകളിൽ നിന്നു പിരിക്കുന്നുണ്ടോ?

HON' BLE. MR. T. M. VARGHESE : ഫാക്ടറി ആക്ടിൽ ഉൾപ്പെട്ട മില്ലുകളിൽനിന്നു മാത്രമെ പിരിക്കുന്നുള്ളു എന്നാണു ഗവണ്മെന്റിന്റെ അറിവു്.

Sea Boats.

370 MR. P. S. MUHAMED (*Moovattupuzha I—Muslim*) : Will the Honourable Minister for Marine be pleased to state:

(*a*) whether it is brought to the notice of the Government that two sea boats of the Government were broken recently ;

(*b*) if so, whether Government be pleased to state the reasons fcr breakage ; and

(*c*) whether Government made any investigation on it and if so, what are the results and who is responsible for the same ?

HON' BLE. MR. T. M. VARGHESE : (എ) ലാൻറിംഗ് ആൻറു ഷിപ്പിംഗ്ഫീസു കമ്മിററിവക രണ്ടുബോട്ടുകൾ അടുത്തകാലത്തു കടലിൽ നശിച്ചിട്ടുണ്ടു്.

(ബി). അങ്ങനെ നഷ്ടപ്പെടുവാൻ കാരണം ൧൯൪൯ ജൂൺ ൯-ാംനു രാത്രിയിൽ അവിചാരിതമായി ഉണ്ടായ ഭയങ്കരമായ മഴയും കോളിളക്കവുമാണു്. വള്ളം പിടിച്ചു കെട്ടുവാൻ ശ്രമം ചെയ്തുവെങ്കിലും കാററിന്റെ ശക്തിമൂലം ആ കെട്ടു ഉറപ്പിക്കുവാൻ കഴിഞ്ഞില്ല.

(സി). ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടു്. കാററും കോളുമുണ്ടായി പ്രതിവിധി ചെയ്യാൻ കഴിഞ്ഞിടത്തോളം ചെയ്തുവെങ്കിലും ആ പ്രതിവിധികളൊന്നും മതിയാകാത്ത വിധത്തിൽ കോളിളക്കത്തിന്റെ ശക്തിനിമിത്തം ഈ ബോട്ടുകൾ നഷ്ടപ്പെട്ടിട്ടുള്ളതാണു്. വള്ളം നഷ്ടപ്പെട്ടതിൽ ഗവണ്മെന്റിനു നേരിട്ടുള്ള നഷ്ടമൊന്നുമില്ല. ആലപ്പുഴയുള്ള ലാൻറിംഗ് ആൻറു ഷിപ്പിംഗ് ഫീസു കമ്മിററിയുടെ വകയാണു് ആ ബോട്ടുകൾ. അതു നഷ്ടപ്പെട്ടതു കൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം ഗവണ്മെന്റിനു നഷ്ടമാണു എന്ന രീതിയിൽ നഷ്ടമുണ്ടാകുന്നയുള്ളു. ഈ വള്ളങ്ങൾ ഉണ്ടാക്കുവാൻ ഗവണ്മെന്റു കുറെ രൂപാ കടം കൊടുത്തിട്ടുണ്ടു്. പലിശക്കാണു്. അതിൽ ൧൪,൦൦൦ രൂപാ തിരിച്ചു കിട്ടിയിട്ടുണ്ടു. ബാക്കി കിട്ടുവാനുള്ളതു കൃത്യമായി ഈടാക്കത്തക്ക വ്യവസ്ഥയും ചെയ്തിട്ടുണ്ടു്. ആ നിലയിൽ ഗവണ്മെന്റിനു നേരിട്ടുള്ള നഷ്ടമൊന്നും ഇതുകൊണ്ടു ഉണ്ടാകാനില്ല.

MR. P. S. MUHAMMED: ഈ വള്ളങ്ങൾ സൂക്ഷിക്കേണ്ടതു് ഈ ഫിഷറീസ് കമ്മിററിയുടെ ചുമതലയാണോ, അതോ ഗവൺമെൻറു ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണോ?

HON'BLE. MR. T. M. VARGHESE.: ഗവൺമെൻറു ഉദ്യോഗസ്ഥന്മാരാണു അതിനു ചുമതലപ്പെട്ടിരിക്കുന്നതു്.

MR. K. R. ELANKAT (*Trivandrum IV—General*) : കമ്മിററിക്കു കടംകൊടുത്തതുക എത്രയാണെന്നു പറയാമോ?

HON'BLE. MR. T. M. VARGHESE : മൂന്നു ലക്ഷം രൂപാ കടം കൊടുത്തിട്ടുണ്ടു്.

Accounts of the food Department.

371. MR. PAUL THALIATH (*Parur II—General*): Will the Honourable Minister for food be pleased to state :

(*a*) whether the accounts of 1120, 1121 and 1122 of the purchasing and distributing sections of the Food department have been audited ?

(*b*) if the answer to (a) is in the affirmative whether the audit officers have submitted reports;

(*c*) if the answer to (b) is in the affirmative whether any loss has been sustained by Government due to the negligence of any of the officers of the department; and

(*d*) if the answer to (c) is in the affirmative the names of such officers and the accounts so lost by such officers respectively ?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) Audit reports for period ending 1120 have been submitted to Government separately for each food grains Depot, except in certain cases where the matter is under further correspondence. Audit reports for 1121 and 1122 are under preparation.

(*c*) No.

(*d*) Does not arise in view of the answer to C.

MR. PAUL THALIAT : ഉദ്യോഗസ്ഥന്മാരുടെ കുററംകൊണ്ടു് ഗവൺമെൻറിനു ഒരു സംഖ്യയും നഷ്ടപ്പെട്ടിട്ടില്ലെന്നാണോ പറയുന്നതു്?

HON'BLE MR. K. M. KURAH : എന്നു പറഞ്ഞില്ല. ആ റിപ്പോർട്ട് ആഗസ്റ്റ് ൨-ാംന-യാണു് കിട്ടിയതു് എന്നാണു പറഞ്ഞതു്. ഇപ്പോൾ അതു പഠിച്ചുകൊണ്ടിരിക്കുകയാണു്.

വയ്ക്കം ബസ്സ്റ്റാൻറു്.

372. MR. V. MADHAVAN (*Vaikom II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വയ്ക്കം-കോട്ടയം ലൈനിൽ ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിൽനിന്നും എക്സ്പ്രസ് സർവീസു നടത്തുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ വയ്ക്കത്തു ഡിപ്പാർട്ടുമെൻറവക ബസ്സ് സ്റ്റാൻറുണ്ടോ?

(സി) വയ്ക്കത്തു രാത്രിയിൽ ബസ്സ് സൂക്ഷിക്കുന്നുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എവിടെ സൂക്ഷിക്കുന്നു?

(ഇ) അവിടെ യാത്രക്കാർക്ക് ഇരിക്കുന്നതിനു വല്ല സൗകര്യവും ചെയ്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : (*a*) Yes.

(*b*) No.

(*c*) Yes.

(*d*) In the Taluk Co-operative buildings as a temporary measure.

(*e*) No.

MR. V. MADHAVAN : അവിടെ യാത്രക്കാർക്കു ഇരിക്കാൻ സ്ഥലസൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : ഷെഡ്ഡും യാത്രക്കാർക്കു ഇരിക്കാനുള്ള സ്ഥലവും അഞ്ചലാഫീസുകാര്യാലയങ്ങളിൽ പണിയാൻ ആലോചിച്ചുവരുന്നു. അവിടെ കെട്ടിടം പണി കഴിയുമ്പോൾ ഈ സൗകര്യമെല്ലാം ഉണ്ടാകുന്നതാണ്.

MR. V. MADHAVAN : ഷെഡ്ഡ് ഇല്ലാത്തതുകൊണ്ടു ഒരു കണ്ടക്ടരുടെ കയ്യിലുണ്ടായിരുന്ന പണം മോഷണം പോയതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. K. A. MATHEW (*Thiruvalla IV—General*) : ഷെഡ്ഡില്ലാത്തതിനാൽ ബസ്സുകൾ മഴ നനഞ്ഞു എളുപ്പത്തിൽ നാശപ്പെടുകയില്ലേ?

HON'BLE MR. A. ATCHUTHAN : ഇപ്പോൾ കോവാപ്പറേറ്റിവു സൊസൈററി ബിൽഡിംഗിൽ ബസ്സുകൾ സൂക്ഷിച്ചുവരുന്നു. എത്രയും വേഗത്തിൽ പുതിയ കെട്ടിടം പണിയിപ്പിച്ചു ബസ്സുകൾ അങ്ങോട്ടേക്കു മാററുവാൻ ശ്രമിച്ചുവരികയാണ്.

Forest lands assigned to Forest Industries, Travancore Ltd.

373. MR. PAUL THALIAT : Will the Honourable Minister for Indutsries be pleased to state,

(*a*) whether any forest lands have been assigned to Forest Industries, Travancore Ltd.

[Mr. Paul Thaliat]

(*b*) if the answer to (a) is in the affirmative the total acreage so given;

(*c*) whether any agreement has been executed with this company with regard to this transfer of lands; and

(*d*) if the answer to (c) is in the affirmative will the Government be pleased to place a copy of the same on the table?

HON'BLE MR T. M. VARGHESE : വനത്തിൽ ഒരു ഭാഗവും തിരുവിതാംകൂർ ഫാറസ്റ്റ് ഇൻഡസ്ട്രീസിനു് അസൈൻ ചെയ്തു കൊടുത്തിട്ടില്ല. എന്നാൽ മലയാറ്റൂർ റിസർവിന്റെ ഏതാനും ഭാഗം വനത്തിൽനിന്നും തടി വെട്ടുവാനുള്ള അവകാശം ആ കമ്പനിക്കു കൊടുത്തിട്ടുണ്ടു്

(ബി) ൧൧൨ സ്ക്വയർ മൈൽ.

(സി) തടി വെട്ടുന്നതിനായി മേല്പടി കമ്പനിക്കാരുമായി ഒരു എഗ്രിമെൻറു് എഴുതി വച്ചിട്ടുണ്ടു്.

(ഡി) അതിന്റെ പകർപ്പു് മേശപ്പുറത്തു വച്ചിരിക്കുന്നു.

MR. PAUL THALIAT : തടി വെട്ടിക്കഴിഞ്ഞശേഷം ഈ വനഭൂമി ഗവൺമെന്റിലേക്കു തിരികെ കിട്ടത്തക്ക വല്ല വ്യവസ്ഥയുമുണ്ടോ?

HON'BLE MR. T. M. VARGHESE : തടി മാത്രമേ കൊടുത്തിട്ടുള്ളു. ആ നിലയിൽ ഒരു വ്യവസ്ഥയും കൂടാതെതന്നെ ആ വനഭാഗങ്ങളെ ഗവൺമെന്റുസ്ഥലം എന്നപോലെതന്നെ കരുതാവുന്നതാണു്.

MR. K. A. MUHAMMED : എഗ്രിമെന്റനുസരിച്ചു ഫെർട്ടിലൈസേഴ്സ് ആൻറു് കെമിക്കൽസ് കമ്പനിക്കു മാത്രമേ വിറകു വിൽക്കുവാൻ പാടുള്ളു എന്നു വ്യവസ്ഥ ചെയ്തിരിക്കെ, വേറെ ആളുകൾക്കും ഈ ഫാറസ്ററു ഇൻഡസ്ട്രീസ് കമ്പനി വിറകു വിൽക്കുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

HON'BLE MR. T. M. VARGHESE : ഗവൺമെന്റിനു അതേപ്പറ്റി അറിവില്ല.

MR. PAUL THALIAT : തടിയും വിറകും എടുത്തതിനുശേഷം റീപ്ലാൻറു ചെയ്യുവാൻ എഗ്രിമെൻറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അങ്ങനെ വ്യവസ്ഥയില്ല.

MR. K. A. MUHAMMED : ദിവസംതോറും ഇത്ര ടൺ വിറകു് കമ്പനിയെ ഏല്പിക്കണമെന്നുണ്ടല്ലോ, ആ വിറകെല്ലാം കമ്പനി ഉപയോഗിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ആവശ്യമുള്ള വിറകുതന്നെ കിട്ടുന്നില്ല എന്നു കമ്പനിക്കു പരാതിയുണ്ട്. അവിടെ ശരിയായ പ്രൊഡക്ഷൻ ഉണ്ടാകാത്തതിന്റെ കാരണങ്ങളിൽ ഒന്ന് ആവശ്യമുള്ളിടത്തോളം വിറക് തക്കസമയത്തു കിട്ടുന്നില്ലെന്നുള്ളതാണ്. എന്നാൽ അടുത്തകാലത്തു് ആവശ്യമുള്ള വിറക് കിട്ടിവരുന്നുണ്ടെന്നു ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ് കമ്പനിക്കാരിൽനിന്നു അറിവു കിട്ടിയിട്ടുണ്ട്.

MR. K. A. MOHAMMED : എസ്റ്റിമേററനുസരിച്ചുള്ള പ്രൊഡക്ഷൻ ഉണ്ടാകാത്തതു വിറകിന്റെ കുറവുകൊണ്ടാണോ? അതോ മിഷ്യനറിയുടെ കുഴപ്പം കൊണ്ടാണോ?

HON'BLE MR. T. M. VARGHESE : കാരണങ്ങളിൽ ഒന്ന് വിറകിന്റെ കുറവാണെന്നേ പറഞ്ഞിട്ടുള്ളു. മിഷ്യനറിയുടെ ചില ദൂഷ്യങ്ങളും ഉണ്ടായിരുന്നു. അവയെല്ലാം എക്സ്പേർട്ടിനെ വരുത്തി പരിശോധിപ്പിക്കുകയും നീക്കുകയും ചെയ്തിട്ടുണ്ട്.

MR. P. K. KUNJU (*Karunagapalli II—Muslim*) : തടി വെട്ടി ഇറക്കുന്നതിന് ഇത്ര കൊല്ലത്തേക്കു എന്നു കാലാവധി വല്ലതും നിശ്ചയിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ആ വ്യവസ്ഥ മേശപ്പുറത്തു വച്ചിട്ടുണ്ട്. കാലാവധി നിശ്ചയിച്ചിട്ടുണ്ടെന്നു അതിൽനിന്നു കാണാവുന്നതാണ്.

MR. K. A. MOHAMMED : ഫാറസ്റ്റ് ഇൻഡസ്ട്രീസിന് തടി ആലുവായ്ക്കു കൊണ്ടുപോകുന്നതിനായി ഡ്രഡ്ജറുകൾ കൊടുത്തിട്ടുണ്ടോ

HON'BLE MR. T. M. VARGHESE : കൊടുത്തിട്ടുണ്ട്.

MR. K. A. MOHAMMED : ആ ഡ്രഡ്ജറുകൾ മററുചില ആവശ്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നു എന്നു കേൾക്കുന്നതു വാസ്തവമാണോ?

HON'BLE MR. T. M. VARGHESE : ആ ആവശ്യത്തിനു മാത്രമല്ല, ഡ്രഡ്ജറുകൾ കൊടുത്തിട്ടുള്ളതു്. ഇപ്പോൾ കുട്ടനാട്ടിലെ കൃഷിക്കു ഡ്രഡ്ജറുകൾ ഉപയോഗിച്ചുവരുന്നുണ്ട്. അവിടത്തെ എക്കൽ എടുത്തു മാററുവാൻ വേണ്ടി ഡ്രഡ്ജറുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ കുന്നത്തുനാട്ടിലുള്ള ലിഫ്ററ ഇറിഗേഷൻ സംബന്ധിച്ചുള്ള ജോലികൾക്കും ഡ്രഡ്ജറുകൾ ഉപയോഗിച്ചുവരുന്നുണ്ടെന്നും ഗവണ്മെൻറിനറിയാം. ഇങ്ങനെ രണ്ടുമൂന്നു കൊല്ലങ്ങളായി മററാവശ്യങ്ങൾക്കുവേണ്ടിയും ഡ്രഡ്ജ

[Hon'ble Mr. T. M. Varghese]

റുകൾ ഉപയോഗിച്ചുവരുന്നു. കൂടാതെ ചവറയിൽ മിനറൽസു എടുക്കുന്ന സ്ഥലം വളരെ കുറവായതുകൊണ്ടും നിവൃത്തിയുള്ളിടത്തോളം വളരെ കുറച്ചു സ്ഥലങ്ങൾ മാത്രമേ മിനറൽസ് എടുക്കുവാൻവേണ്ടി ഉപയോഗപ്പെടുത്താവൂ എന്നു അവിടത്തെ ആളുകളുടെ പരാതിയുടെ ഫലമായി ഗവണ്മെൻറു അന്വേഷണം നടത്തി നീണ്ടകരയും അടുത്തുതന്നെ ഒരു മിനറൽ ഡിപ്പോ ഉണ്ടെന്നു കണ്ടുപിടിക്കപ്പെട്ടതുകൊണ്ടും ഒരു ഡ്രഡ്ജർ രണ്ടുമൂന്നുദിവസത്തിനകം അവിടെ പരുവാൻ ഏർപ്പാടു ചെയ്തിട്ടുമുണ്ട്. ഫാറസ്റ്റു ഇൻഡസ്ട്രീസു കമ്പനിക്കാരുടെ ആവശ്യത്തിനു മാത്രമല്ല ഡ്രഡ്ജറുകൾ വിട്ടുകൊടുത്തിട്ടുള്ളതു്.

MR. K. A. MOHAMMED: ഡ്രഡ്ജറുകൾ ആവശ്യത്തിനുകിട്ടാത്തതുകൊണ്ടു ഇറിഗേഷൻ ജോലിക്കു കുഴപ്പമുണ്ടാകുന്നുണ്ടെന്നുള്ളവിവരം ഗവണ്മെൻറിനറിയാമോ?

MR. PRESIDENT : ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

MR. ABDUL AZIZ (*Trivandrum I—Muslim*) : വിറകിനുള്ള തടി അല്ലാതെ മററാവശ്യങ്ങൾക്കും ഉള്ള തടികൾ അവർ അവിടെനിന്നും വെട്ടുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : വിൽക്കാൻ കൊള്ളാവുന്ന തടികൾ എല്ലാം വെട്ടുന്നുണ്ട്, വിൽക്കുന്നുമുണ്ട്.

MR. T. A. ABDULLA : ഫാറസ്റ്റ് ഇൻഡസ്ട്രീസ് വിൽക്കുന്ന തടിക്കുള്ള വിലയും മാർക്കററുവിലയും തമ്മിൽ വലിയ അന്തരമുണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അതു ഗവണ്മെൻറിനറിവില്ല. അങ്ങനെ പരാതി വന്നതുകൊണ്ടു അതിനെപ്പററി അന്വേഷണം നടത്തിയതിൽ യാതൊരു അന്തരവും ഇല്ലെന്നുള്ള വിവരമാണ് ഗവണ്മെൻറിനു കിട്ടിയതു്.

MR. T. A. ABDULLA : ഒരു ടൺ വിറകിനു് ഒരുരൂപാ എന്ന വിലയല്ലേ ഇപ്പോൾ അവിടെ വിററുവരുന്നതു്?

HON'BLE MR. T. M. VARGHESE : അതെ.

MR. T. A. ABDULLA : ആലുവാ മുതലായ സ്ഥലങ്ങളിൽ ഒരു ടൺ വിറകിനു് ൨൫ രൂപാ വിലയുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : വിറകു വെട്ടുന്ന സ്ഥലത്തെ വിലയാണു ഈ ഒരു രൂപാ. ആലുവായിലെ വിലയും ഈ സ്ഥലത്തെ വിലയും തമ്മിൽ താരതമ്യപ്പെടുത്തുന്നതു ശരിയല്ല.

MR. T. A. ABDULLA : ആ വിറക് ആലുവായിൽനിന്ന കൊണ്ടുവരുന്നതിന എത്ര രൂപായുടെ ചെലവു വരുമോ?

HON'BLE MR. T. M. VARGHESE : അതേപ്പററി അന്വേഷിച്ചില്ല.

MR. P. T. CHACKO (*Kottayam II—General* : ഫാറസ്റ്റ് ഇൻഡസ്ട്രീസുകാർ വിറകുവെട്ടുന്ന ജോലി മററാളുകൾക്കു കൊടുത്തിരിക്കുകയാണെന്ന അറിയാമോ:

HON'BLE MR. T. M. VARGHESE : അങ്ങനെ ചെയ്തിട്ടുണ്ടാവും. എന്നാൽ ഗവണ്മെൻറുമായുള്ള എഗ്രിമെൻറിന് തടസ്സമില്ലാത്ത വിധത്തിലും അവർ ഏറെറടുത്തിരിക്കുന്ന ഉത്തരവാദിത്വത്തിന ഭംഗം വരാത്തവിധത്തിലും അതു ചെയ്തിരിക്കാം.

MR. P. T. CHACKO : ഈ വിറക പറവൂർ മുതലായ സ്ഥലങ്ങളിൽ കൊണ്ടുചെന്ന വിൽക്കുന്നുണ്ടെന്ന ഗവണ്മെൻറിനറിയാമോ?

MR. T. M. VARGHESE : ഗവണ്മെൻറിന അതേപ്പററി അറിവില്ല. അതിനെപ്പററി വേണ്ട അന്വേഷണം നടത്താം.

MR. PAUL A. THALIATH : വെട്ടി ഒഴിയുന്ന സ്ഥലത്ത് കൃഷി നടത്തുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതേ സംബന്ധിച്ച പൂർണ്ണമായ വിവരം എനിക്കറിഞ്ഞുകൂടാ. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജ വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി മി. സി. കേശവൻ അതേപ്പററി പറയുന്നതായിരിക്കും.

HON'BLE MR. C. KESAVAN : വെട്ടി ഒഴിയുന്ന സ്ഥലങ്ങൾ കൃഷിക്കു കൊടുക്കുന്നുണ്ട്. ടാങ്കിയോ സിസ്റ്റപ്രകാരമാണ കൊടുക്കുന്നതു്. കൂടാതെ ഗവണ്മെൻറിൽനിന്ന് നേരിട്ടും പ്ലാൻറു ചെയ്യുന്നുണ്ട്. പ്രധാനമായി നെൽകൃഷിക്കാണ സ്ഥലം വിട്ടുകൊടുക്കുന്നതു്.

MR. T. A. ABDUL : ഈ അന്വേഷണങ്ങൾ, അതായതു് തടി വിൽക്കുന്നതിനെ സംബന്ധിച്ചുള്ള അന്വേഷണങ്ങളും മററും ഗവണ്മെൻറിൽനിന്നമാത്രം ചെയ്യാതെ ജനപ്രതിനിധികളെക്കൂടി ചേർത്തു ചെയ്യുന്നതു നല്ലതാണെന്ന തോന്നുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതു നന്നാണെങ്കിൽ ഗവണ്മെൻറിന അതിൽ വിരോധമുണ്ടാകുമെന്ന തോന്നുന്നില്ല.

MR. VARGHESE AUGUSTIN (*Ambalapuzha III—General*) : കാട്ടിൽനിന്നും തടി കൊണ്ടുവരുമ്പോൾ ഇറോഷൻ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ നടത്തുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഈ ചോദ്യത്തിന് ഇതുസംബന്ധമായി ബന്ധമൊന്നുമില്ലെങ്കിലും ഉണ്ടെന്നാണ് മറുപടി.

രമണൻ—പാഠപുസ്തകം.

874. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഗവണ്മെന്റിൽനിന്നും ഈ വർഷത്തേക്ക് തിരഞ്ഞെടുത്ത 'രമണൻ' എന്ന പാഠപുസ്തകത്തെപ്പറ്റി നാട്ടിൽ ധാരാളം പ്രതിഷേധം ഉണ്ടെന്നുള്ള കാര്യം ഗവണ്മെന്റിനറിയാമോ ?

(ബി) പ്രസ്തുത പുസ്തകം പിൻവലിക്കുന്നതിന് എന്തു നടപടികൾ ഗവണ്മെന്റു കൈക്കൊണ്ടു ?

HON'BLE MR. T. M. VARGHESE : (എ) പ്രതിഷേധസൂചകമായി ചില ഹർജികൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്. എന്നാൽ ആ പരാതികളിൽ പറഞ്ഞിരിക്കുന്നതുപോലെ അത്ര ആക്ഷേപകരമായ വിധത്തിലാണ് അതിന്റെ രചനയും ഭാഷയുമെന്ന് ഗവണ്മെന്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. എങ്കിലും പരാതി ഉണ്ടായിരിക്കുന്നതുകൊണ്ട് പ്രതിഷേധാർഹങ്ങളെന്നു പറയപ്പെടുന്ന ഏതാനും ഭാഗങ്ങൾ പഠിപ്പിക്കേണ്ട എന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതു് ആക്ഷേപങ്ങൾ ശരിയാണെന്നു സമ്മതിച്ചതുകൊണ്ടല്ല.

(ബി) ഈ ബുക്ക് അപ്രൂവ് ചെയ്തതു ഈ ഗവണ്മെന്റല്ല. സെൻട്രൽ ടെക്സ്റ്റുബുക്ക് കമ്മിറ്റി ഇതു തേഡ്ഫാറത്തിലേക്ക് കൊള്ളാമെന്ന് നിർദ്ദേശിച്ചു. വളരെ വിശ്വാസവും ബഹുമാനവുമുള്ള പല ആളുകളും ചേർന്നിട്ടുള്ള ഒരു കമ്മിറ്റിയായിരുന്നു അതു്. കമ്മിറ്റിയുടെ പേരുവിവരം താഴെ പറയുന്നതാണ്.

(൧) മിസ്റ്റർ പി. അനന്തൻപിള്ള എം. ഏ.
(൨) മിസ്റ്റർ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
(൩) മിസ്റ്റർ ഒകനിക്കര എം. പത്മനാഭപിള്ള
(൪) ഡാക്ടർ കെ. ഗോദവർമ്മ
(൫) മിസ്റ്റർ എം. ആർ. കൃഷ്ണവാര്യർ
(൬) മിസ്റ്റർ ഏ. ശങ്കരപ്പിള്ള
(൭) മിസ്റ്റർ ഏ. എൻ. സത്യനേശൻ
(൮) മിസ്റ്റർ ജോൺ കട്ടക്കയം
(൯) മിസ്റ്റർ എം കേശവപ്പണിക്കർ

(൧൦) മിസ്റ്റർ ററി. ററി. കേശവൻശാസ്ത്രി
(൧൧) മിസ്റ്റർ ഷാഹുൽ ഹമീദ്
(൧൨) ശ്രീമതി ദേവകി അന്തർജ്ജനം

ഈ ആളുകൾ അടങ്ങിയ ടെക്സ്റ്റുബുക്കുകമ്മിററിയാണ ഃമന എന്ന പാഠപുസ്തകം തേഡ് ഫാറത്തിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതു്. ഈ പുസ്തകം അസഭ്യമെന്നോ ആക്ഷേപകരമെന്നോ ഗവണ്മെൻറിനു തോന്നിയിട്ടില്ല. എങ്കിലും പരാതികൾ ഉണ്ടായല്ലോ എന്നു കരുതി ആ ഏഴാം അദ്ധ്യായം പഠിപ്പിക്കേണ്ട എന്നു് നിർദ്ദേശിച്ചിട്ടുണ്ടു്.

MR K. A MATHEW : ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുകയും ടെക്സ്റ്റുബുക്കായി അംഗീകരിക്കുകയും ചെയ്തശേഷം അതിലെ ഏതാനും ഭാഗം വായിക്കേണ്ട എന്നു പറഞ്ഞാൽ വിദ്യാർത്ഥികൾ ആ ഭാഗംതന്നെ പ്രത്യേകം വായിക്കുമെന്നുള്ള വസ്തുത സൈക്കോളജി അറിയാവുന്ന ആരും സമ്മതിക്കുമെന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. M. VARGHESE : അതുകൊണ്ടാണു് അതു് വായിക്കുന്നതിനും തരക്കേടില്ല എന്നു പറഞ്ഞതു്.

MR. K. A. MATHEW : ആ പുസ്തകംതന്നെ മാറേറണ്ടതാണെന്നു ഗവണ്മെൻറിനു് തോന്നിയിട്ടുണ്ടോ. ? അഥവാ അതു മാററിയില്ലെങ്കിൽ ഇതിൽ പറയുന്ന ഏഴാം അദ്ധ്യായം എങ്കിലും മാറേറണ്ടതാണെന്നു് ഗവണ്മെൻറിനു് തോന്നിയിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : ആ അദ്ധ്യായം മാററിയില്ലെങ്കിലും ദൂഷ്യം ഒന്നും വരാനില്ല. അതുകൊണ്ടു് പുസ്തകം മാററണമെന്നു് ഗവണ്മെൻറിനു് അഭിപ്രായമില്ല. എന്നാൽ ജനപക്ഷത്തുനിന്നും ഉണ്ടാകുന്ന ഏതു പരാതികളേയും സ്വീകരിക്കുന്നതിനും അതേപ്പററി അന്വേഷിക്കുന്നതിനും ഗവണ്മെൻറിനു മനസ്സുണ്ടെന്നു്, പ്രത്യക്ഷപ്പെടുത്തുന്നതിനു വേണ്ടിയാണു് ഏഴാം അദ്ധ്യായം പഠിപ്പിക്കേണ്ടാ എന്നുപറഞ്ഞതു.

MR. K. A. MATHEW : ഈ പുസ്തകത്തെപ്പററി അഭിപ്രായം പറയേണ്ടതു് കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരും അദ്ധ്യാപികകളുമാണെന്നും അല്ലാതെ ഗവണ്മെൻറല്ലെന്നും അറിയാമോ ?

HON'BLE MR. T. M. VARGHESE : യോഗ്യന്മാരായ ആളുകൾ അടങ്ങിയ ടെക്സ്റ്റുബുക്കുകമ്മിററിയുടെ നിർദ്ദേശമനുസരിച്ചാണു് ഈ പുസ്തകം തെരഞ്ഞെടുത്തിട്ടുള്ളതു്. അവക്കു തെററു പററാം. അങ്ങിനെ തെററുവന്നാൽ മററുവിധത്തിൽ അന്വേഷണം നടത്താം. ആ നിലയിൽ ഗവണ്മെൻറു് ഈ പുസ്തകത്തെപ്പററി അതിലേക്കു് പ്രാപ്തന്മാരായ

[Hon'ble Mr. T. M. Varghese]

മററാളുകളോടും ചോദിക്കുകയുണ്ടായി. അവരിൽനിന്നും ഗവണ്മെൻറിനു കിട്ടിയ അഭിപ്രായം ഈ പുസ്തകം മാററിയേ തീരൂ എന്നില്ലെന്നാണ്.

ലിഫ്ററ് ഇറിഗേഷൻ.

375. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(൧) തിരുവല്ലാത്താലൂക്കിൽ എവിടെനിന്നെല്ലാം ൧൧൨൧, ൧൧൨൨, ൧൧൨൩ ഈ വർഷങ്ങളിൽ ലിഫ്ററ് ഇറിഗേഷൻ ഏർപ്പെടുത്തണമെന്നുള്ള അപേക്ഷകൾ ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ട്?

(൨) അതിൽ എവിടെയെല്ലാം അനുവദിച്ചു?

(൩) ബാക്കിയുള്ള സ്ഥലങ്ങളിൽ അനുവദിക്കാതിരുന്നതിന്റെ കാരണമെന്ത്?

HON'BLE MR. K. M. KORAH: (൧) പമ്പാ, മണിമല ഈ ആറുകളുടെ തിരത്തുള്ള പല പ്രദേശത്തുനിന്നും ഇതുസംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ താലൂക്കു തിരിച്ചുള്ള പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും, അതിനാൽ ആവശ്യപ്പെട്ടപ്രകാരം വർഷംതിരിച്ചുള്ള പട്ടിക നൽകുവാൻ സാധ്യമല്ലാത്തതുമാകുന്നു.

(൨) താഴെ പറയുന്ന സ്ഥലങ്ങളിൽ അതാതിനെതിരെ കാണിച്ചിട്ടുള്ള വർഷങ്ങളിൽ ലിഫ്ററ് ഇറിഗേഷൻ നടത്തിയിട്ടുണ്ട്.

(൧)	മുഴുവങ്ങാടി	൧൧൨൧, ൧൧൨൨, ൧൧൨൩.
(൨)	കവിയൂർ പുഞ്ച	൧൧൨൨, ൧൧൨൩.
(൩)	തോണ്ടറ നദിയുടെ വടക്കേക്കരയുള്ള നെൽപ്പാടങ്ങൾ	൧൧൨൩.
(൪)	കററൂർ നെൽപ്പാടങ്ങൾ	൧൧൨൩.

(൩) പമ്പാനദിയുടെ ഇരുപാർശ്വങ്ങളിലുമുള്ള നിലങ്ങൾക്ക് ലിഫ്ററ് ഇറിഗേഷൻ ലഭ്യമാക്കുന്നതിന് സമഗ്രമായ ഒരു എസ്റ്റിമേററ് പരിഗണനയിൽ ഇരിക്കുന്നു.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാർ

376. MR. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൽ പ്രോപ്പഗൻറാ ആഫീസർ' ആരെന്നും, അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകളെന്തെന്നും, എന്തു പ്രോപ്പഗൻറാവക്കാണു നടത്തുന്നതെന്നും എവിടെയാണെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

(ബി) ആർഗനൈസിംഗ് സൂപ്രവൈസർ ആരെന്നും, അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകളെന്തെന്നും, എന്തു വക്കാണ് നടത്തുന്നതെന്നും എവിടെയാണെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

(സി) വെൽഫയർ ആഫീസർ ആരെന്നും അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകളെന്തെന്നും, അദ്ദേഹത്തിൻെറ ജോലിസ്ഥലം എവിടെയെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : എ. (൧) മി. കെ. പി. തമ്പി.

(൨) വാർദ്ധായിൽ മിസ്റ്റർ ജെ. സി. കുമരപ്പയുടെ കീഴിൽ ഗ്രാമപ്പുനരുദ്ധാരണം സംബന്ധിച്ചുള്ള പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

(൩) ഹെൽത്തു്, സാനിട്ടേഷൻ, ക്ലൻലിനസ, വിദ്യാഭ്യാസം ഈ വഴികളിൽ ഗവണ്മെൻറിൽനിന്നും പിന്നോക്കസമുദായക്കാക്ക് ലഭിക്കുന്നതും ലഭിക്കാവുന്നതുമായ സഹായങ്ങളേപ്പററി പ്രചരണം നടത്തുന്നു.

(൪) പിന്നോക്കസമുദായങ്ങളുടെ കാളനികളും സെററിൽമെൻറുകളും ഉള്ള സ്ഥലത്തു് പ്രധാനമായി പ്രചരണം നടത്തുന്നു.

ബി. (൧) പേരു് മിസ്റ്റർ കെ. വാസുദേവൻ എന്നാണ്.

(൨) ഇ. എസ്സ്. എൽ. സി. പാസ്സായിട്ടുണ്ട്. കമ്പനി നിയമം സംബന്ധിച്ച പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

(൩) ജോയിൻറ് സ്റ്റാക്ക കമ്പനിനിയമം അനുസരിച്ച് അസോസിയേഷൻ രൂപീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു.

(൪) തിരുവിതാംകൂർ ഒട്ടുക്ക് അദ്ദേഹത്തിന് ജോലിയുണ്ട്.

സി. (൧) പേരു് മിസ്റ്റർ എം. സി. ദാസ്സ് എന്നാണ്.

(൨) മദ്രാസിലും തിരുവിതാംകൂറിലും ഉള്ള വെൽഫയർജോലികളിൽ പരിശീലനം സിദ്ധിച്ചിട്ടുണ്ട്. സംഘടനാജോലികളിൽ പ്രത്യേക താല്പയ്യമുണ്ട്.

[Hon'ble Mr. G. Ramachandran]

(ബ) ദേവികുളം, പീരുമേട്, പത്തനംതിട്ട, തൊടുപുഴ, നെടുമങ്ങാട്, കൽക്കുളം, വിളവങ്കോട്, തോവാള എന്നീ താലൂക്കുകളിലുള്ള മലവർഗ്ഗക്കാരുടെ ഇടയിലാണു് പ്രത്യേകം ജോലിചെയ്യുന്നതു്.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗങ്ങൾ.

377. MR. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യത്തിനു് തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

പ്രോപ്പഗാൻറാ ആഫീസർ, വെൽഫെയർ ആഫീസർ, ആർഗനൈസിംഗ് സൂപ്രവൈസർ എന്നീ ഉദ്യോഗങ്ങൾക്കു് പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർ അപേക്ഷിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: ഇല്ല.

പിന്നോക്കസമുദായസംരക്ഷകഉദ്യോഗത്തിനുള്ള അപേക്ഷ.

378. MR. P. K. KRISHNAN SASTRI: താഴെ കാണുന്ന ചോദ്യത്തിനു് പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷകഉദ്യോഗത്തിനു് പിന്നോക്കസമുദായത്തിൽപ്പെട്ട ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു് ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: No one belonging to any backward community has applied for the place of the Protector of Backward Communities.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ ഉദ്യോഗങ്ങൾ.

379. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യത്തിനു് പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ വിവിധ ഉദ്യോഗങ്ങളിൽ പിന്നോക്കസമുദായത്തിൽപെട്ട ആളുകളെ നിയമിക്കുന്നതു

നന്നായിരിക്കും എന്നു ഗവണ്മെന്റ് കരുതുന്നുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായങ്ങളിൽ നിന്നും തക്കതായ ആളുകളെ കിട്ടുന്നപക്ഷം അങ്ങനെ ചെയ്യുന്നതു് നന്നായിരിക്കുമെന്നാണു് ഗവണ്മെന്റിനു് തോന്നുന്നതു്.

MR. P. K. KRISHNAN SASTRI : ഇപ്പോൾ പിന്നോക്കസമുദായത്തിൽനിന്നും തക്കതായ ആരും ഇല്ലെന്നാണോ പറയുന്നതു് ?

HON'BLE MR. G. RAMACHANDRAN : ഇപ്പോൾ ചോദിച്ചിരിക്കുന്നതു് പ്രത്യേകം ഒരുദ്യോഗത്തെപ്പററിയാണു്. അതിനു് തക്കതായ ഒരാളെ ഇതുവരെ കിട്ടിയില്ല.

MR. P. K. KRISHNAN SASTRI : ഗവണ്മെന്റ് പരീക്ഷകളൊന്നും തന്നെ ഇല്ലാത്ത പലരും ഈ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ടെന്നു അനുമാനിക്കാൻ വകയുണ്ടു്. മി. കെ. പി. തമ്പി തന്നെ കുമരപ്പയുടെ കീഴിൽ പരിശീലനം നടത്തിയെന്നുമാത്രമേ പറയുന്നുള്ളു. അദ്ദേഹത്തിനു് എവിടെയാണു് ജോലിയെന്നറിയുന്നില്ല.

MR. PRESIDENT : ഇപ്പോൾ ഒരു പ്രസംഗം ചെയ്യുവാൻ മെംബർക്കു് അവകാശമില്ല. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദിക്കാം.

MR. P. K. KRISHNAN SASTRI : പിന്നോക്കസമുദായത്തിൽ പരീക്ഷായോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെത്തന്നെ ഈ ഡിപ്പാർട്ടുമെന്റിൽ നിയമിക്കുമോ ?

HON'BLE MR. G. RAMACHANDRAN : അതേപ്പററി ആലോചിക്കുന്നതാണു്.

Telephone and Electricity for Varapuzha.

880. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Honourable Minister for Electricity be pleased to state whether the Government will make arrangements to extend telephone connection and electric line from Parur to Varapuzha in the Parur taluk ?

HON'BLE MR. A. ATCHUTHAN : Extension of phone to Varapuzha is scheduled for 1126 M. E. and the work will be completed in that year.

Extension of power lines to Varapuzha will be given when supply position to line materials and load conditions of the place improve.

Ban on the export of Tapioca and Fruits.

881. MR. E. K. MADHAVAN (*Parur I—General*): Will the Honourable Minister for Excise be pleased to state whether the Government have received any representation regarding the lifting of the ban on the export of tapioca and fruits and vegetables from the State?

HON'BLE MR. K. M. KORAH: Yes.

MR. E. K. MADHAVAN: ഇതു സംബന്ധിച്ചു എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ ?

HON'BLE MR. K. M. KORAH: പൈനാപ്പിളിന്റെ നിരോധനം നീക്കുന്നതിനു നടപടികൾ നടത്തിവരുന്നു.

MR. E. K. MADHAVAN: കപ്പയുടെ നിരോധനം നീക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടോ ?

HON'BLE MR. K. M. KORAH: ഇപ്പോഴത്തെ ആഹാരദൗർലഭ്യം പരിഗണിക്കുമ്പോൾ കപ്പ പുറത്തേക്കു വിടുന്നതു് ആശാസ്യമാണെന്നു തോന്നുന്നില്ല.

Land owned by Cochinites.

382. MR. E. K. MADHAVAN: Will the Honourable Minister for Food be pleased to state the extent of paddy cultivating land in each Pakuthy in Parur Taluk owned by Cochinites and the quantity of paddy procured from such land in each Pakuthi and the rate of procurement per acre per year during the years 1121, 1122 and 1123 from these lands?

HON'BLE MR. C. KESAVAN: A list is given below:

Serial No.	Pakuthy.	Extent of paddy lands owned by Cochinites		Quantity of Paddy (in paras) purchased during			Rate of procurement per acre per year.
				1121	1122	1123	
		Acre	cent	(Paras)	(Paras)	(Paras)	
1	Varapuzha	66	11	2500	2700	3600	No rate of procurement fixed on acreage or yearly basis.
2	Ezhikara	67	85	2396	2550	2708	
3	Kottuvally	117	58	3062	2985	3100	
4	Parur	147	56	4280	6890	6780	
5	Vadakekkara	83	70	230	990	825	
6	Puthenvelikara	430	..	6860	7200	6508	
7	Puthenchira	601	34	6289	6260	6016	
8	Ziroor	197	97	545	1880	1400	
9	Alengad	73	36	396	1182	972	
10	Kodungalloor	48	..	307	790	764	
11	Chengamanad	11[illegible]	75	1700	1400	1070	
12	Parakadavu	281	10	6000	6120	4600	

MR. E. K. MADHAVAN: ഇതിന്റെ ആകത്തുക അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. C. KESAVAN: ആകെ സ്ഥലം രണ്ടായിരത്തി ഒരുനൂററി എഴുപത്തിഏഴ് ഏക്കർ മുപ്പത്തിഎട്ട് സെൻറ്.

൧൧൨൧-ൽ വാങ്ങിച്ച നെല്ല് ൩൪,൭൩൭ പറ.

൧൧൨൨-ൽ വാങ്ങിച്ച നെല്ല് ൪൦,൪൪൬ പറ.

൧൧൨൩-ൽ വാങ്ങിച്ച നെല്ല് ൩൬,൬൪൩ പറ.

Kudiyans of Edappally Swaroopam.

383 MR. E. K. MADHAVAN: Will the Honourable Minister for Land be pleased to state whether the Government have received any representation regarding the disabilities of the Kudiyans of the Edappally Swaroopam?

HON'BLE MR. C. KESAVAN: ഉണ്ട്.

MR. E. K. MADHAVAN: അതിന്മേൽ എന്തെങ്കിലും നടപടി നടത്തിയോ?

HON'BLE MR. C. KESAVAN: മററു കാര്യങ്ങളോടൊപ്പിച്ച് ഇടവക ബില്ല് സംബന്ധിച്ചുള്ള ആലോചനകൾ കൂടി ഗവണ്മെൻറ് നടത്തിവരുന്നു. ഇക്കാര്യം ഇതിനു മുമ്പും പറഞ്ഞിട്ടുള്ളതാണ്.

Edappally Swaroopam Tenants' dues.

384 MR. E. K. MADHAVAN. Will the Honourable Minister for Land be pleased to state.

(a) whether the Edappally Swaroopam demands rupees three per para of paddy due to them from the tenants of the Swaroopam; and

(b) if the answer to part (a) is in the affirmative will the Government instruct them to collect the dues only at the rate of Rs. 1/8/0 per para of paddy?

HON'BLE MR. C. KESAVAN: (എ) അങ്ങനെ അല്ല.

(ബി) എയുടെ ഉത്തരംമൂലം ഉത്ഭവിക്കുന്നില്ല.

MR. E. K. MADHAVAN: ഇപ്പോൾ എന്തു വിലവച്ചാണ് നെല്ലു വാങ്ങുന്നത്?

HON'BLE MR. C. KESAVAN: സർക്കാരിൽ നിന്നും വാങ്ങുന്ന വില തന്നെ അവരും വാങ്ങുന്നുണ്ട്.

Settlement Pattom.

385 MR. P. V. URUMESE THARAKAN: (*Shertala I—General*): Will the Honourable Minister for Food be pleased to state.

(*a*) what is meant by Settlement Pattom with reference to the purchasing of paddy by the Government from the cultivations;

(*b*) what is meant by excess with reference to the purchasing of paddy by the Government;

(*c*) whether the Government are aware that the Settlement Pattom varies with different taluks, different paddy fields and even different survey numbers of the same block of paddy field;

(*d*) whether the Government are aware that the so called Settlement Pattoms were fixed during the last Kandezhuthu without any serious study of the productivity of the different fields;

(*e*) whether it is the policy of the Government to command the whole produce of paddy from the cultivator less what is requested for domestic consumption, seeds and absolute agricultural wages and

(*f*) if so, will the Government be pleased to consider the desirability of doing away with these difficult nomenclatures and fixing upon certain other basis whereby they could purchase paddy from the cultivators equitably?

HON'BLE MR. K. M. KORAH (a) Settlement pattom is the pattom fixed at the last settlement.

(b) Excess is the quantity of paddy remaining with the land holders after selling the settlement pattom due to Government and after allowing an adequate margin under the rules towards seeds, cultivation expenses and domestic consumption.

(c) Yes.
(d) No.
(e) Yes.
(f) The matter is under consideration.

MR. P. V. URUMESE THARAKAN: സെററിൽമെൻറ് പാട്ടത്തിനു പകരം നീതിപൂർവ്വകമായ മറെറന്തെങ്കിലും ഉപാധികൾ സ്വീകരിക്കുമോ ?

HO'NBLE MR. K. M. KORAH: ഗവൺമെൻറ് അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

Machayil canal

386. MR. M. DANIEL JOSE: (*Neyyattinkara III—S. I. U. C.*) Will the Honourable Minister for Public Works be pleased to state

(*a*) has the Government received any petition from Machayil, Neyyattinkara Constituency III for the repair of a canal; and

(*b*) if so, whether steps will be taken to meet the request?

HON'BLE MR. A. ATCHUTHAN: (a) Yes.

(b) Yes. The investigation of the problem is being taken up.

Eviction of tenants.

387 MR. A. NESAMONY (*Vilavancode S. I. U. C.*): Will the Honourable Minister for Labour be pleased to state ;

(*a*) are the Government aware that tenants are forcibly ejected by landlords and proverthicars from their holdings and houses in the pakuthies of Atoor, Aruvikara and Ponmana in Kalkulam taluk;

(*b*) has any representation been made to Government on this behalf;

(*c*) has any request been made by groups of persons for the acquisition of their house sites by the Government for their benifit;

(*d*) has the Government taken any steps towards acquisition; and

(*e*) does the Government intend to introduce legislation to stop this kind of eviction ?

HON'BLE MR. C. KESAVAN. Answer to part (a) No.

(*b*) Does not arise in view of the above answer.

(*c*) Yes.

(*d*) The matter is being enquired into.

(*e*) Does not arise in view of the answer to part (a)

MR. A. NESAMONY: Will the Government consider the possibility of some arrangement according to the Rent Control Order for the rural areas as well?

HON'BLE MR. C. KESAVAN: Yes, it would be considered.

Retirement.

388 MR. A. NESAMONY : Will the Honourable Minister for General Administration be pleased to state :

(*a*) when was the age of Government servants raised from 55 to 58 ;

(*b*) why was it so raised ;

(*c*) why has it been now reduced to 55 ;

(*d*) was not the promotion of Government servants who are to retire on the completion of 55 years of age on 1-1-1124 barred for the last three years ;

(*e*) does the Government contemplate paying any compensation to those (i) whose prospects of promotion were barred, and (ii) whose salaries and pension have been adversely affected; and

(*f*) does the Government propose to grant them the legitimate leave they are entitled to ?

HON'BLE MR. A. THANU PILLAI. (*a*) In May 1945.

(b) To minimise the expenditure on account of pension charges and avoid the grant of extension of service in individual cases.

(*c*) To improve the efficiency of service.

(*d*) No.

[Hon'ble Mr. A. Thanu Pillai]

(e) No. Officers can get promotions only in accordance with the rules and conditions existing for the time being.

(f) Compensatory allowances in lieu of eligible leave, and leave allowances are proposed to be granted.

Tax Receipt.

389. MR. P. CHACKO: (*Thiruvella V General*) Will the Honourable Minister for Land be pleased to state.

(a) whether the Government are aware that tax receipt form given by the Kalloopara Pakuthy authorities is different from the forms prescribed by the Government for other pakuthies; and

(b) Will the Government order for the use of the form prescribed by the Government without any delay?

HON'BLE MR. C. KESAVAN: (a) and (b) There is no material difference between the tax receipt form used by the Edapally Swarupam authorities for Kalloopara pakuthy and the one prescribed by Government for use in other pakuthies.

Disabilities of the Ryots of the Kalloopara Pakuthy.

390 MR P. CHACKO : Will the Honourable Minister for Land be pleased to state:

(a) whether the Government be pleased to make enquiries about the disabilities of the ryots of the Kalloopara pakuthy in the matter of pokkuvaravoo, Ottivilakkom and payment of tax in kind and about the Mal-administration of the Kalloppara pakuthy by the Edappally Chief;

(b) in the interest of the citizens of the Kalloopara pakuthy will the Government be pleased to assume the management of the same;

(c) will the Government be pleased to state the extent and population of the Kalloopara pakuthy; and

(d) will the Government be pleased to consider the question of dividing the pakuthy into two or three pakuthies for the proper administration of the pakuthy?

HON'BLE MR. C. KESAVAN: (a) Yes.

(b) No.

(c) Extent 35 sq. miles, population 57,486.

(d) Yes.

Opening of Libraries and Reading Rooms

MR. N V. CHACKO (*Kunnathunad III—General*): Will the Honourable Minister for Education be pleased to state.

(a) whether the Government are taking vigorous steps for opening Libraries and Reading rooms in all the Karas of the several parts of the State; and

(b) if they are not taking such steps, whether they will be pleased to take such steps without delay?

HON'BLE. MR T. M. VARGHESE: നാട്ടിന്റെ നാനാഭാഗങ്ങളിലും ധാരാളമായി സ്ഥാപിക്കുന്നതിന് ആവശ്യമുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. കൂടാതെ ട്രാവൻകൂർ ലൈബ്രറി അസോസിയേഷൻ എന്ന ഒരു സ്ഥാപനം ഉണ്ട്. ആ സ്ഥാപനത്തെക്കൊണ്ടും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. രണ്ടുവർഷമായി അവർ ധാരാളം ജോലിചെയ്യുന്നു. ൬൩ ലൈബ്രറികൾ നാമാവശേഷമായതിനെ ഉദ്ധരിച്ചിട്ടുണ്ട്. ൩൨ ലൈബ്രറികൾ പുതുതായി ഈ അസോസിയേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ ൩൦൦ ലൈബ്രറികൾ ഇതിൽ അഫിലിയേററ് ചെയ്തിട്ടുണ്ട്. ഇങ്ങനെ ഗവൺമെന്റ് പലവിധത്തിൽ ലൈബ്രറികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

MR. N V. CHACKO: തിരുവനന്തപുരത്തുള്ള പബ്ളിക്ക് ലൈബ്രറി ഇല്ലാതാക്കുന്നതിന് നടപടികൾ എടുക്കുന്നതായി ഗവൺമെന്റിനറിയാമോ ?

HON'BLE MR. T M. VARGHESE: അങ്ങിനെയൊന്നും ഗവൺമെന്റിന്റെ അറിവിൽപ്പെട്ടിട്ടില്ല.

Valiathura Pier.

392. MR. K. A. MUHAMMED (*Quilon IV—Muslim*): Will the Honourable Minister for Ports be pleased to state.

(a) the estimated damage done to the Valiathura Pier by the dashing of the ship;

(b) whether they propose to repair the Pier in the near future,

(c) whether any contract is given to salvage any portion of the pier ?

HON'BLE MR. T. M, VARGHESE: എ. വലിയതുറ പിയറിന് നാശം സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുണ്ടായ നാശത്തിന്റെ ആകെത്തുക വിലവച്ചിട്ടില്ല. അതിന്റെ അവശിഷ്ടങ്ങൾ കടലിൽ താഴ്ന്നതിന്റെ ശേഷം കപ്പൽ കമ്പനിക്കാരും ഗവൺമെന്റും കൂടി ചേർന്ന് ഒരു ജോയിന്റ് സർവെ നടത്തിയശേഷം ആകെത്തുക നിർണ്ണയിക്കേണ്ടതായിട്ടാണിരിക്കുന്നത്. സംഭവം ഉണ്ടായശേഷം ഒരു ക്രിമിനൽകേസ് മജിസ്ട്രേട്ടുകോടതിയിൽ നടക്കുന്നുണ്ട്.

MR. ABDUL AZIZ. May I say that the case is subjudice ?

HON'BLE MR. T. M. VARGHESE: ഇപ്പോൾ പറയുന്നത് സബ്ജുഡിസ് അല്ല. ആ ക്യാപ്റ്റനെ ൩ ലക്ഷം രൂപായുടെ ജാമ്യം വാങ്ങി

[Hon'ble Mr. T. M. Varghese]

ച്ച് വിട്ടിട്ടുണ്ട്. ജോയിൻറ് സർവേയുടെ റിപ്പോർട്ട് വന്നതിനു് ശേഷം നഷ്ടപ്പെട്ട തുക ഈടാക്കുന്നതിനുള്ള നടപടി നടത്തും.

ബി. പിയർ പുതുതായി ഉണ്ടാക്കുകയാണോ വേണ്ടതെന്നു് അതു് സംബന്ധിച്ചുള്ള വിവരങ്ങൾ വന്നതിനു ശേഷമേ തീരുമാനിക്കാനൊക്കുകയുള്ളു.

അദ്ധ്യാപകന്മാരുടെ പ്രമോഷൻ.

393. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

Education ഡിപ്പാർട്ടുമെൻറിൽ ൧൧൨൨—൧൧൨൩ ഈ ആണ്ടുകളിൽ ൨-ാംഗ്രേഡിൽനിന്നും ൧-ാംഗ്രേഡിലേക്കും ൩-ാംഗ്രേഡിൽ നിന്നും ൨-ാംഗ്രേഡിലേക്കും പ്രത്യേക പരിഗണനകൾ ആസ്പദമാക്കി പ്രമോഷൻ നൽകിയിട്ടുള്ള ഡിപ്പാർട്ടുമെൻറൽ അദ്ധ്യാപകന്മാരുടേയും ഇൻസ്പെക്ടറന്മാരുടേയും പേരുകൾ തരുന്നതിനും അപ്രകാരം promotion നൽകുന്നതിന് ഉണ്ടായ കാരണങ്ങൾ പ്രസ്താവിക്കുന്നതിനും ഗവണ്മെൻറിനു സന്മനസ്സുണ്ടാകുമോ?

HON'BLE MR. T. M. VARGHESE: ൧൧൨൨, ൧൧൨൩ ഈ ആണ്ടുകളിൽ രണ്ടാംഗ്രേഡിൽ നിന്നും ഒന്നാംഗ്രേഡിലേക്ക് ഉയർത്തപ്പെട്ട ഉദ്യോഗസ്ഥന്മാർ.

൧. മി. കെ. ജെ ലിനോസ്.

൨. മി. കെ. ജി. മാധവൻ, അവരാണ്. കൂടാതെ മിസ്സിസ്. അന്നമ്മ മാത്യുവിനെ മൂന്നാംഗ്രേഡിൽ നിന്നും രണ്ടാംഗ്രേഡിലേക്കും പ്രമോട്ടു ചെയ്തിട്ടുണ്ട്.

ഇങ്ങനെ കയററംചെയ്യുന്നതിനുള്ള കാരണം സീനിയോറിററി അല്ല. കാര്യക്ഷമത മാത്രമാണ്.

MR. K. A. MATHEW: ഏതു കാര്യത്തിനുള്ള കാര്യക്ഷമതയാണെന്നു പറയുമോ? പ്രത്യേകം പരിഗണിക്കാൻ വല്ലതും കാണുമോ?

HON'BLE MR. T. M. VARGHESE: പ്രത്യേക പരിഗണനയെ അർഹിക്കുന്ന പലതും കാണും. എങ്കിലും അറിവിൽപ്പെട്ടിട്ടുള്ളതു പറയാം. മി. ലിനോസ് അദ്ധ്യാപകവൃത്തിയിലിരുന്ന കാലത്തു് തന്നെ പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽ പബ്ലിസിററി അസിസ്റ്റൻറായി നിയമിച്ചു് വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചു. മി. കെ. ജി.

മാധവൻ പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാരുടെ സ്ട്രൈക്ക് അനാശാസ്യമായി വർദ്ധിക്കാതിരിക്കുവാൻ വളരെ സാമർത്ഥ്യത്തോടും വിവേകത്തോടും കൂടി പ്രവർത്തിച്ചു. മിസ്സിസ്. അന്നാമ്മ മാത്യു ആദ്യം ഒരു അണ്ടർ ഗ്രാഡുവേററ് ടീച്ചർ ആയിട്ടാണ് ജോലിയിൽ പ്രവേശിച്ചത്. പിന്നീട് അവർ ബി. എ. പാസായി. ആ കാര്യം അവഗണിച്ചു പുത്തനായി രണ്ടുപേരെ അവരുടെ മുകളിൽ നിയമിച്ചു. ഈ വിവരം അവർ ഗവണ്മെൻറിനെ അറിയിച്ചപ്പോൾ ആ കാരണമായി അവരുടെ അവകാശങ്ങൾ വിഗണിക്കപ്പെട്ടതാണെന്ന് ഗവണ്മെൻറിന് ബോദ്ധ്യം വരികയും അവർക്ക് ശരിയായ റാങ്ക് കിട്ടാൻവേണ്ടി ൩-ാം ഗ്രേഡിൽ നിന്നും ൨-ാം ഗ്രേഡിലേക്ക് പ്രമോട്ടുചെയ്യുകയും ചെയ്തു.

Bunchy Top disease.

394. MR. PAUL A. THALIAT: Will the Honourable Minister for Agriculture be pleased to state:

(*a*) whether any amount has been spent in 1123 towards the destruction of plantain trees affected with bunchy top disease;

(*b*) if the answer to (a) is in affirmative the amount so spent with the number of plantain trees so destroyed;

(*c*) whether any special staff is maintained now;

(*d*) if the answer to (c) in the affirmative the monthly expenditure incurred for the purpose; and

(*e*) if the answer to (c) is in the negative the date on which the entire staff was disbanded?

HON'BLE MR. K. M. KORAH: (*a*) Yes. An amount has been spent in 1123 towards the destruction of plantain trees affected with the disease.

(*b*) Rs. 28,745-Chs. 5, Cash 14. The number of Plantains destroyed comes to 19067.

(*c*) Yes.

(*d*) Rs. 2,824.

(*e*) The staff will be disbanded from 1-1-1124.

Purchase of food grains.

395. MR. PAUL A. THALIAT: Will the Honourable Minister for Food be pleased to state:

(*a*) the amount of investment by Government for the purchase of food grains as on 30-11-1123;

(*b*) whether this amount has been overdrawn from banks;

(*c*) if the answer to (b) is in the affirmative the names of those banks from which such amounts are overdrawn; and

(*d*) the rate of interest charged by each bank for such overdraft arrangements?

HON. MR. K. M. KORAH: (*a*) The balance outstanding invested as at the close of 10-8-1123 is Rs. 4,30,64,467 in round figures,

[Hon'ble Mr. K. M. Korah.]

(*b*) This amount is included in the over-draft account with the Imperial Bank of India, Trivandrum.

(*c*) The Imperial Bank of India, Trivandrum.

(*d*) Interest at 3 per cent. is charged on the amount of over-draft.

തിരുവല്ലാതാലൂക്കിൽ ലിഫ്റ്റ് ഇറിഗേഷൻ.

396. MR. MANNAR K. GOPALAN NAIR (*Thiruvella I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവല്ലാതാലൂക്കിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുന്നതിന് വല്ല പദ്ധതിയും ഗവണ്മെന്റിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി എടുത്തു?

Hon'ble Mr. K, M, Korah (a) Yes

(b) The scheme is under consideration.

MR. MANNAR K. GOPALAN NAIR : ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച തിരുവല്ലാ താലൂക്കിലുള്ള കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : തിരുവല്ലാ താലൂക്കിൽനിന്നു മാത്രമല്ല വളരെ സ്ഥാപനങ്ങളിൽ നിന്നും നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. അതിന്റെ ഫലമായി [illegible] രൂപയുടെ ഒരു സ്കീം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതുകൊണ്ടു അതു ഫലപ്രദമാക്കുന്നതിനുള്ള പദ്ധതികളെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചുവരുന്നു.

Bridge over Meenachil River.

397. MR. K M. CHANDY (*Meenachil I—General*) : Will the Honourable Minister for Public Works be pleased to state :

(*a*) whether the Government have at any time decided to construct a bridge at Palai over the Meenachil river ;

(*b*) what amount has been spent on the whole in connection with the abovesaid bridge ; and

(*c*) whether the Government are aware of the necessity of a bridge over Meenachil river at Palai ; and

(*d*) whether it would be possible for the Government to construct the said bridge in the near future ?

HON'BLE MR. A. ATCHUTHAN : (*a*) Yes.

(*b*) Rs. 55,372.

(*c*) Yes ; and

(*d*) Yes.

MR. K. M. CHANDY : ഇത്രയും രൂപാ പാലം കെട്ടുന്നതിനു മാത്രമാണോ ചിലവാക്കിയിട്ടുള്ളത്?

HON'BLE MR. A. ATCHUTHAN : അതെ.

MR. P. T. CHACKO : ഈ ജോലി തുടങ്ങിയിട്ട് എത്ര കൊല്ലമായിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : കുറെക്കാലമായി.

MR. P. T. CHACKO : ഈ അടുത്ത കാലത്തെങ്ങാനും അതിന്റെ ജോലി പൂർത്തിയാകുമെന്നു വിശ്വസിക്കാൻ വല്ല ന്യായവുമുണ്ടോ?

HON'BLE MR. A. ATCHUTHAN : ലോലവൽ ബ്രിഡ്ജ് ആയതുകൊണ്ടു വെള്ളത്തിന്റെ ശല്യം ഉണ്ടാകാറുണ്ടു. അതുണ്ടാകാതിരിക്കാൻ എന്തെല്ലാമാണു ചെയ്യേണ്ടത് എന്നുള്ളതിനെപ്പറ്റി ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കയാണ്.

Maintenance of Thamarakulum—Parakai Road.

398. MR. P. THANULINGOM NADAR (*Agasteeswaram—Hindu Nadar Reserved*):

கண்ணியம் தங்கிய மராமத்து மந்திரியவர்கள் பின்னே தந்திருக்கும் கேள்விகளுக்கு தயவு செய்து பதில் சொல்வார்களா?

1. தாமரைக்குளம்—பறக்கை ரோட்டிற்கு 1123-ம் ஆண்டு பட்ஜெட்டில் குறிப்பிட்டிருக்கும் சீர்திருத்த வேலை செய்து முடிக்கப் பட்டிருக்கிறதா? இல்லையானால் ஏன்?

HON'BLE MR. A. ATCHUTHAN: Improvements to the road have been completed.

Cross-bar Construction in Cape Pakuthy.

399. MR. P. THANULINGOM NADAR

கனம் மராமத்து மந்திரி கீழ் குறிப்பிட்டிருக்கும் கேள்விக்கு தயவு செய்து பதில் தருவார்களா?

1. கன்னியாகுமரி பகுதியில் சர்வே 1440 ம் 1441-ம் நம்பர் வஸ்துக்களின் பக்கத்தில் ஒரு கிறஸ்பார் கட்டி அந்தக் காலை 600 அடி நீட்டுவதாக 1123-ம் ஆண்டு பட்ஜெட்டில் குறிப்பிட்டிருக்கும் வேலை செய்யப் பட்டிருக்கிறதா? இல்லையானால் ஏன்?

HON'BLE MR. A. ATCHUTHAN : No. An estimate is under preparation. Further action will be taken after scrutiny and consideration of the estimate.

MR. D. GNANASIGAMONY : Was not the estimate originally prepared.

HON'BLE MR. A. ATCHUTHAN : Yes. An estimate was originally prepared. On scrutiny it was found to be insufficient.

MR. D. GNANASIGAMONY : Will it be taken up this year ?

HON'BLE MR. A. ATCHUTHAN : Yes.

Improvement of tanks.

400. MR. P. THANULINGOM NADAR : கனம் பொதுமராமத்து மந்திரி கீழ் குறிப்பிட்டிருக்கும் கேள்விகளுக்கு தயவு செய்து பதில் தருவார்களா?

(a) அகஸ்தீஸ்வரம் தாலுகாவில் இதுவரையில் எத்தனை குளங்கள் புதுப்பிக்கப் பட்டிருக்கின்றன?

(b) இன்னும் புதுப்பிக்கவேண்டிய குளங்கள் எத்தனை?

HON'BLE MR. A. ATCHUTHAN: (*a*) 223.

(*b*) About 165.

Pension or allowance given to Sir C. P. Ramaswami Aiyar.

401. MR. N. V. CHACKO : Will the Honourable Prime Minister be pleased to state :

(*a*) whether any pension or allowance is being given to Sir C. P. Ramaswami Aiyar from Travancore;

(*b*) if so, its rates or amount;

(*c*) whether annuity is being given to him;

(*d*) if neither pension nor allowance nor annuity is being given, the reason for not giving it; and

(*e*) was it claimed but refused, was it offered but refused?

HON'BLE MR. A. THANU PILLAI : For (*a*) and (*c*) answer is in the negative.

(*b*) The question does not arise.

(*d*) There was no provision therefor in the terms of his appointment.

(*e*) It was neither claimed and refused nor offered and refused.

ഓയിൽ എൻജിൻ കൃഷിക്കാർക്ക് വാടകയ്ക്കു കൊടുക്കുന്ന നടപടി.

---

402. MR. P. K. KUMARAN ASARI (*Meenachil I—Kammala*) :

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിഡിപ്പാർട്ടുമെൻറിൻെറ ചാർജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

(എ) ഇലക്ട്രിക് മോട്ടറിൻെറ സഹായത്തോടുകൂടി വെള്ളം വററിക്കുന്നതിന് സൗകര്യമില്ലാത്ത പുഞ്ചപ്പാടങ്ങളിൽ സമയാസമയങ്ങളിൽ വെള്ളം വററിക്കുന്നതിന് ആവശ്യമുള്ള ഓയിൽഎൻജിൻ ഇല്ലാത്തതുകൊണ്ട് കൃഷിക്കാർ അനുഭവിച്ചുവരുന്ന വിഷമതകളെപ്പററി ഗവൺമെൻറിൽ നിന്നു വല്ല അന്വേഷണവും ചെയ്തിട്ടുണ്ടോ?

(ബി) ഇലക്ട്രിസിററി ഇല്ലാത്ത സ്ഥലങ്ങളിൽ നെല്ലു വിതക്കേണ്ടകാലത്ത് വെള്ളം വററി കിട്ടാത്തതിനാൽ പല വിഷമതകളും കഷ്ടനഷ്ടങ്ങളും കൃഷിക്കാർ ആണ്ടുതോറും അനുഭവിച്ചുവരുന്നതുകൊണ്ട് ആവശ്യമുള്ള ഓയിൽ ഇൻജിൻ ഗവൺമെൻറിൽ നിന്നും വിലക്കു വാങ്ങി കൃഷിക്കാർക്കു വാടകയ്ക്കു കൊടുക്കുന്നതിനോ, ഹയർപർച്ചേയിസ് സിസ്റ്റ

ത്തിൽ വിൽക്കുന്നതിനോ, ഉള്ള ഏതെങ്കിലും പദ്ധതി രൂപീകരിക്കുന്നതിനു ഗവണ്മെൻറിൽ നിന്നും തീരുമാനിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തു?

(സി) അടുത്ത കൃഷിക്കു പ്രയോജനപ്പെടത്തക്കവണ്ണം സൗകര്യമുള്ള പാടങ്ങളിലേക്കു ത്രിഫെയിസ് ലൈയിൻ നീട്ടി അവിടെയുള്ള കൃഷിക്കാർക്ക് ആവശ്യമുള്ള ഇലക്ട്രിസിററി നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു് ദയവുണ്ടാകുമോ?

HON'BLE MR. A' ATCHUTHAN: (എ) ഉണ്ടു്.

(ബി) വാടകയ്ക്കു കൊടുക്കുന്നതിനു വേണ്ടി ഏതാനും എൻജിനുകളും പമ്പുകളും കൃഷിഡിപ്പാർട്ടുമെൻറിൽ ഉണ്ടു്. അവ ഡിപ്പാർട്ടുമെൻറിലെ വ്യവസ്ഥകളനുസരിച്ചു് കൃഷിക്കാർക്ക് കൊടുക്കുന്നതാണു്.

(സി) ലൈൻ നീട്ടാൻ സൗകര്യമുള്ള സ്ഥലങ്ങളിലെല്ലാം വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

MR P. K. KUMARAN ASARI; മഴക്കാലങ്ങളിലും മററും കായലിൽ മട വീഴുന്ന അവസരത്തിൽ എൻജിനൊന്നും കിട്ടാതെ ഇരിക്കുന്നു എന്ന സംഗതി ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH: അങ്ങനെയും വന്നേക്കാം.

Government Investments.

403. MR. K. A. MUHAMMED: Will the Honourable Minister for Industries be pleased to state

(a) the investment of Government in the plywood Factory at Punaloor: and

(b) the invesetment of Government in the Vanchi Clay mines at Chathanoor?

HON'BLE MR. T. M. VARGHESE: (എ) പ്ലൈവുഡ് ഫാക്റ്ററിക്കു മുടക്ക മൂലധനം ൧൦ ലക്ഷം രൂപാ.

(ബി) ൧൮൯൬൪ രൂപാ ൯ അണ ൯ പൈ.

MR. K. A. MOHAMMED: പ്ലൈവുഡ് ഫാക്ററിയിൽ ഇപ്പോൾ ജോലി നടക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: ഇപ്പോൾ ജോലി നടത്താൻ സാധിക്കാതെയാണിരിക്കുന്നതു്.

MR. T. A. ABDULLA: ഈ ഫാക്ററിയിൽ നിന്നും കിട്ടിയിട്ടുള്ള ആദായത്തിന്റെ ഡിവിഡൻറ് വിതരണം ചെയ്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഡിവിഡൻറ് വാങ്ങിക്കാൻ ആരും ഇല്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ല.

MR. K. R. ELANKATH : അങ്ങിനെയാണെങ്കിൽ ഫാക്റററിയുടെ ഇൻവെസ്ററ്മെൻറ മുഴുവനും ഗവണ്മെൻറ് പണം ആയിരിക്കണമല്ലോ?

HON'BLE MR. T. M. VARGHESE : അതു് മുഴുവനും ഗവണ്മെൻറ് പണമാണ്.

MR. K. A. MOHAMMED : ഫാക്റററിയിൽ നിന്നും എന്തു ലാഭം കിട്ടിയിട്ടുണ്ടെന്നു പ്രസ്താവിക്കാമോ?

HON'BLE MR. T. M VARGHESE : രണ്ടുലക്ഷത്തിൽ ചില്വാനം രൂപാ ലാഭം കിട്ടിയിട്ടുണ്ട്. ശരിയായി ജോലി നടത്താമെങ്കിൽ ആണ്ടോടാണ്ട് ഒരു വലിയ തുക ലാഭം ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇംഗ്ലീഷ് ഹൈസ്കൂളുകളിലെ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർ.

404. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

ഇംഗ്ലീഷ് സ്കൂളുകളിൽ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർക്കു പരീക്ഷായോഗ്യതയുടെ പേരിൽ വിവിധശമ്പളസ്കെയിലുകൾ നൽകപ്പെടുന്നതിന്റെ അനൌചിത്യം ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : പൌരസ്ത്യഭാഷയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്ക് വിവിധസ്കെയിലുകളിൽ അവരുടെ പരീക്ഷായോഗ്യത അനുസരിച്ചു പ്രോത്സാഹനം കൊടുക്കുന്നു എന്നുള്ളതിനെപ്പററി പരാതികൾ ഉണ്ടായിട്ടില്ല. എങ്കിലും അതിനെപ്പററി അധികൃതമായിട്ട് എന്തെങ്കിലും ഭേദഗതി ചെയ്യുന്ന കാര്യം ആലോചിക്കാം.

MR. ABDUL MAJEED : ഗവണ്മെൻറിന് ആ അനൌചിത്യത്തെപ്പററി ഇപ്പോൾ ആലോചിക്കണമെന്ന് അഭിപ്രായം ഇല്ലേ?

HON'BLE MR. T. M. VARGHESE : അതു് അനൌചിത്യമാണോ അല്ലയോ എന്നാലോചിക്കുന്നതു് ഇപ്പോൾ വിഹിതമായിരിക്കുമെന്ന് വിചാരിക്കുന്നില്ല.

ആലപ്പുഴ മാതൃകാ തെങ്ങിൻതോട്ടം.

405 MR. K. SARANGADHARAN (*Ambalapuzha II—General*):

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴയുള്ള സർക്കാർ മാതൃകാ തെങ്ങിൻ തോട്ടത്തിൽ നിന്ന് ആണ്ടിനാൽ ഗവൺമെൻറിന് എന്താദായം കിട്ടുന്നുണ്ട്?

(ബി) ടി തോട്ടത്തിന് എന്തു വിസ്തീർണ്ണമുണ്ട്?

(സി) ടി തോട്ടം പാട്ടത്തിനു കൊടുത്തിരിക്കയാണോ?

(ഡി) ആണെങ്കിൽ പാട്ടത്തിൻെറ പ്രധാന വ്യവസ്ഥകൾ എന്ത്?

HON'BLE MR. K. M. KORAH: (എ) ഇപ്പോൾ ആലപ്പുഴ മാതൃകാ തെങ്ങിൻ തോട്ടം ഒന്നും ഇല്ല.

എ ഉത്തരത്തിൻെറ നിലയ്ക്ക് ബി. മുതൽ ഡി, വരെ ചോദ്യങ്ങൾ ഉൽഭവിക്കുന്നില്ല.

MR. K. SARANGADHARAN: അവിടെ ഒരു മാതൃകാതെങ്ങിൻതോട്ടം മുമ്പ് ഉണ്ടായിരുന്നില്ലേ?

HON'BLE MR. K. M. KORAH: ആലപ്പുഴെ ഒരു മാതൃകാ തെങ്ങിൻ തോട്ടം മുമ്പ് ഉണ്ടായിരുന്നു, എന്നാൽ ൧൧൨൭-ൽ അതു നിരുത്തലാക്കുകയും, ഭവനരഹിതരായ പിന്നോക്കസമുദായങ്ങൾക്ക് ഭവന നിർമ്മാണത്തിനു വേണ്ടി പിന്നോക്കസമുദായ സംരക്ഷകനെ ഏൽപ്പിക്കുകയുമാണ് ചെയ്തത്.

മാതൃകാ തോട്ടങ്ങൾ.

406. MR. K. SARANGADHARAN: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ ഗവൺമെൻറു വകയായി ആകെ എത്ര മാതൃകാ തോട്ടങ്ങൾ ഉണ്ട്?

(ബി) അവ എവിടെയെല്ലാം?

HON'BLE MR. K. M. KORAH: (എ) തിരുവിതാംകൂറിൽ ഗവൺമെൻറു വകയായി ആകെ ൧൧ മാതൃകാ തോട്ടങ്ങൾ ഉണ്ട്.

(ബി) അവ താഴെ പ്പറയുന്നസ്ഥലങ്ങളിൽ ആകുന്നു:—

കന്യാകുമാരി, ഇപ്പുതിസാരം, ആരുവാമൊഴി, ഓച്ചിറ, പുളിയറ, കോന്നി, ആലുവാ, വട്ടവട, പേരൂർക്കട, അടൂർ, മങ്കൊമ്പ്.

Recurrence of breaches of bunds.

407. MR. VARGHESE AUGUSTIN (*Ambalapuzha III—General*): Will the Hon'ble Minister for Public Works be pleased to state:

(*a*) whether there occurred any breach of puncha bunds in any of the puncha padams in Kuttanand in 1123;

(*b*) if the answer is in the affirmative in what all padams;

(*c*) what have the Government done to prevent the recurrence of such breaches; and

(*d*) what all relief measures were taken by the Government to help the cultivators of the padams?

HON'BLE MR. K. M. KORAH: Answer to part (*a*) is Yes.

(*b*) Details are not available.

(*c*) Schemes for harnessing the waters of the major rivers like the Periyar, Pamba and Manimala are under investigation.

(*d*) Relief measures such as meeting part of the cost of closing the breach expenditure on dewatering, besides the supply of seed.

MR. VARGHESE AUGUSTIN: എന്തു കാരണത്താലാണ് പുഞ്ചപ്പാടത്തു മട വീഴുന്നതെന്ന് പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH: വെള്ളം കൂടുതൽ വന്നു കെട്ടിനിൽക്കുന്നതുകൊണ്ടാണ് മട വീഴുന്നത്.

MR. VARGHESE AUGUSTIN: ഈ വെള്ളം എപ്പോൾ, എവിടെ നിന്നുമാണ് വരുന്നതെന്നറിയാമോ?

HON'BLE MR. K. M. KORAH: പുഞ്ചപ്പാടങ്ങളിൽ വെള്ളം നിറയുന്നതു വർഷകാലങ്ങളിലാണെന്നും, കായലിൽ വെള്ളം വരുന്നതു നദിയിൽ കൂടിയാണെന്നും, ഉള്ള സംഗതി രണ്ടാംക്ലാസിലെ പാഠം ആണ.

MR. VARGHESE AUGUSTIN: വേലിയേററം ഉണ്ടാകുമ്പോൾ പുഞ്ചപ്പാടങ്ങളിൽ വെള്ളം കൂടുതൽ കയറി മട വീഴുന്നതായിട്ട് ബഹുമാനപ്പെട്ട മന്ത്രി അവർകൾക്ക് അറിഞ്ഞുകൂടേ?

HON'BLE MR. K. M. KORAH: അങ്ങിനേയും വരാം.

Double crop fields.

408. MR. VARGHESE AUGUSTIN: Will the Hon'ble Minister for Agriculture be pleased to state:

(*a*) how many acres of double crop (ഇരുപ്പു) fields are now converted into sugarcane fields in Central Travancore along the fertile banks of the Pumpa, Manimala and Achancoil; and

(*b*) what is the estimated loss of paddy every year by such convertion?

HON'BLE MR. K. M. KORAH: (*a*) The total number of acres converted into sugar cane fields comes 3421 acres 53 cents.

(*b*) The estimated loss of paddy in this respect comes to 8,49,000 paras approximately.

MR. VARGHESE AUGUSTIN : എന്തു കാരണത്താലാണ് നിലത്തിനെ കരിമ്പുകൃഷിക്കായിട്ട് രൂപാന്തരപ്പെടുത്തിയതെന്നു പറയാമോ?

HON'BLE MR. K. M. KORAH : കരിമ്പ് കൃഷി കുറേക്കൂടി ആദായകരമാണെന്നു കണ്ടതുകൊണ്ടും അതു പഞ്ചസാരക്കമ്പനിക്ക് കൂടുതൽ പ്രോത്സാഹജനകമാകണമെന്നുമുള്ള ഉദ്ദേശംകൊണ്ടുമാണ് അങ്ങനെ രൂപാന്തരപ്പെടുത്തിയതു്.

Written Answers.

പരിപോഷണക്കമ്മിററി.

409. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പരിപോഷണവകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) ധനപരിപോഷണ കമ്മിററി എന്നൊന്ന് നിലവിലിരിപ്പുണ്ടോ?

(ബി) ൧൧൨൨-ൽ ആ സമിതി പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളുടെ ഒരു ലിസ്ററ് മേശപ്പുറത്തു വയ്ക്കുമോ?

(സി) അവയിൽ ഏതെങ്കിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : (എ) നിലവിലിരിപ്പുണ്ട്.

(ബി) ലിസ്ററു മേശപ്പുറത്തു വച്ചിട്ടുണ്ട് *

(സി) അവയിൽ മിക്കപ്രമേയങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. ചിലതു നടപ്പിൽ വരുത്താൻ വേണ്ടതു ശ്രമിക്കുന്നുണ്ട്.

Pre-University Schools.

410. MRS. DEVAKI GOPIDAS (*Kottayam I—General*): Will the Hon'ble Minister for Education be pleased to state:

(*a*) how many students are now admitted in the Pre-University schools at Trivandrum, Quilon and Changanacherry; and

(*b*) what was the total number of students who had appeared for the Pre-University examination during the last academic year and what was the total number that had passed?

HON'BLE MR. T. M. VARGHESE: (*a*) 1080 (451 in the Pre-University school, Trivandrum 124 in N. S. S. Hindu Pre-University College, Changanacherry and 505 in the Sree Narayana College, Quilon)

(*b*) 590 appeared (353 from the Pre-University school, Trivandrum, 237 from N. S. S. Hindu Pre-University College, Changanacherry) 224 passed (173 from Pre-University school, Trivandrum, and 51 from the N. S. S. Hindu Pre-University College, Changanacherry)

---

* Vide Appendix A.

Head Clerk in the Registration Department.

411. MR. P. T. CHACKO (*Kottayam II—General*): Will the Hon'ble Minister for Registration be pleased to state :

(*a*) the number of Head Clerks in the Registration Department who have been reverted in 1120 M. E.;

(*b*) why they were reverted;

(*c*) the years of service put in by these clerks in the Department on an average;

(*d*) the years of service put in on an average by those who have been promoted and appointed in the place of those reverted head clerks;

(*e*) whether those appointed had any previous service as head clerks?

HON'BLE MR. C. KESAVAN: (*a*) 42.

(*b*) Some were reverted for want of vacancies while others were reverted to provide for graduates who passed the Registration Test in order to keep up the proportion of 3:1 between graduates and under-graduates among clerks.

(*c*) 25 years.

(*d*) 2 years.

(*e*) No.

Bribery in Income-tax Department.

412. MR. P. T. CHACKO: Will the Hon'ble Minister for Income-tax be pleased to state:

(*a*) whether Government are aware that persons having no taxable income are now being taxed heavily;

(*b*) whether the Government are aware that the public are forced to give bribes to escape exhorbitant assessment of income; and

(*c*) whether the Government propose to do anything in the matter?

HON'BLE MR. C. KESAVAN: (*a*) No.

(*b*) No.

(*c*) Does not arise in view of the answers to parts (a) and (b).

യുദ്ധസേവനം കഴിഞ്ഞു മടങ്ങിവന്നിട്ടുള്ളവർ.

---

413. MR. MANNAR K. GOPALAN NAIR : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) യുദ്ധസേവനം കഴിഞ്ഞ് മടങ്ങിവന്നിട്ടുള്ള തിരുവിതാംകൂർകാരുടെ മൊത്തം എണ്ണം എത്ര ?

(ബി) അവരിൽ എത്ര പേർക്ക് ഗവണ്മെന്റു സർവീസ്സിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

HON'BLE MR. C. KESAVAN : (A) 54,000.

(B) 4,161.

University Professors.

414. MR. A. P. UDAYABHANU (*Karunagapalli II—General*): Will the Hon'ble Minister for Education be pleased to state:

(*a*) the pay of Professors for English; and

(*b*) the pay of Professors for oriental languages?

HON'BLE MR. T. M. VARGHESE: (*a*) Rs. 450-50-500.

(*b*) Rs, 350-20-450.

കൃഷി.

415. MISS. ACCAMMA CHERIAN (*Changanacherry I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പിന്റെ ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) നെൽകൃഷിക്കായി ഇക്കൊല്ലം എത്ര ഏക്കർ വനം വിട്ടുകൊടുത്തിട്ടുണ്ട്? അത് ഏതെല്ലാം വ്യവസ്ഥകളിലാണ്?

(ബി) പ്രസ്തുത കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്?

(സി) ഭക്ഷ്യവിഷയത്തിൽ സ്വയം പര്യാപ്തത സിദ്ധിക്കത്തക്കവണ്ണം കൂടുതൽ വനവിഭാഗങ്ങൾ കൃഷിക്കായി വിട്ടുകൊടുക്കുവാൻ ഗവൺമെന്റു വിചാരിക്കുന്നുവോ?

HON'BLE MR. K. M. KORAH: (എ) ൧൭–൧൨–൧൧൨൪-ലെ ഗവൺമെന്റ് പ്രസ്നോട്ടിൽ വിവരിക്കുന്ന കരാറുകളും ഉപാധികളും അനുസരിച്ച് ൧൩,൩൪൨ ഏക്കർ വനപ്രദേശം കൃഷിചെയ്യുന്നതിനു പാട്ടമായി നൽകിയിട്ടുണ്ട്.

(ബി) പാട്ടക്കാർക്കു നാമമാത്രവിലയിൽ ചെറിയ തടികൾ അവരുടെ ഉത്തമവിശ്വാസമായ ആവശ്യങ്ങൾക്കുവേണ്ടി സംഭരിക്കുന്നതിനും വിലകൂടാതെ പച്ചിലവളം ശേഖരിക്കുന്നതിനും ഉള്ള സകല സൗകര്യങ്ങളും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

കുട്ടനാട്ടിലെ വെള്ളപ്പൊക്കം.

416. MR. K. RAMAKRISHNA PILLAI (*Ambalapuha I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

വർഷംതോറും കുട്ടനാട്ടിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിന് സർക്കാർ ഏതെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: Yes. Schemes for harnessing the waters of the major rivers like the Periyar, Pampa and Manimala are under investigation.

കൃഷിയാവശ്യത്തിനു വെള്ളം.

417. **MR. K. RAMAKRISHNA PILLAI:** താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

കുട്ടനാട്ടിലെ കൃഷി ആവശ്യത്തിനായി വെള്ളം സൗജന്യനിരക്കിൽ നൽകണമെന്നു കാണിച്ചു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH: ഉണ്ട്.

അഗാധജലമത്സ്യബന്ധനത്തെപ്പററി റിപ്പോർട്ട്

MR. WILSON PETER (*Shertalai III—Lattin Catholic*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) യൂണിവേഴ്സിററി പ്രൊഫസർ ഡാ: സി. സി. ജാൺ അഗാധജലമത്സ്യബന്ധനത്തെപ്പററി ബഹു: ഗവണ്മെൻറിനു ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ?

(ബി) പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതകളെപ്പററി മററാരെങ്കിലും ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

(സി) ഈ റിപ്പോർട്ടുകളുടെ കാപ്പികൾ മെമ്പറന്മാരുടെ അറിവിനായി മേശമേൽ വയ്ക്കുമോ ?

(ഡി) ഡാ. ജാണിൻെറ റിപ്പോർട്ടു ഉപസംഹരിക്കുന്ന ഭാഗത്ത് ഈ പദ്ധതിയുടെ വിജയത്തിൽ സംശയം രേഖപ്പെടുത്തിയിട്ടുണ്ടോ ?

(ഇ) ഉണ്ടെങ്കിൽ ഈ ഘട്ടത്തിൽ അതിനായി പൊതുസ്വത്തിൽ നിന്നും പണം വിനിയോഗിക്കുന്നതു ബുദ്ധിപൂർവ്വമാണോ?

HON'BLE MR. K. M. KORAH: (എ) ഇല്ല.

(ബി) ഇല്ല.

(സി) (ഡി) (ഇ) മുൻ ഉത്തരങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ ഈ ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

APPENDIX

(*Vide* Answer to Question No. 409.)

LIST OF RESOLUTIONS.

Resolutions re :

1. A scheme for the development of rural areas in the State.
2. A scheme for the training of rural workers.
3. Development of the Trivandrum Broadcasting Station.
4. Controlling the prices of timber and firewood.
5. Allocation of lands from Reserve forests for cultivation.
6. Establishment of cattle pounds.
7. Establishment of rural libraries.
8. Development of bee keeping industry.
9. Popularisation of improved latrines in villages.
10. Improvement of markets—appointment of a committee.
11. Scientific methods for the extraction of lemon grass oil.
12. Utilisation of water available in the various rivers for irrigation purposes.
13. Rationalisation of coir industry—appointment of a Committee.
14. Introduction of crop insurance.
15. Manufacture and sale of agricultural implements.
16. Conversion of swampy areas into paddy fields.
17. Legislations for consolidation of holdings.
18. Establishment of firewood depots under the auspices of Forest Department.
19. Supply of cheap power to agriculturists.
20. Separation of irrigation from P. W. D.
21. Starting of a Medical College in the State.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു.

MR. P. M. VARGHESE (*Thodupuzha I—General*) : സർ, എനിക്ക് അടിയന്തിരമായ ഒരു കാര്യം സഭയെ അറിയിക്കേണ്ടതുണ്ട്. അതായത്, ചിങ്ങം ൨-ാംനു-യിലെ കേരളകൗമുദിയിൽ "പച്ചക്കള്ളം" എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. മി. ററി. എം. വറുഗീസിനെയാണ് അതിൽ പച്ചക്കള്ളൻ ആയിട്ട് വിവരിച്ചിരിക്കുന്നത്. ആ ലേഖനം വേണമെങ്കിൽ വായിക്കാം. വളരെ ഗൌരവമുള്ള ആരോപണമാണ് അതിൽ ഉള്ളത്. ഇങ്ങനെ ഒരു മന്ത്രിയെക്കുറിച്ചുള്ള ആരോപണം കൊണ്ടുവന്നത് അദ്ദേഹം ക്യാബിനററിലെ ഒരു അംഗമെന്ന നിലയിൽ കൂടിയാണ്. അതിനാൽ അതു ക്യാബിനററിനെ മുഴുവൻ തന്നെ ബാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

MR. P. T. CHACKO: ആ ആരോപണം ഈ സഭയിൽ നടന്ന കാര്യങ്ങളെ കുറിച്ചാണോ ?

MR. P. M. VARGHESE: അതേ; അതുകൊണ്ടാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതു്.

MR. PRESIDENT: ലേഖനം ഞാൻ വായിച്ചിട്ടില്ല. അതിനാൽ ഉച്ച കഴിഞ്ഞു് സഭ കൂടുമ്പോഴം അതിനെപ്പററി ആലോചിക്കുന്നതാണ്. ലേഖനം ഏതു തിയതിയിലെ പത്രത്തിലാണ്?

MR. P. M. VARGHESE: ൧൧൨൪ ചിങ്ങം ൧-ാംനു- ചൊവ്വാഴ്ച.

ANNOUNCEMENT RE: THE ELECTION OF MEMBERS FOR THE PUBLIC ACCOUNT'S COMMITTEE AND THE UNIVERSITY SENATE.

MR. PRESIDENT: പബ്ലിക്ക് അക്കൌണ്ട്സ് കമ്മററിയിലേക്കും യൂണിവേഴ്സിററി സെനററിലേക്കും ഈ സഭയിൽനിന്നു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നോമിനേഷൻ ഇന്നുച്ചയ്ക്കു് ഒരുമണിക്കു് സെക്രട്ടറിയെ ഏല്പിക്കേണ്ടതാണെന്നു് കഴിഞ്ഞ ദിവസം പ്രസ്താവിച്ചു. എന്നാൽ എല്ലാ പാർട്ടികളും കൂടി യോജിച്ചു് നോമിനേഷൻ ലിസ്ററു് കൊടുക്കുന്നതിനു് ഇതുവരെ സൗകര്യം ഇല്ലായിരുന്നു എന്നും നോമിനേഷൻ തീയതി മാററിവച്ചാൽ യോജിച്ചുള്ള ഒരു ലിസ്ററു് നൾകുവാൻ സാധിക്കുമെന്നും എന്നെ അറിയിച്ചിരിക്കുന്നു. അതിനാൽ ആഗസ്ററു് ൨൪-ാംനു- ഉച്ചയ്ക്കു് ൧ മണിക്കുമുമ്പേ നോമിനേഷൻ ലിസ്റ്റു് സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്. അന്നു് വൈകുന്നേരം ഡെപ്യൂട്ടിപ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ നോമിനേഷനെപ്പററിയുള്ള സ്ക്രൂട്ടിനി നടത്തുന്നതാണ്. ആഗസ്റ്റ് ൨൫-ാംനു- വൈകുന്നേരം തെരഞ്ഞെടുപ്പു്, ആവശ്യമുണ്ടെങ്കിൽ നടത്തുന്നതായിരിക്കും. ഇനി ഫൈനാൻഷ്യൽ ബിസിനസ്.

Financial Business.

MR. PRESIDENT: ഇതേ സംബന്ധിച്ചു് എനിക്കു് പ്രസ്താവിക്കുവാനുള്ളതു് നിയമസഭാ ചട്ടം ൪൨-ാം റൂളനുസരിച്ചു് ഏഴു ദിവസമാണ് വോട്ടിങ്ങു് ഓഫ് ഡിമാൻഡ്സിനു് കണക്കപ്പെടുത്തിയിരിക്കുന്നതു്. ഒരു ദിവസം ൪ മണിക്കൂർ ഡിമാൻഡ്സിനു് ഉപയോഗിക്കുന്നതായി

രിക്കും, എന്നാണു് പ്രസ്താവിച്ചിരുന്നതു്. എന്നാൽ, എല്ലാ ദിവസവും ഈ നാലു മണിക്കൂർ ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം ൨ മണിക്കൂർമാത്രമേ ചർച്ച ചെയ്യുന്നതിനു സാധിച്ചിട്ടുള്ളു. അങ്ങനെ ഈ സമയം ൨ മണിക്കൂർ നഷ്ടപ്പെട്ടിട്ടുണ്ടു. അതുകൂടി ചേർത്തു് ഇതിന്റെ സമയം ദീർഘിപ്പിക്കുന്നതാണു് എന്നു്, ഒരു പായിന്റു് ആഫ ആർഡർ റെയിസു ചെയ്തപ്പോൾ ഞാൻ പ്രസ്താവിച്ചു. എന്നാൽ അതിൽ പിന്നീടു് റൂളും മററു സ്ഥലങ്ങളിലെ നടപടികളും നോക്കിയപ്പോൾ അങ്ങനെ ദീർഘിപ്പിക്കുവാൻ സാധിക്കുകയില്ലെന്നാണു് കാണുന്നതു്. ഉദാഹരണമായി മദ്രാസിൽ ൧൭ ദിവസമാണു് ധനാഭ്യർത്ഥനകൾക്കു ൧൯൪൭-ൽ നിശ്ചയിച്ചിരുന്നതു്. രണ്ടു ദിവസം ചെച്ചു കഴിഞ്ഞപ്പോൾ അവിടത്തെ മന്ത്രിസഭാക്കുഴപ്പംകൊണ്ടു് മൂന്നു ദിവസം നടപടി നിർത്തിവയ്ക്കേണ്ടതായിവന്നു. പിന്നെ മന്ത്രിമാരുടെ സ്റ്റേററുമെൻറുകൾ മൂലം രണ്ടുദിവസം താമസം നേരിട്ടു. അങ്ങനെ നഷ്ടപ്പെട്ട അഞ്ചുദിവസം നീട്ടിവയ്ക്കണമെന്നു് ആവശ്യപ്പെടുകയും എന്നാൽ അതു് അനുവദിക്കാതിരിക്കുകയും ഡിമാൻഡ്സ് എല്ലാം നിശ്ചിതദിവസങ്ങൾക്കുള്ളിൽതന്നെ പാസാക്കിക്കുകയും ചെയ്തു. അതിനാൽ ഇന്നു് അഞ്ചുമണി ആകുമ്പോഴേക്കും ഡിമാൻഡുകളെല്ലാം ഒന്നിനു് പുറകെ ഒന്നായി വിളിച്ചു് പാസാക്കുന്നതാണെന്നുള്ള വിവരം ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

VOTING OF DEMANDS FOR GRANTS.

DEMAND XIII—EDUCATION—(*contd.*)

MR. JOSEPH MALIAKAL (*Thodupuzha I—General*) : എനിക്കു് ഒരു സംഗതി അറിയിക്കുവാനുണ്ടു്. അതായതു് വിദ്യാഭ്യാസത്തിനു് മൂന്നു ഹെഡിങ്ങിലായിട്ടാണു് ചർച്ച വയ്ക്കുന്നതെന്നു് പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് പലരും കട്ടുമോഷൻ അയച്ചിട്ടുണ്ടു്. കട്ടു് മോഷൻ അയച്ചിട്ടുള്ള മിസ്റ്റർ ഗോവിന്ദനും മിസ്റ്റർ മന്നത്തു പത്മനാഭപിള്ളയും, ഇതിനു മുമ്പു് കൈക്കൊണ്ട നടപടിയനുസരിച്ചു് പോകുകയാണെങ്കിൽ, മോഷനെ സംബന്ധിച്ചു് സംസാരിക്കുവാൻ സമയം കിട്ടിയെന്നും വരും ഇല്ലെന്നും വരും. അതിനാൽ മോഷനെ സംബന്ധിച്ചു് എല്ലാ പാർട്ടി അംഗങ്ങൾക്കും സംസാരിക്കുന്നതിനു് സമയം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. T. A. ABDULLA : May I know whether there is any difference of opinion in the Government as regards the speeches from the members of the opposition side?

MR. JOSEPH MALIAKAL : I do not know anything about it.

MR. T. A. ABDULLA : I am only making a suggestion.

MR. JOSEPH MALIAKAL : അതല്ല എല്ലാവർക്കും, പ്രത്യേകിച്ച് കട്ട് മോഷൻ അവതരിപ്പിച്ചിട്ടുള്ളവർക്ക്, സംസാരിക്കുന്നതിന് സമയം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT : വിദ്യാഭ്യാസത്തെപ്പറ്റി സംസാരിക്കണമെന്നുള്ളവരുടെ ലിസ്റ്റ് ചോദിച്ചപ്പോൾ തമിഴ്നാട് കോൺഗ്രസ് പാർട്ടിയിൽനിന്നും മുസ്ലിംലീഗ് പാർട്ടിയിൽനിന്നും ലിസ്റ്റ് തന്നിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ്കോൺഗ്രസ് പാർട്ടിയിൽനിന്നും ഇതുവരെ ലിസ്റ്റ് കിട്ടിയിട്ടില്ല. അതിനാൽ ഓർഡറിൽ പേര് വിളിക്കണമെന്നാണെങ്കിൽ അങ്ങനെ ചെയ്യാം; അതല്ല സ്റ്റേറ്റ്കോൺഗ്രസ് പാർട്ടിയിലെ വിപ്പ് ലിസ്റ്റ് തരികയാണെങ്കിൽ അതുംകൂടി വച്ച് ഒരു മുറയ്ക്ക് വിളിക്കാം. എന്താണ് വേണ്ടതെന്ന് സഭതന്നെ തീരുമാനിക്കേണ്ടതാണ്.

MR. K. P. NEELAKANTA PILLAI (*Chirayinkil I—General*) : എനിക്കും മോഷന് എഗൈൻസ്റ്റ് ആയിട്ട് സംസാരിക്കണമെന്നുണ്ട്. അതിനാൽ എനിക്ക് സംസാരിക്കുന്നതിനു സമയം വേണം.

MR. PRESIDENT : സ്റ്റേറ്റ്കോൺഗ്രസ് പാർട്ടിയിൽനിന്ന് ആർക്കെല്ലാം സംസാരിക്കണമെന്നുണ്ടോ അവരുടെ പേര് വിപ്പ് അറിയിക്കുന്നത് സൗകര്യമായിരിക്കും.

MR. K. R. ELANKATH : സർ, എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. രണ്ടു പാർട്ടികളിൽനിന്നും പേര് തന്നിട്ടുണ്ട്. മറേറ പാർട്ടിയിൽനിന്നും പേര് തന്നിട്ടില്ലാത്ത സ്ഥിതിക്ക് ആ ഓർഡർ അനുസരിച്ച് വിളിക്കുകയല്ലെങ്കിൽ ലിസ്റ്റ് തന്നിട്ടുള്ളതിന് അർത്ഥമില്ല. ഇത് പ്രസിഡന്റിന്റെ അധികാരത്തിൽ പെട്ടതാണ്.

MR. PRESIDENT : ഇതേ സംബന്ധിച്ച് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. സ്റ്റേറ്റ്കോൺഗ്രസിൽനിന്നും പേര് തന്നില്ലെങ്കിൽ മുസ്ലീംലീഗും തമിഴ്നാട് കോൺഗ്രസുകാരും തന്നിട്ടുള്ള ലിസ്റ്റ് അനുസരിച്ച് വിളിച്ചിട്ട് ബാക്കി സൗകര്യമുള്ളതുപോലെ സ്റ്റേറ്റ്കോൺഗ്രസ് പാർട്ടിയിലുള്ളവരെ വിളിക്കുന്നതാണ്.

MR. K. SIVARAMA PILLAI: Sir, I support the motion for the reduction of the grant to the University. It is well known and widely talked of that the work turned out by our University is not satisfactory. From the pamphlet issued by the Vice Chancellor we have to learn that this was because of interference by the Legislature. It is also stated that University not being an autonomous body is not able to do the work satisfactorily. But from the speeches of the honourable members of this House what we should understand is because there is lack of supervision by this House, our University is not able to do its work satisfactorily. That alone is the correct state of affairs. From the different views expressed here namely by the Vice Chancellor on the one hand and this House on the other, so far as the University is concerned, my opinion is that it must be allowed to function as an autonomous body beyond doubt. But the existing Act is ill suited to it. Therefore suitable modifications have to be introduced in the University Act so that the University may be above party politics.

Here I wish to point out one or two features in the present working of the University. Firstly, a post called "Controller of Examinations" has been created for the University, a post unheard of in any other Indian University. Secondly, the University is widely advertising for the filling up of places as Professors and their subordinate ranks. In spite of bitter experience of the quality of work turned out by the imported professors for the last one decade in our University, the authorities are again advertising for such stuff. In spite of the fact that there are efficient Assistant Professors in our University who could be safely promoted to higher ranks and in whom the fate of our students could be entrusted for acquiring expert knowledge in the different branches of studies, the posts are advertised for. Again, about the proposed course of study for M. Sc. Botany, I have to say a word. I understand that orders were passed for the starting of Botany M. Sc. from the 15th of July last. Unfortunately that has not been given effect to because the Principal of the University and the Professor of Botany had not decided on the ratio of girls and boys to be admitted for the course. Though there are facilities for giving instruction in that branch for 12 students, only 9 students are at present eligible to take up that course. Of that, 4 are boys and 5 are girls and they could be safely admitted to that course. Instead of that, the Professor of Botany seems to have made out a statement to the effect that it is sheer waste to give higher education to our girl students and therefore their number should be restricted to 2. That view point has created a split between the Principal and the Professor and a decision on that is awaiting the arrival of the Vice-Chancellor from England. After that, the starting of the course may be made final. This is the state of affairs. Sir, the Vice-Chancellor and the officers of the University forget that so far as educational facility is concerned, there is no distinction to be made between sect and sect in a University. All students are to be

[Mr. K. Sivarama Pillai]

admitted. They are to be afforded equal facilities in the matter of education and it was on that ground the first Grade Women's College in Trivandrum was abolished. So then, a controversy should arise on this question between the Principal and the Professor and for that matter to postpone the beginning of studies for M. Sc. Botany is really deplorable. I urge Government to look into this serious matter at once and do the needful.

Sir, I wish to bring to the notice of our Government an important matter regarding the policy that is being adopted by them towards University education in general. During the discussion of the Demands for Grants on General Administration on the subject of recruitment to the Civil Services, Mr. Nesamony urged that efficiency should be the criterion for appointments. The learned Premier in his reply stated that though that is to be the ideal, in the present make-up of Travancore it is impossible to completely eschew communal considerations. Therefore we have to reckon with that view at least for the present hoping to abandon it in future. If that be the ideal of this Government, I ask why should communal colleges spring up year after year in our State? Sir, for 1948 two colleges, one under the auspices of the S. N. D. P. and the other under N. S. S. have been established in Trivandrum. In the matter of educational facilities, in future at least, could not our Government rise above communal considerations and abolish all communal colleges by taking them all under Government management. I ask in all seriousness, why a distinction should be shown for the N. S. S. college alone in the shape of awarding grant to the extent of 5 lakhs when there are a number of other colleges of efficient type which have applied for grants? Such colleges have survived well for the last 50 years and more and they are now denied the privilege of receipt of grants from Government.

MR. JOSEPH MALIECKAL: May I know whether any other college has applied for special grants?

MR. K SIVARAMA PILLAI: Yes, Sir, and I will give instances. For the last 60 years the Scot Christian College Nagercoil, of course a Second Grade College, has prospered. It was affiliated to the Madras University before our University came into being. It was considered to be one of the best colleges all those years and that reputation even now continues. In spite of repeated representations for elevating it to the First Grade, no response has come from Government in that behalf. So far as the N. S. S. College at Trivandrum is concerned, I wish to remind the Cabinet and this House of the answer given by the Honourable Minister for Education when it was brought to his notice last time by means of an adjournment motion that the N. S. S. College is not giving any facilities for Tamil education. His answer was that he would see that Tamilians are forthwith admitted in that institution and given all facilities to study such a language. After such an unequivocal reply from the Honourable Minister, I even now find to my sorrow that Tamil is

not a subject of tuition in the N. S. S. College and the Tamilians are denied the right to study in that in spite of the fact that the money contributed by Tamilians also forms a share of the grant towards that college. That is the position. Sir, in this connection I wish to remind the Cabinet of the decision of the India Government taken so recently as August 18 and reported in today's papers as regards communal institutions. It is reported that the Government of India is going to discourage the coming into existence of communal organisations in future and that no grant is to be awarded to institutions started by such bodies. But what do we find here. During the General Discussion of the Budget we found organisations formed by bodies other than State Congress being dubbed as communal organisations. If such is the attitude of Government, should it not by a gesture at least abolish the springing up of communal institutions of State Congress as well and see that no encouragement is given for institutions started by any communal organisation whatever in the State and thus save at least the future generation from being communal minded and to rise above communal politics.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : സർ, ഇവിടെ ഒരു യൂണിവേഴ്സിററി സ്ഥാപിച്ചപ്പോൾ നമ്മുടെ കുട്ടികൾക്കു ഉപരിവിദ്യാഭ്യാസത്തിന് സൗകര്യം കിട്ടുമെന്നുള്ള ഒരു പ്രതീക്ഷയായിരുന്നു എല്ലാവക്കും ഉണ്ടായിരുന്നതു്. ഇന്നു നമ്മുടെ രാജ്യത്തു ഉപരിവിദ്യാഭ്യാസത്തിനു പുറത്തുള്ള കാളേജുകളിൽ പോകുന്നവരുടെ സംഖ്യ വളരെ കൂടുതലാണു്. സ്കൂൾഫൈനൽ പരിക്ഷ പാസായതിനു ശേഷം കാളേജിൽ പ്രവേശനം കിട്ടുന്നതിനു് വളരെ പാടുപെടുന്നു. വാസ്തവം പറഞ്ഞാൽ ഈ രാജ്യത്തു ഉദ്യോഗം കിട്ടുന്നതിനെക്കാൾ വിഷമമുള്ള ഒരു കാര്യമാണു് കാളേജിൽ പ്രവേശനം ലഭിക്കുകയെന്നുള്ളതു്. കാളേജ് പ്രവേശനം ലഭിക്കുവാനുള്ള വൈഷമ്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു ഒരു അടിയന്തിരപ്രമേയം ഈ സഭയിൽ അവതരിപ്പിക്കുകയും, ഗവണ്മെൻറു് ആലോചിച്ചു് അക്കാര്യത്തിൽ വേണ്ടതു ചെയ്യുന്നതാണെന്നുള്ള ഒരു ധാരണയിൽ അതു പിൻവലിക്കുകയും ചെയ്യുകയുണ്ടായി. ഇവിടെ കാളേജുപ്രവേശനം കിട്ടാതെ ഒട്ടേറെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അമിതമായ ധനം ചെലവു ചെയ്തും, ബുദ്ധിമുട്ടുകൾ സഹിച്ചും വെളിയിലുള്ള കാളേജുകളെ അഭയം പ്രാപിക്കേണ്ടിവരുന്നുവെന്നകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു. ഇതിനു ഉടനടി പരിഹാരം ഉണ്ടാക്കുകയെന്നുള്ളതു പ്രയാസം കുറഞ്ഞ ഒരു കാര്യമല്ല. അതുകൊണ്ടു വിദ്യാഭ്യാസകാര്യത്തിൽ രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമുള്ള കുട്ടികളുടെ അവശതകൾ പരിഹരിക്കുന്നതിനു ഏതെങ്കിലും

[Mr Eapen Arakkal]

വ്യക്തികളോ, സ്ഥാപനങ്ങളോ ഒരുങ്ങുകയാണെങ്കിൽ അവർക്കു സഹായങ്ങൾ ചെയ്തുകൊടുത്തു പ്രോത്സാഹിപ്പിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണ്. ഈ വർഷംതന്നെ കൊല്ലത്തു ഒരു കാളേജ് സ്ഥാപിക്കുന്നതിന് ഒരു സ്ഥാപനത്തിന്റെ അധികാരി തീവ്രമായ പരിശ്രമങ്ങൾ ചെയ്യുകയും ആവശ്യമുള്ള കെട്ടിടങ്ങളും മററു സജ്ജീകരണങ്ങളും ഒരുക്കുകയും ചെയ്തതിനു ശേഷം കാളേജു തുടങ്ങുന്നതിനു അനുവാദത്തിനു അപേക്ഷിച്ചിട്ടും അദ്ദേഹത്തിനു അനുമതി നൽകുവാൻ യൂണിവേഴ്സിററിക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതു ഏററവും ഖേദനീയമായ ഒരു സംഗതിയാണ്.

MR. K. P. NILAKANTA PILLAI : അനുവാദം നൽകാതിരുന്നതു എന്തുകൊണ്ടാണെന്നറിയാമോ?

MR. EAPEN ARAKKAL : ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഇപ്പോൾ സമയമില്ല. ഒരു സ്ഥലത്തു ഒന്നിലധികം കാളേജുകൾ ഉണ്ടാകുന്നതു മൽസരങ്ങൾക്കും കുഴപ്പങ്ങൾക്കും ഇടയാകുമെന്നാണു ഒഴികഴിവു പറയുന്നതു. നമ്മുടെ അയൽ രാജ്യമായ കൊച്ചിയിൽ ഇത്രയുംതന്നെ വലുതല്ലാത്ത എറണാകുളം പട്ടണത്തിൽ ൩ കാളേജുകൾ ഉണ്ടു്. അവയെല്ലാം യാതൊരു മൽസരവും കൂടാതെ കാര്യക്ഷമമായിത്തന്നെ നടത്തപ്പെടുന്നു. പ്രൈവററ് ഏജൻസികൾ മൂലധനം മുടക്കിയും മററും കാളേജുകൾ സ്ഥാപിക്കുന്നതിനു ഒരുങ്ങിയിരിക്കെ, യാതൊരു ധനാഭ്യർത്ഥനയും ചെയ്യാതെ ഗവണ്മെന്റിനോടു ഒരു കാശുപോലും ആവശ്യപ്പെടാതെ കയ്യിൽ നിന്നു ചെലവുചെയ്തു കാളേജു സ്ഥാപിക്കാൻ അനുവാദം ആവശ്യപ്പെട്ടിട്ടു എന്തുകൊണ്ടു കൊടുക്കാൻ സന്നദ്ധമാകുന്നില്ലാ എന്നുള്ള ചോദ്യത്തിനു ഇനിയും ശരിയായ മറുപടി കിട്ടിയിട്ടില്ല.

സർ, ഇനിയും പല കാര്യങ്ങളും എനിക്കു പറയാനുണ്ടു്. ഇന്റർമീഡിയററു പരീക്ഷയ്ക്കു പാർട്ടുസിസ്റ്റം മദ്രാസ് യൂണിവേഴ്സിററിയിലും മററും വളരെ കാലമായി നടപ്പിലിരിക്കയാണു. എന്നാൽ തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ ഇന്റർമീഡിയററുപരീക്ഷയ്ക്കു പാർട്ടുസിസ്റ്റം ഇല്ലാത്തതുകൊണ്ടു വളരെ പ്രയാസം നേരിടുന്നുണ്ടെന്നു അനുഭവംകൊണ്ടറിയാം. ഒരിക്കൽ പഠിച്ചു പാസ്സായ വിഷയങ്ങൾ വീണ്ടും പഠിക്കുകയെന്നുള്ളതു വളരെ വിഷമമുള്ള ഒരു കാര്യമാണ്. മററു യൂണിവേഴ്സിററികളിൽ എങ്ങുംതന്നെ ഈ ഒരു രീതി നിലവിലിരിക്കുന്നില്ലെന്നുള്ളതു പ്രത്യേകം നാം ധരിക്കേണ്ടതാണ്.

ട്രെയിനിംഗ് കാളേജിൽ പഠിക്കുന്ന പ്രൈവററുസ്റ്റൂഡം അദ്ധ്യാപകന്മാരെപ്പററി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. മുൻപു ട്രെയിനിംഗിനു പോകുന്ന അദ്ധ്യാപകന്മാർക്കു് മാസം ൩൦ ഉറുപ്പിക സ്റ്റൈപ്പൻറു് കൊടുത്തുകൊണ്ടിരുന്നു. ഇപ്പോഴും അതു ൩൦ രൂപയായി കുറച്ചിരിക്കുന്നു. ചെലവു വളരെ കൂടിയിരിക്കുന്ന ഇക്കാലത്തു് ഈ മുപ്പതു രൂപ കൊണ്ടു കഴിച്ചുകൂട്ടുവാൻ അദ്ധ്യാപകന്മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകഠം പ്രത്യേകിച്ചു് പറയണമെന്നില്ല. എൽ. ററി. ക്കാരെയും ബി. ററി. ക്കാരെയും കിട്ടാൻ വിഷമമുള്ള ഇക്കാലത്തു അവരെ പ്രോൽസാഹിപ്പിക്കുന്നതിനായി ഈ ൩൦ രൂപാ എന്നു വച്ചിരിക്കുന്നതു ഒരു ൫൦ രൂപയെങ്കിലും ആയി വർദ്ധിപ്പിക്കണമെന്ന കാര്യം ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

MR. M. VARKEY (*Kunnathunad II—General*): സർ, യൂണിവേഴ്സിററിയിൽ ഒരു പാളിടെക്നിക് ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുന്നതിനു് അഞ്ചു ലക്ഷം രൂപാനീക്കിവച്ചിരിക്കുന്നതായി കാണുന്നു. മററു പലവിഷയങ്ങളിലുമെന്നപോലെതന്നെ ഇക്കാര്യത്തിലും ഉത്തരതിരുവിതാംകൂർതികച്ചും അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നു പറയാതെ തരമില്ല. ഈ പാളിടെക്നിക് ഇൻസ്റ്റിററ്യൂട്ട് തിരുവനന്തപുരത്തുതന്നെ തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്നു. ഒരു മെഡിക്കൽ കാളേജിനു് ൧൦ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. അതും തിരുവനന്തപുരത്തുതന്നെ. എൻ. എസ്. എസ്. കാളേജിനു ൫ ലക്ഷം രൂപാ കൊളളിച്ചിട്ടുണ്ടു്. അതും തിരുവനന്തപുരത്തുതന്നെ. ബധിരർക്കുള്ള ഒരു വിദ്യാലയം സ്ഥാപിക്കുവാൻ പോകുന്നതും തിരുവനന്തപുരത്താണു്. കൂടാതെ അഗ്രികംച്ചറൽ കാളേജാരംഭിക്കുന്നതും തിരുവനന്തപുരത്തിനു സമീപമാണു്. ഇങ്ങനെ വിദ്യാഭ്യാസപരമായി വളരെ അസമത്വം നിലവിലിരിക്കുന്നതു ലജ്ജാകരമായ ഒരു പരമാർത്ഥം മാത്രമാണു്. കുന്നത്തുനാട്ടുതാലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഈ അടുത്ത കാലംവരെ അവിടെ ഒരു ഗവമ്മെൻറു ഹൈസ്കൂഠംപോലും ഉണ്ടായിരുന്നില്ല. ഒടുവിൽ വളരെ പണിപ്പെട്ടു് ഒരു ഹൈസ്കൂഠം സമ്പാദിക്കുവാൻതന്നെ നാട്ടുകാർ പന്തീരായിരത്തോളം രൂപാ ചെലവാക്കേണ്ടിവന്നു. ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പ്രാദേശികമായ ഈ അസമത്വങ്ങഠം നീക്കി പ്രാദേശികനീതി നടത്തുവാൻ ഗവമ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ കാളേജുകളും തിരുവനന്തപുരത്തുതന്നെ സ്ഥാപിക്കാതെ പാളിടെക്നിക് ഇൻസ്റ്റിററ്യൂട്ട് ആലുവായിലും അഗ്രികംച്ചറൽ കാളേജു മൂവാററുപുഴ

[Mr. M. Varkey]

യിലും സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. വിദ്യാഭ്യാസകാര്യത്തിലെന്നല്ലാ മററു പല കാര്യങ്ങളിലും ഉത്തരതിരുവിതാംകൂർ താരതമ്യേന കൂടുതൽ അവശതകൾ അനുഭവിക്കുന്നു എന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. പെരിയാർ തിരുവനന്തപുരത്തു കൂടി ഒഴുകുന്നുണ്ടായിരുന്നെങ്കിൽ ഇതിനു മുൻപുതന്നെ അതിൽ ധാരാളം ഇറിഗേഷൻ പദ്ധതികൾ നടപ്പിൽ വരുത്തുമായിരുന്നുവെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ പെരിയാററിൽ ഇറിഗേഷൻ പദ്ധതികളില്ലെങ്കിൽ അതിനു കാരണം, അതു വടക്കൻതിരുവിതാംകൂറിലായിപ്പോയതാണെന്നു ഞാൻ സംശയിക്കുന്നു. വടക്കൻതിരുവിതാംകൂറിൽ ഇലക്ട്രിസിററി ഉൽപാദിപ്പിക്കുന്നുണ്ടെന്നു പറഞ്ഞേക്കാം. എന്നാൽ അതു തറയിൽപോലും തൊടുവിക്കാതെ കമ്പിമാർഗ്ഗം തെക്കൻതിരുവിതാംകൂറിലേക്കു കൊണ്ടുപോരികയാണ് ചെയ്യുന്നതു്. വടക്കൻ താലൂക്കുകൾക്ക് ആവശ്യാനുസരണം കൊടുക്കുന്നതുമില്ല. സമയം വളരെ കുറവാണ്. അതുകൊണ്ടു കിട്ടിയ ഈ സന്ദർഭത്തിൽ ബഡ്ജററു പ്രസംഗവും എല്ലാം കൂടെ ഇതിനകത്തു നിറുത്തികളയാമെന്നാണ ഞാൻ വിചാരിക്കുന്നതു്. ഇപ്പോൾ അഗ്രികൾച്ചറൽ സ്കൂളുകൾ റാന്നിയിലും, കൊട്ടാരക്കരയിലും, നാഗർകോവിലിലുമുണ്ടു്. എന്നാൽ ആലുവായിൽ ഉണ്ടായിരുന്നതു് നിറുത്തലാക്കി. വടക്കൻതിരുവിതാംകൂർ ഈ കാര്യങ്ങളിലെല്ലാം അവഗണിക്കപ്പെടുന്നു എന്നുള്ളതു എന്റെ മാത്രം അഭിപ്രായമല്ല. തിരുവിതാംകൂറിലെ ജനസംഖ്യയുടെ ഏകദേശം മൂന്നിലൊന്നു ഭാഗം വരുന്ന ഉത്തരതിരുവിതാംകൂറിലെ പൊതുജനങ്ങളുടെ അഭിപ്രായത്തെയാണ് ഞാൻ പ്രതിഫലിപ്പിക്കുന്നതെന്നു ഗവണ്മെൻറു മനസ്സിലാക്കിയാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. (ബെൽ)

Miss. ACCAMMA CHERIAN: നമ്മുടെ വിമൻസ് കാളേജ് ഒരു ഒന്നാം ഗ്രേഡ് കാളേജായി ഉയർത്തുന്നതിനും അവിടെ ഹോംസയൻസ് പാഠപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമാണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിക്കുന്നതു്. ഇവിടെ ഒരു ഒന്നാംഗ്രേഡ് കാളേജു പെൺകുട്ടികൾക്കായി ഉണ്ടായിരുന്നതാണ് ഇപ്പോൾ രണ്ടാംഗ്രേഡ് കാളേജായി മാററിയിരിക്കുന്നു. ഇതുകൊണ്ടു് വളരെ അസൗകര്യങ്ങൾ പെൺകുട്ടികൾക്ക് ഉണ്ടാകുന്നുണ്ടു. ആൺകുട്ടികളെക്കാൾ കൂടുതൽ മാർക്ക് കിട്ടുന്ന പെൺകുട്ടികൾക്കുപോലും ഇപ്പോൾ കാളേജിൽ പ്രവേശനം കിട്ടാൻ വളരെ വിഷമമായിട്ടാണ് വന്നിരിക്കുന്നതു്. അതുകൊണ്ടു് നമ്മുടെ വിമൻസ കാളേജ് ഒരു ഒന്നാംഗ്രേഡ് കാളേജാക്കി

ഉയർത്തേണ്ടതു് വളരെ അത്യാവശ്യമാണു്. ഉന്നതവിദ്യാഭ്യാസത്തിനായി പോകുന്ന പെൺകുട്ടികളിൽ അധികം പേർക്കും ഗൃഹഭരണങ്ങളിൽ ഏർപ്പെടേണ്ടതായി വരും. അതുകൊണ്ടു് ഹോം സയൻസ് വിദ്യാഭ്യാസപദ്ധതിയിൽ ഉൾപ്പെടുത്തുന്നതു വളരെ ഉപകാരപ്രദമായിരിക്കും. ഇപ്പോഴുള്ള സയൻസ്, ബോട്ടണി, കെമിസ്ട്രി, ഫിസിക്സ് മുതലായവ മിക്ക ആളുകൾക്കും പിന്നീടുള്ള ജീവിതത്തിനു് ഉപകരിക്കാതെയാണു് വന്നിരിക്കുന്നതു്. ചില പ്രത്യേക പരിതഃസ്ഥിതികളിലാണു് പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നതു. പെൺകുട്ടികൾക്കു ആവശ്യമായ പാഠപദ്ധതികൾ ഈ കാളേജിൽ ഉൾപ്പെടുത്തിയാൽ അതു വളരെ നന്നായിരിക്കും. ആൺകുട്ടികൾക്കുള്ള കാളേജുകളിൽ ഹോംസയൻസുപോലുള്ള പാഠപദ്ധതികൾ ഉൾപ്പെടുത്തുന്നതു വളരെ വിഷമകരമായിരിക്കും. അതുകൊണ്ടു് വിമൻസ് കാളേജുതന്നെ ഒരു ഒന്നാംഗ്രേഡ് കാളേജായി ഉയർത്തി പെൺകുട്ടികൾക്കു അനുയോജ്യമായ വിധത്തിൽ പാഠപദ്ധതികളിൽ ഭേദഗതിവരുത്തേണ്ടതു ഏററവും അത്യാവശ്യമാണു്. (ബെൽ)

MR. PRESIDENT: ഇവിടെ രണ്ടു കാളേജുകളെപ്പററി സംസാരം ഉണ്ടായതുകൊണ്ടു അതേപ്പററി സംസാരിക്കാൻ സമയം കൊടുക്കണമെന്നു് രണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ ആവശ്യപ്പെട്ടിട്ടുണ്ടു. എൻ. എസ്. എസ്. കാളേജിനെപ്പററി സംസാരിക്കാൻ മി: മന്നത്തു പത്മനാഭപിള്ളയ്ക്കും, എസ്. എൻ. ഡി. പി. കാളേജിനെപ്പററി സംസാരിക്കാൻ മി: ആർ. ശങ്കറിനും സൗകര്യം കൊടുക്കണമെന്നു് ആവശ്യപ്പെട്ടിരിക്കയാണു്. സഭയുടെ അഭിപ്രായം എന്തെന്നറിഞ്ഞാൽകൊള്ളാം.

MR. JOSEPH MALIECKAL: ഒരു ലിസ്ററു് ഇരിക്കുന്ന സ്ഥിതിക്കു ആ ലിസ്റ്റു അനുസരിച്ചുതന്നെ പോകണമെന്നാണു് എന്റെ അഭിപ്രായം.

MR. K.A. MATHEW: മൂന്നുപ്രാവശ്യം ബഹു: മന്ത്രി മറുപടി പറയുന്നതിനെക്കാൾ എല്ലാത്തിനുംകൂടി ഒരുമിച്ചു് അവസാനം മറുപടി പറയുകയായിരിക്കും നല്ലതെന്നാണു് എനിക്കു് തോന്നുന്നതു്.

MR. K. P. NILAKANTA PILLAI: That would be a case of complexification. There is already one cut motion. If another cut motion is moved now technically how could all these motions be answered at the end, I cannot understand.

MR. PRESIDENT: അതല്ലാ. ഒന്നു രണ്ടു മെമ്പറന്മാർക്കുകൂടി സംസാരിക്കണമെന്നുണ്ടു്, ബഹു:മന്ത്രി മൂന്നു ഉപക്ഷേപങ്ങൾക്കുംകൂടി ഒരുമിച്ചു മറുപടി പറയുന്ന നടപടി സ്വീകരിക്കുന്നതായിരിക്കും സൗകര്യം.

MR. K. A. MOHAMMED: I know that the Minister may reply at the end.

MR. K. P. NILAKANTA PILLAI: I may suggest that the present cut motion may be withdrawn by the mover and a cwt motion under total allotment be moved so that all may speak and the reply may be given at the end by the Minister.

HON'BLE MR. T. M. VARGHESE: ഡിസ്കഷന് കൂടുതൽ സമയം കൊടുക്കുന്നതിനായി മൂന്നു ഉപക്ഷേപങ്ങളുംകൂടി ഒരുമിച്ച് മറുപടി പറയുന്നതിൽ ഗവണ്മെൻറിന് ആക്ഷേപം ഇല്ലെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

MR. PRESIDENT: മൂന്നുപക്ഷേപങ്ങളുംകൂടി ഒന്നാകെ മറുപടി പറയുന്ന നടപടി സ്വീകരിച്ചിരിക്കുന്നു.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): യൂണിവേഴ്സിററിബഡ്ജററിൽ എൻ. എസ്സ്. എസ്സ്. കാളേജിന് ൫ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നതിൽ എൻെറ സ്നേഹിതൻ മി. പി. എം. വർഗ്ഗീസിന് വലിയ അത്ഭുതവും അതിലേറെ വ്യസനവും ഉണ്ടായതായി കണ്ടു.

MR K. A. MOHAMMED: മി. പി. എം. വർഗ്ഗീസ് പാർട്ടിയിലെ അംഗമാണെന്നറിയാമോ?

MR. MANNATHU PADMANABHA PILLAI: അറിയാം. പുറകോട്ടുതിരിഞ്ഞുനോക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ ഇതൊരു അത്ഭുതപൂർവ്വമായ സംഭവമായി അദ്ദേഹത്തിനു തോന്നുകയില്ലായിരുന്നു. ആലുവായിലെ യൂണിയൻ ക്രിസ്ത്യൻ കാളേജെന്ന പേരിൽ ക്രിസ്ത്യൻ യൂണിയനുവേണ്ടി ആരംഭിച്ച കാളേജിനു ആലങ്ങാടു താലൂക്കുകച്ചേരി കെട്ടിടവും അതിരുന്ന ൧൫ ഏക്കർ സ്ഥലവും ഗവണ്മെൻറിൽനിന്നും സൗജന്യമായി കൊടുത്തിട്ടുണ്ട്. ആ താലൂക്കിലെ ഭരണാധികാരിയായ തഹശീൽദാരെക്കൂടെ കുടിയിറക്കിയശേഷം ഗൃഹപ്രവേശംചെയ്തു കാളേജു ആരംഭിച്ച കാര്യം ഇത്ര എളുപ്പം വിസ്മരിക്കാൻ സാധിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. അന്നുമുതൽ ഇന്നുവരെ ആ കാളേജിനു വേണ്ടി കെട്ടിടം പണിക്കും മററുമായി ഗവണ്മെൻറിൽനിന്നും അവർ വാങ്ങിച്ചിട്ടുള്ളതു് എത്രലക്ഷം രൂപായാണെന്നു അവർക്കും ഗവണ്മെൻറിനും നല്ലപോലെ അറിയാം. കോട്ടയത്തു സി. എം. എസ്. കാളേജിനും മററു വകകൾക്കുംകൂടി ൧൮൦ ഏക്കറോളം സ്ഥലം ഗവണ്മെൻറിൽനിന്നും സൗജന്യമായി കൊടുത്തിട്ടുണ്ട്. സെൻറു് ഒന്നിനു ൫൦൦൦

രൂപാവരെ വിലപിടിപ്പുള്ള സ്ഥലങ്ങളും അതിലുൾപ്പെട്ടിട്ടുണ്ട്. ആ കാളേജിന്റെ കെട്ടിടം പണിക്കും മററു ആവശ്യങ്ങൾക്കുമായി ഗവണ്മെൻറിൽനിന്നും ഈ ഒരു ശതവർഷകാലംകൊണ്ട് വാങ്ങിയിട്ടുള്ള പണത്തിന്റെ കണക്ക നോക്കിയാൽ ഏതാണ്ട് ഒരുകോടി രൂപായോളം വരുമെന്നാണ് തോന്നുന്നത്. അതുപോലെ ചങ്ങനാശേരി സെൻറുബർക്ക്മെൻസ് കാളേജിനുവേണ്ടിയും ഏതാനും ലക്ഷം രൂപാ ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുണ്ട്. നാഗർകോവിലിലെ എൽ. എം. എസ്. കാളേജിന്റെ പണം മദ്രാസിൽനിന്നു വന്നതാണെന്നു മി. ശിവരാമപിള്ള പറഞ്ഞു.

MR. K. SIVARAMA PILLAI: ഞാൻ അങ്ങിനെ പറഞ്ഞില്ല.

MR. MANNATHU PADMANABHA PILLAI : ശരി, ഞാൻ പറഞ്ഞതു പിൻവലിക്കുന്നു. അതിനുള്ള വസ്തുവും പണവും നമ്മുടെ ഗവണ്മെൻറു കൊടുത്തതാണ്.

MR. A. NESAMONY (*Vilavancode—S. I. U. C.*) : *அது சரியல்ல. தெற்றான அபிபிராயம் சொல்லக்கூடாது.*

MR. MANNATHU PADMANABHA PILLAI : തെററല്ല. ശരി, വളരെ ശരിയാണ്. അനവധിലക്ഷം രൂപായും സ്ഥലങ്ങളും ഗവണ്മെൻറിൽനിന്ന് ആ കാളേജിന്റെ വകയ്ക്ക് സൗജന്യമായി ലണ്ടൻമിഷൻകാർക്കു കൊടുത്തിട്ടുണ്ട്. അതിനും പുറമേ ഏതാനും ആയിരം പറ നെല്ലു പാട്ടം കിട്ടുന്ന ഒന്നാംതരം നെൽകൃഷി സ്ഥലങ്ങളും കൂടി ഗവണ്മെൻറിൽനിന്നും എടുത്ത് കാളേജിന് കൊടുത്തിട്ടുണ്ട്. ഇങ്ങനെ രാജ്യത്ത് ഇതിനേക്കാളധികം ശതമാനക്കണക്കിന് ഭൂരിപക്ഷക്കാരായ ഹിന്ദുക്കളുണ്ടായിരുന്നകാലത്തു അവരുടെ പണം വിദ്യാഭ്യാസത്തിന്റെ പേരിൽ വാങ്ങി ഈ രാജ്യത്തെ ഹിന്ദുക്കളെ മതപരിവർത്തനം ചെയ്ത് ഒരു വിഭാഗം കൂട്ടുകയും മറെറാരു വിഭാഗം കുറയുകയും ചെയ്യാനിടയാക്കിയ കാര്യം വിസ്മരണയുള്ളവരുടെ എല്ലാം ഓർമ്മയിൽപ്പെടുത്തുന്നു.

MR. A. NESAMONY : *இஷ்டம்போல் பேசுவதற்கு இது பிளாட்பாரமல்ல.*

MR. MANNATHU PADMANABHA PILLAI : ഇതു പ്ലാററുഫാറം അല്ല നിയമസഭതന്നെയെന്ന് എനിക്ക നല്ലവണ്ണം അറിയാം.

അതുപോലെതന്നെ ഇസ് എൻ. എസ്. എസ്. കാളേജിന് അഞ്ചുലക്ഷം രൂപാ ഗ്രാൻറുകൊടുക്കുന്നതിൽ അത്ഭുതപ്പെടുന്നവരോട് അവർ വാങ്ങിയിട്ടുള്ള സംഖ്യയെല്ലാം കണക്കാക്കി വാസ്തവകാര്യം അറിയ...

[Mr. Mannathu Padmanabha Pillai.]

കാശുമുള്ളതുമാത്രമാണ് എൻ. എസ്. എസ്. ചോദിച്ചിരിക്കുന്നതെന്നും അതു വാങ്ങുകതന്നെ ചെയ്യുമെന്നും പറയാതെ നിവൃത്തിയില്ല. കൊല്ലത്തു ഒരു ബിഷപ്പ് യാതൊരു സഹായവും ആവശ്യപ്പെടാതെ കാളേജ് സ്ഥാപിക്കുവാൻ അനുവാദം ചോദിച്ചപ്പോൾ കൊടുത്തിട്ടില്ലെന്ന് യൂണിവേഴ്സിററിയുടെ മേൽ ഒരു വലിയ അപരാധം ചുമത്തിയിരിക്കുന്നു. കൊല്ലം പട്ടണം ഉണ്ടായിട്ട് എത്രയോ കൊല്ലമായി. അവിടെ ബിഷപ്പും അനുയായികളും ഉണ്ടായിട്ടും ശതവർഷം കഴിഞ്ഞു. ഇതുവരെ ആർക്കും അവിടെ ഒരു കാളേജ് ഉണ്ടാക്കണമെന്ന് തോന്നിയില്ല. കൊല്ലത്തു് വളരെ പ്രയാസപ്പെട്ട് ഒരു ഒന്നാംഗ്രേഡ് കാളേജ് സ്ഥാപിക്കാൻ എസ്. എൻ. ഡി. പി. യോഗക്കാര അനുവാദം വാങ്ങി. അവർ ഈക്കൊല്ലം ഒരു പ്രീ യൂണിവേഴ്സിററി കാളേജ് അവിടെ ആരംഭിക്കുകയും ചെയ്തു. അപ്പോൾ അതിന്റെ മൂക്കിൽതന്നെ മററൊരു പ്രീ യൂണിവേഴ്സിററി കാളേജ് തുടങ്ങാൻ അവിടുത്തെ ബിഷപ്പ് അനുവാദം ചോദിച്ചു. ഇങ്ങിനെയാണ് സമത്വവും സമുദായമൈത്രിയും അവർ പാലിക്കുന്നതു്. സർവസമുദായമൈത്രിയെ തകർക്കാൻ ശ്രമിച്ചതു് അപരാധമല്ല. അതു മനസ്സിലാക്കി അനുവാദം കൊടുക്കാതിരുന്ന യൂണിവേഴ്സിററിക്കാണ് അപരാധം.

കൊല്ലത്തു് എസ്. എൻ. ഡി. പി. യോഗത്തിന് അനുവദിച്ചു കൊടുത്തിട്ടുള്ള കാളേജിന് എല്ലാ സഹായങ്ങളും ഗവൺമെൻറ് ചെയ്തു കൊടുക്കേണ്ടതാണ്. എൻ. എസ്. എസ്. കാളേജിനു് മാത്രം പണം കൊടുത്താൽ മതിയോ എന്നു ഒരു സ്നേഹിതൻ ചോദിക്കുകയുണ്ടായി. ആലപ്പുഴ സനാതന ധർമ്മകാളേജിനും അഞ്ചുലക്ഷം രൂപാ ഗ്രാൻറ് കൊടുത്തിട്ടുണ്ട്. അതുപോലെ എൻ. എസ്. എസ്. കാളേജിനും, എസ്. എൻ. ഡി. പി. കാളേജിനും കൊടുത്തേ തീരൂ. ഹിന്ദുക്കളുടെ എല്ലാ കാളേജുകൾക്കും കൊടുത്തേ തീരൂ. ഹിന്ദുക്കൾക്ക് അവരുടെ പങ്കു കൊടുത്തിട്ടേ മുമ്പു പണം വാങ്ങിയ ആളുകൾക്ക് കൊടുക്കാൻ പാടുള്ളൂ എന്നുപോലും പറയേണ്ടിയിരിക്കുന്നു.

MR. ABDUL AZIZ : ഞങ്ങൾക്കുംകൂടെ തരുമോ?

MR. MANNATHU PADMANABHA PILLAI : തീർച്ചയായിട്ടും തരണം. എല്ലാവർക്കും കൊടുക്കണം. ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും, മുസലീങ്ങൾക്കും അവരവർ അർഹിക്കുന്നതു കൊടുക്കണം.

പ്രൈമറി വിദ്യാഭ്യാസം മാത്രം ഗവണ്മെന്റ് ഏറ്റെടുത്താൽ പോരാ. ഹൈസ്കൂൾ വിദ്യാഭ്യാസവും കാളേജ വിദ്യാഭ്യാസവും ക്രമേണ എങ്കിലും ഗവണ്മെന്റിന്റെ അധീനതയിൽ ആയിത്തീരേണ്ടതാണ്. വിദ്യാഭ്യാസം മുഴുവൻ ദേശീയമാക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അങ്ങിനെ ചെയ്യാതെ സമുദായ വിഭാഗങ്ങൾക്കായി വീതിക്കാനാണ് ഭാവമെങ്കിൽ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും അവരവരുടെ വീതം കൊടുക്കേണ്ടിവരുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരെ അറിയിച്ചുകൊള്ളുന്നു. അതു രാജ്യത്തിനു ഗുണകരമാണെന്നു ഞാൻ വിചാരിക്കുന്നില്ല. കാളേജ് വിദ്യാഭ്യാസം പോലും ദേശീയമാക്കണമെന്നാണു എന്റെ ആഗ്രഹം. അങ്ങനെ വിദ്യാഭ്യാസം മുഴുവൻ ദേശീയമാക്കുമ്പോൾ വിട്ടുകൊടുക്കാനാണ് എൻ. എസ്. എസ് കാർ കാളേജുകൾ ഉണ്ടാക്കുന്നതു്. അതുവരെ എല്ലാ സമുദായവിഭാഗങ്ങൾക്കും ന്യായമായി അവരുടെ ഭാഗം കൊടുക്കണം. (ബെൽ)

MR. R. SANKAR (*Quilon IV—General*) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമാൻ മന്ദത്തു പത്മനാഭപിള്ള എസ്. എൻ. ഡി. പി. യോഗം ആരംഭിച്ച കാളേജിനെപ്പറ്റിയും ചില സംഗതികൾ പറയുകയും ആ കാളേജിനും സഹായധനം നൽകേണ്ടതാണെന്നു അഭ്യർത്ഥന ചെയ്യുകയും ചെയ്തതിൽ അദ്ദേഹത്തോടെനിക്കുള്ള കൃതജ്ഞത ആദ്യമായി രേഖപ്പെടുത്തിക്കൊള്ളുന്നു.

MR. K. S. JOSEPH (*Thiruvella VI—General*) : എസ്. എൻ. ഡി. പി-യ്ക്കു് ഇപ്പോൾ കാളേജ് ഉണ്ടോ?

MR. R. SANKAR : കാളേജ് ഉണ്ട്.

MR. K. S. JOSEPH : എസ്. എൻ. ഡി. പി-ക്ക്, കൊല്ലത്തു് ഒരു പ്രീ യൂണിവേഴ്സിററിസ്കൂൾ അല്ലേ ഉള്ളതു്?

MR. R. SANKAR : അവിടെ ഒരു കാളേജ് ഉണ്ട്. കാളേജിനുള്ള അനുവാദവും ഉണ്ട്. നിങ്ങൾ എത്ര പേർ വേണമെങ്കിലും വിളിച്ചുകൊള്ളുക; അതു് ഒരു കാളേജ് തന്നെയാണ്. കൊല്ലത്തു് എസ്. എൻ. ഡി. പി. യോഗത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന ഈ കാളേജ് ഇവിടെ പറയുന്ന അർത്ഥത്തിലുള്ള ഒരു കമ്മ്യൂണൽ കാളേജ് അല്ലാ എന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. തിരുവിതാംകൂറിൽ പല ഭാഗത്തുമുള്ള എല്ലാ സമുദായക്കാരേയും ആ കാളേജിൽ പഠിക്കാൻ അനുവദിച്ചിട്ടുണ്ട്. അതിനും പുറമേ എസ്. എൻ.

[Mr. R. Sankar.]

ഡി. പി. യോഗം ആരംഭിക്കുന്ന കാളേജ് എസ്. എൻ. ഡി. പി. യോഗം ഭരിക്കുവാൻപോലും നിശ്ചയിച്ചിട്ടില്ല എന്നും അതിന്റെ ഉടമസ്ഥാവകാശം പോലും എസ്. എൻ. ഡി പി. യോഗം കൈവശം വച്ചുകൊണ്ടിരിക്കുവാൻ പോകുന്നില്ല എന്നും ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. ആ കാളേജ് എസ്. എൻ. ഡി. പി. യോഗത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചു എന്നല്ലാതെ അതിന്റെ ഭരണം ഒരു ട്രസ്റ്റിനെ ഏല്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ആ ട്രസ്റ്റിലെ അംഗങ്ങൾ തിരുവിതാംകൂർകാരോ ഇൻഡ്യാക്കാരോ ഇൻഡ്യയ്ക്കു വെളിയിൽ ഉള്ളവരോ ആരായിരുന്നാലും എസ്. എൻ ഡി. പി. യോഗത്തിനോ ഈഴവർക്കോ അതിൽ ഭേദം ഉണ്ടായിരിക്കുകയില്ല എന്നു ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിനായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ആർക്കുവേണമെങ്കിലും അതു ഭരിക്കുവാൻ അവകാശമുണ്ട്. ഹിന്ദുവോ, മുസ്ലീമോ, ക്രിസ്ത്യനോ ആരായിരുന്നാലും ശരി ശ്രീനാരായണന്റെ ധർമ്മത്തിൽ ആരെല്ലാം വിശ്വസിക്കുന്നു—കാളേജിന്റെ സ്ഥാപനത്തെ ആരെല്ലാം സഹായിക്കുന്നു—അവർക്കെല്ലാവർക്കും കൂടി ഉള്ളതാണു ആ കാളേജ്.

കൊല്ലത്തു എസ്. എൻ ഡി. പി യോഗം ആരംഭിച്ചിരിക്കുന്ന കാളേജ് ഒരു കമ്മ്യൂണൽ കാളേജ് ആണെന്നു ഇവിടെ പറയുന്നതുകേട്ടു. അതു തെറ്റാണ്. കമ്മ്യൂണൽ കാളേജുകളും വലിയ സേവനം ചെയ്തിട്ടുണ്ട്. ചില കമ്മ്യൂണൽ കാളേജുകൾ ഇവിടെ ഉണ്ടായതിനാലാണ് ഇത്രത്തോളം വിദ്യാഭ്യാസം ഇവിടെ ഉണ്ടായിട്ടുള്ളതു്. ക്രിസ്ത്യാനികളാണ് ഇവിടെ ആദ്യം കാളേജ് തുടങ്ങിയതു്. അതിനു് അവർക്കു്, അനേകകോടി നമസ്കാരം. പക്ഷെ ദേശീയത്വം പറയുന്ന ക്രിസ്ത്യാനികൾ ഇപ്പോൾ അവരുടെ കൈവശം ഇരിക്കുന്ന കാളേജുകൾ ആദ്യമായി ഗവൺമെന്റിനു് വിട്ടുകൊടുക്കണം. അവർ അതിനു തയാറാകുന്നപക്ഷം അതിനു തൊട്ടടുത്ത ദിവസം തങ്ങളുടെ കാളേജുകൾ വിട്ടുകൊടുക്കുവാൻ എൻ. എസ്. എസ്സും, എസ്. എൻ. ഡി. പി-യും തയാറാണ്. എൻ. എസ്. എസ്. ഹിന്ദുകാളേജെന്നു പേരിട്ടതുകൊണ്ടു മാത്രം അതൊരു കമ്മ്യൂണൽ കാളേജെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല.

MR. ABDUL AZIZ: ഈ പേർ ഒന്നു മാററിയാൽ പോരേ? പേരു കൊണ്ടാണല്ലോ കമ്മ്യൂണൽ കാളേജ് എന്നു പറയുന്നതു്. മഹാത്മാ ഗാന്ധി മെമ്മോറിയൽ കാളേജെന്നാക്കിയാൽ മതിയല്ലോ.

MR. R. SANKAR : കൊല്ലത്തു കാളേജ് തുടങ്ങിയവർ എന്തോ ഒരു മഹാപാപം ചെയ്തതുപോലെ ഇവിടെ പറഞ്ഞുകേട്ടു. കൊല്ലത്തെ ശ്രീ നാരായണകാളേജിൽ പ്രവേശനത്തിനപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം പ്രവേശനം അനുവദിച്ചിട്ടുണ്ട്. തക്ക സമയത്തു പ്രവേശനത്തിനപേക്ഷിച്ചതിൽ ഒരാൾക്കുപോലും അഡ്മിഷൻ കൊടുക്കാതിരുന്നിട്ടില്ല. അഡ്മിഷൻ പൂർത്തിയായശേഷം ഒരു ഡസനോളം വിദ്യാർത്ഥികൾ അഡ്മിഷനുവേണ്ടി വന്നു. അഡ്മിഷൻ പൂർത്തിയായപ്പോൾ സ്ഥലമില്ലായെന്നു പറഞ്ഞയച്ചു. അഡ്മിററു ചെയ്തിട്ടുള്ള ൧൦൦-ൽപരം കുട്ടികളിൽ ൯൫൦ എന്നും ൯൪൯-നു മുമ്പ് പാസ്സായി കാളേജ് പ്രവേശനം കിട്ടാതിരുന്നിട്ടുള്ളവരാണ്. അവരെക്കൂടി ഉൾപ്പെടുത്തിയാണ് ൧൦൦-ൽ പരം വിദ്യാർത്ഥികളെ അവിടെ അഡ്മിററു ചെയ്തത്. ൧൦൪ പേരെ ചേർക്കാനുള്ള അനുവാദവും സൌകര്യവും ഉണ്ട്. അടുത്തകൊല്ലം അവിടെ കാളേജ് അഡ്മിഷൻ ആവശ്യപ്പെടുന്നവരായി ൪൦൦ വിദ്യാർത്ഥികളിൽ കൂടുതൽ ഉണ്ടായിരിക്കുകയില്ല. സാമ്പത്തികാധഃപതനം മൂലം അടുത്തകൊല്ലം ൩൦൦ വിദ്യാർത്ഥികൾപോലും കാളേജ് പ്രവേശനത്തിനുണ്ടാകയില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഈ നിലയിൽ കൊല്ലത്തു ഇനി ഒരു പുതിയ കാളേജ് ആവശ്യമില്ലെന്നു ഞങ്ങൾ ഈ കണക്കുകൾ ഉദ്ധരിച്ചു യൂണിവേഴ്സിററിയെ അറിയിച്ചു. ആ വക്ക് അതു ബോദ്ധ്യമായി. അവിടെ രണ്ടു കാളേജിന്റെ ആവശ്യം എന്താണെന്നു എനിക്ക് മനസ്സിലാകുന്നില്ല. രണ്ടു കാളേജ് ഉണ്ടാകുന്നത് രണ്ടും നടക്കാതിരിക്കാൻ വേണ്ടിയാണ്. അനാവശ്യമായ മൽസരം ഉണ്ടാകുന്നു. വർഗ്ഗീയ വഴക്കുകൾ വർദ്ധിപ്പിക്കുവാനും മാത്രമേ അതുപകരിക്കുകയുള്ളു.

യൂണിവേഴ്സിററിക്കാർ ശ്രീ നാരായണകാളേജിൽ ആദ്യത്തെ കൊല്ലം പ്രീ യൂണിവേഴ്സിററി ക്ലാസ് തുടങ്ങണമെന്നാവശ്യപ്പെടുകയാൽ ഈക്കൊല്ലം പ്രീ യൂണിവേഴ്സിററി ക്ലാസ് തുടങ്ങിയിരിക്കുകയാണ്. അനുവാദം തന്നമെങ്കിൽ ഈക്കൊല്ലംതന്നെ ബി എ., ബി. എസ്. സി. തുടങ്ങിയ കോഴ്സുകൾ എല്ലാംതന്നെ തുടങ്ങണമെന്നു വിചാരിക്കുന്നു. അതിനുവേണ്ടി ഞങ്ങൾ അനുവാദത്തിനപേക്ഷിച്ചിട്ടുണ്ട്. ഞങ്ങൾ ഗ്രാൻറിനും ആവശ്യപ്പെട്ടു. ഗ്രാൻറു കിട്ടുകയും ചെയ്യും. ഗ്രാൻറു കിട്ടുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. മി. മന്നത്തു പത്മനാഭപിള്ള പറഞ്ഞ കണക്ക് ശരിയാണോ എന്നെനിക്കു അറിഞ്ഞുകൂടെങ്കിലും ഈ രാജ്യത്തുള്ള സകല കാളേജുകൾക്കും സ്കൂളുകൾക്കും ഗവണ്മെൻറിൽനിന്നും സഹായധനം നൽകിട്ടുണ്ട്. കോട്ടയത്തു ഒരു സിമ്മനാരിക്കുപോലും ഇവിടത്തെ

[Mr. R. Sankar.]

ഗവണ്മെൻറു ധനസഹായം ചെയ്തിട്ടുണ്ട് എന്നുള്ള സംഗതി എല്ലാവർക്കും അറിവുള്ളതാണ്. കാളേജുകൾ എത്രയുണ്ടായാലും അതിനെ പ്രോൽസാഹിപ്പിക്കണം. കൊല്ലം ബിഷപ്പ് കൊല്ലത്തു ഒരു കാളേജ് വേണമെന്നാവശ്യപ്പെട്ടു. ഇനി ഒരു കാളേജുകൂടി കൊല്ലത്താവശ്യമില്ലാത്തതിനാൽ കൊല്ലത്തു തുടങ്ങണമെന്നാലോചിക്കുന്ന കാളേജ് കായംകുളത്തോ മററോ തുടങ്ങുന്നതു പൊതുജനങ്ങൾക്കുപയോഗപ്രദമായിരിക്കും. അല്ലാതെ കൊല്ലത്തു വേറെ ഒരു കാളേജുകൂടി ആവശ്യമില്ല. അതിൻെറ പേരിൽ പ്രക്ഷോഭണത്തിൻെറ ആവശ്യവുമില്ല. ആരും ജയിലിൽ പോകുകയും വേണ്ട. സമാധാനമായി കഴിയുന്ന കൊല്ലത്തു കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിച്ചവർക്കല്ല കുററം, പ്രയാസപ്പെട്ടു കാളേജ് സ്ഥാപിച്ച ഞങ്ങൾക്കാണ് കുററം.

MR. EAPEN ARAKKAL : കൊല്ലത്തു ഒരു കാളേജ് തുടങ്ങണമെന്നു നേരത്തെ ആലോചനയുണ്ടായിരുന്നതായി അറിയാമോ?

MR. R. SANKAR : ആലോചന ഉണ്ടായിരുന്നു എന്നുതന്നെ ഇരിക്കട്ടെ. ഞങ്ങൾക്കാലോചനയുണ്ടായി ഞങ്ങൾ കാളേജു തുടങ്ങി. അതുകൊണ്ടു യാതൊരു തെററും വരാനില്ല. വർഗ്ഗീയചിന്ത വച്ചുകൊണ്ട് യാതൊന്നും അവിടെ എസ്. എൻ. ഡി. പി. യോഗം ചെയ്തിട്ടില്ല. ശ്രീ നാരായണ കാളേജു യോഗത്തിൻെറ വകയെന്ന നില മാറി അടുത്ത ഭാവിയിൽ തന്നെ പബ്ലിക്കിൻെറ വകയായിത്തീരുമെന്നു പറഞ്ഞുകൊണ്ട് എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. PRESIDENT : ഈ ഡിമാൻറിനെപ്പററി ഇവിടെ കിട്ടിയിട്ടുള്ള മൂന്നു ഉപക്ഷേപങ്ങളും ആദ്യമായി അവതരിപ്പിക്കാമെന്നാണ് വിചാരിക്കുന്നതു്, അതുകൊണ്ട് അടുത്ത ഉപക്ഷേപം അവതരിപ്പിക്കുവാൻ ഞാൻ മി. കാപ്പനെ ക്ഷണിച്ചുകൊള്ളുന്നു.

MR. CHERIYAN J. KAPPAN : സർ, പ്രാഥമികവിദ്യാലയങ്ങളുടെ ഗ്രാൻറു വകയ്ക്കു കൊള്ളിച്ചിരിക്കുന്ന പത്തുലക്ഷം രൂപായിൽനിന്നും ഒരു രൂപാ വെട്ടിക്കുറയ്ക്കണമെന്നുള്ളതാണ് എൻെറ ഉപക്ഷേപം. എൻെറ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്, പ്രൈമറിസ്കൂളുകൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള ഗ്രാൻറുമതിയാകയില്ലായെന്നും മതിയാകമെന്നു ഗവണ്മെൻറുദ്ദേശിക്കുന്നതു ഗവണ്മെൻറിൻെറ തെററായ നയത്തിൻെറ ഫലമായിട്ടാണെന്നും, ആ നയം മാററണമെന്നും ഗവണ്മെൻറിനെ ഉൽബോധിപ്പിക്കണമെന്നുള്ളതാണ്. എന്നാൽ ഇവിടെ ആദ്യമായി ഗവണ്മെൻറിനെ ഒന്നു് അനുമോദിക്കാനുണ്ട്. അതു തിര

വനന്തപുരം എൻ. എസ്സ്. എസ്സ്. കാളേജിനു അഞ്ചുലക്ഷം രൂപാ ഗവൺമെൻറു ഗ്രാൻറനുവദിച്ചതിനാണ്. ഈ രാജ്യത്തു് വിദ്യാത്ഥികൾക്കു കാളേജു് പ്രവേശനം ലഭിക്കാതെ വിഷമിച്ചിരുന്ന ഒരു കാലത്തു് ഒരു കാളേജു നടത്തി കാളേജു പ്രവേശനത്തിൻെറ വിഷമം പരിഹരിക്കാൻ മുന്നിട്ടു നിന്നു പ്രവത്തിച്ച എൻ എസ്സ്. എസ്സ്-നെയും ഞാൻ കൃതജ്ഞതാപൂർവം സ്മരിക്കുന്നു. എന്നാൽ ഞാൻ പറയുന്നതു് എൻ. എസ്സ്. എസ്സിനു നൽകിയ പ്രോത്സാഹനം പോലെ വിദ്യാഭ്യാസവിഷയത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വിഭാഗങ്ങളിലും ഉള്ള പ്രൈവററു് ഏജൻസികൾക്കും നൾകണം എന്നാണ്. അല്ലാതെ ഒരു കൂട്ടർക്കു പ്രോത്സാഹനം നൾകുകയും മററുള്ളവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന നയം ഗവൺമെൻറു സ്വീകരിക്കരുതു്. വിദ്യാഭ്യാസത്തിൻെറ എല്ലാ വകുപ്പുകളിലും പ്രൈവററു് ഏജൻസികളെ പ്രോത്സാഹിപ്പിക്കുകയാണു് വിദ്യാഭ്യാസപുരോഗതിക്കു് സഹായകമായിട്ടുള്ളതെന്നാണു് വിദ്യാഭ്യാസവിചക്ഷണന്മാരുടെ അഭിപ്രായം. ഞാൻ ആദ്യമായി ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാനാഗ്രഹിക്കുന്നതു് ഇൻഡ്യയിലെ സാഡ്‌ലർ കമ്മിററി റിപ്പോർട്ടാണു്. അതിൽ വിദ്യാഭ്യാസം രാഷ്ട്രത്തിൻെറമാത്രം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതല്ലെന്നാണു് പറഞ്ഞിരിക്കുന്നതു്. അതു് രാഷ്ട്രത്തിൻെറ അധികാരത്തിൻേറയും സ്വകാര്യ ഏജൻസികളുടെ അവകാശത്തിൻേറയും മദ്ധ്യത്തിൽ അതിത്തി സ്ഥാനത്തു് കിടക്കുന്ന ഒരു കാര്യമാണു്. അതു് പൊതുജനനന്മയുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നതിനാൽ രാഷ്ട്രത്തിനു് അതിൻെറ ഉത്തരവാദിത്വം തീർത്തു് കൈവിടാൻ നിവൃത്തിയില്ല. അതു് കുടുംബജീവിതവുമായി വളരെ ബന്ധമുള്ളതിനാൽ രാഷ്ട്രത്തിൻെറ മാത്രം ഉത്തരവാദിത്വത്തിൽ നൾകാവുന്നതുമല്ല. അതിനാൽ രാഷ്ട്രത്തിൻെറ ഉത്തരവാദിത്വവും സ്വകാര്യഏജൻസികളുടെ അവകാശവും കൂട്ടിഘടിപ്പിച്ചു് ഒരു പദ്ധതി രൂപീകരിക്കണമെന്നാണു് സാഡ്‌ലർകമ്മിററി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്. തിരുവിതാംകൂർ ഗവൺമെൻറിൽനിന്നും ഉണ്ടാക്കിട്ടുള്ള വിദ്യാഭ്യാസപുനഃസംവിധാനകമ്മററിയുടെ റിപ്പോർട്ടിൽ ഈ ഭാഗം പ്രത്യേകം എടുത്തു പറഞ്ഞിട്ടുമുണ്ടു്. ഈ വിദ്യാഭ്യാസപുനഃസംവിധാനകമ്മിററിയെ ൧൧൦൮-ൽ ആണു് നിയമിച്ചതു്. ഈ കമ്മിററിയുടെ അദ്ധ്യക്ഷനായിരുന്നതു് മി. പാപ്പുവർത്തു് ആണു്. അദ്ദേഹം കൂടി ഉൾപ്പെട്ട ൧൮ പേർ അടങ്ങിയ ഒരു വിദഗ്ധകമ്മിററി എന്നു പറയുമ്പോൾ ഈ രാജ്യത്തു് വിദ്യാഭ്യാസത്തെപ്പററി അഭിപ്രായം പറയാൻ പ്രാപ്തിയുള്ള ആളുകൾ ചേന്ന ഒരു കമ്മിററിയാണു്. ആ കമ്മിറ്റി

[Mr. Cheriyan J. Kappan]

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് അദ്ധ്യാപകന്മാർക്കു കൊടുക്കുന്ന ശമ്പളത്തിന്റെ ൭൫ ശതമാനം പ്രൈവററു വിദ്യാലയങ്ങൾക്കു ഗ്രാൻറായി കൊടുത്തു് പ്രൈവററു വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നാണു്. സാമുദായികമായി ഇവിടെ വളരെയൊക്കെ പറയുന്നതു കേട്ടു. സാമുദായികമായി നോക്കിയാൽ ആ വിദ്യാഭ്യാസപുനഃസംവിധാനകമ്മിററി ൨, ൭ നായന്മാരും, ൪ ക്രിസ്ത്യാനികളും, ൨ മുസ്ലീങ്ങളും ഉൾപ്പെട്ട കമ്മിററിയാണു്. ഇങ്ങനെയുള്ള ഒരു വിദഗ്ദ്ധക്കമ്മിററിയുടെ ഏകകണ്ഠമായ റിപ്പോർട്ടിനെ അവഗണിക്കാൻ സർ സി. പി രാമസ്വാമി അയ്യരുടെ ഗവണ്മെൻറിനു ആവശ്യമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ജനകീയ ഗവണ്മെൻറിനു അങ്ങനെയുള്ള ഒരു വിദഗ്ദ്ധക്കമ്മിററിയുടെ റിപ്പോർട്ടിനെ അവഗണിക്കേണ്ട ആവശ്യമില്ല.

MR. T. A. ABDULLA : ആ വിദഗ്ദ്ധകമ്മിററിയെ നിയമിച്ചതാരാണു്?

MR. CHERIYAN J. KAPPAN : അന്നു നിലവിലിരുന്ന ഗവണ്മെൻറാണെന്നു സമ്മതിക്കുന്നു. എന്നാൽ ഈ കമ്മിററി അംഗങ്ങൾ വിദഗ്ദ്ധന്മാരല്ലെന്നു മി. അബ്ദുള്ളായ്ക്കുപോലും പറയുവാൻ സാദ്ധ്യമല്ല.

MR. A. NESAMONY: Does the Hon'ble Member know that the State Congress Party sponsored the motion for the nationalisation of education.

MR CHERIYAN J. KAPPAN : ചോദ്യങ്ങൾക്കുത്തരം പറയുവാൻ വളരെ സന്തോഷമുണ്ടു്. എന്നാൽ അതിനുള്ള സമയംകൂടി അനുവദിക്കുന്നു എങ്കിൽ പ്രസംഗത്തിന്റെ അവസാനം ഉത്തരം പറയാം.

പിന്നെ മററൊരു സംഗതി പറയാനുള്ളതു് പ്രൈവററു വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തു വലുതായ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സംഗതി കൊണ്ടുതന്നെ ഇതു് ഈ രാജ്യത്തെ ജനസമൂഹത്തിനു സങ്കടമുണ്ടാക്കുന്നു എന്നു് ഗവണ്മെൻറിനു ബോദ്ധ്യമാകും. ബഡ്ജററിന്റെ പൊതുവിമർശനവേളയിൽ ബഹു: പ്രധാനമന്ത്രിയോടു ഈ വകുപ്പിനു ൪൦ ലക്ഷം രൂപാ മതിയാകുമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു ഇപ്പോൾതന്നെ പല സ്കൂളുകളും ഗവണ്മെൻറിന്റെ അധീനതയിൽ വന്നുകൊണ്ടിരിക്കുന്നു. ഇനിയും പലതും വരുമെന്നു പ്രതീക്ഷിക്കുന്നതുകൊണ്ടു് പത്തുലക്ഷം രൂപാ മതിയാകും എന്നാണു്. അതുപോലെ ഇപ്പോൾ പുതിയ സ്കൂളുകൾക്കു അപേക്ഷ കൊടുക്കുകയാണെങ്കിൽ ഒരു പുതിയ വ്യവസ്ഥകൂടി ഉൾപ്പെടുത്തിവരുന്നു. അതായതു് നിർബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കുന്ന അവസരം വരു

മ്പോൾ അു സ്ഥലത്തു് ഇപ്പോൾ പുതുതായി അനുവദിക്കുന്ന സ്കൂളുകൾ ഗവണ്മെൻറിനു വിട്ടുകൊടുക്കാം എന്നു ഒരു അണ്ടർ ടേക്കിംഗ് കൊടുക്കണം. ഇതിൽനിന്നും മനസ്സിലാകുന്നതു് പഴയ ഗവണ്മെൻറിൻെറ നയമാണ് ഇന്നത്തെ ഗവണ്മെൻറും തുടരുന്നതെന്നാണ്. എന്നാൽ എനിക്കതിനെപ്പററി പറയാനുള്ളതു് തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസിൽനിന്നും ഈ രാജ്യത്തിലെ ജനതതിക്കു കൊടുത്തിരിക്കുന്ന ഉറപ്പിനു വിപരീതമായിട്ടു്—തിരുവിതാംകൂർ ജനതതി മനസ്സിലാക്കിയിരിക്കുന്നതിനു വിരുദ്ധമായിട്ടാണ്- അു പഴയ നയം തുടരുന്നതെന്നാണ്. തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസ്സു കൊല്ലത്തുവച്ചു നടത്തിയ വാർഷികയോഗത്തിലെ നിശ്ചയത്തിനു വിരുദ്ധമായിട്ടാണ് ഇതു നടപ്പിൽ വരുത്തുന്നതു് എന്നു വ്യക്തമാകുന്നു.

MR. P. S. NATARAJA PILLAI (*Trivandram V—General*) : സ്റ്റേറ്റു കാൺഗ്രസ്സ് കൊല്ലത്തുവച്ചു പാസ്സാക്കിയ നിശ്ചയത്തിനു വിരുദ്ധമല്ലാ ഇതു എന്നാണ് ഒരു സ്റ്റേറ്റു കാൺഗ്രസ്സ് അംഗമെന്ന നിലയിൽ എനിക്കു പറയാനുള്ളതു്.

MR. K. P. NILAKANTA PILLAI: May I rise to a point of order: whether a resolution passed at a Quilon meeting can be advanced as an argument in support of a motion in this House?

MR. PRESIDENT: Yes.

MR. CHERIYAN J. KAPPAN : അന്നു കൊല്ലത്തുവച്ചു പാസ്സാക്കിയ പ്രമേയത്തിൻെറ താല്പര്യത്തിനു വിരുദ്ധമായി അതിനെ വ്യാഖ്യാനിക്കാൻ ചിലർ നടത്തുന്ന കസർത്തുകൾ എന്തൊക്കെ ആയാലും അന്നു പാസ്സാക്കിയ നിശ്ചയത്തിനു വിരുദ്ധമാണിതെന്നു ബഹു: മെമ്പറന്മാർ മനസ്സിലാക്കണം. അു ഉറപ്പിന്മേൽ ഒരു തെരെഞ്ഞെടുപ്പു നടത്തി രൂപീകരിക്കപ്പെട്ട സ്റ്റേറ്റുകാൺഗ്രസ്സ് മന്ത്രിസഭ, ഇപ്പോൾ അതിനു വിപരീതമായ നയം സ്വീകരിക്കുകയാണെങ്കിൽ, എനിക്കു പറയാനുള്ളതു് ഈ മന്ത്രിസഭ ഉടനെ രാജിവച്ചു് ഇതിൻെറ വെളിച്ചത്തിൽ വേറൊരു തെരഞ്ഞെടുപ്പു നടത്തി മറെറാരു മന്ത്രിസഭ രൂപീകരിച്ചു പ്രവർത്തനം തുടങ്ങണമെന്നാണ്.

The House adjourned for lunch at 1 P. M. and re-assembled at 2 P. M., the President (Hon'ble Mr. A. J. John) in the Chair.

MR. CHERIYAN J. KAPPAN : സർ, മി. മന്നത്തു പത്മനാഭപിള്ളയും മി. ആർ. ശങ്കറും പറയുകയുണ്ടായി, സ്കൂളുകളും കാളേജുകളും സ്ഥാപിക്കുന്നതിനുള്ള തങ്ങളുടെ അവകാശം അവർ പിടിച്ചുവാങ്ങു ന്നു.

MR. K. P. NILAKANTA PILLAI: I rise to a point of order. Now the motion about the University has already been discussed. This is a cut motion under Primary Education. That is why I pointed out that the whole issue would be complexified (*Laughter*). He is again going back to University Education.

MR. CHERIYAN J. KAPPAN: അവർ ഒരു ഭീഷണിപോലെ ആണു് അതു് പറഞ്ഞതു്. പക്ഷെ, അവരും ഈ ഒരു കാര്യം അറിയേണ്ടതുണ്ടു്. ഈ രാജ്യത്തെ ഒരു വിഭാഗം ആളുകൾക്കു് അവരുടെ മതവിശ്വാസപ്രകാരം ഒഴിച്ചുകൂടാൻവയ്യാത്ത ഒരു ചുമതലയായി നിർവഹിച്ചുപോരുന്നതും അവരുടെ പ്രാണവായുവിനെപ്പോലെ കരുതുന്നതുമായ ഒരു പ്രശ്നമാണു് ഇവിടത്തെ വിദ്യാഭ്യാസപ്രശ്നം എന്നുള്ളതുകൊണ്ടാണു് ഞങ്ങൾ ഇതിനുവേണ്ടി ഇത്ര തീക്ഷ്ണമായി വാദിക്കുന്നതു്.

MR. T. A. ABDULLA: മെമ്പർ 'ഞങ്ങൾ' എന്നു പറഞ്ഞതു് ആരെ ഉദ്ദേശിച്ചാണു്?

MR. CHERIYAN J. KAPPAN: ആരാണോ പ്രൈവററു വിദ്യാലയങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും നടത്തിക്കൊണ്ടുപോകണമെന്നു് ആവശ്യപ്പെട്ടു പ്രക്ഷോഭണം നടത്തുകയും ചെയ്യുന്നതു്, അവരാണു്.

പ്രൈവററുവിദ്യാലയങ്ങൾ മുഴുവൻ ഗവൺമെൻറു് ഏറെറടുക്കണമെന്നു കരുതുമ്പോൾ, ഇവിടത്തെ ൨൫ ലക്ഷം ജനങ്ങളെ അതു് സാരമായി ബാധിക്കുന്ന ഒരു കാര്യമാണെന്നു് ഗവൺമെൻറു് മനസ്സിലാക്കണം. ഇവിടത്തെ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുമ്പോൾ, പ്രൈവററുവിദ്യാലയങ്ങളെ ഇന്നത്തെ നിലയിൽ വച്ചുകൊണ്ടുതന്നെ അതു് നടത്തിക്കൊണ്ടുപോകാൻ സാധിക്കുമോ എന്നാണു് ഗവൺമെൻറു ആലോചിക്കേണ്ടതു്. അല്ലാതെ പ്രൈവററുവിദ്യാലയങ്ങൾ മുഴുവനും ഏറെറടുത്തുകൊണ്ടല്ല അതു് നടപ്പിൽ വരുത്തേണ്ടതു. വളരെ ക്ലേശിച്ചും താൽപ്പര്യപ്പെട്ടും ജനങ്ങൾ നടത്തിക്കൊണ്ടുപോകുന്ന ഒരു വിദ്യാഭ്യാസരീതിയെ ഒരു തരത്തിലും മാററാതെ, പഴയതെ രീതിവച്ചുകൊണ്ടുതന്നെ, നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനു് യാതൊരു പ്രയാസവുമില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസമന്ത്രി ഏ. ററി. സി. സി. യിൽ വർക്കിംഗ് കമ്മിററിയുടെ എന്തെങ്കിലും പ്രമേയം പാസ്സാക്കുന്ന സന്ദർഭത്തിൽ പലപ്പോഴും പറയാറുള്ളതു ഈ പ്രമേയത്തിനു് പല മാററങ്ങളും ഉണ്ടാക്കുവാൻ കഴിയും, എങ്കിലും ഈ പ്രമേയം ഇതേപടി ഒരക്ഷരം പോലും മാററാതെ, പാസ്സാക്കുവാൻ കഴിയുമോ എന്നാണു് ആദ്യമെ ആലോചിക്കേണ്ടതു് എന്നാണു്. ആ അഭിപ്രായം വളരെ ആദരണീയമാകുന്നു. ഇവിടെ ആലോചിപ്പാനുള്ളതു് ഇന്നത്തെ നിലയിൽതന്നെ,

പ്രൈവററുവിദ്യാലയങ്ങൾക്കു വേണ്ട പ്രോത്സാഹനം കൊടുത്തുകൊണ്ടു തന്നെ വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കിത്തീർക്കുന്നതിനു വൈഷമ്യം ഉണ്ടോ എന്നാണ്. വൈഷമ്യമില്ലെങ്കിൽ ആ രീതി അവലംബിക്കുന്നതായിരിക്കും അഭിലഷണീയമായിട്ടുള്ളതു്.

സർ, മററു പല രാജ്യങ്ങളിലുമുള്ള അനുഭവം നോക്കുകയാണെങ്കിൽ അവിടങ്ങളിലെല്ലാം നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയിരിക്കുന്നതു് പ്രൈവററ് ഏജൻസികളെ വച്ചുകൊണ്ടുതന്നെ ആണെന്നു കാണാം. പാശ്ചാത്യദേശത്തു് അതായതു്, ഹോളണ്ടു്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിൽ നിർബന്ധിതവിദ്യാഭ്യാസം പ്രൈവററ് ഏജൻസികളെ മുഴുവൻ ഓടിച്ചു കളഞ്ഞുകൊണ്ടല്ല നടപ്പാക്കിയിരിക്കുന്നതു. സിലോണിൽ പ്രൈവററുവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു മുഴുവൻ ശമ്പളവും ഗ്രാൻറുകൊടുത്തുകൊണ്ടാണ് നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയിരിക്കുന്നതു്.

ഇത്രയും പറയുമ്പോൾ ചിലർക്കു് ചില തെററിദ്ധാരണകൾ ഉള്ളതുപോലെ തോന്നുന്നു. വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കുന്നതിനു് ആരാ എതിരാണെന്നു ചിലർ വിചാരിക്കുന്നു. നിർബന്ധിതവിദ്യാഭ്യാസത്തിനു് ഒരൊററക്കുഞ്ഞുപോലും എതിരില്ലെന്നു് ഞാൻ അവരോടു പറയുന്നു. നിർബന്ധിതവിദ്യാഭ്യാസത്തെ എല്ലാ മതക്കാരും എല്ലാ സമുദായക്കാരും സ്വാഗതം ചെയ്യുന്നു. എന്നാൽ എതിരുള്ളതു്, ഈ പ്രൈവററ് ഏജൻസികളെ ഓടിച്ചുകളഞ്ഞു് എല്ലാ വിദ്യാലയങ്ങളും ഏറെറടുത്തു് നിർബന്ധിതവിദ്യാഭ്യാസം ഇവിടെ ഏർപ്പെടുത്തണം എന്നു പറയുന്നതിലാണ്.

മറെറാരു കാര്യം രാജ്യം ഒന്നാകെ നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്തേണ്ട ഒരു സംഗതി ആകുമ്പോൾ ഏതെങ്കിലും ഒരു സ്ഥലത്തു് ഒരു പ്രത്യേക സമുദായത്തിനു ഒരു സ്കൂൾ അനുവദിച്ചാൽ മററുള്ള സമുദായക്കാർക്കു് കൂടി അതേ സ്ഥലത്തു തന്നെ പ്രത്യേകം പ്രത്യേകം സ്കൂളുകൾ അനുവദിക്കുകയും ഗ്രാൻറ് കൊടുക്കേണ്ടിവരുകയും ചെയ്യുകയില്ലേ എന്നാണു. ൧൯൪൧-ലെ സെൻസസു അനുസരിച്ചു് ഇവിടെ ഒരു സ്ക്വയർ മൈലിനുള്ളിൽ ൧,൭൧൩ ജനങ്ങൾ താമസിക്കുന്നു എന്നു കാണാം. അത്രയും സ്ഥലത്തു് ൧൩൭.൯ കുട്ടികളും ഉണ്ടെന്നു അതേ സെൻസസ്സിൽ നിന്നു കാണാം. മുമ്പിരുന്ന ഗവണ്മെൻറ്, അതായതു സർ സി. പി. രാമസ്വാമിഅയ്യരുടെ ഗവണ്മെൻറ്, പ്രഖ്യാപിച്ചതു് ഒരു കുട്ടിക്കു് ഒരു വിദ്യാലയത്തിൽ പോകാൻ ൨ മൈലിൽ കൂടുതൽ നട

[Mr. Cheriyan J. Kappan.]

ക്കേണ്ടിവരരുത് എന്നാണ്. അതേ നയം തന്നെ ഈ ഗവണ്മെന്റും തുടരുന്നപക്ഷം രണ്ടു സ്ക്വയർ മൈൽ വരുന്ന ഒരു ഏറിയാക്കുള്ളിൽ ഒരു ക്ലാസ്സിൽ ൩൦ കുട്ടികളെ വീതം കണക്കാക്കുന്നപക്ഷം, ൪൯.൩ സ്കൂളുകൾ നടത്തേണ്ടതായുണ്ടെന്നു കാണാം. അങ്ങിനെ നോക്കുമ്പോൾ ഒരു സമുദായത്തിനു മാത്രമല്ല എല്ലാ സമുദായക്കാർക്കും ഒരു ഏറിയാക്കകത്തു തന്നെ സ്കൂളുകൾ നടത്തുന്നതിനു സൗകര്യം ലഭിക്കുന്നതാണ്. അതുകൊണ്ട് ആ വാദത്തെ അടിസ്ഥാനമാക്കി ഇവിടെ ആരും പ്രൈവറ്റുവിദ്യാലയങ്ങൾ നടത്തിക്കൂടാ എന്നു പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. പ്രൈവറ്റുവിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ എല്ലാ സമുദായക്കാർക്കും സൗകര്യം ലഭിക്കുന്നതിന് ഇവിടെ യാതൊന്നും തന്നെ തടസ്സമായി നിൽക്കുന്നില്ല.

MR P. K. KUNJU : അപ്പോൾ വിദ്യാഭ്യാസം ദേശീയമാക്കരുതെന്നാണോ മെമ്പറിന്റെ അഭിപ്രായം.

MR CHERIYAN J. KAPPAN : വിദ്യാഭ്യാസം ദേശീയമാക്കരുതെന്നു ഞാൻ പറഞ്ഞില്ല.

MR. CHELLASWAMI NADAR (*Vilavancode Hindu Nadar*) :

தலைவர் அவர்களே, இந்தப் பிரேரணையை அனுகூலிப்பதோடு இந்தக் கட்டாய ஆரம்பக் கல்வித் திட்டத்தை அமுல் நடத்தப் படுவதிலுள்ள இரண்டு, மூன்று குறைபாடுகளை நான் சொல்ல விரும்புகிறேன்.

இந்தத் திட்டம் ஒரு பிரதானமான திட்டம். ஸர் ஸி. பி. இராமசுவாமி ஐயர் அவர்கள் இந்தத் திட்டத்தை நமது சமஸ்தானத்தில் கொண்டுவர நினைத்த சமயத்தில் இதை ஆதரித்து வரவேற்றோம். ஆனால் அதில், குறிப்பிட்ட சில அம்சங்களைத்தான் நாம் எதிர்பார்த்ததுபோல் கொடுக்கப் படவில்லை. இந்த (shift system) மாற்று முறையிலிருந்து கிடைக்கவேண்டிய குணத்தைவிட, தோஷம்தான் அதிகமிருக்கிறது.

ஒரு மாணவன் 9 மணிக்கு வந்து 12. 30 மணிக்கு வீட்டுக்குப்போக வேண்டும். இந்த முறையில் வேறொரு மாணவன் 1.30 மணிக்கு பள்ளிக்கு தூரங்களிலிருந்தும் வெயிலிலும் மழையிலும் வரவேண்டியிருப்பதால் இந்த முறை அந்த மாணவர்களின் ஆரோக்கியத்தைக் கெடுத்துவிட ஏதுவாகிறது.

இரண்டாவதாக இந்தக் கட்டாயக் கல்வி ஆரம்பப்பாடசாலைகளில் ஏற்படுத்தப்பட்டிருக்கும் உபாத்தியாயர்கள் ஏழு அல்லது எட்டு மையில்களுக்கு அப்பாலிருந்து வருகிறார்கள். அவர்கள் தங்கள் வீட்டிலிருந்து ஏழு மணிக்கு காப்பி சாப்பிட்டு புறப்பட்டால்தான் சுமார் 10 மணிக்கு பாடசாலை வந்து சேரமுடியும்.

அனேகமாக அரை மணிக்கூர் தாமதித்துத்தான் வரமுடிகிறது. அப்படி ஏழெட்டு மையில்கள் நடந்து களைத்து வருகிற உபாத்தியாயர்கள், மாணுக்கர்களுக்கு என்னதான் சொல்லிக்கொடுக்கமுடியும் என்பதை நாம்

சிறிது ஆலோசிக்கவேண்டும். ஒரு காலேஜில் (College-ல்) இருக்கும் ஒரு புரபசருக்கு ஒன்று அல்லது ஒன்றரைமணி நேரம்தான் கற்றுக்கொடுக்கவேண்டியதாயிருக்கிறது. ஆனால் அவருக்கு சம்பளமும் ஏராளமாகக் கொடுக்கப்படுகிறது.

இதற்கு மாறாக மேற் கூறிய ஆரம்பக் கல்வி பாடசாலைகளிலுள்ள உபாத்தியாயர்களுக்கோ வென்றால் ஐந்து அல்லது ஆறு மணிநேரம் சொல்லிக் கொடுக்கவேண்டியிருப்பதோடு சம்பளமும் மிகக் குறைவு. இப்படி வெகு தூரங்களிலிருந்து வரும் உபாத்தியாயர்களது ஆரோக்கியம் குன்றிவிடாதா?

மூன்றாவதாக மேற் சொன்ன கட்டாயக் கல்வி ஆரம்பபாடசாலைகளுக்குத் தேவையான சாமான்கள் சரியாகக் கொடுக்கப்படவில்லை. பட்டணங்களிலுள்ள மேற்படி பாடசாலைகளுக்கு பெஞ்சு, மேசை, நாற்காலி முதலியவைகள் கொடுக்கப்பட்டிருக்கின்றன. ஆனால் நாட்டுப்புறங்களிலுள்ள பள்ளிக்கூடங்களில் இந்த பெஞ்சு, மேசை முதலிய சாமான்கள் இல்லாமலிருப்பது, கல்வி மந்திரி அவ்விடங்களுக்கு சென்று பார்த்தால் தெரியும்.

நான்காவதாக விளவங்கோடு தாலுகா கட்டாயக் கல்வி ஆரம்பப்பள்ளிக்கூட இன்ஸ்பெக்டரைப் பற்றிச் சில வார்த்தைகள் சொல்ல விரும்புகிறேன்.

விளவங்கோடு தாலுகாவில் நூற்றுக்கு எண்பத்தெட்டு தமிழர்கள் வாசிக்கிறார்கள். ஆனால் அங்கேயுள்ள பள்ளிக்கூடங்களில் நூற்றுக்குத் தொண்ணூற்றொன்பதும் மலையாளப் பள்ளிக்கூடங்கள் தான்.

கட்டாயக் கல்வித்திட்டம் அமுலுக்கு வரும்போது கல்வி டைரக்டர் அவர்கள் சொன்னார்கள், 25 தமிழ் மாணவர்கள் இருந்தால் அவர்களுக்கு ஒரு தமிழ் கிளாஸ் வைக்கப்படும். அதேபோல் மலையாளம் படிக்க 25 மாணவர்களிருந்தால் அவர்களுக்கு ஒரு மலையாளம் கிளாஸ் வைக்கப்படும் என்று. ஆனால் தற்சமயம் அந்த வாக்குறுதிக்கு நேர் விரோதமாக நடக்கிறது.

தலைவர் அவர்களே, குழித்துறையில் பிரைமறி ஸ்கூல்களுக்கு ஒரு மலையாளி இன்ஸ்பெக்டர் இருக்கிறார். அவருக்கு டைரக்டரின் இந்த ஆர்டர் ஒன்றும் தெரியாதாம். அங்குள்ள பிரைமறி பாடசாலைகளில் மலையாளத்தைத்தான் கற்பிக்கவேண்டுமென்றும் வற்புறுத்துகிறார். தமிழ் மாணவர்களுக்கு தமிழ் கற்க வசதி அளிக்கப்படுவதில்லை. மேற் சொன்ன இன்ஸ்பெக்டரைப்பற்றி பத்து பதினைந்து பெட்டிசன்கள் கொடுத்திருக்கிறோம். அவ்விதம் அனுப்பிய பிறகு தான் அங்குள்ள சில பள்ளிகளில் தமிழ் கற்பிக்க தொடங்கியிருக்கிறார்கள்.

மார்த்தாண்டத்திலுள்ள முனிசிப்பல் பிரைமறி பள்ளிக்கூடங்களில் இதுவரை தமிழ் கற்பிக்கப் பட்டுவந்ததை இந்த இன்ஸ்பெக்டரின் ஆடரின் பேரில் சென்ற இரண்டு மாதங்களாக தமிழ் கற்றுக் கொடுப்பதை நிறுத்தல் செய்திருக்கிறார்கள்.

ஆதலால் இந்த பிரைமறி ஸ்கூல் இன்ஸ்பெக்டர் குழித்துறையில் இருக்கும்வரையில் தமிழ் படிப்பதற்கு யாதொரு வசதியும் ஏற்படாது என்று கனம் மந்திரி அவர்கள் கவனத்திற்குக் கொண்டுவர விரும்புகிறேன்.

MR. P. CHACKO : സർ, പ്രൈമറിവിദ്യാലയങ്ങൾക്ക് ഗ്രാൻറ് കൊടുക്കുന്നതിന് കഴിഞ്ഞ കൊല്ലത്തിലനുവദിച്ചിട്ടുണ്ടായിരുന്ന ൧൦ ലക്ഷം രൂപാ മാത്രമെ ഇക്കൊല്ലവും ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളു എന്നും അതു ഓരോ അദ്ധ്യാപകനും ൨൫ രൂപാ വച്ച് ഗ്രാൻറു കൊടുക്കുന്നതിന് പര്യാപ്തമല്ല എന്നും ഉള്ള കാര്യത്തെപ്പററി പര്യാലോചിക്കുന്നതിനായി എൻെറ മാന്യസ്നേഹിതൻ മി. ചെറിയാൻ കാപ്പൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തോട് അനുകൂലിച്ചുകൊണ്ട് ഒന്നുരണ്ടു വാക്കുകൾ പറയണമെന്ന് ഞാനും ആഗ്രഹിക്കുന്നു.

തിരുവിതാംകൂറിൽ ഉദ്യോഗത്തിലിരിക്കുന്ന ആളുകളിൽ ഏററവും കുറഞ്ഞ ശമ്പളം വാങ്ങിക്കുന്ന ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരാണ് ഇന്നത്തെ പ്രൈവററു പ്രൈമറിസ്കൂളുകളിലെ അദ്ധ്യാപകന്മാർ. ഇപ്പോൾ ഗവണ്മെൻറിൽ നിന്നും അവർക്ക് കൊടുത്തുവരുന്നതു ൭ രൂപാ ശമ്പളവും ൩ രൂപാ ഡിയർനസ്സ് അലവൻസും മാത്രമാണു. ട്രാൻസ്പോർട്ടു ബസ്സിൽ നിന്നു ഒരു ചുമട് താഴെ ഇറക്കിവയ്ക്കുന്ന ഒരു ചുമട്ടുകാരന് ഏഴു ചക്രം കൂലി കൊടുത്താലും വിസമ്മതിക്കുന്ന ഈ കാലത്ത് ഈ ശമ്പളം എത്ര നിസ്സാരമായ ഒന്നാണെന്നുള്ളതു പ്രത്യക്ഷമാണ്. പ്രൈവററുസ്കൂളിലെ ഒരദ്ധ്യാപകന് വസ്ത്രധാരണത്തിനും അവൻെറ ജീവിതനിർവഹണത്തിനും മററുമായി ആകെ ലഭിക്കുന്നതു ഈ ൧൦ രൂപാ മാത്രമേ ഉള്ളു. ഇവിടെ നിലവിലിരിക്കുന്നതു ഒരു ദേശീയഗവണ്മെൻറാണു. ഈ കാലത്തു ഇവിടെ എല്ലാപേരുടേയും അവശതകൾ പരിഹരിക്കപ്പെടും എന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു. അങ്ങനെ അവരെ വിശ്വസിപ്പിച്ചുമിരുന്നു. കഴിഞ്ഞ വർഷം യാതൊരു ഗത്യന്തരവുമില്ലാതെ അദ്ധ്യാപകന്മാർ പണിമുടക്കു നടത്തിയതു നമ്മുടെ എല്ലാപേരുടേയും ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. ഇന്ന് അധികാരത്തിൽ ഇരിക്കുന്ന നമ്മുടെ ചില നേതാക്കന്മാരെ അവർ സമീപിക്കുകയും ആശ്വാസകരമായ ചില വാഗ്ദാനങ്ങൾ ഈ നേതാക്കന്മാർ അവർക്ക് നൽകുകയും ചെയ്തതിൻെറ ഫലമായി ആ പണിമുടക്ക് അവസാനിപ്പിക്കുകയാണ് ചെയ്തതു. മദ്ധ്യവേനൽ അവധിക്കാലത്തു യാതൊരു കഴപ്പവും വരുത്താതെ അവർ അവരുടെ ജോലികൾ നിർവഹിക്കുകയും അതിൻെറ ഫലമായി കുട്ടികൾ എല്ലാവരും പാസ്സാകുകയും ചെയ്തിട്ടുണ്ടു. ആ പ്രമോഷൻ ലിസ്ററ് ഇപ്പോഴത്തെ ഗവണ്മെൻറ്

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും അവർ ഏറ്റിരുന്ന ജോലി അവർ നിർവിഘ്നം നിർവ്വഹിച്ചുവെന്നു ഗവണ്മെൻറ് സമ്മതിച്ചിട്ടുണ്ട് എന്നു് വ്യക്തമാകുന്നു.

MR. S. KUTTEN : ഈ നേതാക്കന്മാർ ചെയ്ത വാഗ്ദാനം എന്തെങ്കിലും നടപ്പിൽ വന്നിട്ടുണ്ടോ?

MR. P. CHACKO : അധികം ഒന്നും നടപ്പിൽ വന്നിട്ടില്ല എന്നാണു എന്റെ അഭിപ്രായം. പണിമുടക്ക നടത്തിയ ൩ മാസത്തെ ഗ്രാൻറ കൊടുക്കാൻ പാടില്ലെന്നു കാണിച്ചുകൊണ്ടാണ് കഴിഞ്ഞ ൧൫-ാം തീയതിയിലെ പ്രസ് കമ്മ്യൂണിക്ക് പുറത്തുവന്നിട്ടുള്ളതു്. എവിടെ പണിമുടക്ക് നടത്തിയാലും അതു് ന്യായമായ ഒന്നാണെങ്കിൽ പണിമുടക്ക് നടത്തിയ കാലത്തേക്ക് യാതൊരു ശിക്ഷയും കൊടുക്കാതെ പണിമുടക്ക് കാലത്തെ ശമ്പളം കൊടുക്കുകയെന്നതു് സർവസാധാരണമായ ഒരു നടപടിയാണ്. സാധുക്കളായ ഈ അദ്ധ്യാപകന്മാർ കേവലം ൨ രൂപാ കൊണ്ടു ജീവിക്കാൻ നിവൃത്തിയില്ലെന്നുള്ളതു് സംഘടന മുഖാന്തിരം ഗവണ്മെൻറിനെ ധരിപ്പിച്ചിട്ടും ഫലമില്ലെന്നു കണ്ടപ്പോഴാണ് പണിമുടക്ക നടത്തിയതു്. ഈ പണിമുടക്ക കാലത്തെ ശമ്പളം പിടിക്കുവാനായി ഗവണ്മെൻറ് ഉത്തരവ് പുറപ്പെടുവിച്ചതു് അവക്ക് മർമ്മഭേദകമായ ഒരു കാര്യമാണ്. നിലവിലിരിക്കുന്ന സ്റ്റേറ്റ് കാൺഗ്രസ് ഗവണ്മെൻറ അതിന്റെ സംഘടനയായ പാർലമെൻററി പാർട്ടിയിൽ വച്ചു് ൧൫ രൂപാ ശമ്പളവും ൧൫ രൂപാ അലവൻസും പ്രൈവററ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് കൊടുക്കേണ്ടതാണെന്നു് ഒരു നിശ്ചയം പാസ്സാക്കുകയുണ്ടായി. അതു് കണ്ടപ്പോൾ അതിനെ വിശ്വസിച്ചു് ൨൦ രൂപാ വീതം ലഭിക്കുമല്ലോ എന്നുള്ള ആശ്വാസത്തോടുകൂടി പലരോടും കടം വാങ്ങിച്ചു ജീവിച്ചു വരുന്ന അനവധി അദ്ധ്യാപകന്മാരെ എനിക്ക് നേരിട്ട് അറിയാം. എന്നാൽ ഇപ്പോഴത്തെ പ്രസ് കമ്മ്യൂണിക്കെ അനുസരിച്ചു് അതിൽ ഒരു കാശുപോലും അവർക്ക് കിട്ടുകയില്ലെന്നാണ് വന്നിരിക്കുന്നതു്. കാരണം ഷിഫ്ററ സിസ്റ്റം നടപ്പുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക മാത്രമേ ൨൦ രൂപാ വച്ചുള്ള ശമ്പളം വാങ്ങിക്കുവാൻ അവകാശമുള്ളു എന്ന് ആ പ്രസ് കമ്മ്യൂണിക്കെയിൽ പറഞ്ഞിരിക്കുന്നു. ഇന്നത്തെ പ്രൈവററ വിദ്യാലയങ്ങളിൽ ൯൯ ശതമാനം വിദ്യാലയങ്ങളിലും ഷിഫ്ററ് സിസ്റ്റം ഏർപ്പെടുത്തിയിട്ടില്ല.

MR. K. A. MATHEW : മാനേജ്മെൻറ സ്കൂളിൽ ഷിഫ്റ്റ സിസ്റ്റം ഏർപ്പെടുത്തണമെന്ന് ഗവണ്മെൻറ നിർബന്ധിച്ചിരുന്നില്ലയെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

MR. P CHACKO : ഷിഫ്റ്റ സിസ്റ്റം ഗവണ്മെൻറ് നിശ്ചയിച്ച അവസരത്തിൽ പ്രൈവററ വിദ്യാലയങ്ങളിലും ആ സിസ്റ്റം ഏർപ്പെടുത്തുവാൻ ഗവണ്മെൻറ അവരോട് ആവശ്യപ്പെട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. അതുകൊണ്ട് പ്രൈവററ് വിദ്യാലയങ്ങളിൽ മിക്കവാറും എങ്ങും തന്നെ ഷിഫ്റ്റ സിസ്റ്റം ഏർപ്പെടുത്തിയിട്ടില്ല. അങ്ങനെ നോക്കുമ്പോൾ ഈ പ്രസ് കമ്മ്യൂണിക്കയിൽ പറയുന്ന ൨൭ രൂപാ കിട്ടുവാൻ അവകാശമുള്ള അദ്ധ്യാപകന്മാർ വളരെ ചുരുക്കമാണെന്നു കാണാം. ഗവണ്മെൻറ് എത്രയും വേഗത്തിൽ ഇവരുടെ അവശതകൾ പരിഹരിക്കുമെന്നാണ് എൻെറ വിശ്വാസം.

MR. S. KUTTEN : ഈ ഷിഫ്റ്റ സിസ്റ്റം അദ്ധ്യാപകന്മാർക്ക് ഗുണകരമാണോ? അദ്ധ്യേതാക്കൾക്കു ഗുണകരമാണോ?

MR. P. CHACKO : രണ്ടുകൂട്ടർക്കും ഗുണകരമല്ലെന്നാണ് ഒരു അദ്ധ്യാപകനായ എൻെറ അഭിപ്രായം. ഇപ്പോൾ സമയമില്ലാത്തതുകൊണ്ട് അതിനെപ്പററി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. അവശതക്കാരിൽ ഏററവും കൂടുതൽ അവശതയനുഭവിക്കുന്ന ഈ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്ക് അല്പസ്വല്പം വിട്ടുവീഴ്ചയോടുകൂടിയായാലും വേണ്ടില്ല, ശമ്പളം വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണ്.

MR. P. S. MUHAMAD : സർ, ഈ ഉപക്ഷേപത്തെ അടിസ്ഥാനപ്പെടുത്തി ചിലതു് പ്രസ്താവിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. വളരെ വിഷമമേറിയ ഒരു ഘട്ടത്തിലാണ് ഞാൻ ഇവിടെ നിൽക്കുന്നതെന്ന് പറയാതെ നിവൃത്തിയില്ല. ഞാൻ പ്രതിനിധീകരിക്കുന്ന പാർട്ടിയുടെ നെററിയിൽ സമുദായ ലേബൽ ഒട്ടിച്ചിരിക്കുകയാണ്. ഒരു സമുദായ സംഘടനയുടെ കക്ഷി എന്ന നിലയിലും അതിൻെറ പ്രവൎത്തകന്മാർ എന്ന നിലയിലുമാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നതെന്നു വരുകിലും ദേശീയവീക്ഷണകോണത്തോടുകൂടി മുമ്പോട്ടു പോകുന്ന എല്ലാ കാര്യങ്ങളിലും സഹകരിക്കണമെന്ന ആഗ്രഹത്തോടുകൂടിയാണ് ഞങ്ങൾ ഇരിക്കുന്നതു്. ഇവിടത്തെ ഏററവും വലിയ സമുദായങ്ങളായ ഹിന്ദുക്കളും

ക്രിസ്ത്യാനികളും തമ്മിൽ സഹോദരനിർവിശേഷം വർത്തിച്ചു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ സമുദായസൗഹാർദ്ദം നാൾക്കുനാൾ വർദ്ധിച്ചു കാണുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ നെററിമേൽ ഏതു ലേബൽ ഒട്ടിച്ചാലും ആ ആഗ്രഹത്തിൽ നിന്നു് പുറകോട്ടു പോകുവാൻ ഞങ്ങൾ വിചാരിക്കുന്നില്ല. ഞങ്ങളുടെ പാർട്ടി എത്ര വർഗ്ഗീയമാണെന്നു് ആരോപിക്കപ്പെട്ടാലും ഞങ്ങളുടെ വർഗ്ഗീയം തുറന്നതും അതിരുകല്പിക്കപ്പെട്ടിട്ടുള്ളതുമാണ്. നിങ്ങളുടെ ഇടയിൽ കഴിഞ്ഞുകൂടുവാൻ ആഗ്രഹിക്കുന്നവരും നിങ്ങളോടു് എല്ലാ കാര്യത്തിലും സഹകരിക്കുവാൻ ഇഷ്ടമുള്ളവരുമാണ്. ഏററവും പ്രധാനമായ ഒരു വിഷയമാണ് ഇന്നിവിടെ ചർച്ചയ്ക്കു വന്നിരിക്കുന്നതു് ...വിദ്യാഭ്യാസം. തിരുവിതാംകൂറിൽ ഇതിനേക്കാൾ പ്രാധാന്യമേറിയ വേറെ ഒന്നുണ്ടെന്നു തോന്നുന്നില്ല. സമുദായചിന്ത ലവലേശംകൂടാതെ ചിന്തിക്കേണ്ട ഒരു വിഷയമുണ്ടെങ്കിൽ അതു് ഇതു മാത്രമാണ്. ഇതു സംബന്ധിച്ചു് സ്റ്റേററു കോൺഗ്രസ് പാർട്ടിയിൽപെട്ട ഹിന്ദുസഹോദരന്മാരും ക്രിസ്ത്യൻസഹോദരന്മാരും തമ്മിൽ ഇവിടെ നടന്ന വാദപ്രതിവാദങ്ങൾ നോക്കിയാൽ അവർ തമ്മിൽ ഒരു സമുദായ സമരത്തിനുള്ള കരുക്കൾ ഒരുക്കുകയായിരുന്നില്ലേ എന്നു സംശയിക്കുവാൻ വകയുണ്ടു്.

ഈ അവസരത്തിൽ എനിക്കു പറയാനുള്ളതു്, കാളേജുകളായാലും കൊള്ളാം വിദ്യാലയങ്ങളായാലും കൊള്ളാം മത്സരം കൂടാതെ നിങ്ങൾ വീതിച്ചു എടുക്കുന്നതു ഞങ്ങൾക്കു സന്തോഷമാണ്. മുസ്ലീങ്ങളായ ഞങ്ങൾ ഓഹരി ചോദിക്കുവാൻ ഇപ്പോൾ വരുന്നില്ല. നിങ്ങളുടെ കൂടെ നിങ്ങളുടെ വിദ്യാലയങ്ങളിൽ പഠിക്കുവാൻ ഞങ്ങൾ തയാറാണ്. ഞങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കു കൂടെ അവിടെ സൗകര്യമുണ്ടായിരിക്കണം എന്നു മാത്രമേ ഉള്ളു. ഇത്രയും ഞങ്ങൾ പറയുമ്പോൾ ഞങ്ങളെ സമുദായവാദികളെന്നു പറഞ്ഞു തള്ളിക്കളയരുതെന്നു മാത്രം.

ഈ സന്ദർഭത്തിൽ എനിക്കു മറെറാരു കാര്യംകൂടി സഭയെ ഓർമ്മപ്പെടുത്തുവാൻ ഉണ്ടു്. തിരുവിതാംകൂർകാർ എല്ലാവക്കും വിശേഷിച്ചും സ്റ്റേററുകോൺഗ്രസ്സിനു് തന്നെയും അവർ ഉദ്ദേശിക്കുന്ന കാര്യം ശരിയായും ഭംഗിയായും മുമ്പോട്ടു പോകണമെങ്കിൽ ഈ സമുദായികസംഗതികളിൽ പരസ്പര ധാരണയോടുകൂടി മുമ്പോട്ടു പോകുവാനുള്ള അന്തരീക്ഷം നാം യോജിച്ചുണ്ടാക്കേണ്ടതാണ്. അങ്ങനെ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടാൽ മാത്രമേ പരസ്പര സഹകരണത്തോടുകൂടി പ്രവൃത്തിച്ചു് രാജ്യ

[Mr. Mohammed Mustafa.]

ത്തിന്റെ ക്ഷേമവും ഐശ്വര്യവും കൈവരുത്തുവാൻ സാധിക്കുകയുള്ളു എന്നതു് തർക്കമററസംഗതിയാണു്. നിങ്ങളിൽ ചിലർ ഞങ്ങൾ പോകുന്നതിനു തക്കസ്ഥലം ചൂണ്ടിക്കാണിച്ചു. ഞാൻ അതിൽ പരിഭവിക്കുന്നില്ല. ഞങ്ങളെ ചൂണ്ടിക്കാണിച്ചതുപോലെ നിങ്ങൾക്കു തമ്മിൽ ചൂണ്ടിക്കാണിച്ചു പറയുവാൻ സാദ്ധ്യമല്ല. അങ്ങനെ ഒരു സ്ഥലം ഈ ഭാരതഭൂമിയിൽ നിങ്ങൾക്കില്ല. തിരുവിതാംകൂറിൽ അങ്ങനെ ആരോടും നാം ആരും വെറും വാപേശാൻ തയാറാകുകയില്ല. നമ്മുടെ എല്ലാപേരുടേയും ദേശീയ ചട്ടയുടെ ഉള്ളിൽ അല്പസ്വല്പം വർഗ്ഗീയ ചായമുണ്ടെന്നുള്ള സംഗതി വിസ്മരിക്കരുതു്. അതുകൊണ്ടു് നിങ്ങൾ തങ്ങളിൽ ഒരു വിധമായ മത്സരത്തിനും ഇടകൊടുക്കാതെയും വിദ്യാഭ്യാസ കാര്യത്തിൽ ദേശീയത്വത്തിനു് വിലങ്ങുതടിയായി നിൽക്കാതെയും അതേ സമയം തന്നെ ചില സമുദായങ്ങളുടെ ന്യായമായ അവകാശത്തിനു് പരിഗണന കൊടുത്തും ഒരു ഒത്തുതീർപ്പു് ഉണ്ടാക്കി ഈ പ്രശ്നം എത്രയും വേഗത്തിൽ പരിഹരിക്കുവാനാണു് നോക്കേണ്ടതു്. വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിനു് ആർക്കും അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അതു് നടപ്പിൽ വരുത്തുന്നതിനുള്ള സമ്പ്രദായങ്ങളെ സംബന്ധിച്ചു് നമ്മിൽ ചിലർക്കു് വൈഷമ്യങ്ങൾ തോന്നുന്നുണ്ടു്. അതിനാൽ വിദ്യാഭ്യാസം സമ്പൂർണ്ണമായ ദേശീയാടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിനു് പര്യാപ്തമായ ഒരു ദീർഘകാല പദ്ധതിയെ അവലംബിച്ചുകൊണ്ടു തൽക്കാലത്തേക്കു് ഒരു രാജി മനോഭാവത്തോടുകൂടി ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

നിർബന്ധിതവിദ്യാഭ്യാസം ഞങ്ങൾ വളരെ അത്യന്താപേക്ഷിതമായി കരുതുന്നു. ഗവണ്മെൻറു വിദ്യാലയങ്ങളിൽ കൂടിയായാലും പ്രൈവററു വിദ്യാലയങ്ങളിൽ കൂടിയായാലും നമുക്കിവിടെ നിർബന്ധിതവിദ്യാഭ്യാസം സാധിക്കുക തന്നെ വേണം. ഗവണ്മെൻറു് വിദ്യാഭ്യാസചുമതല മുഴുവൻ ഏറെറടുക്കുന്നതിനെ ഞങ്ങൾ നിരുത്സാഹപ്പെടുത്തുന്നതല്ല. ആ ഘട്ടത്തിൽ ഞങ്ങളുടെ ചില കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതായുണ്ടു്. ഈ വാദകോലാഹലങ്ങൾക്കിടയിൽ നിങ്ങൾ ആ കാര്യം വിസ്മരിച്ചുകളയരുതെന്നു് അപേക്ഷയുണ്ടു്. മഹാരാജാവുതിരുമനസ്സിലെ ഗവണ്മെൻറു് ഞങ്ങൾക്കു് ചില പ്രത്യേക അക്ഷരങ്ങൾ പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രാഥ

മിക വിദ്യാലയങ്ങളിൽ ഉണ്ടാക്കി തന്നിട്ടുണ്ട്. നിലവിലിരിക്കുന്ന കാൺഗ്രസ്സ് ഗവണ്മെൻറ അതു സൗകര്യത്തെ,സപ്രതിബന്ധം ഉണ്ടാക്കുകയില്ലെന്നു മാത്രമല്ല അത്യന്ത പ്രോത്സാഹനം നൽകി ഞങ്ങളെ അനുഗ്രഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു പ്രൈവററു വിദ്യാലയങ്ങളിൽ പല തിലും അറബി അക്ഷരങ്ങൾ പഠിപ്പിക്കുന്നതിനു മുൻഷിമാരെ നിയമിച്ചിട്ടില്ല. ഈ നിലയാണു പ്രൈവററുസ്കൂളുകൾ തുടർന്നുകൊണ്ടുപോകുന്നതെങ്കിൽ മുസ്ലീങ്ങൾക്കു സഹകരിക്കുവാൻ നിവൃത്തിയില്ലാതെ വന്നേക്കുമെന്നുള്ള സംഗതിയെ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു.

MR. K. M. CHANDY: സർ, എൻെറ മാന്യസ്നേഹിതൻ മി. പി. എസ് മുഹമ്മദ് സ്റ്റേററുകാൺഗ്രസ പാർട്ടി മെമ്പറന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു പറഞ്ഞതു ഒരു തെററിദ്ധാരണ മൂലമാണെന്നു എനിക്കു തോന്നുന്നു. സ്റ്റേററ് കാൺഗ്രസ് പാർട്ടി മെംബറന്മാരുടെ ഇടയിൽ വിദ്യാഭ്യാസപ്രശ്നത്തെ സംബന്ധിച്ച് മൌലികമായ യാതൊരു അഭിപ്രായ വ്യത്യാസവുമില്ലെന്നു ഇവിടെ നടന്ന പ്രസംഗങ്ങൾ അദ്ദേഹം വേണ്ടപോലെ ശ്രദ്ധിച്ചിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു.

MR. P. K. KUNJU: മൌലികമായ അഭിപ്രായവ്യത്യാസമില്ലെന്ന് മെമ്പർ പറയുന്നു. പ്രായോഗികമായ അഭിപ്രായവ്യത്യാസമുണ്ടോ?

MR. K. M. CHANDY: അതിനെപ്പററി ഞാൻ എൻെറ പ്രസംഗം കഴിഞ്ഞതിൻെറ ശേഷം പറയാം.

പ്രൈവററുപ്രൈമറി വിദ്യാലയങ്ങളെ പ്രോൽസാഹിപ്പിക്കേണമോ വേണ്ടയോ എന്ന കാര്യത്തിലാണു അഭിപ്രായവ്യത്യാസമുണ്ടായതു. മി. കാപ്പൻ പ്രൈവററു പ്രൈമറി വിദ്യാലയങ്ങളെ പ്രോൽസാഹിപ്പിക്കണമെന്നു പറഞ്ഞു. മി. മന്നത്തു പത്മനാഭപിള്ള പ്രൈവററു വിദ്യാലയങ്ങളേയല്ല പ്രൈവററു കാളേജുകളേയാണു പ്രോൽസാഹിപ്പിക്കേണ്ടതു് എന്നു പറഞ്ഞു.

MR. P. S. MUHAMMED: മി. മന്നം, വേണമെങ്കിൽ പ്രാഥമിക വിദ്യാലയങ്ങൾ വീതിച്ചു കൊടുക്കണം എന്നു പറഞ്ഞില്ലേ?

MR. K. M. CHANDY: ഒരു കാര്യം വ്യക്തമാണ്. പ്രൈവററ് ഏജൻസികളെ പ്രോൽസാഹിപ്പിക്കുക എന്ന മൌലികമായ കാര്യത്തിൽ അഭിപ്രായവ്യത്യാസം ഇല്ല. എന്നാൽ പ്രൈവററു കാളേജുകളേ പ്രോൽസാഹിപ്പിക്കേണമോ പ്രൈവററു പ്രൈമറി വിദ്യാലയങ്ങളെ

[Mr. K. M. Chandy]

പ്രോൽസാഹിപ്പിക്കേണമോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാം. അതിൻെറ അടിയിലേക്ക് ഞാൻ പോകുന്നില്ല. അതു് അനശരിക്കാത്ത കുറേക്കൂടി അസ്വസ്ഥമാക്കിത്തീർക്കുവാൻ സഹായിക്കുകയേ ഉള്ളു എന്നാണ് എനിക്ക് തോന്നുന്നതു്.

MR. T. A. ABDULLA: പ്രൈവററ് ഏജൻസികൾ എന്നെന്നേക്കും നിലനിർത്തിക്കൊണ്ടു പോകണമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടോ?

MR. K. M. CHANDY: ആ ചോദ്യവും ഇവിടെ സംഗതമല്ല.

സർ, ഭൂതകാലപാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുവാനുള്ള ഒരു ഭൂതം പോലെ സർ സി. പി. രാമസ്വാമി അയ്യരുടെ പ്രതിമ ഈ സഭാമന്ദിരകവാടത്തിൽ നിൽക്കുന്നിടത്തോളം കാലം നമ്മിൽ പലർക്കും പഴയപാരമ്പര്യങ്ങളെ വെട്ടിട്ടു ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും സാധിക്കാത്തതിൽ എനിക്കതിശയമില്ല. സർ സി. പി. ഇവിടെ ഉണ്ടാക്കിവിട്ട സമുദായ വിദ്വേഷക്കൊടുങ്കാററിൻെറ അലകൾ ഇപ്പോഴും ഈ രാജ്യത്തു നിന്നും നിശ്ശേഷം മാറിയിട്ടില്ലെന്നും സമ്മതിച്ചേ തീരൂ. അന്നത്തെ ഗവണ്മെൻറിന് സാമുദായിക വിദ്വേഷം അഴിച്ചുവിട്ടു് അതിൻെറ മുതലെടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ ഗവണ്മെൻറിന് അതിൻെറ ആവശ്യമില്ല. എങ്കിലും പഴയ പാരമ്പര്യത്തിലേക്ക് ഒരു അദൃശ്യമായ ശക്തി ഇന്നത്തെ ഗവണ്മെൻറിനെ കുറെ കാലത്തേക്കെങ്കിലും വലിച്ചിഴച്ചുകൊണ്ടിരിക്കുന്നെങ്കിൽ അതിൽ അതിശയിക്കുവാനില്ല. കാലത്തിൻെറ തികവിൽ ഇന്നത്തെ ഗവണ്മെൻറിന് പഴയ ആ പാരമ്പര്യത്തിൽ നിന്നും വിട്ടുമാറുവാനുള്ള ധൈര്യവും തൻേറടവും ഉണ്ടാകുമെന്നു തന്നെയാണ് എൻെറ വിശ്വാസം. ഈ രാജ്യത്തിൻെറ ശ്രേയസ്സിനും താൽപ്പര്യത്തിനും വിരുദ്ധമാകാത്ത നിലയിൽ ഇവിടത്തെ വിദ്യാഭ്യാസം കൊണ്ടു പോകുമെന്നു നമുക്കു വിശ്വസിക്കാം. സർ സി. പി. രാമസ്വാമിഅയ്യർ പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി എടുത്ത നയത്തിൽ നിന്നും കുറച്ചൊക്കെ വ്യത്യസ്ഥമായ ഒരു നയമാണ് ഇപ്പോഴത്തെ ഗവണ്മെൻറ് എടുത്തിരിക്കുന്നതു് എന്നു കാണുവാൻ കഴിയും. എന്നാൽ അദ്ദേഹം പ്രൈവററ വിദ്യാലയങ്ങളെ സംബന്ധിച്ചു എടുത്തിട്ടുള്ള നയത്തിൽ നിന്നും പൂർണ്ണമായി വിട്ടുമാറാൻ നമ്മുടെ ഗവണ്മെൻറിന് സാധിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നുതന്നെ പറയേണ്ടിവരും. പത്തുരൂപാ ഗ്രാൻറ കിട്ടുന്ന ഒരു അദ്ധ്യാപകന്

൨൭ രൂപാ ശമ്പളം കൊടുക്കാമെന്നു് വ്യവസ്ഥ ചെയ്യുമ്പോൾ ഗ്രാൻറനുള്ള തുക പഴയ പടിതന്നെ വച്ചിരിക്കുന്നതു് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാൎയ്യംതന്നെയാണ്, ൧൦ രൂപാ കൊടുക്കുന്ന ഒരു അദ്ധ്യാപകന് ൨൭ രൂപാ കൊടുക്കേണ്ടതായി വരുമ്പോൾ അങ്ങനെ കൊടുക്കപ്പെടുന്ന അദ്ധ്യാപകന്മാരുടെ എണ്ണം മൂന്നിലൊന്നായി കുറക്കേണ്ടിയിരിക്കുന്നു. പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാരുടെ എണ്ണം മൂന്നിലൊന്നായി കുറക്കുകയെന്നുള്ളതാണ് ഇതിനിടയിൽ ഗവണ്മെൻറിന് ഉദ്ദേശമുള്ളതെങ്കിൽ, പ്രൈവററു പ്രൈമറിസ്കൂളുകളെ ഞെരുക്കുന്ന ഒരു നയമാണ് ഗവണ്മെൻറു് കൈക്കൊള്ളുന്നതെങ്കിൽ അതു് ഈ രാജ്യത്തു വളരെ അസ്വസ്ഥത ഉണ്ടാക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. തങ്ങളുടെ കുട്ടികളെ തങ്ങളുടെ മാനേജുമെൻറിൽ നടത്തുന്ന സ്കൂളുകളിൽ അഭ്യസിപ്പിക്കണമെന്നു് മതപരമായ വിശ്വാസം ഉള്ള ഒരു വിഭാഗം ജനങ്ങൾ ഈ രാജ്യത്തുള്ള വസ്തുത ഗവണ്മെൻറിനറിയാമെന്നു് വിശ്വസിക്കുന്നു. അങ്ങനെ ഒരു വിഭാഗം ജനങ്ങൾ ഈ രാജ്യത്തുള്ളിടത്തോളം കാലം പ്രൈവററു വിദ്യാലയങ്ങളെ നിർമ്മൂലനം ചെയ്യുവാൻ ഈ രാജ്യത്തെ ജനങ്ങൾ സമ്മതിക്കുവാൻ പോകുന്നില്ല.

MR. S. KUTTEN : പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കുന്നതിൽ വിരോധമുണ്ടോ?

MR. K. M. CHANDY : പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കുക പ്രൈവററു വിദ്യാലയങ്ങൾക്കു് ഗ്രാൻറു കൊടുക്കുക ഇവ രണ്ടുംകൂടികൂട്ടിക്കുഴക്കുന്നതു് ശരിയല്ല.

ഇന്നു് ഈ രാജ്യത്തു് കാണുന്ന പ്രാഥമികവിദ്യാഭ്യാസത്തിൻെറ ക്രമാതീതമായ വളർച്ചക്കുള്ള കാരണം പ്രൈവററു് ഏജൻസികളുടെ അശ്രാന്തപരിശ്രമമാണെന്നുള്ളതു നിർവ്വിവാദമാണു്. ആ സ്ഥിതിക്കു് പ്രൈവററു ഏജൻസികളെ പ്രോൽസാഹിപ്പിക്കേണ്ടതു് വിദ്യാഭ്യാസത്തിൻെറ പേരിൽ ഗവണ്മെൻറിൻെറ പ്രഥമവും പ്രധാനവുമായ ഒരു ചുമതലയാകുന്നു വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കുന്നതിൻെറ ആവശ്യകതയെ ഒരു പരിഷ്കൃത ജനതയും എതിർക്കുന്നതല്ല, എന്നാൽ വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കുന്നതിനു് പ്രൈവററുവിദ്യാലയങ്ങൾ നിർമ്മൂലം നശിപ്പിക്കേണ്ട ആവശ്യം ഇല്ല. പ്രത്യുത അവയെ പ്രോൽസാഹിപ്പിക്കുകയാണു് വേണ്ടതു്. അതിനാൽ പ്രാഥമിക വിദ്യാഭ്യാസവിഷയത്തിൽ ഗവണ്മെൻറു പ്രൈവററു് ഏജൻസികളെ നിരുൽസാഹപ്പെടുത്തരുതെന്നു് അപേക്ഷിച്ചുകൊണ്ടു് ഭേദഗതിയെ പിൻതാങ്ങുന്നു.

MR. ALEXANDER VAKAYIL : സർ, പ്രൈമറി വിദ്യാഭ്യാസത്തെപ്പോലെയുള്ള ഒരു കഴഞ്ഞ പ്രശ്നം തിരുവിതാംകൂറിൽ വേറെ ഒന്നുമുണ്ടെന്നു തോന്നുന്നില്ല. എത്രയോ വൽസരങ്ങളായി വളരെ അസ്വസ്ഥതയ്ക്കും പ്രക്ഷോഭണത്തിനും കാരണമാക്കിയ ഒരു ജീവിതപ്രശ്നമാണിത്. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാക്കിയതിന്റെ പരമോദ്ദേശ്യം ഈ നാട്ടിലെ സർവ്വ ലക്ഷം ജനങ്ങളും അക്ഷരജ്ഞാനമുള്ളവരായിരിക്കണമെന്നുള്ളതാണെങ്കിൽ പ്രൈവറ്റ് ഏജൻസിയെ പ്രോൽസാഹിപ്പിക്കതന്നെ വേണമെന്നു ഞാൻ വിനയപൂർവ്വം ഗവണ്മെന്റിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

൧൯൨൧-ൽ നിർബന്ധവിദ്യാഭ്യാസം തിരുവിതാംകൂറിൽ ഏർപ്പെടുത്തിയപ്പോൾ ൩൩.൩ ശതമാനം ജനങ്ങൾ അക്ഷരജ്ഞാനമുള്ളവരായിരുന്നു. ഇത്ര വലിയ ശതമാനം സാക്ഷരത്വം അന്നുണ്ടായിരുന്നെങ്കിൽ അതിന്റെ പ്രധാനകാരണം പ്രൈവറ്റ് ഏജൻസിയുടെ കാര്യക്ഷമമായ സേവനം ഒന്നുമാത്രമാണ്. ൧൯൪൪-ലെ കണക്കപ്രകാരം ൩൦൭൪ പ്രൈമറിസ്കൂളുകൾ ഇവിടെ പ്രവർത്തനം ചെയ്തിരുന്നു. അതിൽ ൪൧൬൭ സ്കൂളുകളും മാനേജുമെന്റ് സ്കൂളുകളാണ്. അതായത് പ്രാഥമികവിദ്യാഭ്യാസത്തിന്റെ ൭൧ ശതമാനം പ്രവർത്തനവും പ്രൈവറ്റ് ഏജൻസിയാണ് നിർവഹിക്കുന്നത്. ഈ കൊല്ലത്തിലെ രാജ്യഭരണ റിപ്പോർട്ട് പരിശോധിക്കുന്നതാണെങ്കിൽ സർക്കാർ പ്രൈമറിസ്കൂളിൽ ഒരു കുട്ടിയെ പഠിപ്പിക്കുന്നതിനു പ്രതിവർഷം ശരാശരി ൩൯ ഉറുപ്പിക ഗവണ്മെന്റിനു ചിലവു വരുന്നുണ്ട്. എന്നാൽ പ്രൈവറ്റ് പ്രൈമറിസ്കൂളിലെ ഒരു കുട്ടിയ്ക്കു ശരാശരി ൪.൭ ക. മാത്രമേ ചിലവു വരുന്നുള്ളു.

ഡിപ്പാർട്ടുമെന്റൽ സ്കൂളിലും പ്രൈവറ്റ സ്കൂളിലും ഒരേ പാഠപദ്ധതിയും ഒരേ കോഡുനിയമങ്ങളുമാണു അനുസരിച്ചു പോരുന്നത്. ഡിപ്പാർട്ടുമെന്റൽ സ്കൂളുകളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമതയും കൂടുതൽ നല്ല പരീക്ഷാഫലവും പ്രൈവറ്റസ്കൂളുകൾക്കാണുള്ളതെന്നു കാണാം.

നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തിയ താലൂക്കുകളിൽ സാക്ഷരത്വം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു. സർക്കാർ സ്കൂളുകളും പ്രൈവറ്റസ്കൂളുകളും തമ്മിൽ ആരോഗ്യപരമായ ഒരു മൽസരം ഉണ്ടായാൽ മാത്രമേ സാക്ഷരത്വം വർദ്ധിക്കയുള്ളു എന്നു

ഞാൻ ഊന്നിപ്പറയുന്നു. ബറോഡായിൽ ൪൦ സംവത്സരങ്ങൾക്കു മുമ്പ് പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കി, എന്നാൽ ഇന്നു സാക്ഷരത്വത്തിന്റെ ശതമാനം ൪൦ മാത്രമാകുന്നു. മിഷൻ സ്ഥാപനങ്ങളുടെ അഭാവം നിമിത്തമാണ് ദേശീകരണത്തിന് അവിടെ ഇടയായതു. ഇൻഡ്യൻ യൂണിയനിലും മദ്രാസ്, ഹൈദ്രബാദ്, മൈസൂർ, കൊച്ചി എന്നിവിടങ്ങളിലും പ്രൈവററു് ഏജൻസിയെ എത്രയോ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ ഇവിടെ മാത്രം ഇപ്രകാരം പ്രൈവററു് ഏജൻസിയെ നിരുത്സാഹപ്പെടുത്തുന്നതു് ആത്മഹത്യാപരമായ ഒരു നയമാണെന്നു ഞാൻ ഗവണ്മെൻറിനെ ധരിപ്പിക്കുന്നു. ഈ നയത്തിന്റെ ഉദ്ദേശശുദ്ധിയെ എനിക്കു ചോദ്യം ചെയ്യാതെ നിവൃത്തിയില്ല. പോലീസ് കാൺസ്റ്റബിൾമാർ, എക്സൈസ് ശിപായിമാർ, അഞ്ചൽ ജീവനക്കാർ തുടങ്ങിയ സാധുക്കൾക്കു ജീവനക്കൂലി നൽകുവാൻ ഗവണ്മെൻറിന്റെ കോശസ്ഥിതി അനുവദിക്കുന്നില്ല. എന്നാൽ പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കുന്നതു നിമിത്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ശമ്പളം പെൻഷൻ മുതലായ ചിലവുകൾക്കും ആയി കോടിക്കണക്കിനു പണം ചിലവു ചെയ്യുവാൻ ഗവണ്മെൻറിനു സാധിക്കുന്നു.

സർ, ദുസ്സഹമായ അസമത്വം അനുഭവിക്കുന്ന ൧൨൦൦൦ ത്തോളം വരുന്ന പ്രൈവററു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെ തൃപ്തിപ്പെടുത്താത്ത നയം ആപൽക്കരമാണെന്നു ഞാൻ പറയുന്നു. An ill paid teacher is a bad teacher a bad teacher is a social danger എന്നുള്ള പരമാർത്ഥം നാം ഓർക്കണം. ക്ഷാമബത്ത ഉൾപ്പെടെയുള്ള ൨൭ ക മാത്രമാണ് ഇപ്പോൾ പ്രൈവററുപ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ അനുഭവിച്ചിരിക്കുന്നതു്. എന്നാൽ ആ ഷിഫ്ററുസമ്പ്രദായം ഏർപ്പെടുത്തുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു മാത്രമേ സിദ്ധിക്കയുള്ളു. ഷിഫ്ററുസിസ്റ്റം വ്യവസായശാലകളിലാണ് സാധാരണ നടപ്പുള്ളതു്. മദ്രാസിൽ കഴിഞ്ഞ വർഷം ഹൈസ്കൂളുകൾ ചിലയിടങ്ങളിൽ ഈ സമ്പ്രദായം പരീക്ഷിച്ചു നോക്കി. എന്നാൽ അവിടെ അദ്ധ്യാപകന്മാർക്കു ഷിഫ്ററ് അനുവദിച്ചിരുന്നു. ഒരു ഷിഫ്ററ് അദ്ധ്യാപകൻ പ്രതിദിനം ൬ മണിക്കൂർ ജോലി ചെയ്യണം. ജോലിസമയം ൩൨൭-ൽ നിന്നും ൧൨൨൦ ആയി വർദ്ധിപ്പിച്ചിരിക്കുന്നു. ദിവസംതോറും ഒരു ഉരുപ്പിക പോലും ലഭിക്കാത്ത അദ്ധ്യാപകൻ ഷിഫ്ററുസമ്പ്രദായത്തിൽ ജോലി ചെയ്യുകയാണെങ്കിൽ അയാളുടെ ജീവിതം അത്ര ദീർഘിക്കുവാൻ ഇടയില്ല തന്നെ. അതിനും പുറമെ ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ ൪൦ ശതമാനം പ്രൈവററു

[Mr. Alexander vakayil]

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ പുറം തള്ളപ്പെട്ടും. ആകയാൽ ഈ സമ്പ്രദായം ഏർപ്പെടുത്തുന്ന സംഗതിയിൽ ഗവൺമെൻറ് അവഗാഢമായി ഒന്നുകൂടി ആലോചിക്കേണ്ടതുണ്ട്. നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തുന്നതും ഏർപ്പെടുത്താത്തതുമായ എല്ലാ പ്രദേശങ്ങളിലുമുള്ള പ്രൈവററു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാൎക്കു പരിഷ്കരിച്ച ശമ്പളസ്കെയിൽ നൽകണമെന്നു ഞാൻ ആവേശപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഡെമോക്രസിയുടെ പടയാളികളായ അദ്ധ്യാപകന്മാരെ നിരാശാഗർത്തത്തിൽ നിപതിപ്പിക്കുന്നതു് ആപൽക്കരമാണെന്നു് ഊന്നിപ്പറഞ്ഞുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. KANNARA GOPALA PANICKER: സർ, പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും, സൗജന്യവും, സാർവ്വത്രികവും ആക്കുന്നതിനെ സംബന്ധിച്ചിടത്തോളം വേണ്ട നടപടികൾ ഗവൺമെൻറു് സമാരംഭിച്ചിട്ടുണ്ട്. ഈ നടപടികളുടെ ഫലമായിട്ടു് അടുത്ത ഭാവിയിൽ അതു് ദേശീയമാകുമെന്നും നമുക്കു് വിശ്വസിക്കാം. പ്രാഥമികവിദ്യാഭ്യാസം മാത്രമല്ല, വയോജനവിദ്യാഭ്യാസംകൂടി ഗവൺമെൻറു് നടപ്പിൽ വരുത്താനുദ്ദേശിച്ചതു് ആശാവഹവും, അഭിനന്ദനാർഹവുമാണ്. സർ, തിരുവിതാംകൂറിലെ ചില പ്രാഥമിക വിദ്യാലയങ്ങളെപ്പററി അതായതു് ഗവൺമെൻറിൻെറ കയ്യിൽ ഇരിക്കുന്ന കുറേ വിദ്യാലയങ്ങളെപ്പററി ഒരു കാര്യം പറയണമെന്നു ഞാൻ ആശിക്കുന്നു. പ്രൈവററു് ഏജൻസികൾ നടത്തുന്ന വിദ്യാലയങ്ങളേക്കാൾ വളരെ ശോചനീയമായ നിലയിലുള്ള ചില സ്കൂളുകൾ ഗവൺമെൻറുവകയായിട്ടുണ്ട്. ഓലകെട്ടിയ ചില സ്കൂളുകൾ മഴയത്തു് ചോർന്നൊലിച്ചു, അതിൻെറ ചുവരു് നിലംപതിക്കാറായ മട്ടിലും, ഓടിട്ട കെട്ടിടങ്ങളാണെങ്കിൽ അതിൽ മിക്കഭാഗത്തും ഓടില്ലാതെയും, മഴക്കാലങ്ങളിൽ ചോർച്ചയും, തൻമൂലം അദ്ധ്യയനത്തിന് ചില അസൗകര്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ നില തുടരുന്നതു് ചിലപ്പോൾ വലിയ അപകടത്തിനു കാരണമാകുന്നതാണ്. അതുകൊണ്ടു് ഇവയുടെ അററകുററപ്പണി തീർക്കുന്നതിൽ ഗവൺമെൻറിൻെറ സത്വരശ്രദ്ധ പതിയേണ്ടതു് ഏററവും അത്യാവശ്യമാണ്. മറെറാരു കാര്യം പറയാനുള്ളതു് സ്കൂൾ നടത്തുന്നതിനുവേണ്ടി ഗവൺമെൻറിന് വിട്ടുകൊടുക്കുന്ന surrender ചെയ്തിട്ടുള്ള കെട്ടിടങ്ങളെപ്പററിയാണ്. ഈ കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന അററകുററപ്പണികൾ കെട്ടിടത്തിൻെറ ഉടമസ്ഥന്മാർതന്നെ തീർക്കേണ്ടിയിരിക്കുന്നു. സ്കൂൾ ഗവൺമെൻറിന് വിട്ടുകൊടുത്തിട്ടും

അതിന്റെ അററകുററപ്പണിയെങ്കിലും തീക്കാൻ ഗവണ്മെൻറിന് സാധിക്കയില്ലെന്നു വരുന്നതു് വളരെ സങ്കടമാണ്. മാത്രവുമല്ല, ചില സ്കൂളുകൾക്ക് അററകുററപ്പണി മാത്രമല്ല, അതിന്റെ ജന്മിക്കരംകൂടി ഉടമസ്ഥൻ കൊടുക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി വഞ്ചിപ്പുഴ ചീഫിന്റെ സ്ഥലങ്ങളിൽ പണി കഴിപ്പിക്കപ്പെട്ട ചില സ്കൂളുകൾ ഗവണ്മെൻറിനു വിട്ടുകൊടുക്കയും, അങ്ങിനെ വിട്ടുകൊടുത്തിട്ടുള്ളവർ ൧൦൦ വർഷത്തേക്ക് അതിന്റെ ജന്മിക്കരം കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു നിർബന്ധിക്കയും ചെയ്യുന്നു. ഇതിനും പുറമേ, ആദ്ധ്യാത്മികമായോ, മതപരമായോ ഉള്ള വല്ല കാര്യങ്ങൾക്കുമായി ഒന്നോ രണ്ടോ ദിവസത്തേക്ക് സ്കൂൾ ആവശ്യപ്പെടുന്നതായാൽ അനുവദിക്കുന്നുമില്ല. അതുകൊണ്ടു പ്രൈവററു സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുപുറമേ, ഗവണ്മെൻറിലേക്ക് വിട്ടുതന്നിട്ടുള്ള സ്കൂളുകളുടെ അററകുററപ്പണി ഗവണ്മെൻറുതന്നെ നടത്തേണ്ടതും; അവകളുടെ ജന്മിക്കരം മുതലായവ ഗവണ്മെൻറ് കൊടുക്കേണ്ടതുമാണെന്നുള്ളതു് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

MR. V. K. VARGHESE (*Pathanamthitta III—General*) : സർ, തിരുവിതാംകൂറിലെ പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ. സി. പി. ദിവാൻജിയായിരുന്ന കാലത്തു് വിദ്യാഭ്യാസം പരിഷ്കരിച്ച കൂട്ടത്തിൽ പ്രാഥമികവിദ്യാഭ്യാസവും നിർബന്ധിതമാക്കി. എന്നാൽ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയതോടുകൂടി അതു് മുഴുവൻ ഗവണ്മെൻറിന്റെ കുത്തകയാക്കിത്തീക്കുന്നതിനുവേണ്ട വ്യവസ്ഥകളും ചെയ്തു. ഇതു നാംസ്ഥാനത്തു വലിയ പ്രക്ഷോഭണത്തിനു കാരണമാക്കി. മാനേജുമെൻറുകൾക്ക് അപരിമിതമായ കഷ്ടനഷ്ടങ്ങൾക്ക് കാരണമാകുകയും ഓരോ സമുദായത്തിൽപ്പെട്ട സ്കൂൾ ഉടമസ്ഥന്മാരും ഇതുസംബന്ധിച്ചു പലപ്രാവശ്യം ഡിപ്യൂട്ടേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും ഗുണകരമായ യാതൊരു തീരുമാനവും ചെയ്തുകൊടുത്തിട്ടില്ല. ഗവണ്മെൻറിന്റെ ഈ പ്രവൃത്തി പൊതുജനങ്ങളുടെ ഇടയിൽ വലുതായ അതൃപ്തിക്ക് കാരണമായിട്ടുണ്ട്. സി. പി. ഗവണ്മെൻറു ഇതു സംബന്ധിച്ചു അവസാന തീരുമാനം ഉണ്ടാക്കിയിട്ടില്ല. ഒരു കമ്മററിയെ നിയമിച്ചു വിദ്യാഭ്യാസപ്രശ്നത്തിനു അവസാന തീരുമാനം ഉണ്ടാക്കേണ്ടതാണ്. ധാരാളം പണം ചെലവാക്കി സ്കൂളുകൾ

[Mr. V. K, Varghese.]

ഉണ്ടാക്കി കാര്യക്ഷമമായ അദ്ധ്യയനം നിർവ്വഹിച്ചുവരവേ പെട്ടെന്നുള്ള ഒരു നോട്ടീസ്മൂലം മാനേജ്മെൻറുസ്കൂളുകൾ ഗവണ്മെൻറ് ഏറെറടുക്കുവാൻ നിശ്ചയിച്ചതു് ഒരു അനിഷ്ടസംഭവമായിട്ടേ വിചാരിക്കാൻ നിവൃത്തിയുള്ളു. ഗവണ്മെൻറ്സ്കൂളുകളെ അപേക്ഷിച്ചു മാനേജുമെൻറു സ്കൂളുകളിലാണ് പ്രാഥമിക വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുന്നതെന്നു നാം എല്ലാപേരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. ആ സ്ഥിതിക്ക് ഗവണ്മെൻറ് ഏറെറടുത്തിട്ടുള്ള പ്രൈവററ്വിദ്യാലയങ്ങളെ കൂടി പഴയ രീതിയിൽ വിട്ടുകൊടുത്തു് അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. അടുത്തതായി പറയാനുള്ളതു് സാധുക്കളായ അദ്ധ്യാപകന്മാരെപ്പററിയാണ്. ഗവണ്മെൻറ് പ്രൈമറി സ്കൂളിലെ ഒരു അദ്ധ്യാപകനു കൊടുക്കുന്ന ശമ്പളംതന്നെ ഇവർക്കും കൊടുക്കേണ്ടതാണ്.

ഷിഫ്ററുസിസ്റ്റം ഉള്ള സ്കൂളുകളിൽമാത്രം ഗ്രാൻറു കൊടുക്കുമെന്നുള്ള പ്രസ്സ്കമ്മ്യൂണിക്ക്യ നീതീകരിക്കത്തക്കതല്ല. കുറഞ്ഞപക്ഷം ആ സിസ്റ്റം നടപ്പിലാക്കുന്നതിനു മാനേജ്മെൻറിനു സാവകാശം കൊടുക്കേണ്ടതാണ്. കൂടാതെ കുട്ടികളെ മതബോധമുള്ളവരാക്കിത്തീർക്കുന്നതിനുവേണ്ടി, മതപരമായ അദ്ധ്യയനം നൾകണം. അതിനുവേണ്ട വ്യവസ്ഥ ഗവണ്മെൻറ് ഉടൻ ചെയ്യേണ്ടതാണ്. സ്റ്റേററിൻെറ ഭാവിയെപ്പററി ആകാംക്ഷയുണ്ടെങ്കിൽ, രാജ്യത്തുനിന്നും കമ്മ്യൂണിസത്തെ ഉന്മൂലനം ചെയ്യണമെങ്കിൽ കുട്ടികളെ മതബോധവും ദൈവവിശ്വാസവും ഉള്ളവരാക്കി തീർക്കണം. ജനകീയഗവണ്മെൻറ് ഒരു ശോഭനമായ ഭാവിയെയാണ് പ്രതീക്ഷിക്കുന്നതെങ്കിൽ ഏറെറടുത്തിട്ടുള്ള സ്കൂളുകൾ തിരികെ അവരവർക്കുതന്നെ വിട്ടുകൊടുക്കേണ്ടതാണ്. അങ്ങിനെ വിട്ടുകൊടുക്കുന്നതുകൊണ്ടും ഗവണ്മെൻറിനു ലാഭമല്ലാതെ ഒരിക്കലും നഷ്ടം ഉണ്ടാകയില്ല. പണിമുടക്കുകാലത്തെ ശമ്പളം അദ്ധ്യാപകന്മാർക്കു കൊടുക്കുന്നതല്ല എന്നു പ്രസ്സ്കമ്മ്യൂണിക്കിൽ നിർദ്ദേശിച്ചിരിക്കുന്നതും നീതീകരിക്കത്തക്കതല്ല. പണിമുടക്ക് പിൻവലിച്ചതു് ഒരു ഒത്തുതീർപ്പുമൂലമാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. അതിനും പുറമേ അവരുടെ ശമ്പളം കൂട്ടിയ സ്ഥിതിക്കു അവരുടെ വാദത്തെ ഗവണ്മെൻറു സമ്മതിച്ചിരിക്കുന്നു എന്നുകൂടി ഓർക്കേണ്ടതാണ്. ഈ സംഗതികളെ പരിഗണിച്ചു പണിമുടക്കുകാലത്തെ ശമ്പളം അദ്ധ്യാ

പകന്മാക്ക് കൊടുക്കേണ്ടതു് ആവശ്യമാണ്. ഈവക സംഗതികൾ ഗവണ്മെൻറിൻെറ സത്വരശ്രദ്ധക്ക് വിഷയീഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

MR. K. P. NILAKANTA PILLAI: സർ, നിലവിലിരിക്കുന്ന വിദ്യാഭ്യാസമാതൃകകളേയും പദ്ധതികളേയും വിസ്മരിക്കാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയും അവയോടുകൂടി അവയെ അതേവിധത്തിൽതന്നെ വളർത്തി മുമ്പോട്ടു കൊണ്ടുപോകണമെന്നുള്ള ദൃഢനിശ്ചയവുമാണ് വിദ്യാഭ്യാസനയത്തിൽ പരസ്പരവിരുദ്ധങ്ങളായ വാദപ്രതിവാദങ്ങൾ ഈ അസംബ്ളിയിൽ ഉണ്ടാക്കാനിടയായതെന്ന് ഞാൻ വിചാരിക്കുന്നു. സർ, ലോകഗതി നോക്കുകയാണെങ്കിൽ, പഴഞ്ചൻ രീതിയിലുള്ള വിദ്യാഭ്യാസമാതൃകയെ ഇനിയും വച്ചു പുലർത്തിക്കൊണ്ടു പോകണമെന്നു പറയുന്നതു് മനസ്സിന്റെ വ്യഥയുണ്ടാക്കുന്നതാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. തത്വങ്ങളേപ്പററി ചിന്തിക്കുകയാണെങ്കിൽ, പലപ്പോഴും പുരോഗമനപരങ്ങളായ കാര്യങ്ങളിൽ നാം ഇൻഡ്യൻയൂണിയനിലെ ഒരംഗമാണെന്നും അതുകൊണ്ട് ഇൻഡ്യൻ യൂണിയനെ പകർത്തുന്നതാണ് കൂടുതൽ പ്രയോജനപ്രദമായിട്ടുള്ളതെന്നും പഠിക്കുകയാണ് ഉത്തമമെന്നാണ് എനിക്കു തോന്നുന്നതു്. അഥവാ അങ്ങനെ പുരോഗമനപരമായ കാര്യങ്ങൾ ഇൻഡ്യൻ യൂണിയനിലില്ലെങ്കിൽ നാം അമേരിക്കക്കോ ഹാളൻറിനോ ഇംഗ്ലണ്ടിനോ പോകാൻ തയാറാണ്. ഇൻഡ്യൻ യൂണിയൻ വിദ്യാഭ്യാസവിഷയകമായി, ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും അവിടെ ഇപ്പോൾ നടപ്പിലിരിക്കുന്നതുമായ പദ്ധതികളേപ്പററി നാം മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുന്നതു് കഷ്ടമാണ്. പ്രീയൂണിവേഴ്സിററി ആയാലും ശരി, പ്രാഥമികവിദ്യാഭ്യാസമായാലും ശരി, സെക്കൻഡറി എഡ്യൂക്കേഷനായാലും ശരി ഇൻഡ്യൻയൂണിയനിൽ കോൺഗ്രസ്സ് ഗവണ്മെൻറു വന്നതിനുശേഷം മററു പ്രാവിൻസസ്സുകൾക്കെല്ലാം മാതൃകയായിരിക്കത്തക്കവണ്ണം വിദ്യാഭ്യാസനയം രൂപീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മൌലാനാ അബ്ദുൾക്കലാം ആസാദിൻെറ അദ്ധ്യക്ഷതയിൽ കമ്മററികളും സബ്കമ്മററികളും സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളേപ്പററി നാം അജ്ഞരായിരിക്കുന്നതു സങ്കടകരമാണ്. സർ, ഇൻഡ്യയിൽ ആകമാനം ഉള്ള വിദ്യാഭ്യാസപദ്ധതികളെ സമൂലം പരിഷ്കരിച്ച് പുതിയ പദ്ധതികൾ നടപ്പിൽ വരുത്തത്തക്കവണ്ണമുള്ള പല സംഗതികളും അവിടെ ഇപ്പോൾ നടപ്പിലുണ്ടു. നിലവിലിരിക്കുന്ന യൂണിവേഴ്സിററി

[Mr. K. P. Nilakanta Pillai]

വിദ്യാഭ്യാസസമ്പ്രദായം കളഞ്ഞു് ആ സ്ഥാനത്തു, നിർബന്ധിതമായ ജൂണിയർ ബേസിക്‌കോഴ്സു അഞ്ചു വർഷം, സീനിയർ ബേസിക് കോഴ്സ് മൂന്നു വർഷം, പിന്നീട് സെക്കൻഡറി കോഴ്സ് നാലു വർഷം, പ്രീയൂണിവേഴ്സിററി കോഴ്സു ഒരു വർഷം, ഡിഗ്രികോഴ്സ് മൂന്നു വർഷം, ഇങ്ങനെ പതിനാറു കൊല്ലംകൊണ്ടു് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു് സാധിക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി നടപ്പിലാക്കണമെന്നുള്ള ആദർശത്തിലാണു ഡൽഹി യൂണിവേഴ്സിററി പദ്ധതി രൂപീകരിച്ചിട്ടുള്ളതു്.

MR. CHERIAN J. KAPPAN : വിദ്യാഭ്യാസം ദേശീയമാക്കുന്നതിനും ഇതിനും തമ്മിൽ എന്താണു ബന്ധം ?

MR. K. P. NILAKANTA PILLAI: അതു പറയാം. ഇങ്ങനെയുള്ള കാര്യങ്ങളെ എല്ലാം വിസ്മരിച്ചു് വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കുന്ന രീതിയിലുള്ള മെത്തേഡുകൾ നടപ്പിലാക്കുമെന്നുള്ള പദ്ധതിക്കു് ഒരെതിർപ്പു കൊണ്ടുവന്നതു് കഷ്ടമാണു്.

MR. PRESIDENT : പ്രൈമറി എഡ്യൂക്കേഷനാണു് ഇവിടത്തെ പ്രശ്നം. സെക്കൻഡറിയോ പ്രീയൂണിവേഴ്സിററിയോ അല്ല.

MR. K. P. NILAKANTA PILLAI : അതേ. പ്രൈമറി എഡ്യൂക്കേഷനും ബേസിക് എഡ്യൂക്കേഷനിൽ ഉൾപ്പെട്ടതാണെന്നും ജൂണിയറും സീനിയറുമായി എട്ടു വർഷത്തെ പഠനം പ്രൈമറി എഡ്യൂക്കേഷനാണെന്നും മനസ്സിലാക്കണം. അതുകൊണ്ടു് ഇപ്പോൾ ഇവിടെ നടക്കുന്ന വിദ്യാഭ്യാസപദ്ധതി വിസ്മരിക്കണമെന്നും ഡൽഹി യൂണിവേഴ്സിററിയിലെ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കണമെന്നും ഉള്ളതാണു് പായിൻറു്: പ്രൈമറി എഡ്യൂക്കേഷനാണെങ്കിൽ സ്കൂളുകൾ നടത്തുന്നതുസംബന്ധിച്ചു ഇവിടെ പലർക്കും തെററിദ്ധാരണയുള്ളതായി കാണുന്നു. ഇവിടെ ഇപ്പോൾ നടക്കുന്ന പ്രൈമറി എഡ്യൂക്കേഷൻ പദ്ധതിയെ ഉടച്ചു് ബേസിക് പദ്ധതിയായി മാററണമെന്നുള്ളതാണു് എൻെറ ഉദ്ദേശം. അങ്ങനെയുള്ള ഒരു വിദ്യാഭ്യാസപദ്ധതി രാജ്യത്തിലുള്ള എല്ലാവർക്കും ഒരുപോലെ പ്രയോജനപ്പെടത്തക്കവിധം അതു നടത്തിക്കൊണ്ടുപോകാതെ വിദ്യാഭ്യാസം ഒരു കമ്മ്യൂണിററിയുടെ അവകാശമാണെന്നും, വ്യക്തിയുടേയോ, രാജ്യത്തിൻേറയോ അവകാശമല്ലെന്നും ഉള്ള രീതിയിൽ കൊണ്ടുപോകുന്നതിൽ അർത്ഥം ഉണ്ടെന്നു തോന്നുന്നില്ല. അതിനാൽ എനിക്കു പറയുവാനുള്ളതു് വിദ്യാഭ്യാസം

ഒരു പ്രത്യേക കമ്മ്യൂണിററിയുടേയോ ഒരു പ്രത്യേക സംഘടനയുടേയോ അവകാശമല്ലെന്നും, എന്നാൽ വിദ്യാഭ്യാസം ചെയ്യുന്നതു വ്യക്തിയുടേയും ചെയ്യിക്കുന്നതു രാജ്യത്തിന്റേയും അവകാശമാണെന്നും ഓർമ്മിച്ചു കമ്മ്യൂണലായി അതിനെ വീക്ഷിക്കാതെ രാജ്യത്തിലെ ഓരോ പൌരനേയും വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള ഡ്യൂട്ടി ഗവണ്മെന്റിന്റേതാണെന്നു് മനസ്സിലാക്കുന്നപക്ഷം ഇപ്പോൾ ഇവിടെ ഉണ്ടായ വാദങ്ങൾ എല്ലാം അസ്ഥാനത്താണെന്നു കാണാവുന്നതാണ്. എനിക്കു പറയുവാനുള്ളതു് ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതികളെല്ലാം മാററി ബേസിക് വിദ്യാഭ്യാസപദ്ധതി സ്വീകരിച്ചു ആ മോഡലിൽ പുതിയ സ്കൂളുകൾ തിരുവിതാംകൂറിൽ ഉണ്ടാക്കണമെന്നുള്ളതാണ്.

MR. JOSEPH MALIECKAL: ഈ അവസരത്തിൽ ഏതാനും വസ്തുതകൾ നാം വിസ്മരിക്കരുതെന്നു് എനിക്കഭിപ്രായമുണ്ടു്. സർ സി. പി. രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ വിദ്യാഭ്യാസനയംമൂലം യഥാർത്ഥത്തിൽ ഒരു സമുദായഭിന്നത ഇവിടെ ഉണ്ടാക്കി. അതിന്റെ കാരണങ്ങളെപ്പററി ഇവിടെ പരിഗണിക്കണമെന്നില്ല. അദ്ദേഹത്തിന്റെ നയം മൂലം ഇവിടെ ഇങ്ങനെ ഒരു സമുദായഭിന്നത ഉണ്ടായി എന്നു് ഇപ്പോൾ ഭരിക്കുന്ന കക്ഷിക്കും ബോദ്ധ്യമായി. അതിനു ഒരു പരിഹാരം വേണമെന്നും തീർച്ചപ്പെടുത്തി. അതിന്റെ അവസാനതീരുമാനം ഒരു കമ്മിററി മൂലം വേണ്ടതാണെന്നും തീർച്ചപ്പെടുത്തി അതനുസരിച്ചു ഇന്നത്തെ ഗവണ്മെന്റു ഒരു കമ്മിററിയെ ഏർപ്പാടു ചെയ്യുന്നതാണെന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഇന്നു തർക്കമുള്ള എല്ലാ സംഗതികൾക്കും ഒരു അവസാനതീരുമാനം ഉണ്ടാക്കുന്നതിനും എല്ലാ വിഭാഗങ്ങളുടേയും അഭിപ്രായം അറിഞ്ഞു കഴിവുള്ളിടത്തോളം എല്ലാ കാര്യങ്ങൾക്കും സമാധാനകരമായ ഒരു തീരുമാനം ഉണ്ടാക്കുന്നതിനും ഇന്നത്തെ ഗവണ്മെന്റു വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ ഒരു കമ്മിററി ഇതേവരെ ഏർപ്പെടുത്തിയിട്ടില്ല. ഈ സംഗതിയിൽ പൊതുജനങ്ങൾക്കു വലിയ അതൃപ്തിയുണ്ടു്. ആകയാൽ ഗവണ്മെന്റു വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ ഉടൻതന്നെ ഒരു കമ്മിററി ഏർപ്പെടുത്തി ഇന്നു നിലവിലിരിക്കുന്ന എല്ലാ വാദവിഷയങ്ങൾക്കും സമാധാനകരവും തൃപ്തികരവുമായ തീരുമാനങ്ങൾ ഉണ്ടാക്കേണ്ടതു ഏററവും ആവശ്യമാണ്. രണ്ടാമതായി, ഇങ്ങനെ കമ്മിററി ചെയ്യുന്ന തീരുമാനങ്ങളാൽ ചില മൗലികത

[Mr. Joseph Malieckal]

തത്വങ്ങളെ അവഗണിക്കാവതല്ല. അവയിൽ ഒരു കാര്യത്തെപ്പററി മാത്രം അല്പം പറയാം എന്നു വിചാരിക്കുന്നു. ഇവിടെ രാജ്യനിയമപ്രകാരവും സാമുദായിക നിയമപ്രകാരവും വിവാഹം കഴിഞ്ഞാൽ, ഭാര്യക്കു ഭർത്താവിനോടും ഭർത്താവിനു ഭാര്യയോടും ചില കടമകളെല്ലാമുണ്ടെന്നു നമുക്കു അറിയാവുന്നതാണ്. അതുപോലെതന്നെ ആ വിവാഹത്തിൽനിന്നും ഉത്ഭവിക്കുന്ന കുട്ടികളോട് ആ മാതാപിതാക്കൾക്കു ചില കടമകളും ചുമതലകളും നിർവഹിക്കുവാൻ നിയമം നിർബന്ധിക്കുന്നു. കുട്ടികൾ മൈനറുകളാണെങ്കിൽ മൈനാർട്ടി തീരുന്നതുവരെ അവർക്കു വേണ്ട സംരക്ഷണം, മുതലായവ രക്ഷകർത്താക്കൾ നിർവഹിക്കണമെന്ന് രാജ്യനിയമം നിർബന്ധിക്കുന്നു. അവ അതുപോലെതന്നെ നിർവഹിക്കപ്പെട്ടുപോരുന്നുമുണ്ട്. ഇതിൽ നിന്നെല്ലാം ഉത്ഭവിക്കുന്നതു നാം സമുദായത്തിന്റെ യൂണിററായി വകവയ്ക്കുന്നതു കുടുംബമാണെന്നും വ്യക്തിയല്ലെന്നുമാണ്. ഈ രാജ്യവും രാജ്യനിയമങ്ങളുമെല്ലാം യൂണിററായി അംഗീകരിച്ചിട്ടുള്ളതു കുടുംബമാണ്. അങ്ങനെ ആകുമ്പോൾ ആ കുടുംബങ്ങളിൽ അംഗങ്ങളായിരിക്കുന്ന മൈനറുകളെ സംബന്ധിച്ചിടത്തോളം കാര്യങ്ങളെല്ലാം മാതാപിതാക്കൾതന്നെ നിർവഹിക്കണമെന്നു സ്റ്റേററു നിർബന്ധിക്കുകയും ചെയ്യുന്നു. അപ്പോൾ വിദ്യാഭ്യാസത്തിന്റെ ചുമതല മാതാപിതാക്കൾക്കാണ് കിട്ടിയിട്ടുള്ളതെന്നു സ്പഷ്ടമാണ്. അങ്ങനെ ആണെങ്കിൽ സർ സി. പി. രാമസ്വാമിഅയ്യരുടെ വാദം അതായതു കുട്ടികൾ രാജ്യത്തിന്റെ സന്താനങ്ങൾ ആണെന്നും രാജ്യത്തിന്റെ അവകാശമാണു അവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതെന്നും മററും പറയുന്നതു അസ്ഥാനത്താണെന്നു മനസ്സിലാക്കാവുന്നതാണ്. അതിൽ അന്തർഭവിച്ചിട്ടുള്ള തത്വം the Individual is the unit of S ciety എന്നുള്ള കമ്യൂണിസ്റ്റ് തത്വമാണ്. കമ്യൂണിസത്തെ ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്ന നാം കമ്യൂണിസത്തിന്റെ ഒരു മൗലികതത്വം സ്വീകരിക്കുവാൻ ഉദ്യമിക്കുന്നതു വെറും ഭോഷത്വമാണ്. ഇന്നത്തെ ഭരണകക്ഷിയുടെ നിയമങ്ങളിലും പ്രകടനപത്രികയിലും പ്രഖ്യാപനംചെയ്തിട്ടുള്ളതു എല്ലാ പൗരന്മാരുടേയും മതപരവും മൗലികവും ആയ സകല അവകാശങ്ങളെയും നാം പരിരക്ഷിക്കുമെന്നാണ്. അതനുസരിച്ച്, എല്ലാവരുടേയും അവകാശങ്ങളെ പരിഗണിച്ച് മേൽ പ്രസ്താവിച്ച കമ്മിററി തീർച്ചചെയ്യേണ്ടതാണ്. ഈ മൗലികാവകാശങ്ങളെപ്പററി ഒരു നിയന്ത്രണമുള്ളതു ഒരുവന്റെ അവകാശപരിധി

യെപ്പററിയാണ്. അയൽക്കാരൻെറ അവകാശം തുടങ്ങുന്നതുവരെയുള്ള, നമ്മുടെ അവകാശത്തിൻെറ പരിധി. അങ്ങനെ പോകുന്നിടത്തോളം കാലം പരസ്പര സൌഹാർദ്ദത്തിന് യാതൊരു കോട്ടവും ഉണ്ടാകുന്നതല്ല. ഈ തത്വങ്ങളെ എല്ലാം പരിഗണിച്ച്, എല്ലാവക്കും തൃപ്തികരവും രാജ്യത്തു സമാധാനം സ്ഥാപിക്കുവാൻ പര്യാപ്തവും ആയ ഒരു തീരുമാനം ഉടൻ തന്നെ ഉണ്ടാക്കണമെന്നു ഗവണ്മെൻറിനെ വീണ്ടും ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. PRESIDENT : ഇനി ടോട്ടൽ കട്ട് മോഷൻ ആലോചനക്കെടുക്കാവുന്നതാണ്.

MR. P. NANOO : സർ, ജാതിവൈരവും സമുദായവഴക്കും വർഗ്ഗീയ പ്രാതിനിധ്യവാദവും എല്ലാം ഒന്നവസാനിപ്പിച്ച് ഇവിടത്തെ വിദ്യാഭ്യാസപ്രശ്നം പരിഷ്കരിച്ചു നടത്തിക്കൊണ്ടുപോകുന്നതു ഒന്നു കണ്ടാൽ കൊള്ളാമെന്നാഗ്രഹിക്കുന്ന ഒരുവനാണു ഞാൻ. ഇവിടെ ക്രസ്ത്യാനികൾക്ക് കാളേജുവേണം, ഈഴവക്ക് വേണം, നായന്മാക്കുവേണം എന്നിങ്ങിനെ ഓരോ സമുദായക്കാർക്കും പ്രത്യേകം പ്രത്യേകം വേണമെന്നുള്ള വാദങ്ങളാണ് നടക്കുന്നത്. സാമുദായികകാളേജുകൾ അനുവദിക്കാൻ പാടില്ല. അവരുടെ അഭിപ്രായം അനുസരിച്ച് കാളേജുകൾ സ്ഥാപിച്ചു കൊടുക്കുന്നതുകൊണ്ട് മറെറാരു ദൂഷ്യംകൂടി ഉണ്ടാകുന്നുണ്ട്. ഈ സാമുദായിക കാളേജുകളിലും അതുപോലുള്ള സ്ഥാപനങ്ങളിലും നിന്നു പുറത്തിറങ്ങി വരുന്ന വിദ്യാർത്ഥികൾ അവരുടെ ജീവിതാവസാനംവരെ സാമുദായിക ചിന്തയിൽ നിന്നു പിൻമാറുവാൻ നിവൃത്തിയില്ലാത്ത ചില സാഹചര്യങ്ങളോടുകൂടി പെരുമാറുവാൻ നിർബന്ധിതരായിത്തീരുന്നു. അതുകൊണ്ട് ക്രിസ്ത്യൻകാളേജ്, ഈഴവകാളേജ്, നായർകാളേജ് എന്നിങ്ങിനെയുള്ള പേരുകൾ ഈ കാളേജുകൾക്ക് കൊടുക്കുവാൻ പോലും അനുവദിക്കരുതു്, എന്നാണു ഞാൻ ആദ്യമായി പറയുന്നത്. ഒരു കുട്ടി പഠിക്കുന്ന കാളേജ് അവൻെറ കാളേജാണ് എന്ന ബോദ്ധ്യമാണ് അവനുണ്ടായിരിക്കേണ്ടതു്. ഈതത്വത്തിൽകൂടി മുമ്പോട്ടുപോകുമ്പോൾ പ്രൈവററുകാളേജുകൾക്കുള്ള വൈഷമ്യങ്ങൾ വളരെ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുന്നതാണ്. എന്നാൽ വർഗ്ഗീയത ഒട്ടുംതന്നെയില്ലെന്നു വിചാരിക്കണ്ട. യൂണിവേഴ്സിററി കാളേജുകളുടെ നില ഇതിലേറെ ദയനീയമാണെന്ന് പറയാതെ തരമില്ല. നാട്ടിൻപുറത്തു താമസിക്കുന്ന സാധാരണ കൃഷിക്കാരനും

[Mr. P. Nanoo]

കൃഷിവേലക്കാരനും ജാതിചിന്തയില്ല. ഇവിടത്തെ പ്രധാനമന്ത്രി ഒരു നായരാണോ എന്നോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറുമേധാവികളുടെ ജാതിയെന്തെന്നോ അവർ അന്വേഷിക്കാറില്ല. എലക്ഷൻ വരുന്ന കാലത്തു് പഠിച്ച ചില ആളുകൾ അവരുടെ അടുക്കൽചെന്നു് അവരിൽ വർഗ്ഗീയവൈരം കുത്തിവയ്ക്കുന്നതല്ലാതെ മറെറാരു കുഴപ്പവും അവിടെയില്ല. പഠിച്ചവർക്കു് ഈ ജാതിസ്പർദ്ധഉണ്ടാകുന്നതു് അവരുടെ അദ്ധ്യാപകന്മാരിൽ നിന്നുകൂടിയാണെന്നാണു് എന്റെ അഭിപ്രായം.

ഇന്നത്തെ യൂണിവേഴ്‌സിററിതന്നെ എടുക്കുക. വർഗ്ഗീയവിഷം നിറഞ്ഞ ഒരു രജിസ്റ്റ്രാർ ആണു് അവിടെയുള്ളതു. എൻജിനീയറിംഗു് കാളേജുകളിലേക്കുള്ള പ്രവേശനം വരുമ്പോഴാണു് അദ്ദേഹത്തിന്റെ വർഗ്ഗീയവിഷം തെളിഞ്ഞുകാണുന്നതു്, അർഹതയുള്ള വിദ്യാർത്ഥികളിൽ പലരേയും പുറത്താക്കുന്നതിനും, ഇല്ലാത്തവരെ പ്രവേശിപ്പിക്കുന്നതിനും അദ്ദേഹം ഒട്ടുംതന്നെ മടിക്കാറില്ല. എൻജനീറിംഗു് കാളേജിലേക്കുള്ള പ്രവേശനത്തിനു് ഒരു പ്രവേശനപരീക്ഷ വച്ചിട്ടുണ്ടു്. അതിലേക്കു് ആദ്യമായി ഒരു റിട്ടൺ പരീക്ഷയും പിന്നീടു് ഒരു വൈവൊവൊസി പരീക്ഷയും ഉണ്ടു്. ഈ വൈവൊവൊസിപരീക്ഷ വച്ചിരിക്കുന്നതു് രജിസ്റ്റ്രാർക്കും മററും ഇഷ്ടമുള്ള ആളുകളെ ഇഷ്ടംപോലെയുള്ള മാർക്കുകൾ കൊടുത്തു് അകത്തു് കടത്തുന്നതിനാണു്. അല്ലാതെ അതുകൊണ്ടു് മറെറന്തെങ്കിലും ഗുണം ഉള്ളതായി എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. ഈ പരീക്ഷ എന്തിനിനിയും വച്ചുകൊണ്ടിരിക്കുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്. റിട്ടൺ പരീക്ഷയിൽ ജയിച്ചു് നല്ല മാർക്കുകൾകിട്ടി, നിശ്ചയമായും ഇൻജിനീയറിംഗു് കാളേജിൽ പ്രവേശനം കിട്ടുമെന്നു് ദൃഢമായി വിശ്വസിച്ചിരിക്കുന്ന കുട്ടികൾ വൈവൊവൊസി പരീക്ഷയ്ക്കു് തോൽക്കുകയും കാളേജിൽ പ്രവേശനം കിട്ടാതെ നിരാശപ്പെടുകയും ചെയ്യുന്ന അനുഭവങ്ങൾ ധാരാളമുണ്ടു്. കണക്കു് ഐച്ഛികമെടുത്തു് ആണേഴ്‌സ് പരീക്ഷയിൽ ഒന്നാംക്ലാസിൽ രണ്ടാമതായി പാസ്സായ സുധമ്മ എന്ന ഒരു പെൺകുട്ടിയും അതേപരീക്ഷക്കു കണക്കു് ഐച്ഛികമമെടുത്തു് സുധമ്മയെക്കാൾ മാർക്കു കുറച്ചുവാങ്ങി പാസ്സായ മറെറാരാളുംകൂടി യൂണിവേഴ്‌സിററിയിൽ ഒരു ഉദ്യോഗത്തിനപേക്ഷിച്ചിട്ടു് ആ പെൺകുട്ടിക്കു് ഉദ്യോഗംകൊടുക്കാതെ മാർക്കു കുറച്ചുവാങ്ങി പാസ്സായ രണ്ടാമതുപറഞ്ഞ ഒരു മി. നാരായണപിള്ളയെ ആണു് ആ ഉദ്യോഗത്തിൽ നിയമിച്ചതു്. പരീക്ഷായോഗ്യതയും കൂടുതൽ മാർക്കും ഉണ്ടായിരുന്ന സുധമ്മക്കു് മി: നാരായണപിള്ളയേക്കാൾ എല്ലാ

യോഗ്യതക്കുറവാണുണ്ടായിരുന്നത് എന്നു മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു. ഇതിൽ രജിസ്ട്രാർക്ക് ഒരു നല്ല പാഠമുണ്ടെന്നറിയുന്നു. ഇങ്ങനെയുള്ള ജാതിചിന്തയോടുകൂടിയ അദ്ധ്യാപകന്മാരുടെ കീഴിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ നിശ്ചയമായും ജാതിചിന്തയുള്ളവരായിരിക്കും എന്നുള്ളതിനു സംശയമില്ല. അതുകൊണ്ട് ഞാൻ പറയുന്നത്, ഇന്നു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്നവരിൽ വർഗ്ഗീയത വച്ചുപുലർത്തുന്നവരുടെ ഒരു ലിസ്ററ് എത്രയും വേഗത്തിൽ എടുക്കേണ്ടതാണ്. ഇങ്ങനെ വർഗ്ഗീയമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്നവരെ ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും പുറത്താക്കണം. അങ്ങനെ ചെയ്യുമ്പോൾ യൂണിവേഴ്സിററി രജിസ്ട്രാരായിരിക്കുന്ന മി: പരമേശ്വരപ്പണിക്കർക്ക് ബാലപാഠക്ലാസ്സിൽ പഠിപ്പിക്കുവാനുള്ള ചാൻസുപോലും കൊടുക്കരുത്.

അടുത്തതായി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലുള്ള സബ് ഇൻസ്പെക്ടറന്മാരെപ്പററിയാണ് രണ്ടു വാക്കു പറയാനുള്ളത്. പുതിയ പരിഷ്കാരമനുസരിച്ച് നൂറിൽപരം സബ് ഇൻസ്പെക്ടറന്മാരെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്. അവക്കായി ന. ൧ ൫ വ്യ ൦ രൂപാ ആണെന്നു തോന്നുന്നു ബഡ്ജററിൽ നീക്കിവച്ചിട്ടുമുണ്ട്. ഈ സബ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതിനു മുൻപും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വന്നിരുന്നു. ഷിഫ്ററു സിസ്റ്റം വന്നതിൻെറ ഫലമായിട്ടാണ് ഇവരെ നിയമിക്കുവാൻ ഇടയായിട്ടുള്ളതെന്നു കാണുന്നു. ഷിഫ്ററ് സിസ്റ്റം വന്നതിനുശേഷം അദ്ധ്യാപകന്മാർ ശരിക്കു ജോലിചെയ്യുന്നില്ലെന്നും അതുകൊണ്ട് അവരെ സൂപ്പർവൈസുചെയ്യുവാനാണ് ഈ സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചിരിക്കുന്നതെന്നുമാണ് പറയുന്നത്. എന്നാൽ നൂറല്ല ആയിരം സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചാലും ആ ഉദ്ദേശം, അതായത്, ശരിയായി അദ്ധ്യാപകന്മാർ ജോലിചെയ്യണമെന്നുള്ള ഉദ്ദേശം കൂടുതൽ സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചിട്ടുള്ളതുകൊണ്ട് നിവർത്തിക്കുവാൻ പോകുന്നില്ല. ഏതെങ്കിലും അദ്ധ്യാപകൻ ശരിക്ക് ജോലിചെയ്യുന്നില്ലെന്നു കണ്ടാൽ ആ അദ്ധ്യാപകനെ മാതൃകാപരമായി ശിക്ഷിച്ചാൽ മാത്രം മതിയാകും. ഇങ്ങനെ ശിക്ഷിക്കാതിരിക്കുന്നിടത്തോളം കാലം നൂറല്ല, ആയിരം സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചാലും കാര്യമായ യാതൊരു ഫലവും ഉണ്ടാകുന്നതല്ല. ഈ സബ് ഇൻസ്പെക്ടരുദ്യോഗം നിറുത്തലാക്കി അദ്ധ്യാപകന്മാർ വിദ്യാർത്ഥികളെ നല്ലവണ്ണം കൃത്യബോധത്തോടുകൂടി പഠിപ്പിക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതു കൂറെക്കൂടി നന്നായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്.

MR. GABRIEL NADAR (*Vilavancode-Latin Catholic*): Sir, I submitted the cut motion to speak something about the education of the youngsters in primary schools. The compulsory primary education has been welcomed in all quarters. We are encouraging education of our youngsters We compel them to study. We wholeheartedly give every possible help to remove illeteracy. We compel our children to study. But what justification have we be hind us to compel them to study a language which is not their own. The principle of the compulsory primary education is that it should be imparted only in their own mother tongue. In this connection I wish to point out that we do not adopt a definite consistant policy throughout the State. Sir, today, for the protection of our properties we have got sufficient laws to our aid. We, often go to the extend of fighting for protecting our interest in our property. We try our level best to keep it in our own custody. We fight for a tree standing in our property. We fight for the use of the fruit it bears, because it is ours. But so far as our children are concerned we do not stick on to that right. We treat our children with much less care. The children are not allowed to study the language of their parents. They are not allowed to educate their children in a language the patents desire to teach them. Government should make a legislation if need be against such interference.

Let me be allowed to point out that in my constitutency, Vilavancode taluk consisting of a population exceeding two lakhs and 18 thousand people, there is only one single community with a population of nearly 18000 which uses Malayalam as its mother tongue All the rest belonging to various denominations are using Tamil as their mother tongue. I had sent several questions, some of them to be answered during the last session and some to be answered during this sessisn regarding the number of Malayalam Schools and Tamil Schools established there None of them have been answered. I must point out that putting up more Malayalam Schools in that area is an injustice done to the people using Tamil language In this locality more than 85 per cent of the people speak Tamil as their mother tongue. All the primary schools, established here for conducting compulsory primary education, are Malayalam Schools. There is one Inspector of Primary School in Vilavancode taluk who is very particular to eliminate all the Tamil Schools and Tamil Divisions in other schools. He hates the Tamil language. Therefore, I suggest that to regain Tamil Schools a non-official committee be appointed for giving suggestions to Government as to how this Tamil language can once again be introduced and encouraged. The Committee is to work in Kalkulam, and Vilavancode taluks, and certain pakuthies of the Neyyattinkara taluk bordering the Vilavancode taluk to suggest which localities should have Tamil or Malayalam or mixed schools. They may submit the report before the end of this school year so that these principles may be implemented at least from the beginning of the next year.........(Bell)

MR. ABDUL AZIZ : പൊതുഭരണവിമർശനങ്ങൾക്കുള്ള ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മറുപടിപ്രസംഗത്തിൽ ഇവിടെ സാമ്പത്തികാധിഷ്ഠാനത്തിലുള്ള ദേശീയ പ്രതിപക്ഷകക്ഷികൾ ഉണ്ടാകുന്നതിനെ സ്വാഗതം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ച് അതുപോലെയുള്ള കക്ഷികൾ ഉണ്ടായിക്കാണുവാൻ വർഗ്ഗീയകക്ഷി എന്നു മുദ്രയടിക്കപ്പെട്ടിരുന്ന ലീഗുകാർക്കു ഇത്രവേഗം സാധിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. സാമ്പത്തികാടിസ്ഥാനത്തിലാണ് ഇവിടെ കക്ഷികൾ ഉണ്ടായിരിക്കുന്നതു്. പണമാണല്ലോ അതിനടിസ്ഥാനം! അങ്ങനെ തികച്ചും സാമ്പത്തികമായ അടിസ്ഥാനത്തിൽ ക്രൈസ്തവദേശീയത്വവും ഹൈന്ദവദേശീയത്വവും തമ്മിൽ യുദ്ധം ചെയ്യുന്ന രംഗങ്ങളാണു ഞങ്ങൾ ഇവിടെ കണ്ടതു്. അങ്ങിനെയൊടുക്കുമ്പോഴെ മാങ്ങയുടെ പുളി അറിയുകയുള്ളൂ. (ചിരി) ക്രൈസ്തവസമുദായത്തിനു കാളേജുകളും സ്കൂളുകളും കൂടിപ്പോയി എന്നൊരു പരാതി. ഇവിടത്തെ പ്രൈമറിവിദ്യാഭ്യാസം അടിമുതൽ മുടിവരെ കുഴഞ്ഞുകിടക്കുകയാണെന്നു മറ്റൊരു പരാതി. പ്രൈമറിവിദ്യാഭ്യാസത്തിനു പുരോഗമനപരമായ ഒരു പദ്ധതി ഇല്ലെന്നും അതിനിപ്പോൾ ശിഥിലീകരണം സംഭവിച്ചിരിക്കയാണെന്നും ശ്രീ. മന്നം ഇവിടെ പ്രസ്താവിച്ചു. വ്യവസായഡിപ്പാർട്ടുമെന്റും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റും ഒരു മന്ത്രിതന്നെ കൈകാര്യം ചെയ്യുന്നതുകൊണ്ടു പല കുഴപ്പങ്ങളും സംഭവിച്ചുപോയിട്ടുണ്ടെന്നും വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുവാൻ സാധിക്കാത്തതുമൂലം സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ പല തെറ്റുകളും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം അതിനു് എത്ര ദൃഷ്ടാന്തങ്ങൾ കാണിക്കുവാനും തയ്യാറായിരിക്കുന്നു. ഇതു് പരമാർത്ഥമാണോ? ആ ഡിപ്പാർട്ടുമെന്റിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി തെറ്റുചെയ്തുവെന്നാണ് അദ്ദേഹത്തിന്റെ ആരോപണമെങ്കിൽ ഇൻഡ്യൻയൂണിയനിലെ ബഹുമാനപ്പെട്ട മന്ത്രി സർ ആർ. കെ. ഷണ്മുഖംചെട്ടി സ്വന്തം കുററം സമ്മതിച്ച് രാജിവെച്ചു പിരിഞ്ഞതുപോലുള്ള ഒരു സാഹചര്യം ആ ആരോപണങ്ങളിലില്ലേ എന്നു ഞാൻ സംശയിക്കുന്നു. അദ്ദേഹം പറഞ്ഞു, അതുകൊണ്ടു് വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് വേറൊരു മന്ത്രിയുടെ ചുമതലയിൽ ഏല്പിക്കണമെന്ന്. അവിടെയും ദേശീയത്വം ഞങ്ങൾ നല്ലവണ്ണം കണ്ടു. (ചിരി) വാടകകെട്ടിടത്തിൽ എൻ. എസ്. എസ്. കാളേജ് നടത്തുന്നതിനു ൭ ലക്ഷം രൂപാ ഗ്രാന്റുവാങ്ങി എന്നു മി. പി. ഏം.

[Mr. Abdol Aziz]

വർഗ്ഗീസ് പരാതിപ്പെട്ടപ്പോൾ 'ബിഷപ്പന്മാർക്ക് മാത്രം കാളേജനുമതിയോ' എന്നു തെരുതെരെ ചോദിച്ച ദേശീയത്വവും ഞങ്ങൾ കണ്ടു. (ചിരി) ഈ സന്ദർഭത്തിൽ ഗവണ്മെൻറിൻെറ ശരിയായ വിദ്യാഭ്യാസനയം എന്താണെന്നു പറയാൻ മന്ത്രിസഭ വൈമുഖ്യം കാണിക്കുന്നു. ഇതെല്ലാമാണ് ഇവിടത്തെ ദേശീയത്വമെങ്കിൽ ബഹുമാനപ്പെട്ട ദേശീയത്വമേ, അങ്ങേക്ക് ഒരു വിദൂര നമസ്കാരം (ചിരി) മി. പി. ററി. ചാക്കോയുടെ ഭാഷയിൽ പറയുകയാണെങ്കിൽ വേശ്യാസ്ത്രീ കുലസ്ത്രീ ചമഞ്ഞു നടക്കുന്ന ഒരു പ്രതീതിയാണ് ഞാൻ ഇവിടെ കാണുന്നതു്. 'പിച്ചച്ചട്ടിയുമായി' കാളേജിനു് പണം 'തെണ്ടുന്നതും' ഞങ്ങൾ ഇവിടെ കാണാതിരുന്നില്ല. ചിറകുകൾ വിടർത്തി ആദർശലോകത്തു പറന്നുകളിക്കുന്ന ശ്രീ. സി. നാരായണപിള്ള കൂട്ടർക്കു ഇതിനെന്തു സമാധാനമാണ് നൽകാനുള്ളതെന്നു ഞാൻ ചോദിക്കുന്നു. വർഗ്ഗീയത്വത്തെ ഒരു വിഷസർപ്പത്തോടു് ഉപമിക്കാമെങ്കിൽ എത്ര വിഷസർപ്പങ്ങളെയാണ് ഖദർതൊപ്പികൾ മാററിനോക്കിയാൽ കാണാൻ സാധിക്കുന്നതു്. അണലിയും മൂർഖൻ പാമ്പും ചേനത്തണ്ടനും ചങ്കുവരിയനുമൊക്കെ ഖദർ കൂടകളിൽ ഉറങ്ങിയും ചില സന്ദർഭങ്ങളിൽ ഫണം ഉയർത്തി തമ്മിൽ കൊത്തിയും കിടക്കുന്നതല്ലേ ഇവിടെ കാണുന്നതു്? അതിനോടു താരതമ്യപ്പെടുത്തി നോക്കിയാൽ ലീഗിൻെറ വർഗ്ഗീയത്വത്തിനു ഒരു നീർക്കോലിയുടെ ശക്തിപോലുമില്ല. കടിച്ചാൽ ഒരു നേരത്തെ അത്താഴംമാത്രം മുടങ്ങും (ചിരി) മി. മന്നത്തുപത്മനാഭപിള്ള ഈയിടെ ഏററവും വലിയ ഒരു സത്യം പറഞ്ഞതായി പത്രങ്ങളിൽ കണ്ടു. അതു് കരയോഗത്തിൽ വച്ചായിരുന്നു. പ്ലാററുഫാറം മാറിയാൽ അദ്ദേഹം എന്തു പറയുമെന്നു എനിക്കറിഞ്ഞുകൂടാ. അതിങ്ങനെയാണ്; ഈ നാട്ടിൽ മനുഷ്യരേയില്ല, പിന്നെ ഇവിടെയുള്ളതു് കുറെ നായന്മാരും, കുറെ ഈഴവരും, കുറെ ക്രിസ്ത്യാനികളുമൊക്കെയാണ്. ഇതു് ഒരു പരമാർത്ഥമാണ്. ഇങ്ങനെ ഒരു പരമാർത്ഥം പറഞ്ഞതിനു അദ്ദേഹത്തോടു് എനിക്കുള്ള കൃതജ്ഞത ഈ അവസരത്തിൽ പ്രദർശിപ്പിച്ചുകൊള്ളട്ടെ. ഒരു കാര്യം നാം തീർച്ചയായും വിസ്മരിക്കുവാൻ പാടില്ല. ഇവിടെ ബ്രിട്ടീഷ് മാതൃകയല്ല, ദേവലോകത്തുനിന്നു് ഒരു മാതൃക കൊണ്ടുവന്നാലും ഇവിടെ കുറെ സമുദായങ്ങളുണ്ടെന്നും അവക്കു കുറെ താൽപര്യങ്ങളുണ്ടെന്നും അവയെ സംരക്ഷിച്ചുകൊണ്ടുപോകുന്നതിലാണ് യഥാർത്ഥമായ ദേശീയത്വം സ്ഥിതി ചെയ്യുന്നതെന്നും ഉള്ള കാര്യം വിസ്മരിച്ചതുകൊണ്ടു് പ്രയോജനമില്ല.

പല ആവശ്യങ്ങൾക്കും സന്ദർഭാനുസരണം ന്യൂനപക്ഷങ്ങളെ പ്രബലസമുദായക്കാർ ഒന്നിച്ചുനിന്ന് ദേശീയത്വത്തിൻെറ പേരിൽ അടിച്ചമർത്തുകയും മററു സന്ദർഭങ്ങളിൽ അവർ തമ്മിൽ തർക്കം ഉണ്ടാകുമ്പോൾ തമ്മിൽ തല്ലുകയും ചെയ്യുന്ന ദേശീയത്വമാണ് നമുക്കുള്ളതെങ്കിൽ ഇവിടെ സമുദായമൈത്രിയും സമാധാനവും ഉണ്ടാകാൻ പോകുന്നില്ല. ഇവിടത്തെ വിവിധസമുദായങ്ങളുടെ താൽപര്യങ്ങളും അവകാശങ്ങളും പരസ്പരം സമ്മതിച്ചുകൊടുത്തു മുന്നോട്ടുപോകുവാനുള്ള സൗഹാർദ്ദബുദ്ധിയിലും മഹാമനസ്കതയിലും അല്ലേ നമ്മുടെ യഥാർത്ഥ ദേശീയത്വം സ്ഥിതിചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. ഈ വിധത്തിലാണ് ദേശീയത്വം പ്രദർശിപ്പിക്കുന്നതെങ്കിൽ നമുക്കു വിദ്യാഭ്യാസകാര്യത്തിലും ഒരു ഒത്തുതീർപ്പിലെത്താൻ വിഷമമില്ല. ദേശീയബോധത്തിൻെറ ബാലപാഠം തുടങ്ങേണ്ടതു് ഇവിടത്തെ നിർബന്ധിത പ്രൈമറിവിദ്യാഭ്യാസകാര്യത്തിലാണ്. അതിൽതന്നെ നാം തമ്മിൽതല്ലി പിരിയുകയാണെങ്കിൽ കുറേ ഏറെ ആദർശങ്ങൾ വിളമ്പുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടെന്നു തോന്നുന്നില്ല. കാളേജ് കാര്യവും പള്ളിക്കൂടക്കാര്യവും മററു പോലുള്ള കാര്യങ്ങളും വരുമ്പോൾ ഉണ്ടാകുന്ന ദേശീയത്വം മാറി മാറി നാം കാണുന്നുണ്ട്. ഈ പരിതഃസ്ഥിതികളിൽ ഞങ്ങൾ പാകിസ്ഥാനിൽ പോകാതെ ഇവിടെ നിന്നുതന്നെ നിങ്ങൾതമ്മിൽ വഴക്കുണ്ടായാൽ അതിനു രാജിപറയുവാൻ സർവ്വസാഹോദര്യത്തിൻെറയും സമത്വത്തിൻെറയും സന്ദേശവാഹകന്മാരായ ഞങ്ങൾക്കു് കഴിവുണ്ടെന്നു അവകാശപ്പെട്ടുകൊണ്ടു് നിങ്ങളുടെ വഴക്കുകൾ തീർക്കാനാണ് ലീഗുകക്ഷി ഇനിമേൽ ശ്രമിക്കുവാൻ പോകുന്നതെന്നു വ്യക്തമായി അറിയിച്ചുകൊള്ളട്ടെ.

MR. PAUL THALIAT : സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെ ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ പല പരിഷ്കാരങ്ങളും ചെയ്തകൂട്ടത്തിൽ വിദ്യാഭ്യാസകാര്യത്തിലും ചില പരിഷ്കാരങ്ങൾ ഉണ്ടാക്കണമെന്നു തീരുമാനിച്ചു. ആ തീരുമാനത്തെ അടിസ്ഥാനമാക്കി അദ്ദേഹം ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററിയിൽനിന്നും ഏകാഭിപ്രായമായി ഒരു റിപ്പോർട്ടു ഗവണ്മെൻറിലേക്കു് സമർപ്പിക്കുകയും ചെയ്തു. പ്രൈവററുവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും മതവിദ്യാഭ്യാസം ഏററവും പ്രധാനമേറിയ ഒന്നാണെന്നും ആ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. ഈ റിപ്പോർട്ടു കിട്ടിയതിൻെറശേഷം അദ്ദേഹത്തിൻെറ നയത്തിൽ എന്തോ ചില വ്യതിയാനങ്ങൾ ഉണ്ടായി. ആ റിപ്പോർട്ടു നിയമ

[Mr. Paul Thaliat.]

സഭയുടെ മുമ്പിൽ അവതരിപ്പിച്ച് ആദ്യം ഏകാദേശപ്രായമായി റിപ്പോർട്ട് എഴുതിയ ആളുകളെക്കൊണ്ടുതന്നെ അതിനെതിരായി പ്രസംഗിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. അവസാനം അദ്ദേഹം ആഗ്രഹിച്ചമാതിരി വിദ്യാഭ്യാസം സംബന്ധിച്ച ഒരു പ്രമേയം നിയമസഭയിൽ പാസ്സാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അങ്ങനെ പ്രാഥമിക വിദ്യാഭ്യാസം സ്റ്റേററിന്റെ കുത്തകയായിരിക്കണമെന്നു തീരുമാനിച്ചു. അതിനെ തുടർന്ന് ആ പ്രമേയത്തിലെ കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയപ്പോഴാണ് ക്രൈസ്തവർ, പ്രത്യേകിച്ചും കത്തോലിക്കർ പ്രക്ഷോഭണം തുടങ്ങിയതു്. ആ പ്രക്ഷോഭണത്തിന്റെ ഫലമായി അദ്ദേഹം ചില താൽക്കാലികസന്ധിവ്യവസ്ഥകൾ സ്വീകരിക്കുകയും അതിനെ തുടർന്ന് കത്തോലിക്കർ പ്രക്ഷോഭണം നിറുത്തിവയ്ക്കുകയും ചെയ്തു. അദ്ദേഹം ശ്രമം പൂർത്തിയാക്കുന്നതിനു മുമ്പ് സ്ഥലം വിടേണ്ടിവന്നു. എന്നാൽ അന്ന് താൽക്കാലികമായുണ്ടാക്കിയ ആ സന്ധിയെ ഒരു സ്ഥിരമായ സന്ധിയായിട്ട് ഗണിച്ച് അതേനിലയിൽതന്നെ തുടർന്നിപ്പോൾ പോവുകയാണു ചെയ്യുന്നതു്. ഇതു ശരിയല്ല. താൽക്കാലികമായ വഴക്കുകൾ ഒതുക്കുന്നതിനു വേണ്ടിയാണു അന്ന് അങ്ങനെ ഒരു സന്ധിചെയ്തതു്. ഇന്നത്തെ ഗവണ്മെന്റ് ആക്കാര്യം ഒന്ന് പുനരാലോചിച്ച് ഒരു സ്ഥിരമായ സന്ധിയുണ്ടാക്കേണ്ടതു് ഈ രാജ്യത്തു സമാധാനവും ശാന്തിയും കൈവരുത്തുന്നതിനും സമുദായവഴക്കുകളും കക്ഷിവഴക്കുകളും അവസാനിപ്പിക്കുന്നതിനും ഏററവും അത്യന്താപേക്ഷിതമാകുന്നു. ഒരുവിഭാഗം ക്രൈസ്തവർ ഇതു് മതകാര്യത്തിൽ ഒരു കൈകടത്തലായിപ്പോലും വിചാരിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റ് അറിയണം. ഇതിനൊരു തീരുമാനമുണ്ടാക്കിയില്ലെങ്കിൽ മേലാൽ വഴക്കുകൾ വർദ്ധിക്കാനേ തരമുള്ളു എന്നു ഞാൻ ഗവണ്മെന്റിന് ഒരു മുന്നറിയിപ്പു നൽകിക്കൊള്ളുന്നു.

അടുത്തതായി എനിക്കു പറയാനുള്ളതു് ഇവിടത്തെ ഗ്രാൻറു സംപ്രദായത്തെപ്പററിയാണ്. ഇവിടത്തെ ഗ്രാൻറ് ഏർപ്പാടുപോലെ മറെറാരു സ്ഥലത്തും ഇല്ലെന്നാണ് അറിയുന്നതു്. സെക്കൻഡറിസ്കൂളുകളിൽ ഇൻസ്പെക്ടർക്കോ ഡയറക്ടർക്കോ ഇഷ്ടംപോലെയുള്ള ഒരു സംഖ്യയാണ് ഗ്രാൻറു കൊടുക്കുന്നതു്. മററുള്ള സ്ഥലങ്ങളിൽ സാധാരണയായി അദ്ധ്യാപകന്മാരുടെ ശമ്പളത്തിന്റെ തോതനുസരിച്ചാണ് ഗ്രാൻറു കൊടുക്കുന്നതു്. ഇവിടത്തെ ഗ്രാൻറുസംപ്രദായവും ഒന്നു പരിഷ്കരിക്കണമെന്ന് ഗവണ്മെന്റിനോടപേക്ഷിച്ചുകൊള്ളുന്നു

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പററി ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു. ഇന്ന് അവർക്കു ൨൫ രൂപാ നിശ്ചയിച്ചിട്ടുണ്ട്. കമ്പൽസറി ഏറിയായിലായാലും നോൺ കമ്പൽസറി ഏറിയായിലായാലും ഈ ശമ്പളം എല്ലാ അദ്ധ്യാപകന്മാർക്കും കൊടുക്കത്തക്കവണ്ണം ഗവണ്മെൻറു ഏർപ്പാടു ചെയ്യണം. കുറച്ചു സ്ഥലത്തുള്ളവർക്കു മാത്രം ആ ശമ്പളം കൊടുക്കുകയും മററു സ്ഥലങ്ങളിലുള്ളവർക്കു കൊടുക്കാതിരിക്കുകയും ചെയ്യുന്നതു് ആശാസ്യമല്ല.

സർ, ടെക്സ്റ്റ്ബുക്കുകളെപ്പററിയും ഒരു വാക്കു പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ടെക്സ്റ്റ്ബുക്കുകളിൽ കാണുന്ന തെററുകൾ അക്ഷന്തവ്യമാംവണ്ണം ധാരാളം അധികമുണ്ട്. അഞ്ചാംഫാറത്തിലെ നോൺഡിറെറയിൽഡ് ടെക്സ്റ്റായി നിശ്ചയിച്ചിരിക്കുന്ന "ഗ്രേററ് എക്സ്പെക്റേറഷൻസ്" എന്ന പുസ്തകം ഇപ്പോൾ എൻെറ കയ്യിൽ തന്നെയുണ്ട്.

അതിൽ എൻെറ ദൃഷ്ടിയിൽ പെട്ടതായിട്ടുതന്നെ ഏതാണ്ട് ൨൦൦-ൽ ചില്വാനം അച്ചടി തെററുകളുണ്ട്. മററു പലവിധ തെററുകളും അതിൽ ഉണ്ട്. ഡിറെറയിൽഡ് ടെക്സ്റ്റ്ബുക്കാണെങ്കിൽ ക്ലാസ്സിൽ അദ്ധ്യാപകന്മാർക്ക് തെററു തിരുത്തിക്കൊടുക്കുവാൻ സാധിക്കും. ഈ നോൺഡിറെറയിൽഡ് ടെക്സ്റ്റ്ബുക്കുകളിൽ ഇത്രമാത്രം തെററുകൾ ഉണ്ടാവുകയാണെങ്കിൽ അതിൻെറ ഫലം എന്തായിരിക്കുമെന്ന് അധികൃതർ ആലോചിക്കേണ്ടതാണ്.

സർ, ഇവിടത്തെ പബ്ലിക് ലൈബ്രറിയെപ്പററി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. ഇപ്പോൾ പബ്ലിക്ക് ലൈബ്രറി യൂണിവേഴ്സിററിയുടെ കീഴിലാണെന്നറിയുന്നു. ഈ ലൈബ്രറി "an unwanted child of the university" ആണെന്ന് വൈസ്ചാൻസിലർ അടുത്തൊരവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി എന്നു കേൾക്കുന്നു. അങ്ങിനെയുള്ള വൈസ്ചാൻസിലരുടേയും യൂണിവേഴ്സിററിയുടേയും കീഴിൽ അതിനെ എന്തിനു വെച്ചുകൊണ്ടിരിക്കണമെന്നാണ് ഞാൻ ചോദിക്കുന്നതു്. പൊതുജനങ്ങൾക്ക് വളരെ ഉപയോഗപ്രദമായ ഈ സ്ഥാപനത്തെ യൂണിവേഴ്സിററിയിൽനിന്നും ഗവണ്മെൻറ് ഏറെറടുത്ത് കൂടുതൽ നല്ല നിലയിലാക്കിത്തീർക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. A. EASWARA PILLAI (*Kottarakara III—General*) : സർ ഇന്നു നമ്മുടെ രാജ്യത്തിൽ നിലവിലിരിക്കുന്ന വിദ്യാഭ്യാസത്തിന് വിശാലമായ നയമോ ലക്ഷ്യമോ ഉള്ളതായിട്ട് അറിയുന്നില്ല. ഇതിന്റെ ആകെയുള്ള ലക്ഷ്യം കുറെ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുക എന്നുള്ളതാണ്. അതിനു സ്വീകരിച്ചിട്ടുള്ള സമ്പ്രദായം പുസ്തകപാരായണവും പരീക്ഷയും ആണ്. ആണ്ടുതോറും നമ്മുടെ കാളേജുകളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും അനേകായിരം യുവാക്കന്മാരെ സർട്ടിഫിക്കററും ഡിഗ്രിയും കൊടുത്തു പുറത്തയയ്ക്കുന്നുണ്ട്. തിരുവിതാംകൂറിൽ ഉള്ള ഉദ്യോഗം പരിമിതമാണ്. പ്രതിവർഷം പത്തോ നൂറോ ഉദ്യോഗങ്ങൾ ആണ് കൊടുക്കുവാനുള്ളത്. ഇന്നു വിദ്യാസമ്പന്നന്മാരുടെ ഇടയിലുള്ള തൊഴിലില്ലായ്മയാണ് നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയിൽ കുഴപ്പമുണ്ടാക്കുന്നത്. ഇവിടെ ഇത്ര വിദ്വേഷവും സഹിഷ്ണുതയില്ലായ്മയും വർദ്ധിക്കാൻ കാരണവും തൊഴിലില്ലായ്മയാണ്. ഈ തൊഴിലില്ലായ്മമൂലമുള്ള നിരാശകൊണ്ട് ആളുകൾ പ്രക്ഷോഭണമുണ്ടാക്കുന്നു. ഇന്നത്തെ പ്രക്ഷോഭണങ്ങളെല്ലാം ഉദ്യോഗത്തെ ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ഉദ്യോഗം ദാനം ചെയ്യുകയാണെങ്കിൽ ഏതു പ്രക്ഷോഭകാരിയുടേയും പ്രക്ഷോഭണം അവസാനിക്കും. അതിനാൽ എനിക്കു പറയാനുള്ളത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ആദർശവും നയവും മാറണമെന്നാണ്.

ശരിയായ പൗരന്മാരെ സൃഷ്ടിക്കാൻ കർത്തവ്യബോധമുള്ള പൗരന്മാരെ സൃഷ്ടിക്കാൻ പര്യാപ്തമായ വിദ്യാഭ്യാസസമ്പ്രദായം നടപ്പിൽ വരുത്തേണം. കുറെ ക്ലാർക്കന്മാരെ ഉണ്ടാക്കാൻ വേണ്ടി ഇംഗ്ലീഷ്കാർ നടപ്പിൽ വരുത്തിയ വിദ്യാഭ്യാസരീതിക്കും അണുമാത്രം ഭേദമുണ്ടായിട്ടില്ല, ഭേദപ്പെടുത്താൻ ശ്രമിച്ചിട്ടുമില്ല. ദേശീയഗവൺമെന്റു വന്നു എങ്കിലും ഇതിന്റെ പദ്ധതിയിലും നയത്തിലും സാരമായ മാററമുണ്ടാക്കാൻ ഉള്ള മാറ്റങ്ങൾ ഒന്നും ഇതേവരെ നടത്തിക്കാണുന്നില്ല. ഇൻഡ്യൻയൂണിയനിൽ ഉൾപ്പെട്ട പല പ്രവിശ്യാ ഗവൺമെന്റുകൾ പ്രത്യേകിച്ചു മദ്രാസ് ഗവൺമെന്റ് വിദ്യാഭ്യാസസംബന്ധമായി പല വിപ്ലവകരങ്ങളായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നുണ്ട്. വിപുലവും സാങ്കേതികവുമായ പ്ലാൻ അവിടെ നടപ്പാക്കി പൊതുജനാഭിപ്രായം കേന്ദ്രീകരിക്കുന്നു. അതുപോലെ എന്തെങ്കിലും മാററം നമ്മുടെ വിദ്യാഭ്യാസവിഷയത്തിലും വരുത്താൻ നാം ശ്രമിക്കണം. നമ്മുടെ യുവാ

ക്കന്മാരുടെ കഴിവുകൾ വികസിപ്പിക്കാൻ ആവശ്യമായ പരിപാടി ഇവിടെയില്ല. അവരുടെ മാനസികവും കായികവും ആയ സംസ്കാരത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ല. ഇന്നത്തെ രീതിയിൽ ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവക്കു വേണ്ടിടത്തോളം സംസ്കാരം സിദ്ധിച്ചിട്ടില്ലെന്നു ഈ അസംബ്ലിയിലെ നടപടി തെളിയിക്കുന്നു. സംസ്കാരത്തിനുള്ള കുറവുണ്ടാകുന്നതു് നമ്മുടെ വിദ്യാലയങ്ങളിൽ വേണ്ടവിധത്തിൽ വിദ്യാഭ്യാസം കൊടുക്കുന്നില്ലെന്നുള്ളതുകൊണ്ടാണ്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഇൻഡ്യാഗവമെന്റു പല പ്രവിശ്യകളിലും സ്വീകരിച്ചിട്ടുള്ള നയം ഇവിടത്തെ ദേശീയസ്ഥിതിക്കനുരൂപമായി പരിഷ്കരിച്ചു് ഇവിടെയും നടപ്പിലാക്കി നമ്മുടെ യുവാക്കന്മാരുടെ കായികവും മാനസികവുമായ കഴിവുകൾ വേണ്ടത്ര വികസിപ്പിച്ചു പ്രയോജനപ്പെടുത്താൻ സാദ്ധ്യത ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതാണ്.

MR. K. S. JOSEPH: സർ, ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചതു് അതിന്റെ പല വിഭാഗത്തേയും പററി ചില സംഗതികൾ പറയണമെന്നു ഉദ്ദേശിച്ചാണ്, നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഏർപ്പെടുത്തി രണ്ടു കൊല്ലമായിരിക്കുന്നു. ഈ അവസരത്തിൽ ഒന്നു പുറകോട്ടു നോക്കുന്നതു് നന്നായിരിക്കും എന്നു എനിക്കു തോന്നുന്നു. കഴിഞ്ഞ രണ്ടു കൊല്ലമായി ഇവിടെ നടന്നതു് ഇവിടെ ഉണ്ടായിരുന്ന ചില സ്കൂളുകൾ നിറുത്തി, അവയുടെ അധികാരം മുഴുവൻ ഗവമെന്റു് ഏറെറടുത്തു. അങ്ങനെ എടുത്ത സ്കൂളുകളിൽ ഷിഫ്ററു സമ്പ്രദായം ഏപ്പെടുത്തി. ഈ ഷിഫ്ററു സമ്പ്രദായം ഏർപ്പെടുത്തിയ സ്കൂളുകളിൽ പഠിപ്പിക്കുന്ന മുപ്പതിൽപരം അദ്ധ്യാപകന്മാരുമായി ഇപ്പോഴത്തെ വിദ്യാഭ്യാസത്തെപ്പററി ഞാൻ സംസാരിക്കാൻ ഇടയായി. അവർ സ്വകാര്യമായി എന്നോടു പറഞ്ഞതു് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായംകൊണ്ടു ഭാഷയും കണക്കും കൂടി ആകെ ഒരു മണിക്കൂർ സമയം പഠിപ്പിക്കുവാൻ സാധിക്കുന്നതല്ലാതെ ഷിഫ്ററു സമ്പ്രദായം നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ വേറെ ഒന്നും നടക്കുന്നില്ലാ എന്നാണ്. മുപ്പതുപേരല്ല, സ്വകാര്യമായി, അദ്ധ്യാപകന്മാർ പലർക്കും ഇതേ ഉത്തരമാണു പറയാനുള്ളതു് എന്നുള്ളതിനും എനിക്കു സംശയമില്ല. അവരുടെ മേലുദ്യോഗസ്ഥന്മാരല്ലാത്ത ഏതൊരാളിനും ഇതേമറുപടി തന്നെ അവരോടു ചോദിച്ചാൽ കിട്ടുമെന്നുള്ളതിനു സംശയമില്ല. നമ്മുടെ നാട്ടിൽ ൧൯൪൧-ലെ സെൻസസ് കണക്കനുസരിച്ചു് സ്കൂളിൽ പഠിക്കാൻ പ്രായമുള്ള കുട്ടികളിൽ വ്യ

[Mr. K. S. Joseph.]

ശതമാനം സ്കൂളിൽ പോകുന്നുണ്ടെന്നാണ് എന്റെ ഓർമ്മ. അങ്ങനെയാണെങ്കിൽ നിർബന്ധം ഏർപ്പെടുത്തേണ്ടത് എങ്ങനെയാണെന്നു ആലോചിക്കണം. ൭൫ ശതമാനം കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ടെങ്കിൽ ഉദ്ദേശം ൨൫ ശതമാനമാണ് സ്കൂളിൽ പഠിക്കാതെയിരിക്കുന്നത്. അവർ സ്കൂളിൽ പോകാത്തത് നിർബന്ധം ഇല്ലാത്തതിനാലാണോ അതോ അതിനുള്ള സൗകര്യം അവർക്കില്ലാത്തതിനാലാണോ എന്നു നോക്കണം. അവർക്ക് അതിനുള്ള സൗകര്യം ഇല്ലാത്തതിനാലാണ് സ്കൂളുകളിൽ പോകാതിരിക്കുന്നത്. അത് മിക്കവാറും പിന്നോക്കസമുദായത്തിൽ പെട്ടവരും തൊഴിലാളികളുടെ കുട്ടികളും ആയിരിക്കും. അവരുടെ മാതാപിതാക്കന്മാർ തൊഴിലിനു പോകുമ്പോൾ ഇളയകുട്ടികളെ നോക്കാൻമൂത്തകുട്ടിയെ നിയോഗിക്കുകയാണ് ചെയ്യുന്നത്. ഞാൻ പറയുന്നതു ശരിയാണെങ്കിൽ ഇങ്ങനെയുള്ള കൊച്ചുകുട്ടികളെ അന്വേഷിക്കാനായി പരിഷ്കൃതരാജ്യങ്ങളിൽ ചെയ്തുവരുന്നതുപോലെ ആ കുട്ടികളുടെ മലവും മൂത്രവും എടുക്കുന്നതിനും ഭക്ഷണംകൊടുക്കുന്നതിനും മററു ജോലികൾക്കുമായി "creches" അതായതു ഒരു നേഴ്സിംഗ് ഹോം കൂടി ഉണ്ടാക്കുന്ന പക്ഷം ഈ ൨൫ ശതമാനം കുട്ടികളെ കൂടി പഠിപ്പിക്കാൻ സാധിക്കുന്നതാണ്. മൂന്നാമതായി എനിക്കു പറയാനുള്ളത് ഇവിടെ പല സ്നേഹിതന്മാരും പറഞ്ഞതുപോലെ ഇനി ആയിരത്തിനു താഴെ സ്കൂളുകൾ ഉണ്ടെങ്കിൽ മാത്രമേ തിരുവിതാംകൂറിലുള്ള എല്ലാ കുട്ടികളെയും പ്രയാസം കൂടാതെ സ്കൂളുകളിൽ പഠിപ്പിക്കാൻ സാധിക്കുകയുള്ളു എന്നാണ്; "to take a school to every child" as the Education Re-organisation Committee put it.

അങ്ങനെ ആണെങ്കിൽ കുറഞ്ഞത് ആയിരത്തിനു താഴെ സ്കൂളുകൾ ഉണ്ടാകണം. ആ സ്കൂളുകൾ ഉണ്ടാക്കുകയാണോ ഇപ്പോഴുള്ള സ്കൂളുകൾ ദേശീയ പ്രസ്ഥാനം എന്നു പറഞ്ഞു ഏറെറടുക്കുകയാണോ. ഏതാണു യുക്തി; ഏതാണു ബുദ്ധിപൂർവ്വമായത് എന്ന് ഈ സഭ ആലോചിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

MR. V. MADHAVAN (*Vaikom II—General*) : സർ, ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഏററവും പരിതാപകരമായി കാണുന്ന ഒന്നു രണ്ടു സംഗതികൾ പറയാമെന്നു വിചാരിക്കുന്നു. അടുത്തകാലത്തു ഞാനും മററു പലരും കൂടി ഞങ്ങളുടെ താലൂക്കിൽ ഒരു വില്ലേജ് അപ്പ് ലിഫ്ററു കമ്മിററി യോഗം കൂടുന്നതിനായി ഒരു പ്രൈമറിസ്കൂളിൽ

ചെല്ലുവാൻ ഇടയായി. ആ പള്ളിക്കൂടത്തിൻെറ സ്ഥിതി കണ്ടപ്പോൾ ആണു തിരുവിതാംകൂറിലുള്ള വിദ്യാലയങ്ങളുടെ സംരക്ഷണം ഇത്ര അധഃപതിച്ചു പോയ സംഗതി ഞങ്ങൾക്കു മനസ്സിലായതു്. പള്ളിക്കൂടത്തിൻെറ തറ മെഴുകാതെ കൽപ്പൊടി പറക്കുന്നു. ചെരിപ്പില്ലാതെ തറയിൽ നടന്നാൽ കാലും നോവും. വിദ്യാർത്ഥികളുടെ വസ്ത്രം കൽപ്പണിക്കാരുടെ വസ്ത്രം പോലെ പൊടി പിടിച്ചു നിറം മാറിയിരുന്നു. ആ സ്കൂൾ അധികൃതർ ആരും അടുത്തകാലത്തു പരിശോധിച്ചതായി തോന്നിയില്ല. അന്വേഷണത്തിൽ ഈ പള്ളിക്കൂടത്തിനു മാത്രമല്ല ഇപ്രകാരമുള്ള അധഃപ്പതിച്ച നില എന്നു അറിയുന്നു. അങ്ങനെ ഒരു സ്കൂളല്ല ഏതു സ്കൂൾ നോക്കിയാലും സ്ഥിതി അപലപനീയമായിട്ടാണു കാണുന്നതു്. ഇതു് ഒരിക്കലും നമ്മുടെ ഗവണ്മെൻറിനു ഭൂഷണമല്ല. വിദ്യാർത്ഥികൾക്കു ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി പള്ളിക്കൂടങ്ങളുടെ സ്ഥിതി നന്നാക്കേണ്ടതത്യാവശ്യമാണു.

ഇവിടെ കാളേജ് വിദ്യാഭ്യാസത്തെ സംബന്ധിച്ചു് പലരും പറയുകയുണ്ടായി. എനിക്കതിനെ സംബന്ധിച്ചു ഒരു കാര്യം ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാനുണ്ടു. എഞ്ചിനിയറിംഗ് കാളേജിൽ നടക്കുന്ന പ്രവർത്തികൾ പിന്നോക്കസമുദായക്കാർക്ക് ഏററവും സങ്കടത്തിനിടയാക്കീട്ടുണ്ടെന്നുള്ള വസ്തുത ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു. ഇക്കൊല്ലം എഞ്ചിനീയറിംഗ് കാളേജിൽ കൊടുത്തിട്ടുള്ള അഡ്മിഷൻ വിദ്യാഭ്യാസമന്ത്രി നൽകിയ കണക്കനുസരിച്ചു ൫൫ നായന്മാരും ൪ ഈഴവരും ൫൩ ക്രിസ്ത്യാനികളും ൫൪ ബ്രാഹ്മണരും ആണ്. ഈഴവരിൽനിന്നും ഇൻറർമീഡിയററിനു ഒന്നാംക്ലാസിൽ പാസായ പത്തു വിദ്യാർത്ഥികൾ അപേക്ഷിച്ചിരുന്നതായിട്ടാണു അറിവ്. അതിനെ സംബന്ധിച്ചു ചുരുക്കമായി മി. നാണു ഇവിടെ പറയുകയുണ്ടായി. അവിടെ അഡ്മിഷൻ കൊടുക്കുന്ന രീതിയിലും പ്രവേശനപരീക്ഷ നടത്തുന്ന രീതിയിലും വലിയ ബ്ളാക്കുമാർക്കററു നടക്കുന്നു എന്നാണ് ജനസംസാരം. ഇങ്ങനെയുള്ള പരീക്ഷയുടെ ഒളിവിൽ ചിലരെ ഒഴിച്ചു നിറുത്തുകയും മററു ചിലരെ അഡ്മിററു ചെയ്യുകയും ചെയ്യുന്നു. ഇതു് സങ്കടകരമാണ്. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവർ അവരുടെ കുററംകൊണ്ടു പിന്നോക്കം നിൽക്കുന്നതല്ല. അവരെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുവാൻ അനുവദിക്കാതെ മാററി നിറുത്തിക്കൊണ്ടു മററു സമുദായക്കാർ സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം ചെയ്തുവന്നിരുന്നു. ഈഴവർക്കും

[Mr. V. Madhavan.]

മററും പള്ളിക്കൂടപ്രവേശനത്തിനു വേണ്ടിത്തന്നെ വലിയ പ്രക്ഷോഭണങ്ങൾ നടത്തിവന്നിട്ടുണ്ട്. ഇതിവിടെയുള്ള മദ്ധ്യവയസ്കന്മാർക്കു എല്ലാവർക്കും അറിവുള്ള വസ്തുതയാണ്. പ്രക്ഷോഭണഫലമായി അടുത്തകാലത്താണ്, എല്ലാ വിദ്യാലയങ്ങളിലും എല്ലാവർക്കും പ്രവേശനം കിട്ടിയതു് അങ്ങനെ പുറകോട്ടു തള്ളപ്പെട്ടിരുന്ന സമുദായങ്ങൾക്കു് കാളേജ് അഡ്മിഷനുള്ള സൗകര്യം കുറെ സൗജന്യമായി കാളേജ് അധികൃതർ കൊടുക്കണമെന്നാണ് എനിക്കു് ഈ സഭയെ ഉൽബോധിപ്പിക്കാനുള്ളതു്. ഇപ്പോൾ ഈ സഭ കൂടിയിരിക്കുന്നു. വർഷാന്ത്യത്തിൽ കൂടുന്ന ബഡ്ജററു് യോഗത്തിലാണു ഈ സംഗതി പറയുന്നതു്. ഈ പരാതി ഇപ്പോൾ തന്നെ വിസ്മരിച്ചു പോകുകയാണ് ചെയ്യുന്നതു്. വരുന്ന കാളേജ് പ്രവേശനം വരുമ്പോൾ ഈ കഴിഞ്ഞ കാര്യത്തെപ്പററിയുള്ള ഓർമ്മ ആർക്കും ഉണ്ടായിരിക്കയില്ലെന്നാണു അനുഭവം തെളിയിക്കുന്നതു്. ഞാൻ ഈ സഭയിൽ ഇതു മൂന്നാമത്തെ പ്രാവശ്യമാണു പറയുന്നതു്. ഈ പ്രാവശ്യം കാളേജ് പ്രവേശനത്തിനു മുമ്പു വിദ്യാഭ്യാസമന്ത്രിയെ കണ്ടു് ഞങ്ങൾ പലരുംകൂടി ഇക്കാര്യത്തെപ്പററി പറഞ്ഞിട്ടുണ്ട്. അദ്ദേഹം അതിനുവേണ്ടി നിഷ്കർഷിക്കാം എന്നും പറഞ്ഞിരുന്നു. പക്ഷേ ആ നിഷ്കർഷയുടെ ഫലമായി ഞങ്ങൾക്കു അഡ്മിഷൻ കിട്ടിയതു് ഒന്നാം ക്ലാസിൽ പാസ്സായതായും മററും പത്തോളം അപേക്ഷകൾ ഉണ്ടായിരുന്നിട്ടും നാലുപേർക്കു മാത്രമാണ്. യൂണിവേഴ്സിററിയുടെ കീഴിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതു എഞ്ചിനീയറിംഗ് കാളേജ് മുതലായ സ്ഥാപനങ്ങളിലാണ്. എഞ്ചിനീയറിംഗ് കാളേജിൽ പ്രവേശനം കിട്ടുക എന്നതു്, ഒരു നല്ല ഉദ്യോഗം ബുക്കു ചെയ്യുകയാണ്. അങ്ങനെയുള്ള ഒരു സ്ഥാനത്തു ചില സമുദായത്തെ ഒഴിച്ചു നിറുത്തുന്നതിനെപ്പററി ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളതു. യൂണിവേഴ്സിററി സ്വതന്ത്രമാണെന്നു പറയുന്നു. സ്വതന്ത്രമായാലും യൂണിവേഴ്സിററി, ഈ സഭയുടെ ഒരു ആക്ററിൻെറ അടിസ്ഥാനത്തിലാണ് നിൽക്കുന്നതു്. അങ്ങനെ ഒരാക്ററിൻെറ പരിധിയിൽ ഇരിക്കുകയാണെങ്കിൽ അതു നമ്മുടെ നിയന്ത്രണത്തിൽ പെടുത്തേണ്ടതാണ്. എനിക്കു കൂടുതൽ പറയാനുള്ളതു പിന്നോക്കസമുദായത്തെ സംബന്ധിച്ചാണെന്നു പറഞ്ഞു. മദ്രാസ്യൂണിവേഴ്സിററിയിൽ പിന്നോക്കവർഗ്ഗക്കാർക്കു ഏതാനും ശതമാനം സീററുകൾ റിസർവുചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ അപ്രകാരമുള്ള ഒരു സൗജന്യം കാണുന്നില്ല

ഇപ്പോൾ വിദ്യാഭ്യാസത്തിൽ പുറകിൽനില്ക്കുന്നവർ അവരുടെ കുററം കൊണ്ടു അങ്ങിനെ നില്ക്കേണ്ടിവന്നവരല്ലാത്തതുകൊണ്ടു ആ സംഗതി ഓർത്തു കുറെ കാലത്തേക്ക് സാമാന്യമായ ഒരു നില അവർക്കുണ്ടാകുന്നതു വരെ ൪൦ ശതമാനം സീററ് എല്ലാ കാളേജ്കളിലും അവർക്കു റിസർവ്വു ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. K. SIVARAMA PILLAI: Sir, I wish to point out certain inequalities in the matter of pay and as regards the anomaly in the rule regarding increment so far as the teachers are concerned. Sir, for a Sanskrit Pandit in a High School, the scale of pay is Rs. 45-60 where as for a Tamil or a Malayalam Pandit the scale is Rs. 30-35. So also for teachers who have obtained licences to teach up to the II Form, if they happen to be in a High School, the scale of pay is Rs. 30-60, and if they happen to be in a Middle School, Rs. 22-28. One more inequality is that the Headmaster of a Primary School gets a salary of Rs. 25, allowance of Rs. 5 and Dearness Allcwance of Rs. 24 and thus in all he gets Rs. 54. Sometimes, he gets promotion and when he is promoted he gets Rs. 22 as salary and Rs. 18 as allowance; and by a promotion he loses Rs. 14. Regarding the Rule as regards increment there is one rule in the Education Code that if the average of marks for a High School public examination of any school falls below the State average, then the teacher gets no increment for that year. The anomaly of that could be clearly seen from this. Supposing the State average is 44 per cent and if the pass mark is only 40 per cent and cent per cent of boys pass, and yet if the school average does not come to be 44 per cent the teacher's increment is stopped. If you take the contrary case, more than 75 per cent may fail and the balance of 25 per cent may get the maximum number of marks and raise the school average above the State average. Then the teacher gets an increment. This anomaly must be put an end to.

Now, Sir, a word about the Text Book Committee and its function, so far as the method of selection of the Text Books. I am very particular to show at present, that so far as the Tamil Books are concerned, the Text Book Committee and the authorities who have recommended books for this year have not ascertained whether those books are available in the market. We find, after three months of the re-opening of schools, from the last week's Gazette that two Tamil books were changed owing to the non-availability of them and new books prescribed. This is seen in the Gazette dated 12-11-1123, and other notifications are also published showing what portions are to be studied and the portions to be omitted. Such is the way in which books are being selected. As regards the old Text Book Committee, the work was quite satisfactory. Regarding the present Text Book Committee, what we find in the reports in the

[Mr. K. Sivarama Pillai.]

papers amounts to something of a scandalous nature also. So, in future, I would request the Hon'ble Education Minister to reconstitute the Committee in such a manner that all progressive elements be included in that Committee, and in the matter of selection of books proper care is taken into account.

Sir, lastly, I wish to remind the Hon'ble Education Minister of the very serious allegation brought forth against him on the floor of the House. Sir, one of the Hon'ble Members of the Assembly has said that in violation of principles, and to the advantage of the community to which the Hon'ble Minister belongs, he has given licences for schools. That is a very serious allegation which we expect the Hon'ble Education Minister would justify whether he has given licences to such schools. In that connection I must also point out that the veteran leader of the State Congress Mr. Mannath Padmanabha Pillai has been putting forward suggestions that licences to communal schools may be given in proportion to their strength. If this Government is going to adopt such a policy of giving schools in proportion to the strength of each community, I want the Government to notify that such schools will admit only the communally minded to whom admission will be denied in Government Schools.

MR. K. R. ELANKATH : സർ, വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ചു രണ്ടുമൂന്നു നിർദ്ദേശങ്ങൾ നൽകുകയെന്നതാണ് ഈ ഉപക്ഷേപം കൊണ്ടു ഞാനുദ്ദേശിക്കുന്നതു്. ടെക്സ്റ്റ് ബുക്ക് കമ്മിററിയെ സംബന്ധിച്ച് വളരെ പരാതികൾ ഇന്നു രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം ഇപ്പോഴത്തെ ടെക്സ്റ്റ് ബുക്കുകളുടെ തെരഞ്ഞെടുപ്പിന്റെ രീതിതന്നെയാണ്. ഏതാനും ആളുകളെ പ്രീണിപ്പിക്കുവാൻ മുമ്പിലത്തെ ഗവണ്മെന്റു അനുവർത്തിച്ചുകൊണ്ടിരുന്ന ആ നയത്തിന്റെ സ്വാഭാവികമായ ഫലമാണു ഈ പരാതിക്കിടകൊടുത്തിട്ടുള്ളതു്. ഇതിനു് ഒരു പ്രതിവിധിയായി എനിക്കു പറയുവാനുള്ള ഒരു സംഗതി, ടെക്സ്റ്റുബുക്ക് കമ്മിററികളിൽ ബുക്കുകൾ വായിച്ചു മനസ്സിലാക്കുവാൻ നൈപുണ്യമുള്ളവരും അതേ അവസരത്തിൽ തന്നെ സ്നേഹവിഷയമായോ മററു പ്രകാരത്തിലൊ പ്രലോഭനങ്ങൾക്ക് വശംവദരാകാത്തവരും വിദ്യാർത്ഥികളുടെ ഭാവിയെപ്പററി ആകാംക്ഷയുള്ളവരും ആയ ആളുകളെ മാത്രമേ തിരഞ്ഞെടുക്കാവു എന്നതാണ്. ടെക്സ്റ്റുബുക്ക് തെരഞ്ഞെടുത്തതിനു ശേഷം അതിനെ ഏതെങ്കിലും വിധത്തിൽ വിററു വൻപിച്ച ആദായം മുതലാക്കുവാൻ ശ്രമിക്കുന്ന ആ രീതിയാണ് ഇവിടെ വളരെ അധികം കുഴപ്പങ്ങളുണ്ടാക്കുന്നതു എന്നു എനിക്കു തോന്നുന്നു. ഏതെങ്കിലും ഒരു

പുസ്തകം ഒരു ക്ലാസ്സിലേക്ക ടെക്സ്ററുബുക്കായി തിരഞ്ഞെടുത്താൽ പതിനായിരക്കണക്കിനു, ചിലപ്പോഠം ഒരു ലക്ഷം രൂപാവരെ കിട്ടുന്നതിനുള്ള സാദ്ധ്യതയുണ്ട്. ഇതു് വലിയ ഒരു ആകർഷണമാണു്. തൻനിമിത്തം പാഠപുസ്തകം തിരഞ്ഞെടുത്തു കിട്ടുന്ന വിഷയത്തിൽ വലിയ വടംവലിതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു് തെരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങഠംക്കായി എന്തെങ്കിലും ഒരു തുക ഗ്രന്ഥകർത്താക്കഠംക്കോ പ്രസാധകന്മാർക്കോ കൊടുക്കുകയും അതിൻശേഷം അതു് പ്രസിദ്ധീകരിക്കുവാനുള്ള അവകാശം ഗവണ്മെൻറിനുണ്ടായിരിക്കുകയും ചെയ്താൽ ഇങ്ങനെയുള്ള വലിയ പരാതികഠം ഉണ്ടാകുന്നതല്ല. അനാവശ്യമായ മത്സരങ്ങഠംക്കും ഇടവരുന്നതല്ല.

അടുത്തതായി പറയാനുള്ളതു് കാളേജുകളെപ്പററിയാണു്. തിരുവിതാംകൂർകാരിൽ കാളേജിൽ പഠിക്കണമെന്നാഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികഠംക്കും തിരുവിതാംകൂറിലെ കാളേജുകളിൽ തന്നെ പ്രവേശനം ലഭിക്കത്തക്കവണ്ണം വ്യവസ്ഥകഠം ചെയ്യണം. അന്യദിക്കുകളിലുള്ള കാളേജുകളിൽ ഇവിടെയുള്ളവരുടെ പണം ചെലവാക്കുവാനുള്ള സൗകര്യം നിവൃത്തിയുള്ള പക്ഷം കൊടുക്കരുതു്. കാളേജു ക്ലാസ്സുകളിൽ വേണമെങ്കിൽ ഫീസ്സ് കൂട്ടിക്കൊഠംക. എന്നാൽ തിരുവിതാംകൂറിൻെറ ആവശ്യത്തിനു മതിയായ കാളേജുകഠം തിരുവിതാംകൂറിനുണ്ടായിരിക്കണം. ഇതു് പെട്ടെന്നു നടപ്പിലാക്കാൻ ചിലപ്പോഠം, വിശേഷിച്ചും സയൻസ് സംബന്ധിച്ചുള്ള വിഷയങ്ങഠം പഠിപ്പിക്കേണ്ടിവരുന്ന കാളേജുകഠം വളരെ പ്രയാസപ്പെടേണ്ടതായിവരും. എന്നാൽ ആർട്ട്സ് വിഷയങ്ങഠംക്കുവേണ്ടിയുള്ള കാളേജുകഠം സ്ഥാപിക്കുന്നതിനു വലിയ പ്രയാസമൊന്നുമില്ല. സയൻസ് സംബന്ധിച്ചുള്ള കാളേജുകഠംക്ക് ലാബറട്ടറികഠംക്കും മററും വലിയ പണച്ചിലവു ഉണ്ടു്. നേരെ മറിച്ചു് ആർട്ട്സ് കാളേജുകഠം സ്ഥാപിക്കുന്നതു് ഒരു ലാഭക്കച്ചവടം കൂടിയാണു്. ചില പ്രൊഫസറന്മാർക്ക് ശമ്പളം കൊടുക്കണമെന്നതിൽ കവിഞ്ഞു വലിയ ചെലവൊന്നുമില്ല. എനിക്കു പറയാനുള്ള മറെറാരു കാര്യം ഇവിടത്തെ വൈസ്ചാൻസലറെ സംബന്ധിച്ചാണു്. നമ്മുടെ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലർ ഒരു തിരുവിതാംകൂർകാരനും മലയാളം അറിയാവുന്ന ഒരാളും ആയിരുന്നാൽ കൊള്ളാം. വ്യക്തിപരമായി എനിക്കു് ആരേയും ദ്വേഷിക്കണമെന്നു് ആഗ്രഹമില്ലെങ്കിലും ഇൻഡ്യൻ സിവിൽ സർവീസിൽനിന്നും ഏററവും താണപടിയി

[Mr. K. R. Elankath.]

ലുള്ള ആളായി കരുതപ്പെട്ടിരുന്ന — കണ്ടും ചെയ്യപ്പെട്ടിരുന്ന — ഒരാളാണ് ഇന്നത്തെ വൈസ് ചാൻസലർ എന്നുകൂടി നാം അറിയേണ്ടതാണ്. സർ. സി. പി. രാമസ്വാമിഅയ്യർ അദ്ദേഹത്തെ ഇവിടെ വരുത്തിയതു് വിദ്യാർത്ഥികളെ ശരിയായി ഇംഗ്ലീഷ് പഠിപ്പിക്കാനാണ്. ഇംഗ്ലീഷ് പ്രൊനൗൺസിയേഷൻ നന്നാക്കുന്നതിന്ന വേണ്ടിയാണ് അദ്ദേഹം ഇവിടെ നിയമിതനായതു്. ചില ഹൈസ്കൂളുകളിൽ പ്രൊനൗൺസിയേഷൻ സംബന്ധിച്ചുള്ള ചില പ്രത്യേക ക്ലാസ്സുകൾ അദ്ദേഹം നടത്തി. അതും മതിയാക്കി. ഒടുവിലാണ് വമ്പിച്ച ശമ്പളവും കൊടുത്തു് അദ്ദേഹത്തെ വൈസ് ചാൻസലരായി നിയമിച്ചിരിക്കുന്നതു്.

സർ, ഈയിടെ ഇംഗ്ലണ്ടിൽവെച്ച് ലോകത്തിലെ സർവകലാശാല പ്രതിനിധികളുടെ ഒരു യോഗം ഉണ്ടായിരുന്നു. അതിൽ ഓരോ സർവകലാശാലയും അതിന്റെ സ്വന്തം പ്രതിനിധിതന്നെ സംബന്ധിച്ചിരുന്നു. ഒരു വിദേശി പ്രതിനിധിയാകാനുള്ള നിർഭാഗ്യം ഉണ്ടായതു്, നമ്മുടെ സർവകലാശാലയ്ക്കു മാത്രം ആയിരുന്നു. ഡെൽഹി യൂണിവേഴ്സിററിയിലെ വൈസ് ചാൻസലരായ മി. ഭട്നാഗർ ഇതേപ്പററി എന്റെ ഒരു സ്നേഹിതനായ ഇൻഡ്യൻ സിവിൽ സർവീസിലെ ഒരുയർന്ന ഉദ്യോഗസ്ഥനോടിങ്ങിനെ പറഞ്ഞതായി അദ്ദേഹം എന്നോടു പറഞ്ഞു. "തിരുവിതാംകൂർ സർവകലാശാലയുടെ വൈസ് ചാൻസലരായി നിങ്ങൾക്ക് ആ നാട്ടുകാരനായ ആരെയെങ്കിലും അയയ്ക്കുവാൻ ഉണ്ടായിരുന്നില്ലേ? ആ യോഗത്തിൽ സംബന്ധിക്കുന്നതിന്ന് പ്രാപ്തന്മാരായി ധാരാളം തിരുവിതാംകൂർകാർ അവിടെ ഉണ്ടായിരിക്കുമെല്ലോ. സ്വന്തം നാഷനാലിററിയിൽ പെടാത്ത ഒരു പ്രതിനിധി തിരുവിതാംകൂറിൽനിന്നും മാത്രമേ ഉണ്ടായിരുന്നുള്ളു എന്നതു നിങ്ങൾക്കാക്ഷേപകരമല്ലേ?" മേലാലെങ്കിലും ഇത്തരം ആക്ഷേപങ്ങൾക്ക് പാത്രമാവാതെ നാം സൂക്ഷിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

സർ, പ്രാഥമികവിദ്യാഭ്യാസത്തെപ്പററി ഇവിടെ പലരും പലതും പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങൾ സാമുദായികമനോഭാവത്തിൽകൂടി നോക്കാതെ ദേശീയ വീക്ഷണകോണത്തിൽ കൂടി നോക്കേണ്ടതാണ്. ഗവണ്മെൻറ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പഞ്ചായത്തുകൾ മുഖേന പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയാണെങ്കിൽ ഇതു സംബന്ധിച്ച വലിയ പരാതിക്ക് അവകാശമുണ്ടാവുന്ന

തല്ല. മിസ്റ്റർ അബ്ദുൽ അസീസിന്റെ വിമർശനത്തിനു് മറുപടിയായി ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇന്നലെവരെ കാണുമ്പോൾ തന്നെ കടിപിടികൂടിയിരുന്ന വലിയ സർപ്പങ്ങളും മൂക്കൻ പാമ്പുകളും ഇന്നു് എല്ലാ വിഷജന്തുക്കളേയും കൂട്ടിയിണക്കി ഒരു കാഴ്ചബംഗ്ലാവിനകത്തു് ഒരുമിച്ചിരുന്നു് ഒരു മേശയുടെ ചുററുംകൂടി ആഹാരം കഴിക്കുവാനും മററു സർപ്പങ്ങൾക്കുകൂടി അതു പങ്കിടുവാൻ ശ്രമിക്കുവാനും കഴിഞ്ഞതുതന്നെ സ്റ്റേററുകാൺഗ്രസ്സിന്റെ ഒരു നേട്ടമായി ഞാൻ കരുതുന്നു. ഈ സംരംഭം സമ്പൂർണ്ണമായ ഒരു ദേശീയതപരിധിക്കേക്കു് രാജ്യത്തെ നയിക്കുമെന്നുതന്നെയാണു് എന്റെ വിശ്വാസം. വർഗ്ഗീയാന്ധ്യത്തിൽനിന്നും രാജ്യത്തെ മോചിപ്പിക്കുന്നതിനും തദ്വാരാ രാജ്യം ദേശീയാധിഷ്ഠാനത്തിൽകൂടി മുമ്പോട്ടു് പോകുന്നതിനും മി. അസീസിനെപ്പോലെയുള്ളവർ സഹായിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. P. T. CHACKO : സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് ഒന്നു രണ്ടു കാര്യങ്ങൾ പറയണമെന്നു് ഞാനും ആഗ്രഹിക്കുന്നു. പ്രൈമറി വിദ്യാഭ്യാസം സംബന്ധിച്ചു് ഇവിടെ പല വാദപ്രതിവാദങ്ങൾ നടന്നു. എങ്കിലും വിദ്യാഭ്യാസം സംബന്ധിച്ചു് ഇന്നു് ഏററവും അവശത അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം ഗവമെന്റിന്റെ ശ്രദ്ധ വേണ്ടിടത്തോളം പതിഞ്ഞിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഈ കൊല്ലത്തെ ബഡ്ജററിൽ പത്തു ലക്ഷം രൂപയാണു് ഗ്രാൻറസ് സ്കൂളുകൾക്കു് അനുവദിച്ചിട്ടുള്ളതു്. ൧൧൨൧-ലും ൧൧൨൨-ലും ൧൨ ലക്ഷം രൂപാ ഉണ്ടായിരുന്നു. അതിനുള്ള കാരണം എന്താണെന്നുള്ളതിനെപ്പററി ഫിനാൻസ് മിനിസ്റ്റർ പറയുകയുണ്ടായി. എങ്കിലും അന്നത്തെ പ്രതീക്ഷകൾക്കെല്ലാം വിപരീതമായി അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ എല്ലാം ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണു്. കഴിഞ്ഞ വൃശ്ചികമാസത്തിനു മുമ്പു് ഈ രാജ്യത്തെ പാവപ്പെട്ട പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ, ഈ രാജ്യത്തെ ജനങ്ങൾ അവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രക്ഷോഭണം നടത്തി വിജയം വരിക്കുന്നതു കണ്ടുകൊണ്ടു് തങ്ങളുടെ സാമ്പത്തികാധഃപ്പതനത്തിൽ നിന്നുള്ള വിമോചനത്തിനു് വേണ്ടി ഒരു പണിമുടക്കു നടത്തുകയുണ്ടായി. ആ പണിമുടക്കു് അവസാനിച്ചതു ഇന്നു മന്ത്രിമാരായിരിക്കുന്നവരിൽ ഒന്നിൽ കൂടുതൽ മന്ത്രിമാരുടെ

[Mr. P. T. Chacko.]

ആഘോഷം അനുസരിച്ചാണ്. അവരുടെ പ്രതീക്ഷകൾ നിറവേററണമെന്നുള്ള ആശയോടുകൂടി അവർ ഇരിക്കുകയാണ്. എന്നാൽ ഇതുവരെ അവർക്കു യാതൊരു ശമ്പളവും കിട്ടിയിട്ടില്ല. അവർക്ക് 7 രൂപാ ഗ്രാൻറുണ്ടായിരുന്നു. അതു പോരാ എന്നു പറഞ്ഞു അവർ സ്ട്രൈക്ക് നടത്തുകയും ഈ രാജ്യത്തെ അനിഷേധ്യന്മാരായ മന്ത്രിമാരുടെ വാഗ്ദാനം അനുസരിച്ച് ഒടുവിൽ അതു പിൻവലിക്കുകയും ചെയ്തു. അതിൻെറ ഫലം ഈ 7 രൂപാ പോലുമില്ലാതെ 7 മാസം പട്ടിണി കിടക്കേണ്ടിവന്നു എന്നുള്ളതാണ്. ഇവരുടെ കാര്യത്തിൽ ഉടനടി എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. മററുള്ളവർക്ക് സമത്വം ലഭിച്ച ഈ അവസരത്തിൽ ഈ അദ്ധ്യാപകന്മാർ വെറും അസമത്വത്തിൽ കഴിഞ്ഞുകൂടണമെന്ന് പറയുന്നതു് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. രണ്ടു വന്മമരങ്ങളുടെ ഇടയ്ക്കു് നിൽക്കുന്ന കുററിച്ചെടികളെപ്പോലെ ഗവൺമെൻറിൻേറയും മാനേജരന്മാരുടേയും മദ്ധ്യത്തിൽ കിടന്ന് ഈ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ ഞെരുങ്ങുകയാണ്. ഇപ്പോൾ കമ്പൽസറി ഏര്യായിൽ ഒരു ഗ്രാൻറ് നോൺകമ്പൽസറി ഏര്യായിൽ മറെറാരു ഗ്രാൻറ ഇങ്ങനെ രണ്ടുതരം ഗ്രാൻറ് ഏർപ്പെടുത്തിയതിൻെറ യുക്തിയും എന്താണെന്നു മനസ്സിലായില്ല. കമ്പൽസറി ഏര്യായിലുള്ള അദ്ധ്യാപകന്മാരുടെ വയറോടും വിശപ്പോടും കൂടിയാണ് നോൺകമ്പൽസറി ഏര്യായിലുള്ള അദ്ധ്യാപകന്മാരും ഇരിക്കുന്നതു്. രണ്ടുകൂട്ടരും ഒരേ ജോലി തന്നെ ചെയ്യുവരുന്നു. ഈ രാജ്യത്തു പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും അതിൻെറ ദുഷ്ഫലങ്ങൾ അദ്ധ്യാപകന്മാരുടെ ശിരസ്സിൽ ചെന്നു പതിക്കാതിരിക്കുവാൻ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണം.

നോൺകമ്പൽസറി ഏര്യായിൽ ഗ്രാൻറും അലവൻസും കൂടി 12 രൂപാ കൊടുക്കുന്നതാണെന്നുള്ള പ്രസ്നോട്ട് കണ്ടപ്പോൾ അദ്ധ്യാപകന്മാർ വളരെ സന്തോഷിച്ചു. എന്നാൽ ഷിഫ്ററ് സിസ്റ്റം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ മാത്രമേ ഈ ഗ്രാൻറ് കൊടുക്കുകയുള്ളു എന്നാണ് ഇപ്പോൾ പറയുന്നതു്. ഷിഫ്ററു സിസ്റ്റം ഒരിടത്തും ഏർപ്പെടുത്തിയിട്ടില്ലതാനും. സർ, ഈ ഷിഫ്ററുസിസ്റ്റം ഇല്ലാതെ പോയതു അദ്ധ്യാപകന്മാരുടെ കുററം അല്ല. ഏതെങ്കിലും ഒരു സ്ഥലത്തു് ഷിഫ്ററുസിസ്റ്റം ഏർപ്പെടുത്തുവാനുള്ള സമ്മതം മാനേജുമെൻറിനു ഉണ്ടാ

കാത്തിരിക്കുന്നതിൻെറ അനന്തര ഫലം, അതിൻെറ കുററം, അദ്ധ്യാപകന്മാർ അനുഭവിക്കണമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. അദ്ധ്യാപകന്മാരുടെ കാര്യത്തെപ്പററി ഇത്രയും പറയുമ്പോൾ വിദ്യാർത്ഥികളെ കുറിച്ചു കൂടി ഒരു വാക്കു പറയാതെ നിവൃത്തിയില്ല. കഴിഞ്ഞ സ്വാതന്ത്ര്യസമരകാലത്തു തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ നിന്നും ഇവിടെയുള്ള കാളേജുകളിൽ നിന്നും ധാരാളം കുട്ടികളെ എക്സ്പെൽ ചെയ്തിട്ടുണ്ടു. പലരുടേയും പേരിൽ കേസെടുത്തിട്ടുണ്ടു്. ചിലരുടെ കേസ്സുകൾ ഇപ്പോഴും പിൻവലിച്ചിട്ടില്ല. ഈ മാതിരിയുള്ള അവശതകൾ എത്രയും വേഗത്തിൽ അവർക്കു് പരിഹരിച്ചുകൊടുക്കേണ്ടതാണു്.

ഇവിടെ പിന്നോക്കസമുദായക്കാരെപ്പററി പറഞ്ഞു. വിദ്യാഭ്യാസകാര്യം വരുമ്പോൾ സ്റ്റേററു് കാൺഗ്രസ് പാർട്ടിയിലുള്ളവർ തന്നെ വർഗ്ഗീയമനോഭാവം പുലർത്തുകയാണെന്നു മിസ്റ്റർ അസീസ് പറയുകയുണ്ടായി, സർ, സ്റ്റേററു കാൺഗ്രസ്സ പാർട്ടി അതിശക്തിയായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ ഗംഗയാണു്. അതിലുള്ളതു് പരിശുദ്ധജലവുമാണു്. എങ്കിലും ചില പാമ്പുകളും നീർക്കോലികളും മററും അതിൽ കണ്ടേക്കാം, ചെളിയും കണ്ടേക്കാം. കാലപ്രവാഹത്തിൽ അവയെല്ലാം മണ്ണോടടിഞ്ഞു ചേരുമെന്നും അതിൽ കൂടി പായുന്ന ജലത്തിൻെറ സംശുദ്ധതയ്ക്കു് ഇവയൊന്നും യാതൊരു മാലിന്യവും വരുത്താൻ ഇടയാവുകയില്ലെന്നും നമുക്കു് വിശ്വസിക്കാം. പക്ഷെ കുറച്ചു കാലം കൂടി ക്ഷമിച്ചിരിക്കേണ്ടതായി ഉണ്ടു്. മി. പി. ചാക്കൊ പിന്നോക്കസമുദായക്കാരെപ്പററി പറഞ്ഞു, ഇവിടെ മുന്നോക്കമെന്നും പിന്നോക്കമെന്നും ഒക്കെ പറയുന്നതു് മതത്തിൻെറ അടിസ്ഥാനത്തിലാണെന്നു്. അതു് തെററാണെന്നു് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലാണു് ഇതു് ഏററവും കൂടുതലായി കാണുന്നതു്. ചേരമർ ക്രിസ്ത്യാനികൾ സാംബവർ കൃസ്ത്യാനികൾ എന്നിങ്ങനെ സാമ്പത്തികമായി ഒട്ടും തന്നെ അഭിവൃദ്ധിയില്ലാതിരിക്കുന്ന സാമുദായങ്ങൾക്കു മുമ്പുണ്ടായിരുന്ന ഈ സൗജന്യങ്ങൾ പ്രത്യേകം ഇല്ലാതാകുവാൻ വിചാരിക്കരുതു്. ഇനിമേൽ മതത്തിൻെറ അടിസ്ഥാനത്തിലല്ല, പിന്നോക്കമായി നിൽക്കുന്ന സമുദായങ്ങൾ ഏതെല്ലാമാണെന്നു നോക്കേണ്ടതു്. സാമ്പത്തികമായും സാമൂഹ്യമായും യഥാർത്ഥത്തിൽ പിന്നോക്കം നിൽക്കുന്നസമുദായങ്ങൾക്കെല്ലാം ഗവൺമെൻറിൽനിന്നുമുള്ള സൗജന്യങ്ങൾ ലഭിക്കത്തക്ക വ്യവസ്ഥകൾ ചെയ്യേണ്ടതാണു.

MR. P. BALAKRISHNAN TAMPI (*Mavelihara III—General*): Sir, I wish to make it very plain that all Honourable Members of this House would certainly sympathise with the lot of the teachers who are working in private schools, though some of us do always disapprove of the conduct of these teachers during the last few months. The strike did not add to my admiration of those teachers. We have o condemn the method by which they sought to enforce their gitimate demands. It is in the spirit of condoning, it is in the spirit of forgiving them for that, that we have to approach the problem. In spite of the great derelection of their duties, this House and this Government are inclined to help them. That must be the attitude this House should adopt. It is true that those people may be very useful at election times. I do not forget it. I am also under certain obligations to them personally in election after election. But these people who are entrusted with the sacred duty of educating the young should not have resorted to the trade union method of enforcing their demands. Therefore, all people who have a vestige of responsibility would certainly condemn this act of the teachers.

I think it was Mr. Paul Thaliath who pointed out the mistakes in a particular book. In spite of the fact that I am an Ex-Secondary School teacher of ten years standing. I tried to correct one page at random. I did not succeed. Mr. Mathew would also sympathise with me because he has also teaching experience to his credit. Not only typographical mistakes are there. But the most inaesthestic books are in the hands of children. Therefore, I request the Government that in the years to come, Government would not only look to the contents of the books but also to the colour, shape and texture of these books.

Then with regard to the complaint about the University teacher. In fact as a member of a particular community, while charges were levelled against the particular officer of the University, it would not be fair to him. I would not have talked about him if he had not been talked about. By talking in praise, or ill of a particular officer we are putting that officer and this House to a certain disadvantage. That particular officer about whom wild allegations have been made is one of the finest products of this University.

About admissions to the Colleges: It is not the Registrar that admits students to particular Colleges. There are certain formulae prescribed. After all, the marks in *viva voce* are limited. If a student has passed Intermediate in First Class that is no reason why he should be admitted to the Engineering College automatically. There are hundreds of First Class students. All over India in Technical Colleges they hold their own technical examinations. They form an impression of the voice, personality and other things. They have a *viva voce* examination and then they size up and choose the boys. That is not the fault of the Registrar or Professor or Principal concerned. Therefore, I appeal to the Honourable members of this House to be more charitable when they speak about that.

As one friend remarked in this House, which is returned on adult suffrage basis, it is not safe for us to sit in judgment over the University. In no part of the world does the Legislature interfere with the day-to-day administration of the University. It is true that in England the Parliament makes grants to the Universities, but they do not interfere with the work of the Universities. The cynics might say that these democratic bakers and butchers are sitting in judgment over the academic dukes and duchesses. This House should not make itself subject to this sneer. Therefore, I appeal to the House to have a convention by which we do not discuss the administration of the University.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): സർ, പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകളെപ്പററി ഇതിനു മുമ്പുള്ള എല്ലാ നിയമസഭകളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. അതിനൊക്കെയും അവർക്കു് പ്രതിവിധിയായി കിട്ടിയ അനുഭവം പട്ടിണി മാത്രമായിരുന്നു. രണ്ടുകൊല്ലത്തിനുമുൻപു ഇവിടെ കമ്പൽസറി എഡ്യൂക്കേഷൻ ഏർപ്പെടുത്തി. അപ്പോഴെങ്കിലും ഇവർക്കു് രക്ഷ കിട്ടുമെന്നു് ആശിച്ചു. ഒടുവിൽ കമ്പൽസറി എഡ്യൂക്കേഷൻ നടപ്പാക്കിയിരിക്കുന്ന സ്ഥലങ്ങളിൽ മാത്രം അദ്ധ്യാപകന്മാർക്കു് ൨൫ രൂപാ ശമ്പളം അനുവദിച്ചു. ഇപ്പോൾ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്കു ൨൫ രൂപാ ശമ്പളവും അലവൻസും കൂടി നിശ്ചയിച്ചിട്ടുണ്ടു്. ഈ തുക തന്നെ ഒരു പണിമുടക്കിന്റെ ഫലമായി അനുവദിക്കപ്പെട്ടതാണു്. പഴയ ഗവണ്മെന്റിൽനിന്നും അവരൊന്നും ആശിച്ചിട്ടില്ല. ഈ ഗവണ്മെന്റാകട്ടെ ഇപ്പോൾ അനുവദിച്ചിരിക്കുന്ന ൨൫ രൂപാ അരിയർ ശമ്പളംകൂടി കണക്കാക്കി കൊടുക്കുമെന്നു അവർ വിചാരിച്ചു. എന്നാൽ ഇതുവരെ അതു നടപ്പായി കണ്ടില്ല. ഇന്നത്തെ ഗവണ്മെന്റു് എങ്കിലും അവരുടെ സങ്കടത്തിനു ഒരു നിവാരണം ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. ഇതിലേക്കു ഒരു വലിയ തുക ആവശ്യമാണെന്നുള്ളതു് പരമാർത്ഥംതന്നെ. എങ്കിലും അവർക്കു് പാർക്കുന്നതിനുള്ള കെട്ടിടങ്ങളും ജീവിക്കുന്നതിനുള്ള ആഹാരവും ഉടുക്കുന്നതിനു് ആവശ്യമുള്ള വസ്ത്രങ്ങളും മററുള്ളവരെപ്പോലെതന്നെ ആവശ്യമാണു്. എന്നാൽ ഇന്നു കിട്ടുന്നതായ ശമ്പളംകൊണ്ടു് യാതൊരുവിധമായ ജീവിതാവശ്യങ്ങൾക്കും മതിയാകുന്നില്ല എന്നുള്ളതു എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണു്. അതുകൊണ്ടു് ഇന്നത്തെ ഗവണ്മെന്റു് ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഉടനെ വർദ്ധിപ്പിക്കേണ്ടതാണെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു.

[Mr. K. K, Chellappan Pillai.]

എന്റെ സ്നേഹിതൻ മി. ചാക്കോ ഷിഫ്റ്റ് സമ്പ്രദായത്തെപ്പററി ഇവിടെ പറഞ്ഞു. ഷിഫ്റ്റ് സമ്പ്രദായം നല്ലതാണെങ്കിലും അല്ലെങ്കിലും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള സ്കൂളുകളിൽ മാത്രമേ വ. ൫ രൂപാ ശമ്പളം കൊടുക്കുകയുള്ളു എന്നു വ്യവസ്ഥ ചെയ്യുന്നതു് ഒരിക്കലും ശരിയല്ല. എല്ലാ പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർക്കും അതു കൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

MR. S. KUTTEN : ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കിയാൽ ആമാസം മുതൽ ഈ വ. ൭ രൂപാ ഗ്രാൻറു കിട്ടുകയില്ലേ?

MR. K. K. CHELLAPPAN PILLAI : ഇല്ലെന്നാണെനിക്കു തോന്നുന്നതു്. ഇനിയൊരു കാര്യം എനിക്കു പറയുവാനുള്ളതു് പൌരസ്ത്യഭാഷാ വിജയികളായ അദ്ധ്യാപകന്മാരെപ്പററിയാണ്. ഇന്നവർക്കു് ഇംഗ്ലീഷ് ഭാഷാബിരുദധാരികളായ അദ്ധ്യാപകന്മാരെപ്പോലെയുള്ള ശമ്പളക്കൂടുതലോ മററു സൌകര്യങ്ങളോ ഒന്നും തന്നെയില്ല. നിശ്ചയമായും അവർക്കു് മററുള്ളവരോടൊപ്പം തന്നെ വേണ്ട സൌകര്യങ്ങളും ശമ്പളവും കൊടുക്കണമെന്നു് ഇന്നത്തെ ജനകീയ ഗവൺമെൻറിനോടു് അഭ്യർത്ഥിക്കുന്നു.

HON'BLE MR. T. M. VARGHESE : ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ വിദ്യാഭ്യാസത്തെ സംബന്ധിച്ചും, ചിലർ അവയിലെ ഗ്രാൻറിനെ സംബന്ധിച്ചും മററു ചിലർ ഗ്രാൻറു സ്കൂൾ ടീച്ചേഴ്സിന്റെ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ചും മററും പല വിമർശനങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. പ്രധാനമായി യൂണിവേഴ്സിറ്റി സെക്കൻററി എഡ്യൂക്കേഷൻ, പ്രൈമറി എഡ്യൂക്കേഷൻ ഇവയാണു അവരുടെ വിമർശനവിഷയം. എന്നാൽ പ്രാധാന്യം അർഹിക്കുന്ന പല വിമർശനങ്ങളും ഇതിൽ ഇല്ലാതില്ല. വിദ്യാഭ്യാസത്തിന്റെ പ്രചരണവും അതിന്റെ നടത്തിപ്പും സംബന്ധിച്ച ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നയത്തെപ്പററിയും മേലാൽ അവയുടെ നടത്തിപ്പിൽ വരുത്തേണ്ട വ്യത്യാസങ്ങളെപ്പററിയും പരിഷ്കാരങ്ങളെപ്പററിയുമാണു ഈ അഭിപ്രായഗതി എന്നു ഞാൻ വിചാരിക്കുന്നതുപോലെയാണ് മററു പലരും വിചാരിക്കുന്നതും. യൂണിവേഴ്സിററിക്കും ഗവൺമെൻറിനും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തേയും ഗവൺമെൻറിന് അതിൽ ഉണ്ടായിരിക്കേണ്ട അധികാരവ്യാപ്തിയേയും പററി മി. പി. എസ്. മഹമ്മദ് ചില അഭിപ്രായങ്ങളും

ഇവിടെ പറയുകയുണ്ടായി. എന്നാൽ എനിക്ക് പറയാനുള്ളത് യൂണിവേഴ്സിററി ഒരു സ്വതന്ത്രസ്ഥാപനമായിട്ടു വർത്തിക്കുകയെന്നുള്ളതു ഈ രാജ്യത്തു മാത്രമല്ല ലോകത്തെവിടെയുമുള്ള ഒരു പതിവാണ്. എന്നാൽ വല്ല വ്യത്യാസവും വല്ല രാജ്യത്തുമുണ്ടായിട്ടുണ്ടെങ്കിൽ അതു് അവിടെയുള്ള ഭരണരീതിയുടെ വ്യത്യാസംകൊണ്ടാണ്.

MR. ABDUL AZIZ : യൂണിവേഴ്സിററി ഒരു ഓട്ടോണമിയാണെന്നും അതിൽ ഗവണ്മെൻറിന്ന് യാതൊരുവിധ അധികാരവും പ്രയോഗിക്കാൻ പാടില്ലെന്നുമാണോ പറയുന്നതു്?

HON'BLE MR. T. M. VARGHESE : ഇൻഡ്യയിൽ ഉള്ള യൂണിവേഴ്സിററികൾ എല്ലാം തന്നെ ഒരു തരത്തിൽ ഓട്ടോണമിയാണെന്നുവേണം പറയാൻ. സാധാരണയായിട്ടു യൂണിവേഴ്സിററി നിർമ്മാണത്തിനുശേഷം, അവയിൽ പ്രൊഫസരന്മാരെ നിയമിക്കുക, പരീക്ഷകളും മററും നടത്തുന്നതിനെപ്പററി വേണ്ട നിർദ്ദേശം കൊടുക്കുക, ആവശ്യമുണ്ടെന്നു തോന്നുന്നെങ്കിൽ കൂടുതൽ ധനസഹായം ചെയ്യുക മുതലായ ആദ്യകൃത്യങ്ങൾ ഗവണ്മെൻറു് നിർവഹിക്കുകയും അതിനുശേഷം യൂണിവേഴ്സിററി ഒരു സ്വതന്ത്രസ്ഥാപനമെന്ന നിലയിൽ പ്രവർത്തനം ആരംഭിക്കുകയുമാണു ചെയ്തുവരുന്നതു്. എന്നാൽ ഗവണ്മെൻറിനു് അക്കാഡമിക്കായിട്ടു് അധികാരമില്ലെന്നല്ലാതെ അതിൻെറ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചു കുറെയൊക്കെ അധികാരങ്ങൾ ഇല്ലെന്നില്ല.

MR. P. S. MUHAMMED : യൂണിവേഴ്സിററിയിൽ നടത്തപ്പെടുന്ന ഏതെങ്കിലും കോഴ്സുകൾക്കു് ചേരുന്നതിനുള്ള യോഗ്യതാവിവരം തയാറാക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിററിക്കോ അതോ ഗവണ്മെൻറിനോ?

HON'BLE MR. T. M. VARGHESE : ആവക തെരഞ്ഞെടുപ്പിൽ അനുകരിക്കേണ്ടതായ പൊതു തത്വങ്ങളെപ്പററി വേണ്ട നിർദ്ദേശം കൊടുക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനാണുള്ളതു്. ഗവണ്മെൻറിനുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്നും, അതു് എങ്ങിനെയെല്ലാം വിനിയോഗിക്കാമെന്നും മററും വിശദമാക്കുന്നതു യൂണിവേഴ്സിററി ആക്ററു് സെക്ഷൻ ൨൦, ൨൧, ൨൨ ഇവയാണു്. എന്നാൽ അധികാരംകൂടുതൽ വിപുലമാക്കത്തക്കവണ്ണം ആക്ററു് ഭേദഗതി ചെയ്യണമെന്നു് ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ അഭിപ്രായപ്പെടുകയുണ്ടായി. എങ്കിലും അക്കാഡമിക്കായുള്ള അധികാരങ്ങളും അവകാശങ്ങളും ഒരു യൂണിവേഴ്സിററിക്കു് കൊടുക്കുകയാണു് മറെറവിടെയും ചെയ്തുവരുന്നപതിവു്.

MR. S. KUTTAN : യൂണിവേഴ്സിററിയെ നിയന്ത്രിക്കുന്നതിനുള്ള അധികാരം ആക്ററിന്റെ പരിധിയിൽ ഉൾക്കൊള്ളുന്നില്ലേ?

HON'BLE MR. T. M. VARGHESE : യൂണിവേഴ്സിററിയെ സംബന്ധിച്ചുള്ള "അധികാരം" അതിന്റെ വ്യാഖ്യാനത്തെ ആസ്പദമാക്കിയാണിരിക്കുന്നതു്. അതനുസരിച്ചു നോക്കുകയാണെങ്കിൽ നിയമപരമായ നിലയിൽ അധികാരമില്ലെന്നുവേണം പറയാൻ. ഇതു് എത്രത്തോളം വ്യക്തമാണെന്നുള്ളതിലേക്കു് സെക്ഷൻ ൨൦-൨൧-൨൨ നോക്കിയാൽ മതി. എന്നാൽ ന്യായമായിട്ടോ ന്യായരഹിതമായിട്ടോ മുൻപു് അധികാരം കൂടുതൽ പ്രയോഗിച്ചിട്ടുണ്ടെങ്കിൽതന്നെ അതിന്റെ പ്രയോഗകർത്താവും വൈസ്ചാൻസലരും ഒരാളായിരുന്നതുകൊണ്ടാണു്. ഇന്നു ജനകീയഗവണ്മെൻറാണു് ഭരണം നടത്തുന്നതു്. ആ സ്ഥിതിക്കു് നിലവിലിരിക്കുന്ന ആക്ററ് അനുസരിച്ചല്ലാതെ പ്രവർത്തിക്കാൻ തരമില്ല. അതല്ലെങ്കിൽ ആക്ററിൽ ഭേദഗതി ചെയ്യണം.

MR. K. A. MOHAMMED : അക്കാഡമിക്കായിട്ടുള്ള നിയമനങ്ങൾ നടത്തുന്നതിനു് ഗവണ്മെൻറിനു് അധികാരമില്ലേ?

HON'BLE MR. T. M. VARGHESE : അക്കാഡമിക്കായിട്ടു് വല്ല വിദഗ്ദ്ധന്മാരേയും നിയമിക്കേണ്ടിവന്നാൽ അതിനുള്ള അധികാരം ഗവണ്മെൻറിനാണുള്ളതു്.

MR. K. A. MUHAMMED : എൻജിനീയറിംഗ് കാളേജിൽ വൈവാവോസി പരീക്ഷ നടത്തി പല ന്യായക്കേടും ചെയ്യുന്നുണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അങ്ങിനെയുള്ള പരാതികൾ എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

MR. K. A. MUHAMMED : വൈവാവോസി പരീക്ഷ എടുത്തുകളയണമെന്നു് യൂണിവേഴ്സിററി അധികൃതരോടു പറയുവാൻ ഗവണ്മെൻറിനു് അധികാരമില്ലേ?

HON'BLE MR. T. M. VARGHESE : ഏതെങ്കിലും കോഴ്സിനു ചേരുന്ന കുട്ടികളുടെ ഇതരയോഗ്യതകളിൽ ഒന്നു് വൈവോവോസിയാണു്. അതിനെ നിറുത്തലാക്കുന്നതുതന്നെ അക്കാഡമിക്കലായിട്ടു ഒരു കൃത്യവിലോപമാണു്. അതുതന്നെയുമല്ല ഈ പരീക്ഷയെ നിറുത്തലാക്കുകയാണെങ്കിൽ ഗവണ്മെൻറു യൂണിവേഴ്സിററിയുടെ അധികാരത്തിൽ കൈകടത്തുകയല്ലേ എന്നുകൂടി സംശയമുണ്ടാകും.

MR V. MADHAVAN : യൂണിവേഴ്സിററിയിൽ അധഃകൃതക്കുവേണ്ടി സീററുകൾ റിസർവ്വ് ചെയ്തിട്ടില്ലേ?

HON'BLE MR. T. M. VARGHESE : റിസർവേഷൻ ഉണ്ടു്.

MR. K. R. ELANKATH : എൻജിനീയറിംഗ് കാളേജിൽ നടത്തപ്പെടുന്ന കോഴ്സുകൾക്ക് വേണ്ടിയുള്ള വൈവാവോസിയിൽ രജിസ്ട്രാർ കൂടി ഉൾപ്പെടുന്നില്ലേ. ആ ഇടപെടൽ നിമിത്തം ആളുകളുടെ ഇടയിൽ പല പരാതികളും ഉണ്ടായിട്ടുള്ളതായി അറിവുണ്ടോ?

HON'BLE MR. T. M. VARGHESE : രജിസ്ട്രാർകൂടി അതിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹമാണ് ഈ കുഴപ്പങ്ങൾ എല്ലാം ഉണ്ടാക്കുന്നതെന്നുള്ള അഭിപ്രായം അത്ര ശരിയല്ല. യൂണിവേഴ്സിററി രജിസ്ട്രാർ പല കുഴപ്പങ്ങളും ഉണ്ടാക്കുന്നു എന്നുള്ള പരാതികൾ ഇവിടെ കേൾക്കുകയുണ്ടായി. കാര്യങ്ങൾ ശരിയായി അന്വേഷിച്ചു മനസ്സിലാക്കിക്കൊണ്ടു വേണം ഈമാതിരിയുള്ള അഭിപ്രായങ്ങൾ നിയമസഭയിൽ പ്രസ്താവിക്കേണ്ടതെന്നു മനസ്സിലാക്കുന്നതു ഈ സഭയിലെ ഒരു അംഗമെന്ന നിലയിൽ അനുവത്തിക്കേണ്ടതായ ഒരു മഹൽകൃത്യമാണ്. നേരേമറിച്ചു ഉണ്ടായിട്ടുള്ള ആരോപണങ്ങളെപ്പററി ഒരു സൂക്ഷ്മാന്വേഷണം ചെയ്യാതെ "ഇന്നാര് ഇന്നതു ചെയ്തു" എന്നു വിളിച്ചുപറയുന്നതുതന്നെ ഈ സഭയുടെ അഭിമാനത്തിനും അന്തസ്സിനും പോരാത്തതാണെന്നു പറയാതെ നിവൃത്തിയില്ല.

MR K. M CHANDI : എൻജിനീയറിംഗ് കാളേജിലെ പ്രവേശനത്തിനു വേണ്ടിയുള്ള ലിസ്റ്റ് തയാറാക്കുന്നതുസംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ പരാതി ഉണ്ടാകാതിരിക്കുവാൻ ശ്രമിക്കുമോ?

HON'BLE MR. T. M. VARGHESE : ജനങ്ങളുടെ ഇടയിൽ നിന്നും ഉണ്ടാകുന്ന പരാതികളൊക്കെ നിറുത്താൻ എന്നെക്കൊണ്ടു സാദ്ധ്യമല്ല. എന്നാൽ അതിന്റെ കാരണം അന്വേഷിച്ചു പരിഹരിക്കത്തക്കതാണെങ്കിൽ അതിനു ശ്രമിക്കാം. ജനകീയഗവണ്മെൻറിന്റെ ആവിർഭാവത്തോടുകൂടി, അന്യായത്തിനും അക്രമത്തിനും സ്ഥാനമില്ലെന്നും പൊതുജനങ്ങളുടെ ന്യായമായ സകല അവകാശങ്ങളേയും പരിരക്ഷിക്കപ്പെടുമെന്നും നമുക്ക് പ്രത്യാശിക്കാം.

MRS, DEVAKI GOPIDAS : ജനകീയഗവണ്മെൻറ് ഉണ്ടായതിൽ പിന്നീട്, യൂണിവേഴ്സിററിയിൽ മാത്തമാററിക്സ് ലക്ചററായി ഒരു സുധർമ്മയെ നിയമിക്കാതെ ഒരു നാരായണപിള്ളയെ നിയമിച്ചതു യൂണിവേഴ്സിററി ആക്ററ് ഉ ...ാംവകുപ്പ് അനുസരിച്ചു നീതീകരിക്കത്തക്കതാണോ?

HON'BLE MR T M. VARGHESE : സുധർമ്മയും നാരായണപിള്ളയും തമ്മിലുള്ള നിയമനത്തിൽ അവരുടെ പരീക്ഷായോഗ്യതകൾ എന്തെ

[Hon'ble Mr. T. M Varghese.]

ല്ലാമാണെന്നുള്ളതിനെപ്പററി ഇപ്പോൾ എനിക്കു പറയാൻ നിവൃത്തിയില്ലാ. എന്നാലും, ഏതോ പ്രത്യേക ചില കാരണങ്ങൾകൊണ്ടു് സുധമ്മക്കു് കൊടുത്തില്ലെന്നും വരാം.

MRS. DEVAKI GOPIDAS : സുധർമ്മക്കു് ഓണേഴ്സിൽ ഫസ്ററു ക്ലാസ്സും, മി. നാരായണപിള്ളക്കു് അതിനെക്കാൾ കുറഞ്ഞ റാങ്കും ആണു ഉള്ളതു്.

HON'BLE MR. T. M. VARGHESE : മി. നാരായണപിള്ളക്കു് റാങ്കു കുറെ കുറഞ്ഞുപോയി എന്നുള്ളതുകൊണ്ടുമാത്രം, അദ്ദേഹത്തെ നിയമിക്കാൻ പാടില്ല എന്നു പറയുന്നതു് ശരിയല്ല. മി. നാരായണപിള്ളക്കു് താന്നു കുറഞ്ഞ റാങ്കു് എന്നു പറഞ്ഞതു്, ഫസ്റ്റ് ക്ലാസ്സിൽ സുധമ്മയെക്കാൾ കുറഞ്ഞ റാങ്കോ അതോ സെക്കൻറു് ക്ലാസോ തേഡ് ക്ലാസോ ആണോ എന്നറിഞ്ഞില്ല. പിന്നെ പഠിപ്പിക്കാനുള്ള സാമർത്ഥ്യം നോക്കണം. ഏതായാലും അവരെ ഒന്നു കാണാതെ ഇപ്പോൾ യോഗ്യത നിശ്ചയിക്കാൻ നിവൃത്തിയില്ല.

ഇവിടെ കൺട്രോളർ ആഫ് എക്സാമിനേഷൻസ് എന്ന ഉദ്യോഗത്തെപ്പററി പറഞ്ഞു. അതിനു് ഇവിടെ യോഗ്യതയുള്ള ആളുകൾ ഉണ്ടായിരുന്നിട്ടും വെളിയിൽ നിന്നൊരാളിനെ അതിലേക്കു നിയമിച്ചതായി മി. ശിവരാമപിള്ള പറഞ്ഞു. വാസ്തവത്തിൽ അങ്ങനെ ഒരു നിയമനം നടന്നിട്ടില്ല. തീർച്ചയായും നടന്നിട്ടില്ല. കാരണം ഇതു് ഗവണ്മെൻറാണു് നിയമിക്കേണ്ടതു്. അതുകൊണ്ടു് അങ്ങനെ ഒരു നിയമനം ഇതുവരെ നടന്നിട്ടില്ലെന്നു് ധൈര്യമായി എനിക്കു് പറയുവാൻ സാധിക്കും. പിന്നെ എൻ. എസ്. എസ്. കോളേജിനു് ഗ്രാൻറു കൊടുത്തില്ലെന്നും കൊല്ലത്തു് ഒരു കാളേജിനു് അപേക്ഷിച്ചിട്ടു് അതു് അനുവദിച്ചില്ലെന്നും മററും പറഞ്ഞു. യൂണിവേഴ്സിററിക്കായിട്ടു് ചെലവാക്കുന്ന പണം മുഴുവനും തിരുവനന്തപുരത്താണു് ചെലവാക്കുന്നതെന്നും മററു സ്ഥലങ്ങളിൽ ചെലവാക്കുന്നില്ലെന്നും ചില സ്നേഹിതന്മാർ പറഞ്ഞു. ഇവിടെ ഒരു ഫസ്ററു ഗ്രേഡു് കോളേജ് കൂടി ഉണ്ടാക്കുന്ന കാര്യത്തെപ്പററി മിസ്സ്. അക്കമ്മ ചെറിയാൻ പ്രസ്താവിച്ചു. ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാര വില യേറിയ പ്രസ്താവനകൾ ചെയ്തു എന്നുള്ളതിനു് സംശയമില്ല. എന്നാൽ ഒരു കാര്യം കൂടി ഓർക്കണം. ഈ മിനിസ്ട്രി വന്നിട്ടു് മൂന്നൽ നിലപാനം മാസങ്ങളേ ആയിട്ടൊള്ളു. ഇതിനിടയിൽ ഉത്തരവാദിത്വബോധത്തോടെ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തി

ട്ടുണ്ടെന്ന് പറയുവാൻ സന്തോഷമുണ്ട്. വിദ്യാഭ്യാസ മന്ത്രി എന്നുള്ള നിലയിൽ എനിക്കു പറയുവാനുള്ളതു് ഈ പുതിയ മന്ത്രിസഭവന്നിട്ട് വിദ്യാഭ്യാസകാര്യത്തിൽ യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ലെന്ന്, ഈ നിയമസഭയിൽ ഇതുവരെ ഉണ്ടായിട്ടുള്ള ചോദ്യങ്ങളിൽ നിന്നെല്ലാം നമുക്ക് മനസ്സിലാക്കാവുന്നതാണെന്നാണു. വിമർശനങ്ങൾ നടന്നു. ചോദ്യങ്ങൾ ഉണ്ടായി. ശരിതന്നെ. എന്നാൽ വിദ്യാഭ്യാസകാര്യത്തിൽ വല്ല കുഴപ്പവും ഉണ്ടായി എന്നു പറയത്തക്കവ ഒന്നും ആയിരുന്നില്ല അതു്. ഇതിനു മുമ്പുണ്ടായിട്ടുള്ള പല തെററുകളും തിരുത്തിക്കൊണ്ടാണു വരുന്നതു്. എന്നല്ല, മൂന്നു നാലു് മാസക്കാലമായി എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തിട്ടുണ്ടെന്ന് എനിക്കു ധൈര്യമായി പറയാൻ സാധിക്കും.

മിഡിൽസ്‌ക്കൂളുകളായാലും ശരി, പ്രൈമറിസ്‌ക്കൂളുകളായാലും ശരി, ഹൈസ്‌ക്കൂളുകളായാലും ശരി, അവ അനുവദിക്കാവുന്നിടത്തോളം എല്ലാം അനുവദിച്ചു. ആരോ പറഞ്ഞു മി. ശിവരാമപിള്ളയാണെന്നു തോന്നുന്നു, വളരെ ഗൗരവമായ ചാർജ്ജുകൾ അതായതു് സമുദായ താൽപര്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി, അനുവദിക്കാൻ പാടില്ലാത്ത അപേക്ഷകൾ അനുവദിച്ചു എന്നു്. അദ്ദേഹം പറഞ്ഞതിൽ എനിക്കു അസുഖം തോന്നിയില്ല. എന്നാൽ അതിനു സമാധാനം പറയണമെന്ന് അദ്ദേഹം പറഞ്ഞതു് ശരിയായോ എന്ന് എനിക്കു സംശയമുണ്ട്. അതിൽ കുറച്ചു് അസുഖം ഉണ്ട്. ആദ്യം ഞാൻ അവഗണിക്കണമെന്നു വിചാരിച്ചു. എന്നാൽ അങ്ങനെ അവഗണിക്കുന്നതു ശരിയല്ലല്ലോ. രണ്ടാമതു, തമിഴ്‌നാടു കാൺഗ്രസുകാർ പറഞ്ഞതിനു മറുപടി പറഞ്ഞില്ല എന്നൊരു ചാർജ്ജും കൂടി ഉണ്ടാകും. അതു കൊണ്ടു് മറുപടിപറയാമെന്നു വിചാരിക്കുകയാണു്. വാസ്തവസ്ഥിതി മെമ്പറന്മാരെ ധരിപ്പിക്കണം. അതിനുശേഷം ആരു എന്തുതന്നെ പറഞ്ഞാലും അവഗണിക്കുകയെ നിവൃത്തിയുള്ളു. ഭീഷണിക്കും അവാസ്തവ പ്രസ്താവനകൾക്കും ഈൽഡ് ചെയ്യുന്ന ഒരാൾ മന്ത്രിയായിരിക്കണമോ, അതല്ല അവയെ അവഗണിച്ചു് മനോധൈര്യത്തോടും ഉത്തമ വിശ്വാസത്തോടുംകൂടി പ്രവർത്തിക്കുന്ന ഒരാൾ മന്ത്രിയായിരിക്കണമോ എന്ന് ഈ സഭ തന്നെ തീരുമാനിക്കേണ്ടതാണു്. ആദ്യം ഞാൻ മി. ശിവരാമപിള്ളക്കു ഉത്തരം പറയുകയില്ലെന്നു വിചാരിച്ചിരുന്നതാണു്. എന്നാൽ അദ്ദേഹം എന്നെ നിർബന്ധിച്ചു. അതു കൊണ്ടു് പറയുന്നതാണു്.

MR. K. SIVARAMA PILLAI: The allegations mentioned by me were made by one of the members of your party.

HON'BLE MR. T. M. VARGHESE: No party in regard to allegations. That is common to all.

ആകെ ൩൦ അപേക്ഷകൾ ഹൈസ്കൂളിനും ൩൮ എണ്ണം മിഡിൽസ്കൂളിനും അനുവാദത്തിനായി ലഭിച്ചു. അതിൽ ഹൈസ്കൂളിനു, ഹിന്ദുക്കളുടെ അപേക്ഷകൾ ഒൻപതു്, എട്ടെണ്ണം അനുവദിച്ചു. ഒന്ന് ചില വിവരങ്ങൾ അറിയുന്നതിനായി എഴുതി അയച്ചു. ക്രിസ്ത്യാനികളുടെ അപേക്ഷകൾ ൨൧ എണ്ണം ഉണ്ടായിരുന്നതിൽ, ൧൩ എണ്ണം ഡിവിഷൻ ഇൻസ്പെക്ടറന്മാരും ഡയറക്ടരും റക്കമെൻറു ചെയ്തയച്ചു. അതിൽ ൧൨ എണ്ണം അനുവദിച്ചു. ഒന്ന് മററതു പോലെ ചില വിവരങ്ങൾ അറിയാനായി തിരികെ അയച്ചു. മിഡിൽ സ്കൂളിനാണെങ്കിൽ ഹിന്ദുക്കളുടെ അപേക്ഷ ൧൧, അതിൽ ൧൦ അനുവദിച്ചു. ക്രിസ്ത്യാനികളുടേതു ൨൩. ൧൭ ഡയറക്ടർ റക്കമെൻറു ചെയ്തതു് അത്രയും അനുവദിച്ചു അതു പോലെ തന്നെ ഒരോ സ്കൂളിനും തമ്മിലുള്ള ദൂരം ഓരോ ക്ലാസിലും ഉള്ള കട്ടികളുടെ എണ്ണം, സ്ഥലസൌകര്യം ഇവയൊക്കെ നോക്കിയാണ് ഇവ അനുവദിക്കേണ്ടതു്. ഇപ്പോഴത്തെ റൂളനുസരിച്ച് നാലു മുതൽ അഞ്ചു വരെ മൈൽ ഓരോ സ്കൂളിനും ദൂരം ഉണ്ടായിരിക്കേണ്ടതാണ്. കുട്ടികളുടെ എണ്ണം തന്നെ പ്രായമായവർ ഇത്ര മററുള്ളവർ ഇത്ര ഇതൊക്കെ അന്വേഷിച്ചറിഞ്ഞു് ഡിവിഷൻ ഇൻസ്പെക്ടരും അസിസ്ററൻറു ഇൻസ്പെക്ടരും ഡയറക്ടരും റക്കമെൻറു ചെയ്ത ശേഷം സംശയമുള്ളതു ചോദിച്ചറിഞ്ഞു്, സ്കൂളുകൾ അനുവദിക്കേണ്ടതായിട്ടാണിരിക്കുന്നതു. അങ്ങനെ ഇത്രയും സ്കൂളുകളെ ഓരോരുത്തർക്കു അനുവദിക്കാൻ സാധിക്കുകയുള്ളു. മറിച്ചും ചിലപ്പോൾ ചെയ്തേക്കാം. പക്ഷേ ഇതേവരെ അങ്ങനെ ചെയ്തില്ല. ഇതിൽ സമുദായതാൽപ്പര്യത്തെ അശേഷം നോക്കിയിട്ടില്ല. യൂണിവേഴ്സിററി ആയാലും സെക്കൻഡറി എഡ്യൂക്കേഷനായാലും ഈ വക സംഗതികളിൽ സാമുദായികചിന്ത ഗവൺമെൻറിന് ഉണ്ടാകുന്നതല്ലെന്നു ഞാൻ ധൈര്യമായി പറയുന്നു. പിന്നെ ഒന്നു പറയാനുള്ളതു് വിദ്യാഭ്യാസ പ്രചരണം നാട്ടിന് അത്യാവശ്യമായിട്ടുള്ള ഒന്നാണ്. അതു ചെയ്യുന്നവർ മി. ആർ. ശങ്കർ പറഞ്ഞതു പോലെ രാജ്യത്തിന് ഒരു വലിയ സേവനം അനുഷ്ഠിക്കുകയാണു ചെയ്യുന്നതു്. വിദ്യാഭ്യാസത്തിനു ആളുകൾക്കു സൌകര്യമുണ്ടാക്കി കൊടുക്കുകയും, അവയെ രാജ്യമാസകലം പ്രചരിപ്പിക്കുകയും ചെയ്യുന്നതിനേക്കാൾ ഒരു വലിയ സേവനം രാജ്യത്തിന് ഒരു സമുദായം ചെയ്യാനില്ലെന്നുള്ളതിൽ സംശയമില്ല. അതു് പൊതുവേ രാജ്യത്തിൻെറ അഭിവൃദ്ധിയാണ്. അതിനു

രാജ്യവാസികൾ അവരോട് കടപ്പെട്ടിരിക്കുന്നതാണ്. എന്നാൽ ഇങ്ങനെ ഉള്ള കാര്യങ്ങൾ അടിസ്ഥാനമാക്കി, സമുദായികമായ ആനുകൂല്യങ്ങളെയോ രാഷ്ട്രീയാനുകൂല്യങ്ങളെയോ വഴിതെളിക്കുന്ന ഒന്നായിരിക്കും അതെന്നു കരുതി മററു സമുദായക്കാർക്ക് ലഭിക്കാവുന്നതിൽ കൂടുതൽ ആനുകൂല്യങ്ങൾ ഗവർമെൻറിൽ നിന്നും അവർക്ക് ലഭിക്കുമെന്നു് പ്രതീക്ഷിക്കുന്നതു് അസ്ഥാനത്താണ്. മുമ്പു പറഞ്ഞ തത്വങ്ങൾ അടിസ്ഥാനമാക്കി പള്ളിക്കൂടങ്ങൾക്കു ആരു അപേക്ഷിച്ചാലും അതു് അനുവദിക്കുന്നതാണ്. അതിൽ സാമുദായിക പരിഗണന ഒട്ടും ഉണ്ടാകുന്നതല്ലതന്നെ. എന്നാൽ സമുദായങ്ങളുടെ ന്യായമായ അവകാശങ്ങളെ വിദ്യാഭ്യാസനയത്തിൽ വിസ്മരിക്കുന്നതല്ല. ഗവൺമെൻറിൻെറ നയം ഏതെങ്കിലും സമുദായത്തിൻെറ ന്യായമായ അവകാശങ്ങൾക്ക് ബാധകമാണെന്നു കാണുകയാണെങ്കിൽ അതിൻെറ പരിഹാരത്തിനു വേണ്ടി കാര്യക്ഷമതയ്ക്കു ഹാനികരമല്ലാത്ത വിധത്തിലുള്ള ന്യായമായ ഏതൊരു വിട്ടുവീഴ്ചയ്ക്കും ഗവർമെൻറ് തയ്യാറാണ്. അല്ലാതെ സാമുദായികമായ പ്രത്യേക പരിഗണന വിദ്യാഭ്യാസ വിഷയത്തിൽ ആവശ്യപ്പെട്ടാൽ അതു തെററാണെന്നു് തീരുമാനിക്കുന്നതിനെ നിവൃത്തിയുള്ളു.

പിന്നെ ഒന്നു് പറയുവാനുള്ളതു്, ഒരു സ്ക്കൂളോ കാളേജോ ഒരു സമുദായം നടത്തുന്നതു കൊണ്ടുള്ള ഗുണം ആ സമുദായത്തിനു മാത്രമല്ല എന്നു നാം ആലോചിക്കണം. എൻ. എസ്. എസ്. കാർ അല്ലെങ്കിൽ, എസ്. എൻ. ഡി. പി. ക്കാർ കാളേജു നടത്തുന്നു. അതിൻെറ ഗുണം ആർക്കാണ്. നിശ്ചയമായും ആ സമുദായക്കാർക്കു മാത്രമല്ല, അതിൻെറ ഗുണംഎല്ലാവർക്കും ഉണ്ടു. പിന്നെന്താണു? ഒരു അഭിമാനം മാത്രം. ഒരുകാളേജു നടത്തി വിദ്യാവിതരണം ചെയ്യുന്നു എന്നുള്ള ഒരഭിമാനം: ആനുകൂല്യം എല്ലാവർക്കും ഒരുപോലെയാണു. മാത്രമല്ല അതു നടത്തുന്ന സമുദായക്കാർ ഒരു ഭാരം വഹിക്കുന്നു എന്നുകൂടി ഉണ്ടു്. അതിനാൽ സാമുദായിക ചിന്ത ഈ കാര്യത്തിൽ ഉണ്ടായി എന്നു പറയാൻ പാടില്ലായിരുന്നു. അങ്ങനെ ഗവൺമെൻറ് പ്രവർത്തിക്കുന്നതല്ലെന്നു് ഞാൻ ഉറപ്പു പറയുന്നു.

വേറൊന്നു പറയുവാനുള്ളതു പ്രൈവററ് സ്ക്കൂൾ അദ്ധ്യാപകന്മാരുടെ പണിമുടക്കാണ്. അവർ അങ്ങനെ ചെയ്തതു് വലിയ തെററാണ്. ഒരു ഫാക്ടറിയിലെയോ മില്ലിലെയോ തൊഴിലാളികൾ പണിമുടക്കി എന്നു പറഞ്ഞാൽ അതിൽ കുറച്ചെങ്കിലും അർത്ഥമുണ്ടു്. എന്നാൽ കുട്ടികൾക്ക് വിദ്യ അഭ്യസിപ്പിച്ചു കൊടുക്കേണ്ട അദ്ധ്യാപക

[Hon'ble Mr. T. M. Varghese.]

ന്മാർ സ്കൂളുകളും അടച്ചുപൂട്ടി കുട്ടികളേയും വഴിതെററിക്കത്തക്ക വിധത്തിൽ, ഇങ്ങനെ പണിമുടക്കിനു പോയതു് ശരിക്കല്ലാ ന്യായീകരിക്കത്തക്കതല്ല. ഒന്നാമതു്, കുട്ടികളുടെ വിദ്യാഭ്യാസം മുടക്കി. രണ്ടാമതു, ആ കുട്ടികൾപോലും ഇതുകണ്ടു പിൻതുടരത്തക്കവിധം സ്ഥിതിഗതികൾ വഷളാക്കി. ഇതു് തീർച്ചയായും ഒരു വലിയ തെററാണു്. അവർ ചെയ്യേണ്ട ഒരു സംഗതി അല്ല ഇതു്.

ആ നടപടികൾ സ്വീകരിക്കാനോ അതു് ശരിയാണെന്നു പറയാനോ ഗവർണ്മെന്റിനു സാദ്ധ്യമല്ല. ആരുടെ എങ്കിലും പ്രേരണകൊണ്ടോ വാഗ്ദാനം കൊണ്ടോ ആണു് അവർ സൈസ്ട്രൈക്ക നിറുത്തിയതെന്നു് ചില ബഹു. മെമ്പറന്മാർ പറയുന്നതും ശരിയല്ല. ആരാണു അങ്ങിനെ വാഗ്ദാനം കൊടുത്തതു് എന്നെനിക്കു് അറിവില്ല. എന്നോടു വന്നു പറഞ്ഞവരോടു് എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്യാൻ സാദ്ധ്യമല്ലെന്നു് മാത്രമെ ഗവർമ്മെൻറു് പറഞ്ഞിട്ടുള്ളു. സ്ട്രൈക്കു് നടത്തിയ കാലത്തു് അവരെ വിക്റ്റിമൈസ് ചെയ്യുകയുണ്ടായി എന്നു ചിലർ ഇവിടെ പറഞ്ഞുകേട്ടു. എന്നാൽ വാസ്തവത്തിൽ അവരെ വിക്റ്റിമൈസ് ചെയ്തിട്ടില്ല. സൈസ്ട്രൈക്കു് ചെയ്തകാലത്തു ശമ്പളം കൊടുത്തിട്ടില്ലായെന്നല്ലാതെ അവരെ യാതൊരു തരത്തിലും വിക്റ്റിമൈസ് ചെയ്തിട്ടില്ല.

MR K. A. MATHEW: ഈയിടെ അയച്ച ഒരു ലറററിൽ കാണുന്നതു് ഞാൻ വായിക്കാം.

"The grant for the days of the strike should be cut as a disciplinary action."

HON' BLE. MR. T. M. VARGHESE: അതു് തെററാണു്. അധികൃതന്മാർ കാര്യം മനസ്സിലാക്കാതെ അയച്ചതായിരിക്കാം. ഗവർണ്മെൻറു അങ്ങനെ ചെയ്തിട്ടില്ല.

MR P. T. CHACKO: അതു് ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ അറിവോടുകൂടി അയച്ചതല്ലെന്നാണോ പറയുന്നതു്?

HON' BLE. MR. T. M. VARGHESE: ശമ്പളം കൊടുക്കേണ്ടാ എന്നു് വിദ്യാഭ്യാസമന്ത്രിയോ, വിദ്യാഭ്യാസഡയറക്ടരോ തീരുമാനിച്ചു കാണും. അവർ ജോലിക്കു വരാത്തതുകൊണ്ടു ശമ്പളം കൊടുത്തിട്ടില്ലാ എന്നേ ഉള്ളു. അല്ലാതെ ഒരു ശിക്ഷ എന്ന നിലയിൽ ശമ്പളം കൊടുക്കാതിരുന്നിട്ടില്ല.

പിന്നെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തെ പററി പറഞ്ഞു. ഷിഫ്റ്റു് സിസ്ററം ഉള്ളിടത്തു ശമ്പളം കൂട്ടി കൊടുക്കുന്നുണ്ടു.

അതുപോലെ ഷിഫ്റ്റ് വരുമ്പോഠം എല്ലായിടത്തും ശമ്പളംകൂട്ടി കൊടുക്കുന്നതാണ്. ഇക്കാര്യത്തിൽ ചെയ്യാൻ കഴിവുള്ളതെല്ലാം ഗവണ്മെൻറു ചെയ്യും. ഒരുകാര്യം കൂടി പറയാം. ഗവർണ്മെൻറു നേരിട്ടു നടത്തുന്ന സ്കൂളുകഠംക്കു ചെലവാക്കുന്നതിനേക്കാഠം കൂടുതൽ പ്രൈവററു ഏജൻസികഠം നടത്തുന്നതിന് ചെലവാക്കുവാൻ നിവൃത്തിയില്ല.

MR. K. A. MATHEW ഷിഫ്റ്റ് സിസ്ററം വരാത്തതു് അദ്ധ്യാപകന്മാരുടെ കുററമാണോ?

HON'BLE. MR. T. M. VARGHESE : അതു് പറയാം. ഷിഫ്റ്റ് ഉണ്ടെങ്കിലേ വ൭ രൂപാശമ്പളം കൊടുക്കുകയുള്ളു. ഷിഫ്ററ് ഇല്ലെങ്കിൽ ൫൦ രൂപായാണു ശമ്പളം. സാധാരണ അഞ്ചു അദ്ധ്യാപകന്മാർ ആവശ്യമുള്ള ഒരു പള്ളിക്കൂടത്തിൽ ഷിഫ്ററ് ഉണ്ടെങ്കിൽ മൂന്നു അദ്ധ്യാപകന്മാർ മതിയാകും. അതുകൊണ്ടാണു അവർക്ക് വ൭ രൂപാ കൊടുക്കാൻ കഴിയുന്നതു്. അഞ്ചുപേരുണ്ടെങ്കിൽ ഈ തുക കൊടുക്കാൻ സാദ്ധ്യമല്ല. അതു ന്യായവുമല്ല. ഗവണ്മെൻറു സ്കൂളുകഠം അങ്ങിനെയാണ് നടത്തുന്നതു്. പ്രൈവററ് സ്ക്കൂളുകളിലും ഷിഫ്ററു ഏർപ്പെടുത്തുമ്പോഠം അങ്ങിനെവേണമെന്നു് പറയുന്നതു് ന്യായമായിരിക്കും. സ്ട്രൈക്ക് നിറുത്തി പള്ളിക്കൂടത്തിൽ പഠിത്തം തുടങ്ങിയതിനു ശേഷമുള്ള ശമ്പളം കൊടുക്കുന്നതിന് ഗവർണ്മെൻറിന് വിരോധമില്ല. അങ്ങനെ കൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. സ്ട്രൈക്കു നടത്തിയ കാലത്തേക്കു് ശമ്പളം വേണമെന്നു പറയുന്നതിൽ ന്യായമൊന്നുമില്ല. ഫാക്ടറികളിൽ ജോലിചെയ്യാത്തദിവസങ്ങളിൽ ശമ്പളം കൊടുക്കാത്തിരിക്കുന്നതു പോലെ ഇതിനേയും കണക്കാക്കിയാൽ മതി. ശമ്പളംകൊടുക്കാതെ ഫൈൻ ഈടാക്കുകയാണെങ്കിലെ അതൊരു ശിക്ഷയാവുകയുള്ളു.

സ്കൂളുകഠം നടത്തുന്ന കാര്യത്തിലും ഏതെങ്കിലും പ്രത്യേകസമുദായത്തിനു ആനുകൂല്യങ്ങഠം ഉണ്ടാകുമെന്ന് ആരും തെററിദ്ധരിക്കേണ്ടതില്ല. ഏതെങ്കിലും സമുദായത്തിന് ആനുകൂല്യങ്ങഠം കൊടുക്കുകയില്ലെന്ന് ഗവണ്മെൻറിനു നിർബന്ധമുള്ളതായും ആരും തെററിദ്ധരിക്കേണ്ടതില്ല. രാജ്യത്തിൻെറ പുരോഗതിക്കാവശ്യമെന്നു തോന്നുന്ന ഒരു വിദ്യാഭ്യാസനയം സ്വീകരിക്കുന്നതിനും അതനുസരിച്ചു് പ്രവർത്തിക്കുന്നതിനും ഗവണ്മെൻറു തീരുമാനിച്ചിരിക്കുകയാണു. ഇക്കാര്യത്തിൽ ആർക്കും യാതൊരാശങ്കക്കും വകയില്ല.

[Hon'ble Mr. T. M. Varghese.]

ഇവിടെയുള്ള ബഹു: മെമ്പറന്മാരെല്ലാവരും ഇക്കാര്യം പ്രത്യേകം മനസിലാക്കി ജനതാമദ്ധ്യത്തിൽ വല്ല തെററിദ്ധാരണയുമുണ്ടെങ്കിൽ അതു നീക്കി കളയുന്നതിന ശ്രമിക്കേണ്ടതാണ്. ഞാൻ ഗുണദോഷിക്കുകയാണെന്നു ധരിക്കരുതു്. അതു എൻെറ ഒരു അപേക്ഷയാണു. ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നവരും സ്വാധിനശക്തിയുള്ളവരുമായ ബഹു. മെമ്പറന്മാർ പ്രസ്താവനകൾ കൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും മററെല്ലാവിധത്തിലും വല്ല തെററിദ്ധാരണയും ജനങ്ങൾക്കുണ്ടെങ്കിൽ അതു് തീർക്കുകയാണ് വേണ്ടതു്. അല്ലാതെ ജനങ്ങളുടെ ഇടയിൽ അസമാധാനവും തെററിദ്ധാരണകളും ഉളക്കിവിടുന്ന പ്രസ്താവനകളും വിമർശനങ്ങളും നടത്തരുതെന്നൊരപേക്ഷയുണ്ട്. എൻെറ അപേക്ഷ നിങ്ങൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നാം ഒരുമിച്ചുപോയാലെ വിദ്യാഭ്യാസം ശരിയായവിധത്തിൽ നടത്താൻ സാധിക്കുകയുള്ളു. സത്യസന്ധതയോടും ആത്മാൎത്ഥതയോടും നാം മുമ്പോട്ടുപോയാൽ നമ്മുടെ മാൎഗ്ഗം സുഗമമായരിക്കും. നിചമായ ഉൗടുവഴികളിൽ കൂടി നടക്കാതെ നാം ഒരുമിച്ചു നേർവഴികളിൽ കൂടി മുമ്പോട്ടുപോയാൽ ജാതിവ്യത്യാസവും മതവ്യത്യാസവും കക്ഷിവ്യത്യാസവും കൂടാതെതന്നെ നമുക്ക് നാം ഉദ്ദേശിക്കുന്ന ദിക്കിൽ എത്തിച്ചേരാൻ സാധിക്കും. ആത്മാൎത്ഥതയോട് കൂടി ഗവമെൻറിനെക്കൊണ്ട് പ്രവൃത്തിപ്പിക്കാൻ അധികാരവും അവകാശവുമുള്ള ഈ സഭ അതിൻെറ അധികാരങ്ങളും അവകാശങ്ങളും ശരിയായി മനസ്സിലാക്കി അവയെ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അതു് രാജ്യത്തോടു ചെയ്യുന്ന അക്ഷന്തവ്യമായ ഒരപരാധമായിരിക്കുമെന്നു ഓൎമ്മിപ്പിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

The question that a sum of Rs. 1,93,59,97- be granted under Demand XIII Education was put and carried.

The demand was passed.

DEMAND No. XIV.

HON'BLE MR. K. M. KORAH: യുദ്ധാനന്തരപുനസ്സംവിധാന പദ്ധതി ഉൾപ്പെടെയുള്ള കൃഷിക്കായി ൨൭,൪൯,൧൧൦ രൂപായുടെ ധനാഭ്യൎത്ഥന സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

MR P. NANOO : അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിലേക്കുള്ള ൫,൭൪,൮൬,൧൯൦ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. സർ, നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് ഉപദ്രവകരമായിരിക്കുന്ന ചില കാര്യങ്ങളെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് ഞാൻ ഈ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്. സമയം വളരെ പരിമിതമാകയാൽ അതിൽ പ്രധാനമായ ചില കാര്യങ്ങൾ മാത്രം ഞാൻ ഇവിടെ പ്രസ്താവിക്കാം. നിലം കൃഷിക്കാർക്ക് അടുത്തുള്ള പുരയിടം ഉടമസ്ഥന്മാരിൽ നിന്നും ഉണ്ടാകുന്ന ഉപദ്രവങ്ങളെപ്പറ്റിയാണ് ഞാൻ ആദ്യമായി പറയാമെന്നു വിചാരിക്കുന്നതു്. നിലങ്ങൾക്ക് അടുത്തുള്ള പുരയിടങ്ങളിൽ നിൽക്കുന്ന ചോലവൃക്ഷങ്ങൾ നെൽകൃഷിക്ക് ക്രമത്തിലധികം ദോഷം ചെയ്യുന്നു. സാധാരണയായി നിലങ്ങൾക്കരികിൽ പുരയിടമുടമസ്ഥൻ നട്ടുവളർത്തുന്ന പുന്ന, മാവ്, പ്ലാവ്, പുളി മുതലായ വൃക്ഷങ്ങളുടെ ചോല ഈ സംസ്ഥാനത്തുള്ള നിലങ്ങളുടെ എട്ടിലൊരു ഭാഗമെങ്കിലും കൃഷിക്കുപയോഗമില്ലാത്തതാക്കിത്തീർക്കുന്നുണ്ട്. ഇതിൽനിന്നു രക്ഷപ്പെടാൻ കൃഷിക്കാരന് യാതൊരു മാർഗ്ഗവും ഇല്ലാതെയാണിരിക്കുന്നതു്. പുരയിടം ഉടമസ്ഥന്മാരോട് നിലം കൃഷിക്കാരൻ അപേക്ഷിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമുണ്ടാകാറില്ല. നേരേമറിച്ച് അവർ ഈ ചോലവൃക്ഷങ്ങൾ കൂടുതൽ ദിനംപ്രതി എന്നവണ്ണം നട്ടുപിടിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഈ മരങ്ങളെ നേരിട്ടു വെട്ടിമുറിക്കുന്നതിനോ, അല്ലെങ്കിൽ പുരയിട ഉടമസ്ഥനെക്കൊണ്ട് മുറിപ്പിക്കുന്നതിനോ പുതിയതായി ചോലമരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനെ തടയുന്നതിനോ കൃഷിക്കാരനെ സഹായിക്കുന്ന യാതൊരു നിയമവും ഇപ്പോൾ ഇല്ലാതെയാണിരിക്കുന്നതു്. വിളവു വർദ്ധിപ്പിക്കണമെന്ന് ഗവണ്മെൻറിന് ആഗ്രഹമുള്ളപക്ഷം ഈ ചോലവൃക്ഷങ്ങളിൽ നിന്നും നിലങ്ങളെ രക്ഷിക്കുന്നതിന് കൃഷിക്കാരെ സഹായിക്കുന്ന ഒരു നിയമം ഉണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. ഇപ്പോൾ കൃഷിക്ക് നാശംചെയ്യുന്ന ചോലമരങ്ങൾ മുഴുവൻ (കായ്ഫലം തെങ്ങൊഴിച്ച്) മുറിച്ചുമാററുന്നതിനും മേലാൽ നിലത്തിന്റെ വരമ്പിൽ നിന്നു ൧൦ അടി അകലത്തിൽ മാത്രമേ വൃക്ഷങ്ങൾ നടാവൂ എന്നു് പുരയിടം ഉടമസ്ഥന്മാരെ നിർബന്ധിക്കുന്നതിനും നിയമങ്ങൾ വേണം. ഇങ്ങനെ ചെയ്യുന്നപക്ഷം ഇപ്പോഴുള്ളതിന്റെ എട്ടിലൊന്നു

[Mr. P. Nanoo.]

സ്ഥലം കൂടെ കൂട്ടമായി നെൽകൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അതിപ്രധാനമായ ഈ സംഗതിയിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. അടുത്തതായി എനിക്ക് പറയുവാനുള്ളത് കരയിൽ നിന്നും ഒലിപ്പുപാഞ്ഞ് കൃഷിയ്ക്കു നാശം ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ചാണ്. നിലം ഉടമസ്ഥന്മാർക്കു അവർക്ക് അവകാശമില്ലാത്ത പുരയിടങ്ങളിൽ കയറി ഒലിപ്പിനെ തടയുന്നതിനു നിവൃത്തിയില്ല. പുരയിടം ഉടമസ്ഥന്മാർ അതു തടയുകയുമില്ല. അവരെക്കൊണ്ടു തടയിക്കുന്നതിന് ഇപ്പോൾ നിയമങ്ങളുമില്ല. നിലങ്ങളുടെ അടുത്തായി ചില സ്ഥലങ്ങളിൽ കരത്തോടും മററു പുറമ്പോക്കു സ്ഥലങ്ങളുമുണ്ട്. ഈ പുറമ്പോക്കുസ്ഥലങ്ങളേയും തോട്ടിനേയും അടുത്തുള്ള പുരയിടം ഉടമസ്ഥർ ആക്രമിച്ച് കൈവശപ്പെടുത്തി അവരുടെ ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതാണ് പതിവ്. തോടുള്ള സ്ഥലങ്ങളിൽ എവിടെ ചെന്നു നോക്കിയാലും ഈ തോടുകൾ ചേര ഇഴയുന്നതുപോലെ വളഞ്ഞു പുളഞ്ഞ് പോകുന്നതു കാണാം. ന്യായരഹിതമായ പ്രവേശനങ്ങൾകൊണ്ടു വെള്ളം നേരെ ഒഴുകിപ്പോകുന്നില്ല. പുരയിടം ഉടമസ്ഥന്മാർ തോടും തോട്ടുപുറമ്പോക്കും അപഹരിച്ചെടുക്കുന്നതിന്റെ ഫലമാണിതു്. സെറ്റിൽമെൻറ് അനുസരിച്ച് റിക്കാർട്ടിൽ കാണുന്നതു മുഴുവനും ഇന്നു എവിടെയെങ്കിലും തോടും തോട്ടുപുറമ്പോക്കുമായി കാണുമോ എന്നു സംശയമാണ്. ഇങ്ങനെ തോടുംതോട്ടുപുറമ്പോക്കുംകൂടി കരകൃഷിക്കാരും നിലമുടമസ്ഥന്മാർതന്നെയും അപഹരിച്ചെടുത്തു വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതുകൊണ്ടും, ചോലകൊണ്ടും, ഒലിപ്പുകൊണ്ടും കൃഷിക്കു വളരെ വലിയ നാശങ്ങളുണ്ടാകുന്നു. ഇതിനൊരു നിവാരണം ഉണ്ടാക്കേണ്ടതു അത്യന്താപേക്ഷിതമാണ്. (ബെൽ)

MR. PRESIDENT: ഡിമാൻഡുകൾ വോട്ടുചെയ്യുന്നതിനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതിനാൽ ബാക്കിയുള്ള ഡിമാൻഡുകൾ എല്ലാം പഴയപടി വായിച്ചു പാസ്സാക്കുന്നതാണ്.

The question that a sum of Rs. 21,49,77 be granted under Demand XIV Agriculture including postwar Reconstruction Schemes was put and carried.

The demand was passed.

DEMAND XV—FISHERIES—INCLUDING POSTWAR RECONSTRUCTION SCHEMES.

The question that a sum of Rs, 2,78,731 be granted under Demand XV Fisheries—including Postwar Reconstruction Schemes was put and carried.

The demand was passed.

DEMAND XVI—INDUSTRIES.

The question that a sum of Rs. 2,35,974 be granted under Demand XVI Industries was put and carried.

The demand was passed.

DEMAND XVIII—CO-OPERATIVE DEPARTMENT.

The question that a sum of Rs. 3,20,400 be granted under Demand XVIII Co operative Department was put and carried.

The demand was passed.

DEMAND XIX—UPLIFT OF BACKWARD COMMUNITES INCLUDING POSTWAR RECONSTRUCTION SCHEMES.

The question that a sum of Rs. 4,17,669 be granted under Demand XIX Uplift of Backward Communities .including Postwar Reconstruction Schemes was put and carried.

The Demand was passed.

DEMAND XX—VILLAGE UNIONS, PANCHAYATS AND UPLIFT.

The question that a sum of Rs. 35,75,133 be granted under Demand XX Village Unions, Panchayats and Uplift was put and carried.

The Demand was passed.

DEMAND XXI—MEDICAL, AYURVEDA AND PUBLIC HEALTH INCLUDING POSTWAR RECONSTRUCTION SCHEMES.

The question that a sum of Rs. 62,47,971 be granted under Demand XXI—Medical, Ayurveda and Public Health including Postwar Reconstruction Schemes was put and carried.

The Demand was passed

DEMAND XXVI—PUBLIC WORKS DEPARTMENT INCLUDING WATER WORKS, MARAMAT, DRAINAGE, POSTWAR SCHEMES ETC.

The question that a sum of Rs. 1,87,49,065 be granted under Demand XXVI—Public Works Department including Water Works Maramat, Drainage, Postwar Schemes etc. was put and carried.

The Demand was passed.

DEMAND XXVII—ELECTRICITY AND TELEPHONE.

The question that a sum of Rs. 1,89,09,339 be granted under Demand XXVII—Electricity and Telephone was put and carried.

The Demand was passed.

DEMAND XXVIII—ARMY.

The question that a sum of Rs. 64,27,800 be granted under Demand XXVIII—Army was put and carried.

The Demand was passed.

DEMAND XXIX—FOOD AND OTHER CONTROL MEASURES.

The question that a sum of Rs. 10,48,614 be granted under Demand XXIX Food and other Control mearures was put and carried.

The Demand was passed.

DEMAND XXX—MISCELLANEOUS.

The question that a sum of Rs. 10,53,944 be granted under Demand XXX Miscellaneous was put and carried.

The Demand was passed.

DEMAND XXXI—POSTWAR RECONSTRUCTION SCHEMES—EXCLUDING AGRICULTURE, EDUCATION, FISHERIES, MEDICAL, PUBLIC HEALTH, PUBLIC WORKS DEPARTMENT, UPLIFT OF BACKWARD COMMUNITIES, AND CERAMIC FACTORY.

The question that a sum of Rs. 4,60,814 be granted under Demand XXXI Postwar Reconstruction Schemes excluding Agriculture, Education, Fisheries, Medical, Public Health, Public Works Department, Uplift of Backward Communities and Ceramic Factory was put and carried.

The Demand was passed.

DEMAND XXXII—CAPITAL ACCOUNTS OUTSIDE THE REVENUE ACCOUNTS.

The question that a sum of Rs. 14,000 be granted under Demand XXXII Capital Accounts outside the Revenue Accounts was put and carried.

The Demand was passed.

DEMAND XXXIII—CAPITAL ACCOUNTS OUTSIDE THE REVENUE ACCOUNTS.

The question that a sum of Rs. 30,000 be granted under Demand XXXIII Capital Accounts outside the Revenue Accounts was put and carried.

The Demand was passed.

DEMAND XXXIV—ANCHAL DEPARTMENT.

The question that a sum of Rs. 11,70,522 be granted under Demand XXXIV Anchal Department was put and carried.

The Demand was passed.

DEMAND XXXV—STATE TRANSPORT SCHEMES.

The question that a sum of Rs. 80,34,621 be granted under Demand XXXV State Transport Scheme was put and carried.

The Demand was passed.

DEMAND XXXVI—CLAY REFINING AND PORCELAIN FACTORY.

The question that a sum of Rs, 13,08,828 be granted under Demand XXXVI Clay Refining and Porcelain Factory was put and carried.

The Demand was passed.

DEMAND XXXVII—CONTRIBUTION TO DISTRESS RELIEF FUND.

The question that a sum of Rs. 1,00,000 be granted under Demand XXXVII contribution to Distress Relief Fund was put and carried.

The Demand was passed.

DEMAND XXXVIII—DEBT HEADS—ADVANCES.

The question that a sum of Rs. 31,40,500 be granted under Demand XXXVIII Debt Heads—Advances was put and carried.

The Demand was passed.

DEMAND XXXIX—DEBT HEADS—ADVANCES.

The question that a sum of Rs. 1,50,000 be granted under Demand XXXIX Debt Heads—Advances was put and carried.

The Demand was passed.

DEMAND XL—DEBT HEADS—LOANS.

The question that a sum of Rs. 1,00,000 be granted under Demand XL Debt Heads—Loans was put and carried.

The Demand was passed.

DEMAND XLI—DEBT HEADS—LOANS INDUSTRIAL LOANS.

The question that a sum of Rs. 50,00,000 be granted under Demand XLI Debt Heads—Loans—Industrial Loans was put and carried.

The Demand was passed.

DEMAND III—STAMPS.

The question that a sum of Rs. 1,80,976 be granted under Demand III Stamps was put and carried.

The Demand was passed.

DEMAND VI—REGISTRATION.

The question that a sum of Rs, 8,37,491 be granted under Demand VI Registration was put and carried.

The Demand was passed.

DEMAND XII—PORTS.

The question that a sum of Rs. 37,541 be granted under Demand XII Ports was put and carried.

The Demand was passed.

DEMAND XVII—GEOLOGICAL DEPARTMENT.

The question that a sum of Rs. 82,618 be granted under Demand XVII Geological Department was put and carried.

The Demand was passed.

DEMAND XXII—STATE CHARITIES.

The question that a sum of Rs. 9,050 be granted under Demand XXII State Charities was put and carried.

The Demand was passed.

DEMAND XXIII CURRENCY AND MINT.

The question that a sum of Rs. 13,644 be granted under Demand XXIII Currency and Mint was put and carried.

The Demand was passed.

DEMAND XXIV - STATIONERY AND PRINTING.

The question that a sum of Rs. 13,48,806 be granted under Demand XXIV Stationery and Printing was put and carried.

The Demand was passed.

DEMAND XXV—MISCELLANEOUS DEPARTMENT.

The question that a sum of Rs. 7,28,618 be granted under Demand XXV Miscellaneous Department was put and carried.

The Demand was passed.

MR. PRESIDENT: മി. പി. എം. വർഗ്ഗീസ് ഇന്നു കാലത്തു പ്രസ്താവിച്ച പത്രപ്രസിദ്ധീകരണത്തെപ്പററി എന്റെ റൂളിംഗ് അടുത്ത സഭ കൂടുന്ന ആഗസ്റ്റ് ൨൪-ാം തീയതി ഞാൻ നൽകുന്നതാണ്. അഫി

ഷ്യൽ ലെജിസ്ലേറ്റീവ് ബിസിനസ്സിന് വച്ചിരുന്ന ആഗസ്റ്റ് ൨൭-ം ൨൮-ം ഒഴിവുദിവസങ്ങളായിത്തീന്നുകൊണ്ടു ആ കാര്യപരിപാടി ആഗസ്റ്റ് ൨൯-ം ൩൦-ം തിയതികളിൽ നടത്തുന്നതായിരിക്കും. നാൺഅഫിഷ്യൽ ബിസിനസ്സ് ൩൧-ാം തിയതിതന്നെ നടത്തുന്നതാണ്.

ഈ സഭ ഇപ്പോൾ പിരിഞ്ഞ് ആഗസ്റ്റ് ൩൧-ാം തിയതി കാലത്ത് ൧൧ മണിക്ക് വീണ്ടും കൂടുന്നതാണ്.

The House ros ate 5-8 P. M.

R. KERALAVARMA THIRUMULPAD
Ag. Secretary to the Legislative Assembly.

PROCEEDINGS

OF

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY

Second Session 1948/1124.

Tuesday the 24th August 1948/8th Chingom 1124.

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Tuesday the 24th August 1948/8th Chingom 1124, the President (The Honourable Mr. A. J. John) in the Chair.

QUESTIONS AND ANSWERS

MR. PRESIDENT: ഇന്ന് ൧൦ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഏററവും അത്യാവശ്യമായ ഉപചോദ്യങ്ങൾ മാത്രം ചോദിക്കുകയും അങ്ങനെ ഉപചോദ്യങ്ങൾ ചോദിക്കുന്നതിനു ഒരു നിയന്ത്രണം ഉണ്ടായിരിക്കുകയും ചെയ്യുന്നതു് നന്നായിരിക്കും.

Land for Agricultural purposes.

419. MR. P. T. CHACKO (*Kottayam II—General*): Will the Honourable Minister for Land be pleased to state:

(*a*) the extent of the land given for agricultural purposes from the Reserve Forest in 11-3;

(*b*) the terms on which land was thus given;

(*c*) whether any help was given to the agriculturists in such land; and

(*d*) if so the nature of the help thus given?

HON'BLE MR. C. KESAVAN: (*a*) 16607 acres, up to the end of Chingom 1123, and 16642 acres up to the end of Mithunam 1123.

(*b*) The land was leased in accordance with the conditions specified in the Press Note dated 17-12-1947.

(*c*) Yes.

(*d*) The lessees were given small timber for building purposes at a nominal price and green manure free of charge.

Admission to the Women's College.

420. MR. P. S. MUHAMMED (*Moovattupuzha I—Muslim*): Will the Honourable Minister for Education be pleased to state the following:

(*a*) the No. of students admitted in the Women's College, Trivandrum in the 1st, 2nd and 3rd group separately;

(*b*) the No. of Muslim students in each group; and

(*c*) the No. of Muslim students who applied for admission in each of the above groups.

HON'BLE MR. T. M. VARGHESE: (*a*) 33 in Group I.
100 in Group II.
268 in Group III.

(*b*) 1 in Group II. None in other groups.

(*c*) 2 in Group II.

Noon interval on Friday.

421. MR. P. S. MUHAMMED: Will the Honourable Minister for Education be pleased to state:

(*a*) whether there was 2 hours' noon interval on Fridays in all Educational institutions before the morning teaching was experimented by Sir C. P Ramaswami Iyer;

(*b*) whether there is any special noon interval on Fridays at present;

(*c*) whether the Muslim students and the Muslim Associations have placed their grievances on account of the present arrangement on Friday noon interval in schools and colleges.

HON'BLE MR. T. M. VARGHESE: (*a*) Yes.

(*b*) Yes, but not in all schools.

(*c*) Yes.

MR. P. S. MUHAMMED: ഏയിൽ പറയുന്ന ഇന്റർവൽ എടുത്തുകളയാൻ കാരണംവല്ലതും ഉണ്ടോ?

HON'BLE MR. T. M. VARGHESE: ഇന്റർവൽ വയ്ക്കുന്നതുകൊണ്ട് പഠിത്തത്തിനുള്ള അസൗകര്യമല്ലാതെ മററ് കാരണങ്ങൾ ഒന്നും ഇല്ല.

Village Roads.

422. MR. P. S. MUHAMMED: Will the Honourable Minister for Communications be pleased to state:

(*a*) the total length of village roads in the Moovattupuzha taluk which were taken up by the Department for maintenance;

(*b*) the total mileage of village roads for which the villagers seek the help of Government for handing them over to the Department; and

(*c*) the names of such roads?

HON'BLE MR. A. ATCHUTHAN: (*a*) 14 3/8 miles.

(*b*) 18 7/8 miles.

(*c*) Two lists * are laid on the table *i. e.*, (1) Ryots roads already taken over and (2) Ryots roads not taken over.

* Vide Appendix I.

Report on Labour situation.

423. MR. P. S. MUHAMMED: Will the Honourable Minister for Labour be pleased to state:

(*a*) whether the Labour department has cared to study the labour situation and submitted any report on it; and

(*b*) if so, will he be pleased to place a copy of the report on the table of the members of this House?

HON'BLE MR. C. KESAVAN: (*a*) The Labour Department deals with labour situations as and when they crop up from day to day and submits reports to Government from time to time.

(*b*) Departmental reports of the kind are of a strictly confidential nature.

MR. P. S MUHAMMED: ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്നും ഇപ്പോൾ ആലപ്പുഴയിൽ തൊഴിലാളികളുടെ ഇടയിൽ നടക്കുന്ന ബഹളങ്ങളെപ്പററി വല്ല റിപ്പോർട്ടും ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN: ബഹളങ്ങളെപ്പററി റിപ്പോർട്ടുകൾ ഒന്നും കിട്ടിയിട്ടില്ല. അവിടെ ഒരാൾ നിരാഹാരസത്യാഗ്രഹം ചെയ്യുന്നതായി റിപ്പോർട്ടു കിട്ടിയിട്ടുണ്ടു.

MR. K. RAMAKRISHNA PILLAI: ഫാക്ടറികളുടെ മുമ്പിൽ തൊഴിലാളികൾ സത്യഗ്രഹം നടത്തുന്നതിനെപ്പററി ഗവണ്മെൻറിനു റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN: ഉണ്ടു്.

MR. P. S. MUHAMMED: സ്വതന്ത്രതൊഴിലാളി യൂണിയനിൽപ്പെട്ടവരും പിക്കററിംഗ് നടത്തുന്നുണ്ടെന്നറിയാമോ?

HON'BLE MR. C. KESAVAN: അറിയാം.

MR. ABDUL AZIZ: ആലപ്പുഴ ലാക്കപ്പിൽ ഇട്ടിരിക്കുന്ന തൊഴിലാളി തടവുകാര ഇപ്പോൾ നിരാഹാരവ്രതം അനുഷ്ഠിച്ചുവരുന്നതായറിയാമോ?

HON'BLE MR. C. KESAVAN: കുറെപ്പേർ നിരാഹാരവ്രതം അനുഷ്ഠിക്കുന്നതായി അറിയാം.

MR. ABDUL AZIZ: എത്രപേർ ആണ് നിരാഹാരവ്രതം അനുഷ്ഠിക്കുന്നതു്?

HON'BLE MR. C. KESAVAN: അതേപ്പററി സൂക്ഷ്മവിവരം എനിക്ക് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

MR. P. S. MUHAMMED: നിരാഹാരവ്രതംനിമിത്തം ആശുപത്രിയിലേക്ക് എത്രപേരെ മാറേറണ്ടതായിട്ടു വന്നിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. A. THANU PILLAI : I will give more comprehensive answer,

ആദ്യം ഒരാൾ നിരാഹാരവ്രതം തുടങ്ങി. തുടർന്നു പിന്നെ ൫ പേർ കൂടി തുടങ്ങി. ഇവർ ൬ പേരേയും ആശുപത്രിയിലേക്കയച്ചു.

MR. ABDUL AZIZ : അവരുടെ ജീവൻ ഇപ്പോൾ അപകടത്തിലാണെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഗവണ്മെൻറു അങ്ങിനെ മനസ്സിലാക്കിയിട്ടില്ല.

MR. ABDUL AZIZ : അവർ നിരാഹാരവ്രതം തുടങ്ങിയിട്ട് എത്ര ദിവസമായെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഒരാൾ ൧൨-ാനു മുതലും രണ്ടു പേർ ൧൯-ാനു മുതലും പിന്നൊരാൾ ൨൧-ാനു മുതലും പിന്നെ രണ്ടു പേർ ൨൨-ാനു മുതലും നിരാഹാരവ്രതം തുടങ്ങി.

MR. ABDUL AZIZ : അവരുടെ ജീവനെ രക്ഷിക്കുന്നതിനു ഗവണ്മെൻറു എന്തെങ്കിലും നടപടികൾ നടത്തുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : ആഹാരം കഴിക്കാതിരിക്കുന്നതുകൊണ്ടു അവരെ ആശുപത്രിയിൽ അയച്ചിരിക്കുകയാണു്.

MR. ABDUL RASAK (*Nedumangad I—Muslim*) : Why were they sent to the Hospital? Are they in any precarious position? Do they need any medical help?

HON'BLE MR. A. THANU PILLAI : അവർ പ്രിക്കേറിയസ് പൊസിഷനിൽ ഇരിക്കുകയാണെന്നറിഞ്ഞുകൂടാ.

MR. ABDUL AZIZ: ലാക്കപ്പിൽവച്ചു തൊഴിലാളികളെ മർദ്ദിച്ചതായി അറിയാമോ?

HON'BLE MR. A. THANU PILLAI : അറിവില്ല.

MR. P. S. MUHAMMED: ലാക്കപ്പിൽ വച്ചു തൊഴിലാളികളെ മർദ്ദിച്ചുവെന്നു കാണിച്ചു ആലപ്പുഴ ലേബർ യൂണിയനിൽനിന്നും ഗവണ്മെൻറിനു് വല്ല കമ്പികളും കിട്ടിയിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഇപ്പോൾ എനിക്കൊരു കമ്പികിട്ടിയിട്ടുണ്ടു്.

MR. A. P. UDAYABHANU (*Karunagappally II—General*): നിരാഹാരവ്രതം തുടങ്ങിയതായി ഇപ്പോൾ ഇവിടെ പറഞ്ഞതീയതി ഇംഗ്ലീഷ് തീയതിയല്ലേ?

Edapally-Arakadavu road.

424. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Honourable Minister for Public Works be pleased to state:

(*a*) when was the construction of the Edapally-Arakkadavu road in Parur taluk sanctioned;

(*b*) what amount has been budgetted for the same and in which year; and

(*c*) how far has the work progressed?

HON'BLE MR. A. ATCHUTHAN: (*a*) It has not been sanctioned.

(*b*) Rs. 1,000 was provided in the Budget for 1123 as recommended by the P. W. D. Advisory Committee.

(*c*) The work has not been started.

Text Book Committee.

425. MR. ALEXANDER VAKAYIL: Will the Honourable Minister for Education be pleased to state:

(*a*) when was the existing Text Book Committee formed;

(*b*) what is the strength of this committee; and

(*c*) is representation given to the members of the Legislature in this committee?

HON'BLE MR. T. M. VARGHESE: (*a*) In 1945.

(*b*) 32.

(*c*) Yes.

MR. ALEXANDER VAKAYIL: പഴയ കമ്മിററിയെ പിരിച്ചുവിട്ടു പുതിയ കമ്മിററി രൂപീകരിക്കുവാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: വളരെ വേഗത്തിൽ പുതിയ കമ്മിററി രൂപീകരിക്കുന്നതായിരിക്കും.

Supply of Text books.

426 MR. ALEXANDER VAKAYIL: Will the Honourable Minister for Education be pleased to state:

(a) whether the Government are aware that regular work in several schools in certain subjects has not yet begun due to the delay in the supply of text books, and

(b) have the Government any idea of taking up for themselves the printing and publishing of the text books?

HON'BLE MR. T. M VARGHESE: (എ) ഈ സംഗതിയിൽ താമസം ഉണ്ടായിട്ടുണ്ടെന്നും തന്നിമിത്തം അസൗകര്യം നേരിട്ടിട്ടുണ്ടെന്നും ഗവണ്മെൻറിന് ബോദ്ധ്യം ഉണ്ട്.

(ബി) ടെക്സ്റ്റ്ബുക്കുകൾ നിശ്ചയിക്കുന്ന രീതിയിലും അതു് പ്രസിദ്ധപ്പെടുത്തുന്ന രീതിയിലും ഭേദഗതിചെയ്യുന്ന കാര്യവും അതിനുവേണ്ട നിയമങ്ങളും വ്യവസ്ഥകളും ഉണ്ടാക്കുന്ന കാര്യവും ഗവണ്മെൻറ് വളരെ ഗൗരവമായി ആലോചിച്ചു വരികയാണ്.

Parur Hospital.

427. MR. E. K. MADHAVAN (*Parur I—General*): Will the Honourable Minister for Medical Department be pleased to state whether the Government have enquired into the necessity of raising the minor hospital in Parur into a District hospital?

HON'BLE MR. G. RAMACHANDRAN: Government, after enquiring into the matter are of the view that there is no need to raise the Government Hospital, Parur into a District Hospital at present.

MR. E. K. MADHAVAN: ചില ഡിസ്ട്രിക്ററു ആശുപത്രികളെക്കാറം കൂടുതൽ ഔട്ട് പേഷ്യൻസ് ഉള്ള ഒരു ആശുപത്രി ആണു് ഇതു്. ആ നിലക്കു് എന്തുകൊണ്ടാണു് ഇതു് ഒരു മേജർ ആശുപത്രി ആക്കേണ്ട എന്നു ഗവണ്മെൻറു തീരുമാനിച്ചതു്.

HON'BLE MR. G. RAMACHANDRAN: Government enquired into the matter and as there is the hospital at Alwaye, which has been raised into a major Hospital, and taking all the other relevant matters into consideration, Government came to the view that at present there is no need of a major hospital in Parur.

Roads in Parur taluk.

428. MR. E. K. MADHAVAN: Will the Honourable Minister for Public Works be pleased to state whether the P. W. Department has decided to gravel the surface of the Vadakkekara-Muthakunnam road and Vadakkekara-Munambam road in Parur taluk?

HON'BLE MR. A. ATCHUTHAN: It is decided to gravel the Vadakkekara-Muthakunnam road; but no decision has been made to gravel the Vadakkekara-Munambam road.

Opening of new road in Parur.

429. MR. E. K. MADHAVAN: Will the Honourable Minister for Public Works be pleased to state:

(*a*) whether the Government have enquired into the necessity of opening a road from Chittattukara to Pattanam and from there to Puthiyakavu in Parur taluk;

(*b*) if so what action have they taken in the matter; and

(*c*) if not, will they be pleased to enquire into the matter at the earliest opportunity?

HON'BLE. MR. A. ATCHUTHAN: (*a*) Yes.

(*b*) No action is due from Government unless the interested people take up the roads under the Ryots Road Rules and complete their share of work.

(*c*) Does not arise.

Thaivaippu bridge, Parur.

430. MR. E. K. MADHAVAN: Will the Honourable Minister for Public Works be pleased to state:

(*a*) the present condition of the bridge at Thaivaippu in Kotamangalam in the Parur-Chathanad road; and

(*b*) if the condition is unsafe will the Government be pleased to give the necessary instructions for its immediate repair?

HON'BLE. MR. A. ATCHUTHAN: (*a*) The bridge is now fit for use.

(*b*) Does not arise.

MR. E. K. MADHAVAN: അതു് നടക്കുന്നതിന് ഉപയോഗയോഗ്യമല്ലെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

HON'BLE MR. A. ATCHUTHAN: ആ റോഡിന്റെ തെക്കുവശം സ്വല്പം കേടുപററി ഗതാഗതസൗകര്യം ഇല്ലാതായി തീൎന്നു. അതു് ഇപ്പോൾ ശരിപ്പെടുത്തി ഗതാഗതയോഗ്യമാക്കി തീൎത്തിട്ടുണ്ടു്.

MR. E. K. MADHAVAN: ഞാൻ മിനിഞ്ഞാന്നു് അതിലേകൂടി പോയതാണു്. അപ്പോൾ അതു് ഗതാഗതയോഗ്യം അല്ലാതെ കിടക്കുന്നതു കണ്ടു.

HON'BLE MR. A. ATCHUTHAN: അതേപ്പററി അന്വേഷിക്കാം.

Lands converted into paddy fields.

431. MR. E. K. MADHAVAN: Will the Honourable Minister for Food be pleased to state:

(*a*) whether there are lands in the Parur taluk converted into paddy fields after the resettlement;

(*b*) if so the location and extent of such land; and

(*c*) whether paddy is being procured from these fields and if procured at what rate?

HON'BLE. MR. K. M. KORAH: (*a*) Yes.

(*b*) 101·98 acres—In the Varapuzha, Parur and Chengamanad pakuthies.

(*c*) Yes, at 80 paras per acre.

Primary Schools in Vilavancode.

432. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*): Will the Honourable Minister for Education be pleased to state:

(*a*) the number of primary schools in Vilavancode taluk;

(*b*) whether there is provision made in these schools for Tamil pupils in this school year; and

(*c*) if so, in how many schools?

HON'BLE. MR. T. M. VARGHESE: (*a*) 124 Primary Schools (Departmental).

(*b*) Yes, in such of the schools where provision for Tamil pupils is found necessary.

(*c*) In 43 schools.

Coir industry.

433. MR. P. GOPALAN (*Vaikom III—General*) : Will the Honourable Minister for Industries be pleased to state :

(*a*) whether the Government are aware that the most important coir industry in the State has considerably fallen down ; and

(*b*) if the answer is in the affirmative what steps have been taken by the Government to solve the situation ?

HON'BLE MR. T. M. VARGHESE : (എ) കയർ വ്യവസായത്തിന് മുഴുവൻ അധഃപതനം ഇല്ലെങ്കിലും അതിന് വളരെ ക്ഷീണം തട്ടിയിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന് അറിയാം.

(ബി) ഈ വ്യവസായത്തെ വർദ്ധിപ്പിക്കുന്നതിനും വ്യവസായ സംബന്ധമായ ഉൽപ്പന്നങ്ങളെ അന്യരാജ്യങ്ങളിൽ വിററഴിക്കുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കുന്നതിനും ഗവണ്മെൻറു എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയാണ്.

MR. P. GOPALAN : ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കയർ സർവേ കൊണ്ട് ഈ വ്യവസായത്തെ ഉദ്ധരിക്കാമെന്ന് ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : അതു് സർവേയുടെ ഫലം കണ്ടതിനു ശേഷമേ നിശ്ചയിക്കാൻ നിവൃത്തിയുള്ളു. അതു് സംബന്ധിച്ചുള്ള റിപ്പോർട്ട് കണ്ടതിനു ശേഷം പറയാനേ ഒക്കുകയുള്ളു.

MR. P. GOPALAN : ഇപ്പോൾ സർവേ നടത്തിക്കൊണ്ടിരിക്കുന്നവർക്കു വളരെ തെററായ വിവരങ്ങളും ആണ് കിട്ടിക്കൊണ്ടിരിക്കുന്നതെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. M. VARGHESE : ഗവണ്മെൻറിന് അതു് അറിവിൽ പെട്ടിട്ടില്ല.

MR. P. GOPALAN : അതു് തെററാണെന്നു പറഞ്ഞാൽ ഗവണ്മെൻറു അതേപ്പററി അന്വേഷിക്കുമോ ?

HON'BLE MR. T. M. VARGHESE : തെററാണെന്ന് ആരെങ്കിലും പറയുമ്പോൾ അതേപ്പററി അന്വേഷിക്കാം. എന്നാൽ ആരും തെററാണെന്ന് പറഞ്ഞില്ല.

Punja Cultivators.

434. MR. P. GOPALAN : Will the Honourable Minister for Agriculture be pleased to state.

(*a*) Whether any representations have been received from the Punja cultivators praying for the punja concessions allowed to the kuttanad punja cultivators; and

(*b*) If the answer to the above questiou is in the affirmative, what steps have been taken by the Government ?

HON'BLE MR. K. M. KORAH : (*a*) Yes.

(*b*) The matter is engaging the attention of Government.

MR. P. GOPALAN : മററു സ്ഥലങ്ങളെക്കാറം കട്ടനാട്ടിൽ പുഞ്ചകൃഷി ചെയ്യുന്നതിന് കൂടുതൽ ബുദ്ധിമുട്ടുണ്ടെന്നറിയാമോ ?

HON'BLE MR. K. M. KORAH : അറിയാം.

MR. P. GOPALAN : അതുകൊണ്ടു് അവക്കു് എന്തെങ്കിലും സഹായം ചെയ്തുകൊടുക്കണമെന്നു ഗവണ്മെൻറിന് അഭിപ്രായമുണ്ടോ ?

HON'BLE MR. K. M. KORAH : അവക്കും സഹായം ചെയ്തുകൊടുക്കാവുന്നതാണ്.

Mulakulam Bridge.

435. MR. P. GOPALAN : Will the Hon: Minister for Public Works be pleased to state:

(*a*) Whether the Government are aware that since the approach roads to the Mulakulam bridge are not completed the public are put to very great difficulties for using the bridge which was ccmpleted long before; and

(*b*) If tne answer to the above is in the affirmative what steps have been taken by the department ?

HON'BLE MR. A. ATCHUTHAN : (*a*) Yes.

(*b*) Necessary works are being arranged for.

MR. P. GOPALAN ; ഈ പാലം പണി തുടങ്ങിയിട്ടു് എത്ര നാളായി ?

HON'BLE MR. A. ATCHUTHAN : അതു് അപ്രോച്ചു് റോഡുകൂടി തീന്നതിനു ശേഷമെ പാലത്തിൻെറ പണി പൂത്തിയാക്കാൻ ഒക്കുകയുള്ളു. ഇതിൽ ഏർപ്പെട്ടിരുന്ന കൺട്രാക്ടറുടെ കുഴപ്പം കൊണ്ടു് അപ്രോച്ചു റോഡു സംബന്ധിച്ചുള്ള പണി ഇതുവരെ നടത്താൻ സാധിക്കാതെ വന്നു.

MR. P. GOPALAN : അര ഫർലാംഗ് നീളം ഉള്ള അപ്രോച്ചു റോഡിൻെറ പണി തീക്കാൻ രണ്ടുകൊല്ലത്തെ കാലതാമസം ഉണ്ടായിട്ടും ഗവണ്മെൻറിന് കഴിഞ്ഞില്ല എന്നാണോ പറയുന്നതു്?

HON'BLE MR. A. ATCHUTHAN : അതിന്റെ കാരണം ഞാൻ പറഞ്ഞു കഴിഞ്ഞു. ആ ജോലിക്ക കണ്ട്രാക്ററ കൊടുത്തയാറം കുറച്ചു കഴിഞ്ഞപ്പോഠം ആ പണി ഇട്ടേച്ചുപോയി. അതുകൊണ്ടു് വേറെ അറേൻജ്മെൻറു് ഉണ്ടാക്കേണ്ടതായി വന്നു. അതാണു കാലതാമസത്തിനു കാരണം.

Renovation of tanks.

436. MR. A. NESAMONY: Will the Honourable Minister for Public Works be pleased to state:

(*a*) how many tanks have been deepened in the Vilavancode, Kalkulam and Neyyattinkara taluks;

(*b*) what amount has been spent on such works;

(*o*) have the contractors been paid in full for such work; and

(*d*) how many of such tanks have no (1) proper bunds, (2) outlet and (3) inlet?

HON'BLE. MR. A. ATCHUTHAN: (*a*) Neyyattinkara 250.
Vilavancode 222.
Kalkulam 145.

(*b*) Neyyattinkara Rs. 3,20,000.
Vilavancode Rs. 1,74,006.
Kalkulam Rs. 24,640.

(*c*) The contractor's accounts for completed works are being settled.

(*d*) All the improved tanks have proper bunds, outlets and inlets wherever necessary.

Electric Trains.

437. MR. M. O. CHERIYAN (*Devicolam—General*): Will the Honourable Minister for Transport be pleased to state:

(*a*) whether in view of the fact that the petrol position is getting worse and as it is said that the world petrol position is not likely to improve until new oil fields are discovered, the Government be pleased to take necessary steps to obtain expert opinion as to the feasibility of running electric trains from Cape Comorin to Alwaye; and

(*b*) to obtain a comprehensive idea of the possibility of developing the Idikki Hydro Electric Scheme which it is said if developed will not only be capable of supplying the necessary electric power for an electric train system throughout the length of the State, but also will be capable of supplying power for extensive schemes of industries, irrigation etc?

HON'BLE. MR. A. ATCHUTHAN: (*a*) The matter is under the consideration of Government.

(*b*) The Electrical Engineer to Government has made a preliminary investigation of the Idikki Project. He estimates that it will be possible to generate power to the extent of 180,000 K. W. continuous.

Sea erosion at Sakthikulangara.

438. MR. K. A. MOHAMMED (*Quilon IV—Muslim*): Will the Honourable Minister for Public Works be pleased to state:

(*a*) whether he is aware that there is terrific sea erosion at Sakthikulangara, Quilon pakuthi;

(*b*) is he aware that this matter was brought to the notice of Government two years ago; and

(*c*) why nothing has been done till the last moment?

HON'BLE. MR. A. ATCHUTHAN: (*a*) Yes.

(*b*) Yes.

(*c*) Necessary measures had been taken for preventing the sea erosion by constructing suitable groynes, A third groyne at the estimated cost of Rs. 7,0°0 is being put up and it is hoped that this work when completed will prevent further erosions.

MR. K. A. MUHAMMED: ഈ ഗ്രായിൻസ് ഇടാൻ തുടങ്ങിയത് എന്നാണ്?

HON'BLE MR. A. ATCHUTHAN: സമീപകാലത്താണ്.

MR. K. A. MUHAMMED: വടക്കേക്കരയിലുള്ള ഗ്രായിൻസ് എടുത്താണ് തെക്കേക്കരയിൽ ഇട്ടിരിക്കുന്നതെന്നറിയാമോ?

HON'BLE MR. A. ATCHUTHAN: വടക്കേ കരയിൽ ഇറോഷൻ ഇല്ലാത്തതുകൊണ്ട് തൽക്കാലം അങ്ങിനെ ചെയ്യുന്നതാണ്.

Cultivation.

439. DR. M. O. CHERIYAN: Will the Honourable Minister for Land be pleased to state:

(a) The total new area given out for food production during the current year in Devicolam taluk;

(*b*) The total area actually cultivated out of the above;

(c) If the whole area given out is not cultivated, whether the Government has enquired into the reasons for non-cultivaton;

(*d*) Are the Government aware that the areas given out in auction in Pallivasal Pakuthy for food production are marked out only on paper and not surveyed out, and as such, for want of demarcation of the plots, cultivation could not be undertaken by the bidders; and

(*e*) Will the Government kindly make the necessary arrangements to survey out the auctioned areas without delay to enable the bidders to cultivate the lands?

HON'BLE MR. C. KESAVAN: (*a*) 119 acres 55.8 cents.

(*b*) 56 acres 77·3 cents.

(*c*) Yes.

(*d*) & (*e*) The lands will be surveyed and re-auctioned without delay.

ഏലത്തോട്ടങ്ങൾ ലേലംകൂടാതെ കൊടുത്തതിനെപ്പററി.

440. DR. M. O. CHERIYAN : താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ ?

(എ) പച്ചിവാസൽ പകുതിയിൽ ഏതെങ്കിലും ഏലത്തോട്ടങ്ങൾ ദേഹണ്ഡക്കാർക്ക യാതൊരു പ്രതിഫലവും കൊടുക്കാതെ ഒഴിപ്പിച്ചശേഷം, ആയവയെ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്മാർക്കോ അവരുടെ സ്വന്തക്കാർക്കോ, മററാർക്കെങ്കിലുമോ, ലേലം കൂടാതെയും, പ്രീമിയം ചുമത്താതെയും, കൊടുത്തിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ, എത്ര ഏക്കർ വീതം, ആർക്കെല്ലാം എന്നുള്ള വിവരം ദയവായി പ്രസ്താവിക്കാമോ ?

(സി) ലേലം കൂടാതെയും, പ്രീമിയം ചുമത്താതെയും പ്രസ്തുത സ്ഥലങ്ങളെ ദേഹണ്ഡക്കാർക്കുതന്നെ കൊടുക്കുന്നതിന് അവരുടെ അപേക്ഷകൾ ഉണ്ടായിരുന്നോ ?

MR. P. T. CHACKO: ഒരു തൊഴിലാളിക്കു് ഒരു ഫാക്ടറിയിലോ മറ്റെവിടെയെങ്കിലുമോ ജോലി ചെയ്യുവാനുള്ള അവകാശം ഉണ്ടോ, ആ ജോലിയെ തടസ്സപ്പെടുത്തുവാൻ കുറച്ചാളുകൾ ഒച്ചപ്പാടുണ്ടാക്കിയാൽ സാധിക്കുമോ എന്നുള്ളതാണു് ഇവിടത്തെ പ്രധാന പ്രശ്നം. ഈ സംഭവത്തെ സംബന്ധിച്ചിടത്തോളം മുതലാളിക്കു യാതൊരു ആക്ഷേപവുമില്ല. മുതലാളി ജോലി കൊടുക്കാമെന്നും തൊഴിലാളി ജോലി ചെയ്യാമെന്നും സമ്മതിക്കുന്നുണ്ടു്. അങ്ങിനെയിരിക്കെ ആ തൊഴിലാളിയെ ജോലിചെയ്യാൻ അനുവദിച്ചാൽ സമാധാനലംഘനം ഉണ്ടാകുമെന്നു പറയുന്നതു് വളരെ തെററാണു്. അങ്ങിനെ ഒരു സമാധാനലംഘനം ഉണ്ടാകാതെ സൂക്ഷിക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയാണു്. അതിനുവേണ്ട നടപടികളെല്ലാം സ്വീകരിക്കാമെന്നു ബഹു: പ്രധാനമന്ത്രി ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ADJOURNMENT MOTION RE: HUNGER STRIKE IN ALLEPPEY LOCK-UP.

MR. PRESIDENT: അടുത്ത അടിയന്തിരപ്രമേയം മി. പി. എസ്സ്. മുഹമ്മദിന്റേതാണു്. It reads as follows:

"I move that the business of the House be adjourned to discuss a matter of urgent public importance, namely, the grave and serious situation arising out of the hunger strike started by the labourers in the Alleppey lock-up and the dangerous condition in which the hunger strikers have been placed at present.":

HON'BLE MR. A. THANU PILLAI: സർ, മിസ്റ്റർ പി. എസ്. മുഹമ്മദു പറയുംപോലെ ഇവിടെ ഒരു അഡ്ജേർണ്മെൻറുമോഷൻ അവതരിപ്പിക്കത്തക്കവണ്ണം അത്രയ്ക്കു ഒരു ഗ്രേവ് ആൻഡ് സീരിയസ് സിറ്റുവേഷൻ ഒന്നും അവിടെ ഉണ്ടായിട്ടില്ല. ഏതാനും ആളുകൾ പ്രതികളായി

[Hon'ble Mr. A. Thanu Pillai.]

ശിക്ഷിക്കപ്പെട്ടു ലാക്കപ്പിൽ കിടപ്പുണ്ടു്. കൂടാതെ കുറേപ്പേർ ഇപ്പോഴും വിസ്താരത്തിലിരിക്കുന്ന കേസുകളിലെ പ്രതികളാണു്. അവരും ലാക്കപ്പിൽ കിടപ്പുണ്ടു്. ഇവരുടെ ചില നിർബന്ധങ്ങൾ സാധിക്കുന്നതിനു വേണ്ടി ഗവണ്മെൻറിനെ പ്രേരിപ്പിക്കുവാൻ ഇപ്പോഴും ആഹാരം കഴിക്കാതിരിക്കുന്നു. ഇതു് ഒരു വലിയ അടിയന്തിരമായ അവസ്ഥയെ ഉണ്ടാക്കി എന്നു പറയാവുന്നതല്ല. അതിലേക്കു് ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കേണ്ട ആവശ്യം ഉണ്ടെന്നും തോന്നുന്നില്ല. ഇങ്ങനെ അപ്പഴപ്പോഴും കൊണ്ടുവരുന്ന നിർബന്ധങ്ങൾ സാധിപ്പിച്ചുകൊടുക്കുവാൻ നിരാഹാരവ്രതം ഒരു ഉപകരണമായിത്തീർന്നാൽ നാട്ടിൽ പിന്നെ സമാധാനപരിപാലനം നിർവഹിക്കുക എന്നുള്ളതു് സാധ്യമല്ലാതെ വരും. അവരുടെ മേലുള്ള കേസുകൾ വേഗം തീർച്ചചെയ്യുക, ശിക്ഷിക്കപ്പെട്ട പ്രതികളെ ഉടൻതന്നെ സെൻട്രൽ ജയിലിലേക്കു കൊണ്ടുപോകുക, മെച്ചമായ ആഹാരസാധനങ്ങൾ കൊടുക്കുക ഇതൊക്കെയാണു് അവരുടെ അവകാശവാദങ്ങൾ. കേസുകൾ കഴിയുന്നതും വേഗം തീർച്ചചെയ്യാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ദിവസവും തുടർച്ചയായി വിചാരണവച്ചു് കേസുകൾ തീർക്കുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതിൽ കവിഞ്ഞൊന്നും അക്കാര്യത്തിൽ ഗവണ്മെൻറിനു ചെയ്യാൻ സാധ്യമല്ല. സെൻട്രൽ ജയിലിൽ ശിക്ഷിക്കപ്പെട്ടവരെ കൊണ്ടുപോകുന്നതിനെ സംബന്ധിച്ചാണെങ്കിൽ ഒരു മാസക്കാലത്തോളം അതായതു അപ്പീൽ അവധി കഴിയുന്നതുവരെ ലാക്കപ്പിൽതന്നെ സൂക്ഷിക്കണമെന്നാണു ഹൈക്കോർട്ടു സർക്കുലറിൽ പറഞ്ഞിരിക്കുന്നതു്. അതനുസരിച്ചാണു് അവരെ ലാക്കപ്പിൽതന്നെ ഇട്ടിരിക്കുന്നതു്. ആ നിയമത്തെ മാററണമെന്നു് ഗവണ്മെൻറു് ഇപ്പോഴും ഉദ്ദേശിക്കുന്നില്ല. പിന്നെ ആഹാരത്തെ സംബന്ധിച്ചുള്ള പരാതിയാണു്. നാട്ടിൽ പൊതുവേ ആഹാരകാര്യത്തിൽ ചില വൈഷമ്യങ്ങൾ ഉണ്ടെന്നു എൻെറ സ്നേഹിതൻ മി. പി. എസ്. മുഹമ്മദിനുതന്നെ അറിയാവുന്നതാണല്ലോ. നിരാഹാരവ്രതം അനുഷ്ഠിച്ച ഏതാനും പേരെ ആശുപത്രിയിലേക്കു മാററിയിട്ടുണ്ടു. അവരുടെ ആരോഗ്യത്തെ സംബന്ധിച്ചു് ആശങ്കക്കൊന്നും വകയില്ലെന്നാണു് അറിവു്. ആ സ്ഥിതിക്കു് ഇവിടെ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുവാനുള്ള സന്ദർഭം ഉണ്ടായിട്ടില്ലെന്നാണു് എൻെറ അഭിപ്രായം.

MR. P. S. MUHAMMED: സർ, തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനിൽനിന്നും കിട്ടിയിട്ടുള്ള ഒരു കമ്പികൊണ്ടു് അവി

ടത്തെ സിററിവേഷൻ വളരെ സീറിയസ് ആണെന്നും വിചാൽക്കരമ° ണെന്നും കാണുവാൻ കഴിയും. പോലീസുകാർ ലാക്കപ്പിൽ കിടക്കുന്ന വരെ മർദ്ദിക്കുന്നതായും അതിൽ പറഞ്ഞിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് എനിക്കും നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രലക്ഷ്യത്തിനായി സ്ട്രൈക്ക് നടത്തുന്ന തൊഴിലാളികഠം കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്ക് വിധേയരല്ലെന്നോ അവർ തെററുകളൊന്നും ചെയ്തിട്ടില്ലെന്നോ അവർ ചെയ്യുന്നതെല്ലാം ശരിയാണെന്നോ ഞാൻ പറയുന്നില്ല. അവരുടെ പേരിലും കുററങ്ങളുണ്ട്. ചിലപ്പോഠം അതിരുകവിഞ്ഞ കുററങ്ങളും കണ്ടേക്കാം. എന്നാൽ സമാധാനം പരിപാലിക്കുന്നതിനു ഉത്തരവാദപ്പെട്ട ഗവണ്മെൻറ് അവരെ ലാക്കപ്പിൽ കയററിയിട്ടാൽ അവർ മനുഷ്യരാണെന്നുള്ള വിചാരത്തോടുകൂടി പെരുമാറണം എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അവിടത്തെ പോലീസ്സ്റ്റേഷനിലുള്ള ഒരു മുറിയിലാണു പ്രതികളെയെല്ലാം ഇട്ടിരിക്കുന്നത്. ഞാൻ അന്വേഷിച്ചറിഞ്ഞതിൽ ഛ ഒ പേർക്കുതന്നെ ഇരിക്കാൻ സൗകര്യമില്ലാത്ത ആ മുറിയിൽ ൨൦ പേരെ അടച്ചിട്ടുണ്ടെന്നു കാണുന്നു. അതിനു സൗകര്യമുള്ള ഒരു സ്ഥലം ഉണ്ടാക്കി അവരെ മാററിയിടണമെന്നുള്ളതാണ് ഒന്നാമത്തെ പരാതി.

MR. P. BALAKRISHNAN THAMPI: On a point of order; May I ask whether a speech at this stage is in order?

MR. PRESIDENT: I allowed the Hon'ble Member to explain his point.

MR. P. S. MUHAMMED: രണ്ടാമത്തെ കാര്യം അവരുടെ പേരിൽ എടുത്തിട്ടുള്ള കേസുകളെ കഴിയുന്നതും വേഗം വിസ്തരിച്ച് ശിക്ഷിക്കുകയാണെങ്കിൽ ഇങ്ങനെ ൨൦ പേർ ഒരുമിച്ചുകിടന്നു വിഷമിക്കേണ്ടി വരികയില്ല എന്നുള്ളതാണ്. ശിക്ഷ അനുഭവിക്കാൻ അവർ തയ്യാറാണ്. അതുകൊണ്ട് വളരെവേഗം ആ കേസുകഠം വിസ്തരിച്ച് അവരെ ശിക്ഷിച്ച് ആലപ്പുഴനിന്നും മാററി അവരുടെ വിഷമങ്ങളെ പരിഹരിക്കേണ്ടതാണ്. അവർ നിരാഹാരവ്രതം അനുഷ്ഠിക്കുവാൻ തുടങ്ങിയിട്ട് ഇപ്പോഠം ഏതാണ്ട് ഏഴു ദിവസങ്ങളായി. ആശുപത്രിയിലേക്ക് അവരെ മാററിയിട്ടുണ്ടെന്നു ഇവിടെ പറഞ്ഞു. എന്നാൽ ഇതിനൊരു പ്രതിവിധി ചെയ്യുവാൻ ഗവണ്മെൻറു വിചാരിച്ചാൽ കഴിയുന്നതാണ്. അതിനുവേണ്ടി ആരെങ്കിലും ശ്രമിക്കുകയോ നിരാഹാരവ്രതത്തിൽനിന്നും അവരെ പിൻതിരിപ്പിക്കുവാൻ ഉത്സാഹിക്കുകയോ ചെയ്തിട്ടില്ല. അതും ശരിയാണെന്ന് എനിക്കു തോന്നുന്നില്ല. ലാക്കപ്പിൽ ഇട്ടിരിക്കുന്നതായ

[Mr. P. S. Muhammed.]

ആളുകളെ സൗകര്യമായ നിലയിൽ അതായതു് ൧൨ പേരെ ഇടാവുന്ന മുറിയിൽ ഒരു ൧൭-ം ൧൯-ം, ആയിപ്പോയാലും തരക്കേടില്ല ... ...

MR PONNARA G. SREEDHAR: ൧൧൧൪-ൽ ആ മുറിയിൽ ൪൭ പേരെ ഇട്ടിരുന്നിട്ടു് ബഹു: മെമ്പർ അന്നത്തെ നിയമസഭയിൽ എത്ര അടിയന്തിരപ്രമേയം കൊണ്ടുവന്നിട്ടുണ്ടു്?

MR. P. S. MUHAMMED : ൧൧൧൪-ൽ എന്റെ സ്നേഹിതൻ മുതൽ പേർ ആ മുറിയിൽ കിടന്നു കഷ്ടപ്പെട്ടതിനു പകരം ഇന്നു ഈ ൧൧൨൪-ൽ, സ്റ്റേറ്റുകാൺഗ്രസ് ഭരണം നടത്തുന്ന ഇക്കാലത്തു പാവപ്പെട്ട തൊഴിലാളികളെ ലാക്കപ്പിലടച്ചു അവരോടു അതേ രീതിയിൽ പെരുമാറണമെന്നാണോ പറയുന്നതെന്നു ഞാൻ ചോദിക്കുന്നു. (ഹിയർ) ഇത്രയും അപമാനകരമായ ഒരു പ്രസ്താവന ഈ സ്റ്റേറ്റുകാൺഗ്രസ് ഭരണകാലത്തു് ഉണ്ടാകാൻ പാടില്ലാ എന്നാണു് ഞാൻ പറയുന്നതു്. ഇതിനുമുമ്പു് പലരും പല അക്രമങ്ങളും പ്രവർത്തിച്ചിട്ടുണ്ടു്. പലരും അക്രമങ്ങൾക്കു കൂട്ടുനിന്നിട്ടുണ്ടു്. അപ്രകാരമുള്ള അക്രമം തുടരാനാണു് പോകുന്നതെങ്കിൽ നമുക്കു് സ്വാതന്ത്ര്യം കിട്ടിയതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. അതുകൊണ്ടു എനിക്കു പറയാനുള്ളതു് ലാക്കപ്പിൽ കിടക്കുന്ന ആളുകൾക്കു് താമസിക്കുന്നതിനു കുറച്ചു സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും കഴിയും വേഗത്തിൽ ആശുപത്രികളിൽ കിടക്കുന്നവരെ നിരാഹാരവ്രതത്തിൽനിന്നും പിൻതിരിപ്പിക്കാമെന്നു ഏൽക്കുകയും ചെയ്യുകയാണെങ്കിൽ എന്റെ മോഷൻ അവതരിപ്പിക്കണമെന്നു് എനിക്കു നിർബന്ധമില്ല. അങ്ങിനെ ഉറപ്പു ലഭിച്ചില്ലെങ്കിൽ എന്റെ മോഷൻ പ്രസ് ചെയ്യാതെ നിവൃത്തിയില്ല.

MR. PRESIDENT: May I know whether the Leader of the House has got anything to say in regard to the assurance required by Mr. P. S. Muhammed?

HON'BLE MR. A. THANU PILLAI : ലാക്കപ്പിൽ കിടക്കുന്ന പ്രതികളെ യാതൊരു പ്രകാരത്തിലും ഉപദ്രവിക്കണമെന്നോ കഷ്ടപ്പെടുത്തണമെന്നോ ഗവണ്മെന്റിനുദ്ദേശമില്ല. കഴിവുള്ള സൗകര്യങ്ങളെല്ലാം ചെയ്തുകൊടുക്കുന്നതാണു്.. അക്കാര്യത്തിൽ എന്റെ സ്നേഹിതൻ മി. പി. എസ്. മുഹമ്മദിനു യാതൊരു സംശയത്തിനും വകയില്ല. പിന്നെ നല്ലവാക്കു പറഞ്ഞു ആഹാരം കഴിക്കാതിരിക്കുന്നവരെ ആഹാരം കഴിപ്പിക്കുന്നതിനെപ്പററി ഗവണ്മെന്റിനു ഒന്നും പറയാനില്ല. ലാക്കപ്പിൽ കിടക്കുന്നവരുടെ സ്ഥിതി നന്നാക്കുന്നതിനു് ഗവണ്മെന്റു് കഴിവുള്ളതെല്ലാം ഉടനെ ചെയ്യുന്നതാണു്.

MR. PRESIDENT : May I know whether Mr. P. S. Muhammed is pressing the motion?

MR. P. S. MUHAMMED ; I press it.

MR. PRESIDENT : പാർലമെൻററി നടപടിയനുസരിച്ച് അടിയന്തിരപ്രമേയത്തിൽ ഒരു തക്കം ഉൾപ്പെട്ടിരിക്കണമെന്നാണ് വ്യവസ്ഥ. അങ്ങിനെ ഒരു തർക്കം ഈ അടിയന്തിരപ്രമേയത്തിൽ കാണുന്നില്ല. ഗവണ്മെൻറിൻെറ ഏതെങ്കിലും പ്രവൃത്തികൊണ്ടാണ് നിരാഹാരവ്രതം നടക്കുന്നതെന്നു കാണുന്നില്ല. മാത്രമല്ല ഈ സഭയുടെ നേതാവു അതിനെ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരാഹാരവ്രതം നിറുത്തുന്നതിന് അവർ വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കുന്നതാണ്. അതു ഗവണ്മെൻറിൻെറ ഭരണപരമായ ഉത്തരവാദിത്വത്തിൽപ്പെട്ട ഒരു സംഗതിയല്ല. ഈ കാരണങ്ങളാൽ ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം ഞാൻ നിഷേധിച്ചിരിക്കുന്നു.

RULING *RE* POINT OF ORDER ON THE PRIVILEGES OF THE HOUSE.

MR. PRESIDENT: With regard to the point of order raised by Mr. P. M. Varghese on the 18th instant, I make the following ruling;

The point raised is in regard to a statement issued by Mr. N. Srikantan Nair published in 'Kerala Kaumudi' dated 17th August 1948 alleging that the Honourable Minister's answer, to a question regarding the grant of bonus to the Chavara Mineral Workers, given on the floor of this House was incorrect. This is not a matter affecting any of the privileges of the House. The question touching the correctness of an answer cannot be said to be a question affecting the privileges of the House. Any action that may be taken, may be taken outside the House and without reference to any direction from the House. The responsibility, for the publication of the statement, has also been taken by the person who published that statement and there is no infringement of privilege by the paper.

In this connection, it has to be pointed out that it is open to this House to appoint a Committee of Privileges to consider and make recommendations in regard to breaches of privileges committed by persons in and outside the House, and the steps that should be taken to vindicate such privileges. For this purpose, a motion may be made by a member and if it is accepted by the House, immediate steps will be taken to appoint a Committee. In the House of Commons such a Committee is appointed at the commencement of every session. (Read page 134 May's Parliamentary Practice.) The House of Commons also exercise jurisdiction to punish.

[Mr. President.]

The safeguarding of the privileges of the House and the punishment for violation of such privileges may require a legislative enactment. It must be open to the Committee to make recommendations in this regard also.

LEGISLATIVE BUSINESS (NON—OFFICIAL)
THE TRAVANCORE PREVENTION OF CORRUPTION BILL

HON'BLE MR. A. THANU PILLAI: ഈ ആൻറി കറപ്ഷൻ ബിൽ അവതരിപ്പിക്കണമോ എന്ന് എൻെറ സ്നേഹിതൻ മി. ചാക്കോ ഒന്നുകൂടി ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. കറപ്ഷൻ നീക്കുന്നതിന് കഴിവുള്ളതെല്ലാം ചെയ്യുവാൻ ഗവൺമെൻറു ഉദ്ദേശിക്കുന്നുണ്ട്. ഇൻഡ്യാ ഗവൺമെൻറിലുള്ളതുപോലെ ഒരു ബിൽ ഇവിടെ അവതരിപ്പിക്കണമെന്നും ഗവൺമെൻറു ഉദ്ദേശിക്കുന്നുണ്ട്. എന്നുതന്നെയല്ല മി. ചാക്കോ അവതരിപ്പിക്കാനുദ്ദേശിക്കുന്നതായ ബില്ലിലെ തത്വങ്ങളെല്ലാം തന്നെ അപ്പാടെ ഗവൺമെൻറിന് സ്വീകരിക്കാൻ നിവൃത്തിയില്ല. അതിലുള്ള ചില തത്വങ്ങൾ ഗവൺമെൻറിന് സ്വീകാര്യമല്ലാത്തതുകൊണ്ടും ഈ ഉദ്ദേശത്തോടുകൂടിത്തന്നെ മറെറാരു ബിൽ അവതരിപ്പിക്കാൻ ഗവൺമെൻറു ഉദ്ദേശിക്കുന്നതുകൊണ്ടും ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നു മി. ചാക്കോ തന്നെ ഒന്നുകൂടി ആലോചിക്കണമെന്നാണ് ഞാൻ പറയുന്നതു്.

MR. P. T. CHACKO: ഈ ബില്ലിലെ ചില തത്വങ്ങളോടു ഗവൺമെൻറു യോജിക്കുന്നില്ല എന്നു പറയുന്നതുകൊണ്ടു ഈ ബില്ലിലെ തത്വങ്ങൾ എന്താണെന്നും അതിൽ ഗവൺമെൻറിനു യോജിക്കാത്തവ ഏതെല്ലാമാണെന്നും വ്യക്തമാക്കാതെ അവതരിപ്പിക്കണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കാൻ നിർവാഹമില്ല.

HON'BLE MR. A. THANU PILLAI: പ്രധാനമായിട്ടു ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ അഴിമതിക്ക് അവരുടെ മേൽ കേസ് എടുക്കുന്നതിന് ഗവൺമെൻറിൻെറ അനുവാദം വേണ്ടെന്നാണ് ഈ ബില്ലിൽ പറയുന്നതു. അതു് ഗവൺമെൻറിനു സ്വീകരിക്കത്തക്കതല്ല. മറെറാന്ന് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതു ഇപ്പോഴുള്ള നിയമത്തെ ശാശ്വതമായി ഭേദപ്പെടുത്തുന്ന ഒരു വ്യവസ്ഥയാണ്. ഗവൺമെൻറു ആഫ് ഇൻഡ്യാ ഇപ്പോഴത്തെ ചില പ്രത്യേക പരിതസ്ഥിതികളെ കണക്കാക്കിയാണ് അങ്ങനെ ഒരു ബിൽ ഉണ്ടാക്കിയിട്ടുള്ളതു. ൩ വർഷക്കാലത്തേക്കു മാത്രം നടപ്പിലിരിക്കുന്നതായിട്ടേ അതിൽ വ്യവസ്ഥ ചെയ്യി

ട്ടുള്ളു. മി. ചാക്കോയുടെ ബില്ലിലാണെങ്കിൽ ഈ നിയമം എന്നും നിയമമായിട്ടിരിക്കണമെന്നാണു കാണുന്നതു്. ഇതും ഗവണ്മെൻറിനു സ്വീകാര്യമല്ലാത്ത ഒരു വ്യവസ്ഥയാണു്. ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസുകൾ എടുക്കുന്നതിനു് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതിൽ ഗവണ്മെൻറിനു് അഭിപ്രായവ്യത്യാസമില്ല. ഇത്തരം കേസുകൾ കാഗ്നിസിബിൾ ആക്കണമെന്നു പറയുന്നതിനോടും ഗവണ്മെൻറു യോജിക്കുന്നു. എന്നാൽ അതിനും ഗവണ്മെൻറു് അനുവാദം വേണ്ടതാണു്. ഉദ്യോഗസ്ഥന്മാരുടെ മേൽ കേസുകൾ എടുക്കുന്നതിനു് കൂടുതൽ സൗകര്യമുണ്ടായിരിക്കുന്നതിനായി പോലീസുകാർക്കു കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതിനും മററുള്ളവർക്കും ആവശ്യമെന്നു തോന്നിയാൽ നടപടികൾ നടത്തുന്നതിനു് സൗകര്യമുണ്ടാക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി അടുത്തുതന്നെ ഒരു ബിൽ അവതരിപ്പിക്കാമെന്നാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്.

MR. P. T. CHACKO: ബിൽ അവതരിപ്പിക്കുന്നതിനു് മുമ്പു് അതിലെ തത്വങ്ങളെപ്പററി പ്രതിപാദിക്കാൻ അവകാശമുണ്ടോ?

MR. PRESIDENT: Rule 26 refers to introduction of a bill. It reads as follows:

"The President may order the publication in the Gazette of any Bill (together with the Statement of Objects and Reasons accompanying it) although no motion has been made for leave to introduce the Bill"

So the Hon'ble Member may decide whether he intends to introduce the bill or not. If he wants to introduce the bill then he will be allowed to make a statement.

അതനുസരിച്ചു അവതരിപ്പിക്കണമെന്നു നിർബന്ധിക്കുന്നു എങ്കിൽ ഒരു സ്റ്റേററുമെൻറിനു് അനുവാദം തരാം. അതല്ലാ, പിൻവലിക്കാനാണു ഉദ്ദേശിക്കുന്നതെങ്കിൽ അപ്രകാരം ചെയ്യുന്നതു് നന്നായിരിക്കുമെന്നാണു് എൻെറ അഭിപ്രായം.

MR. P. T. CHACKO: ഇതിലെ തത്വങ്ങൾ എന്താണെന്നുള്ളതിനെപ്പററി സഭാനേതാവിൻെറ ഒരു സ്റ്റേററുമെൻറു് വന്നു കഴിഞ്ഞു. അതുകൊണ്ടു് ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബില്ലിൻെറ തത്വം അതാണോ, അല്ലെങ്കിൽ അതു് എന്തായിരിക്കും, ഗവണ്മെൻറു് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബില്ലിൻെറ തത്വം എന്താണു്, അവ തമ്മിലുള്ള വ്യത്യാസം എന്താണു, ഇവ അറിയുന്നതിനു വേണ്ടിയെങ്കിലും ഈ ബിൽ അവതരിപ്പിക്കാതിരിക്കുന്നതു് തെററായിരിക്കുമെന്നാണു് എൻെറ വിശ്വാസം.

MR. ABDUL AZIZ: പ്രസിഡൻറ് ഒരു കാര്യത്തെക്കുറിച്ചു ഒരു റൂളിംഗ് പാസ്സാക്കിയാൽ അതിനു വിപരീതമായി സ്റ്റേറ്റുമെൻറു പുറപ്പെടുവിക്കാൻ പാടില്ല. അതുകൊണ്ട് അതിനു ശേഷം പ്രസ്സ്ചെയ്യുന്നതു് ആർഡറിൽ ആണോ?

MR. PRESIDENT: അങ്ങനെ ഒരു റൂളിംഗ് മുമ്പു കൊടുത്തിട്ടില്ല.

MR. P. S NATARAJA PILLAI: Is it a motion for leave to introduce the Bill?

MR. PRESIDENT: The bill is published in the Gazette with the permission of the President. Now it is a question of introduction

MR P, T. CHACKO: ഏതായാലും, ഗവൺമെൻറു തന്നെ ഈ സംഗതിയെപ്പററി ഒരു ബിൽ താമസിയാതെ അവതരിപ്പിക്കാമെന്നു ഏററതുകൊണ്ടു എൻെറ ബിൽ ഞാൻ അവതരിപ്പിക്കുന്നില്ല.

RESOLUTIONS.

MR. P. NANOO: സംസ്ഥാനത്തുള്ള എല്ലാ നിലം പുരയിടങ്ങളിലും അടിസ്ഥാനനികുതിമാത്രം ചുമത്തിയും, ഇന്നു നിലവിലിരിക്കുന്ന തിരിപ്പുവാരം, ജന്മിക്കരം മുതലായവ നിറുത്തൽചെയ്തും വേണ്ട നിയമനിർമ്മാണം നടത്തണമെന്നു ഗവൺമെൻറിനോടാവശ്യപ്പെടുന്നു.

HON'BLE MR A. THANU PILLAI: Sir, I rise to a point of order.

സർ, ഇതു സംസ്ഥാനത്തുള്ള എല്ലാ നിലം പുരയിടങ്ങളിലും അടിസ്ഥാനനികുതിമാത്രം ചുമത്തിയും, ഇന്നു നിലവിലിരിക്കുന്ന തിരിപ്പുവാരം ജന്മിക്കരം മുതലായവ നിർത്തൽചെയ്തും വേണ്ട നിയമനിർമ്മാണം നടത്തണമെന്നു ഗവൺമെൻറിനോടു അവശ്യപ്പെടുന്ന ഒരു പ്രമേയമാണ്. ഇതു ഇവിടെ ആലോചനക്കെടുക്കാവുന്നതല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എല്ലാ നിലം പുരയിടങ്ങളെപ്പററി അങ്ങനെ ഒരു നിയമം നടപ്പാക്കുന്നതിനു് ഈ സഭയ്ക്കു അധികാരം ഇല്ല.

MR. P. NANOO: എല്ലാ നിലം പുരയിടങ്ങളിലും എന്ന പദം കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു സഭയുടെ അധികാരാതിർത്തിയിലുള്ള നിലം പുരയിടങ്ങൾ എന്നാണ്. അതുകൊണ്ടു Interim Constitution Act ൪-ാംവകുപ്പുമൂലം ഒഴിവാക്കിയിട്ടുള്ള നിലം പുരയിടങ്ങളേയും നിശ്ചയം സ്പർശിക്കണമെന്ന് എനിക്കു ഉദ്ദേശമില്ല. അതുകൊണ്ടു ഇതേപ്പററി ചർച്ചചെയ്യാൻ സഭയ്ക്കു അധികാരമുണ്ടെന്നുള്ള പ്രതീക്ഷയിലാണു ഈ പ്രമേയം ഇവിടെ ഹാജരാക്കിയിട്ടുള്ളതു.

MR. PRESIDENT : പ്രമേയത്തിൽ സംസ്ഥാനത്തുള്ള എല്ലാ നിലം പുരയിടങ്ങളിലും അടിസ്ഥാനനികുതി മാത്രം ചുമത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ സെക്ഷൻ ൪-ൽ ഒഴിവാക്കിയിട്ടുള്ള നിലം പുരയിടങ്ങളും ഉൾപ്പെടും. അതുകൊണ്ട് വേണ്ട ഭേദഗതി ചെയ്യാൻ അനുവദിക്കാം.

MR. P. NANOO : സർ, ഞാൻ റൂൾ ൩൫ ചൂണ്ടിക്കാണിക്കുന്നു. ഭേദഗതി, നിശ്ചയം ഹാജരാക്കിയതിനു ശേഷം മാത്രമേ ചെയ്യാൻപാടുള്ളൂ എന്നാണ് ആ റൂൾകൊണ്ട് കാണുന്നത് അതുകൊണ്ട ഇത് ഹാജരാക്കുന്നതിന് പ്രധാനമന്ത്രി പറഞ്ഞ സംശയം ഇതിൽ ഉണ്ടാകുന്നതല്ല.

HON'BLE MR. A. THANU PILLAI : അതുകൊണ്ടാണ് ഇതു അവതരിപ്പിക്കാൻ പാടില്ല എന്ന പായിന്റാഫ് ഓർഡർ ഞാൻ കൊണ്ടുവന്നത്. ശരിയായ രൂപത്തിൽ മാത്രമെ പ്രമേയം അവതരിപ്പിക്കാൻ പാടുള്ളൂ, അതുകൊണ്ട് ഇത് അവതരിപ്പിക്കാൻ പാടില്ല എന്നാണ ഞാൻ പറഞ്ഞത്.

MR. P. NANOO : സർ, ഈ പ്രമേയം അവതരിപ്പിക്കുന്ന കാര്യത്തിൽ അതിൽ എന്താശയമാണ് ഉൾക്കൊണ്ടിട്ടുള്ളത് എന്ന് ആദ്യമായി പറയാനുള്ള അവകാശം എനിക്കാണുള്ളത്. ഞാൻ ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയത്തിലെ എല്ലാ നിലം പുരയിടങ്ങളും എന്ന പദംകൊണ്ട ഞാൻ ഉദ്ദേശിക്കുന്നത് ഈ സഭയുടെ അധികാരാതിർത്തിക്കകത്തുള്ള നിലം പുരയിടങ്ങൾ എന്നാണ്. ആ നിലയിൽ എന്റെ ഈ നിശ്ചയം ഇവിടെ ഹാജരാക്കാൻ അനുവദിക്കാവുന്നതാണ്. അതിനു ശേഷം അതിലെ പദപ്രയോഗത്തിൽ എന്തെങ്കിലും സംശയം ഉള്ളപക്ഷം അത് ഒരു അമെൻറ്മെൻറുകൊണ്ട നീക്കാവുന്നതുമാണ്.

MR. P. BALAKRISHNAN TAMPI: Sir, a point of order. Once the resolution has been admitted and balloted by the Chair, is it open to the Chair to refuse permission to move it?

MR. PRESIDENT : ഈ റസല്യൂഷൻ സ്വീകരിച്ചതിൽ പിന്നീട് എന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ അത് തള്ളുന്നതിനു അവകാശമുണ്ട്.

MR. P. NANOO: May I read the relevant Standing Order.

Standing Order 47 (1) "A member in whose name a resolution stands on the list of business shall, when called on, either

(a) withdraw the resolution in which case he shall confine himself to a mere statement to that effect, or

(b) move the resolution, in which case he shall commence his speech.

[Mr. P. Nanoo]

ഈ റൂൾ അനുസരിച്ചു ഒന്നുകിൽ പ്രമേയം ഹാജരാക്കണം അല്ലെങ്കിൽ പിൻവലിക്കണം. ഈ രണ്ടു മാർഗ്ഗങ്ങളേ ഉള്ളു. അതു് അങ്ങു് ഗൗനിക്കണം.

MR. PRESIDENT : ഈ റസലൂഷൻ അതിന്റെ സാങ്കേതിക വശംകൊണ്ടു് ഞാൻ സ്വീകരിച്ചതാണു്. എന്നാൽ ഇതിൽ ഈ സഭയിൽ വാദപ്രതിവാദം ചെയ്യാൻ പാടില്ലാത്ത സംഗതികൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു കാണാൻ സാധിക്കും. ഞാൻ ആദ്യം പ്രസ്താവിച്ചതുപോലെ എല്ലാ നിലം പുരയിടങ്ങളെ സംബന്ധിച്ചുള്ള ഒരു പ്രമേയം അവതരിപ്പിച്ചു വാദപ്രതിവാദം ചെയ്യുന്നതിനു ഈ സഭയ്ക്കു് അധികാരമില്ല. ആ സ്ഥിതിക്കു് ഈ പ്രമേയം അവതരിപ്പിക്കാൻ പാടില്ലെന്നാണു് എന്റെ റൂളിംഗ്.

MR. V. O. MARKOS : I am not moving the resolution in my name

MR. K. A. MUHAMMED : സർ, ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്. "അടുത്തകാലത്തു തിരുവിതാംകൂറിൽ സമാരംഭിച്ചിട്ടുള്ളതും ഒട്ടുവളരെ പണം ഗവണ്മെന്റിൽനിന്നും മുടക്കുകയും മറ്റുപല സൗജന്യങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതുമായ പല വ്യവസായ സംരംഭങ്ങളേയും, മാനേജുമെന്റുകളേയും കുറിച്ചു പൊതുജനങ്ങളുടെ ഇടയിൽ വലിയ ആശങ്കകൾ നിലവിലിരിക്കുന്ന ഈ വ്യവസായങ്ങളുടെ യഥാർത്ഥനിലയും ഭാവിസാദ്ധ്യതകളും പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതു് ഇവിടത്തെ വ്യവസായാഭിവൃദ്ധിക്കു അത്യന്താപേക്ഷിതമാകുന്നു. കൂടാതെ ഈ വ്യവസായങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു രൂപീകരിക്കേണ്ട നയവും എന്തായിരിക്കണമെന്നു് തീർച്ചപ്പെടുത്തുന്നതിന് സഹായകമാകത്തക്കവണ്ണം ഈ വ്യവസായങ്ങളുടെ സാദ്ധ്യതകളെക്കുറിച്ചു അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിന് ഒരു വിദഗ്ദ്ധ കമ്മറ്റിയെ ഉടനെ നിയമിക്കണമെന്നു് ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നു."

സർ, സഭയുടെ പര്യാലോചനക്കു കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഈ പ്രമേയത്തിലെ ഉള്ളടക്കം തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസ്സ് അധികാരത്തിൽ വരുന്നതിനു മുൻപ് സ്റ്റേറ്റുകാൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയും എ. റ്റി. സി. സി-യും പലതവണയും ചർച്ചചെയ്തു തീരുമാനിച്ചിട്ടുള്ളതാണു്. ഈ പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന വിഷയത്തെക്കുറിച്ചു ചർച്ചചെയ്യുന്നതിനുള്ള വിശദപാഠവം എനിക്കി

ല്ലെന്നു എനിക്കുതന്നെ അറിയാം. എന്നാൽ സാധാരണക്കാരനായ ഒരാളുടെ അറിവിൽപ്പെട്ടിടത്തോളം ഇവിടത്തെ വ്യവസായങ്ങളുടെ നില എങ്ങനെ ഇരിക്കുന്നു എന്നു പ്രതിവചിക്കുവാൻ മാത്രമാണു ഞാൻ ഉദ്ദേശിക്കുന്നതു്.

MR. P. NANOO: ഈ റസലൂഷൻ സ്റ്റാൻറിംഗ് ആർഡർ ൩൨-ാം വകുപ്പു് ഏ. ബി. റൂൾ അനുസരിച്ചു ഓർഡറിലല്ല. അതു് ഇങ്ങനെയാണ്.

'Subject to the restriction contained in the Rules and to the provisions of the Standing Orders any member may move a resolution relating to a matter of general public interest.

Provided that no resolution shall be admissible which does not comply with the following conditions, namely,

(a) it shall be clearly and precisely expressed and shall raise substantially one definite issue., I lay stress upon clause (b).

(b) it shall not contain arguments, inferences, ironical expressions or defamatory statements, nor shall it refer to the conduct or character of persons except in their official or public capacity."

റസലൂഷൻ ഇങ്ങനെയാണു് "അടുത്തകാലത്തു് തിരുവിതാംകൂറിൽ സമാരംഭിച്ചിട്ടുള്ളതും ഒട്ടുവളരെ പണം ഗവണ്മെൻറിൽ നിന്നും മുടക്കുകയും മററു പല സൗജന്യങ്ങൾ ഗവണ്മെൻറിൽ നിന്നും അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതുമായ പല വലിയ വ്യവസായസംരംഭങ്ങളെയും മാനേജുമെൻറുകളെയുംകുറിച്ചു പൊതുജനങ്ങളുടെ ഇടയിൽ വലിയ ആശങ്കകൾ നിലവിലിരിക്കുന്നു" എന്നു പറയുന്നതു് ഐറാണിക്കൽ ആണു് അല്ലെങ്കിൽ ഇൻഫറൻസ് ആണു്. ഈ വ്യവസായങ്ങളുടെ യഥാർത്ഥനിലയും ഭാവിസാദ്ധ്യതകളും പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതു ഇവിടത്തെ വ്യവസായാഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമാണു്. ഇതു് ഒരു ആർഗ്യുമെൻറാണു്. ഈ കാരണങ്ങളാൽ ഈ പ്രമേയം ഹാജരാക്കി വാദപ്രതിവാദം ചെയ്വാൻ അനുവദിക്കാൻ പാടില്ല. അതിനാൽ അതേസംബന്ധിച്ചു ഒരു റൂളിംഗു് ഞാൻ ആവശ്യപ്പെടുന്നു.

MR. PRESIDENT: The resolution has been admitted. Mr. Muhammed will make his speech.

MR. K. A. MUHAMMED: തിരുവിതാംകൂറിൽ സമാരംഭിച്ചിട്ടുള്ള വ്യവസായങ്ങളുടെ സാദ്ധ്യതകളെക്കുറിച്ചു വ്യഗ്രമായ ശുഭപ്രതീക്ഷയും

[Mr. K. A. Muhammed.]

പറയുന്നതിന് എനിക്ക് കഴിവില്ല. അങ്ങിനെ ഒരു വൻപും എനിക്കില്ല. എന്നാൽ ഈ സംഗതിയെ സംബന്ധിച്ചുള്ള ഒരു വിദഗ്ദ്ധാഭിപ്രായം അറിയണം എന്നാണ് ഞാൻ ഈ പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവിതാംകൂർ ഗവണ്മെൻറ് ഈ സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ച ബഡ്ജററു നോക്കിയാൽ ൪൮ കോടി രൂപയോളം ഗവണ്മെൻറ് ഷെയർ ഇനത്തിൽ മുടക്കിയിട്ടുള്ളതായി കാണാം. അങ്ങനെ ൪൮ കോടി രൂപാ ഗവണ്മെൻറിൽനിന്ന് മുടക്കിയിട്ടുള്ള ഈ വ്യവസായങ്ങളുടെ ഭാവി സാദ്ധ്യത എന്തായിരിക്കുമെന്ന് പൊതുജനങ്ങൾക്ക് അറിയുവാനുള്ള അവകാശമുണ്ട്. ഈ വ്യവസായങ്ങൾ എല്ലാം തന്നെ ഇന്നു ശരിയായി പുരോഗമിക്കുന്നില്ല എന്നുള്ളതിൽ ആക്കും തക്കത്തിന് അവകാശമുണ്ടെന്നു തോന്നുന്നില്ല. ഗവണ്മെൻറ് ൪൮ കോടി രൂപാ മുടക്കിയിരിക്കുന്ന ഈ വ്യവസായങ്ങളുടെ ഷെയർ മാർക്കററു നോക്കിയാൽ നിരാശക്കേ അവകാശമുള്ളു. ഷെയറിൻെറ മാർക്കററു വാല്യു പകുതിപോലും ഉള്ളതായി കാണുന്നില്ല. ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ്ൻെറ ഷെയർ വാല്യു ഇന്ന് രൂപായാണ്. എഫ്. ഐ. ഡാ. റയോൺസ് ഇവകൾക്കും പകുതി മാത്രമേയുള്ളു. സിമൻറ് ഫാക്ടറിയും അതുപോലെതന്നെ. ഇങ്ങനെ കോടിക്കണക്കിനു പണം മുടക്കിയിട്ടുള്ള ഇവിടത്തെ വ്യവസായസംരംഭങ്ങളുടെ ഗതി ആശങ്കാജനകമാണെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല.

ഇങ്ങനെയുള്ള ഒരു വാദപ്രതിവാദം സഭയിൽ നടത്തുന്നത് തിരുവിതാംകൂറിലെ വ്യവസായങ്ങളുടെ വളർച്ചയെ സ്പർശിക്കുന്നതിനു തന്നെ ഇടയാകുമെന്നും അതുകൊണ്ടു അതു ശരിയല്ലെന്നും ഉള്ള അഭിപ്രായഗതി ചില സ്ഥാനങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടതായി എനിക്കു അറിയാം. ഇവിടത്തെ വ്യവസായങ്ങളെല്ലാം അപകടത്തിലാണെന്നു പറഞ്ഞാൽ അവയിൽ പണംമുടക്കിയിരിക്കുന്ന ഷെയർ ഹോൾഡേഴ്സിൻെറ വിശ്വാസത്തെ ബാധിക്കുകയും വ്യവസായത്തിന് ഭാവിയിൽ വലിയ ദോഷം ഉണ്ടാകുന്നതിന് ഇടയാകുമെന്നും ചിലർ സംശയിക്കുന്നു. എന്നാൽ വെള്ളം ചോർന്നുപോയിട്ടു അണകെട്ടിയാൽ പ്രയോജനം ഒന്നുമില്ല. വ്യവസായികമായി പരാജയം അടഞ്ഞതിൽ പിന്നീടു വിദഗ്ദ്ധ അഭിപ്രായം ആരാഞ്ഞതുകൊണ്ടു പ്രയോജനമില്ല. അതുകൊണ്ടു അതേക്കുറിച്ചു നേരത്തേതന്നെ ശരിയായ ഒരു അന്വേഷണം

നടത്തേണ്ടതു് ആവശ്യമാണ്. തിരുവിതാംകൂറിൽ സമാരംഭിച്ചിട്ടുള്ള വ്യവസായങ്ങളിൽ ഒന്നുംതന്നെ വിജയത്തിൽ എത്തിയിട്ടില്ല എന്നു പറയുന്നതിൽ തെററില്ല. തിരുവിതാംകൂർ ഗവൺമെൻറ് ആദ്യമായി തുടങ്ങിയതു ഒരു റബ്ബർ ഫാക്ററിയാണ്. മൂന്നുനാലുകൊല്ലം നഷ്ടത്തിൽ പ്രവർത്തിച്ചിട്ടു് അതു് ഒരു കമ്പനിയെ ഏല്പിച്ചു. അതിനുശേഷം നല്ല ആദായം തിരുവിതാംകൂർ ഗവൺമെൻറിന് ലഭിച്ചുവെന്നും അറിഞ്ഞു. എന്നാൽ അവർക്ക് കിട്ടിയ ലാഭത്തിൽനിന്ന ഇൻകംടാക്സ് തരാതെയും അന്നത്തെ യുദ്ധകാല പരിതഃസ്ഥിതിയിൽ സാധനങ്ങൾക്ക് വലിയ വില ഉണ്ടായിരുന്നിട്ടും റബർ ഫാക്ററിയിൽ നിന്നു ഗണ്യമായ യാതൊരു ലാഭവും ഉണ്ടായിട്ടില്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. അതുപോലെ തന്നെ കുണ്ടറ കളിമൺവ്യവസായശാലയിൽ നിന്നു ൧൧൨൨-ൽ ഏതാണ്ടു് രണ്ടുലക്ഷംരൂപാ വരവുണ്ടായി. ൧൧൨൩-ൽ മൂന്നുലക്ഷം ഉണ്ടാകുമെന്നായിരുന്നു പ്രതീക്ഷ. എന്നാൽ യഥാർത്ഥത്തിലുള്ള വരവു കണ്ടുതന്നെ അറിയണം. ഈ ആണ്ടത്തെ വരവു ൭൪൦൦൦ രൂപായാകുന്നു. ഇങ്ങനെ കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി നാം മുടക്കിയിട്ടുള്ള പണത്തിനു തക്ക ലാഭം ഉണ്ടാകുന്നതിനു തിരുവിതാംകൂർ ഗവൺമെൻറിന് സാധിച്ചിട്ടില്ല. യുദ്ധപരിതഃസ്ഥിതികളിൽ വളരെലാഭം ഉണ്ടാക്കാവുന്ന ഒരു വ്യവസായമാണു ഇതു്. വഞ്ചി ക്ലേമൈൻസു എന്ന മറെറാരു കളിമൺ വ്യവസായശാല ഗവൺമെൻറിനു ചാത്തന്നൂരിലുണ്ടു്. ഈ ഫാക്ററി കുണ്ടറ കളിമൺ ഫാക്ററി മാനേജ്മെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുള്ളതായി അറിയുന്നു. ഈ ക്ലേ മൈനിൽ ഉത്പാദിപ്പിച്ചിട്ടുള്ള ക്ലേ ഉപയോഗയോഗ്യമല്ലാത്തതുകൊണ്ടു ഗവൺമെൻറിലേക്കു വലിയ നഷ്ടത്തിനു ഇടവന്നിട്ടുണ്ടു്. ഗവൺമെൻറിൻെറ മറെറാരു വ്യവസായമായ "പ്ലൈവുഡു ഇൻഡസ്ട്രീയസ്സ്" എടുക്കാം. പുനലൂരിൽ സ്ഥാപിച്ചിട്ടുള്ള ഈ വ്യവസായത്തിലും ഗവൺമെൻറു വലിയ മുതൽ മുടക്കിയിട്ടുണ്ടു്.

വെളിയിൽ നിന്നു പ്ലൈവുഡ് കിട്ടാതിരുന്നകാലത്തു് തിരുവിതാംകൂറിൽ ആ വ്യവസായത്തെ വിജയകരമായി പ്രവർത്തിപ്പിക്കാൻ സാധിച്ചില്ലെങ്കിൽ യുദ്ധത്തിനുശേഷം വെളിയിൽനിന്നും ധാരാളം പ്ലൈവുഡ് സാധനങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഈ വ്യവസായത്തെ എങ്ങിനെ വിജയകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നു എനിക്കു് മനസ്സിലാകുന്നില്ല.

[Mr. K. A. Muhammed.]

തിരുവിതാംകൂറിന്റെ പ്രശസ്തി വ്യാവസായികമായി വെളിയിൽ വളരെ ഉയന്നിട്ടുണ്ട്. തൊഴിൽ ചെയ്യുന്നതിനുള്ള പാടവം എങ്കിലും വലിയ വലിയ കാര്യങ്ങളിൽ തിരുവിതാംകൂർകാർ സമ്പാദിച്ചിട്ടുണ്ട് എന്ന് അന്യനാട്ടുകാർ പറഞ്ഞു നമ്മെ അഭിനന്ദിക്കുന്നുണ്ട്. അങ്ങിനെ നോക്കിയാൽ ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ്, റയൺ ഫാക്ടറി, സിമൻറ് ഫാക്ടറി ഇവയെല്ലാം നമ്മുടെ വലിയ വ്യവസായ നേട്ടങ്ങളാണ്. എന്നാൽ അവയുടെ പ്രവർത്തനത്തിലേക്ക് ഒരു സാധാരണക്കാരൻ സൂക്ഷിച്ചുനോക്കുന്നപക്ഷം അവയുടെ പ്രവൎത്തനങ്ങൾ ഇന്നോളം വിജയകരമല്ല എന്നു പറയേണ്ടിവന്നിരിക്കുന്നു. അതിനുള്ള കാരണങ്ങൾ പലതാണ്. ഉദാഹരണമായി ഇവിടത്തെ ഒരു വൻവ്യവസായമായ ഫർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽ വ്യവസായത്തെ എടുക്കാം. ഈ വ്യവസായത്തിലെ മുതൽമുടക്കിൽ ൭൫% ഗവണ്മെൻറിന്റേതാണ്. ൨൫ ലക്ഷം രൂപായുടെ ഷയർ മദ്രാസ് ഗവണ്മെൻറ് വാങ്ങിയിട്ടുണ്ട്. ൫൦ ലക്ഷം രൂപായുടെ ഷയർ കൊച്ചിഗവണ്മെൻറും എടുത്തിട്ടുണ്ട്. ഫാക്ടറിയുണ്ടാക്കുന്നതിനും ആവശ്യമുള്ള സ്ഥലം സൗജന്യവ്യവസ്ഥകളിൽ ഗവണ്മെൻറിൽനിന്നും കൊടുത്തിരുന്നു. ആററിലെ വെള്ളവും വിദ്യുച്ഛക്തിയും വളരെ സഹായത്തിൽ ഉപയോഗിക്കുന്നതിനും സൗകര്യം നൽകിയിരിക്കുന്നു. കൂടാതെ ഫാക്ടറിക്ക് ആവശ്യമുള്ള വിറകു മുഴുവനും കൊടുക്കത്തക്കവണ്ണം ഗവണ്മെൻറുവക വനത്തിന്റെ ഒരു നല്ല ഭാഗം വിട്ടുകൊടുത്തിരിക്കുന്നു. ഇതിനെല്ലാംപുറമേ ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന അമോണിയം സൾഫേററ് ഒരു ദേശീയ ആവശ്യവസ്തുവാണ്. അതിനു വളരേ ആവശ്യക്കാരുണ്ട്. ഈ പരിതഃസ്ഥിതികളിൽ നമ്മുടെ ഫർട്ടിലൈസർ വ്യവസായത്തിന്റെ ഷെയർമാക്കററു ഇത്ര വളരേ കുറയുന്നതിനുള്ള കാരണം എന്താണെന്നു നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാകുന്നു.

HON'BLE MR. A. THANU PILLAI: പൊതുവെ ഇൻഡ്യയൊട്ടുക്കു നോക്കിയാൽ ഷെയറിന്റെ മാർക്കററുവാല്യു എങ്ങിനെയാണിരിക്കുന്നതു?

MR. K. A. MUHAMMED: വില ഇടിഞ്ഞിട്ടുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ താരതമ്യേന ഈ രാജ്യങ്ങളിലെ വ്യവസായങ്ങളുടെ ഷെയറവാല്യു വളരെ കുറഞ്ഞിട്ടുണ്ട്.

MR. V. O. MARKOS: ഇലക്ട്രിസിററി എന്തുവിലയ്ക്കാണു എഫ്. ഏ. സി. ററി-ക്കു കൊടുക്കുന്നതു്.

MR. K. A. MUHAMMED : കിലോവാട്ടിന് ൭ ൈ രൂപാ ക്രമത്തിലാണെന്നു തോന്നുന്നു. ൧൧൨ രൂപക്കാണു നാം പാമ്പനാശ്ശേരിനിന്നും വാങ്ങുന്നതു്. ഏതായാലും അതിൽ വളരെ കുറച്ചാണു് അവർക്കു് കൊടുക്കുന്നതു്. ഇതെല്ലാം ഗവർമ്മെൻറിനും കമ്പനിക്കും മാത്രം അറിയാവുന്ന രഹസ്യമാണു്. ഇതിൻെറ ഒന്നും പരമാർത്ഥം അറിയാൻ നിവൃത്തിയില്ല.

MR. P. BALAKRISHNAN TAMPI: May I ask the honourable member whether such discussion on the floor of this House is conducive to the rise in the price of the shares? (*Laughter*).

MR. K. A. MUHAMMED : നിശ്ചയമായും, ഞാൻ അതിനെ വിശദീകരിക്കാം. ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിച്ചു ആ കമ്മററി നമ്മുടെ വ്യവസായത്തിൻെറ സ്ഥിതി പ്രഖ്യാപനം ചെയ്യുന്നപക്ഷം ഷെയറിൻെറ മാർക്കററിംഗ് വാല്യു വർദ്ധിക്കുമെന്നുള്ളതിനു സംശയമില്ല.

MR. A. ESWARA PILLAI : വിദഗ്ദ്ധകമ്മിററിയെ നിയമിക്കാൻ നിയമസഭക്കു് അധികാരമുണ്ടോ?

MR. K. A. MUHAMMED : നിയമസഭ കമ്മിററിയെ നിയമിക്കണമെന്നു ഞാൻ പറഞ്ഞില്ല. ഗവർമ്മെൻറിൽനിന്നു ഒരു കമ്മററിയെ നിയമിക്കണമെന്നാണു് എൻെറ പ്രമേയം.

MR. A. ESWARA PILLAI : അതു് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കമ്പനിയാണെന്നറിയാമോ?

MR. K. A. MUHAMMED : അറിയാം. എന്നാൽ ഗവണ്മെൻറിനു ഭൂരിപക്ഷ ഷെയറുണ്ടെന്നുള്ള വാസ്തവം കൂടി ധരിക്കണം. അതുകൊണ്ടാണു് ഞാൻ പറയുന്നതു്.

MR. A. ESWARA PILLAI : ഷെയർ ഹോൾഡേഴ്സിൻെറ അനുമതികൂടാതെ ഒരു കമ്മററിയെ നിയമിക്കാൻ ഗവണ്മെൻറിനു് അധികാരമില്ലെന്നു അറിയാമോ?

MR. K. A. MUHAMMED: മജോറിട്ടി ഷെയർ ഹോൾഡർ എന്ന നിലയിൽ ഗവണ്മെൻറിനു് അധികാരമുണ്ടെന്നാണു് എൻെറ വിശ്വാസം.

൭൨ ശതമാനം ഷെയർ ഗവണ്മെൻറിൻെറ കയ്യിൽ ഇരിക്കുന്ന സ്ഥിതിക്കു വോട്ടിംഗിലും ഭയപ്പെടുവാനില്ല. കൂടാതെ തിരുവിതാംകൂറിൽ രജിസ്റ്റർചെയ്തിട്ടുള്ള എല്ലാ കമ്പനികളും ലോൺ കൊടുക്കണമെന്നുള്ള അപേക്ഷകളുമായി ഗവണ്മെൻറിനെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു

[Mr. K. A. Muhammed.]

ഒരു സന്ദർഭവുമാണിത്. എന്തുകൊണ്ടാണ് ഈ കമ്പനികൾ ഇപ്പോൾ വായ്പകൾ വേണമെന്നു ആവശ്യപ്പെടുന്നത്? ഈ കമ്പനികൾ രജിസ്റ്റർ ചെയ്യുന്നകാലത്തു ഇതുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള മൂലധനത്തെക്കുറിച്ചു ഗവർമ്മെൻറിനെ ഉപദേശിച്ചതു ആരാകുന്നു. എന്തുകൊണ്ടാണ് ഈ വ്യവസായങ്ങൾ തുടങ്ങിയകാലത്ത് ഗവർമ്മെൻറിനെ ഉപദേശിച്ചിരുന്നവർ ഇത്രപണം ആവശ്യമുണ്ടെന്നു പറയാതെ ഇരുന്നിട്ടുള്ളത്. ഇപ്പോൾ രണ്ടേകാൽകോടി രൂപാ എഫ്. എ സി. ററി-യുടെ സബ്സ്ക്രൈബ് ചെയ്ത മൂലധനമായിട്ടുണ്ട്; അഞ്ചുകോടി രൂപാ അന്നു വേണമെന്നു ഗവർമ്മെൻറിനെ ഉപദേശിക്കാതിരുന്നതു എന്തുകൊണ്ടാണ്. ഇപ്പോൾ ൭ കോടിരൂപാ വേണമെന്നു പറയുന്നു. അങ്ങിനെയുള്ളവരുടെ ഉപദേശം വീണ്ടും എങ്ങനെ സ്വീകരിക്കാൻ സാധിക്കും. അതുപോലെ തന്നെ റേയോൺസ് കമ്പനിക്ക് ഇപ്പോൾ മൂലധനം പോരായെന്നും, പക്ഷെ ഷെയറുവിററു ആവശ്യമുള്ള പണം ഉണ്ടാക്കുവാൻ സാദ്ധ്യമല്ലെന്നും അതിനാൽ ഗവർമ്മെൻറു സഹായിക്കണമെന്നും പറഞ്ഞാൽ ഇതിൻെറ അടിയിൽ എന്തോ സംഗതി ഉണ്ടെന്നു സാധാരണക്കാരനു ആശങ്ക ഉണ്ടാകുക സാധാരണയാണ്. ഇൻഡ്യയ്ക്ക് ആവശ്യമുള്ള കൃത്രിമവളം നിർമ്മിക്കുന്നതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനു ൧൯൪൪-ൽ ഒരു Technical Commission ഇൻഡ്യ ഒട്ടാകെ സഞ്ചരിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തി മൂന്നു ലക്ഷത്തി അമ്പതിനായിരം ടൺ അമോണിയം സൾഫേററ് യുദ്ധകാലത്ത് ഇൻഡ്യക്കാവശ്യമുണ്ടെന്ന് അവർ കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതു ഉത്പാദിപ്പിക്കുന്നതിന് ഇൻഡ്യയാകമാനം ഒരു ഫർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽ ഫാക്ടറി ഉണ്ടായിരിക്കുന്നതായിരിക്കും നല്ലതെന്ന് അവർ അഭിപ്രായപ്പെട്ടു. ഈ നിർദ്ദേശത്തെ അനുസരിപ്പിച്ചുകൊണ്ട് ഇൻഡ്യയുടെ സപ്ലൈമെയർ അന്നു പറഞ്ഞത് ഈ വ്യവസായം ഇൻഡ്യാഗവർമ്മെൻറിൻെറ വകയായി ഗവർമ്മെൻറു നടത്തുന്നതാണെന്നാകുന്നു. (State owned and State operated) ഈ മാനദണ്ഡം വച്ചു നോക്കിയാൽ നമ്മുടെ ഫാക്ടറി എത്രയുംവേഗം ദേശീയമാക്കേണ്ടതിൻെറ ആവശ്യകത ബോദ്ധ്യപ്പെടുന്നതാണ്. അതു് വ്യവസായകമായ ലാഭനഷ്ടത്തെ ഉദ്ദേശിച്ചല്ല. ഇൻഡ്യക്കാവശ്യമുള്ള വളം നിർമ്മിക്കുന്നതിന് വേണ്ടിയാണ്. ഈ കമ്പനിക്ക് വേണ്ടി ഷെയർ ഇനത്തിൽ ഗവർമ്മെൻറു ഒന്നേഅരക്കാൽ കോടി രൂപാ മുടക്കിക്കഴിഞ്ഞു. ൻ൭

ലക്ഷം രൂപാ കടംകൊടുത്തിരിക്കുന്നത് ഷെയറാക്കി മാററാൻ പോകുന്നതായി കേൾക്കുന്നു. ഇങ്ങനെ നോക്കുന്നപക്ഷം വെളിയിലുള്ള ഷെയറുകൾ വളരെ കുറവാണ്. ഈ വ്യവസായത്തെ ഏതു രീതിയിലാണ് ദേശീയമാക്കാൻ സാധിക്കുന്നതെന്നുള്ളതിനെക്കുറിച്ചും ഈ വിദഗ്ദ്ധ കമ്മററിയുടെ ഉപദേശം സഹായകമായി. ഇതു എന്തുകൊണ്ടാണെന്നു ഞാൻ പറയാം.

MR. K. K. CHELLAPPAN PILLAI : ഇതു ദേശീയമാക്കാൻ ഒരന്വേഷണ കമ്മററിയെ നിയമിക്കണമെന്നാണോ മെമ്പർ പറയുന്നത്?

MR. K. A. MUHAMMED : എന്റെ പ്രമേയം സ്പഷ്ടമാണ്. ഗവണ്മെൻറിൻെറ ഭാവിനയം രൂപീകരിക്കുന്നതിനും വ്യവസായങ്ങളുടെ പുരോഗതിയെ സഹായിക്കുന്നതിനും ആയി ഒരു റിപ്പോർട്ടു വരുത്തണമെന്നാണ് ഞാൻ പറയുന്നത്. ആ വിദഗ്ദ്ധകമ്മററി ഈ വ്യവസായം ദേശീയമാക്കേണ്ട എന്നാണു അഭിപ്രായപ്പെടുന്നതെങ്കിൽ ഞാൻ എന്റെ അഭിപ്രായം പിൻവലിക്കാൻ തയാറാണ്. കൂടാതെ ഇവിടത്തെ ഫർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസിന് ആവശ്യമായ ഇന്ധനം ഇവിടെ ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരളമഹിൾസ് ഉള്ള സ്ഥലത്താണ് ഈ മാതിരി ഫാക്ടറികൾ സ്ഥാപിക്കേണ്ടത്. അല്ലാത്തപക്ഷം ഇലക്ട്രിസിററി ഉപയോഗിക്കുന്നതിനു സൗകര്യമുള്ള സ്ഥലം ആയിരിക്കണം. അങ്ങനെ വരുമ്പോൾ ഇലക്ട്രിസിററി ഉപയോഗിച്ചു ഉത്പാദനം നടത്തത്തക്ക യന്ത്രങ്ങൾ ഉണ്ടായിരിക്കണം. തിരുവിതാംകൂറിലെ ഫെർട്ടിലൈസേഴ്സ് ഫാക്ടറിയാണെങ്കിൽ വിറകു ഉപയോഗിച്ചു ഉത്പാദനം നടത്തത്തക്കവണ്ണം സംഘടിപ്പിച്ചിട്ടുള്ള ഒരു ഫാക്ടറിയാണ്. ഇതിനു ആവശ്യമുള്ള വിറകു ശേഖരിക്കുന്നതിനുവേണ്ടി ഫോറസ്റ്റ് ഇൻഡസ്ട്രീസ് എന്ന മറെറാരു കമ്പനി സ്ഥാപിച്ചിട്ടുണ്ട്. ൩൦൦ മുതൽ ൪൦൦ ടൺ വരെ വിറകു ഈ ഫാക്ടറിക്കു ദിവസേന ആവശ്യമുണ്ടെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു. തിരുവിതാംകൂറിൻെറ വനവിഭവങ്ങളിൽ ഏററവും സമൃദ്ധമായ ഒരു ഡിവിഷനാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസിനു വിട്ടുകൊടുത്തിരിക്കുന്നതു. ൧൫൦ സ്ക്വയർ മൈൽ അതായതു നമ്മുടെ വനഭൂമിയുടെ പത്തിൽ ഒരു ഭാഗം വെട്ടിത്തെളിച്ചു വിറകു സപ്ളെ ചെയ്യാനുള്ള വ്യവസ്ഥയാണ് ഇപ്പോൾ ചെയ്തിട്ടുള്ളതു. ഇതു എത്രമാത്രം ബുദ്ധിപൂർവ്വകമാണെന്നു എനിക്കു വിദഗ്ദ്ധമായ അഭിപ്രായം പറയുവാൻ കഴിവില്ല. എന്നാൽ അതിനെക്കുറിച്ചു വേണ്ട അന്വേഷണം നടത്തേണ്ട

[Mr. K. A. Muhammed]
താണു. ഒരുടൺ വിറകിന് ഒരുരൂപാ റേററ് മാത്രമേ ഗവൺമെൻറിന് ആദായം ലഭിക്കുന്നുള്ളൂ. വിറകും തടിയും ഈ ഫാക്ററി സൈററിൽ എത്തിക്കുന്നതിനു ആലുവാ നദി ഗതാഗതയോഗ്യമാക്കുന്നതിന് ഒരു വലിയസംഖ്യ വെറെയും ചിലവാക്കുന്നുണ്ട്. ഒരു സാധാരണക്കാരൻ എന്ന നിലയിൽ എനിക്ക് ചില സംശയങ്ങൾ തോന്നിപ്പോകുന്നു. ൫൦ വർഷംകൊണ്ട് ഈ കാട്ട് വെട്ടിത്തെളിച്ചാൽ പിന്നെയുള്ള സ്ഥിതി എന്താണ്. ൫൦ വർഷത്തേക്കു മാത്രമെ ഈ ഫാക്ടറി വേലചെയ്യേണ്ടതുള്ളൂ എന്നാണൊ നമ്മുടെ നിശ്ചയം. അതല്ലെങ്കിൽ ഇതുപോലെ മറെറാരു ഡിവിഷൻ കൂടി വെട്ടിത്തെളിക്കണം എന്നുള്ളതാണോ?

MR. PRESIDENT: ഈ സഭ ഇപ്പോൾ പിരിയുന്നതും ഉച്ചകഴിഞ്ഞു രണ്ടുമണിക്ക് തുടരുന്നതുമാണ്.

The House adjourned for lunch at 1 p. m. and met again at 2 p. m.

MR. K. A. MUHAMMED: സർ, ഞാൻ തിരുവിതാംകൂർ ഫോറസ്റ്റ് ഇൻഡസ്ട്രിയിനെപ്പററി സംസാരിക്കുകയായിരുന്നു. ഈ കമ്പനിക്കു ൧൫൦ സ്ക്വയർമൈൽ സ്ഥലമാണ് ഗവൺമെൻറ് വിട്ടുകൊടുത്തിരിക്കുന്നത്. അതിൽ ആണ്ടിൽ ൩ സ്ക്വയർമൈൽ വീതം ൫൦ കൊല്ലംകൊണ്ടു ഈ കാടുകൾ വെട്ടിത്തെളിച്ച് തടി എടുത്തുകൊള്ളണമെന്നാണ് പ്ലാൻ. ഇങ്ങനെ ആണ്ടുതോറും ൩ സ്ക്വയർമൈൽ വീതം കാടു വെട്ടിതെളിക്കുമ്പോൾ അതിൽ ഒരു സ്ക്വയർമൈൽ സ്ഥലത്ത് ടാങ്കിയാസിസ്റ്റംപ്രകാരം തേക്കും തടി വെച്ചു പിടിപ്പിക്കയും ബാക്കി ഉള്ള ൨ സ്ക്വയർമൈൽ സ്ഥലത്തു കോപ്പീസ് സിസ്റ്റം അനുസരിച്ച്, അതായത് തന്നത്താനെ കാടുപിടിപ്പിക്കുക വിട്ടേക്കുകയും ചെയ്യുന്നതാകുന്നു എന്നാണ് വ്യവസ്ഥ. ഇങ്ങനെ വിടുന്ന സ്ഥലത്ത് ൫൦ കൊല്ലം കഴിയുമ്പോൾ വീണ്ടും വിറകിനു ആവശ്യമുള്ള തടികൾ വെട്ടത്തക്കവണ്ണം അവിടെ കാടു പിടിച്ചുകൊള്ളുമെന്നാണ് പറയുന്നത്. വളരെ കൊല്ലത്തെ പഴക്കമുള്ള ഈ കാടുകൾ വെട്ടിത്തെളിച്ചാൽ ഇരുപത് കൊല്ലം കഴിയുമ്പോൾ പ്രതിദിനം ൪൦൦ ടൺ വിറകിന് ആവശ്യമുള്ള തടികൾ വെട്ടത്തക്കവണ്ണം അവിടെ വീണ്ടും കാടു പിടിച്ചുകൊള്ളുമെന്നു പറയുന്നത് എത്രത്തോളം ശരിയാണെന്ന് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ, തടിക്കാറംകോണത്തു

ഈ കോംപിററസ്'' സമ്പ്രദായം പരിശോധിച്ചു നോക്കിയതിൽ തോൽവി അടയുകയാണ് ചെയ്തിട്ടുള്ളതു. മൈസൂരിലെ ഭദ്രാവതി അയൺ ആൻറ് സ്റ്റീൽ വർക്ക്സിൽ പ്രതിവർഷം ൧,00,000 ടൺ വിറക് ആവശ്യമുണ്ട്. അതിലേക്ക വനങ്ങളെ ആശ്രയിക്കാതെ അവിടെ മൈതാനമായി കിടക്കുന്ന സ്ഥലത്തു് ആവശ്യമുള്ള തടികൾ നട്ടുപിടിപ്പിക്കുന്നതിനു ഒരു വിപുലമായ പദ്ധതി നടപ്പിൽ വരുത്തിയിരിക്കുന്നു. ഇങ്ങനെ നോക്കുന്ന പക്ഷം ഫിററ് ഇൻഡസ്ട്രീസ് ലാഭകരമാണോ? ഫെർട്ട്ലൈസേഴ്സ് ആൻറ് കെമിക്കൽസ് ഫാക്ററിക്ക ആവശ്യമുള്ള വിറക് ആണ്ടുതോറും കൊടുക്കുവാൻ ഇവക്ക് സാധിക്കുമോ എന്നിങ്ങനെയുള്ള കാര്യങ്ങൾ നമ്മുടെ പ്രത്യേക പരിഗണനയെ അർഹിക്കുന്നവയാണ്. ഇവർ വെട്ടുന്ന തടികൾ ഡിപ്പാർട്ടുമെൻറു തന്നെ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഗവണ്മെൻറിൽ നിന്നും വമ്പിച്ച ഒരു തുക അതിലേക്ക് ചെലവാകുന്നുമുണ്ട്. ഈ കമ്പനിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും മററും സാധാരണക്കാരുടെ ഇടയിൽ പല തെററിദ്ധാരണകളും നിലവിലിരിക്കുന്നു. അവിടെ വെട്ടുന്ന തടികൾ സാധാരണ കമ്പോളങ്ങളിൽ കൊടുക്കുന്ന തടികളേക്കാൾ വളരെ കുറഞ്ഞ വിലയ്ക്കാണ് കൊടുക്കുന്നതെന്നും തൻനിമിത്തം ഗവണ്മെൻറ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്കു ഇവർ തടി വിൽക്കുന്നു എന്നും അതുകൊണ്ട് ഈ ഫോറസ്റ്റ് ഇൻഡസ്ട്രിയും ഗവണ്മെൻറും തമ്മിൽ തടി വില്പനയിൽ ഒരുമൽസരത്തിൽതന്നെ കഴിഞ്ഞുകൂടുകയാണെന്നും മററും ജനങ്ങളുടെ ഇടയിൽ ഒരു ധാരണയുണ്ടു. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറിന് എപ്പോഴും വിദഗ്ദ്ധോപദേശം ഉണ്ടായിരിക്കേണ്ടതാണ്. സർ, ഇക്കാര്യങ്ങളിൽ എല്ലാം ഗവണ്മെൻറിനെ ആരാണ് ഉപദേശിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു.

കമ്പനി നിയമങ്ങളിലുള്ള മാനേജിംഗ് ഏജൻസി സിസ്റ്റം ഒരു ദൂഷണ സമ്പ്രദായമാണെന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇൻഡ്യയിൽ കമ്പനി നിയമത്തെ പരിഷ്കരിക്കുന്നതിനു നിയുക്തമായ കമ്മിററി ഈ മാനേജിംഗ് ഏജൻസി സിസ്റ്റം എടുത്തു കളയേണ്ടതാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ഇങ്ങനെ ദൂഷണസൗകര്യമുള്ള മാനേജിംഗ് ഏജൻസികളാണ് തിരുവിതാംകൂർ ഗവണ്മെൻറ് മുതൽ മുടക്കിയിട്ടുള്ള എല്ലാ കമ്പനികളേയും നയിച്ചുകൊണ്ടിരിക്കുന്നതു്. ഫെർട്ട്ലൈസേഴ്സ് ആൻറ് കെമിക്കൽസ്സായാലും ഫോറസ്റ്റ് ഇൻഡസ്ട്രീസായാലും തിരുവിതാംകൂർ റയോൺസായാലും ട്രാവൻകൂർ സീമൻറ്സ്

[Mr. K. A. Muhammed]

ആയാലും മാനേജിംഗ് ഏജൻസികളാണ് എല്ലാം നടത്തിക്കൊണ്ടു പോകുന്നതു്. തിരു. ടൈററാനിയം പ്രൊഡക്ട് കമ്പനിയ്ക്കും മാനേജിംഗ് ഏജൻസികളാണുള്ളതു. വിദഗ്ദ്ധസ്ഥാപനത്തിന്റെ ആവശ്യമുള്ളതുകൊണ്ട് അവിടെ ഒരു മാനേജിംഗ് ഏജൻസിയെ വച്ചിരിക്കുന്നതിനെ കുറെ ഒക്കെ ന്യായീകരിക്കാം. എന്നാൽ മററുള്ള കമ്പനികളിലും മാനേജിംഗ് ഏജൻസി സിസ്റ്റമാണ് ഉള്ളതു്. തന്നിമിത്തം ലാഭനഷ്ടങ്ങളെക്കുറിച്ച് നമുക്ക് വിദഗ്ദ്ധമായ യാതൊരു അഭിപ്രായവും ലഭിക്കാതെ പോകുന്നു. ഷെയർ വാല്യു കൂടുന്നതുകൊണ്ടോ അല്ലെങ്കിൽ ഡിവിഡന്റ് കൂടുന്നതുകൊണ്ടോ മാത്രം ഒരു കമ്പനിയുടെ സുസ്ഥിതി എത്രത്തോളമുണ്ടെന്നു് ഗണിക്കുന്നതു് ശരിയല്ല. ഈ മാനേജിംഗ ഏജൻസികൾക്ക് ഇഷ്ടമുള്ളവരെ ഇഷ്ടമുള്ള ശമ്പളത്തിൽ നിയമിക്കാൻ ഇതു പ്രയോജനപ്പെടുന്നുണ്ട്. ഇവക്ക് കിട്ടിയിരിക്കുന്ന സൗകര്യത്തെ അവർ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിൽ തെററില്ല. പക്ഷേ ഈ മാനേജിംഗ് ഏജൻസികളുടെ പ്രവർത്തനങ്ങളെ ഗവണ്മെന്റു കണ്ണുമടച്ച് സ്വീകരിക്കുകയാണോ വേണ്ടതെന്നു ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രാജ്യത്തിന്റെ പല വിഭവങ്ങളേയും ഗവണ്മെന്റിന്റെ കഴിവുകളേയും ചൂഷണം ചെയ്യുവാൻ കൂടി ഈ മാനേജിംഗ് ഏജൻസികൾ ശ്രമിക്കുന്നുണ്ട്. ഒരേ വ്യവസായത്തിന്റെ പല വിഭാഗങ്ങൾക്കും മാനേജിംഗ് ഏജൻസികൾ വച്ചിരിക്കുകയാണ്. പ്രൊഡക്ഷന് ഒരു മാനേജിംഗ് ഏജൻസി. അതിലേക്ക് വേണ്ട വിറക് ശേഖരിക്കുവാൻ പ്രത്യേകമൊരു മാനേജിംഗ് ഏജൻസി, ഉണ്ടാകുന്ന ഉൽപ്പാദനങ്ങൾ സൂക്ഷിക്കുവാൻ വേറൊരു മാനേജിംഗ് ഏജൻസി. അതു് വിൽക്കുവാൻ മറെറാരു മാനേജിംഗ് ഏജൻസി, ഇങ്ങനെ ഓരോ ശാഖകൾക്കും പ്രത്യേകം പ്രത്യേകം മാനേജിംഗ് ഏജൻസികളുണ്ട്. ഈ മാനേജിംഗ് ഏജൻസികളെ വച്ചുകൊണ്ട് ഈ വ്യവസായങ്ങളെല്ലാം ഇതുപോലെ മുമ്പോട്ട് കൊണ്ടുപോകാനാണു ഗവണ്മെന്റ് വിചാരിക്കുന്നതെങ്കിൽ അതു് അവസാനത്തിൽ കലാശിച്ചേക്കുമെന്നു് ഞാൻ ഭയപ്പെടുന്നു. അതു കൊണ്ടാണ് ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നതു്, ഈ പ്രമേയം പാസ്സാക്കി, ഒരു വിദഗ്ദ്ധകമ്മിററിയുടെ റിപ്പോർട്ടു വരുത്തി നമ്മുടെ വ്യവസായങ്ങളെ സംബന്ധിച്ചുള്ള ഭാവി നയം രൂപീകരിക്കണമെന്നു. റിപ്പോർട്ടു പരസ്യം ചെയ്യണമെന്നു എനിക്കു നിർബന്ധമില്ല. ഈ വിദഗ്ദ്ധകമ്മററിയുടെ റിപ്പോർട്ടനുസ

രിച്ച് ഗവണ്മെന്റിന്റെ നയം രൂപീകരിച്ചാൽ മതിയാകുന്നതാണ്. ഗവണ്മെന്റിനെ ഇക്കാര്യത്തിൽ ഉപദേശിക്കുന്നത് ആരാണെന്ന് ഞാൻ വീണ്ടും ചോദിക്കുന്നു. തിരുവിതാംകൂറിൽ ഒരു ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റുണ്ട്. എന്തുകാര്യങ്ങളാണു ഈ ഡിപ്പാർട്ടുമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതു എന്നുള്ളത് എല്ലാവർക്കും അറിയാം. ഒരു കവനന്റ് ആഫീസറായിരിക്കുന്ന ഈ ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന് തിരുവിതാംകൂർ ഗവണ്മെന്റിനെ എന്തെങ്കിലും കാര്യത്തിൽ ഉപദേശിക്കാൻ പ്രാപ്തിയുണ്ടോ? ഇവിടെ ഒരു Post—War Industrial Reconstruction കമ്മിററിയുണ്ടായിരുന്നു, യുദ്ധാനന്തര സംവിധാന പദ്ധതിയന്വേഷിച്ചുണ്ടാക്കിയ ആ കമ്മിററിയിൽ തന്നെ വ്യവസായ ഡയറക്ടർ ഒരു അംഗമായിപ്പോലും ഇരിക്കേണ്ടെന്നാണ് ഗവണ്മെന്റു തീരുമാനിച്ചത്. തിരുവിതാംകൂറിലെ വ്യവസായങ്ങളെ സംബന്ധിച്ച് വേണ്ടത്ര അറിവുണ്ടായിരിക്കേണ്ടതു് ഇവിടത്തെ വ്യവസായ ഡയറക്ടർ വ്യവസായ പര്യവേക്ഷണങ്ങൾക്കുണ്ടാക്കിയ കമ്മിററിയിലെ ഒരംഗംപോലും ആയിരിക്കേണ്ട എന്നു പറയത്തക്ക വിധത്തിൽ അത്രമാത്രം വിദഗ്ദ്ധനാണ് അദ്ദേഹം. പിന്നെ ഒരു ഇൻഡസ്ട്രിയൽ എൻജനീയർ ഉണ്ടു പോലും. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനെ സംബന്ധിച്ചായാലും, റയൺസിനെ സംബന്ധിച്ചായാലും, അല്ലെങ്കിൽ ഇവിടത്തെ സിമന്റ് വ്യവസായത്തെ സംബന്ധിച്ചായാലും എന്തുപദേശമാണ് അദ്ദേഹത്തിന് തരാനുള്ളത്? അദ്ദേഹത്തിനും ഈക്കാര്യത്തിൽ തിരുവിതാംകൂർ ഗവണ്മെന്റിനെ സഹായിക്കാനുള്ള പ്രാപ്തിയില്ല. ഇക്കാരണങ്ങളാലാണ് ഏററവും വിദഗ്ദ്ധമായ രീതിയിൽ ഇവിടത്തെ വ്യവസായങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ഞാൻ പറയുന്നത്.

നാം ഒരു വിദഗ്ദ്ധക്കമ്മിററിയെ ഉണ്ടാക്കാൻ പോകുന്നു; അതുകൊണ്ടു ഈ വ്യവസായങ്ങൾക്കെല്ലാം എന്തോ കുഴപ്പമുണ്ടു്, അക്കാരണത്താൽ ഇവിടത്തെ മാർക്കററിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കും എന്ന് ചിലർ ഭയപ്പെടുന്നു. അതിൽ യാതൊരു് പരമാർത്ഥം ഇല്ലാതേയുമില്ല ഈ വ്യവസായങ്ങളിൽ കൂടുതലായി മുതൽ മുടക്കിയിരിക്കുന്നതു് ഗവണ്മെന്റിൽനിന്നുമാണു. വെളിയിൽനിന്നും വളരെ ചെറിയ മുതൽമുടക്കു മാത്രമേയുള്ളു. ഈ ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസിന് ഇൻഡ്യാഗവണ്മെന്റിൽനിന്നും മുതൽ മുടക്കുന്നതിനെ സംബന്ധിച്ച് യാതൊരു മടിയും വിചാരിക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ അതു് ഒരു ദേശീയാവശ്യമാണ്, അതോടുസംബന്ധിച്ച് ഉണ്ടാകുമായിരിക്കുന്ന ഫോറസ്റ്റ് ഇൻഡസ്ട്രീസിനും പണം മുടക്കുവാൻ

[Mr. K. A. Muhammed]

ഇൻഡ്യാ ഗവണ്മെൻറു് മഠി വിചാരിക്കുകയില്ല. അടുത്തതു് അവിടത്തെ സിമൻറു ഫാക്ടറിയാണു്. ഇവിടെ ധാരാളം ഉപയോഗമുള്ള ഒരു സാധനമാണു് സിമൻറു്. അതിൻെറ മാർക്കററു് മുഴുവൻ തിരുവിതാംകൂർതന്നെ മതിയാകും. ടൈററാനിക്ക് പ്രോഡക്ടസ്സ് ആണെങ്കിൽ മുഴുവൻതന്നെ ഗവണ്മെൻറിൻെറ ഒരു പ്രത്യേകം കുത്തകയാണു്. അതുകൊണ്ടു ഈ പറഞ്ഞ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വിദഗ്ദ്ധ കമ്മിററിയെ നിയമിക്കുന്നപക്ഷം എന്തെങ്കിലും ദോഷമുണ്ടാകുമെന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ വിഷമമായിരിക്കുന്നു.

മറെറാരു ഭയം, പല കമ്പനികളുമായി ഗവണ്മെൻറു് ചില എഗ്രിമെൻറുകളും ചില വ്യവസ്ഥകളും ചില കരാറുകളും ചെയ്തിട്ടുണ്ടു്. അവയെല്ലാം ഒരു മിനിട്ടുകൊണ്ടു് ലംഘിച്ചു് വേണ്ടെന്നു വയ്ക്കുവാൻ സാദ്ധ്യമാണോ എന്നാണു. കാൺഗ്രസ് തന്നെ ഇതിനു് മുമ്പു് പല അവസരങ്ങളിലും പറഞ്ഞിട്ടുണ്ടു്, അന്നത്തെ ഗവണ്മെൻറ് വിദേശങ്ങളിൽ നിന്നും വ്യവസായികളെ വിളിച്ചുവരുത്തി വ്യവസായ സംരംഭങ്ങൾക്കുവേണ്ടി എന്തെല്ലാം ഉടമ്പടികൾ ചെയ്തിരുന്നാലും അടുത്തുവരുന്ന ജനകീയ ഗവണ്മെൻറു് ആ വക ഉടമ്പടികളേയും കരാറുകളേയുമെല്ലാം പുനഃപരിശോധന ചെയ്തു് വിവേചനം ചെയ്യുന്നതിനു് ശേഷമേ സ്വീകരിക്കുകയുള്ളു എന്നു്. ആ നയമാണു് ഇന്നത്തെ ഗവണ്മെൻറു് തുടരാൻ പോകുന്നതെങ്കിൽ എൻെറ പ്രമേയത്തിലുൾക്കൊള്ളുന്ന കാര്യങ്ങൾ ഈ സഭയ്ക്കും ഗവണ്മെൻറിനും സ്വീകരിക്കുന്നതിൽ യാതൊരു വൈഷമ്യവുമില്ല. ഈ രാജ്യത്തെ ശ്രേയസ്സിനേയും നന്മയേയും ലാക്കാക്കിക്കൊണ്ടു രാജ്യത്തെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹത്തോടുകൂടിയും ഇന്നു രാജ്യത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിവിധങ്ങളായ വിഷമ പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരമാർഗ്ഗം പുരോഗമനപരമായ വ്യവസായീകരണം ഒന്നുമാത്രമാണെന്നു വിശ്വസിച്ചുകൊണ്ടുമാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബരന്മാർ ഈ പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങളെ നിഷ്പക്ഷമായി പരിശോധിച്ചു് ഈ പ്രമേയത്തെ അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

MR. P. BALAKRISHNAN TAMPI: Sir, I am glad that—

MR. ABDUL AZIZ: Does the member second the resolution, for it is only after seconding, further discussion could be proceeded with.

MR. P. BALAKRISHNAN TAMPI: No, Sir.

MR. MOHAMMED MUSTAFA : സർ, എന്റെ ബഹുമാന്യസ്നേഹിതൻ മി: മഹമ്മദ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഗവണ്മെൻറ് മുതൽ മുടക്കി നടത്തിവരുന്ന വ്യവസായത്തെ സംബന്ധിച്ച് ഒരു വിദഗ്ദ്ധകമ്മററിയെ നിയമിച്ച് അന്വേഷണം നടത്തണമെന്നാണ് പ്രമേയം. ഈ രാജ്യത്തെ വ്യവസായങ്ങളെ സംബന്ധിച്ച്, ഗവണ്മെൻറ മുതൽ മുടക്ക് നടത്തിവരുന്ന ചില പ്രത്യേക വ്യവസായങ്ങളെ സംബന്ധിച്ച് പ്രത്യേകമായും, വളരെ ആശങ്കാജനകമായ അഭിപ്രായഗതിയാണ് ഈ രാജ്യത്ത് ഉള്ളതെന്ന് പറയേണ്ടിയിരിക്കുന്നു. ഈ വസ്തുത ഇപ്പോൾ ആദ്യമായിട്ടല്ല ഈ സഭയിൽ പറയുന്നത്. ഈ രാജ്യത്തെ പല ഭാഗങ്ങളിൽ നിന്നും ഇതിനു മുമ്പ് വളരെ ശക്തിയായ ഭാഷയിൽ ഈ സഭയിലെ ഭരണപക്ഷ കക്ഷിയിൽ പെട്ട പല പ്രമുഖ അംഗങ്ങൾതന്നെ പറഞ്ഞിട്ടുള്ള അഭിപ്രായം ഞാൻ ഇവിടെ ആവർത്തിക്കുന്നു എന്നുമാത്രമേയുള്ളു.

എന്തെങ്കിലും ഒരു വ്യവസായം ഇവിടെ തുടങ്ങുമ്പോൾ അതിന് കാരണമായി അന്നത്തെ ഗവണ്മെൻറ് പറഞ്ഞത് ഇവിടത്തെ അസംസ്കൃത സാധനങ്ങൾ ശരിയായി സംസ്കരിച്ചിട്ട് രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമായി മററു രാജ്യങ്ങളിൽ വളരെ ആദായകരമായ നിലയിൽ വിററഴിക്കുന്നതിന് പര്യാപ്തമായുമുള്ള ഒരു വ്യവസായ പദ്ധതി ഗവണ്മെൻറ് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് അങ്ങനെ ചെയ്യുന്നതെന്നാണ്. ഇവിടെ ഗവണ്മെൻറിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങളിൽ ഓരോന്നിനേയും എടുത്തു പ്രത്യേകം നോക്കുന്ന പക്ഷം ഗവണ്മെൻറ് ചെയ്തിട്ടുള്ള ആ പ്രസ്താവനകൾ ശരിയായി പ്രായോഗികമായിട്ടില്ലെന്ന് പറയേണ്ടിയിരിക്കുന്നു. റയൺസ് വ്യവസായം ഇവിടെ ആരംഭിക്കുവാൻ തുടങ്ങിയപ്പോൾ നമ്മുടെ വനങ്ങളിൽ ധാരാളമായി കണ്ടുവരാറുള്ള ഈററ ആ വ്യവസായത്തിന് ഏററവും പററിയതാണെന്നും ഈ വ്യവസായം ആരംഭിക്കുന്നപക്ഷം ഒരു പ്രയോജനവുമില്ലാതെ അവഗണിക്കപ്പെട്ടിരിക്കുന്ന ആ വസ്തുത ഈ രാജ്യത്തു വലിയ സമ്പൽസമൃദ്ധിയുണ്ടാക്കുവാൻ പര്യാപ്തമാകുമെന്നും അന്ന് ഗവണ്മെൻറ് പറഞ്ഞിരുന്നത്. എന്നാൽ കമ്പനി പ്രവർത്തനം തുടങ്ങിയപ്പോൾ നമ്മുടെ രാജ്യത്തുള്ള ഈററ വേണ്ടതരത്തിൽ ഉപയോഗിക്കുന്നില്ലെന്നു കാണുവാൻ സാധിക്കും. ഇന്നു ആ വ്യവസായത്തിന്റെ ആവശ്യമുള്ള ചില അസംസ്കൃത സാധനങ്ങൾ വിദേശങ്ങളിൽനിന്നും വരുത്തി...

[Mr. Mohammed Mustafa]

ത്തിച്ചുകൊണ്ടിരിക്കുന്നതായി നാം അറിയുന്നു. അതുപോലെതന്നെ ഒരു അലൂമിനിയം ഫാക്ടറി ഈ രാജ്യത്തു് തുടങ്ങുവാൻ ആവശ്യമുള്ള അലൂമിനിയം ലോഹം നമ്മുടെ രാജ്യത്തു് ഉണ്ടെന്നാണ് നമ്മുടെ ഗവണ്മെൻറു് പറഞ്ഞതു്. എന്നാൽ അന്യരാജ്യങ്ങളിൽ നിന്നുമാണ് അലൂമിനിയം ഫാക്ടറിയുടെ ആവശ്യത്തിന് അതു് വരുത്തിക്കൊണ്ടിരിക്കുന്നതെന്നറിയുന്നു. ഇങ്ങനെ ഓരോ വ്യവസായങ്ങളേയും എടുത്തു നോക്കിയാൽ നമ്മുടെ രാജ്യത്തുള്ള അസംസ്കൃത സാധനങ്ങളല്ല അവിടെ ഉപയോഗിക്കുന്നതെന്നും അഥവാ ഉപയോഗിക്കുന്നുണ്ടെങ്കിൽ അതു മററു രാജ്യങ്ങളിൽ ഉപയോഗിക്കുന്നതുപോലെ ഉപയോഗിക്കുന്നില്ലെന്നും കാണാവുന്നതാണ്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് തന്നെ തടികൾ എത്രത്തോളം ദുർവിനിയോഗം ചെയ്യുന്നുണ്ട്, അതുകൊണ്ടു് രാജ്യത്തു അതുക്കെങ്കിലും ഗുണമുണ്ടാകുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ഈ വ്യവസായങ്ങളുടെ മാനേജുമെൻറുകൾ എല്ലാംതന്നെ അന്യരാജ്യക്കാരാണ്. ഈ രാജ്യത്തു് അതിനു കെല്പുള്ള ആളുകൾ ഇല്ലാഞ്ഞിട്ടല്ല ഇങ്ങനെ സംഭവിച്ചിരിക്കുന്നതു്. ആ നില നമ്മുടെ ദേശീയ ഗവണ്മെൻറു് വരുന്ന കാലത്തു് മാററുമെന്ന് സാമാന്യ ജനങ്ങൾ ധരിച്ചിരുന്നു. ദേശീയ ഗവണ്മെൻറു് വരികയും കുറേനാൾ ആ ഗവണ്മെൻറു ഇവിടെ ഭരണം നടത്തുകയും ചെയ്തു. എന്നിട്ടും കാര്യങ്ങൾ പഴയപടിതന്നെ പോകുന്നതുകൊണ്ടു് ഒരു ദേശീയാധിഷ്ഠാനത്തിൽ ഈ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള യാതൊരു ശ്രമങ്ങളും ഇതുവരെയായിട്ടും ഈ ഗവണ്മെൻറു് ചെയ്തു കാണാത്തതുകൊണ്ടാണ് ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടത്തെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം പഴയ നില മാറേണ്ടതു് വളരെ ആവശ്യമാണ്. ഈ രാജ്യത്തു് ബാങ്കുകൾ നടത്തുന്നതിനു വളരെ വിദഗ്ദ്ധന്മാരായ ആളുകൾ ഉണ്ടെന്നുള്ളതു് വളരെ സുപ്രസിദ്ധമാണ്.

ഗവണ്മെൻറു് മുതൽമുടക്കി നടത്തുന്ന ട്രാവൻകൂർ ബാങ്കിൻെറ മാനേജുമെൻറു് വഹിക്കുന്നതു് ഈ രാജ്യത്തുകാരനല്ല. ബാങ്കിംഗ് പ്രവർത്തനത്തിൽ വിദഗ്ദ്ധന്മാരായ ആളുകൾ ഈ രാജ്യത്തുള്ളപ്പോൾ വിദേശത്തുകാരനായ ഒരാളിനെ ഇവിടെ കൊണ്ടുവരേണ്ട ആവശ്യം ഇല്ലായിരുന്നു. ഇന്നും നാട്ടുകാരുടെ വകയായി വളരെ വമ്പിച്ച തോതിൽ അനേകം ബാങ്കുകൾ ഇവിടെ നടക്കുന്നുണ്ട്. അങ്ങനെ ഏററവും

കാര്യക്ഷമമായ വിധത്തിൽ ഈ കാര്യം നിർവഹിക്കുവാൻ ഇവിടെ ആളുകൾ ഉള്ളപ്പോൾ അതിലേക്ക് രാജ്യത്തിനു പുറത്തു നിന്നും ആളുകളെ ഇവിടെ ഇംപോർട്ട് ചെയ്യുന്നതു് ന്യായീകരിക്കാവുന്നതല്ല. ഈ നിലകളെല്ലാംതന്നെ ദേശീയഗവണ്മെൻറ് മാററുമെന്നാണ് പ്രതീക്ഷിച്ചിരുന്നതു്. പക്ഷെ പ്രതീക്ഷയ്ക്കനുകൂലമായി സംഭവങ്ങൾ കാണാതിരിക്കുന്നതുകൊണ്ടു മാത്രമാണ് ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരാൻ ഇടയായതു്. അതുപോലെ നാട്ടുകാർ മാത്രം നടത്തുന്ന പല വ്യവസായങ്ങളും ഇവിടെയുണ്ടു്. ആ വ്യവസായങ്ങൾക്കു അതു് അർഹിക്കുന്ന വിധം പ്രോത്സാഹനമില്ല. ഗവണ്മെൻറു മുതൽ മുടക്കി തുടങ്ങിയിരിക്കുന്ന വ്യവസായങ്ങൾക്ക് വളരെ വമ്പിച്ച തോതിലുള്ള പ്രോത്സാഹനങ്ങളും സൗജന്യങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു. അത്തരം വ്യവസായങ്ങൾക്ക് ഗവണ്മെൻറ് വിട്ടുകൊടുക്കുന്ന സ്ഥലങ്ങൾക്ക് വച്ചിരിക്കുന്ന വിലയും നാട്ടുകാരായ സ്വകാര്യ ഉടമസ്ഥന്മാരുടെ വകയായി നടത്തപ്പെടുന്ന മററു് കമ്പനികൾക്കായി വിട്ടുകൊടുത്തിട്ടുള്ളതും പ്രസ്തുത സ്ഥലത്തോടു തൊട്ടു കിടക്കുന്നതും ആയ സ്ഥലങ്ങൾക്ക് വച്ചിട്ടുള്ള വിലയും തമ്മിൽ വലിയ അന്തരമുണ്ടു്. ഗവണ്മെൻറ് ചെയ്തുകൊടുക്കുന്ന സൗകര്യങ്ങൾക്കും സഹായങ്ങൾക്കും അനുസരണമായ പുരോഗതി ഈ വ്യവസായങ്ങൾക്ക് ഉണ്ടാകുന്നുമില്ല. ഈ എല്ലാം കാര്യങ്ങളെപ്പററിയും ശരിയായി അന്വേഷിച്ചു് ഇവിടത്തെ നാട്ടുകാരുടെ മാനേജ്മെൻറിൽ തന്നെ ഏററവും ലാഭകരമായ വിധത്തിൽ ഈ വ്യവസായങ്ങൾ നടത്തുവാൻ കഴിയുമോ എന്നും അതിന് എന്തെല്ലാമാണ് ഗവണ്മെൻറു സ്വീകരിക്കേണ്ട നടപടികൾ എന്നും നിർദ്ദേശം നൽകാൻ ഒരു കമ്മററിയെ നിയമിക്കേണ്ടതു് ഏററവും ആവശ്യമാണെന്നാണു് എൻേറയും അഭിപ്രായം.

ഈ കാര്യത്തിന് ഒരു വാദതടസ്സം കൊണ്ടുവരാവുന്നതാണ്. ഇവിടത്തെ വ്യവസായങ്ങളെപ്പററി നാം ഇങ്ങനെ ചർച്ച ചെയ്യുന്ന പക്ഷം, അതായതു്, ഇവിടത്തെ വ്യവസായങ്ങളെല്ലാം അധഃപ്പതിച്ചിരിക്കുകയാണെന്ന വാദം ഉണ്ടായാൽ ഈ കമ്പനികളുടെ ഷെയർ വാല്യു കുറഞ്ഞുപോകുവാൻ ഇടയാക്കിത്തീർക്കുകയില്ലേ എന്നാണ് ആ ഭയം. ഞാൻ ചോദിക്കുന്നു, ഈ ഷെയർ വാല്യു കൂടിയിട്ടു നമുക്കെന്തുവേണമെന്നു്. ഷെയർ വാല്യു കൂടിയാലും കുറഞ്ഞാലും ഈ കമ്പനികളുടെ പ്രവർത്തനത്തെയാണു നാം കാര്യമായി നോക്കേണ്ടതു്. കമ്പനിയുടെ പുരോഗതിയെ മാത്രം ലാക്കാക്കിയ നാം നടത്തുന്ന ഏതു

[Mr. Muhammed Mustafa.]

നടപടികൾ കൊണ്ടും വ്യവസായത്തിന് മാന്ദ്യം സംഭവിക്കാൻ പോകുന്നില്ല. ഷെയർ വാല്യു ഒരു പക്ഷെ കുറഞ്ഞതുകൊണ്ട് വലിയ നഷ്ടമൊന്നും ആ കമ്പനികൾക്ക് ഉണ്ടാകാൻ പോകുന്നുമില്ല. നമ്മുടെ വ്യവസായശാലകളിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റ് ഉണ്ടോ എന്നും അവയ്ക്കു ശരിയായ വില കിട്ടുന്നുണ്ടോ എന്നും നാം ആലോചിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയുമാണ് വേണ്ടത്. വെറും പബ്ലിസിറ്റികൊണ്ട് ഷെയർ വാല്യു കൂട്ടിക്കിട്ടുന്നു എന്നുവച്ചു യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു ഷെയർവാല്യുവിന്റെ കാര്യത്തിൽ ഇത്രവളരെ പരിഭ്രമിക്കുവാൻ ഒന്നുമില്ല. അതിനാൽ നമ്മുടെ വ്യവസായങ്ങൾ ഏറ്റവും ഫലപ്രദമായ വിധത്തിൽ മുമ്പോട്ടു കൊണ്ടുപോകുന്നതിന് പര്യാപ്തമായ വിദഗ്ദ്ധോപദേശം നൽകുവാൻ ഒരു കമ്മിറ്റിയെ രൂപീകരിക്കേണ്ടതാണ്. ഏറ്റവും വൈദഗ്ദ്ധ്യമുള്ള ഒരു കമ്മിറ്റിയായിരിക്കണം അതിനുണ്ടായിരിക്കേണ്ടത്. ഗവൺമെന്റ് ഇതിനു മുമ്പ് ചെയ്തിട്ടുള്ളതുപോലെ ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ഇതേപ്പറ്റി അന്വേഷണം നടത്തിയതുകൊണ്ട് യാതൊരു വിശേഷവും ഇല്ല. പ്രധാന കാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ആളുകൾ നമ്മുടെ രാജ്യത്തുണ്ടു. അവരുടെ സേവനങ്ങൾ ഉപയോഗിച്ച് ഇതേപ്പറ്റി അന്വേഷണം നടത്തുകയാണു വേണ്ടത്. അതു സംബന്ധിച്ച എന്തെങ്കിലും നടപടികൾ നടത്തുന്നതുകൊണ്ടോ അല്ലെങ്കിൽ സ്വതന്ത്രമായി ഇവിടെ ഇതേപ്പറ്റി ചർച്ചകൾ നടക്കുന്നതുകൊണ്ടോ ഷെയർ വാല്യു കുറഞ്ഞുപോകുമെന്നു പറയുന്നതിൽ വലിയ അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. നേരെ മറിച്ച് മറ്റ് പൗരസ്ത്യ രാജ്യങ്ങളിലും പാശ്ചാത്യരാജ്യങ്ങളിലും നടത്തുന്നതുപോലെ നമ്മുടെ വ്യവസായശാലകൾ ഏറ്റവും ആധുനികവും ആദായകരവുമാക്കിത്തീർക്കുവാൻ ഇപ്രകാരമൊരു വിദഗ്ദ്ധകമ്മിറ്റിയെ നിയമിക്കുന്നതു സഹായമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

MR. P. BALAKRISHNAN THAMPI: Sir I am glad that the different parties of the House are one when it comes to a matter which touches the larger interests of the State. I am glad that Mr. Muhammed evinces a deep interest to conserve the future finances of this State. I am also glad that Mr. Muhammed is one who is more familiar with high finance than I can ever claim to be. Therefore, I am quite in sympathy with the spirit of the resolution

although I have to oppose it in the present form. I know that the resolution has proceeded from a commendable public-spiritedness and from an anxiety to conserve, the best interests of the State. I oppose the resolution for, I am afraid, that the resolution may lend itself to the interpretation that the finances of the State or at any rate the finances of the industrial ventures are in a very delicate state. Such a discussion on the floor of the House regarding our commercial ventures would not, I can assure the House, add to the share value thereof. These industrial ventures were the greatest achievements of the Government which we have displaced. It is a matter for congratulation that at a time when we had been given to compete with the Government of India as it stood then—I would say the Government of British India as it stood then, and when every Indian State was competing with us, it is really a matter for congratulation that our Government managed to locate a fertiliser and chemical factory at Alwaye. Therefore this Government was very wise in getting the services of the ablest man in that line in India today who is considered to be the greatest authority in Chemical Industries. I refer to one individual who has acquired invaluable experience, rather technical experience of work in the Mettur industries, who was persuaded to take an abiding interest in this venture, and who on all accounts I am glad to tell, is handl-ing one of the most successful ventures in the whole of the East.

MRS. K. A. MUHAMMED: May I know the name of that expert who advises Government?

MR. P. BALAKRISHNAN THAMPI: He is so well-known that I need not mention his name not that I am unwilling to make anything like a disclosure.

MR. K. A. MUHAMMED: At least for my information only?

MR. P. BALAKRISHNAN THAMPI: It is Mr. Seshasayee. (*Laughter.*)

Then, supposing it is the other way about, that this is all a bogus affair and that we made a mistake in investing so many lakhs of rupees in this venture. If it is not a profitable one then is it not foolish on our part to advertise that the concern is a liability to our Government. Therefore, even if it is a foolish venture, financially a very ill advised step, it is in our own interests not to say anything which would bring down the share value.

MR. T. A. ABDULLA: May I ask, has not the mischief already been done?

MR. P. BALAKRISHNAN THAMPI: Not by such men as Mr. Muhammed, but by certain financial interstatal swindlers who wanted to create a panic in the share market and bring down the share value so that they may gamble and make fortunes out of it. Thanks to the Government and the public sense of the educated people they have not encouraged that sort of propaganda against an industrial venture. The Honourable Minister for Industries has given the

[Mr. P. Balakrishnan Thampi]

assurance that there was nothing to get panicky about this venture and the suggestion that all is not well in this trade is not founded on any fact. Therefore I would appeal to the Honourable Member, the mover of this resolution to withdraw it. I do understand that there is necessity for Government to be very vigilant in an affair where so many lakhs and lakhs have been spent. When I say that it is no disparagement to the present Ministers or to the Finance Minister. When I strongly urge that there is necessity for technically qualified people to look into this matter, I am not criticising the thing. For the matter of that, it is not only in this venture but in everything where anything more than general education is required, especially in a democractic Government based on adult suffrage, some Brain-Trust or a competent body of men who are versed in finance or industry or science is needed. I am confident that this Government also will utilise the services of such people not only for advising them in regard to a particular industry or trade but in all matters which require a specialized knowledge of certain things which do not come within the scope of general education. In the matter of dealing with customs, industrial affairs, dealing with the Centre, readjustment of debts or liabilities—in all these things, every Government might not only require the services of the people who are specially qualified to look into the matter but also give special training to their staff and I am sure this Government would not hesitate to utilise the services of a permanent body, rather a committee of experts who may be available in this land. But one afternoon to suggest the starting of an enquiry into the basis of the various industries in the State and say that all is wrong in respect of the Fertilisers and Chemicals at Alwaye would not be a very wise thing. Then the talk will go round that the whole scheme is a failure and it will greatly react on our finances. That will affect all our finances in the same way. I may turn to the expert officer who has just left us. Out of our magnanimity he was allowed to render his services to the Dominion. Some such man, or I may use the plural form men, should be there to advise the Government in all matters wherever expert advice is needed. Without elementary data it is difficult to believe that the Government started on this venture. We have come to the stage of production to the envy of the rest of India. We can produce the most useful chemicals. Due to embarrassment of our partners some reluctance is in evidence to spend large sums of money. Here I refer to the Government of Cochin and the Government of Madras. We must not do anything or say anything which will give a tendency to diminish the value of the shares. Therefore, it will be very clear by this time that I do not substantially differ from the mover. The object of the resolution is to focus public attention on this thing. It has been achieved and I believe that in the larger

interests of the State the mover would withdraw the resolution after hearing an explanatory statement from the Minister concerned.

MR. V. O. MARKOSE: സർ, മാന്യസ്നേഹിതൻ മി. കെ. എ. മഹമ്മദ് അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ ശരിയായി മനസ്സിലാക്കിക്കൊണ്ടുതന്നെ ഞാൻ ആ പ്രമേയത്തെ എതിർക്കുന്നു. പ്രമേയം അവതരിപ്പിച്ചതിൽ അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികളുടെ പ്രായോഗികതയെ സംബന്ധിച്ചും, അത് എത്രത്തോളം ബുദ്ധിപൂർവ്വകമായിരിക്കും എന്നും ആലോചിക്കുമ്പോൾ ഈ പ്രമേയത്തെ എതിർക്കാതെ നിവൃത്തിയില്ല. അന്വേഷണം നടത്തേണ്ടതിന് അദ്ദേഹം പറഞ്ഞിട്ടുള്ള കാരണങ്ങൾ തൃപ്തികരമല്ല. കാരണങ്ങളെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞതിന് പ്രധാനമായ ഒരു സംഗതി, തിരുവിതാംകൂർ ഗവൺമെന്റിൽനിന്നും പണം മുടക്കീട്ടുള്ള വ്യവസായകമ്പനികളുടെ ഷെയറുകൾക്ക് മാർക്കറ്റിൽ വില വളരെ കുറവായിരിക്കുന്നതുകൊണ്ട് ആ വ്യവസായങ്ങൾക്ക് അല്ലെങ്കിൽ കമ്പനി നടത്തിപ്പിനു എന്തോ ദൂഷ്യങ്ങളുണ്ടെന്നു വിചാരിക്കുന്നതിന് ന്യായമുണ്ടെന്നുള്ളതാണ്, എന്നു ഞാൻ ഊഹിക്കുന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായിട്ട് മണിമാർക്കറ്റിലും ഷെയർ മാർക്കറ്റിലും വന്നിട്ടുള്ള വ്യത്യാസം നോക്കിയാൽ ഏതൊരു കമ്പനിയേ സംബന്ധിച്ചിടത്തോളവും ആ കമ്പനിയുടെ ആദായമുണ്ടാകുന്നതിനുള്ള സാദ്ധ്യതകളെ ആശ്രയിച്ചല്ല, അവയുടെ സെക്യൂരിറ്റിയെ അടിസ്ഥാനപ്പെടുത്തിയോ, അല്ല ഷെയറിന്റെ വില നില്ക്കുന്നതെന്ന് പ്രത്യക്ഷമായി കാണാവുന്നതാണ്. വളരെ വിലക്കൂടുതൽ ഉണ്ടായിരുന്ന കമ്പനികളുടെ ഷെയറുകൾക്ക് ഇന്നത്തെ മാർക്കറ്റിൽ വളരെ വിലക്കുറവായിട്ടാണ് കാണുന്നത്. സിൻഡ്യാ-സ്റ്റീം നാവിഗേഷൻ കമ്പനി, ടാറ്റാ ഗ്രൂപ്പുകമ്പനികൾ മുതലായ വലിയ കമ്പനികളെ സംബന്ധിച്ചിടത്തോളവും പോലും ഇപ്പോഴത്തെ സ്ഥിതി ഇതുതന്നെയാണ്. ഗിൽറ്റ് എഡ്ജ്ഡ് സെക്യൂറിറ്റീസ് എന്നു വിചാരിക്കുന്ന ഗവൺമെന്റ് ഓഫ് ഇൻഡ്യായുടെ സെക്യൂറിറ്റീസിനുതന്നെ മാർക്കറ്റിൽ വില മുമ്പിലത്തേതിൽ കുറവായിട്ടാണിരിക്കുന്നത്. ഷെയറുകളുടെ വില മാർക്കറ്റിൽ കുറവായിരിക്കുന്നത് കമ്പനികളുടെ അല്ലെങ്കിൽ വ്യവസായസ്ഥാപനങ്ങളുടെ ദൂഷ്യമോ പരിതാപകരമായ സ്ഥിതിയോ കൊണ്ടാണെന്നു പറയുന്നത് ശരിയല്ല. സർ, മറ്റൊരു കാരണമായിട്ടു പറഞ്ഞത് ഒരു negative argument ആണ്.

[Mr. V. O. Markos.]

അതായതു് അന്വേഷണം നടത്തണമെന്നു നിശ്ചയം പാസാക്കിയതുകൊണ്ടു ആ വ്യവസായങ്ങൾക്കു് എന്തെങ്കിലും തകരാറുണ്ടെന്നനുമാനിച്ചുകളം എന്നു വിചാരിക്കുന്നതിൽ അർത്ഥമില്ലെന്നു അതിനു മറുപടി പറയേണ്ട ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം, ഷെയർ വാല്യൂ ഇപ്പോഴത്തെ മാർക്കററിൽ കൂടിയോ കുറഞ്ഞോ ഇരിക്കുന്നതു് വ്യവസായങ്ങളുടെ ഭദ്രതയെ ആശ്രയിച്ചല്ല എന്നു പറഞ്ഞതു തന്നെ അതിനു് തക്കതായ മറുപടി ആണെന്നു വിചാരിക്കുന്നു. പിന്നെ ഒന്നു പറഞ്ഞതു് ഇന്നു് സാധാരണ ജനങ്ങളുടെ ഇടയിൽപോലും, മുമ്പു്, പല വ്യവസായങ്ങളിലും ഗവൺമെൻറു് പ്രദർശിപ്പിച്ചുവന്നിരുന്ന മനോഭാവത്തെപ്പററിയും പ്രവർത്തനരീതിയെപ്പററിയും ഉണ്ടായിരുന്ന ഭയം നീങ്ങിയിട്ടില്ല എന്നാണു്. എന്നാൽ അന്നു് അതിനു് കാരണം ഉണ്ടായിരുന്നു. ഇന്നു് വസ്തുതകൾ പാടെ മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണു് എനിക്കു പറയുവാനുള്ളതു്. അതായതു് ആ വ്യവസായങ്ങളിൽ പലതും രാജ്യത്തിനു് സ്ഥായിയായ ഗുണം കിട്ടുന്നതിനുള്ള പന്ഥാവിൽകൂടി ഗവൺമെൻറു് നിയന്ത്രിച്ചുവരുന്നു എന്നുള്ളതുകൊണ്ടു് ആ ഭയത്തിനു് ഇനി അവകാശമില്ല. മറെറാരു കാരണം പറഞ്ഞതു് ഈ വ്യവസായങ്ങളിൽ പലതും നടത്തുന്ന ഫാക്ടറികൾക്കു്, പണിതീർന്നുകൊണ്ടിരുന്ന കാലത്തു പല വലിയ പാഴ്ചെലവുകൾക്കും ഇടവന്നിട്ടുണ്ടെന്നും അഴിമതികൾ ഇപ്പോഴും നടക്കുന്നുണ്ടെന്നുമാണു്. അതിനുള്ള പ്രതിവിധി ഈ കമ്പനികളെപ്പററി അനാവശ്യമായ അന്വേഷണം നടത്തി കൂടുതൽ കുഴപ്പത്തിനിടയാക്കുക എന്നുള്ളതല്ല. പിന്നെയോ, അഴിമതികൾ അല്ലെങ്കിൽ പ്രവർത്തനദൂഷ്യങ്ങൾ അവിടെയുണ്ടെങ്കിൽ അവയെ മനസ്സിലാക്കി പരിഹരിക്കുന്നതിനു് ശ്രമിക്കുക എന്നുള്ളതാണു് ആവശ്യം. അവയെ മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനും, ചുമതലയുള്ള മന്ത്രിയും ഗവൺമെൻറു ഡയറക്ടർമാരും ചുമതലാബോധത്തോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടു ധാരാളം മതിയാകുന്നതാണു്. ഇതിനുമുമ്പു് ഈ കമ്പനികളുടെ പ്രവർത്തനത്തിൽ ഗവൺമെൻറു ഡയറക്ടറന്മാർ വേണ്ടിടത്തോളം ഔൽസുക്യം കാണിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ഇന്നാണെങ്കിൽ ജനകീയഗവൺമെൻറാണു് ഇവിടെ ഉള്ളതു്. ഈ കമ്പനികളിൽ ഗവൺമെൻറു ഡയറക്ടറന്മാരായി നിയമിക്കേണ്ടതു്, ഗവൺമെൻറിനും രാജ്യത്തിലെ ജനങ്ങൾക്കും വിശ്വാസമുള്ളവരും, പൊതുതാൽപര്യങ്ങളേയും ആവശ്യങ്ങളേയും സംരക്ഷിക്കത്തക്ക വിധത്തിൽ പ്രവർത്തിക്കുന്നതിനുള്ള മനഃസ്ഥിതി ഉള്ളവരുമായ ആളുകളും ആയിരിക്കണം.

അങ്ങനെ ഉള്ളവരെ നിയമിക്കുന്നതായാൽ മുൻപറഞ്ഞ പ്രവൎത്തനദൂഷ്യങ്ങളെ മനസ്സിലാക്കുന്നതിനും അവയെ പരിഹരിക്കുന്നതിനും സാധിക്കുമെന്നാണ് എൻെറ അഭിപ്രായം. ചില കമ്പനികളുടെ പ്രവൎത്തനം സംബന്ധിച്ച് വില തീരാത്ത വലിയ ഏരിയാകൾ കാടുവെട്ടി നശിപ്പിക്കുകയുണ്ടായിട്ടുണ്ട് എന്നുകൂടി ഒരു കാരണമായി പറഞ്ഞു. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിൻെറ ഫാക്ടറി നടത്തുന്നതിന് ആവശ്യമുള്ളത് ഫയർ വുഡ്സ് ആണ്. അത് എല്ലാവൎക്കും അറിയാം. ഫയർവുഡ് കൂടാതെ ഫാക്ടറി നടക്കയില്ല. ഫയർവുഡിന് കാടു വെട്ടുന്നതിനെപ്പറ്റിയും പല തെറ്റിദ്ധാരണകളും മെമ്പറന്മാൎക്കുണ്ട്. തിരുവിതാംകൂറിലെ കാടുകൾ എല്ലാം ഇപ്പോഴത്തെ നിലയിൽ എന്നും സംരക്ഷിക്കണമെന്നു പറയുമ്പോൾ അതു് ആശാസ്യമായ ഒന്നാണെന്നു പറയുവാൻ എനിക്കു നിവൃത്തിയില്ല. തിരുവിതാംകൂറിലെ വനങ്ങളുടെ സ്ഥിതിയെപ്പറ്റി നല്ല പരിചയം ഉള്ള ഒരാളിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതു് അവിടെ ഏഴുനൂറിൽ ചില്വാനം തരം മരങ്ങളുണ്ടെന്നാണ്. ലോകത്തിൽ മറ്റൊരിടത്തും ഇല്ലാത്തവിധത്തിൽ വിവിധതരത്തിലുള്ള വൃക്ഷങ്ങൾ ഇവിടെയുണ്ട്. എന്നാൽ ഇതു് അഭിമാനത്തോടുകൂടി പറയുന്നുവെങ്കിലും ഇതേവിധത്തിൽ വനങ്ങളെ സംരക്ഷിച്ചുപോരുന്നതുകൊണ്ടു സാമ്പത്തികമായി നമുക്കു മെച്ചമില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇവിടെ ഏഴുനൂറിൽ ചില്വാനം തരം വൃക്ഷങ്ങൾ ഉള്ളതിൽ നമുക്ക് വലിയ തോതിൽ തടി കിട്ടത്തക്കവയായിട്ടുള്ളവ തേക്ക്, ഈട്ടി, മുതലായ അപൂൎവ്വം ചില വൃക്ഷങ്ങൾ മാത്രമേയുള്ളു. മററുള്ളവ വ്യാവസായികമായ തോതിൽ തടി കിട്ടത്തക്കതല്ല. വനം ഒരു ധനാഗമമായ ഇതരരാജ്യങ്ങളിൽ വൃക്ഷങ്ങളുടെ തരം കുറവാണെങ്കിലും, ഉള്ളവ വലിയ തോതിൽ ലഭിക്കുന്നതും ശാസ്ത്രീയമായി വച്ചുപിടിപ്പിച്ചതുമാണ്. അതുകൊണ്ടു ഇവിടത്തെ വനമെല്ലാം വെട്ടി നശിപ്പിക്കണമെന്നല്ല ഞാൻ പറയുന്നതു്. ഈ വ്യവസായങ്ങൾക്കും മററും ആവശ്യമുള്ള തടി മുറിച്ചെടുക്കുകയും, ആ സ്ഥാനത്തു ധാരാളമായി തടി കിട്ടുകയും വേഗം വളരുകയും ചെയ്യുന്നതരം തടികൾ ശാസ്ത്രീയമായി വച്ചു പിടിപ്പിക്കയും ചെയ്യണമെന്നാണ്. ശാസ്ത്രീയമായ രീതിയിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയാണെങ്കിൽ ഒരു ഇരുപതുകൊല്ലംകൊണ്ടു നല്ല തടികൾ നമുക്ക് കിട്ടുന്നതാണ്. ആവിധത്തിൽ നാം ചെയ്യുന്നപക്ഷം ഇങ്ങനെ കാടു വെട്ടുന്നതുകൊണ്ടു ഒരു ദോഷവും ഉണ്ടാകാനില്ല. അതുകൊണ്ടു ഈ കാരണത്തിന്മേൽ കമ്പനികളുടെ പ്രവൎത്തനത്തെപ്പററി ഒരു അന്വേഷണം നടത്തേണ്ട ആവശ്യമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

[Mr. V. O. Markos]

കൂടാതെ സർ, ഈ പ്രമേയം പാസ്സായാൽ അതിന്റെ പ്രായോഗികവശങ്ങൾ എന്താണെന്നുകൂടി നാം നോക്കേണ്ടതാണ്. അത് ഇന്നിവിടെയുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരിൽ വളരെപ്പേർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഗവൺമെന്റ് ഓഹരികൾ എടുത്തിട്ടുള്ള എല്ലാ വ്യവസായങ്ങളും ജായിന്റ്സ്റ്റാക്ക് കമ്പനികളായി രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. അവയിൽ ഗവൺമെന്റിനുള്ള സ്ഥാനം, ഷെയറുകൾ എത്രയുണ്ടായിരുന്നാലും, ഒരു ഷെയർ ഹോൾഡറിന്റേതു മാത്രമാണ്. അതിൽ കൂടുതൽ അധികാരം ഗവൺമെന്റിനില്ല. കമ്പനിനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കമ്പനിയെ സംബന്ധിച്ച് എന്തെങ്കിലും ഇൻവെസ്റ്റിഗേഷൻ നടത്തണമെങ്കിൽ കമ്പനി നിയമപ്രകാരമുള്ള വ്യവസ്ഥയ്ക്ക് വിധേയമായിട്ടല്ലാതെ സാധിക്കയില്ലെന്നും നാം ഓർക്കേണ്ടതാണ്. ആ കമ്പനികളിൽ എന്തെങ്കിലും അഴിമതികളോ ദൂഷ്യങ്ങളോ ഉണ്ടെന്നു പരാതിയുള്ളപക്ഷം കമ്പനിനിയമപ്രകാരം ഇൻവെസ്റ്റിഗേററ് ചെയ്യുന്നതിന് ആളുകളെ നിയമിക്കാൻ ഗവൺമെന്റിനും അധികാരമുണ്ട്. അതല്ലാതെ ഈ പ്രമേയത്തിൽ വിഭാവന ചെയ്തിരിക്കുന്ന മാതിരി ഒരു അനൗദ്യോഗികകമ്മിററിയെ നിയമിച്ച് അന്വേഷണം നടത്തുകയാണെങ്കിൽ അതു നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനു പര്യാപ്തമാകയില്ലെന്നുള്ളത് നിസ്തർക്കമാണ്. എന്തെന്നാൽ ഈ നിയമസഭ ഈ പ്രമേയം പാസ്സാക്കി ഒരു കമ്മിററിയെ നിയമിച്ചാൽതന്നെയും ആ കമ്മിററി ഏതെങ്കിലും കമ്പനി ആഫീസിൽ ചെന്നാൽ അവിടെയുള്ള കണക്കുപുസ്തകങ്ങളോ മററു റിക്കാർഡുകളോ പരിശോധനയ്ക്ക് തരാൻ സാദ്ധ്യമല്ലെന്നു അവർ പറയുകയാണെങ്കിൽ അതനുസരിക്കയല്ലാതെ മററു ഗത്യന്തരമൊന്നുമില്ല. മാത്രമല്ല ഒരു കമ്പനിയെ സംബന്ധിച്ചിടത്തോളം പരസ്യമായുണ്ടാകുന്ന അന്വേഷണം എപ്പോഴും ദോഷമായിരിക്കുകയേ ഉള്ളൂ. അതിനാൽ കമ്പനിക്കാർ ഈവിധത്തിൽ അവരുടെ കണക്കുകളും മററും പരിശോധിക്കാൻ സമ്മതിക്കയില്ലെന്നേ വരൂ. അതുകൊണ്ട് പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നപോലെയുള്ള ഒരു കമ്മിററിയുടെ രൂപീകരണംകൊണ്ട് നാം ആഗ്രഹിക്കുന്ന വിധത്തിലുള്ള അന്വേഷണം നടത്തുന്നതിന് സാധിക്കയില്ലെന്നാണ് എനിക്കു തോന്നുന്നത്. എന്നിരുന്നാലും ഈ കമ്പനികളുടെ പ്രവർത്തനത്തിലൊ ഭരണത്തിലോ യഥാർത്ഥമായി വല്ല അഴിമതികളോ ദൂഷ്യങ്ങളോ ഉണ്ടെങ്കിൽ അതു് പരിഹരിക്കേണ്ടതു് ഏററവും അത്യാവശ്യമാണെന്നു ഞാൻ സമ്മതിക്കുന്നു. അതിലേക്കു ഭാവിയിൽ ഗവൺമെന്റു മുതൽ മുടക്കീട്ടുള്ള കമ്പ

നികളിൽ നമ്മുടെ വ്യവസായമന്ത്രിയും വിദഗ്ദ്ധന്മാരായ മററു ഉദ്യോഗസ്ഥന്മാരോ അനുദ്യോഗസ്ഥന്മാരോ ആയ ആളുകളും ഗവണ്മെൻറു ഡയറക്ടറന്മാരായിരുന്നാൽ ആവക ദോഷങ്ങൾ കണ്ടുപിടിച്ച് പരിഹരിക്കാൻ കഴിയുന്നതാണ്. അതല്ലാതെ നാം ഒരു കമ്മിററി ഉണ്ടാക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. മാനേജിംഗ് ഏജൻസികൾമൂലം പല കമ്പനികൾക്കും മുമ്പു ദൂഷ്യം വന്നിട്ടുണ്ടെന്ന് നാം കണ്ടിട്ടുണ്ട്. ആ ദൂഷ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ട ഭേദഗതികൾ കമ്പനിആക്ടിൽ വരുത്തിട്ടുണ്ട്. ഇനി മാനേജിംഗ് ഏജൻസിയുടെ ദൂഷ്യങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിലേക്കു ഈ പ്രമേയത്താൽ ഉദ്ദേശിക്കുന്ന കമ്മിററികൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഈ കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

MR. K. R. ELANKATH : സർ, ഈ പ്രമേയപ്രയോക്താവിൻെറ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എങ്കിലും അദ്ദേഹം എന്താണോ ഈ പ്രമേയംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് അതിനു വിപരീതമായ ഒരു ഫലമാണ് ഇതുകൊണ്ടുണ്ടാകാൻപോകുന്നത് എന്നുള്ള കാരണത്താൽ ഞാൻ അതിനെ എതിർക്കുകയാണ് ചെയ്യുന്നത്. അദ്ദേഹം പ്രധാനമായി ഉന്നയിച്ച വാദം സ്റ്റേററുകോൺഗ്രസ്സ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഇവിടത്തെ വ്യാവസായികസംരംഭങ്ങളെപ്പററി അന്വേഷണം നടത്തണമെന്ന് പലതവണ പറഞ്ഞിട്ടുണ്ടെന്നും എ. ററി. സി. സിയിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ടെന്നുമാണ്. അദ്ദേഹം ഒരു പ്രധാന സംഗതി വിസ്മരിച്ചുപോയി എന്നു പറയാതെ നിവൃത്തിയില്ല. ജനങ്ങളോട് യാതൊരുത്തരവാദിത്വവുമില്ലാതെ ജനങ്ങളുടെ ഹിതവും നന്മയും നോക്കാതെ സ്വന്തം ഉദ്ദേശങ്ങളാലും താല്പര്യങ്ങളാലും പ്രേരിതനായി അന്നത്തെ ഭരണാധികാരി ചില വമ്പിച്ച വ്യവസായപദ്ധതികളിൽ ഏർപ്പെട്ടതും വിദേശികളുടെ അധീനതയിലുള്ള വ്യവസായങ്ങളെ ന്യായരഹിതമായി പ്രോത്സാഹിപ്പിച്ചുപോന്നതും തീർച്ചയായും പ്രതിഷേധാർഹം തന്നെയായിരുന്നു. എന്നാൽ ഇന്ന് ആ ഭരണം അവസാനിച്ചിരിക്കുന്നു. ഇന്നിവിടെ നടക്കുന്നത് ജനകീയഭരണമാണ്. ജനങ്ങളോടും നിയമസഭയോടും ഉത്തരവാദിത്വമുള്ള ഒരു മന്ത്രിസഭയാണ് ഇന്നിവിടെ ഭരണം നടത്തുന്നത്. നമ്മുടെ വ്യാവസായികസംരംഭങ്ങളെ വിജയപ്രദമാക്കിത്തീർക്കുന്ന ചുമതല ജനകീയഗവണ്മെൻറിൽ സമർപ്പിതമായിരിക്കുന്ന ഈ ഘട്ടത്തിൽ ഈ വ്യവസായങ്ങളെ ഉദ്ധരിച്ചുകൊണ്ടുപോകാനുള്ള മാർഗ്ഗങ്ങളിൽക്കൂടി അല്ലാതെ നാം ചിന്തിക്കുകയും പ്രവർത്തി

[Mr. K. R. Elankath.]

ക്കുകയും ചെയ്യുകയാണെങ്കിൽ അതു രാജ്യത്തോടും ഭാവിതലമുറകളോടും ചെയ്യുന്ന ഒരു ദ്രോഹമാണെന്നു പറയാതെ നിവൃത്തിയില്ല. സർ സി. പി. രാമസ്വാമിഅയ്യർ അദ്ദേഹത്തിന്റെ കാലത്തു് പല വിദേശീയ താല്പര്യങ്ങളേയും സഹായിക്കുകയും വിദേശികൾക്കു് പല ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. ആലുവായിലെ ഒരു ഫാക്ടറിക്കു് ൧൧൩ ചതുരശ്രമൈൽ വനം വിട്ടുകൊടുത്തിട്ടുണ്ടു്. ഇലക്ട്രിസിറ്റി പാപനാശത്തുനിന്നും കിലോവാട്ട്സിന് ൧൧൦ രൂപാവച്ച് നാം വിലക്കു വാങ്ങുമ്പോൾ അതേസമയത്തു് ൭൨ രൂപാവച്ച് അലൂമനീയം കമ്പനിക്കു നമ്മുടെ ഇലക്ട്രിസിറ്റി കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിദേശീയതാല്പര്യമുള്ള ചില കമ്പനികളെ പ്രോത്സാഹിപ്പിക്കാനും അവയ്ക്കു് ആകർഷണീയമായ ലാഭമുണ്ടാകുന്നതിനും വേണ്ടിയാണു് അദ്ദേഹം ഇതെല്ലാം ചെയ്തതു്. ഇന്നു് ഈ വ്യവസായങ്ങൾ നമുക്കു് പ്രയോജനകരമാണെങ്കിൽ ഗവണ്മെന്റു് ഷെയറിവകയിലും വായ്പയായും ധാരാളം പണം മുടക്കിയിട്ടുള്ളതിനാൽ അവയെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും വിജയകരമായി മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്നതിനു ആ പദ്ധതികൾ ഇന്നത്തെ ഗവണ്മെന്റു് രൂപീകരിക്കുകതന്നെ വേണം. ഇന്നത്തെ ഗവണ്മെന്റു് ഭരണഭാരം കയ്യേറ്റതിനുശേഷം ഈ വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം ആശങ്കകൾക്കൊന്നും വകയുണ്ടെന്നു തോന്നുന്നില്ല. ആ സ്ഥിതിക്കു് അവയെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കാതെ അവിന്റെ ആരംഭദശയിൽതന്നെ ഭാവി ആശങ്കാജനകമാണെന്നു് വിളിച്ചുപറഞ്ഞുകൊണ്ടു് അതേക്കുറിച്ചു് അന്വേഷിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു് പറഞ്ഞാൽ തീർച്ചയായിട്ടും അതു് ഈ വ്യവസായങ്ങളുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നതാണു്. ഈ വ്യാവസായികസ്ഥാപനങ്ങളിൽ പലതിലും ഭരണപരമായി പല വൈകല്യങ്ങളും കണ്ടു എന്നു വരാം. വളരെ വലിയ ശമ്പളങ്ങൾ കൊണ്ടു് അനാവശ്യമായ ഉദ്യോഗസ്ഥന്മാരെ പല കമ്പനികളിലും വച്ചുകൊണ്ടിരിക്കുന്നുണ്ടു് എന്നു വരാം. നൂററിഅൻപതോ ഇരുനൂറോ രൂപാ പ്രതിമാസം ശമ്പളം കിട്ടിക്കൊണ്ടിരുന്ന ചിലക്കു് ഈ കമ്പനികളിൽ എണ്ണൂറോ ആയിരമോ രൂപാ ശമ്പളം കൊടുക്കുന്നതായി അറിയുന്നു. ഉത്തരവാദരഹിതമായി ഭരണം നടത്തിപ്പോന്ന ഒരു മേധാവിയുടെ കീഴിൽ ജനങ്ങൾക്കു മററു യാതൊരു നിയന്ത്രണവുമില്ലാതിരുന്ന ഒരു കാലത്തു നടന്ന സംഗതികളാണു് ഇതെല്ലാം. എന്നാൽ ഇനി അതു നടക്കാൻ പോകുന്നില്ല. അതിനു പ്രതിവിധി

ജനകീയമന്ത്രിമാരുടെ കയ്യിലുണ്ട്. റിട്രെഞ്ച്മെൻറ് നടത്തിയും വിദഗ്ദ്ധന്മാരെ നിയമിച്ചും അത്തരം വൈകല്യങ്ങൾ പരിഹരിക്കാവുന്നതാണ്. ഇങ്ങനെ ഏററവും കുറഞ്ഞ ചെലവുചെയ്തു ഏററവും കൂടുതൽ ആദായം ഉണ്ടാക്കാൻകഴിയത്തക്കവണ്ണം പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിൽ വരുത്തുകയെന്നല്ലാതെ ജനങ്ങളുടെ ഇടയിൽ ആശങ്ക ജനിപ്പിക്കത്തക്ക വണ്ണമുള്ള സംഗതികളെക്കുറിച്ചു ചിന്തിക്കുന്നതും പറയുന്നതും തീർച്ചയായും ദ്രോഹപരമാണ്. നാഷണൽ ആൻറ് ഗ്രിൻഡ്ലേസ് ബാങ്കിൻെറ കഥ നമുക്കൊക്കെയറിയാം.

Mr. MUHAMMED MUSTAFA : ബാങ്കുപോലെയല്ല വ്യവസായങ്ങളെന്നറിയാമോ?

Mr. K. R. ELANKATH : അതു മനസ്സിലാക്കിത്തന്നെയാണ് ഞാൻ പറയുന്നത്. പല വിഷയങ്ങളിലും പ്രത്യേകിച്ച് പൊതുജനങ്ങളുടെ വിശ്വസ്തതയെ സംബന്ധിച്ചിടത്തോളം അതുപോലെ തന്നെയാണ് വ്യവസായങ്ങളുടെ കാര്യവും. വ്യവസായങ്ങളെ കഴിയുന്നതും പ്രോത്സാഹിപ്പിച്ചു അവയിൽനിന്നു കിട്ടാവുന്ന ആനുകൂല്യങ്ങളെ സമ്പാദിക്കുവാനാണ് ഇന്നു നാം ശ്രമിക്കേണ്ടത്. ഇന്നത്തെ ഗവൺമെൻറ് നിരുത്തരവാദപരമല്ല. ബഡ്ജററുതന്നെ പാസ്സാക്കാനും പാസ്സാക്കാതിരിക്കുവാനും നിയമസഭയ്ക്കു പരിപൂർണ്ണമായ അധികാരമുണ്ട്. ഗ്രാൻറ് കൊടുക്കാനും കൊടുക്കാതിരിക്കാനും ഉള്ള അവകാശം ഇന്നു നിയമസഭയ്ക്കുണ്ട്. ധനവ്യയത്തെ സംബന്ധിച്ചുള്ള പരിപൂർണ്ണാധികാരം ഇന്നു നിയമസഭയ്ക്കാണുള്ളത്. നമ്മുടെ വിശ്വസ്തന്മാരായ മന്ത്രിമാരാണിന്നു ഈ വ്യവസായങ്ങളെ ഏറെക്കുറെ നിയന്ത്രിക്കുന്നത്. അവർക്ക് ഈ വ്യവസായങ്ങളെ കൂടുതൽ നിയന്ത്രിക്കുന്നതിനും ആദായകരമാംവിധം അഭിവൃദ്ധിപ്പെടുത്തുന്നതിനും സാധിക്കും. അവരെക്കൊണ്ടു പ്രവർത്തിപ്പിക്കാനുള്ള ചുമതല നമ്മുടേതാണ്. കൂടുതൽ ആദായകരമായിത്തീരുമെങ്കിൽ ഇനിയും ഈ വ്യവസായങ്ങളിൽ കുറേ പണം കൂടെ മുടക്കുന്നതുകൊണ്ടും ഭയപ്പെടാനൊന്നുമില്ല. ചെവിക്കകത്തു വെള്ളം കേറിപ്പോയാൽ അതിനെ പുറത്തു കളയുന്നതിനു കുറെ വെള്ളംകൂടെ ഒഴിക്കുന്നതുപോലെയാണ് ഇതും. നാം വ്യവസായങ്ങളിൽ കുറെ പണം മുടക്കിക്കഴിഞ്ഞു. അതിൻെറ പ്രയോജനം നമുക്കു കിട്ടണമെങ്കിൽ ഇനി കുറേ പണം കൂടി വേണ്ടിവന്നാൽ ഈ വ്യവസായങ്ങളിൽ മുടക്കണം. അതുകൊണ്ടു ദോഷമൊന്നുമില്ലെന്നും നേരെമറിച്ച് ഗവൺമെൻറ് അങ്ങിനെ ചെയ്യണമെന്നുമാണ് എൻെറ അഭിപ്രായം.

[Mr. K. R. Elankath]

ഇനി കമ്പനികൾ വിദഗ്ദ്ധന്മാരെക്കൊണ്ട് പരിശോധിപ്പിക്കുന്ന കാര്യത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളത്. ഈ കമ്പനികൾ നടത്തുന്നത് ആരൊക്കെയാണ്; അവിടെ നടക്കുന്നത് എന്തൊക്കെയാണ്; എന്തൊക്കെ നയം ചിന്തിക്കേണ്ടതുണ്ട്. ഒരു കമ്മിററിയെ ഏർപ്പെടുത്തുമ്പോൾ അതിനെ ലിക്വിഡേഷന്റെ ആദ്യത്തെ പടിയായിട്ടാണ് ജനങ്ങൾ കണക്കാക്കുന്നത്. നല്ലപോലെ സുരക്ഷിതമാംവണ്ണം നടന്നുവന്ന നാഷണൽ ആൻറ ക്വയിലോൺബാങ്കിന്റെ കാര്യത്തിൽ സംഭവിച്ചതെന്തെന്നു നമുക്കറിവുണ്ട്. ഒരു വിദഗ്ദ്ധനെക്കൊണ്ട് പരിശോധിപ്പിച്ചതിന്റെ ഫലമായി ബാങ്കിൽ ഷെയർഹോൾഡേഴ്സിനും നിക്ഷേപകർക്കും സംശയം ജനിക്കുകയും നിക്ഷേപകർ നിക്ഷേപങ്ങൾ പിൻവലിക്കുകയും ബാങ്കിന്റെ ഷെയർ വാല്യു വളരെ ഇടിഞ്ഞുപോകുകയും ചെയ്തു. ഒരു വിദഗ്ദ്ധനെക്കൊണ്ട് പരിശോധിപ്പിക്കുവാൻ നടപടി കൈക്കൊള്ളുവാൻ തുടങ്ങുമ്പോൾതന്നെ ജനങ്ങളുടെ ഇടയിൽ ഒരു സ്ഥാപനത്തിന്റെ സുരക്ഷിതാവസ്ഥയെപ്പററി സംശയം അഥവാ ആശങ്ക ജനിപ്പിക്കുമെന്നുള്ളതു തീർച്ചതന്നെ. പിന്നെ ഒരാളിനു വിദഗ്ദ്ധനെന്നു തോന്നുന്ന ആൾ എപ്പോഴും വിദഗ്ദ്ധനായിരിക്കണമെന്നില്ല. ഒരാളിന്റെ കണ്ണിൽ എക്സ്പർട്ടായ ആൾ മറെറാരാളിന്റെ ദൃഷ്ടിയിൽ വിദഗ്ദ്ധനല്ലെന്നു വരാം. അതുകൊണ്ട് ഞാൻ നോക്കിയിടത്തോളം ഈ വ്യാവസായികസ്ഥാപനങ്ങളെക്കുറിച്ച് ജനങ്ങളിൽ സംശയവും അവിശ്വാസവും ജനിപ്പിക്കുന്നതിനും അനാവശ്യമായ ഫേവറിററിസത്തിനു സേവമൂലം ഉദ്യോഗങ്ങൾക്ക് ചിലർക്കു അവസരമുണ്ടാക്കിക്കൊടുക്കുന്നതിനും മാത്രമേ ഈ വിദഗ്ദ്ധപരിശോധന പ്രയോജനപ്പെടുകയുള്ളു. ഈ കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

MR. KANNARA GOPALA PANICKER : സർ, ഈ പ്രമേയത്തിൽ പ്രധാനമായി രണ്ടുഭാഗങ്ങളാണുള്ളത്. "അടുത്തകാലത്തു തിരുവിതാംകൂറിൽ സമാരംഭിച്ചിട്ടുള്ളതും ഒട്ടുവളരെ പണം ഗവൺമെൻറിൽനിന്നു മുടക്കുകയും മററുപല സൌജന്യങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതുമായ പല വലിയ വ്യവസായസംരംഭങ്ങളേയും മാനേജ്മെൻറുകളേയും കുറിച്ചു പൊതുജനങ്ങളുടെയിടയിൽ വലിയ ആശങ്കകൾ നിലവിലിരിക്കുന്നു. ഈ വ്യവസായങ്ങളുടെ യഥാർത്ഥനിലയും ഭാവിസാദ്ധ്യതകളും പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതു് ഇവിടത്തെ വ്യവസായാഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്." ഇതാണു ഒന്നാമത്തെ ഭാഗം. രണ്ടാമത്തെ ഭാഗത്തിൽ പറയുന്നത് "ഈ വ്യവസായങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് സ്വീകരിക്കേണ്ട നയം എന്തായിരിക്കണമെന്നു

തീർച്ചപ്പെടുത്തുന്നതിന സഹായകമാകത്തക്കവണ്ണം ഈ വ്യവസായങ്ങളുടെ സാദ്ധ്യതകളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുന്നതിന ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിക്കണം എന്നാണ്. എന്റെ സ്നേഹിതൻ മി. മുഹമ്മദ് പറയുന്നതു ഇതിനുമുമ്പ് അതായത ഇന്നത്തെ ഗവണ്മെൻറ് അധികാരത്തിൽ വരുന്നതിനുമുമ്പ് എ. ററി. സി. സിയും സ്റ്റേററ് കാൺഗ്രസ് വർക്കിംഗ് കമ്മിററിയും വലിയ വ്യവസായങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന ഒരു വിദഗ്ദ്ധ കമ്മിററിയെ നിയമിക്കണമെന്ന് പ്രമേയം പാസാക്കിയിട്ടുണ്ടെന്നാണ്. അതു ശരിതന്നെ.

MR. ABDUL AZIZ : കഴിഞ്ഞ മേടം ൧൧-ാംനു കൂടിയ എ. ററി. സി. സിയിൽ അങ്ങനെ ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതായി അറിയാമോ?

MR. KANNARA GOPALA PANICKER : അറിഞ്ഞുകൂടാ. ജനങ്ങളുടെ സഹകരണവും പിൻതുണയും വിശ്വാസവുമില്ലാതിരുന്ന ഒരു ഗവണ്മെൻറാണ് അന്നിവിടെ ഉണ്ടായിരുന്നതു്. ഗവണ്മെൻറ് എന്തു ചെയ്താലും അതിനെ ചോദ്യം ചെയ്യുന്നതിനോ അതിനെക്കുറിച്ച് പറയുന്നതിനോ ആർക്കും അവകാശമുണ്ടായിരുന്നില്ല. അന്നത്തെ ഗവണ്മെൻറിന് ജനങ്ങളോട് യാതൊരുത്തരവാദിത്വവുമില്ലാതിരുന്നു. നേരെമറിച്ച് ഇന്ന് ജനങ്ങളുടെ പ്രതിനിധികളാണ് ഭരണം നടത്തുന്നതു്. ജനങ്ങളുടെ വിശ്വസ്തതയും പിൻതുണയും സഹകരണവും ഇന്നത്തെ ഗവണ്മെൻറിനുണ്ട്.

MR. K. A. MUHAMMED : അന്നത്തെ ഗവണ്മെൻറ് ചെയ്തതു് തെററാ ശരിയോ എന്നു അന്വേഷണം നടത്തേണ്ടതു് ഇന്നത്തെ ഗവണ്മെൻറിന്റെ ചുമതലയല്ലേ?

MR. KANNARA GOPALA PANICKER : അക്കാര്യം പിന്നെ പറയാം. അന്ന് അങ്ങനെയൊരന്വേഷണം നടത്തണമെന്നു ആവശ്യപ്പെട്ടതു് വളരെ ശരിയാണ്. എന്നാൽ ഇന്നത്തെ നിലയ്ക്കു് അതാവശ്യമില്ല. ജനങ്ങളുടെ വിശ്വാസവും പിൻതുണയുമില്ലെങ്കിൽ ഇന്നത്തെ ഗവണ്മെൻറ് ഒരു ദിവസംപോലും നിലനിൽക്കയില്ല. ഇന്നു ഈ വ്യവസായങ്ങളുടെ നിലയെ സംബന്ധിച്ചും പ്രവർത്തനത്തെ സംബന്ധിച്ചും നമ്മുടെ പ്രതിനിധിയായ വ്യവസായമന്ത്രിതന്നെ നേരിട്ടന്വേഷിച്ച് അടുത്ത ഭാവിയിൽ ജനങ്ങളുടെ അറിവിലേക്കായി ഒരു പ്രസ്താവന പുറപ്പെടുവിക്കാമെന്നു ഇവിടെ ഈ അസംബ്ലിയിൽതന്നെ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്ക് അക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുന്നതിന ഇങ്ങനെ ഒരു കമ്മിററിയെ നിയമിക്കേണ്ട ആവശ്യമില്ല.

MR. MOHAMMED MUSTAFA : വ്യവസായമന്ത്രി ഒരു വ്യവസായവിദഗ്ദ്ധനാണോ?

MR. KANNARA GOPALA PANICKER : അദ്ദേഹം ഒരു വ്യവസായവിദഗ്ദ്ധനല്ലെങ്കിലും വിദഗ്ദ്ധന്മാരോടാലോചിച്ചു ഒരു പ്രസ്താവന പുറപ്പെടുവിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

MR. T. A. ABDULLA : വ്യവസായമന്ത്രിയെ സഹായിക്കാനാണ് ഈ കമ്മിറ്റി എന്നു വിചാരിച്ചുകൂടെ?

MR. KANNARA GOPALA PANICKER : ഈ പ്രമേയത്തിൽനിന്നും അങ്ങനെ വരുന്നില്ല.

MR. T. A. ABDULLA : അപ്പോൾ ഈ പ്രമേയം ഒന്നു അമെൻറമെൻറു ചെയ്താൽ സ്വീകരിക്കാമോ?

MR. KANNARA GOPALA PANICKER : പ്രമേയം അമെൻറു ചെയ്യുമ്പോൾ അതിനെക്കുറിച്ചാലോചിക്കാം. രണ്ടാമതു് ഈ കമ്പനികളെല്ലാം തന്നെ തിരുവിതാംകൂർ കമ്പനി ആക്ററനുസരിച്ചു് രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. ൫൦ ശതമാനത്തിൽ കൂടുതൽ ഷെയറുകൾ ഈ കമ്പനികളിൽ ഗവണ്മെൻറു് എടുത്തിട്ടുണ്ടു്. ഈ കമ്പനികളുടെ ഭരണത്തെ ഗവണ്മെൻറു് നിയന്ത്രിച്ചുവരുന്നുമുണ്ടു്. അങ്ങിനെയിരിക്കെ ഈ കമ്പനികളെ സംബന്ധിച്ചു് വല്ല അവിശ്വാസവും രേഖപ്പെടുത്തുകയാണെങ്കിൽ അതു് തെററാണെന്നും അന്വേഷണകമ്മിററിയെ ഏർപ്പെടുത്തുന്നതു് അനാവശ്യമാണെന്നുമാണു് എനിക്കു തോന്നുന്നതു്. നേരെ മറിച്ചു വ്യാവസായികപുരോഗതിക്കുവേണ്ടിയുള്ള എല്ലാ സംരംഭങ്ങളേയും നാം പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ടി നാം ഗവണ്മെൻറിനോടു് സഹകരിക്കുകയുമാണു് വേണ്ടതു്. മുമ്പു ചെയ്തിട്ടുള്ള തെററുകളെ സംബന്ധിച്ചാണെങ്കിൽ കഴിഞ്ഞ കാര്യങ്ങളെപ്പററി വൃഥാ ചിന്തിക്കുന്നതുകൊണ്ടു് പ്രയോജനമൊന്നുമില്ല.

ഇനിയൊരു കാര്യം പറയാനുള്ളതു് ഇൻഡ്യാഗവണ്മെൻറിൻെറ വ്യാവസായികനയത്തിനു അനുസരണമായിട്ടേ നമുക്കും ഒരു നയം സ്വീകരിക്കാനൊക്കുകയുള്ളു എന്ന കാര്യമാണു്. അതല്ലാതെ സ്വതന്ത്രമായി ഒരു നയം നാം സ്വീകരിക്കുകയാണെങ്കിൽ അതു് നമുക്കു് ദോഷകരമായിരിക്കും. ഇൻഡ്യാഗവണ്മെൻറിൻെറ നയം എന്തെന്നു വ്യക്തമാകുന്നതിനുമുമ്പു് നാം തിടുക്കത്തിൽ എന്തെങ്കിലും ചെയ്താൽ അതു് വിപൽകരമായിരിക്കും. ഈ അടുത്തകാലത്തു് ഡൊമിനിയൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു പ്രസ്താവിച്ചതുപോലെ ഗവണ്മെൻറിൻെറ സംരംഭങ്ങളോടു് സഹകരിച്ചു പ്രവർത്തിക്കുകയല്ലാതെ ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതു വ്യാവസായികപുരോഗതിക്കു് ഒരിക്കലും ഗുണകരമായിരിക്കയില്ല. ഇവിടെ ഇങ്ങനെ ഒരു കമ്മിററി രൂപീകരിക്കുന്നതു് വ്യാവസായികപുരോഗതിക്കു് ഹാനികരമാണെന്നുള്ള കാരണത്താൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

MR. K. SIVARAMA PILLAI: Sir, I support the resolution moved by Mr. K. A. Mohammed. I do not find in the resolution any harmful effects by following what is intended to be taken by the Government. The resolution simply says that the huge sums of our revenue are now locked up as shares in industrial concerns, and in the budget on page 16 it is seen that the major portion of our assets only consist as shares in industrial concerns. Till yesterday we were condemning all these industrial concerns as working unsatisfactorily and not to the benefit of Travancore. Sir, after coming into power, we ask the State Congress Government to inquire whether these concerns are for the benefit of Travancore, and if so, to make them continue their activities. The resolution does not in any way, if discussed, affect the financial stability of our State. It is only by the suppression of facts it creates suspicion in the minds of the people whether there is not something in a particular concern which is not to the interest of Travancore. Sir, it is highly essential that we should enquire what are the real assets we have got in that industrial concern, what are those industrial concerns which should be maintained in future for our welfare, and what are the concerns which, if continued, would work to the detriment of Travancore, if so, they must be immediately put an end to so that we may not incur further liability on their account.

One argument on which I could not agree is the argument advanced by my learned friend Mr. Elankath that since there is a change of Government and popular leaders are at the head of affairs we should not discuss these things. The logical conclusion one could take from this line of argument would be that we can even dissolve this Assembly and leave the affairs of the State to be managed by these popular leaders as they choose.

MR. K. R. ELANKATH : അവർ ഉത്തരവാദബോധത്തോടുകൂടിയെ പ്രവർത്തിക്കയുള്ളു എന്നും അവരുടെ മേൽ നിയമസഭയ്ക്കു നിയന്ത്രണം ഉണ്ടെന്നും മാത്രമേ ഞാൻ പറഞ്ഞുള്ളു.

MR. K. SIVARAMA PILLAI: Sir, with the full belief that the Ministers will work in the interest of Travancore and also with the belief that we have got the liberty to point out any flaw or any defect in their administration for them to correct and amend that I say this. It is not with a view to criticise their capacity or to criticise that they are purposely suppressing any facts from this House. Since a large part of our assets are involved in these concerns we have to see what is its real value. After all, it is immaterial whether the share value goes down or rises so far as our industrial concerns are concerned. The Government is not thinking of selling away those shares. We have to see whether we are getting any money in return for the money we have invested. We classify these industrial concerns as productive works. Did they produce any benefit for the State? As one of my friends said, it is not enough that only names of these concerns appear in big prints

[Mr. K. Sivarama Pillai]

in Newspapers. It is not by production of fertilisers only but by profitably selling such productions that we get adequate return for the capital invested in the form of dividends Then only the concern is of benefit to the State. Hence we ask for a Committee to see whether after all, these works are profitably productive or not and whether we should continue such a concern or not. Sir, we do not ask for a Committee to be appointed composed of persons who command no confidence of the administration or the Party in power. We only require this Committee to be a Committee of experts possessing the full confidence of the Cabinet which could get their advise as regards the industrial concerns that are to be conducted by Government by investing huge sums.

MR. A. P. UDAYABHANU : സർ, ഈ പ്രമേയത്തിന് ആസ്പദമായിരിക്കുന്ന സംഗതികൾ നാം വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ടവയാണ്. നമ്മുടെ രാജ്യത്തിന്റെ വ്യാവസായികമായ പുരോഗമനത്തെയും അവയുടെ ഭാവിയേയും അവഗാഢമായി സ്പർശിക്കുന്ന പല പ്രത്യാഘാതങ്ങൾക്കും ഇടയാക്കുന്ന ഒരു പ്രമേയമാണ് ഇപ്പോൾ ഈ സഭയുടെ ചർച്ചക്കു വിഷയീഭവിച്ചിരിക്കുന്നതു്. പ്രമേയാവതാരകനായ ശ്രീമാൻ കെ. എ. മുഹമ്മദ് അവർകൾതന്നെ ഈ പ്രമേയത്തെപ്പററി പരിപൂർണ്ണമായ ഒരു ധാരണയോടു കൂടിയാണോ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. പ്രമേയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ചെയ്ത പ്രസംഗത്തിൽ പരസ്യമായ ഒരന്വേഷണം അദ്ദേഹം ആവശ്യപ്പെടുന്നില്ലെന്നു പറയുകയുണ്ടായി. എന്നാൽ ഈ പ്രമേയം സൂക്ഷിച്ചു വായിക്കുകയാണെങ്കിൽ ഒരു പരസ്യമായ അന്വേഷണമാണ് അതുകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതെന്നാണു എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നതു്. "അടുത്തകാലത്തു് തിരുവിതാംകൂറിൽ സമാരംഭിച്ചിട്ടുള്ളതും ഒട്ടുവളരെ പണം ഗവണ്മെൻറിൽ നിന്നും മുടക്കുകയും മററു പല സൗജന്യങ്ങൾ അനുവദിച്ചു കൊടുക്കുകയും ചെയ്തിട്ടുള്ളതുമായ പല വലിയ വ്യവസായസംരംഭങ്ങളേയും മാനേജുമെൻറുകളേയും കുറിച്ചു് പൊതുജനങ്ങളുടെയിടയിൽ വലിയ ആശങ്കകൾ നിലവിലിരിക്കുന്നു. ഈ വ്യവസായങ്ങളുടെ യഥാർത്ഥ നിലയും ഭാവിസാദ്ധ്യതകളും പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതു് ഇവിടത്തെ വ്യവസായാഭിവൃദ്ധിക്കു അത്യന്താപേക്ഷിതമാണ്." ഇങ്ങനെയാണ് പ്രമേയത്തിൽ പറയുന്നതു. ജനങ്ങളുടെയിടയിലുള്ള ആശങ്കകൾ മാററുന്നതിനു വേണ്ടിയുള്ള ഒരന്വേഷണമാണ് ഇതിൽ ആവശ്യപ്പെട്ടിരിക്കുന്നതു. അങ്ങനെയുള്ള ഒരന്വേഷണം രഹസ്യമായ ഒന്നായിരുന്നാൽ മതിയാക

യില്ലെന്നുള്ളതു് വ്യക്തമാണു്. ആ നിലക്ക ഈ പ്രമേയംകൊണ്ടുദ്ദേശിച്ചിരിക്കുന്നതു് അഥവാ ഉദ്ദേശിക്കേണ്ടതു പരസ്യമായ അന്വേഷണമാണു. പരസ്യമായ അന്വേഷണം ആവശ്യപ്പെടുന്നില്ലെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവനതന്നെ അത്തരം അന്വേഷണം അനാശാസ്യവും അനഭിലഷണീയവുമാണെന്നു വ്യക്തമാക്കുന്നു.

MR. K. A. MUHAMMED: ഈ വ്യവസായങ്ങൾക്ക് ഷെയർക്യാപ്പിററൽ കൂട്ടുന്നതിനു വല്ല ആലോചനയുമുണ്ടോ?

MR. A. P. UDAYABHANU: ആ ചോദ്യത്തിനും ഞാനുന്നയിച്ച വാദത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ല. മി. മുഹമ്മദ് പരസ്യമായ അന്വേഷണമല്ല, രഹസ്യമായ അന്വേഷണമാണു പ്രമേയത്തിൽ വിഭാവന ചെയ്തിരിക്കുന്നതെന്നു പ്രസ്താവിക്കുകയുണ്ടായിയെന്നും എന്നാൽ, പരസ്യമായ അന്വേഷണമാണു് ആവശ്യപ്പെടുന്നതെന്നു പ്രമേയത്തിൽ തെളിഞ്ഞുകാണാമെന്നുമാണു ഞാൻ പറയുന്നതു്. അതിനു ക്യാപ്പിററൽ കൂട്ടുന്നതുമായി യാതൊരു ബന്ധവുമില്ല.

MR. K. R. ELANKATH: കൂടുതൽ ക്യാപ്പിററൽ ആവശ്യപ്പെട്ടാൽ കൂടുതൽ ഷെയർ കാശ് ചെയ്യേണ്ടിവരുകയില്ലേ?

MR. A. P. UDAYABHANU: അങ്ങനെ വരാം. അതു് വളരെ വ്യക്തമാണു്. പിന്നെ ഗവണ്മെൻറിന്റെ വ്യാവസായിക സംരംഭങ്ങളെല്ലാം തന്നെ പ്രായേണ പരാജയപ്പെടുകയാണെന്നു് റബ്ബർ ഫാക്റററിയെ ഉദാഹരണമായി ചൂണ്ടിക്കാണിച്ചുകൊണ്ടു് മിസ്റ്റർ കെ. എ. മുഹമ്മദ് പ്രസ്താവിക്കുകയുണ്ടായി.

MR. K. A. MUHAMMED: റബ്ബർഫാക്റ്ററിയെ മാത്രമല്ല ഉദാഹരിച്ചതെന്നറിയാമോ?

MR. A. P. UDAYABHANU: പ്രസംഗത്തിന്റെ പൂർവഭാഗം ശ്രവിക്കുകയാണെങ്കിൽ ഗവണ്മെൻറു് വ്യാവസായികസംരംഭങ്ങൾ ഏറെറടുക്കുന്നതു് അബദ്ധമാണെന്നും ഗവണ്മെൻറു് അതിന്നു് അപ്രഗത്ഭമാണെന്നും ഉള്ള ഒരു പ്രതീതിയാണു് സാധാരണ ഉണ്ടാവുക. എന്നാൽ ഗവണ്മെൻറു ഏറെറടുത്തതുമൂലം രാജ്യത്തു പൊതുവേ വ്യവസായത്തിനു പുരോഗതിയാണു് ഉണ്ടായിട്ടുള്ളതു. അതുകൊണ്ടാണു് ഞാൻ പറയുന്നതു പ്രമേയത്തെപ്പററി പരിപൂർണ്ണമായ ഒരു രൂപമോ സങ്കല്പമോ ഇല്ലാതെയാണു മി. കെ. എ. മുഹമ്മദ ഈ പ്രമേയം ഇവിടെ അവത

[Mr. A. P. Udayabhanu]

രിപ്പിച്ചിരിക്കുന്നതെന്ന്. വളരെ അധികം വൈരുദ്ധ്യങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടായിരുന്നു. ഈ പ്രമേയത്തിലും വൈരുദ്ധ്യങ്ങൾ ഉണ്ടെന്നാണ് എന്റെ അഭിപ്രായം. തിരുവിതാംകൂറിലെ വ്യവസായങ്ങളുടെ സാദ്ധ്യതകളെക്കുറിച്ച് അന്വേഷണം നടത്താനാണ് കമ്മററിയെ നിയമിക്കേണ്ടതെന്നു പ്രമേയത്തിൽ വിഭാവന ചെയ്തിരുന്നതെങ്കിൽ തീർച്ചയായും സ്വാഗതാർഹമായിരിക്കും. എന്നാൽ അദ്ദേഹം വിഭാവന ചെയ്യുന്നതു ജനങ്ങളുടെയിടയിലുള്ള ആശങ്കകൾ മാററുന്നതിനു വേണ്ടി ഒരു ഇൻക്വിസിഷൻ കമ്മററിയെ നിയമിക്കണമെന്നാണു. ഇതു ആശാസ്യമോ അഭിലഷണീയമോ അല്ലെന്നു പറയാതെ നിവൃത്തിയില്ല. സാങ്കേതികമായി നോക്കിയാലും അതു് സാദ്ധ്യമല്ലെന്നാണ് എനിക്ക് തോന്നുന്നതു്. അതിലുണ്ടാകാവുന്ന സാങ്കേതികമായ തടസ്സങ്ങൾ അക്കൌണ്ടിൽ കൂടുതൽ പരിജ്ഞാനമുള്ള എന്റെ സ്നേഹിതൻ മി. വി. ഒ. മാർക്കോസ് പറഞ്ഞുകഴിഞ്ഞു. സാങ്കേതികമായി അതിനുള്ള കഴിവുകളില്ലെന്നു അദ്ദേഹം വ്യക്തമാക്കി. ഫെർട്ടിലൈസേഴ്സിനെപ്പററി പറയുകയാണെങ്കിൽ നമ്മുടെ മാത്രം ഉടമയിലുള്ള ഒരു കമ്പനിയല്ല അതു്. കൊച്ചീ ഗവണ്മെൻറും മദ്രാസ് പ്രവിശ്യാഗവണ്മെൻറും അതിൽ പണം മുടക്കിയിട്ടുണ്ട്. ആ ഗവണ്മെൻറുകൾക്കും അതിൽ ഉടമസ്ഥാവകാശം ഉണ്ട്. ഇങ്ങനെയൊരന്വേഷണം നടത്തുന്നതു ആ ഗവണ്മെൻറുകൾക്കും കമ്പനിയിൽ ഉടമസ്ഥാവകാശമുള്ള മററു വിവിധകക്ഷികൾക്കും സ്വീകാര്യമായിരിക്കുമോ എന്നാലോചിക്കേണ്ടതുണ്ട്. അവരുടെ സമ്മതവും അനുവാദവും കൂടാതെ ഇങ്ങനെ ഒരന്വേഷണം നടത്താവുന്നതല്ലാ. നമ്മുടെ നീണ്ട മൂക്ക് അതിനകത്ത് തള്ളിക്കയറാൻ ശ്രമിക്കുന്നതു് വളരെ സൂക്ഷിച്ചു വേണ്ടതാണ്. കഴിഞ്ഞ ഒരു ദിവസം ഫെർട്ടിലൈസേഴ്സ് സന്ദർശിച്ച ഇൻഡ്യാ ഗവർണ്ണർ ജനറൽ സി. രാജഗോപാലാചാരി തന്നെ അതിനെപ്പററി വളരെ പ്രശംസിക്കുകയാണ് ചെയ്തിട്ടുള്ളതു്.

MR. T. A. ABDULLA: ആമയോടും മുയലിനോടും ഉപമിച്ചതു് ഒരു പ്രസംഗമായിരുന്നുവെന്നാണോ പറയുന്നതു്.

MR. A. P. UDAYABHANU: തിരുവിതാംകൂറിലെ വ്യവസായം വളരെ മുമ്പോട്ടു ഓടിപ്പോയിരിക്കുന്നു. എന്നാൽ വഴിയിൽ കിടന്നുറങ്ങുന്നതു് എന്നാണ് അദ്ദേഹം പറഞ്ഞതു്. ഉറങ്ങിയാൽ ഫാക്ടറികളുടെ [illegible]കാണുന്ന പുരോഗതിക്ക് വിഘാതമുണ്ടാകും. അതിനെ

നിങ്ങൾ സൂക്ഷിക്കണം ഇതു് പ്രശംസയല്ലേ. നിങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന പുരോഗതിക്കു് മാന്ദ്യം വരുത്താതെ മുമ്പോട്ടുകൊണ്ടുപോകണമെന്നാണു് അദ്ദേഹം പറഞ്ഞതു്. അങ്ങനെയായാൽ നിങ്ങളുടെ മുയലിനു് അതിന്റെ മുമ്പിൽ ഓടാൻ സാധിക്കും. നിങ്ങൾ കോപത്തിനും സംശയത്തിനും വശംവദരാകാതെ സഹിഷ്ണുതയോടുകൂടി മുമ്പോട്ടുപോകുന്നമെന്നാണു് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥമെന്നു ഞാൻ മനസ്സിലാക്കുന്നതു്. അതു് പ്രശംസയാണോ, അതോ രൂക്ഷമായ വിമർശനമാണോ എന്നു ഈ സഭ തന്നെ തീരുമാനിക്കണം. ഞാൻ മനസ്സിലാക്കിയിടത്തോളം പ്രശംസാരൂപത്തിലുള്ള ഒരു വിമർശനവും അതേ അവസരത്തിൽ ഒരു താക്കീതുംകൂടിയാണു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം കുഴപ്പവും അവിശ്വാസവും നിറഞ്ഞ ഒരു താക്കീതായിട്ടാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇതു് നാം പ്രത്യേകം മനസ്സിലാക്കേണ്ടതാണു്. അതുപോലെതന്നെ ഇൻഡ്യാഗവൺമെന്റിന്റെ ഭക്ഷ്യകാര്യമന്ത്രിയായ ദൌലത്തുറാമും നമ്മുടെ വ്യവസായ സംരംഭങ്ങളെക്കുറിച്ചു പ്രശംസിച്ചുതന്നെയാണു് സംസാരിച്ചതു്. കൽക്കരി ധാരാളം കിട്ടുന്ന സ്ഥലത്തു മാത്രമെ ഈ മാതിരി ഫാക്ടറികൾ സ്ഥാപിക്കാവൂ എന്നു പറഞ്ഞാൽ അതോടു യോജിക്കാൻ നിവൃത്തിയില്ല. കാരണം ഭൂമിയിലുള്ള കല്ക്കരി ഖനനം ചെയ്തു തീർന്നുപോകാവുന്നതാണു്. ശരിയായി നമ്മുടെ വനവിഭവങ്ങളെ കൈകാര്യം ചെയ്യുന്നപക്ഷം ഈ വിറകു് പ്രശ്നത്തെ വിജയകരമായി സമീപിക്കാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. കൽക്കരി തീർച്ചയായും ഖനനംകൊണ്ടു തീർന്നു പോകും. നേരെമറിച്ചു നമുക്കു നട്ടുവളർത്താൻ സാധിക്കുന്ന മരങ്ങൾ കൊണ്ടു നമ്മുടെ വ്യവസായ സംരംഭങ്ങൾകൊണ്ടു് വളരെക്കാലം ഒരു പക്ഷെ ലോകാവസാനംവരെ മുമ്പോട്ടുകൊണ്ടുപോകാനുള്ള സാദ്ധ്യതകളുണ്ടു്. എന്നാൽ അക്കാര്യത്തിൽ എഫ്. ഐ. ററി. എങ്ങനെയാണു് പ്രവർത്തിക്കുന്നതെന്നു എനിക്കറിഞ്ഞുകൂടാ. അതു ശരിയായി നടത്തിയാൽ ഇന്നു മരങ്ങൾ വെട്ടിയിറക്കുന്ന സ്ഥലത്തു് ൰ കൊല്ലം കൊണ്ടു വിറകിനു ഉപയോഗിക്കത്തക്ക വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണു്. അങ്ങനെ ചെയ്യുന്നപക്ഷം എഫ്. ഏ. സി. ററി-ക്കു് വളരെക്കാലം പ്രവർത്തിക്കാൻ സാധിക്കും എന്നാണു് എന്റെ വിശ്വാസം.

MR. K. A. MUHAMMED : മരം വെട്ടിമുറിക്കുന്ന സ്ഥലങ്ങളിൽ മററു മരങ്ങൾ വച്ചു പിടിപ്പിക്കാൻ ഇപ്പോൾ വ്യവസ്ഥയില്ലെന്നറിയാമോ?

MR. A. P. UDAYABHANU : ഉണ്ടെന്നാണ് മന്ത്രി പറഞ്ഞത്. ഒന്നുകിൽ മന്ത്രിയെ അവിശ്വാസം അല്ലെങ്കിൽ ചോദ്യം കേട്ടില്ലായിരിക്കണം. അതുപോലെ തന്നെ ഇന്നത്തെ ഗവണ്മെന്റിന് അതിന്റെ പേരിൽ സൂക്ഷ്മമായ നിയന്ത്രണം നടത്താനും സാധിക്കുന്നതാണ്, എത്ര നല്ല നിയമങ്ങൾ ഉണ്ടാക്കിയാലും അവയിലെ വ്യവസ്ഥകൾ എങ്ങനെയാണ് നടപ്പിൽ വരുത്തുന്നത് എന്നുള്ളതിനെ ആശ്രയിച്ചാണ് അതിന്റെ വിജയം നിലകൊള്ളുന്നത്. പഴയകാലങ്ങളിൽ ഈവക സംശയദൃഷ്ട്യാ നോക്കിയത് അവയെ കൈകാര്യം ചെയ്ത വ്യക്തികളേയും അന്നു ഭരണഭാരം വഹിച്ചിരുന്ന ആളുകളെയുംപറ്റി പൊതുവെ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന അസംതൃപ്തികൊണ്ടു മാത്രമാണ്. കഴിഞ്ഞ കാലത്തു സ്റ്റേറ്റുകോൺഗ്രസ്സ് ഒരു പ്രതിപക്ഷ കക്ഷിയായി പ്രവർത്തിച്ചിരുന്ന അവസരത്തിൽപോലും തിരുവിതാംകൂറിന്റെ വ്യവസായ സംരംഭങ്ങളെയും വ്യവസായങ്ങളേയും ആളുകളേയും സംബന്ധിച്ചു സംശയവും വിരോധവും ഉണ്ടായിരുന്ന കാലത്തുപോലും ഇതുപോലുള്ള സംരംഭങ്ങളെ വളരെ നിയന്ത്രണത്തോടുകൂടിയാണ് നിയന്ത്രിച്ചിട്ടുള്ളതെന്ന് അന്നത്തെ നടപടികൾ എടുത്തു നോക്കിയാൽ കാണാവുന്നതാണ്. ഇന്ന് ഈ ഗവണ്മെന്റിന് കിട്ടിയിരിക്കുന്ന അധികാരംകൊണ്ട് എഫ്. ഐ. റി. യുടെ മേലും എഫ്. ഐ. സി. റി. യുടെ മേലും വളരെ നിയന്ത്രണം നടത്താൻ സാധിക്കുന്നതാണ്. ഒ ഫ ശരിമാനം ഓഫർ ഈ ഗവണ്മെന്റിന് ഉണ്ടെന്നു പറഞ്ഞു ഈ ഗവണ്മെന്റിനു വിശ്വാസവും പ്രാപ്തിയുമുള്ള ഒരു ഡയറക്ടറെ എഫ്. ഐ. സി. റി.-യിൽ നിയമിക്കാൻ സാധിക്കും. അതിന്റെ മാനേജിംഗ് ഏജൻസി ശരിയായിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കാൻ സാധിക്കും. വേണ്ടവിധം നിയന്ത്രണം ചെലുത്താനും സാധിക്കും. അതിനുള്ള കഴിവ് ഇന്നത്തെ ഗവണ്മെന്റിനുണ്ട്. ജനങ്ങളുടെ വിശ്വാസംകൊണ്ടുമാത്രം ജീവിക്കേണ്ട ഒരു ഗവണ്മെന്റാണ് ഇത്.

MR. ABDUL AZIZ : ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കേണ്ട ഒരു കടമകൂടി ഗവണ്മെന്റിനില്ലേ?

MR. A. P. UDAYABHANU : അരവിള്യ ആശാനേയും കാണിക്കാൻ സാദ്ധ്യമല്ല എന്നാണ് പറയുന്നത്. അതിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചു ഒരു ലേമാനെ മനസ്സിലാക്കാൻ സാദ്ധ്യമല്ല. അതുപോലെ ഒരു കമ്മററിയെ നിയമിക്കുക എന്നു പറയുമ്പോൾ അതിന്റെ മനഃശാ

സ്കൂപരമായ പ്രത്യാഘാതം എന്തായിരിക്കുമെന്നു നാം നോക്കണം, ഒരു ഉദ്യോഗസ്ഥന്റെ മേൽ പരസ്യാന്വേഷണം നടത്തുന്നു എന്നു പറയുമ്പോൾ അയാൾ എത്ര തന്നെ നിർദ്ദോഷിയാണെങ്കിലും അയാൾ കുററക്കാരനല്ലെന്നു വിധിക്കുന്നതുവരെ അയാൾ ലോകദൃഷ്ടിയിൽ കുററക്കാരനാണ്. ഇപ്രകാരം സംശയവും അവിശ്വാസവും കൊണ്ടു നിറഞ്ഞ ഒരു അന്തരീക്ഷത്തിൽ ജനങ്ങളുടെ സഹകരണവും വിശ്വാസവും കൊണ്ടു മാത്രം പുരോഗമിക്കാൻ സാധിക്കുന്ന വ്യവസായങ്ങൾക്കു പുരോഗമിക്കാൻ സാദ്ധ്യമല്ല എന്ന പ്രായോഗികമായ അനുഭവം മനസ്സിലാക്കണം. അതിനുതക്ക *prima facie* കേസ്സ് ഇതിനുണ്ടോ എന്നു നാം നോക്കണം. അല്ലാതെ ചുമ്മാ ഒരാൾ പറയുന്ന അപവാദങ്ങളെ ആരും ചെവിക്കൊള്ളാറില്ല. ഒരു അന്വേഷണക്കമ്മിററിയെ നിയമിക്കാറുമില്ല. അതിന് ഒരു *prima facie* കേസ്സ് ഉണ്ടായിരിക്കണം. ഈ പ്രമേയത്തിൽ അങ്ങനെ ഒന്നില്ല.

MR. ABDUL RAZAK : Are we to believe that the State Congress has gone back on their pledged word as found in the resolution passed on the 18th of April ?

MR. A. P. UDAYABHANU : Will my Hon'ble friend read that resolution. He is bringing a resolution to my face, Sir. I want to know the wording of that resolution.

MR. ABDUL RAZAK : Does that mean that the Hon'ble Member is not aware of the resolution ?

MR. A. P. UDAYABHANU : As my friend is not going to enlighten me, I am not going to deal with him on that question. The question, as it is, does not lead me anywhere.

MR. A. P. UDAYABHANU : പിന്നീട് ഞാൻ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നതു് റയൺസ് ഫാക്ടറിയെക്കുറിച്ചാണ്. ഈററയിൽ നിന്നും പട്ടുണ്ടാക്കാനുള്ള ഒരു വ്യവസായമാണ് അതു്. ഈററയിൽ നിന്നും സിൽക്കുണ്ടാക്കാൻ സാധിക്കുമോ എന്ന് ലാബറട്ടറിയിൽ പരീക്ഷിച്ചതിൽ വിജയപ്രദമായിട്ടാണ് കണ്ടതു്. ഇന്നു റയൺസിൽ വേലചെയ്യുന്നതു് ഒരു ഇൻഡസ്ട്രിയൽ ബേസിസിലാണ്. അവിടെ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്കു ആ വ്യവസായം വിജയപ്രദമാകുമെന്നു വിശ്വാസമുണ്ടു്. വെളിയിൽ നിന്നു കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ കൊണ്ടു് സിൽക്കുണ്ടാക്കിയാൽ തന്നെയും വളരെ അധികം ആദായം ആ കമ്പനിയിൽ നിന്നും ഉണ്ടാവുന്നതാണ് അതിൽ നിന്നുള്ള ആദായനികുതി ഈ ഗവണ്മെൻറിന്റെ ഭണ്ഡാകാരത്തെ പോഷിപ്പിക്കാൻ പര്യാപ്തമാണ്. റയൺ ഇൻഡസ്ട്രീസ് നൂറു ശതമാനം വിജയപ്രദമാണ് എന്ന നിലയിൽ എത്തിയിട്ടുണ്ടു്. അങ്ങനെ അല്ലെങ്കിൽ

[Mr. A. P. Udayabhanu]

വെളിയിൽ നിന്നു പട്ടന്നൽ വരുത്തി ആ വ്യവസായവും നടത്തിയാലും ആദായനികുതി ഇനത്തിൽ ധനംകിട്ടുമെന്ന വസ്തുതയും നാം ഓൎമ്മിക്കണം.

MR. ABDUL MAJEED : ആ വ്യവസായം നഷ്ടത്തിലാണു നിൽക്കുന്നതെങ്കിൽ ആദായനികുതി കിട്ടുകയില്ലെന്നറിയാമോ?

MR. A. P. UDAYABHANU : മറുപടി പറയാതെ തന്നെ അതിൻെറ ഉത്തരം സ്പഷ്ടമാണു്.

ഒരു എൻക്വയറി നടത്തിയതുകൊണ്ടു് ഒരു നഷ്ടവും വരാനില്ലയെന്നു മി. ശിവരാമപിള്ള പറയുകയുണ്ടായി. അന്നു ഗവൺമെൻറിൻെറ ശ്രീകോവിലിൽ കേറി കാൺഗ്രസുകാർക്കു് ഇവയെക്കുറിച്ചെല്ലാം അറിയാൻ വളരെ പ്രയാസങ്ങൾ ഉണ്ടായിരുന്നു.

MR. ABDUL AZIZ : അപ്പോൾ ഗവൺമെൻറിൻെറ ശ്രീകോവിൽ എങ്ങനെയെങ്കിലും കേറണമെന്നല്ലാതെ പിന്നെ ഇതൊന്നും ചേർക്കേണ്ടാ എന്നാണോ അഭിപ്രായം.

MR. A. P. UDAYABHANU : എങ്ങനെയെങ്കിലുമല്ല കേറിയതു്. ആണുങ്ങളെപ്പോലെയാണു കേറിയതു്.

അദ്ദേഹം പറഞ്ഞതു് അതു ഭംഗിയായി നടക്കുന്നുവെന്നാണു്.

പിന്നീടു് എൻെറ സ്നേഹിതൻ മി. മുസ്തഫാ പറഞ്ഞു വിദേശികളെ എല്ലാം വെളിയിൽ ഓടിക്കണമെന്നു്, തിരുവിതാംകൂറിൽ തമിഴ് നാട്ടുകാർക്കു് ആന്ധ്രായിൽ നിന്നു വരുന്നവരെ വിദേശികളായി പരിഗണിക്കാൻ സാദ്ധ്യമല്ല, ഭാരതത്തിൽ ഇന്നു് ഉള്ളിടത്തോളം ഭാഗം രണ്ടു ഭുജങ്ങളും വെട്ടിയെടുത്തു കഴിഞ്ഞു എങ്കിലും അഖണ്ഡമായി സങ്കൽപ്പിച്ചുകൊണ്ടാണു് തിരുവിതാംകൂർ മുമ്പോട്ടു പോകുന്നതു്, അല്ലാതെ ഇന്നും ഒരു സ്വതന്ത്രതിരുവിതാംകൂറിൻെറ അടിസ്ഥാനത്തിലല്ല, നാം ചിന്തിക്കുന്നതു്. അതു് ഒരു തമിഴൻ കൈകാര്യകർത്തൃത്വം ചെയ്യുന്നതുകൊണ്ടു് എന്തോ തകരാർ സംഭവിക്കുന്നുണ്ടു് എന്നു എൻെറ സ്നേഹിതൻ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അതു് അസ്ഥാനത്താണു്. തിരുവിതാംകൂറിനു ദോഷകരമല്ലാത്ത വിധത്തിൽ തിരുവിതാംകൂറിൻെറ പൊതുതാൽപര്യത്തിനു വേണ്ടി ശ്രമിക്കുന്ന ആരു വന്നു പ്രവൎത്തിച്ചാലും അതു് സ്വാഗതാൎഹം തന്നെയാണു്. നമ്മുടെ ധാരാളം സ്നേഹിതന്മാർ ഇന്നു വെളിയിൽ പല വ്യത്യാസങ്ങളിലും പ്രവൎത്തിക്കുന്നുണ്ടു്. അവർ എല്ലാം നാളെ അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന കാഴ്ച ആഹ്ലാദകരമായി എനിക്കു തോന്നുന്നില്ല.

പിന്നീട് വ്യവസായനയത്തെപ്പററിയുള്ള ഒരു വ്യാഖ്യാനം ഉണ്ടാകണമെന്നുള്ള ഒരു അഭിപ്രായവും കേട്ടു. എനിക്കു പറയാനുള്ളത് തിരുവിതാംകൂറിനു മാത്രമായി ഒരു വ്യാവസായികനയം പ്രഖ്യാപനം ചെയ്യുക സാദ്ധ്യമാണോ? അല്ലതന്നെ. നമ്മുടെ ജീവിതം ഇൻഡ്യയുടെ സാമ്പത്തികവും വ്യാവസായികവുമായ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇൻഡ്യാ ഗവമ്മെൻറിൻെറ സാമ്പത്തികവും വ്യാവസായികവുമായ നയങ്ങൾ മനസ്സിലാക്കി അതിനോടു പൊരുത്തപ്പെടുത്തി നമ്മുടെ വ്യവസായങ്ങൾ മുമ്പോട്ടുകൊണ്ടുപോകയാണ് ചെയ്യേണ്ടത്. എഫ്. ഏ. സി. ററി. തന്നെ ഇൻഡ്യാ ഗവമ്മെൻറിൻെറ നയവുമായി പൊരുത്തപ്പെടുത്തി മുമ്പോട്ടു കൊണ്ടുപോകുന്നത് ഏററവും നന്നായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്. ഗവമ്മെൻറ് മുതൽ മുടക്കിയിട്ടുള്ളതും ഓഹരി എടുത്തിട്ടുള്ളതും ആയ കമ്പനികൾക്ക് ആവശ്യമായ എല്ലാം സംരക്ഷണങ്ങളും നൾകേണ്ടതാണ്. അവയുടെ മേൽ വേണ്ട നിയന്ത്രണം ചെയ്യുന്നതിനും അവയുടെ ഡയറക്ടറന്മാരെ മാററാനും നിയമിക്കാനും നമുക്ക് അധികാരമുണ്ട്. അതുകൊണ്ട് ഇന്നു നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ ബുദ്ധിപൂർവമായി ഉപയോഗിച്ചാൽ ഇന്നു ഗവമ്മെൻറു മുതൽ മുടക്കിയിട്ടുള്ള വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സാധിക്കും. അതുകൊണ്ടു ഇന്നു ഈ പ്രമേയത്തിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെയുള്ള ഒരു കമ്മിററിയെ നിയമിക്കുന്നതിന് സാങ്കേതികമായ തടസ്സമുണ്ട്. അത് അനുവദനീയവുമല്ല എന്നാണു എനിക്കു പറയാനുള്ളത്. എന്നാൽ അതിൻെറ സ്ഥാനത്തു തിരുവിതാംകൂറിൻെറ വ്യവസായിക സാദ്ധ്യതകളെപ്പററി അന്വേഷിക്കുന്നതിനും അവയെ എങ്ങിനെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമെന്നും ഉള്ള വിവരങ്ങൾ അന്വേഷിച്ചു വേണ്ട നിർദ്ദേശം നൾകാനുള്ള ഒരു വിദഗ്ദ്ധക്കമ്മററിയാണെങ്കിൽ അതു സ്വാഗതാർഹമായിരിക്കുമായിരുന്നു. ഈ കമ്മററിയുടെ പ്രവർത്തനപദ്ധതി വളരെ സങ്കുചിതമായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

MR. T. A. ABDULLA : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഇവിടെ നടന്ന ചില പ്രസംഗങ്ങൾ കേട്ടാൽ ഈ പ്രമേയത്തിൽ എന്തൊ വലിയ അബദ്ധം ഉണ്ടെന്നും ഇവിടെ ആരുടെയോ പേരിൽ അന്വേഷണം നടത്തി ശിക്ഷിക്കാൻ ആഗ്രഹിക്കുന്നു എന്നതു നിശ്ചയമാണെന്നും ഉള്ള അർത്ഥത്തിൽ ആണ് ഗവമ്മെൻറു പക്ഷത്തു

Mr. T. A Abdulla]

നിന്നും ഉള്ള അംഗങ്ങൾ പറഞ്ഞുകേട്ടതു്. ശേഷശായിയെ ഒരു വലിയ കെമിസ്റ്റ് ആക്കുകയും മാനേജ്മെൻറിനു വലിയ വക്കാലത്തു പിടിക്കുകയും ചെയ്തതായി തോന്നുന്നു. ഞങ്ങളുടെ നിശ്ചയം അവതരിപ്പിച്ചതു വളരെ ലഘുവായ കാര്യത്തിനാണ്. അതായതു് ഈ രാജ്യത്തു് നമ്മുടെ വ്യവസായം ശിശുവായി—ശിശു എന്നുതന്നെ ഞാൻ പറയും. എന്തെന്നാൽ നമ്മുടെ രാജ്യത്തു ഗണ്യമായ വിധത്തിൽ വ്യവസായം വികസിച്ചിട്ടില്ല. ആ വ്യവസായശിശുവിനു ചില സുഖക്കേടുകൾ, അതായതു് പനി, വയറിളക്കം തുടങ്ങിയ സുഖക്കേടുകൾ ഉണ്ടു്. ആ വ്യവസായ ശിശുവിനെ സംരക്ഷിക്കാൻ വേണ്ടി നമുക്ക് നമ്മാൽ തിരഞ്ഞെടുക്കപ്പെട്ട ചില മന്ത്രിമാരും ഉണ്ടു്. ഞങ്ങൾ പറയുന്നതു് ഈ വ്യവസായ ശിശുവിനെ ചികിത്സിക്കാൻ വിദഗ്ദ്ധന്മാരായ ഡാക്ടറന്മാരെ കാണിച്ച് അവരുടെ പ്രിസ്ക്രിപ്ഷൻ അനുസരിച്ച് മരുന്നു കൊടുത്തു ചികിത്സിക്കണം എന്നാണ്. അതിൽ കവിഞ്ഞു് ഒന്നും തന്നെ ഈ പ്രമേയത്തിൽ അടങ്ങിയിട്ടില്ല. ഇതിൽ കവിഞ്ഞു് ശബ്ദം കൊണ്ടു് എതിർത്തു് എന്തെങ്കിലും പറയുന്നു എങ്കിൽ അതു് പരാജയത്തിൽ ആകുമെന്നാണ് എനിക്ക് എൻെറ സ്നേഹിതന്മാരോടു പറയാനുള്ളതു്. നിശ്ചയമായും എൻെറ വിശ്വാസം വായു അടച്ചു കെട്ടപ്പെട്ടില്ലായിരുന്നു എങ്കിൽ ഇതിനുവേണ്ടിയുള്ള പ്രസംഗംകൊണ്ടു് ഈ ഹാൾ മാറൊലികൊള്ളുമായിരുന്നു. നമ്മുടെ രാജ്യത്തിൻെറ രക്ഷയ്ക്കു് ആവശ്യമായ സംഗതികൾ പറഞ്ഞതിന് ഇത്രമാത്രം എതിർപ്പ് എതിർ പക്ഷത്തു നിന്നും ഉണ്ടാകേണ്ട ആവശ്യം ഇല്ലാത്തതാണ്. ഇതിനുമുൻപു് ഇൻഡ്യാഗവണ്മെൻറു തന്നെ ഇതുപോലെയുള്ള നടപടി എടുത്തിട്ടുണ്ടു്. നമ്മുടെ മന്ത്രിമാർക്ക് എന്തോ ഒരു പോരായ്മ ആരോപണം ചെയ്യുന്നു എന്നു ഇവിടെ പറയുകയുണ്ടായി. അതു പരമാബദ്ധമാണ്. ഇവിടെ ചില തകരാറുകൾ ഉണ്ടു്. അതിനു വിദഗ്ദ്ധന്മാരുടെ ഉപദേശത്താൽ അതു് പോക്കണം എന്നാണ് ഈ പ്രമേയംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ൧൯൪൦-ൽ ഇൻഡ്യാഗവണ്മെൻറിന് ഇങ്ങനെ ഒരു തകരാറുണ്ടായിരുന്നു. ഇൻഡ്യാഗവണ്മെൻറ് അന്ന് ഏറ്റെടുത്തിരുന്ന വ്യവസായത്തെ പററി നോക്കിയാൽ ഇന്നു നമുക്ക് തിരുവിതാംകൂറിൽ ഉള്ള നില ആയിരുന്നു ഉണ്ടായിരുന്നതു്. അന്ന് അവിടത്തെ ഗവണ്മെൻറ് ഇതെല്ലാം ജനങ്ങളെ അറിയിക്കുകയാണെങ്കിൽ എല്ലാം ഇടിഞ്ഞുപൊളിഞ്ഞു നാശമാകും എന്നു പറയുകയല്ലാ ചെയ്തതു. അതിനു ആവശ്യമായ ഉപദേശത്തിനു ഒരു വിദഗ്ദ്ധകമ്മററിയെ ഏർപ്പെടുത്തുകയാണു ചെയ്തതു. ആ വിദഗ്ദ്ധകമ്മിററി അതി

കൊല്ലശാസ്ത്രകളെ [illegible] എന്നാൽ അതിൽ നിന്നും [illegible] അതിനെയുള്ള ഒരു വിദഗ്ദ്ധകമ്മററിയുടെ [illegible] പ്രവർത്തിക്കുകയാൽ ഇൻഡ്യാഗവർമ്മെൻറിനു [illegible] സാധിച്ചു. അതിനാൽ ഞങ്ങൾ പറയുന്നതു് [illegible] കമ്മീഷനാക്കി പ്രവർത്തിക്കാതെ മി. കെ. എ. മഹമ്മദ് പറഞ്ഞതുപോലെ ജനങ്ങളെ കൂടുതൽ [illegible] കാര്യങ്ങൾ അന്വേഷിച്ചു [illegible] കണ്ടുപോകണം എന്നാണു്. പിന്നെ [illegible] പറഞ്ഞാൽ നിശ്ചയമായും [illegible] ഒന്നും കൂട്ടുവാൻ പോകുന്നില്ല [illegible] ഡാക്ടരോടുള്ള ഉപമ ശരിയാണെങ്കിൽ [illegible] ഡാക്ടരെക്കൊണ്ടു ചികിത്സിപ്പിക്കുകയാണെങ്കിൽ [illegible] എന്ന ആശ ആർക്കും തോന്നും. [illegible] അല്ലെങ്കിൽ ലബ്ധപ്രതിഷ്ഠന്മാരെക്കൊണ്ടോ ചികിത്സിപ്പിക്കുന്നു എന്നു കണ്ടാൽ അതിൽ അത്ര ആശങ്ക വകയില്ല. [illegible] ഉപദേശത്തിനു് ഒരു വിദഗ്ദ്ധകമ്മററിയെ ഏർപ്പെടുത്തിയിരിക്കുന്നു എന്നു കണ്ടാൽ തന്നെ തിരുവിതാംകൂർ വിചാരിക്കുന്നതു് [illegible] കാര്യമായി പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നു എന്നാണു്. [illegible] നമ്മുടെ [illegible] എളുപ്പത്തിൽ [illegible] കൂടുതൽ പണം [illegible] എന്നു പൂർണ്ണ [illegible] എന്തെങ്കിലും പറഞ്ഞതുകൊണ്ടു് കാര്യം [illegible] മി. കെ. എ. മഹമ്മദിൻെറ പ്രമേയം [illegible] സ്പിരിററിൽ തന്നെ സ്വീകരിക്കണമെന്നു പ്രാർത്ഥിക്കുന്നു.

HON'BLE MR. Y. [illegible] VARGHESE : ഈ [illegible] സംബന്ധിച്ചു ദീർഘമായ വിമർശനവും [illegible] വിചാരിക്കുന്നില്ല. ഈ പ്രമേയം [illegible] മി. മഹമ്മദ് [illegible] പ്രമേയത്തെപ്പററി അനുകൂലിച്ചും പ്രതികൂലിച്ചും പ്രസംഗിച്ചവർ തമ്മിൽ വലിയ വ്യത്യാസമുള്ളതായി [illegible] കാണുന്നില്ല. മി. അബ്ദുള്ളാ [illegible] അർത്ഥം [illegible] പ്രമേയകർത്താവു് ഉദ്ദേശിച്ചിട്ടുള്ളതായി [illegible] ഗവൺമെൻറിനെ ആക്ഷേപിക്കണം എന്ന ഉദ്ദേശവും പ്രമേയകർത്താവിനില്ല. കമ്പനി നടത്തുന്ന വ്യവസായങ്ങൾക്കു് എന്തെങ്കിലും ഹാനി സംഭവിച്ചു വ്യവസായത്തിനു്

[Hon'ble Mr. T. M. Varghese]

അധഃപതനം ഉണ്ടാകണം എന്ന ഉദ്ദേശവും അദ്ദേഹത്തിനില്ല. അതു കൊണ്ടാണ് ആവേശജനകമായ പ്രസംഗങ്ങളും പ്രസ്താവനകളും മറു ഭാഗത്തു നിന്നും വന്നപ്പോൾ ഒരു പരസ്യാന്വേഷണം വേണമെന്ന ആഗ്രഹം ഉണ്ട്, എന്ന അദ്ദേഹം വിചാരിക്കുന്നില്ലെന്ന് വ്യക്തമാക്കിയതു്. ഞാൻ ഉദ്ദേശിക്കുന്നതു കോടിക്കണക്കിനു പണം മുടക്കി നടത്തുന്ന വ്യവസായങ്ങൾ കാര്യമായി വേണ്ട ജാഗ്രതയോടുകൂടി നോക്കണം എന്നു മാത്രമേ പ്രമേയകർത്താവുദ്ദേശിക്കുന്നുള്ളു എന്നാണ്. ഗവൺമെന്റ് വിനിയോഗിക്കുന്നതു് രാജ്യരക്ഷയ്ക്കും പുരോഗതിക്കും ആവശ്യമായിട്ടാണ്, അതു പരാജയത്തിലാണെങ്കിൽ വളരെ രൂപ മുടക്കുന്നതു നഷ്ടമായി നാം അമ്പരക്കാൻ ആകയും ചെയ്യും. വേണ്ട വിധത്തിൽ അന്വേഷണത്തോടുകൂടി മററു ഗവൺമെന്റുകളെ പറയുന്നതുപോലെയുള്ള ആക്ഷേപങ്ങൾക്കു വിധേയരാകാതെ സൂക്ഷിക്കേണ്ടതു് ആവശ്യമാണ്. എന്നാൽ അതിനെപ്പററി എതിരഭിപ്രായം വരുവാൻ കാരണം, അദ്ദേഹം നിർദ്ദേശിച്ച പ്രതിവിധിക്കു പിശകുള്ളതിനാലാണ്. അദ്ദേഹം കമ്മിററി വേണം എന്നു പറഞ്ഞതിൽ വിദഗ്ദ്ധന്മാരായ കമ്മററിതന്നെ വേണം എന്നാണ്. അപ്പോൾ ഈ മന്ത്രിസഭയും ബഹുമാനപ്പെട്ട മെമ്പറന്മാരും അത്ര വിദഗ്ദ്ധന്മാരാണെന്നു വിചാരിക്കാൻ സാദ്ധ്യമല്ല, പിന്നെ അതു നമ്മുടെ ആത്മാർത്ഥത കൊണ്ടു നികത്താമെന്നേയുള്ളു. ഒരു നല്ല വിദഗ്ദ്ധകമ്മററി വേണം. അതു കമ്മിററിയായിട്ടാണോ വേണ്ടതു് എന്നു ചോദിച്ചാൽ ഞാനും മി. അബ്ദുള്ളയും ഒരേ വിധത്തിൽ ഉള്ള അഭിപ്രായം എങ്ങിനെ ആലോചിച്ചു എന്നു തോന്നിയേക്കാം, ഡാക്ടരുടെ കാര്യം തന്നെ ഞാനും ആലോചിച്ചതാണ്, എന്നാലതിലും ഇവിടെ ഡാക്ടരുടെ ചികിത്സയിൽ രോഗം ഡയഗ്നോസ് ചെയ്യാതെ ശസ്ത്രക്രിയ നടത്തണം എന്നു വന്നിരിക്കുന്നു, ഏതായാലും ഹോമിയോപ്പതി ചികിത്സ പോരാ. ഇവിടെ ഒന്നുകിൽ രോഗി മരിക്കണം അല്ലെങ്കിൽ ജീവിക്കണം എന്നു വരുമ്പോൾ ഡാക്ടരോടും ആലോചിക്കാതെ ശസ്ത്രക്രിയ നടത്താം, അങ്ങനെ ശസ്ത്രക്രിയ നടത്തുമ്പോൾ രോഗി ഒരു പക്ഷെ മേശപ്പുറത്തുവച്ചുതന്നെ മരിച്ചു എന്നും വരാം, അങ്ങനെയുള്ള നില വന്നിട്ടില്ലായെന്നു ഇവിടത്തെ ഗവൺമെന്റു പരസ്യമായി പ്രസ്താവിച്ചു. ശസ്ത്രക്രിയ നടത്തണമെന്നു കമ്മിററിയും പറയുന്നതിനു വേണ്ടിയാണ് ഇവിടെ ഇത്ര രൂക്ഷമായ വിമർശനം ഉണ്ടായതു്. കമ്മററി എന്നു പറയുന്നതു് ശസ്ത്രക്രിയയാണ്. വിദഗ്ദ്ധനായ ഒരു വലിയ ഡാക്ടർ അപ്പൻഡിസൈററിസ്സ് ആണ് എന്നു പറഞ്ഞതു് ഒരാളിനെ കീറി നോക്കീട്ട് അപ്പൻഡിസൈററിസ്സ് ഇല്ലാ എന്നു കണ്ടു. അദ്ദേഹം നല്ല

ഡാക്ടറായതിനാൽ വെട്ടിയിൽ വന്ന അപ്പൻഡിസൈറ്റിസ് ഇല്ലാ എന്നു പറഞ്ഞു. അതിനാൽ വിദഗ്ദ്ധന്മാർക്കും പിശകു തെററി എന്നു വരാം. ഈ കമ്മററി വേണമോ എന്നു ചോദിച്ചാൽ ഞാൻ പറയും, ഈ കമ്മററിവേണം എന്നു പറയുന്നതു് ആവശ്യമില്ലാത്ത ഒരു ശസ്ത്രക്രിയയാണ് എന്ന്. കാരണം ഷെയറിന്റെ വില ഇടിയും എന്നുള്ളതല്ലാ. ഇൻഡ്യയിലെ വ്യവസായത്തെപ്പററി ഇൻഡ്യാ ഗവൺമെൻറും മററു ഗവണ്മെൻറുകളും സ്വീകരിച്ചിരിക്കുന്ന നയം നമുക്കു് പത്രത്തിൽ നിന്നും അറിയാം. വ്യവസായസംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പണം കൊണ്ടും പ്രാപ്തികൊണ്ടും യോഗ്യതയുള്ള ആളുകളെ അന്യസ്ഥലത്തുനിന്നും ശുപാർശചെയ്തു ബുദ്ധിമുട്ടി വരുത്തി മററു രാജ്യക്കാരും വ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലമാണിപ്പോൾ. ഏതെങ്കിലും ഒരു സ്ഥലത്തു് വ്യവസായം തുടങ്ങുന്നതിനു ഉദ്ദേശിച്ചിരുന്ന ആളിനെ മററു രാജ്യക്കാർ പ്രേരണ ചെലുത്തി കൊണ്ടുപോയി എന്നു സർവ്വസാധാരണമായി പത്രത്തിൽ പറയാറുണ്ടു്. അങ്ങനെയുള്ള ഈ ഘട്ടത്തിൽ നമ്മുടെ വ്യവസായിക നില എങ്ങനെ ഇരിക്കുന്നു എന്നന്വേഷിക്കാതെ, അതിനു വല്ല രോഗവുമുണ്ടോ എന്നും, ഉണ്ടെങ്കിൽ തന്നെ അതിനുള്ള കാരണമെന്താണെന്നും മുഴുവൻ അന്വേഷിക്കാതെ ആളു ഡയഗ്നോസിസ്സു ചെയ്യുന്നതിനുള്ള സമയം പോലും എടുക്കാതെ പെട്ടെന്നു ശസ്ത്രക്രിയ ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിച്ചു അന്വേഷണം നടത്തണമെന്നു പറയുന്നതു് വളരെ സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. ആളു രോഗത്തിന്റെ നിദാനം അറിയാതെ പെട്ടെന്നു ശസ്ത്രക്രിയ ചെയ്യണമെന്നു പറയുന്നതിനു തുല്യമാണ്.

ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിക്കുന്നതുകൊണ്ടു് ഇപ്പോൾ എന്തു ദോഷമാണ് സംഭവിക്കാൻ പോകുന്നതെന്നു് മി. മഹമ്മദ് ചോദിക്കുന്നു. വ്യവസായപ്രവർത്തകരായ ആളുകൾ വളരെ സൂക്ഷ്മമായ പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടമാണിപ്പോൾ. തിരുവിതാംകൂറിനു പുറത്തുപോയി ലക്ഷക്കണക്കിനും കോടിക്കണക്കിനും പണം ചെലവാക്കിക്കൊണ്ടിരിക്കുന്ന ആളുകൾ, വിഭവസമൃദ്ധമായ ഈ രാജ്യത്തു് പ്രകൃതിദത്തമായ വിഭവങ്ങൾ ധാരാളമുള്ള ഈ രാജ്യത്തു് ഏതെങ്കിലും വ്യവസായങ്ങൾ നടത്തുവാൻ സാദ്ധ്യതയുണ്ടോ എന്നന്വേഷിച്ചുകൊണ്ടിരിക്കുന്ന ആളുകൾ നാം ഇപ്പോൾ എങ്ങിനെയാണ് ഈ കാര്യത്തിൽ അനുവർത്തിച്ചുകൊണ്ടിരിക്കുന്നതു എന്നു നോക്കിക്കൊണ്ടിരിക്കുകയാണ്. വ്യാവസായികപുരോഗതിക്കു വ്യവ

[Hon'ble Mr. T. M. Varghese]

സായങ്ങളുടെ നടത്തിപ്പിലും [illegible] ഗവൺമെൻറ് സൂക്ഷ്മത യോടും അവധാനതയോടും കൂടി [illegible] ആയിരിക്കണം, രാജ്യം ഇപ്പോൾ [illegible] ഘട്ടത്തിലാണ്. [illegible] കൊണ്ട് എപ്പോഴും കുഴപ്പമുണ്ടാക്കി [illegible] ങ്ങളെല്ലാം കൈക്കൊണ്ടാൽ ഇവിടെയുള്ളവർ [illegible] പണം കൊണ്ടുവന്ന ഈ രാജ്യത്തെ വ്യവസായസംരംഭങ്ങളിൽ ഏർപ്പെടുന്ന വിദേശി കളവർ പിന്നെ ഇങ്ങോട്ടു തിരിഞ്ഞു നോക്കുകയില്ലെന്നതാണ് വാസ്തവം. അതുകൊണ്ടു നാം അനാവശ്യമായും [illegible] ഇവിടുത്തെ വ്യാവസായികോദ്യമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ [illegible] കമ്മിറ്റിയും മറ്റും നിയമിച്ച് [illegible] തുടങ്ങിയാൽ ഇവിടെ [illegible] ഇല്ല എന്നതായിരിക്കും ഫലം. [illegible] രാജ്യത്തിനുണ്ടാകുന്നതു വലിയ ആപത്തായിരിക്കും. [illegible] പ്രമേയത്തിൽ പറയുന്ന രീതിയിൽ ഒരു കമ്മിറ്റിയെ നിയമിച്ച് അന്വേഷണം നടത്തിയാൽ ഉണ്ടാകാവുന്ന ഏറ്റവും വലിയ [illegible] ഇടിഞ്ഞു പോകുമെന്നുള്ളതാണ്. [illegible] കരുതേണ്ടതാണ് വേണ്ടതു്. അഥവാ കരുതുമ്പോൾ [illegible] പ്രധാനമായ കാര്യം. നമ്മുടെ വ്യാവസായിക [illegible] ഇടയാക്കും എന്നുള്ള [illegible] ദോഷമാണ് ഈ പ്രമേയം നടപ്പിൽ വരുത്തിയാൽ [illegible].

ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ്. സിമൻറ് ഫാക്ടറി, അലൂമിനിയം ഫാക്ടറി [illegible] ഫാക്ടറികൾ ഇവിടെ ഉണ്ട്. അതിലെല്ലാംകൂടി [illegible] പണം മുടക്കിയിട്ടുമുണ്ട്. ആ പണത്തിൻെറ സംരക്ഷണത്തിനു വേണ്ടി [illegible] ശരിയായ നടത്തിപ്പിനു വേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു പറയുന്നതു് ശരിയല്ല. ഇതുസംബന്ധിച്ചു് [illegible] വേണ്ടാ, ഒരു കമ്മിറ്റിയെ [illegible] നിയമിച്ചു് [illegible] അന്വേഷണം നടത്തി [illegible] ഗവൺമെൻറിനെ അറിയിച്ചാൽ മതിയെന്നു് മി. മഹമ്മദ് പറഞ്ഞു. എങ്കിലും അദ്ദേഹത്തിന് ഒരു വിദഗ്ദ്ധകമ്മിറ്റി വേണം. [illegible] ആ കമ്മിറ്റിയിലുണ്ടായിരിക്കണം, എന്തെന്ത വൈദഗ്ദ്ധ്യം [illegible] കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതു്, [illegible] ഏതെല്ലാമായിരിക്കണം, ഏതു കാര്യങ്ങളെക്കുറിച്ചു് അവർ റിപ്പോർട്ടു സമർപ്പിക്കണം, എന്നാണ്

സമർപ്പിക്കണമെങ്കിൽ [illegible] മി. [illegible]ദിന് വലിയ താല്പര്യമില്ല. അല്ല ഗവൺമെൻറുകളെ [illegible] എന്താണെന്ന് വച്ചിരിക്കുന്നത്. [illegible] കാര്യത്തിൽ അദ്ദേഹത്തിന് [illegible] നിർബന്ധമുണ്ട്. ഗവൺമെൻറിനെ [illegible]ത്തിന് പരിപൂർണ്ണമായ വിശ്വാസമുണ്ട്. മി. [illegible] കഴിയുമെന്നില്ലെങ്കിൽ ഈ പ്രമേയം കൊണ്ടുവന്നിനാം [illegible] പുര[illegible]ന് അദ്ദേഹം ഇവിടെ അവതരിപ്പിക്കവേ [illegible] പ്രേരിപ്പിച്ചു [illegible] കാര്യത്തെപ്പറ്റിയും [illegible] അഭിപ്രായ[illegible]റിയും ബുദ്ധിമുട്ടിനെപ്പറ്റിയും [illegible] സംശയമുണ്ടാകുമായിരുന്നു. അങ്ങനെ ഗവൺമെൻറിനെ [illegible]സി കൊടുക്കുവാൻ തയ്യാറാണ്. എന്നാൽ ഈ കമ്പനികൾ [illegible] ആവിശ്യപ്പെടുന്ന രാജ്യത്തിനകത്തും പുറത്തും [illegible] ഉണ്ടാക്കണമെന്ന ഒരു ഉദ്ദേശമേ ഈ പ്രമേയംകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നുള്ളു എന്നുള്ളത് സ്പഷ്ടമാണ്. [illegible]ങ്ങളുടെ പുരോഗതി കാംക്ഷിക്കുന്ന ഈ ഗവൺമെൻറിനെ അദ്ദേഹത്തിന് വിശ്വസിക്കുവാൻ കഴിഞ്ഞാൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാത്തതരത്തിൽ കഴിയുന്നത് ചെയ്യുവാൻ ഗവൺമെൻറ് തയ്യാറാകുമെന്നുകൂടി അദ്ദേഹത്തിനോട് [illegible] വുന്നതാണ്.

കമ്പനീനിയമങ്ങളെക്കുറിച്ചും കമ്പനികളുടെ [illegible]ങ്ങളെക്കുറിച്ചും നല്ലവണ്ണം അറിവുള്ള ഒരാളാണ് മി. മ[illegible]ക്കൻസ്സ്. അദ്ദേഹം ഇവിടെ പുറപ്പെടുവിച്ച അഭിപ്രായം ശരിയാണ്. [illegible] കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവയാണ് ഈ കമ്പനികൾ എല്ലാം. അതിൻെറ കൈകാര്യകർത്തൃത്വത്തിൽ ഗവൺമെൻറിന് ചില പരിമിതികളെല്ലാം ഉണ്ട്. മാത്രമല്ല, ഒരു ഓഫീസിൽ ഉദ്യോഗസ്ഥൻ [illegible] നിലയിൽ ഈ കമ്പനികളെപ്പറ്റി അന്വേഷണം നടത്തുവാൻ ഗവൺമെൻറ് ഒരു കമ്മിററിയെ നിയമിച്ചുവരുന്നു [illegible] ഈ കമ്പനികൾ തന്നെ അതിൻെറ കീഴ്വണങ്ങുക [illegible]. [illegible]രണ വൈൻഡിംഗ് അപ്പിന് മുൻപുള്ള ഒരു [illegible] കമ്മിററിയെ അയക്കുക എന്നുള്ളതു്. വൈൻഡിംഗ് അപ്പ് [illegible] ഗവൺമെൻറിന് സാധിക്കും. അങ്ങനെ വൈൻഡിംഗ് അപ്പ് ചെയ്യത്തക്കവണ്ണം ഈ കമ്പനികളും ബാങ്കുകളും [illegible] ഗവൺമെൻറിന് അറിവില്ല.

[Hon'ble Mr T. M. Varghese]

എന്നാൽ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചവർ കാരണമാക്കിയ ഒരു പശ്ചാത്തലമുണ്ടെന്നറിയാം. ഇവിടെ കോടിക്കണക്കിന് ഈ കമ്പനികൾക്കുവേണ്ടി പണം ചെലവാക്കി. ആരു വന്നു, എങ്ങിനെ വന്നു, എത്ര പണം ചെലവാക്കി, ഇപ്പോഴും അതിന്റെ നില എന്ത് എന്നൊന്നും പൊതുജനങ്ങൾക്കു് അറിയുവാൻ കഴിഞ്ഞിരുന്നില്ല. ഇങ്ങനെ യാതൊന്നും അറിയുവാൻ കഴിയാതെ ലക്ഷക്കണക്കിന് പണം ചെലവാക്കിക്കൊണ്ടിരിക്കുന്ന ഈ കമ്പനികളൊക്കെ നമ്മുടെ നാട്ടിൽ എന്നത്തേക്കും ഉണ്ടായിരിക്കാം അതിനെപ്പററി അന്വേഷിച്ചറിയണമെന്നാഗ്രഹിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ സാമാജികന്മാരുടെ ഒരു ഗവണ്മെന്റ് ഇപ്പോൾ ഭരണം ഏറെറടുത്തിരിക്കുന്നു. ആ ഗവണ്മെന്റ് പറയുന്നു കമ്പനികൾക്ക് നാശകരമായിട്ടോ ഗവണ്മെന്റിന് ഉപദ്രവകരമായിട്ടോ ഒന്നും ഇപ്പോൾ നടക്കുന്നില്ല. അതിനെപ്പററി അന്വേഷിക്കുവാൻ കമ്മിററി ഒന്നും നിയമിക്കേണ്ട ആവശ്യമില്ല. ഗവണ്മെന്റ് അന്വേഷണം നടത്തുന്നുണ്ടു്, വളരെ സൂക്ഷ്മതയോടുകൂടി കിട്ടുന്ന സൗകര്യവും ശക്തിയും പ്രയോഗിച്ച് വേണ്ട അന്വേഷണം നടത്തുകയും ചെയ്യും എന്ന് ഈ കമ്പനികളുടെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം ആർക്കും തന്നെ ആശങ്കയ്ക്കു് കാര്യമില്ല. ഉണ്ടെങ്കിൽ ഈ ഹൗസിൽ പരസ്യമായി ഇങ്ങിനെയിരിക്കെ വിവരങ്ങൾ നമുക്ക് [illegible] വഹിക്കുവാൻ നിവൃത്തിയില്ല, എന്നു പറയുവാൻ ഗവണ്മെന്റ് മടിക്കുകയില്ല. ഇവിടെ ഒന്നും ഒളിച്ചുവയ്ക്കുന്നില്ല. ഈ പ്രമേയത്തിനകത്തു് പ്രകടമാകുന്ന ഉദ്ദേശം എന്താണ്? മന്ത്രിസഭയെ ആക്ഷേപിക്കണമെന്നുള്ളതാണോ? അതോ മി. ശേഷശാസ്ത്രിയേയോ അല്ലെങ്കിൽ അതുപോലുള്ള മററു വല്ലവരേയുമോ സഹായിക്കണമെന്നുള്ള ഗവണ്മെന്റിന്റെ ഉദ്ദേശത്തെ വെളിപ്പെടുത്താനാണോ? ഏതായാലും ഈ ഗവണ്മെന്റിന് ഈ ഹൗസിനെ മറച്ചുവയ്ക്കത്തക്ക യാതൊരുദ്ദേശവുമില്ല. ഏതെങ്കിലും തെററു ചെയ്തുപോയിട്ടുണ്ടെങ്കിൽ അതു് പരസ്യപ്പെടുത്താതെ മറച്ചുവയ്ക്കണമെന്നുള്ള ഉദ്ദേശം ഈ ഗവണ്മെന്റിനില്ല. പ്രമേയകർത്താവു് അറിയാതെയാണെങ്കിലും അങ്ങിനെയുള്ള ഒരു ഉദ്ദേശം ഈ പ്രമേയത്തിലുണ്ടോ എന്നു തോന്നിപ്പോകും. അല്ലെങ്കിൽ പിന്നെ നിരർത്ഥകമായ ഈ കമ്മിററിയുടെ ആവശ്യമെന്താണ്? ഒരു കമ്മിററിയെ വച്ച് അന്വേഷണം നടത്തുന്നത് വളരെ അപകടമാണെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

മി. മുഹമ്മദ് ഷിപ്പ് കമ്പനികളെപ്പററി ഇവിടെ പരാമർശിക്കുകയുണ്ടായി. അതുസംബന്ധിച്ചു് കഴിവുള്ള വിദഗ്ദ്ധന്മാരെ ഇവിടെ ഗവണ്മെൻറു് ശേഖരിച്ചിട്ടുണ്ടു്. റയൺസ് കമ്പനിയുടെ നടത്തിപ്പു് ലാഭകരമാണോ എന്നു ചോദിച്ചു. ലാഭകരമല്ല. കമ്പനിയുടെ പ്രവർത്തനം ഇപ്പോഴും നടക്കുന്നില്ല. കെട്ടിടങ്ങൾ മുഴുവൻ തീർന്നിട്ടില്ല. ഇവിടെയുള്ള ഈററയിൽനിന്നു് പൾപ്പു് ഉണ്ടാക്കി പരിശോധിച്ചതിൻെറ ഫലമായി റയൺ സിൽക് വ്യവസായം കമേഴ്സ്യലായിട്ടുതന്നെ ഇവിടെ ഉണ്ടാക്കാമെന്നു് കണ്ടുപിടിച്ചിട്ടുണ്ടു്. പൾപ്പിൽ ആഷ് കണ്ടൻറു് ഉണ്ടു്. ലാബറട്ടറിയിൽവെച്ചു പരിശോധിച്ചപ്പോൾ ഈ ആഷ് കണ്ടൻറു് നീക്കംചെയ്യുന്നതാണെന്നു കണ്ടു. എന്നാൽ അതിലേക്കു് ഒരു പൈലററ് പ്ലാൻറു് കൊണ്ടുവരണം. അതു കൊണ്ടുവരുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടു്. പൈലററ് പ്ലാൻറു് വന്നു കഴിഞ്ഞാൽ റയൺസു കമ്പനിയിൽ പണി തുടങ്ങാൻ അല്പം താമസം വരുമെന്നേ ഉള്ളു. ഇംഗ്ലണ്ടു്, ഫ്രാൻസ് മുതലായ രാജ്യങ്ങളിലെ റയൺസുകമ്പനികൾ അമേരിക്ക, സ്വീഡൻ മുതലായ വിദൂരസ്ഥലങ്ങളിൽനിന്നും ആണു് പൾപ്പു വരുത്തി റയൺ വ്യവസായം തുടങ്ങുന്നതു്. ഇവിടെയുള്ള പൾപ്പു് ഉപയോഗയോഗ്യമല്ലെന്നു വന്നാൽതന്നെയും ദൂരദിക്കുകളിൽനിന്നും പൾപ്പു വരുത്തി വ്യവസായം തുടങ്ങുന്നതു് ലാഭകരമാണെന്നു് അനുഭവപ്പെട്ടിട്ടുണ്ടു്. ഈ പൾപ്പുകൊണ്ടു മററു പല സാധനങ്ങളും ഉണ്ടാക്കുകയും ചെയ്യാം. അടുത്തതു് ഫിററിനെപ്പററിയാണു്. ചോദ്യോത്തരവേളയിൽ ഇതുസംബന്ധിച്ചു് പറഞ്ഞിട്ടുള്ളതാണു്. ഫിററിനെപ്പററി വളരെ തെററിദ്ധാരണകൾക്കു് കാരണം കാണുന്നുണ്ടു്. എന്തെങ്കിലും ഒരു അബദ്ധം പിണഞ്ഞാൽ അതു് തിരുത്തിക്കഴിഞ്ഞാലും ആളുകൾ അതു് മറക്കുകയില്ല. ഈ കമ്പനിക്കു് [illegible] ചതുരശ്രമൈൽ സ്ഥലം കൊടുത്തു എന്നുള്ളതു് വാസ്തവമാണു്. ഈ സ്ഥലത്തുനിന്നും വെട്ടുന്ന തടികളിൽനിന്നു് വിറകിനു് ആവശ്യമുള്ളവ കഴിച്ചു് ബാക്കി വരുന്നതു് ഗവൺമെൻറിനു് തരാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. കാപ്പീസ് സിസ്റ്റം അനുസരിച്ചു് ൩൦ വർഷം കഴിഞ്ഞാൽ വിറകു് വെട്ടിയ സ്ഥലത്തുനിന്നുതന്നെ വീണ്ടും വിറകു വെട്ടുവാൻ സാധിക്കുമെന്നു് അതിൽ വൈദഗ്ദ്ധ്യമുള്ളവർ പറയുന്നു. തേക്കോ അതുപോലെയുള്ളതായ തടികളോ അല്ല അവിടെ ഉണ്ടാകുന്നതു്. വിറകിനാവശ്യമുള്ള തടികളാണു്. ഒരു വർഷക്കാലം വെട്ടിയിട്ടും മൂന്നു ചതുരശ്രമൈൽ മാത്രമേ വെട്ടേണ്ടതായി വന്നിട്ടുള്ളു.

[Hon'ble Mr. [illegible] Varghese]

ഈ [illegible] ഷെയറുകൾ സ്ഥലം മുഴുവൻ വെട്ടി [illegible] എന്ന് [illegible] ഉദ്ദേശിച്ചു [illegible]കകെ.

[illegible]: [illegible] സ്ഥലപ്രകാരം ന്യൂചയർ [illegible] വെച്ച് പിടിപ്പിക്കുവാൻ [illegible]?

[illegible]: [illegible] വെച്ചു പിടിപ്പിക്കുവാൻ [illegible] ളരെ വേഗം [illegible] ണ്ട് വ്യവ[illegible] വിവരമായി പറയുവാൻ ഇവിടെ [illegible] ഒരു [illegible]നം ഓഹരി ഗവണ്മെന്റ് [illegible] ഇൻഡസ്ട്രിയിൽ ഒരു [illegible]നവും [illegible] ടെക്നിക്ക് പ്രാധ[illegible] ണ്ടും [illegible] ഗവണ്മെന്റ് എടുത്തിട്ടു[illegible] മറ്റ് എല്ലാ കമ്പനികളിലും [illegible] ശതമാനമോ അതിൽ [illegible] എടുത്തിട്ടുള്ളത്. ഒരു കമ്മിററിയെ വച്ച് ഈ [illegible]റിനെപ്പറ്റി അന്വേഷണം [illegible] ശരിയ[illegible] [illegible] അഭിപ്രായപ്പെട്ടുകയും [illegible] ഈ പ്രമേയം പിൻവലിക്കുകയും ചെയ്യുകയുള്ളു[illegible] [illegible] ചെയ്തുകൊള്ളുന്നു.

MR. PRESIDENT: ഈ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

MR. K. A. [illegible]HAMMED: [illegible] ബഡ്ജററ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട [illegible] പറഞ്ഞു ഗവണ്മെന്റ് ഓഹരി എടുത്തിട്ടുള്ള പല [illegible] ഗവണ്മെന്റ് [illegible] ചെയ്യുമെന്നും [illegible] ചെയ്യുന്ന വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം [illegible] ഗവണ്മെന്റിനുണ്ടായി[illegible] കൈകാര്യകർത്തൃത്വം [illegible] വ്യവസ[illegible] [illegible] പറയുകയുണ്ടായി. ഈ പറഞ്ഞതിന്റെ [illegible] ഗവണ്മെന്റ് മുതൽ മുടക്കിയിട്ടുള്ള വ്യവസായങ്ങളിൽ പലതിനും മൂലധനം [illegible] ആവശ്യമു[illegible] ഉ[illegible] മാനേജിങ്ങ് ഏജൻസി [illegible] ഇല്ലാ[illegible]കൊണ്ടാണ് ഈ കമ്പനികൾ വീണ്ടും സഹായത്തിന് ഗവണ്മെന്റിനോടഭ്യർത്ഥിക്കുന്നതെന്നും ആണെന്ന ഞാൻ

മനസ്സിലാക്കുന്നതു് അതു് ശരിയാണെങ്കിൽ ഗവണ്മെൻറ് കൈക്കൊള്ളേണ്ട നയം എന്താണ്? ൻ൦ ലക്ഷം രൂപാ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിക്കാർ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഗവണ്മെൻറ് അതു കൊടുക്കുകയും ചെയ്തു. ഈ തുക ഷെയർ ക്യാപ്പിററലായി മാററുന്ന എന്നും പറഞ്ഞു. ഇങ്ങിനെ ഈ തുക ഷെയർ ക്യാപ്പിററലായി മാററുന്നതു് ശരിയാണോ അല്ലയോ, കമ്പനിക്കാർ ചോദിക്കുന്ന തുകകൾ എല്ലാം ഗവണ്മെൻറ് കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് ഗവണ്മെൻറ് കൈക്കൊള്ളേണ്ട നയം എന്തായിരിക്കണം എന്ന ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനുവേണ്ടിയാണ് ഒരു വിദഗ്ദ്ധക്കമ്മിററിയെ നിയമിക്കണമെന്നു് ഞാൻ പറഞ്ഞതു്. ബഹുമാനപ്പെട്ട വ്യവസായമന്ത്രി പറഞ്ഞതു് വളരെ ശരിയാണു്. ആ കമ്മിററിയിലെ അംഗങ്ങൾ ആരായിരിക്കണം, അതിൽ എത്ര ആളുകൾ ഉണ്ടായിരിക്കണം, എന്നൊന്നും പ്രമേയത്തിലില്ല. ഗവണ്മെൻറ് നിശ്ചയിക്കുന്നിടത്തോളം ആളുകൾ ആ കമ്മിററിയിൽ ഉണ്ടായിരുന്നാൽ മതി എന്നാണു ഞാൻ വിചാരിച്ചതു്. ഇപ്പോൾ ഗവണ്മെൻറിനു് ഇങ്ങനെയുള്ള കാര്യങ്ങളിൽ വിദഗ്ദ്ധോപദേശം നൾകുന്നതിനു് ഇപ്പോൾ ആരുമില്ലെന്നാണു് എൻെറ അറിവു്. ഇവിടത്തെ വ്യവസായഡയറക്ടറെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു. വ്യവസായഡയറക്ടർക്ക് ഗവണ്മെൻറിനെ ഉപദേശിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. ഏതെങ്കിലും ഒരു കമ്പനിക്ക് ലോൺ വേണമെന്നാവശ്യപ്പെട്ടാൽ അതു കൊടുക്കണോ വേണ്ടയോ എന്നു് ഗവണ്മെൻറിനെ ഉപദേശിക്കുവാൻ ആരാണു്. വ്യവസായമന്ത്രി പറഞ്ഞു, ഇപ്പോൾ ഡയോഗണൈസ് ചെയ്തുകൊണ്ടിരിക്കുകയാണു്, ഓപ്പറേഷൻ വേണമെന്ന വന്നാൽ ആദ്യമായി തന്നെ ഡാക്ടറെ വിളിച്ചുകൊണ്ടുവരുമെന്നു്. എന്നാൽ ഗൗരവതരങ്ങളായ ഇത്തരം കാര്യങ്ങളിൽ ഗവണ്മെൻറിനെ ഉപദേശിക്കുവാൻ ആരും വേണ്ടാഎന്ന വയ്ക്കുന്നതു് ശരിയാണോ എന്ന ഞാൻ ചോദിക്കുന്നു.

HON'BLE MR. T. M. VARGHESE : ഗവണ്മെൻറിനെ ഉപദേശിപ്പാൻ ആരും ഇല്ലെന്ന പറയുന്നതു് തെറ്റാണു്. ഒരു ഇൻഡസ്ട്രിയൽ ലെയിസൺ ആഫീസറെ ഇതിലേക്ക് ൩ വർഷത്തേക്ക് നിയമിച്ചിരിക്കുകയാണു്. അദ്ദേഹം വളരെ ആവശ്യമുള്ള ഉപദേശങ്ങൾ തരുന്നുമുണ്ട്.

MR. K. A. MOHAMMED : മി. കെ. പി. പി. മേനോൻ ഇവിടത്തെ ലെയിസൺ ആഫീസറായിരുന്ന എന്നു് എനിക്കറിയാം. അദ്ദേ

[Mr. K. A. Muhammed]

ഘത്തിന്റെ ഉപദേശമനുസരിച്ചാണു തിരുവിതാംകൂറിൽ ചില വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ളതെന്നും ഞാൻ അറിയുന്നു. എന്നാൽ അദ്ദേഹം ഈ മാസം ൨൦-ാംതീയതി സർവീസിൽനിന്നും വിടുന്നു. അന്യരാജ്യത്തു് സേവനത്തിനായി അദ്ദേഹം പോകുന്നുവെന്നു് എന്നോടു പറയുകയുണ്ടായി. അദ്ദേഹത്തിനു പകരം അത്ര പ്രാഗത്ഭ്യമുള്ള മററാരെയെങ്കിലും നിയമിച്ചിട്ടുള്ളതായി എനിക്കു അറിവില്ല. ഈ നിലയിൽ നോക്കുമ്പോൾ ഗവണ്മെന്റിനെ ഉപദേശിക്കുവാൻ ആരുമില്ലെന്നുള്ളതു് സ്പഷ്ടമാണു്. ഗവണ്മെന്റിനു് സർ എം. വിശ്വേശ്വരയ്യായെപ്പോലെയോ അതുപോലെ, പേരു ഞാൻ പറയുന്നില്ല, കൊള്ളാമെന്നു തോന്നുന്ന ആളുകളേയോ ഒരു കമ്മിററിയായി നിയമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. ഈ പ്രമേയത്തെ സംബന്ധിച്ചു് ഈ സഭയിലുണ്ടായ വാദപ്രതിവാദങ്ങൾ നോക്കിയാൽ ഇതിനു് രണ്ടുവശമുണ്ടെന്നു കാണാം. ഈ രണ്ടു വശത്തേപ്പററിയും ആരാണു തീരുമാനിക്കേണ്ടതെന്നു ഞാൻ ചോദിക്കുന്നു. ഇത്ര പ്രയാസമേറിയ ഈ വിഷമത്തെ സംബന്ധിച്ചു് ഒരു ഭാഗത്തുനിന്നും മന്ത്രി സമാധാനം പറഞ്ഞു. എന്നാൽ ഇതിനൊരു മറുഭാഗം കൂടിയുണ്ടെന്നു ഗവണ്മെന്റു മനസ്സിലാക്കണം. ഇക്കാര്യങ്ങളിൽ വിദഗ്ദ്ധാഭിപ്രായം വേണമെന്നു് ഗവണ്മെന്റിനാവശ്യമുണ്ടെങ്കിൽ ഗവണ്മെന്റു് അതിനാവശ്യമുള്ള നടപടികൾ നടത്തുന്നതാണെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഈ പ്രമേയം അതേപടി പ്രസ്സ് ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. കാൺഗ്രസ്സുഭാഗത്തുനിന്നും ഉണ്ടായ വാദങ്ങൾ ഞാൻ ഉന്നയിച്ച യഥാർത്ഥമായ വാദമുഖത്തെ അഭിമുഖീകരിക്കുന്നില്ല എന്നുംകൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

MR. PRESIDENT : പ്രമേയം പിൻവലിക്കുന്നതിനു് ഈ സഭ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

The resolution was by leave, withdrawn.

MR. PRESIDENT അടുത്തതു് മി. പാൾതളിയത്തിന്റെ പ്രമേയമാണു്.

MR. PAUL THALIAT : സർ, എന്റെ പ്രമേയം കറപ്ഷനെ സംബന്ധിച്ചുള്ളതാണു്. ഒരു ആന്റി കറപ്ഷൻ ബിൽ കഴിയുന്നതും

വേഗത്തിൽ അവതരിപ്പിക്കുന്നതാണെന്ന് ഇന്ന് രാവിലെ പ്രധാനമന്ത്രി ഇവിടെ പ്രസ്താവിച്ചതുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നില്ല.

MR. P. M. VARGHESE: സർ, ഞാൻ ഈ സഭയുടെ അംഗീകാരത്തിനായി വളരെ പ്രധാനമായ ഒരു പ്രമേയമാണ് അവതരിപ്പിക്കുന്നതു. പ്രമേയം ഇതാണ്,

This Assembly resolves that the purchase of paddy from land owners now conducted on the basis of settlement pattom be discontinued and the same be made on the basis of excess determined by the ration card.

ഞാൻ ഈ പ്രമേയം കൊണ്ടുവരാനുള്ള കാരണം ഇന്നു ഈ രാജ്യത്തു് നെല്ലു വാങ്ങുന്നതിൽ കാണിച്ചുവരുന്ന പിശകുകളെ അടിസ്ഥാനമാക്കിയാണ്. നാം ഒരു സാധനം വാങ്ങുന്നുണ്ടെങ്കിൽ അതു വിൽക്കുവാൻ നിവൃത്തിയുള്ളവന്റെ പക്കൽ നിന്നായിരിക്കണം. ഗവമെന്റ് ഇപ്പോൾ ഒരുവന്റെ കൈവശം നെല്ലു വിൽക്കുവാൻ ഉണ്ടോ എന്നു നോക്കിയിട്ടല്ല നെല്ലു വാങ്ങുന്നതു്. ഇപ്പോൾ നെല്ലുവാങ്ങുന്നതു സെറ്റിൽമെന്റ് പാട്ടവ്യവസ്ഥയിലാണ്. ഒരുവനു് റേഷൻകാർഡു പ്രകാരം അൻപതുപറ നെല്ലു് ആവശ്യമുണ്ടായിരിക്കും എന്നു വയ്ക്കുക. അവന്റെ കൈവശം എട്ടോ, പത്തോ സെന്റു നിലം ഉണ്ടായിരിക്കും. അതിൽ കൃഷിചെയ്തു പത്തോ പന്ത്രണ്ടോ പറ നെല്ലു് അവനു ലഭിച്ചിരിക്കുകയും ചെയ്യും. ഞാൻ മുമ്പു പറഞ്ഞതുപോലെ അവനു അൻപതു പറ നെല്ലു കൊടുക്കുവാൻ ഗവമെന്റു ചുമതലപ്പെട്ടിരിക്കുമ്പോൾ അവന്റെ കൈവശമുള്ള പന്ത്രണ്ടുപറ നെല്ലിൽ നിന്നും മൂന്നോ നാലോ പറ ഗവമെന്റുദ്യോഗസ്ഥന്മാർ എടുത്തുകൊണ്ടു പോകുന്നു. അതാണ് ഇപ്പോഴത്തെ രീതി. ഈ നെല്ലു് അവന്റെ കയ്യിൽ നിന്നും വാങ്ങിക്കൊണ്ടുപോകുന്നതു് വളരെ സങ്കടകരമായ ഒരു കാര്യമാണ്. ഈ സെറ്റിൽമെന്റു പാട്ടവ്യവസ്ഥ നാം എന്തിന് സ്വീകരിച്ചു. നാട്ടിൽ വിളയുന്ന നെല്ലിന്റെ ഒരു ഭാഗം ഗവമെന്റിന്റെ കൈവശം വരുത്തണമെന്നുള്ള അടിസ്ഥാനത്തിൽ മാത്രമാണു സെറ്റിൽമെന്റു പാട്ടം അനുസരിച്ചു നെല്ലു വാങ്ങുന്ന നയം സ്വീകരിച്ചതു്. ഈ രാജ്യത്തു ഉണ്ടാകുന്ന നെല്ലു് ഇല്ലാത്തവർക്കു കൂടി വീതിക്കണമെന്നുള്ള ഉദ്ദേശം വളരെ നല്ലതുതന്നെ. എന്നാൽ രണ്ടു വ്യവസ്ഥയിൽ മാത്രമേ നമുക്കു അതു സ്വീകരിക്കുവാൻ പാടുള്ളു. ഒന്നാമതു നമ്മുടെ നാട്ടിൽ ഉണ്ടാ

[Mr. P. M. Varghese]

കുന്ന നെല്ല മുഴുവൻ ഗവണ്മെൻറു വാങ്ങണം. എന്നിട്ട് എല്ലാവർക്കും അതു് ഒരുപോലെ വിതരണം ചെയ്യണം. അങ്ങനെയാണ് യുദ്ധകാലത്തു് ഇംഗ്ലണ്ടിലും മററും നടത്തിയതു്. എന്നാൽ ഇവിടെ അതു് ചെയ്യുന്നതിന് നമ്മുടെ ഗവണ്മെൻറു തീരുമാനിച്ചില്ല. നമുക്കു ന്യായമായി ചെയ്യാവുന്ന വേറൊരു രീതിയുണ്ട്. സെററിൽമെൻറു വ്യവസ്ഥയല്ല അധികവ്യവസ്ഥയിൽ കൃഷിക്കാരുടെ പക്കൽ നിന്നും നെല്ല വാങ്ങുക എന്നതാണു അതു്. എല്ലാ ഭൂമി ഉടമസ്ഥനും റേഷൻ കാർഡുണ്ട്. ആ റേഷൻകാർഡുപ്രകാരം ഒരുവനു എത്ര നെല്ല് ആവശ്യമുണ്ടെന്നു കണക്കാക്കാം. ആ ആവശ്യത്തിൽ കവിഞ്ഞു് മിച്ചമുള്ള നെല്ല് ഗവണ്മെൻറു എടുക്കണം. ഇതാണ് അധികവ്യവസ്ഥ. ഒരുവനു എത്ര പറ നെല്ല കിട്ടും എന്നു തീരുമാനിക്കപ്പെട്ടുകഴിഞ്ഞാൽ ഈ വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനു യാതൊരു പ്രയാസവുമില്ല. ന്യായമായി നോക്കുന്ന പക്ഷം ഒരുവനു് അവൻെറ റേഷൻകാർഡിൽ അനുവദിച്ചിട്ടുള്ളതിൽ കുറവായിട്ടാണ് അവന് നെല്ല കിട്ടിയിട്ടുള്ളതെങ്കിൽ അവൻെറ കൈവശത്തിൽ നിന്നും നെല്ലെടുക്കുന്നതിന് ഗവണ്മെൻറിന് യാതൊരവകാശവുമില്ല. റേഷൻകാർഡുപ്രകാരം അവന് അവകാശപ്പെടാവുന്ന നെല്ലുപോലും ഇല്ലാതിരിക്കെ കൈവശമുള്ള നെല്ലിൻെറ ഒരംശം ഗവണ്മെൻറു വാങ്ങിക്കുവാൻ ഒരുമ്പെടുന്നതു് ഒരു വലിയ അനീതിതന്നെ സംശയമില്ല. ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിൽ പറയുന്നതു് ഗവണ്മെൻറ് അധികവ്യവസ്ഥയിൽ നെല്ല വാങ്ങണമെന്നുള്ളതാണ്. അതു സാധാരണ കർഷകരെ ഇങ്ങനെയുള്ള ചൂഷണത്തിൽ നിന്നും രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആണുതാനും. ചൂഷണം എന്നു ഞാൻ പറഞ്ഞതു് എങ്ങനെയാണെന്ന് അൽപംകൂടി വിശദമാക്കാം. ഈ രാജ്യത്തുള്ള ധനികന്മാരായ കർഷകരുടെ അടുക്കൽ വളരെ അധികം നെല്ല കാണും. അവരിൽ നിന്നും എടുക്കാൻ അവകാശം ഉള്ളിടത്തോളം നെല്ല് ഗവണ്മെൻറു വാങ്ങിക്കാതിരിക്കുവാൻ വേണ്ടി ചില വിദ്യകൾ അവർ പ്രയോഗിക്കുന്നു. ഉദ്യോഗസ്ഥന്മാർ സാധാരണ അഴിമതിക്കാരാണെന്നു നാട്ടിൽ പരക്കെ അപവാദമുണ്ടു. നെല്ല വാങ്ങുന്നതിന് ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും വിധത്തിലുള്ള പ്രലോഭനങ്ങൾക്ക് വശംവദരായി ആയിരം പറ നെല്ല വാങ്ങേണ്ടവരിൽ നിന്നും നൂററിഅൻപതു പറ നെല്ല വാങ്ങാൻ പ്രേരിതരായി തീരുന്നു. നേരേമറിച്ചു സാധു കർഷകരുടെ അടുക്കൽ

നിന്നും അവരെ ഭീഷണിപ്പെടുത്തി കൂടുതൽ നെല്ല് അവർ വാങ്ങിക്കുന്നു. നിയമപ്രകാരമായോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലോ നെല്ലെടുക്കാൻ വരുന്ന സ്പെഷ്യൽ പാർവ്വത്യകാരോട് ന്യായം പറഞ്ഞു നില്ക്കുവാൻ കെല്പില്ലാത്ത ഈ സാധുക്കൾ പ്രായേണ അവരുടെ നിർബന്ധങ്ങൾക്കു വശംവദരാകുകയാണ് ചെയ്യുന്നത്. പലപ്പോഴും നെല്ലിനു പകുതിയാണ് അവർ വാങ്ങിക്കൊണ്ടു പോകുന്നത്. ഇങ്ങനെയുള്ള അനവധി കേസുകളെപ്പററി തെളിവുസഹിതം പറയുവാൻ എനിക്കു സാധിക്കും. ഗവണ്മെന്റിന് ഈ വിഷയത്തിൽ വലിയ ഒരു പ്രമാദവും പററുന്നുണ്ട്. ൧൦ പറ നെല്ല് ഗവണ്മെന്റു കൊടുക്കേണ്ട അവസരത്തിൽ ൫൦ പറ നെല്ലു കൈവശമുള്ളവരിൽ നിന്നും ൫ പറ നെല്ലുവീതം വാങ്ങിച്ചാൽ അങ്ങനെ വാങ്ങിക്കുന്ന നെല്ലു തിരിച്ചു അവനുതന്നെ വിൽക്കുവാനുള്ള കടപ്പാടും ഗവണ്മെന്റിനു വന്നുകൂടുന്നു. ഒരു സ്ഥലത്തു നിന്നും അൻപതിനായിരംപറ നെല്ലു വാങ്ങുന്നുണ്ടെങ്കിൽ അതിൽ ഇരുപതിനായിരം പറ സാധു കർഷകന്റെ അടുത്തു നിന്നാണു വാങ്ങുന്നത്. എന്നാൽ ഈ നെല്ല് തിരിച്ച് അവനുതന്നെ കൊടുക്കേണ്ട ചുമതലയും ഗവണ്മെന്റിനുണ്ട്.

ഇങ്ങനെ നെല്ലു വാങ്ങുന്നതിനും വില്ക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥവൃന്ദത്തെ ഗവണ്മെന്റ് ഉപയോഗിക്കേണ്ടതായി വരുന്നു. ഇതു ഒഴിച്ചുവയ്ക്കാവുന്ന ഭാരമേറിയ ഒരു ചുമതലയാണ്. ഇതു സംബന്ധിച്ചുള്ള ജോലി നടത്തിപ്പിൽ നാടൊട്ടാകെ അഴിമതി നടന്നുകൊണ്ടിരിക്കുന്നു. ധനവാന്മാരിൽ ആരുംതന്നെ ചൂഷണത്തിനു വിധേയരാകുകയില്ല. സാധു കർഷകരാണ് എപ്പോഴും ചൂഷണത്തിനു വിധേയരാകുന്നത്. അതുകൊണ്ടാണ് ഈ പ്രമേയത്തിൽ ഓരോ കാർഡുടമസ്ഥനും അവന്റെ കാർഡിൻപ്രകാരം ആവശ്യമുള്ള നെല്ല് അവന്റെ പക്കൽ ഇല്ലെങ്കിൽ അവനിൽ നിന്നും നെല്ലു വാങ്ങരുത് എന്നു ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഓരോ കർഷകനും ആണ്ടുതോറും ലഭിക്കുന്ന നെല്ല് എത്രയെന്നു ഒരിക്കൽ തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ സ്പെഷ്യൽ പാർവ്വത്യകാരുടെയോ ആണ്ടുതോറും വിളവു തിട്ടപ്പെടുത്താൻ നടക്കുന്ന ഉദ്യോഗസ്ഥന്മാരുടെയോ ആവശ്യമില്ല. അവനു എത്രപറ നെല്ലുകിട്ടുമെന്നു തിട്ടപ്പെടുത്താവുന്ന കാര്യമാണ്. ഒരിക്കൽ തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ മിക്കവാറും അടുത്തകൊല്ലത്തേക്കും അതേകണക്കുതന്നെ മതിയാകും. അതിനു കരതോറും വല്ല കമ്മിററിയെയോ മററോ ഏർപ്പെടുത്തിയാൽ മതി

[Mr. P. M. Varghese]

നാം ജാഗ്രതയായി ശ്രമിച്ചാൽ ഇന്നു സാധുക്കളായ ആളുകളിൽനിന്നും സെററിൽമെൻറു പാട്ടവ്യവസ്ഥപ്രകാരം വാങ്ങുന്ന നെല്ലിനേക്കാൾ കൂടുതൽ നെല്ല് അധികവ്യവസ്ഥയിൽ വാങ്ങിക്കുവാൻ സാധിക്കുമെന്നു ചില തഹശീൽദാരന്മാർ എന്നോടു പറഞ്ഞിട്ടുണ്ട്.

ഇനി ഈ അധിക വ്യവസ്ഥയിൽ നെല്ലു വാങ്ങുന്നതുകൊണ്ടു നമുക്ക് പല ഗുണങ്ങളും ഉണ്ടാകുന്നുണ്ട്. ഒന്നാമതായി ഞാൻ പറഞ്ഞതുപോലെ ഗവൺമെൻറിനും ഈ ആവശ്യത്തിലേയ്ക്കു നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ സംഖ്യ കുറയ്ക്കാം. രണ്ടാമതു് വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതിനുള്ള ജോലി ലഘൂകരിക്കപ്പെടും. അതായതു് ഇപ്പോൾ ആണെങ്കിൽ ഒന്നാമതായി കർഷകരിൽനിന്നും നെല്ല് എടുക്കുമ്പോൾ അവർക്ക് പണം കൊടുക്കണം. അങ്ങനെ അതിനുള്ള കണക്കുകളും മററും സൂക്ഷിക്കണം. പിന്നെ രണ്ടാമതു് പണം വാങ്ങിച്ചുകൊണ്ടു് അവർക്ക് ഈ നെല്ലു തിരികെ കൊടുക്കണം. ഇതു് ഗവൺമെൻറിനും സാധു കർഷകർക്കും ഒരുപോലെ വൈഷമ്യം ഉണ്ടാകുന്നതാണ്. കൂടുതൽ വിഷമത അനുഭവിക്കുന്നതു് സാധു കർഷകരാണ്. മിക്കപ്പോഴും നല്ല നെല്ല് കൊടുത്തിട്ട് തിരികെ അവർക്കു കിട്ടുന്നതു് കേടുഭവിച്ചതും പതിരും മററും കൂടിയവയും ആയിരിക്കും. അധിക വ്യവസ്ഥയിൽ നെല്ലെടുക്കുകയാണെങ്കിൽ ഈ വൈഷമ്യം ഉണ്ടാകുന്നതല്ല. വാങ്ങുന്നതു് ഉള്ളവരുടെ പക്കൽനിന്നാണെങ്കിൽ പരാതിക്കവകാശമില്ല. വേറെ ഒന്നുള്ളതു് ഭൂമി ഉടമസ്ഥന്മാരിൽനിന്നും ഇത്ര നെല്ല് വാങ്ങണമെന്നു തീർച്ചപ്പെടുത്തിയാൽ ഓരോ കർഷകനും കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ ശ്രമിക്കുമെന്നുള്ളതാണ്. ഇത്ര നെല്ല് അവർ കൊടുക്കണമെന്നു് അവരെ മുൻകൂട്ടി അറിയിച്ചാൽ അവരുടെ ശ്രമംകൊണ്ടു് അവർ കൂടുതൽ ഉൽപ്പാദിപ്പിക്കുകയും ഗവൺമെൻറു നിശ്ചയപ്രകാരം ഉള്ള നെല്ല് കൊടുത്തു നീക്കി ബാക്കി അവരുടെ ആവശ്യത്തിന് വിനിയോഗിക്കയും ചെയ്യാമല്ലോ. ഇന്നത്തെ നിലയിൽ ഇതിന് വലിയ പ്രതിബന്ധമുണ്ടു കൂടുതൽ നെല്ലു വിളയിക്കുന്നതിൽ ആർക്കും ഉത്സാഹമില്ല. മറെറാന്ന് സാധു കർഷകൻെറ അടുക്കൽനിന്നും ഉള്ള നെല്ല് വാങ്ങിച്ചുകൊണ്ടു പോകുമ്പോൾ കരിഞ്ചന്തക്കു് സൌകര്യമുള്ളതു് കൂടുതൽ നെല്ല് കൈവശമുള്ള മുതലാളിമാർക്കാണ്. മുതലാളിമാർ കരിഞ്ചന്തയിൽ നെല്ലു വിററു കൂടുതൽ ആദായമുണ്ടാക്കുമ്പോൾ സാധു കർഷകർ കൈവശമുള്ള നെല്ല് ഗവൺമെൻറിന് കുറഞ്ഞവിലയ്ക്കു് വിററിട്ട് കരിഞ്ചന്തയിൽ

വിലകൊടുത്തു് നെല്ലുവാങ്ങി അവന്റെ ആവശ്യം നിർവ്വഹിക്കുന്നു. ഈ സംഗതി കഴിഞ്ഞ അസംബ്ലിയിൽ ഒരു പ്രമേയരൂപത്തിൽ കൊണ്ടുവരുന്നതിനു് ഞാൻ ശ്രമിച്ചു. അതു് സാധിച്ചില്ലെങ്കിലും ചുമതലക്കാരായ ഉദ്യോഗസ്ഥന്മാരോടു ഞാൻ ഇതിനെപ്പററി പറഞ്ഞിട്ടുണ്ടു്. ശരിയാണെന്നു് അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഈ നെല്ലുവാങ്ങിക്കുന്ന രീതി സെററിൽമെൻറു പാട്ടം എന്ന വ്യവസ്ഥ മാററി മേലാൽ അധിക വ്യവസ്ഥയിൽ നെല്ലുവാങ്ങണമെന്നുള്ള ഒരു അപേക്ഷയാണു് ഈ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. അങ്ങനെ ആയാൽ നെല്ലു് വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതുകൊണ്ടുള്ള പരാതികളിൽ ൯൦ ശതമാനവും ഇല്ലാതാകുന്നതാണു്. സ്പെഷ്യൽ പാർവ്വത്യകാരന്മാരുടെ ഇടയ്ക്കുള്ള അഴിമതി തൻമൂലം ഇല്ലാതാകും. ഇത്രയും സംഗതികൾ ഈ സഭയെ അറിയിച്ചുകൊണ്ടും പ്രമേയത്തെ അനുകൂലിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടും പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

MR. N. P. VARGHIS : സർ, ഞാൻ മി. പി. എം. വറുഗീസു ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ അനുകൂലിക്കുന്നു. ഇപ്പോഴത്തെ സംഭരണരീതി ചെറുതരം കൃഷിക്കാർക്കു് വൈഷമ്യങ്ങൾക്കു് കാരണമാകുന്നതും അവരെ നിരുത്സാഹപ്പെടുത്തത്തക്ക വിധത്തിൽ ഉള്ളതുമാണു്. ഇതിനെക്കുറിച്ചു് ചില സംഗതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണു് ഞാൻ ഇതിനെ അനുകൂലിക്കുന്നതു്.

HON'BLE MR. A. THANU PILLAI : May I suggest that the Honourable Minister may be given some time so that he may make his statement on this important Point? The Horse has to rise at 4—30.

MR. PRESIDENT : ഇപ്പോൾ മന്ത്രിക്കു് ഇതിനെപ്പററി സംസാരിക്കുന്നതിനു് സമയം നൽകുന്നതാണു്. അതിനുശേഷം മെമ്പറന്മാർക്കു് അഭിപ്രായം പറയാവുന്നതാണു്.

MR. K. K. CHELLAPPAN PILLAI : സർ, ഒരു പായിൻറു് ആഫ് ആർഡർ. ഒരു മെമ്പർ പ്രസംഗിച്ചുകൊണ്ടിരിക്കേ അതു് പകുതിയിൽ നിർത്തിയിട്ടു് മററൊരാൾക്കു് സംസാരിക്കുന്നതിനു് അനുവാദം ഉണ്ടോ?

HON'BLE MR. K. M. KORAH : If I am permitted to intervene, I think much time may not be wasted over this issue, because Government have accepted a policy. If I am permitted, I shall explain that.

MR. K. K. CHELLAPPAN PILLAI : ഞാൻ പറയുന്നതു് ഒരു മെമ്പർ സംസാരിച്ചു് പകുതി ആകുമ്പോഴേക്കും വേറൊരാൾക്കു് പ്രസംഗിക്കാൻ അവകാശമുണ്ടോ എന്നുള്ളതാണു്.

HON'BLE MR. K. M. KORAH : ഗവണ്മെൻറിൻെറ ഇപ്പോഴത്തെ നയം വിശദീകരിച്ചുകഴിഞ്ഞതാൽ മെമ്പറന്മാർക്ക് ഇതിനെപ്പററി സംസാരിക്കേണ്ട ആവശ്യം തന്നെ ഉണ്ടാകുകയില്ലെന്നാണ് എൻെറ വിശ്വാസം.

"Government will take steps to discontinue the existing system of procurement on the basis of settlement pattom. In future, purchase of paddy on behalf of Government will be made on excess basis alone.

ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. എം. വറുഗീസ് അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ ഉൾക്കൊണ്ടിരിക്കുന്ന തത്വം ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നു എന്ന് അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. അങ്ങനെ സ്വീകരിച്ചതു ഈ പ്രമേയത്തിൻെറ ചർച്ച നടക്കുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പാണെന്നുള്ള വിവരവും സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. സെററിൽമെൻറു പാട്ടം അടിസ്ഥാനപ്പെടുത്തി നെല്ലു വാങ്ങിക്കുക എന്നതു ചെറുതരം ഭൂമി ഉടമസ്ഥന്മാർക്കും ചെറുതരം കർഷകർക്കും ഉപദ്രവത്തിനും വൈഷമ്യങ്ങൾക്കും കാരണമായിട്ടുണ്ടെന്ന് ഗവണ്മെൻറ് മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല. സെററിൽമെൻറ് പാട്ടത്തിൻെറ അടിസ്ഥാനത്തിൽ നെല്ല് വാങ്ങിക്കുന്നതുമൂലം ചെറുതരം കർഷകർക്ക് അതൃപ്തി ഉണ്ടെന്നുള്ളതും ഗവണ്മെൻറ് മനസ്സിലാക്കുന്നുണ്ട്. ചെറുതരം കർഷകൻ ഒരു പറ നെല്ലിന് രണ്ടു രൂപാ വാങ്ങിക്കൊണ്ടു സെറ്റിൽമെൻറു പാട്ടപ്രകാരം അദ്ദേഹത്തിൻെറ വിളവിൽ ഒരു ഭാഗം ഗവണ്മെൻറിനു കൊടുക്കുവാൻ നിർബന്ധിതനായിട്ടുണ്ട്. അല്പമുള്ള സ്വന്തം സ്റ്റാക്ക് തീർന്നുപോകയാൽ ആണ്ടിൽ പല മാസങ്ങളിലും അദ്ദേഹത്തിന് റേഷൻ വാങ്ങേണ്ടിവരുന്നു. കൂടുതൽ വിലകൊടുത്തു റേഷൻപ്രകാരം നൾകപ്പെടുന്ന നെല്ലോ അരിയോ അദ്ദേഹം പിന്നീട് വാങ്ങേണ്ടി വരുന്നു. ചെറുതരം വിളവുകാരുടെ ഇടയ്ക്കു ഇതു ചില വിഷമങ്ങൾക്കും പരാതികൾക്കും ഇടയാകുന്നു എന്നുള്ളതു സ്വാഭാവികമാണ്. സംഗതിയുടെ ഈ വക ഭാഗങ്ങൾ ഗവണ്മെൻറ് ശ്രദ്ധാപൂർവ്വം പരിഗണിക്കുകയും നിലവിലുള്ള പരിതഃസ്ഥിതിയെ മാററി കർഷകർക്കു ചില സമാശ്വാസങ്ങൾ നൾകേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ സെററിൽമെൻറു പാട്ടപ്രകാരം ഇപ്പോൾ നെല്ലെടുക്കുന്ന സമ്പ്രദായം മാററുന്നതിന് ഗവണ്മെൻറ് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഇനിമേൽ കൂടുതൽ ഇരിപ്പുള്ള സ്റ്റാക്കനുസരിച്ച്

മാത്രമേ ഗവൺമെൻറിനുവേണ്ടി നെല്ല് വാങ്ങിക്കുകയുള്ളു. റേഷൻകാർഡ് അടിസ്ഥാനപ്പെടുത്തി എല്ലാ കർഷകർക്കും അവരുടെ ഉത്തമവിശ്വാസത്തിലുള്ള വീട്ടാവശ്യങ്ങൾക്കായി നെല്ല് നൾകുന്നതാണ്. വിത്തുവകയും കൃഷിച്ചെലവിന്റെ വകയും വീട്ടാവശ്യത്തിനുള്ള നെല്ലും കഴിച്ച് ബാക്കി നെല്ല് മുഴുവൻ ഗവൺമെൻറു എടുക്കുന്നതാണ്.

നമ്മുടെ രാജ്യത്തുള്ള നെല്ല് ആവശ്യത്തിന് തീരെ മതിയാകാതെയാണ് ഇരിക്കുന്നതെന്നും കേന്ദ്ര ഗവൺമെൻറ് നൾകുന്ന ഭക്ഷണസാധനക്വോട്ടാ മതിയാകാത്തിടത്തോളം കാലം നമുക്ക് നമ്മെത്തന്നെ ആശ്രയിക്കേണ്ടതാണെന്നുമുള്ള സംഗതി ബഹുമാനപ്പെട്ട മെമ്പറന്മാർ ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു. സംഭരണനയം സംബന്ധിച്ച് ഗവൺമെൻറ് ഇപ്പോൾ വരുത്തിയിരിക്കുന്ന വ്യതിയാനത്തിന്റെ അർത്ഥം ബഹുമാനപ്പെട്ട മെമ്പറന്മാരും പൊതുജനങ്ങളും ശരിയായി ധരിക്കുമെന്നും ഗവൺമെൻറിന്റെ ഈ പുതിയ ശ്രമത്തിൽ പരിപൂർണ്ണമായ സഹകരണം നൾകി അതിനെ വിജയപ്രദമാക്കുമെന്നും വിശ്വസിച്ചുകൊള്ളുന്നു.

MR. D. GNANASIGAMONY : How long do the Government propose to continue this procurement ?

HON'BLE MR. K. M. KORAH : എത്ര നാളത്തേക്കെന്ന് പറയാറായിട്ടില്ല. എങ്കിലും കുറേനാളത്തേക്ക് വേണ്ടിവരുമെന്നാണ് തോന്നുന്നത്.

MR. D. GNANASIGAMONY : Have the Government considered the question of decontrol of essential food stuffs ?

HON'BLE MR. K. M. KORAH : Yes.

MR. E. P. PAULOSE : ഇത് ഏതടിസ്ഥാനത്തിൽ ആയിരിക്കുമെന്നുള്ളതിനെപ്പറ്റി വല്ല വിവരവും ഇപ്പോൾ പറയാമോ ?

HON'BLE MR. K. M. KORAH : ആവശ്യമായ റൂളുകൾ എഴുതിയുണ്ടാക്കി ഏതാനും ദിവസങ്ങൾക്കകം അത് പ്രസിദ്ധം ചെയ്യുന്നതായിരിക്കും.

MR. K. RAMAKRISHNA PILLAI : ഈ പുതിയ വ്യവസ്ഥ അനുസരിച്ച് നെല്ല് എടുക്കുന്നത് ഏക്കറിന് ഇപ്പോഴത്തെ റേറ്റിൽനിന്നും കൂടുതലായിരിക്കുമോ കുറവായിരിക്കുമോ ?

HON'BLE MR. K. M. KORAH : ചെറിയ കർഷകരുടെ വൈഷമ്യങ്ങളെ പരിഹരിക്കുന്നതിന് എന്തെല്ലാം ചെയ്യാമോ അതൊക്കെ ചെയ്യാവുന്നതാണ്.

MR. K. RAMAKRISHNA PILLAI : ഡെഫനിറ്റായിട്ടുള്ള ഒരു ചോദ്യമാണ് ചോദിക്കുന്നത്. അതായത് ഇപ്പോൾ നെല്ലെടുക്കുന്നത് ഏക്കറേജ് അനുസരിച്ച് കുറവാണെങ്കിൽ പുതിയ നിയമമനുസരിച്ച് കൂടുതൽ കൊടുക്കേണ്ടിവരുമോ ?

HON'BLE MR. K. M. KORAH : ഗവൺമെൻറു ആവശ്യമുള്ള നടപടികളും സ്വീകരിക്കുന്നതാണെന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

MR. E. P. PAULOSE : ചട്ടങ്ങളും പ്രസിദ്ധീകരിക്കുന്നതാണെന്നു പറഞ്ഞു. അതു് പ്രസിദ്ധീകരിക്കുന്നതിനു മുമ്പു ജനപ്രതിനിധികളുമായി ആലോചിക്കരുതോ?

HON'BLE MR. K. M. KORAH : ഇതു് അടിയന്തിരമായി ചെയ്യേണ്ടതായിരിക്കുന്നതുകൊണ്ടു് ഒരുപക്ഷേ അതിനു സാധിച്ചില്ലെന്നു വന്നേക്കാം. എങ്കിലും, കഴിവുള്ളതെല്ലാം ചെയ്യാം.

MR. K. A. MUHAMMED : ഏക്കറേജ് കുറവുള്ള ആളുകളുടെ പക്കൽനിന്നും നെല്ലു് എടുക്കുകയില്ലെന്നാണോ ഇതിൻെറ അർത്ഥം.

HON'BLE MR. K. M. KORAH : അതല്ല. ഒരാൾക്കു അൻപതു പറ നെല്ലു കൃഷിയിൽ കിട്ടുകയും എന്നാൽ അയാളുടെ നിത്യാവശ്യങ്ങൾക്ക് നാല്പതു പറ ആവശ്യമായിരിക്കുകയും ചെയ്യുകയാണെങ്കിൽ അതു കഴിച്ചുള്ള പത്തു പറ നെല്ലു് മാത്രമേ അയാളുടെ പക്കൽ നിന്നും എടുക്കുകയുള്ളു.

MR. A. NESAMONY : Does this rule apply to boarding homes and institutions which own paddy lands ?

HON'BLE MR. K. M. KORAH : It applies to every individual or institution.

MR. K. SIVARAMA PILLAI : May I, with the permission of the Chair, say,—now that the Government have decided and come to some conclusion in this matter—certain points that would go to show that this settlement pattom will not work either in the interests of Government or in the interests of the ryots. The system that has to be adopted in regard to the procurement is that of getting excess paddy based on ration cards. In the first place, there is absolutely no data for that. So far as my taluk is concerned *ie* Thovala taluk wherein there is a surplus of paddy. I can confidently say that 90 per cent of the agriculturists have no cards. If the procurement is based on cards in the first place there is absolutely no basis as most of the agriculturists have no ration cards.

MR. PRESIDENT : Order, order. ചട്ടമനുസരിച്ച് നാലര മണിക്കാണ് സഭ പിരിയേണ്ടത്. ഈ പ്രമേയത്തെപ്പററി ചർച്ച ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമുണ്ടെങ്കിൽ അതു സഭ തീരുമാനിക്കേണ്ടതാണ്.

MR. S. KUTTAN : ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ ഉൾക്കൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പററി ഗവണ്മെൻറു അനുഭാവപൂർവ്വം വീക്ഷിക്കാമെന്ന് പറഞ്ഞുകഴിഞ്ഞതുകൊണ്ടു പ്രമേയാവതാരകൻ അതു പിൻവലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

MR. P. M. VARGHESE : പ്രമേയത്തിൻെറ തത്വത്തോട് ഗവണ്മെൻറ് അനുകൂലിക്കുന്നതുകൊണ്ടു ഞാൻ എൻെറ പ്രമേയം പിൻവലിക്കുന്നു.

The resolution was, by leave, withdrawn.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House rose at 4. 33 P. M.

R. KERALAVARMA THIRUMULPAD,
Ag. Secretary to the Legislative Assembly.

PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION—1948/1123.

VOL. II—NO. 13.

The Travancore Legislative Assembly met in the Legislative Chamber, Public Offices, Trivandrum, on Wednesday, the 9th Chingom 1124/25th August 1948 at Eleven of the clock, the President (the Hon'ble Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

വിമുക്തഭടന്മാരുടെ നിയമനം.

489. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*): വാർ സർവീസുകാരിൽ എത്രപേർക്കു പോലീസ് ഡിപ്പാർട്ടുമെൻറിൽ പുതുതായി പ്രവേശനം നൽകിയിട്ടുണ്ടെന്നും, അവരുടെ ജാതി തിരിച്ചുള്ള പട്ടിക എങ്ങനെയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: പോലീസ് ഡിപ്പാർട്ടുമെൻറിലേക്ക് റിക്രൂട്ടുചെയ്തിട്ടുള്ള എക്സ് സർവീസുകാരുടെ എണ്ണം ൯൩ ആണ്. അവരുടെ ജാതി തിരിച്ചുള്ള ഒരു *പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. T. T. KESAVAN SASTRI: ആകെ എത്രപേർ അപേക്ഷിച്ചിരുന്നു എന്നു പറയാമോ?

HON'BLE MR. C. KESAVAN: അതു ചോദ്യത്തിൽ ഉൾപ്പെടുന്നില്ല.

MR. T. T. KESAVAN SASTRI: ആകെ റിക്രൂട്ടു ചെയ്യപ്പെട്ടവരിൽ ആണെത്രയെന്നും പെണ്ണെത്രയെന്നും പറയാമോ?

HON'BLE MR. C. KESAVAN: അതിന്റെ കണക്കുകളും ഇപ്പോൾ കയ്യിൽ ഇല്ല.

---

* *Vide* Appendix.

Teachers in schools under Compulsory Primary Education.

490. MR. A. NESAMONY (*Vilavancode—S. I. U. C.*): Will the Honourable Minister for Education answer the following questions:—

1. With regard to the teachers who have been absorbed into Government service from the schools under private management, under the scheme of compulsory Primary Education;

(*a*) whether their former service under the private management will be recognised as Government service;

(*b*) if so, will they be given promotion and salary in accordance with such service;

(*c*) whether they would be given pension;

(*d*) if so, what will be the basis of the pension;

(*e*) if no pension is granted, whether there is any provision for the grant of gratuity to them?

HON'BLE MR. T. M. VARGHESE: (*a*) No.

(*b*) This question does not arise in view of answer to question (a) above.

(*c*) Yes; if they are eligible for pension as per T. S. R.

(*d*) Government service alone will count for pension and that too in accordance with the T. S. R.

(*e*) Gratuity at the rate of one month's emoluments for each completed year of service under Government will be paid to such of the retiring incumbents who are not eligible for pension.

Profit and Loss Account of Foodgrains.

491. MR. K. S. JOSEPH (*Thiruvalla VI—General*): Will the Honourable Minister for Food be pleased to state:

(*a*) whether a balance sheet of the profit and loss account of foodgrains transactions for the years 1115 to 1120;

(*b*) what the balance of stock was at the end of 1120;

(*c*) what the value amount shown as value of such stock;

(*d*) what is the actual value of that stock;

(*e*) whether establishment charges have been included in the balance sheet;

(*f*) if so, is it the usual practice to include this item in the profit and loss account;

(*g*) whether such charges have been adjusted in the next balance sheet;

(*h*) what the actual stock of gunny bags was at the end of 1120;

(*i*) what value was realised for the sale of these;

(*j*) how was the sale conducted; and

(*k*) whether there were better offers?

HON'BLE MR. K. M. KORAH: (*a*) Yes.

	Tons.	Lbs.
(*b*) Imported foodgrains	1,30,401	1,673.
Local paddy	29,06,752 paras.	

(*c*) Rs. 4,80,11,646-5-2.
(*d*) Rs. 5,33,46,273-15-0.
(*e*) Yes.
(*f*) Yes.
(*g*) Yes.
(*h*) 21,56,136 gunny bags,
(*i*) 20,98,606 gunnies were sold during 1121 for Bh. Rs. 3,08,537-8-9.
(*j*) By public auction.
(*k*) No.

Text Books.

492. MR. K. P. NILAKANTA PILLAI (*Chirayinkil I—General*): Will the Honourable Minister for Education be pleased to furnish a statement with reference to the selection of text books published by individuals other than publishing firms—

(*a*) the author's name and educational qualifications;
(*b*) the date of publication of the book;
(*c*) the Press in which the book was printed;
(*d*) the date of selection; and
(*e*) whether it has been approved by the Text Book Committee?

HON'BLE MR. T. M. VARGHESE: (*a*) The Honourable member is referred to the lists published in the Education sheet of the Gazette, dated 20th and 27th April 1948 which is placed on the table.

(*b*) Only the year of approval is available.

(*c*) See answer to (a).

(*d*) There is no selection of books; books are approved and prescription is made from the approved lists. The dates of approval and prescriptions are published in the Gazette from time to time. See answer to (a).

(*e*) Books are prescribed from the approved lists, except in Hindi, Arabic, French, Latin etc., where there are no approved lists available for all classes.

വെങ്ങാനൂർ കാളനി.

493. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായങ്ങൾക്കായി നെയ്യാറ്റിൻകര താലൂക്കിൽ വെങ്ങാനൂർ കാളനി എന്നു് അനുവദിച്ചതാണെന്നു ബഹുമാനപ്പെട്ട ഗവർമ്മെന്റു ദയവായി പറയുമോ?

[Mr. P. K. Krishnan Sastri.]

(ബി) പ്രസ്തുത കാളനിയിൽ കാളനി നിയമപ്രകാരം എന്തു പ്രവർത്തനം ചെയ്തിട്ടുണ്ടെന്നു ദയവായി പറയുമോ?

HON'BLE MR. G. RAMACHANDRAN : (എ) ൧൧൨൨-ൽ അനുവദിച്ചു.

(ബി) അവിടെ കുടിപാർപ്പിനായി ൫൦ കെട്ടിടങ്ങൾ കെട്ടുവാൻ അനുവദിച്ചു എങ്കിലും ആ ജോലി കൺട്രാക്റ്റു എടുത്തു ചെയ്യുവാൻ ആരും മുന്നോട്ടു വരാതിരുന്നതുകൊണ്ടു അതു ചെയ്യാൻ ഇടയായിട്ടില്ല. അതിലേക്കു് ഒരു പുതിയ പദ്ധതി തയാറാക്കുന്നതിനു് ഉദ്ദേശിച്ചിട്ടുണ്ടു്.

Eviction from cardamom lands.

494. MR. PAUL THALIAT (*Parur III—General*) : Will the Honourable Minister for Land be pleased to state:

(*a*) whether one Mr. Pylee Thomas who was in possession of cardamom forest land to the extent of 66 acres in Survey Nos. 239 and 240 in Pallivasal pakuthi was evicted from the same;

(*b*) if the answer to (a) is in the affirmative, whether such lands were given to the wife of the present Inspector-General of Police on Kuthakapattam;

(*c*) if the answer to (b) is in the affirmative, whether she was exempted from giving premium for the same as per the rules passed by Government;

(*d*) whether Government have passed a rule that no individual can possess more than 60 acres of cardamom lands;

(*e*) if the answer to (d) is in the affirmative, the date of passing such a rule;

(*f*) whether the wife of the present Inspector-General of Police possessed any cardamom lands before she got possession of the 66 acres referred to in part (a) of the question;

(*g*) if the answer to (f) is in the affirmative the acreage so possessed and the date of possession; and

(*h*) the total acres of cardamom lands now in her possession?

HON'BLE MR. C. KESAVAN : (a) Yes.

(b) Yes.

(c) No. The lease was sanctioned on 1-5-44 when the Rules for the lease of Cardamom lands levying premium had not been issued.

(d) Yes.

(e) G. O. R. O. C. No. 4719/40/Rev. dated 12-10-1940 and the Kuthakapattom Rules dated 10-11-1944.

(f) Yes.

(g) 5.10 acres, the registry of which was sanctioned. Date of possession-1116 M. E.

(h) 116.74 acres.

(1) On registry-5.10 acres.
(2) On lease for 12 years-100·04 acres.
(3) Pending disposal of application for lease-11.60 acres.

MR. PAUL THALIAT : ലാൻഡു കൺസർവൻസി ആക്ററും കുത്തകപ്പാട്ടം റൂൾസും അനുസരിച്ച് ദേഹണ്ണക്കാരനുതന്നെ ഭൂമി കൊടുക്കണമെന്നുള്ള വ്യവസ്ഥയിരിക്കെ വേറൊരാൾക്കു കൊടുക്കാൻ എന്തെങ്കിലും കാരണമുണ്ടോ?

HON'BLE MR. C. KESAVAN : അനധികൃതദേഹണ്ണക്കാരനാണെങ്കിൽ അയാൾക്കുതന്നെ കൊടുക്കണമെന്നു വ്യവസ്ഥയില്ല.

MR. PAUL THALIAT : ദേഹണ്ണക്കാരൻ പണം കെട്ടിവച്ചു സർവ്വെ നടത്തിയപ്പോൾ അധികൃതദേഹണ്ണക്കാരനാണെന്നു വിചാരിക്കാൻ ന്യായമില്ലേ?

HON'BLE MR. C. KESAVAN : സർവെ നടത്തിയതുകൊണ്ടുമാത്രം അധികൃതദേഹണ്ണക്കാരനാകണമെന്നില്ല. സർവെ ചെയ്തു റേറു നിശ്ചയിച്ചു കൊടുത്തതിനുശേഷമെ അധികൃതം ആകുകയുള്ളു.

MR. PAUL THALIAT : സർവെ ചെയ്തു വസ്തുവിൽ പ്രവേശിച്ച് ദേഹണ്ണം ചെയ്താൽ ഡബിൾ കരം കൊടുത്താൽ മതിയാകുമെന്നു അറിയാമോ?

HON'BLE MR. C. KESAVAN : സാധാരണ അങ്ങനെ ചെയ്യാറുണ്ടായിരിക്കാം.

MR. PAUL THALIAT : എന്നാൽ ഈ കാര്യത്തിൽ മാത്രം ദേഹണ്ണക്കാരനു കൊടുക്കാതെ ഒരു വ്യത്യസ്തത കാണിക്കാൻ വല്ല കാരണവുമുണ്ടോ?

HON'BLE MR. C. KESAVAN : പ്രത്യേക കാരണമൊന്നുമില്ല. അന്നു ഗവണ്മെൻറു അങ്ങനെ തീരുമാനിച്ചു എന്നേയുള്ളു.

MR. PAUL THALIAT : ഇതിന്മേലുള്ള പരാതിയെപ്പററി ഗവണ്മെൻറു വീണ്ടും ഒന്നു പര്യാലോചിക്കുമോ?

HON'BLE MR. C. KESAVAN : ഈ സംഗതിയിൽ ഒരു റെവ്യു പെററിഷൻ വന്നിട്ടുണ്ട്.

MR. P. T. CHACKO *(Kottayam II—General)* : പഴയ കാർഡമം റൂൾസ് അനുസരിച്ചു അനുവാദം കൂടാതെ കൃഷി ചെയ്താൽ ഏക്കറിന് ൧൨൫ രൂപാവച്ചു പ്ര കൊല്ലം കൊടുക്കണമെന്നല്ലാതെ മററു പിഴയൊന്നും ഇല്ലെന്നറിയാമോ?

HON'BLE MR. C. KESAVAN : അതു പഴയ റൂൾസ് നോക്കിയിട്ടു പറയാം.

Import of tapioca.

495. MR. PAUL THALIAT : Will the Honourable Minister for Food be pleased to state :

(*a*) whether any representation has been received by Government from Parur Taluk requesting not to give permit to import dry tapioca to that taluk from Changanacherry and other places ;

(*b*) if the answer to (a) is in the affirmative whether orders have been passed granting the requests ; and

(*c*) if the answer to (a) is in the negative whether any action will be taken in the near future ?

HON'BLE MR. K. M. KORAH : (a) A representation has been received by Government requesting not to give permit to import dry tapioca to the Parur taluk from Changanacherry.

(b) No.

(c) Permits are issued on the basis of recommendations from Tahsildar and Assistant Excise Commissioner, Parur, regarding the requirements of Parur Taluk for tapioca from Changanacherry and other places.

MR. PAUL THALIAT : പറവൂർ താലൂക്കിൽ മരച്ചീനിയുടെ ഇറക്കുമതി കൂടാതെതന്നെ കഴിച്ചുകൂട്ടാൻ സാധിക്കുമെന്നുള്ള കാര്യം ഗവണ്മെന്റിനറിയാമോ?

HON'BLE MR. K. M. KORAH : അതിനെ സംബന്ധിച്ച് ഗവണ്മെന്റിനു അറിവില്ലെന്നില്ല. പക്ഷെ സ്ഥലത്തെ തഹശീൽദാരുടേയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരുടേയും നിർദ്ദേശം അനുസരിച്ച് ഒരു നാലുമാസക്കാലത്തേക്ക് അവിടെ കപ്പ ആവശ്യമെന്നു തോന്നിയതുകൊണ്ടുമാത്രമാണ് അങ്ങിനെ ചെയ്തിട്ടുള്ളത്.

ഇലക്ട്രിക്കൽ എൻജിനീയർ.

---

496. MR. MANNAR K. GOPALAN NAIR (*Thiruvalla I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇപ്പോഴത്തെ ഇലക്ട്രിക്കൽ എൻജിനീയരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം?

(ബി) അദ്ദേഹത്തിന് ഇലക്ട്രിക്കൽ പരീക്ഷായോഗ്യതയേക്കാൾ മെക്കാനിക്കൽ പരീക്ഷായോഗ്യത കൂടുതലുണ്ടോ?

(സി) അദ്ദേഹം ഇതിനുമുമ്പ് എവിടെയെങ്കിലും പ്രൊഫസറായിരുന്നിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : (a) He is a graduate in Engineering of the Madras University.

(b) He has taken the Diploma in Mechanical Engineering.

(c) No.

MR. MANNAR K. GOPALAN NAIR : ഇലക്ട്രിക്കൽ എൻജിനീയർ ആകാൻ അദ്ദേഹത്തിന് യോഗ്യതയില്ലാത്തതുകൊണ്ടു ഉപരിപഠനാർത്ഥം സ്റ്റഡി ലീവു കൊടുത്തിട്ടുള്ളതായി ഗവൺമെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : നോട്ടീസു വേണം.

MR. MANNAR K. GOPALAN NAIR : പാശ്ചാത്യബിരുദധാരികളും ഉള്ളപ്പോഴാണ് ഇദ്ദേഹത്തെ പ്രമോട്ടു ചെയ്തിട്ടുള്ളതെന്നറിയാമോ?

HON'BLE MR. A. ATCHUTHAN : ഇദ്ദേഹത്തിനും ഇലക്ട്രിക്കൽ എൻജിനീയരായിരിക്കാനുള്ള യോഗ്യതയുണ്ടു്. അതിൻെറ കാരണം പറയാം.

He took his degree prior to 1931 and since then he was awarded Diploma in Mechanical Engineering.

MR. MANNAR K. GOPALAN NAIR : മെക്കാനിക്കൽ എൻജിനീയരെയാണോ ഇലക്ട്രിക്കൽ എൻജിനീയറായി നിയമിച്ചിരിക്കുന്നതു്?

HON'BLE MR. A. ATCHUTHAN ; He is qualified in Electrical Engineering also because he underwent Electrical Engineering course too.

MR. PANDAVATHU SANKARA PILLAI (*Karthikapalli III—General*) : ഇലക്ട്രിക്കൽ എൻജിനീയർ അല്ലാത്തതുകൊണ്ടു കൂടെക്കൂടെ എക്സ്പെർട്ടുകളെ വരുത്താൻ പണം ചെലവാക്കി വരുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN : അങ്ങിനെ എക്സ്പർട്ടുകളെ വരുത്തേണ്ട ആവശ്യം വന്നിട്ടില്ല.

MR. MANNAR K. GOPALAN NAIR : എക്സ്പർട്ടുകൾക്കു കൊടുക്കുന്നതിനായി മാസം ഒരു തുകയും ചെലവാക്കുന്നില്ലെന്നാണോ പറയുന്നതു്?

HON'BLE MR. A. ATCHUTHAN : ഇൻവെസ്റ്റിഗേഷനുവേണ്ടി ചിലപ്പോഴും എക്സ്പർട്ടുകളെ വരുത്താറുണ്ടു്. അതല്ലാതെ എക്സ്പർട്ടുകളെ വരുത്താറില്ല.

Triparty conference to discuss labour problems.

497. MR. P. V. URUMESE THARAKAN (*Shertalai I—General*): Will the Honourable Minister for Labour be pleased to state :

(*a*) whether it is proposed to hold a triparty conference to discuss labour problems ;

(*b*) if so, who are the parties invited for the conference ;

(*c*) whom do the Government consider to have studied labour conditions and labour questions most and hence to be the best to represent the interests of labour ;

(*d*) are the Government aware that some of the communist leaders are well versed in labour questions; and

(*e*) if so, do the Government intend to invite some of them also for the proposed conference ?

HON'BLE MR. C. KESAVAN : (*a*) Yes.

(*b*) Representatives of Labour, Employers and Government are proposed to be invited.

(*c*) Government consider that the accredited representatives of Labour Organisations are the best persons to represent labour interests. The first part of this question, therefore, does not arise.

(*d*) & (*e*) Do not arise in view of the answer to (c).

തുരുത്തിക്കാട്ടു പാടം

498. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: ഇറിഗേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവല്ലാതാലൂക്കിൽ തുരുത്തിക്കാട്ടുപാടത്തു മണൽകയറി കൃഷി നശിക്കുന്നതിനു് പരിഹാരം ഉണ്ടാക്കണമെന്നു തദ്ദേശവാസികൾ നിവേദനങ്ങൾ നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും ഇറിഗേഷൻവേല അവിടെ നടത്തിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : (എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി) എ-യുടെ ഉത്തരം നോക്കിയാൽ (ബി) ഉദിക്കുന്നില്ല.

ഇലക്ട്രിസിററി.

499. MR. KUMARAN ASARI (*Meenachil I—Kammala Restrved*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിക്ക് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക്ക് പൗവ്വർ ഹൗസിൽ എത്ര ജനറേററിംഗ് സെററുകൾ ഉണ്ടെന്നും അതിൽ എത്ര എണ്ണം ഉപയോഗത്തിൽ ഇരിക്കുന്നു എന്നും അതിൻെറ ഓരോന്നിൻെറയും കപ്പാസിററി എത്രയെന്നും, ഓരോന്നും ഉൽപാദിപ്പിക്കുന്ന ഇലക്ട്രിസിററി എത്രയെന്നും പറയുന്നതിന് ദയവുണ്ടാകുമോ?

(ബി) പള്ളിവാസലിൽ നിന്നും ആകെ ഉൽപാദിപ്പിക്കുന്ന ഇലക്ട്രിസിററിയിൽനിന്നും എത്ര ശതമാനം തിരുവിതാംകൂറിൽ നൽകുന്നെന്നും, എത്ര ശതമാനം കൊച്ചീരാജ്യത്തു നൽകുന്നെന്നും സദയം മറുപടി പറയുമോ?

(സി) തിരുവിതാംകൂറിൽ വിതരണംചെയ്യുന്ന ഇലക്ട്രിസിററിയിൽ എത്രശതമാനം അലൂമിനിയം ഫാക്ടറിക്കും, ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനും, കണ്ണൻദേവൻ കമ്പനിക്കും കൊടുക്കുന്നുണ്ടെന്നു പറയുമോ?

HON'BLE MR. A. ATCHUTHAN : (a) Four generating sets have been commissioned so far and all are in service at the Pallivasal Station. Three of these have capacities of 4500 K. W. each and are working to their full capacity while the fourth set rated at 7500 K. W. works at about 4500 K. W.

(b) Power to the extent of 100 K. W. is being supplied to Cochin Government and the balance supplies the load in the State.

(c) Supply to Messrs. Indian Aluminium Company—6700 K. W.

Supply to Messrs. Fertilisers & Chemicals Ltd.—3900 K. W.

Supply to Messrs. Kannan Devan Hills Produce Company Ltd. —1400 K. W.

MR. P. K. KUMARAN ASARI : ആകെ പ്രൊഡ്യൂസ് ചെയ്യുന്നതിൽ എത്ര ശതമാനമാണ് അലൂമിനിയം ഫാക്ടറിക്കും ഫെർട്ടിലൈസേഴ്സിനും കൊടുത്തുവരുന്നതു ?

HON'BLE MR. A. ATCHUTHAN : ൮൦ ശതമാനംവരെ കൊടുക്കുന്നുണ്ട്.

MR. P. K. KUMARAN ASARI : തിരുവിതാംകൂറിലെ പല കുടിൽവ്യവസായങ്ങൾക്കും ഇലക്ട്രിസിററി സപ്ലൈ ചെയ്യണമെന്നു അപേക്ഷിച്ചിട്ടു അതിനെ അവഗണിച്ചുകൊണ്ടു ഇത്ര കൂടുതൽ ഇലക്ട്രിസിററി ഈ കമ്പനികൾക്കു കൊടുക്കുന്നതിനുള്ള കാരണമെന്താണു ?

HON'BLE MR. A. ATCHUTHAN : മററപേക്ഷകളെ അവഗണിച്ചല്ല കൊടുത്തതു്. അന്നു വേറെ ആവശ്യക്കാർ ആരും ഇല്ലായിരുന്നു. അന്നു അവർക്കു കൊടുക്കുന്നതു ആദായകരമാണെന്നു തോന്നിയതുകൊണ്ടാണു് കൊടുത്തതു്.

MR. P. K. KUMARAN ASARI : നാലാമത്തെ ജനറേറ്റർ സെററു ഫിററുചെയ്ത അവസരത്തിൽ അതിൽ നിന്നു ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിററിയെങ്കിലും ഇവിടത്തെ കുടിൽവ്യവസായങ്ങൾക്കു് കൊടുത്തിരുന്നുവെങ്കിൽ അവ പുരോഗമിക്കുമായിരുന്നില്ലേ? എന്നിട്ടു് അതിനെ അവഗണിച്ചതു് എന്തുകൊണ്ടായിരുന്നു?

HON'BLE MR. A. ATCHUTHAN : അങ്ങനെ അവഗണിച്ചിട്ടില്ല.

MR. P. K. KUMARAN ASARI : അങ്ങനെയുള്ളവരുടെ അപേക്ഷ ഇനിയെങ്കിലും പരിഗണിക്കുമോ?

HON'BLE MR. A. ATCHUTHAN : തീർച്ചയായും പരിഗണിക്കും.

MR. K. A. MUHAMMED (*Quilon IV—Muslim*) : ഉൽപ്പാദിപ്പിക്കുന്നതിനു ചെലവാകുന്നതിൽനിന്നും കുറഞ്ഞവിലയ്ക്കു് കൊടുക്കുന്നതു് ലാഭകരമാണെന്നാണോ ഗവമെൻറിൻെറ അഭിപ്രായം?

HON'BLE MR. A. ATCHUTHAN : അന്ന് ആവശ്യക്കാർ ആരുമില്ലായിരുന്നു. അതുകൊണ്ടു അന്ന് അതു ആദായകരമായിരുന്നുവെന്നുവേണം കരുതാൻ.

MR. K. R. ELANKATH (*Trivandrum IV—General*) : ൧൦ ശതമാനം ഇലക്ട്രിസിററി ഈ രണ്ടു ഫാക്ടറികൾക്കുമായി കൊടുക്കുന്നതിൽനിന്നും കിട്ടുന്ന വരവു എത്രയാണെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : ആകെ വരവിന്റെ കണക്കിപ്പോൾ പറയാൻ നിവൃത്തിയില്ല. ഇപ്പോൾ യൂനിററിന് മൂന്നു പൈസ വച്ചാണ് കൊടുക്കുന്നത്.

MR. P. K. KUNJU (*Karunagapalli II—Muslim Reserved*) : ഈ കമ്പനികൾക്ക് ആവശ്യമുള്ള ഇലക്ട്രിസിററി കൊടുത്തുകൊള്ളാമെന്ന് ഒരു അണ്ടർടേക്കിംഗ് ഇല്ലേ?

HON'BLE MR. A. ATCHUTHAN . നോട്ടീസ് വേണം.

Encroachments.

500. MR. M. VARKEY (*Kunnatnad II—General*) : Will the Honourable Minister for Land be pleased to state whether the Government have received complaints from the public against encroachments upon the public grazing lands in the Vengoor pakuthi, Kunnatnad taluk and if so, when and what action has been taken?

HON'BLE MR. C. KESAVAN : A petition from the public complaining against the encroachment has been received. Action is being taken under the Land Conservancy Act for evicting the encroachers.

Sale of Iron.

501. MR. M. VARKEY : Will the Hon'ble Minister for Agriculture be pleased to state:

(*a*) the quantity of iron sold out to agriculturists at concession rates through the Perumbavur depot in the year 1123; and

(*b*) why even at concession rates the sale was so poor?

HON'BLE MR. K. M. KORAH : (*a*) 1292 pounds.

(*b*) There was no sufficient demand for the materials.

പാലം.

502. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വക്കം കായിക്കര റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനു കായിക്കര കടവിൽ ഒരു പാലം പണിയിക്കേണ്ടതിന്റെ അത്യാവശ്യകതയെ കുറിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എഫ. ഐ. റ്റി.യുടെ ബഡ്ജറ്റിൽ പാലം പണിയിക്കുന്നതിനു വേണ്ട പണം കൊള്ളിച്ചിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : (a) No.

(b) Does not arise in view of the answer to Part (a).

MR. ABDUL MAJEED : കായിക്കര കടവിൽ ഒരു പാലം വേണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

MR. PRESIDENT : ചോദ്യം തന്നെ അതാണ്. അതിനുള്ള ഉത്തരം നേരത്തെ പറഞ്ഞുകഴിഞ്ഞു.

Timber Depot at Varapuzha.

503. MR. PAUL THALIAT : Will the Honourable Minister for Land be pleased to state:

(a) whether there is a timber depot at Varapuzha in Parur taluk;

(b) whether he is aware that a timber depot has been opened by Forest Industries Travancore Ltd, very near to the Government depot; and

(c) whether he is aware that timber is sold from this depot at a lower rate than the tariff rate fixed by Government?

HON'BLE MR. C. KESAVAN : (a) Yes.

(b) Yes.

(c) Timber is sold in auction at both the depots at varying rates according to the quality and demand.

MR. PAUL THALIAT : ഗവണ്മെൻറു ഡിപ്പോവിലുള്ള തടികൾക്കു് ടാരിഫ് റേററു് നിശ്ചയിച്ചിട്ടില്ലേ?

HON'BLE MR. C KESAVAN : ടാരിഫ് റേററു് ഉണ്ടു്. എങ്കിലും സാധാരണമായി തടികൾ ലേലത്തിലാണു് വിൽക്കുന്നതു്.

MR. PAUL THALIAT : ടാരിഫ് റേററിൽ കുറഞ്ഞവിലയ്ക്കു് വിൽക്കുകയാണെങ്കിൽ നഷ്ടം അല്ലേ വരുന്നതു്?

HON'BLE MR. C. KESAVAN : ലേലത്തിലാണു് വിൽക്കുന്നതു്. അതുകൊണ്ടു നഷ്ടമെന്നു പറയാൻ നിവൃത്തിയില്ല.

MR. PAUL THALIAT : എഫ്. ഐ. റ്റി. കമ്പനി ടാരിഫ് റേററിൽ കുറഞ്ഞ വിലയ്ക്കു വിൽക്കുന്നതായി അറിയാമോ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. PAUL THALIAT : ഞാൻ തന്നെ അങ്ങിനെ വാങ്ങിച്ചിട്ടുണ്ടു. ആ വിവരം ഗവണ്മെൻറിനു് അറിയാമോ?

HON'BLE MR. C. KESAVAN : അതും അറിഞ്ഞുകൂടാ.

Taluk Food Advisory Committee.

504. **MR. PAUL THALIAT**: Will the Hon'ble Minister for Food be pleased to state :

(*a*) whether a Taluk Food Advisory Committee is functioning in Parur taluk ;

(*b*) if the answer to part (a) is in the affirmative, when this committee was constituted ;

(*c*) whether any members of that committee have resigned since its formation ;

(*d*) if the answer to part (c) is in the affirmative whether any new members have been co-opted ;

(*e*) if the answer to parts (c) and (d) are in the affirmative the names of the members resigned and co-opted respectively; and

(*f*) whether any representation has been received to reconstitute this committee ?

HON'BLE MR. K. M. KORAH: (*a*) Yes. A Taluk Food Advisory Committee is functioning in Parur Taluk.

(*b*) This Committee was constituted on 10-6-1118.

(*c*) Some members have resigned.

(*d*) No new members have been co-opted.

(*e*) The members who resigned are Messrs. E. K. Madhavan and Paul Thaliat.

(*f*) No representation has been received to reconstitute this Committee.

MR. PAUL THALIAT: ൧൧൧ വൃശ്ചികശേഷം ഇതുവരെ ആ കമ്മിറ്റി റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ ?

HON'BLE MR. K. M. KORAH: വിശേഷാൽ കാരണമൊന്നുമില്ല. നിലവിലിരിക്കുന്ന കമ്മിററികളെ എല്ലാംതന്നെ പിരിച്ചുവിട്ട് പുതിയ കമ്മിററികൾ സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

River Purambokes.

505. **MR. VARGHESE AUGUSTINE** (*Ambalapuzha III—General*): Will the Honourable Minister for Land be pleased to state :

(*a*) the acreage of river purambokes in Karthikapalli, Ambalapuzha, Thiruvella, Changanacherry and Mavelikara taluks ;

(*b*) whether the Government intends to give these lands to the landless agricultural labourers without injury to the adjacent puncha lands and inconvenience to water traffic ;

(*c*) is there any revenue or criminal case pending with regard to the possession of such river purambokes by agricultural labourers in Cherruthana pakuthy, Karthikapally taluk or in any of the above mentioned taluks ?

HON'BLE MR. C. KESAVAN:

(a)	Karthikapally	462·57 acres.
	Ambalapuzha	1820·91 acres.
	Thiruvalla	408·61 acres.
	Changanacherry	1540·74 acres.
	Mavelikara	487·70 acres.

(b) No.
(c) Yes.

MR. VARGHESE AUGUSTINE: ഈ കർഷക തൊഴിലാളികൾക്ക് താമസിക്കുന്നതിന് സ്ഥലമില്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യമില്ലേ ?

HON'BLE MR. C. KESAVAN: ബോദ്ധ്യമില്ല; അറിവുണ്ട്.

MR. VARGHESE AUGUSTINE: ആ സ്ഥിതിക്ക് കൃഷിക്കാർക്കു ഉപദ്രവമില്ലാത്തവിധത്തിൽ ഈ സ്ഥലങ്ങളും കൊടുക്കുന്നതു നല്ലതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ ?

HON'BLE MR. C. KESAVAN: അതു വിദഗ്ദ്ധന്മാരുടെ അഭിപ്രായമനുസരിച്ചേ ചെയ്യാൻ നിവൃത്തിയുള്ളു.

MR. VARGHESE AUGUSTINE: വിദഗ്ദ്ധാഭിപ്രായം അനുകൂലമാണെങ്കിൽ അങ്ങിനെ ചെയ്യുമോ ?

HON'BLE MR. C. KESAVAN: തീർച്ചയായും ചെയ്യും.

Lift Irrigation.

506. MR. E. P. PAULOSE (*Moovattupuzha III—General*): Will the Honourable Minister for Land be pleased to state:

(a) whether the Government have received any representation from the ryots of Ramamangalam in Moovattupuzha Taluk in regard to the failure of the Makaram Crop over extensive areas to that Pakuthy owing to drought;

(b) have the Government under consideration any scheme for introducing lift irrigation in the affected areas along the banks of Moovattupuzha river; and

(c) what steps if any have been taken in implementing this scheme?

of it, the technical objection might look to be correct, but when looking back to the practice both in Travancore and in the Central Legislature, we find a number of precedents which justify such a procedure. In Travancore itself, on a previous occasion, a similar Act expired on a certain date and I believe only after a year afterwards it was extended by means of an Amending Act which was to the effect that the Amendment Act would be considered as having come into force on a date or at a time immediately before the expiration of the period according to the original Act. In the Central Legislature also, an Act, on the same subject, was once revived or re-enforced by means of an Amendment which was passed in the House only a few days after the original Act had expired. So I submit Sir, that the Bill, as it stands, is in order and that legally there is no objection to the Bill being taken up for consideration.

MR. PRESIDENT: ഇതുസംബന്ധിച്ചു കൂടുതലായി ആരും അഭിപ്രായം പറയാനില്ലെന്നു വിചാരിക്കുന്നു.

HON'BLE MR. T. M. VARGHESE: ഈ ബില്ലിനെ സംബന്ധിച്ച്, അതിന്റെ സാരാംശത്തിലല്ല, സാങ്കേതികമായി ബഹുമാനപ്പെട്ട ഒരു മെംബർ പുറപ്പെടുവിച്ച ആക്ഷേപത്തിന് മി. മാർക്കോസു പറഞ്ഞ സമാധാനം മാത്രമാണ് എനിക്കും പറയുവാനുള്ളത്. ഇതു സാങ്കേതികമായ തടസ്സമല്ലെന്നു വല്ലരെ പ്രത്യക്ഷത്തിൽതന്നെ കാണുവാൻ കഴിയും. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന അമൻറുമെൻറ് ആ സാങ്കേതികതടസ്സത്തെ നീക്കുന്നതിനുകൂടി ഉദ്ദേശിച്ചിട്ടുണ്ട്. സെക്ഷൻ ൧-ം, ൨-ം ഒന്നുകൂടി വായിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ൧൧൧൯-ലെ നിയമം കൂടാതെ അമൻറുമെൻറു മാത്രം നോക്കിയാലും ൧൧൧൯-ലെ ആ നിയമം അതേപടി തുടർന്നുപോകുന്നു എന്നല്ലാതെ, ഈ ഭേദഗതി ൧൯൪൬ ഏപ്രിൽ ൧-ാം തീയതി മുതൽ നടപ്പിൽ വരുന്നതാണ് എന്നു പറഞ്ഞാൽ അതു സാരമായ നിലയിൽ ഒരു സാങ്കേതികതടസ്സമായി ഭവിക്കുമെന്നു തോന്നുന്നില്ല. ൧-ാംവകുപ്പിൽ, ൪-ാം ഉപവകുപ്പിൽ ൧൧൧൯-ലെ നിയമം ൧൯൫൦ വരെ ഊർജ്ജിതത്തിലിരിക്കുന്നതാണെന്നു പ്രത്യേകം അമൻറുമെൻറു തന്നെ കൊണ്ടുവന്നിട്ടുണ്ട്. ൧൧൧൯-ലെ നിയമം ഈ സഭയ്ക്കു ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ, ഈ നിയമവും, അതായതു ഇങ്ങനെ ഒരു ഭേദഗതിയും ഈ സഭയ്ക്കുതന്നെ ഉണ്ടാക്കുവാൻ കഴിയും. ഇപ്പോൾ നിലവിലില്ലാതിരിക്കുന്ന ഒരു നിയമമാണെങ്കിൽതന്നെയും അതുകൊണ്ടു അതിന് ഒരു ഭേദഗതിയിൽ കൊണ്ടുവരുവാൻ പാടില്ല എന്നും പറയുന്നതിൽ ന്യായമില്ല. എന്തെന്നാൽ നിയമത്തെ തന്നെ അതേപടി ഊർജ്ജിത

പ്പെടുത്തുകയാണ് ഈ ഭേദഗതിബില്ലുകൊണ്ടു ആദ്യമേ ചെയ്യുന്നത്. ബിൽ ഇതാണ് :

This Act will be called "The Travancore Tea Control (Amendment) Act."

For sub-Section (4) of section 1 of the Travancore Tea Control Act, (1119 hereinafter referred to as the said Act), the following sub-section shall be substituted, namely,

"It shall remain in force up to the 31st Day of March 1950."

രണ്ടാമത്തെ വകുപ്പിൽ കാണുന്ന അമെൻഡുമെൻറുകൊണ്ടു വരുന്നതു മുഴുവൻ ആക്ടിനെത്തന്നെ ൧൧൨൫ വരെ നീട്ടിയെന്നാണ്. അതിനുശേഷമാണ് അതിലെ വ്യത്യാസം വകുപ്പുകൾക്കു വ്യത്യാസം വരുത്തുന്നത്. ആ നിലയ്ക്കു സാങ്കേതികമായ യാതൊരു തടസ്സവും ഇല്ല. ഇൻഡ്യൻ യൂണിയനിൽ ഇതുപോലെ കുറെ താമസിച്ചശേഷം ഈ ആക്ടിനു ഭേദഗതി വരുത്തുകയുണ്ടായി. ഇതേ നടപടിതന്നെയാണ് ഇവിടെയും സ്വീകരിച്ചത്. അതിനാൽ സാങ്കേതിക തടസ്സമുണ്ടെന്നു വ്യാഖ്യാനിക്കേണ്ടതില്ല. സാരാംശത്തിൽ ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഭേദഗതികളെല്ലാം സ്വീകാര്യങ്ങളാണെന്നു കാണാവുന്നതാണ്. അതുകൊണ്ടു ഈ ഭേദഗതിനിയമം സഭ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

MR. T. A. ABDULLA : സർ, ഇതിൻെറ പ്രിയാംബിളിൽ ഞാൻ പറയുന്ന രീതിയിൽ ഒരു മാററം വരുത്തിയാൽ ഈ പറഞ്ഞ സാങ്കേതികതടസ്സം തീരുകയില്ലേ എന്നു സംശയിക്കുന്നു.

In the preamble, instead of 'Whereas it is expedient to amend the Travancore Tea Control Act' I suggest 'whereas it is expedient to re-enact and amend the Travancore Tea Control Act.

HON'BLE MR. T. M. VARGHESE : "റീ എനാക്ട്" എന്നു പറഞ്ഞാൽ ഈ ദോഷം മുഴുവൻ തീരുമോ എന്നു സംശയമാണ്. നിയമം പ്രിയാംബിൾ വച്ചുകൊണ്ടല്ല വ്യാഖ്യാനിക്കുന്നത്. പ്രിയാംബിൾ ഭേദഗതിചെയ്യുക എന്നതു ഒരിക്കലും ആക്ടിൻെറ ഭേദഗതിയാകുകയില്ല. മാത്രമല്ല, ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിനിയമം ഇവിടെ പറഞ്ഞ എല്ലാ സാങ്കേതിക തടസ്സങ്ങളെയും നീക്കംചെയ്യുവാൻ പര്യാപ്തമാകുന്നതാണ്. ആക്ടുതന്നെ ൧൧൨൫ വരെ നീട്ടിയശേഷമാണ് ഈ അമെൻഡുമെൻറു ഉണ്ടാകുന്നത്. ഏതു പേർ പറഞ്ഞാലും അമെൻഡുമെൻറു ആക്ടുകൊണ്ടു ഒറിജിനൽ ആക്ടിനെ ഉദ്ദർജ്ജിതപ്പെടുത്തി എന്നു വരുകതന്നെ ചെയ്യും.

MR. PRESIDENT : ഈ ബില്ല് അവതരിപ്പിക്കുന്നതിനെ സഭ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

The House assented to the proposal.

HON'BLE MR. T. M. VARGHESE: I move that the Bill be taken into consideration.

HON'BLE MR. A. THANU PILLAI : I second it.

The motion was put and carried.

HON'BLE MR. T. M. VARGHESE : Sir, I move that in Clause I Sub-Clause 1 for the figure "112" the figure "1124" be substituted.

HON'BLE MR. A. THANU PILLAI : I second it.

The motion was put and carried

The question that Clause I Sub-Clause I, as amended, do stand part of the Bill was put and carried.

The Clause was added to the Bill.

The question that Clause 1 Sub Clauses 2 and. 3 stand part of the bill was put and carried.

The Sub-clauses were added to the Bill.

The question that Clauses 2 to 12 stand part of the Bill was put and carried. The Clauses were added to the Bill.

HON'BLE MR. T. M. VARGHESE : In Clause 13, line 2, for the words "they consider," the words "it considers" may be substituted.

HON'BLE MR. A. THANU PILLAI : I second it.

The motion was put and carried.

MR. PRESIDENT: The question is that Clause 13 as amended do form part of the Bill.

The motion was carried and the Clause as amended was added to the Bill.

The question that the Preamble and the Title do stand part of the Bill was put and carried. The Preamble and the Title were added to the Bill.

HON'BLE MR. T. M. VARGHESE : I move that the Bill be passed.

HON'BLE MR. A. THANU PILLAI : I second it.

The motion was put and carried.

The Bill was passed.

MR. PRESIDENT : The next one is the Travancore General Sales Tax Bill.

HON'BLE MR. A. THANU PILLAI : I move that the Travancore Antiquities (Export Control) Bill be taken up before the Travancore General Sales Tax Bill.

MR. PRESIDENT : The Travancore Antiquities (Export Control) Bill ആലോചനയ്ക്കെടുക്കണമെന്നുള്ളതിനോട് സഭ യോജിക്കുമെന്നു വിശ്വസിക്കുന്നു.

The Travancore Antiquities (Export Control Bill.)

HON'BLE MR. T. M. VARGHESE : I beg to introduce the Travancore Antiquities (Export Control) Bill.

ഈ ബില്ലിൻെറ ഉദ്ദേശവും കാരണങ്ങളും സംബന്ധിച്ച് എന്തെങ്കിലും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതിനു തർക്കമൊന്നും ഉണ്ടാകാനിടയില്ല. പുരാതനവസ്തുക്കളെ സംരക്ഷിക്കുന്നതിനും, വ്യയത്തിൽ വരുന്ന നഷ്ടത്തെ പരിഹരിക്കുന്നതിനുമാണ് ഈ ബിൽ ഇവിടെ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്.

MR. V. O MARKOS · Is not the Sea Customs Act sufficient for this purpose?

HON'BLE MR. T. M. VARGHESE : ഇങ്ങനെ ഒരു നിയമം ഇവിടെ പാസ്സാക്കേണ്ടതിൻെറ ആവശ്യത്തെസംബന്ധിച്ച് ഇൻഡ്യാ ഗവണ്മെൻറു ഈ ഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തി. സീ കസ്റ്റംസ ആക്ട് ഇവിടെ ഉണ്ടല്ലോ എന്ന് ഈ ഗവണ്മെൻറ് മറുപടി അയച്ചതിൽ, അത് മതിയാകുകയില്ലെന്നും ഇൻഡ്യാഗവണ്മെൻറിലും ഇതുപോലെയുള്ള ഒരു ബിൽ പാസ്സാക്കിയിട്ടുണ്ടെന്നും അതിനാൽ അതുപോലെ ഇവിടെയും ഇതു പാസാക്കേണ്ടതാണെന്നും ഉള്ള ഇൻഡ്യാഗവണ്മെൻറിൻെറ നിർദ്ദേശമനുസരിച്ചാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. പുരാതന വസ്തുക്കൾ പലതും ഈ രാജ്യത്തുനിന്നും ധാരാളം പുറത്തു പോയിട്ടുള്ളതുകൊണ്ടും ഇപ്പോഴും കുറേശ്ശ പോയിക്കൊണ്ടിരിക്കുന്നതുകൊണ്ടും അതിൻെറ കയററുമതി വ്യക്തമായ ഒരു നിയമനിർമ്മാണം മൂലം തടയേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഇൻഡ്യൻ യൂണിയനിൽ ൧൯൪൭-ാമാണ്ടത്തെ ൩൧-ാം ആക്ടായി ഇതുപോലെയുള്ള ഒരു ബിൽ പാസ്സാക്കിയിരിക്കുകയാണ്. ഇത് നമ്മുടെ പുരാതന വസ്തുക്കളുടെ സംരക്ഷണം സംബന്ധിച്ചാണ്. ഇൻഡ്യാഗവണ്മെൻറിൽ നിന്നും ആവശ്യപ്പെട്ടില്ലെങ്കിലും നാം ഇതു ചെയ്യേണ്ടതാണ്.

HON'BLE MR. A. THANU PILLAI : I second it.

MR. PRESIDENT : ബിൽ അവതരിപ്പിക്കുന്നതിനോട് സഭ യോജിക്കുമെന്നു വിശ്വസിക്കുന്നു.

HON'BLE MR. T. M. VARGHESE : I move that the Bill be taken into consideration.

HON'BLE MR. A. THANU PILLAI : I second it.

The motion was put and carried.

HON'BLE MR. T. M. VARGHESE : I move that in Sub-Clause (1) of Clause 1 for the figure '112' the figure '1124' be substituted.

HON'BLE MR. A. THANU PILLAI : I second it.

The motion was put and carried.

The question that Clause 1 Sub Clause (1) as amended do stand part of the Bill was put and carried.

The Clause was added to the Bill.

HON'BLE MR. T. M. VARGHESE: I move that in Clause 4 last line for the words 'it' the word 'they' be substituted.

HON'BLE MR. A. THANU PILLAI: I second it.

The motion was put and carried.

The Clause as amended was added to the Bill.

The question that Clauses 1 to 9 do stand part of the Bill was put and carried. The Clauses were added to the Bill.

The question that the Preamble and the Title do stand part of the Bill was put and carried. The Preamble and the Title were added to the Bill.

HON'BLE MR. T. M. VARGHESE: I move that the Bill be passed.

HON'BLE MR. A. THANU PILLAI: I second it.

The motion was put and carried.

The Bill was passed.

THE TRAVANCORE GENERAL SALES TAX BILL.

HON'BLE MR. A. THANU PILLAI: I beg to introduce the Travancore General Sales Tax Bill.

സെയിൽസ്ടാക്സ് ഏർപ്പെടുത്തി ഗവൺമെന്റിന്റെ വരവ് വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണിതു്. ഇപ്പോൾ ഇവിടെ നാലു താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു് ഇവിടത്തെ അബ്കാരി റവന്യൂവിൽ ൧൦ ലക്ഷം രൂപാ ആണ്ടൊന്നുക്കു കുറവുവരുന്നുണ്ടു്. നാട്ടിന്റെ നന്മയ്ക്കുവേണ്ടി പല സംരംഭങ്ങളും ഗവൺമെന്റു തുടങ്ങിയിട്ടുണ്ടു്. പോസ്റ്റ് വാർ റീ കൺസ്ട്രക്ഷൻ ഇനത്തിൽതന്നെ പല പദ്ധതികളും ഉൾപ്പെടുത്തി ഗവൺമെന്റു് പ്രവർത്തിച്ചുവരുന്നു. പ്രൈമറിവിദ്യാഭ്യാസംതന്നെ നാട്ടൊട്ടുക്കു് നിർബന്ധിതമാക്കേണ്ടതായിട്ടിരിക്കുന്നു. ഇവയ്ക്കെല്ലാം ധാരാളം പണം ആവശ്യമുണ്ടു്. ഇങ്ങനെ പല വഴികളിൽകൂടിയും ചിലവു് അധികമാകുമ്പോൾ അതിനനുസരണമായി വരവും വർദ്ധിപ്പിക്കേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടിയാണു് ഈ സെയിൽസ്ടാക്സ് ബിൽ അവതരിപ്പിക്കുന്നതു്. ഇൻഡ്യയിലെ മററു പ്രവിശ്യകളിൽ സ്വീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണിതു്. അല്ലാതെ തിരുവിതാംകൂറിൽ മാത്രമായിട്ടു കൊണ്ടുവന്നിട്ടുള്ള ഒരേർപ്പാടല്ല. ഈ ബില്ല് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞാൽ അതു് ഒരു സെലക്ററു കമ്മറ്റിയിൽ കൂടെ അയക്കാവുന്നതാണു്. സെലക്ററു കമ്മിററിയുടെ ഗാഢമായ ആലോചനയ്ക്കുശേഷം ഈ ബില്ലിനു ഒരു അവസാനരൂപം കൊടുക്കാവുന്നതും അതിനുശേഷം വീണ്ടും ഈ സഭയിൽ അവതരിപ്പിച്ചു് ഈ സഭയുടെയും ഗാഢമായ പര്യാലോചനകൾക്കുശേഷം വേണ്ട ഭേദഗതികളോടുകൂടി നിയമമാക്കാവുന്നതാണു്.

കച്ചവടത്തെ അടിസ്ഥാനമാക്കി നികുതിപിരിക്കുക എന്നുള്ളതാണ് ഇതിന്റെ തത്വം. ഈ തത്വത്തെ സഭ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ൧൦൦൦൦ രൂപായിൽ കവിഞ്ഞുനില്ക്കുന്ന കച്ചവടത്തെമാത്രമേ ഈ ബില്ലിലെ വ്യവസ്ഥകൾ ബാധിക്കുന്നുള്ളു. നിത്യാവശ്യങ്ങൾക്കുള്ള ചില സാധനങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കുന്നതിനും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ പര്യാപ്തമല്ലെന്നു കണ്ടാൽ അതും ആലോചിച്ചു ഭേദഗതി ചെയ്യാവുന്നതാണ്. അതുപോലെതന്നെ ഇപ്പോൾ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള സാധനങ്ങളിൽ വല്ലതുംകൂടെ ഉൾപ്പെടുത്തണമെന്നു അഭിപ്രായമുണ്ടെങ്കിൽ അതിനെക്കുറിച്ചും ആലോചിച്ച് ലിസ്റ്റിൽ വേണ്ട ഭേദഗതികൾ വരുത്താവുന്നതാണ്. ഇക്കാര്യങ്ങളെല്ലാം സെലക്റ്റ് കമ്മററിയിലും അതിനുശേഷം ഈ സഭയിൽതന്നെ രണ്ടാംവായനസമയത്തും ചെയ്യാവുന്നതാണ്. ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നതു ഒരു ടേൺഓവറിൽ രൂപക്കു എട്ടുകാശുവീതം നികുതി ചുമത്തണമെന്നാണ്. ചില സാധനങ്ങളെ സംബന്ധിച്ചിടത്തോളം അല്പം വ്യത്യസ്തമായ ഒരു നിരക്കും സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഗാഢമായി പര്യാലോചിച്ച് നമുക്ക് തീർച്ചചെയ്യാവുന്നതാണ്. അസസ്സ്മെന്റിൽ ഉണ്ടാകാവുന്ന പരാതികളെസംബന്ധിച്ച് അപ്പീൽകൊടുക്കുവാനും റിവിഷൻ കൊടുക്കുവാനും ഇതിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. മദ്രാസിലുള്ള സെയിൽസ്ടാക്സ് ബില്ലിന് അനുസരണമായിട്ടാണ് ഈ ബില്ലും തയ്യാറാക്കിയിരിക്കുന്നതു. ഇപ്പോൾ ഈ ബില്ലിന്റെ തത്വത്തെ അംഗീകരിക്കുകയും അതിനെ അതിന്റെ സ്ഥൂലരൂപത്തിൽ മാത്രം സ്വീകരിക്കുകയും ചെയ്താൽ മതിയാകുന്നതാണ്. അതുകൊണ്ട് ഈ ബില്ലിനെ സഭ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

HON'BLE MR T. M. VARGHESE: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

MR. V. O. MARKOS: Sir, I am supporting the principle of the Bill. But, at the same time I would like to make some observations which may be useful to the honourable members of this House and particularly to those who may happen to be members of the Select Committee to which this Bill would naturally be referred. I do realise that there will be opportunity for making the necessary alterations in the Select Committee stage and afterwards when the Bill is being discussed in this House. Nevertheless when the Bill goes to the Select Committee there are certain matters which I would request the Honourable members of the Select Committee to consider. Sir, the Bill proposes to levy a sales tax of 8 cash on a

[Mr. V O. Markos.]

Sirkar Rupee. That is what I understand. The Sirkar Rupee is a coin in imagination and the Honourable members of this House know that practically all the dealers and traders of the country deal in Rupees, Annas, Pies and not Sirkar Rupees, Chuckrams. Cash. It is also quite possible that some time in the near future the Sirkar Rupees, Chuckrams, Cash, will disappear from this country. However, as long as dealers transact business in Rupees, Annas, Pies, as they do now there is bound to be serious trouble in the calculation of Sales Tax on such transactions. In practice it will be impossible to levy the exact sales tax at the rate at which it is now proposed to be levied.

Eight cash for a Sirkar Rupee when worked out comes to about 3 3/7 pies. The dealers who are dealing in British Rupees will find it impossible to calculate exactly. It will be especially difficult in regard to small amounts. They will have to collect either less or more than what is the correct figure. If they collect less they become losers for the amount. If they collect more they become liable to be prosecuted. Therefore in order to avoid such troubles some lowest common coinage like Pies may be adopted here. If I remember correctly the amount collected in the Madras Presidency is 3 pies in a British Rupee. The dealers also have most of their major dealings with India. All considered it will be best to adopt the same rate here, expressed in terms of the Indian Rupees, Annas, Pies.

Another observation which I would like to make is that the Bill itself is copied from the Madras Act. Apart from adopting all the hardships and discrepancies of the Madras Act especially as compared to the Bombay Act, which I do not want to discuss now, mistakes have been committed even in the copying. I am referring to Section 11. There is a proviso to sub section (1) whereby our Government may exempt persons who are not registered dealers from the provisions of that sub-section. There it is obvious that a further sub-section was to follow. I may refer to the corresponding Section of the Madras Act. Section 8 (B) sub section (1) and the Proviso to the same read similar to Section 11 sub-section 1 and Proviso of our Bill. But the Madras Section 8 (B) has a sub-section (2) which reads as follows :—

> "(2) Every person who has collected or collects any amount by way of tax under this Act, on or after the 1st day of April 1947, shall pay over to the Provincial Government within such time and in such manner as may be prescribed, all amounts so collected by him if they are in excess of the tax, if any, paid by him for the period during which the collections were made ; and, in default of such payment. the amounts may be recovered as if they were arrears of land revenue."

A similar provision has to be made in our Bill.........

HO'NBLE MR. A. THANU PILLAI: That is a printer's mistake.

MR. V. O. MARKOS: That has to be rectified.

MR. N. V. CHACKO (*Kunnathunad III—General*) : അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ മണിയാഡർ കമ്മിഷൻ കണക്കാക്കുന്നതു് ബ്രിട്ടീഷ് രൂപയിലല്ലേ.

MR. V. O. MARKOS: I understand that they charge on British Rupees.

Sir, there is another matter to which I would like to invite the attention of the Honourable members of the House. Between Section 3 Sub-section 3 and Section 10, there arises a confusion. According to Section 3 Sub Section 3, dealers whose total turnover in any year is less than ten thousand rupees shall not be liable to pay any tax for that year. Section 10 creates an anomalous situation. Dealers who have a turnover of not less than Rs. 7,500 shall, and any other dealer, that is to say those whose turnover is below Rs. 7,500 also, may, also get himself registered under the Act. By necessary implication of Sections 11 & 12, all registered dealers are entitled to collect tax. But under Section 3 sub section (3) only those whose annual turnover is Rs. 10,000 or over need pay sales tax to Government. I am unable to see from the Bill what is to happen to the amounts of tax which may be collected by dealers whose turn over is below Rs. 10,000 whether they are to retain the same, or pay over to Government or refund to the customers. The Bill, if referred to a Select Committee, will have to be considered in detail and may have to undergo quite a lot of amendments.

MR. JOSEPH MALILCKAL: സർ, ഈ ബിൽ സംബന്ധിച്ചുള്ള മേൽനടപടികൾ എടുക്കുന്നതിനു മുമ്പായി ഏതാനും വിവരങ്ങൾ നാം ഓർമ്മിക്കേണ്ടതായിട്ടുണ്ടെന്നാണ് ഞാൻ പറയുന്നതു്. മദ്രാസിലെ രൂപം പകർത്തിയ ആക്ടും മദ്രാസിന്റെയും തിരുവിതാംകൂറിന്റെയും ചില വ്യത്യാസങ്ങൾ വിസ്മരിച്ചുകളഞ്ഞു. മദ്രാസിലാണെങ്കിൽ കാർഷികാദായനികുതിയില്ല. ഇവിടെയാണെങ്കിൽ കൃഷിയിൽ നിന്നു കിട്ടുന്ന ആദായത്തിനു നികുതികൊടുക്കുന്നുണ്ടു്. ആ സംഗതി ഈ ബില്ലിൽ പരിഗണിച്ചിട്ടില്ല. എന്നാൽ കാർഷികോല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കർഷകൻ ചെയ്യുന്ന ആദ്യത്തെ വ്യാപാരത്തിനു് നികുതി ചുമത്തുന്നതല്ലെന്നു ബില്ലിൽ പ്രസ്താവിച്ചിട്ടുണ്ടു്. തേയിലയെ അതിൽനിന്നും ഒഴിവാക്കുകയില്ലെന്നു പറയുന്നു. തേയിലയാണെങ്കിൽ എക്സൈസ് ഡ്യൂട്ടി, എക്സ്പോർട്ടുഡ്യൂട്ടി എന്നിങ്ങനെ രണ്ടിനം ഡ്യൂട്ടികൾക്കധീനമാണു്. അതിനും പുറമെ തേയിലകൃഷിക്കാർക്കു് സെയിൽസ് ടാക്സുകൂടി ചുമത്തുന്നതു് ശരിയല്ല. അങ്ങനെ ഈ കൃഷിക്കാരെ മുഴുവൻ ഈ ബില്ലിൽനിന്നു ഒഴിച്ചാൽതന്നെയും കാർഷികസാധനങ്ങൾ വ്യാപാരികളിൽ നിന്നും ഭക്ഷിക്കുന്നതിനായിട്ടു വാങ്ങു

[Mr. Joseph Mattikku]

ബോൾ അതിനും ഈ ബില്ലനുസരിച്ച് നികുതികൊടുക്കേണ്ടിവരുന്നു. മററു കാര്യങ്ങൾക്ക് നം സാധാരണ ഡെൽഹിവരെ പോകാറുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ബോംബെവരെയെങ്കിലും പോയിരുന്നുവെങ്കിൽ ഇതുസംബന്ധിച്ച് കൂടുതൽ വിവരം നമുക്ക് ലഭിക്കുമായിരുന്നു. ഈ ബിൽ അനുസരിച്ച് ഒരു വ്യാപാരത്തിന് ആണ്ടിൽ ൫൦,൦൦൦ രൂപായ്ക്കു നികുതി എന്നു കണക്കാക്കുമ്പോൾ മാസം ൪൦൦ രൂപാ അതായതു് ദിവസം ൧൦ രൂപായ്ക്കു വിററാൽ ആ കച്ചവടക്കാരൻ നികുതികൊടുക്കേണ്ടിവരുന്നു. ആ തരത്തിൽ വരുമ്പോൾ ഒരു കാപ്പിക്കടയിൽ കയറി കാപ്പികുടിക്കുന്ന ആളും നാലണയ്ക്കു് ഇപ്പോൾ കാപ്പികുടിക്കുന്നതിനു പകരം നാലരയണ കൊടുക്കേണ്ടിവരും. ബോംബെയിലാണെങ്കിൽ കൃഷിക്കാരനേയും സാധാരണക്കാരനേയും രക്ഷിക്കുന്നതിനായി എല്ലാ ഭക്ഷ്യധാന്യങ്ങളേയും സെയിൽസ് ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു്. അവിടെ ഒഴിവാക്കിട്ടുള്ള അനവധി നിത്യോപയുക്തസാധനങ്ങളിൽ, ചിലതിൻെറ പട്ടിക വായിക്കാം.

All cereals and pulses including all forms of rice; flour including atta, maida, suji and bran; bread; meat: fish; fresh eggs; livestock including poultry; vegetables; fruits; cooked food; gur, sugar and molasses; salt; pepper; milk; cheap cloth; kerosene; cattle, feeds, fertilizers; quinine; coal gas etc.

ഇത്രയും ഞാൻ വായിച്ചതിൽ നിന്നും മനുഷ്യൻെറ നിത്യോപയോഗത്തിനുള്ള സാധനങ്ങളെല്ലാം അതിൽനിന്നു ഒഴിവാക്കിയിട്ടുണ്ടെന്നു കാണാം. സാധാരണക്കാരെ രക്ഷിക്കണമെന്നുണ്ടെങ്കിൽ ഈ മാതിരി നിത്യോപയോഗത്തിനുള്ള സാധനങ്ങളെ ബില്ലിൻെറ പരിധിയിൽനിന്നും ഒഴിവാക്കണം.

വേറൊരു വ്യത്യാസം ഇവിടെ കാണുന്നതു multipoint taxation ആണ്. ബോംബെയിലും മററും ഒരു രജിസ്റ്റേഡ് ഡീലർക്ക് മറെറാരു രജിസ്റ്റേഡ് ഡീലറുമായി കച്ചവടംചെയ്യുമ്പോൾ നികുതി കൊടുക്കേണ്ടതായിട്ടില്ല. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് രജിസ്റ്റേഡ് ഡീലേഴ്സ് തമ്മിലുള്ള ഓരോ ഇടപാടിനും നികുതി കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്.

അടുത്തതായി കയററുമതിചെയ്യുന്ന സാധനങ്ങൾക്ക് നികുതിചുമത്തുന്നതിനെപ്പററിയാണു എനിക്കു പറയുവാനുള്ളതു്. കയററുമതിചെയ്യുന്ന സാധനങ്ങൾ സാധാരണ പല കൈമറിഞ്ഞാണ് പോകുന്നതു്. കയററുമതിചെയ്യുന്ന സാധനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക എന്നു പറഞ്ഞാൽ അത്രയും സംഖ്യ ആ സാധനങ്ങളുടെ വിലയിൽ

കുറയുക എന്നുള്ളതാണ് അതിന്റെ ഫലം. കയററുമതിസാധനങ്ങൾക്ക് ഇങ്ങനെ വിലയിൽ കുറവുവരുത്തുന്നതു നമുക്കു ദോഷകരമാണ്. ഈ കാരണത്താലാണ് ബാംബെ മുതലായ സ്ഥലങ്ങളിൽ കയററുമതി വ്യാപാരത്തെ നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതു്. നമ്മുടെ നാട്ടിലെ പ്രധാന കാർഷികോൽപന്നങ്ങളായ തേയില, കുരുമുളക്, നാളികേരം എന്നിവ നാം കയററുമതിചെയ്യുമ്പോൾ നാം ഇച്ഛിക്കുന്ന വിലയല്ല അവയ്ക്കു കിട്ടുന്നതു. നേരെമറിച്ച് വെളിയിലുള്ള സാഹചര്യങ്ങളാൽ സൃഷ്ടിക്കപ്പെടുന്ന ഒരു വിലയാണ് കർഷകനു കിട്ടുന്നതു്. ആ വിലയിൽ ഒരു നികുതി ചുമത്തിയാൽ അതു വാങ്ങുന്ന ആരും കൊടുക്കുകയില്ല. അതിന്റെ കുറവ് നമ്മുടെ കർഷകരെയാണ് ബാധിക്കുന്നതു്. ദൃഷ്ടാന്തമായി പറഞ്ഞാൽ ൧൦൦ രൂപായുടെ നാളികേരം കയററി അയക്കുന്നതിനു ൧൫ രൂപാ നികുതി കൊടുക്കണം. അതിനുപുറമേ അതുക്കുററിയിൽ ൭ രൂപാ എക്സ്പോർട്ട് ഡ്യൂട്ടി കൊടുക്കണം. അതിനിടെക്കു പത്തുകച്ചവടക്കാരുടെ കൈമറിയേണ്ടതാണ് അവിടെ എത്തിയതെങ്കിൽ, പത്തുപേരും ൧൫ രൂപാവീതം കൊടുക്കണം. പിന്നെ കാർഷികാദായനികുതിയായും ൧൭൦ ചക്രമെങ്കിലും കൊടുക്കണം. ഇതെല്ലാം കഴിച്ചുനോക്കിയാൽ തൊട്ടടുത്ത കൊച്ചിയിൽ ൧൦൦ രൂപാ ആദായം കിട്ടുന്ന നാളികേരത്തിന് ഇവിടെ കർഷകനു കിട്ടുന്നതു് ൬൭ രൂപയിൽ കുറവായിരിക്കും. അങ്ങനെ ഈ വ്യവസ്ഥകൊണ്ടു നമ്മുടെ ആദായം കുറഞ്ഞുപോകാനും കൃഷി നശിച്ചുപോകാനും ഇടയുണ്ട്.

മദ്രാസിൽ വർക്ക്സ് കാൺട്രാക്റ്റു മുതലായ സർവീസുകൾ ഉൾപ്പെടുത്തി നികുതി ചാർജ്ജു ചെയ്യാറില്ല. എന്നാൽ അതുപോലെയല്ല ഇവിടെ ചെയ്തിട്ടുള്ളതു്. ടേൺഓവറിനെ സംബന്ധിച്ചും ചില വ്യത്യാസങ്ങൾ ഈ ബില്ലിൽ വരുത്തിയിരിക്കുന്നു. എല്ലാത്തിനുംപുറമേ മറെറാന്നു കാണുന്നതു് ഒരു രജിസ്റ്റേർഡ് ഡീലർ ഈടാക്കുന്ന സംഖ്യയുടെ ൧൫ ശതമാനം ടാക്സ് ചുമത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു് ടാക്സ് ഈടാക്കുന്ന തുകയ്ക്കുള്ള ടാക്സു ഇളവുചെയ്തുകൊടുക്കുന്നില്ല. അതു ടാക്സിനുതന്നെ ഒരു ടാക്സ് എന്ന സമ്പ്രദായമാണ്. അതു ന്യായീകരിക്കത്തക്കതല്ല. മദ്രാസിലെ ബില്ലിനെ പകർത്തിയതുകൊണ്ടു വേറൊരു ദോഷം വന്നിട്ടുള്ളതു കാട്ടൺയാണിനേയും കാട്ടൺ ഡ്രസ്സിനേയും നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതാണ്. മദ്രാസിലാണെങ്കിൽ കാട്ടൺ ഒരു പ്രധാന

[Mr. Joseph Mallackal,]

കൃഷിയും വ്യവസായവുമാണ്. അതുകൊണ്ടു മദ്രാസിൽ അവയെ ഒഴിവാക്കേണ്ടയാവശ്യമുണ്ട്. നമുക്കാണെങ്കിൽ ആ കൃഷി ഇല്ലാത്തതുകൊണ്ട് അതിൻെറയാവശ്യമില്ല. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണെങ്കിൽ നമ്മുടെ നാട്ടിലെ സ്ഥിതികൾക്കനുസരണമായി പല നല്ല വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്. സാധാരണക്കാരനും പാവപ്പെട്ടവനും ഉപദ്രവം ഇല്ലാത്തവിധം സർക്കാരിനു വരവു വർദ്ധിപ്പിക്കണമെന്നാണു ഉദ്ദേശമെങ്കിൽ ഈ ബില്ലിൻെറ ഇപ്പോഴത്തെ രൂപത്തെ വളരെ ഭേദഗതി ചെയ്തു വേണം നിയമമാക്കേണ്ടതു്.

എൻെറ സ്നേഹിതൻ മി. മർക്കോസ് പറഞ്ഞതുപോലെ ഈ ബില്ലിൻെറ ഡ്രാഫ്റ്റ്സ്മാൻഷിപ്പ് വളരെ മോശമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതു തിരുത്താൻ വലിയ വിഷമം വരുകയില്ല. ഇത്രയും സംഗതികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിൻതാങ്ങിക്കൊള്ളുന്നു.

MR. ABDUL RAZAAK: Sir, I stoutly oppose this black measure of taxation. I call it black, Sir, notwithstanding the fact that it is meant to repair the tottering finances of the State consequent on the introduction of prohibition. It is black, Sir, inasmuch as it is bourgeoise inspired and very well calculated to the overburdening of the common man. The common man is already baffled with grinding poverty on the one side and mounting taxation on the other. At this stage, any fresh taxation would have very serious and perhaps violent consequences on the peace of this country. Therefore, I wish to urge on the Government to give up this oppressive measure of taxation. In so doing, I would like to bring for the information of the House one classical illustration from the political bible which Rajaji follows and which he himself has rendered into English.

"வேலொடு நின்றான் இடு என்பது போலும்
கோலொடு நின்றான் இரவு."

I believe the Hon'ble the Prime Minister is fully able to follow the Tamil Version, but still, Sir, for the benefit of the Hon'ble Members I shall give the English Version of it also. That is to say, the revenue derived out of oppressive taxation can rank equal in status only with the money extracted by the bandit on the point of the spear. Secondly, Sir, this measure has no warrant, particularly in view of the glowing picture the Prime Minister has painted to the House, the other day, tending towards a surplus budget. If, on the other hand, it is really meant to strengthen the very doubtful position of a surplus, let him plainly say that; I can

suggest to him more than a hundred forms of easy taxation. For the time being, I would stop short by suggesting only two. Let him quadruple the abkari levy on liquor in the wet areas and tax all luxuries not excluding motor spirit and electrical energy as heavily as he can possibly do, perhaps as heavily as Gandhiji would have advised him to do. Then, Sir, there is another hidden treasure, that is the expropriation of the expropriators. With no laxity or latitude the Government should strictly hold persons account for the unearned income in their possession or under their control. Sir, if the Government would only do that they will indeed be hotly pursuing the four great demons that have eaten into the vitals of our society, namely, corruption, bribery, usuary and treachery. In fact Sir, they would be resurrecting that brilliant piece of proposed legislation which my honourable friend Mr. P. T. Chacko has eaten up after nearly sixty days of careful incubation. For this, Government need have no fear, but I emphasise this point—they need to break away from the hold of the bourgeoise and master their Secretaries and their subordinates. This, I think, the Government will not do, because they cannot, as long as they remain the stooges of the bourgeoise. It is evident from the nature of the reply given to this House.

HON'BLE MR. A. THANU PILLAI: What does the honourable member mean by Bourgeoise?

HON'BLE MR. G. RAMACHANDRAN: Or what does the honourable member mean by "stooges of the bourgeoise"?

MR. ABDUL AZIZ: May I know, Sir, who is to answer the question?

HON'BLE MR. G. RAMACHANDRAN: The Member who spoke.

MR. ABDUL RAZAAK: I will answer both the questions Sir, with pleasure.

Bourgeoise means all capitalists who may not necessarily be of the industrial type. The term I say, Sir, can definitely include all the money bags including the agricultural ones. Stooges are meant indepraved language, to refer to boot-lickers. I suppose my answer at once satisfies both the Prime Minister and his trusted colleague, the Minister for prohibition. This, Sir, I regret to say Government will not, because they cannot as long as they remain the stooges of the bourgeoise. This is evident from the nature of the reply received on the floor of this Assembly when attempts were made for the elimination of the leprosy of corruption. The reply that we received on those occasions was in the nature of the flashing of the whip. The good sense of the honourable members of this House was appealed to, and the dignity of the House, as a whole, was invoked in defence of certain notoriously disreputed characters in the services.

It was said again that mere wild attacks will not take us anywhere. They should be specific and pointed. In this connection, I am tempted to surprise them with one question. Can these Honourable Popular Ministers put their finger anywhere in the services and call it spotless or anything as satisfactory.

MR. PRESIDENT: I wish to remind the honourable member that he has gone beyond the principles of the bill.

MR. ABDUL RAZAAK: Sir, I am only suggesting an alternative source of revenue.

To proceed, public memory is not so short as it is proverbially implied, for that fine piece of dialectics on State craft which the Hon'ble Prime Minister enunciated on the day he was sworn in as Chief Minister, is still ringing in our ears. It was then the occasion for him to preach that character, and integrity would compensate for deficiency in efficiency.

HON'BLE MR. A. THANU PILLAI: Sir, it is a misquotation. I did not say that. I never said that it will compensate for inefficiency.

MR. ABDUL RAZAAK: I said that character and integrity would compensate for deficiency in efficiency, not inefficiency.

MR. V. O. MARKOS: Are they subject to sales tax?

MR. ABDUL RAZAAK: Definitely, Sir. But Sir, when that long-awaited hour for the practice of that noble doctrine is come, we find a cordon sanitaire most affectionately offered by the Popular Ministers to these services of notriety.

MR. PRESIDENT: Order, order. Under standing order 32 only the principles of the bill can be discussed at this stage.

MR. ABDUL RAZAAK: In discussing the general principles, I am suggesting one source of sure, good revenue which Government can consider with advantage. I hope I am permitted to continue.

Sir, the irony of that noble teaching is rather sickening and to ease the tension of the disease, we stoop to light humour. In this connection, I am reminded of the war time story circulated in Delhi circles with the frequency of a bad coin, and in the name of a war contractor's wife. Not long ago, the husband of the Madam was the President of a Congress Committee of some suburban village of Delhi, and consistently with the noble teachings of that high office, the Madam was trained to wear Khadi probably spun from the very magic wheel of Ghandiji, and to develop an inveterate hatred towards imported and mill-made stuff. But when the husband of the Madam was kicked to the position of a war contractor, and subsequently when the Madam was for the first time led into the show-room of white-ways, with ofcourse cheap money in hand, and more important than that, with the sense of the ill-gotten wealth in her head.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*): On a point of order, Sir. What has the husband to do with the sales tax?

MR. ABDUL RAZAAK: That requires no microscopic observation Sir, particularly on the part of the hononrable member who happens to be a shrewd lady.

Sir, when the Madam was led into the show room—

MR. PRESIDENT: Order, order. I would request the honourable member to refer to rule 24 of the Legislative Assembly Rules, which runs as follows:—

"The President after having called the attention of the Assembly to the conduct of a member who persists in irrelevance or in tedious repetition either of his own arguments or the arguments used by other members in debate, may direct him to discontinue his speech."

MR. ABDUL RAZAAK: I was referring to that Sir, only by way of irresistible diversion. I hope I am permitted to continue the story.

MR. PRESIDENT: You cannot give a story but you can discuss the general principles of the sales tax bill.

MR. ABDUL RAZAAK: I obey your ruling, Sir. That exactly is the position of our popular Ministers today.

HON'BLE MR. G. RAMACHANDRAN: The story having been cut short, what is the position referred to?

MR. PRESIDENT: The honourable member will continue.

MR. ABDUL RAZAAK: The position of the Honourable Ministers is exactly that of the war contractor's wife whose aversion towards the imported stuff went underground like quick silver.

MR. E. P. PAULOSE: Was the honourable gentlemen in the show room with the lady?

HON'BLE MR. G. RAMACHANDRAN: Does quick-silver go underground?

MR. ABDUL RAZAAK: Definitely, if let out. Therefore, Sir, if our popular Ministers care to launch a scheme on the lines that I have suggested, there will be no necessity whatever for passing this oppressive piece of legislation into law. With these words Sir, I oppose this ignoble measure.

MR. K. SIVARAMA PILLAI (*Thevala—General*): Sir, I oppose this bill, which embodies taxes on commodities as sales tax. Sir, it is the most oppressive form of taxation which any Government can nowadays think of. In introducing this at the time of the Budget speech, the Honourable Finance Minister when dealing with the sales tax stated as follows:—

"In order to make good the financial loss due to the introduction of prohibition, I propose to introduce a measure of direct taxation, that is the sales tax."

May I, at the outset, submit that sales tax is by no stretch of imagination be called direct tax. By direct tax is meant that the burden is borne by the person on whom it is imposed and cannot be shifted to another. This indirect tax, though it is imposed under whatever name, is not going to be paid by the dealer; he can entirely shift the burden on the consumers. So it is an indirect form of taxation. I cannot understand why it is classified as direct tax. It may probably be because whenever we say a tax is direct it connotes that the Government is going to tax only the rich and not the poor. Indirect form of taxation is resorted to only if the Government do not want to tax the rich but want to tax the poor indirectly in an ingenious indirect manner. So the object of the

[Mr. K. Sivarama Pillai.]

Government is very clear, that they do not want to touch the rich and only want to touch the poor who are already poor in this country.

Sir, in the Prime Minister's speech also we find one another thing. The object of such a taxation, as the Honourable Prime Minister put it, is only for revenue. I may state that nowadays revenue alone is not the object of taxation With taxation we must be able to secure other objectives also, social, economic and political of which political is the most important. One of the fundamental principles of economics in taxation is that when we think of new taxation it is to set right the inequalities of incomes, that is, tax the rich and give it to the poor. It is the avowed aim of all the parties, I think Our aim is that Travancore in future should be a Socialist State wherein there will be no inequality of incomes. But this bill instead of decreasing the inequalities of incomes only increases the inequality of incomes. Sir, the new taxation upsets the economic life of the country. When introducing a new tax certain cardinal principles ought to be borne in mind which we can describe in four words: equality, certainty, convenience and, economy of which the first is fundamental and the last three administrative.

By equality what we mean is that there must be equal sacrifice in proportion to the ability to pay. Once upon a time when income tax was introduced, it was thought that by income tax if we tax on the income that would be the most inequitable for, that is not the sure method of knowing the ability of a man to pay. So, various other alternatives to income tax were proposed, and finally a tax on expenditure was thought of in principle, that is, to tax the amount one ought to spend so far as his needs are concerned was thought to be the best form of taxation. So, commodity taxes and sales taxes were thought of. But everywhere it was found that it was futile, it was oppressive and it does not yield sufficient revenue to the State. If sufficient revenue is needed, we have to tax articles of wide consumption that is, stapple food alone is to be taxed. Then only we will be able to get the maximum revenue. By taxing luxuries we would be able to get the revenue that is needed. Only staple articles of wide consumption have to be taxed if that tax is to be productive. A system of tax that was considered as war-tax a century ago by European countries was stopped as it was found to be futile and oppressive, and I may tell for the information of the House that such a tax exists only in Persia and in no other country it is in force. So, we have to see when a new measure of taxation is introduced as regards its effects on production and its effects on distribution. Sir, as regards the incidence of taxation, it will depend upon the elasticity of supply and elasticity of demand. Now, at this time, we can be sure that supply is very elastic and demand is inelastic. So the entire burden is shifted on to the consumer who

has to pay the entire tax and not on the dealers. Sir, when we think of the effect on production, naturally, all taxes reduce the ability to work and to save, and, more particularily, in the case of sales tax, because it hits hard only the poor and not the rich. So, the ability of the poor to work and save is reduced thereby making the poor inefficient and his children more inefficient resulting in economic loss to the society as a whole.

Sir, coming to distribution, this makes inequalities of income. It taxes only the poor. It hits him very hard and it lightly affects the rich. So inequalities are increased and we are taken far away from our declared aim. From the point of view of revenue it may be of some use. But from the political point of view it is the most unsound tax that would ever be proposed by a democratic Government.

Sir, coming to the provisions of the Act itself, there is nothing original about it. We have closely followed the Madras Act in preference to the Bombay Act. My honourable friend, Mr. Malieckal has clearly stated that so far as the Bombay Act is concerned it is a single point taxation whereas the Madras Act envisages a multipoint taxation. In Bombay, provision has been made to exempt sales made to registered dealers and exports to outside of Bombay. There is also one more exemption provided in the Bombay Act. Any article which is sold for the manufacture of other articles is exempted, whereas our Act closely following the Madras Act has made raw materials as taxable. They are not excluded. This makes the tax more oppressive. Sir, for example, when the raw material which is taxed is manufactured into a finished article for use it is the poor who consume largely the raw material which is sought to be taxed under this Act. Thus, the poor is doubly hit.

Then, again, the Travancore Act is highly defective. One of the fundamental principles of taxation is that it must be certain. When a law is passed, we must be in a position to know what are the articles taxed, what is the rate of taxation, when it will be taxed, when it is to be assessed,who is the authority to do this, what redress the poor tax payer will get when the powers are misused. But here in every section, we find that rules are to be framed later on at the discretion of Government, and meanwhile, the public is kept in blissful ignorance of all these details. Sir, if this Government cannot think of any other method of taxation; and if the Sales Tax is the only thing they could lay their hands on, then it would have been better if they had followed the Bombay Act which is self-contained and which every man can follow.

Then, again, we are taxing on the total turnover of a merchant, that is, on the amount of business he does in a year. If it goes above Rs. 10,000 the amount is taxed whether he is a loser or a gainer. So, taking into account the cost of living and the price levels obtaining at present we cannot with any reasonable certainty foresee what will happen tomorrow in regard to these economic factors.

[Mr. K. Sivarama Pillai.]

So, to tax a business man disregarding all these things, and disregarding the actual gain he gets on his business is most inequitable. That is why in Bombay what we have got the taxable turnover and not the turnover as is mentioned in our Act.

Then, coming to the agency, the learned Finance Minister stated that for revisionary powers we are going to appoint a Board of Revenue. Sir, I may remind the Honourable Finance Minister the working and the fate of the Board of Revenue now constituted under the Income Tax Act. Now, three senior officers of our Government, the Chief Secretary, the Land Commissioner and the Accountant-General constitute that Board. These officers also receive Rs. 100 or Rs. 200 as allowance for this special work. But for the last three years, if my information is correct, they have not met, or rather they had no time to meet. If this is going to be the condition of the new Revenue Board to be set up it is doubtful whether the poor tax payer would get any redress for his grievances. Perhaps it may be true that these officers are overworked and hence do not find time to meet. So, in the interest of economy also it is better not to have such a Revenue Board. Moreover, it is quite unsuited to serve the required purpose.

In the matter of evasion and collection of tax, I may say that more than 75 per cent of what the tax-payer pays will not be received by the treasury. So it is more a waste of the tax payer's money than a gain to Government. On that ground also it is most unsuited economically to the country. Sir, the time for introducing this sales tax is not opportune. It was introduced with some success in some of the countries only at the time of the war, when we had large machinery and everyone was war-minded and nervous and nobody knew what was going to happen. But in times of peace such an unpopular form of taxation as this sales tax is quite unwarranted by reason or expediency. Sir, we have got other alternative means of taxation, if the Government is inclined to touch the pockets of rich and not the poor. We have got the death duties, the inheritance tax etc. By these more than the amount contemplated would be received by the treasury and nobody is hard hit.

Finally, I may repeat that this tax is not suited during times of peace, it is more expensive, more oppressive and helps only the collectors by way of enriching their pockets and not the Government. Therefore, Sir, on principle, I oppose the introduction of this Bill.

MR. V. K. VARGHESE (*Pathanamthitta III—General*) : സർ, ബില്ലിൻെറ തത്വത്തോട് അനുകൂലിക്കുന്നതോടൊപ്പം തന്നെ അതതുസംബന്ധിക്കുന്ന രണ്ടു കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു് എപ്പോഴും കൺസ്യൂമേഴ്സിനെയാണു് ബാധിക്കുന്നതു് എന്നതത്വത്തെ അടിസ്ഥാനമാക്കി

ഈ ബില്ലിനെ പരിശോധിക്കേണ്ടതത്യാവശ്യമാണ്. ആർട്ടിക്കിൾസ ആഫ് നെസസിററി, ആർട്ടിക്കിൾസ് ആഫ് ലക്ഷ്വറി എന്നു സാധനങ്ങളെ രണ്ടായി തരം തിരിച്ചിട്ട് ആർട്ടിക്കിൾസ ആഫ് നെസസിററി ഈ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. കാരണം അതു സാധാരണ ജനങ്ങളെ ബാധിക്കുന്നതാണ്. അതുകൊണ്ടു് നിത്യോപയോഗത്തിനാവശ്യമായ സാധനങ്ങളെ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണം. അടുത്തതായി എനിക്കു പറയാനുള്ളതു് ഒരു സാധനത്തിനു നികുതി ഒരു സ്ഥലത്തു മാത്രമല്ലാതെ അതിൽ കൂടുതൽ സ്ഥലത്തു ഈടാക്കാൻ പാടില്ല എന്നാണ്. ഈ നിർദ്ദേശം ഇവിടെ പലരും പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന്റെ കാരണം. ഒരു കമ്പോളത്തിൽ ഒരു സാധനത്തിനു പല വില ഉണ്ടാകുന്നതിനു കാരണമാകും. അതിനാൽ ഈ രണ്ടു നിർദ്ദേശങ്ങളും ഇതിനെ നിയന്ത്രിക്കുന്ന കമ്മിററിക്കാർ ഗാഢമായി ആലോചിക്കണമെന്നു കൂടി പ്രസ്താവിച്ചുകൊണ്ടു് ഞാൻ ബില്ലിനെ അനുകൂലിക്കുന്നു.

MR. MOHAMMED MUSTAFA: സർ, ഈ ബില്ലിന്റെ അവതരണത്തെ എതിർക്കാനാണ് ഞാൻ നില്ക്കുന്നതു്. ആദ്യമായി ഈ ബിൽ നിയമമാകുമെന്നുള്ളകാര്യം വിസ്മരിക്കാതെ തന്നെയാണു ഇതിനെ സംബന്ധിച്ചു ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നതു്. ഇപ്പോൾ ഈ രാജ്യത്തുള്ള ജനങ്ങളുടെ കരം കൊടുക്കുവാനും ആവശ്യമുള്ള സാധനങ്ങൾ വാങ്ങുവാനുമുള്ള കഴിവിനെ സംബന്ധിച്ചു് ഈ ജനപ്രതിനിധിസഭയിലെ അംഗങ്ങൾ ശരിയായി പരിചിന്തനം ചെയ്തിട്ടു വേണം ഈ ബില്ലിന്റെ അവസാനരൂപത്തിൽ ഇതു പ്രയോഗത്തിൽ വരുത്താൻ എന്നു ഞാൻ ആദ്യമായി ഈ സഭയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ ബിൽ മററു പല സ്ഥലങ്ങളിലും ഉള്ള നിയമത്തിന്റെ അനുകരണമാണെന്നുള്ളതു പരമാർത്ഥമാണു്. പല കാര്യങ്ങളിലും മററു രാജ്യങ്ങളെ അനുകരിക്കുന്ന നമ്മുടെ ഗവണ്മെന്റ് നല്ല കാര്യങ്ങളിൽ ഒന്നും തന്നെ മററു രാജ്യങ്ങളെ അനുകരിക്കുന്നതായി കാണുന്നില്ലെന്നുള്ളതും നാം ഓർമ്മിക്കേണ്ടതാണ്. മററുരാജ്യങ്ങളിലെല്ലാം ആദ്യമായി ഇത്തരം ഒരു നിയമം പ്രയോഗത്തിൽവരുത്തിയപ്പോൾ ആഹാരസാധനങ്ങളെയും അതുപോലെ ജനങ്ങൾക്കു നിത്യോപയോഗത്തിന് അത്യന്താപേക്ഷിതമായ മറെറല്ലാ വിഭവങ്ങളെയും ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു

[Mr. Mohammed Mustafa.]

എന്ന പരമാൎത്ഥം നാം കണ്ടില്ലെന്ന ഭാവിച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല. ഇന്ന സാധുജനങ്ങൾ അവർക്കു നിത്യോപയോഗത്തിന ആവശ്യമുള്ള വിഭവങ്ങൾ വാങ്ങുവാൻ വളരെ വിഷമപ്പെടുന്നു. മററു രാജ്യങ്ങളെ അപേക്ഷിച്ച് ഇവിടെ അരിയുടെ വില ക്രമാതീതമായി വൎദ്ധിപ്പിച്ചിട്ടുണ്ട്. ആ കാൎയ്യത്തിൽ മററു രാജ്യങ്ങളെ അനുകരിക്കുക എന്ന സമ്പ്രദായം നാം കാണിക്കുന്നില്ല. എന്നാൽ പ്രത്യക്ഷമായ ടാക്സ് ചുമത്തുന്നകാൎയ്യത്തിൽ വളരെ ഔത്സുക്യം നാം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇതു് വളരെ രസാവഹമായിരിക്കുന്നു. ഇവിടത്തെ ഉൽപ്പാദനങ്ങളെയും ഉല്പാദകരെയും ഇവിടെനിന്നും കയററുമതിയെ സംബന്ധിക്കുന്ന എല്ലാ കാൎയ്യങ്ങളേയും സ്പർശിക്കുന്നതും ആ നിലയിൽ ബന്ധപ്പെട്ടിട്ടുള്ള എല്ലാ ഉപഭോക്താക്കളെയും വളരെ ശക്തിയായി ബാധിക്കുന്നതുമായ ഒരു നിയമമാണിതു. ഇങ്ങനെ ഇവിടത്തെ ഉൽപ്പാദകരെയും വ്യാപാരികളെയും ബാധിക്കുന്ന ഈ നിയമംമൂലം ഗവണ്മെൻറു പ്രതീക്ഷിക്കുന്ന വരവു ഒന്നോ രണ്ടോ കോടി രൂപായാണ്. ഈ തുക മുഴുവൻ ഈ രാജ്യത്തെ സാധുജനങ്ങളാണു കെട്ടിവെയ്ക്കേണ്ടി വരുന്നതെന്നുള്ള വസ്തുത നാം ഈയവസരത്തിൽ ഓർമ്മിക്കേണ്ടതാണ്. ഇന്നത്തെ സ്ഥിതിക്ക് ഒരാളിൻെറ ജീവിതത്തോതു് ഏതു നിലയിലിരിക്കുന്നുവെന്നും, അതു ഉയർത്തുവാൻ ഗവണ്മെൻറു എന്തെങ്കിലും നടപടികൾ എടുക്കുന്നുണ്ടോ എന്നും കൂടി ഈയവസരത്തിൽ ആലോചിക്കണം. ആ നിലയിൽ നോക്കുമ്പോൾ ഇത്തരം ഒരു നിയമം ഇവിടത്തെ സാധുജനങ്ങളുടെ മേൽ ഇപ്പോൾ വച്ചുകെട്ടുന്നതു ബുദ്ധിപൂർവ്വകമാണോ എന്നും, അതിനെ ഈ രാജ്യത്തെ ജനങ്ങൾ എങ്ങനെ വീക്ഷിക്കുമെന്നും ഈസഭ കാൎയ്യമായി ചിന്തിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഒരു ജനകീയഗവണ്മെൻറു ഭരണഭാരം ഏറെറടുത്ത ഉടനെ ഈ സഭയുടെ മുൻപാകെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഒരു ബില്ലാണിതു്. ജനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെമേൽ കരം ചുമത്തുക എന്ന സമ്പ്രദായമാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഇന്ന സാധാരണ ആവശ്യമുള്ള എല്ലാ സാധനങ്ങൾക്കും വില വളരെ വർദ്ധിച്ചിട്ടുണ്ട്. ഞാൻ മുൻപു പറഞ്ഞതുപോലെ ഗവണ്മെൻറു നിരക്ക് അരിയുടെ വിലയെ സംബന്ധിച്ചിടത്തോളം വളരെ വർദ്ധിപ്പിച്ചിരിക്കുകയാണ്. ആ അരിതന്നെ വാങ്ങിക്കുവാൻ സാധാരണ ജനങ്ങൾ വളരെ വിഷമിക്കുന്നു. ആ നിലയ്ക്കു ഇങ്ങനെ വാങ്ങിക്കപ്പെടുന്ന എല്ലാ

സാധനങ്ങളുടെമേലും വീണ്ടും കരം ചുമത്തുന്ന ഒരു പദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തുക എന്നതു് ബുദ്ധിപൂർവ്വകമായ ഒരു നിയമമാണോ എന്നാലോചിക്കേണ്ടതാണു്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു് ഈ ബില്ലിനെ സ്വീകരിക്കുന്നു എങ്കിൽ തന്നെയും ശ്രദ്ധിക്കേണ്ട ചില അത്യാവശ്യകാര്യങ്ങൾ ഇനി പറയാമെന്നു ഞാൻ വിചാരിക്കുന്നു. ആദ്യമായി എനിക്കു പറയുവാനുള്ളതു്, ജനങ്ങൾക്കു വളരെ അത്യാവശ്യമുള്ള നിത്യോപയോഗസാധനങ്ങളെ എല്ലാം ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാണു്. ഈ ബില്ലിന്റെ വ്യവസ്ഥകളിലേക്കു കടന്നു നോക്കുന്നപക്ഷം വളരെ അവ്യക്തമായ അനേകം ക്ലാസ്സുകൾ ഈ ബില്ലിൽ ഉണ്ടെന്നു മനസ്സിലാക്കുവാൻ സാധിക്കുന്നു. ൨൦,൦൦൦ രൂപാ ഒരാണ്ടിൽ വ്യാപാരം നടത്തുന്നു എന്നു കരുതപ്പെടുന്ന എല്ലാ വ്യാപാരികളും അവരുടെ പേർ രജിസ്റ്റർ ചെയ്തിരിക്കണം എന്നൊരു വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടു്. ഒരാണ്ടിൽ ൨൦,൦൦൦ രൂപായുടെ കച്ചവടം നടത്തുമെന്നു ഒരു വ്യാപാരിക്കു് മുൻകൂട്ടി എങ്ങനെ നിശ്ചയിക്കുവാൻ കഴിയും. ഒരുപക്ഷെ, കച്ചവടക്കാരന്റെ പ്രതീക്ഷ ഫലിച്ചില്ലെങ്കിൽ തന്നെയും അവർ പേർ രജിസ്റ്റർ ചെയ്തിരിക്കണമെന്നുള്ളതു് നിശ്ചയമാണു്. അങ്ങനെ നോക്കുമ്പോൾ എല്ലാ കച്ചവടക്കാരും പേർ രജിസ്റ്റർ ചെയ്യുവാൻ ബാദ്ധ്യസ്ഥരാണു്. ചെറിയ ചെറിയ വ്യാപാരികൾ സാധാരണയായി കണക്കുകൾ വച്ചുസൂക്ഷിക്കുന്ന ശീലമുള്ളവരല്ല. അങ്ങനെയുള്ള വ്യാപാരികൾ ഇവിടെ ലക്ഷക്കണക്കിനുണ്ടു്. അവരെ ഈ വ്യവസ്ഥ എങ്ങനെ ബാധിക്കുമെന്നുള്ളതു് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഒരുപക്ഷെ, ഇത്തരം ചെറിയ കച്ചവടക്കാർക്കു് രക്ഷകിട്ടണമെങ്കിൽ അവർ ചെയ്തിരിക്കുന്ന വ്യാപാരത്തിന്റെ കണക്കുകൾ അധികാരികളെ ബോദ്ധ്യപ്പെടുത്തിയാൽ മതിയാകുമായിരിക്കും. രണ്ടുകൊല്ലം തുടർച്ചയായി വ്യാപാരം നടത്തിയിട്ടും പതിനായിരം രൂപായുടെ വ്യാപാരം നടന്നിട്ടില്ലെന്നു ഉദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്തുന്ന കച്ചവടക്കാരെ ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു് എന്നാൽ കണക്കുകൾ വച്ചു സൂക്ഷിക്കുവാൻ പരിചയിച്ചിട്ടില്ലാത്ത ചെറു കച്ചവടക്കാർക്കു് രണ്ടുകൊല്ലക്കാലം തങ്ങളുടെ വ്യാപാരനിലയെപ്പററി ഉദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്തുക എന്ന സംഗതിയിൽ വരാവുന്ന വൈഷമ്യങ്ങളും ബുദ്ധിമുട്ടുകളും എത്രത്തോളമാണെന്നും ഇതു പ്രായോഗികമാണോ എന്നും ഗവണ്മെന്റു

[Mr. Mohammed Mustafa.]

ഈ സമയം ആലോചിച്ചുനോക്കേണ്ടതാണ്. ചെറിയ കച്ചവടം നടത്തുന്നവർക്ക് കണക്കുകൾ എഴുതുവാൻ ഗുമസ്തന്മാരോ, അക്കൗണ്ടന്റന്മാരോ ഉണ്ടായിരിക്കയില്ല. ഈ ആവശ്യത്തിനു വേണ്ടി അൻപതോ അറുപതോ രൂപാ ശമ്പളം കൊടുത്ത് അവർക്കു അക്കൗണ്ടന്റന്മാരെ നിയമിക്കേണ്ടതായിവരും. ഈമാതിരി അനാവശ്യച്ചെലവുകൾ സാധാരണക്കാരുടെ മേൽ വച്ചുകെട്ടുന്ന സമ്പ്രദായം കൂടി ഈ ബില്ലിൽ അടങ്ങിയിട്ടുണ്ട്.

മറ്റൊരുകാര്യം, മി. മാർക്കോസ് പറഞ്ഞതുപോലെ ഒരു സർക്കാർ രൂപയ്ക്കു എട്ടുകാശു എന്ന വ്യവസ്ഥയാണ്. ഈ വ്യവസ്ഥ ഇവിടത്തെ വ്യാപാരികളെ സംബന്ധിച്ചിടത്തോളം തീരെ പ്രായോഗികമായ ഒരു വ്യവസ്ഥയല്ല. വ്യാപാരികളുടെ കണക്കുകൾ എല്ലാം രൂപാ, അണ, പൈസ എന്ന ക്രമത്തിലാണ്. സർക്കാർ രൂപാ, ചക്രം, കാശു എന്ന നിലയിൽ കണക്കുകൾ സൂക്ഷിക്കുന്ന പതിവ് ഇവിടത്തെ കച്ചവടക്കാർക്കില്ല. അതുകൊണ്ട് ഒരു ഇൻഡ്യൻ രൂപായ്ക്കു ഇത്ര പൈസ എന്ന കണക്കിൽ എന്തെങ്കിലും ഒരു വ്യവസ്ഥ ഈ ബില്ലിൽ വരുത്തേണ്ടതു വളരെ അത്യാവശ്യമാണ്.

ഈ ബില്ലിൽ ഇപ്പോൾ തന്നെ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം രൂപായ്ക്കു എട്ടുകാശു എന്ന തോതു മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വളരെ കൂടുതലാണെന്നു കാണാം. കൊച്ചിയിൽ, നൂറുരൂപയ്ക്കു ഒരു രൂപയാണു സെയിൽസ് ടാക്സ് ചുമത്തുന്നത്. അതിനേക്കാൾ കൂടുതൽ കരം ചുമത്തുന്നതു പ്രത്യക്ഷത്തിൽ തന്നെ ഒരു അനീതിയാണ്. അതിനും പുറമെ കച്ചവടത്തിനു അതുനിമിത്തം വലിയ തടസ്സങ്ങളും ഉണ്ടാകും. തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽ നിന്നും വിഭവങ്ങൾ വിലയ്ക്കു വാങ്ങിക്കുന്ന അന്യരാജ്യങ്ങളിലെ കച്ചവടക്കാർ ഈ രണ്ടുരാജ്യങ്ങളിലുമുള്ള കമ്പോളങ്ങളിലെ വിലവിവരം എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. കൊച്ചിയിൽ നിന്നും കയറും കൊപ്രായും എടുത്തുകൊണ്ടിരിക്കുന്ന ഒരു വ്യാപാരി അതിനെക്കാൾ കുറഞ്ഞ വിലയ്ക്കു ആലപ്പുഴയിൽ നിന്നും അതേ സാധനങ്ങൾ ലഭിക്കുമോ എന്നു അന്വേഷിച്ചു കൊണ്ടിരിക്കും. സെയിൽസ് ടാക്സ് ഇവിടെ വർദ്ധിപ്പിച്ചാൽ ഞാൻ മുൻപു പറഞ്ഞതുപോലെ അതു നമ്മുടെ ഉൽപ്പന്നങ്ങളുടെ വിലയെ സാരമായി ബാധിക്കുമെന്നുള്ളതിനു സംശയമില്ല. അതു നമ്മുടെ വില

വസ്തുക്കളുടെ വിലയെ വർദ്ധിപ്പിക്കും. കൊച്ചിയിലെ കമ്പോളവിലയേക്കാൾ ഇവിടത്തെ കമ്പോളവില കൂടുതലാണെന്നു വരുമ്പോൾ സ്വാഭാവികമായി നമ്മുടെ വ്യാപാരത്തിനു മാന്ദ്യം സംഭവിക്കുന്നതിന് അതു കാരണമായിത്തീരും. ഏററവും ഗൌരവമുള്ള ഒരു കാര്യമാണിത്. ഈ കാര്യം ഈ ബില്ലിന്റെ പ്രയോക്താക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും എനിക്കപേക്ഷയുണ്ട്.

മറെറാരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. ഒരു സാധനം തന്നെ പലപ്രാവശ്യം കച്ചവടം ചെയ്യുമ്പോൾ ഓരോ പ്രാവശ്യവും ഒരു വലിയ തുക സെയിൽസ്ടാക്സ് എന്ന പേരിൽ ചുമത്തേണ്ടതായി വരുകയില്ലേ എന്ന് ഈ ബിൽ വായിച്ചാൽ തോന്നിപ്പോകുന്നു. അതിൽ വ്യത്യാസങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാമെങ്കിലും ഇതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ വളരെ വ്യക്തമാക്കി വയ്ക്കേണ്ടതാണ്. അനേകം പ്രാവശ്യം ഒരു സാധനത്തിന്റെ മേൽ സെയിൽസ് ടാക്സ് ചുമത്തുന്നതുകൊണ്ടു ആ സാധനത്തിന്റെ വിലതന്നെ വർദ്ധിക്കുന്നതും കച്ചവടത്തെ തന്നെ ബാധിക്കുന്നതിനും അതു ഇടയാക്കുന്നതാണ്. അതുപോലെ ഒരു സാധനം തന്നെ പല തരത്തിൽ സംസ്കരിച്ചു കച്ചവടം നടത്തുന്നുണ്ട്. കയർ തന്നെ എടുക്കുക. തൊണ്ട്, കയർ, കയറുപായ്, ഇങ്ങനെ ഒരു സാധനം തന്നെ പലമാതിരി സംസ്കരിച്ച് കച്ചവടം നടത്തുന്നു. ഇതിനെല്ലാം ഒരേ ഒററക്കരം ചുമത്തുന്നതിനുള്ള വ്യവസ്ഥമാത്രമെ ഉണ്ടായിരിക്കാവൂ. അല്ലാതെ ഓരോ സാധനമായി രൂപാന്തരപ്പെടുത്തുമ്പോഴും പ്രത്യേകം കരം വസൂൽ ചെയ്യുവാൻ ഇടയാക്കുന്നതു വളരെ ഉപദ്രവകരമായിരിക്കും. ഇതു സംബന്ധിച്ചുള്ള വ്യവസ്ഥകളും വളരെ അവ്യക്തമായിത്തന്നെ ഇരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ഈ ബിൽ നടപ്പിൽ വരുത്തുന്നതു ഈ രാജ്യത്തെ വ്യാപാരമണ്ഡലത്തെ സംബന്ധിച്ചിടത്തോളം അതു എങ്ങനെ ബാധിക്കും എന്നുള്ളതിനെപ്പററി വളരെ ഗൌരവപൂർവ്വം ആലോചിച്ചതിനു ശേഷം വേണമെന്നാണു എനിക്കു പറയുവാനുള്ളത്. ഈ മാതിരി ഒരു നിയമം ഈ അവസരത്തിൽ ഈ രാജ്യത്തു നടപ്പിലാക്കേണ്ടതു വളരെ സൂക്ഷിച്ചു വേണമെന്നാണ് എന്റെ അഭിപ്രായം. ഇന്നത്തെ പരിതസ്ഥിതിയിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബിൽ സ്വീകാര്യമല്ലെന്നമാണ് എന്റെ അഭിപ്രായം.

ഈ ബിൽ അവതരിപ്പിക്കുവാൻ കാരണമായി പറഞ്ഞുകാണുന്നതു ഈ രാജ്യത്തു മദ്യവർജ്ജനം ആരംഭിച്ചിരിക്കുന്നതുകൊണ്ടു അതിൽനിന്നും ഉണ്ടാകാവുന്ന നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ആണെ

[Mr. Mohammed Mustafa.]

ന്നാണ്. മദ്യവർജ്ജനപ്രസ്ഥാനം ആരംഭിച്ചുകഴിഞ്ഞു. തിരുവിതാംകൂറിലെ തെക്കേ അററത്തുള്ള ആറു താലൂക്കുകളിൽ മാത്രമാണ് ആ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നത്. അതിൻെറ നഷ്ടം പരിഹരിക്കുകയാണ് ഈ ബില്ലിൻെറ ഉദ്ദേശമെങ്കിൽ, മദ്യവർജ്ജനം ഏർപ്പെടുത്തിയതുകൊണ്ട് വരാവുന്ന നഷ്ടം പരിഹരിക്കത്തക്ക വ്യവസ്ഥകൾ മാത്രമേ തൽക്കാലം ഈ ബില്ലിൽ ഉൾപ്പെടുത്താവൂ എന്നും എനിക്ക് അഭിപ്രായമുണ്ട്. മദ്യവർജ്ജനപ്രസ്ഥാനം വിപുലമാകുന്നതോടുകൂടി ഈ ബില്ലിലെ വ്യവസ്ഥകളും വിപുലപ്പെടുത്താവുന്നതാണ്. അതുകൊണ്ട് പ്രാരംഭത്തിൽ ജനങ്ങൾക്ക് അത്യന്താപേക്ഷിതമായ സാധനങ്ങൾ എല്ലാംതന്നെ ഈ ബില്ലിൻെറ പരിധിയിൽനിന്നും ഒഴിവാക്കുകയും ഈ ബില്ലിൽ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന ടാക്സിൻെറ നിരക്കു സാരമായി കുറവു ചെയ്യുകയും ചെയ്യുന്നപക്ഷം മദ്യവർജ്ജനപ്രസ്ഥാനം കൊണ്ടുണ്ടാകാവുന്ന നഷ്ടം പരിഹരിക്കത്തക്ക വരവു ലഭിക്കുമെന്നാണ് എൻെറ വിശ്വാസം. ക്രമേണ നഷ്ടം പരിഹരിക്കുന്നതിലേക്ക് ടാക്സു വർദ്ധിപ്പിക്കുന്നതിൽ ജനങ്ങൾക്കു വിരോധമില്ല. അങ്ങനെ ചെയ്യാതെ അരിയുടെ വില കൂട്ടുകയും, അതോടൊപ്പം ഭയങ്കരമായ വിധത്തിൽ ഉടനടി ടാക്സ് വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ഈ രാജ്യത്തെ ജനകീയഗവൺമെൻറിന് ഒട്ടും യോജിച്ചതല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ എല്ലാ കാര്യങ്ങളും നമ്മുടെ ഗവൺമെൻറും സെലക്ട്കമ്മിററിയിലെ അംഗങ്ങളും പര്യാലോചിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. A. CHIDAMBARANATHA NADAR: (*Kalkulam II—Hindu Nadar*) Sir, தமிழ்ப்பாஷையில் ஒரு பழமொழியுண்டு. அதாவது "திரைகடலோடியும் திரவியம் தேடு" என்று. ஒருவன் தன்னுடைய வாழ்க்கையை சந்தோஷமாகவும், வெற்றிகரமாகவும் நடத்திக் கொண்டு போகவேண்டுமானால் அவனது பொருளாதார நிலைமை சரியான நிலைமையிலிருக்கவேண்டும். அவனது பொருளாதார நிலைமை விருத்தியடைய வேண்டுமானால் அவன் பல முறைகளைக் கையாளவேண்டும். அவைகளில் ஒன்றுதான் "திரைகடலோடியும் திரவியம் தேடு" என்பது.

இந்த உலகத்தில் எந்த ராஜ்யத்தை எடுத்துக் கொண்டாலும் சரி- அதன் பொருளாதார நிலைமை சரியாக இருக்கவேண்டுமானால் பலவிதமான நியாய வரிகளை வைத்து அந்த ராஜ்யத்தை நடத்திக் கொண்டு வந்திருக்கிறார்கள்.

ஸர், இன்று திருவாங்கூர் சமஸ்தானத்தில் ஜனநாயக சர்க்கார் என்ன சொல்கிறது, "தென் திருவாங்கூரில் மதுவிலக்குத் திட்டத்தைக் கொண்டுவந்திருக்கிறோம். இதனால் மொத்த வருமானத்தில் 69 லக்ஷம் ரூபாய் இவ்வாண்டில் துண்டு விழுகிறது. இதற்கு நஷ்டப்பரிகாரமாக இந்தச் சட்டம் (விற்பனைவரி) கொண்டு வரப்படுகிறது" என்று சொல்லப்பட்டது. இது ஒரு விதத்திலும் நியாயமில்லை என்று சொல்லிக் கொள்கிறேன். ஸர், இந்தயிடத்தில் வெட்டிப் பேசவேண்டுமென்று சொல்கிறேன். நான் ஒட்டிப் பேசவில்லை.

Taxation வரி என்று சொல்வது இரண்டு வகைப்படும். ஒன்று நேரடிமுறை Direct taxation. மற்றொன்று நேரடியல்லாத முறை Indirect taxation. நேரடி வரிவசூல் முறை — Direct taxation—என்பது நிலம் உள்ளவர்களிடமிருந்து வரி வசூலிப்பது—அதாவது நிலச்சுரம், வருமான வரி—Income Tax—போன்றது. இவ்வரிகள் வருமானமுள்ளவர்கள், பணக்காரர்கள் இவர்களிடமிருந்துதான் வசூலிப்பது. இவைகள் பணக்காரர்களைத் தான் பாதிக்கும். இது நாம் நேரடியாகக் காணும் விஷயம். இவ்வரி Direct taxation ஏழைகளை பாதிக்காது. ஆனால் நேரடியல்லாத வரி Indirect taxation பாமரமக்கள், ஏழைகளைத் தான் பாதிக்கும் என்று நான் சொல்லிக் கொள்கிறேன்.

தற்போது கொண்டுவரப்பட்டிருக்கும் விற்பனை வரிமசோதாவினால் அதிகமாக பாமரமக்கள் தான் பாதிக்கப்படுவார்கள் என்பதை நீங்கள் இன்னொரு முறையில் அறிய முடியும். இந்த விற்பனைவரி ஒரு சரியான நேரடியான வரி Direct taxation ஆகும். விற்பனை வரி இரண்டு முறையிலாகும். ஒரு மனிதனுடைய வாழ்க்கைக்கு இரண்டுவிதமான விஷயங்கள் தேவை. ஒருவன் தன் செல்வச் செருக்கினால் மோட்டார் கார், இன்னும் தனது ஆடம்பர வாழ்க்கைக்குக் குட்டிக்குரா சோப்பு, பவுடர் முதலியன வாங்குவது. இவைகளிலிருந்து கிடைக்கும் வரி மிகக்குறைவு. வேறொன்று. அவன் வாழ்க்கைக்கு இன்றியமையாத பொருள்கள் வாங்குவது. வாழ்க்கைக்கு இன்றியமையாத பொருள்களை செல்வச் செருக்கு பிடித்தவர்கள் மாத்திரம் வாங்குவதல்ல. எல்லோரும் வாங்குகிறார்கள். வாழ்க்கைக்கு மிகத் தேவையான பொருள்களின் பேரிலும் வரி வசூலித்தால், அது எல்லோரையும் பாதிக்கும். கூடுதலாக ஏழை மக்களைப் பாதிக்கும். அதனால் ஏழை மக்கள் ஒவ்வொரு நாளும் ஏழைகளாகவே மாறுவார்கள். இது நமது தத்துவத்திற்கே விபரீதமாகும் என்று கூசாமல் சொல்லிக் கொள்கிறேன். "Tax the rich and not the poor" என்பது நமது தத்துவமாயிருக்க வேண்டும்.

Sir, திருவாங்கூரில் ஏற்படுத்தப் போகும் இந்த General Sales Tax விற்பனை வரி, multipoint taxation பெருக்கல் வரி அல்லது பம்பாயைப் போலவோ, அல்லது கொச்சியிலுள்ளது போலவோ Single point taxation நேரடி ஒற்றை வரியல்ல. இந்த Single point taxation அனுசரித்து ஒரு சாமானின் வியாபாரத்தைப் பொறுத்த அளவில் ஒரே தடவைதான் வரி வசூலிக்கப்படும். ஆனால் Multi point taxation அனுசரித்து வரி பல தடவைகளும் பலமுறைகளாகக் கொடுக்கப்பட வேண்டும். இந்த முறை வரி ஏழைகளைத்தான் பாதிக்கும். ஏழைகள் தான் கஷ்டப்படுவார்கள். அதனால் இந்த முறை நல்லதல்லவென்று சொல்லிக் கொள்கிறேன். மேலும் வருமான வரிக்கு விற்பனை வரிக்கும் சிலவில் அதிக வித்தியாசமுண்டு. விற்பனை வரி வசூல் செய்ய வரிப்பணத்திலிருந்து 60 சதமானம் செலவு செய்ய வேண்டும். ஆனால் வருமான வரியின் செலவைப் பார்த்தால் ஒரு சதமானம்தான் செலவாகும். ஆதலால் ஈத்திய நிரோதனத்தால் வரும் 69 லக்ஷம் ரூபாய் நஷ்டத்தை இந்த வரி கொண்டு ஈடாக்க முடியாது. இக்காரணத்தினால், இங்கே வீற்றிருக்கும் கனம் மந்திரிகளிடம் கேட்டுக் கொள்வது, இந்த விற்பனை வரியை நிறுத்திவிட்டு, வேறு வரியை ஏற்படுத்தத் தாழ்மையாய்ச் சொல்லிக் கொள்கிறேன்.

MR. P. S. NATARAJA PILLAI (*Trivandrum V—General*): Sir, when this House accepted the Prohibition Bill and decided to enforce prohibition in the country, it has given its consent to Government to seek new sources of revenue for the loss due to prohibition. That is an inescapable conclusion of the vote of this House. It has asked the Government to enforce prohibition and suffer the consequences thereof. A loss to the tune of 79 lakhs has to be met. The Government of our country is so well-organized and its activities so diverse, that unless sufficient funds are forthcoming, it will not be able to keep up the standard of administration as it is today. So the Government has to seek new sources of revenue for the loss sustained by them in one sphere of its revenue by prohibition. Such a situation arose in the Madras Presidency in the year 1939. The same policy as is being adopted by this Government was accepted by the Madras Government then. The Premier of the Madras Presidency, who is now the Governor-General of India, when introducing the Sales Tax Bill said that one cannot find a tax ' more paying more elastic and more satisfactory than the sales tax". That was his description. Sir, so much is said here that the tax is direct and indirect, and more oppressive than other taxes and all that. But one administrator who has established his reputation as an eminent administrator of modern India, when faced with the difficulty of devising a method of taxation consequent on the loss of revenue by prohibition, pitched upon sales tax and described it as the most satisfactory form of taxation available. In that connection I shall quote what one eminent economist who is a Travancorean—I refer to Dr. P. J. Thomas—has said about sales tax. He said that it is not injurious and not regressive in incidence and therefore justifiable in the peculiar condition of the country. That was the authoritative opinion expressed in the year 1939. And such a tax was enforced at Madras. Most of the States and Provinces followed Madras in that respect and sales tax is being collected all over India. If the whole of India chooses to become 'black' by collecting this tax, I do not think we should be wise to remain 'white' by not enforcing this tax. We can afford to be 'black' as well.

MR. K. A. MAHOMMED: May I know whether all the Indian States have introduced this kind of taxation?

MR. P. S. NATARAJA PILLAI: I said most of the States and Provinces. But I may say that I have not categorically examined this position. But there is not such an organised administration as we have in other States. That aspect has also to be taken note of.

MR. K. A. MAHOMMED: Then may I know whether all the Provinces in India have introduced the Sales tax system?

MR. P. S. NATARAJA PILLAI: Most of the provinces; Bengal is one. I am subject to correction by the honourable member if I am wrong. He is entitled to point out the Provinces where sales tax is in vogue and where not. To the best of my knowledge, most

of the States and Provinces, I mean most of the major States and Provinces are collecting this kind of tax. Dr. Thomas goes on to say as follows regarding the Sales Tax and its advantages:

> "The fundamental and moral justification for the levy of the sales tax is that it reconditions our tax system on sounder principles by broadening the basis of taxation. The levy of the sales tax is a part of the scheme readjusting the taxation burden on the people."

On that basis at any rate it was enforced in India. In the Madras Presidency it works out admirably well. A fear was expressed then that collection on this score will be very high and oppressive and will yield a revenue as high as 25 to 30 crores. But in actual working at the rate of 1½ per cent, the collection on sales tax came only to 10 to 12 crores. The basis of calculation adopted then was on the purchasing power. In India it was calculated at Rs. 50 per head per annum at that time. According to a recent article by the Economic Adviser to the Government of Madras, the purchasing power is estimated at Rs. 75 per head per annum. Taking that as the index figure and calculated according to population basis in Travancore as it exists today, coupled with the turnover calculated at 4 times of the purchasing power, and the rate to be fixed at 8 cash in a rupee, our revenue from sales tax will stand somewhere below a crore. The basis of this calculation is, the purchasing power per head per annum at Rs. 75; the turnover is 4 times the purchasing power and the taxation is 1½ per cent of the turnover. By this calculation the tax will come somewhere to a crore as indicated just now. The House has to realise that it is not an abnormal amount that is being expected under the sales tax. As a matter of fact if we are to carry on the administration we have to think of taxation that will be necessary in the interests of the country at large. The authorities elsewhere have demonstrated their view by working it out efficiently in the Indian Province of Madras. That method may be thought of here also. We cannot think at the present moment of devising any other new method of taxation to meet our necessity. There is a volume of opinion expressed by different authorities both economists and administrators that the sales tax system is the most suited and has worked it out satisfactorily. It does not in any way affect the progress or the mercantile prosperity of a country. In the year 1939 at Madras there was a fear expressed that trade will suffer. Till 1945 it was worked out very successfully. After the cessation of war in the year 1947 it has been re-imposed in Madras. It was expressed on the floor of the House that this sales tax was a war time measure. That is not a fact. As a matter of fact it came into vogue in 1939 when Rajaji was the Premier of Madras and again after the war was over it was re-imposed. Apart from this, we may just look at the European countries. All countries are

[Mr. P. S. Nataraja Pillai.]

working out the system of sales tax and that form of taxation is a complete success there as well.

MR. K. SIVARAMA PILLAI: Is the member sure of the fact that such a system of taxation exists in all European countries?

MR. P. S. NATARAJA PILLAI: The first country that introduced this form of taxation is Germany. Then France, Belgium, Canada and a few others quickly followed and in the present day the tax is in operation in twenty-five States of the United States of America, three dominions of the British Common Wealth, twelve countries of Europe and six republics of South America."

MR. K. A. MUHAMMED: May I know the source of that information?

MR. P. S. NATARAJA PILLAI: I am reading from the 1939 edition of a book. What I wish to say is that this is not a new thing in the world.

HON'BLE MR. G. RAMACHANDRAN: Is not the honourable member aware that sales tax system is even now in existence in those countries mentioned by him?

MR. P. S. NATARAJA PILLAI: That is what I said already. I have read out from a book the various countries which have adopted that kind of taxation. My knowledge about that is from the literature that is in my possession. That is the latest book available on the subject though it is only the 1939 edition. Therefore the sales tax is nothing new. This form of taxation is in force in all progressive countries and everywhere it is working satisfactorily. In our country too out of sheer necessity such a system is to come into being gradually.

Travancore as we all know is mainly an agricultural country. The basic tax system, under which a low and uniform rate of tax is levied on all lands, was substituted in 1121 by a Proclamation, in the place of the old unequal levy based on class tenures and productivity of lands. The right of re-settlement has been taken away by the introduction of the basic tax so to say. The basic tax is levied at the rate of 4 cash per cent of land per annum. The minimum tax payable by a land holder in a pakuthi was fixed at 4 chuckrams per annum. There is provision also to examine and exempt any class of land either wholly or partly from the levy of such a taxation. The agriculturists are greatly relieved on account of such taxation. The other major item of taxation is the levy of income tax. It is a direct taxation. The rate also is low when compared to Madras. By way of levy of agricultural income tax the agriculturist is not greatly affected. Profits above a certain minimum are alone taxed and it is no undue burden on the Agriculturist. From Land Revenue our income is estimated at 35

lakhs or so. Then there are only two major heads, one is income tax and the other is customs, apart from excise. We are eliminating excise income by prohibition. Then there remains only two forms of revenue, customs and income tax. I would request the House to consider these facts and think of our future mode of taxation. There is an opinion current now, that the Central Government will have to take up income tax and customs revenue for defence purposes. Irrespective of Province or State, every unit of the Indian Federation will have to contribute its mite for the defence of India. As far as I know and I hope every one of you might have read from the newspapers about the trend of opinion and that is, income tax and customs revenue will become the sources of revenue for the Centre. A portion of that or the whole thing may be taken away by the Centre for defence purposes, If so, what is our source of revenue to take up the present standard of administration in Travancore. We have to seek other sources of revenue. But we have to see that the system of taxation introduced here is not oppressive I will now take the House to one or two passages of this book.

> " When there is a large margin of profit competition among the mercantile community would ensure the payment of the tax from the margin of profits and businessmen would retain the burden so far as they could and they would transfer the burden to the consumer when they could not possibly bear it." That contingency will be rare and thus this tax is not going to affect much the consumer."

Such is the opinion of an eminent economist of South India who has established his reputation. He had devoted his time and labour to the study of economic questions and we have to go by expert opinion and knowledge in such matters. So this form of taxation is not at all oppressive though it is a consumers' tax technically. If after all it is the profit that is taxed, there is no burden in any form on the poor man. The point of view urged by the economist has to be accepted and I agree with his views.

We will take another aspect. In the context of the present setting in Travancore, our sources of revenue are limited. Our finance has been curtailed by the enforcement of prohibition. In view of the fact that we have to keep up the level of our administration and to keep the efficiency of the service in fact, a source of revenue has to be tapped. There are public works activities, educational activities, public health activities and so forth which need money. From what source are we to finance these items of work? Indian Provinces and States are not spending much on these like Travancore. We are enjoying certain amenities for which we must

[Mr. P. S. Nataraja Pillai.]

contribute proportionately to the State coffers. Under these circumstances, I think the House and the country will unanimously accept the present proposal to introduce the sales tax.

Sir, I take this opportunity to refer to one or two Sections in the Bill and compare them with the provisions of the Madras Act. In Section 5 sub-clause (v) it is said as follows:

> "The sale of tea grown by the seller or grown on any land in which he has an interest, whether as owner, usufructuary mortgagee, tenant or otherwise, shall be exempt from taxation under Section 3, sub-section (1) if the sale is for delivery outside Travancore and delivery is actually so made;"

I have to say this much. Clause (a) of Section 2 deems tea to be an agricultural or horticultural produce for the purposes of the Act. This is in order to tax the sale of tea. But Section 5 (v) which governs the sale of tea lays down that if the sale is for delivery outside Travancore and delivery is actually so made, such sales shall be exempt from the levy. Ordinarily all the tea grown and manufactured in Travancore is exported by sea through shipment at Cochin Port. During the period of the war the tea was sold to the Ministry of Food, United Kingdom through the Controller for tea and in most cases payment was made in British India, the contract for the sale being also accepted within British India. Even then the shipment used to be in Cochin. Since the war, the tea is exported or sold outside Travancore, deliveries being made outside Travancore. So far as Madras Province is concerned export at Cochin, Tuticorin, etc., will be liable for the payment of tax; but so far as our tea is concerned this clause is likely to result in our not realising any tax from this source unless we modify the sub-section. The question of deleting this clause may be considered. The application of Section 8 to this commodity may also be considered at the Select Committee.

Next I will refer to Section 3 sub-section (4).

As regards Section 4, that section makes the tax not applicable to (i) the sale of electrical energy (ii) motor spirit (iii) manufactured tobacco (iv) goods on which duty is or may be levied under the Abkari Act or the Opium Act. In Madras the above are specifically charged to Sales tax by the Act referred to against each commodity. Hence they are exempted from levy a second time under the Sales Tax Act. We have to examine whether we are levying any tax on turnover under these Acts and then consider the question of deletion or modification of this Section in the Select Committee. Next

as regards Section 11, this corresponds to Section 8 (B) of the Madras Act. This Section consists of 2 sub-sections out of which sub-section 2 has been omitted. This may be an oversight. Subt section (2) may be incorporated as it is in the Madras Act. These are some of the points for consideration at the Select Committee.

At any rate this Sales Tax is a necessary piece of legislation inevitable under the circumstances prevailing today. There is no other go but to enact such a measure standing as we are at present.

MR. THARIATHU KUNJITHOMMAN (*Muvattupuzha—General*) : ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നു. അങ്ങനെ ചെയ്യേണ്ടതു എന്റെ ഒഴിച്ചുകൂടാത്ത ഒരു കർത്തവ്യമായി വന്നിരിക്കുന്നു. എന്നാൽ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയെ ചിന്തിച്ചുവേണം നാം ഇങ്ങനെയുള്ള നികുതികൾ ഏർപ്പെടുത്തുവാൻ. ഒരുവർഷം മുമ്പു ഗവൺമെന്റു പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്സ് കമ്മ്യൂണിക്കിൽ കാണുന്നതു് ഈ രാജ്യത്തു ൯൪ കോടി രൂപയുടെ കയറ്റുമതിയും ൯൦ കോടി രൂപയുടെ ഇറക്കുമതിയും ഉണ്ടെന്നാണ്. ആഹാരസാധനങ്ങൾ, വസ്ത്രങ്ങൾ, ഇരുമ്പു മുതലായ ലോഹസാധനങ്ങൾ തുടങ്ങി നമ്മുടെ ആവശ്യത്തിനു വരുത്തുന്നവയുടെ വിലയായിട്ടു ൯൦ കോടി രൂപാ വെളിയിൽ അയച്ചുകൊണ്ടിരിക്കുകയാണ്. നാലര കോടി വസ്ത്രങ്ങൾക്കും എട്ടര കോടി ഭക്ഷ്യസാധനങ്ങൾക്കും ഒരു കോടി ലോഹസാധനങ്ങൾക്കും ഒന്നേകാൽ കോടി പുകയിലയ്ക്കും പുകയിലയിൽ നിന്നുള്ള ചുരുട്ടു, ബീഡി മുതലായവയ്ക്കും ബാക്കി ൧൫ കോടി മറ്റു അനേകസാധനങ്ങൾക്കും വേണ്ടിയാണു ചെലവാകുന്നതു്. നമ്മുടെ രാജ്യമാകുന്ന ഭവനത്തെ ൯൭ ലക്ഷം ജനങ്ങളുടെ നിത്യാവശ്യങ്ങൾ നിർവഹിക്കണമെങ്കിൽ ൯൦ കോടി രൂപാ ഒരാണ്ടിൽ വെളിയിൽ അയക്കേണ്ടിയിരിക്കുന്നു. കയറ്റുമതിയുടെ വിലയായി ൯൪ കോടി രൂപാ പുറത്തുനിന്നും വരുന്നതുകൊണ്ടാണ് നമുക്കു് ഇതു് സാധിക്കുന്നതു്. മൽസ്യം, തടി, ഫോറസ്റ്റു മൈനർ പ്രൊഡ്യൂസ്, ലോഹമണൽ ഇവയ്ക്കു് മൂന്നോ നാലോ കോടി വരുന്നതു കഴിച്ചു് ബാക്കി മുഴുവനും കാർഷികോല്പന്നങ്ങൾ വഴിയായിട്ടാണ് കിട്ടുന്നതു്. കയറ്റുമതിയിൽ നിന്നു വരുന്ന ൯൪ കോടിയിൽ നാട്ടുകാരല്ലാത്ത ഇവിടത്തെ ചില തോട്ടക്കാരുടേയും വെളിയിൽ ഷെയറുള്ള നാട്ടുകാരുടെ കമ്പനികളുടേയും കാർഷികോൽപ്പന്നങ്ങളുടെ വിലയിൽ ൪ കോടി രൂപയെങ്കിലും പുറത്തുപോകുന്നതു് കുറക്കേണ്ടതാണ്. അങ്ങനെ കണക്കാക്കുമ്പോൾ കയറ്റുമതിയും ഇറക്കുമതിയും തുല്യമായിട്ടാണിരി

[Mr. Thariathu Kunjithomman.]

ക്കുന്നതു്, ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഇറക്കുമതിയുടെ വിലയായി പോകുന്ന സംഖ്യയും വർദ്ധിക്കും. തദനുസരണം കയററുമതി കാർഷികോൽപന്നങ്ങൾ വർദ്ധിപ്പിക്കുവാൻ കൃഷിസ്ഥലം വർദ്ധിക്കുന്നുമില്ല. കൃഷി ചെയ്യുന്നതിനു സൗകര്യമുള്ള എല്ലാ സ്ഥലത്തും കൃഷി ചെയ്തിട്ടുണ്ടു്. ഉള്ള കൃഷിസ്ഥലത്തു് കൂടുതൽ വിളവുണ്ടാക്കാൻ കർഷകർ അതിപരിശ്രമം ചെയ്യേണ്ടിയിരിക്കുന്നു. അതിനു കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതിനു പകരം പലതരത്തിലുള്ള നികുതിഭാരംകൊണ്ടു് നിരുത്സാഹപ്പെടുത്തിയാൽ കൃഷിയും കയററുമതിയും ക്ഷയിച്ച് രാജ്യത്തു വലിയ സാമ്പത്തികാധഃപതനം വരും.

നമ്മുടെ ഭൂപ്രകൃതിയും കൃഷികളുമുള്ള കേരളത്തിന്റെ ഭാഗമായ കൊച്ചിയിലും മലബാറിലും കാർഷികോൽപ്പന്നങ്ങളിന്മേൽ കയററുമതിത്തീരുവയാകുന്ന നികുതിയോ കാർഷികാദായ നികുതിയോ ഇല്ല. ഐർലാൻഡിന് ഏററവും വിശേഷമായ തരത്തിന് ഏക്കറിന് മൂന്നുരൂപായിൽ കൂടുതൽ കരമില്ല. ഇവിടെ ദരിദ്രജനങ്ങൾക്ക് അധികമായുള്ളതു് കരഭൂമികളാണ്. അവയിൽ മിക്കതും ൨൧ ചക്രം കരംതീരുവയുള്ളവയായിരുന്നു. ബേസിക്ക് നികുതി വന്നപ്പോൾ ൨൫ ചക്രമായതു് കരഭൂമികളെ സംബന്ധിച്ചും ദരിദ്രജനങ്ങൾക്ക് ഒരു കുറവല്ല. ഇടനാട്ടുകളിലേയും മലനാട്ടുകളിലേയും സാധാരണജനങ്ങൾക്ക് കുറച്ചെങ്കിലും കരഭൂമി കാണും. നിലങ്ങൾ തീരെ ഇല്ലെന്നു പറയാം. ബേസിക്ക് നികുതികൊണ്ടു വല്ല ഗുണവുമുണ്ടെങ്കിൽ നിലം ഉടമസ്ഥന്മാരായ ധനവാന്മാർക്കേ ഉള്ളൂ. ഒരേക്കർ കരഭൂമിക്കു ൨൫ ചക്രം ബേസിക്കു നികുതിക്കു പുറമേ അതിലുണ്ടാകുന്ന ചുക്കോ, മുളകോ, പാക്കോ, നാളികേരമോ വിൽക്കുന്നതിന് തീരുവയായി പന്ത്രണ്ടോ പതിന്നാലോ രൂപ കൂടി നികുതിയിനത്തിൽ കൊടുക്കേണ്ടിവരുന്നു. ഈ വിധം കാർഷികോൽപ്പന്നങ്ങളിൽ കയററുമതിത്തീരുവ മററൊരിടത്തുമില്ല. കയററുമതിത്തീരുവയും ഭൂനികുതിയുംകൂടി കൂട്ടുമ്പോൾ കൊച്ചിയിലേയും മലബാറിലേയുംകാൾ അഞ്ചുമടങ്ങു് നികുതി ഇവിടെ ഉണ്ടെന്നു പറയാം. ഇതിനു പുറമേയാണ് സർ സി. പി. രാമസ്വാമി അയ്യർ കാർഷികാദായ നികുതിയും കാർഷികാധികാദായ നികുതിയും ഏർപ്പെടുത്തിപ്പോയതു്.

ഇപ്പോൾ വിൽപ്പനനികുതികൂടി ഏർപ്പെടുത്തിയാൽ ഡയറക്ററായിട്ടല്ലെങ്കിൽ ഇൻഡയറക്ററായിട്ടു ആ ഭാരവും കർഷകന്റെ പിടലിയിൽ തന്നെയാണു വീഴുന്നതു്. ബേസിക് ടാക്സ്, കയററുമതിത്തീരുവ, കാർഷികാദായനികുതി, കാർഷികാധികാദായനികുതി ഇങ്ങനെ

നാലുപ്രകാരത്തിൽ കൃഷിക്കാരെ ഞെക്കിപ്പിഴിഞ്ഞുകൊണ്ടിരിക്കുന്ന യാതൊരു രാജ്യവും ലോകത്തു കാണുകയില്ല. അന്ധനായിത്തീർന്ന കൃഷിക്കാരൻ എന്തു ചെയ്യണമെന്നറിയാതെ അന്ധാളിച്ചുകൊണ്ടിരിക്കുന്ന ഘട്ടവിലാണ് അഞ്ചാമതൊരു നികുതിയും അവന്റെ പിടലിയിൽ ഏററുവാൻ തുടങ്ങുന്നത്. ഇൻഡ്യൻ യൂണിയനിൽ എവിടെ നോക്കിയാലും ഒരു നികുതിയെ കൃഷിക്കാരനു കൊടുക്കേണ്ടതായിട്ടുള്ളു. ഇനിയും കർഷകന്റെ പിടലിയിൽ എന്തെല്ലാം വച്ചുകെട്ടുമെന്ന് കണ്ടുതന്നെ അറിയണം. കൃഷിക്കാരൻ നട്ടുണ്ടാക്കുന്ന സാധനങ്ങൾക്കു അവർ കച്ചവടം ചെയ്യുമ്പോൾ നികുതി ചുമത്തുന്നില്ലെന്നു പറയുന്നു. നട്ടുണ്ടാക്കുന്ന കൃഷിക്കാരനാണോ സാധനങ്ങൾ കപ്പൽകയററി അയക്കുന്നതെന്നു ഞാൻ ചോദിക്കുന്നു.

പല കച്ചവടക്കാരുടേയും കൈമറിഞ്ഞാണ് കാർഷികോല്പന്നങ്ങൾ തുറമുഖങ്ങളിൽ വന്നു ചേരുന്നത്. ഓരോ കച്ചവടക്കാരനും കൊടുക്കേണ്ടിവരുന്ന നികുതി ഇൻഡയറക്ററായിട്ടു കർഷകൻ തന്നെയാണു വഹിക്കേണ്ടതു്.

MR. ABDUL AZIZ : ബഹു: മെംബർ ഈ ബില്ലിനെ അനുകൂലിക്കുകയാണോ എതിർക്കുകയാണോ ചെയ്യുന്നതു് ?

MR THARIATHU KUNJITHOMMAN : ഗവണ്മെന്റു നികുതികൾ പിരിക്കേണ്ടതാണെന്നുള്ള തത്വത്തെ ഞാൻ അനുകൂലിക്കുന്നു എന്നു മുമ്പു പറഞ്ഞുവല്ലോ. നമ്മുടെ കയററുമതിസാധനങ്ങൾ നാലോ അഞ്ചോ മാസംകൊണ്ടു് നട്ടുണ്ടാക്കാവുന്നതല്ല. പ്രധാന കാർഷികോല്പന്നങ്ങളെല്ലാം തന്നെ എത്രയോ കാലത്തോ കൊല്ലത്തെ നിരന്തരാദ്ധ്വാനംകൊണ്ടുമാത്രം ആദായത്തിൽ വരുത്തേണ്ടവയുമാണ്. തെങ്ങ്, റബ്ബർ, കമുക് മുതലായവ ഇതിനുദാഹരണങ്ങളാണ്. ഫലത്തിൽ വരുന്നതുവരെ കൂടുതൽ കൂടുതൽ മുതൽ മുടക്കേണ്ടിവരുന്നതല്ലാതെ അതിൽനിന്നും യാതൊരാദായവും ഇടയ്ക്കു കിട്ടുകയില്ല. ഇങ്ങനെയുള്ള കൃഷിക്കാണ് ആദായനികുതി ചുമത്തിയിരിക്കുന്നതു്. കൃഷിയുടെ ആദായം കാലാവസ്ഥയെ ആശ്രയിച്ചുമാണു് ഇരിക്കുന്നതു്.

ആദായം കണക്കാക്കുമ്പോൾ വരവിന്റെ ൪൦ ശതമാനമേ ചെലവു വകവെയ്ക്കാവൂ എന്നു് ഉദ്യോഗസ്ഥന്മാർ പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ പല കൃഷിക്കും കൃഷിക്കാരനു ചെലവാകുന്നതു്

[Mr. Thariathu Kunjithomman-]

൪൦–൬൦ ശതമാനമാണ്. റബ്ബറിന് ൨൦ ശതമാനവും ഏലത്തിന് ൨൫—൬൦ ശതമാനവും ലെമൺ ഗ്രാസിന് ൬൦—൬൫ ശതമാനവും ചെലവാകുന്നുണ്ട്.

൨൦—൬൦ ശതമാനം ചെലവു ചെയ്തിട്ട് ൪൦ ശതമാനമേ ചെലവു വകവെയ്ക്കു എന്നു വന്നാൽ വസ്തുക്കൾ വിൽക്കാതെ നികുതി കൊടുക്കാൻ ആർക്കും സാധ്യമല്ലല്ലൊ. ഒന്നുകിൽ കള്ളക്കണക്കെഴുതി കൈക്കൂലിയും കൊടുത്തു രക്ഷ നേടിക്കൊള്ളണം. അല്ലെങ്കിൽ വസ്തുക്കൾ വിററു ആവശ്യപ്പെടുന്ന നികുതി കൊടുത്തുകൊള്ളണം. ഷോർട്ടുനോട്ടീസ് അയക്കുകയും അടയ്ക്കേണ്ട കാലത്ത് കൊടുത്തില്ലെങ്കിൽ ഇരട്ടി ഈടാക്കുമെന്നു ഭയപ്പെടുത്തുകയും ചെയ്യുമ്പോൾ കിട്ടുന്ന വിലയ്ക്കു വസ്തു വിൽക്കാതെ എന്തു ചെയ്യും. വസ്തു വിററു കാർഷികാദായനികുതി കൊടുത്തുകൊണ്ടിരിക്കുന്നതു് എനിക്കു നല്ലവണ്ണം അറിയാം. ഇതു കൃഷിക്കാരനെ മാത്രം ബാധിക്കുന്ന ഒരു കാര്യമാണെന്നു ആരെങ്കിലും ധരിക്കുന്നെങ്കിൽ അതു് അബദ്ധമാണ്. ഭൂമിയും കൃഷിയും ഉള്ളവൻ എത്രയെങ്കിലും കൊടുക്കുന്നതുകൊണ്ടു ദോഷമില്ലെന്നു ചിലർ അഭിപ്രായപ്പെട്ടേക്കാം. എന്നാൽ അതു് ചിന്താക്ഷമമല്ല. കൃഷിക്കാരൻ നിരുൽസാഹനായാൽ കൃഷി ക്ഷയിക്കുകയും കയററുമതി കുറയുകയും ചെയ്യും. അതിൻെറ ഫലം രാജ്യം ഒട്ടുക്കു് സാമ്പത്തികാധഃപതനമായിരിക്കും. ഉൽപ്പന്നങ്ങൾക്ക് വില തീരെ ഇടിഞ്ഞകാലത്തു് ഭവനനിർമ്മാണം ആഭരണനിർമ്മാണം മുതലായവ വളരെ കുറഞ്ഞു. അപ്പോൾ ആവക ജോലികൾ ചെയ്യുന്നവർക്കും കർഷകരോടൊപ്പം വലിയക്ഷാമം നേരിട്ടു. വൈദ്യനും വക്കീലിനും വൈദികനുമൊക്കെ ഈ വിഷമങ്ങൾ അനുഭവിക്കേണ്ടിവന്നു. ഡയറക്ററായിട്ട്, അല്ലെങ്കിൽ ഇൻഡയറക്ററായിട്ടെങ്കിലും കാർഷികാദായം കൊണ്ടാണ് നമ്മുടെ രാജ്യത്തു് സകലരും ഉപജീവിക്കുന്നതെന്നും കർഷകരെ പ്രോൽസാഹിപ്പിച്ചു് കൃഷിവർദ്ധിപ്പിച്ചാലല്ലാതെ സാമ്പത്തികസുസ്ഥിതി പാലിക്കുവാൻ സാധിക്കുന്നതല്ലെന്നും നാം എപ്പോഴും ഓർക്കേണ്ടതാണ്.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*). സെയിൽസ് ടാക്സ് പാടില്ലെങ്കിൽ പുതുതായി ചുമത്താവുന്ന മറെറാരു നികുതിസമ്പ്രദായം ചൂണ്ടിക്കാണിക്കാമോ ?

MR THARIATHU KUNJITHOMMAN: അതെങ്ങനെയാണ്; ഒരാളിനെ കൊല്ലണ്ടാ എന്നു പറഞ്ഞാൽ കൊല്ലുന്നതിനു മറെറാരാളിനെ ചൂണ്ടിക്കാണിക്കണം എന്നു പറയുന്നതുപോലെയല്ലെ ഇതു് ? (ചിരി)

സങ്കല്പലോകത്തിൽ നാം അധികം വിഹരിക്കരുതു്. പ്രായോഗികമായ മാറ്റങ്ങളാണു് വേണ്ടതു് നാം ചിന്തിക്കുവാൻ. നമ്മുടെ രാജ്യത്തിന്റേയും ജനങ്ങളുടേയും പ്രത്യേക സ്ഥിതി വിസ്മരിച്ചു് നാം പ്രവർത്തിക്കരുതു്. നമ്മുടെ രാജ്യം കേവലം ഒരു കർഷകരാജ്യം മാത്രമാണു. കൃഷിസ്ഥലം പരിമിതവും ആളാംപ്രതിയുള്ള പ്രതിവത്സരവരുമാനം വളരെ തുച്ഛവുമാണു്. യൂറോപ്പിനോടൊ അമേരിക്കയോടൊ തുല്യമായി പരിഗണിച്ചു് ഓരോന്നു പ്രവൃത്തിക്കാൻ ഒരുമ്പെട്ടാൽ അപകടമാകും. വ്യക്തികളും കുടുംബങ്ങളുമെന്നപോലെ തന്നെ ഓരോരാജ്യവും വരവനുസരിച്ചു് ചെലവുചെയ്യാൻ നോക്കണം. നികുതി വർദ്ധിപ്പിക്കണമെങ്കിൽ ലക്ഷ്വറി സാധനങ്ങൾക്കു് വില വർദ്ധിപ്പിക്കാം. അതുകൊണ്ടു് കർഷകനോ തൊഴിലാളിക്കോ ദോഷം വരാനില്ല. നമ്മുടെ സാമ്പത്തിക നിലയ്ക്കും അതിന്റെ പുരോഗമനത്തിനും അനുസരണമല്ലാത്ത സുഖാനുഭോഗങ്ങൾ നമുക്കു് പരിത്യജിക്കാം. വിദേശങ്ങളിൽ നിന്നും വരുന്ന മദ്യങ്ങൾക്കു് നികുതി വർദ്ധിപ്പിക്കണം. അതിന്നു് നൂറിരട്ടി ചുമത്തിയാലും കുറവൊന്നുമില്ല. കുടിയെങ്കിലും കുറയുമല്ലോ! മോട്ടോർകാറുകൾക്കും മററും കുറെ നികുതി ചുമത്തുന്നതിനും വിരോധമില്ല. സാധുക്കളുടെ നിത്യാവശ്യസാധനങ്ങൾക്കൊന്നിനും നികുതി ചുമത്തുന്നതു ശരിയല്ല. ഇപ്പോൾ തന്നെ നികുതിഭാരംകൊണ്ടും, കൃഷിസ്ഥലത്തിന്റെ ദൗർലഭ്യംനിമിത്തവും പല കുടുംബങ്ങളും തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കു് പോയിക്കഴിഞ്ഞിരിക്കുന്നു. നികുതി അമിതമായി വർദ്ധിപ്പിച്ചാൽ ഇങ്ങനെ ജനങ്ങൾ കുടിപുറപ്പെട്ടു പോകയേ ഉള്ളു. ഒരു ദീർഘവീക്ഷണം നമുക്കു് എപ്പോഴും ഉണ്ടായിരിക്കണം. ഇന്നു് എങ്ങനെയെങ്കിലും പണം കിട്ടണമെന്നുമാത്രം കരുതിയാൽ പോരാ. നാളെ നമ്മുടെ സ്ഥിതി എന്തായിരിക്കുമെന്നും കൂടി നാം ആലോചിക്കണം. അന്നന്നു് എങ്ങനെയെങ്കിലും പണം ഉണ്ടാക്കിക്കഴിച്ചുകൂട്ടിക്കൊണ്ടു പോകുന്ന സമ്പ്രദായം വിദേശീയ ദിവാൻജിമാർക്കു കൊള്ളാം. എങ്ങിനെയെങ്കിലും അവർ ഇവിടെനിന്നും രക്ഷപ്പെടും. പിന്നത്തെ നമ്മുടെ ഗതി എന്തായാലും അവർക്കു് അതിൽ വലിയ കാര്യമില്ല. എന്നാൽ നമുക്കു് അതു പോരാ. ജനകീയ ഗവൺമെന്റു് ആ മട്ടിൽ കാര്യങ്ങൾ നടത്തുവാൻ പാടില്ല. ഭൂമി അധികമുള്ളവരിൽ നിന്നു കുറെ എടുത്തു് ഇല്ലാത്തവർക്കു് വീതിച്ചുകൊടുക്കുന്നതുകൊണ്ടു തരക്കേടില്ല.

[Mr. Tharlathu Kunjithomman]

എന്നാൽ അല്പ് മാത്രമായ വിലയെങ്കിലും കൊടുക്കാതെ അപഹരിച്ച് എടുക്കരുതതന്നേ ഉള്ളു. ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരനെ കണ്ണീരും കഷ്ടമാക്കിയിട്ട് ഇവിടെ ഐശ്വര്യം വർദ്ധിപ്പിക്കാമെന്നു വിചാരിക്കുന്നത് രാജ്യത്തിന് വലിയ ആപത്തായിരിക്കും. കൃഷിക്കാരനാണു രാജ്യത്തിന്റെ നട്ടെല്ല്. ഭാരംകൊണ്ട് അതു ഒടിയാറായിരിക്കുന്നു. അമിതവും വഴിതെറ്റിയതുമായ നികുതികളെക്കുറിച്ചു എനിക്ക് ഇത്രയും പറയാതെ നിവൃത്തിയില്ല.

MR. P. KUNJUKRISHNAN (*Quilon II—General*) : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. മദ്യവർജ്ജനം ഇപ്പോൾ നമ്മുടെ നാട്ടിൽ ആരംഭിച്ചിരിക്കുകയാണ്. ഏറ്റവും മഹത്തായ ഈ പ്രസ്ഥാനത്തെ എല്ലാവരും ഒന്നുപോലെ സ്വാഗതം ചെയ്യുന്നുണ്ട്. ഇപ്പോൾ ആറു താലൂക്കുകളിൽ മാത്രമേ ഇതു തുടങ്ങിയിട്ടുള്ളുവെങ്കിലും ക്രമേണ അതു് തിരുവിതാംകൂർ ഒട്ടാകെ നടപ്പിൽ വരുത്തണമെന്നാണ് നമ്മുടെ ഉദ്ദേശം. ഈ ആറു താലൂക്കുകളിലെ മദ്യനിരോധനം കൊണ്ടുതന്നെ നമ്മുടെ വരുമാനത്തിൽ ഗണ്യമായ ഒരു കുറവ് സംഭവിക്കുന്നുണ്ടു. തിരുവിതാംകൂർ ഒട്ടാകെ ഇതു നടപ്പിലാക്കുമ്പോൾ നമ്മുടെ വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം വളരെ ഭീമമായിരിക്കും. ഇങ്ങനെയുണ്ടാകുന്ന നഷ്ടത്തെ നികത്തുന്നതിനായിട്ടാണ് ഒരു പുതിയ നികുതി ചുമത്തുന്നതിനുള്ള ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. മദ്യവർജ്ജനം നടപ്പിലാക്കിയിട്ടുള്ള പല പ്രാവിൻസുകളിലും ഇത്തരം നികുതികൾ ചുമത്തിയിട്ടുണ്ടു്. ഇൻഡ്യൻയൂണിയന്റെ മാതൃകയെ അനുകരിക്കുകയാണെങ്കിലും ഇതു് ഒരുവിധത്തിലും അപലപനീയമായ ഒരു ടാക്സല്ല. വളരെ പ്രശസ്തന്മാരും വിദഗ്ദ്ധന്മാരുമായ ആളുകളുടെ നിയന്ത്രണത്തിൽ നടക്കുന്ന ഒരു ഗവൺമെൻറാണ് ഇൻഡ്യൻയൂണിയനിലുള്ളതു്. അങ്ങനെയുള്ള ആ ഗവൺമെൻറ് ഇവിടെ പറഞ്ഞതുപോലെ പ്രാകൃതവും അപരിഷ്കൃതവുമായ ഒരു സെയിൽസ്ടാക്സ് ഏർപ്പെടുത്തി ഭാരതീയജനതയെ ഹിംസിക്കാൻ ശ്രമിക്കുമെന്നു് നാം വിചാരിക്കുന്നതുപോലും വലിയ പാതകമായിരിക്കുമെന്നാണ് എനിക്കുതോന്നുന്നതു്. പല പാശ്ചാത്യ രാജ്യങ്ങളിലും സെയിൽസ് ടാക്സ് ഉണ്ടെന്നു എന്റെ സ്നേഹിതൻ മി. നടരാജപിള്ള ഉദാഹരണസഹിതം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാനറിഞ്ഞിടത്തോളവും അതൊരു പരമാർത്ഥമാണ്. ഇന്നു തിരുവിതാംകൂറിലാണെങ്കിൽ മിക്കവാറും എല്ലാത്തരം ടാക്സുകളും

ഏർപ്പെടുത്തിയിട്ടുണ്ടു്. എന്നിരുന്നാലും മദ്യനിരോധനം ഏർപ്പെടുത്തുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനു നമുക്ക് ഒരു മാർഗ്ഗം കണ്ടുപിടിക്കാതെ നിവൃത്തിയില്ല. ബേസിക്ക് നികുതി, ആദായ നികുതി, അധികാദായനികുതി എന്നിങ്ങനെ പലതരം നികുതികളും ഇതിനകം തന്നെ ചുമത്തിയിട്ടുണ്ടു. നമ്മുടെ സാമ്പത്തികവും സാന്മാർഗ്ഗികവും സാമൂഹികവുമായ എല്ലാ പുരോഗതിക്കും നിദാനമായിരിക്കുന്ന മദ്യനിരോധനം നടപ്പിലാക്കാൻ സഹായകമായി ഒരു വരുമാനമുണ്ടാക്കാൻ ഉടനെ മറ്റെന്തുമാർഗ്ഗമാണ് ഉള്ളതെന്നു ഞാൻ ചോദിക്കുന്നു. പ്രായോഗികമായ തത്വങ്ങളെ അടിസ്ഥാനമാക്കിവേണം നാം ഇതിനെ നിരൂപണം ചെയ്യാൻ. എങ്ങിനെയെങ്കിലും ഒരു നിരൂപണം നടത്തിക്കളയാമെന്നുവയ്ക്കുന്നതു് ശരിയല്ല. പ്രായോഗികമായി നോക്കുന്ന പക്ഷം ഇതു് എത്രയും സൗകര്യപ്രദമായ ഒരു ടാക്സേഷൻ വ്യവസ്ഥയാണെന്നു മനസ്സിലാകുന്നതാണ്. അങ്ങനെയിരിക്കുമ്പോൾ ഈ സെയിൽസ് ടാക്സ് ഇത്രവളരെ ദുസ്സഹമായ ഒരു അപ്രസീവ് ടാക്സ് ആണെന്നും ബൂർഷ്വാകൾക്ക് കൂട്ടുനിൽക്കുന്ന ഒരു ഗവണ്മെന്റിന്റെ കരംചുമത്തലാണെന്നും പാവപ്പെട്ടവന്റെ തലയിൽ കെട്ടിവയ്ക്കുന്ന ഒരു ഭാരമാണെന്നും മററും ചിത്രീകരിക്കുന്നതു ഏകപക്ഷീയമാണെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ. ഇന്നത്തെ ഗവണ്മെന്റ് ബൂർഷ്വാഗവണ്മെന്റല്ലെന്നും നേരെമറിച്ചു സാമാന്യമനുഷ്യന്റെയും, തൊഴിലാളിയുടെയും കർഷകന്റെയും ഗവണ്മെന്റാണെന്നും ഇവിടെ അതിനിശിതമായി നിരൂപണങ്ങൾ നടത്തുന്ന മാന്യസ്നേഹിതന്മാർ ഓർമ്മിക്കണം. ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറച്ചു് ഒരു വലിയ ലാഭം ഉണ്ടാക്കരുതോ എന്നു എന്റെ സ്നേഹിതൻ മി. അബ്ദുൽ റസ്സാക്ക് ചോദിക്കുകയുണ്ടായി. എന്നാൽ ഇന്നത്തെ ഗവണ്മെന്റ് ഇതിനകംതന്നെ റിട്രഞ്ചുമെന്റുകൊണ്ടു പത്തുലക്ഷം രൂപാ ചെലവിനത്തിൽ കുറച്ചിട്ടുണ്ടെന്നുള്ള കാര്യം എന്റെ സ്നേഹിതൻ വിസ്മരിച്ചുകളഞ്ഞതിൽ ഞാൻ ഖേദിക്കുന്നു. നിവൃത്തിയുള്ളിടത്തോളം ഇനിയും റിട്രഞ്ചുമെന്റ് ഊർജ്ജിതത്തിൽ വരുത്തുവാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്നു ബഹു: പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററുപ്രസംഗത്തിൽ ഉറപ്പുനൽകിയിട്ടുമുണ്ടു്. ഈ പശ്ചാത്തലം ഓർമ്മയിൽവച്ചുകൊണ്ടു വേണം നാം ഈ ടാക്സേഷനെ നിരൂപണം ചെയ്യേണ്ടതു്.

[Mr. P. Kunjukrishnan]

പിന്നെ ഇതൊരു ഇൻഡയറക്റ്റ് ടാക്സേഷനാണ്, ഡയറക്റ്റ് ടാക്സേഷനല്ല എന്ന ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. വാസ്തവത്തിൽ ഡയറക്റ്റ് ടാക്സേഷനെക്കാൾ സൗകര്യപ്രദവും ദോഷരഹിതവുമാണ് ഇൻഡയറക്റ്റ് ടാക്സേഷൻ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഭാരതീയരുടെ പുരാതന ധനതത്വശാസ്ത്രങ്ങളിൽ കരം ഈടാക്കുന്നതു തേനീച്ച പുഷ്പങ്ങളിൽനിന്നും മധു എടുക്കുന്നതുപോലെ സാവകാശമായും ജനങ്ങൾക്ക് വിഷമം തോന്നിപ്പിക്കാതെയും വേണമെന്നാണ് സിദ്ധാന്തിച്ചിരിക്കുന്നത്. ഇവിടെ മുമ്പ് ദിവാൻജിയായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ ഡയറക്റ്റ് ടാക്സേഷൻ മുഴുവനും ക്രമേണ നിറുത്തലാക്കണമെന്നാണ് ഗവണ്മെൻറ് ആഗ്രഹിക്കുന്നതെന്ന് ഈ ഹൗസിൽ വെച്ചുതന്നെ പ്രസ്താവിച്ചിട്ടുള്ളതായി നമുക്ക് അറിയാം. അദ്ദേഹം മോശപ്പെട്ട ഒരു രാജ്യഭരണതന്ത്രജ്ഞനോ എക്കണോമിസ്റ്റോ ആണെന്നു ഞാൻ കരുതുന്നില്ല.

MR. ABDUL AZIZ : സെയിൽസ്ടാക്സ് ഏർപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടോ ?

MR. P. KUNJUKRISHNAN : ഈ കരം പാവപ്പെട്ടവൻെറ തലയിൽ കെട്ടിവയ്ക്കുന്ന ഒരു ഭാരമാണെന്നു പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല. സാമാന്യജനങ്ങളുടെ നിത്യാവശ്യസാധനങ്ങൾക്ക് കരം ചുമത്തുവാൻ പാടില്ലതന്നെ. എന്നാൽ ലക്ഷ്വറീസിനും അതുപോലെയുള്ള മററു സാധനങ്ങൾക്കും കരംചുമത്തുന്നതിൽ എന്താണ് തെററുള്ളത് ? അങ്ങനെയുള്ളതിനുമാത്രം കരംചുമത്താൻ ബില്ലിൻെറ വിശദാംശങ്ങളിൽ പ്രവേശിക്കുമ്പോൾ വ്യവസ്ഥചെയ്യാവുന്നതാണ്. ഇതു certain ആയിട്ടുള്ള ഒരു ലജിസ്ലേഷൻ അല്ലെന്നാണ് മറെറാരാക്ഷേപം. ഈ ആക്ഷേപങ്ങളെക്കുറിച്ച് എനിക്കു പറയാനുള്ളത് ബഹു. മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസ്താവന അവർ ഒന്ന് ഓർമ്മിക്കണമെന്നാണ്. സെലക്റ്റ കമ്മററിയിൽവച്ചും അതുകഴിഞ്ഞു ഈ സഭയിൽവച്ചും ഇതിലെ നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തി പാസാക്കാമെന്നുള്ളതാണെന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഇതു certain ആയിട്ടുള്ള ഒരു ലജിസ്ലേഷൻ അല്ലെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. പിന്നീട് ഒരാക്ഷേപം ഇവിടെ പറഞ്ഞതു ഈ ടാക്സിൽ നിന്നും ഒഴിയാൻ ആളുകൾക്കു വളരെ എളുപ്പമുണ്ടെന്നാണ്. അങ്ങനെ പറയുകയാണെങ്കിൽ നിയമങ്ങ

ളിൽനിന്നും ഒഴിഞ്ഞു നിൽക്കാനുള്ള ഒരു താല്പര്യമാണ് ജനങ്ങൾക്കു പൊതുവിൽ ഉള്ളത്. അങ്ങനെ ഉണ്ടാകാതിരിക്കാൻ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധചെലുത്തി കർശനമായ നടപടികൾസ്വീകരിക്കാതെ ഒരു നിയമവും നടപ്പിലാക്കാൻ സാധിക്കുന്നതല്ല. യുദ്ധകാലത്തായാലും ശരി സമാധാനകാലത്തായാലുംശരി, നമ്മുടെ ബഹുമുഖമായ ജീവിതത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നു നാം ആത്മാർത്ഥമായി ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനു തീർച്ചയായും പണമുണ്ടാക്കിയേ തീരൂ. മഹാത്മാഗാന്ധി നമുക്ക് ഉപദേശിച്ചുതന്നതും ലോകത്ത് മററാരു ജനസമൂഹത്തിനും നടപ്പിലാക്കാൻകഴിഞ്ഞിട്ടില്ലാത്തതുമായ ഒരു പ്രസ്ഥാനമാണ് മദ്യനിരോധനം. ഭാരതീയ സംസ്കാരത്തിൽ അടിയുറച്ച ഈ മഹത്തായ പ്രസ്ഥാനം നടപ്പിൽ വരുത്താൻ മററു വഴികളൊന്നുമില്ല. അതുകൊണ്ട് ഏററവും ന്യായമായ രീതിയിൽ ജനങ്ങളെ ഉപദ്രവിക്കാതെ ഇൻഡയറക്ററായി കൊണ്ടുവന്നിട്ടുള്ള ഈ കരം ഏർപ്പെടുത്തൽ സ്വീകാര്യമായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. ആവശ്യമായ ഭേദഗതികൾ വരുത്തി ഇതു പാസാക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ഇവിടെ ബില്ലിനെ എതിർത്ത എന്റെ സ്നേഹിതന്മാർതന്നെയും ആദ്യത്തെ സ്റ്റേജിൽനിന്നു മാറി അവസാനത്തെ സ്റ്റേജിൽ വന്നപ്പോൾ പറഞ്ഞതു പാവപ്പെട്ടവനെ വിട്ടിട്ട പണക്കാരനെ ടാക്സ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നാണ്. അല്ലാതെ അവർ ബില്ലിന്റെ തത്വത്തോട് വിയോജിക്കുന്നു എന്നു പറഞ്ഞിട്ടില്ല. അങ്ങനെ നോക്കുമ്പോൾ എതിർത്തവർതന്നെയും ബില്ലിനെ സ്വാഗതം ചെയ്യുകയാണ് ചെയ്തിട്ടുള്ളതു. ഈ ബില്ലിന്റെ തത്വത്തോട് യോജിച്ചുകൊണ്ടും ആവശ്യമുള്ള ഭേദഗതികൾ വരുത്തി പാസാക്കുമെന്നു വിശ്വസിച്ചുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. K. A. MOHAMMED : സർ, ഈ ബില്ലിന്റെ തത്വത്തെ അനുകൂലിച്ചുകൊണ്ട് പ്രസംഗിച്ച പല ബഹുമാനപ്പെട്ട മെമ്പറന്മാരുടേയും പ്രസംഗങ്ങൾ ഞാൻ സശ്രദ്ധം കേൾക്കുകയായിരുന്നു. ഈ ബില്ലിനെപ്പററി ഞാൻ നേരത്തെ രൂപീകരിച്ചിരുന്ന അഭിപ്രായത്തിനു എന്തെങ്കിലും വ്യത്യാസം വരുത്താൻ ഈ പ്രസംഗങ്ങൾക്ക് കഴിയുന്നുണ്ടോ എന്നു ഞാൻ ഗാഢമായി ആലോചിക്കുകയുംചെയ്തു. എന്നാൽ ഇക്കാര്യം നല്ലപോലെ പഠിച്ചിട്ടുള്ള ശ്രീ. നടരാജപിള്ളയുടെ പ്രസംഗം കേട്ടതിനുശേഷവും ഞാൻ നേരത്തെ രൂപീകരിച്ചിരുന്ന അഭിപ്രായ

[Mr. K. A. Mohammed.]

ത്തിന്നു യാതൊരു മാററവും വരാത്തതുകൊണ്ടാണ് ഈ ബില്ലിന്റെ തത്വത്തെ എതിർത്തു സംസാരിക്കുവാൻ ഞാൻ പ്രേരിതനായിട്ടുള്ളതു്. മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു് ഈയാണ്ടത്തെ വരവിനത്തിൽ ൧൦ ലക്ഷംരൂപാ കുറവുണ്ടാകുമെന്നു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറയുകയുണ്ടായി. കൂടാതെ യുദ്ധാനന്തരപുനഃസംവിധാന പദ്ധതികൾക്കും വിദ്യാഭ്യാസത്തിനും വമ്പിച്ച തുകകൾ ആവശ്യമുണ്ടെന്നും പറഞ്ഞു. ഇങ്ങനെ പുരോഗമനപരമായ കാര്യങ്ങളുടെ നിർവഹണത്തിനുവേണ്ടി കൂടുതൽ കൂടുതൽ തുകകൾ ഗവൺമെൻറിനു് ആവശ്യമുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ രാജ്യത്തു കഴിഞ്ഞ പല വർഷങ്ങളായി പുതിയപുതിയ നികുതികൾ ഏർപ്പെടുത്തുന്നതിനു് യാതൊരു ലോഭവും കാണിച്ചിട്ടില്ലെന്നു് പഴയ ബഡ്ജററുകൾ പരിശോധിച്ചാൽ കാണാവുന്നതാണു്. ഉള്ളവരിൽനിന്നും നികുതി ഈടാക്കുകയും ഇല്ലാത്തവരെ നികുതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായത്തെ ആരും കുററംപറയുവാൻ സാദ്ധ്യമല്ല. അങ്ങനെ നോക്കുമ്പോൾ ഒരു ജനകീയ ഗവൺമെൻറു് നികുതി ചുമത്തുന്നതായ ഒരു നിയമനിർമ്മാണത്തെ അതിന്റെ തത്വത്തിലൊ, ന്യായവശങ്ങളിലോ എതിർത്താൽ അതു് ഒരു പിന്തിരിപ്പൻ അഭിപ്രായമാണെന്നു ചിലർ പറഞ്ഞേക്കും.

സർ, ഏററവും അരോചകമായ ഒരു നിയമനിർമ്മാണമാണു് ഇതു് എന്നു പറയുന്നതിനു് എനിക്കു് മടിയില്ല. എന്തുകൊണ്ടെന്നാൽ മി. നടരാജപിള്ള തന്നെ പറഞ്ഞുകഴിഞ്ഞു ആദ്യമായി സെയിൽസ് ടാക്സ് നടപ്പാക്കിയതു് ജർമ്മനിയിലാണെന്നു്. ഈ ഒരു വസ്തുത നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. വളരെ വ്യവസായപ്രാമുഖ്യമുള്ള ഒരു രാജ്യത്താണു് ഈ നിയമം ആദ്യം നടപ്പാക്കിയതു്. വെളിയിലേക്കു ധാരാളം സാധനങ്ങൾ കയററുമതിയുള്ള ഒരു വ്യാവസായിക രാജ്യമാണു് ജർമ്മനി. ധാരാളം പണം സമ്പാദിക്കുന്ന മുതലാളിമാരിൽ നിന്നും അവിടെ ഇൻകംടാക്സ് ഉണ്ടാകുന്നുണ്ടു്. ഇങ്ങനെ വ്യവസായപ്രമുഖമായ രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ മേൽ കരംചുമത്തിയാൽ അതുകൊണ്ടു് സാമാന്യജനങ്ങൾക്കു് ദോഷമുണ്ടാകുന്നില്ല. ആ നിലയിലാണു ജർമ്മനിയിൽ ഈ നിയമം ആദ്യം നടപ്പാക്കിയതു്. ഇപ്രകാരം മററു രാജ്യങ്ങളെ അനുകരിക്കുന്നതു് നന്നാണെന്നും ഇൻഡ്യയുടെ മററു പ്രവിശ്യകളിലും ഇതേർപ്പെടുത്തിയിട്ടുണ്ടെന്നും മി. നടരാജപിള്ള പ്രസ്താവിക്കയുണ്ടായി. ആ പ്രസ്താവന ശരിയല്ല. ബീഹാർ, ഒറീസ്സാ

ഈ പ്രവിശ്യകളിൽ ഈ നിയമം നടപ്പാക്കിയിട്ടില്ല. നാട്ടുരാജ്യങ്ങളിൽ മൈസൂരും കൊച്ചിയും തിരുവിതാംകൂറും ഒഴിച്ചാൽ മററു രാജ്യങ്ങളിലെങ്ങും ഇതു് നടപ്പാക്കിയിട്ടില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. മദ്രാസിൽ തന്നെ ഈ വില്പനനികുതി എന്നാണു നടപ്പാക്കിയതെന്നു നാം പ്രത്യേകം ശ്രദ്ധിക്കണം. ൧൯൩൯-ൽ ആണു് ഇതു് നടപ്പാക്കിയതു്. ഈ നിയമം അവിടെ കൊണ്ടുവന്നതു് നാം എല്ലാം ബഹുമാനിക്കുന്ന ഇന്നത്തെ ഗവർണർ ജനറലിന്റെ നേതൃത്വത്തിലാണു്. അദ്ദേഹത്തെപ്പോലെയുള്ളവരുടെ കാര്യശേഷിയെ ആരും ചോദ്യംചെയ്യുന്നില്ല. സേലം ഡിസ്ട്രിക്ററിൽ മദ്യനിരോധനം നടപ്പിൽ വരുത്തിയപ്പോൾ വരവിനത്തിൽ ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനു് ഒരു സെയിൽസ് ടാക്സ് നടപ്പാക്കുന്നതു് ന്യായമാണെന്നു തീരുമാനിച്ചു. അന്നു് അതിനു പിൻപിലുള്ള സാഹചര്യം മദ്രാസിനെ സഹായിക്കുകയുംചെയ്തു. ൧൯൩൯-നു ശേഷം യുദ്ധം തുടങ്ങുകയും വരവു ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. വിലകൂടുതൽ സാധനങ്ങൾക്കുണ്ടായിരുന്നാൽ തന്നെയും ഉപഭോക്താക്കളെ തൻമൂലം അതു ബാധിക്കാതിരുന്നതിനാൽ ആ നിയമത്തിന്റെ പ്രവർത്തനം മദ്രാസിൽ സുഗമമായിരുന്നു.

MR. P. S. NATARAJA PILLAI : മദ്രാസിൽ സെയിൽസ് ടാക്സിന്റെ റേററു് അപ്പോൾ കുറയ്ക്കുകയല്ലേ ചെയ്തതു്?

MR. K. A. MOHAMMED : അതു തന്നെയാണു് ഞാൻ പറയുന്നതു്. യുദ്ധം ഉണ്ടാകുകയും ധാരാളം പണം ആളുകളുടെ കയ്യിൽ വന്നു ചേരുകയും ചെയ്തതുകൊണ്ടു് വിചാരിച്ചതിൽ കൂടുതൽ പണം ഗവൺമെന്റിനുണ്ടായി. അതുകൊണ്ടു് ഇത്ര കൂടുതൽ ഈടാക്കേണ്ടാ എന്നു ഗവൺമെന്റിനു് തോന്നി റേററു് കുറവുചെയ്തു. എന്നാൽ ൧൯൪൩, ൧൯൪൪, ൧൯൪൫ ഈ കൊല്ലങ്ങളിലെ കണക്കുകൊണ്ടു് ഈ ആക്ടു് അത്ര വിജയപ്രദമായി മദ്രാസിൽ പ്രവർത്തിച്ചിട്ടില്ലെന്നു കാണാൻ കഴിയും. അതുപോലെ തന്നെ ബംഗാൾ, ബോംബേ ഈ പ്രവിശ്യകളിലും യുദ്ധാനന്തരം ഗണ്യമായ കുറവു് ഈ ഇനത്തിൽ വരുകയുണ്ടായി. ബോംബേയിലും മദ്രാസിലും ബംഗാളിലും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു് ഹാർബർ ഉണ്ടു്. അവിടെ സാധനങ്ങൾ ഇറക്കിയാൽ ആദ്യമായി സെയിൽസ് ടാക്സ് ചുമത്തും.

[Mr. K. A. Mohammed]

എന്നാലും അവയുടെ വില വളരെ കൂടുതലായിപ്പോകയില്ല. കൊച്ചിയുടേയും നില ഇതുതന്നെയാണ്. പക്ഷെ തിരുവിതാംകൂറിന്റെ നിലയാണെങ്കിൽ മദ്രാസിലോ ബാംബെയിലോ കൊച്ചിയിലോ ഇറക്കി സെയിൽസ് ടാക്സ് കൊടുത്ത സാധനങ്ങൾക്ക് രണ്ടാമതും തിരുവിതാംകൂറിൽ ടാക്സ് കൊടുക്കേണ്ടിവരുന്നു. അങ്ങനെ നോക്കിയാൽ അതു വളരെ പ്രയാസമാണു. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് ഇതിനെ നീതീകരിക്കാൻ സാധ്യമല്ലെന്നാണ്. അടുത്തകാലത്ത് തിരുവിതാംകൂറിൽ കാർഷികാദായനികുതി ഏർപ്പെടുത്തി. ഇൻകംടാക്സ് ഡിബേററിൽ ഞാൻ പറഞ്ഞു ലോകത്തെങ്ങുമില്ലാത്ത രീതിയിലാണ് ഈ നികുതി ഇവിടെ ഈടാക്കുന്നതെന്ന്. കാർഷികാദായനികുതിയെന്നും ഇൻകംടാക്സ് എന്നും വ്യത്യാസമില്ലാതെ ൧൫൦൦ രൂപയിൽ കൂടുതലായി ഏതെങ്കിലുംവിധത്തിൽ വരുമാനം ഉണ്ടായിരുന്നാൽ നികുതി ഈടാക്കുന്ന ഏർപ്പാടാണ് തിരുവിതാംകൂറിലുള്ളതു. ഇങ്ങനെ മറെറാരു രാജ്യത്തേയും അനുകരിക്കാതെ സ്വന്തമായ കരം ഈടാക്കുന്ന കാര്യത്തിൽ നമ്മുടെ രാജ്യം ഒരിക്കലും പിൻപിലല്ല. എന്നാൽ ഇങ്ങനെ ക്രമപ്രവൃദ്ധമായി കരം ഈടാക്കുന്നതു ഏതു തത്വത്തിലാണെന്നു ഞാൻ ചോദിക്കുന്നു. ഏതെങ്കിലും ഒരു രാജ്യത്തു ഒരു നികുതി സമ്പ്രദായം ഏർപ്പെടുത്തിയാൽ നാം അതിനെ അതുപോലെ സ്വീകരിക്കുകയാണോ വേണ്ടതു് അതോ തിരുവിതാംകൂറിന്റെ സാമ്പത്തിക നിലയെക്കുറിച്ച് അന്വേഷിച്ചിട്ട് ഇതല്ലാതെ മററു വല്ല സൌകര്യം ഉണ്ടോ എന്നന്വേഷിക്കയാണോ വേണ്ടതു് എന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടു പുതിയ എന്തെങ്കിലും നികുതി ചുമത്താൻ ഗവണ്മെന്റ് ആലോചിക്കുന്നതിനു മുമ്പു ഒരു സാമ്പത്തികസർവേ നടത്തി വിദഗ്ദ്ധന്മാരുമായി ആലോചിച്ചു സാധാരണ ആളുകൾക്കു പ്രയാസമല്ലാത്ത രീതിയിൽ ഏതാണ് നല്ലതെന്നു അറിഞ്ഞിട്ടുവേണം നിയമനിർമ്മാണം ചെയ്യാൻ. ഇവിടെ പല മെമ്പറന്മാരും ചൂണ്ടിക്കാണിച്ചതുപോലെ പ്രയോഗത്തിൽ വളരെ വൈഷമ്യമുള്ള ഒരു നികുതിയാണ് ഇതു്. കാർഷികാദായ നികുതിയെക്കുറിച്ചു ഞാൻ പറഞ്ഞുകഴിഞ്ഞു. അതിനാവശ്യമായ കണക്ക് വയ്ക്കാൻ എല്ലാവീട്ടിലും സാധ്യമല്ല. അതുകൊണ്ടു ഇപ്പോഴത്തെ കേസുകളും നികുതി അസസ് ചെയ്യുന്ന രീതികളും വളരെ പ്രയാസമുണ്ടാക്കുന്നവയാണെന്നു എനിക്കറിയാം. അതുപോലെ തന്നെ വില്പന നികുതിയെക്കുറിച്ചു എല്ലാ കച്ചവടക്കാരും കണക്കുവയ്ക്കുയും റിട്ടേൺസ് അയക്കയും ചെയ്യണമെന്നുവന്നാൽ കണക്കുവയ്ക്കുന്നതിനു

പ്രത്യേകം ആളുകളെ നിയമിക്കേണ്ടതായിവരും. അതു ചെറിയ കച്ചവടക്കാർക്ക് സാദ്ധ്യമല്ലതാനും. അതുകൊണ്ടു ഞാൻ നിർദ്ദേശിക്കുന്നതു ഇതു പ്രയാസമില്ലാത്ത മററ് വല്ല നികുതികളും ഏർപ്പെടുത്താൻ സാദ്ധ്യതകൾ ഉണ്ടോ എന്നു അന്വേഷിക്കണമെന്നാണ്. ഗവൺമെൻറിന് നികുതിവേണം; അതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. അല്ലാതെ ഈ ദേശീയഗവൺമെൻറ് ദിനംപ്രതി കരംവർദ്ധിപ്പിക്കുന്നതു് നന്നല്ല. കരം ഏതെല്ലാം രീതിയിൽ ഈടാക്കാമെന്നു ഗവൺമെൻറ് ഗാഢമായി ആലോചിക്കണം. മരണനികുതി ഈടാക്കാൻ സാദ്ധ്യതയുണ്ടോ, എസ്റ്റേററഡ്യൂട്ടി ഈടാക്കാൻ സാധിക്കുമോ എന്നെല്ലാം നോക്കണം. തിരുവിതാംകൂറിന്റെ സാമ്പത്തിക നിലയനുസരിച്ചു മരണനികുതി ഏർപ്പെടുത്തിയാൽ എന്തു കിട്ടുമെന്നും അതുപോലെ എസ്റ്റേററഡ്യൂട്ടി വകയിൽ എന്തു ആദായം ഉണ്ടാകുമെന്നും അന്വേഷിക്കയും ചെയ്യണം. അല്ലാതെ മറെറാരു പ്രവിശ്യയിൽ ഈ നിയമം ഏർപ്പെടുത്തി എന്ന കാരണത്താൽ അതു് ഇവിടെ നിയമമാക്കാൻ തുടങ്ങുന്നതു് ശരിയാണെന്നു എനിക്കു അഭിപ്രായമില്ല. അതുകൊണ്ടു ഞാൻ ഗവൺമെൻറിനോടു പറയുന്നതു് ഈ നിയമനിർമ്മാണം മാററി മററ് ഏതെങ്കിലും ഒരു നികുതി ഏർപ്പെടുത്തുന്നതിനുവേണ്ടി ശ്രമിക്കണമെന്നാണ്.

MR. EASWARA PILLAI (*Kottarakara III—General*) : മറെറാരു നികുതി ഏർപ്പെടുത്തിയാൽ മെമ്പർക്കു അഭിപ്രായവ്യത്യാസം ഉണ്ടാകയില്ലേ ?

MR. K. A. MOHAMMED : മററു നികുതി എന്താണെന്നു അറിയുമ്പോൾ അതേക്കുറിച്ചു് പറയുന്നതാണ്.

MR. MANNATHU PADMANABHA PILLAI : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. അനുകൂലിക്കുന്നു എന്നു പറഞ്ഞാൽ തത്വത്തോടു യോജിച്ചുകൊണ്ടു് അതിന്റെ സർവ്വവശങ്ങളേയും എതിക്കുന്നു എന്നല്ല ഞാൻ അർത്ഥമാക്കുന്നതു്. ബില്ലിനെ സമൂലം പിൻവലിക്കണമെന്നു് വാദിച്ച മെമ്പറന്മാരാണ്, അതിന്റെ തത്വത്തോടു് യോജിച്ചു് എല്ലാവശങ്ങളും എതിർത്ത ബഹുമാനപ്പെട്ട മെമ്പറന്മാരെക്കാൾ തത്വത്തോടു യോജിച്ചു സംസാരിച്ചതു്. അതുകൊണ്ടു് തത്വത്തോടു യോജിക്കുകയും ബിൽ ആവശ്യമില്ലാ എന്നു സംപൂർണ്ണമായി പ്രസ്താവിക്കുകയും ചെയ്യുന്ന രീതി ഇവിടെ ഉണ്ടാകരുതെന്നു് എനിക്ക് അഭിപ്രായമുണ്ടു്. ഗവ

[Mr. Mannathu Padmanabha Pillai]

ണ്മെൻറിനു പണം ഉണ്ടാക്കാൻവേണ്ടിയാണ് നികുതി ചുമത്തുന്നതു്. നികുതികൂടാതെ ഭരിക്കുവാൻ ആഗ്രഹിച്ചാൽ ഗവണ്മെൻറു പരിഷ്ക്കരിക്കാനെന്നല്ല, നടത്താൻകൂടി സാധിക്കയില്ല. കൊണ്ടുവരുന്ന പുതിയ നികുതി ചുമത്തുന്ന ഏതൊരു ബില്ലിനേയും എതിൎക്കാൻ തയ്യാറാണ്. ഈ ബില്ലല്ല മറെറാരു ബില്ല മതിയെന്നു ചില മെംബറന്മാർ സംസാരിക്കുന്നതു കേട്ടു. അതു കൊണ്ടുവന്നാലും എതിർക്കും. പക്ഷെ അങ്ങനെ മാറി മാറി ബില്ലുകൊണ്ടുവന്നാൽ അതു് പണ്ടു കഴുതയെ ചുമന്ന കഥയുടെ ലക്ഷ്യത്തിൽ എത്തും. അതിനാൽ ഈ കൊണ്ടുവന്ന ബിൽ എത്ര വൈഷമ്യം ഈ രാജ്യത്തുണ്ടാക്കുന്നതാണ് എന്നു് ആലോചിച്ചാൽ മതി. സാധാരണക്കാരനു് ദുഃഖം വരുന്നു—ഭാരം വരുന്നു എന്നാണ് ബഹുമാനപ്പെട്ട മെമ്പറന്മാർ പറയുന്നതു്. ഈ വിധത്തിൽ സാധുക്കൾക്കു വേണ്ടിയുള്ള ചീങ്കണ്ണിക്കണ്ണുനീർ പൊഴിക്കുന്നതു് കണ്ടും കേട്ടും വിഷമിക്കുന്നു. പാവപ്പെട്ടവനു് ഒരു കാശോ രണ്ടു കാശോ വില്പന നികുതിയായി കൊടുക്കേണ്ടിവരുമെങ്കിൽ രാജ്യത്തു് അതിനു തക്കവണ്ണം സ്വൈരമായി ജീവിക്കാനും ഉൽക്കർഷത്തോടുകൂടി വളരുവാനും വേണ്ടി വേണ്ടതു ചെയ്യാനാണ് ഈ നിയമം ഉണ്ടാക്കുന്നതു്. മരണനികുതി മതിയെന്നു ചിലർ പറഞ്ഞു. മരണനികുതി എന്നു പറഞ്ഞാൽ സാധുക്കളും മരിക്കും. അപ്പോൾ അവൻെറയും നികുതി ഈടാക്കണം. അപ്പോൾ അതിനും ഒരു അതിരു നിശ്ചയിക്കണം. നിശ്ചയിക്കുന്ന അതിരിനപ്പുറം പോകണം എന്നിപ്പോൾ പറയും. അതെല്ലാം ഇപ്പോഴത്തെ ഗവണ്മെൻറിന് നടത്താൻ സാദ്ധ്യമാണെന്നു എനിക്കു തോന്നുന്നില്ല. മദ്യവർജ്ജനം നടപ്പാക്കാൻ നിശ്ചയിച്ചുകഴിഞ്ഞു. അതിൽ എത്ര കോടി രൂപയാണു നഷ്ടം ഉണ്ടാകാൻ പോകുന്നതു് എന്നു നോക്കണം. മദ്യവർജ്ജനം വേണമെന്നു വരുമ്പോൾ അതിൽനിന്നും ഉണ്ടാകുന്ന നഷ്ടം മുഴുവൻ ജനസമൂഹത്തിൽനിന്നും ഈടാക്കിയാൽ മാത്രമേ ഇന്നുള്ള ഗവണ്മെൻറു് ഇതുപോലെ എങ്കിലും നടക്കുകയുള്ളു, ഒന്നുകിൽ പഴയ സമ്പ്രദായത്തെ നാം അനുകരിക്കണം; അല്ലെങ്കിൽ അങ്ങനെ തെററായി ജനങ്ങൾക്കു ദോഷം വരുന്ന ഏർപ്പാടു മാററി മററു വിധത്തിൽ വരവു ഗവണ്മെൻറിനുണ്ടാകത്തക്കവണ്ണം കരംപിരിക്കാനുള്ള മാർഗ്ഗം നിർദ്ദേശിച്ചാൽ അതു ഹൃദയപൂർവം സ്വീകരിക്കണം. ഈ വില്പനനികുതിപോലെയുള്ളതു് ജനങ്ങളെ സ്പർശിക്കും എന്നു പറഞ്ഞാൽ അതു് വ്യാപാരിയേയും ഭൂസ്വത്തുടമസ്ഥനേയും ആണ് കൂടുതൽ സ്പർശിക്കുന്നതു്. അവരിൽ

നിന്നമാണ് ഗവണ്മെൻറിന് പണമുണ്ടാകുന്നത്. സുഖസൗകര്യത്തിനുവേണ്ടി നികുതി ചുമത്തണമെന്ന പറഞ്ഞു. മോട്ടോർകാറിലും സുഗന്ധദ്രവ്യങ്ങളിലും നികുതിവച്ചാൽ എത്ര നികുതിയാണ ഉണ്ടാകുന്നത്. സുഗന്ധസാധനങ്ങൾക്കും സുഖസാധനങ്ങൾക്കും നികുതി ചുമത്തുന്നതു ശരിയാകണമെന്നാണ് ഇവിടെ അഭിപ്രായമെങ്കിൽ അതിനുവേണ്ടി അങ്ങനെ ഒരു ബിൽ കൊണ്ടുവരുവാൻ നമുക്ക് മന്ത്രിമാരോടപേക്ഷിക്കാം. ഈ ബിൽ പാസ്സാക്കിക്കൊടുത്ത് മദ്യവർജ്ജനംമൂലം ഉണ്ടാകുന്ന ഭണ്ഡാരത്തിൻെറ ചടപ്പനികത്തി നമുക്ക് മുന്നോട്ടുപോകാൻ ശ്രമിക്കണം. അമേരിക്കയും ലണ്ടനും പോലെ നമ്മുടെ ഗവണ്മെൻറും രാജ്യവും നന്നാകണം എന്നാഗ്രഹമുണ്ട്. കരം മാത്രം ചോദിക്കരുതെന്ന പറഞ്ഞാൽ ആ പരിഷ്ക്കാരം എങ്ങിനെ നടപ്പിലാകും.

MR. THARIATHU KUNJITHOMMAN: അമേരിക്കയിൽ ആളൊന്നുക്കു ൫൦ ഏക്കർ സ്ഥലം ഉണ്ടെന്ന് അറിയാമോ?

MR. MANNATHU PADMANABHA PILLAI: അതെല്ലാം അറിയാം. ഇവിടത്തെസ്ഥിതി അനുസരിച്ച് ഗവണ്മെൻറു ശരിക്കു നടക്കണമെങ്കിൽ നാംതന്നെ ഈ ഭാരം ചുമക്കണം, കൊച്ചിക്കാർ പണം തന്നിട്ട് നമ്മുടെ നാടു പരിഷ്ക്കരിക്കാൻ സാദ്ധ്യമല്ല. വടക്കൻ താലൂക്കുകളിലേക്കു തീവണ്ടി നീട്ടാത്തതുകൊണ്ടു ചങ്ങനാശ്ശേരിക്കാരനായ എനിക്കും സത്യത്തിൽ സങ്കടമുണ്ട്. എന്നാൽ കരം മാത്രം ചോദിക്കരുത്; തീവണ്ടി ഓട്ടുകയും വേണം. ഇതു രണ്ടുംകൂടി നടത്താൻ ഒരിക്കലും സാദ്ധ്യമല്ല. ഇന്നു പരിഷ്ക്കാരമുള്ള എല്ലാ രാജ്യങ്ങളിലും യൂറോപ്പിലും അമേരിക്കയിലും ഇൻഡ്യയുടെ പല ഭാഗങ്ങളിലും ഈ വില്പനനികുതി ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു ഈ ബില്ലിനെ നാം ഹൃദയപൂർവ്വം അനുകൂലിക്കയാണ് വേണ്ടതെന്നും അതിൻെറ വകുപ്പുകളിൽ വല്ല മാററവും വരുത്തേണ്ടതുണ്ടെങ്കിൽ സിലക്റ്റു കമ്മററിയിൽ വരുമ്പോൾ അവയെപ്പററി തീരുമാനിക്കാവുന്നതാണെന്നും ആണ് എനിക്കു പറയാനുള്ളത് അതിനാൽ ഞാൻ ഈ ബില്ലിനെ സംപൂർണ്ണമായി അനുകൂലിക്കുന്നു.

MR. P. M. VARGHESE: സർ, എനിക്കു ഈ ബില്ലിനെപ്പററി വിശേഷാൽ ഒന്നും പറയാനില്ല. എന്നാൽ ഒരു സംഗതി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവണ്മെൻറു വരവിനെസംബന്ധിച്ച് എന്തെങ്കിലും നിയമമുണ്ടാക്കു-

[Mr. P. M. Varghese]

മ്പോൾ "It extends to the whole of Travancore" എന്നാണ് പറയുന്നത്. എന്നാൽ പ്രോഹിബിഷനെ സംബന്ധിച്ച്, അതായത് നഷ്ടംവരുന്ന നിയമങ്ങളിൽ "It extends only to a few taluks" എന്നു കാണുന്നു. ഈ കാര്യത്തിൽ നമ്മുടെ ഗവണ്മെൻറിനെ സംബന്ധിച്ച് ഈ രാജ്യത്തെ ആളുകൾക്ക് ധാരാളം പരാതിയുണ്ട്. നെല്ല് രണ്ടു രൂപായ്ക്കു വാങ്ങി മൂന്നു രൂപായ്ക്കു വിററപ്പോൾ ഇവിടെ ഗവണ്മെൻറ് ലാഭം എടുക്കുന്നു എന്ന പരാതി ഗവണ്മെൻറിനെ സംബന്ധിച്ച് നാട്ടിൽ ഉണ്ടായി. ഇന്നു ഈ പുതിയ നികുതിഭാരം വഹിക്കാൻ തിരുവിതാംകൂർ ഒട്ടാകെ സന്നദ്ധമാകണം. എന്നാൽ ഈ നികുതിഭാരംകൊണ്ടുള്ള ഗുണം അനുഭവിക്കാൻ പോകുന്നത് ആറു താലൂക്കുകാർ മാത്രമാണ്. എന്റെ സ്നേഹിതൻ മി. മന്നത്തു പത്മനാഭപിള്ള പറഞ്ഞു അയൽരാജ്യമായ കൊച്ചിക്കാർ നമുക്ക് പണംതന്ന് നമ്മെ നന്നാക്കാൻ പോകുന്നില്ലാ എന്നു. അതു ശരിയാണ്. ഇവിടെ ബാക്കി താലൂക്കുകളിലെ നികുതികൊണ്ട് പ്രൊഹിബിഷൻ നടപ്പാക്കുന്ന ൬ താലൂക്കുകളിൽ ഉള്ള നഷ്ടം നികത്തണം എന്നു പറയുന്ന അഭിപ്രായത്തോടു യോജിക്കാൻ എനിക്ക് വിഷമമാണ്. അതിനാൽ ഞാൻ പറയുന്നത് ഈ പ്രൊഹിബിഷൻ രാജ്യം ഒട്ടാകെ നടപ്പാക്കുക എന്നാണ്. അതിനോടു ഞാൻ പരിപൂർണ്ണമായി യോജിക്കാൻ തയ്യാറാണ്. അങ്ങനെ വരുമ്പോൾ നികുതി ഇതിൽ ഇരട്ടി ആയാലും കുററമില്ല. നികുതിയോടെനിക്ക് എതിരില്ല. ഈ ഗവണ്മെൻറു ഒരു മുതലാളിത്ത ഗവണ്മെൻറാണ്. പണം വർദ്ധിപ്പിക്കേണ്ട സാഹചര്യം വരുമ്പോൾ ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കും. നഷ്ടം സഹിക്കേണ്ട കാര്യത്തിൽ ഒരു ചിററമ്മനയമാണ് സ്വീകരിക്കുന്നത്. അതു ശരിയല്ല. അതിനാൽ ഈ കാര്യം ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണം. പ്രൊഹിബിഷൻ നാട്ടിൽ എല്ലായിടത്തും നടപ്പാക്കുക. അതോടുകൂടി ഈ നികുതിയും പ്രയോഗിച്ചുനോക്കാം. ഇപ്പോൾ പ്രൊഹിബിഷൻ ഏർപ്പെടുത്തുന്ന ൬ താലൂക്കുകാർതന്നെ ഇതിൻെറ ഭാരം ഇപ്പോൾ വഹിക്കട്ടെ അതുകൊണ്ടു തിരുവിതാംകൂർ ഒട്ടാകെ എന്നുള്ളതു തല്ക്കാലം മാറ്റിവച്ചിട്ട് **It extends to six Taluks** എന്നു നിശ്ചയിക്കണം

MR. MANNATHU PADMANABHA PILLAI: ഇപ്പോഴത്തെ ഈ ബിൽ തമിഴ്നാട്ടിനെ മാത്രം ബാധിക്കത്തക്കവണ്ണം സങ്കുചിതമാക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു ?

MR P. M. VARGHESE : സങ്കുചിതമാകണമെന്നല്ല ഞാൻ പറയുന്നത്. ഒരു നിയമം ഏർപ്പെടുത്തുമ്പോൾ ആ നിയമം എല്ലാസ്ഥലത്തും ഒരുപോലെ ബാധിക്കണം എന്നാണ്. നികുതി നാം എല്ലാവരും ഒരുപോലെ വഹിക്കണം.

MR MANNATHU PADMANABHA PILLAI : തമിഴ്നാട്ടിൽ മദ്യവർജ്ജനം പ്രാരംഭമായി തുടങ്ങുന്നതാണെന്നു കരുതി നാം എല്ലാവരും അതിൽ അനുകൂലിക്കുകയല്ലേ വേണ്ടത്?

MR. P M. VARGHESE : നികുതിഭാരവും പ്രാരംഭമായി കണക്കാക്കിയാൽ പോരേ എന്നാണ് ഞാൻ ചോദിക്കുന്നത്. രാജ്യത്തെ തൊഴിലാളികളെപ്പോലും ഈ നികുതി ബാധിക്കുന്നതാണ്. ജോലിചെയ്യാൻ കൂലികിട്ടുന്നില്ല എന്ന പരാതിയാണ് ഇന്നു തൊഴിലാളികളുടെ ഇടയിൽ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ നികുതികൂടെ ആയാൽ പുതിയ ഒരു പരാതിയും കൂടി ആകും. അതുകൊണ്ട് നമ്മുടെ ധനം വർദ്ധിപ്പിക്കുന്നതിനുള്ള തൃഷ്ണ എപ്പോഴും മിതമായിരിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

MR. N D. JOSE (*Neyyattinkara III—S. I. U. C.*): Sir, it is easy for any opposition to condemn a measure of taxation because no measure of taxation will be acceptable to all sections of the people. I would suggest that every measure of taxation has to be viewed from two aspects, which Government is moving it and for what purpose it is brought in. I would refute the suggestion that this Government is the stooge of the bourgeoise I never knew till now that the meaning of the word bourgeoise is the same as that defined by one Honourable member of the opposition. Whatever it is to call a measure of taxation a black measure is always easy for any opposition, and that is what the opposition usually does. When the measure of prohibition was introduced there was support for it from all parts of the House. It was pointed out earlier that that has necessitated the introduction of a measure of taxation. I would plead that even though this measure has been necessitated, as long as it affects the common man, as long as it affects the poorer sections of the people more than the richer sections, I would call it an evil. All the same I would say that this is a necessary evil which has been necessitated by the circumstances prevailing. In supporting this bill, I would say that certain items have to be changed in redrafting this bill. I would plead earnestly, Sir, that provisions regarding staple food commodities like rice and food grains should be left out and only luxury articles should be taxed. I know that it will considerably bring down the tax. I

[Mr. N. D. Jose.]

would plead with the Government that every source of revenue should be explored, for instance, inheritance tax or the raising of income tax in the higher grades.

Another point which was stressed at the beginning, but which was left out by other speakers, refers to a minor detail. Almost all the shop-keepers write their accounts or bills in Indian currency. In the bill provision has been made only for rupee and rupee means Sirkar rupee. Some provision should be made for this. I would again plead that luxury articles and those articles which do not affect the common man alone should be taxed. I would again plead that rice and other essential articles of food should be left out.

MR. A. NESAMONY: I oppose the bill. Speeches have been made on the floor of the House to the effect that a huge deficit has been caused by the introduction of prohibition in the southern taluks and Shencottah, We have been told by the Finance Minister that the deficit would be about seventy lakhs. I would point out that this figure is based on the income of 1123. A comparison of the incomes from 1118 to 1123 would show that the income has gone up by leaps and bounds in 1123. The income in 1118 throughout the State was Rs. 32 lakhs; in 1119 it was Rs. 41 lakhs; in 1120 Rs. 74 lakhs; in 1121 Rs. 89 lakhs; in 1122 Rs. 150 lakhs; in 1123 Rs. 204 lakhs; and in 1124 it is estimated at Rs. 159 lakhs. The normal income of the State out of abkari is only Rs. 32 lakhs, which is the pre-war estimate. Judging from this it will be seen that it is only 1/8 of this income that will be lost. Now if 1/8 of the income of 1123 is lost, I fail to see why a measure which brings in 50 lakhs should be introduced now. Our Finance Minister has stated that it is a surplus budget. If that be so, where is the hurry for rushing this measure which is estimated to bring in 50 lakhs? Arguments were advanced to show that it is a regressive measure of taxation which hits the poor. With all the ingenious arguments on the floor of the House by some of the Members of the opposition, I would rather construe them as opposition to the bill itself. Those are very sound arguments why this measure should not be introduced and accepted. We have indeed got into the habit of crude thinking. It is said that Madras, Cochin and Bombay have got it. We do not know the conditions under which they imposed this taxation. Have the Government considered whether there are other ways of making this up without taxation? Our attention does not seem to have been diverted in that direction. So I would suggest to this House that we do not grant permission to this bill but I would at the same time, suggest to the Government to see whether any of the existing fiscal laws could be amended if you want any large income to push on with post-war schemes. There is no use of taxing the poor man with this piece of legislation but Government should go on for very big incomes by such methods as death duties, etc., which would enrich the State.

MR. ABDUL AZIZ: സർ, ബഹു: മെമ്പർ മി. തര്യത്തു കുഞ്ഞിത്തൊമ്മൻ ചെയ്ത പ്രസംഗത്തിലെ ഓരോ അക്ഷരത്തോടും ഞാൻ പൂർണ്ണമായി യോജിക്കയും അതേ സമയം അദ്ദേഹം ബില്ലിൻെറ തത്വത്തോടു യോജിക്കുന്നുവെന്നു പറഞ്ഞ ആ അസത്യത്തോടു വിയോജിക്കയും ചെയ്യുന്നു.

HON'BLE MR A. THANU PILLAI: അസത്യം എന്നു പറഞ്ഞതു് ശരിയാണോ ?

MR. ABDUL AZIZ: അതു് പാർലമെൻററി അല്ലെങ്കിൽ ഞാൻ പിൻവലിക്കാൻ തയ്യാറാണു്.

MR. THARIATHU KUNJITHOMMAN: ബില്ലിൻെറ തത്വത്തോടു യോജിക്കുന്നുവെന്നു പറഞ്ഞാൽ നികുതി ചുമത്തേണ്ടതാകുന്നു എന്ന തത്വത്തോടു യോജിക്കുന്നു എന്നല്ലേ അർത്ഥം ?

MR. ABDUL AZIZ: എൻെറ ധാരണയിൽ വന്ന വ്യത്യാസം ആയിരിക്കാം അതു. ഇവിടത്തെ വാദപ്രതിവാദങ്ങളിൽ അന്തർഭവിക്കുന്ന നയം നോക്കുമ്പോൾ രണ്ടു കക്ഷികളായി തിരിഞ്ഞു ഒരു കക്ഷി ശത്രു മനോഭാവത്തോടുകൂടി പെരുമാറുന്നതായി കാണുന്നതിൽ ഞാൻ നിർവ്യാജം ഖേദിക്കുന്നു. ഇവിടെ ഒരു കക്ഷിയും പ്രതിപക്ഷകക്ഷിയും ഉണ്ടെന്നുള്ളതല്ല ശരി, പിന്നെയോ ഈ ഹൗസ് ഒരു പ്രത്യേക നിലയിൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നതാണു് വാസ്തവം. ഭരിക്കുന്ന കക്ഷിയും ഭരിക്കപ്പെടുന്ന കക്ഷിയും എന്ന രണ്ടു വിഭാഗമായിട്ടാണു് ഇപ്പോൾ കാണുന്നതു്. അതിൽ ഭരിക്കപ്പെടുന്ന കക്ഷിക്കാരായ ഞങ്ങളെ ഭംഗിയായി ഭരിക്കണമെന്നു് അപേക്ഷിക്കയാണു് പ്രതിപക്ഷകക്ഷികൾ ചെയ്യുന്നതു്. അതിനുവേണ്ടിയാണു് പ്രതിപക്ഷകക്ഷി ഉണ്ടാകുന്നതും. അങ്ങിനെ ഭംഗിയായി ഭരിക്കണമെന്നു പറയുമ്പോൾ ജനങ്ങളുടെ മേൽ പുതിയപുതിയ നികുതികൾ അടിച്ചേല്പിക്കുന്നതു് സാഹസമാണു്.

MR. K. A MATHEW: കക്ഷിയെയാണോ ജനങ്ങളെയാണോ ഭരിക്കുന്നതു് ?

MR. ABDUL AZIZ: ജനങ്ങളെയാണു് ഭരിക്കുന്നതു്. പക്ഷെ ഈ സഭയിൽ രണ്ടു കക്ഷി വന്നപ്പോൾ ഞങ്ങൾ ഭരിക്കപ്പെടുന്നവരും മററുള്ളവർ ഭരിക്കുന്നവരും ആയിത്തീർന്നു. അധികാരത്തിൽ ഇരിക്കുന്നവർ എന്ന നിലയിൽ, രണ്ടു കക്ഷികളെന്ന നിലയിൽ, നാം വീക്ഷണം ചെയ്യുമ്പോൾ ഈ ഭരിക്കപ്പെടുന്ന ആളുകൾ ചെയ്യുന്ന പ്രസ്താവന

[Mr. Abdul Aziz.]

കളെ ഇത്ര നിർദ്ദയമായി വിമർശിക്കുന്ന മനഃസ്ഥിതി ഉപേക്ഷിക്കണമെന്നും ഞങ്ങൾ പറയുന്ന കാര്യങ്ങൾ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം പരമാർത്ഥങ്ങളാണെന്നും വല്ലപ്പോഴുമെങ്കിലും ഒന്നു തിരിഞ്ഞുനോക്കണമെന്നും അഭ്യർത്ഥനയുണ്ട്. ഈ ബില്ലിന്റെ തത്വത്തോടു ഞങ്ങൾ വിയോജിക്കുന്നതു് ഈ നികുതി സാധാരണക്കാരന്റെ വയററിൽ അടിക്കുന്ന ഒന്നാണെന്നുള്ളതുകൊണ്ടാണ്.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 11 മണിക്കു് വീണ്ടും കൂടുന്നതുമാണ്.

The House rose at 4—32—P. M.

R. KERALAVARMA THIRUMULPAD,
Ag. *Secretary to the Legislative Assembly.*

PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY

SECOND SESSION.

Thursday, the 26th August 1948|10th Chingom 1124.

The Travancore Legislative Assembly met in the Legislative Chamber, Trivandrum on Thursday the 10th Chingom 1124 / 26th August 1948 at eleven of the Clock, with the President, (the Honourable Mr. A. J. John,) in the Chair.

QUESTIONS AND ANSWERS.

പിന്നോക്കസമുദായവും ഭൂമിപതിവും.

529. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): കൊട്ടാരക്കര താലൂക്കിൽ വെളിയം പകുതിയിൽ സർവ്വെ ൫൪൦-ാംനമ്പരിൽപ്പെട്ട സ്ഥലത്തു താമസക്കാരായ പിന്നോക്കസമുദായാംഗങ്ങൾക്കു ടി സ്ഥലം പതിച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

പിന്നോക്കസമുദായങ്ങളുടെ പരാതികളെപ്പററിയുള്ള അന്വേഷണം.

530. MR. P. K KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായങ്ങളുടെ വസ്തു സംബന്ധമായും മററും പരാതികളുണ്ടായാൽ അതേപ്പററി ഫീൽഡാഫീസറന്മാർ അന്വേഷിക്കുകയും വിവരങ്ങൾ റിപ്പോർട്ടുചെയ്യുകയും ചെയ്താൽ റവന്യൂ ഉദ്യോഗസ്ഥന്മാർ അതർഹിക്കുന്ന ഗൗരവത്തോടുകൂടി നടപടിയെടുക്കുന്നില്ലാ എന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN ; ശ്രദ്ധയിൽ പെട്ടിട്ടില്ല.

2792|1124

Mid-day meals in Schools under Compulsory Education.

531. MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar Reserved*) :

1. கட்டாயக்கல்வி பயிலும் ஏழைக் குழந்தைகட்குக் கஞ்சி கொடுப்பது எம்முறையை அனுசரித்து?

2. ஏழைக்குழந்தைகட்குப் போதுமான முறையில் கஞ்சி கொடுக்கப்படுகின்றதா?

3. கஞ்சி குடிக்க ஏழைக் குழந்தைகட்கு பாத்திரம் வாங்க சர்க்கார் யாதாயினும் வசதி செய்ததுண்டா?

4. அப்படியானால், இன்னுஞ்சில ஏழைக் குழந்தைகள் பாடசாலைக்கு புத்தகமும், சிலேற்றும் கொண்டுவரும் கையால் தேங்காய்ச் சிரட்டை கொண்டுவருவதின் மர்மம் என்ன?

HON'BLE MR. T. M. VARGHESE: (1) Clause 25 of the Rules framed under the Travancore Primary Education Act VIII of 1121.

(2) Yes.

(3) No. The children have to bring their own plates and cups.

(4) The question does not arise in view of the answer to part (3).

Construction of a parapet wall and steps in the Krishnan puthoorkalwai:—

532. MR. A. CHIDAMBARANATHA NADAR :

கீழ்க்காணும் வினாக்களுக்கு கனம் தங்கிய பப்ளிக் ஒர்க்ஸ் மந்திரியவர்கள் தயை கூர்ந்து பதிலளிப்பார்களாக:

1. சம்பக்குளத்திலிருந்து கிருஷ்ணன்-புதூர்க் கால்வாய்ப் புறப்படக் கூடிய இடத்தில் குளிப்பதற்கு ஓர் படித்துறைக் கட்டித்தர வேண்டுமென்று (bathing ghat) அவ்விடத்திலுள்ள மக்கள் பல தடவைகளிலும் மனுக்கள் சமர்ப்பித்த பின்னரும், சர்க்கார் அதற்கோர் சலுகைக் காணிக்காமலிருப்பதின் காரணம் என்ன?

2. கிருஷ்ணன்-புதூர்க் கால்வாய் கோட்டாறு-தர்மபுரம் ரோட்டில் குறுக்கிடும் சண்டபாற்றின் முச்சந்தியில் கலுங்குகள் இல்லாத காரணத்தால் (parapet walls) அநேக வண்டிகள் மறிந்து விழுந்ததாகவும், குழந்தைகள் விழுந்து உயிர் நீத்ததாகவும் சர்க்காருக்கு மனுக்கள் வந்ததுண்டா?

3. அதே இடத்தில் குளிப்பதற்குள்ள சௌகரியம் செய்ய பன்முறை மனுக்கள் சமர்ப்பித்தப்பின்னரும் சர்க்கார் அதற்கு இசையாத காரணம் என்ன?

4. நிலைமை இவ்வாறிருக்க அதற்குப் பொறுப்பு வாய்ந்த ஆபீசர் அந்த இடத்தில் குளிப்பதற்கு சௌகரியம் செய்வதை விட்டு விட்டு கோட்டாறு—தர்மபுரம் ரோட்டில் நான்காவது மைலில்ச் சென்று (bathing ghat) ஸ்நானஸ்தலம் அமைக்க முயற்சி செய்வதின் மர்மம் என்ன?

HON'BLE MR. A. ATCHUTHAN: (1) The matter is engaging the attention of Government.

(2) No.

(3) As the site is unsuitable for constructing a bathing ghat.

(4) This site is the best suited for bathing ghat.

Industrial loans.

533. MR. K. R ELANKATH (*Trivandrum IV—General*): Will the Honourable Minister for Industries be pleased to state the number of industrial loans advanced during the last ten years to individuals and industrial concerns in the State with the respective amounts and the date of issue of such loans ?

HON'BLE MR. T. M. VARGHESE: *A list of industrial loans advanced during the last ten years with the names of the parties, amount given etc., is placed on the table.

Public Health centre Vadakkekara.

534. MR. E. K. MADHAVAN (*Parur I—General*): Will the Honourable Minister for Medical and Public Health be pleased to state whether the Government have enquired into the necessity of opening a public health centre at Vadakkekara in Parur taluk and if so will they be pleased to state the result of the enquiry ?

HON'BLE MR G. RAMACHANDRAN: Yes. Enquiries made in the matter reveal that there is need for a Health Unit for the Vadakkekara Pakuthy. But there are not sufficient number of doctors, nurses, midwives, etc. to take up the question immediately.

Primary Schools in Parur.

535. MR. E. K. MADHAVAN: Will the Honourable Minister for Education be pleased to state.

(a) the total number of Primary school going children in Parur town; and

(b) the number of schools in the town with the sanctioned accommodation and strength in each ?

HON'BLE MR. T. M. VARGHESE: (*a*) 2,290.

(*b*) 1. Parur St. Paul's Primary School—Accommodation 366 and strength 196.

2. Parur St. Aloysius Primary School—Accommodation 260 and strength 194.

3. Parur St. Germains Primary School—Accommodation 265 and strength 254.

4. Parur M. M. G. S. Primary School—Accommodation 594 by shift—strength 311.

5. Parur M. M. S. Primary School—Accommodation 900 and strength 478.

6. Perumpadanna Primary School—Accommodation 360

* Vide Appendix I.

[Hon'ble Mr. T. M. Varghese]

by shift—strength 44.

7. Parur Town-Primary School—Accommodation 640 by shift—strength 528.
8. Parur K. V. Primary School—Accommodation 740 strength 604.
9. Kizhakkepuram Primary School—Accommodation 450 strength 349.

Pupils outside the Parur Town are also attending the Primary Schools in the town and hence the variation in the number of Primary school going children in the town and strength in these Primary Schools.

MR. E. K. MADHAVAN: പറവൂർ എം. എം. സ്കൂളിൽ ൯൦൦-ൽ ചില്വാനം കുട്ടികൾക്ക അക്കോമഡേഷൻ ഉണ്ടായിരിക്കെ ഇപ്പോൾ ൪൬൭ കുട്ടികൾമാത്രം ഉള്ള സ്ഥിതിക്ക മററുള്ള സ്കൂളുകളിൽനിന്നും ഏതാനും കുട്ടികളെക്കൂടി ആ സ്കൂളിലേക്ക് മാററി പഠിപ്പിക്കുവാൻ വേണ്ട നിർദ്ദേശം ഗവണ്മെൻറു കൊടുക്കുമോ?

HON'BLE MR. T. M. VARGHESE: ഒരു സ്കൂളിൽ പഠിക്കുന്ന കുട്ടികളെ വേറെ സ്കൂളിലേക്കു മാററുന്നതു ആ കുട്ടികളുടെ മാതാപിതാക്കന്മാരുടെ അഭിപ്രായംകൂടി അറിഞ്ഞുവേണം. അതിന് എത്രത്തോളം സൗകര്യമുണ്ടെന്നും നോക്കേണ്ടതുണ്ട്. ഇതിനു രണ്ടിനും വിധേയമായി കഴിവുള്ളതു ഗവണ്മെൻറു ചെയ്യുന്നതാണ്.

MR. K. A. MATHEW (*Thiruvalla IV—General*): പറവൂർ താലൂക്കിൽ ഏതെങ്കിലും കുട്ടികൾ പള്ളിക്കൂടത്തിൽ പോകാത്തതായുണ്ടോ?

HON'BLE MR. T. M. VARGHESE: അന്വേഷിച്ചു പറയാം.

MR. K. A. MATHEW: പറവൂർ താലൂക്ക ഒരു കമ്പൽസറി ഏറിയാ ആയതുകൊണ്ടു എല്ലാ കുട്ടികളും സ്കൂളിൽ പോകേണ്ടതല്ലേ.

HON'BLE MR. T. M. VARGHESE: പോകേണ്ടതാണ്.

MR. K. A. MATHEW: പോകാത്തവരായി ആരെങ്കിലും ഉണ്ടോ എന്നന്വേഷിക്കുമോ?

HON'BLE MR. T. M. VARGHESE: അന്വേഷിക്കാം.

MR. K. A. MATHEW: പോകാത്തവരായി വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ പള്ളിക്കൂടത്തിലേക്ക് അയക്കുവാൻ എന്തു മാർഗ്ഗമാണ് ഗവണ്മെൻറു കണ്ടിരിക്കുന്നത്?

HON'BLE MR. T. M. VARGHESE: പള്ളിക്കൂടത്തിൽ പോകാത്ത വിദ്യാർത്ഥികൾ ഉണ്ടെന്നുകണ്ടാൽ അവരെ പള്ളിക്കൂടത്തിലേക്ക അയക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ ഉണ്ടാവും.

Village Uplift Centres.

536. **MR. R. CHELLASWAMI NADAR** (*Vilavancode—Hindu Nadar*): Will the Honourable Minister for Self Government be pleased to state :

(*a*) the date on which Munchira, Nattalam, Thiruvattar and Midalam Village Uplift Centres were started, and the amount of money spent so far in these centres; and

(*b*) the work done in these centres till now;

HON'BLE MR. G. RAMACHANDRAN: (*a*) Munchira is not selected as a Village Uplift Centre, Nattalam, Thiruvattar and Midalam Village Uplift Centres were started on 19-3-1123, 11-2-1123 and 18-3-1123 respectively. The expenditure incurred in Nattalam is Rs. 37,794, that in Thiruvattar, Rs. 558 and Midalam Rs. 444.

(*b*) * A statement is placed on the table.

Coir survey work.

537. **MR. P. GOPALAN** (*Vaikom III—General*); Will the Honourable Minister for Industries be pleased to state:

(*a*) the total number of persons appointed for coir survey and monthly expense incurred thereon; and

(*b*) what is the nature of the work of this coir survey staff?

HON'BLE MR. T. M. VARGHESE: (*a*) Office Staff—6

Field Staff—45.

Monthly Expenditure—Rs. 5,024-11-3.

(*b*) Statistical collation of detailed data regarding the collection of green husks, methods and cost of soaking them, extraction of the fibre and of production and trade in coir yarn at various stages of the industry throughout Travancore and a study of the family economy of the labourers engaged in coir production.

MR. P. GOPALAN : എന്തിനുവേണ്ടിയാണു ഈ സർവെ നടത്തുന്നതെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : അവർ ചെയ്യുന്ന ജോലി ഞാൻ ഇവിടെ വിവരിച്ചു. അതിന്റെ നടത്തിപ്പിനുവേണ്ടിയാണു് സർവ്വെ ചെയ്യുന്നതു്. കൂടാതെ വിപുലമായ രീതിയിൽ അന്വേഷണങ്ങൾ നടത്തി കയർ ഇൻഡസ്ട്രീസിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നതിനും ഇവിടെയുണ്ടാകുന്ന ഉൽപ്പന്നങ്ങൾ അന്യരാജ്യങ്ങളിൽ ലാഭകരമായി വിററഴിക്കുന്നതിനും ആവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുംകൂടിയാണു്.

MR. E. K. MADHAVAN : ഈ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ മേലാവാരാണെന്നു പറയാമോ?

---

*Vide Appendix II.

HON'BLE MR. T. M. VARGHESE : റിസർച്ച് ഡയറക്ടർ, ഡാക്ടർ മൂഡ ഗിരി.

MR. E. K. MADHAVAN : ഈ സർവെ നടത്തുന്നതിന്റെ ചുമതല ആരാണു വഹിക്കുന്നതു്?

HON'BLE MR. T. M. VARGHESE : റിസർച്ചു ഡയറക്ടരാണ്. അവസാനചുമതല ഗവൺമെന്റിനായിരിക്കും.

MR. K. A. MOHAMMED (*Quilon IV Muslim Reserved*) : പോസ്റ്റ് വാർ റീ കൺസ്ട്രക്ഷൻ കമ്മററിയുടെ നിർദ്ദേശം അനുസരിച്ചല്ലെ ഇങ്ങനെ സർവെ നടത്തുവാൻ ഗവൺമെന്റു തീരുമാനിച്ചതു്?

HON'BLE MR. T. M. VARGHESE : ആയിരിക്കാം. ഇപ്പോൾ നിശ്ചയമില്ല.

MR. E. K. MADHAVAN : കോവാപ്പറേറ്റിവ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഇതിലേക്കു പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. T. M. VARGHESE : അന്വേഷണം നടത്താതെ അതിനെപ്പററി പറയാൻ നിവൃത്തിയില്ല.

Road from Edapally to Arakkadavu

538. MR. PAUL THALIAT (*Parur III—General*): Will the Honourable Minister for public works be pleased to state :

(*a*) whether he has received recently any representation for the construction of a road from Edapally Bazaar to Arakkadavoo:

(*b*) whether he is aware that there is a provision for this road in the Budget of 1123 ;

(*c*) whether this work has been started ;

(*d*) if the answer to (c) is in the negative whether estimates have been prepared ; and

(*e*) whether the work of this road will be taken up in 1124 ?

HON'BLE MR. A. ATCHUTHAN: (*a*) Yes.

(*b*) Yes.

(*c*) No.

(*d*) Estimate is being prepared.

(*e*) Government will consider.

Compulsory Primary Education Scheme.

539. MR. D. GNANASIGAMONI (*Kalkulam II – General*): Will the Honourable Minister for Education be pleased to state :

(*a*) the areas that have been now brought under the compulsory primary education scheme;

(*b*) whether it is now the policy of the present Government to continue the compulsory primary education scheme to other areas ;

(*c*) what according to their estimate, it will cost Government to extend compulsion in primary education to the rest of Travancore; and

(*d*) what is the expense incurred so far in the areas brought under the compulsion scheme?

HON'BLE MR T. M. VARGHESE: (*a*) 1. Thovala Taluk.

2. Agasteeswaram Taluk.
3. Kalkulam
4. Vilavancode
5. Trivandrum
6. Kunnathoor.
7. Parur.
8. Pathanapuram
9. Nedumangad.

(*b*) Yes.

(*c*) Capital expenditure Rs. 1,50,00,000

Recurring expenditure as per present rates of pay Rs. 1,20,00000.

(*d*)

Expenditure for 1121 M. E.		Rs. 2,63,328-24-15.
Do.	1122 M. E.	„ 9,56,934-4-6.
Do.	1123 M. E.	
till the end of Medom		„ 15,05,053-7-11
Total		27,25,316-9-0.

MR. P. T. CHACKO (*Kottayam II-General*): കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ സ്കീം പുതിയതായി ഏർപ്പെടുത്തുന്ന താലൂക്കുകളിൽ പുതിയ പ്രൈവറ്റ് സ്കൂളുകൾ അനുവദിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: ഏതെങ്കിലും സ്ഥലത്ത് കമ്പൽസറി സിസ്റ്റം ഏർപ്പെടുത്തുമ്പോൾ അവിടെയുള്ള പ്രൈവറ്റ് സ്കൂളുകൾ ഗവണ്മെന്റിനെ ഏൽപ്പിക്കാമോ എന്നു ചോദിക്കുന്നുണ്ട്. അതിനു സമ്മതമില്ലാത്തപക്ഷം ഇപ്പോൾ അനുവദിച്ചിരിക്കുന്ന രീതിയനുസരിച്ച് ഡിനോമിനേഷനൽ സ്കൂളുകൾ ആക്കുന്നതിന് സമ്മതമാണോ എന്നു ചോദിക്കും. അതിനു കിട്ടുന്ന ഉത്തരമനുസരിച്ച് ആ സ്കൂൾ ഒന്നുകിൽ ഗവണ്മെന്റു ഏറ്റെടുക്കും, അല്ലെങ്കിൽ ഡിനോമിനേഷനൽ സ്കൂളുകളായി നടത്താൻ അനുവദിക്കും.

MR. P. T. CHACKO: ഡിനോമിനേഷനൽ സ്കൂളുകൾ എന്നു പറഞ്ഞത് മതത്തെ അടിസ്ഥാനപ്പെടുത്തിമാത്രം നടത്തപ്പെടുന്നതു എന്ന അർത്ഥത്തിലല്ലേ?

HON'BLE MR T. M. VARGHESE: അതെ.

MR. P. T. CHACKO : കമ്പൽസറി ഏറിയായിലുള്ള പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാരുടെ അവശത പരിഹരിക്കേണ്ടതാണെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അവരുടെ അവശത പരിഹരിക്കാൻ എല്ലാ മാർഗ്ഗങ്ങളും നോക്കുന്നുണ്ടു. നിവൃത്തിയുള്ളതൊക്കെ ചെയ്യും.

MR. P. T. CHACKO: അവർക്കു ഇന്നു കിട്ടുന്ന ശമ്പളം അവരുടെ ഉപജീവനത്തിനു മതിയാകുന്നില്ല എന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : പ്രൈവററുസ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്നതുക അവർക്ക് മതിയാകുമെന്നുള്ള ബോദ്ധ്യമാണു ഗവണ്മെൻറിനുള്ളതു്.

MR. P. T. CHACKO : ഇപ്പോൾ ഒരു മാസത്തേക്കു് അവർക്ക് എന്തു ശമ്പളമാണു് കൊടുക്കുന്നതു്?

HON'BLE MR. T. M. VARGHESE : ശമ്പളം ൰൫ രൂപാ, കൂടാതെ ൰൨ രൂപാ അലവൻസു്, ഇങ്ങനെ ൨൭ രൂപാ അവർക്കു കൊടുക്കുന്നു.

MR. P. T. CHACKO : ഒരദ്ധ്യാപകൻെറ ഉപജീവനത്തിന് പ്രതിമാസം ൰൫ രൂപാ മതിയാകുമെന്നാണോ ഗവണ്മെൻറു വിചാരിക്കുന്നതു്?

HON' BLE MR. T. M. VARGHESE : അതു മതിയാകാത്തതുകൊണ്ടാണു ൰൨ രൂപാകൂടി അലവൻസായി കൊടുക്കുന്നതു്.

MR. P. T. CHACKO : കമ്പൽസറി ഏറിയായിലുള്ള പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർക്ക് ഈ ൰൨ രൂപാ അലവൻസു ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR T. M. VARGHESE : ഡിനോമിനേഷനൽ സ്കൂളുകൾ ആവശ്യപ്പെട്ടിരുന്ന പ്രതിനിധികൾ മുൻപുതന്നെ ഈ അലവൻസ് വേണ്ടെന്നുള്ള വ്യവസ്ഥ സമ്മതിച്ചിരുന്നു. ആത്തരം സ്കൂളുകൾക്കു മുൻപു കൊടുത്തുകൊണ്ടിരുന്ന ഗ്രാൻറുമാത്രം തുടർന്നു കൊടുത്തുവരുകയാണു്.

MR. P. T. CHACKO : മാനേജരന്മാരല്ലേ ഇപ്രകാരം സമ്മതം കൊടുത്തതു്?

HON'BLE MR. T. M. VARGHESE : അതേ.

MR. P. T. CHACKO : ഈ വ്യവസ്ഥ അദ്ധ്യാപകന്മാർ സമ്മതിച്ചോ?

HON'BLE MR. T. M. VARGHESE : അവരുടെ സമ്മതം ഗവണ്മെന്റ ആവശ്യപ്പെട്ടിട്ടില്ല.

MR. P. T. CHACKO : ആ നിലയ്ക്കു് അവർക്കു ശരിയായ ശമ്പളം കിട്ടുന്നതിന് എന്തെങ്കിലും ഒരു വ്യവസ്ഥ ചെയ്യേണ്ടതു ആവശ്യമാണെന്നു ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഡിനോമിനേഷൻ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്ക് മാനേജരന്മാർകൂടി ഒരു തുക ശമ്പളമായി കൊടുക്കുന്നതാണ്. ആ അടിസ്ഥാനത്തിൽ ഡിനോമിനേഷനൽ സ്കൂളുകൾ നടത്തിക്കൊള്ളാമെന്നാണ് അത്തരം സ്കൂളുകളുടെ അധികാരികൾ ഗവണ്മെന്റിനെ അറിയിച്ചിട്ടുള്ളതു്.

MR. PONNARA G. SRIDHAR (*Nedumangad II—General*) : ഗ്രാന്റ എന്നു പറഞ്ഞാൽ മാനേജരന്മാർ കൊടുക്കുന്ന ശമ്പളത്തിനും പുറമേ ഗവണ്മെന്റ ചെയ്യുന്ന കൂടുതൽ സഹായം എന്നല്ലേ അർത്ഥം?

HON'BLE MR. T. M. VARGHESE : ഗവണ്മെന്റ ഗ്രാന്റ കൊടുക്കുന്നതു മാനേജരന്മാർക്കല്ല. നേരിട്ടു അദ്ധ്യാപകന്മാർക്കാണ് കൊടുക്കുന്നതു്.

MR. P. T. CHACKO : ഗവണ്മെന്റ മററു പ്രൈവററ സ്കൂളുകൾക്കു കൊടുക്കുന്ന ഗ്രാന്റ് ഡിനോമിനേഷനൽ സ്കൂളുകൾക്കു കൊടുക്കേണ്ടതാണെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : മാനേജരന്മാർകൂടി ഈ അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതുകൊണ്ടു ഗവണ്മെന്റിൽനിന്നും കൂടുതൽ സഹായം ആവശ്യമാണെന്നു തോന്നിയിട്ടില്ല.

MR. PONNARA G. SRIDHAR : മാനേജരന്മാർ കൊടുക്കാമെന്നു സമ്മതിച്ചിരിക്കുന്ന തുക അദ്ധ്യാപകന്മാർക്കു കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

HON'BLE MR. T. M. VARGHESE : അങ്ങനെ സംശയിക്കുന്നുണ്ടു്. അതു ഗവണ്മെന്റിനു ബോദ്ധ്യമായിട്ടില്ല.

MR. PONNARA G. SRIDHAR : സംശയമുള്ള മാനേജരന്മാരുടെ പേരിൽ ഗവണ്മെന്റ നടപടി നടത്തുമോ?

HON'BLE MR. T. M. VARGHESE : അതു കിട്ടുന്ന അറിവിന്റെ ബലം അനുസരിച്ചിരിക്കും. ഉചിതമെന്നു തോന്നിയാൽ നടപടികൾ നടത്തുന്നതാണ്.

MR. P. T. CHACKO: ഓരോ അദ്ധ്യാപകനും ഇത്ര രൂപാവീതം മാനേജരന്മാർ കൊടുത്തുകൊള്ളണമെന്നു ഗവണ്മെൻറു വ്യവസ്ഥചെയ്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: മുൻപു സാദ്ധ്യാപകന്മാക്കു കൊടുക്കണമെന്നു ഗവണ്മെൻറു നിശ്ചയിച്ചിരുന്ന തുക ൧൮ രൂപാ ആയിരുന്നപ്പോൾ ൮ രൂപാ ഗവണ്മെൻറു ഗ്രാൻറായി കൊടുക്കുകയും ബാക്കിയുള്ള ൧൦ രൂപാ മാനേജരന്മാർ കൊടുക്കുകയും ചെയ്യുന്നു എന്നാണു മനസ്സിലാക്കിയിരിക്കുന്നതു്. അവർ ഈ ൧൦ രൂപായും കൊടുക്കുന്നുണ്ടെന്നാണ് ഗവണ്മെൻറിൻെറ ബോദ്ധ്യം. ഇപ്പോഴും അങ്ങനെ കൊടുക്കുന്നുണ്ടായിരിക്കണം. അഥവാ കൊടുക്കാത്ത മാനേജരന്മാർ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ശിക്ഷിച്ചേ തീരൂ എന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല. മാനേജരന്മാരിൽനിന്നും ശമ്പളം കിട്ടാത്ത അദ്ധ്യാപകന്മാക്കു എന്തെങ്കിലും സഹായം ചെയ്യണമെന്നും ഗവണ്മെൻറു ഉദ്ദേശിക്കുന്നില്ല. എന്നാൽ, ഏതെങ്കിലും ഒരദ്ധ്യാപകനിൽനിന്ന്, തനിക്കു ശമ്പളം തരുന്നില്ലെന്നുള്ള ഒരു പരാതി ഗവണ്മെൻറിനു ലഭിച്ചാൽ അതേപ്പററി നടപടിനടത്തുവാൻ ഗവണ്മെൻറു മടിക്കുന്നതല്ല.

MR. P. T. CHACKO: മാനേജരന്മാർ കൊടുത്താലും ഗവണ്മെൻറു കൊടുത്താലും അദ്ധ്യാപകൻെറ ഉപജീവനത്തിനു അവശ്യംവേണ്ട തുക അദ്ധ്യാപകനു കിട്ടത്തക്ക വ്യവസ്ഥയുണ്ടാക്കുവാൻ ഗവണ്മെൻറു തയ്യാറാണോ?

HON'BLE MR. T. M. VARGHESE: അങ്ങനെ ഒരു വ്യവസ്ഥ ആവശ്യമാണെന്നു ഗവണ്മെൻറിന് ബോദ്ധ്യമില്ല. അദ്ധ്യാപകന്മാരുടെ നില സുരക്ഷിതമായിരിക്കുവാൻ കഴിവുള്ളതെല്ലാം ഗവണ്മെൻറു ചെയ്തുകൊണ്ടിരിക്കുകയാണ്. പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരെ കഷ്ടപ്പെടുത്തുന്നതു അനൗചിത്യമാണെന്നു ഗവണ്മെൻറിനറിയാം. മാനേജരന്മാർ കൊടുക്കുകയില്ലാ എന്നു ശഠിക്കുന്നതു ശരിയല്ല.

MR. P. M. VARGHESE (*Thodupuzha II—General*): മാനേജരന്മാരെക്കൊണ്ടു അദ്ധ്യാപകന്മാക്കു് എന്തെങ്കിലും തുക കൊടുപ്പിക്കുന്നതിനുള്ള അവകാശം ഗവണ്മെൻറിനുണ്ടോ? അവക്കു മനസ്സുണ്ടെങ്കിൽ മാത്രം കൊടുത്താൽപോരേ?

HON'BLE MR. T. M. VARGHESE : പ്രൈവററുസ്കൂൾ നടത്തിക്കൊണ്ടുപോകുന്നതു ന്യായമായ വിധത്തിലല്ലെന്നു ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടാൽ ആ സ്കൂളിൻെറ അംഗീകാരം പിൻവലിക്കുന്നതിനുള്ള അധികാരം ഗവൺമെൻറിനുണ്ട്. അദ്ധ്യാപകന്മാക്ക് ശമ്പളം കൊടുക്കുക എന്നുള്ളതും ന്യായമായ ഒരു നടപടിതന്നെയാണ്.

MR. P. M. VARGHESE : ഗവൺമെൻറു കൊടുക്കണമെന്നു വിചാരിക്കുന്നതു ഗവൺമെൻറു കൊടുക്കുകയല്ലാതെ ആ കായ്യത്തിൽ മാനേജരന്മാരെ നിർബ്ബന്ധിക്കേണ്ടതുണ്ടോ എന്നാണ് എൻെറ ചോദ്യം.

HON'BLE MR. T. M. VARGHESE : അദ്ധ്യാപകന്മാക്കു സങ്കടം ഉണ്ടെന്നുകണ്ടാൽ സങ്കടപരിഹാരാത്ഥം ഗവൺമെൻറു ചെയ്യാനുള്ളതു ചെയ്ത ശേഷം മാനേജരന്മാരെക്കൊണ്ടു ഗവൺമെൻറിനു നിയമപരമായും ധാർമ്മികമായുമുള്ള അധികാരം വിനിയോഗിച്ചു് വേണ്ടതു ചെയ്യിക്കുന്നതിനുള്ള അവകാശംകൂടി ഗവൺമെൻറിനുണ്ട്.

MR. V. GANGADHARAN NAIR (*Quilon III—General*) : ഗവൺമെൻറദ്ധ്യാപകന്മാക്കും മററു താണശമ്പളമുള്ള ഉദ്യോഗസ്ഥന്മാക്കും ഇപ്പോൾ ലിവിംഗ്‌വേജ് കിട്ടുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : എല്ലാവരേയുംകൂടി ചേർത്തുചോദിച്ചാൽ ഉത്തരം പറയുവാൻ വിഷമമുണ്ട് ? ഗവൺമെൻറദ്ധ്യാപകന്മാരെപ്പററിയാണെങ്കിൽ ഇപ്പോൾ അവക്കു ൨൫ രൂപാ കിട്ടുന്നുണ്ട്. മിക്കവാറും ചെലവിനു ആ തുക മതിയാകുമെന്നാണു ഗവൺമെൻറു വിചാരിക്കുന്നതു്.

MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) കമ്പൽസറി ഏറിയായിൽ ഗവൺമെൻറിനു വിട്ടുകൊടുത്ത സ്കൂളുകൾക്ക പഴയപടി ഗ്രാൻറുകൊടുത്തകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : കമ്പൽസറി ഏറിയായിൽ നടത്തുന്ന സ്കൂളുകൾ ഡിനോമിനേഷൻ സ്കൂളുകളായിട്ടായിരിക്കും നടത്തുന്നതു്. അതിനു് ഗ്രാൻറുകൊടുക്കുന്നതാണ്.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : സക്കാരിൽനിന്നു് കൊടുക്കുന്ന ഗ്രാൻറുമുഴുവനും അദ്ധ്യാപകന്മാക്കു കൊടുക്കാതെ കഴിക്കുന്ന മാനേജരന്മാരും ഉണ്ടെന്നറിയാമോ ?

HON'BLE MR. T. M. VARGHESE : വലിയ അക്രമികളും കൊള്ളക്കാരും ലോകത്തുള്ള കൂട്ടത്തിൽ അങ്ങനെ ചിലരേയും കണ്ടേക്കാം.

Police and Excise staff addicted to drink.

540. MR. D. GNANASIGAMONY : Will the Hon'ble Minister for prohibition be pleased to state:

(*a*) Whether the Government would consider the desirability of excluding from the prohibition areas officers of the police and Excise department who are addicted to drink;

(*b*) Whether any attempt has been made to prepare a list of Police and Excise staff addicted to drink; and

(*c*) If not, why not ?

HON'BLE MR. G. RAMACHANDRAN : (*a*) Yes.

(*b*) Officials who are free from drink evil will alone be posted to prohibition areas.

(*c*) The question does not arise in view of the answer to part (*b*).

ഉദ്യോഗനിയമനം.

541. MR. C. NARAYANAN (*Thiruvalla IV—Pulaya Reserved*) : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

പിന്നോക്കസമുദായസംരക്ഷണ ഡിപ്പാർട്ടുമെൻറിൽ ഇരുപത്തഞ്ചു രൂപായിൽ കൂടുതൽ ശമ്പളമുള്ള എത്ര ഉദ്യോഗങ്ങൾക്ക് പിന്നോക്ക സമുദായത്തിൽപ്പെട്ടവരിൽനിന്നു ഇതുവരെ നിയമിച്ചിട്ടുണ്ട്. അവരിൽ എത്രപേർ ഇപ്പോഴും സർവ്വീസിൽ ഇരിക്കുന്നുണ്ട്.

HON'BLE MR. G. RAMACHANDRAN : Four members of backward communities were appointed and all of them are still in service.

MR. C. NARAYANAN : മലയാളത്തിൽ ഉത്തരം പറഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : നാലുപേരുണ്ട്. അവർ നാലും ഇപ്പോഴും സർവ്വീസിൽ ഇരിക്കുകയാണ്.

MR. C. NARAYANAN : ൨൫ രൂപയ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ എത്രപേരാണെന്നു പറയാമോ ?

HON'BLE MR. G. RAMACHANDRAN : അവർ നാലുപേരുടെ ശമ്പളക്കണക്കിലും ഇവിടെ പറയാം. ഒരാൾ, ൪൫—൭൫ രൂ. മറ്റൊരാൾ ൧൫—൩൦ രൂ. മൂന്നാമത്തെയാൾ, ൩൦—൪൫ രൂ. നാലാമത്തെയാൾ, ൨൫—൩൦ രൂ.

MR. C. NARAYANAN ; അതിൽ ഹരിജനങ്ങൾ ആരെങ്കിലുമുണ്ടോ ?

HON'BLE MR. G RAMACHANDRAN : ഈ നാലുപേരുടെയും ജാതി വിവരവും പറയാം. രണ്ടുപേർ സാംബവരും, രണ്ടുപേർ പുലയരുമാണ്. എല്ലാം ഹരിജനങ്ങളാണെന്നു അതുകൊണ്ടു കാണാം.

MR. D. PONNIAH (*Agastiswaram—Paraya Reserved*) : தயவு செய்து அவர்கள் பெயர்களை வாசிக்க வேணும்.

HON'BLE MR. G. RAMACHANDRAN : பெயர்களையும் வாசிக்கிறேன். முதலாவது பெயர் M. . Das, இரண்டாவது K. C. Balan, மூன்றாவது Ammukutti, நான்காவது Miss. D. Jeeramani

MR. P. C. ADICHAN (*KunnathurII—Kurava Reserved*) : ശ്രീമതി അമ്മുക്കുട്ടി ഇപ്പോഴും ആ ഡിപ്പാർട്ടുമെൻറിലുണ്ടോ എന്നു പറയാമോ ?

HON'BLE MR. G. RAMACHANDRAN : എനിക്കുള്ള അറിവും ഈ ലിസ്റ്റിൽ കാണുന്നതും വച്ചു നോക്കിയാൽ പറയാൻ കഴിയുന്നതു ഉണ്ടെന്നാണ്.

MR. P. C. ADICHAN : ശ്രീമതി അമ്മുക്കുട്ടി ഇപ്പോഴും ആ ഡിപ്പാർട്ടുമെൻറിൽ ഇല്ലെന്നു ബഹുമാനപ്പെട്ടമന്ത്രി ഇനിയെങ്കിലും മനസ്സിലാക്കുമോ ?

HON'BLE MR. G. RAMACHANDRAN : അതേപ്പററി അന്വേഷിക്കാം.

Vaikom English High School.

542. MR. P. GOPALAN : Will the Honourable Minister for Education be pleased to state:

(*a*) The total strength of the Vaikom English High School;
(*b*) The total strength of boys ;
(*c*) The total strength of girls ;
(*d*) Whether there was a proposal for starting a separate girls English School at Vaikom ;
(*e*) If the answer to part (*d*) is in the affirmative, how for has it progressed ?

HON'BLE MR. T. M. VARGHESE : (*a*) 1275
(*b*) 954.
(*c*) 321.
(*d*) There was no proposal for starting a separate Girls' English High School at Vaikom.
(*e*) This question does not arise in view of the answer to part (*d*).

MR. P. GOPALAN : വൈക്കത്തു പ്രത്യേകം ഒരു ഗേൾസ്സ്കൂൾ സ്ഥാപിക്കേണ്ടതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ ഗവൺമെൻറിനു ബോദ്ധ്യമില്ല. ആവശ്യമുണ്ടെന്നു കണ്ടാൽ അപ്പോൾ ഒരു ഗേൾസ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്.

MR. P. GOPALAN : വൈക്കം ഇംഗ്ലീഷ് സ്കൂളിൽ ഇപ്പോൾ സ്ഥല സൗകര്യം വളരെ കുറവാണെന്നറിയാമോ ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

Nationalising of Salt Industry.

543. MR. P. GOPALAN : Will the Honourable Minister for Excise be pleased to state: whether there is any proposal to nationalise the salt industry in the State ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ സാൾട്ട് ഇൻഡസ്ട്രീസ് നാഷനലൈസ് ചെയ്യുന്നതിനു ഗവൺമെൻറു ഉദ്ദേശിക്കുന്നില്ല. അതു നാഷനലൈസ് ചെയ്യുവാൻ ആലോചനയുണ്ട്. സാൾട്ട് പ്രൊഡക്ഷനെ സംബന്ധിച്ചു അടുത്ത കാലത്തു ഇൻഡ്യാ ഗവൺമെൻറു ഏർപ്പെടുത്തിയ ഒരു കമ്മിററി ഇവിടെ വന്ന് ഇതു സംബന്ധിച്ചു ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ ഇവിടെ വന്നു ഇവിടത്തെ ഉപ്പളങ്ങളും എല്ലാം കണ്ടശേഷം തൂത്തുക്കുടിക്കു പോയിരിക്കുന്നു. സാൾട്ട് ഇൻഡസ്ട്രീസ് നാഷനലൈസ് ചെയ്യണമോ, വേണ്ടയോ എന്നു അവർ തിരിയെ വന്ന ശേഷം ആലോചിക്കുന്നതായിരിക്കും.

Primary School Teachers.

544. MR. A. ABDUL RAZAAK (*Nedumangad I—Muslim*): Will the Honourable Minister for Education be pleased to state:

(*a*) the scale of pay on which the teachers in the compulsory area now receiving almost a fixed pay of Rs. 25 will be placed on promotion to English Middle schools; and

(*b*) the justification for the continuation of the three widely differing scales of pay in English Middle schools.

HON'BLE MR. T. M. VARGHESE: (*a*) Rs, 22-28.

(*b*) There are only two scheduled scales of pay viz., Rs. 30-60 and Rs. 22-28 and not three. The teachers on Rs. 22-28 referred to were till recently employed in the Malayalam or Tamil Middle Schools and these schools were converted into new type middle schools only from the beginning of the last school year. There are about 1200 teachers under this category now and to enhance their scale of pay to Rs. 30-60 immediately would involve heavy financial commitment to Government. The question of raising their present scale is however receiving the attention of Government.

Imported Beedies.

545. MR. A. ABDUL RAZAAK: Will the Hon'ble Minister for Excise be pleased to state:

(a) Whether the Government are aware that cheap labour mostly of women in the Madras Province is freely allowed to compete on favourable terms with the beedi packers of this country through the Government's policy in regard to imported beedies of levying a tax only on the tobacco weight of such beedies; and

(b) if so, do the Government at least now realise the necessity of imposing any additional levy on finished beedies sought to be imported into this country, or in the alternative reducing by 50 per cent the customs duty now levied on 'chukka' imported as such?

HON'BLE MR. G. RAMACHANDRAN: (a) No.

(b) This question does not arise in view of the answer to part (a).

MR. A. ABDUL RAZAAK: Hence any representations been made to Government on behalf of the beedi packers?

HON'BLE MR. G. RAMACHANDRAN: No, so far as I am aware.

Damages caused by floods.

546. MR N. V. CHACKO (*Kunnathunad III—General*): Will the Hon'ble Minister for land be pleased to state:

(a) whether the Government are aware that almost every year heavy damages to paddy and other cultivations are caused by floods in the Taluks of Kunnathunad, Moovattupuzha and Parur and other places in Travancore;

(b) whether the Government will plan any means for abating the destructions thus caused?

HON'BLE MR. C. KESAVAN: (a) yes.

(b) yes.

Tuberculosis survey.

547. DR. M. O. CHERIYAN (*Devicolam General*): Will the Hon'ble Minister for Public Health be pleased to state:

(a) whether the Government has any information of the fact that lung tuberculosis is comparatively more prevalent in Perumpavoor and surroundings in Kunnathunad taluk; and

(b) if the answer to the above is in the negative, will the Government be kind enough to arrange a tuberculosis survey of the area?

HON'BLE MR. G. RAMACHANDRAN: (a) No.

(b) A general survey is under the consideration of Government.

Opening of a dispensary.

548. DR. M. O. CHERIYAN: Will the Hon'ble Minister for Medical be pleased to state:

(a) whether there is any facility for medical aid for people working in the Cardamom cultivations of the Bison valley in Devicolam taluk;

[Dr. M. O. Cheriyan]

(b) Is the Government aware that the nearest accessible dispensary for these people is 10 to 15 miles away through the jungle tracts; and

(c) will the Government be kind enough to provide a dispensary or at least a grant-in-aid dispensary to be available to those people through the near by tea planting Kannan Devan Hills Produce company?

HON'BLE MR. G. RAMACHANDRAN: *(a)* Yes.

(b) The nearest available dispensary is less than 7 miles from the Bison valley.

(c) The matter may be considered.

Travancore Bank Ltd.

549. MR. K. A. MUHAMMED: Will the Hon'ble Minister for Finance be pleased to state:

(a) whether Government have deposited any amount in the Travancore Bank Ltd;

(b) if any, the amount deposited;

(c) whether any loan has been taken from the Bank; and

(d) if any the amount of the loan?

HON'BLE MR. A. THANU PILLAI: *(a)* & *(b)* yes. Government have a current account and fixed deposits of Rs. 50 lakhs.

(c) & *(d)* No.

Primary Education.

550. MR. PAUL THALIAT: Will the Hon'ble Minister for Education be pleased to state:

(a) the number of new schools constructed in the area where Primary Education Act has been enforced;

(b) the total cost incurred for such a construction;

(c) the number of Schools under construction in such areas;

(d) the estimated cost of completing such unfinished works;

(e) the number of temporary schools constructed;

(f) the total cost incurred for the construction of temporary sheds;

(g) the number of temporary sheds under construction; and

(h) the estimated cost for completing such unfinished works?

HON'BLE MR. T. M. VARGHESE: *(a)* 161 new schools have been constructed.

(b) Rs. 5,6,5480.

(c) 83 schools are under construction.

(d) Rs. 1,10,800.

(e) None in the Compulsory Area,

(f) Rs. 74,994.

(g) 80 Temporary sheds are under construction,

(h) Rs. 83,500.

MR. D. GNANASIKHAMONY: On a point of order. I put a question —Q. No. 578—in which I asked the same question and the answer was that it is now the policy of Government to continue the Primary Education Scheme. Now the answer comes, "it is under consideration."

HON'BLE MR. T. M. VARGHESE: No, No.

MR. P. T. CHACKO: എല്ലാ കക്ഷികളും പെട്ടിട്ടുള്ള സ്റ്റേററു കാൺഗ്രസ്സ് കക്ഷി ഈ ഉത്തരവിനെ പ്രതിഷേധിച്ചു ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: ആ ഉത്തരവിനെ സംബന്ധിച്ചു വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിനെ സംബന്ധിച്ചും സ്റ്റേററ് കാൺഗ്രസ്സ് ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ടെന്ന വിവരം ഗവൺമെൻറിനറിയാം.

MR. PONNARA G. SRIDHAR: നിർബന്ധിതപ്രാഥമികവിദ്യാഭ്യാസം നടപ്പിൽ വരുത്തണമെന്ന തത്വത്തോടു യോജിക്കുന്നു എന്നല്ലേ സ്റ്റേററു കാൺഗ്രസ്സ് പ്രമേയം പാസ്സാക്കിയിരിക്കുന്നതു്.

HON'BLE MR. T. M. VARGHESE: പാസ്സാക്കിയ പ്രമേയത്തിൽ തത്വം മാത്രമല്ല, മററു പല കാൎയ്യങ്ങളുമുണ്ടു്.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): ആ പ്രമേയത്തെപ്പററി രണ്ടുതരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ടെന്നു ഗവൺമെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE: പ്രമേയം ചില കാൎയ്യങ്ങളെ അസ്പഷ്ടമാക്കി എഴുതിയിരിക്കുന്ന ഒന്നാണു. അതനുസരിച്ചു നോക്കുമ്പോൾ അതിനു ഒരു വ്യാഖ്യാനമേ ഉണ്ടാവാനിടയുള്ളു.

MR. P. T. CHACKO: ഗവൺമെൻറു ഇന്നു പ്രൈവററുസ്കൂളുകളോടു അനുവൎത്തിച്ചുവരുന്ന നയത്തെ സംബന്ധിച്ചു ഒരു പുനഃപരിശോധന ചെയ്യുവാൻ തയാറാകുമോ?

HON'BLE MR. T. M. VARGHESE: പ്രൈവററുസ്കൂളുകളെ സംബന്ധിച്ചുമാത്രമല്ല, വിദ്യാഭ്യാസനയത്തെ സംബന്ധിക്കുന്ന എല്ലാ കാൎയ്യങ്ങളെയുംപററി പുനഃപരിശോധന ചെയ്യേണ്ടതു് ആവശ്യമാണെന്നു കണ്ടാൽ തീർച്ചയായും അങ്ങനെ ചെയ്യും.

MR. MANNATHU PADMANABHA PILLAI : പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കുന്നില്ലെങ്കിൽ ഓരോ ജനവിഭാഗത്തിനും പള്ളിക്കൂടങ്ങളും ഉണ്ടാക്കി കൊടുക്കേണ്ടിവരുമെന്നു ഗവണ്മെന്റിനറിയാമോ ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

MR. P. T. CHACKO : വിദ്യാഭ്യാസം ഗവണ്മെന്റിന്റെ അവകാശമാണോ, ചുമതലയാണോ ?

HON'BLE MR. T. M. VARGHESE : ചുമതലയോടു സമ്മിശ്രമായ അവകാശമാണ്.

MR. PAUL THALIATH : പ്രൈവററ് ഏജൻസികളെക്കൊണ്ടു കൂടുതൽ തുറക്കുവാൻ അനുവദിക്കുവാൻ ഈ ഭാരിച്ച ചെലവു ഉണ്ടാക്കാതെ കഴിക്കാമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : കമ്പൽസറി ഏരിയായിൽ പ്രൈവററ് ഏജൻസികൾ നടത്തുന്ന സ്കൂളുകൾ വിട്ടുതരികയും, ഈ പ്രൈവററു ഏജൻസികൾതന്നെ സ്ഥലം ദാനം ചെയ്യുകയും, കെട്ടിടങ്ങൾ കെട്ടിത്തരികയും ചെയ്തിട്ടുണ്ട്. എല്ലാ സ്ഥലത്തും എല്ലാവരും അങ്ങനെ ചെയ്താൽ ഗവണ്മെൻറിന് ഈ ചെലവു വളരെവളരെ കുറയ്ക്കുവാൻ കഴിയും.

MR. PAUL THALIATH : പ്രൈവററ്സ്കൂൾ നടത്തുന്നതിനു അനുവാദംകൊടുത്താൽ ബിൽഡിംഗ് കൺസ്ട്രക്ക്ഷൻ വകയ്ക്കുള്ള ചെലവു ഇല്ലാതെ കഴിക്കാമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : പ്രൈവററുസ്കൂളുകൾ നടത്താൻ അനുവദിക്കുന്നപക്ഷം ചെലവു കുറയുമെന്നറിയാം. എന്നാൽ വിദ്യാഭ്യാസചുമതല പ്രൈവററ് ഏജൻസികളെ ഏല്പിക്കണമോ, അതല്ല ഗവണ്മെൻറുതന്നെ ഏറെറടുത്തു നടത്തണമോ എന്നുള്ളതു് തത്വപരമായ ഒരു വിഷയമാണ്. ആ വിഷയത്തെപ്പററി ഗവണ്മെൻറ് ആലോചിച്ചുവരികയാണ്. ഇപ്പോൾ ഗവണ്മെൻറു കഴിവുള്ളിടത്തോളം ഏറെറടുക്കണമെന്ന നയമാണ് അവലംബിച്ചിരിക്കുന്നതു്.

MR. PAUL THALIATH : അക്കാര്യത്തെപ്പററി ഗവണ്മെൻറു ആലോചിക്കുമോ ?

HON'BLE MR. T. M. VARGHESE : ഈ സഭയ്ക്കു അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ ആലോചിക്കാം.

MR. JOSEPH MALIECKAL (*Thodupuzha I—General*) : ഈ വിഷയത്തെപ്പററി ആലോചിക്കുവാൻ ഒരു കമ്മിററിയെ നിയമിക്കുന്നതാ

ണെന്ന് ഗവണ്മെൻറ് ഇതിനുമുൻപ് പറയുകയുണ്ടായി. അതനുസരിച്ച് കമ്മിററിയെ നിയമിച്ചിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : ഇല്ല.

MR. P. T. CHACKO : കമ്പൽസറി ഏരിയായിലുള്ള പ്രൈവററ് സ്കൂളുകൾ ഗവണ്മെൻറിലേക്ക് വിട്ടുകൊടുക്കണമെന്നും മററും ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചതെന്നാണ് ?

HON'BLE MR. T. M. VARGHESE : അതു മൂന്നു കൊല്ലത്തിനു മുൻപാണ്.

MR. P. T. CHACKO : അക്കാലത്ത് ഈ ഉത്തരവിനെ സംബന്ധിച്ച് ഇന്നധികാരത്തിൽ ഇരിക്കുന്ന കക്ഷിക്കു പ്രതിഷേധമുണ്ടായിരുന്നു എന്ന വസ്തുത ഗവണ്മെൻറിനറിയാമോ ?

Re: Mr. Vasudevan Nair, Contractor, Perunchani Scheme.

551. MR. R. K. RAM *(Agasteeswaram—General)* :

கனம் மராமத்து மந்திரி கீழ்வரும் வினாக்களுக்கு தயவாக விடையளிப்பாரா ?

(அ) பெருஞ்சாணி அணை சம்பந்தப்பட்ட வாசுதேவன் நாயர் என்ற கண்ட்ராக்டர் (Contractor) கொடுத்த ரூ. 4000 பில்லை, தற்போதைய எக்ஸிகூட்டிவ் என்ஜினீயர் ரங்கநாதன் ரூ. 400 ஆக குறைக்கக் காரணமென்ன ?

(ஆ) இவ்விதம், கழிந்த காலத்தில் கள்ள பில் எழுதி சர்க்கார் பணத்தை அபகரித்த கண்ட்ராக்டர் மீது என்ன நடவடி எடுக்கப்பட்டிருக்கிறது ?

HON'BLE MR. A. ATCHUTHAN : (a) No such incident as referred to has taken place.

(b) Does not arise.

Travancore Bank.

552. MR. T. K. NARAYANA PILLAI (*Parur II—General*): Will the Honourable Minister for Finance be pleased to state whether any amount has been deposited by Government in the Travancore Bank, the actual amount that has been thus deposited and the terms of such deposit ?

HON'BLE MR. A. THANU PILLAI : Government have a current account and short term fixed deposits of Rs. 50 lakhs.

മത്സ്യത്തൊഴിലാളികൾ.

553. MR. ALBERT LOPEZ *(Neyyattinkara II—Latin Catholic Reserved)* : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് ഹെൽത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) തെക്കൻതിരുവിതാംകൂറിലെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് താമസിക്കുന്നതിന് ഭവനം ഇല്ലാ

[Mr. Albert Lopez.]

ത്തേയും ഭവനം ഉണ്ടാക്കുന്നതിനുള്ള സ്ഥലസൌകര്യം ഇല്ലാതെയും വിഷമിക്കുന്ന വസ്തുത ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

HON'BLE MR. K. M. KORAH : തെക്കൻതിരുവിതാംകൂറ് ലെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് താമസിക്കുന്നതിനു ഭവനം ഇല്ലാതെയും ഭവനം ഉണ്ടാക്കുന്നതിനുള്ള സ്ഥലസൌകര്യം ഇല്ലാതെയും വിഷമിക്കുന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പററി ആലോചിക്കുന്നുണ്ട്. അവയ്ക്ക് ഏതെങ്കിലും രണ്ടുമൂന്നു തീരപ്രദേശങ്ങളിൽ പര്യാപ്തമായ വിധത്തിൽ മാതൃകാപരമായി ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനു ശ്രമിക്കാം.

MR. P. KUNJUKRISHNAN (*Quilon II—General*) : കൊല്ലം കരുനാഗപ്പള്ളി എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും താമസസൌകര്യം ഇല്ലെന്നുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : അവിടെയും ഈ അസൌകര്യം ഉണ്ടെന്നറിയാം. അതു പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്.

MR. PONNARA G. SRIDHAR : തിരുവിതാംകൂർ ഒട്ടാകെത്തന്നെ ഈ ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാമോ?

HON'BLE MR. K. M. KORAH : പക്ഷെ അതു മത്സ്യത്തൊഴിലാളികൾക്കാണ് കൂടുതലുള്ളത്.

ബാലന്മാർക്കുള്ള ഹൈസ്കൂളിൽ ബാലികമാരെ ചേർക്കുന്നതിനെ സംബന്ധിച്ച്.

554. MR. RAPHAL J. RODRIGUEZ (*Quilon IV—Latin Catholic Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാലന്മാർക്കുള്ള ഹൈസ്കൂളുകളിൽ ഫോറത്തുഫാറംമുതൽ മേലോട്ടുള്ള ക്ലാസുകളിൽ ബാലികമാരെ ചേർക്കുന്നതിൽ തത്വപരമായി വിസമ്മതമുള്ള പ്രൈവററുസ്കൂൾ ഉടമസ്ഥന്മാർ ഉണ്ടെന്നുള്ളതു ഗവണ്മെൻറിനറിയാമോ?

(ബി) ക്രനമ്മാവ് സെൻറ് ഫിലോമിനാസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ മാനേജ്മെൻറംഗീകരിച്ചിരിക്കുന്ന തത്വത്തിനു വിരുദ്ധമായി പെൺകുട്ടികളെ ചേർത്തു പഠിപ്പിക്കണമെന്ന് വിദ്യാഭ്യാസഡയറക്ടർ ഉത്തരവു നൽകിയതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : (എ) ബാലികമാരെയും ചേർത്തു പഠിപ്പിക്കുന്നുണ്ട്.

(ബി) ബാലികമാരെ അവിടെ പഠിപ്പിക്കുന്നതിനെ സംബന്ധിച്ച് ക്രനമ്മാവ് സെൻറ് ഫിലോമിനാസ് ഇംഗ്ലീഷ് ഹൈസ്കൂളിലെ മാനേജർ ആക്ഷേപം പുറപ്പെടുവിക്കുകയും പരാതിപ്പെടുകയും ചെയ്തിട്ടുണ്ട്.

MR. RAPHAEL J. RODRIGUEZ : ബാലന്മാരെ പഠിപ്പിക്കുന്ന ഹൈസ്കൂളിൽ ബാലികമാരെയും ചേർത്ത് പഠിപ്പിക്കരുതെന്ന തത്വം അംഗീകരിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ബാലന്മാരോടു ചേർത്ത് ബാലികമാരെ പഠിപ്പിക്കാൻ പാടില്ല എന്ന തത്വം ഗവണ്മെൻറംഗീകരിച്ചിട്ടില്ല. ഇങ്ങനെയുള്ള ഒരു പരാതി ക്രനമ്മാവിലെ ഈ സ്കൂളിൽനിന്നല്ലാതെ മറെറാരിടത്തുനിന്നും വന്നിട്ടില്ല. അതിനെപ്പററി അല്പം വിശദമായി പറയാം. കഴിഞ്ഞ യാണ്ടാരംഭത്തിലാണ് അതായതു സ്കൂൾവർഷത്തിനു മുൻപാണ് അവിടെ ഫോർത്തുഫാറം വേണമെന്നാവശ്യപ്പെട്ടതും അതനുസരിച്ച് അനുവദിച്ചതും. അന്നു അതായത് അവിടെ ഫോർത്തുഫാറം അനുവദിച്ച സമയത്തു അവിടെ പെൺകുട്ടികളെ ചേർത്തു കൂടെന്നോ മറേറാ ആവശ്യപ്പെടുകയുണ്ടായിട്ടില്ല. അതിൽ പിന്നീട് കഴിഞ്ഞ മീനത്തിലോ ഇടവത്തിലോ അവിടെ നാലു പെൺകുട്ടികളെ ചേർക്കണമെന്ന് അവരുടെ രക്ഷകർത്താക്കന്മാർ ആവശ്യപ്പെട്ടതനുസരിച്ച് അതു് അനുവദിക്കുകയും ചെയ്തു.

MR. P. KUNJUKRISHNAN : സഹവിദ്യാഭ്യാസം. നിശ്ചിതമായ ഒരു നയമായി ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : ഉണ്ട്. അതുകൊണ്ടാണ് ഇത്രയും പറഞ്ഞത്.

MR. RAPHAEL J. RODRIGUEZ : സഹവിദ്യാഭ്യാസം പാടില്ല എന്ന തത്വം അംഗീകരിച്ചിരിക്കുന്നവക്ക് അങ്ങനെ അനുവാദം നൽകേണ്ട തല്ലേ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ ഉള്ള രീതി ഇതാണ്. അതിനു വിപരീതമായി വേണമെങ്കിൽ, അതു് സ്റ്റ്രം അനുവദിക്കുന്ന സമയത്തു് ആവശ്യപ്പെടണമായിരുന്നു. ആ തത്വം ഇപ്പോൾ കൊണ്ടു വന്നാൽ അതു സ്വീകരിക്കാൻ നിവൃത്തിയില്ല.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറുമുഖേന

നടത്തിവരുന്ന ജോലികൾ.

555. MR. P. K KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷകവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറു മുഖേന നടത്തിവരാറുള്ള കിണറു്, പൊതുമന്ദിരം, മുതലായവയുടെ ജോലികൾ പിന്നോക്കസമുദായാംഗങ്ങൾ തന്നെയാണു സാധാരണ ചെയ്തുവരുന്നതെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ൧൧൨൩-ൽ പ്രസ്തുത ജോലികൾ ചെയ്തിട്ടുള്ള ആളുകൾക്കു യഥാവസരം ബില്ലുകൾ പാസ്സാക്കി കിട്ടാത്തതുകൊണ്ടു വളരെ പ്രയാസങ്ങളും വിഷമങ്ങളും നേരിട്ടിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : (എ) ഉണ്ടു്.

(ബി) ബില്ലുകൾ പാസ്സാക്കി കൊടുക്കുന്നതിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത താമസം മാത്രമേ വരുന്നുള്ളൂ.

Alwaye P. W. D. Division.

556. MR. PAUL THALIATH: Will the Honourable Minister for Public Works be pleased to state :

(*a*) whether any complaints have been received about any officers of the Alwaye P. W. D. Division :

(*b*) if the answer to (*a*) is in the affirmative the names of such officers ;

(*c*) whether any enquiry has been carried out with regard to such petitions ; and

(*d*) if the answer to (*c*) is in the affirmative whether orders have been passed on such enquiries ?

HON'BLE MR. A. ATCHUTHAN : (*a*) Yes, by the Chief Engineer.

(*b*) Mr. K. M. Mathew, Executive Engineer, Alwaye Division and Mr. C. Krishna Pillai, Supervisor.

(*c*) Necessary action on the Petition is being taken in the case of the Division Officer and the case against the Section Officer has been finally disposed of.

(*d*) Suitable action will be taken on receipt of final report on the enquiries in the case of the Division Officer.

MR. PAUL THALIATH: അവിടത്തെ സെക്ഷനാഫീസരെപ്പറ്റി എന്തെങ്കിലും പരാതി. കിട്ടിയിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അതിനു നോട്ടീസ് വേണം.

MR. PAUL THALIATH : ഈ ഉദ്യോഗസ്ഥന്റെപേരിൽ കൈക്കൂലി വാങ്ങിച്ചുവെന്നാണോ പരാതി?

HON'BLE MR. A. ATCHUTHAN : ആലുവാ ഡിവിഷൻ ആഫീസരുടെ പേരിലാണ് പരാതി. അതു് "Irregularity in the order of the contract in the Alwaye Division, delay in the payments of bills". എന്നീ കാര്യങ്ങളിലാണ്.

MR. E. K. MADHAVAN : ഇതിനെക്കുറിച്ച് ഒരു ഓപ്പൺ എൻക്വയറി നടത്താമോ?

HON'BLE MR. A. ATCHUTHAN : അതിനെക്കുറിച്ച് ആലോചിക്കാം.

MR. E. K. MADHAVAN : ആ ഉദ്യോഗസ്ഥനെസസ്പെൻഷനിൽ വയ്ക്കാൻ ആലോചിക്കുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN : കേസിന്റെ രീതിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും.

MR. ABDUL AZIZ (*Trivandrum I—Muslim*) : സാധാരണ ഇങ്ങനെ പരാതികളുള്ള ഉദ്യോഗസ്ഥന്മാരെ സസ്പെൻഷനിൽ നിർത്തിക്കൊണ്ടാണ് എൻക്വയറി നടത്തുന്നതെന്നറിയാമോ?

HON'BLE MR. A. ATCHUTHAN : അതു് ചട്ടമനുസരിച്ചു ചെയ്യും.

MR. ABDUL AZIZ : ചട്ടമെന്താണു ?

HON'BLE MR. A. ATCHUTHAN : ഓരോ കേസിനും ഓരോ മാതിരിയുള്ള ചട്ടമാണ്.

MR. P. M. VARGHESE : സർ, ഒരു പായിന്റ് ആഫ് ആർഡർ. ആലുവാ പി. ഡബ്ലിയു ഡി. ആഫീസർമാരെപ്പറ്റിയാണ് ചോദ്യം. അതിനെക്കുറിച്ചു ചോദിക്കുമ്പോൾ നോട്ടീസുവേണമെന്നു പറയുന്നതു് ...

HON'BLE MR. A. ATCHUTHAN : ഡിവിഷനാഫീസരുടെ പേരിലാണ് പരാതി. അതുകൊണ്ടാണ് മററു ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള പരാതിയെപ്പററി ചോദിക്കുമ്പോൾ നോട്ടീസ് വേണമെന്നു പറഞ്ഞത്.

MR. PAUL THALIATH : അവിടത്തെ സെക്ഷനാഫീസരെപ്പററിയും പരാതിയുണ്ട്. ഇതെല്ലാം അന്വേഷിക്കാമോ?

HON'BLE MR. A. ATCHUTHAN : അന്വേഷിക്കാം.

Alwaye Railway Bridge.

557. MR. MAJID MARIKAR (*Kunnathnad I—Muslim*): Will the Honourable Minister for Public Works be pleased to state whether there was any proposal to throw open the Alwaye Railway Bridge for passenger and vehicular traffic and so, will he be pleased to inform when the Government expects to throw open the bridge for such traffic?

HON'BLE MR. A. THANU PILLAI: The question is under the consideration of Government.

Export permit for fish.

558. MR. P. THANULINGOM NADAR (*Agastiswaram—Hindu Nadar Reserved*):

கன்னியம் தங்கிய எக்ஸைஸ் இலாகா மந்திரியவர்கள் பின்னே தந்திருக்கும் கேள்விக்கு தயவுசெய்து பதில் சொல்வார்களா?

1. ஆரல்வாய்மொழி, அஞ்சுகிராமம் சௌக்கைகள் வழியாக திருவிதாங்கூருக்கு வெளியே கொண்டுபோக சங்கனாச்சேரி ஜனாப் M. C. மத்தாய் அவர்களுக்கு 80/8-ம் நம்பராய் 9-4-1123-ல் ஒரு மீன் அனுவாதம் (Fish permit) கொடுத்ததுண்டா?

HON'BLE MR. K. M. KORAH : No.

MR. P. THANULINGOM NADAR : இது விஷயமாக ஏதாவது செய்ய முடியுமா?

HON'BLE MR. K. M. KORAH : അതിനെപ്പററി ആലോചിക്കാം.

Pallivasal Hydro Electric Scheme

559. MR. N. V. CHACKO : Will the Honourable Prime Minister be pleased to state:

(*a*) at what stage of the Pallivasal Hydro Electric Scheme Sir C. P. Ramaswami Aiyar took charge as Dewan;

( ) who started the scheme in Travancore;

(*c*) what was Dewan Mr. Watt's part in starting or proceeding with this scheme?

HON'BLE MR. A. ATCHUTHAN : (a) The Pallivasal Hydro Electric Scheme was in the construction stage when Sir C.P. Ramaswami Aiyar assumed charge as Dewan.

(b) This Government started the scheme.

(c) A preliminary investigation of the scheme was carried out during the Dewanship of Mr. Watts.

MR. N. V. CHACKO : ൧൧൧൦-ൽ ടണലുകളുടെ പണി പൂർത്തിയായി എന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : ഓരോ പണിയും എപ്പോഴാണു തീർന്നതെന്നു പറയുന്നതിനു നോട്ടീസുവേണം.

MR. N. V. CHACKO : സർ സി. പി. രാമസ്വാമിഅയ്യർ ൧൧൧൦-ൽ ആണു് ഇവിടെ ദിവാൻജിയായി വന്നതെന്നറിയാമോ?

MR. PRESIDENT : ആ ചോദ്യം ഉദിക്കുന്നില്ല.

മാവേലിക്കര തെക്കേക്കരപകുതിയിൽ പിന്നോക്കസമുദായങ്ങളുടെ ശ്മശാനത്തിലേയ്ക്കുള്ള റോഡു്.

560. **MR. T. V. DEVAN** (*Kottayam IV—Pulaya Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) മാവേലിക്കര താലൂക്കിൽ തെക്കേക്കര പകുതി സർവ്വേ ൧൦൪/൩ ബിയിൽ പിന്നോക്കസമുദായങ്ങൾക്കുവേണ്ടി ൧൧൦൪-ൽ അനുവദിച്ചിട്ടുള്ള ശ്മശാനത്തിലേക്കു പോകുന്നതിനുള്ള റോഡു ശരിപ്പെടുത്തികിട്ടണമെന്നു പൊതുജനങ്ങളുടെ അപേക്ഷ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടു്?

HON'BLE MR. G. RAMACHANDARAN : (എ) ഇല്ല.

(ബി) എയുടെ ഉത്തരത്തിൽ നിന്നും ബി ഉദിക്കുന്നില്ല.

ലിഫ്റ്റ് ഇറിഗേഷൻ.

561. **MR. P. K. KUMARAN ASARI** (*Meenachil I—Kammala Reserved*) താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലിഫ്റ്റ് ഇറിഗേഷൻ മന്ത്രി സദയം മറുപടി നൽകുമോ?

[Mr. P. K. Kumaran Asari]

(എ) തിരുവിതാംകൂറിന്റെ ഏതെല്ലാം ഭാഗങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും അതുമൂലം ആ സ്ഥലങ്ങളിലെ നെൽകൃഷിക്ക് എത്ര ശതമാനം വിളവു വർദ്ധിച്ചിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഈ പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ വീണ്ടും നടപ്പിലാക്കുന്നതിന് ഗവണ്മെന്റു തീരുമാനിച്ചിട്ടുണ്ട്?

(സി) ഉണ്ടെങ്കിൽ അതു് എവിടെയാണ്?

(ഡി) ലിഫ്റ്റ് ഇറിഗേഷനുവേണ്ടി ഏതെല്ലാം സ്ഥലങ്ങളിലേക്കു ഇലക്ട്രിക് ലൈൻ നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്?

HON'BLE MR. K. M. KORAH : (എ) പറവൂർ, കുന്നത്തുനാട്, തിരുവല്ല എന്നീ താലൂക്കുകളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കിയതു കാരണം നെൽ ഉൽപ്പാദനത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടെന്നുള്ളതു് ആ പദ്ധതി സമീപകാലത്തുമാത്രം നടപ്പാക്കിയിട്ടുള്ളതുകൊണ്ടു പിന്നീടു മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളു.

(ബി-യും, സി-യും) പറവൂർ, കുന്നത്തുനാട്, മൂവാററുപുഴ, തിരുവല്ല, കൊല്ലം എന്നീ താലൂക്കുകളിൽ സാദ്ധ്യമുള്ള എല്ലാ സ്ഥലങ്ങളിലും അതു് പ്രവർത്തനത്തിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നതു.

(ഡി) പറവൂർ, കുന്നത്തുനാട്, മൂവാററുപുഴ, തിരുവല്ല, കൊല്ലം എന്നീ താലൂക്കുകളിൽ.

MR. P. K. KUMARAN ASARI: പറവൂർ താലൂക്കിൽ വെളിയം പകുതിയിൽ നടത്തുന്ന പദ്ധതിക്ക് എത്ര രൂപാ ചെലവുണ്ടെന്നു പറയാമോ?

HON'BLE MR. K. M. KORAH : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Land assigned to Backward Communities.

562. MR. M. VARKEY (*Kunnathnad II—General*) : Will the Honorable Minister for Land be pleased to State :

(*a*) the extent of land assigned for the Backward Communities in the Asamannoor pakuthi, Kunnatnad taluk;

(*b*) whether through complaints from public or otherwise the Government are aware of encroachments upon such lands by communities other than Backward; and

(*c*) if the answer to (*b*) is in the affirmative, what action has been taken?

HON'BLE. MR. G. RAMACHANDRAN : (*a*) 9. 555 acres.

(*b*) No. such complaints have been received.

(*c*) This does not arise in view of answer to part (*b*).

ഒരു പാലത്തിന്റെ ആവശ്യം.

563. MRS. DEVAKI GOPIDAS (*Kottayam I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) കോട്ടയം-കുമരകംറോഡിൽ കോണത്താറിന്റെ മുകളിൽ ഒരു പാലം പണിയുന്നതിനു ഗവണ്മെൻറനുവാദം ഉണ്ടായിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്നാണ് അങ്ങനെ അനുവാദം നൽകിയതു്?

(സി) അതിലേക്ക് ആവശ്യമായ പണം ബഡ്ജററുചെയ്തു് ഇൻജിനീയർ ഡിപ്പാർട്ടുമെൻറിലേക്ക് നൽകിയിട്ടുണ്ടോ?

(ഡി) പാലം പണിയുന്നതിനു കൺട്രാക്ററു കൊടുത്തിട്ടുണ്ടോ?

(ഇ) കൊടുത്തിട്ടുണ്ടെങ്കിൽ എന്നാണ ? ആർക്കാണ്?

(എഫ) ഇത്രകാലത്തിനകം പണി തീക്കുമെന്നു കൺട്രാക്ററു വ്യവസ്ഥയുണ്ടോ?

(ജി) ടി പാലം ഇതേവരെ തീർന്നിട്ടില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

(എച്ച്) കുമരകത്തു നിന്നും കോട്ടയത്തിനുള്ള ഒററയൊരു വഴി ഇതാണെന്നും അതിൽക്കൂടി നിരവധി ആളുകൾ സഞ്ചരിക്കുന്നതാണെന്നും ജനങ്ങൾക്കു പാലം തിരാത്തതുകൊണ്ട് വലുതായ സങ്കടവും അസൌകര്യവും ഉണ്ടെന്നും ഗവണ്മെൻറിനറിയാമോ ?

(ഐ) ബസ്സുകളും കാറുകളും പലതും പ്രതിദിനം പാലത്തിനു കിഴക്കുവശം റോഡിൽ ഇട്ടിട്ടു ഈ പാലം തിരാത്തതിനാൽ ജനങ്ങൾ കാൽനടയായി കുമരകത്തേക്കു പോകേണ്ടിവരുന്നു എന്നു ഗവണ്മെൻറിനറിയാമോ?

(ജെ) ടി കോണത്താററിനു മുകളിൽക്കൂടി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പലകപ്പാലം ഏററവും അപകടകരമായ അവസ്ഥയിൽ എത്തിയിരിക്കുന്നു എന്നുള്ള വിവരം ഗവണ്മെൻറു മനസ്സിലാക്കീട്ടുണ്ടോ ?

(കെ) പുതിയ പാലം എത്രയും വേഗം തീർത്തു ജനങ്ങളുടെ സങ്കടം തീക്കുന്നതിനു വേണ്ട നിർദ്ദേശം ഗവണ്മെൻറിൽ നിന്നും നൽകുന്നതിനു ദയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN :

(a) Yes.
(b) 1937
(c) Provision has been made as per requirements. There was a provision of Rs. 7,000/-in 1123.

(d) Yes.
(e) In 1937, to contractor Mr. K. Luke.
(f) Yes, before the 15th April 1938, but the work could not be complepted due to change of design necessitated at the time of pile driving, and deficiency of cement and iron rods.
(g) Yes.
(h) Yes.
(i) Yes
(j) No; it is safe for pedestrian traffic.
(k) Balance works are being done and will be completed by next year.

MRS. DEVAKI GOPIDAS : ഇനിയെങ്കിലും അതു വേഗം പണിയുന്നതിന് ഗവണ്മെന്റ് ഏർപ്പാട് ചെയ്യുമോ?

HON'BLE MR. A. ATCHUTHAN : ഏർപ്പാട് ചെയ്യുന്നുണ്ട്.

Arabic Teachers.

564. MR. A. ABDUL RAZAK : Will the Honourable Minister for Education be pleased to state why Government have not provided for the training of Arabic teachers?

HON'BLE. MR. T. M. VARGHESE : Arabic teachers who have got general qualifications are being selected for training. If they have general qualifications like E. S. L. C. and B. A., they will be taken up for training as candidates who have passed their B. A. or E. S. L. C. examinations. Otherwise, there is no provision.

Accounts of the Travancore University.

565. MR. K. A. MUHAMMED : Will the Honourable Minister for Education be pleased to state whether the accounts of the Travancore University have been regularly audited by the Account Office?

HON'BLE MR. T. M. VARGHESE : Yes.

പാട്ടവ്യവസ്ഥയിൽ കൃഷിക്കുകൊടുത്ത സ്ഥലം.

566. MR. MANKUZHI M. MADHAVAN *(Chirayinkil III—General)*: താഴെ കാണിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) നാളതുവരെ എത്ര ഏക്കർ സ്ഥലം പാട്ടവ്യവസ്ഥയിൽ കൃഷിക്കു കൊടുക്കാനായി റിസർവുവനങ്ങളിൽനിന്നും ഒഴിച്ചിട്ടിട്ടുണ്ടു ?

(ബി) എത്ര ഏക്കർ സ്ഥലം പാട്ടക്കാർക്കു് വിട്ടുകൊടുത്തിട്ടുണ്ടു ?

(സി) അതിൽ എത്ര ഏക്കർ സ്ഥലത്തു കൃഷി നടത്തിയിട്ടുണ്ടു ?

(ഡി) കൃഷി നടത്തിയ സ്ഥലത്തുനിന്നും എത്ര ഭക്ഷ്യധാന്യങ്ങളും കിട്ടുമെന്നു പറയാമോ ?

(ഇ) പാട്ടവ്യവസ്ഥകൾ എന്തെല്ലാം ?

(എഫ്) പാട്ടക്കാർക്കു ഗവണ്മെൻറിൽനിന്നും ധനസഹായം നൽകുന്നുണ്ടോ ?

(ജി) ഒരു വ്യക്തിക്കു കൂടുതൽ എത്ര ഏക്കർ സ്ഥലംവരെ പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുണ്ടു് ?

HON'BLE MR C KESAVAN : (എ) ൧൯,൦൦൬ ഏക്കർ.

(ബി) ൧൩,൩൦൬ ഏക്കർ.

(സി) ൧൧,൬൨൭ ഏക്കർ.

(ഡി) ൬൯,൪൦൭ പറ നെല്ലു്.

(ഇ) ൧൬-൧൨-൧൯൫൬-ലെ പ്രസ്സ്നോട്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(എഫ്) ഇല്ല.

(ജി) സാധാരണയായി ഒരാൾക്കു് ൭ ഏക്കറിൽ കൂടുതൽ സ്ഥലം കൊടുത്തിട്ടില്ല. എന്നാൽ ഒരാൾക്കു് അതിൽ കുറച്ചുകൂടുതൽ സ്ഥലം വ്യത്യസ്തമായി കൊടുത്തിട്ടുണ്ടു്.

MR. MANKUZHI M. MADHAVAN : പാട്ടക്കാർ പലരും കൃഷിചെയ്യാൻ പണമില്ലാതെ വിഷമിക്കുന്നതുകൊണ്ടു അവർക്കു ധനസഹായം ചെയ്യുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. C. KESAVAN : അതിനിപ്പോൾ ഗവണ്മെൻറു് വ്യവസ്ഥചെയ്തിട്ടില്ല. സ്ഥലം കൃഷിചെയ്യുവാൻ കൊടുക്കുമ്പോൾ കൃഷിച്ചെലവിനുള്ള പണം പാട്ടക്കാരൻെറ കയ്യിൽ ഉണ്ടായിരിക്കുമെന്നുള്ളതാണു് ഗവണ്മെൻറിൻെറ വിശ്വാസം. അവർക്കു് പണമില്ലെങ്കിൽ വേറെ ആളുകൾക്കു് കൊടുത്തു കൃഷിചെയ്യിക്കുകയേ നിവൃത്തിയുള്ളൂ.

MR. MANKUZHI M. MADHAVAN : കൃഷിവായ്പ ഇനത്തിൽ പണം കൊടുക്കാൻ ദയവുണ്ടാകുമോ ?

HON'BLE MR. C. KESAVAN : അതു് വേറൊരു പ്രശ്നമാണു്.

MR. P. T. CHACKO: ഇനിയും കൂടുതൽ സ്ഥലം കൃഷിക്കു കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. C. KESAVAN: കഴിവുള്ളിടത്തോളം, കൂടുതൽ സ്ഥലം കൊടുക്കണമെന്നാണു ആഗ്രഹിക്കുന്നതു്.

കടയ്ക്കാവൂർ ഗ്രാമോദ്ധാരണകേന്ദ്രം.

567. **MR. MANKUZHI M. MADHAVAN:** താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രി സദയം മറുപടി നല്കുമോ ?

ചിറയിൻകീഴ്താലൂക്കിൽ കടയ്ക്കാവൂർ ഗ്രാമോദ്ധാരണകേന്ദ്രത്തിൽ ഉൾപ്പെട്ടതും കായലിനും കടലിനും ഇടയ്ക്കു കിടക്കുന്നതുമായ കായിക്കര, നെടുങ്ങണ്ട എന്നീ കരകളിൽ കുടിക്കാൻ ശുദ്ധജലം കിട്ടാതെ കഷ്ടപ്പെടുന്ന വളരെപ്പേർക്കു ശുദ്ധജലവിതരണം ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHNADRAN: അക്കാര്യത്തിൽ ഗവണ്മെൻറു ചിലതെല്ലാം ചെയ്തിട്ടുണ്ടു്. കടയ്ക്കാവൂർ ഗ്രാമോദ്ധാരണകേന്ദ്രത്തിലുൾപ്പെട്ട പ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിനുവേണ്ടി ഇതിനകംതന്നെ ചിലതെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ടു. കൂടുതലായി എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അതു അന്വേഷിച്ചു ചെയ്യാവുന്നതാണ്.

MR. MANKUZHI M. MADHAVAN: ഉടനുതന്നെ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. G. RAMACHANDRAN: അന്വേഷിച്ചു വേണ്ടതു ചെയ്യാമെന്നു പറഞ്ഞുകഴിഞ്ഞു.

Income Tax Department.

568. **MR. PAUL THALIATH:** Will the Honourable Minister for Income Tax be pleased to state:

(*a*) when the Income Tax Department was first started;

(*b*) whether a separate Income Tax Department was formed on the recommendations of an expert from outside;

( ) which department was in charge of Income-tax work before the formation of a Department;

(*d*) whether is it a fact that Tahsildars are now empowered to assess Agricultural Income-tax below Rs. 5000;

(*e*) whether he is aware that this retransfer to Revenne Department of Income-tax work is contrary to the recommendations of the Expert who first recommended the separation of the Income-tax Department;

(*f*) who is the appellate authority to hear the appeals from the assessment orders of the Tahsildars;

(*g*) whether any representations has been received against the transfer of Income-tax work to Revenue authorities; and

(*h*) if so whether any action has been taken?

HON'BLE MR. C. KESAVAN: (*a*) The Income-tax Department was started in 1097.

(*b*) The answer is in the negative. Only a separate assessing agency was set up on his recommendation.

(*c*) Land Revenue Department.

(*a*) Yes.

(*e*) In view of the reply to item (*b*) this does not arise.

(*f*) Appellate Asst. Commissioner of Income-tax is to be the appellate authority.

(*g*) Yes.

(*h*) No action was called for on this representation.

MR. PAUL THALIATH; തഹശീൽദാരന്മാരെ ഏല്പിച്ചിരിക്കുന്ന ഇൻകംടാക്സ് ജോലി തിരികെ ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിലേക്കു മാററുന്നതിനെ സംബന്ധിച്ചു ഗവൺമെൻറിനു് ആലോചനയുണ്ടോ?

HON'BLE MR. C. KESAVAN: ആലോചിച്ചിട്ടുണ്ടു്, പക്ഷേ തീരുമാനിച്ചിട്ടില്ല.

Primary Schools in Parur Taluk.

569. MR. PAUL THALIATH: Will the Honourable Minister for Education be pleased to state:

(*a*) the number of Government and Private Primary Schools respectively in Parur taluk;

(*b*) the total number of pupils who can be educated in those schools as per the Education Code; and

(*c*) the number of pupils in that taluk who are of primary school going age according to the census taken by the Education Depratment?

HON'BLE MR. T. M. VARGHESE:

(*a*) No. of Government primary schools 69
No. of Private primary schools 29

(*b*) 21239 (but according to shift system the accommodation will be doubled)

(c) 28255.

കറിച്ചി സചിവോത്തമപുരം കാളനി.

570. MR. MANNAR GOPALAN NAIR (*Thiruvalla I—General*) താഴെ പറയുന്ന ചോദ്യങ്ങൾക്ക കാളനികളുടെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കറിച്ചി സചിവോത്തമപുരം കാളനിയുടെ മേൽനോട്ടം ഇപ്പോൾ ആർക്കാണ്?

(ബി) അതിന്റെ മേൽനോട്ടം വഹിക്കുന്ന ആൾ എവിടെയാണ താമസം?

(സി) അദ്ദേഹത്തിന വേറെ ജോലി വല്ലതും ഉണ്ടോ?

HON'BLE MR. G. RAMACHANDRAN : (എ) സചിവോത്തമപുരം കാളനിയിലെ കൃഷി ഇൻസ്പെക്ടർക്കാണ്.

(ബി) സചിവോത്തമപുരത്താണ താമസം.

(സി) ഇല്ല.

MR. MANNAR GOPALAN NAIR : അദ്ദേഹം തിരുവനന്തപുരത്താണ് താമസിക്കുന്നതെന്ന അറിയാമോ?

HON'BLE MR. G. RAMACHANDRAN: ബി യുടെ ഉത്തരത്തിൽനിന്നും തിരുവനന്തപുരത്തല്ലെന്ന് വ്യക്തമാണ്.

MR. MANNAR GOPALAN NAIR : തിരുവനന്തപുരത്താണ് താമസമെന്ന പറഞ്ഞാൽ അതിനെപ്പററി അന്വേഷിക്കുമോ?

HON'BLE MR. G. RAMACHANDRAN : (ബി)യുടെ ഉത്തരത്തിൽനിന്നും അങ്ങിനെ ഒരു ചോദ്യം ഉദിക്കുന്നില്ല.

കറുച്ചി സചിവോത്തമപുരം കാളനി.

571. MR. MANNAR GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് കാളനികളുടെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കറുച്ചി സചിവോത്തമപുരം കാളനിക്ക് ഇതുവരെ എത്ര രൂപാ ചെലവായിട്ടുണ്ട്?

(ബി) അവിടെ എത്ര കുടികൾ താമസമുണ്ട്?

(സി) അതിന്റെ പ്രവർത്തനവ്യാപ്തി സമീപ ഗ്രാമപ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN :

(എ) രൂ. ൯൬,൨൧൦-൭൧-൭൦
(ബി) ൪൦.
(സി) ഇല്ല.

Paddy Purchase Officer.

572. MR. N. P. VARGHIS (*Muvattupuzha I—General*); Will the Honourable Minister for Land be pleased to state;

(*a*) the number of Paddy Purchase Officers and Purchase Accountants in the State;

(*b*) whether these officers are able to cope with the work of purchase of paddy;

(*c*) whether the purchase work is done throughout the year;

(*d*) if the answer to part (c) is in the affirmative the name of the taluks were purchase work is going on throughout the year;

(*e*) if the answer to part (c) is in the negative, will the Government consider the advisability of diverting these officers for other work except during the harvest season?

HON'BLE MR. K. M. KORAH:

(*a*)	Assistant Purchase Officer	31
	Special Accountants	299

(*b*) Yes.
(*c*) Yes.
(*d*) In all the Taluks.
(*e*) Does not arise in view of the answer to (c).

മോണ്ടിസോറി ട്രെയിനിംഗ് സെൻറർ.

573. MR. KRISHNAN AIYAPPAN (*Sherthalai III—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൧൨൬-൧൧൨൭ ഈ ആണ്ടിൽ ഗവണ്മെൻറിൽ നിന്നും എത്രപേരെ മദ്രസിൽ അഡയാറിലുള്ള Arundale മോണ്ടിസോറി സെൻററിൽ ട്രെയിനിംഗിന് അയച്ചിരുന്നു. അതിലേക്ക് ഗവണ്മെൻറിന് എന്തു ചെലവു വന്നിട്ടുണ്ട്?

(ബി) അപ്രകാരം അയച്ചവർ പരിശീലനം കഴിഞ്ഞു വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ വന്നിട്ട് എത്ര നാളായി?

(സി) ആ അദ്ധ്യാപകന്മാർ ഏതെങ്കിലും സ്കൂളുകളിൽ കുട്ടികൾക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ടോ?

(ഡി) ഈ ട്രെയിനിംഗ് ആദ്യമായി ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പാക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

HON'BLE MR. T. M. VARGHESE:

(a) 14 candidates—Rs. 12,000.

(b) Yes—Four months.

(c) No. But it is proposed to utilise the services of these trained teachers for starting nursery and special primary schools following Montessori system of teaching in the several localities of the State.

(d) The places have not been selected.

Malayalam and Tamil Primary Schools.

574. MR. GABRIEL NADAR (*Vilavancode-Latin Catholic*): Will the Honourable Minister for Education be pleased to state:

(a) the number of departmental Malayalam and Tamil Primary Schools before the introduction of compulsory primary education in Kalkulam and Vilavancode taluks respectively;

(b) the number of Malayalam and Tamil schools respectively in the above two taluks among the schools surrendered to Government by the private bodies since the introduction of compulsory primary education in these taluks;

(c) the number of Malayalam and Tamil schools respectively newly started in those taluks by Government;

(d) whether arrangements have been made to provide instruction in Tamil to all children whose mother-tongue is Tamil; and

(e) whether there are Malayalam qualified hands teaching Tamil classes in these two taluks.

HON'BLE MR. T. M. VARGHESE:

Kalkulam

(a)	Malayalam	25
	Tamil	5
	Malayalam & Tamil	1
(b)	Malayalam	14
	Tamil	35
(c)	Malayalam	5
	Tamil	9
	Malayalam & Tamil	32

(d) Arrangements have been made to provide instruction in the medium of language either Tamil or Malayalam as desired by the guardians.

(e) No.

Vilavancode

(a)	Malayalam	23
	Tamil	Nil
(b)	Malayalam	51
	Tamil	18
(c)	Malayalam	26
	Tamil	5

(*d*) Arrangements have been made to provide instruction in the medium of language either Tamil or Malayalam as desired by the guardians.

(*e*) Yes. But they are proficient in handling Tamil which is their mother tongue.

Private High Schools.

575. MR. U. K. VASUDEVAN ASARI: (*Kottayam III—Kammala*): Will the Honourable Minister for Education be pleased to state;

(*a*) the number of private High schools opened this year with departmental sanction;

(*b*) how many of these are Sanskrit High schools according to the new scheme;

(*c*) what is the principle adopted in giving sanction to the High schools;

(*d*) whether it is the policy of the Goverument to give sanction for opening new High schools without considering the objections raised by High schools already existing in the same place or closeby and

(*e*) whether the Honourable Minister thinks that according such sanction is detrimental to the interest of the latter?

HON'BLE MR. T. M. VARGHESE: (*a*) 36.

(*b*) 6.

(*c*) The Educational needs of the locality.

(*d*) No.

(*e*) The question does not arise in view of the answer to (d) above.

MR. U. K. VASUDEVAN ASARI: ഏതെങ്കിലും ഒരു സ്കൂളിന്റെ പ്രവർത്തനത്തിനു വിഘാതമായി അതിനടുത്തു മറെറാരു സ്കൂളിനു അനുവാദം കൊടുക്കുന്നതു ശരിയാണോ?

HON'BLE MR. T. M. VARGHESE: നിലവിലിരിക്കുന്ന സ്കൂളിനു തടസ്സമുണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രധാനമായി നോക്കുന്നതു്. ഒരു സ്ഥലത്തെ ആളുകൾക്കു സൗകര്യമായി വിദ്യാഭ്യാസം ലഭിക്കുന്നതിനു് ഒരു സ്കൂൾ പുതുതായി ആവശ്യമുണ്ടോ എന്നാണു് നോക്കുന്നതു്. അങ്ങിനെ ആവശ്യമെന്നു കണ്ടാൽ പുതിയ സ്കൂൾ അനുവദിക്കുകതന്നെ ചെയ്യും.

576. SHORT NOTICE QUESTION BY MR. A. NESAMONY.

MR. PRESIDENT: Order, crder.

Mr. A. Nesamony has sent a letter to me as President to direct the Prime Minister to answer a short notice question which reads as follows:—

"1. Whether the Hon'ble Prime Minister is aware of the news published in the 'Malayala Manorama' dated 3rd August 1948, that a leaflet was circulated among the members of the Legisla tive Assembly by Mr. A. J. John, the President, that 'Bharathi' has been deprived of all press privileges in this House.

2. Was any such leaflet printed and circulated;

3. Has the President taken such action as stated in the 'Malayala Manorama';

4 Has any disciplinary action been taken by the President against 'Bharathi'"

1. The first objection to this procedure is that the question ought to have been addressed to the Secretary under Rule 10. There is no provision in the Legislative Assembly rules to address a question to the President.

2. A question, if it is addressed to a Minister, must satisfy the conditions mentioned in Rule 12; that is to say, it must relate to the public affairs with which he is officially connected or to a matter of administration for which he is responsible. This question does not satisfy these requirements.

3. With regard to the question, the Hon'ble Prime Minister has stated that he has no information about it. Since the question refers to the President, I may say for the information of the House that such a news was published in the 'Manorama' as stated in the question. The news is not correct. The President has not circulated any leaflet either on the 3rd August or before that date.

4. A pamphlet named "The Penal Jurisdiction of the Legislative Assembly" published by Advocate Mr. K. K. Mathew was allowed to be circulated among the members of the House on the 5th August.

5. Since the newspaper called 'Bharathi' has not withdrawn the false and unfounded allegation made against the President, in pursuance of the direction given by the President in this House, the President has ordered on the 27th July 1948 not to issue Press ticket to that paper until further orders. (Standing Order No. 28. Admission of Press Representatives.)

WRITTEN ANSWERS.

മൂവാററുപുഴ ലിഫ്റ്റ് ഇറിഗേഷൻ.

---

577. MR. N. P. VARGHISE: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: ഇറിഗേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മൂവാററുപുഴ ആററിന്റെ തീരത്തുള്ള നിലങ്ങളിൽ ലിഫ്ററ് ഇറിഗേഷൻ പദ്ധതിമൂലം കൃഷി വികസിപ്പിക്കുന്നതിനു വല്ല നടപടികളും ഗവണ്മെൻറു എടുത്തിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) മൂവാററുപുഴ മുതൽ പിറവംവരെ ഇലക്ട്രിക്ക്ലൈൻ നദീതീരത്തുകൂടി നീട്ടുന്നപക്ഷം ൧൦,൦൦൦ ഏക്കർ നിലം ഇരുപ്പൂ കൃഷിചെയ്യുവാൻ സാധിക്കുമെന്ന് ഇറിഗേഷൻ മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH: (a) Yes.

(b) No. It is reported that 1860 acres will be benefited.

കുടിയിറക്ക്.

578. MR. A. V. JOSEPH (*Kunnathunad I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

ജന്മികൾ തങ്ങളുടെ കുടിയാന്മാരെ കുടിയിറക്കുന്നതായും യാതൊരു കാരണവുംകൂടാതെ പാട്ടവസ്തുക്കൾ ബലമായി ഒഴിപ്പിച്ചു വരുന്നതായും ഗവണ്മെൻറിനറിയാമോ?

ഉണ്ടെങ്കിൽ അതിനെ തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഇല്ലെങ്കിൽ ഇതിനെ തടയുന്നതിനു വേണ്ടതു ഉടൻ ചെയ്യുവാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: No.

ചാലുകളിൽ നിന്നുള്ള മത്സ്യബന്ധനം.

579. MR. WILSON PETER (*Shertallai III—Latin Catholic Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: ഫിഷറി ഡിപ്പാർട്ടുമെൻറിന്റെ ചാർജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

(എ) ചേർത്തലത്താലൂക്കിലുള്ള പുറംപോക്കു ചാലുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാമമാത്രമായ തുകകൾക്ക് സ്ഥിരപാട്ടമായി കൊടുത്തിട്ടുള്ളതുകൊണ്ട് ഈ ചാലുകളിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ദാരുണമായ ചൂഷണത്തിനു വിധേയരായി കഴിയുന്നു എന്നുള്ളതു ബഹു: മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) അപ്രകാരമുള്ള ചാലുകളിൽനിന്നുള്ള മത്സ്യബന്ധനം ഫിഷറിഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ ഗവണ്മെൻറു നിരക്കനുസരിച്ച് തൊഴിലാളികൾക്ക് പാസുകൊടുത്തു് നടത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) വേണ്ടതു ചെയ്യുന്നതാണ്.

മത്സ്യവ്യവസായം.

580. MR. WILSON PETER : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: മത്സ്യവ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മത്സ്യവ്യവസായം പുനരുദ്ധാരിക്കുന്നതിന് ഇൻഡ്യാഗവണ്മെൻറിൽനിന്നും എന്തെങ്കിലും ധനസഹായം തിരുവിതാംകൂറിനു ലഭിച്ചിട്ടുണ്ടോ?

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ അതെത്ര?

(സി) എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്? അവ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) ൩,൮ ൭,൨ ൦ ൦ രൂപാ.

(സി) 'ബി' ഖണ്ഡത്തിൽ പറയുന്ന തുകയും, നമ്മുടെ ഗവണ്മെൻറ് അനുവദിച്ചിട്ടുള്ള ൨,൩൭,൦ ൪ ൦ രൂപായും മത്സ്യോല്പാദനം, സംഭരണം, വിതരണം, ശുദ്ധജലാശയങ്ങളിലും കായലിലും മത്സ്യം വളർത്തുക ആദിയായ നാലു ഗവേഷണപദ്ധതികൾക്കായി വിനിയോഗിക്കുകയാണ്. പദ്ധതികളെല്ലാം വിജയപ്രദങ്ങളാണ്.

മത്സ്യവ്യവസായത്തെപ്പററിയുള്ള പരിശീലനം.

581. MR. WILSON PETER : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: മത്സ്യവ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മത്സ്യവ്യവസായത്തെപ്പററിയുള്ള പരിശീലനം നടത്തുന്നതിന് സയാമിലേക്ക് ആരെയെങ്കിലും അയച്ചിട്ടുണ്ടോ?

(ബി) അദ്ദേഹത്തിൻെറ പേരെന്താണു?

(സി) അദ്ദേഹത്തിനുതന്നെ ഈ പരിശീലനത്തിനയയ്ക്കുവാൻ തക്ക പ്രത്യേകയോഗ്യതകളുണ്ടോ?

(ഡി) അതിനായി ഗവണ്മെൻറിൽനിന്നും എത്ര സംഖ്യ ചെലവാക്കിട്ടുണ്ട്?

(ഇ) അദ്ദേഹം പരിശീലനം കഴിഞ്ഞു തിരിച്ചെത്തിയതിനുശേഷം എന്തെല്ലാം പുതിയ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്?

HON'BLE MR. K. M. KORAH: (എ) രണ്ടുപേരെ അയച്ചിട്ടുണ്ടായിരുന്നു. സയാമിലേയ്ക്കല്ല, മലയായിലേയ്ക്കായിരുന്നു.

(ബി) മി. കെ. ഗോപിനാഥപിള്ളയും (Senior Research Officer, Fisheries Development Schemes) എം. സൈമൺ ഡിക്രൂസും (an experienced fisherman)

(സി) ഉണ്ട്.

(ഡി). ൩൬൫൦ രൂപാ.

(സി) പരിശീലനം കഴിഞ്ഞുവന്ന രണ്ടുപേരുടേയും മേൽനോട്ടത്തിൽ ഒരു റിങ്ങ്നെറ്റ് (പുരുക്ക വലയോടു സാദൃശ്യമുള്ളത്) ഉണ്ടാക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതു തയ്യാറായി കിട്ടിയ ഉടൻ തന്നെ അതുപയോഗിച്ച് നമ്മുടെ കടലിൽനിന്നും മീൻപിടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

Construction of a Dam.

582. **MR. A. RAMASUBRAMONIA KARAYALAR** (*Shencottah—General*): Will the Hon'ble Minister for Agriculture be pleased to state:

(*a*) whether the Government have any proposal of putting up a dam for the purpose of permanent storage of water for improving the irrigation facilities in Shencotta taluk; and

(*b*) if the answer is in the affirmative what are the steps the Government have taken in the matter?

HON'BLE MR. K. M. KORAH: (*a*) No.

(*b*) Does not arise in view to answer (a)

മത്സ്യോല്പാദന കേന്ദ്രം.

583. **MR. WILSON PETER:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: മന്ത്രി സദയം മറുപടി പറയുമോ?

(എ) കായംകുളത്ത് ഒരു മത്സ്യോല്പാദനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിക്ക് എത്രമാത്രം പണം വ്യയം ചെയ്തിട്ടുണ്ട്?

(സി) അവിടെ എത്ര മാത്രം മത്സ്യം ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്?

(ഡി) ഈ പദ്ധതിയിൽനിന്ന് ഗവൺമെന്റിന് എന്തെങ്കിലും ആദായം ഉണ്ടായിട്ടുണ്ടോ?

(ഇ) ആ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനു് എന്തു ശമ്പളം കൊടുത്തുവരുന്നു?

(എഫ്) ആ ഉദ്യോഗസ്ഥനു യൂണിവേഴ്സിറ്റി പ്രൊഫസറുമായി എന്തെങ്കിലും ബന്ധമുണ്ടോ?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) ൧൧൨൧ മിഥുനമാസാവസാനം വരെ ശമ്പളവകയിൽ ൭,൩൭൮൨ രൂപായും, മൂലധനനിക്ഷേപങ്ങളിൽ ൧൦,൧൬൯ രൂപായും, മററിനങ്ങളിലായി ൪൩൩൨ രൂപായും ചെലവാക്കീട്ടുണ്ട്.

(സി) മീൻ വളർത്തുവാനുള്ള കുളങ്ങളുടെ പണി ഇതുവരെ പൂർത്തിയായിട്ടില്ലെങ്കിലും കഴിഞ്ഞ പന്ത്രണ്ടു മാസങ്ങളിലായി ഏകദേശം ൧൭,൦൦൦ റാത്തൽ മത്സ്യം വിററിട്ടുണ്ട്.

(ഡി) ഉണ്ട്. ൪,൩൧൭ രൂപാ.

(ഇ) ൧൨൯ രൂപാ (൧൨൭-൧൦-൧൧൭)

(എഫ്) ഉണ്ട്. ഡാക്ടർ സി. സി. ജാണിന്റെ സഹോദരിയാണ്.

ഉപ്പുവെള്ളംമൂലം നെൽകൃഷിനഷ്ടം.

584. **MR. K. KUTTAPPAN** (*Mavelikara III—Thandar Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കാർത്തികപ്പള്ളി താലൂക്കിൽ മുതുകുളം, കീരിക്കാട്, കണ്ടല്ലൂർ എന്നീ സ്ഥലങ്ങളിൽ ഉപ്പു വെള്ളം കയറി നെൽകൃഷി നഷ്ടപ്പെട്ടു പോയതു ഗവണ്മെന്റിനറിയാമോ?

(ബി) നെൽകൃഷിചെയ്യുന്ന സ്ഥലങ്ങളിൽ ഉപ്പുജലം കയറാതിരിക്കത്തക്കവണ്ണം ഗവണ്മെന്റിൽനിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. M. KORAH : (a) Yes.

(b) Yes.

Reference re answering of questions.

MR. K. S. JOSEPH (*Thiruvalla VI—General*) : സർ, ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ൭൨൧-ാം, ൭൨൮-ാം ചോദ്യങ്ങൾ പല തവണ ലിസ്റ്റിൽ ചേർത്തിട്ടും ഇതുവരെ ഗവണ്മെന്റിൽ നിന്നും അതിന് ഉത്തരം കിട്ടിയിട്ടില്ല. എങ്കിലും ആ ചോദ്യങ്ങളിൽ അടങ്ങിയിരിക്കുന്ന കാര്യം എന്താണെന്ന് അന്വേഷിച്ചു മന്ത്രിസഭ അതിന്മേൽ വേണ്ട നടപടി എടുക്കണമെന്നൊരു അപേക്ഷയുണ്ട്.

MR. PRESIDENT : ചോദ്യം അയയ്ക്കുമ്പോൾതന്നെ ഇന്ന തീയതിക്ക് ഉത്തരം പറയണമെന്നു വ്യവസ്ഥയുണ്ട്. കഴിവുള്ളിടത്തോളം ആ തീയതിക്കുതന്നെ ഉത്തരം പറയേണ്ടതാണ്. ഇതിനെപ്പററി ഞാൻ രണ്ടുമൂന്നു തവണ പ്രസ്താവിച്ചിട്ടുള്ളതാണ്. അതിൽ കൂടുതലായി എനിക്ക് ഒന്നും പറയാനില്ല. അടുത്ത സെഷൻ മുതൽ അതാതു തീയതിതന്നെ ഉത്തരം നൽകാൻ ശ്രമിക്കേണ്ടതാണ്.

MR. K. A. MATHEW : അങ്ങനെ മന്ത്രിമാർക്ക് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

MR. PRESIDENT : ഈ സഭയിൽ പ്രസ്താവിക്കുന്നതിൽ കൂടുതലായി ഒന്നും ചെയ്തിട്ടില്ല.

MR. K. A. MATHEW : അങ്ങിനെ ഒരു നിർദ്ദേശം കൊടുക്കുന്നതു കാര്യക്ഷമമായിരിക്കുകയില്ലേ ?

MR. PRESIDENT : സഭയിൽ പ്രസ്താവിക്കണമെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

MR. P. NANOO (*Chirayinkil II—General*): സർ, പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി ഞാൻ ഒരു ചോദ്യം അയച്ചിരുന്നതിന് മറുപടി കിട്ടിയിട്ടില്ല.

MR. PRESIDENT : ചോദ്യങ്ങൾക്ക ഉത്തരം പറയേണ്ട രീതിയെപ്പററി പറഞ്ഞുകഴിഞ്ഞു. കൂടുതലായി ഒന്നും പറയാനില്ല.

MR. K. K. CHELLAPPAN PILLAI (*Mevelikara II—General*) : ചില ചോദ്യങ്ങൾ അഡ്മിററ് ചെയ്യാത്തതിനുള്ള കാരണങ്ങൾ കാണിക്കാൻ ദയവുണ്ടാകുമോ?

MR. PRESIDENT : സ്വീകരിക്കാത്ത ചോദ്യങ്ങൾ തക്കതായ കാരണങ്ങൾ വിവരിച്ചാണു തള്ളിയിരിക്കുന്നത്. അഡ്മിററു ചെയ്യാത്തതിൻെറ കാരണങ്ങൾ മെമ്പറന്മാരെ അറിയിക്കുന്നതിന് പ്രത്യേകം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. അങ്ങനെ അറിയിച്ചിട്ടുണ്ടെന്നുമാണ് എൻെറ അറിവ്.

MR. P. T. CHACKO : ഞാൻ അയച്ചിട്ടുള്ള ൧൧൩-ാമത്തെ ചോദ്യം വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചുള്ളതാണു. ആ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന കാര്യത്തെ സംബന്ധിച്ച ഗവണ്മെൻറിൻെറ നയം എന്താണെന്നു അറിയാൻ ജനങ്ങൾക്ക് വളരെ ആഗ്രഹമുണ്ട്. ആ ചോദ്യത്തിനു ഉത്തരം കിട്ടിയില്ലെങ്കിലും അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്യുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അയയ്ക്കുന്ന ചോദ്യങ്ങൾ എല്ലാം തന്നെ പ്രാധാന്യമുള്ളവയാണെന്നാണ് വിചാരിക്കേണ്ടതു.

[Mr. President.]

ഈ അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർമാരോടു ഒന്നു പറയാനുണ്ട്. നിസ്സാരമായ ചോദ്യങ്ങൾ അയച്ചു ചോദ്യങ്ങളുടെ എണ്ണം കൂട്ടാതെ അത്യാവശ്യവും പ്രധാനവുമായ ചോദ്യങ്ങൾ മാത്രം അയയ്ക്കുന്നതിന് മെമ്പറന്മാർ ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രാവശ്യം അയച്ചിട്ടുള്ള ചോദ്യങ്ങളിൽ അപ്രധാനമായിട്ടുള്ള ചോദ്യങ്ങൾ ധാരാളമുണ്ടെന്നു പറയേണ്ടിവന്നതിൽ എനിക്കു വളരെ മനോവ്യഥയുണ്ട്. മേലാലെങ്കിലും ഇക്കാര്യത്തിൽ മെമ്പറന്മാർ പ്രത്യേകം ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

HON'BLE MR. C. KESAVAN : ഒരേ ചോദ്യത്തിന്റെ ഉത്തരം പല പ്രാവശ്യം പറയേണ്ടിവരുന്ന ഏർപ്പാടുകൂടി നിറുത്തിയാൽ കൊള്ളാമെന്നൊരപേക്ഷയുണ്ട്.

MR. PRESIDENT : ഇപ്പ്രകാരം നിലവിലിരിക്കുന്ന റൂൾസ് അനുസരിച്ച് ഉത്തരം പറയേണ്ട തീയതി ചോദ്യം അയയ്ക്കുമ്പോൾ തന്നെ വിവരിക്കണമെന്നുണ്ട്. ഒരേ ചോദ്യം പല മെമ്പറന്മാർ പല തീയതികളിൽ ഉത്തരം പറയുന്നതിനായി അയച്ചാൽ ഈ പ്രയാസം ഉണ്ടാകുന്നതാണ്. അതിനൊരു മാററം വരുത്തണമെന്നുണ്ടെങ്കിൽ റൂൾസു ഭേദഗതി ചെയ്യണം.

Reference re-hunger strike in the Alleppey jail.

MR. A. NESAMONY (*Vilavancode—S. I. U. C. Reserved*) : With your permission, Sir, I wish to enquire from the Hon'ble Minister for Law and order whether he has any statement to make to this House about the hunger strikers in the Alleppey Lock-up.

HO'BLE MR A. THANU PILLAI : സർ, ഹംഗർ സ്ട്രൈക്ക് നിറുത്തി, എല്ലാവരും ആഹാരംകഴിച്ചു എന്നാണ് എനിക്കു കിട്ടിയിട്ടുള്ള അറിവ്. അല്ലാതെ അതു സംബന്ധിച്ചു ഭയത്തിനോ ആശങ്കയ്ക്കോ ഒന്നും വകയില്ല. പിന്നെ ഒരു ഫാക്ടറിയിൽ കമ്മ്യൂണിസ്റ്റുകാരുടെ നിർബന്ധം മൂലം പിരിച്ചുവിട്ട ആളിനെ തിരിയെ ജോലിക്കു എടുക്കുകയും ചെയ്തു. അങ്ങിനെ അവിടത്തെ സ്ട്രൈക്കും അവസാനിച്ചിരിക്കുന്നു.

APPENDIX I.

(VIDE ANSWER TO QUESTION No. 533)

Industrial Loans granted during the last 10 years with names of parties, amount given etc.

Year.	Name.	Amount. Rs.	Ch.	C.	Date of Issue.
1113	1. P. S. Kameswara Iyer, Trivandrum	1,200	...	...	4-3-1113
	2. P. J. Chacko, Quilon	1,000	...	...	do.
	3. A. K. Padmanabhan, Shertallai	750	...	...	20-3-1113
	4. R. Sivanandy, Balaramapuram	500	...	...	22 10-1113
	5. S. Kumara Pillai	1,000	...	...	31-10-1113
	6 P. M. Madhava Panicker, Kavalam	700	...	...	28-10-1113
	7. C. S. Swaminatha Sastri, Trivandrum	4,000	...	...	24-11-1113
	8. Oollanur Rural Reconstruction Society, Pandalam	1,500	..	...	20-11-1113
	9. K M. Parameswaran Pillai, Kayamkulam	600	...	...	18-12-1113
1116	1. M. K. Padmavathi Amma, Changanacherry	750	...	...	9-5,1116
	2. Abraham Varkey, Kozhuvanal	175	...	..	16-6-1116
	3. T. J. Pailey, Thodupuzha	1,250	...	...	19-6-1116
	4. St Thomas, Tile Works, Alwaye	2,000	...	...	6-7-1116
	5. K. T. Chanda Pillai, Pathanamthitta	400	...	...	7-7-1116
	6. St. Thomas Tile Works, Alwaye	2,500	...	...	25-12-1116
	7. Abraham Varkey, Kozhuvanal	750	...	...	29-12-1116
1117	1. Mathai, Yohannan, Pathanamthitta	50	...	...	20-2-1117
	2. Malayappa Nadar Vyakappa Nadar, Eraniel	250	...	...	10-11-1117
	3. K. Lakshmi Amma, Palai	750	...	...	20-12-1117
	4. K. V. Thomas, Ambalapuzha	1,000	...	..	30-12-1117
	5. Pathrose Chacko, Kunnathunad	160	...	...	2-1-1118
1118	1. G. Raghavan Pillai, Pathanamthitta, Ranni	500	...	...	24-12-1118
	2. K. S. Fakir Sahib, Pathanamthitta, Ranni	1,000	...	...	22-12-1118
	3. Manikom Asari, Parassala	300	.	...	1-1-1119
1119	1. Philipose Abraham, Thiruvalla	750	...	...	25-12-1119
	2. Geevarghese Chacko, Venmony	1,050	...	...	do.
	3. K. S. Chellappan Pillai, Quilon	200	...	...	28-12-1119
1121	1. George Cruz, Trivandrum	200	...	...	25-2-1121
	2. S. Venkitachalam Iyer, Karunagapally	1,000	...	...	21-11-1121
	3. Mahila Mandiram, Trivandrum	2,500	...	...	3.[illegible]1121

APPENDIX II.

(*Vide* Answer to Question No. 536.)

Statement showing the uplift work done in Nattalam, Thiruvattar and Midalam Village Uplift Centres.

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School	Reading rooms.	Radio.	Library.	Co-operative societies opened.	
Nattalam.	PUBLIC WORKS PROPER.							
	1. Opening a road from Nelveli temple to connect Marthandom Karungal road ...	In progress	1	2	1	1	1	Necessary action is being taken for acquiring the requisite lands for the construction of village hall in this centre.
	2. Constructing culverts and cross-road drains on the road from Nelveli temple to connect Marthandom-Karungal road ...	do.	..	..	..	..	..	
	3. Constructing a road from Kallukoottam to Palliyadi evening market ...	do.	..	..	..	..	..	

APPENDIX II.—(*contd*)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School	Reading rooms.	Radio.	Library.	Co-operative societies opened.	
Nattalam.—(*contd.*)	PUBLIC WORKS PROPER.—(*contd.*)							
	4. Construction of culverts on the road from Kallukoottam to Palliyadi evening market ...	In progress	..	..	..	..	..	A Midwife has been appointed in this centre.
	5. Opening 12' pathway from Eraviputhoorkada Karungal road to Kanjiracode ela ...	Completed	..	..	..	..	..	
	6. Opening 12' pathway joining Kattagom with Mundavila road ...	In progress	..	..	..	..	..	

APPENDIX II.—(*contd.*)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
	Particulars.	Whether completed or in progress.	Propaganda and Adult Education.				Co-operation.	
			Night School	Reading rooms.	Radio.	Library.	Co-operative societies opened.	
Nattalam.—(*contd.*)	PUBLIC WORKS PROPER.—(*contd.*)							
	7. Opening a road from Varicode to Kallukootam ...	In progress	..	..	..	..	..	
	8. Opening a road from Karungal road 2nd mile to Vazhathottam Eravi-putoorkadai–Karungal road ..	do.	..	..	...	..	..	
	9. Opening a road from Moolankuzhi to Nelveli temple road ...	do.	..	..	..	..	..	
	10. Opening a road from 26th mile 2nd furlong M.S. road to Mundavilai in Marthandom Karungal road ...	do.	..	..	..	..	..	

APPENDIX II.—(*contd.*)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School	Reading rooms.	Radio.	Library.	Co-operative societies opened.	
Nattalam. —(*contd.*)	PUBLIC WORKS PROPER.—(*contd.*)							
	11. Opening 12' trace from Nattalam via Perumkulam bend to Thoduvetty cattle market ...	In progress	..	..	..	..	..	
	12. Opening a road from Pazhakadai 2nd mile Eravi-puthur Karungal road to Mundavila Marthandom Karungal road ...	do.	..	..	..	..	..	
	13. Protective works to road from Varicode to Mullu-kootam ...	do.	..	...	..	..	..	

APPENDIX II.—(contd.)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School	Reading rooms.	Radio.	Library.	Co-operative societies opened,	
Nattalam.—(contd.)	PUBLIC WORKS PROPER.—(contd.)							
	14. Masonry works such as culverts etc., on the road from Varicode to Kallukoottam ...	In progress	..	...	..	..	..	
	15. Additional improvements and constructing masonry works to the road from Pazhayakada 2nd mile Eraviputhoorkada Karungal road, to Mundavila Marthandom Karungal road ...	do.	...	..	..	..	..	
	16. Constructing additional masonry works etc. for the road from the 26th mile 2nd furlong M. S. road to Mundavila Marthandom Karungal road ...	do.	...	...	..	..	..	

APPENDIX II—(*contd.*)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School	Reading rooms.	Radio.	Library.	Co-operative societies opened.	
Nattalam—(contd.)	PUBLIC WORKS *re*: PUBLIC HEALTH.							
	1. Sinking a well at Chankai ...	In progress.	...	...	...	...	...	
	2. Improvements to a well at Kannanvilagom ...	Completed.	...	...	...	...	...	
	3. Improvements to a well at Kattagom ...	In progress.	...	...	...	...	...	
	4. Sinking a well at 2nd mile 7th furlong Marthandom Karungal road ...	do.	...	...	...	...	...	
	5. Improvements to a well at Oorampalam ...	do.	...	...	...	...	...	
	6. Constructing a well at Kolluvilagom ...	Completed.	...	...	...	...	...	

APPENDIX II—(contd.)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School	Reading rooms.	Radio.	Library.	Co-operative societies opened.	
Thiruvattar.	PUBLIC WORKS PROPER.							
	1. Improving the trace from Marthandom Pechipara road 6/4 to meet the left Bank channel of Thripparappu to the dam ...	In progress.	1	...	2	...	1	A sum of Rs. 150 is sanctioned for buying 10 bee-hives Guinea grass and mango-grafts to have been distributed as per the requisition of the Committee. The Committee have requested for agricultural implements.
	2. Opening the trace from Thetticode trace to the Kesavapuram road ...	do.	...	...	...	...	...	
	3. Improvements to foot path from Kothayar Division to Charoor Bharathapalli school ...	do.	...	...	...	...	...	
	4. Construction of a dam across Thiruvarambuvilai ...	do.	...	...	...	...	...	

APPENDIX II—(*contd.*)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School	Reading rooms.	Radio.	Library.	Co-operative societies opened.	
Thiruvattar—(contd.)	PUBLIC WORKS *re*: PUBLIC HEALTH.							
	1. Improvements to Thalayil gramom Single street ...	In progress.	...	...	...	...	...	Arrangements are in progress regarding the supply of suitable Radio sets to the Centres opened in 1123.
	2. Improvements to Chetty street ...	do.	...	...	...	...	...	
	3. Improvements to Nanthavan street ...	do.	...	...	...	...	...	
	4. Improvements to Kottara street ...	do.	...	...	...	...	...	
	5. Improvements to Thekkedathu street ...	do.	...	...	...	...	...	
	6. Sinking a well at Marthandom Pechipara junction ...	do.	...	...	...	...	...	
	7. Repairs to the existing well near Chempalloor ...	do.	...	...	...	...	...	

APPENDIX II—(*concld.*)

Name of Centre.	Public Works sanctioned.		Other uplift measures.					Remarks.
			Propaganda and Adult Education.				Co-operation.	
	Particulars.	Whether completed or in progress.	Night School.	Reading rooms.	Radio.	Library.	Co-operative societies opened.	
Midalam.	PUBLIC WORKS PROPER.							
	1. Opening a 10' pathway from 5/7 Eraviputhoorkada Colachal road to Erukalampady ...	In progress.	1	...	...	...	...	For the registration of a Multi-purpose co-operative Society the Bye-laws have forwarded to the Registrar of Co-operative Societies.
	2. Opening a 12' trace from 4th mile stone, Mulagumood Colachal road from Mathiruvila to Pampoori Vaikal ...	do.	...	...	...	...	...	
	PUBLIC HEALTH WORKS.							
	1. Repairs to Parayanvila well near Alankulam ...	do.	...	...	...	...	...	
	2. Sinking a well at Ambalathuvila Puthenvila ...	do.	...	...	...	...	...	
	3. Improving the existing well at Thakkalivila ...	do.	...	...	...	...	...	

ANNOUNCEMENT RE: ELECTION OF A MEMBER TO THE CONSTITUENT ASSEMBLY OF INDIA.

MR. PRESIDENT: ഈ സഭയിൽ നിന്നു ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിലേയ്ക്കു് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരിൽ ഒരു മെമ്പറും മിസ്റ്റർ എ. അച്യുതൻ തൽസ്ഥാനത്തുനിന്നും രാജിവച്ചിരിക്കുന്നതുകൊണ്ടു് വേറെ ഒരു മെമ്പറെ തിരഞ്ഞെടുക്കേണമെന്നു് ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. ഇതിലേയ്ക്കുള്ള നാമനിർദ്ദേശങ്ങൾ ഇന്നു് ഉച്ചയ്ക്കു് ൨ മണിക്കു മുമ്പായി ഗവർമെൻറു സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണു്. വൈകുന്നേരം സഭാനടപടികൾ അവസാനിച്ചതിനു ശേഷം നാമനിർദ്ദേശങ്ങൾ പരിശോധിക്കുകയും ഒന്നിൽ കൂടുതൽ നാമനിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പു നടത്തുന്നതുമാണു്.

REFERENCE RE: MR. P. S. NATARAJA PILLAI'S MEMBERSHIP IN THE CONSTITUENT ASSEMBLY OF INDIA.

MR. A. NESAMONY: Sir, on a point of information. It was published in the Malayala Manorama yesterday that the Honourable Member Mr. P. S. Nataraja Pillai was not allowed to take oath in the Constituent Assembly as he is the Liaison Officer of this Government. Is it a fact?

MR. P. S. NATARAJA PILLAI (*Trivandrum V—General*): Sir, as this question refers to me, I request your permission to answer it. I saw the news item in the Malayala Manorama. Unfortunately, Manorama, a respectable paper in Travancore, has published unfounded and absolutely false news, with what motive I cannot say. As a citizen of this State, I was entitled to be consulted before any statement like that was published by a responsible Journal.

Then coming to the fact, when I went, I was deputed as Representative of Travancore in the Indian Constituent Assembly and as Adviser to Travancore at Delhi to attend the Export Advisory Council which was to meet on the 5th August. A session of the Indian Constituent Assembly was to be held on the 9th August. I thought I may swear in and take my seat therein. But the credential that I took was defective; it was not in consonance with the rules of the Indian Constituent Assembly.

MR. ABDUL RAZAAK: Will the Honourable Member be pleased to state what was the defect observed in the credential?

MR. P. S. NATARAJA PILLAI: The credential was defective, I do not go beyond that. It was found to be defective.

MR. ABDUL RAZAAK: Will not the Honourable Member inform us the defect?

MR. D. GNANASIGAMONI: Was not the defect due to the fact of his appointment as Liaison Officer of Travancore State?

MR. P. S. NATARAJA PILLAI: The credential was defective. It is not a defect of the person who was carrying the credential. That is the distinction which I would like my friends to understand when I said that the credential I took was defective.

MR. P. T. CHACKO: May I know whether Messrs. E. John Philipose and R. V. Thomas have been sworn in with the same credentials?

MR. P. S. NATARAJA PILLAI; I am not in a position to answer that question.

MR. THARIATHU KUNJITHOMMEN (*Muvattupuzha II—General*): മലയാളത്തിൽ പറഞ്ഞാൽ എന്നേപ്പോലെയുള്ളവർക്കുകൂടി മനസ്സിലാക്കാൻ കഴിയുമായിരുന്നു.

MR. P. S. NATARAJA PILLAI: I would request my friend to excuse me.

I presented my credential to the Secretary of the Indian Constituent Assembly. According to the rules, it was brought to my notice that the credential was defective. On the 9th August I drew the attention of the Travancore Government to this and wanted to know whether I was right in attending the Constituent Assembly Session. Further there was the question whether I can be a member of two Legislatures at the same time and I wanted to take further advice and, therefore, I returned. I was never a Government servant and I never accepted a place in the Government service. I do not know what is the motive with which a respectable Journal like Manorama has published the false news. I hope it will rectify the mistake.

MR. K. A. MATHEW: മെമ്പർ തിരുവിതാംകൂർ ഗവൺമെൻറിൽനിന്നും ശമ്പളം പററുന്നുണ്ടോ എന്നു പറയുമോ?

MR. P. S. NATARAJA PILLAI: Am I entitled to answer that question, Sir?

PRESIDENT: No.

LEGISLATIVE BUSINESS.

THE TRAVANCORE GENERAL SALES TAX BILL—(*contd.*)

MR. ABDUL AZIZ (*Trivandrum I—Muslim*): സർ, ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ തര്യത്തുകുഞ്ഞിത്തൊമ്മൻ ഇന്നലെ ഈ ബില്ലിനെ സംബന്ധിച്ചു ചെയ്ത പ്രസംഗത്തിലെ വാദഗതികളോടു മുഴുവൻ അനുകൂലിച്ചുകൊണ്ടും അദ്ദേഹം ഇതിൻെറ തത്വത്തോടു യോജിക്കുന്നു എന്നു പറഞ്ഞതിനോടു വിയോജിച്ചുകൊണ്ടുമാണ് ഞാൻ പ്രസംഗം ആരംഭിച്ചതു്. സുശക്തമായ ഭാഷയിൽ വ്യക്തമായ രീതിയിൽ അദ്ദേഹം വിമർശിച്ചു ഈ ബിൽ നിയമമാക്കുന്നതു് ഈ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വലിയ വൈഷമ്യത്തെ ഉണ്ടാക്കുമെന്നുള്ളതിൽ സംശയ

മില്ല. വസ്തുതകൾ അദ്ദേഹം തുറന്നു പറഞ്ഞതിന് ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. ജനകീയഗവണ്മെൻറ് നിലവിൽ വന്നിട്ട് വളരെ കാലം ആയില്ല. ഈ ഹ്രസ്വകാലയളവിനുള്ളിൽ ജനകീയ ഗവണ്മെൻറ് ജനങ്ങൾക്ക് നൽകിയ 'ദാനങ്ങളുടെ' ഭാരംകൊണ്ട് ജനങ്ങൾ ഇന്നു പൊറുതിമുട്ടിയിരിക്കുകയാണ്. ആദ്യമായി അരിവില വർദ്ധിപ്പിച്ചു. അതുകഴിഞ്ഞു രണ്ടു രൂപായ്ക്ക് കർഷകൻെറ പക്കൽ നിന്നു നെല്ലു വാങ്ങി പ രൂപായ്ക്ക് തിരിച്ചു വിൽക്കുന്ന ഒരു പദ്ധതി ഏർപ്പെടുത്തി. ഈ നിലയിൽ പല ദാനങ്ങളും ജനകീയഗവണ്മെൻറു തുടർന്നു നൽകിക്കൊണ്ടിരിക്കുന്നു!

MR. P. M. VARGHESE : ദാനം ഭാരമുള്ളതാണെങ്കിൽ അത് വാങ്ങാതിരുന്നാൽ പോരേ ?

MR. ABDUL AZIZ : അതിനുള്ള മുഴുവൻ സ്വാതന്ത്ര്യവും ജനങ്ങൾക്കുണ്ട്. അത് അവർ പ്രയോഗിക്കുകയും ചെയ്യും.

ഇങ്ങനെയുള്ള ദാനത്തിൻെറ അടുത്ത പടിയാണ് ഈ വില്പന നികുതി. മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം വരവിൽ കുറവു വന്നിട്ടുള്ളതുകൊണ്ട് ആ നഷ്ടം നികത്താനാണ് ഈ ബിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ പലിശയും പലിശയ്ക്കു പലിശയും ഈടാക്കുന്ന ഹുണ്ടിയൽ കടക്കാരൻെറ മനഃസ്ഥിതി ഒരു ജനകീയഗവണ്മെൻറ് വച്ചു പുലർത്തുന്നത് ശരിയല്ല എന്നു പറയാതിരിക്കാൻ തരമില്ല. ജനങ്ങളിൽ നിന്ന് എത്രത്തോളം ഈടാക്കിയാലും മതിയാക്കാതെ വീണ്ടും അവരെ ദുർബലരാക്കുന്ന രീതിയിൽ നികുതികൾ ഏർപ്പെടുത്തി മുമ്പോട്ടുപോയാൽ ജനങ്ങൾ വിഷമിക്കാതെ തരമില്ല. ചെലവു കൂടിപ്പോയതുകൊണ്ട് വരവു വർദ്ധിപ്പിക്കണമോ അതോ ഇവിടത്തെ സാമ്പത്തികസ്ഥിതിയനുസരിച്ചു വരവിന് അനുരൂപമായി ചെലവ് നിയന്ത്രിക്കണമോ എന്നാണ് നാം ചിന്തിക്കേണ്ടത്. അങ്ങനെ ചെലവ് നിയന്ത്രിക്കാനുള്ള പദ്ധതി രൂപീകരിക്കുന്നതാണ് ഇന്നു രാജ്യത്തെ സാമ്പത്തികസ്ഥിതി പരിഗണിക്കുമ്പോൾ ഉത്തമമായിട്ടുള്ളതെന്നു തീർച്ചയായും ഗവണ്മെൻറിന് ബോദ്ധ്യപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. സാധാരണയായി ഇങ്ങനെയുള്ള നടപടികൾ കൊണ്ടുവരാൻ ആരംഭിക്കുന്ന അവസരങ്ങളിലെല്ലാം മററു നാട്ടുരാജ്യങ്ങളുടേയും പ്രവിശ്യകളുടേയും ഉദാഹരണങ്ങളും നടപടികളും എടുത്താൻ ഒരാവേശം കാണിക്കുന്ന പതിവ് ഇവിടെ കാണുന്നു. ജനങ്ങൾ അനുകരിക്കാത്ത കാര്യങ്ങളെ സംബന്ധിച്ചാണ്

[Mr. Abdul Aziz]

ഇപ്രകാരമുള്ള ആരോപണങ്ങളും ധാരാളമായി സ്വീകരിക്കാവുന്നതു്. എന്നാൽ ജനങ്ങൾക്കു കൊടുക്കാനുള്ള കഴിവു് എത്രയുണ്ടു് എന്ന കാര്യത്തെ ശരിയായ പരാമർശങ്ങൾ വരുമ്പോഴും മററു രാജ്യങ്ങളിലെ നടപടികൾ ശ്രദ്ധിക്കാൻ മടികാണിക്കരുതു്. അങ്ങനെ നോക്കിയാൽ മററു രാജ്യങ്ങളിൽ ഈ വിധത്തിലുള്ള നികുതി ഏർപ്പെടുത്തിയപ്പോഴും ഭാരത്തു് എത്രത്തോളം ആശ്വാസം ലഭിച്ചിട്ടുണ്ടു് എന്നു പരിശോധിക്കയും, നമ്മുടെ സാമ്പത്തിക സ്ഥിതി അതിനെ അനുവദിക്കുന്നുണ്ടോ എന്നു അന്വേഷിക്കയും ചെയ്തിട്ടുവേണം പുതിയ പുതിയ നികുതികൾ കൊണ്ടുവരാൻ. അങ്ങനെ നോക്കിയാൽ ഈ നാട്ടിലെ ജനങ്ങളിൽ അധികവും കൃഷിക്കാരാണെന്നും കുറെഭാഗം തൊഴിലാളികളാണെന്നും ഉള്ളതു പരമാർത്ഥം മാത്രമാണു്. അവരുടെ ഇന്നത്തെ നില എന്താണെന്നു് ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ കുഞ്ഞുകുഞ്ഞു തോമ്മൻ കൃഷിക്കാരുടെ വിഷമതകളെപ്പററി ഹൃദയസ്പൃക്കായി പ്രസ്താവിച്ചുകഴിഞ്ഞു. അതുകൊണ്ടു തൊഴിലാളികളെപ്പററിയാണു് ഞാൻ രണ്ടുവാക്കു പറയാൻ ഉദ്ദേശിക്കുന്നതു്. അവിടെയും ഒരു അപകടം ഉണ്ടു്. ശ്രീ. പി. ററി. ചാക്കോ നേതൃത്വം വഹിക്കാൻ ആഗ്രഹിക്കുന്നതും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ആശ്വാസമരുളാൻ ഉദ്ദേശിക്കുന്നതുമായ സ്വതന്ത്രതൊഴിലാളികളെപ്പററിയല്ല ഞാൻ പറയുന്നതു് എന്നു് പറഞ്ഞുകൊള്ളട്ടെ.

MR. K. K. CHELLAPPAN PILLAI : അവർ തൊഴിലാളികളല്ലേ ?

MR. ABDUL AZIZ : എനിക്കറിഞ്ഞുകൂടാ.

MR. P. T. CHACKO : ആഗ്രഹിക്കുന്നുണ്ടെന്നു മെമ്പർക്കു എങ്ങനെ അറിയാം ?

MR. ABDUL AZIZ : ഇവിടത്തെ ചോദ്യോത്തരങ്ങൾകൊണ്ടും പൊതുവേയുള്ള സ്ഥിതിഗതികളും പുറപ്പാടുകളും കണ്ണുതുറന്നു കണ്ടുകൊണ്ടിരിക്കുന്നതുകൊണ്ടും അങ്ങനെ ഞാൻ വിചാരിച്ചതിൽ തെററുണ്ടെന്നു തോന്നുന്നില്ല.

MR. P. T. CHACKO : സ്വതന്ത്രതൊഴിലാളി എന്നു പറയുന്നതു് വേലചെയ്യുന്ന തൊഴിലാളികളാണെന്നറിയാമോ ?

MR. ABDUL AZIZ : ഈയിടെ പലതും ഈ രാജ്യത്തുണ്ടായിട്ടുള്ള കൂട്ടത്തിൽ ഉണ്ടായ ഒരു പുതിയ സാധനമാണതെന്നു് എനിക്കറിയാം.

MR. P. T. CHACKO: മെമ്പക്ക് പേരിനെക്കുറിച്ചാണോ വേലയെ കുറിച്ചാണോ കൂടുതൽ ഇഷ്ടം തോന്നിയതു്?

MR. ABDUL AZIZ: രണ്ടും എന്നു പറഞ്ഞാൽ തെററില്ല.

MR. P. T. CHACKO; യഥാർത്ഥതൊഴിലാളികളുടെ ലക്ഷണം എന്താണെന്നറിയാമോ?

MR. ABDUL AZIZ: ലക്ഷണം ഞാൻ അവസാനത്തിൽ പറയാം. പറഞ്ഞിട്ടേ ഇരിക്കയുള്ളു.

ഇവിടെ തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ ഒരു സോഷ്യൽ സെക്യൂരിററിയും മററു രാജ്യങ്ങളിൽ ഉള്ളതുപോലെ ഇല്ല. അമേരിക്കയിലെ തൊഴിലാളികൾക്കു കിട്ടുന്നതിന്റെ $\frac{1}{20}$ അംശം കൂലി ഇവിടെയില്ല. ഇംഗ്ലണ്ടിൽ തൊഴിലാളി കുടുംബങ്ങൾക്കു സുഖമായി താമസിക്കുന്നതിനു ഓരോ കുടുംബത്തിനും അഞ്ചും ആറും മുറികളുള്ള കെട്ടിടങ്ങൾ ഉള്ളപ്പോൾ ഇവിടെ ഒരു മുറിതന്നെ ചെററകൾകൊണ്ടു് അടച്ചു് മൂന്നും നാലും കുടുംബങ്ങൾ താമസിക്കുന്നു. ഈ നിലയിൽ വളരെ മുമ്പോട്ടു പോയിരിക്കുന്ന ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും തൊഴിലാളികൾക്കു് ഇങ്ങനെയുള്ള നികുതിഭാരം പേറുവാനുള്ള കഴിവുണ്ടു്. എന്നാൽ ആ വിധത്തിൽ ഉയന്നിട്ടില്ലാത്ത ഇവിടത്തെ തൊഴിലാളികളുടെ മേൽ ഇതു് അടിച്ചേല്പിച്ചാൽ അവരെ കൂടുതൽ ഉപദ്രവിക്കുന്നതിനുമാത്രമേ പര്യാപ്തമാകയുള്ളു. ആ രാജ്യങ്ങളിലെ നടപടികൾ ഇവിടെ ചൂണ്ടിക്കാണിച്ച മെമ്പറന്മാർ തീർച്ചയായും ഈ തത്വം മനസ്സിലാക്കേണ്ടതാണു്. ആ നിലയിൽ കൃഷിക്കാരനെ സംബന്ധിച്ചായാലും തൊഴിലാളിയെസംബന്ധിച്ചായാലും അവന്റെ സാമ്പത്തികമായ നില തുലോം ദയനീയമായിരിക്കുന്ന ഈ അവസരത്തിൽ അവന്റെമേൽ പുതിയ പുതിയ നികുതികൾ അടിച്ചേൽപ്പിക്കുന്നതു് ഒരു ജനകീയഗവണ്മെന്റിനു ഭൂഷണമായിരിക്കുമോ എന്നാലോചിക്കുന്നതു് ഉത്തമമായിരിക്കും. ഈ ബിൽ എന്തിനാണു് കൊണ്ടുവന്നിരിക്കുന്നതെന്നുള്ള ഉദ്ദേശവിവരണത്തിൽ മൂന്നു കാരണങ്ങളാണു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതു്. മദ്യനിരോധനം മൂലം ഉണ്ടായിട്ടുള്ള നഷ്ടം നികത്താനും, യുദ്ധാനന്തരപുനഃസംവിധാനപദ്ധതികളെ വികസിപ്പിക്കാനും നിർബന്ധിതപ്രാഥമികവിദ്യാഭ്യാസത്തെ ഉയർത്താനും ധാരാളം പണം ആവശ്യമായിരിക്കുന്നതിനാലാണു് ഈ ബിൽ കൊണ്ടു

[Mr. Abdul Aziz]

വന്നിരിക്കുന്നതെന്ന് പറഞ്ഞു കാണുന്നു. ഈ പറഞ്ഞവയുടെ കൂട്ടത്തിൽ ഒടുവിൽപറഞ്ഞവരണ്ടും, അതായത് പ്രാഥമികവിദ്യാഭ്യാസപദ്ധതിയും യുദ്ധാനന്തരപുനഃസംവിധാനപദ്ധതിയും നാം പുതുതായി തുടങ്ങിയതല്ല. അവ മുമ്പേയുണ്ട്. ഈ നാട്ടിൽ കിരാതഭരണം നടത്തിയ ആളെന്ന് ഉച്ചൈസ്തരം വിളിച്ചു പറയുന്ന ആ പഴയ ദിവാൻജി ഈ രണ്ടു സംഗതികളും ഇവിടെ ഭംഗിയായിത്തന്നെ പ്രവർത്തിച്ചുകൊണ്ടിരുന്നു എന്ന മട്ടിലാണ് നാം ഇന്നു മുമ്പോട്ടുപോകുന്നത്. അദ്ദേഹം ഇങ്ങനെയുള്ള നികുതികൾ നടപ്പിലാക്കാൻ തുനിഞ്ഞില്ല എന്ന് ഏറ്റവും ഗൗരവപൂർവ്വം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ൧൧൨൨-ലെ ബഡ്ജറ്റിനെക്കുറിച്ചുള്ള ഗവണ്മെൻറു കമ്മ്യൂണിക്കേയിലെ ഒരു വാചകം ഞാൻ ഇവിടെ ഉദ്ധരിക്കാം.

"It is admittedly a matter for gratification that though the revenues are expected nearly to reach the ten crores level, no portion, however small, of the increase is the outcome any fresh taxation or an enhancement of the existing rates of taxes".

"ഈ മനഃസ്ഥിതിയായിരുന്നു, കിരാതഭരണം നടത്തിയ സ്വേച്ഛാധികാരിയായ ആ വിദേശീയന്, ഉണ്ടായിരുന്നതെങ്കിൽ ... ...

MR. V. O. MARKOSE (*Kottayayam III—General*) : അത് ഒരു ഫാക്ടാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

MR. ABDUL AZIZ : ബഹുമാനപ്പെട്ട മെമ്പർ എന്തു വിചാരിച്ചാലും എൻെറ അഭിപ്രായമല്ല; അതു കമ്മ്യൂണിക്കയിലെ ഒരു വാചകമാണ്. ശരി അല്ലെന്ന് സ്ഥാപിക്കപ്പെടുന്നതുവരെ അതു ഫാക്ടായിത്തന്നെ ശേഷിക്കുന്നു.

MR. A. P. UDAYABHANU (*Karounagapalli II—General*) : അദ്ദേഹം പോയതിൽ മെമ്പറിൻ സങ്കടമുണ്ടെന്നു തോന്നുന്നില്ലേ?

MR. ABDUL AZIZ: ആ കക്ഷിയിൽ പലക്കും ഉള്ളത്ര സങ്കടം എനിക്കില്ല. എന്തായാലും പുതിയപുതിയ നികുതി ഏർപ്പെടുത്തുന്ന കാര്യത്തിൽ അദ്ദേഹം കിരാതഭരണം നടത്തിയ ആളായിരുന്നാലും, വിമുഖത കാണിച്ചിരുന്നു എന്ന് ദൃഷ്ടാന്തീകരിക്കുന്ന ഒന്നാണ് ഇത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി, മദ്യനിരോധനം നടപ്പിൽ വരുത്തിയതിൻെറ ഫലമായി ഉണ്ടാകുന്ന നഷ്ടം നികത്താൻവേണ്ടി എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹത്തിൻെറ പ്രസംഗത്തിൽ വ്യക്തമാക്കിട്ടുണ്ട്. ഈ

നാട്ടിൽ മദ്യനിരോധനം മൂലമുള്ള "നഷ്ടം മദ്യനിരോധനത്തിന് വിധേയരായിത്തീരുന്നവരുടെ ജീവിതത്തിൽ സംഭവിക്കുന്ന സാന്മാർഗ്ഗിക പുനർജ്ജീവനവും സാമ്പത്തികാഭിവൃദ്ധിയും മൂലം സുതരാം പരിഹരിക്കപ്പെട്ടുമെന്നുള്ളതിൽ എനിക്കു സംശയമില്ല" ഈ പ്രസ്താവനയെ അഭിനന്ദനത്തോടും ആനന്ദത്തോടുംകൂടിത്തന്നെയാണു ഈ രാജ്യത്തുള്ളവർ ശ്രവിച്ചത്. പക്ഷെ ഒരു കൈകൊണ്ട് തലോടുകയും മറ്റെ കൈകൊണ്ടു പ്രഹരിക്കയും ചെയ്യുന്ന നയമാണു ഈ ബില്ലിൻെറ അവതരണത്തിൽ കാണുന്നത്. സാന്മാർഗ്ഗികപുനർജ്ജീവനവും സാമ്പത്തികാഭിവൃദ്ധിയും മാത്രമല്ല; ഗവണ്മെൻറിൻെറ നഷ്ടം നികത്താൻ ഒരു പെനൽററി ആയിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്, എന്ന ധാരണ ഈ നാട്ടിലെ ജനങ്ങൾക്കുണ്ട്. സാധാരണയായി, പുതിയ പുതിയ നികുതികൾ ഏർപ്പെടുത്തുന്നത്, ഏതു രാജ്യങ്ങളിലെ ഭരണ സമ്പ്രദായങ്ങളെ എടുത്തുനോക്കിയാലും നമുക്ക് കാണാൻ കഴിയുന്നത് ഒരു ഡെഫിസിററ് ബഡ്ജററ് ഉണ്ടാകുന്നകാലത്ത് ആ നഷ്ടം നികത്താൻ മററുമാർഗ്ഗങ്ങളില്ലാതിരിക്കുമ്പോൾ മാത്രമാണ് ഇപ്രകാരം പുതിയ നികുതികൾ നടപ്പിൽ വരുത്തുന്നതെന്നാണ്. മദ്യനിരോധനം മൂലമുള്ള നഷ്ടം നൂറു ലക്ഷം രൂപാ ആണെന്ന് കണക്കാക്കിയാലും സേയിൽസ് ടാക്സിൽ നിന്ന് വരുമെന്നുദ്ദേശിക്കുന്ന ൭൦ ലക്ഷം രൂപാ ഉൾപ്പെടുത്താതെയാണ് എ.എ.ഫ.ർ-ലെ ബഡ്ജററ് തയ്യാറാക്കിയിരിക്കുന്നത്. അങ്ങനെ അതുരണ്ടും മാററിയിട്ട് മദ്യനിരോധനം മൂലമുണ്ടാകുന്ന നഷ്ടം കഴിച്ചാലും രണ്ടുലക്ഷം രൂപായുടെ ഒരു മിച്ച ബഡ്ജററാണ് നമുക്കുള്ളത് എന്നു കാണുന്നസ്ഥിതിക്ക് ഇത്രപെട്ടെന്ന് ഏതു നഷ്ടം നികത്താനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. അല്ലെങ്കിൽ ഇതൊരു മിച്ചബഡ്ജററല്ലെന്നു സമ്മതിക്കേണ്ടി വരും. അതല്ല, മിച്ചബഡ്ജററാണെങ്കിൽ പുതിയ നികുതി ചുമത്തേണ്ട ആവശ്യം ഇല്ലെന്നു വരും. ഇതിൽ ഏതാണ് ഗവണ്മെൻറ് സമ്മതിക്കാൻപോകുന്നതെന്ന് എനിക്കു നിശ്ചയമില്ല. ഏതായാലും ഏതു വിധത്തിൽ നോക്കിയാലും, ഒരു പുതിയ നികുതികൊണ്ട് വരുന്ന തത്വത്തെ മിച്ച ബഡ്ജജററുള്ളിടത്തോളം കാലം നീതീകരിക്കാവുന്നതല്ല. ഏതാനും ചില താലൂക്കുകളിൽ മാത്രം പ്രാഥമികമായി നടപ്പിൽവരുത്താൻപോകുന്ന മദ്യനിരോധനം മൂലമുള്ള സാമ്പത്തികമായ നഷ്ടം ഈ നാട്ടിലെ സാന്മാർഗ്ഗിക പുനർജ്ജീവനം കൊണ്ടു നികത്താവുന്നതാണു. അല്ലെങ്കിൽ ഈ നാട്ടിലെ സാന്മാർഗ്ഗികപുനരുജ്ജീവനം എന്ന ആദർശത്തിനു ഹാനിതട്ടത്തക്കവണ്ണമുള്ള ഒരു നികുതി അടിച്ചേല്പിക്കലായി

[Mr. Abdul Aziz]

രിക്കും ഇതു് എന്നു് എന്നും സ്മരിക്കപ്പെടും. ജനകീയഗവർമ്മെൻറിനു കളങ്കം ചേർക്കണമെന്നു് വിചാരമില്ലെങ്കിൽ മനസ്സാക്ഷിയോടുകൂടി ഗവർമ്മെൻറു് ഇതേപ്പററി ആലോചിക്കേണ്ട സന്ദർഭം ഇതാണു്. ജനക്ഷേമകരങ്ങളായ എല്ലാ കാര്യങ്ങളിലും വളരെ ആത്മാർത്ഥതയോടുകൂടി ഗവർമ്മെൻറുമായി സഹകരിക്കാൻ തയ്യാറുള്ള പ്രതിപക്ഷകക്ഷികളായ ഞങ്ങൾക്കു് ഇതുമാതിരിയുള്ള അവസരങ്ങളിൽ നാട്ടിൻെറ പൊതുവായ അഭിവൃദ്ധിക്കുവേണ്ടി, ജനങ്ങളുടെ പൊതുവായ ഗുണത്തിനുവേണ്ടി ചില വിമർശനങ്ങൾ ചെയ്യേണ്ടി വരുന്നതു് പ്രതികാരബുദ്ധിയോടോ ശത്രുമനോഭാവത്താലോ അല്ലെന്നു തെററിദ്ധരിക്കാതെ അവ അർഹിക്കുന്ന രീതിയിലുള്ള ഔദാര്യബുദ്ധിയോടുകൂടി കൈകാര്യം ചെയ്യണം. അഭിമാനത്തിൻെറ പേരിൽ തോല്പിക്കുന്നതിനുവേണ്ടി മാത്രം ഞങ്ങളെ എതിർത്താൽ ഞങ്ങൾ ൭ പേരെ, അല്ലെങ്കിൽ ൨൨ പേരെ തോല്പിച്ചാൽ, തോല്ക്കുന്നതിനുള്ള സൗകര്യം ഉണ്ടെന്നറിയാം. തോൽക്കുന്നതു ഞങ്ങളല്ല, ൬൦ ലക്ഷം ജനങ്ങളുടേയും അവകാശങ്ങളേയും അധികാരങ്ങളേയുമാണു് തോല്പിക്കുന്നതെന്നു് മനസ്സിലാക്കിയാൽകൊള്ളാം. അതുകൊണ്ടു് ഞങ്ങളുടെ വിമർശനങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടുകൂടി പരിഗണിച്ചു് ഈ സെയിൽസ്ടാക്സ് ഈ പതനത്തിൽ നടപ്പിൽ വരുത്തുന്നതു്, ഏതു വിധത്തിൽ നോക്കിയാലും സാധൂകരിക്കാൻ പാടില്ലാത്തതാണെന്നു് മനസ്സിലാക്കി ഇതു തല്ക്കാലത്തേക്കു മാററിവയ്ക്കാനുള്ള ദയാബുദ്ധിയെങ്കിലും ഗവർമ്മെൻറിനുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

MR. P. T. CHACKO : സർ, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു് രണ്ടുവാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ചു പ്രതിപക്ഷത്തുനിന്നു പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. ഒരു പുതിയ നികുതി ഏർപ്പെടുത്തുമ്പോൾ, ആ പുതിയ നികുതി രാജ്യത്തെ ജനങ്ങളുടെ ഇടയിലുള്ള ഉച്ചനീചത്വങ്ങളെ ഇല്ലാതാക്കത്തക്കതായിരിക്കണമെന്നും അല്ലാതെ അതു് ഏർപ്പെടുത്തുന്നതു ശരിയല്ലെന്നും നികുതി വർദ്ധിപ്പിക്കാൻ മററു മാർഗ്ഗങ്ങൾ ആരായേണ്ടതാണെന്നും മി. ശിവരാമപിള്ള പറയുകയുണ്ടായി എന്നാണു് ഞാൻ ധരിക്കുന്നതു്. മി. അസീസും അദ്ദേഹത്തിൻെറ സ്നേഹിതന്മാരും ഈ ആണ്ടിൽ ഒരു സർപ്ലസ് ബഡ്ജററാണുള്ളതു, അതുകൊണ്ടു് ഒരു പുതിയ നികുതി ഏർപ്പെടുത്തേണ്ട ആവശ്യമില്ല. അങ്ങിനെ ഒരു പുതിയ

നികുതി ഏർപ്പെടുത്തണമെന്നു ഗവണ്മെൻറ് വിചാരിക്കുന്നുവെങ്കിൽ യഥാർത്ഥത്തിൽ ഒരു സർപ്ലസ് ബഡ്ജററല്ല ഉള്ളതെന്ന് സമ്മതിക്കേണ്ടിവരുമെന്നും ഈ രണ്ടിൽ ഒന്ന് ഗവണ്മെൻറിനു സമ്മതിക്കാതെ നിവൃത്തിയില്ലയെന്നും പറഞ്ഞു.

സർ, ഈ വർഷത്തിൽ ഈ ഗവണ്മെൻറ് അതിപ്രധാനമായ ഒരു പരിഷ്ക്കാരം ഈ രാജ്യത്തു നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിരിക്കുന്നു. തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിലും ഈ പരിഷ്ക്കാരം ഈ വർഷം നടപ്പാക്കാൻ ഗവണ്മെൻറിന് സാദ്ധ്യമല്ലെങ്കിലും തിരുവിതാംകൂറിന്റെ ഒരു ഭാഗത്ത് അതു നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു. ആ തീരുമാനത്തെ ഈ സഭയിലുള്ള എല്ലാ കക്ഷികളും വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്തിരിക്കയാണ്. ഈ രാജ്യത്ത് മദ്യനിരോധനംകൊണ്ടു ഏററവും കൂടുതൽ പണം അതിനുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുന്നവർ ഈ രാജ്യത്തെ സാധാരണക്കാരായ ആളുകളും ജോലി ചെയ്തു ജീവിക്കുന്നവരും ആണ്. അങ്ങനെ ജോലിചെയ്തു ജീവിക്കുന്ന ആളുകൾ തൊഴിലാളികളും കൃഷിക്കാരുമാണ്. ഈ രാജ്യത്ത് മദ്യവിൽപ്പന നിലവിൽ ഇരിക്കുന്നതുകൊണ്ട് മദ്യം ഉപയോഗിക്കുന്നതിനു വേണ്ടിമാത്രം ഓരോ ആണ്ടിലും ചെലവുചെയ്യുന്ന തുക ഭീമമാണ് എന്നു കാണാൻ സാധിക്കും. മദ്യനിരോധനം ഏർപ്പെടുത്തുന്നതുകൊണ്ട് ഈ രാജ്യത്തെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു വലിയ ലാഭം ഉണ്ടാകാൻ പോകുന്നു എന്ന വസ്തുത പ്രതിപക്ഷവും ഗ്രഹിക്കുമെന്നു ഞാനാഗ്രഹിക്കുന്നു.

MR. ABDUL MAJEED (*Chirayinkil III—Muslim Reserved*) : സാമാന്യജനങ്ങളുടെ കൂട്ടത്തിൽ സ്വതന്ത്ര തൊഴിലാളികളും ഉൾപ്പെടുമോ ?

MR. P. T. CHACKO : ചോദ്യം ചോദിച്ച സ്നേഹിതനു തൊഴിലാളികളെ സംബന്ധിച്ച് എന്തു ജ്ഞാനമുണ്ടോ, അദ്ദേഹംതന്നെ തൊഴിലാളി മനുഷ്യനാണോ എന്നതിനെപ്പററി വിധി എഴുതുന്ന ഒരാളായതുകൊണ്ടു സ്വതന്ത്രതൊഴിലാളികളും ഉൾപ്പെടുമോ എന്നു ചിന്തിച്ചു നോക്കിയാൽ മതിയാകുന്നതാണ്.

MR. ABDUL RAZAK : Does not the term "സ്വതന്ത്രതൊഴിലാളി" mean political faction of power politics ?

MR. P. T. CHACKO : അല്ലെന്നാണ് തോന്നുന്നതു്. പിന്നെ മെമ്പറുടെ ഇഷ്ടംപോലെ അതിനു തീരുമാനം ചെയ്യാവുന്നതാണ്. തൊഴിലാളിയെപ്പററി ഇന്നുമുതൽ വലിയ സ്നേഹം തോന്നിത്തുടങ്ങിയിട്ടുള്ളതു നല്ലതുതന്നെ.

MR. ABDUL RAZAK : Has the honourable member any objection in taking it that to be a political faction of power politics?

MR. P. T. CHACKO : അങ്ങനെ ഈ രാജ്യത്തിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ പുതിയ പദ്ധതി അവരുടെ ചെലവിനെ വളരെ കുറയ്ക്കുകയും തൻമൂലം ഒരു വലിയ ലാഭം തിരുവിതാംകൂറിൽ ഉണ്ടാകയും ചെയ്യും. അങ്ങനെ ചെലവിൽ സാമാന്യജനങ്ങൾക്കു് കുറെ ലാഭം വരുന്നതുകൊണ്ടു് അതിന്റെ ഒരംശം സർക്കാരിലേക്കു് എടുക്കത്തക്കവണ്ണം ഒരു നികുതി പുതുതായികൊണ്ടുവരുന്നതു് ശരിയാണോ തെററാണോ എന്ന പ്രശ്നം ആവിർഭവിച്ചിരിക്കുന്നു. അതുപോലെ തന്നെ ഇതു് എങ്ങനെ സാമാന്യജനങ്ങളെ ബാധിക്കുമെന്ന പ്രശ്നവും ആവിർഭവിക്കുന്നു. അങ്ങനെ ഈ നികുതി സാധാരണക്കാരനെ അല്പം സ്പർശിച്ചാലും ഭീമമായ ഒരു ലാഭം ഉണ്ടാക്കിക്കൊടുത്തതിനു ശേഷമാണ് എന്നുള്ള കാര്യം മനസ്സിലാക്കണമെന്നാണ് എന്റെ അഭിപ്രായം. ബഡ്ജററിനെക്കുറിച്ചു പറയുമ്പോൾ പ്രതിപക്ഷത്തുനിന്നുകൊണ്ടു വന്ന ആക്ഷേപത്തിന് ഉത്തരം പറയേണ്ടതുതന്നെയാണ്. ഈ ആണ്ടിൽ കൊണ്ടുവന്നിട്ടുള്ള ബഡ്ജററു് ഒരു മിച്ച ബഡ്ജററാണ്. എന്നാൽ മിച്ചമായി കണക്കാക്കിയിരിക്കുന്ന തുക ഒരു ഗവണ്മെന്ററിനെ സംബന്ധിച്ചിടത്തോളം തുച്ഛമായ ഒരു തുകയാണു. ഏതായാലും അങ്ങനെ ഈ വർഷത്തെ ബഡ്ജററിൽ മദ്യനിരോധനം ചില താലൂക്കുകളിൽ ഏർപ്പെടുത്തുന്നതുകൊണ്ടു നികുതിയിൽ വരുന്ന ഒരു തുക കൊള്ളിച്ചിട്ടുണ്ടു. അതേ സമയത്തുതന്നെ ഈ നികുതി ഏർപ്പെടുത്തുന്നതുമൂലമുള്ള വരവു് അതിൽ കൊള്ളിച്ചിട്ടുമില്ല. ആ നിലയിൽ ബഡ്ജററിനെ വച്ചുകൊണ്ടു് നോക്കിയാൽ പ്രതിപക്ഷക്കാർ പറഞ്ഞതിൽ അല്പം കാര്യം ഉണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. അതിനു ശരിയായ ഉത്തരം ഈ പക്ഷത്തുനിന്നു നൽകേണ്ടതാണെന്നു് എനിക്കറിയാം. ബഹുമാനപ്പെട്ട പ്രൈംമിനിസ്റ്റർ ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു് പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി വിദ്യാഭ്യാസസംബന്ധമായി ഭീമമായ ചെലവുകൾ വരുന്നുണ്ടെന്നു്. അതുകൊണ്ടു് നികുതി ഉണ്ടാകേണ്ടതാവശ്യമാണ്.

അങ്ങനെ നികുതിമൂലം പണം ഗവണ്മെൻറിനുണ്ടാകാതെ വിദ്യാഭ്യാസ സംബന്ധമായ ചെലവുകൾ എല്ലാം ഭാവിയിൽ വഹിക്കാൻ വിഷമമായിവരും എന്ന അർത്ഥത്തിൽ പറയുകയുണ്ടായി. വിഷമം എന്ന പറഞ്ഞില്ല. ബഡ്ജററിൽ വിദ്യാഭ്യാസത്തിനു വച്ചിരിക്കുന്ന തുക കഴിഞ്ഞ വർഷത്തെക്കാൾ വളരെ കൂടുതൽ ഒന്നും ഇല്ല. പോസ്ററുവാർ റികൺസ്ട്രക്ഷൻ പഴയ തുകതന്നെയാണ് ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. ബഡ്ജററു് അവതരിപ്പിച്ച അവസരത്തിൽ ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രൈംമിനിസ്റ്റർ പറഞ്ഞു വിദ്യാഭ്യാസത്തിന് ആവശ്യമായ തുക ഉണ്ടു എന്ന്. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാക്കു ശമ്പളംകൊടുക്കുന്നതിന് കഴിഞ്ഞ കൊല്ലം പത്തുലക്ഷം രൂപാ ആണ് അനുവദിച്ചിരുന്നതെങ്കിലും ഈ സംവത്സരം ൨൦ രൂപാ വച്ചതന്നെ ശമ്പളം കൊടുക്കുന്നതിനു മതിയായ തുക ആണ് അതു് എന്നും, അങ്ങനെ നോക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ആവശ്യത്തിനായി ഈ വർഷത്തിൽ ബഡ്ജററിൽ കൂടുതൽ തുക അനുവദിക്കാതെയും മദ്യനിരോധനംമൂലം ഉണ്ടാകുന്ന നഷ്ടം കൊള്ളിച്ചിരിക്കയും ഈ നികുതിമൂലം ഈടാക്കാവുന്നതു കൊള്ളിക്കാതെതന്നെയും ഒരു സർപ്ളസ് ഉള്ളതുകൊണ്ടു് പ്രതിപക്ഷക്കാരുടെ വാദത്തിനു കഴമ്പുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

MR. P. S. NATARAJA PILLAI : ഈ ബിൽ ആക്ററായി വന്ന് നികുതി ഈടാക്കി വരുന്നതിന് എത്രമാസം വേണ്ടിവരുമെന്ന് അറിയാമോ ?

MR. P. T. CHACKO : യാതൊരു നിശ്ചയവുമില്ല.

MR. P. S. NATARAJA PILLAI : അപ്പോൾ ഈ ആണ്ടിൽ ഈ ഇനത്തിൽ ആദായം വരുമെന്ന് ഊഹിക്കാൻ വല്ല ന്യായവുമുണ്ടോ ?

MR. P. T. CHACKO : എന്തും ഊഹിക്കാം. പ്രതിപക്ഷത്തുനിന്നു പറഞ്ഞതാണ് ഞാനിപ്പറഞ്ഞതു്.

MR. A. NESAMONY : Is it not stated in the Budget speech that it is to come into force this year ?

MR. P. T. CHACKO: : ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ തരത്തിലുള്ള ചോദ്യങ്ങൾ കേട്ടിട്ട് പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾക്കു ഞാൻ മറുപടി പറയുന്നതിനെക്കാൾ ഭേദം ഗവണ്മെൻറു പക്ഷത്തുനിന്നു മന്ത്രിമാർ തന്നെ പറയുന്നതാണ് നല്ലതെന്നു തോന്നിപോകുന്നു. അതുകൊണ്ടു ഞാൻ അവയ്ക്കു മറുപടി

[Mr. P. T. Chacko]

പറയാതെ വിദഗ്ദ്ധമായ രീതിയിൽ മന്ത്രിമാർ തന്നെ പറയുന്നതിനു വിട്ടുകൊടുത്തിട്ട് ഈ ബില്ലിന്റെ തത്വങ്ങളിലേക്ക് പ്രവേശിക്കാമെന്നു വിചാരിക്കുന്നു. എന്റെ സ്നേഹിതൻ മി. മന്നത്തു പത്മനാഭപിള്ള ഞാൻ ഈ ആക്ററിലെ വല്ല കാര്യങ്ങളും രാജ്യനന്മയെ ലക്ഷ്യമാക്കി കുറേക്കൂടി ആലോചിച്ച് അല്പം ഭേദമായ രീതിയിൽ കൊണ്ടുവരാമായിരുന്നുവെന്നു പറഞ്ഞാൽ ഞാൻ ആത്മാർത്ഥതയില്ലാത്തവനാണോയെന്നു സംശയിക്കുമെന്നു എനിക്കറിയാം. തിരുവിതാംകൂറിൽ കഴിഞ്ഞ കാലത്തു് നടന്നിട്ടുള്ള നിയമസഭായോഗങ്ങളിൽ പങ്കെടുത്തു് പ്രാവീണ്യം സിദ്ധിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പാർലമെന്ററി നടപടികൾക്കു വളരെ വില കല്പിക്കണമെന്ന് എനിക്കറിയാം. എങ്കിലും ഈ ബില്ലിനെ സംബന്ധിച്ച സാധാരണ മെമ്പറന്മാക്കു ഉള്ള അവകാശം ഉപയോഗിച്ച് താത്വികമായി ഈ ബില്ലിനോടു് യോജിക്കുന്നതോടുകൂടി, ഈ രാജ്യത്തിലെ നികുതി വർദ്ധിപ്പിച്ച് പ്രയോജനകരങ്ങളായ കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കേണ്ടതാവശ്യമാണെന്നു സമ്മതിക്കുന്നതോടുകൂടി ഈ ബില്ലിൽ ഉൾക്കൊണ്ടിരിക്കുന്ന ചില വ്യവസ്ഥകൾ കുറേക്കൂടി സൂക്ഷ്മമായി പഠിച്ചതിന്റെ ശേഷം കുറെക്കൂടി രാജ്യത്തിനു ഗുണകരമായ രീതിയിൽ കൊണ്ടുവരാമായിരുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അപ്രകാരമുള്ള ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

സർ, കാർഷികാദായനികുതിയെപ്പററി ഇന്നലെ നടന്ന വാദപ്രതിവാദത്തിൽ പല മെമ്പറന്മാരും വളരെ കാര്യമായി പറയുകയുണ്ടായി. കാർഷികാദായനികുതി എന്ന വാക്കുച്ചരിച്ചാൽതന്നെ ഈ സഭയുടെ ചില ഭാഗങ്ങളിലെല്ലാം ചില കോളിളക്കങ്ങളുണ്ടാകുമെന്നെനിക്കറിയാം. എങ്കിലും കാർഷികാദായനികുതിയെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങളിൽ ചില യാഥാർത്ഥ്യങ്ങൾ ഉണ്ടെന്നു മാത്രം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇൻഡ്യയുടെ പല ഭാഗത്തും സെയിൽസ് ടാക്സ് ഇന്നു നിലവിലുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ മി. നടരാജപിള്ള പറഞ്ഞു. മദ്രാസിലും, ബാംബെയിലും മററു പല പ്രവിശ്യകളിലും സെയിൽസ്ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ബംഗാളിൽ മാത്രമാണ് അദ്ദേഹം സംശയിച്ചതു്. ആ ബംഗാളിൽപോലും ഈ നിയമം നിലവിലിരിക്കുന്നുണ്ട്. എന്നാൽ അവിടത്തെ സമ്പ്രദായത്തിൽ [illegible] അവർ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ

ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. ബാംബെയിലും മദ്രാസിലും ഈ സെയിൽസ്ടാക്സ് നിലവിലിരിക്കുന്ന മറ്റെല്ലാ പ്രവിശ്യകളിലും കാർഷികാദായത്തിൻെറ പരിധിക്കുള്ളിൽ തന്നെ സെയിൽസ്ടാക്സിനെയും ഉൾക്കൊള്ളിച്ചിരിക്കുമ്പോൾ, അഥവാ സെയിൽസ്ടാക്സ് ചുമത്തുന്ന ഉൽപ്പന്നങ്ങൾക്ക കാർഷികാദായനികുതി ചുമത്താതിരിക്കുമ്പോൾ ഇവിടത്തെ നില അതാണോ എന്ന ഞാൻ ചോദിക്കുന്നു. കാർഷികാദായനികുതി ബീഹാറിലും ഹൈദരാബാദിലും ഏർപ്പെടുത്തിയിട്ടുള്ളതായി എനിക്കറിയാം. ബീഹാറിൽ കാർഷികാദായനികുതിയുള്ളപ്പോൾ അവിടെ സെയിൽസ്ടാക്സ് ഇല്ല. ഹൈദരാബാദിനെ നമ്മുടെ ഗവണ്മെൻറിനോടുപമിക്കാൻ തുടങ്ങുന്നതു തന്നെ സാഹസമാണ്. എങ്കിലും ഹൈദരാബാദിലും വില്പനനികുതി എന്ന ഒന്നില്ല. ഇങ്ങനെ കാർഷികാദായനികുതി ഏർപ്പെടുത്തിയിട്ടുള്ള ഇൻഡ്യയുടെ പല ഭാഗത്തും വില്പനനികുതി ഇല്ലെന്നുള്ള കാര്യം ഞാൻ മി. നടരാജപിള്ളയെ അറിയിച്ചു കൊള്ളുന്നു.

MR. P. S. NATARAJA PILLAI : ഇൻഡ്യൻ പ്രാവിൻസുകളിൽ ഇൻകംടാക്സ് സെൻട്രൽ ഗവണ്മെൻറിനും, സെയിൽസ്ടാക്സ്, ലാൻറു റവന്യൂടാക്സ്, മുതലായവ പ്രൊവിൻഷ്യൽ ഗവണ്മെൻറിനും പോകുകയല്ല ചെയ്യുന്നതു് ?

MR. P. T. CHACKO : ആ വ്യത്യാസം ഉണ്ടെന്ന എനിക്കറിയാം.

MR. THARIATHU KUNJITHOMMAN : ഇവിടത്തെ കാർഷികോൽപ്പന്നങ്ങളുടെ മേൽ തീരുവകൂടി ചുമത്തുന്നില്ലയോ ?

MR. P. T. CHACKO : അങ്ങനെ സെയിൽസ്ടാക്സ് നിലവിലിരിക്കുന്ന പ്രവിശ്യകളിൽ കാർഷികാദായത്തിന്മേൽ നികുതി ചുമത്തുന്നില്ല. മറ്റൊരു വ്യത്യാസം കൂടിയുണ്ട്. ബീഹാറിലും ഹൈദരാബാദിലും ചെറിയ കൃഷിക്കാരുടെ പേരിലല്ല കാർഷികാദായനികുതി ചുമത്തുന്നതു. അവിടെ കൊല്ലത്തിൽ ൫000 രൂപാ ആദായം കിട്ടുന്നവൻെറ പക്കൽ നിന്നു മാത്രമേ ആദായനികുതി വസൂൽ ചെയ്യുന്നുള്ളു.

DR. M. O. CHERIYAN : ബീഹാറിലും ഹൈദരാബാദിലും കൃഷി ചെയ്യാതെ വെറുതെ സ്ഥലം ഇട്ടിരിക്കുന്നവരിൽനിന്നും നികുതി വസൂൽ ചെയ്യുന്നുണ്ടോ ?

MR. P. T. CHACKO : ഇല്ലെന്നാണ് തോന്നുന്നതു്. ഏതായാലും അവിടെ ചെറിയ കൃഷിക്കാർക്ക യാതൊരാദായനികുതിയും കൊടുക്കേണ്ടതില്ല.

[Mr. P. T. Chacko]

ഈ രാജ്യത്തെ മുതലെടുപ്പു വർദ്ധിപ്പിക്കേണ്ടതാവശ്യമാണെന്നുള്ള ബോദ്ധ്യത്തോടുകൂടി പ്രവർത്തിക്കുന്നതിനു മുന്നോട്ടിറങ്ങിവരുന്ന ഒരു ഗവർമെൻറിനുതന്നെ, ഈ രാജ്യത്തെ യഥാർത്ഥ നട്ടെല്ല് ഇവിടത്തെ പണക്കാരല്ലെന്നും, നേരേമറിച്ച് സാധുക്കളായ കൃഷീവലന്മാരാണെന്നും സമ്മതിക്കാതിരിക്കാൻ തരമില്ല. അവശതപ്പെട്ടകക്ഷി ശക്തിയായ ഒരു രാഷ്ട്രീയ കക്ഷിയായി രാജ്യഭരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇക്കാലത്ത് ഏതു കാര്യവും ഈ രാജ്യത്തെ സാധുക്കളായ കൃഷീവലന്മാർക്കനുഗുണമായിരിക്കുമോ എന്നു നോക്കിവേണം ചെയ്യുവാൻ. സ്റ്റേററു കാൺഗ്രസ്സ് പുറപ്പെടുവിച്ച മാനിഫെസ്റ്റോവിൽ ഈ രാജ്യത്തെ സാമ്പത്തിക നയത്തെപ്പററിയും കാർഷികനയത്തെപ്പററിയും വിവരിച്ചപ്പോൾ ഈ രാജ്യത്തെ കർഷകന്മാർ രാജ്യത്തിൻെറ നട്ടെല്ലാകുന്നു എന്നു സമ്മതിക്കുകയും അവർക്കു പല സഹായങ്ങളും ചെയ്തുകൊടുക്കേണ്ടതാണെന്നു അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടത്തെ കർഷകർക്കു ഈ വിൽപനനികുതി ബില്ലിലെ വ്യവസ്ഥകൾ സഹായകമായിരിക്കുന്നില്ലെന്നു ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്.

സർ, ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ നോക്കുമ്പോൾ ഇതിൽ ഡബിൾ ടാക്സേഷൻ ഉണ്ടെന്നു കാണാം. മിസ്റ്റർ കുഞ്ഞിരാമൻ കാർഷികോൽപ്പന്നങ്ങളിന്മേൽ രണ്ടുതവണയല്ല, പല തവണ കരം ചുമത്തുന്നുണ്ടെന്നു പറഞ്ഞു. അതും പരമാർത്ഥമാണ്. സാധാരണ ഏതു നികുതി ചുമത്തുവാനുദ്ദേശിച്ചാലും ഡബിൾ ടാക്സേഷൻ വരാതെ സൂക്ഷിക്കുന്ന ഒരു പതിവുണ്ട്. സെയിൽസ്ടാക്സ് ചുമത്തിയിട്ടുള്ള പല രാജ്യങ്ങളും ഉണ്ടെന്നു പറഞ്ഞു. സെയിൽസ്ടാക്സ് നിലവിലുള്ള പല രാജ്യങ്ങളും എടുത്തു നോക്കിയാൽ ഒരു തത്വം ആ രാജ്യങ്ങളെല്ലാം അംഗീകരിച്ചിരിക്കുന്നതായി കാണാം. ആ നികുതിയിന്മേൽ ഒരു ഡബിൾപേമെൻറു വരാൻ പാടില്ലെന്ന് അവർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അമേരിക്കയിലും, യൂറോപ്പിലും ഉള്ള പല രാജ്യങ്ങളിലും ഈ നികുതി നിലവിലിരിക്കുന്നുണ്ട്. എന്നാൽ യൂറോപ്പിലെ ചില രാജ്യങ്ങളിലും അമേരിക്കയിലെ ചില സ്റ്റേററുകളിലും ഈ നികുതി പരീക്ഷണാർത്ഥം കുറേക്കാലത്തേക്ക് ഊർജ്ജിതത്തിൽകൊണ്ടുവന്നിട്ട് പിന്നീടു വേണ്ടെന്നു വയ്ക്കുകയാണ് ചെയ്തതു. ഏതായാലും പുതിയ ഒരു നികുതി ഏർപ്പെടുത്തുമ്പോൾ ഡബിൾ പേമെൻറു വരാതെ സൂക്ഷിക്കണം. ഇവിടെ മദ്രാസിലെ ബില്ലിനെ അനുകരിച്ചാണല്ലോ ഈ വിൽപനനികുതിബിൽ കൊണ്ടുവന്നിട്ടുള്ളത്. ആ നിലയ്ക്കു

മദ്രാസിലും അതുപോലെ ബാംബെയിലും ഉള്ള നിയമത്തിലെ വ്യവസ്ഥ കൾക്കനുസരണമായി ഇവിടെയും കാർഷികോൽപ്പന്നങ്ങളെ ഈ നിയമത്തിന്റെ പരിധിയിൽനിന്നു ഒഴിവാക്കേണ്ടതായിരുന്നു. ഈ ബില്ലിൽ ഇതുപടി നിയമമായി വരുമ്പോൾ, ഒരു കൃഷിക്കാരന്റെ കൃഷിപ്പറ വിഭവങ്ങൾ വിൽക്കുമ്പോൾ നികുതി ചുമത്തുകയില്ല എന്നു ഈ ബില്ലിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഒരു കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലം മറിഞ്ഞു കഴിയുമ്പോൾ അതിനകത്തുണ്ടാകുന്ന വിൽപനകളും വാങ്ങലുകളും ഈ നിയമപരിധിയിൽ പെടുന്നതല്ലെന്നു വരുന്നില്ല.

കുറച്ചു കൊല്ലങ്ങൾക്കു മുമ്പ് ഇവിടെ പഴക്കായ്ക്കു (പാക്കിന്) നികുതി ഏർപ്പെടുത്തുകയുണ്ടായി. ചന്തയിൽ പോയി ആ നികുതി പിരിക്കുന്നതിന് എക്സൈസ് അധികാരികളെയാണു ചുമതലപ്പെടുത്തിയിരുന്നതു്. അന്നു പഴക്കാക്കച്ചവടത്തിൽ ഏർപ്പെട്ടിരുന്നവർക്ക് ഉണ്ടായിരുന്ന അനുഭവം എന്തായിരുന്നു എന്നു എനിക്കു നല്ലവണ്ണമറിയാം. പഴക്കാകൃഷി ചെയ്യുന്നവർക്കും കച്ചവടം ചെയ്യുന്നവർക്കും ഈ നികുതി സാരമായി ബാധിക്കുകയുണ്ടായി. അന്നത്തെ പബ്ലിക്ക് പ്ലാറ്റുഫാറങ്ങളിൽ വച്ചു പഴക്കായ്ക്കു് നികുതി ഏർപ്പെടുത്തിയതിനെപ്പററി ഞാൻ ശക്തിയുക്തം എതിർത്തു സംസാരിച്ചിട്ടുണ്ട്. മണിമല മാർക്കററിൽ ഒരാൾ ൨൦൦ പഴക്കാ വിൽക്കാൻ കൊണ്ടുപോകുന്നു എന്നു വിചാരിക്കുക. അവിടെ പഴക്കായ്ക്കു ആകെ വില ൨൦ ചക്രമേയുള്ളു. അതിന്റെ വിലയോളം തന്നെ നികുതി എക്സൈസുകാർക്കു കൊടുക്കണം. അതെല്ലാം കൊടുത്തു് അവിടെനിന്നും പഴക്കാവാങ്ങി കച്ചവടക്കാർ ചങ്ങനാശ്ശേരിയിൽകൊണ്ടുപോയി വിൽക്കുന്നു. ആ പഴക്കായ്ക്കു് അവിടെയും നികുതികൊടുക്കണം. അതേ പഴക്കാതന്നെ മറെറാരാൾ ചങ്ങനാശ്ശേരിയിൽനിന്നും ആലപ്പുഴ കൊണ്ടുപോയി വിൽക്കുകയാണെങ്കിൽ അവിടെവച്ചു മൂന്നാമതും നികുതികൊടുക്കണം. ഇങ്ങനെ കുറെ കാലം നടന്നു. ഇപ്പോൾ ഈ നികുതി ഏർപ്പാടു നിർത്തിയിരിക്കയാണ്. നികുതി വച്ചിരുന്ന കാലത്തു് സാധാരണക്കാർക്കു ന്യായമായ വിലയ്ക്കു പഴക്കാകിട്ടിയിരുന്നില്ല. ന്യായമായ വിധത്തിൽ കച്ചവടവും നടന്നിരുന്നില്ല.

അതുപോലെ ഈ ബില്ലിൽ ഏതാനും സാധനങ്ങൾക്കു ആദ്യത്തെ വിൽപനയെ മാത്രമേ ഒഴിച്ചിട്ടുള്ളു. ബാംബെയിലെ ബില്ലിൽ ആഹാരത്തിന് ഉപയോഗിക്കുന്ന എല്ലാ വിഭവങ്ങളെയും കൃഷിചെയ്തുണ്ടാക്കുന്ന

[Mr. P. T. Chacko]

എല്ലാ വിഭവങ്ങളെയും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. അത്തരം വിഭവങ്ങളുടെ ഒരു പട്ടിക ആ ബില്ലിൽ ഷെഡ്യൂളായി ചേർത്തിട്ടുമുണ്ട്. ബോംബെയിൽ കാർഷികാദായനികുതി കൊടുക്കേണ്ടതില്ല. ഒരു തവണ നികുതികൊടുക്കുന്ന ഉൽപ്പന്നങ്ങൾക്ക തന്നെ രണ്ടാമതും നികുതി കൊടുക്കേണ്ടിവരാൻ ഇടയാക്കുന്ന പരിതഃസ്ഥിതി ഒരിക്കലും ഉണ്ടായിക്കൂടാ.

മറെറാരു കാര്യംകൂടി എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുണ്ട്. അതും ബോംബെയിലെ ആക്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ബോംബെയിൽ ഏതു സാധനത്തിനായാലും ഒരൊററ പായിൻറുമാത്രം കൊടുത്താൽ മതിയാകും. അങ്ങനെയാണ് അവിടത്തെ വ്യവസ്ഥ. ബോംബെയിലെ ആക്ടിൽ ൯-ാമത്തെ വകുപ്പു വായിച്ചു നോക്കിയാൽ ഇതു വ്യക്തമായിക്കാണാം. ഒരു രജിസ്ട്രേർഡ് ഡീലറും, അൺ രജിസ്ട്രേർഡ് ഡീലറും തമ്മിലുള്ള വ്യത്യാസംമാത്രം വെച്ചുകൊണ്ടു ഒരൊററ നികുതി കൊടുക്കാനുള്ള വ്യവസ്ഥയാണ് ബോംബെ ആക്ടിലുള്ളതു്. നമ്മുടെ ബില്ലിൽ ടേൺ ഓവറിനെപ്പററി ഒരു പുതിയ ഡെഫനിഷൻ കൊടുത്തുകൊണ്ടു എല്ലാ പായിൻറിലും നികുതി കൊടുക്കുവാനുള്ള വ്യവസ്ഥയാണ് ഉണ്ടാക്കിയിരിക്കുന്നതു്. ബോംബെയിൽ മദ്യവർജ്ജനം ഏർപ്പെടുത്തിയതുകൊണ്ടു ഈ നികുതി ആവശ്യമാണ്. ഇവിടെയും ആവശ്യമാണ്. എങ്കിലും ബോംബെ ആക്ടിൽ കാർഷിക വ്യവസായത്തെയോ, കാർഷികോൽപ്പന്നങ്ങളെയോ കൈമാററം ചെയ്യുമ്പോഴും, വിൽപനനടത്തുമ്പോഴും ഒരൊററ പ്രാവശ്യം മാത്രമേ നികുതി ഈടാക്കാവൂ എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു.

MR. A. K. PATCHU PILLAI (*Peermade – General*) : ബോംബെയിൽ ഒരു രൂപായ്ക്കു എന്തു നിരക്കുവെച്ചാണ് സെയിൽസ് ടാക്സു ചുമത്തുന്നതു്?

MR. P. T. CHACKO : ഒരു രൂപായ്ക്കു അരയണവെച്ച്.

MR. A. K. PATCHU PILLAI : ഇവിടെ അരച്ചക്രമല്ലേ?

MR. P. T. CHACKO : അതെ.

MR. A. K. PATCHU PILLAI : അപ്പോൾ അവിടത്തെ നിരക്കും ഇവിടത്തെ നിരക്കും തമ്മിൽ വ്യത്യാസമില്ലേ?

MR. P. T. CHACKO : ആ വ്യത്യാസമുണ്ടെന്നു മാത്രമല്ല, മററു പല വ്യത്യാസങ്ങളുമുണ്ട്. ബോംബെയിലെ ഒരാളിന്റെ സാധാരണവരുമാനവും, ഇവിടത്തെ ഒരാളിന്റെ വരുമാനവും തമ്മിലും, അവിടത്തെ ജീവിതത്തോതും ഇവിടത്തെ ജീവിതത്തോതും തമ്മിലും, അവിടത്തെ ജനങ്ങൾക്ക

നികുതി കൊടുക്കാനുള്ള കഴിവും ഇവിടത്തെ ജനങ്ങൾക്കുള്ള കഴിവും തമ്മിലും വ്യത്യാസമുണ്ട്.

MR. THARIATHU KUNJITHOMMAN : ബാംബെയിൽ ഇപ്പോൾ വച്ചിരിക്കുന്ന നിരക്കിന്റെ നാലിരട്ടിയോളം വരുന്ന തുക നാം ഇവിടെ കയററ മതിത്തീരുവയായി മാത്രം കൊടുക്കുന്നില്ലേ ?

MR. P. T. CHACKO : ഞാൻ അതു കണക്കുകൂട്ടി നോക്കിയിട്ടില്ല. കോട്ടയത്തുള്ള ഒരു ഡീലർ വിൽപന നടത്തുന്ന സാധനങ്ങൾ ചങ്ങനാശേരിയിലോ, ആലപ്പുഴയിലോ കൊണ്ടുപോയി വീണ്ടും വിൽപന നടത്തുമ്പോൾ, അപ്പോഴും നികുതി കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അങ്ങനെ സാധനങ്ങൾ എത്ര തവണ ക്രയവിക്രയം നടത്തുന്നുവോ, അത്രയും തവണ ഈ സാധനങ്ങൾക്കു നികുതിയും ഈടാക്കിവരുന്ന വ്യവസ്ഥയാണു് ഈ ബില്ലിലുള്ളതു്. ഈ ബില്ലിൽ ൧൦,൦൦൦ രൂപയുടെ ടേൺ ഓവറുള്ള ആളുകൾക്കാണു് നികുതി വച്ചിരിക്കുന്നതു്. അതു കേട്ടാൽ സാധാരണക്കാർ അതിൽ വരികയില്ലെന്നു തോന്നിപ്പോകും. കണക്കുകൂട്ടി നോക്കിയാൽ ഈ രാജ്യത്തെ ചെറിയ മുറക്കാൻ കച്ചവടക്കാർവരെ ഇതിനകത്തു ഉൾപ്പെട്ടുമെന്നു കാണാവുന്നതാണു്. ഒരാണ്ടിൽ ൧൦,൦൦൦ രൂപയുടെ ടേണോവർ വേണമെന്നാണെങ്കിൽ ഒരു ദിവസം ൨൮ രൂപാ വിൽപന നടത്തിയാൽ മതി. ചങ്ങനാശേരിയിലോ, അല്ലെങ്കിൽ അങ്ങിനെയുള്ള സ്ഥലങ്ങളിലോ പോയി കച്ചവടം ചെയ്യുന്ന ഇടക്കച്ചവടക്കാർകൂടി ഇതിന്റെ പരിധിയിൽവരും. നമ്മുടെ നാട്ടിൽ ഈ ഇടക്കച്ചവടക്കാർക്കൊരു സമ്പ്രദായമുണ്ടു്. കയ്യിൽനിന്നും വലിയ മുതൽമുടക്കൊന്നും കൂടാതെതന്നെ ഇങ്ങനെയുള്ളവർക്കു കച്ചവടം നടത്താൻ കഴിയും. ആരോടെങ്കിലും ൭൦ രൂപാ കടം വാങ്ങി തിങ്കളാഴ്ച ദിവസം ചന്തയാണു്, അവിടെ പോയി സാമാനം വാങ്ങിക്കുന്നു. അതു കഴിഞ്ഞു ബുധനാഴ്ച ചന്തയ്ക്കു പൊൻകുന്നത്തു പോയി, അതു വിൽക്കുന്നു. അടുത്ത ദിവസം വ്യാഴാഴ്ച ചന്തയ്ക്കു ചങ്ങനാശേരിയിൽ എത്തുന്നു. ഇവിടെയെല്ലാം ൨൮ രൂപായ്ക്കു മേൽ ക്രയവിക്രയം നടക്കുമെങ്കിൽ ഈ ഇടക്കച്ചവടക്കാരനും ഈ ബില്ലിന്റെ പരിധിയിൽ പെടുകയില്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു് ?

MR. PRESIDENT : ആർഡർ, ആർഡർ. സഭ ഇപ്പോൾ പിരിയുന്നതും ഉച്ചകഴിഞ്ഞു രണ്ടുമണിക്കു് വീണ്ടും കൂടുന്നതുമാണു്.

The House adjourned for lunch at 1 P. M. and re assembled at 2 P. M. with the President in the Chair.

MOTION RE: FOOD SITUATION IN THE STATE

MR. PRESIDENT : Under Rule 35 of the Legislative Assembly Rules the Hon'ble Prime Minister will move his motion regarding the food situation in the State.

HON'BLE MR. A. THANU PILLAI : സർ, നാട്ടിലെ ഭക്ഷ്യനിലയെപ്പററി ഈ സഭ പര്യാലോചിക്കണമെന്നുള്ള മോഷൻ ഞാൻ അവതരിപ്പിക്കുന്നു. അതിപ്രധാനമായ ഈ സംഗതിയെപ്പററി ഈ സമയത്തു ആലോചിക്കാൻ സന്ദർഭമുണ്ടാകുന്നതു എത്രയും ആശാസ്യമാണ്. ഗവണ്മെൻറിൻെറ നിലയിലും, ജനങ്ങളുടെ നിലയിലും രണ്ടു വിധത്തിൽ നോക്കിയാലും ഇതിനെപ്പററി ഇവിടെ ചർച്ച നടത്തി മെംബറന്മാരുടെ അഭിപ്രായം അറിയുന്നതു ഉപകാരപ്രദമായിരിക്കും.

ഇവിടെ ആഹാരസാധന നിയന്ത്രണം ൧൯൪൩-ൽ തുടങ്ങി. അതിനു മുൻപുതന്നെ അതായതു് ൧൯൪൨ മുതൽ തന്നെ ആഹാരസാധനങ്ങളുടെ കുറവു പ്രത്യക്ഷപ്പെട്ടു. അന്നുമുതൽ ഗവണ്മെൻറിൽ നിന്നും ആഹാരസാധനങ്ങൾ എല്ലാവർക്കും കിട്ടത്തക്കവണ്ണം കഴിവുള്ള ഏർപ്പാടുകൾ ചെയ്തുതുടങ്ങിയെങ്കിലും സ്റ്റാററ്യൂട്ടറി കൺട്രോൾ ൧൯൪൩ ലാണു തുടങ്ങിയതു്. ഇൻഡ്യാഗവണ്മെൻറു തുടങ്ങുന്നതിനു മുൻപായി ഇവിടെ കൺട്രോൾ തുടങ്ങിയെന്നുള്ളതു പ്രസ്താവ്യമാണ്. ബർമ്മായിൽ നിന്നും, മദ്രാസിൽ നിന്നും നമുക്കു കിട്ടിക്കൊണ്ടിരുന്ന അരി കിട്ടാതെ വന്നപ്പോഴാണു ഈ നടപടി സ്വീകരിച്ചതു്. ഇൻഡ്യാഗവണ്മെൻറു, അവരുടെ ഫുഡ് ഗ്രെയിൻസ് പാളിസി അനുസരിച്ചു, ചെയ്ത ശുപാർശപ്രകാരം, ഭക്ഷണധാന്യങ്ങൾ അധികമുള്ള സർപ്ലസ് പ്രാവിൻസുകളിൽ എന്തധികമുണ്ടെന്നുള്ള വിവരവും, കുറവുള്ള ഡെഫിസിററു പ്രാവിൻസുകളിൽ പോരാതെ വരുന്നതെത്രയാണെന്നും അറിയിക്കണമെന്നു നിർദ്ദേശിച്ചു. അതിൻപ്രകാരം പ്രാവിൻസുകളിൽ ക്വോട്ടാ നിശ്ചയിച്ചു. ആ കൂട്ടത്തിൽ തിരുവിതാംകൂറിനും അവർ ക്വോട്ടാ നിശ്ചയിച്ചു നമുക്കു ഭക്ഷ്യധാന്യങ്ങൾ തന്നുവരികയാണ്.

൧൯൪൭ ലേക്ക് നമുക്കു കിട്ടുന്നതു ൨,൩൦,൦൦൦ ടൺ ആണ്. ൧,൨൦,൦൦൦ ടൺ അരിയും, ൯൦,൦൦൦ ടൺ ഗോതമ്പും, ൨൦,൦൦൦ ടൺ മില്ലററും—മററു ധാന്യങ്ങളും—ആണ് ഇതുവരെയാണു നമുക്കു ഇൻഡ്യാഗവണ്മെൻറു അനുവദിച്ചിട്ടുള്ളതു. ഇതിനു മുൻവർഷങ്ങളിലും, ഏകദേശം ഇതുമാതിരി ചില ആണ്ടുകളിൽ ഇതിൽ കുറവായിട്ടും ധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ നടന്നുവരവെ ൧൯൪൭ ഡിസംബറിൽ ഇൻഡ്യാഗവണ്മെൻറു—അവരുടെ നയത്തിനു തന്നെ

ഒരു മാററം വരുത്തി, നിയന്ത്രണം നിലവിലിരുന്ന രാജ്യങ്ങളിലും പ്രോവിൻസുകളിലും ഡീകൺട്രോൾ നടപ്പിൽ വരുത്തണമെന്നുള്ള നയം അവർ സ്വീകരിച്ചു. ൧൯൪൮ അവസാനത്തോടുകൂടി ഈ നിയന്ത്രണം മിക്കവാറും മുഴുവൻ തന്നെ നീക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ൧൯൪൭ ഒടുവിൽ ഇൻഡ്യാഗവൺമെൻറ് ഈ നയം സ്വീകരിച്ചതു്. എന്നാൽ അപ്പോൾ തന്നെ തിരുവിതാംകൂറിൽ ഈ ഡീകൺട്രോൾ ഏർപ്പെടുത്തുന്നതു് വിഹിതമായിരിക്കുകയില്ല എന്ന് ഈ ഗവൺമെൻറ് ഇൻഡ്യാഗവൺമെൻറിനെ അറിയിച്ചു. ഈ ഗവൺമെൻറിനെ അവർ നിർബന്ധിച്ചതുമില്ല. ഇങ്ങനെ നിയന്ത്രണം നീക്കിയ പ്രദേശങ്ങളിലെ സ്ഥിതി എന്താണെന്നു നാം നല്ലവണ്ണം ആലോചിക്കണം. പൊതുവേ ഇൻഡ്യാഗവൺമെൻറിന്റെ നയം ഇതായിരിക്കുന്ന സ്ഥിതിക്കും മാത്രമല്ല ഇന്നു ലഭിച്ചിരിക്കുന്നതുപോലെയുള്ള ധാന്യങ്ങൾ നമുക്ക് തന്നുകൊണ്ടിരിക്കുവാൻ സാദ്ധ്യമല്ലാതെ വരുമെന്ന് ഇൻഡ്യാഗവൺമെൻറ് നമ്മെ അറിയിച്ചിട്ടുള്ള നിലക്കും മദ്രാസ് മുതലായ പ്രവിശ്യകളിൽ സ്വീകരിച്ചിരിക്കുന്നതുപോലെ കൺട്രോൾ മുഴുവനായി ഇയ്യിടെ നിറുത്തുന്നതു ശരിയല്ലെന്നും എന്നാൽ ക്രമേണ ക്രമേണയായി നിറുത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗവൺമെൻറ് ആലോചിച്ചു. എന്റെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞതുപോലെ തൽക്കാലം ചില പ്രദേശങ്ങളിൽ മതിയാകുന്നിടത്തോളം നെല്ലു വിളയുന്ന സ്ഥലത്തു മാത്രം -ഇങ്ങനെയുള്ള താലൂക്കുകൾ ഒമ്പതു ചേർത്തു് ഡീകൺട്രോൾ ഏർപ്പെടുത്തിയാൽ മതിയെന്ന് ഗവൺമെൻറു നിശ്ചയിച്ചു. എന്നാൽ അതും ഇൻഡ്യാഗവൺമെൻറിന്റെ നയത്തിനനുരൂപമായിട്ടു മാത്രമേ പാടുള്ളുവെന്നും നിശ്ചയിച്ചു. ഇതിനെപ്പററി ഈയിടെ ഇൻഡ്യാഗവൺമെൻറിൽ നിന്നും വന്നിട്ടുള്ള അഭിപ്രായം നോക്കിയാൽ തിരുവിതാംകൂറിലും, അതുപോലെതന്നെ കൊച്ചിയിലും ഇപ്പോൾ നിയന്ത്രണം നീക്കുന്നതു ശരിയാണോ എന്ന് വളരെ സംശയിക്കേണ്ടതായുണ്ടു. അങ്ങനെ നിയന്ത്രണം നീക്കുന്ന പക്ഷം നമുക്ക് വലിയ ബുദ്ധിമുട്ട് വന്നേക്കാൻ ഇടയുണ്ടെന്നാണ് ഇൻഡ്യാഗവൺമെൻറിന്റെ അഭിപ്രായം. ആ അഭിപ്രായത്തിനു തക്കതായ അടിസ്ഥാനവുമുണ്ടു. ഇന്ന നിയന്ത്രണം നീക്കിയിട്ടുള്ള പ്രോവിൻസുകളിൽ, ആവശ്യമുള്ളിടത്തോളമോ, അതിൽ കൂടുതലോ തന്നെ നെല്ലു വിളയുന്ന പ്രദേശങ്ങളിലായാലും ശരി, അരിയുടെ വില വളരെ വളരെ വർദ്ധിച്ചിട്ടുണ്ടു്. മുമ്പുള്ള വിലയേക്കാൾ ഇരുനൂറു മുന്നൂറു ശതമാനം,

[Hon'ble Mr. A. Thanu Pillai]

വർദ്ധിച്ചിട്ടുണ്ട്. മദ്രാസിൽ പലപ്രദേശങ്ങളിലും ഡികൺട്രോൾ ഏർപ്പെടുത്തിയിട്ടുണ്ട്, അവിടെ റിലീഫ് കോട്ട ഷാപ്പുകളിൽ ഒരു ചാക്കരിക്ക് ൨൭ രൂപാ വിലയാണ് വച്ചിരിക്കുന്നതെന്ന് നാം ഓർമ്മിക്കണം. ആ റിലീഫ് ഷാപ്പുകളിൽ നിയന്ത്രണം തുടർന്നുകൊണ്ടുപോകുവാൻ ആവശ്യപ്പെടുന്ന എല്ലാവർക്കും ഭക്ഷണ ധാന്യങ്ങൾ കൊടുക്കത്തക്ക ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. എന്നിട്ടും വളരെ വിഷമം വരുന്ന ഘട്ടങ്ങളിൽ കൊടുക്കത്തക്ക വിധത്തിൽ മാത്രമേ ഷാപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ളു. ആ ഷാപ്പുകളിൽ ഒരു ചാക്ക് അരിക്ക് ൨൯ രൂപാ വിലയാണെങ്കിലും അവിടെ ഡികൺട്രോൾ ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ പൊതുവേ ഒരു ചാക്കരിക്ക് ൫൦ രൂപയോളം വിലയുള്ളതായി കാണുന്നു. തിരുവിതാംകൂറിലെ അരിയ്ക്കു് ഇന്നു ഗവണ്മെൻറ് നിശ്ചയിച്ചിരിക്കുന്ന വില വളരെ കൂടുതലാണെന്നു പരാതിപ്പെടുന്ന ആളുകൾ ഈ വസ്തുത കൂടി മനസ്സിലാക്കിയിരുന്നാൽ കൊള്ളാം. ധാരാളം നെല്ലുള്ള തഞ്ചാവൂർ മുതലായ പ്രദേശങ്ങളിൽ തന്നെ വില വളരെ വളരെ വർദ്ധിച്ചിട്ടുണ്ട്. ഇവിടെ ചിലർ പറയുന്നുണ്ട് കൺട്രോൾ ഒന്നു മാററിയാൽ മതി വില വളരെ കുറഞ്ഞുകൊള്ളുമെന്ന്. യാതൊരു പ്രവിശ്യകളിലും ആ അനുഭവം ഉണ്ടായിട്ടില്ല. യു. പി. യിൽ കൺട്രോൾ വീണ്ടും ഏർപ്പെടുത്തിയിരിക്കുന്നു. ഇൻഡ്യ ഒട്ടുക്കു് അഭിപ്രായപ്പെടുന്നതു്, കൺട്രോൾ വീണ്ടും ഏർപ്പെടുത്തണമെന്നാണ്. എത്ര നെല്ലുവിളയുന്ന പ്രദേശമായിരുന്നാലും ആളുകൾ കൺട്രോൾ നീക്കുന്ന അവസരം നോക്കി ധാരാളം പണം ഉണ്ടാക്കുവാൻ ശ്രമിക്കുമെന്നുള്ളതിനു് തർക്കമില്ല. അങ്ങനെ വന്നാൽ സാധുക്കൾ വളരെ ബുദ്ധിമുട്ടേണ്ടതായിവരും. ഈയിടെ നമ്മുടെ അടുത്തുള്ള തിരുനൽവേലി ഡിസ്ട്രിക്ററിൽ അരിയുടെ വില വളരെക്കൂട്ടിയിട്ടിട്ടുള്ളതായി അറിയുന്നു. എന്റെ ബഹുമാന്യസ്നേഹിതൻ മി. കോര ഇന്നലെ പ്രസ്താവിച്ചതുപോലെ മദ്രാസ് റീജിയണൽ ഫുഡ് കമ്മീഷണർ മിസ്റ്റർ. കരുണാകരമേനോൻ ഇവിടെ വന്നപ്പോൾ ഞങ്ങൾ ഇതിനെപ്പററി ആലോചന നടത്തി. അതനുസരിച്ചു ഇൻഡ്യാ ഗവണ്മെൻറ് "ഞങ്ങൾ നല്ലവണ്ണം ആലോചിക്കാതെയും" ഇൻഡ്യാ ഗവണ്മെൻറുമായി ആലോചിക്കാതെയും ഡികൺട്രോൾ നടപ്പിൽ വരുത്തിക്കളയരുതെന്ന് ഗവണ്മെൻറിനെ അറിയിച്ചിരുന്നു, ഇതു സംബന്ധമായുള്ള പര്യാലോചനകൾക്ക് വേണ്ടിയാണ് മി. കരുണാകരമേനോൻ ഇവിടെ വന്നതു്. അദ്ദേഹവും മിനിസ്റ്റേഴ്സും കൂടി ഇതിനെപ്പററി നല്ലവണ്ണം ആലോചിച്ചു. മററു പ്രോവിൻസുകളിൽ വിശേഷിച്ച് മദ്രാ

സിൽ ഇന്ന് ഡികൺട്രോൾ മൂലമുണ്ടായിരിക്കുന്ന പരിതഃസ്ഥിതികളെ സംബന്ധിച്ച് ആലോചിച്ചതിന്റെ ഫലമായി ഞാൻ ഇപ്പോൾ ഡികൺട്രോൾ ചെയ്യുന്ന പക്ഷം നെല്ലില്ലാത്ത സാധുക്കൾക്ക് വളരെ ഉപദ്രവം ഉണ്ടായേക്കും എന്ന തീരുമാനത്തിൽ എത്തുകയാണുണ്ടായത്. എന്നല്ല, ഡികൺട്രോൾ വേണമെങ്കിൽ തന്നെ ഒരു ക്ലിപ്തകാലത്തേക്ക് അത്യാവശ്യം വേണ്ട അരി ഗവണ്മെന്റിന്റെ കൈവശത്തിൽ ഉണ്ടായിരിക്കണം. ഡികൺട്രോൾ ചെയ്യുന്നതു നിമിത്തം ഏതെങ്കിലും ഭാഗത്തു് അരി അത്യാവശ്യമായി കൊടുക്കേണ്ടതുണ്ടെന്നു കണ്ടാൽ ഉടനെ അവിടെ അരി കൊടുക്കേണ്ട ചുമതല ഗവണ്മെന്റിനുണ്ട്. ഈ രാജ്യത്തിന് ആവശ്യമുള്ള നെല്ല് ഇവിടെ വിളയുന്നില്ലല്ലോ. ആവശ്യമുള്ളരിന്റെ ൪൦ ശതമാനം നെല്ലുമാത്രമേ ഇവിടെ വിളയുന്നുള്ളു. ബാക്കി ൬൦ ശതമാനവും പുറമെ നിന്നു വരണം. അതുംകൊണ്ടാണ് ഇൻഡ്യാഗവണ്മെന്റ് നമുക്ക് അരി തന്നുകൊണ്ടിരിക്കുന്നതു്. അവർ ഇപ്പോൾ തന്നുകൊണ്ടിരിക്കുന്ന രണ്ടു ലക്ഷത്തിൽ ചില്വാനം ടൺ അരി ഈ അറുപതു ശതമാനം ആകുന്നില്ല. അവർ തരുന്ന അരി നമുക്ക് തികച്ചും മതിയാവുകയില്ലെന്ന് നമുക്കു നല്ലവണ്ണം അറിയാം. ആ അരിപോലും ഇല്ലെന്നു വന്നാലത്തെ കഥ എന്തായിരുന്നു ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് ഊഹിക്കാം. കിട്ടുന്ന അരി ഇതുപോലെ വിതരണം ചെയ്യുകയാണ് ഇന്നു ചെയ്യുന്നതു്. കൺട്രോൾ എടുത്തതിനുശേഷവും നമുക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന അരി മുഴുവൻ നമുക്കു കിട്ടിക്കൊണ്ടിരിക്കുമെങ്കിൽ തന്നെയും അതു വളരെ സൂക്ഷിച്ചു വിതരണം നടത്തുമെന്നിരുന്നാൽ തന്നെയും നമ്മുടെ ആവശ്യത്തിന് മതിയാകാതെ വന്നിരിക്കുന്നതു്. നമുക്ക് തന്നിരിക്കുന്ന കണക്കനുസരിച്ച് ഈ ആണ്ടു ഡിസംബറിനു മുമ്പായി ൪൦,൦൦൦ ടൺ അരി കൂടി കിട്ടേണ്ടിയിരിക്കുന്നു. അതു കിട്ടിയില്ലെങ്കിൽ, ജനുവരി അവസാനത്തിലോ, അല്ലെങ്കിൽ ഫെബ്രുവരി ആരംഭത്തിലോ നമ്മുടെ നില വളരെ വിഷമത്തിലായേക്കുമെന്ന് ഇടയുണ്ട്. അതുകൊണ്ടു ഈ ആണ്ടു അനുവദിച്ചിട്ടുള്ളതിനും പുറമേ ൪൦,൦൦൦ ടൺ അരി കൂടി തരണമെന്നു നമ്മുടെ ഗവണ്മെന്റ് ഇൻഡ്യാഗവണ്മെന്റിനോടപേക്ഷിച്ചിട്ടുണ്ട്. തീരുമാനം ഒന്നും ഉണ്ടായിട്ടില്ല. ആ നിലയ്ക്ക്, ഡികൺട്രോൾ മുതലായ കാര്യം വളരെ ആലോചിച്ചു വേണ്ടിയിരിക്കുന്നു.

ഈ വസ്തുതകളെല്ലാം പരിഗണിച്ചു ഈ സഭയിലെ അംഗങ്ങൾക്ക് എന്താണു പറയാനുള്ളതെന്ന് അറിയുന്നതു ഉപകാരപ്രദമായി

[Hon'ble Mr. A. Thanu Pillai]

ക്കും. നെല്ലുള്ളവരുടെ അഭിപ്രായം ഇക്കാര്യത്തിൽ പരിപൂർണ്ണമായി സ്വീകാര്യമല്ലെന്ന ഞാൻ പറയുമ്പോൾ ആരും പരിഭവിക്കരുത്. ബ്ലാക്കുമാർക്കറ്റിൽ ആർജിച്ച ലാഭം വിടുവാൻ നോക്കുകയല്ലാതെ നെല്ലുള്ളവർ മിച്ചമുള്ള നെല്ല് സംഭരണക്കാർക്ക് കൊടുക്കത്തക്കവണ്ണം ഗവണ്മെന്റിനെ ഏൽപ്പിക്കുവാൻ തയ്യാറാകുകയില്ലെന്ന നമുക്കറിയാം. സംഭരണം ചെയ്യിക്കാൻ ചുമതലയും നിവൃത്തിയുമുള്ള ആളുകൾ അവരുടെ കർത്തവ്യം വേണ്ടപോലെ നിർവഹിക്കുന്നില്ലെന്ന വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇതൊക്കെ നോക്കുമ്പോൾ നെല്ല് ധാരാളമുള്ള ആളുകൾ, വലിയ കൃഷിക്കാർ, നെല്ല് ധാരാളമുണ്ടാകുന്ന പ്രദേശങ്ങളിലെ സ്നേഹിതന്മാർ ഇവരെല്ലാവരും നാട്ടിലെ സ്ഥിതി നല്ലവണ്ണം പരിഗണിക്കണമെന്നും നെല്ലില്ലാത്ത പ്രദേശങ്ങളിലെ അവസ്ഥകൂടി സ്നേഹപൂർവം ഓർമ്മിക്കണമെന്നും ഞാൻ അവരോടപേക്ഷിക്കുന്നു.

ഇക്കാര്യത്തെപ്പറ്റി ഇൻഡ്യാഗവണ്മെന്റിൽ നിന്നും ഏർപ്പെടുത്തിയിട്ടുള്ള എക്കണോമിക് കമ്മിറ്റി ചെയ്തിട്ടുള്ള ശുപാർശകൾ നിങ്ങൾ എല്ലാവരും വായിച്ചിരിക്കും. അവർ കൺട്രോൾ വീണ്ടും ഏർപ്പെടുത്തണമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈയടുത്ത കാലത്ത് ഇൻഡ്യൻ ന്യൂസ് പേപ്പറിൽ അവരുടെ ശുപാർശകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലോകത്താകമാനം ഉള്ള ഭക്ഷ്യനില ആശാസ്യമല്ല. ബർമ്മായിൽ നിന്നും അടുത്ത കാലത്ത് നമുക്ക് എത്രമാത്രം അരിയാണ് കിട്ടാൻ പോകുന്നതെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. വിദേശങ്ങളിലെ ഭക്ഷ്യനിലയും തൃപ്തികരമല്ലാതെയാണിരിക്കുന്നത്. അതുകൊണ്ട് ഇൻഡ്യാഗവണ്മെന്റ് തന്നെ ഇന്ന തന്നുകൊണ്ടിരിക്കുന്ന രീതിയിൽ അരി തരാൻ വിഷമമായിരിക്കുമെന്ന് പറയുന്നു. ഇതെല്ലാം പരിഗണിച്ച് ഗവണ്മെന്റ് ഏതാനും സ്ഥലങ്ങളിൽ നിയന്ത്രണം എടുത്തുകളയാമെന്ന് ആലോചിച്ചെങ്കിലും ഈ സഭയിലെ അംഗങ്ങൾ തന്നെ ഈ കാര്യം പുനരാലോചന ചെയ്ത് ശരിയായ ഒരു തീരുമാനം ചെയ്യുന്നത് നന്നായിരിക്കും.

തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട് ഈ നാല് താലൂക്കുകൾ ഒന്നിച്ചു ചേർന്നാൽ ആ പ്രദേശങ്ങളിലേക്കാവശ്യമുള്ള നെല്ല് അവിടെ നിന്നും എടുക്കാം, വിളവംകോട്ടിലെ നില വളരെ മോശമാണ്. കൽക്കുളം അത്ര മോശമല്ല. ഈ നാല് താലൂക്കുകളിലെ ആവശ്യം

മുഴുവനും ഈ പ്രദേശങ്ങളിൽ ഉണ്ടാകുന്ന നെല്ല് കൊണ്ട് സാധിക്കാമോ എന്ന കാര്യം സംശയമാണ്. എങ്കിലും അവിടെ ഡീകൺട്രോൾ ഏർപ്പെടുത്താമോ എന്നാലോചിച്ചു. അതുപോലെ, കുട്ടനാടൻ പ്രദേശങ്ങളിലും, പത്തനാപുരം ചെങ്കോട്ട മുതലായ താലൂക്കുകളിലും കൂടി ഡീകൺട്രോൾ തുടങ്ങുന്നതിനെപ്പററി ആലോചിച്ചു. ഇന്നത്തെ നിലക്ക് ഡീകൺട്രോൾ ഏർപ്പെടുത്തുന്ന കാര്യം വളരെ വിഷമമായിട്ടാണ് ഗവമ്മെൻറു കണ്ടത്.

ഈ അവസരത്തിൽ ലെവി നെല്ലെടുക്കുന്നതിനെ സംബന്ധിച്ചും മററും നാം ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകളിൽ എന്തൊക്കെയാണ് വ്യത്യാസം വരുത്തേണ്ടതു, കൃഷിക്കാർക്ക് എന്തെല്ലാം വിഷമങ്ങളാണുള്ളത്. എന്നെല്ലാം കൂടി നാം ആലോചിക്കേണ്ടിയിരിക്കുന്നു.

ഇതെല്ലാം പരിഗണിച്ച് ഈ ഗവമ്മെൻറ് ഏതേതു താലൂക്കുകളിൽ ഡീകൺട്രോൾ ഏർപ്പെടുത്തണം, അല്ലെങ്കിൽ കൺട്രോൾ എടുത്തുകളയാമെന്ന് ആലോചിച്ചുവെങ്കിലും, കാര്യങ്ങൾ നല്ലവണ്ണം പുനരാലോചിച്ച് എന്തൊക്കെ വേണ്ടതുണ്ടെന്നുള്ളതിന് ഒരു ശരിയായ തീരുമാനം സഭാംഗങ്ങൾ തന്നെ പറയേണ്ടതാണ്. തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട്, ഈ താലൂക്കുകളിൽ അവിടെ ഉല്പാദിപ്പിക്കുന്ന നെല്ല് അവിടത്തെ ആവശ്യത്തിന് മതിയാകും. വിളവംകോട്ട് വിളവ് തീരെ മോശമാണ്. കൽക്കുളത്ത് അത്ര മോശമല്ല. അഗസ്തീശ്വരത്തും തോവാളയിലും സർപ്ലസ് ഉണ്ട്. അതുപോലെതന്നെ കുട്ടനാടൻ പ്രദേശവും. ഇതൊക്കെ ആലോചിച്ച് ആ താലൂക്കുകളിൽ കൺട്രോൾ എടുത്തുകളയാമെന്ന് ആദ്യം തീരുമാനിച്ചു. എന്നാൽ അത് എത്രത്തോളം ഗുണപ്രദമായിരിക്കുമെന്നുള്ളത് സംശയമാണ്. അതുകൊണ്ട് കൺട്രോൾ എടുക്കുന്നത് വിഷമമായിരിക്കുമെന്നാണ് ഗവമ്മെൻറിനു തോന്നുന്നതു. അങ്ങനെ വരുമ്പോൾ നമ്മുടെ ഏർപ്പാടുകളിൽ എന്തൊക്കെയാണ് വ്യത്യാസം ചെയ്യേണ്ടത്. ഇന്നു കർഷകർക്ക് ഏതെല്ലാം സംഗതികളെ സംബന്ധിച്ചാണു പരാതി ഉള്ളതു് ഇതൊക്കെ നാം ആലോചിക്കേണ്ടതാണ്. ഇവയിൽ മാന്യമെമ്പറന്മാരുടെ അഭിപ്രായം ഗവമ്മെൻറിന് അറിയേണ്ടതായിട്ടുണ്ട്. പ്രൊക്യൂവർമെൻറ്, അതായതു് നെല്ലെടുപ്പ് വേണ്ടെന്നാണെങ്കിൽ, അതു് തീരെ അസാദ്ധ്യമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇപ്പോൾ സെറ്റിൽമെൻറുപാട്ടം അടിസ്ഥാനമാക്കിയിട്ടുള്ള നെല്ലെടുപ്പു പദ്ധതിയാണുള്ളതു്. ധാരാളം ഉള്ളവരുടെ പക്കൽ നിന്നുമാണെങ്കിൽ സെററിൽമെൻറുപാട്ടം

[Hon'ble Mr. A. Thanu Pillai.]

അനുസരിച്ചുള്ള നെല്ലുകൊടുത്തു കഴിഞ്ഞിട്ട്, അവരുടെ ആവശ്യത്തിനുള്ള നെല്ലു കഴിച്ച് ബാക്കിയുംകൂടി എടുക്കുന്നതാണ്. അതാണ് ഇപ്പോഴത്തെ നയം. ഇതു ശരിയല്ല, സാധുക്കളായ കർഷകരിൽനിന്നും അവരുടെ ആവശ്യത്തിനുമേൽ വല്ല ബാക്കിയുമുണ്ടെങ്കിൽ മാത്രമേ എടുക്കാവൂ എന്നൊരഭിപ്രായമുണ്ട്. ഇതിനെപ്പറ്റി സഭാംഗങ്ങൾ അഭിപ്രായം പറയുന്നതു് ഉപകാരപ്രദമായിരിക്കും. ഒന്നു പറയുന്നു ഗവണ്മെന്റിന് ആരെയും ഇല്ലാ അസഹ്യപ്പെടുത്തണമെന്ന നിർബന്ധമില്ലെന്നുള്ളതു്. സാധു കർഷകരെ കഴിയുന്നതും സഹായിക്കണമെന്നു വേണം. അങ്ങനെ വരുമ്പോൾ നെല്ലു ധാരാളമുള്ളവർ സ്വന്തമനസ്സാലെ സൽബുദ്ധിയോടുകൂടി ഗവണ്മെന്റിനെ ഏല്പിക്കുന്നതിനു സന്നദ്ധരാകണം. അല്ലെങ്കിൽ നമ്മുടെ ഉദ്ദേശ്യമൊന്നും സാധിക്കുന്നതല്ല. ഇന്നു് ൧൨ ഔൺസ് വീതമാണു ആഹാരസാധനം ഓരോ ആളുകൾക്കും അനുവദിച്ചിട്ടു് പ്രായപൂർത്തിയായവർക്ക് നൽകുന്നതു്. പ്രായപൂർത്തി ആകാത്തവർക്ക് അതിന്റെ പകുതിയും ഏഴു് വയസ്സു് മാത്രം തികയാത്തവർക്കു ഇപ്പോഴത്തെ തിൽനിന്നും പ്രത്യേകം വർദ്ധനവു വരുത്തുകയും. അല്ലെങ്കിൽ ഇപ്പോഴത്തെ റേഷൻ അളവു് കുറച്ചിട്ടുള്ളതു. ൧൨ ഔൺസ് തന്നെ ആവശ്യത്തിനു തികയുന്നില്ല. അങ്ങനെയിരിക്കെ ഇതും കുറയ്ക്കണമെന്നു പറയുന്നതോ എന്തു് ആലോചിക്കണം. പിന്നെ കർഷകർക്ക് കൂടുതൽ കൊടുക്കണമെന്നു് അഭിപ്രായമുണ്ട്. ഈ വിഷയങ്ങളിലെല്ലാം മെമ്പറന്മാരുടെ അഭിപ്രായം ഗവണ്മെന്റിനു സഹായകരമായിരിക്കും. കൃഷിച്ചെലവിനു കൊടുക്കുന്നതു് മതിയാകുന്നില്ല എന്നു പരാതിയുണ്ട്. ഇന്നു് കൃഷിച്ചെലവിനു കൊടുത്തുകൊണ്ടിരിക്കുന്നതു് കുട്ടനാട്ടിൽ ഒരേക്കറിനു് [illegible] പറയാണു്. ഇതുപോലെ, കൃഷിച്ചെലവു് ഇവിടെ കൂടുതലാണു് എന്നു പരാതിയുണ്ട്. മറ്റു സ്ഥലങ്ങളിൽ ഏക്കറിനു് [illegible] പറയാണു് കൊടുക്കുന്നതു്. താരതമ്യേന അവിടെ കൃഷിച്ചെലവു കുറവാണു് എങ്കിലും അതുപോരാ എന്നു പരാതിയുണ്ട്. കൃഷിച്ചെലവു് വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിനറിയാം. ഇതൊക്കെ നല്ലവണ്ണം പരിശോധിച്ചുവേണം കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ. ഈ കാര്യങ്ങളിലും മാന്യമെമ്പറന്മാരുടെ അഭിപ്രായം അറിയണമെന്നാഗ്രഹിച്ചിരിക്കുന്നു. ഏതിനെ സംബന്ധിച്ചും ന്യായമായിട്ടു പ്രവർത്തിക്കുന്നതിനു് ഗവണ്മെന്റു തയാറാണു്. നെല്ലെടുക്കുന്നതിനു കൊടുക്കുന്ന വില വളരെ കുറവാണെന്നു പരാതിയുണ്ട്. ഇവിടെ ഇപ്പോൾ രണ്ടുരൂപാ ഒരു പറ നെല്ലിനു കൊടുക്കുന്നു. കൊച്ചിയിൽ രണ്ടര രൂപ

യാണ് കൊടുക്കുന്നത്. മററു സ്ഥലങ്ങളിൽ ഒരു രൂപ ആറണയാണ്. എങ്കിലും ഇവിടെ ഇതുപോരെന്നു പരാതിയുണ്ട്. എന്നാൽതന്നെയും അതും ഗവൺമെൻറ് ആലോചിക്കുന്നതാണ്. അതിൽ ഒന്നു പറയുവാനുള്ളത് കൃഷിച്ചിലവിന് നെല്ലു കൂടുതൽ കൊടുക്കുകയാണെങ്കിൽ ഈ എടുക്കുന്ന നെല്ലിൻെറ വില വർദ്ധിപ്പിക്കണമോ, വർദ്ധിപ്പിക്കണമെങ്കിൽ എത്രത്തോളം വർദ്ധിപ്പിക്കണം, ഇതൊക്കെ ആലോചിക്കേണ്ടതായിട്ടിരിക്കുന്നു. ഒന്നു പറയുവാനുള്ളത് ഗവൺമെൻറ്, കർഷകനും അരി വാങ്ങുന്നവനും വിൽക്കുന്നവനും പ്രത്യേകം ആണെന്നു ആരും ധരിക്കരുത്. എല്ലാവരും ഒന്നാണെന്നു കരുതണം. ഈ സംഗതികൾ മനസ്സിൽ വച്ചുകൊണ്ട്, ബഹുമാനപ്പെട്ട മെമ്പറന്മാർ അവരുടെ അഭിപ്രായം പറയണമെന്ന് ആഗ്രഹിക്കുന്നു. ഗവൺമെൻറിന് കഴിവുള്ള സഹായമെല്ലാം ചെയ്തുകൊടുത്താൽ പിന്നെ അധികമുള്ള നെല്ലെല്ലാം ഗവൺമെൻറിനു കൊടുക്കുന്നതിനു കർഷകർ സന്നദ്ധരാകണം. അങ്ങനെ അവർ സന്നദ്ധരായില്ലെങ്കിൽ ഗവൺമെൻറുദ്ദേശിക്കുന്നതു നടപ്പിൽ വരുത്തുവാൻ വേണ്ടതൊക്കെ ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. നെല്ല് എത്രത്തോളം എക്സെസ്സുകാരുടെ പക്കൽ നിന്നെടുക്കാം എന്നുള്ളതിനെപ്പററിയാണെങ്കിൽ ഒരു കാര്യം ആലോചിക്കണം. ൧൧൯-ൽ ലെസററിൽമെൻറുപാട്ടം, എക്സെസ്സ് ഈ ഇനത്തിൽ ആകെ ഒരുകോടി പറ നെല്ലാണ് കിട്ടിയത്. പിന്നീട് അത് വളരെ കുറഞ്ഞു. ൧൨൩-ൽ ൭൫ ലക്ഷം പറയാണ് കിട്ടിയത്. ചില വർഷങ്ങളിൽ അതിലും കുറഞ്ഞിട്ടുണ്ട്. കർഷകർക്ക് ആഹാരത്തിനു വേണ്ടിടത്തോളം ഉള്ള നെല്ലു വച്ചുകൊണ്ടിട്ട് എക്സെസ്സ് മാത്രം എടുത്താൽ മതിയെന്നുവരുമ്പോൾ ഈ പ്രൊക്യൂർമെൻറ് തീർച്ചയായും വളരെ കുറയും. നമുക്ക് കിട്ടുന്ന നെല്ലിൻെറ ഭൂരിഭാഗവും സെററിൽമെൻറു പാട്ടമനുസരിച്ചാണ് കിട്ടുന്നത്. എത്ര കിട്ടുമെന്നുള്ളതിന് ശരിയായ കണക്കില്ലെങ്കിലും ൭൦ ലക്ഷത്തിനുമേൽ ഒരുകോടിവരെ പറ നെല്ലിപ്പോൾ കിട്ടുന്നത് ഈ പുതിയ നയം വരുന്നതോടുകൂടി അതിൽ പകുതിയെങ്കിലും ലഭിക്കുമോ എന്നുള്ളതുപോലും സംശയമാണ്.

പിന്നെ ഒന്ന്, സൗകര്യം ഉള്ളവരു കച്ചവടം ചെയ്യുന്നതിനു കൂടി അനുവദിക്കണം എന്നൊരഭിപ്രായം. ഗവൺമെൻറ് ഇതൊക്കെ ചെയ്താലും പിന്നെയും കച്ചവടം ചെയ്യാൻ സൗകര്യമുണ്ടാകണമെന്നു പറയുന്നതു ഇനിയും ബ്ലാക്കുമാർക്കററ് നടന്നുപോകുവാനുള്ള ആഗ്രഹമെ

[Hon'ble Mr. A. Thanu Pillai.]

ന്നാണ് വ്യാഖ്യാനിക്കേണ്ടത്. അതുകൊണ്ട് ആരും അങ്ങനെ അഭിപ്രായപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു. പിന്നെ വിളവ് എത്രത്തോളം കിട്ടുമെന്നുള്ളത് നിശ്ചയിച്ചുവേണം ഇതെടുക്കുവാൻ എന്നാ അഭിപ്രായമാണെങ്കിൽ അങ്ങിനെ സംബന്ധിച്ചുള്ള മെമ്പറന്മാരുടെ അഭിപ്രായം ഗവർമെന്റിന് ഉപകാരപ്രദമായിരിക്കും. ഇവിടെ ഒരു പ്രൊഡക്ഷൻ സ്റ്റാഫ് തന്നെയുണ്ട്. അവർ ജോലി ആരംഭിച്ചു നടത്തിവരികയാണ്. ഓരോ താലൂക്കിലും അസിസ്റ്റന്റ് തഹസിൽദാരന്മാരുടെ റാങ്കിൽ ഉള്ള ഉദ്യോഗസ്ഥന്മാരും പകുതികളിൽ പകുതി ഉദ്യോഗസ്ഥന്മാരെയും കൂടുതലായി നിയമിച്ചിട്ടുണ്ട്. അവർ കൃഷിസംബന്ധമായ കണക്കുകൾ ശേഖരിക്കുകയാണ്. ഓരോ നിലത്തിലും വിളവെത്ര, എത്ര സ്ഥലങ്ങൾ നെൽകൃഷിക്കു ഉപയോഗയോഗ്യമല്ലാതായി വന്നിട്ടുണ്ട്. ഏതെല്ലാം സ്ഥലങ്ങൾ നെൽകൃഷിക്കു യോഗ്യമാകാം, എത്ര കുളങ്ങൾ നികന്നിട്ടുണ്ട്, എത്ര തോടുകൾ നെൽകൃഷിക്കു സഹായമാകാം, ഇവയെല്ലാം അന്വേഷിച്ച് അവർ സ്റ്റാറ്റിസ്റ്റിക്സ് എടുത്തുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം സംഗതികൾ ആലോചിച്ച് സജസ്റ്റീവ് ആയിട്ടുള്ള അഭിപ്രായങ്ങൾ മെമ്പറന്മാരിൽ നിന്നും ലഭിക്കുന്നത് ഉപകാരപ്രദമായിരിക്കും. കൂടുതൽ വിവരങ്ങൾ എന്തെങ്കിലും ലഭിക്കണമെങ്കിൽ ഗവർമെന്റിനെ അറിയിക്കുന്നപക്ഷം ഗവർമെന്റിന്റെ പക്കൽ ഉള്ള വിവരങ്ങൾ എല്ലാം നൽകുന്നതാണ്.

MR. PRESIDENT : പ്രധാനമന്ത്രിയുടെ ഉപക്ഷേപത്തെപ്പറ്റി ആർക്കെങ്കിലും അഭിപ്രായം പറയണമെന്നുണ്ടെങ്കിൽ പറയാം.

MR. P. S. MUHAMMED (*Moovattupuzha I—Muslim Reserved*) : സർ, കൺട്രോൾ എടുത്തുകളയാൻ ആലോചനയുണ്ടെന്നു കേട്ടപ്പോൾതന്നെ ഞങ്ങളിൽ പലക്കും വലുതായ പരിഭ്രമമാണുണ്ടായത്. ജനകീയഗവണ്മെന്റ് ഭരണാധികാരം കയ്യേററ സന്ദർഭത്തിൽ ഗത്യന്തരമില്ലാതെ നമ്മുടെ ഭക്ഷണസാധനങ്ങൾക്ക് അല്പം വില കൂട്ടേണ്ടിവന്നു. എന്നാൽ അതുതന്നെ സാധാരണക്കാരന് തെററിദ്ധാരണയ്ക്കും ദുഃഖങ്ങൾക്കും ഇടകൊടുത്തുകൊണ്ടിരുന്നപ്പോഴാണ് സാധാരണക്കാരനുവേണ്ടി നിലകൊള്ളുന്നതെന്നു പറയപ്പെടുന്നതായ ഈ ഗവർമെന്റ് കൺട്രോൾ എടുത്തുകളയാൻ ആലോചിക്കുന്നു എന്നു കേട്ടത്. ആ നിലയിൽ വല്ലതായി പരിഭ്രമിച്ചു എന്നു മാത്രമല്ല, കോസ്റ്റൽപ്രദേശങ്ങളിൽ താമസിക്കുന്ന ഞങ്ങൾ ക്രമത്തിലധികം ക്ഷോഭപ്പെടുകതന്നെ ചെയ്തു. കൺട്രോൾ എടുത്തുകള

ലാൻ ഉദ്ദേശിക്കുന്നില്ലെന്നും, അങ്ങനെ ഒരു ആലോചനയുണ്ടായി എങ്കിലും ഇൻഡ്യൻ ഡോമിനിയനിലെ മററു പ്രദേശങ്ങളിൽതന്നെ ഒരു പരീക്ഷണാർത്ഥം ഈ ക്രമമാണ് അങ്ങിനെ ചെയ്യുവാൻ ആലോചിച്ചതെന്നും എന്നാൽ അതു പരാജയത്തിലാണ് കലാശിച്ചിട്ടുള്ളതെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നതുകൊണ്ട് കൺട്രോൾ ഏർപ്പെടുത്തുന്ന പ്രശ്നം ഇപ്പോൾ ആലോചനയ്ക്കുപോലും ചെയ്യുന്നില്ലെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രി പ്രസ്താവിച്ചതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുക തന്നെ ചെയ്യുന്നു.

സർ, കൃഷിക്കാരോട് അനുകമ്പയില്ലാതെയാണ് ഞാൻ ഇങ്ങനെ സംസാരിക്കുന്നതെന്ന് എന്റെ സ്നേഹിതന്മാർ തെററിദ്ധരിക്കയില്ലെന്നൊരു അപേക്ഷയുണ്ട്. കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ സാധിക്കുമോ അതെല്ലാം ഗവൺമെന്റ് അവർക്ക് ചെയ്തുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ കൺട്രോൾ ഏർപ്പെടുത്തുകളയണമെന്ന് ശക്തിയുക്തം വാദിച്ചുകൊണ്ടിരിക്കുന്ന പത്രങ്ങളിൽ ഏററവും പ്രാധാന്യം അർഹിക്കുന്നത് മലയാളമനോരമയാണ്. ഇന്നലത്തെ മലയാളമനോരമയിൽ ഈ സംബന്ധമായ ഒരു മുഖപ്രസംഗം ഉണ്ട്. ഇവിടെ ആകെയുള്ള കൃഷിഭൂമിയിൽ അഞ്ചിൽ ഒരു ഭാഗം മാത്രമാണ് നെൽകൃഷിക്ക് ഉപയോഗിക്കുന്നതെന്നും ഇവിടത്തെ ജനസംഖ്യയുടെ ൫ ശതമാനം മാത്രമാണ് നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നതെന്നും കാര്യകാരണസഹിതം ആ പത്രം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മനോരമയ്ക്ക് ഈക്കാര്യത്തിൽ വേറെ ഒരു പറയുകയില്ലെന്ന് എനിക്ക് വിശ്വാസമുണ്ട്. ഇങ്ങനെ കേവലം ൫ ശതമാനംവരുന്ന കൃഷിക്കാരുടെ ഏതെങ്കിലും വിധത്തിലുള്ള കൂടുതൽ സൗകര്യങ്ങൾക്കുവേണ്ടി ഇവിടെയുള്ള ബാക്കി ൯൫ ശതമാനം ആളുകൾക്കും വിഷമമുണ്ടാക്കുന്നതായ ഒരു ഏർപ്പാട് നടപ്പിൽ വരുത്താൻ അവർ ആഗ്രഹിക്കുമെന്ന് ഞാൻ കരുതുന്നില്ല. അതായത് ജനസംഖ്യയിൽ ഏതാണ്ട് ൨൨,൫൦,൦൦൦ മാത്രമുള്ള നെൽകൃഷിക്കാരുടെ സുഖത്തിനും സൗകര്യത്തിനുംവേണ്ടി ഈ രാജ്യത്തെ ൯൪ ലക്ഷം ജനങ്ങളും പട്ടിണികിടന്നു കഷ്ടപ്പെടേണ്ടിവരുന്ന ഒരു പരിതഃസ്ഥിതി സൃഷ്ടിക്കാൻ ആഗ്രഹിക്കത്തക്കവണ്ണം ഇവിടത്തെ കൃഷിക്കാർ അത്ര അനുകമ്പാരഹിതന്മാരാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കൺട്രോൾ ഏർപ്പെടുത്തുകയായാൽ അവർക്ക് ചില സൗകര്യങ്ങൾ ഉണ്ടാകുമെങ്കിലും കൺട്രോൾ ഏർപ്പാടിലുള്ള അഴിമതികളും മററും അവർക്കുള്ള അസുഖം ക്രമാധികമാണെന്നിരുന്നാലും ബഹുഭൂരിപക്ഷം ജനങ്ങളുടെ

[Mr. P. S. Muhammed.]

ഉണ്ടാകത്തക്കവണ്ണം ഇനി നമ്മുടെ കൃഷിക്കാർ ഇക്കാര്യത്തിൽ കൂടുതൽ ശക്കടമുഷ്ടി പിടിക്കയില്ലെന്ന് ഞാൻ പ്രത്യാശിക്കുന്നു. കൃഷിക്കാരുടെ പ്രതിനിധികൾ ഈ സഭയിൽ ധാരാളമുണ്ടെന്നു നമുക്കറിയാം. എന്നാൽ സാധുക്കളായ കൂലിവേലക്കാരുടെ പ്രതിനിധികൾ ഈ സഭയിൽ വളരെ കുറവാണ്. സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും നന്മയ്ക്കു വേണ്ടി കഴിവുള്ള പ്രവൃത്തിക്കുമെന്ന് സ്റ്റേറ്റ് കോൺഗ്രസ്സ് പ്രഖ്യാപനം ചെയ്തതിനെ വിശ്വസിച്ചാണ് ഈ സഭയിലെ ഭൂരിപക്ഷം സാമാജികന്മാർക്കും അവർ വോട്ടുനൽകി നിയമസഭയിലേക്ക് അയച്ചിട്ടുള്ളതെന്ന് നാം എപ്പോഴും സ്മരിക്കേണ്ടതാണ്. അതുകൊണ്ട് സാധാരണക്കാരനെയും പാവപ്പെട്ടവനെയും വിഷമിപ്പിക്കുന്നതിനിടയാക്കുന്ന യാതൊരു സംഗതിയെക്കുറിച്ചും നാം ചിന്തിക്കുന്നതുപോലും ശരിയല്ലെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

കൺട്രോൾ എടുക്കണമെന്ന വാദത്തിന് ഉപോൽബലകമായി പറയുന്ന പ്രധാന കാരണം, അതുകൊണ്ട് നെല്ലെടുപ്പിനും വിതരണത്തിനും ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ നിൽക്കുമെന്നാണ്. മറ്റൊന്ന് അതുകൊണ്ട് ബ്ലാക്ക് മാർക്കറ്റ് ഇല്ലാതാക്കാൻ കഴിയുമെന്നാണ്. എന്നാൽ അത് അബദ്ധമാണ്. നമ്മുടെ രാജ്യത്ത് ധാർമ്മികമായ ബോധത്തെ വളർത്താൻ കഴിഞ്ഞെങ്കിലേ നാം ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കുകയുള്ളു. കൺട്രോൾ എടുത്തുകളയുകയാണെങ്കിൽ അതുകൊണ്ട് സാധാരണക്കാരൻ നമ്മുടെ മുൻപിൽ പട്ടിണികിടന്നു മരിക്കുകയും, അതേ അവസരത്തിൽ തന്നെ ഉദ്ദേശിക്കുന്ന വില കിട്ടിയല്ലാതെ നെല്ലു കൊടുക്കുകയില്ലെന്നു ശഠിക്കുന്ന ഇരുമ്പുഹൃദയമുള്ള മനുഷ്യരുടെ കടുംകൈ പ്രയോഗംകൊണ്ട് സാധാരണക്കാരനും ധനവാന്മാരും തമ്മിലുണ്ടാകുന്ന മത്സരത്തിന് ശക്തികൂട്ടി ഈ രാജ്യത്ത് അസമാധാനം ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് അതിനു കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയുമാണെന്നുള്ള സംഗതി നാം വിസ്മരിക്കരുത്. നെല്ലെടുപ്പിനെ സംബന്ധിച്ചും ഒരു കാര്യം എനിക്കു പറയുവാനുണ്ട്. നെല്ലെടുപ്പു സമ്പ്രദായത്തിൽ ചില വ്യത്യാസങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു എന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ പറയുകയുണ്ടായി. ഇന്നു സെറ്റിൽമെന്റു പാട്ടപ്രകാരം നെല്ലെടുക്കുന്ന തോതു മാററിയിട്ട് സാധാരണ ഒരാളുടെ ചിലവിനുള്ളതും കൃഷിച്ചെലവിനുള്ളതും കഴിച്ചു ബാക്കിയുള്ളതു മുഴുവൻ കൃഷിക്കാരന്റെ സന്മനസ്സുകൊണ്ട് ഗവണ്മെ

ന്റിനെ ഏല്പിക്കാനുള്ള ഒരു പദ്ധതിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് പറയുകയുണ്ടായി.

HON'BLE MR. A. THANU PILLA : അങ്ങനെയല്ല പറഞ്ഞതു്. കൃഷിക്കാരൻ മിച്ചമുള്ള നെല്ലു മുഴുവൻ അവന്റെ സന്മനസ്സുകൊണ്ട് ഗവണ്മെന്റിനെ ഏല്പിക്കുന്നതു് നന്ന്. പക്ഷേ, കൃഷിക്കാരന്റെ സന്മനസ്സില്ലെങ്കിലും ഗവണ്മെന്റ് നിർബന്ധമായി അതെടുക്കുകതന്നെ ചെയ്യും.

MR. P. S. MUHAMMED : എനിക്കു പറയുവാനുള്ളതു് ആരുടെയെങ്കിലും സന്മനസ്സിനെ ആശ്രയിച്ചു് പ്രവർത്തിച്ചാൽ നെല്ലെടുപ്പോ നെല്ലു വില്പനയോ ഒരിക്കലും സാദ്ധ്യമല്ലെന്നാണ്. അതിനു കർശനമായ ഒരു നയം തന്നെയാണ് രൂപീകരിക്കേണ്ടതു്. ചെറിയ കൃഷിക്കാരെ രക്ഷിക്കുന്നതിനാണ് ഉദ്ദേശമെങ്കിൽ ഒരു നിശ്ചിതമായ വിസ്തീർണ്ണത്തിൽ കുറഞ്ഞ നിലം ഉടമസ്ഥന്മാർ സെററിൽമെൻറു പാട്ടം കൊടുക്കേണ്ടതില്ലെന്നു വ്യവസ്ഥ ചെയ്യുകതന്നെ വേണം. ബാക്കിയുള്ളവരുടെ സെററിൽമെൻറു പാട്ടം കണക്കാക്കി പൂവൊന്നുക്കു് കരം ഒടുക്കുന്നതുപോലെ ഒരു നിശ്ചിത സ്ഥലത്തു് കൊണ്ടുചെന്നു് നെല്ലു് അളന്നേല്പിക്കണമെന്നു് കർശനമായ ഒരു വ്യവസ്ഥ സ്വീകരിച്ചാലല്ലാതെ നെല്ലെടുപ്പു തൃപ്തികരമായി നടക്കുവാൻ പോകുന്നില്ല. അതുകൂടാതെ എക്സസ് ഉള്ളവരിൽ നിന്നും അതു മുഴുവൻ എടുക്കുകയും വേണം. അങ്ങനെയായാൽ നെല്ലു മുഴുവൻ ഗവണ്മെന്റിനു കിട്ടുകയും ചെയ്യും. സാധുക്കൾക്കു് ഉപദ്രവം ഉണ്ടാകുകയും ഇല്ല. യാതൊരു വ്യവസ്ഥയും ഉൾപ്പെടാതെ കൃഷിച്ചിലവിനും വിത്തിനും കൃഷിക്കാരന്റെ ചെലവിനും പോയിട്ടു് ബാക്കിയുള്ളതു് ഗവണ്മെന്റിനു തന്നേക്കണമെന്നു പറഞ്ഞാൽ നെല്ലെടുപ്പിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് കൂടുതൽ സമ്പാദിക്കുന്നതിനു് ഒരു മാർഗ്ഗമായിത്തീരുമെന്നല്ലാതെ മററു യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ലെന്നു് ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. K. SIVARAMA PILLAI (*Thovala—General*): Sir, after carefully going through the statement of the Hon'ble Food Minister and after hearing the Hon'ble Premier, I am only sorry to hear from the Hon'ble Premier that this Government is not going to accept the views of those who are in possession of paddy in plenty. At the outset I may inform the Hon'ble Premier that he is not aware of the conditions in Thovala and so I wish to tell him of the situation in which we are placed. In Nanjinad, especially in Thovala, paddy fields are of nearly twelve tharams and the average yield we take

[Mr. K. Sivarama Pillai]

per year is only 20 kotas from one acre. This 20 kotas when converted into para comes to 220 paras and at the rate of value given by Government at the present time the amount comes to Rs. 440. So much is the gross income obtained from one acre. Now, turning to the expenditure side, we have to look at the custom of the place. We have to meet the expenditure for all kinds of work in kind. From a long time past up till now, we have been incurring an expense of nearly 14 kotas which is 154 paras and Rs. 100 per acre. If the Government is to allow 154 paras in kind for an acre, at the rate prevailing now, the net income to an agriculturist comes to Rs. 40. That alone could be the income which he may obtain. The Hon'ble Premier has stated that Government is going to allow only 14 paras for seeds for one acre of land. If that is so, we are only given 28 paras per acre, asking us to pay for labourers not in kind but in money. I will explain. We get 126 paras. We have to sell to Government at the rate of Rs. 2 per para. To the labourer we have to pay at Rs. 3 per para of paddy. A labourer will be satisfied when he is given in kind one para of paddy. But we have to pay him in money value at a rate of Rs. 3. That is the state of affairs and there is no satisfaction.

MR. ABDUL RAZAK: May I know whether the system of paying the labourer in kind instead of in money obtains anywhere in the South now-a-days?

MR. K. SIVARAMA PILLAI: Cent per cent in Thovala payment is only in kind. If such system of payment is refused as a consequence of action by Government to a labourer, I can boldy say here and now that from the next crop onward, there will be no cultivation at all. Further a labourer will refuse to accept money but will be willing to receive in kind. I will point out the hardship. There are 126 paras of paddy which fetches value at the rate of Rs. 2 per para. The labourer has to be paid for in money. The net loss for an agriculturist on account of selling at Rs 2 rate works out to Rs. 86. This is the real condition in Thovala. I put it to Government that with the loss of Rs. 86 will any agriculurist be able to give Government with a good heart? Perhaps Government might say that price of paddy will be enhanced and all the rest of it. But my point is—

HON'BLE MR. A. THANU PILLAI: May I ask the Hon'ble Member, what will be the cost of cultivation per acre for paying to the labourers in kind?

MR. K. SIVARAMA PILLAI: For ploughing, manuring, weeding, harvesting and threshing we pay 126 paras per year for both the crops. If we pay cash instead of in kind—

HON'BLE MR. A THANU PILLAI: What is the expense for one acre capacity of land for one cultivation season?

MR. K. SIVARAMA PILLAI: We have to spend about—

HON'BLE MR. A. THANU PILLAI: I want to know in terms of para measure.

MR. K. SIVARAMA PILLAI: It comes to nearly 7 kotas according to our measure.

HON'BLE MR A. THANU PILLAI: That is abnormal.

MR K. SIVARAMA PILLAI: As far as para measurement goes it is a new thing introduced in that part for ration system. We have known of marakkal system only for centuries past instead of para measure. For one acre the normal expenditure is 7 kotas and Rs. 50.

HON'BLE MR. A. THANU PILLAI: Is it per season?

MR. K. SIVARAMA PILLAI: Yes. For one year for an acre 14 kotas and Rs 100 is the expense. Perhaps it may surprise the Hon'ble Premier. But if he would come to those places and enquire, he will not at all be surprised about the cost. Then he will surely be in a position to know the realities in that matter.

HON'BLE MR. K. M. KORAH: May I know, what the expense is for ploughing on one acre?

MR. K. SIVARAMA PILLAI: On one acre, ploughing has to be done at least 7 times. At the rate of Rs. 3 for ploughing once, the expense for that is Rs. 21.

HON'BLE MR. K. M. KORAH: If you meet that item by payment in kind what will be the expenditure therefor?

MR. K. SIVARAMA PILLAI: It comes to nearly 10 paras.

HON'BLE MR. K. M. KORAH: Taking payment in kind as standard, may I know what will be spent for seed?

MR. K. SIVARAMA PILLAI: Generally for that what is done is, one kota of paddy is taken and dried. It is reduced to 18 marakkals. Out of this 15 marakkals are used for sowing purposes, the balance being spent for expenses thereof. For each crop we sow nothing less than this.

HON'BLE MR. K. M. KORAH: What will be the expense towards wages if payment in kind is resorted to on one acre?

MR. K. SIVARAMA PILLAI: Per crop 77 paras and nearly Rs. 50.

HON'BLE MR. K. M. KORAH: Under what all items do such expenses come in?

MR. K. SIVARAMA PILLAI: Ploughing, manuring, weeding and harvesting are the categories of work for which expenses in kind have to be meted out.

HON'BLE MR. K. M. KORAH: May I know whether you are paying wages for threshing?

MR. K. SIVARAMA PILLAI: Yes.

HON'BLE MR. K. M. KORAH: What is the expense for that on one acre?

MR. K. SIVARAMA PILLAI: We categorise that as one kooru or three-fourths kooru as the case may be in accordance with yield. In proportion to the yield from land we may spend towards that item of work. For the information of the Hon'ble Minister I may say that so far as Thovala is concerned, for harvesting and threshing, people from Kalkulam and Vilavancode have to come. If they are not paid in kind, they refuse to come for that kind of work. Without them it is absolutely impossible to effect harvest.

HON'BLE MR. K. M. KORAH: What will be the quota alloted for harvesting and threshing out of the yield on one acre?

MR. K. SIVARAMA PILLAI: The whole thing will be measured out first and a proportionate share may be set apart. Say for 21 kotas yield, one kota will be distributed in the case of one 'kooru'. If it is three-fourths the rate will be in proportion. In our place one kota is understood as 21 marakkals. On a rough calculation it comes to 11 paras.

MR. ABDUL RAZAK: Is this an art of confounding confusion? (*Laughter.*)

MR. K. SIVARAMA PILLAI: I would only request the Hon'ble Premier to come with me to every village in our place and confer with the old people there in this matter. No useful purpose will be served by enquiring of young people for this matter who will only say something or other as my hon'ble friend has just now remarked. We have to learn about this matter from people who have put in 40 or 50 years experience in this line when alone the custom obtaining could be understood. I may add one more information at this juncture. The Government were running a farm at Thirupathisaram for some time. As it was found to be impossible the Government leased it out to a person. The result is that for 2 to 3 years Government were heavily losing for want of yield.

MR. A. CHIDAMBARANATHA NADAR: நீங்கள் தோவாளை தாலுகாவில் நடந்துகொண்டிருப்பதைச் சொன்னீர்கள். அகஸ்தீஸ்வரம், கல்குளம், விளவங்கோடு தாலுகாக்களில் நடப்பதைச் சொல்லவில்லையே?

MR. K. SIVARAMA PILLAI: At the outset I said that I can only picture about Thovala in this matter. When we heard of the news of de-control, naturally it caused us anxiety. I can assure here and now that people in Thovala will only get less price, because they cannot sell at a higher price for the following reasons. In most places in India, due to effects of de-control, it is likely that abnormal prices may be got. But after the advent of the Vellala Regulation and a few others of like kind, when holdings were partitioned, we cannot find a dozen people who are in possession of more than say 10 acres of land. In Thovala almost cent per cent of the people are agriculturists in the form of owners, lessees or employees of agriculturists. For these people there is no business other than this. So in the nature of things I wished to approach the Hon'ble Premier and enquire that if de-control is effected in those places, could not

paddy voluntarily surrendered to Government be purchased by opening a few grain shops for dealing with excess paddy when alone it will be possible to keep up the prices under control especially when Rs. 40 is considered as the net income earned on one acre of land. Again, that area is surrounded on three sides by high mountains and on the fourth there is strict checking; so much so, paddy could not be taken outside. As for that matter, my hon'ble friends need not worry themselves in the fact that paddy will be sold out in black market.

HON'BLE MR. A. THANU PILLAI: What is the rent that is usually given to absentee paddy land owners per crop?

MR. K. SIVARAMA PILLAI The maximum that we get is 20 kotas per year and the minimum is 6 kotas from one acre of land per year. Therefore—

HON'BLE MR. A. THANU PILLAI: How much of that is effected as payment?

MR. K. SIVARAMA PILLAI: 5o per cent of that per crop.

HON'BLE MR. A. THANU PILLAI: Am I to take it that if you yourself cultivate land, you will get only Rs. 40 on one acre.

MR. K. SIVARAMA PILLAI: Yes.

HON'BLE MR. A. THANU PILLAI: Then how is it that the lessee pays so much to the absentee owner? Is he giving so much from his other sources?

MR. K. SIVARAMA PILLAI: The lessees work for all the days in a year. What they get is straw and some bare maintenance. For the absentee land owner they are giving the entire yield. This is the practice obtaining there.

HON'BLE MR. A. THANU PILLAI: The hon'ble member has stated that Rs. 40 per acre is the net gain earned after meeting expenses towards cost of labour and seed. Am I right?

MR. K. SIVARAMA PILLAI: Yes.

HON'BLE MR. A. THANU PILLAI: How much is that in kotas?

MR. K. SIVARAMA PILLAI: 2 kotas.

HON'BLE MR. A. THANU PILLAI: That is to say, according to you what surplus is left after meeting cultivation expenses and that for seed will come to only 2 kotas of paddy per annum on one acre. Am I right?

MR. K. SIVARAMA PILLAI: Yes, provided one takes to cultivate the land by himself.

HON'BLE MR. A. THANU PILLLAI: Sir, this is something impossible I should say.

MR. K. SIVARAMA PILLAI: I will further explain. If I take to cultivation myself, I do not go for ploughing. I have to pay for it as well as for weeding. The lessees effect no payment in kind for such work—

HON'BLE MR. A. THANU PILLAI: Even then, calculation appears to be somewhat interesting. Then what is the approximate price for straw obtained from one acre of land?

MR. K. SIVARAMA PILLAI: Rs. 40·20 bundles at Rs. 2 could be worked.

Then coming to conditions in other parts, there are no large holdings to the generality of the population immediately after harvest. More than 90 per cent. have to dispose of paddy for cultivation purposes as also to purchase other necessaries of life. One of the circumstances that raised the price of paddy in Madras was, that there were people to hoard paddy. That was the statement of the Honourable Minister there. Even now price is steadily increasing in those areas. For the Minister's information I may say that there are people who own thousands of acres even up to 6000 acres who can naturally afford to hoard. In those parts we cannot find more than one who holds 100 acres and above. 90 per cent of the people in general may be in possession of 10 acres and below. Such people will have to dispose of paddy immediately after harvest for purchasing their daily necessities of life. Therefore, there is no question of hoarding of paddy at all in such cases. Now, so long as Government have unequivocally stated that there is no de-control in Tovala and the neighbourhood, I need not argue that any further.

HON'BLE MR. A. THANU PILLAI: At least for my information may I know the percentage of cultivators in those parts who own less than 4 acres?

MR. K. SIVARAMA PILLAI: More than 60 per cent of people will come under that. Less than one acre will be in the possession of 40 per cent of the people.

MR. R K RAM: 60% என்பது நாஞ்சநாடு பூராவுமா அல்லது தோவாளை மாத்திரமா?

MR. K. SIVARAMA PILLAI: I started by saying that I can lay claim only to conditions prevailing in Tovala Taluk. Knowing the matter fully well I said about the conditions in one particular Taluk. So if we accept the generality of conditions throughout Travancore, some places will be eased and some hit hard. So according to local conditions, different methods will have to be adopted and not one method for all places which will hit hard one place or other in the scheme of things.

MR. R. K. RAM: Will it not be true to say that conditions in Tovala prevail in like degree in Agastiswaram as well?

MR. K. SIVARAMA PILLAI: Since the honourable member has knowledge about this he can estimate about his own taluk. I am not competent to speak on this question so far as that area is concerned.

Now as the Government is positive on the matter that de-control will not be effected and that the system of control is in the

best interests of Travancore as a whole, I will next pass on to the question of procurement and refer to the best method possible in that line. The system prevailing is the taking of settlement pattom. That has to be modified. In its place excess paddy alone should be collected by Government. We want data for that which can only be through ration cards. But Government are aware that so far as Tovala is concerned, more than 90 per cent of the people possess no ration cards. The Government have not issued cards. My information is that there are only one or two ration shops in certain areas whereas a majority do not even contain them. So only by issuing ration cards, excess can be easily ascertained. That alone is a practical proposition.

MR. K. A. GANGADHARA MENON (*Nedumangad I—General*): Is it difficult to calculate ration for a family on the basis of units that are now allowed to adults and non-adults?

MR. K. SIVARAMA PILLAI: So long as there are no ration cards, there is difficulty in the matter. For practical purposes it will take an year to work out that scheme. All the people must first apply to the Tahsildar who has to verify which means time. Then he has to calculate By the time all such process is undertaken the question of control or de-control will cease to have any operation.

MR. K. A. GANGADHARA MENON: I am referring to the practicability of finding out each family easily when paddy is taken from the persons by Government.

MR. K. SIVARAMA PILLAI: That can be calculated easily no doubt. But what of the agency for that So I would suggest for the consideration of Government one or two points

Sir, what I would suggest for the consideration of the Honourable Minister is that those who own one acre and below of paddy field be exempted from payment of any paddy—either settlement or the excess. Then above that quantity, notice may be issued to them to pay at the settlement rate or on any gradation scale which the Government thinks fit. We should be allowed to pay that to the officers concerned Any how, the present practice of the Proverthicars going to each house, at times when there is nobody and locking up the store-rooms and going away is bad. To open the rooms, we have to send petitions after petitions and three months or four months hence he comes and finds the paddy is completely rotten and then leaves it and goes away. To avoid such things, for each pattadar, let a notice be issued by the authorities, fixing a definite quota as regards payment and getting it measured at whatever convenient place Government thinks fit. Without such a notice of demand, asking people to go from house to house and get it, will only oppress the poor people and I may say that in none of the rich people's houses these officers are going to enter or worry them. It is only the poor people that are hard hit by the original method of procurement.

[Mr. K. Sivarama Pillai,]

Then again, Sir, we find a lot of difficulties for the workers who are engaged in harvesting, threshing, etc., who do not belong to the Thovala Taluk but come from other Taluks. They are given in kind. The Government also knows that because notifications were issued that the Tahsildars are entitled to give permit to them to take their wages home. But the difficulty that is experienced is that the workers have to wait, sometimes for more than a week, to get their wages, and the result is that at the time of harvesting, the people have to run here and there to fetch workers promising lavishly that they will get the permit soon after the harvest is over and that they can go. Every year we are renewing the promise but are unable to carry it out. So at least for those who are *bona fide* workers who actually work, easier methods of calculating the wages must be found out.

Then again, I come to an open secret which could not be denied. We can always find people taking small quantities on their heads to various places either as wages or given by somebody. The major portion of the crime by the officers concerned is that for the quantities which are seized by them there will be no account. Though forfeited to the Government, it does not find a place on the records. So, *bona fide* workers should not be troubled on any account by the Government if they take small quantities. Therefore, considering these difficulties, I hope the Honourable Food Minister will consider the situation, go to the site, and know it from his own experience and then decide upon what course is to be followed in each place.

MR. PRESIDENT : ഇനി അനേകം മെമ്പറന്മാർ പ്രസംഗിക്കാൻ ഉള്ളതുകൊണ്ട് പ്രസംഗത്തിനു സമയക്ലിപ്തം വേണം എന്നുദ്ദേശിക്കുന്നു. അതിനാൽ ൨൦ മിനിട്ടിനു താഴെയായിട്ടു ആദ്യം തുടങ്ങാം. അതുകൊണ്ട് ബാക്കി മെമ്പറന്മാർക്ക് സംസാരിക്കാൻ സമയം കിട്ടാത്തപക്ഷം പിന്നെ ൫ മിനിട്ടാക്കാം എന്നു വിചാരിക്കുന്നു.

MR. P. M. VARUGHESE : സർ, എനിക്കു ബഹു. മെമ്പർ മി. ശിവരാമപിള്ള പറഞ്ഞ നെല്ലെടുപ്പു പദ്ധതിയെപ്പറ്റിയാണ് ആദ്യമായി പറയാനുള്ളത്. സെറ്റിൽമെന്റുപാട്ടം അളന്നിട്ടു എക്സസ് ഉണ്ടായിരുന്നാൽ ആ എക്സസ്സുകൂടി കൊടുക്കണമെന്നാണ് ഗവർമെന്റ് പറയുന്നത്. എന്നാൽ ആ രീതി മാറ്റി ഒരേക്കറിൽ കൂടുതൽ നിലം ഉള്ളവരിൽനിന്നും നെല്ലു വാങ്ങണം എന്നുള്ള ന്യായം അദ്ദേഹം ഉന്നയിച്ചു. അതിനു വലിയ ഒരാക്ഷേപമുണ്ട്.

MR. K. SIVARAMA PILLAI : நான் சொன்னது தோவாளைத் தாலுகாவைப்பற்றி. உங்கள் இடத்தைப்பற்றித் தெரியாது.

MR. P. M. VARUGHESE: ഒരു വീട്ടിൽ ഒരാൾ മാത്രമേയുള്ളു എങ്കിൽ അദ്ദേഹത്തിനു രണ്ടു യൂണിററാണുള്ളത്. ഒരേക്കർനിലത്തിൽ നിന്നു നൂറുപാറ നെല്ല് ചില സ്ഥലത്തു കിട്ടും. മററു ചില സ്ഥലത്ത് ൧൦ പറ കിട്ടും. ഇപ്പോഴത്തെ റേഷൻ സമ്പ്രദായമനുസരിച്ച് ഒരാൾക്ക് അത്രയും ആവശ്യമില്ല. നേരേമറിച്ച് ചില കുടുംബത്തിൽ ൨൦ അംഗങ്ങൾ കാണും. ൨൦ അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിൽ ൪൦ യൂണിററാണ് ഗവണ്മെൻറ് അനുവദിച്ചിട്ടുള്ളത്. ഒരേക്കർ നിലമേ ഒരു കുടുംബത്തിനുള്ളു എങ്കിൽ മി. ശിവരാമപിള്ള പറഞ്ഞ ഈ കണക്കനുസിച്ച് ഒരേക്കർ നിലമുള്ള കുടുംബത്തിലേക്ക് ഗവണ്മെൻറു കൂടുതൽ നെല്ലു കൊടുക്കേണ്ടിവരും. ആ ഒരു വ്യത്യാസം...

MR. K. SIVARAMA PILLAI: *ஒரு ஏக்கர் நிலமுள்ளவன் வீட்டில் அதிகம் ஆள்களிருந்து, இந்த ஒரு ஏக்கர் நிலத்திற்குள்ள ரேஷனுக்குமேல் கொடுக்கவேண்டுமென்று வந்தால்.*

MR. P. M. VARGHESE: അതുതന്നെയാണ് ഞാനും പറയുവാൻ വന്നത്. വിശപ്പ് കർഷകനും വേലക്കാരനും ഒരു പോലെയാണ്. റേഷൻ സമ്പ്രദായം സ്വീകരിക്കാമെന്നുവന്നപ്പോൾ......

MR. CHIDAMBARANATHA NADAR: *உழுது பயிர் செய்பவனுக்கு தனக்கு வேண்டிய நெல் கிடைக்காவிட்டால் அந்த வருத்தம் அவனுக்கு தெரியும்.*

MR. P. M. VARGHESE: കൃഷിക്കാരൻ നെല്ലരികൊണ്ടുള്ള ചോറുമാത്രമല്ല തിന്നുന്നത്. മററ് വേറെ പല സാധനങ്ങളും തിന്നു പരിചയിക്കണം. അതിനുള്ള സന്ദർഭം കൂടെയാണ് ഇപ്പോൾ വന്നിരിക്കുന്നത്.

MR. CHIDAMBARANATHA NADAR: *மற்ற தானியங்களையும் உபயோகிக்கவேண்டுமென்று சொன்னால் அந்த வருத்தம் கிருஷிகர்களுக்குத்தான் தெரியும்.*

MR. P. M. VARGHERE: റേഷൻ അനുസരിച്ചുള്ള അരിയാണ് ഏതു ജോലിക്കാരനും കിട്ടുന്നത്. കർഷകൻ എന്നുള്ള ആ നിലയെ മാത്രം വച്ചുകൊണ്ടാണ് നെല്ലുകിട്ടുന്ന കർഷകന് നെല്ലായിട്ടുതന്നെ കൊടുക്കാം എന്ന സൗജന്യം ഗവണ്മെൻറ് വച്ചിരിക്കുന്നത്. ആ സൗജന്യം മാറ്റി റേഷൻ ആക്കുമ്പോൾ പുറത്തുനിന്നും വരുന്ന നാറിയതും ചീഞ്ഞതുമായ അരിവാങ്ങി ഉപയോഗിക്കേണ്ടിവരും. അതിനാൽ നിശ്ചയമായും കർഷകന് ഗവണ്മെൻറനുവദിച്ചിട്ടുള്ള സൗജന്യം വളരെ വളരെ വലുതെന്ന് എൻെറ സ്നേഹിതന്മാർ നല്ലവണ്ണം മനസ്സിലാക്കണം. ഇനി കൺട്രോൾ വേണമോ വേണ്ടയോ എന്നുള്ളതിനെപ്പററിയാണ് പറയുന്നുള്ളത്.

MR. K. A. MUHAMMED : കൃഷിക്കാരേയും എക്സംപ്റ്റ് ചെയ്യേണ്ട എന്നാണോ അഭിപ്രായം?

MR. P. M. VARGHESE : അങ്ങനെ പറയുന്നില്ല. കൃഷിക്കാരന്റെ ആവശ്യത്തിൽ കവിഞ്ഞുള്ളതെല്ലാം എടുക്കണമെന്നേ പറയുന്നുള്ളു.

MR. K. A. MUHAMMED : ഒരു സെന്റു നിലമേയുള്ള എങ്കിലും ആ കൃഷിക്കാരന്റെ കയ്യിൽനിന്നും നെല്ലെടുക്കണമെന്നാണോ പറയുന്നതു്.

MR. P. M. VARGHESE : അതെ, ഒരു സെന്റു നിലത്തിൽനിന്നും കൃഷിക്കാരന്റെ ആവശ്യത്തിൽ കവിഞ്ഞ നെല്ലുകിട്ടുമെങ്കിൽ ആ നെല്ലു ഗവണ്മെന്റിലേക്കു എടുക്കണമെന്നാണു് ഞാൻ പറയുന്നതു്. അതു തന്നെയാണു് ഗവണ്മെന്റു ചെയ്യാൻ പോകുന്നതു്.

MR. P. M. VARGHESE : കൺട്രോൾ മാററണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച കാര്യത്തിൽ മാററണമെന്നതിനെ സംബന്ധിച്ച് ആക്കും അഭിപ്രായമില്ല. കാരണം കൺട്രോൾ മാററണം എന്നുവച്ചാൽ ഈ രാജ്യത്തെ നെല്ലുടമസ്ഥന്മാരെ ഇവിടത്തെ ആഹാരത്തിന്റെ കുത്തക ഏല്പിക്കുക എന്നാണു്. കൺട്രോൾ നിയമം ഇപ്പോൾ മാററുകയാണെങ്കിൽ അതു് നെല്ലുടമസ്ഥന്മാരുടെ അടിമത്വത്തിൽ മററുള്ളവരെ ആക്കുന്നതിനു തുല്യമായിരിക്കും. ആ നില ഒരിക്കലും അനുവദിക്കാൻ പാടില്ല. എപ്പോഴാണു് നമുക്കു് ആഹാരത്തിനു സ്വയം പര്യാപ്തത ഉണ്ടാകുന്ന അപ്പോഴാണു ഈ കാര്യത്തെപ്പററി ആലോചിക്കേണ്ടതു്. അല്ലെങ്കിൽ പുറത്തുനിന്നും നമ്മുടെ ആവശ്യത്തിനു് മതിയാകത്തക്കവണ്ണം ആഹാരം ലഭിക്കാനുള്ള സന്ദർഭം ഉണ്ടാകണം. പുതിയ വ്യവസ്ഥയിൽ നെല്ലെടുക്കുന്ന പക്ഷം ആകെ കിട്ടുന്ന നെല്ലിന്റെ അളവിൽ കുറവുവരും എന്ന സംഗതിയെപ്പററി ഗവണ്മെന്റ് ഇവിടെ ഒരു ആശങ്ക പ്രകടിപ്പിച്ചു; അതിനു് ഒരു പോംവഴിയുണ്ടു്. ഗവണ്മെന്റു വാങ്ങുന്ന നെല്ലിന്റെ അളവു് കുറയുമ്പോൾ അതേസമയം തന്നെ ഈ നെല്ലെടുക്കാതെ വിടുന്ന ഓരോ കർഷകനും കൊടുക്കേണ്ടയുന്നിററിനുള്ള നെല്ലിനും കുറവുവരും. ആ കാര്യത്തിൽ ഓരോ താലൂക്കിലേയും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ നാം ചെയ്യുന്ന ജോലിയുടെ സൂക്ഷ്മതയേയും കാര്യക്ഷമതയേയും ആശ്രയിച്ചാണു് കൂടുതൽ കുറവു വരുന്നതു്. ഇന്നു സാധാരണയായി ഒരു നിലം ഉടമസ്ഥനോടു ചോദിച്ചാൽ ഒരേക്കർ നിലത്തിൽനിന്നും ൬൦ പറ നെല്ലേ കിട്ടുകയുള്ളു എന്നു പറയും. അതേസമയം ഈ കൃഷിക്കാരൻ ഒരു സാധാരണ കൃഷിക്കാരനു ഈ നിലം പാട്ടത്തിനു കൊടുക്കുക.

യാണെങ്കിൽ ഏക്കറിനു ൫൦൦ പറ എന്ന കണക്കനുസരിച്ചു പാട്ടം വാങ്ങും. അങ്ങനെയുള്ള ഒരു നടപടിയാണു് ഇന്നു പല സ്ഥലത്തും നടക്കുന്നതു്. കർഷകന്റെ ദുരിതത്തിനാശ്വാസം നൽകാനാണു് കൺട്രോളും റേഷനിംഗും ഏർപ്പെടുത്തിയിരിക്കുന്നതു്. അവന്റെ താൽപര്യത്തെ സംരക്ഷിക്കണമെന്നാണു് ആത്മാർത്ഥമായി നാം ആഗ്രഹിക്കുന്നതെങ്കിൽ കൺട്രോൾ മാററിക്കൂടാ. റേഷൻസമ്പ്രദായം ഇതേപടി തന്നെ തുടരണം.

പിന്നെ നെല്ലുവിലയെപ്പററി ഒരു വാക്കു പറയാം. ഗവണ്മെന്റു് ഒരു നിലം ഉടമസ്ഥനിൽനിന്നും ഏതുവിലയ്ക്കു് നെല്ലെടുക്കുന്നുവോ ആ വിലയ്ക്കുതന്നെ വിൽക്കാതിരിക്കുന്നതു് ശരിയല്ല. അങ്ങനെ അല്ലാതെ ചെയ്താൽ വിൽക്കുന്ന മുതലാളിക്കും വാങ്ങുന്ന കർഷകനും ഒരുപോലെ ആക്ഷേപം ഉണ്ടാക്കുന്നതാണു്. പരാതിയും ഉണ്ടാകും. പിന്നെ നെല്ലു വിൽക്കുന്നതിനുള്ള സ്വാതന്ത്ര്യം വേണമെന്നു ചിലർ ആഗ്രഹിക്കുന്നതായി കേൾക്കുന്നു. നെല്ലു ഓരോരുത്തരുടെയും റേഷൻ കാർഡു് അനുസരിച്ചു വീതിച്ചാൽ ആർക്കും വിൽക്കാൻ കാണുകയില്ല. പിന്നെ ആർക്കെങ്കിലും വിൽക്കാൻ ഉള്ള സ്വാതന്ത്ര്യം വേണമെന്നു പറഞ്ഞാൽ അങ്ങനെ പറയുന്നതു് കരിഞ്ചന്തക്കു് കോപ്പുകൂട്ടിയിരിക്കുന്നവരാണു്. കൺട്രോൾ ഏർപ്പെടുത്തുകയും റേഷൻ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു എങ്കിൽ നാം എല്ലാപേരും ആത്മാർത്ഥമായി പ്രവർത്തിക്കും. ഇത്രയും പറഞ്ഞുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. V GANGADHARAN NAIR : സർ, വളരെ പ്രധാനപ്പെട്ട ആഹാരപ്രശ്നത്തെപ്പററി നാം വാദപ്രതിവാദം ചെയ്യുകയാണു്. ഈ അവസരത്തിൽ സാധനങ്ങളുടെ വിലക്കൂടുതൽകൊണ്ടു് ഇൻഡ്യയുടെ സാമ്പത്തികഭാവി വളരെ അപകടത്തിലായിരിക്കുന്നു. ആ അവസ്ഥയെപ്പററി ഇൻഡ്യാഗവണ്മെന്റു് സാമ്പത്തികവിദഗ്ദ്ധന്മാരുമായി ആലോചന നടത്തിക്കൊണ്ടിരിക്കുന്നു എന്നും നമുക്കറിയാം. സാധാരണക്കാരന്റെ ജീവിതം അസാദ്ധ്യമായിരിക്കുന്ന പരിതഃസ്ഥിതിയിലാണു് ഇന്നു നാം ചെന്നെത്തിയിരിക്കുന്നതു്. ഈ അവസ്ഥയിൽ കൺട്രോൾ എല്ലാം പിൻവലിക്കണമോ വച്ചുപുലർത്തിക്കൊണ്ടുപോകണമോ എന്ന ചോദ്യം നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യയിൽ കൺട്രോൾ പിൻവലിച്ചതോടുകൂടി സ്ഥിതിഗതികൾ അഭിവൃദ്ധിപ്പെടുന്നതിനു പകരം ബ്ലാക്കുമാർക്കററുകാരുടെയും ലാഭക്കൊതിയന്മാരുടെയും അഴിമതിക്കാരുടെയും ചൂഷണം വർദ്ധിക്കുകയാണു ചെയ്തതു് എന്നു് ഇതിനകം

[Mr. V. Gangadaran Nair.]

വെളിപ്പെട്ടിട്ടുണ്ടു്: തിരുവിതാംകൂറിൽ കൺട്രോൾ, നെല്ലിനെ സംബന്ധിച്ചിടത്തോളം പിൻവലിച്ചാൽ ഒരുപക്ഷെ സ്ഥിതിഗതികൾ ഭേദപ്പെട്ടേയ്ക്കാം എന്നു് ഒരഞ്ചാറുമാസത്തിനു മുൻപു ഞാനും വിചാരിച്ചു. എന്നാൽ ഇന്നത്തെ ഇൻഡ്യയിലെ സ്ഥിതിഗതികൾ വച്ചുനോക്കുമ്പോൾ ഇന്നത്തെ പരിതഃസ്ഥിതിയിൽ കൺട്രോൾ പിൻവലിക്കുന്നതു വളരെ അപത്തായിരിക്കും എന്നു കാണുവാൻ പ്രയാസമില്ല. ഇന്നത്തെ കൺട്രോളും റേഷൻ സംപ്രദായവും ഇതുപോലെ തുടർന്നുകൊണ്ടുപോയാൽ മതിയോ എന്ന പ്രശ്നം ഗവണ്മെൻറിൻെറയും ഈ സഭാസാമാജികന്മാരുടേയും ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. വളരെ ശരിയായിട്ടുള്ള സ്റ്റാററിസ്റ്റിക്സ് തന്നെ നമ്മുടെ ഗവണ്മെൻറിനു ഈ വിഷയത്തിൽ ഇല്ലെന്നാണ് എനിക്കു് പറയാനുള്ളതു്. ഇവിടെ ആകെ എത്ര നെല്ലു വിളയുന്നു; ഇവിടെ ശരിയായിട്ടു നെല്ലു വാങ്ങുന്നവർ എത്രപേരാണ്; ഇവിടത്തെ പ്രൊഡക്ഷൻ എത്ര വർദ്ധിച്ചിട്ടുണ്ടു്; ഇനി എത്ര വർദ്ധിപ്പിക്കാം എന്നീ കാര്യങ്ങളെപ്പററിയൊന്നും വേണ്ടത്ര വ്യാപകമായ തോതിലും ശുഷ്കാന്തിയോടുംകൂടി വേണ്ടതു പ്രവർത്തിച്ചിട്ടില്ലെന്നു പറയാതിരിക്കുവാൻ നിർവാഹമില്ല. ഈ വിഷയത്തെപ്പററി പറയുമ്പോൾ എനിക്കു ഗവണ്മെൻറിനോടു പ്രത്യേകം പറയാനുള്ളതു് ഇവിടത്തെ നെല്ലെടുപ്പും വിതരണവും കഴിയുന്നത്ര ജനങ്ങൾക്കനുകൂലമായ രീതിയിൽ നടത്തണമെങ്കിൽ അതിനു ജനങ്ങളുടെ സഹകരണം നേടണമെന്നും അതിനു വേണ്ടി ജനകീയ കമ്മററികൾ സംഘടിപ്പിക്കണമെന്നുമാണ്. ജനകീയ കമ്മിററികളിൽ കൂടിയല്ലാതെയുള്ള നെല്ലെടുപ്പും വിതരണവും വിജയിക്കാൻ പോകുന്നില്ലെന്നു ഗവണ്മെൻറിനെ വളരെ ശക്തിയായി അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഒരു പകുതിയിൽനിന്നു് എത്ര നെല്ലെടുക്കണമെന്നു തീരുമാനിക്കാൻ ആ പകുതിയിലെ യഥാർത്ഥ ജനപ്രതിനിധികൾ ചേർന്നുള്ള കമ്മിററി ഉണ്ടെങ്കിൽ വളരെ എളുപ്പമാണെന്നാണ് എൻെറ അഭിപ്രായം.

MR. K. A. MUHAMMED: ഇപ്പോൾ അങ്ങനെയുള്ള കമ്മിററികൾ ഇല്ലേ?

MR. V. GANGADARAN NAIR: ഇപ്പോൾ അങ്ങനെയുള്ള കമ്മിററികൾ ഉണ്ടോ ഇല്ലയോ എന്നു നിശ്ചയമില്ല. ഉണ്ടെങ്കിൽതന്നെയും ആ കമ്മിററികൾ ഒന്നും ജനകീയകമ്മററികൾ അല്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

MR. JOSEPH MALIEKAL: അങ്ങനെയുള്ള കമ്മിററി അംഗങ്ങളും കൈക്കൂലി വാങ്ങുന്നു എന്നറിയാമോ?

MR. V. GANGADHARAN NAIR : നിശ്ചയമായിട്ടും അങ്ങനെ കൈക്കൂലി വാങ്ങുന്നവർ ഉണ്ടായിരിക്കും. അങ്ങനെ ജനപക്ഷത്തുനിന്നും പ്രവർത്തിക്കുന്ന ആളുകളെ ശിക്ഷിക്കുന്നതിനുള്ള പദ്ധതികൾ നമുക്കുടനേ സ്വീകരിക്കേണ്ടതായിവരും. അഴിമതികൾ ഉദ്യോഗസ്ഥന്മാർ മാത്രമല്ല ജനപക്ഷത്തുള്ളവരും കാണിച്ചു എന്നുവരാം. അങ്ങനെയുള്ള അഴിമതികളെയും കൈക്കൂലികളെയും നിർദ്ദാക്ഷിണ്യം നേരിടാനുള്ള ഒരു ഗവണ്മെൻറാണ് നമുക്കിന്നാവശ്യമായിട്ടുള്ളതു്.

MR. K. A. MUHAMMED : ഈ കമ്മിററികളെ എങ്ങനെ തെരഞ്ഞെടുക്കാം?

MR. V. GANGADHARAN NAIR : അതിനു ജനങ്ങളെ മുഴുവൻ വിളിച്ചുവരുത്തി പരസ്യമായ രീതിയിൽ തെരഞ്ഞെടുപ്പു നടത്തിയാൽ ഒരു പക്ഷെ ബാലട്ട്ബാക്സിൻെറ സഹായം കൂടാതെ നല്ല കമ്മിററികളെ തെരഞ്ഞെടുക്കുവാൻ കഴിയുമെന്നാണ് എൻെറ വിശ്വാസം. ബാലട്ടുബാക്സിൻെറ തന്നെ സഹായത്തോടുകൂടി ശരിയായ തെരഞ്ഞെടുപ്പു നടത്തി, കമ്മിററികൾ സംഘടിപ്പിക്കാൻ കഴിയുമെങ്കിൽ അതിനെ ഞാൻ സ്വാഗതംചെയ്യും. എൻെറ അഭിപ്രായത്തിൽ വില്ലേജ്പഞ്ചായത്ത് അടുത്ത മൂന്നുനാലുമാസത്തിനകം തിരുവിതാംകൂറിൽ എല്ലാ ഭാഗത്തും ഉണ്ടാക്കേണ്ടതാണ്. നമുക്കു കൂടുതൽ കൂടുതൽ പൌരജീവിതത്തേയും സാമ്പത്തികജീവിതത്തേയും നിയന്ത്രിക്കേണ്ടിയിരിക്കുന്നതുകൊണ്ട് എത്രയും വേഗത്തിൽ പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തെരഞ്ഞെടുക്കപ്പെട്ട യഥാർത്ഥജനകീയ സ്വയംഭരണസ്ഥാപനങ്ങൾ ഗ്രാമങ്ങൾതോറും ഉണ്ടാകേണ്ടതാണ്. ഇങ്ങനെയുള്ള പഞ്ചായത്തുണ്ടെങ്കിൽ ഈ നെല്ലെടുപ്പും വിതരണവും ആ പഞ്ചായത്തിനെ ഏല്പിക്കാൻ കഴിയുമായിരുന്നു. അങ്ങനെ പഞ്ചായത്ത് ഇല്ലാതെയിരിക്കുന്നിടത്തോളം കാലം നാം എത്ര ജനകീയാടിസ്ഥാനത്തിൽ കമ്മിററികളെ സംഘടിപ്പിച്ചാലും അതു പൂർണ്ണമായി വിജയിക്കുവാൻ പോകുന്നില്ല. അതുകൊണ്ട് വില്ലേജ്പഞ്ചായത്തുകൾ ഏർപ്പെടുത്തി അതിൻെറ സഹായത്തോടുകൂടി നെല്ലെടുപ്പും ആഹാരവിതരണവും നടത്തേണ്ടതാണ്. ഈ അവസരത്തിൽ ഉല്പാദനത്തെപ്പററിയാണ് കൂടുതൽ പറയണമെന്ന് എനിക്കുദ്ദേശമുണ്ടായിരുന്നതു്. ഏതായാലും ഇവിടത്തെ കർഷകർ അസംഘടിതരായ ഒരുവിഭാഗം ആളുകളാണ്. ഉൽപാദനം വർദ്ധിപ്പിക്കണമെങ്കിൽ സാധാരണക്കാരായ വിശേഷിച്ചും വളരെ കുറച്ച് ഭൂമികൾമാത്രം കൈവശം വച്ചുകൊണ്ടിരിക്കുന്ന കർഷകരെ സുസംഘടിതരാക്കിത്തീർക്കുകയാണു വേണ്ടതു്. അങ്ങനെ ചെറിയ കർഷകരെ

[Mr. V. Gangadaran Nair.]

മുഴുവൻ സംഘടിതമായ കൃഷിയിലേക്ക്, കൂട്ടുകൃഷി സമ്പ്രദായത്തിലേക്ക്, നയിക്കുവാൻ ഗവൺമെൻറ് സഹകരണഡിപ്പാർട്ടുമെൻറും കൃഷിഡിപ്പാർട്ടുമെൻറും കഴിവതു ശ്രമിക്കുമെങ്കിൽ നമ്മുടെ ഉൽപ്പാദനം വളരെ വർദ്ധിപ്പിക്കാൻ സാദ്ധ്യതകളുണ്ടെന്നാണ് എൻറെ അഭിപ്രായം. വിശേഷിച്ചും ചെറിയ കർഷകരെ സഹകരണപ്രസ്ഥാനത്തിൻറെ കീഴിൽകൊണ്ടുവരുവാൻ ഉള്ള ഒരു സജീവമായ പദ്ധതി ഗവൺമെൻറ് ഉടൻ ഏറ്റെടുക്കുകയും ഒരേക്കറിനു താഴെ കൃഷിയുള്ള ഒരു കർഷകനും ഒറ്റതിരിഞ്ഞുനിന്നു കൃഷി ചെയ്യുവാൻ അവകാശമില്ലെന്ന ഒരു നിയമം കൊണ്ടുവരുകയും ചെയ്തു അങ്ങനെ സംഘടിത കൃഷി ഈ രാജ്യത്തുണ്ടാകാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കുകയാണ് നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനുള്ള പ്രധാനമാർഗ്ഗം. ഇങ്ങനെ സംഘടിതമായി ശാസ്ത്രീയമായ രീതിയിൽ കൃഷി വർദ്ധിപ്പിക്കുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയുമാണ് ചെയ്യേണ്ടതു്. ഒരു പക്ഷെ മൂന്നുനാലു വർഷത്തിനകംതന്നെ വീണ്ടും ഒരു യുദ്ധത്തിലേക്ക് നാം പോയേക്കുമെന്ന് തോന്നുന്നു. ഏതായാലും ആഹാര കാര്യത്തിൽ സ്വയം പര്യാപ്തത മൂന്നു വർഷംകൊണ്ടു സാധിക്കാനുള്ള ഒരു പദ്ധതി ഗവൺമെൻറ് ഈ സഭയുടെ മുമ്പിൽ വയ്ക്കേണ്ടതും അതു പ്രവർത്തനത്തിൽ വരുത്തേണ്ടതുമാണെന്നു ഗവൺമെൻറിനെ അനുസ്മരിപ്പിച്ചുകൊണ്ട് എൻറെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. R. K. RAM: Sir, கட்டுப்பாடு (Control) வேண்டுமா, வேண்டாமா என்றெல்லாம் விவாதிப்பது மக்கள் எல்லோரும் உண்டு களித்து இன்புற்றிருக்க வேண்டும் என்ற எண்ணத்தின் பொருட்டுத்தான்.

பிரதம மந்திரி அவர்கள் சொன்னார்கள் "விளவங்கோடு தாலுகாவில் deficit; கல்குளம், அகஸ்தீசுவரம், தோவாளை தாலுகாக்களில் Surplus நெல் வருவாய் உண்டு" என்று. அவருடைய சொற்படி இந்த நான்கு தாலுகாக்களையும் சேர்த்துப் பார்த்தால், தன் தேவைக்கும் போதுமான நெல் இந்த நாலு தாலுகாக்களுக்கும் உண்டு என்பது நன்கு புலனாகின்றது.

தன் தேவையைப் பூர்த்தி செய்யப் போதுமான நெல் விளைச்சல் உள்ள இடங்களுக்கு ஏன் கன்ட்ரோல் வேண்டும் என்பது தான் தெரியவில்லை. விலை நிர்ணயத்தில்தான் இந்த இடங்களுக்குக் கட்டுப்பாடு (Control) வேண்டும்.

நெற்றிவேர்வை நிலத்தில் சிந்த உழைக்கும் உழைப்பாளிகளுக்கு நெல் நியாயமான விலைக்குக் கிடைக்கச் செய்ய கட்டுப்பாடு (Control) வேண்டும். நெல் இன்ன விலைக்குத்தான் விற்கப்படவேண்டும் என்று விலை நிர்ணயம் செய்து, அந்த விலைக்குத்தானா விற்கப்படுகிறது என்பதையும் பார்க்க வேண்டும். இந்த நாலு தாலுகாக்களிலுமுள்ள நெல் வெளியில் போகாமலும் பார்த்துக்கொள்ள வேண்டும். அங்ஙனமிருந்தால்

இந்த நாலு தாலுகாக்களிலுமுள்ள மக்கள் எல்லோருக்கும் போதுமான நெல் கிடைக்குமென்று நினைக்கிறேன்.

ஆனால் என்ன சொன்னாலும் கட்டுப்பாடு (Control) வைத்துத்தான் ஆகவேண்டுமென்று பிடிவாதமாக இந்த அரசாங்கம் இருப்பதனால் அதைப்பற்றி இரண்டொரு வார்த்தைகள் கூறவேண்டியிருக்கிறது. நிலங்களில் இரண்டு விதமான நிலங்கள் இருக்கின்றன. ஒன்று ஆயக்கட்டு நிலங்கள் — பழய நிலங்கள். இந்த நிலங்களுக்குத் தண்ணீர்த் தட்டு அதிகம் வராது. விளைச்சலும் குறைவில்லாமலிருக்கும். மற்றவை புதுவல் நிலங்கள். அந்த நிலங்கள் பயிரிடுவதற்குக் கஷ்டமானவை. தண்ணீர்ப் பஞ்சம் ஒரு புறம். பயிரேற்றுச் செலவு கூடுதலாகும். இதற்கெல்லாம் மேல் தண்ணீர் வரியும் ஏக்கருக்கு ரூ. 7/- கொடுக்க வேண்டியிருக்கிறது.

விவசாயிகளிலும் இரண்டு விதம் உண்டு. தானே நிலத்தில் உழைத்துப் பயிரேற்றுகின்றவர்கள். மற்றவர்கள் Absentee Land Lords. நிலங்கள் எங்கேயாவது இருக்கும். நிலத்தில் பயிர் ஏற்றுவது எங்ஙனம் என்றே அவர்களுக்குத் தெரியாது. ஆனால் உழைப்பாளிகள் உழைத்துப் பயிர் ஏற்றி, அறுத்துக் கொடுக்கும் நெல்லை சேமித்து வைத்திருப்பார்கள். முன்னே சொன்ன உழைப்பாளி விவசாயிகளுக்குப் பயிர்ச்செலவு போக அவர்களின் வாழ்க்கைக்குப் போதுமான நெல் மிஞ்சாது. இரண்டாவதாகச் சொன்ன Absentee land-lords-க்கு அங்ஙனமல்ல. அவர்களுக்கும் நஷ்டம் என்று சொல்வது மக்களை ஏமாற்றுவதேயாகும். சான்றாக-ஒன்று சொல்லுகிறேன். அகஸ்தீசுவரம் தாலுகாவில், நீண்டகரை 'A' பகுதியில் நமது மகாராஜாவின் மாமனாராகிய இராமவர்மத் தம்புரான் அவர்களுக்கு 27 ஏக்கர் நிலங்கள் ஆண்டொன்றுக்கு ரூ. 2000/- மாகக் குத்தகைப் பாட்டத்திற்குக் கொடுக்கப்பட்டிருக்கிறது. இந்த நிலங்களை அவர் கீழ்ப்பாட்டமாக ரூ. 5000/-த்திற்கு கொடுத்திருக்கிறார். 5000/- ரூபாய்க்கு ஏற்றிருக்கின்ற அவர் அதிலிருந்தும் மேல் லாபம் எடுக்கிறார் என்றால், முதலாளி விவசாயிக்கு லாபமா, இல்லையா என்பது நன்கு தெரியும்.

எனவே உழைப்பே இல்லாமல் நெல்லைச் சேர்த்து வைத்திருக்கின்றவர்களிடத்திலுள்ள நெல், இல்லாதவர்களுக்குக் கிடைக்கும்படி செய்வதோடு, உழுது விதைத்து, அறுத்து முடிவில் உணவுக்கு எஞ்சிய நெல் ஒன்றுமில்லாதவர்களிடத்திலிருந்து கட்டாயமாக நெல் எடுக்கும் முறையை ஒழிக்கும் விதத்தில் கட்டுப்பாடு (Control) இருக்க வேண்டும். பழய நிலங்கள் 2 ஏக்கரும் அதற்குக் குறைவாகவும் இருக்கின்றவர்களிடமிருந்து Settlement நெல் அளக்கக்கூடாது. புதுவல் நிலங்கள், விளைச்சல் குறைவான காரணத்தால், வரி கூடியிருக்கின்ற காரணத்தால், பயிரேற்றம் செலவு கூடுதலாகின்ற காரணத்தால், தண்ணீர் அடிக்கடி தட்டு வருகின்ற காரணத்தால் 3 ஏக்கரும், அதற்குக் குறைவாகவும் உள்ளவர்களிடமிருந்து Settlement அளக்கக்கூடாது.

பின்னர், பழய நிலங்கள் 2 ஏக்கர்களுக்கு மேல் உள்ளவர்களிடம், 2 முதல் 10 ஏக்கர் வரையுள்ள நிலங்களுக்கு ஒரு விகிதம் Settlement ஏற்படுத்தவேண்டும். 10 ஏக்கருக்கும் மேலிருந்தால் 10 முதல் 50 வரையுள்ளவைகளுக்கு அதை விட கூடிய Settlement தொகை ஏற்படுத்த

[Mr. R. K. Ram.]

வேண்டும், 50 ஏக்கருக்கு மேலுள்ளவர்களுக்கு அதை விடவும் கூடுதலான ஒரு விகிதம்—இங்ஙனம் ஒரு gradation system மாக நெல் எடுக்க வேண்டும். புதுவல் நிலங்களுக்கு 3 ஏக்கரும், அதற்குக் குறைவாகவும் நிலங்கள் உள்ளவர்களிடமிருந்து நெல் எடுக்கக் கூடாது. அதற்கு மேலுள்ளவர்களுக்கு gradation system-மாக நெல் எடுக்க வேண்டும். இந்த முறை நன்மையாக இருக்குமென்று எண்ணுகிறேன். அதோடு இந்தத் தாலுக்காவிலுள்ள நெல் வெளியே போகாமலிருப்பதற்கும் தகுந்த ஏற்பாடு செய்தாக வேண்டும்.

இது வரையிலுள்ள அனுபவத்தைப் பார்த்தால், நெல்லெடுப்பு மிக ஊழலாகத்தான் இருந்து வந்திருக்கிறது. பார்வத்தியக்காரருக்கு சர்வாதிகாரம் கொடுக்கப்பட்டு வருகிறது. அவர் விருப்பம் போல் நெல் எவ்வளவு அளக்கவேண்டுமென்று திட்டப்படுத்துவது வழக்கம். அவர் விரும்பினால் உள்ளவர்களிடத்தில் அளக்காமலிருக்கலாம், இல்லாதவர்களிடத்தில் உணவுக்குக் கூட நெல் இல்லாமல் அத்தனையும் எடுக்கலாம். இதுவரையும் அங்ஙனம் தான் நடந்து வருகிறது. ஆகவே பார்வத்தியக்காரர்களையும், சம்பந்தப்பட்டவர்களையும் மேற்பார்வை பார்ப்பதற்கு உத்தியோகப் பற்றற்ற ஒரு கமிட்டி நியமிக்க வேண்டும்.

இன்றிருக்கின்ற மந்திரிகள் எங்களுக்கு நம்பிக்கைக்கு பாத்திரமானவர்களல்ல. திருவிதாங்கூர் தமிழ்நாட்டிற்குப் பிரதிநிதித்துவம் வகிக்கின்றவர்களுமல்ல. ஆதலால் திருவிதாங்கூர் தமிழ் நாட்டைப் பொறுத்த மட்டிலும், திருவிதாங்கூர் தமிழ்நாட்டிற்கு பிரதிநிதித்துவம் வகிக்கின்ற பிரதிநிதிகளைக் கொண்ட ஒரு கமிட்டி அமைக்க வேண்டும். அந்தக் கமிட்டி அந்நாட்டின் கட்டுப்பாடு (control) முறையைப் பார்த்துக் கொள்ளும். நேற்று, அகஸ்தீசுவரம் தாலுகாவில் நிலங்களுக்கு பயன்படுகின்றதும், ஆனால் தரிசாகக் கிடக்கின்றதுமான இடங்கள் எவ்வளவு இருக்கின்றது என்ற கேள்விக்கு கனம் மந்திரி கோர அவர்கள் Nil என்று பதில் சொன்னார். மந்திரி அவர்கள் என்னோடு வந்தால் நான் காண்பித்துக் கொடுக்கிறேன். ஆயிரக் கணக்கான ஏக்கர்கள்-இன்றே நிலமாகத் திருத்துவதற்கியந்த நிலங்கள் இருக்கின்றன—இப்படிக் கணக்கெடுத்தால் எப்படி நாடு முன்னேற்றமடைய முடியும்? இந்த மாதிரி தரிசு நிலங்களுக்கு தண்ணீர் மட்டும் விட்டுக் கொடுப்பதானால், திருவிதாங்கூர் முழுமைக்கும் மட்டுமல்ல; அதற்கும் மிகுதியான நெல் விளைவிக்க முடியும்—எனவே உற்பத்தியைப் பெருக்க முயல வேண்டும். அதற்கு அந்த அந்த நாடு அந்த அந்த மக்களிடத்தில் இருந்தால்தான் இயலும் என்பதையும் உணரவேண்டும்.

HON'BLE. MR. K. M. KORAH: സർ, നിലങ്ങളിലുണ്ടാകുന്ന വിളവ് എസ്റ്റിമേറ്റ് ചെയ്യേണ്ട വിധം കൃഷിക്കും ഭക്ഷണച്ചെലവിനും ഇപ്പോൾ നീക്കിവച്ചിരിക്കുന്നതു് മതിയോ, എക്സസ് നെല്ലെടുക്കേണ്ടവിധം, വിതരണം ചെയ്യേണ്ട വിധം, കൃഷിക്കാരനോട് വാങ്ങുന്ന നെല്ലിന്റെ വിലയെന്തായിരിക്കണം, ഇപ്പോൾ ഉള്ളതു മതിയോ ഈ സംഗതികളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. P. C. ADICHAN: സർ, കൂടുതൽ കാര്യങ്ങൾ ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. രണ്ടേ രണ്ടു കാര്യങ്ങൾ മാത്രം. ഇന്നു കൃഷിക്കാരോട് പറയ്ക്കു രണ്ടു രൂപായ്ക്കു നെല്ലെടുത്തു അതു് മൂന്നു രൂപായ്ക്കു കൊടുത്തു് വരുന്നതായിട്ടാണ് അറിവു്. കൃഷിക്കാർക്ക് അവരുടെ നെല്ലിന് നല്ല വിലകിട്ടുന്നില്ലയെന്നും സാധുജനങ്ങൾക്കു കുറഞ്ഞവിലയ്ക്കു കിട്ടുന്നില്ലെന്നും രണ്ടു പരാതിയാണ് ഗവണ്മെൻറിൽ ഉള്ളതു്. ഇങ്ങനെ രണ്ടു കാഴ്ചിക, അഥവാ രണ്ടു പരാതിയാണ് ഗവണ്മെൻറിൻെറ മുമ്പിൽ കാണുന്നതു്. എന്തിനാണ് കൃഷിക്കാരനോടു രണ്ടു രൂപായ്ക്കു വാങ്ങി മൂന്നു രൂപായ്ക്കു വിൽക്കുന്നതു്. വില കുറഞ്ഞുപോയി, കൂടുതലമെന്ന് ഒരു പരാതി. അതേസമയത്ത് യാതൊരു നിവർത്തിയുമില്ലാത്ത പാവപ്പെട്ടവർക്ക് അതു് മൂന്നു രൂപായ്ക്കു വിൽക്കുന്നു എന്നൊരു പരാതി.

ഒരു പറ നെല്ല് രണ്ടു രൂപായ്ക്കു വാങ്ങുന്നു എന്നിരിക്കട്ടെ. അതു് മൂന്നു രൂപായ്ക്കു വിൽക്കുകയും ചെയ്യുന്നു. എൻെറ അറിവു് ശരിയാണെങ്കിൽ രണ്ടര രൂപായ്ക്കു വാങ്ങി ൩ രൂപായ്ക്കു വിൽക്കുന്നു എന്നാണു തോന്നുന്നതു്.

HON' BLE MR. K. M. KORAH: അതു് എങ്ങനെ അറിയാൻ ഇടയായി.

MR. P. C. ADICHAN: എൻെറ അറിവാണതു്. പത്രത്തിൽ വായിച്ചുവെന്നാണ് തോന്നുന്നതു്. സുഖമില്ലാതിരുന്നതു് കൊണ്ട് നല്ല ഓർമ്മ ഇപ്പോൾ ഇല്ല. എൻെറ ഓർമ്മ ശരിയാണെങ്കിൽ രണ്ടര രൂപാ എന്നു സങ്കല്പിക്കുക. ആ രണ്ടര രൂപായ്ക്കു കൃഷിക്കാരനോട് വാങ്ങിച്ചു മൂന്നു രൂപായ്ക്കു വിൽക്കുന്നു. ഇതിനു മുമ്പ് രണ്ടുരൂപായ്ക്കു വാങ്ങിച്ച് ൩ രൂപായ്ക്കു വിൽക്കുന്ന അവസരത്തിൽ ഒരു രൂപാ ഗവണ്മെൻറിന് ലാഭമുണ്ടായിരുന്നു. അതു മാററി സാധനങ്ങൾ വാങ്ങാൻ ശക്തിയില്ലാത്തവർക്ക് രണ്ടര രൂപായ്ക്കു വില്ക്കുന്നതു് നന്നായിരിക്കുമെന്നാണ് എനിക്ക് പറയുവാനുള്ളതു്.

നെല്ല് രണ്ടുരൂപായ്ക്കു വാങ്ങിച്ചു മൂന്നുരൂപായ്ക്കു വിൽക്കുന്ന ഇപ്പോഴത്തെ രീതിമാററി രണ്ടരരൂപായ്ക്കു വാങ്ങിക്കണമെന്നു ചില മെംബറന്മാർ ഇവിടെ അഭിപ്രായപ്പെട്ടു. സർ, ഗവണ്മെൻറ് ഇപ്പോൾ ആരുടെ വിളി അഥവാ ആരുടെ സങ്കടമാണ് കേൾക്കേണ്ടതു എന്നു ഞാൻ ചോദിക്കുന്നു? നെല്ലുടമസ്ഥന്മാരായ കൃഷിക്കാരും പണമുള്ളവരും നെല്ലുള്ളവരും പറയുന്നു, അവരുടെ നെല്ല് വിലകൂട്ടിയെടുക്കണമെന്നു. പാവപ്പെട്ടവരായ തൊഴിലാളികളും, കൂലിവേലക്കാരും

[Mr. P. C. Adichan]

പറയുന്നു, നെല്ലിൻെറ വില കൂടിപ്പോകുന്നുവെന്ന്. ഈ പണമുള്ളവരുടെ വിളിയാണോ, അതല്ല പാവപ്പെട്ടവരുടെ വിളിയാണോ ആരുടെ വിളിയാണു ഗവണ്മെൻറു കേൾക്കേണ്ടത്? രണ്ടുരൂപായ്ക്കു് നെല്ലുവാങ്ങിച്ചു രണ്ടരരൂപായ്ക്കു് വിൽക്കണമെന്നാണു ഞാൻ പറയുന്നത്. അങ്ങനെ ചെയ്താൽ അനേകായിരം സാധുക്കൾക്കാണു അതുകൊണ്ടു ഗുണമുണ്ടാകുന്നത്.

അടുത്തതു് കൂലിച്ചെലവിനെപ്പറ്റിയാണ്. കൂലിച്ചെലവിനുള്ള നെല്ലും വകവച്ചുകൊടുക്കുന്നതിനായി ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞു. ഇതിനെപ്പറ്റി എനിക്കു പല സംശയങ്ങളും ഉണ്ടാകുന്നുണ്ട്. ഏതു തോതുവച്ചാണു കൂലിനിരക്കു് കൊടുക്കുന്നതെന്നു നിശ്ചയമില്ല. വിളവിനെ ആശ്രയിച്ചാണോ, അതോ നിലത്തെ ആശ്രയിച്ചാണോ, എന്നു അറിഞ്ഞില്ല. ബഹുമാനപ്പെട്ടമന്ത്രി മറുപടി പറയുമ്പോൾ എൻെറ ഈ സംശയങ്ങൾക്കു നിവാരണമുണ്ടാക്കിത്തരുമെന്നു ഞാൻ വിശ്വസിക്കുന്നു. കർഷകത്തൊഴിലാളികൾക്കു കൊടുക്കുന്ന കൂലി എത്രയാണെന്നു വ്യക്തമാക്കിയിട്ടില്ല. പല സ്ഥലത്തും പല തോതിലാണു കൂലി കൊടുത്തുകൊണ്ടിരിക്കുന്നതു്. പണ്ടു ഒരു പറനിലത്തിനു ഒരുപറനെല്ലു കൂലിഎന്നും, ഒരുപറ നെല്ലു വിത്തെന്നും, പഴയ ആളുകൾ പറയുന്നുണ്ട്. ആ കണക്കാണോ ഗവണ്മെൻറു സ്വീകരിക്കുന്നതു്, അഥവാ മറ്റേതെങ്കിലും തോതുകൾ സ്വീകരിക്കുന്നുണ്ടോ. ഇതു സംബന്ധിച്ചുള്ള ഗവണ്മെൻറിൻെറ നയം എന്താണ് എന്നെല്ലാം വ്യക്തമായി അറിയേണ്ടിയിരിക്കുന്നു. എന്നാൽ ഒരു കാര്യം ഞാൻ പറയാം. പാവപ്പെട്ടവരായ ഈ കൂലിക്കാരോടു അനുകമ്പയുള്ളവർ തോതു എന്തുതന്നെ നിശ്ചയിച്ചാലും ശരിയായി കൂലികൊടുക്കും. കൂലി കൊടുക്കാൻ മടിക്കുന്നവർ കൂലിച്ചെലവിനു എത്രപറനെല്ലു വകവച്ചുകൊടുത്താലും ആ നെല്ലു കൂലിക്കാർക്കു കിട്ടുകയില്ല. അങ്ങനെയുള്ളവർ കൂലിക്കു് വകവച്ചുകൊടുക്കുന്ന നെല്ലുകൂടി ബ്ളാക്കുമാർക്കററിൽ വിൽക്കുകയേയുള്ളു. അതുകൊണ്ടു പ്രത്യേകമായി കൂലിച്ചെലവിന് നെല്ലു വകവച്ചുകൊടുക്കേണ്ടതുണ്ടോ, എന്നും ഗവണ്മെൻറു ഗൗരവമായി ആലോചിക്കേണ്ടതാണ്.

MR. PRESIDENT: പല മെമ്പറന്മാരും സംസാരിക്കുവാൻ ആഗ്രഹിക്കുന്നതായി കാണുന്നു. ഈ അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പറന്മാരോടു എനിക്കു ഒരപേക്ഷയുണ്ടു. ബഹുമാനപ്പെട്ട മന്ത്രി മി. കോര പറഞ്ഞ ആ സംഗതികളെപ്പറ്റി മെമ്പറന്മാർക്കുള്ള അഭി

പ്രായം എന്താണെന്നു വ്യക്തമായും, എന്നാൽ സംക്ഷിപ്തമായും പറഞ്ഞാൽ കൊള്ളാം. ഇന്നത്തെ ഭക്ഷ്യനിലയെപ്പററിയും, നെല്ലെടുപ്പു സമ്പ്രദായങ്ങളെപ്പററിയും പല മെമ്പർമാരും പ്രസ്താവിച്ചു കഴിഞ്ഞു.

MR. V. O. MARKOSE : ബഹുമാനപ്പെട്ട മന്ത്രി മി. കോര പറഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. K. M. KORAH : ൧. നിലങ്ങളിൽ ഉണ്ടാകുന്ന വിളവു എസ്റ്റിമേററു ചെയ്യേണ്ടവിധം.

൨. കർഷകന് ഇപ്പോൾ കൊടുക്കുന്ന കൂലിച്ചെലവിനും കൃഷിച്ചെലവിനും എന്തെങ്കിലും ഭേദഗതി ചെയ്യേണ്ടതുണ്ടോ? ഉണ്ടെങ്കിലെന്തു്?

൩. എക്സസ്സ് വരുന്ന നെല്ലു എടുക്കേണ്ടവിധം എങ്ങനെ? അതു വിതരണം ചെയ്യേണ്ടതെങ്ങനെ;

൪. കർഷകരിൽനിന്നും ഇപ്പോൾ എടുക്കുന്ന നെല്ലിനു എന്തുവിലകൊടുക്കണം, ഇപ്പോൾ കൊടുക്കുന്നവില കൊടുത്താൽ മതിയോ, കൂടുതൽ കൊടുക്കണമോ; ഈ വക കാര്യങ്ങളെപ്പററിയാണു് നിർദ്ദേശങ്ങൾ വേണ്ടതു്.

MR. JOSEPH MALIECAL : സർ, ഒന്നാമതായി നിലങ്ങളിൽ വിളവു തിട്ടപ്പെടുത്തുന്നതിനെപ്പററി തന്നെ പറയാം. എക്സസ്സ് എടുക്കുക എന്ന തത്വം സ്വീകരിച്ചാൽ പ്രധാനമായി ചെയ്യേണ്ടതു് വിളവു തിട്ടപ്പെടുത്തുന്നതിനുള്ള തോതു നിർണ്ണയിക്കുകയാണു്. ഇതുവരെ പ്രവർത്തികാരന്മാരാണു വിളവുകൾ തിട്ടപ്പെടുത്തിയിരുന്നതു്. അവരുടെ കീശയിൽ വീഴുന്ന പണത്തിന്റെ തോതനുസരിച്ചാണു വിളവുകളും തിട്ടപ്പെടുത്തിക്കൊണ്ടുപോകുന്നതു്. മേലാൽ ഇങ്ങനെ തിട്ടപ്പെടുത്തുവാൻ അവസരം കൊടുക്കാതെന്നുള്ളതു് ഏററവും ആവശ്യമാണു്. ആരെങ്കിലുംവന്നു് മുന്നൂറുപറനെല്ലു്, അല്ലെങ്കിൽ നാനൂറുപറ നെല്ലു കൊണ്ടുവാ എന്നു പറഞ്ഞാൽ, അവന്റെ കയ്യിൽ യഥാർത്ഥത്തിൽ നൂറുപറ നെല്ലുമാത്രമെ ഉള്ളു എങ്കിൽ എങ്ങനെ കൊടുക്കാൻ സാധിക്കും? വിളവുകൾ ഓരോ പ്രദേശത്തും വ്യത്യസ്ഥങ്ങളായ കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ഓരോ പ്രദേശത്തുമുള്ള വളവിന്റെതോതു് വ്യത്യാസപ്പെട്ടിരിക്കും. അതുകൊണ്ടു ഓരോ പ്രദേശത്തും ഒരുപ്പൂനിലങ്ങൾക്കു് ഇന്നതു്, ഇരുപ്പൂനിലങ്ങൾക്കു ഇന്നതു് എന്നിങ്ങനെ നിലങ്ങ

[Mr. Joseph Maliekal]

ളുടെ തരഭേദം അനുസരിച്ചു ഒരു ആവ്രേജ് യീൽഡു കണക്കാക്കി വിളവു തിട്ടപ്പെടുത്തുകയാണു വേണ്ടതു്. ചിലപ്പോൾ വിളവുകൂടിയും ചിലപ്പോൾ കുറഞ്ഞും ഇരിക്കും. കൃഷിക്കാരുമായി ആലോചിച്ചു് ഒരുപറ നിലത്തിനു് ശരാശരി ഇത്രപറനെല്ലു വിളയുമെന്നു തിട്ടപ്പെടുത്തിയാൽ വിഷമമില്ല.

MR. VARGHESE AUGUSTINE (*Ambalapuzha III—General*): കൃഷി ചെയ്തു വിളവെടുത്തു കഴിഞ്ഞതിനു ശേഷമല്ലേ അതു നിർണ്ണയിക്കുവാൻ ഒക്കുകയുള്ളു?

MR. JOSEPH MALIECKAL: അങ്ങനെ വേണമെന്നില്ല. കൃഷി തുടങ്ങുന്നതിനുമുൻപുതന്നെ നിശ്ചയിക്കാം. ഓരോ നിലത്തിലും എത്ര വിളവു കിട്ടുമെന്നു ന്യായമായി ഉദ്ദേശിക്കാം. അതു എല്ലാവർക്കും അറിയാം. അങ്ങനെ ന്യായമായി പ്രതീക്ഷിക്കുന്ന വിളവിന്മേൽ ഒരു ശരാശരി വിളവു കണക്കാക്കി തിട്ടപ്പെടുത്തുന്നപക്ഷം അതിൽ വലിയ തരക്കേടുണ്ടാകുമെന്നു തോന്നുന്നില്ല. ചിലപ്പോൾ കൃഷിപ്പിഴവന്നേക്കാം. അതു എക്സപ്ഷനൽ കേസുകളാണു്.

പിന്നെ കൂലിയുടെ കാര്യമാണു്. ഒരുപറനിലത്തിനു് രണ്ടു പറ നെല്ലുകൂലി എന്നാണു സിവിൽ കോർട്ടുഗൈഡിൽ വച്ചിരിക്കുന്നതു. കേസുകളിൽ പെട്ട നിലങ്ങളുടെ വിത്തു കൂലി തിട്ടപ്പെടുത്തേണ്ടിവരുമ്പോൾ ഒരു പറനിലത്തിനു രണ്ടുപറനെല്ലു എന്നുവച്ചിരിക്കുന്ന കൂലി നിരക്കു കർഷകനു മതിയാകുന്നതല്ല. കൃഷിക്കാർക്കു കൂടുതലായ ചെലവു നിശ്ചയമായും ഉണ്ടു്. കൂലിച്ചെലവു ചില നിലങ്ങളുടെ സ്വഭാവമനുസരിച്ചു് വ്യത്യാസപ്പെട്ടിരിക്കും. അതാതുനാട്ടിന്റെ സ്ഥിതിയനുസരിച്ചും, നടപ്പനുസരിച്ചും കൂലിച്ചെലവു നിർണ്ണയിക്കേണ്ടതാണു്. പൊതുവെ പറഞ്ഞാൽ കൂലിച്ചെലവു അൽപ്പംകൂടി കൂട്ടികൊടുക്കേണ്ടതാണു.

മൂന്നാമതായി ആലോചിക്കേണ്ടതു് കൃഷിക്കാരനിൽ നിന്നെടുക്കുന്ന നെല്ലിന്റെ വിലയെപ്പററിയാണു്. കർഷകൻ കൃഷിനടത്തിക്കൊണ്ടുപോകുന്നതിനു സൗകര്യമായ വിധത്തിലുള്ള വില കൃഷിക്കാരനു് കൊടുക്കേണ്ടതാണു്. ന്യായമായി കൃഷിക്കാരനു് വില കിട്ടുമെങ്കിൽ പ്രവർത്തികാരന്മാരെ പ്രലോഭിപ്പിക്കുവാനോ, അല്ലാത്തപക്ഷം ബ്ലാക്കുമാർക്കററിൽ വിൽക്കുവാനോ കൃഷിക്കാരൻ തുനിയുന്നതല്ല. ഇപ്പോൾ പ്രവർത്തികാരന്മാർക്കു ഇരുന്നൂറോ മുന്നൂറോ രൂപാ കൊടുത്തു ന്യായമായി അവൻ കൊടുക്കേണ്ട നെല്ലു ഗവൺമെന്റിനു കൊടുക്കാതെ ലാഭപ്പെടുത്തി ബ്ലാക്കുമാർക്കററിൽ വിററു മുതലാക്കുക

യാണു കർഷകൻ ചെയ്യുന്നതു്. മുഴുവൻ നെല്ലു, ഗവണ്മെൻറിനു് രണ്ടു രൂപാവച്ചു വിററാൽ, കൃഷിച്ചെലവു കൂടാതെ കൃഷിക്കാരൻ നശിക്കും. അതിനാരും ഒരുങ്ങുകയില്ല ഞാൻ സത്യം പറയുകയാണു്, ആ രീതി നോക്കാതെ ഒരു കൃഷിക്കാരനു് യഥാർത്ഥമായ ചെലവാകുന്നതു എന്താണെന്നു കണക്കാക്കി, അവൻെറ നെല്ലിനു് വില കൊടുക്കണം. കുറഞ്ഞപക്ഷം ഒരു പറനെല്ലിനു് രണ്ടരരൂപയെങ്കിലും വില കൊടുക്കേണ്ടതാണെന്നാണു് എൻെറ അഭിപ്രായം. ഈ വിലകൊടുത്താൽ ബ്ളാക്ക മാർക്കററിൽ – ബ്ളാക്കമാർക്കററു എന്നു പറയുന്നതു് മുഴുവൻ ശരിയല്ല ചാക്കു്ഫേസൻെറ ഭാഷയിൽ പറഞ്ഞാൽ Off the ration market അതായതു് ബഹിർറേഷൻ മാർക്കററിൽ വില്ക്കുവാൻ കൃഷിക്കാർ ശ്രമിക്കുകയില്ല. ഈ കാര്യങ്ങൾ ഗവണ്മെൻറു വേണ്ടവണ്ണം ശ്രദ്ധിക്കേണ്ടതാണു്.

MR. K. A. MUHAMMED: സർ, പ്രവർത്തികാരന്മാർ എല്ലാ കൃഷിക്കാരെയും സമീപിച്ചു് നെല്ലെടുക്കണമെന്നുള്ള ഇന്നത്തെ വ്യവസ്ഥകൊണ്ടുതന്നെ അവക്കു കൂടുതൽ ആളുകളെ സമീപിക്കുന്നതിനും അങ്ങനെ കൂടുതൽ ആളുകൾക്കു ഉപദ്രവമുണ്ടാക്കുന്നതിനും സാധിക്കും. അതുകൊണ്ടു ഈ പ്രവർത്തികാരന്മാരുടെയും അതു് പോലുള്ള മററു ഉദ്യോഗസ്ഥന്മാരുടെയും പരിധിയിൽ നിന്നും കൃഷിക്കാരെ എത്രകൂടുതൽ ഒഴിവാക്കാൻ സാധിക്കുമോ അത്രത്തോളം ഒഴിവാക്കുന്നതിനുള്ള പരിപാടികളാണു് ആദ്യമായി സ്വീകരിക്കേണ്ടതു്. അതിലേക്കു ഒരേക്കറോ അല്ലെങ്കിൽ ഒന്നരഏക്കറിൽ താഴെയോ ഉള്ള നിലം ഉടമസ്ഥന്മാർ ആരുംതന്നെ സെററിൽമെൻറു പാട്ടമോ, എക്സസോ കൊടുക്കേണ്ടതില്ലാ എന്നു ആദ്യമേ തീർച്ചപ്പെടുത്തണം. അങ്ങനെ ചെയ്താൽ ഭൂരിപക്ഷം ആളുകളെ ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാം. മി. വറുഗീസു പറഞ്ഞു ഒരു പറനിലത്തിൽ നിന്നും ഏകദേശം ൧൦ പറനെല്ലു കിട്ടുമെന്നു്. ഒരാറുമാത്രമാണുള്ളതെങ്കിൽ അയാൾക്കു എക്സസു നെല്ലു കാണുമെന്നും പറഞ്ഞു. അതെല്ലാം എക്സപ്ഷനൽ കേസുകളാണു്. അങ്ങനെയുള്ള ചിലകേസുകൾ ഒഴിച്ചാൽ ബാക്കി നിലങ്ങളുടെ കാര്യത്തിൽ ന്യായമായ ഒരു തീരുമാനം ചെയ്യുവാൻ വൈഷമ്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഒന്നര ഏക്കർ നിലത്തിൽ കൂടുതൽ കൈവശം ഇരിക്കുന്നവരുടെ പക്കൽ നിന്നും ഏതുവിധത്തിൽ നെല്ലെടുക്കണം എന്നുള്ളതിനെപ്പററിയാണു് അടുത്തതായി ചിന്തിക്കുവാനുള്ളതു്. ഇന്നു് റേഷൻ നിറുത്തണമെന്നു ആരും പറയു

[Mr. K. A. Muhammed.]

ന്നില്ല. ഗവന്മെന്റു ഭാഗികമായി റേഷൻ നിറുത്തുവാൻ ആലോചിച്ചപ്പോൾ ഒരു വലിയ കുഴപ്പമായിത്തീരുമെന്നു ഞാൻ വിചാരിച്ചു. തിരുവിതാംകൂറിലെ എല്ലാ ജനങ്ങൾക്കും ഇപ്പോൾ റേഷൻ കിട്ടിവരുന്നുണ്ടു. തിരുവിതാംകൂറിൽ വലിയ കുഴപ്പം കൂടാതെ റേഷൻ കൊടുത്തുപോരുന്നു. ബംഗാളിലെയും, അതുപോലുള്ള മററു രാജ്യങ്ങളിലെയും സ്ഥിതിയെ അപേക്ഷിച്ചു കൂടുതൽ തൃപ്തികരമായി തിരുവിതാംകൂറിൽ നടക്കുന്നതെന്നുള്ളതു സന്തോഷകരം തന്നെ. രാജ്യം ഒട്ടാകെ റേഷൻ ഏർപ്പാടു തിരുവിതാംകൂറിൽ മാത്രമെ ഉള്ളു എന്നും തോന്നുന്നു. മററുള്ളിടത്തു ഭാഗികമായി റേഷൻ വച്ചിരിക്കുകയാണു. ഇൻഡ്യയുടെ ഇപ്പോഴത്തെ സംഭവഗതികൾ ശരിക്കു മനസ്സിലാക്കുന്നപക്ഷം ഡികൺട്രോൾ ഇവിടെ വേണ്ടാ എന്നുവച്ചതു വളരെ നല്ല ഒരു കാരിയമാണെന്നു എനിക്കു തോന്നുന്നു. ഇവിടെ ഭാഗികമായി ഡികൺട്രോൾ ഏർപ്പെടുത്തുവാൻ പോകുന്നു എന്നു ആദ്യം ഞാൻ കേട്ടപ്പോൾ, പരിഭ്രമിക്കുകയാണു ചെയ്തതു. ഏതായാലും ഇപ്പോൾ അതു വേണ്ടെന്നു തീരുമാനിച്ചതു വളരെ ആശ്വാസമായി. ഇന്നത്തെ നിലയിൽ ജനങ്ങൾക്കു ഗുണം ചെയ്യുവാൻ ഗവർമ്മെന്റിനു സാധിക്കും. ഒരു നിലത്തിൽ ഉണ്ടാകുന്ന വിളവു ഏകദേശം എത്രയായിരിക്കുമെന്നു കണക്കാക്കുവാൻ വിഷമമില്ല. ഇപ്പോൾ കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതു ഒരേക്കർ സ്ഥലത്തു എത്ര തേങ്ങകിട്ടും, ഇന്ന സ്ഥലത്തു എത്ര പൊളം നെല്ലു കിട്ടും, ഇന്ന മണ്ണിൽ എത്ര കപ്പയുണ്ടാകും ആ നിലയിൽ ആ സ്ഥലം ഉടമസ്ഥനു എന്താദായം ലഭിക്കും, എന്നെല്ലാം കണക്കാക്കിയാണു ആദായനികുതി ഈടാക്കി വരുന്നതു. അതുപോലെ തന്നെ ഓരോ പ്രദേശത്തും ഒരു പറനിലത്തിൽനിന്നു എത്രപറനെല്ലു വിളയിച്ചെടുക്കാം എന്നു തിട്ടപ്പെടുത്തുവാൻ കഴിയും, ഓണാട്ടുകര, പത്തനാപുരം, തെക്കൻതിരുവിതാംകൂറിലുള്ള ചിലസ്ഥലങ്ങൾ, ഇവിടങ്ങളിലുള്ള നിലങ്ങളിൽ കൂടുതൽ നെല്ലു വിളയും. അവിടെ അതിനനുസരണമായ തോതു നിർണ്ണയിക്കണം. എട്ടോ പത്തോ ഏക്കർനിലം കൈവശംവച്ചുകൊണ്ടിരിക്കുന്നവർ ഇത്രപറനെല്ലു തരണം, നിലങ്ങളുടെ വിസ്തീർണ്ണം കൂടുന്തോറും കൂടുതൽ നെല്ലു തരാൻ വ്യവസ്ഥചെയ്യണം. ഇങ്ങനെ വിളവുതിട്ടപ്പെടുത്തുവാനും കൂടുതൽ നിലമുള്ള ആളുകളിൽ നിന്നു കൂടുതൽ നെല്ലു എടുക്കുവാനും ഗവർമ്മെന്റിനു സാധിക്കുന്നതാണു. പ്രവർത്തികാരന്മാർചെന്നു കൃഷിക്കാരെ ഉപദ്രവിക്കുന്നതിനുള്ള സന്ദർഭം കൂടാതെ കഴിക്കുകയും ചെയ്യാം. ചില പ്രത്യേക പരിതഃസ്ഥിതികണ്ടാൽ കൃഷിപ്പിഴ ഉണ്ടാകുകയോ, വിളവു മററുകാരണങ്ങളാൽ പ്രതീക്ഷയിൽ

കുറഞ്ഞുപോകുകയോ ചെയ്താൽ കരം ഇളവു ചെയ്യുന്നതുപോലെ ഈ നെല്ലും ഇളവുചെയ്തു കൊടുക്കണം. ഒരേക്കർ നിലത്തിൽ എഴുപതു പറനെല്ലു വിളയുമെന്നുണ്ടെങ്കിൽ അങ്ങനെ നൂറു ഏക്കർനിലം കൈവശംവച്ചുകൊണ്ടിരിക്കുന്ന ഒരാൾ ഏക്കറൊന്നിന് അൻപതോ അറുപതോ പറനെല്ലുവീതം തരണമെന്നു നിർബന്ധിക്കുന്നതിൽ തെറ്റില്ല. നെല്ലെടുപ്പുരീതിയ്ക്കു ഇങ്ങനെ ഒരു വ്യവസ്ഥചെയ്താൽ കൃഷിയുടെ പ്രശ്നമേ ഉദിക്കുന്നില്ല. കൂലി, വിത്തു് മുതലായ കാര്യങ്ങളിലാണ് യഥാർത്ഥത്തിൽ കുഴപ്പമുള്ളതു്. ഈ വക കാര്യങ്ങൾ നിർണ്ണയിക്കുതിലാണ് ഉദ്യോഗസ്ഥന്മാർ പല കൊള്ളരുതായ്മകളും കാണിക്കുന്നതു്. ഓരോ കൃഷിക്കാരനും ഇത്ര പറനെല്ലു തരണമെന്നു വ്യവസ്ഥചെയ്യുമ്പോൾ ഒരു പറനിലത്തിന് ഇത്രകൂലിയെന്നും, ഇത്ര വളമെന്നും നിർണ്ണയിച്ച് നെല്ലിന്റെ തുക തിട്ടപ്പെടുത്തികൊണ്ടുവേണം അങ്ങനെ ചെയ്യുവാൻ.

മൂന്നാമത്തു ഗവണ്മെന്റു എടുക്കുന്ന നെല്ലിന്റെ വിലയെ സംബന്ധിച്ചാണ്. രണ്ടുരൂപായ്ക്കു നെല്ലുവാങ്ങിച്ചു മൂന്നുരൂപാവിലവച്ചു വിൽക്കുന്ന ഇന്നത്തെ സമ്പ്രദായം തുടർന്നുകൊണ്ടു പോകണമോ എന്ന കാര്യത്തെപ്പറ്റി ഗവണ്മെന്റു വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്.. ഒരു കൃഷിക്കാരൻ ഒരുപറനെല്ലുണ്ടാക്കുന്നതിന് ഒരു രൂപാപ്രീമിയം കൊടുക്കേണ്ടിവരുന്ന ഒരു പരിതസ്ഥിതി വേറെ വല്ല സ്ഥലത്തും ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ചിലേടത്തുണ്ടെന്നു പറയുന്നു. എന്നാൽ അവിടെ കൃഷിചെയ്യുന്നതിന് ഇവിടത്തെപ്പോലെ ചെലവില്ലെന്നാണു എന്റെ അറിവ്. ഇവിടെ ചിലക്ക് എട്ടണവച്ചു ബോണസു കൊടുക്കുന്നുണ്ടെന്നു പറയുന്നു. അതു് എത്രമാത്രം മാശിയായി നടക്കുന്നുണ്ടെന്നു എനിക്കറിഞ്ഞുകൂടാ. ഏതായാലും കൂടുതൽ വില നെല്ലിനു കൊടുക്കാമെങ്കിൽ ഇവിടെ മിക്കവാറും അധികം ബ്ളാക്കുമാർക്കററു ഉണ്ടാകുകയില്ല. നെല്ലിന്റെ വില കുറഞ്ഞാൽ പ്രവൃത്തിക്കാരെയും മററും സ്വാധീനപ്പെടുത്തി നൂറു പറ നെല്ലു കൊടുക്കേണ്ടടത്തു ൭൦ പറനെല്ലു കൊടുത്താൽ മതി എന്ന നിലവരുത്തി ബാക്കിയുള്ള നെല്ല് ബ്ളാക്കുമാർക്കററിൽ വിററ്, കൃഷിക്കാരൻ കൂടുതൽ വില വാങ്ങിക്കുവാൻ പ്രേരിതനായിത്തീരുമെന്നുള്ളതു സ്വാഭാവികം മാത്രമാണ്. നെല്ലിനു ശരിയായ വിലകൊടുത്താൽ, ഇപ്പോൾ ഗവണ്മെന്റു ചെലവാക്കിവരുന്ന കൂലിച്ചെലവു, നെല്ലുകിടന്നാൽ വരാവുന്നനഷ്ടം, അതുകൊണ്ടുപോകുന്നതിനുള്ള ചെലവ് ഇതൊക്കെ ആലോചിച്ച് ഒരു നിരക്ക് നിശ്ചയിച്ച് ആ വില കൊടു

[Mr. K. A. Muhammed.]

ക്കാൻ ഗവണ്മെൻറു തയാറായാൽ ഗവണ്മെൻറിൻെറ നെല്ലെടുപ്പുപദ്ധതി കുറെക്കൂടി വിജയപ്രദമായി തീരുമെന്നാണ് എനിക്കു പറയുവാനുള്ളതു്.

മറെറാരുകാര്യംകൂടി എനിക്കു ഈ അവസരത്തിൽ പറയുവാനുണ്ടു്. കുറഞ്ഞതോതിൽ നെല്ലു അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകാൻ ആളുകളെ അനുവദിക്കണം. ഇന്നത്തെ ഭക്ഷ്യനിലയിലുള്ള ബുദ്ധിമുട്ടിനെത്തന്നെ ഈ വ്യവസ്ഥ സാരമായി സഹായിക്കും. ഇപ്പോഴത്തെ രീതിയിൽ ഒരു പറനെല്ലു ഒരു ദിക്കിൽനിന്നു പോലീസ് ഉദ്യോഗസ്ഥന്മാരെയും മററു ഉദ്യോഗസ്ഥന്മാരെയും കാണാതെ വളരെ പ്രയാസപ്പെട്ടു കൊണ്ടുവന്നാൽ അതിന് ഏഴോ, എട്ടോ, രൂപാ വില വരുന്നതാണ്. നേരെ മറിച്ചു കുറഞ്ഞതോതിൽ നെല്ലു കൊണ്ടുപോകുന്നതിനു അനുവദിക്കുന്നപക്ഷം അത്രവലിയ വില കൊടുക്കേണ്ടിവരുകയില്ല. നെല്ലു ഒരുകാരണവശാലും തിരുവിതാംകൂറിൽനിന്നും വെളിക്കുപോകുന്നില്ല. തിരുവിതാംകൂറിനു അകത്തുതന്നെ കിടക്കുന്നതേയുള്ളു. ഇന്നു അഞ്ചിടങ്ങഴി അരി തന്നെ ആരെങ്കിലും കൊണ്ടുപോകുന്നതായി ഒരു പോലീസുകാരൻ കണ്ടാൽ ഉടനെ അയാളെ തടയും, മററു ഉപദ്രവങ്ങൾ പലതും ചെയ്യും. അതുകൊണ്ടു ആളുകൾക്കു വലിയ ഉപദ്രവങ്ങൾ ഉണ്ടാകുന്നുണ്ടു്.

HON'BLE MR. K. M. KORAH: ഒരു താലൂക്കിലെ ഒരു പകുതിയിൽനിന്നും മറെറാരു പകുതിയിലേക്കു നെല്ലോ അരിയോ കൊണ്ടുപോകുന്നതിന് ഇപ്പോൾ ഒരു തടസവുമില്ലെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

MR. K. A. MUHAMMED: – എത്ര പറനെല്ലുവരെ കൊണ്ടുപോകാം?

HON'BLE. MR. K. M. KORAH: – എത്ര പറ കൊണ്ടുപോകുന്നതിനും യാതൊരു തടസവുമില്ല.

MR. K. A. MUHAMMED: – ഈ വ്യവസ്ഥ ഈയിടെ നടപ്പിൽ വരുത്തിയതാണോ?

HON'BLE. MR. K. M. KORAH: ഈ വ്യവസ്ഥ മുൻപുതന്നെ ഉണ്ടായിരുന്നു. ആളുകൾ അതു മനസിലാക്കാതെ അബദ്ധത്തിൽ ചാടിയിട്ടുണ്ടോ എന്നെനിക്കു നിശ്ചയമില്ല.

MR. K. A. MUHAMMED: ഒരബദ്ധത്തിലല്ല, ആയിരമായിരം അബദ്ധത്തിൽ ചാടിയിട്ടുണ്ടു്. ഒരു പറ അരിയുംകൊണ്ടുപോകുന്ന ഒരാളെ ഒരു പോലീസുകാരൻ കടന്നു പിടിച്ചുനിറുത്തിയാൽ ചട്ടവും റൂളുകളും അതിനെസംബന്ധിച്ചുള്ള ആർ. ഒ. സി. ഫയലുകളും മററും കാണിച്ചു്

അയാൾ ചെയ്യുന്നതു തെററാണെന്നു ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കാതെ അയാൾക്കു വല്ലതും കൊടുത്തു പെട്ടെന്ന് അവിടെനിന്നു കടക്കുവാനാണു ശ്രമിക്കുക. നിയമം എങ്ങനെയിരുന്നാലും ഇക്കാര്യത്തിൽ ആളുകൾക്കു പ്രായോഗികമായ വിഷമങ്ങൾ ധാരാളമുണ്ട്. അതുകൊണ്ടു ഒരു താലൂക്കിൽനിന്നു മറെറാരു താലൂക്കിലേക്കു മാത്രമല്ല, തിരുവിതാംകൂറിന്റെ ഏതുഭാഗത്തും ഒരു കുറഞ്ഞതോതു നിർണ്ണയിച്ചു അത്രയും പറ നെല്ലോ, അരിയോ, കൊണ്ടുപോകുന്നതിന് യാതൊരു തടസ്സവുമില്ല എന്നു വ്യവസ്ഥചെയ്യേണ്ടതു് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്.

MR PRESIDENT : അതിപ്രധാനമായ ഈ കാര്യത്തെപ്പററി പല മെമ്പറന്മാർക്കും അഭിപ്രായം പറയുവാനുണ്ടെന്നു കാണുന്നു. അതുകൊണ്ടു വാദപ്രതിവാദം അഞ്ചുമണിവരെയോ, അഞ്ചരമണി വരെയോ, നീട്ടിവയ്ക്കണമെന്ന് ഈ സഭയ്ക്ക് അഭിപ്രായമുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

MR. THARIATHUKUNJITHOMMEN : അഞ്ചരമണിവരെ നീട്ടിവയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. E. P. POULOSE (*Muvattupuzha III—General*) : സർ, ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ട നിർദ്ദേശങ്ങളെ സംബന്ധിച്ച് ഒന്നു രണ്ടു കാര്യങ്ങൾ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നെല്ലെടുപ്പിനെ സംബന്ധിച്ചും, വിതരണത്തെ സംബന്ധിച്ചും ഗവണ്മെന്റു എന്തെങ്കിലും ഒരു ഉത്തരവു നടപ്പിൽ വരുത്തുന്നതിനു മുൻപ് വളരെ കരുതലോടുകൂടിയും ജനങ്ങൾക്കു കഴിവുള്ളത്ര ഉപദ്രവം കൂടാത്ത വിധത്തിൽ അതു നിർവഹിക്കത്തക്ക വ്യവസ്ഥയോടുകൂടിയും വേണ്ടവണ്ണം പര്യാലോചിച്ചുകൊണ്ടു മാത്രമെ ചെയ്യാവൂ എന്നാണ് എനിക്കു ആദ്യമായി പറയാനുള്ളത്. ഇതു സംബന്ധിച്ച് ആളുകൾക്കു പല അഭിപ്രായങ്ങളും ഉണ്ടാകാം. അവരവർക്കു നല്ലതെന്നു തോന്നുന്ന നിർദ്ദേശങ്ങൾ പറയുകയും ചെയ്യും. എന്നാൽ വേണ്ടത്ര ആലോചനകൂടാതെ ഗവണ്മെന്റ് ഏതെങ്കിലും ഉത്തരവു പാസ്സാക്കുന്നപക്ഷം മുൻപുണ്ടായിരുന്ന വൈഷമ്യങ്ങളും പ്രയാസങ്ങളും എല്ലാം പിന്നെയും തുടർന്നുണ്ടായിക്കൊണ്ടിരിക്കുമെന്നുള്ളതിനു തർക്കമില്ല.

ഇവിടെ വിളവു തിട്ടപ്പെടുത്തുന്നതിനെപ്പററിയും വില നിശ്ചയിക്കുന്നതിനെപ്പററിയും മററും പല മെമ്പറന്മാരും പലതരത്തിൽ അഭിപ്രായപ്പെട്ടു. ഓരോ പ്രദേശത്തുമുള്ള നിലങ്ങളുടെയും വിളവിന്റെയും

[Mr. E. P. Poulose]

രീതി ഓരോ തരത്തിലായിരിക്കും. വടക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചാണെങ്കിൽ അവിടെ മൂന്നുതരം നിലങ്ങളുണ്ട്. ഒരുപ്പൂനിലങ്ങൾ, ഇരുപ്പൂനിലങ്ങൾ. കൂടാതെ മാലി എന്നു പറയുന്ന ഒരുതരം നിലങ്ങൾ. ഈ മാലി നിലങ്ങളിൽ നിന്ന് കിട്ടുന്ന വരുമാനം വളരെ വളരെ തുച്ഛമാണ്. ഒരുപ്പൂവിൽ നിന്നു കിട്ടുന്ന നെല്ല് ഇരുപ്പൂവിൽനിന്ന് കിട്ടുന്നതിനേക്കാൾ കുറവായിരിക്കും. മാലി നിലങ്ങളിൽ വിതയ്ക്കുന്ന വിത്തു ഇരട്ടിച്ചുള്ള പാട്ടമാണ് കിട്ടുന്നത്.

HON'BLE MR. C. KESAVAN: അവിടെ മുപ്പൂവു വിതയ്ക്കുന്ന നിലങ്ങൾ ഇല്ലേ?

MR. E. P. POULOSE: ഉണ്ട്. ഇരിപ്പൂനിലങ്ങളിൽ രണ്ടുതവണ കൃഷി ചെയ്തതിനു ശേഷം നിലം ഒഴിഞ്ഞു കിടക്കുമ്പോൾ അവിടെ കൃഷിചെയ്ത് എന്തെങ്കിലും കിട്ടുന്നതു ഒന്നും കിട്ടാത്തതിനേക്കാൾ ഭേദമാണല്ലോ എന്നു കരുതി കൃഷിചെയ്യുന്നുണ്ട്. അതിനെ ഒരു കൃഷിയായി കണക്കാക്കുന്നതു ശരിയല്ല. സാധാരണയായി കൂലിവേലചെയ്യുന്നവർ തന്നെയാണ് ആ നിലങ്ങളിൽ അത്തരം കൃഷിനടത്തുന്നത്. അവർക്ക് വേലക്കൂലി മാത്രമാണ് ഈ കൃഷികൊണ്ട് ലഭിക്കുന്നത്.

ഞാൻ പറഞ്ഞുകൊണ്ടുവന്നത് ഓരോ പ്രദേശങ്ങളിലും നിലങ്ങളുടെയും വിളവുകളുടെയും തോതു വ്യത്യസ്തമായിരിക്കുമെന്നാണ്. അതുകൊണ്ടു ഒരു താലൂക്കിലോ, അല്ലെങ്കിൽ ഒരു ഡിവിഷനിലോ ഉള്ള ജനപ്രതിനിധികളും അവിടെയുള്ള തഹസീൽദാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരുംകൂടി ഒന്നിച്ചു ചേർന്നു കൂടിയാലോചനകൾ നടത്തി വിളവു തിട്ടപ്പെടുത്തുന്നതിനെപ്പററിയും ഓരോ തരത്തിൽ നിന്നും എത്ര നെല്ലുവീതം എടുക്കാമെന്നുള്ളതിനെപ്പററിയും ഗവർമെൻറിലേക്കു നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ടതു പ്രവർത്തിക്കുവാൻ ഗവർമെൻറു ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്യുന്നതായിരിക്കും ബുദ്ധിപൂർവ്വകമായ നടപടിയെന്ന് എനിക്കു തോന്നുന്നു. ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നുണ്ടെങ്കിൽ ചെയ്യുന്നതിനു ഗവർമെൻറു മടിക്കേണ്ടതില്ല. അല്ലാതെ ഇവിടെ പറയുന്ന നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്നു തിരുവിതാംകൂറിൽ എല്ലായിടത്തും സ്വീകാര്യമായി കണക്കാക്കാവുന്നതല്ല.

മി. ശിവരാമപിള്ള, ഒരേക്കർ നിലത്തിൽ നിന്നും ഏഴു പറ നെല്ലു കിട്ടുമെന്നു പറഞ്ഞപ്പോൾ, മി. പി. എം. വർഗ്ഗീസു പറയു

ന്നു് ൩൦ പറ നെല്ലേ കിട്ടുകയുള്ളു എന്നാണ്. ഞാൻ പറയുന്നതു് രണ്ടും ശരിയാണെന്നാണ്. ഓരോ സ്ഥലത്തെയും വിളവു വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് ഈ വ്യത്യാസത്തിന്റെയും കാരണം. അതുകൊണ്ടു ഞാൻ പറഞ്ഞതരത്തിൽ ഒരു കമ്മിററിയോ മറ്റോ ഏർപ്പെടുത്തി ഈ വക കാര്യങ്ങളെല്ലാം അവഗാഢമായി ആലോചിച്ചു അവരുടെ നിർദ്ദേശപ്രകാരം ഗവണ്മെന്റു പ്രവർത്തിക്കേണ്ടതാണ്.

HON'BLE MR. K. M. KORAH : ഇപ്പോൾ പല സ്ഥലത്തും കൊയ്ത്തു തുടങ്ങിയിരിക്കുകയാണ്. അതുകൊണ്ടു് ഇതുസംബന്ധിച്ചു ഗവണ്മെന്റിനു പെട്ടെന്നുതന്നെ ഒരു തീരുമാനം ചെയ്യേണ്ടതായുണ്ടു്.

MR. E. P. POULOSE . അതു ശരിയാണ്. കഴിവുള്ളിടത്തോളം ക്രമക്കേടുകൾ വരാതെ തീരുമാനിക്കുവാൻ ഗവണ്മെന്റു ശ്രദ്ധിക്കണമെന്നാണു എനിക്കു പറയാനുള്ളതു്. ഏതായാലും താലൂക്കിന്റെ പല ഭാഗത്തും കൃഷിചെയ്യുന്നവരും ചെയ്യിക്കുന്നവരുമായ ആളുകളുടെ അഭിപ്രായംകൂടി അറിഞ്ഞു് ഗവണ്മെന്റു ഒരു തീരുമാനം ചെയ്യുന്നതു നന്നായിരിക്കും.

രണ്ടാമത്തതു വിലയെപ്പററിയാണ്. കുറഞ്ഞതു് ഒരു പറ നെല്ലിനു രണ്ടുരൂപയെങ്കിലും വിലകൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം, കർഷകനു് നെല്ലു ബ്ലാക്കുമാർക്കററിൽ വിൽക്കേണ്ടിവരും. കൃഷിച്ചെലവു് ഇപ്പോൾ അമിതമായി വർദ്ധിച്ചിരിക്കുകയാണ്. ആ നിലയ്ക്കു ഒന്നുകിൽ, ഗവണ്മെന്റു ശരിയായ വില നെല്ലിനു കൊടുക്കണം. അല്ലെങ്കിൽ നല്ല വിലയ്ക്കു എങ്ങനെയെങ്കിലും കുറെ നെല്ലു വിൽക്കണം. അല്ലാത്തപക്ഷം അവനു ജീവിക്കുവാൻതന്നെ പ്രയാസമായിത്തീരും.

MR. A. CHIDAMBARANATHA NADAR : Sir, *கனம் கிருஷி மந்திரியவர்கள், அரசாங்கத்தார் நெல்லெடுப்பு சம்பந்தமாய் தாங்கள் புதிதாக அனுஷ்டிக்கப் போகும் முறையை சரியாகக் கையாள இச்சனப் பிரதிநிதி சபையின் அபிப்பிராயங்களைக் கேட்டார். அது மிகவும் நல்லது தான். ஆனால் ஒன்று மாத்திரம் நிச்சயம். நாம் என்ன அபிப்பிராயம் சொன்னாலும் சரி. கடைசியாக அவர்கள் என்ன முடிவுக்கு வந்தாலும் அதை நாம் ஒப்புக் கொள்ளத்தான் வேண்டும். கனம் உணவு மந்திரியவர்கள் சொன்னார்கள் கிருஷிகர்களுக்கு ரேஷன் கார்டுகள் கொடுக்கப்படுமென்று*

இந் நாட்டின் முதுகெலும்பாகிய கிருஷிகர்களுக்கு இந்த அரசாங்கத்தார் யாதொரு சௌகரியமும் செய்து கொடுக்கவில்லை. இந் நாட்டைப் பட்டினியினின்று காப்பாற்றுவது கிருஷிகர்கள். வெயிலையும், மழையையும் பார்க்காமல் தங்கள் நெற்றி வேர்வையை நிலத்தில் சிந்தி உணவு பண்டங்களை கிருஷி செய்யவும், அவைகளைப் பெருக்க[illegible]

[Mr. A. Chidambaranatha Nadar]

படும் கிருஷிகர்களுக்கு ரேஷன்கார்டுகள் வழங்கி, அவர்களது வயிற்றை அளப்பது என்பது நியாயமில்லை. அவர்களது காரியங்களில் நாம் சரியானபடி அக்கறை காட்டாவிட்டால், அவர்களுக்கு வேலை செய்ய முடியாது. அவர்களுக்கு வேண்டிய உதவியளித்து, தேவையான நெல்லை யெடுத்துக் கொள்ளுங்கள் என்று சொல்வதுதான் நியாயம். அல்லாது அவர்களுக்கு ரேஷன் கார்டுகள் கொடுப்பது நியாயமில்லை.

ஜனம் சிவராமபிள்ளையவர்கள் தோவாளைக் கிருஷிகர்களைப் பற்றி ரொம்ப அழகாகச் சொன்னார்கள். நான் கல்குளம், விளவங்கோடு அகஸ்தீஸ்வரம் கிருஷிகர்களைப்பற்றி ஒன்றிரண்டு வார்த்தைகள் சொல்லி விட்டு முடித்துக் கொள்கிறேன். குட்டநாட்டுக் கிருஷியைப் பற்றி சிலர் பேசினார்கள். நான் நாஞ்சநாட்டுக் கிருஷியைப் பற்றியும், ஒரு கோட்டைக்கு எவ்வளவு சிலவாகுமென்பதையும் ஒரு சில வார்த்தைகளில் முடித்துக் கொள்கிறேன்.

எங்களது நாட்டில் மரக்கால் என்றும், உங்களது நாட்டில் பறையென்றும் தானிய அளவை வழங்கப்படுகிறது. எங்களது இரண்டு மரக்கால் உங்களது ஒரு பறை. எங்களது ஒரு கோட்டை என்பது 21 மரக்கால். இந்த ஒரு கோட்டை கிருஷி செய்ய என்ன செலவாகும் என்று சற்றுபார்ப்போம்.

முதலில் உழுவை எடுத்துக் கொண்டால் ஏழு மரக்கால் நிலத்தை உழுவதற்கு ஒரு ஏர் என்று சொல்லப்படும். ஒருதரம் அதை உழ இரண்டு ரூபாய் சிலவாகும். அப்படி 6 தரம் உழ 12 ரூபாயாகும். ஒரு கோட்டை அல்லது 21 மரக்கால் நிலத்தை உழ 36 ரூபாயாகும். சில யிடங்களில் ஒரு ஏருக்கு ஏழு உழவுகளுமுண்டு. அப்படியானால் 42 ரூபாயாகும். பின்பு தண்ணீர் பாய்ச்சி நடவுக்கு ஒரு கோட்டைக்கு நாற்பது ஆள்கள் நாற்று வேண்டும். ஒரு ஆளுக்கு இரண்டு பணம் வீதம் எண்பது பணம் சிலவாகும். பின்பு களை பிடுங்க ஒரு கோட்டைக்கு இருபது ரூபாய் சிலவாகும். ஒரு கோட்டை நிலத்திற்கு அரை அந்தர் சீமைஉரம் வேண்டும். அதன் விலை ஒன்பது ரூபாய். எங்கள் ஊரில் Co-operative Society இருந்தாலும் நாங்கள் வாங்கவேண்டுமானால் 36 அல்லது 40 ரூபாய் கொடுக்கவேண்டும். குழைச்சிலவு வேறு. சாம்பல், சாணம் உரம் ஒரு கோட்டை புதுவல் நிலத்திற்கு பத்து வண்டி வேண்டும். பழய நிலத்திற்கு ஐந்து வண்டி உரம் வேண்டும். ஒருவண்டி உரத்தின் விலை ஐந்து ரூபாய். தண்ணீர் பாய்ச்ச ஒரு பூவுக்கு அரைக்கோட்டை அதாவது ½ பறை நெல். அறுப்புக்கொத்து குருணிக்கு பத்துப்படி நெல் கூலி. அப்படி ஒரு கோட்டைக்கு 11 பறை கூலி. பின்பு சூடு அடிக்க ஒரு கோட்டைக்கு அறுப்பில் பாதி 5½ பறை நெல். வரப்பு வெட்ட ஒரு கோட்டைக்கு ஒரு ஆளுக்கு சாப்பாடு போக மூன்று ரூபாய். நான் சொன்ன சிலவுகள் ஒரு பூவுக்கு ஒரு கோட்டை நிலம் கிருஷி செய்வதற்கு. இவ்வளவு சிலவுகள் போக ஒரு கிருஷிகனுக்கு ஒரு கோட்டை கிருஷி செய்து கிடைப்பது என்ன என்பதை நீங்களே ஆலோசிக்க வேண்டிய விஷயம். வேறொரு முக்கியமான விஷயம் என்னவென்றால்,

எங்கள் நாட்டில், உழுவதிலிருந்து நெல் கொய்து சூடு அடிக்கும் வரையில் நெல்லைக் கூலியாகக் கொடுத்தாலல்லாது வேலைக்கு ஆள்கள் வரமாட்டார்கள்.

Sir, நெல்லெடுப்பு Settlement பாட்டம், இவைகளைப்பற்றி ஒன்றிரண்டு வார்த்தைகள் சொல்ல விரும்புகிறேன். ஒரு ஏக்கர் நிலமுள்ளவர்களிடமிருந்து Settlement பாட்டம் அளக்கக் கூடாது. உதாரணமாக ஒரு சம்சாரியிடம் ஒரு ஏக்கர் நிலமிருக்கிறது. அதை அந்த சம்சாரியே பயிரிடுகிறான். நானும், தனது குடும்பத்தினர்களும் அதில் வேலை செய்கிறார்கள். அதனால் அதில் முழு மேனி 21 கோட்டையும் கிடைக்கிறது. அறுவடை காலத்தில் இக்குடும்பம் அயலூர்களுக்குச் சென்று கொய்தல், சூடடித்தல் முதலிய வேலைகளில் ஈடுபட்டு ஐந்து அல்லது ஆறு கோட்டை நெல் சம்பாதித்து, இந்த நெல்லையும், தங்களது சொந்த நெல்லையும் வீட்டில் வைத்திருக்கும்போது பிரவர்த்திக்காரர், தாசில்தார், மற்ற நெல்லெடுப்பு அதிகாரிகள் வந்து, உண்மை அறியாமல் அளந்து கொண்டு போய் விடுகிறார்கள். இது ரொம்பப் பரிதாபம். ஒருஏக்கர் உள்ளவர்கள் பாட்டம் கொடுப்பதினால் அவர்களுக்குக் கிடைப்பது சொற்பந்தான். ஐந்துஏக்கர் உள்ளவர்களுக்கு Settlement பாட்டம் அளந்தால் போதும் பாக்கி நெல்லுண்டு. ஆனால் இவர்கள் பாடு தான் ரொம்பக் கஷ்டம். அதனால் ஒரு ஏக்கர், அதற்குக் குறைவானவர்களிடமிருந்து Settlement பாட்டம் அளக்கக் கூடாது. மேலும் Settlement பாட்டம் அளக்க ஒரு Grade வைக்கவேண்டும். ஒன்றுக்கு மேல் ஐந்து ஏக்கர் உள்ளவர்களிடம் இவ்வளவு Settlement பாட்டமென்றும், அதற்கு மேல் பத்து ஏக்கர் வரையில் Settlement பாட்டம், excess நெல் இவ்வளவென்றும், இந்தமாதிரி நிர்ணயம் செய்யவேண்டும். அதுதான் முறை.

Sir, தென் திருவாங்கூரில் பிரவர்த்திக் காரர்கள் செய்யும் அநீதிகள் பல இவர்கள், வீட்டில் ஆள் இல்லாத சமயத்திலும், இராத்திரி காலத்திலும், பெண்கள் மாத்திரம் இருக்கிற சமயத்திலும் நெல் அளக்கப் போகவோ, சீல்பண்ணவோ கூடாது. முதலில் ஒரு Demand notice கொடுக்கவேண்டும். அதன் பிரகாரம் வீட்டின் உடமஸ்தன் வீட்டிலிருக்கச் செய்து நெல்லெடுக்கப் போகவேண்டும்.

அகஸ்தீஸ்வரம் நீண்டகரை B-ல் தாருவிளை என்ற கிருமத்தில் அதிகாரிகள் அழகுவேல் நாடார் வீட்டில் நெல்லெடுத்துக் கொண்டு போகும் சமயத்தில் அவரது தம்பியின் மேல் லாரியை ஏற்றிக் கொன்று விட்டார்கள். தாஸில்தார், பிரவர்த்திக்காரர் முதலியோர் லாரியுடன் தாருவிளை சென்று அழகு வேல் நாடார் இல்லாத சமயம் அவரது வீட்டின் பூட்டை உடைத்து உள்ளே புகும் போது, அவரது தம்பி வந்து, தமது அண்ணன் சீக்கிரம் வந்து விடுவார், வந்தவுடன் நெல்லை அளந்து கொண்டுபோகலாமென்று சொன்னார். இதை கவனிக்காமல் நெல்லை அளந்துகொண்டு போகும் சமயத்தில் லாரியின் சமீபத்தில் நின்று கொண்டிருந்த அழகுவேல் நாடாரின் தம்பியின்மேல் லாரியை ஏற்றிக்கொன்று விட்டார்கள். இதுவரை ஒரு நடவடியும் எடுக்கப்படவில்லை. இவைகளெல்லாம் ரொம்ப அநீதியான காரியங்கள். இப்பேர்ப்பட்ட அக்கிரமங்களை நிறுத்த வேண்டும்.

MR. PRSIDENT : ഈ സംഗതിയെപ്പററി ഇനിയും മെമ്പറന്മാർക്ക് അഭിപ്രായം പറയേണ്ടിയിരിക്കുന്നതുകൊണ്ട് സഭ കൂടുതൽ സമയം തുടരന്നുകൊണ്ടുപോകണമോ വേണ്ടയോ എന്നുള്ളതിനെപ്പററി ആർക്കെങ്കിലും അഭിപ്രായം പറയണമെന്നുണ്ടെങ്കിൽ പറയാം.

MR. K. S JOSEPH : ഒച്ച് മണിവരെ തുടർന്നുകൊണ്ടുപോകണമെന്നാണ് എന്റെ അഭിപ്രായം.

MR. THA[illegible]MEN : ഇതു വളരെ ആലോചിക്കേണ്ട ഒരു സംഗതിയാണ്. ഇനിയും അഭിപ്രായം പറയേണ്ടതായിട്ടുണ്ട്. അതിനാൽ അഞ്ചുമണിവരെ ഡിസ്കഷൻ ദീർഘിപ്പിക്കുന്നതിൽ ഞാനും അനുകൂലിക്കുന്നു.

MR. PONNARA G. SREEDHAR : മിക്കവാറും എല്ലാവരും അഭിപ്രായം പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു കൂടുതൽ സമയം ആവശ്യം ഇല്ല. ഈ കാര്യത്തെപ്പററി വോട്ടുകളുടെ ആവശ്യം തന്നെ ഇല്ല.

MR. A. NESAMONY : I move that we close this debate at 4-30 at the usual hour. Ever so many Hon'ble Members have given their opinion and so I do not think that by giving more time more information is going to be gained.

MR. P. K. KUNJU (*Karunagapalli II—Muslim Reserved*) : ഖണ്ഡിതമായ നിശ്ചയങ്ങൾ ഒന്നും നമ്മുടെ മുൻപിൽ ഇല്ല. മിക്കവാറും പേർ അഭിപ്രായം പറഞ്ഞുകഴിഞ്ഞു. അതിനാൽ നാലരയ്ക്കു മതിയാക്കാമെന്നാണ് എനിക്കു തോന്നുന്നത്.

MR. P. T. CHACKO : ഈ സംഗതിയെക്കുറിച്ച് പ്രതിപക്ഷക്കാരുടെ അഭിപ്രായം സ്വീകരിക്കേണമെന്നാണ് എന്റെ പക്ഷം. അവർക്ക് ഡിസ്കഷൻ നീട്ടിക്കൊണ്ടുപോകേണ്ട ആവശ്യമില്ലെന്ന് പറഞ്ഞാൽ നീട്ടിക്കൊണ്ടുപോകേണ്ട ആവശ്യം ഇല്ല.

MR. P. S. NATARAJA PILLAI : After all there seems to be a unanimity of opinion that control must continue. That is in consonance with the opinion held elsewhere in India as well.

MR. A. NESAMONY : It is because the honourable member stated that the Government is not going to decontrol.

MR. P. S. NATARAJA PILLAI : I may say that the unanimity of opinion in India seems to be that, and it will be unwise to decontrol here immediately. As far as I was able to gather from the speeches made here to day I was led to believe that there is unanimity of opinion in that respect here as well.

MR. SRI V. DAS (*Kalkulam I—Hindu Nadar Reserved*) : I am not in favour of control.

MR. P. S. NATARAJA PILLAI: Every individual is entitled to hold his own opinion. But I was only expressing the impression I got of the debate. The only matter which I wish to bring to the notice of this House is that we have to maintain control for some time more. I request the House to think about the implications of this decision. It is an abnormal situation. When we decided to bring control it was an abnormal situation and we had to find out a method to tide over that situation. I would like this House to remember what the Study Group of the Food and Agricultural Organisation of the United Nations stated in their report which they published recently. They say that it appears probable that the chronically deficit countries like India, China, Japan, Malaya and Ceylon will continue to experience acute shortage of rice for at least for the next four years from 1947 inspite of the anticipated increase of production in surplus areas. It is believed that we will have a total production in the year 1950 or 1951 of about 3,5 million tons which will be less than the repuirements of the rice consuming area by half a million ton. Therefore the anticipated production of rice will not be sufficient to meet the requirements of the world. The Prime Minister has already informed the House, that we have to get 40 thousand tons more to keep up the present ration. Travancore is a deficit country and to meet the deficiency, about a 60 per cent deffcit we will have to procure from outside. We are having an 8 ozs. ration for every adult in the State under the State-wide rationing scheme. This is met by import and local procurement. If you look into the procurment figures, you will see that procurement under Settlement Pattom is the major item in procurement. For the years from 1119 to 1123, I will just give you the procurement figures on settlement pattom and the procurement of excess. In 1119, the procurement under the Settlement Pattom was 73 lakhs of paras, and the procurement under excess was 26 lakhs of paras. In 1120, 66 lakhs of paras come under procurement and 18 lakhs under excess. In 1121 the figures come to 61 lakhs and 2 lakhs; in 1122, 76 lakhs of Paras and 19 lakhs of paras, and in 1123 it is 66 lakhs of paras and 9 lakhs of paras. From these figures, it will be seen that the procurement under settlement pattom will be somewhere between 80 and 90 lakhs of paras per year

MR. PAUL THALIATH: അതു് ശരിയായ രീതിയിൽ പ്രൊക്യൂർമെൻറു് നടത്താത്തതുകൊണ്ടാണെന്നറിയാമോ ?

MR. P. S. NATARAJA PILLAI: I completely agree There may have been lapses or incorrect procedure in procuring. What I want to bring to the notice of this House is what is the source from which we get local paddy for rationing that is by procuring settlement pattom.

MR. K. A. MUHAMMED: ഈ എക്സസ് കണക്ക് ശരിയാണോ ?

MR. P. S. NATARAJA PILLAI: I am not able to account for it. I give the figures published. I collected the published figures. That Sir..........

MR. V. O. MARKOSE : എക്സെസ് എടുത്ത ആളിന്റെ പക്കൽനിന്നും സെററിൽമെൻറ് പാട്ടം എന്നു പറഞ്ഞ് പ്രത്യേകം എടുക്കുന്നില്ല എന്നറിയാമോ?

MR. P. S. NATARAJA PILLAI : May be. Sir, I do not know exactly. As far as the rules are concerned, if I have understood it correctly, we have to pay the Settlement Pattom and the excess. Under the old Rules, every land holder is bound to submit returns of the stock of paddy he has with him. That rule has not been repealed. I think the Government must be able to inform the House whether every land holder is submiting his returns for stock showing the excess he has. Unless he does this he is liable to be punished under the rules. We had a set of Rules by means of which we are able to do all these things but they are dead letters to day. The Revenue Department must know the quantity that has been produced and realised from every cultivator. Therefore, Sir, if the procurement is to be effective and if we are to meet our demands we must have well recognised Rules of Procurement.

As suggested, if a Committee is appointed that will lead to corruption. The method of giving discretion to officers will also cause greater trouble and vexation. Both these methods will lead to corruption nepotism and leakage. As a final result, Government will lose a large quantity of paddy for rationing. Now we have about 28 thousand tons of paddy as procurement.

HON'BLE MR. A. THANU PILLAI : We have about 50 thousand tons.

MR. P. S. NATARAJA PILLAI : My calculation was for each crop. Nearly 50 thousand tons of paddy we are getting by procurement per year. We are importing every year 2 4 lakhs allotted to us. Then again 40 thousand tons will be the deficit quantity. We are not anticipating maximum manure procurement If we do not take settlement pattom we will be losing 1 lakh tons. How are we to meet this situation? We have to maintain 8 ounces ration and statutorily we are bound to supply it to every adult under the Law. So much has been said about the difficulty of the cultivator and I see there is real hardship. But there is one economic factor. With the increase of necessities of life wages also will increase. We are now in a vicious circle we cannot light heartedly decide to increase the price of land That is why Government of India has made suggestion to appoint an expert committee to control the prices and the circulation of money as well. The increase in prices of necessities will lead to the consequent rise in wages and we will not be in a position..................(Bell)

MR. V. O. MARKOSE : സർ, ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ഇവിടെ അനേകപ്രശ്നങ്ങൾ ഉന്നയിച്ചു. അവയെപ്പററി സംസാരിക്കുന്നതിനുമുമ്പ് ഒരു സംഗതിമാത്രം ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സംസ്ഥാനത്തു് എടുക്കുന്ന നെല്ലിന്റെ കണക്ക —സെററിൽ

മെൻറുപാട്ടം അനുസരിച്ചു ഇത്രയെന്നും എക്സെസ്സ് (Excess) ഇത്രയെന്നും മാന്യസ്നേഹിതൻ ശ്രീ. നടരാജപിള്ള വിശദീകരിച്ചതായി തോന്നുന്നു. അദ്ദേഹം പറഞ്ഞ കണക്ക് തെററാണ്. തിരുവിതാംകോട്ടെ നെല്ലെടുപ്പിനെപ്പററി അറിയാവുന്ന ആർക്കും മനസ്സിലാക്കാം അദ്ദേഹം പറഞ്ഞ തുകകൾ തെററാണെന്ന്. സാധാരണമായി ഒരു നിലത്തിൽ വിളവ് എത്രയുണ്ടാകുമെന്നു നിർണ്ണയിച്ച്, കൃഷിച്ചെലവിനും വിത്തിനും, വീട്ടുചെലവിനുമുള്ള നെല്ലുകഴിച്ച്, ബാക്കിയുള്ളത് എക്സസ്സ് ആയിട്ട് എടുത്തുകൊണ്ടിരിക്കുന്നത്. സെററിൽമെൻറുപാട്ടം എടുക്കുന്നത് എക്സസ്സ് ഇല്ലാത്തവരുടെ പക്കൽനിന്നു മാത്രമാണ്. അതായത് അവർക്ക് കൃഷിച്ചെലവിനോ വീട്ടുചെലവിനോ മതിയായി ബാക്കിയുണ്ടായിരുന്നാലുംശരി ഇല്ലെങ്കിലുംശരി, ആ നിലത്തിനു സെററിൽമെൻറുപാട്ടമായി കാണുന്ന നെല്ല് അവരിൽനിന്ന് എടുക്കും— അതാണു നടപ്പിലുള്ള നിയമം. അതുപ്രകാരം സെററിൽമെൻറുപാട്ടമെന്നു പറഞ്ഞു നെല്ലെടുക്കുന്നത് ചെറിയ കൃഷിക്കാരിൽനിന്നു മാത്രമേയുള്ളു. അതൊഴികെയുള്ളതെല്ലാം എക്സസ്സ് ആയിട്ടാണ് നെല്ലെടുക്കുന്നത്. അങ്ങനെയുള്ളതാണ് വലിയ തുകകൾ. ആ തുകകളിൽ, സെററിൽമെൻറുപാട്ടം പ്രത്യേകം കണക്കാക്കുക എന്നൊരു പതിവില്ല. കണക്കാക്കേണ്ട ആവശ്യവുമില്ല. അതുകൊണ്ട് ഇത്രവലിയ ഒരു തുക സെററിൽമെൻറ പാട്ടമായി പിരിക്കാനുണ്ടെന്നും അതു ഒഴിവാക്കപ്പെട്ടതിനാൽ പിരിവു അത്രയും കുറയുമെന്നും പറയുന്നത് സത്യവിരുദ്ധമാണ്. സെററിൽമെൻറ രജിസ്റ്റർ വച്ചുകൊണ്ടു നിലങ്ങളായി കാണുന്ന വസ്തുക്കളുടെ സെററിൽമെൻറ് പാട്ടമെല്ലാംകൂടെ കൂട്ടി പ്രകാരമായിരിക്കണം അദ്ദേഹം പറഞ്ഞത്. അല്ലാതെ actual figures ആ വർഷം ഒരു വിധത്തിലും നിവൃത്തിയില്ല.

ഏതായാലും ഭക്ഷ്യവകുപ്പുമന്ത്രി ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരമായി എനിക്ക് പറയാനുള്ള അഭിപ്രായം പറയാം. അദ്ദേഹം ചോദിച്ച ചോദ്യങ്ങളിൽ ഒന്ന്, വിളവ് നിർണ്ണയിച്ച് നെല്ലെടുപ്പു നടത്തുന്നത് എങ്ങനെ വേണമെന്നുള്ളതിനെപ്പററിയാണ്. എന്റെ അഭിപ്രായം വിളവു നിർണ്ണയിക്കേണ്ട ആവശ്യമില്ലാത്ത സമ്പ്രദായത്തിൽ നെല്ലെടുപ്പു നടത്തണമെന്നാണ്. വിളവു മുൻകൂട്ടി നിർണ്ണയിക്കുന്നതിലാണു വളരെ അഴിമതികൾക്കും നീതികേടിനും ഇടയാകുന്നതു. അതുകൊണ്ട് ആ സമ്പ്രദായം ഉപേക്ഷിച്ചു ഓരോ പ്രദേശത്തുമുള്ള നിലങ്ങളിൽനിന്നു അവിടവിടത്തെ സ്ഥിതിയനുസരിച്ചു ഓരോ കർഷകനും

ഇത്രവീതം കൊടുക്കണമെന്ന് ക്ഌപ്തമായിട്ട് ഒരു തോതു വയ്ക്കുകയാണ് നല്ലത്. അപ്പോഴം വിളവുനിർണ്ണയിക്കേണ്ട ആവശ്യം ഉണ്ടാകുകയില്ല.

MR. WILSON PETER : ഓരോ കർഷകനും ഇത്രവീതം കൊടുക്കണമെന്നു പറയുന്നതിനു വിളവു നിർണ്ണയിക്കാതാക്കുമോ ?

MR. V. O. MARKOSE : അതു് ഒരിക്കൽ നിശ്ചയിച്ചാൽമതി. പ്രദേശത്തെ നിരക്കുവിളവും നിലത്തിൻെറ നൽപുതിൽപും നോക്കി ന്യായമായ ഒരു തുക നിശ്ചയിച്ചുകഴിഞ്ഞാൽ പിന്നെ എല്ലാ ആണ്ടിലും വിളവു നിർണ്ണയിക്കേണ്ടിവരുന്നില്ല. ഇപ്പോഴം സെററിൽമെൻറു പാട്ടമായി എടുക്കുന്ന എന്നു പറഞ്ഞു വായിച്ചുകേൾപ്പിച്ച തുകയിൽ സിംഹഭാഗവും വാസ്തവത്തിൽ എക്സസിൻെറ ക്രട്ടത്തിൽ കണക്കാക്കപ്പെടേണ്ടതാണു്.

HON'BLE MR. A. THANU PILLAI : മി. മാർക്കോസ് പറഞ്ഞതനുസരിച്ചു് സെററിൽമെൻറു പാട്ടം എന്നു് ഒന്നില്ലെന്നാണോ പറയുന്നതു്.

MR. V. O. MARKOSE : സെററിൽമെൻറു പാട്ടം എന്നു പറയുന്നതു വലിയ കൃഷിക്കാരെയും ഭ്രരിഭാഗം നിലങ്ങളെയും സംബന്ധിച്ചിടത്തോളം വെറും പുസ്തകങ്ങളിൽ കാണുന്ന ഒരു ഫിഗർ മാത്രമേയുള്ളു. വാസ്തവത്തിൽ അതു് എക്സസ് എന്ന നിലയിലാണെടുക്കുന്നതു്.

എക്സ്സു ഉള്ളവരിൽ നിന്നും നെല്ലെടുക്കുമ്പോഴം സെററിൽമെൻറുപാട്ടം എന്ന പ്രശ്നമേ ഉദിക്കുന്നില്ല. എക്സസ്സ് ഉള്ളവരിൽ നിന്നും എക്സസ് ഇത്രയെന്നും സെററിൽമെൻറു പാട്ടം ഇത്രയെന്നും പ്രത്യേകം കണക്കാക്കുകയോ കളക്ട ചെയ്കയോ ചെയ്യാറില്ല. അതേനയംതന്നെ നാം ഇപ്പോഴം തുടർന്നുകൊണ്ടു പോകുന്നപക്ഷം കാര്യങ്ങൾ വലിയ കുഴപ്പംക്രടാതെ നടത്തിക്കൊണ്ടുപോകാൻ സാധിക്കും. മേലാൽ സെററിൽമെൻറു പാട്ടവ്യവസ്ഥയിൽ നെല്ലെടുക്കുന്നില്ലെന്നും എക്സസ്സ് ഉള്ളതുമാത്രമേ എടുക്കുന്നുള്ളു എന്നും തീരുമാനിച്ചിരിക്കുന്ന സ്ഥിതിക്ക്, ഓരോ നിലത്തിലുമുണ്ടാകുന്ന വിളവ് എത്രയാണെന്ന് ആണ്ടുതോറും മുൻക്രട്ടി കണക്കാക്കാതെതന്നെ, പ്രാദേശികമായി ഒരു ക്ഌപ്തതോതു് കണക്കാക്കാവുന്നതും അതിൻപ്രകാരം നിലം

ഉടമസ്ഥന്മാരിൽനിന്നും നെല്ലെടുക്കാൻ വ്യവസ്ഥ ചെയ്യാവുന്നതുമാണ് എന്നാണു ഞാൻ പറഞ്ഞതു്. അങ്ങിനെ ഉദ്ദേശമായി ക്ലിപ്തപ്പെടുത്തുന്നതും യഥാർത്ഥമായി കിട്ടുന്നതുമായ നെല്ലിന്റെ തുകതമ്മിൽ വലിയ അന്തരമില്ലാതെ സൂക്ഷിക്കാവുന്നതാണ്. അതിലേക്കു് ഓരോ പ്രദേശത്തു് ഓരോ അനൌദ്യോഗസ്ഥകമ്മിററിയെ നിയമിക്കുന്നതു് നന്നായിരിക്കും.

പിന്നെ നിർണ്ണയിക്കാനുള്ളതു് കൃഷിച്ചെലവിന് എത്ര കൊടുക്കണം, നെല്ലുവില എന്തായിരിക്കണം, വിതരണസമ്പ്രദായം എങ്ങനെ ഈവക കാര്യങ്ങളാണ്. ഇതിനുമുമ്പുണ്ടായിരുന്ന ഗവണ്മെന്റ് നടത്തിവന്നിരുന്നതും, രാജ്യത്തിന് നാശകരമായിട്ടുള്ളതും, ആയ സംഗതിയുടെ ഗൌരവം ഇപ്പോഴത്തെ ഗവണ്മെന്റ് ഇനിയും മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയിക്കുന്നതുമായ രണ്ടുകാര്യങ്ങളാണ് ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു. അതു വളരെ എളുപ്പത്തിൽ പറയുവാൻ കഴിയുന്നതു് ഇംഗ്ലീഷിലുള്ള രണ്ടു പഴഞ്ചൊല്ലുകൾമൂലമാണ്. അതായതു "Don't try to ride an unwilling horse" and "Don't ride the horse to death." കൃഷിക്കാരനെ ഒരു കുതിരയോടു് സാമ്യപ്പെടുത്തുക. ഓടാൻ മനസ്സില്ലാത്ത കുതിരയെ ഓടിക്കുവാൻ നിർബന്ധിച്ചു ഓടിക്കുന്നതുപോലെയാണ് ഇവിടത്തെ കൃഷിക്കാരോടു വഹിക്കാൻപാടില്ലാത്ത വിധത്തിൽ കൃഷിചെയ്യുവാൻ ഇതിനുമുൻപുണ്ടായിരുന്ന ഗവണ്മെന്റ് ആവശ്യപ്പെടുന്നതു്. ഓടുകയില്ലാത്ത കുതിരയെ ഓടിച്ചാൽ ഫലം എന്തായിരിക്കുമെന്നു ഞാൻ പറയാതെതന്നെ ഊഹിക്കാവുന്നതാണ്. അതുപോലെതന്നെ ചാകുന്നതുവരെ കുതിരയെ ഓടിക്കുന്നതും ബുദ്ധിശൂന്യതയാണ്. കുതിരയെ കൊല്ലാതെ ഉദ്ദിഷ്ടസ്ഥാനത്തു് എത്തുന്നതുവരെ കുതിരയ്ക്കു വഹിക്കാവുന്നവിധത്തിൽ ഓടിക്കണം. നെല്ലു വർദ്ധിപ്പിക്കണമെന്നു് ഗവണ്മെന്റ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ കൃഷിക്കാരനെ പ്രോത്സാഹിപ്പിക്കുകയാണ് ഒന്നാമതായി ചെയ്യേണ്ടതു്. അല്ലാത്തപക്ഷം ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാകാൻ പോകുന്നില്ല. കൃഷിക്കാരൻ ഭീമമായ നഷ്ടംസഹിച്ചും നിലം നശിപ്പിച്ചും നെല്ലുണ്ടാക്കി ഗവണ്മെന്റിന് കൊടുക്കണമെന്ന് പറഞ്ഞാൽ അതു സാദ്ധ്യമാവുകയില്ല. അതു മഹാമനസ്കതയോ മൌഢ്യമോ നമ്മുടെ ജനങ്ങൾക്കുണ്ടെന്നു് തോന്നുന്നില്ല. അന്യരാജ്യങ്ങളിൽ ഒരു വലിയതുക സബ്സിഡിയായി (subsidy) കൊടുത്തു് കൃഷിക്കാരെ

[Mr. V. O. Markose]

പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ കൊടുത്തുവരുന്ന നെല്ലുവിലകൊണ്ടു നഷ്ടംകൂടാതെ കൃഷിചെയ്യുവാൻ സാദ്ധ്യമല്ല. നഷ്ടമില്ലാത്തവിധത്തിൽ കൃഷിചെയ്യുന്നതിനുവേണ്ടി വില കൂട്ടിക്കൊടുക്കുകതന്നെ വേണം. കൃഷിച്ചെലവിനായി അനുവദിച്ചുകൊടുക്കുന്ന നെല്ലിന്റെ തുകയും കൂട്ടണം. കൃഷിക്കാരനു വില കൂടുതൽ കൊടുക്കുന്നതുകൊണ്ട് ആ വിലയ്ക്കോ കൂട്ടിയോ ജനങ്ങൾക്കു നെല്ലു കൊടുക്കണമെന്നവയ്ക്കുന്നില്ല. ജനങ്ങൾക്കു വില കുറച്ചുതന്നെ കൊടുക്കണം. അതിൽ വ്യത്യാസം വരുന്നതുക ഗവൺമെന്റു കൊടുക്കുന്ന സബ്സിഡിയായി വിചാരിക്കണം; അങ്ങനെയുള്ള കൃഷിക്കാരൻ നശിച്ചുപോകാതിരിക്കുന്നതിലേക്കും അവന്റെ പ്രോത്സാഹനത്തിനുമായി കൊടുക്കുന്ന സബ്സിഡി. അതുകൂടാതെ നമ്മുടെ ഉല്പന്നങ്ങൾ വർദ്ധിക്കുവാൻ പോകുന്നില്ല; ഉല്പന്നങ്ങൾ വർദ്ധിക്കാതെ നമ്മുടെ ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാവാനും പോകുന്നില്ല.

അടുത്തതു് വിതരണസമ്പ്രദായത്തെപ്പറ്റിയാണ്. ഇപ്പോഴത്തെ റേഷൻകാർഡു സമ്പ്രദായപ്രകാരം വിതരണം നടത്തിക്കൊണ്ടുപോകേണ്ടതു് തന്നെയാണെന്നാണ് എന്റെ അഭിപ്രായം. പക്ഷെ ഇപ്പോൾ കൊടുക്കുന്ന അളവു് കഴിവുള്ളിടത്തോളം വർദ്ധിപ്പിക്കുവാൻ കൂടി ഗവൺമെന്റു ശ്രമിക്കണം. പ്രത്യേകിച്ചു കൃഷിക്കാരനുള്ള റേഷൻ വർദ്ധിപ്പിക്കണം. ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ ഏററവും സൗകര്യപ്രദമായ രീതിയിൽ എല്ലാവർക്കും ഒരുപോലെ കൊടുക്കുന്നതിന് റേഷൻസമ്പ്രദായമല്ലാതെ മററു മാർഗ്ഗം ഞാൻ കാണുന്നില്ല. മുമ്പു പറഞ്ഞതുപോലെ ഇവിടത്തെ ഉൽപ്പന്നങ്ങൾ കഴിയുന്നിടത്തോളം വർദ്ധിപ്പിക്കുവാനാണ് നാം ആത്യമായും പ്രധാനമായും ശ്രമിക്കേണ്ടതു്. ഇക്കാര്യത്തിൽ ദീർഘദൃഷ്ടിയോടുകൂടി ഗവണ്മെന്റു പ്രവർത്തിക്കുമെങ്കിൽ, ഇപ്പോൾ ഈ രാജ്യത്തിനാവശ്യമുള്ള നെല്ലിന്റെ നാൽപ്പത്തൊമ്പതു ശതമാനംമാത്രം കിട്ടിവരുന്ന നമ്മുടെ നെല്ലു വ്യ ൦-മെൻ ൦_ഓ ശതമാ.. മായി വർദ്ധിപ്പിക്കുവാൻ ഈ രാജ്യത്തിന്റെ ഭൂസ്ഥിതി.. യാതൊരു പ്രയാസവുമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

Mr. P. NANOO : സർ, ഒരു കൃഷിക്കാരൻ എന്ന നിലയിൽ എനിക്കു കൃഷിസംബന്ധമായി പല കാര്യങ്ങളും പറയാനുണ്ടെങ്കിലും സമയക്കുറവുകൊണ്ടു ഒരു കൃഷിക്കാരന് നിലം കൃഷിചെയ്യുന്നതിനുണ്ടാകുന്ന ചില വിഷമതകളെക്കുറിച്ചു് ഏതാനും സംഗതികൾ ബഹുമാനപ്പെട്ട

മന്ത്രിയുടെശ്രദ്ധയിൽ ഈ സഭയുടെ മുൻപിൽ സമർപ്പിക്കണമെന്നുമാത്രമേ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നുള്ളു. ഒരു പറ നിലത്തിന് ഒരു ഏഴിടങ്ങഴി വിത്തു വേണം. ചിലപ്പോൾ എട്ടിടങ്ങഴിയും വേണ്ടിവരും. കൃഷിക്കാവശ്യമുള്ള കൂലിക്കാരുടെ ആഹാരച്ചെലവിനായി മറ്റൊരു ഏഴിടങ്ങഴി ആവശ്യമുണ്ട്. കൊയ്ത്തുകൂലി സാമാന്യമായി ഒരു പറ നെല്ലിന് ഒരിടങ്ങഴി എന്ന കണക്കാക്കി നോക്കിയാൽ ഒരു പറ നിലത്തിന് ഒരുപറ നെല്ല് വേണ്ടിവരും. ഇങ്ങനെ ഒരുപറ നിലം കൃഷിചെയ്യുന്നതിന് രണ്ടുപറ അഞ്ചിടങ്ങഴിയോളം നെല്ല് ചെലവായിട്ടുതന്നെ വേണ്ടിയിരിക്കുന്നു. കൂടാതെ പൂട്ടുന്നതിന് ഒരു ഏഴുരൂപായും, കുറഞ്ഞ തോതിൽ നോക്കിയാൽ ഒരുവണ്ടി ചാണകത്തിന് ആറുരൂപായും പച്ചിലവളത്തിന് അതുപോലെ പിന്നൊരു ആറുരൂപായും ആവശ്യമുണ്ട്. ഇതാണ് സാധാരണകൃഷിക്കാരന് ഒരു പറനിലം കൃഷിചെയ്യുന്നതിന് ചെലവാകുന്നത്.

MR. P. C. ADICHAN : ഇപ്പോൾ പറഞ്ഞ ചെലവ് വെള്ളമുള്ള നിലത്തിനല്ലേ? വെള്ളമില്ലാത്ത നിലങ്ങളിൽ വെള്ളം കൊണ്ടുവരുന്നതിന്റെ ചെലവില്ലേ?

MR. P. NANOO : സാധാരണ വെള്ളം ഉള്ള നിലങ്ങളിലാണ് കൃഷി നടത്തുന്നത്. പിന്നെ വെള്ളമില്ലാതെ വരുന്ന അസാധാരണപരിതഃസ്ഥിതികളിലാണ് വെള്ളം കൊണ്ടുവന്നു കൃഷി ചെയ്യേണ്ടിവരുന്നത്. അങ്ങനെ വരുമ്പോൾ കൂടുതൽ ചെലവാകും. കൃഷിക്കാരന് ഇങ്ങനെ ഒരു പറ നിലം കൃഷിചെയ്യുന്നതിന് രണ്ടുപറ അഞ്ചിടങ്ങഴി നെല്ലായിട്ടും ൨൦ രൂപായോളം പണമായിട്ടും ചെലവാകുന്നുണ്ട്. ഇതെല്ലാം ചെലവു ചെയ്താൽ അവന് കിട്ടുന്നത് എട്ടോ പത്തോ പറ നെല്ല് ആണ്.

HON'BLE MR. A. THANU PILLAI : ഇത്രയും ചെലവുചെയ്ത് കൃഷി ചെയ്താൽ അതിൽ നിന്നും എത്ര പറ നെല്ലു കിട്ടും.

MR. P. NANOO : ഒരു എട്ടോ പത്തോ പറ നെല്ലു ഒരു പറ നിലത്തിൽ നിന്നും കിട്ടും. എല്ലാംകൂടി നോക്കുമ്പോൾ ഒരു പറനെല്ലു വിളയിക്കുന്നതിന് ഒരു കൃഷിക്കാരന് മൂന്നുരൂപായ്ക്കും നാലുരൂപായ്ക്കും മദ്ധ്യേ ചെലവാകുന്നുണ്ടെന്നു കാണാം.

HON'BLE MR. K. M. KORAH : കൃഷിത്തൊഴിലാളികൾക്ക് നെല്ലായിട്ട് കൂലികൊടുക്കുന്ന സമ്പ്രദായം ഇല്ലെന്നാണോ മനസ്സിലാക്കേണ്ടത്?

MR. P. NANOO : ഞങ്ങളുടെ സ്ഥലങ്ങളിലെല്ലാം സാധാരണ കൊയ്ത്തിന് മാത്രമേ നെല്ലായിട്ടു കൂലികൊടുക്കാറുള്ളു. അപൂർവമായിട്ടു നെല്ലായിട്ടും കൂലിച്ചെലവു ഇല്ലാതില്ല. ഗവൺമെൻറു വാങ്ങി സംഭരിക്കുന്ന നെല്ലിന് സൂക്ഷിപ്പുകൂലിയെന്നും, അറവാടക എന്നും രണ്ടിനത്തിൽ പണം കൊടുക്കുന്നുണ്ട്. എന്നാൽ ഈ പണം അറയുടെ ഉടമസ്ഥനു ശരിക്കലും കിട്ടുന്നില്ല. പാർവ്വത്യകാരന്മാർ തന്നെ താലൂക്കുകച്ചേരികളിൽ വൗച്ചറുകൾ ഹാജരാക്കി പണംകെട്ടിവാങ്ങി എടുക്കുകയാണ ചെയ്യുന്നതു. അറ ഉടമസ്ഥന് ആ പണം കിട്ടണമെന്ന് വിചാരമുണ്ടെങ്കിൽ അറ ഉടമസ്ഥൻ നേരിട്ടു താലൂക്കുകച്ചേരിയിൽ വൗച്ചർ ഹാജരാക്കി പണം വാങ്ങണമെന്ന് വ്യവസ്ഥപ്പെടുത്തുകതന്നെ വേണം. അല്ലെങ്കിൽ അറവാടക കൊടുക്കുന്ന ഏർപ്പാടു നിർത്തണം.

HON'BLE MR. K. M. KORAH : അറവാടക കൂടാതെ അറകളും ഗവൺമെൻറിന് വിട്ടുതരാൻ ആളുകൾ തയാറാകുമോ?

MR. P. NANOO : അറവാടക അറ ഉടമസ്ഥന് കൊടുക്കാതെ പാർവ്വത്യകാരന്മാർ കൈക്കലാക്കുന്നു എന്ന കാര്യത്തെപ്പറ്റിയാണ് ഞാൻ പറയുന്നതു്. എങ്കിലും ഗവൺമെൻറു് ആവശ്യപ്പെട്ടാൽ ചിലപ്പോൾ കൂലികൂടാതെയും അറകൾ വിട്ടുതരാനിടയുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. പിന്നെ നെല്ലെടുക്കുമ്പോൾ കിഴിവിനും പൊടിവിനും എന്നു പറഞ്ഞു കുറെ നെല്ലു പാർവത്യകാരന്മാർക്കു അനുവദിച്ചുകൊടുക്കാറുണ്ട്. നെല്ലളക്കുന്നതു് മുതൽ അവർ സൂക്ഷിക്കുന്ന കാലം അത്രയും അതിലുണ്ടാകുന്ന കുറവിനാണ് ഗവൺമെൻറു ഈ കിഴിവ് അനുവദിച്ചിരിക്കുന്നതു്. എന്നാൽ പാർവ്വത്യകാരന്മാർ കിഴിവിനുംകൂടി കൃഷിക്കാരിൽനിന്നും കൂടുതൽ വാങ്ങുകയാണ് ചെയ്യുന്നതു്. പിന്നെ എന്തിനാണ് ഈ കിഴിവ് അനുവദിച്ചിരിക്കുന്നതെന്ന് ഞാൻ ചോദിക്കുന്നു.

HONBLE MR. K. M. KORAH : നെല്ലു ന്യായമായി അളന്നെടുത്താൽ കുറവുണ്ടാകുമോ?

MR. P. NANOO : ന്യായമായി അളക്കുന്നില്ലെന്നാണ് ഞാൻ പറയുന്നതു്.

HON'BLE MR. K. M. KORAH : ശരിയായി വടിച്ച് അളന്നെടുത്താൽ എത്ര കുറവുണ്ടാകുമെന്ന് പറയാമോ?

MR. P. NANOO : കുറവു വരുന്നതു് പല നെല്ലിനും പലവിധത്തിലാണു്. ഓവുള്ള നെല്ലാണെങ്കിൽ കൂടുതൽ കുറയും. ഓചില്ലാത്ത നെല്ലാണെങ്കിൽ കുറവുണ്ടാകാനിടയില്ല. സർക്കാരിന്റെ നെല്ലു് മോഷ്ടിക്കുന്നതിനു് പാർവ്വത്യകാരന്മാർക്കു സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണു് ഈ ഏർപ്പാടുകൊണ്ടു ചെയ്തിരിക്കുന്നതു്. പൊടിവു നീക്കിയാണു് പാർവ്വത്യകാരന്മാർ എപ്പോഴും കണക്കു കൊടുക്കുന്നതു്. പൊടിവു കുറഞ്ഞിരിക്കുമ്പോഴും ഗണിക്കുന്നതു മുഴക്കേ. ചെലവെഴുതും. പൊടിവിനും കിഴിവിനും ഒന്നും അംഗീകരിക്കുന്നില്ലെന്നു് വന്നാൽ പാർവ്വത്യകാരനു് മോഷ്ടിക്കാനുള്ള സാദ്ധ്യത കുറയും.

HON'BLE MR. A. THANU PILLAI : സർ, ഇവിടെ ഈ സംഗതിയെപ്പററി അഭിപ്രായങ്ങൾ പുറപ്പെടുവിച്ച ബഹുമാനപ്പെട്ട മെമ്പറന്മാരോടു് എനിക്കു് വലിയ കൃതജ്ഞതയുണ്ടെന്നു് ആദ്യമേ പറഞ്ഞുകൊള്ളുന്നു. വളരെ കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കപ്പെട്ടു. പൊതുവേ നോക്കിയാൽ കൺട്രോൾ എടുത്തുകളയുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായം തന്നെയാണു് പ്രകടമായിട്ടുള്ളതു്. ഈ അഭിപ്രായംതന്നെ ഗവണ്മെന്റു് ആദരിച്ചു് പ്രവർത്തിക്കുകതന്നെ ചെയ്യും.

പിന്നെ, നെല്ലുസംഭരണത്തെപ്പററി പല അഭിപ്രായങ്ങളും ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തെപ്പററി പൊതുവായി പറയുകയാണെങ്കിൽ, ഗവണ്മെന്റു് അതിനെക്കുറിച്ചു ഗാഢമായി പര്യാലോചിച്ചു് വേണ്ട വ്യവസ്ഥകൾ അധികം താമസിയാതെതന്നെ ഏർപ്പെടുത്തുന്നതാണു്. കൃഷിക്കാർക്കു് ഉപദ്രവകരമല്ലാത്തവിധത്തിലും എന്നാൽ ന്യായമായി ഗവണ്മെന്റിനു് കിട്ടേണ്ടതായ നെല്ലു ഗവണ്മെന്റിന്റെ കൈവശം വന്നു ചേരത്തക്കവിധത്തിലും വേണ്ട വ്യവസ്ഥകൾ ചെയ്യണമെന്നാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്. സെററിൽമെന്റു പാട്ടം അളക്കുന്ന ഏർപ്പാടു് ഉപേക്ഷിക്കുന്നതു് നന്നായിരിക്കുമെന്നു് ചിലരും, അതുപേക്ഷിക്കുന്നതു് വളരെ സൂക്ഷിച്ചു വേണമെന്നു് മററു ചിലരും അഭിപ്രായപ്പെടുകയുണ്ടായി. കണക്കുകൾ നോക്കിയാൽ എക്സസ്സ് ഇനത്തിൽ വളരെ കുറച്ചു നെല്ലു മാത്രമേ ഇതുവരെ എടുത്തിട്ടുള്ളു എന്നും ആ സ്ഥിതിക്കു് സെററിൽമെന്റുപാട്ടം അളക്കുന്ന ഏർപ്പാടു ഉപേക്ഷിക്കുന്നതു വളരെ കരുതി ചെയ്യേണ്ടതാണെന്നും ചിലർ അഭിപ്രായപ്പെട്ടു. ഏതായാലും കൃഷിക്കാർക്കു് ഉപദ്രവകരമല്ലാത്ത വിധത്തിൽ ഗവണ്മെന്റു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണെന്നു് ഞാൻ വീണ്ടും ആവർത്തിച്ചു് പറഞ്ഞുകൊള്ളുന്നു. കൃഷിക്കാർ എല്ലാവരും റിട്ടേൺസ്

[Hon'ble Mr A. Thanu Pillai]

അയുക്തമാണെന്നൊരു വാദമുണ്ട്. എന്നാൽ ഇന്ന് അതു ശരിക്കു നടക്കുന്നുണ്ടോ എന്നു സംശയമാണ്. കഴിഞ്ഞ കാലത്തിൽ എന്തു തന്നെ നടന്നിരുന്നാലും ഇല്ലെങ്കിലും അതേപടി ഇനിയും നടക്കാമെന്ന് ആരും ആഗ്രഹിക്കരുത്. ഉദ്യോഗസ്ഥന്മാർക്കും ഒരു മുന്നറിയിപ്പു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോഴത്തെ ഗവണ്മെന്റു ചെയ്യാൻ പോകുന്നതായ വ്യവസ്ഥകൾ അനുസരിച്ചു വളരെ കൃത്യമായി അവർ പ്രവർത്തിക്കേണ്ടിവരുമെന്നും ആരെങ്കിലും അഴിമതി കാണിക്കുകയാണെങ്കിൽ കർശനമായ ശിക്ഷയ്ക്കു വിധേയരാകുമെന്നും ഉദ്യോഗസ്ഥന്മാർ മനസ്സിലാക്കുന്നതു നന്നായിരിക്കും. വളരെ പരാതികൾ ഇവിടെയുണ്ടായിട്ടുണ്ട്. അതുകൊണ്ട് മേലാൽ ഗവണ്മെന്റ് കൈക്കൊള്ളുന്ന നടപടികൾ വളരെ കർശനമായിരിക്കുമെന്ന് കൃഷിക്കാർ പ്രത്യേകിച്ചും വലിയ കൃഷിക്കാരെല്ലാം മനസ്സിലാക്കണം. ഉദ്യോഗസ്ഥന്മാരും അതു മനസ്സിലാക്കണം. ഇക്കാര്യത്തിൽ മേലാൽ ആശങ്കകൾക്കു വകയില്ലെന്നും ഗവണ്മെന്റു വളരെ കരുതിത്തന്നെ പ്രവർത്തിക്കുമെന്നും ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. രണ്ടു രൂപായ്ക്കു നെല്ലു വാങ്ങി മൂന്നു രൂപായ്ക്കു വിൽക്കുന്നു, അതു തെറ്റാണ്, അങ്ങനെ പാടില്ല എന്നൊക്കെ ചിലർ പറഞ്ഞു. ഇതു ഒരു വലിയ തെറ്റിദ്ധാരണയാണെന്ന് എല്ലാവരും മനസ്സിലാക്കണമെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. നമുക്ക് പുറത്തുനിന്നും കിട്ടുന്ന അരിയുടേയും നെല്ലിന്റെയും വില വളരെ കൂടുതലാണ്. അതുകൊണ്ട് ആ വിലയെക്കൂടെ കണക്കാക്കിയാണ് അരിയുടേയും നെല്ലിന്റെയും വിൽപ്പനവില നിശ്ചയിക്കുന്നത്. ഇവിടെനിന്ന് വാങ്ങുന്ന നെല്ലായാലും ശരി, പുറത്തുനിന്നു വരുത്തുന്ന നെല്ലോ അരിയോ ആയാലും ശരി നാം വിൽക്കുമ്പോൾ ഒരേ വിലയ്ക്കുതന്നെ വിൽക്കേണ്ടിയിരിക്കുന്നു. വെളിയിൽനിന്നും വളരെ കൂടിയ വിലയ്ക്കാണ് അരി കിട്ടുന്നതെന്ന് എല്ലാവരും പ്രത്യേകം ഓർമ്മിക്കണം. കുറേപ്പേർക്കു നിലമുണ്ട്. അതിൽനിന്നു കിട്ടുന്ന നെല്ലിനു അവർക്ക് മാത്രമേ അവകാശമുള്ളു എന്നും അതിനുള്ള അവകാശം അവർക്ക് മാത്രമായിരിക്കണമെന്നും മറ്റുള്ളവർക്ക് അതിന്മേൽ യാതൊരു അവകാശവും ഇല്ലെന്നും ഉള്ള ധാരണയിൽ നിന്നുമാണ് ഈ അവകാശവാദം ഉണ്ടായിരിക്കുന്നത്. ചിലർക്ക് നിലമുണ്ട്. മറ്റു ചിലർക്ക് നിലമില്ലാ എന്നുള്ളതു ശരിതന്നെ. പക്ഷേ ഗവണ്മെന്റിന് നാട്ടുകാരെയെല്ലാം ഒന്നുപോലെ മാത്രമേ വീക്ഷിക്കുവാൻ സാധിക്കുകയുള്ളു. ഈ നാട്ടിലുള്ള നിലങ്ങളും അതിൽ നിന്നു കിട്ടുന്ന നെല്ലും രാജ്യത്തിന്റെ

വകയാണ്. അതിന്റെ ഫലത്തിനും പ്രയോജനത്തിനും നാട്ടുകാർക്കെല്ലാവർക്കും അവകാശമുണ്ട്. കൃഷിക്കാരന് ന്യായമായ വില കിട്ടണമെന്നു പറയുന്നതു് നീതിയാണ്. അതിനോടു ഞാൻ യോജിക്കുന്നു. എന്നാൽ ഒരു വിലയ്ക്കു നെല്ലു വാങ്ങി മറ്റൊരു വിലയ്ക്കു വില്ക്കാൻ പാടില്ല, അതു തെറ്റാണ്. അതിനവകാശമില്ലാ എന്നൊക്കെ പറയുന്നതിനെ ഗവണ്മെന്റ് അംഗീകരിക്കുന്നില്ലതന്നെ. ഇവിടെ നിന്നെടുക്കുന്ന നെല്ലിനെ കുറേപ്പേർക്കു മാത്രം ആ വിലയ്ക്കുതന്നെ വില്ക്കുകയോ അല്ലെങ്കിൽ അതിന്റെ വിലക്കുറവു് എല്ലാവർക്കും ഒരു പോലെ അനുഭവപ്പെടത്തക്ക വിധത്തിൽ അതിനെ രാജ്യമൊട്ടാകെ എല്ലാവർക്കും വീതിച്ചു് വിതരണം ചെയ്യുകയോ സാദ്ധ്യമല്ല. ഇവിടെ നിന്നെടുക്കുന്ന നെല്ലു് കുറച്ചു പേർക്കു മാത്രമേ കൊടുക്കാൻ കാണുകയുള്ളൂ. അവർക്കുമാത്രം കുറഞ്ഞവിലയ്ക്കു കൊടുക്കുകയും മറ്റുള്ളവർക്കു് വെളിയിൽനിന്നു കിട്ടുന്ന അരി വളരെ കൂടിയ വിലക്കു കൊടുക്കുകയും ചെയ്യുന്നതു് ഒരിക്കലും ശരിയല്ല. ഇതൊന്നും ആലോചിക്കാതെ രണ്ടു രൂപയ്ക്കു വാങ്ങി മൂന്നു രൂപയ്ക്കു വില്ക്കുന്നു; കുറഞ്ഞ വിലയ്ക്കു വാങ്ങി കൂടിയ വിലയ്ക്കു വിററു ലാഭമുണ്ടാക്കുന്നു; എന്നൊക്കെ പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഈ തത്വങ്ങളെയെല്ലാം വിസ്മരിച്ചിട്ടാണ് വാങ്ങുന്ന വിലയ്ക്കു തന്നെ വിററുകൂടേ എന്നു് ചോദിക്കുന്നതു്. കൃഷിക്കാരനു് നഷ്ടം വരാതെ ന്യായമായ വില കൊടുക്കണമെന്നു് പറയുന്നതു് ശരിതന്നെ. അതിനെ കുറിച്ചു് ഗവണ്മെന്റ് ആലോചിച്ചു വാങ്ങുന്ന വിലയിൽ വല്ല വ്യത്യാസവും വരുത്തണമെന്നു് തോന്നുന്നെങ്കിൽ അങ്ങനെ ചെയ്യുന്നതാണ്. ഇവിടെ നിന്നു ഒരു പറ നെല്ലു് രണ്ടു രൂപയ്ക്കു വാങ്ങുമ്പോൾ പുറമേ നിന്നു മാത്രയും നെല്ലു ഏഴു രൂപായ്ക്കു കിട്ടുകയുള്ളു എന്നു വന്നാൽ ഇവിടെ നിന്നെടുക്കുന്ന നെല്ലു് കൊടുക്കുന്നവരിൽ നിന്നെല്ലാം രണ്ടു രൂപയും പുറമേ നിന്നു വരുന്നതു് കൊടുക്കുന്നവരിൽ നിന്നെല്ലാം ഏഴു രൂപായും വാങ്ങുന്നതു് തെറ്റാണ്. ഒരു ഗവണ്മെന്റിനു് അങ്ങനെ സാദ്ധ്യമല്ല. വാങ്ങുന്ന വിലയ്ക്കുതന്നെ വില്ക്കണമെന്നു് പറയുന്നതു് രാജ്യസ്നേഹത്തിന്റെ അഭാവം കൊണ്ടാണെന്നു മാത്രമേ എനിക്കു പറയാനുള്ളു. അതു് ആചരണീയമല്ല. അതു് ചെയ്യാൻ ഗവണ്മെന്റു തയ്യാറുമില്ല.

MR. K. S. JOSEPH: Sir may I know...

HO'BLE MR. A. THANU PILLAI: Please sit down. Let me proceed.

പിന്നെ വിളവിന്റെ അളവു് നിശ്ചയിക്കേണ്ടതു് എങ്ങനെയെന്നുള്ളതിനെപ്പററി ഇവിടെ പലരും പല അഭിപ്രായങ്ങളും പറഞ്ഞു.

[Hon'ble Mr. A. Thanu Pillai]

ഓരോ കൃഷിക്കാരന്റെയും വിളവ് പ്രത്യേകം തിട്ടപ്പെടുത്തണമോ അതല്ല ഭൂസ്ഥിതിയും മററു സാഹചര്യങ്ങളും നോക്കി ഓരോ സ്ഥലത്തെയും ഒരുമിച്ചെടുത്ത് വലിയ വ്യത്യാസമുണ്ടാകാത്തവിധത്തിൽ തിട്ടപ്പെടുത്തണമോ എന്നുള്ളതിനെപ്പററി ഗവൺമെൻറ് നല്ലവണ്ണം ആലോചിച്ചശേഷം കൃഷിക്കാരന് ദോഷമില്ലാത്ത വിധത്തിൽ ഒരു നടപടി സ്വീകരിക്കുന്നതാണെന്ന് മാത്രമേ ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളു.

MR. K. S. JOSEPH : Sir I rise to a point of order. Can a member ask another member to sit down ?

MR. PRESIDENT : അത് പ്രസിഡൻറ് തീരുമാനിക്കേണ്ടതാണ്.

HON'BLE MR. A. THANU PILLAI : ഒരേക്കറിൽ കുറഞ്ഞ നിലമുടമസ്ഥന്മാരിൽനിന്നു നെല്ലെടുക്കേണ്ടെന്നും കൂടുതലുള്ളവരിൽനിന്നു നിലത്തിന്റെ വിസ്തീർണ്ണമനുസരിച്ചു ഗ്രേഡ്സ് ആയിട്ട് നെല്ലെടുക്കണമെന്നും ചിലർ അഭിപ്രായപ്പെട്ടു. അതും ആലോചനക്കെടുക്കേണ്ട ഒരു അഭിപ്രായമാണ്.

പിന്നെ കൃഷി വർദ്ധിപ്പിക്കുന്നതിനെപ്പററി പലരും പറയുകയുണ്ടായി. അതിനെപ്പററി ഗവൺമെൻറ് ഗാഢമായി ആലോചിച്ചിട്ടുണ്ടു. ഇപ്പോൾതന്നെ ഈ കാര്യത്തിൽ ഒന്നും ചെയ്യാതെയല്ല ഇരിക്കുന്നതെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വടക്കൻ താലൂക്കുകളിൽ ലിഫ്റ്റ് ഇറിഗേഷൻ ജോലികൾ ഊർജ്ജിതത്തിൽ നടന്നുവരുന്നുണ്ട്. രാജ്യത്തിന്റെ പല ഭാഗങ്ങളിലും കുളങ്ങൾ കുഴിപ്പിക്കുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ട്. ജോലികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടുമിരിക്കുന്നു. തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചാണെങ്കിൽ പെരുഞ്ചാണി അണയുടെ പണി കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതാണ്. നിവൃത്തിയുള്ളിടത്തോളം കൂടുതൽ സ്ഥലം കൃഷിക്കു വിട്ടുകൊടുക്കുന്ന കാര്യത്തിലും ഗവൺമെൻറ് ഗാഢമായി ശ്രദ്ധപതിപ്പിക്കുന്നതാണ്.

പിന്നെ നെല്ലെടുപ്പു സമ്പ്രദായത്തെക്കുറിച്ചു പലരും പല അഭിപ്രായങ്ങളും പുറപ്പെടുവിച്ചു. ഏതായാലും ഇപ്പോഴത്തെ രീതിയിൽ ചില മാററങ്ങൾ വരുത്തണമെന്ന് ഗവൺമെൻറ് തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. എങ്ങനെയൊക്കെ മാററാമെന്നും ഏതു രീതിയാണ് കൂടുതൽ സ്വീകാര്യമെന്നും ഗാഢമായ പര്യാലോചനയ്ക്കു ശേഷം തീർച്ചപ്പെടുത്താ

വുന്നതാണ്. ഇതിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാക്കും ഞാൻ ഒന്നുകൂടി നന്ദി പറഞ്ഞുകൊള്ളുന്നു. ഇനി ആരെങ്കിലും എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ഉത്തരം പറയാവുന്നതാണ്.

MR. ABDUL AZIZ : മൂന്നു രൂപയ്ക്ക് വിൽക്കുന്നതിനെക്കുറിച്ചല്ല ഇവിടെ ആക്ഷേപം പുറപ്പെടുവിച്ചത്. മൂന്നു രൂപയ്ക്കു വിൽക്കുന്ന നെല്ല് രണ്ടു രൂപയ്ക്കു വാങ്ങുന്നതിനെപ്പറ്റിയാണ്. അതിനെപ്പറ്റി എന്തു പറയാനുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI : ഇപ്പോൾതന്നെ ആണ്ടോന്നുക്ക് ഭക്ഷ്യധാന്യവിതരണത്തിൽ നാം ഒന്നരക്കോടിയിൽ ചില്വാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെനിന്നും നമുക്ക് ആണ്ടോന്നുക്ക് ഏതാണ്ട് എഴുപതുലക്ഷം പറ നെല്ലു കിട്ടുമെന്നു കണക്കുകൾകൊണ്ടു കാണാം. ആ നെല്ലിനു് പറയ്ക്കു് അര രൂപാ കൂട്ടുകയാണെങ്കിൽ ൩൫ ലക്ഷം രൂപാ കൂടുതൽ ചെലവാകും. ഇങ്ങനെ നോക്കുമ്പോൾ ഇപ്പോഴത്തെ ഒന്നരകോടിയുടെ നഷ്ടം ഏതാണ്ടു രണ്ടു കോടിയായിത്തീരും. മൂന്നു രൂപാ വച്ചു് വിൽക്കുന്നു എന്നുള്ളതുകൊണ്ടു മാത്രം വാങ്ങുന്ന നെല്ലിന് വിലകൂട്ടിക്കൊടുക്കുവാൻ നിവൃത്തിയില്ല. പിന്നെ കൃഷിക്കാരനു നഷ്ടം വരാത്ത ഒരു വില കൊടുക്കേണ്ടതാണെന്ന് അഭിപ്രായമുണ്ട്. ഞാൻ നേരത്തെ പറഞ്ഞതു് ശരിക്കു മനസ്സിലാക്കിയിരുന്നെങ്കിൽ എന്റെ സ്നേഹിതൻ ഈ ചോദ്യം ചോദിക്കുകയില്ലായിരുന്നു.

MR. MANNAR GOPALAN NAIR : രണ്ടു രൂപാ വച്ചു വാങ്ങുന്നതു് കൃഷിക്കാരന് നഷ്ടം അല്ലെന്നാണോ ഗവണ്മെന്റു വിചാരിക്കുന്നതു്.

HON'BLE MR. A. THANU PILLAI : കൊച്ചിയിലാണെങ്കിൽ ഒന്നര രൂപാവച്ചാണ് വാങ്ങുന്നതു്. ഇൻഡ്യയിലെ മറ്റു പ്രവിശ്യകളിൽ ൧ രൂപാ ൧൨ അണാ വച്ചാണ് വാങ്ങുന്നതു്. ഇവിടെ രണ്ടു രൂപായാണ് കൊടുക്കുന്നതു്. എന്നിരുന്നാലും അതു കൃഷിക്കാരന് നഷ്ടമാണെങ്കിൽ അതേക്കുറിച്ചു ആലോചിച്ചു് നഷ്ടം വരാത്ത ഒരു വില നിശ്ചയിക്കാവുന്നതാണ്.

MR. V. GANGADHARAN NAIR : കൃഷിസ്ഥലങ്ങൾ മുഴുവൻ ദേശീയമാക്കാതെ പ്രൈവറ്റ് പാർട്ടികളെ പ്രോത്സാഹിപ്പിച്ചു കൃഷിനടത്തുന്ന ഒരു നയം ഗവണ്മെന്റു സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് വില കൂട്ടിക്കൊടുക്കുന്നതുകൊണ്ടു് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുകയില്ലേ ?

HON'BLE MR. A. THANU PILLAI : അതു് ഒരഭിപ്രായമാണ്. ഇപ്പോൾ ഗവണ്മെന്റിന് അതേക്കുറിച്ചു് കൂടുതലൊന്നും പറയാനില്ല.

MR. SREE V. DAS : *எந்தக் கிருஷிகர்களிடமிருந்து இரண்டு ரூபாய்க்கு நெல் எடுக்கிறீர்களோ அவர்களுக்கே மீண்டும் அதே நெல்லை மூன்று ரூபாய்க்குக் கொடுக்கிறீர்களே ?*

HONBLE MR. A. THANU PILLAI : അതു സങ്കടകരമാണെന്നു് തോന്നിയതുകൊണ്ടാണു് കൃഷിക്കാരന്റെ ആവശ്യത്തിനുള്ളതു പോയിട്ടു മിച്ചമുള്ളതുമാത്രം എടുക്കുന്നതിനു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതെന്നു്, പറഞ്ഞതു്. ഒരു കാര്യംകൂടി ആലോചിക്കാനുണ്ടു്. കൃഷിക്കാരൻമാത്രമല്ലല്ലൊ മൂന്നു രൂപായ്ക്കു കൊടുക്കുന്നതു്; മറ്റുള്ളവരും മൂന്നു രൂപായ്ക്കാണല്ലൊ വാങ്ങുന്നതു്. ഏതായാലും അതിനെക്കുറിച്ചും ആലോചിക്കുന്നതാണു്.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും ഞാൻ നേരത്തെ പ്രസ്താവിച്ചതുപോലെ ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവന്റ അസംബ്ലിയിലേക്കു് ഒരു മെമ്പറെ തിരഞ്ഞെടുക്കുന്നതിനു് ൫ മിനിട്ടു കഴിഞ്ഞു വീണ്ടും കൂടുന്നതുമാണു്.

(The House adjourned at 4. 40. and re-assembled at 4. 45 P. M)

Election of a member to the Constituent Assembly of India announcement of result.

MR. PRESIDENT : ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവന്റു് അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിനു് ഒരു നാമനിർദ്ദേശം മാത്രമേ കിട്ടിയിട്ടുള്ളു. അതു് മി: ആർ. ശങ്കറിന്റേതാണു്. ഈ നാമനിർദ്ദേശം സാധുവാണെന്നും കാണുന്നു. അതുകൊണ്ടു് മി. ആർ. ശങ്കറിനെ തിരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപിച്ചുകൊള്ളുന്നു.

നിയമസഭയുടെ ഈ സെഷൻ ഇപ്പോൾ അവസാനിപ്പിച്ചിരിക്കുന്നു.

The session was prorogued at 4. 45. P. M.

R. KERALAVARMA THIRUMULPAD,
Ag. Secretary to the Legislative Assembly.

51639

Proceedings of Travancore Legislative Assembly 1948

Vol. 2

p699 Aug 13, 1948-Questions and Answers
p729 Aug 13, 1948-Torture of a Pulaya Family in Balaramapuram-Adjournment Motion
p733 Aug 13, 1948-Demand for Grants
p787 Aug 14, 1948-Starred Questions and Answers
p811 Aug 14, 1948-Financial Business
p893 Aug 16, 1948-Questions and Answers
p924 Aug 16, 1948-Financial Business
p1000 Aug 18, 1948-Questions and Answers
p1036 Aug 18, 1948-Financial Business
p1037 Aug 18, 1948-Demands for Grants
p1119 Aug 24, 1948-Questions and Answers
p1157 Aug 24, 1948-Alleppy Labour Satyagraha-Adjournment Motion
p1163 Aug 24, 1948-Point of order on the Privileges of the House-Adjournment Motion
p1166 Aug 24, 1948-Resolutions
p1228 Aug 25, 1948-Questions and Answers
p1257 Aug 25, 1948-Tribulations of Fisherman at Punthura, Katinamkulam-Adjournment Motion
p1263 Aug 25, 1948-Travancore Tea Control Act Official Legislative Business
p1315 Aug 26, 1948-Questions and Answers
p1367 Aug 26, 1948-Election of a Member to the Constituent Assembly of India
p1367 Aug 26, 1948-P S Nataraja Pillai's Membership in the Constituent Assembly of India
p1368 Aug 26, 1948-Legislative Business
p1384 Aug 26, 1948-Food Situation in the State-Adjournment Motion